# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

### 2018 മാർച്ച് 20, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 171 - നമ്പർ 14

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

2018 മാർച്ച് 20, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

653/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 76

**II അടിയന്തരപ്രമേയം**

കർഷക സമരം അടിച്ചമർത്താനുള്ള നീക്കം–
(അവതരണാനുമതി നിഷേധിച്ചു) ... 368

**III ശ്രദ്ധ ക്ഷണിക്കൽ**

1. ഉപാധിരഹിത പട്ടയം—

ശ്രീ. രാജു എബ്രഹാം ... 395

2. സ്കൂൾ കുട്ടികളുടെ യാത്രാസൗകര്യങ്ങൾ—

ശ്രീ. അനൂപ് ജേക്കബ് ... 396

**IV സബ്മിഷൻ**

1. ആലപ്പുഴ മെഡിക്കൽ കോളേജ്–

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ... 399

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്–

ശ്രീ. വി. ഡി. സതീശൻ ... 403

3. കുടിവെള്ള ക്ഷാമം–

ശ്രീ. പി. ടി. എ. റഹീം ... 405

4. എലിവേറ്റഡ് ഹൈവേ–

ശ്രീ. ജെയിംസ് മാത്യു ... 406

*പേജ്*

5. പട്ടാമ്പി പാലം പുനരുദ്ധാരണം—

ശ്രീ. മുഹമ്മദ് മുഹസിൻ പി. ... 407

6. ഭൂമി പതിച്ചുകൊടുക്കുന്നത് സംബന്ധിച്ച്—

ശ്രീ. വി. ജോയി ... 408

7. കുമ്മൻതോട് പാലം പുനരുദ്ധാരണം—

ശ്രീ. അബ്ദുൽ ഹമീദ്. പി. ... 410

8. ശമ്പള പരിഷ്കരണം—

ശ്രീ. കെ. മുരളീധരൻ ... 411

9. ടൂറിസം വികസനം—

ശ്രീ. ബി. ഡി. ദേവസ്സി ... 412

10. മരങ്ങൾ മുറിക്കാനുള്ള അനുമതി—

ശ്രീ. പി. സി. ജോർജ് ... 413

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** 416

**VI റിപ്പോർട്ട് സമർപ്പണം**

ഹർജികൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ... 420

**VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം ... 420

**VIII വിശദീകരണം**

ഇഫ്ത്താസ് സംബന്ധിച്ച് ... 422

**IX 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**

ധനാഭ്യർത്ഥന നമ്പർ VIII— എക്സൈസ് ... 432

ധനാഭ്യർത്ഥന നമ്പർ XXIV— തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും

*പേജ്*

ധനാഭ്യർത്ഥന നമ്പർ XXV– പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ്
പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

**X നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

I. 2018-ലെ കേരള ധനകാര്യ ബിൽ ... 540

II 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ... 540

**XI ക്രമപ്രശ്നം**

ധനകാര്യ ബില്ലിന്റെ അവതരണം … 540

നിയമനിർമ്മാണകാര്യം (തുടർച്ച)

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

**III** 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ... 611

IV 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ... 611

**അനുബന്ധം** 622

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 മാർച്ച് 20, ചൊവ്വ*

| വാല്യം 171] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 14 |
|---|---|---|

നിയമസഭ 2018 മാർച്ച് മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.......ഓർഡർ........ ചോദ്യം നമ്പർ *391

### ദേശീയ റർബൻ മിഷൻ

1 (*391) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. വി. ജോയി:
ശ്രീ. പി. ഉണ്ണി :
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളുടെ പശ്ചാത്തല വികസനവും സംരംഭ വികസനവുംവഴി സാമ്പത്തിക ഉന്നമനം സാധ്യമാക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ദേശീയ റർബൻ മിഷൻ പ്രകാരം സംസ്ഥാനം ഏതെല്ലാം പഞ്ചായത്തു കൂട്ടങ്ങളെയാണ് (ക്ലസ്റ്റേഴ്സ്) ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ ഈ പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതിനായി എത്ര കേന്ദ്ര സഹായം ലഭിക്കുമെന്നറിയിക്കാമോ; പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പഞ്ചായത്തുകൂട്ടങ്ങളെ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) ദേശീയ റർബൻ മിഷൻ പ്രകാരം നിലവിൽ 3 ഘട്ടങ്ങളിലായി 22 പഞ്ചായത്തുകൾ ഉൾപ്പെടുന്ന 11 ക്ലസ്റ്ററുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ ഫേസ് 1-ൽ കണ്ണൂർ ജില്ലയിലെ മങ്ങാട്ടിടം-കോട്ടയം, എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര-കുന്നുകര, കോട്ടയം ജില്ലയിലെ പുതുപ്പള്ളി-മണർകാട്, തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്-ആര്യനാട് എന്നീ പഞ്ചായത്തുകളും ഫേസ് 2-ൽ തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം-വടക്കേക്കാട്, മലപ്പുറം ജില്ലയിലെ എടപ്പാൾ-വട്ടംകുളം, ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി-മാരാരിക്കുളം വടക്ക്, കണ്ണൂർ ജില്ലയിലെ ചെമ്പിലോട്-പെരളശ്ശേരി എന്നീ പഞ്ചായത്തുകളും ഫേസ് 3-ൽ കൊല്ലം ജില്ലയിലെ നെടുമ്പന തൃക്കോവിൽവട്ടം, പാലക്കാട് ജില്ലയിലെ പുതുക്കോട്-കാവശ്ശേരി, മലപ്പുറം ജില്ലയിലെ താനൂളൂർ-നിറമരുതൂർ എന്നീ പഞ്ചായത്തുകളെയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം

1. ഗ്രാമീണ റോഡുകളുടെ നിർമ്മാണം
2. ആഴ്ചയിൽ 24 മണിക്കൂറും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ
3. ഗ്രാമീണ റോഡുകളിൽ ഓടകളുടെ നിർമ്മാണം

ബാക്കി ഭാഗം മേശപ്പുറത്തുവയ്ക്കുന്നു.*

ഫേസ് 1-ൽ ഉൾപ്പെട്ട 4 ക്ലസ്റ്ററുകൾക്ക് കേന്ദ്രവിഹിതമായി 43.20 കോടി രൂപയും സംസ്ഥാന വിഹിതമായി 28.80 കോടി രൂപയും ഉൾപ്പെടെ ആകെ 72 കോടി രൂപ ലഭിച്ചിട്ടുണ്ട്. അതിൽ ഇതുവരെ 14.78 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് മൂന്ന് വർഷത്തെ കാലയളവ് ലഭ്യമാണ്.

ഫേസ് 2-ൽ ഉൾപ്പെട്ട നാല് ക്ലസ്റ്ററുകളുടെ ICAP അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്.

---

* അനുബന്ധമായി വച്ചിട്ടുണ്ട്

ഫേസ് 3-ൽ ഉൾപ്പെട്ട മൂന്ന് ക്ലസ്റ്ററുകളുടെ ഇന്റഗ്രേറ്റഡ് ക്ലസ്റ്റർ ആക്ഷൻ പ്ലാൻ (ICAP) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. അംഗീകരിച്ച് അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ കില സി.എച്ച്.ആർ.ഡി. മുഖേന നടത്തുന്നതുമാണ്.

(സി) ഈ മിഷന്റെ നിർവ്വഹണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന താഴെപ്പറയുന്ന ഏഴ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ക്ലസ്റ്ററുകൾ തെരഞ്ഞെടുക്കുന്നത് :

1. ഓരോ ദശവർഷത്തിലും ജനസംഖ്യയിലുണ്ടാകുന്ന വർദ്ധന;
2. ഓരോ ദശവർഷത്തിലും കാർഷികേതര മേഖലയിൽ ഉണ്ടാകുന്ന തൊഴിലാളികളുടെ വർദ്ധന;
3. ഭൂമിയുടെ വിലവർദ്ധന;
4. ഹയർ സെക്കണ്ടറി തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥിനികളുടെ എണ്ണം;
5. പ്രധാനമന്ത്രി ജൻധൻ യോജനയിൽ അക്കൗണ്ട് ആരംഭിച്ച കുടുംബങ്ങളുടെ എണ്ണം;
6. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പ്രവർത്തനങ്ങൾ;
7. ഭരണനിർവ്വഹണത്തിലെ പുതിയ മാതൃകകൾ.

ശ്രീ. ഇ. പി. ജയരാജനുവേണ്ടി ശ്രീ. പുരുഷൻ കടലുണ്ടി: സർ, ജനകീയാസൂത്രണത്തിനുശേഷം ത്രിതല പഞ്ചായത്തുകളെ ഇത്രയധികം ശക്തിപ്പെടുത്തിയ കാലമുണ്ടായിട്ടില്ല. അതിൽ ഈ സർക്കാരിനെയും വകുപ്പിനെയും അഭിനന്ദിക്കുന്നു. സംസ്ഥാനത്ത് റർബൻ പദ്ധതിയുടെ നിർവ്വഹണത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; പദ്ധതിയുടെ പുരോഗതി മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും അവ ഏത് ഘട്ടത്തിലെത്തിയെന്നും വിശദീകരിക്കുമോ ?

ഡോ. കെ. ടി. ജലീൽ: സർ, റർബൻ പദ്ധതി നടപ്പിലാക്കിയതിൽ രാജ്യത്തുതന്നെ രണ്ടാം സ്ഥാനം കേരളത്തിനാണ്; ഒന്നാം സ്ഥാനം ചണ്ഡിഗഡിനാണ്. കേരളം 14.78 ശതമാനം തുക ഇതിനകം ചെലവഴിച്ചുകഴിഞ്ഞു. ഇതിന്റെ നിർവ്വഹണത്തിനായുള്ള സംസ്ഥാനതലത്തിലുള്ള നോഡൽ ഏജൻസി സംസ്ഥാന ഗ്രാമവികസന കമ്മീഷണറും

സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ ഏജൻസി കിലയുമാണ്. ക്ലസ്റ്ററിലെ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന ജോയിന്റ് പ്ലാനിംഗ് ഏരിയയിൽ ഒരു ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. അതിന്റെ അദ്ധ്യക്ഷൻ ക്ലസ്റ്ററിൽ ഉൾപ്പെടുന്ന പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തിലെ പ്രസിഡന്റാണ്. ജില്ലാ കളക്ടറാണ് അതിന്റെ നോഡൽ ഓഫീസർ. ഫെസിലിറ്റേറ്റിംഗ് ഓഫീസറായി ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർ സേവനമനുഷ്ഠിക്കുന്നുണ്ട്. എ.ഡി.സി. ഇതിന്റെ ജില്ലാ തലത്തിലെ സ്പെഷ്യൽ ഓഫീസറാണ്. റൂറൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ് എന്നുള്ള നിലയിൽ ബ്ലോക്ക് തലത്തിൽ ബി.ഡി.ഒ. പ്രവർത്തിക്കുന്നുണ്ട്. നല്ല രീതിയിൽ മോണിറ്ററിംഗ് നടത്തി ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, പ്ലാൻ ഫണ്ടുപയോഗിച്ച് നിർവ്വഹണം നടത്തുന്നതുപോലുള്ള മാനദണ്ഡങ്ങൾ ഈ പദ്ധതികൾക്കും ബാധകമാണോ; അതിനുവേണ്ടിയുള്ള ഉത്തരവുകൾ പുറപ്പെടുവിച്ച് നിർവ്വഹണം സുഖകരമാക്കാമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, പഞ്ചായത്തുകളുടെയും തദ്ദേശഭരണ സ്ഥാപന ങ്ങളുടെയും പ്ലാൻ ഫണ്ടിന്റെ വിനിയോഗത്തിന് സമാനമായ രീതിയിലാണ് റർബൻ മിഷൻ മുഖേന ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗവും നടക്കുന്നത്. അതിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകേണ്ടത് അതത് പഞ്ചായത്തുകളും ടെക്നിക്കൽ സാംഗ്ഷൻ നൽകേണ്ടത് പഞ്ചായത്തുകളുടെ എഞ്ചിനീയറിംഗ് വിംഗുമാണ്. ഡെപ്പോസിറ്റ് വർക്കുകളുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളാണ് അതിന് ടെക്നിക്കൽ സാംഗ്ഷൻ നൽകേണ്ടത്. ത്രിതല പഞ്ചായത്തുകളിൽ പ്ലാൻ ഫണ്ട് വിനിയോ ഗിക്കുന്നതിന് സമാനമായ രീതിയിലാണ് റർബൻ ഫണ്ടിന്റെ വിനിയോഗവും നടക്കുന്നത്.

<u>ശ്രീ. വി. ജോയി</u>: സർ, ഇന്റഗ്രേറ്റഡ് ക്ലസ്റ്റർ ആക്ഷൻ പ്ലാൻ (ICAP)-ൽ കടന്നുകൂടിയിട്ടുള്ള തെറ്റുകൾ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇപ്പോൾ മാറ്റാൻ കഴിയുന്നില്ല. നിലവിലുള്ള മാർഗ്ഗനിർദ്ദേശപ്രകാരം ICAP-ൽ ഭേദഗതി അനുവദിക്കുമോ: ഇല്ലെങ്കിൽ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഭേദഗതി വരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, റർബൻ മിഷനിൽ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട കാര്യം, ICAP-ൽ ഒരു തരത്തിലുള്ള ഭേദഗതികളും അനുവദിക്കില്ലെന്നുള്ളതാണ്. എന്തെങ്കിലും തെറ്റുകൾ കടന്നുകൂടിയാൽ അത് ഭേദഗതി ചെയ്യാൻ നിലവിലുള്ള നിയമങ്ങളനുസരിച്ച് നമുക്ക് സാധിക്കില്ല. കേന്ദ്രസർക്കാർ ഇതുമായി ബന്ധപ്പെട്ട് വിളിച്ച മീറ്റിംഗുകളിൽ കേരളം

വളരെ ശക്തമായി ICAP-ൽ വന്നിട്ടുള്ള അപാകതകൾ ഭേദഗതി ചെയ്യുന്നതിന് സമയം ആവശ്യപ്പെട്ടെങ്കിലും അത് നൽകാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. ICAP തയ്യാറാക്കുന്ന സമയത്ത് വളരെ ശ്രദ്ധാപൂർവ്വം അവ ചെയ്യുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

ശ്രീ. പി. ഉണ്ണി: സർ, ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകളുടെ പേരുകൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ പദ്ധതിയിൽ കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്താൻ കഴിയുമോയെന്നത് വ്യക്തമാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, രാജ്യവ്യാപകമായി 300 ക്ലസ്റ്ററുകളാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ 11 ക്ലസ്റ്ററുകളാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. കേന്ദ്രസർക്കാർ 300 ക്ലസ്റ്റർ എന്നത് വർദ്ധിപ്പിക്കുകയാണെങ്കിൽ ഇനിയും കൂടുതൽ എണ്ണം നമുക്ക് ലഭിക്കും. ഈ 300 ക്ലസ്റ്ററുകൾ തന്നെ മുഴുവനായി കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടില്ല. ശക്തമായി ഇടപെട്ട് കുറച്ചുകൂടി ക്ലസ്റ്ററുകൾ നേടിയെടുക്കാൻ സർക്കാർ ശ്രമിച്ചുവരികയാണ്.

ശ്രീ. ഒ. ആർ. കേളു: സർ, പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോ; വയനാട്, ഇടുക്കി പോലുള്ള ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഏഴ് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ ക്ലസ്റ്ററുകൾ തെരഞ്ഞെടുക്കുന്നതെന്ന് ഉത്തരത്തിന്റെ ആദ്യഭാഗത്ത് ഞാൻ പറഞ്ഞു. നഗരസമാനമായ സൗകര്യങ്ങൾ ഗ്രാമീണതലത്തിലേയ്ക്ക് വ്യാപിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമങ്ങളിൽ നിന്ന് പട്ടണങ്ങളിലേയ്ക്ക് പലായനം വർദ്ധിച്ച ഘട്ടത്തിലാണ് ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ നിർദ്ദേശപ്രകാരം ഒന്നാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് 'പുര' എന്ന പദ്ധതിക്ക് രൂപം നൽകിയത്. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നപ്പോൾ അതിന്റെ അലകും പിടിയും മാറ്റി 'നാഷണൽ റർബൻ മിഷൻ' എന്നാക്കി മാറ്റുകയായിരുന്നു. പിന്നോക്ക പ്രദേശങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം ഈ കാര്യത്തിൽ നൽകണമെന്നുള്ളതാണ് സർക്കാരിന്റെ തീരുമാനം.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ദേശീയ റർബൻ മിഷന്റെ ഒന്നാം ഘട്ടം തയ്യാറാക്കിയതിലുള്ള രണ്ട് പഞ്ചായത്തുകളായ ആര്യനാടും വെള്ളനാടും എന്റെ മണ്ഡലത്തിലാണ്. അവിടെ നല്ല രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുകയാണ്. ചില പദ്ധതികൾ തയ്യാറാക്കുമ്പോൾ, എം.എൽ.എ. ഫണ്ടും മറ്റ് ഫണ്ടുകളുമായി ക്ലബ് ചെയ്യാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ടെന്ന് റർബൻ മിഷന്റെ

ഭാഗമായി പഞ്ചായത്തുകൾ പറയുന്നുണ്ട്. എം.എൽ.എ. ഫണ്ടെടുക്കുകയാണെങ്കിൽ പല പദ്ധതികൾക്കും ഫലമുണ്ടാകും. അത്തരത്തിൽ ക്ലബ് ചെയ്യാനുള്ള നടപടികൾ കൂടുതൽ വേഗത്തിലാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ICAP-ൽ 100 കോടി രൂപയുടെ പ്രോജക്ടാണ് നമ്മൾ തയ്യാറാക്കുന്നത്. എം.എൽ.എ./എം.പി. ഫണ്ട്, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് തുടങ്ങിയവ ഇന്റഗ്രേറ്റ് ചെയ്താണ് പ്ലാൻ തയ്യാറാക്കുന്നത്. എം.എൽ.എ./എം.പി. ഫണ്ടുകൾ ഇതിനോട് സംയോജിപ്പിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അതിന് പ്രായോഗികമായ പരിഹാരം കണ്ടെത്താവുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മഹത്തായ ലക്ഷ്യത്തോടെയാണ് ദേശീയ റർബൻ മിഷൻ പദ്ധതി ആരംഭിച്ചിട്ടുള്ളതെന്ന് ഇവിടെ പരാമർശിക്കുകയുണ്ടായി. ഈ പദ്ധതി ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ പേരിലുള്ളതാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ വലിയ ലക്ഷ്യത്തോടെ ആരംഭിച്ചതാണ് ഈ പദ്ധതി. എന്നാൽ, ഇന്ത്യയിൽ ആർ.എസ്.എസ്.-ന്റെയും ഹിന്ദുത്വ അജണ്ട നടപ്പാക്കുന്നതിന്റെയും ഭാഗമായി ദീൻദയാൽ ഉപാദ്ധ്യായ അടക്കമുള്ളവരുടെയും ദേശീയ സമരത്തിലും സ്വാതന്ത്ര്യ സമരത്തിലും ഒരു കോൺട്രിബ്യൂഷനും ചെയ്യാത്തവരുടെയും പേരിൽ ഇതുപോലെയുള്ള പദ്ധതികൾ വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഈ പദ്ധതികൾ വരുമ്പോൾ അതിന്റെ പേര് അതേ രീതിയിൽത്തന്നെ പരിചയപ്പെടുത്തേണ്ടതുണ്ടോ ഇല്ലയോ എന്നുള്ള കാര്യം വ്യക്തമാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, കേന്ദ്രസർക്കാരിന്റെ പദ്ധതികൾ അവരുടെ പേരിലല്ലാതെ കേരളത്തിൽ പ്രത്യേകമായി മറ്റൊരു പേരിൽ നടപ്പിലാക്കാൻ കഴിയില്ല. അതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. വിയോജിച്ചാണെങ്കിൽപ്പോലും അക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്താണോ നിഷ്കർഷിക്കുന്നത് അത് നടപ്പിലാക്കാനേ നമുക്ക് സാധിക്കുകയുള്ളൂ.

ശ്രീ. സണ്ണി ജോസഫ്: സർ, പല ഗ്രാമപഞ്ചായത്തുകളും സാമ്പത്തികമായി വളരെ പ്രയാസം നേരിടുകയാണ്. സ്വന്തമായി നികുതി വരുമാനമില്ലാത്ത പഞ്ചായത്തുകൾ വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യവികസനത്തിനും ബുദ്ധിമുട്ടുകയാണ്. പ്രത്യേകിച്ച് മേഖലാ വിഭജനംകൂടി വരുമ്പോൾ റോഡുകളും പാലങ്ങളും നിർമ്മിക്കാൻ പലർക്കും സാധിക്കുന്നില്ല. പഞ്ചായത്ത് ബജറ്റിലെ വാർഷിക പദ്ധതിയിൽ പല അംഗങ്ങളുടെയും വാർഡിനുവേണ്ടി 5 ലക്ഷം രൂപയൊക്കെയാണ് കിട്ടുന്നതെന്നുള്ളതുകൊണ്ട് അവർ എം.എൽ.എ. ഫണ്ടിനെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടം പണിയുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനും കൂടുതലായി ഫണ്ട് നൽകുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇത് റർബൻ മിഷനുമായി ബന്ധപ്പെട്ട ചോദ്യമല്ല. സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് ഓഫീസ് രൂപീകരിക്കുന്നതിന് ലോകബാങ്കിന്റെ സഹായമുൾപ്പെടെയുള്ള ധനസഹായം ലഭിക്കുന്നുണ്ട്. അത്തരം സഹായങ്ങളിൽ ഈ പദ്ധതികൾക്കൂടി ഉൾപ്പെടുത്തുകയാണ് പതിവ്. കേരളത്തിന് ലഭിക്കുന്ന പ്ലാൻ ഫണ്ട് മൊത്തമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വീതിച്ച് നൽകുകയാണ് ചെയ്യുന്നത്; ഒരു പൈസപോലും മിച്ചം വയ്ക്കുന്നില്ല. നേരത്തെയുണ്ടായിരുന്ന സ്പെഷ്യൽ ഫണ്ട് സഖാവ് പാലൊളി മുഹമ്മദ് കുട്ടി മന്ത്രിയായിരുന്ന സമയത്ത് നിർത്തലാക്കി. എല്ലാ തദ്ദേശ സ്ഥാപനങ്ങളോടും ഒരേ തരത്തിൽ നീതി പുലർത്തണമെന്നുള്ള നിഷ്കർഷതയായിരുന്നു അത്തരത്തിലുള്ള ഒരു തീരുമാനത്തിന് പ്രചോദനമായത്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ട 392-ാം നമ്പർ ചോദ്യവും നക്ഷത്രചിഹ്നമിട്ട 418-ാം നമ്പർ ചോദ്യവും ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. ഷാജി നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാം.

## പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ആകർഷിക്കുന്നതിന് നടപടികൾ

2(*392) ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന മലിനീകരണവും ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്ന പ്രശ്നങ്ങളും കുറയ്ക്കുന്നതിനുവേണ്ടി ജനങ്ങളെ പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ബസ് ചാർജ് വർദ്ധിപ്പിക്കുന്നത് ഹ്രസ്വദൂര യാത്രക്കാരെ ഇരുചക്ര വാഹനങ്ങളിലേയ്ക്കും ദീർഘദൂര യാത്രക്കാരെ കാർ, ഓട്ടോറിക്ഷ തുടങ്ങിയ ഗതാഗത മാർഗ്ഗങ്ങളിലേയ്ക്കും മാറുന്നതിന് പ്രേരിപ്പിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഫെയർ സ്റ്റേജ് സമ്പ്രദായം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഫെയർ സ്റ്റേജ് സമ്പ്രദായത്തിലെ അപാകതകൾ ബസ് യാത്ര അനാകർഷകമാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) പൊതുഗതാഗത സംവിധാനം സുഗമമാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള സ്റ്റേജ് കാര്യേജുകൾക്ക് ഏകീകൃത സമയക്രമം നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ ബസുകൾക്ക് അവയുടെ തരമനുസരിച്ച് പൊതുജനങ്ങൾക്ക് എളുപ്പത്തിൽ വേർതിരിച്ചറിയുന്നതിനായി ഓർഡിനറി സർവ്വീസുകൾക്ക് Deep Sky Blue, സിറ്റി സർവ്വീസുകൾക്ക് Lime Green, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾക്ക് Maroon എന്നീ നിറങ്ങൾ നൽകി.

അന്തരീക്ഷ മലിനീകരണം കുറയ്ക്കുമെന്നതിനാൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി, ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി./ സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും നിലവിലെ വാർഷിക നികുതി 500 രൂപയിൽ നിന്ന് 450 രൂപയായി കുറയ്ക്കാനും പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങൾക്ക് 5 വർഷത്തേയ്ക്ക് 2000 രൂപ എന്ന നിരക്കിൽ നികുതി ഈടാക്കാനും 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഓട്ടോറിക്ഷകളുടെ നികുതി നിരക്ക് ഇത്തരം വാഹനങ്ങൾക്ക് ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളെ പെട്ടെന്ന് തിരിച്ചറിയുന്നതിനായി അത്തരം ഓട്ടോറിക്ഷകൾക്ക് പ്രത്യേക നിറം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ നിർമ്മിച്ചിട്ടുള്ള ഇ-വാഹനങ്ങൾ (ഇ-റിക്ഷ, ഇ-കാർ, ഇ-ബൈക്ക്) സംസ്ഥാനത്തുടനീളം വിപണനം നടത്തുന്നതിനും വിൽപ്പനാനന്തര സേവനം നൽകുന്നതിനും 29 വാഹന നിർമ്മാണ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇ-റിക്ഷ ഓടിക്കുന്ന ഡ്രൈവർമാർക്ക് ലൈസൻസിന് പുറമെ ബാഡ്ജ് വേണമെന്ന നിബന്ധനയും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് ആവശ്യമില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി) ബസ് ചാർജ് വർദ്ധനമൂലം ഹ്രസ്വദൂര യാത്രക്കാർ ബൈക്ക്, ഓട്ടോറിക്ഷ ഇവ തെരഞ്ഞെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഫെയർ സ്റ്റേജ് സംബന്ധിച്ച പരാതികളുടെ ന്യായാന്യായങ്ങൾ അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളിൽ വിലയിരുത്തി അതാത് കാലത്ത് നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ഫെയർ സ്റ്റേജുമായി ബന്ധപ്പെട്ടുണ്ടാകുന്ന പൊതുജനങ്ങളുടെ പരാതികളിൽ അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളിൽ നടപടി എടുത്തുവരുന്നുണ്ട്. ഇതുമൂലം ബസ് യാത്ര അനാകർഷകമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടില്ല.

**ഫെയർ സ്റ്റേജ് നിശ്ചയിച്ചതിലെ അപാകതകൾ**

3 (*418) ശ്രീ. കെ. എം. ഷാജി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തിടെ നടപ്പിലാക്കിയ ബസ് ചാർജ് വർദ്ധനയിൽ ഫെയർ സ്റ്റേജ് നിശ്ചയിച്ചതിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) ഫെയർ സ്റ്റേജ് നിശ്ചയിച്ചതിലെ അപാകതകൾ കാരണം പൊതുജനങ്ങൾക്ക് അധിക തുക നൽകേണ്ടിവരുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതുകാരണം സ്വകാര്യ ബസ് ഉടമകൾക്ക് അമിതലാഭം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫെയർ സ്റ്റേജ് നിശ്ചയിച്ചതിലെ അപാകത പരിഹരിക്കുന്നതിന് തയ്യാറാകുമോ എന്നറിയിക്കാമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ - സി) ഫെയർ സ്റ്റേജ് നിർണ്ണയത്തിന് 2.5 കി.മീ. ആണ് ദൂരപരിധി നിശ്ചയിച്ചിരുന്നതെങ്കിലും ചില സ്റ്റോപ്പുകളുടെ പ്രാധാന്യവും പൊതുജന സൗകര്യവും കണക്കിലെടുത്ത് ഫെയർ സ്റ്റേജ് നിർണ്ണയിച്ചപ്പോൾ ദൂരം സംബന്ധിച്ച് ചില ഏറ്റക്കുറച്ചിലുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് അതാത് ആർ.ടി.എ.-കൾക്ക് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, കെ.എസ്.ആർ.ടി.സി.-യിൽ നിരന്തരം പ്രശ്നങ്ങളാണ്. അവിടത്തെ ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ സമയത്ത് കിട്ടുന്നില്ലെന്ന് മാത്രമല്ല വിരമിച്ചവർക്ക് പെൻഷനും ലഭിക്കുന്നില്ല. എന്നാൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന് ധീരമായ നടപടികളെടുത്ത സർക്കാരിനെ ആദ്യമായി ഞാൻ അഭിനന്ദിക്കുന്നു. അവിടെ നിലനിന്നിരുന്ന തൊഴിലാളികളുടെ പ്രശ്നത്തിൽ ധീരമായി ഇടപെട്ടുകൊണ്ട് മറ്റൊരു സർക്കാരിനും ചെയ്യാൻ കഴിയാത്ത വിധത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് പുതുജീവൻ നൽകാനുള്ള കഠിനവും സാഹസികവുമായ ശ്രമമാണ് ഈ സർക്കാർ നടത്തിയത്. ഇപ്പോൾ കെ.എസ്. ആർ.ടി.സി.-യെ പുനഃസംഘടിപ്പിക്കാനുള്ള സാദ്ധ്യതകൾ തെളിഞ്ഞിട്ടുണ്ട്. ബസ് ചാർജ് വർദ്ധിപ്പിക്കുകയെന്ന കാര്യം മാത്രമാണ് കെ.എസ്.ആർ.ടി.സി.-യെ

നന്നാക്കാനായി ആകെ സ്വീകരിച്ചിരിക്കുന്നത്. ജനങ്ങളെ പിഴിഞ്ഞുകൊണ്ടുമാത്രം കെ.എസ്.ആർ.ടി.സി.-യെ നന്നാക്കാനാകില്ല; അതിന് പുതിയ സാമ്പത്തിക-വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തണം. വളരെ പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകളാണ് കെ.എസ്.ആർ.ടി.സി.-യെ ആശ്രയിക്കുന്നത്. ഇപ്പോൾ മിനിമം ചാർജ് 7 രൂപയിൽനിന്ന് 8 രൂപയാക്കി ഒറ്റയടിക്ക് വർദ്ധിപ്പിച്ചിരിക്കുകയാണ്. തമിഴ്നാട്ടിൽ 4 രൂപയും കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും 5 രൂപയുമാണ് മിനിമം നിരക്ക്. ഇതിന്റെ അടിസ്ഥാനത്തിൽ മിനിമം നിരക്ക് 4 രൂപയാക്കി കുറയ്ക്കുകയും സൂപ്പർ ഫാസ്റ്റ്, എ.സി. ബസുകളിലെ ചാർജ് വർദ്ധിപ്പിക്കുകുകയും വേണം. ഇപ്പോൾ ഓട്ടോറിക്ഷകളിലും പ്രൈവറ്റ് ബസുകളിലും ആളുകൾ കൂടുതൽ സഞ്ചരിക്കുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് മിനിമം ചാർജ് കുറയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം കെ.എസ്.ആർ.ടി.സി.-യെ കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് നന്ദി. കഴിഞ്ഞ കുറേക്കാലമായി സംസ്ഥാനത്ത് യാത്രാനിരക്ക് വർദ്ധിപ്പിക്കുന്നതിന് സ്ഥിരമായൊരു സംവിധാനമാണുള്ളത്. ജസ്റ്റിസ് രാമചന്ദ്രൻ (റിട്ടയേർഡ്) ചെയർമാനായ സമിതി അതാത് കാലത്ത് ഈ പ്രശ്നങ്ങൾ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും സർക്കാർ അവ പരിശോധിച്ച് ഉചിതമായ ഭേദഗതികളിലൂടെ നടപ്പിലാക്കുകയും ചെയ്യുന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്. ഏറ്റവുമൊടുവിൽ ആ കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് സ്റ്റേജ് ക്യാരേജുകളിൽ യാത്രാനിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. ആ സംവിധാനം മാറ്റി പുതിയൊരു സംവിധാനത്തിലേയ്ക്ക് കൊണ്ടുവരിക എന്നത് നയപരമായ തീരുമാനമെടുക്കേണ്ട വിഷയമാണ്. ഇപ്പോൾ അതുസംബന്ധിച്ച് ഒരു നിഗമനത്തിലെത്തിച്ചേരാൻ ഞാൻ തയ്യാറാകുന്നില്ല. ഓട്ടോറിക്ഷകളിൽ ജനങ്ങൾ കയറുന്നതിൽ നമ്മൾ ഉത്കണ്ഠപ്പെട്ടിട്ട് കാര്യമില്ല. അവർക്ക് സൗകര്യമുള്ള വാഹനത്തിൽ യാത്ര ചെയ്യാനുള്ള അവകാശത്തിൽ സർക്കാർ വിലക്ക് കല്പിക്കേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. മിനിമം ചാർജ് വർദ്ധിപ്പിച്ചതുമൂലം ബസിൽ യാത്ര ചെയ്തുകൊണ്ടിരുന്ന ആളുകളുടെ എണ്ണം കുറയുകയും അവർ കൂടുതലായി ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷകളും ഉപയോഗപ്പെടുത്തുന്നു എന്നുള്ളതും ഒരു പഠനത്തിലൂടെ മാത്രമേ ബോദ്ധ്യമാകുകയുള്ളൂ. അത്തരത്തിലൊരു പരിശോധന നടത്തുന്നതിന് സർക്കാരിന് പ്രയാസമില്ല.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, കേരളത്തിൽ റോഡ് ട്രാൻസ്പോർട്ട് മാത്രമല്ല വാട്ടർ ട്രാൻസ്പോർട്ട് സമ്പ്രദായവും ഇന്നുണ്ട്. ജലഗതാഗതം കൂടുതൽ കാര്യക്ഷമമായി വികസിപ്പിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. പൊതുഗതാഗതം എന്ന് വിവക്ഷിക്കുമ്പോൾ ബസുകളും ഓട്ടോറിക്ഷകളും ടാക്സികളും മാത്രമാണ് മനസ്സിൽ കാണുന്നത്. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും നിത്യ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കുറയ്ക്കുന്നതിനും ജലഗതാഗതമാർഗ്ഗങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുക എന്നതാണ് ഏറ്റവും ഉചിതമായ മാർഗ്ഗം. ഇത് ലക്ഷ്യമാക്കി ജലഗതാഗത വകുപ്പ് കേരളത്തിലെ 6 ജില്ലകളിലായി 51 ഷെഡ്യൂളുകൾ നിലവിൽ നടത്തിവരുന്നുണ്ട്. അതുപോലെ, പുതിയ രൂപത്തിലുള്ള മറ്റ് ബോട്ടുകൾ യാത്രക്കാർക്കായി രംഗത്തിറക്കുന്നതിനും അവ കൂടുതൽ ആകർഷകമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. പാസ്സഞ്ചർ-കം-വെഹിക്കിൾ, ബോട്ടുകൾ തുടങ്ങിയ സർവ്വീസുകൾ നിരത്തുകളിലെ തിരക്ക് കുറയ്ക്കാൻ സഹായകമാകുമെന്നുള്ളതുകൊണ്ട് അതിനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ബോട്ടുകളിലും ഇപ്പോൾ ഡീസലാണ് ഉപയോഗിക്കുന്നത്. ഡീസൽ ഉപയോഗിക്കുന്ന സമ്പ്രദായം മാറ്റി, മറ്റ് എനർജി ഉപയോഗിച്ച് ബോട്ട് സർവ്വീസ് നടത്തുന്നതിനുള്ള ശ്രമങ്ങൾ വകുപ്പ് കാര്യക്ഷമമായി നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെക്കാളുപരി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം നൽകിക്കൊണ്ട് കൊച്ചി നഗരത്തിൽ മെട്രോ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. മെട്രോ സർവ്വീസിന് സമാന്തരമായി വാട്ടർ മെട്രോ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും അദ്ദേഹം തന്നെ നേരിട്ട് മേൽനോട്ടം നടത്തി നടപ്പിലാക്കിവരുന്നുണ്ട്. വാട്ടർ മെട്രോ, റെയിൽ മെട്രോ, ട്രാൻസ്പോർട്ട് തുടങ്ങിയവയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് സിസ്റ്റം പരീക്ഷണാടിസ്ഥാനത്തിൽ കൊച്ചിയിൽ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തിവരികയാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, സംസ്ഥാനത്ത് പൊതുയാത്രാ വാഹനങ്ങളുടെ എണ്ണം കുറയുകയും ആ സ്ഥാനത്ത് ഇരുചക്രവാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. അതുണ്ടാക്കുന്ന ഗതാഗതക്കുരുക്കും അപകടങ്ങളും വളരെ വലുതാണെന്ന് നമുക്കറിയാം. ഈ സാഹചര്യത്തിൽ പൊതുഗതാഗത വാഹനങ്ങളിലേയ്ക്ക് ജനസമൂഹത്തെ ആകർഷിക്കാൻ കഴിയുന്ന രീതിയിൽ ഗതാഗത നിരക്ക് കുറയ്ക്കുകയും സ്വകാര്യ ബസുകൾ അടക്കമുള്ള പൊതു വാഹനങ്ങളുടെ നികുതി കുറച്ചുകൊണ്ട് ആ രംഗത്തേയ്ക്ക് കൂടുതലാളുകളെ ആകർഷിക്കാൻ കഴിയാവുന്ന നടപടി സ്വീകരിക്കുകയും ചെയ്ത് പൊതുഗതാഗതത്തെ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ നേരത്തെ പതിനാറായിരത്തോളം പ്രൈവറ്റ് ബസ്സുകളാണ് സർവ്വീസ് നടത്തിയിരുന്നത്. ഇപ്പോഴത് പതിമൂന്നായിരമായി ചുരുങ്ങിയിട്ടുണ്ടെന്നത് ശരിയാണ്.

എന്നാൽ ആ സ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസിന്റെ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് മറ്റ് വാഹനങ്ങളിലേയ്ക്ക് ആളുകൾ പോകുന്ന വെന്നത് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയതിനുശേഷം മാത്രമേ പറയാൻ കഴിയൂ. രണ്ടാമതായി, സ്വകാര്യ/സർക്കാർ സ്റ്റേജ് കാര്യേജുകളിൽ ആളുകളെ ആകർഷിക്കുന്നതിലേയ്ക്കായി സ്വകാര്യ ബസുകളുടെ നികുതിയിൽ കുറവ് വരുത്താൻ കഴിയുമോയെന്ന് പരിശോധിക്കാമോയെന്നാണ് അങ്ങ് ചോദിച്ചത്. അത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രശ്നവുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് നികുതി കുറയ്ക്കുക എന്ന നടപടിയിലേയ്ക്ക് പോകാൻ ഇപ്പോൾ സാധിക്കുമെന്ന് തോന്നുന്നില്ല.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, പൊതുഗതാഗത സംവിധാനം നന്നായി നടക്കുന്ന പല സംസ്ഥാനങ്ങളും നമ്മുടെ രാജ്യത്തുണ്ട്. കർണ്ണാടക, ഒഡീഷ, മധ്യപ്രദേശ്, ഹിമാചൽ പ്രദേശ് എന്നിവ മാതൃക സൃഷ്ടിച്ച സംസ്ഥാനങ്ങളാണ്. 5 വർഷം കൊണ്ട് ഏകദേശം നൂറിലേറെ അവാർഡുകൾ കരസ്ഥമാക്കുകയും ലിംക ബുക്ക് ഓഫ് റെക്കോർഡ്സിൽ സ്ഥാനം പിടിക്കുകയും ചെയ്ത കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഏകദേശം 50 കോടി രൂപയിലേറെ ലാഭത്തിലാണ്. ആധുനിക സൗകര്യങ്ങളായ വൈ-ഫൈ, സി.സി.ടി.വി., ജീവനക്കാരുടെ നല്ല പെരുമാറ്റം, നിരക്കുകുറവ് എന്നിങ്ങനെയുള്ള കാര്യങ്ങളിൽ അവർ മുന്നിൽ നിൽക്കുകയാണ്. എന്റെ ചോദ്യം, കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ആ മാതൃക നമുക്ക് പിന്തുടരാൻ കഴിയുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കാൻ ഒരു സമിതിയെ നിശ്ചയിച്ചിട്ടില്ലെങ്കിൽപ്പോലും അവിടത്തെ കാര്യങ്ങളെക്കുറിച്ച് നമ്മുടെ സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിനും ട്രാൻസ്പോർട്ട് കോർപ്പറേഷനും നല്ല പരിചയവും അറിവുമാണുള്ളത്. പക്ഷെ കർണ്ണാടകയിൽ നടപ്പിലാക്കിയതുപോലുള്ള എല്ലാ പരിഷ്കാരങ്ങളും കേരളത്തിലെ സാഹചര്യത്തിൽ നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. അവിടത്തെ റോഡുകളുടെ സ്ഥിതിയും യാത്രാ സംസ്കാരവും വ്യത്യസ്തമാണ്. കേരളത്തിൽ ചെറുപട്ടണങ്ങളാണുള്ളത്. രണ്ടോ മൂന്നോ കിലോമീറ്റർ പോകുമ്പോൾ സ്റ്റോപ്പുകൾ ആവശ്യമായി വരുന്ന ഒരു നഗര-ഗ്രാമ പശ്ചാത്തലമുള്ള കേരളത്തിൽ കർണ്ണാടകയെപ്പോലെ എല്ലാ പരിഷ്കാരങ്ങളും സ്വീകരിക്കാൻ സാധിക്കുമോ എന്നത് സംശയമാണ്. എന്നാലും സ്വീകരിക്കാവുന്നതായ എല്ലാ നല്ല മാർഗ്ഗങ്ങളും സ്വീകരിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്കോ ഗവൺമെന്റിനോ യാതൊരു വൈമനസ്യവുമില്ല.

<u>ശ്രീ. കെ. രാജൻ</u>: സർ, പ്രൈവറ്റ് ബസുകൾക്ക് ഒരു കളർ കോഡ് തീരുമാനിച്ചത് നല്ല കാര്യമാണ്. ബൈക്കിൽ രണ്ടുപേരും ഓട്ടോറിക്ഷയിൽ മൂന്നുപേരും കാറിൽ നാലുപേരും യാത്ര ചെയ്യാമെന്ന ഒരു പൊതുധാരണയുമുണ്ട്. യാത്ര ചെയ്യുന്ന ആളുകൾ, വഴികൾ, ദേശസാൽകൃത വഴികൾ, സ്വകാര്യ ബസുകളുടെ നിയന്ത്രണം എന്നിവയെല്ലാം കൂട്ടിച്ചേർത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പൊതുപ്രകടന പത്രികയ്ക്ക് അനുകൂലമായൊരു ഗതാഗതനയം രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാമോ; അതിനെക്കുറിച്ച് എന്തെങ്കിലും ചിന്തയുണ്ടോ? സ്വകാര്യ ബസുകളുടെ അനിയന്ത്രിതമായ യാത്രയുൾപ്പെടെയുള്ള പ്രശ്നങ്ങളും കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട വിഷയങ്ങളും നമ്മുടെ മുന്നിലുണ്ട്. അവയെല്ലാം കൂട്ടിച്ചേർത്ത് ഇരുചക്രവാഹനങ്ങൾ മുതൽ വൻകിട വാഹനങ്ങളെ വരെ ഒരുപോലെ ബാധിക്കാവുന്ന, റോഡുകളുൾപ്പെടെ ബാധിക്കാവുന്ന, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ചിന്തകൾക്കനുകൂലമായൊരു വാഹന നയം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒരു നയം കൊണ്ടുവരുമോ എന്നാണ് അദ്ദേഹം ചോദിച്ചത്. അല്ലാതെ വാഹനത്തിന് ഇടതുപക്ഷ നയമോ മറ്റൊരു നയമോ ഇല്ല. ഗതാഗതം സംബന്ധിച്ച ഒരു പൊതുനയം ഇപ്പോഴത്തെ ഗവൺമെന്റിന് കൊണ്ടുവരാൻ കഴിയുമോ എന്നാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. നല്ലൊരു നിർദ്ദേശമാണ്. അതിനെക്കുറിച്ച് സർക്കാർ ആലോചിക്കാം. പക്ഷേ മറ്റ് കാര്യങ്ങൾ ഈ പ്രശ്നങ്ങളുടെ പഠനത്തിന്റെ ഭാഗമായി പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ബസ് ചാർജ് വർദ്ധന വളരെ അപൂർവ്വമായി മാത്രമേ നടക്കാറുള്ളൂ. ബസ് ചാർജ് വർദ്ധിപ്പിക്കുമ്പോൾ ഒന്നു-രണ്ട് സ്റ്റേജുകളിൽ ഒരിക്കലും വർദ്ധനവ് നടത്താറില്ല. അങ്ങയുടെ ഉത്തരത്തിൽ 'അങ്ങനെയൊരു അപാകതയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് പറയുകയും ചെയ്യുന്നുണ്ട്. ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കേരളം പരമ്പരാഗതമായി സ്വീകരിച്ചുവരുന്ന ഒരു നടപടിക്രമത്തിന്റെ ഭാഗമായിട്ടാണ് ഈ സർക്കാരും യാത്രാനിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലുള്ള പ്രശ്നങ്ങൾ പല കോണുകളിൽ നിന്നായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്നാണ് ഞാൻ ഉത്തരത്തിൽ സൂചിപ്പിക്കുകയുണ്ടായത്. അതൊരു ഔദ്യോഗികമോ ഔപചാരികമോ ആയിട്ടുള്ള നിർദ്ദേശമല്ല. രേഖാമൂലം അല്ലെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന സത്യമാണ് ഞാനിവിടെ പറഞ്ഞത്. കേരളത്തിൽ ഒരു പഠനത്തിലൂടെയും പരിശോധനയിലൂടെയും മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അപാകതയും ചാർജ് വർദ്ധനവും പെട്രോൾ വില വർദ്ധനവുംമൂലം കേരളത്തിലെ ഗതാഗതരംഗവും സമൂഹവും പ്രയാസമനുഭവിക്കുകയാണ്. ഡൽഹിയിലും ബാംഗ്ലൂരിലുമൊക്കെ നടപ്പിലാക്കുന്നതുപോലെ സി.എൻ.ജി.-യിലേക്കോ സോളാറിലേക്കോ നമുക്ക് മാറാൻ കഴിയുമോ? ഇവിടെ ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി ഒരു ചോദ്യത്തിനുള്ള മറുപടിയിൽ, ഇലക്ട്രിസിറ്റി ഉപയോഗിച്ച് പൊതുവാഹനങ്ങൾ ഓടിക്കാൻ ശ്രമിക്കുമെന്ന് പറഞ്ഞിരുന്നു. ആ സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിലെ പൊതു ഗതാഗത രംഗത്തിൽ മാറ്റം വരുത്തി സമൂഹത്തിന് ഗുണകരമായി ഉപയോഗിക്കാൻ കഴിയാവുന്ന അവസ്ഥയിലേയ്ക്ക് എത്തിക്കാൻ സാധിക്കുമോ; അക്കാര്യം പരിശോധിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഊർജ്ജം ഉപയോഗിച്ചും മറ്റ് ഇന്ധനങ്ങൾ ഉപയോഗിച്ചും പൊതുവാഹനങ്ങൾ ഓടിക്കാൻ കഴിയുമോയെന്നതാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചതിന്റെ ചുരുക്കമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അക്കാര്യം ഉത്തരത്തിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. പടിപടിയായി ഡീസൽ ഉപയോഗം കുറയ്ക്കുകയും പകരം സി.എൻ.ജി., എൽ.എൻ.ജി., സോളാർ, വൈദ്യുതി തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വാഹന സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ്. ഈ മാസം 22-ാം തീയതി കേരളത്തിലാദ്യമായി കൊച്ചിയിലെ 4 കേന്ദ്രങ്ങളിൽ സി.എൻ.ജി. ഔട്ട്ലെറ്റുകൾ ആരംഭിക്കുകയാണ്. അതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 22-ാം തീയതി കൊച്ചിയിൽ നിർവ്വഹിക്കും. അതോടുകൂടി ഇന്ധന ലഭ്യത ഉറപ്പുവരുത്തുന്ന മുറയ്ക്ക് സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. അന്നുതന്നെ കൊച്ചിയിൽ സി.എൻ.ജി. ഉപയോഗിച്ചുകൊണ്ടുള്ള ഒരു സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. അംഗങ്ങൾ ഇവിടെ ഉന്നയിച്ചതുപോലെ ഇന്ധന ഉപയോഗത്തിൽ ശ്രദ്ധേയമായ മാറ്റം വരുത്തിക്കൊണ്ട് അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതു പോലുള്ള നടപടികളിലേയ്ക്കാണ് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനെ കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഗതാഗതക്കുരുക്ക്, റോഡിന്റെ വീതിക്കുറവ്, വാഹനങ്ങളുടെ ആധിക്യം എന്നിവയെല്ലാം ഇതിന് വിഘാതമായി നിൽക്കുന്നവയാണ്. പൊതു ജലഗതാഗത സൗകര്യം ശക്തിപ്പെടുത്തിക്കൊണ്ട് ഇതിനൊരു ആശ്വാസം കണ്ടെത്താൻ കഴിയുമോ; അതോടൊപ്പംതന്നെ നെതർലാന്റ്സ് പോലുള്ള യൂറോപ്യൻ രാജ്യങ്ങളിൽ സൈക്കിൾ യാത്രയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതായി കാണാറുണ്ട്. ഗതാഗതക്കുരുക്ക് ഉണ്ടാകുകയാണെങ്കിൽ സൈക്കിളിന് പോകാനുള്ള സൗകര്യം ചെയ്തുകൊടുത്തതിനുശേഷം മാത്രമേ മറ്റ് വാഹനങ്ങൾക്ക് പോകാനുള്ള സൗകര്യം കൊടുക്കുകയുള്ളൂ. ഇത്തരം കാര്യങ്ങൾ കണ്ടെത്തി സംസ്ഥാന സർക്കാരിന് പുതിയൊരു കാഴ്ചപ്പാട് രൂപപ്പെടുത്താൻ കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൈക്കിൾ യാത്ര പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോയെന്നാണ് ചോദിച്ചത്. മുമ്പുകാലത്ത് കേരളത്തിൽ ഏറ്റവും കൂടുതലാളുകൾ സൈക്കിൾ യാത്ര നടത്തിയിരുന്ന ഒരു പ്രദേശമാണ് ആലപ്പുഴ ജില്ല. ആലപ്പുഴ ജില്ലയിലെ തൊഴിലാളികളും വിദ്യാർത്ഥി കളുമെല്ലാം കൂടുതൽ നടത്തിയിട്ടുള്ളത് സൈക്കിൾ യാത്രയാണ്. എന്നാൽ ജനങ്ങളുടെ യാത്രാ സംസ്കാരത്തിൽ ശ്രദ്ധേയമായ മാറ്റം വന്നതിന്റെ ഫലമായി ഇപ്പോൾ അത്തരത്തിലുള്ള വാഹനങ്ങൾക്കുപകരം യന്ത്രവൽകൃത വാഹനങ്ങൾ ഉപയോഗിക്കുന്ന രീതിയാണ് കണ്ടുവരുന്നത്. ഈ യാത്രാ സംസ്കാരത്തിൽ കാതലായ മാറ്റം വരുത്തുകയെന്നുള്ളതാണ് ഇതിനുള്ള പോംവഴി. അതിനുള്ള ബോധവൽക്കരണ ക്യാമ്പയിനുകളാണ് നമുക്കാവശ്യം. അത്തരം ക്യാമ്പയിനുകളിൽ നമുക്കെല്ലാവർക്കും ഒരുമിച്ച് ഏർപ്പെടാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, വിവിധ രാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലുമൊക്കെ പൊതുഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രോത്സാഹനവും സൗകര്യവും ചെയ്തുകൊടുക്കുന്നുണ്ട്. എല്ലാ കാര്യങ്ങളിലും മുന്നിൽ നിൽക്കുന്ന കേരളം ആ കാര്യത്തിൽ ഇപ്പോഴും വളരെ പുറകിലാണ്. നഷ്ടത്തിന്റെ കണക്ക് മാത്രമാണ് നമുക്ക് പറയാനുള്ളത്. പ്രൈവറ്റ് ബസ്സിനില്ലാത്ത നഷ്ടം എന്തുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്നതെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; അഡ്മിനിസ്ട്രേറ്റീവ് രംഗത്തെ പോരായ്മകളാണ് കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിന് കാരണമെന്ന് പറയപ്പെടുന്നുണ്ട്. എന്നാൽ ചാർജിന്റെ കാര്യത്തിൽ ഒരു കുറവുമില്ല. ഫെയർ സ്റ്റേജിന് പുറമെ സെസ്സുകൂടി ചുമത്തുകയാണ്. പ്രൈവറ്റ് ബസ്സിൽ യാത്ര ചെയ്യുന്നതിനേക്കാൾ ചാർജ് കെ.എസ്.ആർ.ടി.സി. ബസ്സിൽ കൊടുക്കേണ്ടി വരികയാണ്. കുറഞ്ഞ ചാർജിൽ ഓടിക്കുന്ന പ്രൈവറ്റ് ബസ്സിനില്ലാത്ത നഷ്ടം എന്തുകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്നുവെന്നതിനെ സംബന്ധിച്ച് പഠനം നടത്തുമോ; കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് ആകർഷിക്കാനാവശ്യമായ എന്തെങ്കിലും പദ്ധതി തയ്യാറാക്കുമോ; സഹകരണ ബാങ്കുകളെ മാത്രം ആശ്രയിക്കാതെ മറ്റെന്തെങ്കിലും മാർഗ്ഗം കൂടി സർക്കാർ കണ്ടെത്തുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കെ.എസ്.ആർ.ടി.സി.-യിൽ ഇത്രയും പ്രയാസങ്ങളുണ്ടാകാൻ ഇടയായത് എന്തുകൊണ്ടാണെന്നാണ് അദ്ദേഹം ചോദിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ കഴിഞ്ഞ എത്രയോ വർഷങ്ങളായി തുടർന്നുപോരുന്ന വിവിധ തീരുമാനങ്ങളുടെയും നടപടികളുടെയും പ്രവർത്തന ശൈലിയുടെയും ഭാഗമായി വന്നുചേർന്നിട്ടുള്ള ഏറ്റവും ഒടുവിലത്തെ അവസ്ഥയാണ് ഇപ്പോഴത്തെ പ്രതിസന്ധി. അതിന്റെ ഓരോ കാരണവും വ്യക്തമായി പരിശോധിച്ചിട്ടുണ്ട്. പല മേഖലകളിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നിട്ടി

ല്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇന്ധനക്ഷമതയും ടയർക്ഷമതയും വർദ്ധിപ്പിക്കുക, മാൻപവർ യൂട്ടിലൈസേഷന്റെ കാര്യത്തിൽ ശാസ്ത്രീയമായ നിലപാടുകൾ സ്വീകരിക്കുക, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പുനഃക്രമീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ടാണ് ഈ കാര്യം പഠിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽഖന്നയുടെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ചിട്ടുള്ളത്. അതിനുപുറമെ മൂന്ന് ലാഭകേന്ദ്രങ്ങളിലായി കെ.എസ്.ആർ.ടി.സി.-യെ മാറ്റി കാര്യക്ഷമത വർദ്ധിപ്പിക്കാൻ കഴിയുന്ന നിർദ്ദേശങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളെക്കുറിച്ച് ട്രേഡ് യൂണിയനുകളുമായും ബന്ധപ്പെട്ടവരുമായും ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആദ്യത്തെ ചോദ്യകർത്താവായ ശ്രീ. സി. ദിവാകരൻ ചൂണ്ടിക്കാണിച്ചതുപോലെ, നല്ല നിലയിലുള്ള ശ്രമങ്ങളിലൂടെ എല്ലാ ഭാഗവും കോർത്തിണക്കി മുന്നോട്ട് കൊണ്ടുപോകുന്നതിനുവേണ്ടിയാണ് സർക്കാരും കെ.എസ്.ആർ.ടി.സി.-യും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ദിവസവും കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ദീർഘദൂര യാത്ര നടത്തുന്നവർക്കുവേണ്ടി കെ.എസ്.ആർ.ടി.സി. കാർഡ് വിതരണം ചെയ്തിരുന്നു. പക്ഷെ ഇപ്പോൾ ആ കാർഡ് നൽകുന്നില്ല. എന്തുകൊണ്ടാണ് കാർഡ് വിതരണം ചെയ്യാത്തത്; ഒരു മാസം ശരാശരി മൂന്ന് കോടി രൂപയാണ് ഇതുവഴി കോർപ്പറേഷന് വരുമാനമുണ്ടായിരുന്നത്. ദീർഘദൂര യാത്രികർക്കുള്ള ബുദ്ധിമുട്ട് അവസാനിപ്പിക്കുന്നതോടൊപ്പം കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് കോർപ്പറേഷനെ തള്ളിവിടാതിരിക്കാനുള്ള അടിയന്തര നിർദ്ദേശം നൽകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കാർഡ് സമ്പ്രദായം കെ.എസ്.ആർ.ടി.സി.-യിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിരുന്നു. അത് ആകർഷകമായ രീതിയിൽത്തന്നെയാണ് നടന്നിരുന്നത്. എന്നാൽ ഇപ്പോൾ യാത്രാനിരക്കിൽ വ്യത്യാസം വരുത്തിയപ്പോൾ കാർഡിന്റെ നിരക്കിലും വ്യത്യാസം വരുത്തേണ്ടി വരും. അതിനുള്ള സാവകാശമെടുത്തുകൊണ്ട് യാത്രാകാർഡുകൾ നൽകുന്നതിനുള്ള നടപടികളുമായിട്ടാണ് കെ.എസ്.ആർ.ടി.സി. മുന്നോട്ടുപോകുന്നത്. ദീർഘദൂര യാത്രക്കാരെ ആകർഷിക്കുന്നതിന് പ്രധാനമായും വേണ്ടത് നല്ല സൗകര്യമുള്ള ബസ്സുകൾ നൽകുകയെന്നതാണ്. അതിനുള്ള ശ്രമങ്ങളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മറ്റ് വിദേശ രാജ്യങ്ങളിൽ, പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്താനായി ചെറുതും വലുതുമായ പട്ടണങ്ങളിലും മെട്രൊപോളിറ്റൻ നഗരങ്ങളിലുമൊക്കെ ചെറിയ ബസ്സുകളിൽ സൗജന്യയാത്ര അനുവദിക്കാറുണ്ട്. അബുദാബിയിൽ അങ്ങനെ ചെയ്യുന്നുണ്ട്. ഒരു വീട്ടിൽനിന്ന് മൂന്നുംനാലും വാഹനങ്ങൾ റോഡിലിറങ്ങാതെ സൗകര്യമുള്ള ചെറിയ

വാഹനങ്ങൾ ഒരു ഡെസ്റ്റിനേഷനിൽനിന്നും മറ്റൊരു ഡെസ്റ്റിനേഷനിലേയ്ക്ക് പോകത്തക്കനിലയിൽ ഓടിക്കുകയാണെങ്കിൽ ആളുകളിൽ നല്ല സംസ്കാരം വളർന്നുവരും. എല്ലാവരും കാറിലും സ്കൂട്ടറിലും സഞ്ചരിക്കുന്നതിനു പകരം പൊതു ഗതാഗത സംവിധാനം ശക്തിപ്പെടുത്തി, ചെറുതും വലുതുമായ പട്ടണങ്ങളിൽ ഈ സൗകര്യം ഏർപ്പെടുത്തേണ്ടത് ദീർഘകാലാടിസ്ഥാനത്തിൽ സർക്കാർ ആലോചിക്കേണ്ട ഒരു കാര്യമാണ്. അതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഗൾഫ് പോലുള്ള രാജ്യങ്ങളിൽ നടത്തുന്ന ഏറ്റവും ശ്രദ്ധേയമായ യാത്രാ സംവിധാനത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് നല്ല കാര്യം തന്നെയാണ്. പക്ഷെ അവിടേയ്ക്കെത്തണമെങ്കിൽ ധാരാളം കാര്യങ്ങളിൽ ശ്രദ്ധേയമായ പരിഷ്കാരങ്ങൾ ആവശ്യമായി വരും. ഒന്ന്, സിറ്റി കേന്ദ്രീകൃതമായ ടെർമിനലുകളിൽ ആളുകൾ വന്ന് മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോകുന്ന ഒരു യാത്രാസംസ്കാരം ഉണ്ടാകേണ്ടതുണ്ട്. രണ്ട്, സമാനമായ സെന്ററുകൾ/ഹബ്ബുകൾ ആരംഭിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. എല്ലാ ഡെസ്റ്റിനേഷനുകളിൽനിന്നും എല്ലായിടത്തേയ്ക്കും ദീർഘദൂര യാത്ര എന്നുള്ളത് മാറ്റി ഒരു പ്രത്യേക സെന്ററിലേയ്ക്ക് ദീർഘദൂര യാത്ര വരികയും മറ്റ് പോക്കറ്റുകളിലേയ്ക്ക് അവിടെ നിന്നുള്ള ഫീഡർ സർവ്വീസുകളുടെ ഭാഗമായി സർവ്വീസുകൾ നടത്തുകയും ചെയ്യുന്ന നിർദ്ദേശങ്ങളൊക്കെ പല കോണുകളിൽ നിന്നായി ഉയർന്നുവന്നിട്ടുണ്ട്. പക്ഷെ നമുക്കിതെല്ലാം പടിപടിയായി മാത്രമേ പ്രാവർത്തികമാക്കാൻ കഴിയൂ. നല്ല നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് യാതൊരു പ്രയാസവുമില്ല.

ശ്രീ. പി. ടി. എ. റഹിം: സർ, മിനിമം ചാർജ് 7 രൂപയും 8 രൂപയും ആകുമ്പോൾ 10 രൂപ ടിക്കറ്റിനായി കൊടുത്താൽ ബാക്കി പൈസ ആർക്കും കിട്ടാറില്ല. മാത്രമല്ല, രണ്ട് രൂപ വാങ്ങാനായി കാത്തുനിൽക്കാൻ യാത്രക്കാരനും തയ്യാറാകില്ല. എന്റെ ചോദ്യം, പലപ്പോഴായി ബസ് ചാർജ് വർദ്ധിപ്പിച്ചപ്പോഴും ഫെയർ സ്റ്റേജ് സംബന്ധിച്ച ആക്ഷേപങ്ങൾക്ക് ഒരു പരിഹാരവുമുണ്ടായില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, ഈ കാര്യം ആലോചിക്കാൻ ബന്ധപ്പെട്ട ആർ.ടി.ഒ.-മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ്. സഞ്ചരിക്കാവുന്ന സ്റ്റേജുകളുടെ എണ്ണം വർദ്ധിപ്പിച്ച് സർക്കാർ പൊതുനിർദ്ദേശം നൽകാതെ ഈ കാര്യത്തിൽ ആർ.ടി.ഒ.-മാർക്ക് എന്തെങ്കിലും തീരുമാനമെടുക്കാൻ സാധിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഫെയർ സ്റ്റേജുകൾ നിർണ്ണയിക്കുന്ന കാര്യം, ബസ് ചാർജ് വർദ്ധനയുമായി ബന്ധപ്പെട്ട് പല കാലഘട്ടങ്ങളിലും സർക്കാർ പരിശോധിച്ചിട്ടുള്ളതാണ്. എന്നാൽ ആ ഘട്ടങ്ങളിലൊന്നുംതന്നെ അപ്രകാരം

മുന്നോട്ടുപോകാൻ സർക്കാരുകൾക്ക് കഴിഞ്ഞിട്ടില്ല. വളരെ വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച ഫെയർ സ്റ്റേജുകളാണ് നിലവിലുള്ളത്. ആ ഫെയർ സ്റ്റേജുകൾ സംബന്ധിച്ച് പരാതികൾ വന്നപ്പോൾ കോടതിയെ സമീപിക്കുന്ന സാഹചര്യംപോലും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയും ആ കാര്യത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുകയെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. 2.5 കിലോമീറ്ററാണ് ഒരു ഫെയർ സ്റ്റേജായി ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. 2.5 കിലോമീറ്റർ ദൂരം ഒരു ഫെയർ സ്റ്റേജായി സ്വീകരിക്കുമ്പോൾ ജനങ്ങൾ കയറുകയും ഇറങ്ങുകയും ചെയ്യുന്ന സാധാരണ കേന്ദ്രങ്ങൾ ഈ കിലോമീറ്ററിന് അടുത്തായിരിക്കില്ല. ചിലപ്പോൾ അത് പുറകോട്ടോ മുന്നോട്ടോ ആയിരിക്കും. ഈ സെന്ററുകൾ കേന്ദ്രീകരിച്ച് ചില ഏറ്റക്കുറച്ചിലുകൾ വരുത്താൻ സ്വാഭാവികമായും ട്രാൻസ്പോർട്ട് അതോറിറ്റികൾ നിർബന്ധിതരായി ത്തീരുമെന്ന അവസ്ഥയുണ്ട്. എന്നാൽ 10-15 വർഷത്തിനുശേഷം നാം നേരത്തെ കണ്ടിരുന്ന കൊച്ചുകൊച്ചു കേന്ദ്രങ്ങൾ, ജനങ്ങൾ കാത്തിരുന്ന് ബസ്സുകളിൽ കയറുന്ന കേന്ദ്രങ്ങൾ പട്ടണങ്ങളുടെ സ്വഭാവമായി മാറിയിട്ടുണ്ട്. പുതിയ രീതിയിലുള്ള ചെറിയ കേന്ദ്രങ്ങൾ നമ്മുടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലായി ഉണ്ടായിട്ടുണ്ട്. ശാസ്ത്രീയമായ പഠനം നടത്തിയതിനുശേഷം മാത്രമേ ആ കാര്യത്തിൽ വ്യക്തമായൊരു നിലപാട് സ്വീകരിക്കാൻ സർക്കാരിന് കഴിയുകയുള്ളൂ.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, എറണാകുളം സിറ്റി കേന്ദ്രീകരിച്ച് 'IMPRA' (Improved Pedal Cycle Rikshaw) എന്ന പേരിൽ എല്ലാവിധത്തിലുള്ള പൊതു ഗതാഗത സംവിധാനങ്ങളെയും കൂട്ടിയോജിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ കാര്യമായ പുരോഗതി കാണുന്നില്ല. 10-15-ഓളം കേന്ദ്രങ്ങളിലേയ്ക്കുള്ള ബോട്ട് സർവ്വീസുകൾ, മെട്രോയുമായി ബന്ധപ്പെട്ടുള്ള ഓട്ടോ സർവ്വീസുകൾ, ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തൽ, പ്രൈവറ്റ് ബസ്സുകളുടെ സൊസൈറ്റി രൂപീകരിച്ച് അവയുടെ മൽസര ഓട്ടം ഒഴിവാക്കി അവർക്ക് കിട്ടുന്ന ലാഭം വീതിച്ചെടുക്കുന്ന സമ്പ്രദായം എന്നിങ്ങനെ ഒട്ടേറെ പുരോഗമനപരമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടായിരുന്നു. ഇപ്പോഴതിന് കാര്യമായ പുരോഗതി കാണുന്നില്ല. എറണാകുളത്ത് മാത്രമല്ല, പ്രധാനപ്പെട്ട മൂന്ന് നഗരങ്ങളായ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ ഇത് പരീക്ഷിക്കുന്നതുവഴി പൊതുഗതാഗതം മെച്ചപ്പെടുത്താൻ സാധിക്കും. അത് സംബന്ധിച്ചുള്ള പുരോഗതിയെന്താണ്; ഇപ്പോഴത്തെ സ്ഥിതിയെന്താണ്; അത് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മാതൃകാപരമല്ലെങ്കിലും കൊച്ചി മെട്രോയുമായി ബന്ധപ്പെട്ടാണ് പ്രാഥമിക തലത്തിലുള്ള ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് സിസ്റ്റത്തിന് തുടക്കം കുറിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ കാര്യക്ഷമമായിത്തന്നെയാണ് പ്രവർത്തിച്ചിട്ടുള്ളത്. അതിനിപ്പോൾ എന്തെങ്കിലും

കോട്ടം സംഭവിച്ചിട്ടുണ്ടോയെന്ന സന്ദേഹമാണ് അദ്ദേഹം ഉന്നയിച്ചിട്ടുള്ളത്. അക്കാര്യം പരിശോധിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതാണ്. നടപ്പു സമ്മേളനത്തിൽത്തന്നെ 'മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ' എന്നൊരു ബിൽ അവതരിപ്പിച്ചുകൊണ്ട് കേരളത്തിലെ പ്രധാനപ്പെട്ട പട്ടണങ്ങളിൽ ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് സിസ്റ്റം നിയമനിർമ്മാണം വഴി പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾ നടത്താനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഈ സമ്മേളനത്തിൽത്തന്നെ ടി ബിൽ അവതരിപ്പിക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട സ്പീക്കറും അനുവാദം തരികയാണെങ്കിൽ അതിനനുസരിച്ചുള്ള നടപടികളുമായി മുന്നോട്ടുപോകാൻ കഴിയും. അങ്ങനെ വരുമ്പോൾ മാത്രമേ നാം ആഗ്രഹിക്കുന്ന തരത്തിലുള്ള സുഗമമായ യാത്രാ സംവിധാനം പൊതുജനങ്ങൾക്ക് നൽകാൻ കഴിയുകയുള്ളൂ.

<u>ശ്രീ. കെ. ബാബു:</u> സർ, ഒന്നര ലക്ഷത്തോളം ഓട്ടോറിക്ഷകൾ, രണ്ടു ലക്ഷത്തോളം ടാക്സികൾ, ഗുഡ്സ് വെഹിക്കിൾസ് എന്നിവയുൾപ്പെടെ ലൈറ്റ് മോട്ടോർ രംഗത്ത് സ്വന്തമായി മുതൽമുടക്കി പൊതുജനങ്ങൾക്കാവശ്യമായ ഗതാഗതസൗകര്യവും ചരക്ക് കടത്തും നടത്തി ഉപജീവനം നടത്തുന്ന ഏഴ് ലക്ഷത്തോളം വരുന്ന തൊഴിലാളികൾ കേരളത്തിലുണ്ട്. പെട്രോൾ, ഡീസൽ, ഇൻഷ്വറൻസ് പ്രീമിയം, ടാക്സ്, ലൈസൻസ് ഫീ, പെർമിറ്റ് ഫീ എന്നിവയുൾപ്പെടെ വർദ്ധിപ്പിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഈ സാഹചര്യത്തിൽ ഓട്ടോറിക്ഷ, ടാക്സി ഉൾപ്പെടെയുള്ള ലൈറ്റ് മോട്ടോർ വാഹനരംഗത്ത് മിനിമം ചാർജ് വർദ്ധിപ്പിക്കാനാവശ്യമായ നടപടിയുണ്ടാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ അത്തരം നിർദ്ദേശങ്ങളൊന്നും തന്നെയില്ല.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, ഈ സഭയിൽ പലതവണ സബ്മിഷനായി വന്ന വിഷയവുമായി ബന്ധപ്പെട്ടാണ് എന്റെ ചോദ്യം. 2009-ലാണ് നാഷണൽ ഹൈവേയിൽ മുത്തങ്ങ, ബന്ദിപ്പൂർ മേഖലകളിൽ യാത്രാനിരോധനം ഏർപ്പെടുത്തിയത്. അതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ കേസ്സും നിലനിൽക്കുകയാണ്. കഴിഞ്ഞ മാസം ആ കേസ് പരിഗണിച്ചപ്പോൾ സർക്കാർ ഭാഗം, അഡ്വക്കേറ്റ് ഗോപാൽ സുബ്രഹ്മണ്യം വാദിക്കുകയും ഒരു സമിതിയെ നിയമിച്ച് സാഹചര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നുമാണ് പറഞ്ഞിരിക്കുന്നത്. കർണ്ണാടകയെയും കേരളത്തെയും ഉൾപ്പെടുത്തിക്കൊണ്ടാണ് സമിതി രൂപീകരിച്ചിട്ടുള്ളത്. ആ സമിതിയിൽ ഗതാഗത വകുപ്പ് സെക്രട്ടറി ശ്രീ. കെ. ആർ. ജ്യോതിലാൽ അംഗമാണ്. ഈ സമിതി സമർപ്പിച്ച റിപ്പോർട്ടിൽ രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിനു

വേണ്ടിയെടുത്ത തീരുമാനം നമുക്ക് അനുകൂലമല്ലെന്ന വാർത്തയാണ് ഇപ്പോൾ പുറത്ത് വരുന്നത്. ഈ കാര്യം പല തവണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തിയതാണ്. ഇതിനനുകൂലമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സാഹചര്യ മുണ്ടാകുമോ; നമുക്ക് അനുകൂലമായിട്ടല്ല റിപ്പോർട്ട് കൊടുത്തതെങ്കിൽ അക്കാര്യം പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാണോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ ചോദ്യത്തിന് പ്രധാന ചോദ്യവുമായി ബന്ധമില്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്നാലും വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ട് ഇപ്പോൾ ലഭ്യമായ വിവരം ഞാൻ സഭയിൽ അറിയിക്കുകയാണ്. യാത്രാനിരോധനവുമായി ബന്ധപ്പെട്ട പ്രശ്നം ആരംഭിച്ചിട്ട് വർഷങ്ങളായി. ആ കാലംതൊട്ട് സംസ്ഥാന സർക്കാർ യാത്രാ നിരോധനം നീക്കിക്കിട്ടുന്നതിനുവേണ്ടി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ഓരോ ഘട്ടത്തിലും ചെയ്തിട്ടുണ്ട്. എന്നാൽ പാരിസ്ഥിതിക പ്രശ്നവുമായി ബന്ധപ്പെട്ട്, ബന്ദിപ്പൂർ മേഖലയിൽ യാത്രാനിരോധനം ഏർപ്പെടുത്ത ണമെന്ന കാര്യത്തിൽ വനം, പരിസ്ഥിതി വകുപ്പുകൾ അവരുടെ ശാഠ്യത്തിൽ തന്നെ ഉറച്ചുനിൽക്കുകയാണ്. അത് നീക്കിക്കിട്ടുന്നതിനുവേണ്ടി എം.എൽ.എ.-മാരായ ശ്രീ. ഐ. സി. ബാലകൃഷ്ണനും ശ്രീ. സി. കെ. ശശീന്ദ്രനും ശ്രീ. ഒ. ആർ. കേളുവുമുൾപ്പെടെ സമീപകാലത്ത് നല്ല ശ്രമങ്ങൾ നടത്തിയതിനെ സർക്കാർ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതിന്റെയെല്ലാം ഫലമായാണ് സുപ്രീംകോടതി ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചത്. സുപ്രീംകോടതി നിയമിച്ച സബ് കമ്മിറ്റിയുടെ ആദ്യ സിറ്റിംഗ് കഴിഞ്ഞ മാസം 6-ാം തീയതി നടന്നു. ബന്ദിപ്പൂർ മേഖലയിൽ നേരിട്ട് പരിശോധന നടത്തി സുപ്രീംകോടതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ആ സിറ്റിംഗിലുണ്ടായ തീരുമാനം. അതിന്റെ അടിസ്ഥാനത്തിൽ ബന്ദിപ്പൂരിൽ 7-ാം തീയതി സമിതി സന്ദർശനം നടത്തുകയുണ്ടായി. ആ സന്ദർശനവേളയിലുണ്ടായിട്ടുള്ള ചർച്ചകളുടെ അടിസ്ഥാനത്തിലുള്ള മിനിട്ട്സിൽ സംസ്ഥാന ഗതാഗത വകുപ്പ് സെക്രട്ടറി ശ്രീ. കെ. ആർ. ജ്യോതിലാൽ ഉന്നയിച്ചുവെന്നാരോപിച്ചുകൊണ്ട് ഒരു ഭാഗം എഴുതിച്ചേർത്തിട്ടുണ്ട്. അത് അടിസ്ഥാനരഹിതമാണ്, ഒരു കാരണവശാലും സംസ്ഥാന സർക്കാരോ സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയായി ആ യോഗത്തിൽ പങ്കെടുത്ത ഗതാഗത വകുപ്പ് സെക്രട്ടറിയോ ആ രൂപത്തിലുള്ള യാതൊരു നിലപാടും സ്വീകരിച്ചിട്ടില്ല. ആ മിനിട്ട്സ് അപ്രൂവ് ചെയ്തിട്ടില്ല; അതിലെ തെറ്റുകൾ തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇതിനകം തന്നെ ബന്ധപ്പെട്ടവർക്ക് കത്തയച്ചിട്ടുണ്ട്. സർക്കാരിന് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും രാത്രികാല യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെയ്യും. രാത്രികാല സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന കർണ്ണാടകത്തിലെയും കേരളത്തിലെയും പൊതുഗതാഗത സംവിധാനത്തെയെങ്കിലും യാത്രയ്ക്ക് അനുവദിക്കണമെന്ന നിർദ്ദേശമാണ് ഏറ്റവുമൊടുവിൽ കേരളം മുന്നോട്ട

വച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് സൗത്ത് ഇന്ത്യൻ ഗതാഗത വകുപ്പുമന്ത്രിമാരുടെ യോഗം ബാംഗ്ലൂരിൽ 9-ാം തീയതി ചേർന്നപ്പോൾ പ്രസ്തുത വിഷയം ഈ രൂപത്തിൽ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയവും പാസ്സാക്കിയിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്നും രാത്രി യാത്രാനിരോധനം നീക്കിക്കിട്ടുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളിൽ ഒരു ഉദാസീനതയും വരുത്തുന്നതല്ല; ശക്തമായിതന്നെ മുന്നോട്ടു പോകുന്നതാണ്.

**നെൽകൃഷി ആദായകരമാക്കാൻ നടപടി**

4 (*393) ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ഐ. ബി. സതീഷ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ നെൽകൃഷി നഷ്ടത്തിലായിരിക്കുന്നതിന്റെ പ്രധാന കാരണങ്ങൾ അവലോകനം ചെയ്തിരുന്നോ; വിശദാംശം നൽകാമോ;

(ബി) ഉയർന്ന ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സീസണുകൾക്കനുസൃതമായി സബ്സിഡി നൽകുന്നതിനും അത് ആകർഷകമായ നിരക്കിലേയ്ക്ക് ഉയർത്തുന്നതിനും നടപടിയുണ്ടാകുമോ;

(സി) ലേബർ ബാങ്ക് രൂപീകരിച്ച് വിദഗ്ദ്ധ തൊഴിലാളികളുടെ സേവനലഭ്യത ഉറപ്പുവരുത്തുന്നതിനും യന്ത്രവൽക്കരണത്തിനുവേണ്ട ഉയർന്ന മുതൽമുടക്ക് വ്യക്തികൾക്ക് പ്രയാസമുണ്ടാക്കുന്നതായതിനാൽ ആവശ്യത്തിന് കാർഷിക യന്ത്രങ്ങൾ കൃഷിഭവനുകൾ മുഖേന വാങ്ങി ന്യായ വാടകയ്ക്ക് നൽകാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) നെൽകൃഷി നഷ്ടത്തിലാണെന്ന് പറയാൻ കഴിയില്ല. നെൽകൃഷി ആകർഷകമല്ലാത്തതിന്റെ പ്രധാന കാരണങ്ങൾ വർദ്ധിച്ച കൂലിച്ചെലവ്, പ്രാഗൽഭ്യമുള്ള തൊഴിലാളികളുടെ ലഭ്യതക്കുറവ്, ഉൽപ്പാദനോപാധികളുടെ വർദ്ധിച്ച വിലയും ലഭ്യതക്കുറവും, യന്ത്രോപകരണങ്ങൾ യഥാസമയം ലഭ്യമാകാത്തത്, അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾ തുടങ്ങിയവയാണ്. കൃഷി വകുപ്പ് നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെയും ഏകോപനത്തിലൂടെ തന്നെ ഈ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി നെൽകൃഷിയെ ബന്ധിപ്പിക്കുന്നതിൽ മിക്ക ഗ്രാമ പഞ്ചായത്തുകളും ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. കൂലിച്ചെലവ് സബ്സിഡിയായി 10,000 രൂപ

മുതൽ 13,000 രൂപ വരെ നൽകുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലൂടെ വിത്ത്, ഉഴവ് കൂലി എന്നിവയ്ക്ക് സബ്സിഡി നൽകി വരുന്നുണ്ട്. പാടശേഖരാടിസ്ഥാനത്തിൽ ഉൽപ്പാദനോപാധികളുടെ ലഭ്യത ഉറപ്പാക്കുന്നതിന് നടപടികളെടുത്തിട്ടുണ്ട്. അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവയുടെ സേവനം പരമാവധി ഉപയോഗപ്പെ ടുത്തിയിട്ടുണ്ട്. ശാസ്ത്രീയമായ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായ വസ്തുക്കളുടെ ഉപയോഗവും വളപ്രയോഗവും അനുവർത്തിക്കാൻ കർഷകരെ ബോധവൽക്കരിച്ച് വരുന്നു. വിള ആരോഗ്യ പരിപാലന പദ്ധതിയുടെ ഭാഗമായി വിളകളെ ബാധിക്കുന്ന കീടരോഗബാധ, സസ്യപോഷണ മൂലകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ എന്നിവ ഫീൽഡ്തല നിരീക്ഷണത്തിലൂടെ കണ്ടെത്തി സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പാക്കി വരുന്നു. ഈ ഉദ്ദേശ്യലക്ഷ്യത്തോടെ 152 ബ്ലോക്കുകളിലായി 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സമഗ്ര നെൽകൃഷി വികസന പദ്ധതി, ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിലൂടെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും സമയബന്ധിതമായി ആകർഷകമായ നിരക്കിൽ സബ്സിഡി നൽകുന്നതിനും സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം വ്യവസ്ഥയുണ്ട്. ഉൽപ്പാദനോപാധികൾ കൃത്യമായും സമയബന്ധിതമായും ഉപയോഗിക്കുകയും കീടരോഗബാധ ഉണ്ടാകാതിരിക്കുകയും കാലാവസ്ഥ അനുകൂല മായിരിക്കുകയും ചെയ്താൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുന്നതാണ്.

(സി) വിദഗ്ദ്ധ തൊഴിലാളികളുടെ സേവനലഭ്യത ഉറപ്പ് വരുത്തുന്നതിനും യന്ത്രവൽക്കരണത്തിനുംവേണ്ടിയാണ് അഗ്രോസർവ്വീസ് സെന്ററുകളും 200 പഞ്ചായത്തുകളിൽ കാർഷിക കർമ്മസേനയും രൂപീകരിച്ചിട്ടുള്ളത്. അതിൽ 100 കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങിയ യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുകയോ കർഷക സമിതികൾക്ക് നൽകുകയോ ചെയ്തിട്ടുണ്ട്. കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നിവ മുഖേന യന്ത്രങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുന്നതാണ് കൂടുതൽ പ്രായോഗികമെന്ന് ബോധ്യമായിട്ടുണ്ട്. അഗ്രോസർവ്വീസ് സെന്ററുകളുടെ ഏകോപനത്തിനായി ഒരു പ്രത്യേക സംവിധാനമെന്ന നിലയിൽ സംസ്ഥാന തലത്തിൽത്തന്നെ അതിനു വേണ്ട സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, കേരളത്തിലെ നെൽകൃഷി വ്യാപിപ്പിക്കു ന്നതിനുവേണ്ടി കൃഷിവകുപ്പ് നടത്തുന്ന ശ്രമകരമായ പ്രവർത്തനങ്ങൾക്ക് അഭിനന്ദനം രേഖപ്പെടുത്തുന്നു. കേരളത്തിലെ നെൽകൃഷിയിൽ വലിയ സംഭാവന നൽകുന്ന ഒരു സ്ഥലമാണ് കുട്ടനാട്. അവിടെ പലപ്പോഴും മലിനമായ ജലത്തിലാണ് കൃഷി നടക്കുന്നത്. ജനങ്ങൾ ഉപയോഗിക്കുന്നതും മലിനമായ ജലമാണ്. അവിടെ ഓരുജലം കയറുമെന്ന ഭീഷണിയുള്ളതുകൊണ്ട് തണ്ണീർമുക്കം ഷട്ടർ തുറക്കാൻ കഴിയുന്നില്ല. കാലാവസ്ഥാനുകൂലമായി കൃഷി ചെയ്താൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുമെന്ന് അങ്ങയുടെ മറുപടിയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. കുട്ടനാട്ടിൽ സമയബന്ധിതമായി കൃഷിയിറക്കേണ്ടതാണ്. നവംബറിൽ വിത്തിറക്കിയത് ഇപ്പോൾ കൊയ്ത്തിന് പാകമായിരിക്കുകയാണ്. പക്ഷെ ഒരു മഴപോലും കുട്ടനാട്ടിൽ ഇപ്രാവശ്യം കിട്ടിയിട്ടില്ല; അപ്പോൾ സ്വാഭാവികമായും നഷ്ടമുണ്ടാകും. എന്നാൽ സമയബന്ധിതമായി കാലാവസ്ഥാനുസൃതമായ കൃഷിരീതി അവലംബിക്കാൻ കഴിഞ്ഞാൽ കുട്ടനാട്ടിൽ 24,000 കായലടക്കമുള്ള വലിയ വിസ്തൃതമായ പാടശേഖരങ്ങളുള്ള സ്ഥലത്ത് ഒരുപ്പൂകൃഷി ഇരുപ്പൂവാക്കാൻ കഴിയും. കുട്ടനാട്ടിൽ കാർഷിക കലണ്ടർ തയ്യാറാക്കുന്നതിനെ കുറിച്ച് വളരെ നാളായി ആലോചിക്കുകയാണ്. അങ്ങ് സമർത്ഥമായി ഈ മേഖലയിൽ ഇടപെടുന്നയാളാണല്ലോ; കുട്ടനാട്ടിൽ കാർഷിക കലണ്ടർ തയ്യാറാക്കി കാലാവസ്ഥാ നുകൂലമായ കൃഷിരീതി നടപ്പാക്കാൻ ഗൗരവതരമായി ഇടപെടാൻ കഴിയുമോ; കാലാവസ്ഥയ്ക്കനുസൃതമായ കൃഷിരീതി കുട്ടനാട്ടിൽ വ്യാപകമായി പരീക്ഷിക്കാൻ കഴിയുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തണ്ണീർമുക്കം ബണ്ട് തുറക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ഗൗരവമായിത്തന്നെ ആലോചിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതുസംബന്ധിച്ച ചില പ്രഖ്യാപനങ്ങൾ നിയമസഭയിൽ നടത്തുകയുണ്ടായി. കാരണം, കൂടുതൽ ആലോചിച്ച് നടത്തേണ്ട ഒരു കാര്യമാണിത്. കുട്ടനാടിന്റെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു വർഷം ബണ്ട് പൂർണ്ണമായി തുറന്നിടുന്നതിനെ സംബന്ധിച്ചാണ് സർക്കാർ ഇപ്പോൾ ആലോചിക്കുന്നത്. അങ്ങനെ വരുമ്പോൾ അതിന്റെ അനന്തരഫലങ്ങൾ എന്താണെന്നതിനെ സംബന്ധിച്ചുള്ള വിശദമായൊരു പഠനം നടത്തിയതിനുശേഷം മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്.

കാർഷിക കലണ്ടറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കുട്ടനാടിലെ കൃഷിയുമായി ബന്ധപ്പെട്ട് ഓരോ മേഖലയിലും, അപ്പർ കുട്ടനാടിലും കരിനിലങ്ങളിലും മറ്റു കുട്ടനാടൻ മേഖലകളിലും കൃഷി ചെയ്യുന്നതിനെ സംബന്ധിച്ച് പരമ്പരാഗതമായ ഒരു കലണ്ടർ നിലവിലുണ്ട്. ആ കലണ്ടറിനെ അടിസ്ഥാന പ്പെടുത്തിക്കൊണ്ട് പുതിയ സംവിധാനമനുസരിച്ചുള്ള ഒരു കലണ്ടർ തയ്യാറാക്കുന്ന

നടപടികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഇവിടെ സൂചിപ്പിച്ചതു പോലെ ഉൽപ്പാദനക്ഷമതയുടെ കാര്യത്തിൽ, ഒരുപ്പൂ കൃഷി ഇരിപ്പൂവാക്കുന്നതിന്റെ കാര്യത്തിൽ കഴിഞ്ഞ രണ്ട് വർഷത്തെ കണക്കെടുത്ത് പരിശോധിക്കുമ്പോൾ 137 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം, കുട്ടനാടിൽ 37 ശതമാനം പ്രദേശത്ത് അധികമായി ഇരുപ്പൂ കൃഷിയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു എന്നാണ്. ജല ആഗമന-നിർഗ്ഗമന സംവിധാനങ്ങളെ ശരിയായ രീതിയിൽ മാനേജ് ചെയ്താൽ കുട്ടനാട് പ്രദേശത്തെ വ്യാപകമായി ഇരുപ്പൂ കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ നമുക്ക് സാധിക്കും. അതിന്റെ കലണ്ടർ തയ്യാറാക്കുന്ന നടപടികളിലേയ്ക്ക് സർക്കാർ പോകുകയാണ്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, കുട്ടനാടിന്റെ ഭൂപ്രകൃതിയിലെ ജൈവ ഘടനയിൽ വലിയ മാറ്റമാണ് വന്നിട്ടുള്ളത്. വർഷങ്ങൾക്കുമുമ്പ് ഒരുവിധം നല്ല കാലാവസ്ഥയുണ്ടായിരുന്നപ്പോൾ ഉപയോഗിച്ച ഡി1 വിത്ത് തന്നെയാണ് ഇപ്പോഴും കുട്ടനാട്ടിൽ ഉപയോഗിക്കുന്നത്. ഭൂമിയുടെ ഘടന മാറിയതനുസരിച്ച് പുതിയ വിത്തിനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; പുതിയ വിത്തിനം ഉപയോഗിക്കാൻ ശ്രമിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കുട്ടനാട് മേഖലയിൽ മാത്രമല്ല, കേരളത്തിലെ എല്ലാ സ്ഥലത്തും പ്രകൃതിക്കുണ്ടായിരിക്കുന്ന മാറ്റങ്ങൾക്കനുസൃതമായി വിത്തുകളിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുകയും കാർഷിക സർവ്വകലാശാല ഇപ്പോൾ 6 തരത്തിലുള്ള നെൽവിത്തുകൾ പുറത്തിറക്കാൻ പോവുകയുമാണ്. വൈറ്റില 10 എന്നുപറയുന്നത് പൊക്കാളി പ്രദേശത്തുള്ള saline tolerant ആയ ഒരിനമാണ്. വൈറ്റില 11 എന്നുപറയുന്ന ജോത്സ്ന saline resistant ആയ കോസ്റ്റൽ ഏരിയയ്ക്ക് അതായത്, പാലക്കാട് ജില്ലയിലും കരിനിലം മേഖലയിലും കൃഷി ചെയ്യാൻ കഴിയുന്ന പുതിയൊരിനമാണ്. പി.റ്റി.ബി. 61 എന്നു പറയുന്ന സുപ്രിയ, draught resistant ആയ പ്രത്യേക ഇനമാണ്. അതുപോലെ പുതിയതായി ഇറക്കാൻ പോകുന്നത് അക്ഷയ എന്ന നെൽവിത്താണ്. കുട്ടനാട് പ്രദേശത്തിനു വേണ്ടി മാത്രമായി മങ്കൊമ്പിൽ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്ന പുതിയ വിത്തിനമാണ് പൗർണ്ണമി. അതിപ്പോൾ പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്; നല്ല യീൽഡ് കിട്ടുന്നതാണ്. ഒടിഞ്ഞു വീഴാതിരിക്കുന്നതും saline resistant-ഉം ഉള്ള നെല്ലാണ് പൗർണ്ണമി. അതുപോലെതന്നെ മണ്ണുത്തി സർവ്വകലാശാല തൃശ്ശൂർ കോൾനിലത്തിനുവേണ്ടി കണ്ടെത്തിയിരിക്കുന്ന മനുരത്ന എന്ന 6 തരം വിത്തുകൾ ഈ വർഷം പുറത്തിറക്കാൻ പോകുകയാണ്. ഈ 6 തരം വിത്തുകളും യീൽഡ് വർദ്ധിപ്പിക്കാനും കാലാവസ്ഥയുടെ മാറ്റത്തിനനുസൃതമായും കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന പുതിയ വിത്തുകളാണ്. ഇപ്പോൾ കേരളത്തിൽ ജയ, ജ്യോതി, ഉമ തുടങ്ങി മൂന്നോ നാലോ ഇനം വിത്തുകളാണ്

വ്യാപകമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതിൽനിന്ന് മാറി പുതിയ തരത്തിലുള്ള വിത്തുകളിലേയ്ക്ക് വരുന്നതിനുള്ള പ്രവർത്തനങ്ങൾ അടുത്തവർഷം മുതൽ സർക്കാർ ആരംഭിക്കുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, നെല്ലുൽപ്പാദനത്തിൽ ജലസേചന സൗകര്യം വളരെ പ്രധാനമാണ്. ഇന്ന് പാടശേഖരങ്ങളിൽ watering, de-watering എന്നിവ നടക്കുന്നത് വളരെയേറെ പഴക്കംചെന്ന സാങ്കേതികവിദ്യയായ പെട്ടി, പറ എന്നിവ ഉപയോഗിച്ചാണ്. ഇവ നിർമ്മിക്കാനാവശ്യമായ മരത്തിന്റെ ലഭ്യതക്കുറവും മരത്തിന്റെ വിലയും വലിയ പ്രശ്നമായി നിൽക്കുകയാണ്. ഈ രംഗത്ത് നൂതന സാങ്കേതികവിദ്യയായ Vertical Axial Flow Pump പരീക്ഷണാടിസ്ഥാനത്തിൽ തൃശ്ശൂരിൽ സ്ഥാപിച്ചത് വളരെയേറെ വിജയകരമാണ്. അത് കൂടുതൽ കൃഷിക്കാർക്ക് സഹായകരവും അതുപോലെ വൈദ്യുതി ചെലവ് വൻതോതിൽ കുറയ്ക്കുന്നതുമായൊരു സമ്പ്രദായമാണ്. മുഴുവൻ പാടശേഖരങ്ങളിലും സോളാർ സംവിധാനം പ്രയോജനപ്പെടുത്തി ഇത്തരം പമ്പുകൾ സൗജന്യമായി സ്ഥാപിച്ച് നെൽകൃഷി ആദായകരമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. കാരണം, കുട്ടനാട് പ്രദേശത്തും തൃശ്ശൂർ കോൾപാടത്തുമെല്ലാം പെട്ടി, പറ എന്നിവ ഉപയോഗിക്കുകയാണ്. അത് പരമ്പരാഗത രീതിയാണ്. വെള്ളം dewater ചെയ്യുന്നതിന് ഏറ്റവും നല്ല രീതിയാണെങ്കിലും വൈദ്യുതി ഉപയോഗം വലിയ തോതിലുണ്ടാകുന്നതുകൊണ്ട് അതിന് പകരമായാണ് Vertical Axial Flow Pump ഇപ്പോൾ പ്രാബല്യത്തിൽ വന്നിരിക്കുന്നത്. അത് പരീക്ഷണാടിസ്ഥാനത്തിൽ പൊന്നാനിയിലും തൃശ്ശൂർ കോൾമേഖലയിലും സ്ഥാപിച്ച് വിജയകരമായി മുന്നോട്ടു വന്നിട്ടുണ്ട്. തൃശ്ശൂർ, പൊന്നാനി കോൾവികസന പദ്ധതിയുടെ ഭാഗമായി പെട്ടിയും പറയും മാറ്റി Vertical Axial Flow Pump വയ്ക്കണമെന്നാണ് നിർദ്ദേശം വന്നിരിക്കുന്നത്. അതിനുപുറമേ ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലം ഉൾപ്പെടുത്തി, തൃശ്ശൂർ, പൊന്നാനി മേഖല ഉൾപ്പെടുത്തിക്കൊണ്ട് 'ആകാശജ്യോതി' എന്നൊരു പ്രോജക്റ്റ് നടപ്പാക്കാനുള്ള നടപടിയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്; റെയ്ഡ്കോയെ അതിന്റെ ചുമതല ഏൽപ്പിച്ചിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഓരോ മോട്ടോർ പമ്പുസെറ്റുകൾ സോളാർ വൈദ്യുതി ഉപയോഗിച്ചുകൊണ്ട് പ്രവർത്തിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു പരീക്ഷണം തൃശ്ശൂർ, പൊന്നാനി മേഖലയിൽ ഈ വരുന്ന വർഷം നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കാലക്രമേണ എല്ലാ പമ്പ് സെറ്റുകളും മാറ്റി Vertical Axial Flow Pump-കൾ ആക്കുകയും സോളാർ എനർജിയിലേയ്ക്ക് വരികയുമാണെങ്കിൽ വളരെ വലിയ മാറ്റം കോൾ മേഖലയിലും കുട്ടനാട് പ്രദേശത്തും അതുപോലെ dewatering നടത്തേണ്ടി വരുന്ന പ്രദേശങ്ങളിലുമെല്ലാം ഉണ്ടാക്കിയെടുക്കാൻ കഴിയും. ആ നിലയിലേയ്ക്കാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, നെൽകൃഷി ആദായകരമാക്കാൻ കഴിയുന്ന ഒരു മേഖലയാണ് പൊക്കാളി കൃഷി മേഖല. 1998-ലാണ് പൊക്കാളി കൃഷി വികസന ഏജൻസി സ്ഥാപിതമായത്. എറണാകുളം ജില്ലയുടെ പടിഞ്ഞാറൻ മേഖലകളും ആലപ്പുഴ, തൃശ്ശൂർ ജില്ലകളുടെ തീരദേശത്തോടുചേർന്ന പ്രദേശങ്ങളുമാണ് പൊക്കാളി കൃഷിക്ക് അനുയോജ്യമായിട്ടുള്ളത്. വളരെ ചെലവുകുറഞ്ഞതും എന്നാൽ മെച്ചപ്പെട്ടതുമായ നെല്ലാണ് അവിടെനിന്ന് ലഭിക്കുന്നത്. ഇപ്പോൾ ആയിരക്കണക്കിനേക്കർ പൊക്കാളി പാടശേഖരങ്ങൾ തരിശിട്ടിരിക്കുകയാണ്. പൊക്കാളി നിർബന്ധപൂർവ്വം കൃഷി ചെയ്യുമെന്നുള്ള നിലപാടിലേയ്ക്കെത്തുകയും സർക്കാർ അത് കർക്കശമാക്കുകയും ചെയ്യണം. പൊക്കാളി കൃഷിക്കാവശ്യമായ വിത്തിനങ്ങൾ ഇപ്പോൾ കിട്ടുന്നില്ല. ചെട്ടി വിരിപ്പ് പോലുള്ള വിത്തിനങ്ങളാണ് പൊക്കാളി കൃഷിക്കുപയോഗിക്കുന്നത്. അത്തരം വിത്തുകളുടെ കുറവ് ഈ രംഗത്ത് പ്രശ്നമായിരിക്കുന്ന സാഹചര്യത്തിൽ അവ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പൊക്കാളി കൃഷി തൃശ്ശൂർ, ആലപ്പുഴ, എറണാകുളം ജില്ലകളിലെ പ്രത്യേക പ്രദേശത്ത് നടത്തുന്ന കൃഷിയാണ്. പൂർണ്ണമായും ജൈവരീതിയിൽ മാത്രം കൃഷി ചെയ്യുന്ന രീതിയാണ് പൊക്കാളി കൃഷി. പരമ്പരാഗതമായ ചില വിത്തുകളാണ് അവിടെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പല കാലങ്ങളിലായി പൊക്കാളി മേഖലയിൽ ചെമ്മീൻകെട്ടും മറ്റ് പ്രശ്നങ്ങളും വന്നതുകാരണം ഈ കൃഷിയിൽനിന്ന് ആളുകൾ മാറുന്ന സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണ്. വികസന ഏജൻസിയുടെ നേതൃത്വത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അവിടെ പൊക്കാളി കൃഷി വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോണായി പ്രഖ്യാപിച്ചിരിക്കുന്നത് പൊക്കാളി മേഖലയാണ്. പൊക്കാളി കൃഷിക്കുവേണ്ടി പ്രത്യേകമായൊരു കാർഷിക മേഖല പ്രഖ്യാപിക്കുകയും അതിനുവേണ്ടി ഈ സാമ്പത്തികവർഷം ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, വിത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ടുകൊണ്ട് വിത്ത് വികസന അതോറിറ്റി പൊക്കാളിക്കു വേണ്ടിയുള്ള നാടൻ നെൽവിത്തുകൾ സംഭരിക്കാനുള്ള നടപടി ഇപ്പോൾ സ്വീകരിക്കുന്നുണ്ട്. അതിനുപുറമേ പൊക്കാളി മേഖലയിൽ ഉപയോഗിക്കാൻ കഴിയുന്ന ഏഴോം-1, ഏഴോം-2 തുടങ്ങിയ വിത്തുകൾകൂടി ഉപയോഗിക്കാൻ സാധിക്കും. പക്ഷെ പൊക്കാളി മേഖലയിലെ കൃഷിക്കാർ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും അവിടെയുണ്ടായിരുന്ന പരമ്പരാഗതമായ വിത്തുകളാണ്. ആ വിത്തുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടിയിലേയ്ക്ക് സർക്കാർ പോകുകയാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, നെൽപ്പാടങ്ങളിൽ കൃഷിക്കാവശ്യമായ വെള്ളം മുടങ്ങാതെ ലഭ്യമാക്കുന്നതിന് ജലസേചനം, കൃഷി, വൈദ്യുതി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ഏകോപന സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇറിഗേഷനുമായി ബന്ധപ്പെട്ട് ഒരു ഏകോപന സംവിധാനമുണ്ട്. പലപ്പോഴും ആ സംവിധാനം വേണ്ടത്ര പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ചേർന്ന് ചില മീറ്റിംഗുകൾ കഴിഞ്ഞ തവണ കൂടുകയുണ്ടായി. പലപ്പോഴും ഓരുമുട്ടുകൾ കെട്ടുന്നതുമായി ബന്ധപ്പെട്ട് വരുന്ന കാലതാമസം ഈ കോ-ഓർഡിനേഷന്റെ പ്രശ്നം കൊണ്ട് സംഭവിക്കുന്നതാണ്. ആ പ്രശ്നം കഴിഞ്ഞ വർഷം ഉണ്ടായെങ്കിൽ ഈ വർഷം അങ്ങനെ സംഭവിക്കാത്ത രീതിയിലുള്ള കോ-ഓർഡിനേഷൻ ഉണ്ടായിട്ടുണ്ട്. എവിടെയെങ്കിലും കുറവുകളുണ്ടായിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അവ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജൈവ പച്ചക്കറി കൃഷി

5 (*394) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദ്യ ജൈവ പച്ചക്കറി ജില്ലയായ കാസർഗോഡിന്റെ കൃഷി-വിപണന രംഗങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ജൈവ പച്ചക്കറി കൃഷി മറ്റ് പ്രദേശങ്ങളിലേയ്ക്ക് വിപുലമായ രീതിയിൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉല്പന്നങ്ങളുടെ വിശ്വാസ്യത ഉറപ്പു വരുത്തുന്നതിനും ഈ കൃഷി രീതിയിൽ ഉണ്ടാകുന്ന ഉയർന്ന ചെലവിനനുസരിച്ച് ന്യായവില ഉറപ്പാക്കുന്നതിനും ഏതെല്ലാം തരത്തിൽ ഇടപെടുന്നുവെന്ന് അറിയിക്കാമോ;

(സി) കീടബാധ നിയന്ത്രണത്തിനും ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, ജൈവ വളം,ജൈവ കീടനാശിനികൾ എന്നിവയുടെ ആവശ്യാനുസരണമുള്ള ലഭ്യത ഉറപ്പാക്കുന്നതിനും പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അനുവർത്തിച്ചു വന്ന കാർഷിക നയം അനുസരിച്ചാണ് ഈ സർക്കാർ പ്രവർത്തിച്ച് വരുന്നത്. സംസ്ഥാനത്തെ ആദ്യത്തെ ജൈവ പച്ചക്കറി ജില്ലയായ കാസർഗോഡ്, 2011-12 മുതൽ വിവിധങ്ങളായ ജൈവ പച്ചക്കറി കൃഷി പദ്ധതികൾ നടപ്പാക്കി വരികയാണ്. ഇപ്രകാരം 2011-12 മുതൽ 2016-17 വരെ ജൈവകൃഷി പദ്ധതി നടത്തിപ്പിനായി കാസർഗോഡ് ജില്ലയിൽ ആകെ 1620.00354 ലക്ഷം രൂപ വിനിയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയ്ക്ക് പുറമേ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ജൈവ പച്ചക്കറി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സമഗ്ര ജൈവ കൃഷി പദ്ധതിയിൽ ജി.എ.പി. ക്ലസ്റ്ററുകൾവഴി ഉല്പാദിപ്പിക്കുന്ന ജൈവ പഴം പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കറ്റ് നൽകുന്നു. നാളിതുവരെ 1462 ജി.എ.പി. സർട്ടിഫിക്കറ്റുകളും 14639 കർഷകരും ഉൾപ്പെട്ടിട്ടുണ്ട്. ജി.എ.പി. ക്ലസ്റ്ററിലെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് കിലോയ്ക്ക് 5 രൂപ അധികമായി ലഭിക്കുന്ന വിധത്തിൽ ഇക്കോഷോപ്പുകൾവഴി വിപണനം നടത്താവുന്നതാണ്. ജൈവ പച്ചക്കറി ഉല്പന്നങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനും ഈ കൃഷി രീതിയിൽ ഉണ്ടാകുന്ന ഉയർന്ന ചെലവിനനുസരിച്ച് ന്യായവില ഉറപ്പാക്കുന്നതിനും വിപണി ഇടപെടൽ എന്ന പദ്ധതിയിലൂടെ കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവരുടെ സഹകരണത്തോടെ കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ പഴം പച്ചക്കറികൾ പൊതു വിപണിയിലെ വിലയേക്കാൾ 20 ശതമാനം അധിക വില നൽകി ഓണം, ബക്രീദ്, വിഷു മുതലായ ഉത്സവ സീസണിൽ കർഷകരിൽനിന്നും സ്വീകരിക്കുന്നു.

(സി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 ജില്ലാ ഫാമുകൾ 14 സ്പെഷ്യൽ ഫാമുകൾ, 8 കോക്കനട്ട് നഴ്സറികൾ, 33 സീഡ് ഫാമുകൾ എന്നിവ വഴി ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ പച്ചക്കറി വികസന പദ്ധതിയിൽ 46 ബ്ലോക്ക് ലെവൽ നഴ്സറികൾവഴി ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വി.എഫ്.പി.സി.കെ-യുടെ ആഭിമുഖ്യത്തിൽ എറണാകുളം നടുക്കരയിൽ പ്രവർത്തിക്കുന്ന ഹൈടെക് പ്ലഗ് നഴ്സറി പ്രതിവർഷം 2 കോടി പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കാൻ ശേഷിയുള്ളതാണ്. ആവശ്യമായ പച്ചക്കറി തൈകൾ ഇവിടെ ഉല്പാദിപ്പിച്ചുവരുന്നു. വിളകളെ ബാധിക്കുന്ന കീടരോഗബാധ, സസ്യപോഷണ മൂലകങ്ങളുടെ ഏറ്റക്കുറച്ചിൽ എന്നിവ ഫീൽഡ് തല നിരീക്ഷണങ്ങളിലൂടെ കണ്ടെത്തി

വിളകളുടെ സംരക്ഷണത്തിനാവശ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 2013-14 മുതൽ വിള ആരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കിവരുന്നു. തെങ്ങ് കൃഷി കീടരോഗ നിയന്ത്രണം സാധ്യമാക്കുന്നതിന് കർഷക കൂട്ടായ്മകളിലൂടെ കീടരോഗ ബാധിതമായ പ്രദേശം മുഴുവൻ കേന്ദ്രീകരിച്ച് ക്യാമ്പയിൻ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ ഉൾപ്പെടുത്തി ധനസഹായം നൽകുന്നു. അടിയന്തര ഘട്ടങ്ങളിൽ വിളകൾക്ക് കീടരോഗബാധ നിയന്ത്രണത്തിന് മരുന്നുകളുടെ വിലയും തളിക്കൂലിയും ഉൾപ്പെടെയുള്ള ധനസഹായം, വരൾച്ചയും കീടരോഗബാധയും നിയന്ത്രിക്കുന്നതിനുള്ള കണ്ടിജൻസി പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു. വിളകളിൽ ഉപയോഗിക്കുന്ന ജൈവകീടരോഗ നിയന്ത്രണ ഉപാധികൾ ഉൽപാദിപ്പിച്ച് കർഷകർക്ക് നൽകുന്നതിനായി തൃശ്ശൂർ മണ്ണുത്തിയിൽ ഒരു സംസ്ഥാന ബയോകൺട്രോൾ ലാബ് പ്രവർത്തിക്കുന്നു.

ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് (RCOF), ഹൈദരാബാദ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM) എന്നീ സ്ഥാപനങ്ങളുടെ സഹായത്താടെയാണ് ജൈവ വളങ്ങളുടേയും ജൈവ കീടനാശിനികളുടേയും പരിശോധന ഇപ്പോൾ നടത്തിവരുന്നത്. പാലക്കാട് പട്ടാമ്പിയിൽ പുതുതായി നിർമ്മാണം പൂർത്തിയാക്കിയ ജൈവ ജീവാണു വള ഗുണ പരിശോധനാശാല (BOQCL) ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതോടെ കൂടുതൽ ജൈവ വള സാമ്പിളുകളുടെ പരിശോധന സാദ്ധ്യമാകും. ജൈവ വളങ്ങളുടേയും ജൈവ കീടനാശിനികളുടേയും സാമ്പിളുകൾ ആവശ്യാനുസരണം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് രണ്ട് ഗുണ പരിശോധനശാലകൾ കൂടി കൃഷി വകുപ്പിനു കീഴിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഇപ്പോൾ അംഗീകാരം നൽകിയിട്ടുണ്ട്. നിയമപരമായി രജിസ്റ്റർ ചെയ്യിട്ടില്ലാത്ത നിരവധി ജൈവ വളങ്ങളും ജൈവ കീടനാശിനികളും വിപണിയിൽ വൻതോതിൽ ലഭ്യമാണ്. ഇവയുടെ സാമ്പിളുകൾ പ്രത്യേകമായി പരിശോധിക്കുന്നതിനും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മാർഗ്ഗരേഖകൾ നിശ്ചയിക്കുന്നതിനുമായി ഒരു പ്രത്യേക പ്രോജക്ട് കേരള കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ നടപ്പാക്കുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

2016-17-ൽ VFPCK മുഖേന ജൈവ വളം ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനുമായി എറണാകുളത്ത് പ്രവർത്തിക്കുന്ന കൃഷി ബിസിനസ്സ് കേന്ദ്രയ്ക്ക് 72 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. മുനിസിപ്പൽ വേസ്റ്റിൽ നിന്ന് സിറ്റി കമ്പോസ്റ്റ് ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ മെട്രിക് ടണ്ണിന് 1,500 രൂപ ധനസഹായം നൽകുന്നുണ്ട്. FACT, മദ്രാസ്

ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് എന്നീ കമ്പനികൾ ഈ പദ്ധതിയിൻ കീഴിൽ സിറ്റി കമ്പോസ്റ്റ് വിതരണം ചെയ്യുന്നുണ്ട്. കേരളത്തിൽ ഒരു വർഷം ശരാശരി 1800 മെട്രിക് ടൺ ജീവാണുവളങ്ങളും വിതരണം ചെയ്യപ്പെടുന്നുണ്ട്. കേരളത്തിൽ 68 സ്ഥാപനങ്ങൾക്ക് ജൈവ വളം നിർമ്മിക്കുന്നതിന് ഉല്പാദന ലൈസൻസ് നൽകിയിട്ടുണ്ട്.

## കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ

6 (*395) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ക്ഷീരമേഖലയിൽ ഉല്പാദന വർദ്ധനവിനുതകുന്ന വിവരങ്ങൾ കർഷകരിൽ എത്തിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത സർവ്വകലാശാല നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സർവ്വകലാശാലയുടെ ഗവേഷണഫലങ്ങൾ മൃഗസംരക്ഷണ-ക്ഷീര വികസന മേഖലകളിലും വകുപ്പ് ഉദ്യോഗസ്ഥരിലും എത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) കന്നുകാലിക്ഷേമത്തിന് പ്രസ്തുത സർവ്വകലാശാലയുടെ സംഭാവനകൾ വ്യക്തമാക്കുമോ;

(ഇ) സർവ്വകലാശാലയെ അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സർവ്വകലാശാല വാർഷിക റിപ്പോർട്ട് എല്ലാവർഷവും പുറത്തിറക്കുന്നു. കൂടാതെ സർവ്വകലാശാലാ ഭരണ സമിതിയിലും മാനേജ്മെന്റ് കൗൺസിലിലും സർവ്വകലാ ശാലയുടെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ കാലാകാലങ്ങളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറലും ഓഡിറ്റ് നടത്തുന്നുണ്ട്.

(ബി) സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു :

1. സർവ്വകലാശാലയുടെ ഫാമുകളുടെ സേവനങ്ങൾ മുഴുവൻ സമയവും കർഷകർക്ക് ലഭ്യമാണ്.

2. കർഷകർക്ക് ശാസ്ത്രീയമായ അറിവ് ലഭ്യമാക്കുന്നതിനായി സർവ്വകലാശാല മൃഗസംരക്ഷണത്തിൽ വിവിധ മേഖലകളിലുള്ള പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

3. ക്ഷീര മേഖലയിൽ വിവിധ സംരംഭകത്വ പരിപാടികൾ, മൃഗ സംരക്ഷണ ക്യാമ്പുകൾ, കർഷക ശാസ്ത്രജ്ഞ സംവാദങ്ങൾ എന്നിവ നടത്തിവരുന്നു.

4. കർഷകർക്കായി കൺസൾട്ടൻസി സർവ്വീസസ് നടത്തിവരുന്നു.

5. കർഷകർക്കായി മലയാളത്തിലുള്ള ഫാം പോർട്ടൽ (കസവ്) ആരംഭിക്കുകയും ആയതിൽ വിജ്ഞാന വ്യാപന ലേഖനങ്ങൾ, വിജയ ഗാഥകൾ, മൃഗസംരക്ഷണ വീഡിയോകൾ എന്നിവ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

6. സർവ്വകലാശാലയുടെ ഫാം ജേണലായ 'നിറവ് '-ന്റെ പുതിയ ലക്കം പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ജനിതക ഉദ്ധാരണത്തിന്റെ ഭാഗമായി സർവ്വകലാശാല ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സഹായത്തോടുകൂടി പ്രോജനി ടെസ്റ്റിംഗ് സ്കീം വർഷങ്ങളായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. വിവിധ മൃഗസംരക്ഷണ ക്യാമ്പ്, വന്ധ്യതാ നിവാരണ ക്യാമ്പ് എന്നിവ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ വർഷംതോറും അതാത് ഫാക്കൽറ്റിയിൽനിന്നും ക്ഷണിക്കുകയും റിസർച്ച് ഹൈലൈറ്റ്സ് എന്ന ബുക്ക്‌ലെറ്റ് ആയി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. കൂടാതെ കാലാകാലങ്ങളിൽ മൃഗസംരക്ഷണ മേളകൾ, എക്സിബിഷനുകൾ എന്നിവയിൽ പങ്കെടുക്കുകയും സർവ്വകലാശാലയുടെ പ്രവർത്തനം, ഗവേഷണ ഫലങ്ങൾ, സേവനങ്ങൾ, കോഴ്സുകൾ എന്നിവ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നു.

(ഡി) വിവിധ മൃഗസംരക്ഷണ ക്യാമ്പ്, വന്ധ്യതാ നിവാരണ ക്യാമ്പ് എന്നിവ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുന്നു. കേരളത്തിലെ കന്നുകാലി വികസനത്തിനായി സർവ്വകലാശാലയിൽ ബന്ധപ്പെട്ട വിഷയത്തിൽ ഗവേഷണങ്ങൾ നടത്തിവരുന്നു. സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ,

ശാസ്ത്രജ്ഞരുടെ അറിവുകൾ എന്നിവ കർഷകരിലേക്കെത്തിക്കുന്നതിനായി (1) Fodder App (2) Food Safety (3) Cattle Dentition (4) Hoof care (5) Precision Farming (6) Indigenous Dairy Products എന്നീ ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ട്.

(ഇ) സർവ്വകലാശാല താഴെ പറയുന്ന വിദേശ സർവ്വകലാശാലകളുമായി വിദ്യാഭ്യാസ ഗവേഷണ മേഖലകളിൽ ധാരണാ പത്രം ഒപ്പു വച്ചിട്ടുണ്ട് :

1. വെസ്റ്റേൺ ഓസ്ട്രേലിയ സർവ്വകലാശാല (ഓസ്ട്രേലിയ)
2. എഡിൻബറോ സർവ്വകലാശാല (യു.കെ.)
3. മിനസോട്ട സർവ്വകലാശാല (യു.എസ്.എ.)
4. ഗൽഫ് സർവ്വകലാശാല (കാനഡ.)

ചുവടെ പറയുന്ന സർവ്വകലാശാലകളുമായി സഹകരിച്ച് 2011, 2013, 2014, 2015, 2016, 2017 വർഷങ്ങളിൽ സ്റ്റുഡന്റ് സ്റ്റഡി എക്സ്ചേഞ്ച് പ്രോഗ്രാമുകൾ നടത്തിയിട്ടുണ്ട് :

1. മലേഷ്യയിലെ പുത്ര സർവ്വകലാശാല
2. എഡിൻബറോ സർവ്വകലാശാല (യു.കെ.)
3. കാനഡയിലെ കാൽഗിരി സർവ്വകലാശാല
4. അമേരിക്കയിലെ ജയിംസ് മാഡിസൺ സർവ്വകലാശാല.

വെറ്ററിനറി വിഷയങ്ങളിൽ പഠനം നടത്തുന്നതിന് താൽപ്പര്യമുള്ള അമേരിക്കയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് രണ്ടാഴ്ചത്തെ ട്രെയിനിംഗ് നടത്തുന്നതിനായി അമേരിക്കയിലെ നാഷണൽ അക്കാഡമീസ് എന്ന സ്ഥാപനവുമായി ധാരണാ പത്രം ഒപ്പിടുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചു വരുന്നു. മലേഷ്യയിലെ സൈബർ ലിങ്ക്സ് ഇന്റർനാഷണൽ കോളേജുമായി ബി.വി.എസ്.സി. കോഴ്സിലേക്ക് വിദ്യാർത്ഥികൾക്ക് ട്വിന്നിംഗ് പ്രോഗ്രാം നടത്തുന്നതിനുള്ള ചർച്ചകൾ നടത്തിവരുന്നു.

## കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ

7 (*396) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരെ കടക്കെണിയിൽനിന്നും രക്ഷിക്കുന്നതിനും കർഷക ആത്മഹത്യ തടയുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണ തോതിൽ വിജയപ്രദമാണോ;

(ബി) പ്രകൃതി ക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിൽ കുടിശ്ശികയുണ്ടോ;

(സി) കേരളത്തിന്റെ തനത് ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തു ന്നതിനും സംയോജിതമായ കൃഷി വ്യാപനവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വൈവിധ്യവത്ക്കരണവും സാധ്യമാക്കുന്നതിനുമുള്ള സമഗ്ര കാർഷിക നയം കർഷകരുടെ ജീവിത നിലവാരത്തിൽ എന്ത് മാറ്റമാണ് വരുത്തിയതെന്ന് വിശദീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) അതെ. കഴിഞ്ഞ 5 വർഷമായി കേരളത്തിലുണ്ടായ കർഷക ആത്മഹത്യയുടെ തോത് അനുസരിച്ച് ആത്മഹത്യാ നിരക്ക് കുറഞ്ഞുവരുന്നതായാണ് കാണപ്പെടുന്നത്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണ തോതിൽ വിജയപ്രദമായതു കൊണ്ടാണ് കർഷക ആത്മഹത്യ കുറയുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 2012 മുതൽ കുടിശ്ശികയിനത്തിൽ നൽകേണ്ടിയിരുന്ന നഷ്ടപരിഹാരത്തുകയായ 76.714 കോടി രൂപയിൽ 52 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 കാലയളവിൽ അനുവദിക്കുകയുണ്ടായി. 2017-18-ൽ 4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ SDRF വിഹിതമായി 49.6 കോടി രൂപയും ഉൾപ്പെടെ ആകെ 105.36 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. സമീപകാലത്തുണ്ടായ ഓഖി ചുഴലിക്കാറ്റിൽ അടക്കം കർഷകർക്കുണ്ടായ നാശനഷ്ടത്തിന് ആശ്വാസമായി ഡിപ്പാർട്ടുമെന്റ് വിഹിതമായി 44.824 കോടി രൂപയും എസ്.ഡി.ആർ.എഫ്; വിഹിതമായി 12.68 കോടി രൂപയും കർഷകർക്ക് നൽകേണ്ടതുണ്ട്. ഇതേ കാലയളവിൽ ഇൻഷ്വർ ചെയ്ത വിളകളെ സംബന്ധിച്ചിടത്തോളം സംസ്ഥാന കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം 2016-17-ൽ 2478 കർഷകർക്കായി

1,59,87,097 രൂപ നഷ്ടപരിഹാരമായി നൽകുവാൻ കഴിഞ്ഞു. നടപ്പുസാമ്പത്തിക വർഷം ഇതുവരെയായി 5705 കർഷകർക്ക് 3,05,68,965 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) ജൈവകൃഷിക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിനായി ഒരു ജൈവ കാർഷിക നയം രൂപീകരിച്ചതിന്റെ ഭാഗമായി നല്ല കാർഷിക മുറകൾ, പി.ജി.എസ്. സർട്ടിഫിക്കേഷൻ എന്നിവ പ്രാവർത്തികമാക്കി സുരക്ഷിത ഭക്ഷണം ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെൽകർഷകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരിച്ചു വരുന്നു. നിലവിലെ സംഭരണ വില 23.30 ആണ്. നിലവിൽ നാളികേരത്തിന് പൊതുവിപണിയിൽ സംഭരണ വിലയേക്കാൾ ഉയർന്ന വില ലഭിക്കുന്നതിനാൽ സംഭരിക്കേണ്ട ആവശ്യം ഇപ്പോഴില്ല. എന്നാൽ നാളികേര വിപണി തകർച്ച നേരിടുന്ന അവസരം ഉയർന്നു വന്നാൽ കേരഫെഡ് മുഖേന നാളികേര സംഭരണം ഉടനെ പുനരാരംഭിക്കുന്നതാണ്. റബ്ബറിന് വില സ്ഥിരത ഉറപ്പാക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ധനവകുപ്പും റബ്ബർ ബോർഡും സംയുക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. കിലോയ്ക്ക് 150 രൂപയാണ് ഇപ്പോൾ റബ്ബറിന്റെ താങ്ങുവിലയായി കണക്കാക്കുന്നത്.

കേരളത്തിലെ പ്രമുഖ വിളകളായ തെങ്ങ്, നെല്ല്, പച്ചക്കറി, സുഗന്ധ വ്യഞ്ജനങ്ങൾ, റബ്ബർ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് ഊന്നൽ നൽകി അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിലേയ്ക്കായി KAICO 100 കോടി രൂപയുടെ പ്രൊപ്പോസൽ KIIFB (Kerala Infrastructure Investment Fund Board)-ൽ സമർപ്പിച്ചിട്ടുണ്ട്. 2. തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരിച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നിങ്ങനെ പ്രധാനപ്പെട്ട 25 കാർഷികവിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ചിട്ടുണ്ട്. നീണ്ട 22 വർഷങ്ങൾക്കു ശേഷമാണ് ഇൻഷ്വറൻസ് കാലോചിതമായി 2017-ൽ പരിഷ്കരിച്ചത്. നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉൽപ്പാദക

സമിതി/ഫെഡറേഷനുകളിലൂടെ നീരയുടേയും അതിൽ നിന്നുള്ള ഉൽപന്നങ്ങളുടേയും ഉൽപാദനം നടന്നു വരുന്നു. കേരഫെഡ് മുഖാന്തരം നാളികേരം ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളായ തേങ്ങ ചിരകിയത്, തേങ്ങാപൊടി, വെളിച്ചെണ്ണയും ആയുർവ്വേദമൂലികകളും അടങ്ങിയ കേരഫെഡിന്റെ ബ്രാന്റായ കേരജം കേശാമൃത് ഹെർബൽ ഓയിൽ മുതലായവ ഉൽപാദിപ്പിച്ച് വിപണിയിൽ വിറ്റുവരുന്നു. ഇതുകൂടാതെ കൊപ്രാ സംസ്കരണവും നടന്നുവരുന്നു. മേൽ സൂചിപ്പിച്ച പ്രവർത്തന ങ്ങളിലൂടെ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനും സാധ്യതയേറുക വഴി വരുംവർഷങ്ങളിൽ കൃഷിക്കാർക്ക് ആയതിന്റെ പ്രയോജനം ലഭിക്കുകയും കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

**നെൽകൃഷി ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ**

8 (*397) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കൃഷി ചെയ്യുന്ന ആകെ സ്ഥല വിസ്തൃതി ഏഴര ശതമാനം മാത്രമായി ചുരുങ്ങിയത് കണക്കിലെടുത്ത് നെൽകൃഷി പുനരുജ്ജീവനത്തിനായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന്റെ ഫലപ്രാപ്തി അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നെല്ലിന്റെ ഉല്പാദനക്ഷമത താരതമ്യേന വളരെ കുറവായിരിക്കുന്നത് വർദ്ധിപ്പിക്കാൻ പ്രത്യേക പദ്ധതിയുണ്ടോ;വ്യക്തമാക്കുമോ;

(സി) നെൽകൃഷിക്ക് നിലവിൽ എത്ര രൂപയാണ് സബ്സിഡിയായി നൽകി വരുന്നത്; ഈ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര നെൽകൃഷി വികസന പദ്ധതിയുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടേയും ഏകോപനത്തോടെയുള്ള ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളും നെൽകൃഷിയെ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ധാരാളം ചെറുപ്പക്കാരും പ്രൊഫഷണലുകളും സംഘടനകളും ഗ്രൂപ്പുകളും കൃഷിയിലേയ്ക്ക് തിരിച്ചുവന്നിട്ടുണ്ട്. സംസ്ഥാന സർക്കാർ നടത്തിവരുന്ന ശക്തമായ ഇടപെടലിലൂടെ നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടറിൽനിന്നും 220449 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്.

(ബി) അടുത്ത അഞ്ച് വർഷംകൊണ്ട് നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റ ഭാഗമായി 2016 ചിങ്ങം 1 മുതൽ 2017 ചിങ്ങം 1 വരെ നെൽ വർഷമായി സർക്കാർ ആചരിച്ചിരുന്നു. ഇതിന്റെ ഭാഗമായി നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നടപ്പിലാക്കിവരുന്ന നെൽകൃഷി വികസന പദ്ധതികൾക്കുപരിയായി 1500 ഹെക്ടർ സ്ഥലത്ത് ഒരുപ്പൂ കൃഷി ഇരിപ്പൂ നിലമാക്കാനും 3633 ഹെക്ടർ സ്ഥലത്ത് (കോൺട്രാക്ട് ഫാമിങ്) തരിശുനില നെൽകൃഷിയും 1200 ലക്ഷം രൂപയുള്ള ബ്ലോക്ക് തല പദ്ധതികൾക്കായുള്ള സഹായം, നെൽവർഷത്തോടനുബന്ധിച്ചുള്ള പുതിയ പദ്ധതികൾ 262 ലക്ഷം രൂപയും നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപയുള്ള പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാദേശികമായ നെല്ലിനങ്ങളുടെ പ്രത്യേക കാർഷിക മേഖലയായി വയനാട് ജില്ലയെ തെരഞ്ഞെടുത്ത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ നെല്ലിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ വേണ്ടി ഉത്പാദനക്ഷമത കൂടുതലുള്ള പുതിയ വിത്തിനങ്ങൾ പുറത്തിറക്കുവാനും ശാസ്ത്രീയ പരിപാലന രീതി വ്യാപിപ്പിക്കാനുമുള്ള നടപടികൾ കേരള കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ചേർന്ന് എടുത്തു വരുന്നുണ്ട്.

(സി) സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം നെൽകൃഷിക്ക് നൽകുന്ന സബ്സിഡി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കെ.എസ്.ആർ.ടി. സി-യുടെ പുനരുദ്ധാരണം**

9 (*398) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018 കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ വർഷമായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി-യെ രക്ഷിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പ് വർഷം ആവിഷ്കരിക്കുന്നത്;

(സി) ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും 3500 കോടി രൂപയുടെ ദീർഘകാല വായ്പ ലഭ്യമാക്കുന്ന നടപടി ഏതുഘട്ടത്തിലാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഇതിന്റെ പലിശ നിരക്ക് എത്ര ശതമാനമാണ്;തിരിച്ചടവ് എത്ര വർഷമാണ്; ഇതിലൂടെ എത്ര കോടി രൂപ പലിശയിനത്തിൽ ലാഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഇതിനകം എത്ര ബസുകൾ നിരത്തിലിറക്കി; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) 2018-19 കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ വർഷമായിരിക്കുമെന്ന് 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപി ച്ചിരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നങ്ങൾ പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ട. പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേ ശങ്ങളുടെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. 3350 കോടി രൂപയുടെ കൺസോർഷ്യം വായ്പ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാമ്പത്തിക പുനഃക്രമീകരണം നടപ്പിലായാൽ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ തിരിച്ചടവിനത്തിൽ 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവ്വീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിവരുന്നു. പെൻഷൻ കുടിശ്ശിക നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് പെൻഷൻ വിതരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കിവരുന്നു. ടിക്കറ്റേതര വരുമാനം വർദ്ധിപ്പി ക്കുന്നതിനായി കെ.എസ്.ആർ.ടി.സി-യുടെ അധീനതയിലുള്ള ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിനും വാണിജ്യ സമുച്ചയങ്ങളിലെ ഒഴിഞ്ഞു കിടക്കുന്ന ഹാളുകളിൽ മൾട്ടി പ്ലക്സ് സിനിമാ ശാലകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി&ഡി) ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3350 കോടി രൂപയുടെ ദീർഘകാല വായ്പ ലഭ്യമാക്കുന്ന നടപടി പുരോഗമിക്കുന്നു. ബാങ്കുകളുടെ കൺസോർഷ്യം 9 ശതമാനം പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3350 കോടി രൂപ അനുവദിക്കാമെന്ന് തത്വത്തിൽ സമ്മതിച്ചു കഴിഞ്ഞു. ഇത് യാഥാർത്ഥ്യമായാൽ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ മിച്ചം പിടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) 900 ഡീസൽ ബസ്സുകൾ വാങ്ങുവാൻ 324 കോടി രൂപ കിഫ്ബിയിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. ബസുകൾ നിരത്തിൽ ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്മാർട്ട് സിറ്റി പദ്ധതി**

10 (*399) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾക്ക് ലഭിച്ച സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ;

(ബി) കൊച്ചി സ്മാർട്ട് സിറ്റിയുടെ നൂറ്റി അൻപത് കോടി രൂപയുടെ പ്രോജക്ടുകൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടി ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ സാധിക്കുമോ;

(സി) തിരുവനന്തപുരം സ്മാർട്ട് സിറ്റിയുടെ കൺസൾട്ടന്റായി ആരെയാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കുമോ; പ്രസ്തുത കമ്പനിയെ ആസ്സാം സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കൺസൾട്ടന്റ് കമ്പനി കരിമ്പട്ടികയിൽ ഉൾപ്പെട്ട സാഹചര്യത്തിൽ പുതിയ ടെൻഡർ നടപടികളിലേയ്ക്ക് പോകേണ്ടിവരുമോ; ഇത് പദ്ധതിയുടെ നടത്തിപ്പിനെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരം, കൊച്ചി സ്മാർട്ട് സിറ്റി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല എംപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ; പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പ്രസ്തുത കമ്മിറ്റി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കൊച്ചി കോർപ്പറേഷന് ലഭിച്ച സ്മാർട്ട് സിറ്റി പദ്ധതിയുടെ നടത്തിപ്പിൽ നിലവിൽ ബുദ്ധിമുട്ടുകൾ നേരിടുന്നില്ല. തിരുവനന്തപുരം കോർപ്പറേഷന് ലഭിച്ച സ്മാർട്ട് സിറ്റി പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര വിഹിതം നാളിതുവരെ ലഭ്യമായിട്ടില്ല. സംസ്ഥാന വിഹിതമായി 10 കോടി രൂപ മുൻകൂറായി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിക്കുവേണ്ടി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) കൊച്ചി സ്മാർട്ട് സിറ്റിയുടെ 124.90 കോടി രൂപയുടെ പദ്ധതികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ 50 കോടി രൂപയുടെ പദ്ധതികൾ 2018 മാർച്ച് അവസാനത്തോടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടില്ല. ഇതിനുള്ള നടപടികൾ നടന്നുവരുന്നു. QCBS (Quality and Cost Based Selection) 80:20 മാനദണ്ഡം മുഖേന two Cover E-tender Bid വഴി കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. മൂന്ന് കമ്പനികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

1. Wadia Techno Engg. Services Ltd. (Lead Bidder), Ideck, Avineon
2. Mahindra Consulting Engg. (Lead Bidder), PWC, L&T
3. IPE Global (Lead Bidder), JLL

ഇതിൽ Wadia Techno Engg. Services Ltd-നെ ആസാം സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി വിവരം ലഭിച്ചതിനെ തുടർന്ന് കമ്പനിയുടെ വിശദീകരണം ആവശ്യപ്പെടുകയും കമ്പനി മറുപടി നല്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡാണ് തീരുമാനമെടുക്കേണ്ടത്.

(ഇ) തിരുവനന്തപുരം, കൊച്ചി സ്മാർട്ട് സിറ്റി മിഷനുകൾക്കായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഉന്നതാധികാര സമിതി (സ്റ്റേറ്റ് ലവൽ ഹൈപവേഡ് സ്റ്റിയറിംഗ് കമ്മിറ്റി) പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ഉന്നതാധികാര

സമിതി കൊച്ചി സ്മാർട്ട് സിറ്റിക്കായി തെരഞ്ഞെടുത്ത പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിക്ക് അംഗീകാരം നൽകുകയും വിവിധ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി വരുന്നു.

**ഉറവിട മാലിന്യ സംസ്കരണം**

11 (*400) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉറവിട മാലിന്യസംസ്കരണത്തിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഖരമാലിന്യ പരിപാലന നിയമം 2016 പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധിക്കാൻ സാധിക്കില്ല എന്ന് ഹൈക്കോടതിയിൽ സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉറവിട മാലിന്യ സംസ്കരണത്തിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി വോളണ്ടിയർമാരുടെ സഹായത്തോടെ ഭവന സന്ദർശനം, ലഘുലേഖകളുടെ വിതരണം, എക്സിബിഷനുകൾ, കെ.എസ്.ആർ.ടി.സി. ബസുകളുടെ വശങ്ങളിൽ ബോധവൽക്കരണ പരസ്യങ്ങൾ ആലേഖനം ചെയ്യുക, സിനിമാ തിയേറ്ററുകൾവഴി ഉറവിട മാലിന്യ പരിപാലന സന്ദേശങ്ങൾ പ്രദർശിപ്പിക്കുക, എഫ്.എം. ചാനലുകൾ, റയിൽവേ പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം, ടെലിവിഷൻ എന്നിവവഴി സുരക്ഷിത മാലിന്യ സംസ്കരണ സന്ദേശം എന്നിങ്ങനെ എല്ലാ മാധ്യമങ്ങളിലൂടെയുമുള്ള ബോധവൽക്കരണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) ഖരമാലിന്യ പരിപാലന ചട്ടം 2016 പ്രകാരം ചുവടെപ്പറയുന്ന പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് :

1. ഉറവിട ജൈവ മാലിന്യ സംസ്കരണം-വീടുകളിലും സ്ഥാപന ങ്ങളിലും കമ്മ്യൂണിറ്റി തലത്തിലും.

2. നിലവിലുള്ള ജൈവ മാലിന്യ സംസ്കരണ പൊതുപ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും അപ്ഗ്രഡേഷനും.

3. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി/റിസോഴ്സ് റിക്കവറി ഫെസി ലിറ്റിയും സ്ഥാപിക്കൽ, തരംതിരിക്കപ്പെട്ട അജൈവമാലിന്യം പുനഃചംക്രമണത്തിനായി കൈമാറ്റം ചെയ്യൽ, പുനഃചംക്രമണം സാധ്യമല്ലാത്ത പ്ലാസ്റ്റിക് വസ്തുക്കൾ ഷ്രെഡ്ഡുചെയ്ത് റോഡ് ടാറിങ്ങിനായി ഉപയോഗിക്കുക.

4. പ്രധാന നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ.

5. അജൈവ മാലിന്യം പരമാവധി കുറയ്ക്കുക. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള വിവര വിജ്ഞാന ക്യാമ്പയിൻ, ബദൽ ഉല്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉല്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.

6. പുനഃചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.

7. അജൈവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരെ മാലിന്യ സംസ്കരണ പ്രവർ ത്തനങ്ങളിൽ കണ്ണിയാക്കുക.

8. ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ.

9. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭ കർക്ക് പ്രോത്സാഹനം.

10. ബന്ധപ്പെട്ട സ്റ്റേക് ഹോൾഡർമാർക്കുള്ള ശേഷി വികസന പരിപാടികൾ.

(സി) പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ്) റൂൾസ് 2016 പ്രകാരം 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് മാത്രമാണ് നിരോധനമുള്ളത്. തീർത്തും പരിസ്ഥിതി സൗഹാർദ്ദപരമായി പ്ലാസ്റ്റിക്കിന് ബദലായി ഉപയോഗിക്കാവുന്ന

വസ്തുക്കൾ നിലവിൽ മതിയായ അളവിൽ ലഭ്യമല്ലാത്തതിനാൽ പൂർണ്ണമായ പ്ലാസ്റ്റിക് നിരോധനം പൊടുന്നനെ നടപ്പിലാക്കുന്നത് നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്ത് അപ്രായോഗികമാണെന്ന് WP(C) No. 5636/2016 കേസ്സിൽ പരിസ്ഥിതി വകുപ്പ് ബഹു. കേരള ഹൈക്കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

12 (*401) ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ നടത്തിവരുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; ഈ സാമ്പത്തിക വർഷം ഇതുവരെ സൃഷ്ടിക്കാനായ തൊഴിൽ ദിനങ്ങൾ എത്രയെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിക്കായി ഏതെങ്കിലും തരത്തിലുള്ള കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; പദ്ധതി നടത്തിപ്പിന്റെ ഏജൻസിയും നടത്തിപ്പ് രീതിയും അറിയിക്കാമോ;

(സി) ഈ പദ്ധതിപ്രകാരം ഏറ്റെടുത്തു നടത്താവുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; കിണർ റീചാർജിംഗ്, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മഴക്കുഴി നിർമ്മാണം, ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഫലപ്രദമായി ഏറ്റെടുത്ത് നടത്താൻ സാധ്യമായിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) നഗരകാര്യ വകുപ്പ് മുഖേന നടത്തി വരുന്ന പദ്ധതി അവലോകന യോഗത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രത്യേക അജണ്ടയിൽ ഉൾപ്പെടുത്തി എല്ലാ മാസവും പുരോഗതി അവലോകനം നടത്തി വരുന്നു. കൂടാതെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടിയുള്ള സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിലും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പുരോഗതി അവലോകനം നടത്തിവരുന്നു. 2017-18 സാമ്പത്തിക വർഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ 15-3-2018 വരെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി ആകെ 7,19,941 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ലഭിക്കുന്നില്ല. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി ഏജൻസികളെ നിയോഗിച്ചിട്ടില്ല. പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ ചുമതല നഗരകാര്യ ഡയറക്ടർക്കാണ്. വാർഡ് സഭകൾ കൂടി ഏറ്റെടുത്ത് ചെയ്യാവുന്ന പ്രവൃത്തികൾ വിശകലനം ചെയ്ത് ശിപാർശകളുടെ അടിസ്ഥാനത്തിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിക്കുവേണ്ടിയുള്ള ലേബർ ബജറ്റും ആക്ഷൻ പ്ലാനും തയ്യാറാക്കി നഗരസഭാ കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിനുശേഷം പ്രസ്തുത ലേബർ ബജറ്റുകൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും അംഗീകാരം ലഭിച്ചതിനുശേഷം മേഖലാ ജോയിന്റ് ഡയറക്ടർമാർ സൂക്ഷ്മ പരിശോധന നടത്തി നഗരകാര്യ ഡയറക്ടർക്ക് ശിപാർശ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി പദ്ധതി നടത്തിപ്പിന് വേണ്ടിയുള്ള തുക നഗരസഭകൾക്ക് അനുവദിച്ചു വരുന്നതാണ് നടത്തിപ്പ് രീതി.

(സി) പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ചുവടെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താവുന്നതാണ് ;

1. അടിയണകൾ, മൺതടയണകൾ, സ്റ്റോപ്പ് ഡാം (അണകൾ), ചെക്ക് ഡാമുകൾ, കിണർ റീചാർജ്ജിംഗ്, ഗള്ളിപ്ലഗ്ഗിംഗ്, ബ്രഷ് വുഡ് തടയണ, ഗാബിയോൺ തടയണ, കല്ലുകൊണ്ട് തടയണ, മഴക്കുഴി, ജലാഗിരണ ട്രഞ്ച്, കോണ്ടൂർ ട്രഞ്ച്, കോണ്ടൂർ മൺബണ്ട്, കല്ല് കയ്യാല, സ്റ്റാഗേർഡ് കോണ്ടൂർ ബണ്ട്, കുളങ്ങളുടെ പുനരുദ്ധാരണം, റീചാർജ്ജ് കുഴികൾ, കിണർ നിർമ്മാണം തുടങ്ങിയ കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ആവശ്യമായ പ്രവൃത്തികൾ.

2. സൂക്ഷ്മ ചെറുകിട ജലസേചന പ്രവൃത്തികളുടെ ഭാഗമായി തോടുകൾ, കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, ലിഫ്റ്റ് ഇറിഗേഷൻ, കനാൽവശ ഭിത്തികൾ ലീക്ക് തടയുന്നതിനായി ലൈൻ ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ.

3. വരൾച്ച പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിലും മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ചുപിടിപ്പിക്കലും വനവൽക്കരണ പ്രവൃത്തികളും.

4. പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിള കൃഷി, പുഷ്പകൃഷി, ഔഷധകൃഷി, ഫാം ഫോറസ്ട്രി എന്നിവയുടെ ആജീവനം മെച്ചപ്പെടുത്തൽ. പൊതു-സ്വകാര്യ ഭൂമിയിലെ ഭൂവികസന പ്രവൃത്തികളുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കൽ, കംമ്പോസ്റ്റ് കുഴികൾ, സ്റ്റോപ്പ് കംമ്പോസ്റ്റ്, വെർമി കംമ്പോസ്റ്റ്, മണ്ണിര കംമ്പോസ്റ്റിംഗ്, അസോള കൃഷി എന്നിവ നടപ്പാക്കൽ.

5. ഇന്ദിരാ ആവാസ് യോജന പ്രകാരമോ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന മറ്റ് ഭവനനിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കാവുന്ന ഭവനനിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകവും നിർമ്മാണ സാമഗ്രികളുടെ ഉത്പാദവും.

6. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻകൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം.

7. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ മത്സ്യം വളർത്തൽ.

8. സർക്കാർ നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവമാലിന്യ ശേഖരണവും സംസ്കരണവും.

9. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്ന തിനുവേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലെറ്റുകൾ, അങ്കണവാടി ടോയ്‌ലെറ്റുകൾ എന്നിവയുടെ നിർമ്മാണം.

10. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികളായ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോംവാട്ടർ ഡ്രെയിനേജുകൾ, റോഡുകളുടെ പുനരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ.

11. വനിത സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ, അങ്കണവാടി കേന്ദ്രങ്ങൾ, പൊതുചന്തകൾ എ.ഡി.എസ്./സി.ഡി.എസ്. എന്നിവയ്ക്കുള്ള കെട്ടിടം, കാർഷികോത്പാദന സംഭരണ കേന്ദ്രം, സ്കൂളുകൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള കെട്ടിടം, ശ്മശാന നിർമ്മാണം, നിലവിലെ നഗരസഭാ കെട്ടിടങ്ങളുടെ എക്സ്റ്റൻഷൻ എന്നിവ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ.

12. അയ്യങ്കാളി നഗരതൊഴിലുറപ്പ് നിയമപ്രകാരം സൃഷ്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ.

13. കൂടാതെ സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി വിജ്ഞാപനം ചെയ്യുന്ന ഏതൊരു പ്രവൃത്തിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്.

കിണർ റീചാർജ്ജിംഗ്, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മഴക്കുഴി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനുവേണ്ടി നഗരസഭകളിൽ ജോലി നോക്കിവരുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് തൃശ്ശൂർ കിലയിൽ വച്ച് 2018 ഫെബ്രുവരി 8, 9 തീയതികളിൽ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുമായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഏകോപിപ്പിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം ഹരിത കേരളം പദ്ധതിയിലെ ഏറ്റെടുക്കാവുന്ന പ്രവൃത്തികളെയും ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം മുതൽ നഗരസഭകൾ ലേബർ ബജറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**ഡ്രൈഡോക്കുകളുടെ നിർമ്മാണം**

13 (T*402) ഡോ. എൻ. ജയരാജ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമരകത്തും ആലപ്പുഴയിലും ഡ്രൈ ഡോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണ്;

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ട്രാവൻകൂർ സിമന്റ്സ് കമ്പനിയുടെ സമീപത്തായി കോട്ടൂരാറിന്റെ തീരത്ത് ഡ്രൈ ഡോക്കുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തുവാൻ ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുമോ എന്ന് അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) കുമരകത്ത് ഡ്രൈഡോക്ക് നിർമ്മാണത്തിനായി റീടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. ആലപ്പുഴയിലുള്ള ഡ്രൈഡോക്ക് നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എസ്കവേഷൻ പൂർത്തിയായി. എന്നാൽ എസ്കവേറ്റ് ചെയ്ത മണൽ വില്പനയിൽനിന്നുള്ള വരുമാനം പങ്കിടുന്നതുമായി ബന്ധപ്പെട്ട് പി.പി.പി. പാർട്ട്ണറുമായി തർക്കമുണ്ടാവുകയും തർക്ക പരിഹാരത്തിനായി ഹൈക്കോടതിയെ സമീപിക്കുകയുമുണ്ടായി. ഇപ്പോൾ ഈ കേസ് തീർപ്പായിട്ടുണ്ട്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ മണൽ ഇ-ടെൻഡർ ചെയ്ത് വിൽക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) കുമരകത്ത് ഡ്രൈഡോക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച് റീടെൻഡർ നടപടികളിൽ പങ്കെടുക്കുവാൻ അവസരം നൽകുന്നതാണെന്ന് M/s. Travancore Cements Ltd.-നെ അറിയിച്ചിട്ടുണ്ട്. ഡ്രൈഡോക്ക് നിർമ്മിച്ച് ഓപ്പറേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫീസിബിലിറ്റി സ്റ്റഡി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് M/s. Travancore Cements Ltd. മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**കൃഷി സിഞ്ചായി യോജന**

14 (*403) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീർത്തട പരിപാലനത്തിനായി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-നീർത്തട ഘടകം പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) ഈ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ആരെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്;

(ഡി) 2017-18 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പ്രോജക്ടുകൾക്കാണ് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളത്;

(ഇ) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ച പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.) എന്ന ബൃഹത് പദ്ധതിയുടെ നീർത്തട പരിപാലന ഘടകത്തിൽ ഉൾപ്പെടുത്തി മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. ഇതിൻപ്രകാരം നീർത്തടങ്ങളിലെ പ്രകൃതി വിഭവ സംരക്ഷണത്തിനും നീർച്ചാലുകളുടെ പരിരക്ഷയ്ക്കും, കുളങ്ങൾ, ഉറവകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനും നിർമ്മാണത്തിനും പരിപാലനത്തിനും ആവശ്യമായ പ്രവൃത്തികളാണ് പി.എം.കെ.എസ്.വൈ. നീർത്തട ഘടകത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

(സി) പദ്ധതിയിലെ നീർത്തട ഘടകത്തിന്റെ നിർവ്വഹണ ചുമതല സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിനാണ് നൽകിയിട്ടുള്ളത്.

(ഡി) 2017-18 സാമ്പത്തിക വർഷം പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) പദ്ധതിക്കായി കേന്ദ്ര വിഹിതമായി 17.31 കോടി രൂപയും സംസ്ഥാന വിഹിതമായി 11.539 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 28.849 കോടി രൂപയാണ് അനുവദിച്ചത്.

(ഇ) പി.എം.കെ.എസ്.വൈ. പദ്ധതിയുടെ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ്രവൃത്തിയുമായി സംയോജിപ്പിച്ച കൊണ്ട് നടപ്പിലാക്കുന്നുണ്ട്. തോട് നവീകരണം, കുളം നവീകരണം, തടയണ നിർമ്മാണം, തട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പ്രവൃത്തിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. സാധനഘടകം (Material Component) പി.എം.കെ.എസ്.വൈ.-യിലും വേതന ഘടകം (Labour Component) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെടുത്തിയാണ് സംയോജനം നടത്തുന്നത്. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിക്കായി ജില്ലാ തലങ്ങളിൽ തയ്യാറാക്കിയിട്ടുള്ള ജില്ലാ ഇറിഗേഷൻ പ്ലാനുകളിൽപ്പെടുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് വരുന്നുണ്ട്. ഇതിനുപുറമെ PMKSY-ക്ക് മുന്നോടിയായി നിലവിലുണ്ടായിരുന്ന IWMP പദ്ധതിയുടെ DPR-കളിൽ അവശേഷിച്ചിരുന്നവയിൽ അനുവദനീയമായിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്തുവരുന്നു. സംസ്ഥാനത്ത് ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നിവ ലക്ഷ്യമിട്ടാണ് ഹരിത കേരളം മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഹരിത കേരളം മിഷനിൽ ഉൾപ്പെടുത്തിയാണ് PMKSY പദ്ധതിയുടെയും MGNREGS-ന്റെയും മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുന്നത്.

**തെരഞ്ഞെടുത്ത വിളകളുടെ കൃഷിക്കായി പ്രത്യേക കാർഷിക മേഖല**

15 (*404) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരഞ്ഞെടുത്ത വിളകളുടെ കൃഷിയ്ക്കായി പ്രത്യേക കാർഷിക മേഖല രൂപവത്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മേഖല തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എപ്രകാരമാണ് നിശ്ചയിക്കുന്നതെന്നും ഓരോ മേഖലയിലും വിളകളുടെ ഉല്പാദനം, വിപണനം, സംസ്കരണം, സംഭരണം, മൂല്യവർദ്ധനവ്, ജലസേചനം എന്നിവയ്ക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും വിശദമാക്കാമോ;

(ഡി) ഓരോ പ്രത്യേക കാർഷിക മേഖലയിലുമുള്ള കർഷകർക്ക് പലിശ രഹിത വായ്പയും പലിശ സബ്സിഡിയും അനുവദിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി) നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്.

(സി) അടുത്തടുത്ത പ്രദേശങ്ങളിലായുള്ള 1 മുതൽ 5 വരെയുള്ള ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത വിളകളുടെ നിലവിലെ വിസ്തൃതി, ഉല്പാദന ക്ഷമത, മണ്ണിന്റെയും കാലാവസ്ഥയുടെയും അനുയോജ്യത മുതലായവ അടിസ്ഥാനമാക്കിയാണ് പ്രത്യേക കാർഷിക മേഖലകൾ തെഞ്ഞെടുക്കുന്നത്. ഓരോ വിളയുടെയും കൃഷിക്ക് അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉല്പാദനം ഉണ്ടാക്കുവാൻ സാധിക്കുന്നതുമായ കാർഷിക കാലാവസ്ഥയുള്ള മേഖലകളാണ് പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രത്യേക കാർഷിക മേഖലകളിൽ അതാത് വിളയുടെ സമഗ്ര വികസനം സാധ്യമാക്കി പരമാവധി ആഭ്യന്തര ഉല്പാദനം കൈവരിക്കുവാനും വിളവെടുപ്പിനു ശേഷമുള്ള പരിചരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ചിട്ടപ്പെടുത്തി കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി കൃഷിവകുപ്പ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഈ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതാണ്. ഇവയ്ക്ക് പുറമെ ഈ പ്രദേശങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനും ആവശ്യ ഇടപെടലുകൾക്കുമായി പ്രത്യേക കാർഷിക മേഖല പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതാണ്. അതുവഴി വിത്ത് മുതൽ വിളവെടുപ്പുവരെയും, വിളവെടുപ്പിന് ശേഷമുള്ള പരിചരണം, സംസ്കരണം, വിപണനം എന്നീ പ്രവർത്തനങ്ങൾക്കുമുള്ള എല്ലാ സജ്ജീകരണങ്ങളും ഇവിടെ ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിടുന്നത്. ഉത്പാദന വർദ്ധനവിനായി ഏറ്റവും മികച്ച ഉത്പാദനോപാധികൾ ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നു. ഗുണമേന്മയുള്ള വിത്ത്/നടീൽ വസ്തുക്കൾ, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വളപ്രയോഗം, ജൈവ/ജീവാണു വളങ്ങളുടെയും ജൈവിക നിയന്ത്രണോപാധികളുടെയും പ്രയോഗം ഉറപ്പുവരുത്തിയുള്ള മികച്ച കാർഷിക മുറകൾ, പരിസ്ഥിതി സൗഹൃദമായ സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, കാർഷിക യന്ത്രവൽക്കരണം എന്നിവ നടപ്പിലാക്കുന്നു. ഇതുവഴി ഉല്പാദന ചെലവ് കുറച്ച് പരമാവധി ഉല്പാദനം ഉറപ്പുവരുത്തുന്നു.

കാർഷിക ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനായി സംസ്കരണം, വിവിധ മൂല്യവർദ്ധന ഉപാധികൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തുന്നു. ഇതിനായി നിലവിലുള്ള പദ്ധതികളോടൊപ്പം പ്രത്യേക കാർഷിക മേഖല ഫണ്ടും ഉപയോഗിക്കുന്നു. കാർഷിക ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം

കർഷകരുടെ പങ്കാളിത്തത്തോടെ സജ്ജമാക്കുവാൻ ഉദ്ദേശിക്കുന്നു. ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി കർഷകർ നേരിട്ട് നടത്തുന്ന വിപണികളും സർക്കാരിന്റെ മേൽനോട്ടത്തിലുള്ള വിപണന സംവിധാനങ്ങളും മുഖേന പരമാവധി വില കർഷകർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നു. സ്വാശ്രയ കർഷക വിപണികൾ, കർഷക മിത്രങ്ങളുടെ സേവനം, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള കർഷക വിപണികൾ എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന പദ്ധതികൾ (പച്ചക്കറി വികസന പദ്ധതി, നാളികേര വികസന പദ്ധതി, നെൽകൃഷി വികസന പദ്ധതി), കേന്ദ്രാവിഷ്കൃത പദ്ധതികളായ RKVY, RIDF, PMKSY തുടങ്ങിയവയും ജനകീയാസൂത്രണ പദ്ധതികളും പ്രയോജനപ്പെടുത്തുന്നു. ഇവയ്ക്ക് പുറമേയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും അവശ്യ ഇടപെടലുകൾക്കുമായി പ്രത്യേക കാർഷിക മേഖല പദ്ധതി ഫണ്ട് ഉപയോഗിക്കുന്നു.

(ഡി) നിലവിൽ പദ്ധതിയില്ല.

**സെക്കൻഡ്ഹാൻഡ് വാഹനവിപണി**

16 (*405) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ.അബ്ദു റബ്ബ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്കൻഡ്ഹാൻഡ് വാഹനവിപണി രംഗത്ത് ആദ്യ ഉടമസ്ഥൻ വാഹനകൈമാറ്റം നടത്തിയ ശേഷം ഉടമസ്ഥാവകാശത്തിന് പരാതി ഉന്നയിക്കുന്ന തിനായി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കാത്തതുവഴി ഒരു വാഹനം ആദ്യ ഉടമസ്ഥൻ രണ്ടാമന് കൈമാറുകയും അയാൾ മൂന്നാമന് കൈമാറി കഴിഞ്ഞതിനു ശേഷവും ആദ്യ ഉടമസ്ഥന് വാഹനം കൈവശപ്പെടുത്താനുള്ള നിയമസാധുത നില നിൽക്കുന്നത് വ്യാപകമായ ക്രമക്കേടുകൾക്ക് സാഹചര്യമൊരുക്കുമെന്നത് പരിശോ ധിച്ചിട്ടുണ്ടോ;

(സി) ഇത് ഒഴിവാക്കുന്നതിനും സെക്കൻഡ്ഹാൻഡ് വാഹനവിപണി നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദ മാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ശശീന്ദ്രൻ)

(എ) സെക്കൻഡ്ഹാൻഡ് വാഹനം കൈമാറ്റം നടത്തിയശേഷം ഉടമസ്ഥാവകാശത്തിന് പരാതി ഉന്നയിക്കുന്നതിനായി സമയപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ വാഹനം വിൽക്കുമ്പോൾ 14 ദിവസങ്ങൾക്കകം വാങ്ങിയ ആളുടെ സ്ഥലത്തെ രജിസ്റ്ററിംഗ് അധികാരിയേയും വാഹനം വിറ്റ ആളിന്റെ സ്ഥലത്തെ രജിസ്റ്ററിംഗ് അധികാരിയേയും ഫാറം 29-ൽ വിറ്റ വിവരം അറിയിക്കേണ്ടതാണ്. വാഹനം വാങ്ങി 30 ദിവസത്തിനകം വാങ്ങിയ ആൾ പേര് മാറ്റുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. ട്രാൻസ്പോർട്ട് വാഹനമാണെങ്കിൽ പെർമിറ്റ് നൽകിയ അധികാരിയുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ വിൽക്കുവാനോ വാങ്ങുവാനോ പാടില്ല.

(ബി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 55 പ്രകാരം വാഹനം വിറ്റ ആൾ വാങ്ങിയ ആളിന്റെ പേരിലേയ്ക്ക് ഉടമസ്ഥാവകാശം മാറ്റുന്നതിന് വ്യക്തമായ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഉൾപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ വാഹനക്കൈമാറ്റം നടത്തുന്നതുകൊണ്ടാണ് വാഹനം വിറ്റതിനുശേഷവും ആദ്യ ഉടമസ്ഥന് വാഹനം കൈവശപ്പെടുത്താനുള്ള നിയമസാധുത നിലനിൽക്കുന്നത്.

(സി) സെക്കൻഡ് ഹാൻഡ് വാഹന വിപണി നിയന്ത്രിക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. വാഹനം വാങ്ങിയ ആളുടെ പേരിലേയ്ക്ക് ഉടമസ്ഥാവകാശം മാറ്റേണ്ടതിന്റെ ഉത്തരവാദിത്തം വാഹനം വിറ്റ ആൾക്കാണെന്ന് പത്ര മാധ്യമങ്ങൾ വഴി വ്യാപകമായ പ്രചാരണം നൽകിയിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പിൽ ആധുനികവൽക്കരണം**

17 (*406) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി - സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ആധുനികവൽക്കരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) പൊതു/സ്വകാര്യ പങ്കാളിത്തത്തോടെ ഡ്രൈവിംഗ് ടെസ്റ്റിംഗ്/ടാക്സി വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം ഇതിനകം എത്ര സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്;

(സി) വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഡ്രൈവിംഗ് ലൈസൻസും സ്മാർട്ട് കാർഡ് രൂപത്തിൽ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ഡി) റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ സ്കൂൾ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനായി റോഡ് സേഫ്റ്റി കോർപ്സ് രൂപീകരിക്കും എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. ശശീന്ദ്രൻ)

(എ) കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി വകുപ്പ് കമ്പ്യൂട്ടർവൽക്കരിച്ചു. ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കൽ, കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രങ്ങളും ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങൽ, ആൽക്കോ മീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ ആധുനികവൽക്കരണ പരിപാടികൾ നടപ്പിലാക്കി. അമിത വേഗതമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൂടുതൽ സ്പീഡ് ക്യാമറകൾ സ്ഥാപിക്കുക, ഡ്രൈവിംഗ് സ്കൂൾ അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി പുതിയ ഡ്രൈവിംഗ് ടെസ്റ്റ് എടുക്കുന്നവരുടെ ഡ്രൈവിംഗ് നിലവാരം വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതി നടപ്പിലാക്കുക, എല്ലാ ജില്ലകളിലും കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനാ കേന്ദ്രങ്ങളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കുക, ചെക്ക് പോസ്റ്റുകളിലെ പെർമിറ്റിനും മറ്റ് ഇതര സേവനങ്ങൾക്കുമായുള്ള പൊതുജനങ്ങളുടെ നീണ്ട നിര കുറയ്ക്കുന്നതിനുവേണ്ടി കൂടുതൽ ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കുക എന്നീ പദ്ധതികൾ പുരോഗമിക്കുന്നു. പൊതുജന സുരക്ഷ ഉറപ്പുവരുത്തുന്നതിന് അപകട സാധ്യതയുള്ള ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ ആർ.എഫ്.ഐ.ഡി. സിസ്റ്റം എന്ന സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കൽ, നിലവിലുള്ള സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ സമയ പട്ടിക ഡിജിറ്റലൈസ് ചെയ്ത് അതുവഴി പൊതുഗതാഗത സംവിധാനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനും പൊതു ജനങ്ങളെ കൂടുതൽ പൊതുഗതാഗതത്തിലേയ്ക്ക് ആകർഷിക്കുന്നതിനും തൻമൂലം ഗതാഗതകുരുക്ക് ലഘൂകരിക്കുന്നതിനും വേണ്ടിയുള്ള "ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം" എന്ന പദ്ധതി നടപ്പാക്കൽ മോട്ടോർ വാഹന ഓഫീസുകളിലും വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡിലും "പോയിന്റ് ഓഫ് സെയിൽ" മുതലായ ആധുനിക മൊബൈൽ പേയ്മെന്റ് സംവിധാനം നടപ്പിലാക്കൽ തുടങ്ങിയവയിലും നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കേരളത്തിലെ എല്ലാ ഓഫീസുകൾക്ക് കീഴിലും കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി സർക്കാർ സ്ഥാപനമായ കിറ്റ്കോയെ കൺസൾട്ടന്റായി നിയോഗിച്ചു. തുടർ നടപടികൾ പുരോഗമിക്കുന്നു.

(സി) ഡ്രൈവിംഗ് ലൈസൻസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സ്മാർട്ട് കാർഡ് രൂപത്തിൽ നൽകൽ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള 8-2-2017-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(എംഎസ്.) 08/2017/ഗതാ. പ്രകാരം മോട്ടോർ വാഹന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ റോസ്മെർട്ട സൊല്യൂഷൻസ് പ്രൈ. ലിമിറ്റഡ് കമ്പനി സമർപ്പിച്ച WP(C)7881/2017 എന്ന നമ്പരിലുള്ള കേസിൽ ഈ വിഷയത്തിൽ സ്റ്റേ നിലവിലുണ്ട്.

(ഡി) ഇത്തരം ഒരു പദ്ധതി മോട്ടോർ വാഹന വകുപ്പ് പ്രാവർത്തിക മാക്കിയിട്ടില്ല. Student Police Cadets എന്ന പേരിൽ നിലവിൽ ഒരു പദ്ധതി പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

## മേൽത്തരം നെൽവിത്തുകൾ ഉത്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ

18 (*407) <u>ശ്രീ. ഒ. ആർ. കേളു</u> :

<u>ശ്രീ. മുരളി പെരുനെല്ലി</u> :

<u>ശ്രീ. ഡി. കെ. മുരളി</u> :

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നെൽകൃഷിയുടെ വ്യാപ്തി കുറഞ്ഞുവരുന്നതിനനുസരിച്ച് മേൽത്തരം വിത്തുകളുപയോഗിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) മേൽത്തരം വിത്തുകൾ ഉത്പാദിപ്പിച്ച് ലാഭനഷ്ടം നോക്കാതെ സൗജന്യ നിരക്കിൽ കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനായി എത്ര വിത്തുൽപ്പാദന കേന്ദ്ര ങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വിത്തുൽപ്പാദന കേന്ദ്രങ്ങളിൽ ഏതെല്ലാം തരം വിത്തുകളാണ് വികസിപ്പിച്ചെടുത്തിട്ടുള്ളതെന്നും അതിന്റെ ഉത്പാദന മികവ് പരിശോധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ)

(എ) സംസ്ഥാനത്തെ നെൽകൃഷിയുടെ വ്യാപ്തി കുറഞ്ഞുവരുന്നതനുസരിച്ച് മേൽത്തരം വിത്തുകളുപയോഗിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നത്. ഇതിനായി സമഗ്ര നെൽകൃഷി വികസന പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നുണ്ട്. അത്യുല്പാദന ശേഷിയുള്ള നെല്ലിനങ്ങളുടെ വിത്തുകൾ ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. പൊക്കാളി, കൈപ്പാട്, കുട്ടനാട്, കോൾപ്പാടങ്ങൾ തുടങ്ങി പ്രത്യേക പാരിസ്ഥിതിക പ്രദേശങ്ങളിലേയ്ക്ക് അനുയോജ്യമായതും തനത് സവിശേഷതകൾ ഉള്ളതുമായ നിരവധി നാടൻ നെൽവിത്തിനങ്ങളുടേയും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജനിതക ശേഖരം കാത്തുസൂക്ഷിക്കുന്നതിനുമുള്ള ബയോഡൈവേഴ്സിറ്റി ആന്റ് ജേംപ്ലാസം കൺസർവേഷൻ എന്ന നൂതന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാല ഈയിടെ പുറത്തിറക്കാൻ തയ്യാറാക്കിയിട്ടുള്ള മികച്ച നെൽവിത്തുകളുടെ വിവരങ്ങളും മെച്ചങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മേൽത്തരം നെൽവിത്തുകളുടെ ഉല്പാദനത്തിനായി സംസ്ഥാനത്ത് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ 33 സ്റ്റേറ്റ് സീഡ് ഫാമുകളും കേരള കാർഷിക സർവ്വകലാശാലയുടെ ഫാമുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ പ്രതിവർഷം 10,000 MT സർട്ടിഫൈഡ് വിത്തുല്പാദനം ലക്ഷ്യമിട്ട് പാടശേഖര സമിതികളുടെ നേതൃത്വത്തിൽ 2500 ഹെക്ടർ RSGP വിത്തുല്പാദന കേന്ദ്രങ്ങളും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. ഗുണമേന്മയുള്ള നെൽവിത്തുകൾ ഉല്പാദിപ്പിച്ച് കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കാർഷിക സർവ്വകലാശാല ഫാമുകളിൽ ഗവേഷകർ വികസിപ്പിച്ചെടുത്ത ബ്രീഡർ വിത്തുകൾ സംസ്ഥാന വിത്തുല്പാദന ഫാമുകളിൽ ഫൗണ്ടേഷൻ വിത്തുകളായി വർദ്ധിപ്പിച്ച് രജിസ്റ്റേർഡ് വിത്തുല്പാദന കർഷകരിലൂടെ സർട്ടിഫൈഡ് വിത്തുകളാക്കി മാറ്റി നെൽകർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. ഇതിനായി 2500 ഹെക്ടറിലാണ് RSGP പദ്ധതി പാലക്കാട്, തൃശ്ശൂർ, മലപ്പുറം, എറണാകുളം, ആലപ്പുഴ ജില്ലകളിലായി KSSDA മുഖേന കൃഷി വകുപ്പ് നടപ്പുവർഷം നടപ്പിലാക്കിവരുന്നത്. ബ്രീഡർ, ഫൗണ്ടേഷൻ വിത്തുകളുടെ ഉല്പാദനത്തിന് പുറമേ ഗുണമേന്മയുള്ള നെൽവിത്തുകൾ കാർഷിക സർവ്വകലാശാല ഫാമുകളിൽനിന്നും കൃഷി വകുപ്പ് ഫാമുകളിൽനിന്നും പ്രാദേശിക വിതരണത്തിലൂടെയും കർഷകർക്ക് നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ ഫാമുകളിലാണ് വിത്തുകൾ വികസിപ്പിച്ചെടുക്കുന്നത്. വിവിധ പ്രദേശങ്ങൾക്ക് അനുയോജ്യമായതും രോഗ കീട പ്രതിരോധശേഷിയുള്ളതും പ്രതികൂല സാഹചര്യങ്ങളിൽ വളരാൻ കഴിയുന്നതും വിവിധ സീസണുകൾക്ക് അനുയോജ്യമായതുമായ വിത്തിനങ്ങളാണ് കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചിട്ടുള്ളത്. ഉല്പാദന മികവ് ഗവേഷണ പരീക്ഷണങ്ങളിലൂടെ പരിശോധിച്ച് നാളിതുവരെ 125-ഓളം മേൽത്തരം നെൽവിത്തിനങ്ങൾ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവയിൽ കർഷകർ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള മേൽത്തരം ഇനങ്ങളായ ജ്യോതി, ഉമ, ശ്രേയസ്, ചുവന്ന ത്രിവേണി, ഐശ്വര്യ, കാഞ്ചന, ആതിര, കൈരളി, ഏഴോം, വൈറ്റില മുതലായവയുടെ ഫൗണ്ടേഷൻ വിത്തുല്പാദന നടപടികളാണ് സംസ്ഥാന വിത്ത് ഫാമുകളിൽ സ്വീകരിച്ചുവരുന്നത്. വിത്തിന്റെ ഉല്പാദന മികവ് ഉറപ്പ് വരുത്തുന്നതിനാവശ്യമായ ഫീൽഡ്തല പരിശോധനകളും വിത്ത് സാമ്പിളുകളുടെ പരിശോധനയും നടത്തി സർട്ടിഫിക്കേഷൻ നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നുണ്ട്.

### നഗര-ഗ്രാമാസൂത്രണത്തിന്റെ മാസ്റ്റർ പ്ലാനുകൾ

19 (*408) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര-ഗ്രാമാസൂത്രണത്തിന്റെ വിശദമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഏതെല്ലാം മാസ്റ്റർ പ്ലാനുകൾ അംഗീകരിച്ചിട്ടുണ്ട്; പ്രസിദ്ധീകരിച്ചിരിക്കുന്നത് ഏതെല്ലാം; വിശദമാക്കാമോ;

(ബി) സ്ഥലപരമായ ആസൂത്രണത്തോടൊപ്പം വികസന പ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തിക്കൊണ്ടാണോ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്; എങ്കിൽ ഈ വികസന ആസൂത്രണ പ്രക്രിയയിൽ ജനഹിതം സംരക്ഷിക്കാനായി എന്ത് മാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നത്;വ്യക്തമാക്കാമോ;

(സി) അമൃത് പദ്ധതിയിൽ ഉൾപ്പെട്ട പട്ടണങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് എങ്ങനെയാണ്; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ)

(എ) "മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ" എന്ന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കുമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളിൽ ആറ് എണ്ണം (എട്ട് പട്ടണങ്ങൾക്കുള്ളത്) അംഗീകരിച്ചിട്ടുണ്ട്. 19 മാസ്റ്റർപ്ലാനുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2 മാസ്റ്റർപ്ലാനുകൾക്ക് പ്രസിദ്ധീകരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അതെ. കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016-ന്റെ വ്യവസ്ഥകളനുസരിച്ചാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. വികസന ആസൂത്രണത്തിനായുള്ള ജനഹിതം മനസ്സിലാക്കുന്നതിനായി സാമൂഹിക സാമ്പത്തിക സർവ്വേ, വികസന സെമിനാറുകൾ, വാർഡ്തല യോഗങ്ങൾ, കൗൺസിൽ യോഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുമായുള്ള ചർച്ചകൾ എന്നിവ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തുന്നു. കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി കൗൺസിലിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നു. കരട് പ്ലാനിൽ തത്പരരായ ഏതൊരാളിൽനിന്നും ഇതുസംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും അനുവദനീയമായ കാലയളവിനുള്ളിൽ സ്വീകരിക്കുന്നതും കേൾക്കപ്പെടാൻ അപേക്ഷിച്ചവരെ കേട്ടതിനു ശേഷവും, ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച ശേഷമാണ് മാസ്റ്റർ പ്ലാൻ അന്തിമമാക്കുന്നതും സർക്കാർ അംഗീകരിക്കുന്നതും.

(സി)"അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ്. അധിഷ്ഠിത മാസ്റ്റർപ്ലാനുകളുടെ തയ്യാറാക്കൽ" എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അമൃത് പട്ടണങ്ങളുടെ (ആറ് കോർപ്പറേഷനും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ നഗരസഭകളും) മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. പ്രസ്തുത പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാർ മാർഗ്ഗരേഖ, Design & Standards എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. നഗര ഗ്രാമാസൂത്രണ വകുപ്പാണ് ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി. മാസ്റ്റർപ്ലാനുകളുടെ ഭാഗമായ നിലവിലെ ഭൂവിനിയോഗ മാപ്പ് (Existing Land Use Map) തയ്യാറാക്കുന്നത് High Resolution Satellite Imagery-യുടെ അടിസ്ഥാനത്തിലാണ്. ഹൈദ്രാബാദിലുള്ള നാഷണൽ റിമോട്ട് സെൻസിംഗ് സെന്ററാണ് ഇത് തയ്യാറാക്കുന്നത്. Satellite Imagery-യുടെ അടിസ്ഥാനത്തിൽ National Remote

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

Sensing Centre (NRSC) Hyderabad ഓരോ പട്ടണങ്ങളുടെയും Urban land use/land cover, building foot print എന്നിവ രേഖപ്പെടുത്തിയ മാപ്പുകൾ സംസ്ഥാന നോഡൽ ഏജൻസിക്ക് നൽകും. ബന്ധപ്പെട്ട ജില്ലാ നഗരാസൂത്രണകാര്യാലയം വഴി ഈ മാപ്പുകളുടെ ground truthing നടത്തി National Remote Sensing Centre (NRSC), Hyderabad-ന് തിരികെ നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ Existing Land Use Map National Remote Sensing Centre (NRSC) തയ്യാറാക്കി സമർപ്പിക്കുകയും ചെയ്യും.

**കെ.എസ്.ആർ.ടി.സി. ബസുകളിൽ സി.എൻ.ജി. ഉപയോഗം**

20 (*409) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസുകളിൽ സി.എൻ.ജി. ഉപയോഗിക്കുന്നതുമൂലം ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്താൽ പ്രസ്തുത പദ്ധതിയുടെ പ്രായോഗികത വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(ബി) സംസ്ഥാനത്ത് സി.എൻ.ജി.-യുടെ ലഭ്യത ഉറപ്പാക്കുന്നമുറയ്ക്ക് മാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കുകയുള്ളൂ.

**തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണം**

21 (*410) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരാസൂത്രണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നിവ ഏകീകരിച്ച് തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നത് പ്രസ്തുത വകുപ്പിന് എപ്രകാരം ഗുണകര മാകുമെന്ന് വെളിപ്പെടുത്തുമോ;

(ബി) പൊതു സർവ്വീസ് രൂപീകരിക്കുന്നതിനുള്ള വിശേഷാൽ ചട്ടനിർമ്മാണം ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പൊതു സർവ്വീസ് രൂപീകരണത്തെക്കുറിച്ച് ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഏകീകൃത സർവ്വീസ് രൂപീകരിക്കുമ്പോൾ ജീവനക്കാരുടെ സീനിയോറിറ്റി തുടങ്ങിയ കാര്യങ്ങളിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം രൂപീകരിക്കുമോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ)

(എ) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ ഇന്ന് വിവിധ തട്ടുകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഭരണപരമായ ഏകോപനക്കുറവിന്റെ പ്രശ്നങ്ങൾക്കും പദ്ധതികളുടെ ആസൂത്രണവും രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് കഴിയും. തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ തലത്തിലും ആവശ്യമായ വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥരെ ചുമതലകൾക്കും ഉത്തരവാദിത്വങ്ങൾക്കും അനുസൃതമായി ലഭ്യമാക്കുന്നതിനും അതിലൂടെ കരുത്തുറ്റ ഭരണ നിർവ്വഹണ സംവിധാനം പ്രാദേശിക തലത്തിൽ സൃഷ്ടിക്കുന്നതിനും കഴിയും.

(ബി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സംബന്ധിച്ച വിശേഷാൽ ചട്ടങ്ങളുടെ കരട് തയ്യാറാക്കുന്നതിനുള്ള ചുമതല ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ഏൽപ്പിക്കുകയും പ്രസ്തുത ചട്ടങ്ങളുടെ കരട് ഇതിനകം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ചട്ടങ്ങളുടെ കരട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ തയ്യാറാക്കിയ സമീപനരേഖ ജീവനക്കാരുടെ സംഘടനകൾക്ക് മുൻകൂട്ടി അയച്ചുകൊടുക്കുകയും ഇതുസംബന്ധിച്ച് വിവിധ സംഘടനാ പ്രതിനിധികളുമായി വിശദമായി ചർച്ച ചെയ്യുകയും ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള ശ്രമങ്ങൾ കരട് ചട്ടങ്ങൾ രൂപീകരിക്കുന്ന ഘട്ടത്തിൽ തന്നെ നടത്തുകയും ചെയ്തിട്ടുണ്ട്. കരട് ചട്ടങ്ങൾ അന്തിമമാക്കുന്നതിന് മുമ്പ് ഇനിയും സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് അവരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുന്നതിന് അവസരമുണ്ട്.

(ഡി) ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച തർക്കങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിന് പരിഹാരം കാണുന്നതിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പുതലത്തിൽ

"പരാതി പരിഹാര സംവിധാനം" ഉണ്ടാക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇത്തരം സംവിധാനത്തിലൂടെ ജീവനക്കാരുടെ ന്യായമായ പരാതികളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും കഴിയുന്നതാണ്.

**വി.എഫ്.പി.സി.കെ. നടത്തിവരുന്ന പ്രവർത്തനങ്ങൾ**

22 (*411) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി, പഴം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കാനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പഴം,പച്ചക്കറി ഉല്പാദനവും ഉല്പാദനക്ഷമത വർദ്ധനവും ലക്ഷ്യമാക്കി വി.എഫ്.പി.സി.കെ. നടത്തി വരുന്ന പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നൂതന ഉല്പാദന സാങ്കേതിക വിദ്യകൾ വ്യാപകമാക്കുന്നതിനും ഉല്പന്നങ്ങളുടെ വിപണി വിപുലീകരണത്തിനും കാർഷിക വിജ്ഞാന വ്യാപനത്തിനും വി.എഫ്.പി.സി.കെ. നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) വെജിറ്റബിൽ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങളുമായി സംസ്ഥാനത്തെ 9671 സ്വയം സഹായ സംഘങ്ങളിലൂടെ 134049 കർഷകർ ബന്ധപ്പെട്ടിരിക്കുന്നു. സ്വയം സഹായ സംഘങ്ങൾ അംഗങ്ങളായുള്ള 283 സ്വാശ്രയ കാർഷിക വിപണികൾ പ്രവർത്തിക്കുന്നുണ്ട്. ഈ വിപണികളിലൂടെ 2017-18 വർഷം 268.3 കോടി രൂപ വിലയുള്ള ഒരു ലക്ഷം പഴവും പച്ചക്കറികളും വിപണനം നടത്തിയിട്ടുണ്ട്. വി.എഫ്.പി.സി.കെ. വഴി സംസ്ഥാനത്തെ കർഷർക്ക് ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി 11.35 കോടി രൂപ ചെലവഴിച്ച് ഹൈടെക് പച്ചക്കറിത്തൈ ഉൽപാദന കേന്ദ്രം എറണാകുളം നടുക്കരയിൽ പ്രവർത്തനം ആരംഭിച്ചു. ആധുനിക സജ്ജീകരണങ്ങളുള്ള, 2 കോടി ഹൈബ്രിഡ് പച്ചക്കറിത്തൈകൾ ഒരു

വർഷം ഉല്പാദിപ്പിക്കാവുന്ന ഒരു യൂണിറ്റാണിത്. പ്രോട്രേയിൽ നടീൽ മാധ്യമം നിറയ്ക്കൽ, വിത്ത് നടീൽ, ജലസേചനം, വളപ്രയോഗം എന്നിവയെല്ലാം യന്ത്ര സഹായത്തോടെ ചെയ്യുന്ന ഈ യൂണിറ്റ് പൂർണ്ണമായും യന്ത്രവത്കൃതമാണ്. കേരളത്തിലെ ഇത്തര ത്തിലുള്ള ആദ്യ സംരംഭവുമാണിത്.

- ജനിതക ശുദ്ധിയും ഉല്പാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിൽ ഒരു സീഡ് പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചു വരുന്നുണ്ട്. കേരളത്തിൽ കൃഷി ചെയ്യുന്നതിന് അനുയോജ്യമായ 17 ഇനം പച്ചക്കറി വിത്തുകൾ ഇവിടെനിന്നും വിതരണം ചെയ്യുന്നുണ്ട്. 2017-18 വർഷം 80 ടൺ വിത്തുൽപാദിപ്പിച്ചിട്ടുണ്ട്.

  ജൈവപച്ചക്കറി കൃഷി ഒരു ജനകീയ സംരംഭമാക്കാൻ ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതിക്ക് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ വെണ്ട, ചീര, മുളക്, വഴുതന, പയർ തുടങ്ങിയ അഞ്ചിനം പച്ചക്കറികളുടെ വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കി. വീട്ടുവളപ്പിലെ കൃഷിക്കായി 40 ലക്ഷം പച്ചക്കറി വിത്തുകിറ്റുകളും മാധ്യമങ്ങൾവഴി 12 ലക്ഷം കിറ്റുകളും NGO മുഖേന 5 ലക്ഷം പച്ചക്കറി വിത്തുകിറ്റുകളും ലഭ്യമാക്കി. കൂടാതെ സെക്രട്ടേറിയറ്റിൽ 1600 ഗ്രോബാഗുകൾ പച്ചക്കറി തൈ നട്ട് സ്ഥാപിക്കുകയുണ്ടായി.

- ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി ഒരു നഴ്സറി കൃഷി ബിസിനസ്സ് കേന്ദ്ര എന്ന പേരിൽ എറണാകുളത്ത് കാക്കനാടുള്ള കൗൺസിലിന്റെ ആസ്ഥാനത്തും തിരുവനന്തപുരത്തും കാസർഗോഡും പ്രവർത്തിച്ചു വരുന്നു. ഗുണമേന്മയുള്ള ഫലവൃക്ഷങ്ങളുടേയും പച്ചക്കറികളുടേയും തൈകളും വിത്തുകളും വിൽപ്പനയ്ക്കായി ഒരുക്കിയിട്ടുണ്ട്. ജൈവ വളങ്ങൾ, ജൈവകീടനാശിനികൾ, കാർഷികോപകരണങ്ങൾ, ഗ്രോബാഗുകൾ, ചട്ടികൾ എന്നിവയും ഇവിടെ നിന്നും ലഭ്യമാണ്.

  എറണാകുളം കൃഷി ബിസിനസ്സ് കേന്ദ്രയോടുചേർന്ന് കാക്കനാട് കൗൺസിൽ ആസ്ഥാനത്ത് ഒരു ജൈവ വള ഉൽപ്പാദന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി

ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവ കീട നാശിനികൾ എന്നിവയടങ്ങുന്ന സസ്യ സംരക്ഷണ ഉൽപാദനോ പാധികളുടെ ഒരു നിര ഉൽപന്നങ്ങൾ യൂണിറ്റിൽനിന്നും വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ട്. കാർഷിക സർവ്വകലാശാല നിഷ്കർഷിക്കുന്ന അളവിൽ പ്രധാന മൂലകങ്ങൾ അടങ്ങിയ ജൈവ വളങ്ങളും ഉൽപ്പന്നങ്ങളുമാണ് വിൽപനയ്ക്ക് തയ്യാറാക്കുന്നത്. ചാണകപ്പൊടി, വെർമി കമ്പോസ്റ്റ് എന്നിവ കൗൺസിലിന്റെ കർഷകരെക്കൊണ്ട് ഉൽപാദിപ്പിച്ചും വിതരണം ചെയ്യുന്നുണ്ട്. കൗൺസിലിന്റെ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ, KAICO അഗ്രി സൂപ്പർ ബസാറുകൾ, കൃഷി വകുപ്പിന്റെ വിവിധ സർക്കാർ പദ്ധതികൾ എന്നിവ വഴി ജൈവവളങ്ങൾ ലഭ്യമാക്കിവരുന്നു.

- കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് സേഫ് ടു ഈറ്റ്/ ജൈവകൃഷിക്ക് പ്രാധാന്യം നല്കുന്നതിനും പ്രാവർത്തികമാക്കുന്ന തിനുമായി പ്രാദേശിക ഗ്രൂപ്പുകൾ ഉണ്ടാക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിപ്പിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി പ്രഖ്യാപിക്കുകയും ചെയ്യുന്ന PGS (Participatory Guarantee System) സംവിധാനം നടപ്പിലാക്കി വരുന്നു. ബംഗ്ളൂരു ആസ്ഥാ നമായുള്ള RCOF (Regional Centre for Organic Farming) കേരളത്തിൽ PGS ജൈവകൃഷിയുടെ സർട്ടിഫിക്കേഷൻ നൽകു ന്നതിനുള്ള RC (Regional Council) ആയി വി.എഫ്.പി. സി.കെ.-യെ അംഗീകരിച്ചിട്ടുണ്ട്. 224 ഗ്രൂപ്പുകളിലായി 1544 കർഷകർ ഈ കൃഷി രീതിയിൽ അംഗങ്ങളായിക്കഴിഞ്ഞു. ഏകദേശം 751 ഹെക്ടറിലാണ് ഈ കർഷകർ PGS ജൈവകൃഷി നടപ്പിലാക്കുന്നത്. ഇതുകൂടാതെ 19 കർഷകർക്ക് PGS Green സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ജൈവ രോഗകീട നിയന്ത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 14 ജില്ലകളിലേയ്ക്കും ആവശ്യമായ ബയോകൺട്രോൾ ഏജന്റുകളുടെ ഉത്പാദന യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- നഗരപ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നഗരവാസികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്ന തിനുമായി കൗൺസിൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വെജിറ്റബിൾ ഡെവലപ്മെന്റ് പദ്ധതി പ്രകാരം

മുനിസിപ്പൽ പ്രദേശങ്ങളിലെ വീടുകളിൽ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രോബാഗ് പദ്ധതിയും കൗൺസിൽ നടപ്പിലാക്കിവരുന്നു. 38024 ഉപഭോക്താക്കൾക്ക് ഗ്രോബാഗ് ടെറസ്സ് കൃഷിക്കായി ലഭ്യമാക്കിയിട്ടുണ്ട്.

- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ മുഖേന കാലാവസ്ഥ വിവരശേഖരണം നടപ്പിലാക്കി വരുന്നു. വി.എഫ്.പി.സി.കെ. ആസ്ഥാനത്തുള്ള കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ കർഷകർക്ക് പ്രയോജന പ്രദമായ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുന്നതിനുള്ള നടപടികൾ കാർഷിക സർവ്വകലാശാലയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്.

- കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വളപ്രയോഗ ശിപാർശകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തുവരുന്നു. സൂക്ഷ്മ മൂലകങ്ങൾ അടങ്ങിയ വളപ്രയോഗരീതി പ്രോത്സാഹിപ്പിക്കുകയും ഇവയുടെ ഉപയോഗത്തിനായി ധന സഹായവും നൽകുന്നുണ്ട്. മണ്ണിന്റെ അമ്ലത കുറയ്ക്കുവാനായി 4500 ഹെക്ടറിൽ സോയിൽ അമിലിയോറന്റ്സ് ഉപയോഗി ക്കുന്നതിനുള്ള ധനസഹായം തെരഞ്ഞെടുത്ത ജില്ലകളിൽ നൽകി കഴിഞ്ഞു. കൂടാതെ മണ്ണ് പരിശോധനയുടെ ഗുണഫലങ്ങൾ എല്ലാ കർഷകരിലും എത്തിക്കുന്നതിനായുള്ള ശ്രമങ്ങളും കൗൺസിൽ ചെയ്തുവരുന്നു.

  ആലപ്പുഴ ജില്ലയിൽ ഉറവൂരും, മലപ്പുറം ജില്ലയിൽ തിരുവാലിയിലും ആധുനിക രീതിയിൽ പണികഴിപ്പിക്കുന്ന മണ്ണ് പരിശോധന ലാബുകളുടെ നിർമ്മാണം പൂർത്തിയായി. ഈ സാമ്പത്തിക വർഷം തന്നെ ലാബുകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്.

- പങ്കാളിത്ത വായ്പാ പദ്ധതി വഴി സ്വാശ്രയ സംഘങ്ങളിലെ കർഷകർക്ക് കൃഷിക്കാവശ്യമായ വായ്പ ലളിതവും സുതാര്യവുമായ വ്യവസ്ഥകളോടെ യഥാസമയം ലഭ്യമാക്കുന്നു. ഇതിനായി 12 ബാങ്കുകളുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. പ്രതിവർഷം 70 കോടിയോളം രൂപ കാർഷിക വായ്പയായി കുറഞ്ഞ പലിശ നിരക്കിൽ കെ.സി.സി. സ്കീം വഴി കർഷകർക്ക് ലഭ്യമാക്കുന്നു.

- ഗ്രൂപ്പ് ചർച്ചകളും പ്രായോഗിക പരിശീലനങ്ങളും ഉൾപ്പെടുത്തി സാങ്കേതിക വിദഗ്ധരും ഉദ്യോഗസ്ഥരും മാസ്റ്റർ കർഷകരും വഴി കർഷകരിലേയ്ക്ക് എത്തുന്ന പരിശീലന പരിപാടികളും ഇതുകൂടാതെ പഠനയാത്രകൾ, സെമിനാറുകൾ, കർഷകസമ്പർക്ക പരിപാടികൾ, എക്സിബിഷനുകൾ എന്നിവയും കൗൺസിൽ നടപ്പിലാക്കുന്നുണ്ട്.
- കർഷകരെ സംരംഭകരാക്കുന്നതിനുദ്ദേശിച്ച് നടത്തിയ വൈഗ ശില്പശാലയിൽ രണ്ടുവർഷവും കൗൺസിൽ സജീവമായി പങ്കെടുക്കുകയും പ്രദർശന സ്റ്റാൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പഴം പച്ചക്കറിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികളാണ് കൗൺസിൽ നടപ്പിലാക്കിവരുന്നത്. ഫീൽഡുതല വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കൗൺസിൽ ഉദ്യോഗസ്ഥർ കൃഷിയിട സന്ദർശനങ്ങൾ വഴിയും സ്വാശ്രയസംഘങ്ങളിലെ യോഗങ്ങളിൽ കർഷകരുടെ ഉല്പാദന സംബന്ധിയായ പ്രശ്നങ്ങൾ അവലോകനം ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. മാസത്തിൽ രണ്ടുതവണ ജില്ലാതലത്തിൽ ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനാവലോകന യോഗങ്ങളിൽ ജില്ലയിൽ നടപ്പിലാക്കുന്ന ഉല്പാദന വിപണന മേഖലകളിലെ എല്ലാ പദ്ധതികളും അവലോകനം ചെയ്യപ്പെടുന്നുണ്ട്. ഇതുകൂടാതെ മാസത്തിൽ ഒരു പ്രാവശ്യം നടത്തുന്ന ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടേയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആവശ്യമെങ്കിൽ പ്രധാന പദ്ധതികൾ അവലോകനം ചെയ്യുന്നതിന് യോഗം കൂടി പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. എല്ലാ വർഷവും കൗൺസിൽ എല്ലാ ജില്ലകളിലും കർഷക സമ്പർക്ക പരിപാടി സംഘടിപ്പിക്കുകയും കൗൺസിൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യാറുണ്ട്. ഇത്തരം പരിപാടികളിൽ നിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ കൗൺസിൽ ചെയർമാന്റെ ശ്രദ്ധയിൽ പെടുത്തുകയും പ്രധാന പദ്ധതികൾ ബോർഡ് യോഗങ്ങളിൽ അവലോകനം നടത്തുകയും ചെയ്യാറുണ്ട്.

(സി) നൂതന ഉൽപാദന സാങ്കേതിക വിദ്യകൾ വ്യാപകമാക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരണത്തിനും കാർഷിക വിജ്ഞാന വ്യാപനത്തിനും വി.എഫ്.പി.സി.കെ. നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

<u>പച്ചക്കറികൃഷിയിലെ നൂതന സാങ്കേതിക വിദ്യാവ്യാപനം</u> :

ഉദ്യോഗസ്ഥരുടെയും ശാസ്ത്രജ്ഞരുടെയും സഹായത്തോടെ നാട്ടറിവുകളും ശാസ്ത്രീയ രീതികളും സംയോജിപ്പിച്ച് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേയ്ക്ക് എത്തിക്കുന്ന പങ്കാളിത്ത ഗവേഷണ പദ്ധതികൾ, ഡെമോൺസ്ട്രേഷനുകൾ, തീവ്രയത്ന പരിപാടികൾ എന്നിവ കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. ഫീൽഡ് തലത്തിലെ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കാർഷിക സർവ്വകലാശാലയിൽ നിന്നും കൗൺസിലിൽ നിന്നുമുള്ള വിദഗ്ദ്ധരടങ്ങുന്ന സംഘത്തിന്റെ ഫീൽഡ് സന്ദർശനങ്ങളും നടത്തപ്പെടുന്നു. ഈ പദ്ധതി പ്രകാരം 80 പരീക്ഷണത്തോട്ടങ്ങൾ നടത്തുകയും 105 മാതൃകാ പ്രദർശനത്തോട്ടങ്ങളും 25 തീവ്രയത്ന പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകളും പ്രകൃതിക്കിണങ്ങിയ കൃഷിരീതികളും കമ്പോസ്റ്റിങ് രീതികളും ഫലപ്രദമായി പ്രചരിപ്പിക്കുന്നതിന് ഇവ സഹായിച്ചിട്ടുണ്ട്.

<u>കാർഷിക വിജ്ഞാന വ്യാപനം</u> :

ഓഫീസില്ലാതെ കർഷകരുടെ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങിചെല്ലുന്ന വിജ്ഞാന വ്യാപന പ്രവർത്തനശൈലിയാണ് കൗൺസിൽ പ്രാവർത്തികമാക്കുന്നത്. ഗ്രൂപ്പ് ചർച്ചകളും പ്രായോഗിക പരിശീലനങ്ങളും ഉൾപ്പെടുത്തി സാങ്കേതിക വിദഗ്ദ്ധരും ഉദ്യോഗസ്ഥരും മാസ്റ്റർ കർഷകരുംവഴി കർഷകരിലേയ്ക്ക് എത്തുന്ന പരിശീലന പരിപാടികളും ഇതുകൂടാതെ പഠന യാത്രകൾ, സെമിനാറുകൾ, കർഷക സമ്പർക്ക പരിപാടികൾ, എക്സിബിഷനുകൾ എന്നിവയും കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ കൃഷിയെ സംബന്ധിക്കുന്ന ലേഖനങ്ങൾ, ലഘുരേഖകൾ, പുസ്തകങ്ങൾ എന്നിവ കൗൺസിൽ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങളിലേയ്ക്കും/കർഷകരിലേയ്ക്കും എത്തിക്കുകയും ചെയ്യുന്നു. കൗൺസിൽ പ്രസിദ്ധീകരണമായ കൃഷിയങ്കണം ദ്വൈമാസികയിൽ ഉൽപ്പാദന സംബന്ധമായ ലേഖനങ്ങൾ ഉൾപ്പെടുത്തിയും വിജ്ഞാന വ്യാപനം നടത്തിവരുന്നു.

<u>വിപണന സഹായം</u> :

7 മുതൽ 15 വരെയുള്ള സ്വാശ്രയ സംഘങ്ങൾ ചേർന്ന് സ്വാശ്രയ കർഷക സമിതി രൂപീകരിക്കുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം ഇത്തരത്തിലുള്ള 283 സ്വാശ്രയകർഷക സമിതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷപ്പെടുത്തുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു.

കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സമിതികളിലെത്തിച്ച് കച്ചവടക്കാരുടെ സാന്നിധ്യത്തിൽ ലേലംവഴി വിപണനം ചെയ്യുന്നു. ഇതുവഴി ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വിപണന ചെലവുകൾ കുറയ്ക്കുവാനും കർഷകർക്ക് സുസ്ഥിര വരുമാനവും മെച്ചപ്പെട്ട ജീവിത നിലവാരവും ഉറപ്പാക്കാനും കഴിയുന്നു.

**തരിശിടുന്ന നെൽവയലുകളിൽ കൃഷിയിറക്കാൻ നടപടി**

23 (*412) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി ലാഭകരമല്ലാതായതോടെ നെൽവയലുകൾ തരിശ് ഇടുന്ന പ്രവണത വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നെൽകൃഷിചെയ്യുന്ന സ്ഥലങ്ങളുടെ വിസ്തൃതിയിൽ എത്ര മാത്രം കുറവുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) തരിശിടുന്ന നെൽവയലുകൾ പാടശേഖര സമിതികൾക്കോ സ്വയം സഹായ സംഘങ്ങൾക്കോ രണ്ട് വർഷം കൃഷിക്ക് ഏല്പിച്ച് കൊടുക്കുന്ന നിയമ നിർമ്മാണം ഈ മേഖലയിൽ എന്ത് മാറ്റം ഉണ്ടാക്കിയെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ)

(എ) നെൽകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതും ഈ സർക്കാരിന്റെ പ്രവർത്തന ഫലമായി പൊതുസമൂഹത്തിന് കാർഷിക മേഖലയോടുള്ള സമീപനത്തിലുണ്ടായ മാറ്റവും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് ജനകീയ ഇടപെടലുകളിലൂടെ നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിള ഇൻഷ്വറൻസ് പദ്ധതിവഴി നൽകിവരുന്ന ആനുകൂല്യം കാലോചിതമായി പരിഷ്കരിച്ചതിനെത്തുടർന്ന് നെൽകൃഷി ലാഭകരമായ ഒരു തൊഴിൽ എന്ന നിലയിലേയ്ക്ക് ഉയർന്നിട്ടുണ്ട്. പ്രൊഫഷണലുകളായ ചെറുപ്പക്കാർ, കുടുംബശ്രീ സംരംഭകർ തുടങ്ങി സമൂഹത്തിന്റെ നാനാ തുറകളിലുള്ളവർ നെൽകൃഷിയിലേയ്ക്ക് ധാരാളമായി കടന്നുവരുന്നുണ്ട്.

(ബി) 2007-08 മുതൽ 2009-10 വരെയുള്ള മൂന്ന് വർഷക്കാലം നെൽകൃഷി വിസ്തൃതിയിൽ വർദ്ധനവായിരുന്നുവെങ്കിലും ആയതിനുശേഷം 2015-16 വരെ ക്രമേണ വിസ്തൃതി 196870 ഹെക്ടറായി കുറയുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരന്തരമായ ഇടപെടലുകളിലൂടെ വിസ്തൃതി വർദ്ധിപ്പിച്ചുവെങ്കിലും 2016-17 വർഷത്തിൽ ഈ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ വരൾച്ചമൂലം

നെൽകൃഷിയിൽ 50917.62 ഹെക്ടർ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ട്. 2017-18-ൽ കൃഷി വകുപ്പിന്റെ നക്കൽ കണക്കുകൾ പ്രകാരം 220449.375 ഹെക്ടർ കൃഷി ചെയ്തിട്ടുണ്ട്.

(സി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വരുത്തിയ പുതിയ ഭേദഗതി പ്രകാരം നെൽവയലുകൾ പരിവർത്തനപ്പെടുത്തുന്നത് ജാമ്യമില്ലാത്ത കുറ്റമായി പരിഗണിക്കുകയും തരിശിടുന്ന നെൽവയലുകൾ കൃഷി ചെയ്യുന്നതിനോ കൃഷി ചെയ്യാൻ അനുവദിക്കുന്നതിനോ ഉടമസ്ഥരെ നിർബന്ധിതരാക്കുന്നതിനും അല്ലാത്ത പക്ഷം കൃഷി ചെയ്യുന്നതിനുള്ള അവകാശം അനുവദിച്ച് നൽകുന്നതിന് റവന്യൂ അധികാരികൾക്ക് അനുവാദം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമഭേദഗതിയുടെ ഫലമായി തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ മാറി കൂടുതൽ മേഖലയിലേയ്ക്ക് തരിശുനില കൃഷി വ്യാപിപ്പിക്കാനാകു മെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ഇതിനകം തന്നെ സർക്കാരിന്റെ ഇടപെടൽമൂലം തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനും നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ത്രിതല പഞ്ചായത്തുകൾ, വിവിധ കർഷക സംഘങ്ങൾ, പാടശേഖര സമിതികൾ, കുടുംബശ്രീകൾ, യുവാക്കളുടെ കൂട്ടായ്മകൾ എന്നിവയുടെ മുൻകൈയ്യാൽ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ഈ മേഖലയിൽ പൊതുവായ ഉണർവ് ഉണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ലക്ഷ്യമിട്ടതിലും അധികം തരിശുനിലകൃഷിയും കരനെൽകൃഷിയും ചെയ്യാൻ സാധിച്ചതും മറ്റും ഈ ഉണർവ്വിന്റെയും കൂട്ടായ്മയുടെയും തെളിവാണ്.

**കേരഫെഡിന് ആവശ്യമായ കൊപ്ര**

24 (*413) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിന് ദൈനംദിനാവശ്യങ്ങൾക്കുള്ള കൊപ്ര സംസ്ഥാനത്തിനുള്ളിൽ നിന്നു തന്നെ ലഭ്യമാകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കേരഫെഡിന് ആവശ്യമായ കൊപ്ര സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നുണ്ടെങ്കിൽ അത് എവിടെ നിന്നാണെന്നും ഇതിന് ക്വിന്റലിന് എത്ര രൂപ ചെലവ് വരുന്നുണ്ടെന്നും അറിയിക്കുമോ;

(സി) മറുനാടുകളിൽനിന്ന് കൊണ്ടുവരുന്ന കൊപ്രയുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ടോ; ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ)

(എ-സി) കേരഫെഡിന് ദൈനംദിനാവശ്യങ്ങൾക്കുള്ള കൊപ്ര സംസ്ഥാനത്തിനുള്ളിൽനിന്നും തന്നെയാണ് ലഭ്യമാക്കുന്നത്. ദിനംപ്രതി ഇ-ടെണ്ടർ മുഖേനയാണ് കേരഫെഡിന് ആവശ്യമായ കൊപ്ര വാങ്ങുന്നത്. സംസ്ഥാനത്ത് കൊപ്ര സംഭരിക്കുന്നത് കേരഫെഡും മാർക്കറ്റ് ഫെഡുമാണ്. കൊപ്രയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കേരഫെഡിനും മാർക്കറ്റ് ഫെഡിനും സംവിധാനമുണ്ട്. മറുനാട്ടുകളിൽനിന്നും വരുന്ന കൊപ്ര കേരഫെഡ് സംഭരിക്കുന്നില്ല.

## പൊല്യൂഷൻ ടെസ്റ്റിംഗ് സെന്ററുകൾ

25 (*414) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങൾമൂലം ഉണ്ടാകുന്ന പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനായി പൊല്യൂഷൻ ടെസ്റ്റിംഗ് സെന്ററുകളുടെ നിരീക്ഷണത്തിന് ഒരു കേന്ദ്രീകൃത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം സെന്ററുകൾവഴി പൊല്യൂഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്നതിൽ കെ.എസ്.ആർ.ടി.സി. ബസുകൾ മുൻപന്തിയിലാണെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത ബസുകളുടെ പൊല്യൂഷൻ പരിശോധന കർശനമാക്കുമോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) ഇല്ല. എന്നാൽ കേന്ദ്രീകൃതമായ ഒരു വാഹന പുക പരിശോധനാ സംവിധാനം കെൽട്രോൺ മുഖേന നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) കെ.എസ്.ആർ.ടി.സി. ഉൾപ്പെടെ പൊതുനിരത്തിലുപയോഗിക്കുന്ന എല്ലാ വാഹനങ്ങളും പൊല്യൂഷൻ ടെസ്റ്റിന് വിധേയമാക്കാറുണ്ട്.

**ഹജ്ജ് തീർത്ഥാടനം**

26 (*415) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നും പോകുന്ന ഹജ്ജ് തീർത്ഥാടകർക്ക് എന്തൊക്കെ സംവിധാനങ്ങളാണ് സംസ്ഥാനസർക്കാർ ഒരുക്കിക്കൊടുക്കുന്നത്; വിശദമാക്കുമോ;

(ബി) കേരളത്തിൽനിന്നും ഓരോ വർഷവും കൂടുതൽപേരെ ഹജ്ജ് തീർത്ഥാടനത്തിന് അയയ്ക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെ എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാർ ഭാഗത്ത് നിന്നും നൽകുന്നുണ്ട്. ഹജ്ജ് അപേക്ഷകൾ ഓൺലൈൻവഴി ചെയ്യുന്നതിന് സർക്കാരിന്റെ കീഴിലുള്ള അക്ഷയ കേന്ദ്രങ്ങൾവഴി സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഹജ്ജ് യാത്ര പുറപ്പെടുന്നതിന് മുമ്പായി ഹാജിമാർക്ക് മൂന്ന് ഘട്ടങ്ങളിലായി പരിശീലനങ്ങൾ നൽകുന്നതിന് സർക്കാർ സംവിധാനങ്ങളിലുള്ള ഓഡിറ്റോറിയങ്ങളും കോൺഫറൻസ് ഹാളുകളും സൗജന്യമായും കുറഞ്ഞ നിരക്കിലും നൽകാറുണ്ട്. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ സർക്കാർ ആശുപത്രികളിലുംനിന്നും ഹജ്ജ് തീർത്ഥാടകർക്ക് ഓറൽ പോളിയോ വാക്സിനേഷനും പ്രതിരോധ കുത്തിവെപ്പും ആരോഗ്യപരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വിദഗ്ധ ഡോക്ടർമാരുടെയും നിർദ്ദേശങ്ങളും നൽകുന്നുണ്ട്. ക്യാമ്പിന്റെ സുഗമമായ പ്രവർത്തനത്തിനും വിവിധ വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനും ക്യാമ്പിലെ ഹജ്ജ് സെല്ലിലേയ്ക്ക് ആവശ്യമായ സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്യുന്നു. കൂടാതെ ഹജ്ജ് യാത്രാ വേളയിൽ ഹാജിമാരെ സൗദി അറേബ്യയിൽ സഹായിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ മുസ്ലീം സമുദായത്തിലെ ജീവനക്കാരിൽ നിന്ന് ഹജ്ജ് വോളണ്ടിയർമാരായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അയയ്ക്കാറുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റ് ഇൻ എയ്ഡും അനുവദിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ ഹജ്ജ് കമ്മിറ്റിയാണ് തീർത്ഥാടകർക്കായുള്ള ഹജ്ജ് പരിശീലന ക്ലാസും ഹജ്ജ് ക്യാമ്പും നടത്തിവരുന്നത്.

(ബി) നിലവിൽ ഹജ്ജ് ക്വാട്ട സംസ്ഥാനങ്ങൾക്ക് വീതിക്കുന്നത് മുസ്ലീം ജനസംഖ്യാനുപാതികമായിട്ടാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റിയും കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയവുമാണ് ഇക്കാര്യങ്ങൾ തീരുമാനിക്കുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിക്കുന്ന സംസ്ഥാനമായ കേരളത്തിന് അപേക്ഷകളുടെ എണ്ണം അടിസ്ഥാനമാക്കി ക്വാട്ട വീതം വയ്ക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**നാഷണൽ റർബൻ മിഷൻ**

27 (*416) ശ്രീ. എസ്. ശർമ്മ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ വികസനത്തിനായി നാഷണൽ റർബൻ മിഷൻ (എൻ.ആർ.യു.എം.) പ്രകാരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ, സംരംഭകത്വ വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഇതിൻ പ്രകാരം സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളെ ഇതുവരെ തെരഞ്ഞെടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള കേന്ദ്രവിഹിതമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും സംസ്ഥാന വിഹിതമായി എത്ര രൂപ 2018-19 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ)

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത് :

1. ഗ്രാമീണ റോഡുകളുടെ നിർമ്മാണം
2. ആഴ്ചയിൽ 24 മണിക്കൂറും കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതികൾ
3. ഗ്രാമീണ റോഡുകളിൽ ഓടകളുടെ നിർമ്മാണം
4. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ
5. ആധുനിക സൗകര്യങ്ങളോടുകൂടിയ മൊബൈൽ ഹെൽത്ത് യൂണിറ്റ്
6. പാവപ്പെട്ടവർക്ക് എൽ.പി.ജി. പാചകവാതക കണക്ഷൻ
7. കാർഷിക വിഭവങ്ങൾ ശേഖരിച്ച് സംസ്കരിച്ച് മൂല്യാധിഷ്ഠിത വിഭവങ്ങൾ ഉണ്ടാക്കുന്നതിനുള്ള കേന്ദ്രങ്ങൾ
8. തൊഴിൽരഹിതരുടെ നൈപുണ്യ ശേഷി വികസനം
9. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ
10. പൊതുജന സേവന കേന്ദ്രങ്ങളുടെ ആരംഭം
11. സാധാരണക്കാർക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകൽ
12. ഖരമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ
13. ദ്രവ മാലിന്യങ്ങളുടെ സംസ്കരണ പദ്ധതികൾ.

(സി) 22 പഞ്ചായത്തുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | വെള്ളനാട്<br>ആര്യനാട് |
| 2 | കൊല്ലം | നെടുമ്പന<br>തൃക്കോവിൽവട്ടം |

| (1) | (2) | (3) |
|---|---|---|
| 3 | ആലപ്പുഴ | കഞ്ഞിക്കുഴി<br>മാരാരിക്കുളം നോർത്ത് |
| 4 | കോട്ടയം | പുതുപ്പള്ളി<br>മണർകാട് |
| 5 | എറണാകുളം | പുത്തൻവേലിക്കര<br>കുന്നുകര |
| 6 | തൃശ്ശൂർ | പുന്നയൂർകുളം<br>വടക്കേക്കാട് |
| 7 | പാലക്കാട് | പുതുക്കോട്<br>കാവശ്ശേരി |
| 8 | മലപ്പുറം | എടപ്പാൾ<br>വട്ടംകുളം<br>താനാളൂർ<br>നിറമരുതൂർ |
| 9 | കണ്ണൂർ | മങ്ങാട്ടിടം<br>കോട്ടയം<br>ചെമ്പിലോട് പെരളശ്ശേരി |

(ഡി) ഒന്നാംഘട്ട ക്ലസ്റ്ററുകൾക്ക് കേന്ദ്ര വിഹിതമായി ആകെ 43.20 കോടി രൂപയും അതിനാനുപാതികമായി 28.80 കോടി രൂപ സംസ്ഥാന വിഹിതമായും അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ട ക്ലസ്റ്ററുകൾക്ക് കേന്ദ്ര വിഹിതമായി 21.6 കോടി രൂപയും സംസ്ഥാന വിഹിതമായി 14.4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഫാമുകളുടെ ആധുനികവത്കരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ

28 (*417) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെ ആധുനികവത്കരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ജലവിഭവ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഏജൻസിയായ വാപ്കോസ് (WAPCOS) മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

(സി) കൃഷി ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ നടപടികൾ പൂർത്തിയായോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കാണ് പ്രസ്തുത ശമ്പളപരിഷ്കരണ ആനുകൂല്യം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ) സംസ്ഥാനത്ത് ഫാമുകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി 500 ലക്ഷം രൂപ, കേര സമൃദ്ധി എന്ന ബൃഹത്തായ പദ്ധതിയിൽ വിത്ത് തേങ്ങ സംഭരണത്തിനും ഗുണമേൻമയുള്ള തെങ്ങിൻ തൈ ഉല്പാദനത്തിനും 250 ലക്ഷം രൂപ, ഗുണമേൻമയുള്ള ടിഷ്യൂകൾച്ചർ തൈകൾ ഉല്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപ, ഹൈടെക് നഴ്സറികളുടെ പ്രവർത്തനത്തിനും തൈകളുടെ ഉല്പാദനത്തിനുമായി 25 ലക്ഷം രൂപ, നിലവിലുള്ള പഴത്തോട്ടങ്ങളുടെ മാതൃവൃക്ഷ സംരക്ഷണത്തിനും പുതിയവ നട്ടുപിടിപ്പിക്കുന്നതിനും 100 ലക്ഷം രൂപ, വിദേശയിനം പഴവർഗ്ഗങ്ങളുടെ തൈകൾ നട്ടുപിടിപ്പിച്ച് തോട്ടം നിർമ്മിക്കുന്നതിനായി 100 ലക്ഷം രൂപ, ജൈവകൃഷിയിലൂടെ ഗുണമേന്മയേറിയ ഉല്പാദനോപാധികളുടെ വിതരണം ലക്ഷ്യമാക്കി സംയോജിത കൃഷി നടപ്പിലാക്കുന്നതിന് 200 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഫാമുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി യന്ത്രവൽക്കരണവും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 760 ലക്ഷം രൂപയും വകയിരുത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുഷ്പകൃഷി വികസനത്തിന്

മേൽത്തരം നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ജില്ലാ ഫാമുകൾക്ക് 25 ലക്ഷം രൂപയും ഔഷധ സസ്യ കൃഷി വികസനത്തിന് ഫാമുകളിൽ ക്രോപ്പ് മ്യൂസിയം സ്ഥാപിക്കുന്നതിന് 14 ലക്ഷം രൂപയും വകയിരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) വട്ടവട, കാന്തല്ലൂർ സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺ, ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം, ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം, നെല്ലിയാമ്പതി എന്നിവയുടെ സമഗ്രമായുള്ള വികസനത്തിന് കേന്ദ്ര ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ വാപ്കോസിന്റെ സഹായം ലഭ്യമാക്കുന്നതിനും വിശദമായ പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് വിശദമായ സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കി ദർഘാസ് ക്ഷണിക്കുക, ടി പ്രോജക്ടിന്റെ മേൽനോട്ടം വഹിക്കുക, കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുക എന്നീ സേവനങ്ങളാണ് വാപ്കോസിൽ നിന്നും ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ 17-5-2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 08/2017/കൃഷി അനുസരിച്ച് പരിഷ്കരിക്കുകയുണ്ടായി. 30-10-2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 16/2017/കൃഷി അനുസരിച്ച് ശമ്പള പരിഷ്കരണ ഉത്തരവിൽ ഭേദഗതികൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്കും കാഷ്വൽ തൊഴിലാളികൾക്കുമാണ് ശമ്പള പരിഷ്കരണ ആനുകൂല്യം ലഭ്യമാകുന്നത്.

**സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)**

29 (*419) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ജോയി :
ശ്രീ. റ്റി. വി. രാജേഷ് :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രംഗത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(സി) കേരളം സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സമ്പൂർണ്ണ ശുചിത്വ യജ്ഞപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്;

(ഡി) ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി മിഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ)

(എ) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ), ശുചിത്വ കേരളം (അർബൻ), ശുചിത്വ കേരളം (റൂറൽ), ഹരിത കേരളം മിഷൻ എന്നിവയാണ് സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ

(ബി) വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണം, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്, വിവര വിജ്ഞാന വ്യാപനം-ശേഷി വികസനം, ഖര-ദ്രവ മാലിന്യ പരിപാലനം എന്നീ ഘടകങ്ങളാണ് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

(സി) 2016 നവംബർ 1-ന് സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങൾ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ വെളിയിട വിസർജ്ജന വിമുക്ത സുസ്ഥിരത, പൊതുശുചിത്വ സൗകര്യങ്ങൾ, ഖര-ദ്രവ മാലിന്യ പരിപാലനം എന്നീ പ്രധാന പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്.

(ഡി) ഗാർഹിക-സ്ഥാപന തലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനമൊരുക്കാൻ കഴിയാത്തവർക്കായി കമ്മ്യൂണിറ്റിതലങ്ങളിൽ തുമ്പൂർമൂഴി മാതൃകയിൽ എയ്റോബിക് കംമ്പോസ്റ്റിംഗ് ബിന്നുകൾ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടപ്പിലാക്കി വരുന്നു. സാധ്യമായ ഇടങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എം.സി.എഫ്., ആർ.ആർ.എഫ്. എന്നിവ സ്ഥാപിക്കുന്നതോടൊപ്പം പുനഃചംക്രമണ വിധേയമല്ലാത്ത പ്ലാസ്റ്റിക്കുകൾ ഷ്രെഡ് ചെയ്ത് ഉപയോഗിക്കുന്നതിനായി ഷ്രെഡിംഗ് യൂണിറ്റുകളും സ്ഥാപിച്ചുവരുന്നു. ദ്രവമാലിന്യ പരിപാലനത്തിനായി സോക്ക് പിറ്റ്, സ്വീവേജ്

ട്രീറ്റമെന്റ് പ്ലാന്റ്, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, എഫ്ലുവന്റ് ട്രീറ്റമെന്റ് പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ നൽകി വരുന്നു. കൂടാതെ റസിഡന്റ്സ് അസോസിയേഷനുകൾ, കോളനികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, ഇറച്ചിക്കടകൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ വലിയ കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് പ്രോജക്ടുകൾക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകി വരുന്നു.

## തമിഴ്നാട്ടുമായുള്ള അന്തർ സംസ്ഥാന ബസ് സർവ്വീസ് കരാർ

30 (*420) ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതിനായി കേരളം തമിഴ് നാട്ടുമായി പുതിയ അന്തർ സംസ്ഥാന കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കരാർ പ്രകാരം എത്ര സർവ്വീസുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതുമൂലം പ്രതീക്ഷിക്കുന്ന വരുമാന വർദ്ധനവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എ. കെ.ശശീന്ദ്രൻ) :

(എ) തമിഴ്നാട്ടുമായി പുതിയ അന്തർസംസ്ഥാന കരാറിൽ ഏർപ്പെടുന്നതിന്റെ ഭാഗമായി 27-2-2018-ന് കേരളത്തിലേയും തമിഴ്നാട്ടിലേയും ഗതാഗതമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് വച്ച് പ്രാഥമിക കരാർ ഒപ്പ് വച്ചിട്ടുണ്ട്. പ്രാഥമിക കരാർ വ്യവസ്ഥകൾ സർക്കാർ ഗസറ്റിൽ കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും മറ്റും വിലയിരുത്തി അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതോടുകൂടി മാത്രമേ ടി കരാർ പ്രകാരമുള്ള പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(ബി) 49 റൂട്ടുകളിലായി 88 ബസ്സുകൾ ഉപയോഗിച്ച് 8865 കിലോമീറ്റർ ദൂരം പുതുതായി സർവ്വീസ് ആരംഭിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൂടാതെ ഉത്സവകാലങ്ങളിലും വാരാന്ത്യ ദിനങ്ങളിലും പ്രത്യേക സർവ്വീസ് നടത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഇതുമൂലം ലഭ്യമാകുന്ന വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ കണക്കാക്കിയിട്ടില്ല. പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന മുറയ്ക്ക് മാത്രമെ വരുമാന വർദ്ധനവ് സംബന്ധിച്ച കണക്കുകൾ ലഭ്യമാകുകയുള്ളൂ.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ

1 (4035) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വനിതാ കൃഷി ഓഫീസർമാർക്ക് അവരുടെ ജില്ലയിലോ അയൽ ജില്ലയിലോ നിയമനം നൽകുന്നതിന് പ്രത്യേക പരിഗണന നൽകുമോ;

(സി) കൃഷി ഓഫീസർമാരുടെ സേവനം കൃഷി സംബന്ധമായ പ്രവർത്തനങ്ങളിൽ മാത്രം വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർമാരുടെ നാൽപ്പത് ഒഴിവുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 3 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 3 |
| കോട്ടയം | 1 |
| എറണാകുളം | 0 |
| ഇടുക്കി | 1 |
| തൃശ്ശൂർ | 0 |

| | |
|---|---|
| മലപ്പുറം | 7 |
| പാലക്കാട് | 2 |
| കോഴിക്കോട് | 3 |
| കണ്ണൂർ | 9 |
| വയനാട് | 1 |
| കാസർഗോഡ് | 7 |

(ബി) നിലവിൽ സ്വന്തം ജില്ലയിലോ അയൽ ജില്ലയിലോ നിയമനം നൽകുന്നതിന് പ്രത്യേക വ്യവസ്ഥ നിലവിലില്ല.

(സി) കൃഷി ഓഫീസർമാരെ സാധാരണയായി കൃഷി സംബന്ധമായ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. എന്നാൽ മറ്റ് ബോർഡുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ അന്യത്ര സേവന വ്യവസ്ഥയിലും തെരഞ്ഞെടുപ്പ് ജോലി പോലുള്ള അത്യാവശ്യ ഘട്ടങ്ങളിലും കാർഷികേതര ജോലികൾ ചെയ്യേണ്ടതായി വരുന്നുണ്ട്. സാധാരണയായി കൃഷിസംബന്ധമായ പ്രവർത്തനങ്ങളിൽ മാത്രമാണ് കൃഷി ഓഫീസർമാരുടെ സേവനം വിനിയോഗിക്കുന്നത്.

**പാലക്കാട് ജില്ലയിലെ നെൽകൃഷി**

2 (4036) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ നിലവിൽ എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നെൽകൃഷി പ്രോത്സാഹിപ്പിച്ച് നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ നടപ്പുവർഷം 90580 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു.

(ബി) നെൽകൃഷി പ്രോത്സാഹിപ്പിച്ച് നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

1. പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY), പാലക്കാട് നെൽകൃഷി വികസന ഏജൻസി (PNKVA) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന സഹായം നൽകുന്നു.

2. ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്ന പദ്ധതിയിൽ 349 ഹെക്ടർ സ്ഥലം ഇരുപ്പൂകൃഷി ചെയ്തു.

3. തരിശായി കിടക്കുന്ന സ്ഥലങ്ങളുടെ സർവ്വേ നടത്തുകയും തരിശു നിലങ്ങളിൽ കൃഷി ചെയ്യാൻ ആരംഭിക്കുകയും ചെയ്തു. നടപ്പുവർഷം 167.1 ഹെക്ടർ തരിശുനിലം കൃഷി ചെയ്തു.

4. നെൽകർഷകർക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിലൂടെ ധനസഹായം നൽകുന്നുണ്ട്. നടപ്പ് വർഷം 90580 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തു.

5. കരനെല്ല് കൃഷി ചെയ്യിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 113 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്തു.

6. സോയിൽ ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ 75 ശതമാനം സബ്സിഡി നിരക്കിൽ കുമ്മായവും സൂക്ഷ്മ മൂലകങ്ങൾ 50 ശതമാനം സബ്സിഡി നിരക്കിലും നൽകുന്നു.

7. എൻ.എഫ്.എസ്.എം. പദ്ധതികളിൽ കുറ്റിപമ്പ്, പമ്പ്സെറ്റ്, കോണോ വീഡർ തുടങ്ങിയവ 50 ശതമാനം സബ്സിഡി നിരക്കിലും നൽകുന്നു.

8. സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി പദ്ധതി യധിഷ്ഠിത ഘടകങ്ങളിൽപ്പെടുത്തി എക്കോളജിക്കൽ എഞ്ചിനീയറിംഗ്, റൈസ് മില്ലുകൾ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 162 ലക്ഷം രൂപയുടെ പരിപാടികൾ നടപ്പാക്കുന്നുണ്ട്.

9. ഉൽപ്പാദന ബോണസ്സായി ഹെക്ടറിന് 1,000 രൂപ നൽകുന്നു.

10. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയിൽപ്പെടുത്തി നെൽവിത്ത്, ഉഴവുകൂലി എന്നിവ നൽകുന്നുണ്ട്.

11. തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നാണ് കൃഷിപ്പണികൾ ചെയ്യിക്കുന്നത്.

12. വൈദ്യുതി സൗജന്യത്തിന്റെ ആനുകൂല്യം ലഭ്യമാക്കുന്നു.

**കൃഷി വകുപ്പിലെ വിവിധ അഴിമതികളെ സംബന്ധിച്ച് കേസുകൾ**

3 (4037) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കൃഷി വകുപ്പിലെ വിവിധ അഴിമതികളെ സംബന്ധിച്ച് എത്ര കേസുകളിൽ വകുപ്പുതല അന്വേഷണവും വിജിലൻസ് അന്വേഷണവും നടക്കുന്നുണ്ട്;

(ബി) ഏതൊക്കെ ഉദ്യോഗസ്ഥരാണെന്നും ഇവർക്കെതിരെ എന്ത് അഴിമതിയ്ക്കാണ് അന്വേഷണമെന്നും പേരും തസ്തികയും സഹിതം ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ ഉദ്യോഗസ്ഥന്റെ പേരിലാണ് വിജിലൻസ് കേസ് ഉള്ളത് ഇതിന്റെ വിശദാംശങ്ങൾ തസ്തിക സഹിതം വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി വകുപ്പിലെ വിവിധ തസ്തികകളിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല കേസും വിജിലൻസ് കേസും ഉണ്ട്; പേര് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 44 കേസുകളിൽ വകുപ്പുതല അന്വേഷണവും 13 കേസുകളിൽ വിജിലൻസ് അന്വേഷണവും നടക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിയ അഴിമതിക്കെതിരെ വകുപ്പുതല അന്വേഷണം നടക്കുന്നുണ്ട്. അവരുടെ പേരും തസ്തികയും അഴിമതി സംബന്ധിച്ച ലഘുവിവരണവും ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു *.

(സി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് വിജിലൻസ് കേസുള്ള ഉദ്യോഗസ്ഥരുടെ പേരും തസ്തികയും അനുബന്ധമായി ചേർത്തിരിക്കുന്നു .*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 179 ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണവും പത്ത് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണവും നടന്നുവരുന്നു. ടി ഉദ്യോഗസ്ഥരുടെ പേര് സഹിതമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

4 (4038) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ.ഡി. പ്രസേനൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം ഹൈടെക് കൃഷി രീതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(സി) കൃഷിഭവനുകൾ മുഖേന പോളി ഹൗസുകൾ, റെയിൻ ഷെൽട്ടർ തുടങ്ങിയവയ്ക്കായി എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) മുൻപ് ഇപ്രകാരം സ്ഥാപിക്കപ്പെട്ട പോളി ഹൗസുകളുടെ കാര്യക്ഷമത സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ഇ) ഈ മേഖലയിലേയ്ക്ക് കടന്നുവരുന്ന പുതിയ സംരംഭകർക്കായി എന്തെല്ലാം സഹായങ്ങളും പരിശീലനവുമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ മിനി പോളിഹൗസുകളുടെ നിർമ്മാണം, മഴമറകളുടെ നിർമ്മാണം എന്നിവയ്ക്ക് ധനസഹായം നൽകുന്നു. കൂടാതെ ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി പോളിഹൗസ് സ്ഥാപിക്കുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈടെക് ഫാമിംഗ് പദ്ധതിയും മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിത കൃഷി എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മൂല്യം കൂടിയ പച്ചക്കറികളും പുഷ്പങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനായി സൂക്ഷ്മ ജലസേചന സംവിധാനങ്ങളിലൂടെ കൃത്യമായ അളവിൽ വെള്ളവും വളവും നൽകിക്കൊണ്ടുള്ള പ്രിസിഷൻ ഫാമിംഗ് കൃഷി രീതിയാണ് നിലവിൽ ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്.

(സി) സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി കൃഷിക്കുവേണ്ടി കൃഷിഭവനുകൾ മുഖേന മിനി പോളിഹൗസുകളുടെ പ്രോത്സാഹനത്തിനായി 10 ച.മീ., 20 ച.മീ. എന്നീ വലിപ്പത്തിലുള്ള ചെറിയ പോളിഹൗസുകളുടെ നിർമ്മാണത്തിനായി 75 ശതമാനം സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു. 100 ച.മീ. വലിപ്പത്തിലുള്ള മഴമറകളുടെ നിർമ്മാണത്തിനായി ഒരു യൂണിറ്റിന് 50000 രൂപ വീതം ധനസഹായം നൽകുന്നുണ്ട്. കൃഷിഭവനുകൾ മുഖേന സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള പോളിഹൗസ് നിർമ്മാണം, പോളി ഹൗസിലെ കൃഷി എന്നിവയ്ക്കായി ധനസഹായം നൽകുന്നു. ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 400 മുതൽ 4000 ച.മീ. വരെ വിസ്തീർണ്ണമുള്ള പോളിഹൗസുകൾ നിർമ്മിക്കുന്നതിന് ഇരുപത്തിയഞ്ച് ശതമാനം ധനസഹായവും മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നാലായിരം ച.മീ. വരെയുള്ള പോളിഹൗസുകൾ നിർമ്മിക്കുന്നതിന് അമ്പത് ശതമാനം ധനസഹായവും കർഷകർക്ക് നൽകി വരുന്നു. പോളിഹൗസ് നിർമ്മാണത്തിന് നൽകുന്ന സാമ്പത്തിക സഹായത്തിന് ഉപരിയായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പോളിഹൗസിൽ കൃഷി ചെയ്യുന്ന മൂല്യംകൂടിയ പച്ചക്കറികളുടെയും നടീൽ വസ്തുക്കളുടെയും കൃഷിയുടെയും ചെലവിനും കർഷകർക്ക് ച.മീറ്ററിന് 140 രൂപ എന്ന പരിധിക്ക് വിധേയമായി ചെലവിന്റെ അമ്പത് ശതമാനം ധനസഹായം നൽകുന്നു.

(ഡി) ഉണ്ട്.

(ഇ) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥലപരിമിതിയുള്ള കർഷകർക്ക് പോളിഹൗസ് രീതിയിൽ കൃഷി ചെയ്യുന്നതിന് മിനി പോളിഹൗസ് നിർമ്മിക്കുന്നതിന് അഗ്രോ സർവ്വീസ് സെന്ററിലെ തൊഴിലാളികൾക്ക് കേരള കാർഷിക സർവ്വകലാശാലയിൽ പരിശീലനം നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. പരിശീലനം ലഭിച്ച തൊഴിലാളികൾ മുഖേന പോളി ഹൗസ് നിർമ്മിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു. കർഷകർക്കും യുവ ജനങ്ങൾക്കും ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിനായി കേരള

കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ, എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി എന്നിവിടങ്ങളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ എല്ലാ ജില്ലകളിലും ഹൈടെക് കൃഷി ചെയ്യുവാൻ താൽപ്പര്യമുള്ളവർക്ക് പരിശീലനം ലഭ്യമാക്കുന്നതാണ്. ഇതിനുപുറമെ ഹൈടെക് കൃഷിരീതി, സാങ്കേതിക വിദഗ്ദ്ധരുടെ സേവനം കൃഷി വകുപ്പിലൂടെയും കേരള കാർഷിക സർവ്വകലാശാലയിലൂടെയും ലഭ്യമാക്കുന്നുണ്ട്.

**നേന്ത്ര വാഴകൃഷിയിൽ കൈവരിച്ച വളർച്ച**

5 (4039) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ നേന്ത്ര വാഴകൃഷിയിൽ എത്ര ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2015-16, 2016-17 വർഷങ്ങളിലെ സംസ്ഥാനത്തെ നേന്ത്രവാഴ കൃഷിയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു :

| സാമ്പത്തികവർഷം | വിസ്തൃതി(ഹെക്ടർ) | ഉത്പാദനം (മെട്രിക് ടൺ) |
|---|---|---|
| 2015-16 | 59835 | 536155 |
| 2016-17 | 57158 | 489322 |

2016-17 വർഷത്തിൽ ഉണ്ടായ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ച മൂലമാണ് വിസ്തൃതിയിൽ 4.47 ശതമാനവും ഉത്പാദനത്തിൽ 8.73 ശതമാനവും കുറവ് വന്നിരിക്കുന്നത്. പത്തനംതിട്ട, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലാണ് നേന്ത്രവാഴ കൃഷിയിൽ 2016-17 വർഷത്തിൽ കുറവ് വന്നിട്ടുള്ളത്. ഈ സാമ്പത്തിക വർഷം ഉൽപ്പാദനം വർദ്ധിക്കുമെന്നാണ് കൃഷി വകുപ്പ് വിലയിരുത്തിയിരിക്കുന്നത്.

## കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

6 (4040) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കർഷകർക്ക് ഏതെല്ലാം വിധത്തിലുള്ള സേവനങ്ങളാണ് ഇത്തരം കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) യുവതലമുറയെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് കാർഷിക സേവന കേന്ദ്രങ്ങൾ മുഖേന നടപ്പാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ഡി) ഇവയുടെ പ്രവർത്തനം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. സെന്റർ തലത്തിൽ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാതലത്തിൽ പ്രോജക്ട് ഡയറക്ടർ ആത്മയുമാണ് പ്രവർത്തനം വിലയിരുത്തുന്നത്. നിലവിൽ ഭൂരിഭാഗം അഗ്രോ സർവ്വീസ് സെന്ററുകളും നല്ല നിലയിൽ പ്രവർത്തിക്കുന്നു. സ്വന്തമായി ഓഫീസ് മിഷ്യൻ യാർഡ് എന്നിവ ഇല്ലാത്ത അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടാനുണ്ട്. യന്ത്രങ്ങൾ റിപ്പെയർ ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും വേണ്ട നടപടികളെടുത്തുവരുന്നു. സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നു. പ്രവർത്തനങ്ങളുടെ ഏകോപനത്തിനും നിയന്ത്രണത്തിനുമായി ഒരു സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്.

(ബി) കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ യന്ത്രങ്ങൾ വാടകയ്ക്ക് കൊടുക്കുന്നു. കർഷകത്തൊഴിലാളികളുടെ ലഭ്യതയും സേവനവും ഉറപ്പുവരുത്തുന്നു. കർഷകരുടെ ആവശ്യാർത്ഥം വിവിധ കൃഷിപ്പണികൾ ചെയ്യുന്നതിനാവശ്യമായ തൊഴിലാളികളെയും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു. യന്ത്രങ്ങളുപയോഗിച്ച് നിലം ഒരുക്കൽ, മരുന്നുതളി, വിളവെട്ടുപ്പ്,

തെങ്ങുകയറ്റം തുടങ്ങിയ പ്രവർത്തനങ്ങളും ജൈവവളം, നടീൽ വസ്തുക്കൾ തുടങ്ങിയവയുടെ ഉത്പാദനം, വിതരണം തുടങ്ങിയ സേവനങ്ങളും അഗ്രോ സർവ്വീസ് സെന്റർ മുഖേന കർഷകർക്ക് ലഭ്യമാണ്. ട്രാക്ടർ, വീഡ് കട്ടർ, പവർ സ്പ്രെയർ, ഡ്രയർ, പമ്പ് സെറ്റ്, പവർ ടില്ലർ തുടങ്ങിയ ഉപകരണങ്ങൾ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ കർഷകർക്ക് ന്യായമായ വാടകയ്ക്ക് കൊടുക്കുകയും കർഷകരുടെ യന്ത്രങ്ങൾ റിപ്പെയർ ചെയ്തു കൊടുക്കുകയും ചെയ്യുന്നു. ഓരോ അഗ്രോ സർവ്വീസ് സെന്ററിലും വിദഗ്ദ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യന്മാരുടെ സേവനം ലഭ്യമാണ്.

(സി) കാർഷിക മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതിനുവേണ്ടി, യുവാക്കളെയാണ് കാർഷിക സേവന കേന്ദ്രങ്ങളിലെ സേവന ദാതാക്കളായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇവർക്ക് കൃഷിയിലും യന്ത്രവൽക്കരണത്തിലും വിദഗ്ദ്ധ പരിശീലനം നൽകി വരുമാനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നു. കാർഷിക മേഖല നേരിടുന്ന കർഷകത്തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ യുവതലമുറ മുഖേന കാർഷിക സേവന കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. ഇവ കൂടാതെ കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉത്പാദനോപാധികളുടെ ഉത്പാദനം, വിതരണം എന്നിവയും യുവതലമുറ മുഖേന നടപ്പിലാക്കിവരുന്നു. തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള നഴ്സറികൾ തയ്യാറാക്കൽ, കാർഷിക വിളകൾക്ക് വളമിടൽ, മരുന്നുതളി തുടങ്ങിയ വിഷയങ്ങളിലും ട്രാക്ടർ, ടില്ലർ മുതലായ കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും റിപ്പയറിംഗ് നടത്തുന്നതിനുമുള്ള പിരശീലനം യുവതലമുറയ്ക്ക് കാർഷിക സേവന കേന്ദ്രങ്ങൾ മുഖേന നൽകിയിട്ടുണ്ട്.

(ഡി) എല്ലാ ബ്ലോക്കുകളിലും ഓരോ അഗ്രോ സർവ്വീസ് സെന്റർ വീതം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2017-18 വരെ 70 അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 14 സെന്ററുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## ചാലക്കുടി കപ്പത്തോട് സംരക്ഷണ പദ്ധതിക്ക് അനുമതി ലഭ്യമാക്കാൻ നടപടി

7 (4041) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.ഐ.ഡി.എഫ്.-XXIII-ൽ ഉൾപ്പെടുത്തി നബാർഡ് സഹായത്തോടു കൂടി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ കാർഷിക പദ്ധതികൾക്ക് അനുമതിയും ഫണ്ടും അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കപ്പത്തോട് സംരക്ഷണം, ചാത്തൻചാൽ സംരക്ഷണം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) കൃഷി വകുപ്പിനും മണ്ണുസംരക്ഷണ വകുപ്പിനും കൂടി ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 23-ാം ഘട്ടത്തിലേയ്ക്ക് പദ്ധതി സമർപ്പിക്കുവാൻ അനുവദിച്ചിരുന്ന വിഹിതം (സെക്ടറൽ അലോക്കേഷൻ) 110 കോടി രൂപയായിരുന്നു. ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 23-ാം ഘട്ടത്തിലേയ്ക്ക് പരിഗണിക്കുന്നതിനായുള്ള പദ്ധതികൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് നബാർഡ് അനുമതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി പദ്ധതികൾ അനുവദനീയമായ വകുപ്പുതല വിഹിതത്തിന് അനുസൃതമായി ആർ.ഐ.ഡി.എഫ്. 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ചാലക്കുടി മണ്ഡലത്തിലെ കപ്പത്തോട്ടിലേയ്ക്ക് ഒഴുകിയെത്തുന്ന ചെറുതോടുകൾ ഉൾപ്പെട്ട കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി പഞ്ചായത്തിന്റെ ഭാഗങ്ങളും ചാലക്കുടി മുനിസിപ്പാലിറ്റിയുടെ അഞ്ചാം വാർഡിന്റെ ഭാഗങ്ങളും ഉൾപ്പെടുന്ന കപ്പത്തോട് നീർത്തട പദ്ധതി ആർ.ഐ.ഡി.എഫ്.-ന്റെ-19-ാം ഘട്ടത്തിലുൾപ്പെടുത്തി 2014-17 കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ 274.92 ലക്ഷം രൂപ ചെലവഴിച്ച് 1255 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട്. 100% പദ്ധതി പുരോഗതി കൈവരിച്ചിട്ടുണ്ട്. കെ.എൽ.ഡി.സി.-ക്ക് RIDF XXII-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള കപ്പത്തോടിന്റെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ അനുസരിച്ച് റിവൈസ് ചെയ്ത് CTE-യുടെ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ ശിപാർശ ചെയ്തിരുന്നു. അതിൻപ്രകാരം റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാത്തൻചാൽ സംരക്ഷണത്തിനുള്ള പദ്ധതി RIDF XXIII- ൽ ഉൾപ്പെടുത്തിയിരുന്നു. ആയതിന് നബാർഡിന്റെ അംഗീകാരം ലഭ്യമാകാത്ത സാഹചര്യത്തിൽ RIDF XXIV-ൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

## പച്ചക്കറി ഉത്പാദനത്തിലെ വളർച്ച

8 (4042) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ പച്ചക്കറി ഉത്പാദനത്തിൽ എത്ര ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം നല്കുമോ?

ഉത്തരം

2015-16 സാമ്പത്തിക വർഷത്തിൽ 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉത്പാദിപ്പിക്കാനും സാധിച്ചു. 2015-16-ഉം ആയി താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 97,000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 15.45 ശതമാനം ഉൽപ്പാദനം 2016-17-ൽ വർദ്ധിച്ചിട്ടുണ്ട്.

**കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള സഹായങ്ങൾ**

9 (4043) ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന് ഈ സർക്കാർ നടത്തിയ ക്രിയാത്മക ഇടപെടലുകൾ വിശദമാക്കുമോ;

(ബി) ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ സ്ഥലത്ത് കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കരനെൽകൃഷി ചെയ്യുന്ന കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ;

(ഡി) ഏതൊക്കെ മേഖലകളിലാണ് പ്രധാനമായും കരനെൽകൃഷി നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കരനെൽകൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600 രൂപ സബ്സിഡി നൽകി വരുന്നു. 2016-17 സാമ്പത്തിക വർഷം 2752.092 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി ചെയ്യാൻ സാധിച്ചു. നടപ്പ് വർഷം 2500 ഹെക്ടർ

സ്ഥലത്ത് കരനെൽ കൃഷി ചെയ്യാനുദ്ദേശിച്ചിരുന്ന സ്ഥാനത്ത് 2624.64106 ഹെക്ടർ ചെയ്യാൻ സാധിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടലും സഹായവും ഈ പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായിരുന്നു. തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മത/സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയും സജീവമായി സഹകരിച്ചു.

(ബി) 2017-18 സാമ്പത്തിക വർഷം 2500 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാനുദ്ദേശിച്ചിരുന്ന സ്ഥാനത്ത് 2624.64106 ഹെക്ടർ ചെയ്യാൻ സാധിച്ചു.

(സി) സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600 രൂപ സബ്സിഡി നൽകി വരുന്നു. ഇതിനുപുറമെ പദ്ധതിയധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റസിഡന്റ്സ് അസോസിയേഷനുകളിലും മത/സാംസ്കാരിക സ്ഥാപനങ്ങളിലും മറ്റും കൃഷി ചെയ്യുന്നതിനും സമഗ്ര നെൽകൃഷി വികസനം പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

(ഡി) തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലാണ് കൂടുതൽ ശ്രദ്ധ ചെലുത്തിയത്. എല്ലാ ജില്ലകളിൽനിന്നും നല്ല പ്രതികരണമാണ് ലഭിച്ചത്.

(ഇ) സാധിക്കുന്ന എല്ലാ സ്ഥലങ്ങളിലും കരനെൽ കൃഷി ചെയ്യിക്കാൻ കൃഷി വകുപ്പ് ശ്രദ്ധ ചെലുത്തുന്നു. 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് 2757.35 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിനുള്ള സംവിധാനം**

10 (4044) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവമെന്ന പേരിൽ വിറ്റിരുന്ന പച്ചക്കറികളിൽ കീടനാശിനികൾ കണ്ടെത്തിയതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് കൃഷിവകുപ്പിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജിൽ കീടനാശിനി വിഷാംശ അവശിഷ്ട പരിശോധനാ ലാബ്

പ്രവർത്തിക്കുന്നുണ്ട്. പഴം, പച്ചക്കറി സാമ്പിളുകൾ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് ടി ലാബിൽ പരിശോധന നടത്തി മൂന്ന് മാസത്തിലൊരിക്കൽ പരിശോധനാ ഫലം കേരള സർക്കാർ വെബ് പോർട്ടൽ www.kerala.gov.in-ലും കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടെയും വെബ്സൈറ്റുകളിലും പ്രസിദ്ധപ്പെടുത്തുന്നുണ്ട്. കൂടാതെ കുമരകം, നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധനാ ലാബ് പ്രവർത്തിക്കുന്നുണ്ട്.

**പഴവർഗ്ഗങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം**

11 (4045) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കൃഷി ചെയ്യാവുന്ന പഴവർഗ്ഗങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇവയെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള പ്രചാരണങ്ങളോ പ്രോത്സാഹനങ്ങളോ കർഷകർക്ക് നൽകുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ പഴവർഗ്ഗങ്ങളെ വികസിപ്പിച്ചെടുത്ത് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതും കൃഷി ചെയ്യാവുന്നതുമായ പഴവർഗ്ഗങ്ങൾ, വാഴ, കൈതച്ചക്ക, മാങ്ങ, ടിഷ്യൂ കൾച്ചർ വാഴ, സ്ട്രോബറി, പപ്പായ, ചക്ക, പേര, ലിച്ചി, മാതളം, ആപ്പിൾ, നാരകം, ഓറഞ്ച്, പാഷൻ ഫ്രൂട്ട്, മാംഗോസ്റ്റിൻ, അവക്കാഡോ മുതലായവയാണ്.

(ബി&സി) 2017-18-ൽ സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ എന്ന പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ വാഴ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 22,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. വാഴ കൃഷിയുടെ വിസ്തൃതി, വിളവ് എന്നിവ വർദ്ധിപ്പിക്കുക, വർഷം മുഴുവൻ വാഴപ്പഴ ലഭ്യത ഉറപ്പുവരുത്തുക, ഗുണമേന്മയുള്ള ടിഷ്യുകൾച്ചർ വാഴത്തൈകളുടെ ലഭ്യത ഉറപ്പുവരുത്തുക എന്നിവയാണ് പദ്ധതികളിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. 2017-18-ൽ അടിസ്ഥാന സൗകര്യ വികസനവും ക്രിട്ടിക്കൽ ഗ്യാപ്പ്

ഫില്ലിംഗുമാണ് ലക്ഷ്യമിടുന്നത്. പാക്ക് ഹൗസ് നിർമ്മാണത്തിന് 7 ലക്ഷം രൂപയും ചങ്ങാലിക്കോടൻ (കാഴ്ചക്കുല) വാഴകൃഷിക്ക് 15 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. വാഴയ്ക്ക് താങ്ങ് നൽകുക, കുല പൊതിയുക, ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ വികസിപ്പിക്കുക, പരിശീലനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, ഡോക്യുമെന്റേഷൻ, ഭൗമസൂചിക നിലവാരം ലഭിച്ചത് ഉപയോഗപ്പെടുത്തി വിപണനം വർദ്ധിപ്പിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. ഗുണമേന്മയുള്ള ടിഷ്യൂക്കൾച്ചർ വാഴത്തൈകൾ കഴക്കൂട്ടം ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറിക്കൾച്ചർ സെന്റർ (ബി.എം.എഫ്.സി.) ജില്ലാ ഫാം അഞ്ചൽ, ജില്ലാ ഫാം തളിപ്പറമ്പ്, വി.എഫ്.പി.സി.കെ. എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ വഴി പഴവർഗ്ഗങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള പ്രചാരണം നൽകുന്നതിനായി ജില്ലാ/സംസ്ഥാന/ദേശീയ/അന്തർദേശീയ സെമിനാറുകൾ/ വർക്ഷോപ്പുകൾ/മേളകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പഴവർഗ്ഗങ്ങളുടെ വിളവിസ്തൃതി വ്യാപനത്തിന് ധനസഹായം നൽകുന്നുണ്ട്.

കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ പഴവർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനായി കൃഷിവകുപ്പും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയും കേരള കാർഷിക സർവ്വകലാശാലയും തദ്ദേശഭരണ സ്ഥാപനങ്ങളും ഒരുമിച്ചുകൊണ്ട് വയനാട് ആസ്ഥാനമാക്കി വിവിധ പഴവർഗ്ഗങ്ങൾ (റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, പപ്പായ, ലിച്ചി, സ്ട്രോബറി, മാംഗോസ്റ്റിൻ) വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇതിനായി വയനാട് ജില്ലയിലെ 10 പഞ്ചായത്തുകളും തെരഞ്ഞെടുത്തിട്ടുണ്ട്. APEDA-യുടെ സഹായത്തോടെ ഒരു പായ്ക്ക് ഹൗസ് വയനാട് ജില്ലയിൽ പൂർത്തിയായിട്ടുണ്ട്. തൃശ്ശൂരിൽ നിർമ്മാണം പുരോഗമിക്കുന്നു. കയറ്റുമതിക്കായി പഴവർഗ്ഗങ്ങളും പച്ചക്കറിയും പായ്ക്ക് ചെയ്യുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും പായ്ക്ക് ഹൗസ് പ്രയോജനപ്പെടും.

**പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം**
**സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾ**

12 (4046) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.കെ.എസ്.വൈ. പദ്ധതിക്കായി ഡി.പി.ആർ. കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ കേന്ദ്രത്തിൽനിന്നും ലഭിച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ വകുപ്പ് തിരിച്ച് നൽകുമോ;

(സി) ഈ പദ്ധതി പ്രകാരം ഇന്നേവരെ സമർപ്പിക്കപ്പെട്ട പ്രോജക്റ്റുകളുടെ തീയതി, അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ കാർഷിക ജലസേചന രംഗത്ത് എന്തെല്ലാം മാറ്റം കൊണ്ടുവരാമെന്നാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 മുതൽ 2021 വരെയുള്ള 5 വർഷത്തെ പി.എം.കെ.എസ്.വൈ. പദ്ധതികൾക്കായി സ്റ്റേറ്റ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ പ്രകാരം ജലവിഭവ വകുപ്പിന് 9121.51 കോടി രൂപയുടെയും കൃഷി വകുപ്പിന് 9942.93 കോടി രൂപയുടെയും ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്നതിന് 4697.34 കോടി രൂപയുടെയും കൂടാതെ സംസ്ഥാന വിഹിതമായി 6808.65 കോടി രൂപയുടെയും പദ്ധതികൾ ഉൾപ്പെടെ ആകെ 30570.44 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പി.എം.കെ.എസ്.വൈ. (നീർത്തട ഘടകം) പദ്ധതിക്കായി ഗ്രാമ വികസന വകുപ്പിന് ലഭിച്ചിട്ടുള്ള കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ വിശദാംശങ്ങളും ജില്ലാടിസ്ഥാനത്തിൽ ചെലവായ തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2017-18 സാമ്പത്തിക വർഷം ഒന്നാം ഗഡു കേന്ദ്ര വിഹിതമായി 11.53 കോടി രൂപയും സംസ്ഥാന വിഹിതമായി 7.686 കോടി രൂപയുംകൂടി ആകെ 19.22 കോടി രൂപ ലഭിച്ചിട്ടുണ്ട്. രണ്ടാം ഗഡു കേന്ദ്ര വിഹിതമായി 5.763 കോടി രൂപ അനുവദിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. ഇതിനാനുപാതികമായ രണ്ടാം ഗഡു സംസ്ഥാന വിഹിതം 3.824 കോടി രൂപയാണ്. ആകെ 9.605 കോടി രൂപ രണ്ടാം ഗഡുവായി അനുവദിച്ചിട്ടുണ്ട്. കൃഷി വകുപ്പിന് 2015-16-ൽ District Irrigation Plan (DIP) തയ്യാറാക്കുന്നതിനായി 140 ലക്ഷം രൂപ ലഭിച്ചു. തിരുവനന്തപുരം ജില്ലയ്ക്ക് ഒഴികെ എല്ലാ ജില്ലകൾക്കും പത്ത് ലക്ഷം രൂപ വീതവും തിരുവനന്തപുരം ജില്ലയ്ക്ക് 5.35249 ലക്ഷം രൂപയും ചേർത്ത് ആകെ 135.35249 ലക്ഷം രൂപ നൽകിയിട്ടുണ്ട്. DIP Printing-ന് ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് 4.33056 ലക്ഷം രൂപയും ഡാറ്റാ എൻട്രി ഓപ്പറേറ്റേഴ്സിന് 0.4 ലക്ഷം രൂപയും നൽകി. DIP-ക്ക് അനുവദിച്ച 140 ലക്ഷത്തിൽ 74.73056 ലക്ഷം രൂപ ചെലവഴിച്ചു. 65.35249 ലക്ഷം രൂപ ചെലവഴിച്ചുവരുന്നു. ആത്മ പദ്ധതി പ്രകാരം കപ്പാസിറ്റി ബിൽഡിംഗിനായി 127.2 ലക്ഷം രൂപ കേന്ദ്ര വിഹിതമായും 84.8 ലക്ഷം രൂപ സംസ്ഥാന വിഹിതമായും ആകെ 212 ലക്ഷം രൂപ ലഭിക്കുകയും ആയത് പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തു. ജില്ലാടിസ്ഥാനത്തിൽ നൽകിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾ എസ്.എൽ.എസ്.സി. മീറ്റിംഗിൽ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ 28.8981 കോടി രൂപയുടെ എട്ട് പ്രൊപ്പോസലുകൾ.

2. സോയിൽ സർവ്വെ & സോയിൽ കൺസർവ്വേഷൻ വകുപ്പിന്റെ 1.9065 കോടി രൂപയുടെ എട്ട് പ്രോജക്ടുകൾ.

3. കൃഷി വകുപ്പിന്റെ 2.3 കോടി രൂപയുടെ മൂന്ന് പ്രോജക്ടുകൾ.

4. കേരളാ ലാന്റ് ഡെവലപ്മന്റ് കേർപ്പറേഷന്റെ 0.2059 കോടി രൂപയുടെ ഒരു പ്രോജക്ട്.

5. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ Per Drop More Crop-Micro Irrigation ഘടകത്തിന്റെ 11.6671 കോടി രൂപയുടെ പ്രോജക്ട്.

6. ഹർ ഖേത്ത് കോ പാനി എന്ന ഘടകത്തിൽ 2.25 കോടി രൂപയുടെ പൂമല ഇറിഗേഷൻ പ്രോജക്ട്.

6-3-2018-ന് ചേർന്ന എസ്.എൽ.എസ്.സി. അംഗീകരിച്ച പ്രോജക്ടുകൾക്ക് ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്നതിനുള്ള ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.എം.കെ.എസ്.വൈ. (നീർത്തട ഘടകം) പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17-ൽ സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച 304.91 കോടി രൂപയുടെ ആക്ഷൻ പ്ലാനിന് അംഗീകാരം ലഭിക്കുകയും 2016-17 മുതൽ അഞ്ച് വർഷത്തേയ്ക്ക് നടപ്പിലാക്കുന്നതിനായി 157.64 കോടി രൂപയുടെ പുതിയ പ്രോജക്ടുകൾക്ക് സർക്കാർ ഉത്തരവ് (Rt) No. 64/17/LSGD തീയതി 8-1-2017 മുഖേന ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ജലസേചന പ്രദേശങ്ങളിൽ പൊതുനിക്ഷേപം ഏകോപിപ്പിക്കുക, കൃഷിയോഗ്യമായ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുക, പാഴായി പോകുന്ന ജലത്തിന്റെ തോത് കുറച്ച് അത് ഉപയോഗിക്കുന്നതിന്റെ ദൈർഘ്യവും വ്യാപ്തിയും മെച്ചപ്പെടുത്തുക, കൃത്യത ജലസേചനം പോലുള്ള പുതിയ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക എന്നിവയാണ് പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) വഴി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റൈസ് അഗ്രോ പാർക്കുകൾ

13 (4047) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റൈസ് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾക്ക് വേണ്ടിയുള്ള ഇത്തരം പാർക്കുകളിൽ ചെറുകിട/ഇടത്തരം സംരംഭകർക്ക് ആവശ്യമുള്ള എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിലായി 16 അഗ്രോപാർക്കുകൾ സ്ഥാപിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. അഗ്രോ പാർക്കുകളുടെ DPR തയ്യാറാക്കുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ (KAICO)-യാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആദ്യഘട്ടമായി അഞ്ച് അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ Detailed Project Report (DPR) തയ്യാറാക്കിയിട്ടുമുണ്ട്.

കോക്കനട്ട് പാർക്ക് - കോഴിക്കോട്, മലപ്പുറം

ബനാന & ഹണി പാർക്ക് - തൃശ്ശൂർ

വെജിറ്റബിൾ പാർക്ക് - ഇടുക്കി

മാംഗോ പാർക്ക് - പാലക്കാട്

100 കോടി രൂപയുടെ DPR തയ്യാറാക്കി കിഫ്ബിക്ക് നൽകിയതിൽ 100.1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ റൈസ് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ചെറുകിട/ഇടത്തരം സംരംഭകർക്ക് മൂല്യവർദ്ധിത കാർഷികോത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യവും പരിശീലനവും വിപണന സൗകര്യവും ലഭ്യമാക്കും.

## കേരള ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട്

14 (4048) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക രംഗത്ത് നൂതന സാങ്കേതികവിദ്യകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കേരള ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടാണ് ഈ പ്രോജക്ടുകൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2018-19-ലെ സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ഇന്നൊവേഷൻ എക്സ്റ്റൻഷൻ പ്രോജക്ട് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആത്മ, ആത്മ പ്ലസ് തുടങ്ങിയ സമാന പദ്ധതികളിലെ ഘടകങ്ങൾ, സമൂഹ മാധ്യമങ്ങളുടെ സാധ്യതകൾ, കർഷകരുടെ പ്രായോഗിക അനുഭവങ്ങൾ, കണ്ടെത്തലുകൾ തുടങ്ങിയവ സംയോജിപ്പിച്ചുകൊണ്ട് ഈ പ്രോജക്ട് നടപ്പിലാക്കുവാനാണ് വിഭാവന ചെയ്യുന്നത്.

**കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം**

15 (4049) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരിൽനിന്ന് വിത്ത് സംഭരിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കി വിതരണം നടത്തുന്നതിനും നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ;

(ബി) കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൃഷി വകുപ്പിനു കീഴിലുള്ള സീഡ് ഫാമുകളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിൽ രജിസ്റ്റേർഡ് വിത്ത് ഉല്പാദനം നടത്തുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽ ക്രമക്കേട് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകരിൽനിന്നും രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി മുഖേന ഏകദേശം 9000 മെ.ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന സംഭരിച്ച് ഓരോ വർഷവും വിരിപ്പ്, മുണ്ടകൻ സീസണുകളിൽ

കർഷകർക്ക് ലഭ്യമാക്കി വരുന്നു. പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, മലപ്പുറം ജില്ലകളിലായി 2500 ഹെക്ടർ പാടശേഖരത്തിൽ ആർ.എസ്. ജി.പി. 2017-18 വർഷം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഫൗണ്ടേഷൻ വിത്തുകൾ കൃഷി വകുപ്പിന്റെ ഫാമുകളിൽ ഉല്പാദിപ്പിക്കുകയും അത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി സംഭരിച്ച് രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പദ്ധതിയിലൂടെ (RSGP) കർഷകർക്ക് സൗജന്യമായി സർട്ടിഫൈഡ് വിത്തുല്പാദനത്തിന് നൽകുകയുമാണ് ചെയ്തുവരുന്നത്. ശാസ്ത്രീയമായ രീതിയിൽ വിത്ത് വികസന അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന ഫൗണ്ടേഷൻ വിത്ത് ഉപയോഗിച്ച് കർഷകർ വിത്തുല്പാദനം നടത്തുന്നു. തുടർന്ന് മൂന്ന് പ്രാവശ്യം കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ കൃഷിയിടം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. കലർപ്പോ, കളകളോ, രോഗങ്ങളോ, കീടങ്ങളോ ഉണ്ടെങ്കിൽ അവ ഒഴിവാക്കാനായി നിർദ്ദേശങ്ങൾ നൽകുന്നു. തുടർന്ന് കൊയ്ത്തിനുശേഷം കൃത്യമായ ഉണക്കും പ്രാഥമിക വൃത്തിയാക്കലും കൃഷി ഓഫീസർ ഉറപ്പുവരുത്തുന്നു. ഇങ്ങനെ തയ്യാറാക്കിയിട്ടുള്ള വിത്ത് ലോട്ടിൽ നിന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ (notified seed inspector) സാമ്പിളുകൾ ശേഖരിച്ച് അവ കൃഷി വകുപ്പിന് കീഴിലുള്ള ആലപ്പുഴയിലെയും തിരുവനന്തപുരത്തുമുള്ള വിത്തു പരിശോധനാ ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ടുകൾ സർട്ടിഫിക്കേഷൻ ഏജൻസിയായി സർക്കാർ നിശ്ചയിച്ചിട്ടുള്ള കൃഷി അഡീഷണൽ ഡയറക്ടർക്ക് (സി.പി.) നൽകുന്നു. തുടർന്ന് സർട്ടിഫൈഡ് വിത്തിനായി ടാഗ് അനുവദിക്കുന്ന മുറയ്ക്ക് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി കർഷകരിൽ നിന്നും വിത്ത് സംഭരിച്ച്, വീണ്ടും സംസ്കരിച്ച് ലേബൽ ചെയ്ത്, പായ്ക്ക് ചെയ്ത് തുടർ കൃഷിക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നെൽ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

(ബി) സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തിന്റെ ഉല്പാദനം, സംഭരണം, സംസ്കരണം, വിതരണം എന്നിവ ഏകോപിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് സംസ്ഥാന കാർഷികോത്പാദന കമ്മീഷണർ ചെയർമാനായി കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ രൂപീകരിച്ചിട്ടുള്ളത്. കൃഷി ഡയറക്ടർ, ഡയറക്ടർ ഓഫ് റിസർച്ച് (കേരള കാർഷിക സർവ്വകലാശാല) രജിസ്ട്രാർ (കേരള കാർഷിക സർവ്വകലാശാല) കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്, കർഷക പ്രതിനിധികൾ എന്നിവർ അതോറിറ്റിയുടെ ബോർഡ് അംഗങ്ങളാണ്. കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നിശ്ചിത കാലാവധിയിൽ ബോർഡ് യോഗം ചേർന്ന് വിലയിരുത്തിവരുന്നുണ്ട്. വിത്ത് വികസന അതോറിറ്റിയുടെ പ്രവർത്തനം ഇപ്രകാരമാണ്.

1. സംസ്ഥാനത്ത് ആവശ്യമായ നെൽവിത്ത് ഉല്പാദിപ്പിക്കുന്നതിനുള്ള സീഡ് റോളിംഗ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി കൃഷി ഡയറക്ടർക്ക് സമർപ്പിക്കുന്നു.

2. കൃഷി ഓഫീസർമാരുടെയും അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ആവശ്യപ്രകാരം രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പദ്ധതി നടത്തിപ്പിനാവശ്യമായ ഫൗണ്ടേഷൻ വിത്ത് ഫാമുകളിൽനിന്നും സംഭരിച്ച് രജിസ്റ്റർ ചെയ്ത കർഷകർക്ക് / പാടശേഖര സമിതിക്ക് കൃഷി ഭവൻ വഴി സൗജന്യമായി എത്തിച്ചുകൊടുക്കുന്നു.

3. കർഷകർ / സമിതികൾ രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പദ്ധതി പ്രകാരം ഉൽപ്പാദിപ്പിച്ച നെൽവിത്ത് സർട്ടിഫിക്കേഷൻ ടാഗ് ലഭിക്കുന്നതിന് മുമ്പ് സംഭരിച്ച്, സംസ്കരിച്ച് ലേബൽ ചെയ്ത്, ഗോഡൗണുകളിൽ വിതരണത്തിനായി തയ്യാറാക്കി സൂക്ഷിക്കുന്നു. കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് നിലവിൽ ആലപ്പുഴയിലും എരുത്തേമ്പതിയിലും ഗോഡൗണുകളും സംസ്കരണ യൂണിറ്റുകളുമുണ്ട്.

4. കൃഷി ഭവനുകളിൽനിന്നും ലഭിക്കുന്ന റിക്വസ്റ്റ് പ്രകാരം സർട്ടിഫൈഡ് വിത്ത് (രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പദ്ധതി പ്രകാരം സംഭരിച്ചത്) കിലോയ്ക്ക് 40 രൂപ പ്രകാരം വിതരണം നടത്തുന്നു.

കൂടാതെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയനുസരിച്ച് കൃഷി ഭവനുകളിൽ നിന്നുള്ള റിക്വസ്റ്റ് പ്രകാരം സൗജന്യമായി കർഷകർക്ക് നെൽവിത്ത് ലഭ്യമാക്കുന്നു. നാഷണൽ സീഡ് റിസർവ്, സീഡ് വില്ലേജ്, രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) തുടങ്ങിയ കേന്ദ്ര പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

(സി) കൃഷി വകുപ്പിൽ 33 സീഡ് ഫാമുകൾ നിലവിലുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) രജിസ്റ്റേർഡ് വിത്ത് ഉല്പാദന പദ്ധതി പാലക്കാട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിലായി 2500 ഹെക്ടറിൽ 2017-18 വർഷം നടപ്പാക്കി വരുന്നുണ്ട്. വിരിപ്പൂ, മുണ്ടകൻ സീസൺ സംബന്ധിച്ച് വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിലെ നെല്ല്/പച്ചക്കറി വിത്ത് സംഭരണം, രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പദ്ധതി എന്നിവയിലെ നിർവ്വഹണത്തിലെ ക്രമക്കേടുകൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മൂന്ന് പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെ സേവനത്തിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ക്രമക്കേടുമായി ബന്ധപ്പെട്ട് 12 ഉദ്യോഗസ്ഥർക്ക് കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. ക്രമക്കേട് സംബന്ധിച്ച് പോലീസ് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**കശുമാവ് കൃഷി വികസനത്തിനായുള്ള പ്രവർത്തനങ്ങൾ**

16 (4050) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുമാവ് കൃഷി വികസനത്തിനായി കൃഷിവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) തരിശ് സ്ഥലങ്ങളിലും സർക്കാർ ഓഫീസുകളുടെ പരിസരത്തും കശുമാവ് കൃഷിചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(സി) ഉയരം കുറഞ്ഞ കശുമാവ് കൃഷി ചെയ്യാനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കശുമാവിന്റെ വിള വിസ്തൃതി വ്യാപനം നടത്തിവരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 100 ഹെക്ടറിലും രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലുൾപ്പെടുത്തി 1000 ഹെക്ടറിലും (ആലപ്പുഴ, എറണാകുളം ഒഴികെയുള്ള എല്ലാ ജില്ലകളിലും) കശുമാവിന്റെ വിളവിസ്തൃതി വ്യപാനം നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനായി ഹെക്ടർ ഒന്നിന് 12,000 രൂപയാണ് ധനസഹായം നൽകുന്നത്. ഒരു കർഷകന് പരമാവധി 4 ഹെക്ടർ വരെയാണ് ധനസഹായം നൽകുന്നത്. തരിശ് സ്ഥലങ്ങളിലും സർക്കാർ ഓഫീസുകളുടെ പരിസരത്തും കശുമാവ് കൃഷി ചെയ്യുന്ന പദ്ധതി കൃഷി വകുപ്പിൽ നിലവിലില്ല. കശുമാവ് വിളവിസ്തൃതി വ്യാപന പദ്ധതിയിൽ ഉയരം കുറഞ്ഞ ഇനങ്ങളും

ഉൾപ്പെടുന്നുണ്ട്. എന്നാൽ കൃഷി വകുപ്പിന്റെ കീഴിലുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, ഓയിൽ പാം ഇന്ത്യ എന്നീ സ്ഥാപനങ്ങളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപനത്തിനുള്ള വിപുലമായ പദ്ധതികൾ നടന്നുവരുന്നു.

**കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ**

17 (4051) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിന് കീഴിൽ നൂറുശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതും അൻപതുശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്ത് തുകയാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്; ഇനം തിരിച്ച് വിശദാംശം നൽകുമോ;

(സി) ലഭിച്ച തുകയിൽ ഓരോ ഇനത്തിലും 2018 ഫെബ്രുവരി 28 വരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം പദ്ധതികളുടെ അവലോകനം നടത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കൃഷിവകുപ്പിന് 100% കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതികൾ

(a) നാഷണൽ ബയോഗ്യാസ് മാന്വർ മാനേജ്മെന്റ് പ്രോഗ്രാം.

(b) കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പദ്ധതിയിൽ നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കുന്ന ഒരു ഘടകമായ റീപ്ലാന്റിംഗ് ആന്റ് റെജുവനേഷൻ ഓഫ് ഓൾഡ് കോക്കനട്ട് ഗാർഡൻ.

2017-18 സാമ്പത്തിക വർഷത്തിൽ കൃഷിവകുപ്പിന് 50% കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതികൾ

കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പദ്ധതിയിൽ നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കുന്ന ഘടകങ്ങളായ കോക്കനട്ട് ഫാം ഇൻഷ്വറൻസ് സ്കീമും എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റീജിയണൽ കോക്കനട്ട് നഴ്സറി എന്ന സ്കീമുകളുമാണ് അമ്പത് ശതമാനം കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതികൾ.

(ബി) കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ പദ്ധതികളിൽ മൂന്ന് ഘടകങ്ങളാണ് കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്നത്. ഇതിൽ രണ്ട് ഘടകങ്ങളായ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റീജിയണൽ കോക്കനട്ട് നഴ്സറിയും കോക്കനട്ട് പാം ഇൻഷ്വറൻസും അമ്പത് ശതമാനം സി.ഡി.ബി. സബ്സിഡിയോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണ്. ഇതിൽ എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റീജിയണൽ കോക്കനട്ട് നഴ്സറി പദ്ധതിക്ക് നാൽപ്പത്തിയെട്ട് ലക്ഷം രൂപയും കോക്കനട്ട് പാം ഇൻഷ്വറൻസ് പദ്ധതിക്ക് അഞ്ച് ലക്ഷം രൂപയും റീപ്ലാനിംഗ് ആന്റ് റെജുവനേഷൻ ഓഫ് ഓൾഡ് കോക്കനട്ട് ഗാർഡൻ (നൂറ് ശതമാനം) പദ്ധതിക്ക് 1315.650 ലക്ഷം രൂപയും കേന്ദ്രസർക്കാർ അനുവദിച്ചു തന്നിട്ടുള്ളതാണ്.

(സി) ലഭിച്ച തുകയിൽ, റീപ്ലാനിംഗ് ആന്റ് റെജുവനേഷൻ ഓഫ് ഓൾഡ് കോക്കനട്ട് ഗാർഡൻ എന്ന പദ്ധതിയിൽ ലഭിച്ച തുകയായ 1315.650 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഓരോ സാമ്പത്തിക വർഷവും തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷാവസാനമോ ആ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലോ ഓരോ പദ്ധതിക്കുമുള്ള പ്രസ്തുത സാമ്പത്തിക വർഷത്തെ മൊത്തമായ ടെൻഡേറ്റീവ് അലോക്കേഷൻ കേന്ദ്ര സർക്കാർ അറിയിക്കുന്ന മുറയ്ക്ക് വാർഷിക ആക്ഷൻ പ്ലാൻ സംസ്ഥാന വിഹിതമുൾപ്പെടെ സർക്കാരിന് സമർപ്പിക്കുകയും ആക്ഷൻ പ്ലാൻ അംഗീകരിച്ച് ഒന്നോ രണ്ടോ ഗഡുക്കളായി തുക അനുവദിക്കുന്ന രീതിയാണ് നിലവിലുള്ളത്. 2015-16-ൽ ചില പദ്ധതികൾക്ക് കേന്ദ്രം അനുവദിച്ച തുക ട്രഷറി നിയന്ത്രണംമൂലം 2016-17-ലാണ് ലഭ്യമായത്. ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് 28-3-2017-ലെ 1053625/CC1/2016/PLG നമ്പർ സർക്കുലർ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം പ്ലാനിംഗ് & ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റിന്റെ കോ-ഓർഡിനേഷൻ സെൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തുകയും സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കർശനമായി പാലിച്ചുകൊണ്ട് കേന്ദ്ര അലോക്കേഷൻ പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ള പദ്ധതികൾക്കെല്ലാംതന്നെ സമയബന്ധിതമായി പ്രൊപ്പോസലുകളും ആനുവൽ ആക്ഷൻ പ്ലാനും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ SCP, TSP കമ്പോണന്റുകൾക്ക് നിലവിൽ അക്കൗണ്ട് ഹെഡ് ഇല്ലാത്തതിനാൽ അവ പ്രത്യേകമായി ധനപുനർവിനിയോഗം വഴി കണ്ടെത്തി വിനിയോഗിച്ചുവരുന്നു.

**കാർഷിക മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികളുടെ അവലോകനം**

18 (4052) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെങ്കിലും നടപ്പിലാക്കുവാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2016-17 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 11 പദ്ധതികളിൽ 10 എണ്ണത്തിന്റെ നിർവ്വഹണം ആരംഭിക്കുകയും അവയിൽ 6 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. 4 പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നു. അവ താഴെപ്പറയും പ്രകാരമാണ്.

1. പച്ചക്കറി പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം
2. ചക്ക ഗവേഷണത്തിനും പ്രചാരണത്തിനുമുള്ള പദ്ധതി
3. അഗ്രോപാർക്കുകളുടെ സ്ഥാപനം
4. പാരമ്പര്യ വിത്തിനങ്ങളുടെ സംരക്ഷണം

കേരളത്തിലെ കാർഷിക വിപണന മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കുന്ന പുതിയ പദ്ധതിയായ "കേരളം അഗ്രിക്കൾച്ചർ മാർക്കറ്റ് പ്രോജക്ട് " തയ്യാറാക്കിവരുന്നു. പുതിയ പദ്ധതിയായതിനാൽ ഇതിനുള്ള സമഗ്ര പ്രോജക്ട് തയ്യാറാക്കുന്നതിന്റെ മുന്നോടിയായി വിപണന മേഖലയിലെ വിദഗ്ദ്ധരെയും പങ്കാളികളെയും വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2018 ജനുവരി മാസം സമേതിയിൽ വച്ച് ഒരു ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

**കാർഷിക കർമ്മസേനകൾക്ക് നൽകിവരുന്ന സഹായങ്ങൾ**

19 (4053) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ കാർഷിക കർമ്മസേനകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) കാർഷിക കർമ്മസേനകൾക്ക് ഏതൊക്കെ രീതിയിലുള്ള സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ;

(സി) പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന കാർഷിക കേന്ദ്രങ്ങൾക്ക് കൃഷിവകുപ്പ് ഏതെങ്കിലും രീതിയിലുള്ള സഹായങ്ങൾ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 200 പഞ്ചായത്തുകളിൽ കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 100 കർമ്മസേനകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 100 കാർഷിക കർമ്മസേനകൾക്ക് 10 ലക്ഷം രൂപയുടെ കാർഷിക യന്ത്രങ്ങൾ നൽകി. ബാക്കിയുള്ള 100 കാർഷിക കർമ്മസേനകൾക്ക് കാർഷിക യന്ത്രങ്ങൾ ആർ.കെ.വി.വൈ. പദ്ധതിപ്രകാരം നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ്, യൂണിഫോം, പരിശീലനം എന്നിവ 200 കർമ്മസേനകൾക്കും നൽകിയിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിൽ പ്രവർത്തന മികവ് പുലർത്തിവരുന്ന തെരഞ്ഞെടുക്കപ്പെട്ട കാർഷിക കർമ്മസേനകൾക്ക് അവയുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപ വീതം നൽകുന്നതിന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുടപ്പനക്കുന്ന് കാർഷിക കർമ്മസേനകൾക്ക് 50 ലക്ഷം രൂപ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 2016-17 വർഷം ലഭ്യമാക്കി.

(സി) ഇല്ല.

**കർഷകർക്ക് സൗജന്യ വൈദ്യുതി**

20 (4054) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എത്ര കർഷകർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ സൗജന്യ വൈദ്യുതി നൽകിവരുന്നത്; അറിയിക്കാമോ;

(സി) കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുകവഴി എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം ലഭ്യമാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഒരു വർഷം എത്ര കോടി രൂപ ഈ ഇനത്തിൽ കൃഷി വകുപ്പിന് ചെലവ് വരുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 84035 നെൽകർഷകരും 1,96,116 കരകൃഷി ചെയ്യുന്നവരും 265 പോളീഹൗസ് കൃഷി ചെയ്യുന്നവരും ഉൾപ്പെടെ സംസ്ഥാനത്താകെ 280416 കർഷകർക്ക് കാർഷിക സൗജന്യ വൈദ്യുതി ആനുകൂല്യം നൽകിവരുന്നുണ്ട്.

(സി) കാർഷിക സൗജന്യ വൈദ്യുതി നൽകുന്നതുവഴി 2,04,296.4061 ഹെക്ടറില ജലസേചനം ലഭ്യമാക്കാൻ കഴിയുന്നതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) 3443 ലക്ഷം രൂപ ചെലവ് വരുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ) സംസ്ഥാനത്തെ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിനായി 1-8-1995 മുതൽ ഭൂപരിധിയില്ലാതെ നെൽ കൃഷിക്കും ജി.ഒ.(എംഎസ്.) നമ്പർ 311/95/കൃഷി തീയതി 31-8-1995, 1-4-1997 മുതൽ 2 ഹെക്ടർ വരെയുള്ള കരഭൂമിയിലെ ഇതര വിളകളുടെ കൃഷിക്കും ജി.ഒ.(എംഎസ്.)നമ്പർ 235/98/കൃഷി, തീയതി 31-10-1998) സൗജന്യ വൈദ്യുതി പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. 2015-16 വർഷം 1 മുതൽ 10 സെന്റ് വരെയുള്ള പോളീഹൗസ് കൃഷിക്കും പ്രതിമാസം 50 യൂണിറ്റ് വരെ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയുടെ ആനുകൂല്യം സർക്കാർ ഉത്തരവ് (സാധാ) നമ്പർ 945/15/എ.ഡി. തീയതി 20-5-2015 പ്രകാരം അനുവദിച്ചുവരുന്നു. പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനായി ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. 30 സെന്റിൽ കുറയാതെ കൈവശഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളവരുമായ വ്യക്തികൾ.
2. 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.
3. 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.

**ഫാമുകൾ നടത്തുന്നതിന് നൽകുന്ന ധനസഹായ പദ്ധതികൾ**

21 (4055) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് മുഖേന വിവിധ ഫാമുകൾ നടത്തുന്നതിന് നൽകുന്ന ധനസഹായപദ്ധതികൾ വിശദമാക്കാമോ;

(ബി) ഇത്തരം പദ്ധതികൾ അനുവദിക്കുന്നത് ഏത് മാനദണ്ഡ പ്രകാരമാണ്?

<u>ഉത്തരം</u>

(എ) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും അവയുടെ ഉൽപ്പാദനം കർഷകരുടെ പങ്കാളിത്തത്തോടെ ത്വരിതപ്പെടുത്തുന്നതിനുമായി പച്ചക്കറി തൈകൾ, സുഗന്ധവിള തൈകൾ, തെങ്ങിൻതൈകൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള വികേന്ദ്രീകൃത നഴ്സറികൾ (ഫാമുകൾ) സ്ഥാപിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നു. പച്ചക്കറി വികസന പദ്ധതി പ്രകാരം 40 ചതുരശ്ര മീറ്റർ മുതൽ 400 ചതുരശ്ര മീറ്റർ വരെ വിസ്തൃതിയുള്ള ആധുനിക സജ്ജീകരണങ്ങളോടു കൂടിയ നഴ്സറികൾ പഞ്ചായത്ത് /മുനിസിപ്പാലിറ്റി /ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുന്നതിന് ഒരു ചതുരശ്ര മീറ്ററിന് 1,400 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഇതിനുപുറമെ ബ്ലോക്ക് തലത്തിൽ നഴ്സറികൾ സ്ഥാപിക്കുന്നതിന് ഏഴ് ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. സുഗന്ധവിള വികസനം, വയനാട് പാക്കേജ് എന്നീ പദ്ധതികൾപ്രകാരം പ്രതിവർഷം 50,000 വേരുപിടിച്ച കുരുമുളക് വള്ളികൾ ഉൽപ്പാദിപ്പിക്കുന്ന ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് 30,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. നാളികേര വികസന പദ്ധതി പ്രകാരം 25 സെന്റ് സ്ഥലത്ത് 6250 തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിക്കുന്ന വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിന് 50,000 രൂപ ധനസഹായം നൽകുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിൽ വിവിധ ഫാം മോഡലുകൾ നടപ്പിലാക്കുന്നതിന് കാർഷിക വിജ്ഞാന വ്യാപന പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നു. വിവിധ വിളകളും മറ്റ് അനുബന്ധ മേഖലകളായ മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ ഉൾപ്പെടുത്തി സംയോജിത കൃഷി മോഡലുകൾ ആരംഭിക്കുന്നതിന് ഭൂവിസ്തൃതിക്കനുസരിച്ച് 10 സെന്റിന് 10,000 രൂപ പ്രകാരം പരമാവധി 50000 രൂപ ധനസഹായം നൽകുന്നുണ്ട്. കൂടാതെ മോഡൽ പഞ്ചായത്തുകളിൽ നൂതന സാങ്കേതിക വിദ്യയുടെ പ്രചരണത്തിനായി മോഡൽ ഫാം നടപ്പിലാക്കുന്നതിന് 40,000 രൂപ ധനസഹായം നൽകുന്നുണ്ട്.

(ബി) 1. ചെറുകിട നാമമാത്ര കർഷകരായിരിക്കണം

2. നൂതന കാർഷിക സാങ്കേതികവിദ്യകൾ പ്രാവർത്തികമാക്കുന്നതിനുള്ള താൽപ്പര്യവും ഭൂവിസ്തൃതിയും ഉണ്ടായിരിക്കണം.

3. നഴ്സറികൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഉണ്ടായിരിക്കണം.

4. പച്ചക്കറി നഴ്സറികൾ സ്ഥാപിക്കുന്നതിന് പച്ചക്കറി ക്ലസ്റ്ററുകൾക്കും ക്ലസ്റ്റർ അംഗങ്ങൾക്കും മുൻഗണന നൽകുന്നതാണ്.

5. കുരുമുളക് നഴ്സറികൾ സ്ഥാപിക്കുന്നതിന് സ്വയം സഹായ സംഘങ്ങൾ, വനിതാ ഗ്രൂപ്പുകൾ, തൊഴിൽ രഹിത യുവജനങ്ങൾ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

6. തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കുന്നതിന് കേര ക്ലസ്റ്ററുകൾക്കും വ്യക്തിഗത കർഷകർക്കും പരിഗണന നൽകുന്നതാണ്.

7. നഴ്സറികൾ ഉത്പാദിപ്പിക്കുന്ന നടീൽ വസ്തുക്കൾ സർക്കാർ അംഗീകൃത നിരക്കിൽ വിവിധ കൃഷി വകുപ്പ് പദ്ധതികൾക്കും പൊതുജനങ്ങൾക്കും വിതരണം ചെയ്യുവാൻ തയ്യാറായിരിക്കണം.

**ജൈവ പച്ചക്കറി കൃഷി ബോധവത്കരണത്തിന് ചെലവഴിച്ച തുക**

22 (4056) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബോധവത്കരണം നടത്തുന്നതിലേയ്ക്ക് എത്ര രൂപയാണ് ഈ സർക്കാർ ചെലവഴിച്ചത്; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത തുകയ്ക്ക് ആനുപാതികമായി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവിലുള്ള പത്ത് ശതമാനത്തിൽനിന്നും ജൈവ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി പ്രകാരം നിയോജക മണ്ഡലാടി സ്ഥാനത്തിൽ ബോധവത്കരണം നടത്തുന്നതിലേയ്ക്ക് 86.18803 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) ഉണ്ട്. 2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉത്പാദിപ്പിക്കാനും സാധിച്ചു. 2015-16-ഉം ആയി താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 97000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(സി) ജൈവ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 330000 പാക്കറ്റ് വിത്തുകൾ, 3 ലക്ഷം തൈകൾ എന്നിവ വിതരണം നടത്തി. നഴ്സറികളുടെ പ്രോത്സാഹനത്താൽ യഥാസമയം ഗുണമേന്മയുള്ള തൈകൾ വിതരണം ചെയ്യാൻ സാധിച്ചു. പരമ്പരാഗത ഇനങ്ങൾ, റെയിൻ ഷെൽട്ടർ, പോളീഹൗസുകൾ എന്നിവ പ്രോത്സാഹിപ്പിച്ചു. ക്ലസ്റ്ററുകൾ മുഖേന പച്ചക്കറി കൃഷി വിസ്തൃതിയും വിളവും വർദ്ധിപ്പിച്ചു. കൃഷി ചെയ്യുവാൻ സ്ഥലമില്ലാത്തവർക്ക് ഗ്രോബാഗുകൾ തയ്യാറാക്കി വിതരണം ചെയ്തു. കൂടാതെ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ക്ലസ്റ്ററുകൾ മുഖേനയുള്ള മാർക്കറ്റുകൾ, കളക്ഷൻ സെന്ററുകൾ എന്നിവ മുഖേന കർഷകരുടെ ഉൽപ്പന്നങ്ങൾ ഫലപ്രദമായി വിൽപ്പന നടത്തുവാൻ കഴിഞ്ഞു. വിളവിന്റെ ഗുണമേന്മ നിലനിർത്തുന്നതിനായി സീറോ എനർജി കൂൾ ചേമ്പർ സജ്ജമാക്കി. അങ്ങനെ പച്ചക്കറികളുടെ നഷ്ടം കുറയ്ക്കുന്നതിന് സഹായിച്ചു.

**ജൈവകൃഷി ഉൽപ്പന്നങ്ങൾക്കായി ഫെയറുകൾ സംഘടിപ്പിക്കാൻ നടപടി**

23 (4057) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവകൃഷി ചെയ്യുന്ന കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് വിശദമാക്കുമോ,

(ബി) ജൈവ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഹോർട്ടികോർപ്പിന്റെ മേൽനോട്ടത്തിൽ വിപണി ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ,

(സി) ഇല്ലെങ്കിൽ കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ജൈവകൃഷി ഉല്പന്നങ്ങൾക്കായി ഫെയറുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പു സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനും ആയിരം ലക്ഷം രൂപ വകയിരുത്തി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

1. <u>ക്ലസ്റ്ററടിസ്ഥാനത്തിനുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ</u> :

155 ജി.എ.പി. ക്ലസ്റ്ററുകളാണ് പുതുതായി ഈ വർഷം രൂപീകരിക്കുന്നത്.

2. ഇക്കോഷോപ്പുകൾ :

ജി.എ.പി. വഴി ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ പഴം പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിന് നടപ്പു സാമ്പത്തിക വർഷം പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്.

3. ജൈവ ഉത്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം :

കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിനും കാർഷിക ഉൽപ്പന്നങ്ങൾക്ക് കേരളത്തിൽ തന്നെ വിപണി കണ്ടെത്തുന്നതിനും "കേരള ഓർഗാനിക്" എന്ന ലേബലിലുള്ള ഉൽപ്പന്നങ്ങൾക്ക് വിപണികളിൽ സ്വീകാര്യത ലഭിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4. ജൈവ കാർഷിക മണ്ഡലം അവാർഡ് :

ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന നിയോജക മണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നു.

5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ :

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖേന പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു.

6 കുട്ടനാട് ജി.എ.പി. :

കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.

(ബി&സി) ഉണ്ട്. കേരളത്തിലെ കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറികളുടെ വിൽപ്പനയ്ക്കായി പ്രത്യേക കൗണ്ടർ സജ്ജമാക്കി, നാടൻ പച്ചക്കറികൾ എന്ന പ്രത്യേക ലേബലിൽ 'കേരള ഓർഗാനിക് ' എന്ന പേരിൽ ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിലൂടെ വിപണനം നടത്തുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ സമഗ്ര ജൈവകൃഷി പദ്ധതിയിൽ ജി.എ.പി. ക്ലസ്റ്ററുകളിൽ നിന്നും സംഭരിക്കപ്പെടുന്ന ജൈവ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് റെസിഡൻസ് അസോസിയേഷനുകളിലും മുനിസിപ്പാലിറ്റികളിലും സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനായി നിലവിൽ 190 ഇക്കോഷോപ്പുകൾ

സംസ്ഥാനത്തുടനീളം പ്രവർത്തനം നടത്തുന്നുണ്ട്. ഇതിനുപുറമെ ക്ലസ്റ്ററുകളിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ ഗ്രേഡിംഗും പാക്കിംഗും ലേബലിംഗും നടത്തി കേരള ഓർഗാനിക് ബ്രാൻഡ് നാമത്തിൽ വിൽപ്പന നടത്തുന്നു. ഇത്തരം ജൈവ ഉൽപ്പന്നങ്ങൾക്ക് കർഷകർക്ക് കിലോയ്ക്ക് 5 രൂപ അധികമായി ഇൻസെന്റീവ് നൽകുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 17 ക്ലസ്റ്ററുകളിലെ ഉൽപ്പന്നങ്ങൾ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവിടങ്ങളിൽ ഡയറക്ട് മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയും വിപണനം നടത്തിവരുന്നുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ.-യുടെ തളിർ ബ്രാൻഡഡ് ഔട്ട്‌ലെറ്റുകളിൽ ജൈവ ഉൽപ്പന്നങ്ങൾ സംഭരിച്ച് പ്രത്യേക സെക്ഷനായി വിപണനം ചെയ്തുവരുന്നു.

## ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി പ്രോത്സാഹന നടപടികൾ

24 (4058) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ഈ സർക്കാർ നീക്കിവച്ച തുക എത്രയാണെന്നും കൃഷി വകുപ്പ് എന്ത് തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൃഷി വകുപ്പിന്റെ കണക്കു പ്രകാരം സംസ്ഥാനത്ത് ഏകദേശം എത്ര ജൈവകർഷകർ ഉണ്ടെന്നും അവർ വിപണനത്തിനായി എത്രമാത്രം ജൈവ കാർഷിക ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജൈവകർഷകർക്ക് ഈ സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ജൈവകൃഷി നടപ്പാക്കുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജൈവകൃഷിയും ഉത്തമകൃഷി മുറകളും പദ്ധതി 2016-17, 2017-18 എന്നീ വർഷങ്ങളിലാണ് ഈ സർക്കാർ നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷം പ്ലാൻ ശീർഷകം 2401-00-105-85-ൽ 1064.59 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം 2064.59 ലക്ഷം രൂപയുമാണ് സംസ്ഥാനത്ത് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി ഈ സർക്കാർ നീക്കി വച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ PKVY (പരമ്പരാഗത കൃഷി വികാസ് യോജന) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകളിൽ ജൈവകൃഷി നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായി 254.813 ലക്ഷവും NPOP (National Programme for Organic Production) മാനദണ്ഡങ്ങൾ പ്രകാരം ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ഈ സർക്കാർ നീക്കിവച്ച തുകയും കൃഷി വകുപ്പ് ചെലവാക്കിയ തുകയും ചുവടെ ചേർക്കുന്നു :

1. സംസ്ഥാനാവിഷ്കൃത പദ്ധതി

| വർഷം | 2016-17 | 2017-18 |
|---|---|---|
| ലഭിച്ച തുക | 1064.59 | 1000 |
| ചെലവഴിച്ച തുക | 1009.12494 | മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

2. പി.കെ.വി.വൈ. 2016-17 (സംസ്ഥാന വിഹിതം)

| വർഷം | 2016-17 |
|---|---|
| ലഭിച്ച തുക | 254.813 |
| ചെലവഴിച്ച തുക | 236.864 |

(ബി) കൃഷി വകുപ്പിന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് 25644 ജൈവ കർഷകരുണ്ട്. ഇതിൽ ജൈവ കൃഷിയും ഉത്തമ കൃഷിമുറയും പദ്ധതിയിലെ 16769 കർഷകരും പരമ്പരാഗത കൃഷി വികാസ് യോജനയിലെ 8875 കർഷകരും ഉൾപ്പെടുന്നു. സംസ്ഥാനത്തൊട്ടാകെയുള്ള 681 ജി.എ.പി. ക്ലസ്റ്ററുകളിലായി 14500 Ha-ൽ ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ടുള്ള ജൈവ കൃഷി പദ്ധതി നടപ്പാക്കുന്നുണ്ട്. ഇവയിൽ നിന്നും വിപണനത്തിനായി നടപ്പുസാമ്പത്തിക വർഷം ഏകദേശം 4750 ടൺ പഴം/പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(സി) പ്രസ്തുത ജൈവ കർഷകർക്ക് ഈ സർക്കാർ ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി പ്രകാരം സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകി വരുന്നു. നടപ്പു സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനും ആയിരം ലക്ഷം രൂപ വകയിരുത്തി ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

1. ക്ലസ്റ്ററടിസ്ഥാനത്തിനുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ :

   155 ജി.എ.പി. ക്ലസ്റ്ററുകളാണ് പുതുതായി ഈ വർഷം രൂപീകരിക്കുന്നത്. ഇതിനായി 116 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. ഓരോ ക്ലസ്റ്ററും 15 മുതൽ25 ഹെക്ടർ വരെയാണ് ഉൾക്കൊള്ളുന്നത്. ഓരോ ക്ലസ്റ്ററിലും ഹെക്ടർ ഒന്നിന് മൂവായിരം രൂപ ധനസഹായം നൽകുന്നുണ്ട്.

2. ഇക്കോഷോപ്പുകൾ :

ഒരോ ഇക്കോഷോപ്പിനും 2 ലക്ഷം രൂപ ക്രമത്തിൽ ധനസഹായം നൽകുന്നുണ്ട്.

3. ജൈവ ഉത്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം :

കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ 17 ക്ലസ്റ്ററുകൾക്ക് പച്ചക്കറി കിറ്റുകൾ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് നേരിട്ട് വിൽപ്പന നടത്തുന്നതിന് 50 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

4. ജൈവകാർഷിക മണ്ഡലം അവാർഡ് :

ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നു.

5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ :

കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 60 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്.

6. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള കുട്ടനാട്ടിലെ കൃഷി (കുട്ടനാട് ജി.എ.പി.) :

പദ്ധതിയുടെ പ്രധാന ഘടകങ്ങൾ നൂതന സാങ്കേതിക വിദ്യകളുടെ ഡെമോൺസ്ട്രേഷൻ പ്ലോട്ട്, പരിസ്ഥിതി എഞ്ചിനീയറിംഗ് തത്വങ്ങൾ അവലംബിക്കൽ, കള നിയന്ത്രണം, കർഷകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ, വിളക്ക് കെണികൾ സ്ഥാപിക്കൽ, ജൈവ കീടനാശിനികൾ, ജൈവ വളങ്ങൾ, ബയോ കൺട്രോൾ ഏജന്റ്സിന്റെ ഉപയോഗം, വിപണി ഇടപെടൽ, വിള ഇൻഷ്വറൻസ് എന്നിവയൊക്കെയാണ്.

**ഒരുമുറം പച്ചക്കറി പദ്ധതി വിലയിരുത്തൽ**

25 (4059) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്ത പച്ചക്കറി വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്ത് ലഭ്യമായ വിളവിനെ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ വിജയപരാജയങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ വകുപ്പ് തലത്തിൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത പച്ചക്കറി വിത്തുകൾ ഉപയോഗിച്ച് 8780.086 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽനിന്നും 74979.4 മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ സാധിച്ചു. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | കൃഷിയുടെ വിസ്തീർണ്ണം (ഹെക്ടർ) | ഉത്പാദനം (മെട്രിക് ടൺ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 600 | 3300 |
| 2 | കൊല്ലം | 534 | 8151 |
| 3 | പത്തനംതിട്ട | 560 | 2670 |
| 4 | ആലപ്പുഴ | 600 | 1810 |
| 5 | കോട്ടയം | 348 | 1422 |
| 6 | ഇടുക്കി | 600 | 1200 |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | എറണാകുളം | 500 | 4800 |
| 8 | തൃശ്ശൂർ | 499.586 | 2875.021 |
| 9 | പാലക്കാട് | 1320 | 30166.18 |
| 10 | മലപ്പുറം | 1227.5 | 2638 |
| 11 | കോഴിക്കോട് | 640 | 6656 |
| 12 | വയനാട് | 571 | 7191.2 |
| 13 | കണ്ണൂർ | 480 | 1900 |
| 14 | കാസർഗോഡ് | 300 | 200 |
| | ആകെ | 8780.086 | 74979.4 |

(ബി) ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിലയിരുത്തിയിട്ടുണ്ട്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി പ്രോത്സാഹജനകവും വിജയകരവുമായിരുന്നു. കുട്ടികളുടെ ഇടയിൽ പദ്ധതി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കുട്ടികളിൽ കൃഷിയെ സംബന്ധിച്ച അവബോധം വളർത്തുവാൻ പദ്ധതി സഹായകരമായിട്ടുണ്ട്. എല്ലാ കുട്ടികളിലേയ്ക്കും സാങ്കേതിക ഉപദേശങ്ങൾ ഇനിയും എത്തിക്കേണ്ടതുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകൾക്കും ജൈവപച്ചക്കറി കൃഷി സംബന്ധിച്ച വിവരങ്ങൾ ലളിതമായ രീതിയിൽ ഉൾപ്പെടുത്തി ഫാം ഇൻഫർമേഷൻ ബ്യൂറോ സി.ഡി. തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ വിതരണത്തിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

**പ്രതിദിന പച്ചക്കറി ഉപഭോഗം**

26 (4060) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രതിദിന പച്ചക്കറി ഉപഭോഗം എത്രയാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്;

(ബി) സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം കൊണ്ട് ഈ ആവശ്യം നിറവേറ്റപ്പെടാൻ കഴിയുന്നുണ്ടോ;

(സി) സംസ്ഥാനത്തെ പ്രതിദിന പച്ചക്കറി ഉൽപാദനം എത്രയാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്;

(ഡി) ഹരിത കേരളം മിഷൻ പ്രവർത്തനവും അതുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളും മുഖേന പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 66-ാമത് നാഷണൽ സാമ്പിൾ സർവ്വേ പ്രകാരം സംസ്ഥാനത്തെ പ്രതിദിന പച്ചക്കറി ഉപഭോഗം 5504.1 ടൺ എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനംകൊണ്ട് ഈ ആവശ്യം നിറവേറ്റപ്പെടാൻ പൂർണ്ണമായും സാധിക്കില്ല.

(സി) സംസ്ഥാനത്ത് 2016-17-ൽ 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. അതനുസിച്ച് ശരാശരി പ്രതിദിനം 1986 ടൺ പച്ചക്കറിയാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്. 2017-18-ൽ 10 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞുവെന്നാണ് കൃഷി വകുപ്പിന്റെ കണക്ക്.

(ഡി) ഹരിതകേരളം മിഷന്റെ ഭാഗമായ ജൈവകൃഷിക്ക് പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള കൃഷി വികസനം സുജലം സുഫലം ഉപമിഷന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പച്ചക്കറിയും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളും സ്വയംപര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക എന്നതാണ്. ഇതിനായി കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങളായ ക്ലസ്റ്റർ അടിസ്ഥാനത്തിലെ കൃഷി, തരിശു ഭൂമിയിലെ പച്ചക്കറി കൃഷി, വീട്ടുവളപ്പിലും സ്ഥാപനങ്ങളിലും പച്ചക്കറി വികസനം, നഗരപ്രദേശങ്ങളിൽ ഗ്രോബാഗുകളിലൂടെ മട്ടുപ്പാവ് കൃഷി എന്നിവയിലൂടെ പച്ചക്കറി വ്യാപനത്തിനും ഉൽപ്പാദന വർദ്ധനവിനായുള്ള ശക്തമായ ഇടപെടലുകളാണ് കൃഷി വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ കൃഷിഭവനുകൾ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസന പ്രോജക്ടുകൾ ഈ ഉദ്യമത്തിന് ആക്കം കൂട്ടുന്നു. ഇപ്രകാരം വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ പച്ചക്കറി മേഖലയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലെത്തിക്കുവാനുള്ള പരമാവധി ശ്രമങ്ങൾ കൃഷിവകുപ്പ് നടത്തി വരുന്നു. പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാനും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കു

ന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിൽ വിവിധ ഘടകങ്ങളിലായി കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പദ്ധതി ഘടകങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
- സ്ഥാപനങ്ങൾവഴി പച്ചക്കറി കൃഷി
- പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവത്കരണം, പ്രചരണം തുടങ്ങിയവ
- ജില്ലാ ക്ലസ്റ്റർ വികസനം
- ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
- നഴ്സറികൾ സ്ഥാപിക്കൽ
- സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും
- പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
- പച്ചക്കറി കൃഷിക്കുവേണ്ടി 'മിനി പോളിഹൗസുകളുടെ' പ്രോത്സാഹനം
- 'വെജിറ്റബിൾ പ്രൊഡ്യൂസർ' കമ്പനികൾ സ്ഥാപിക്കൽ
- മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
- ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
- സേഫ് ടു ഈറ്റ് ബ്രാൻഡിംഗ്
- അവാർഡ് വിതരണം
- ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം
- മഴമറ നിർമ്മാണം
- ബാഹ്യനിരീക്ഷണം

- ഡിജിറ്റൽ ഡോക്യുമെന്റേഷൻ
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം
- വി.എഫ്.പി.സി.കെ. വഴിയുള്ള വിവിധ പച്ചക്കറി വികസന പദ്ധതികൾ.

**കേരളത്തിൽ ഒരു ദിവസം ആവശ്യമായി വരുന്ന പച്ചക്കറിയുടെ തോത്**

27 (4061) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ജനതയുടെ ആവശ്യങ്ങൾക്ക് വേണ്ടുന്ന ഒരു ദിവസത്തെ പച്ചക്കറിയുടെ തോത് എത്രയെന്നും ആയതിനായി സംസ്ഥാനത്തെ വിവിധ കാർഷിക പദ്ധതികൾ വഴി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറിയുടെ തോത് എത്രയെന്നും, എത്രത്തോളം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നുവെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്താകമാനം വീട്ടുവളപ്പിലെ കൃഷി, പുരയിടങ്ങളിലും വയലുകളിലും ഉൾപ്പെടെ ചെറുകിടക്കാർ നടത്തുന്ന കൃഷി, ജൈവകൃഷി എന്നിവ വഴി എത്ര അളവ് പച്ചക്കറി ഉല്പന്നങ്ങൾ സംസ്ഥാനത്ത് ലഭ്യമാകുന്നു; ആയത് കൂടുതൽ ഉല്പാദിപ്പിക്കാനായി എന്തു നടപടികൾ സർക്കാരും കൃഷിവകുപ്പും സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 66-ാമത് നാഷണൽ സാമ്പിൾ സർവ്വേ പ്രകാരം കേരള ജനതയുടെ ഒരു ദിവസത്തെ പച്ചക്കറി ആവശ്യം 5504 ടണ്ണാണ്. സംസ്ഥാനത്തിന് ആകെ 20.9 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഒരു വർഷം ആവശ്യമാണ്. സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുകവഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി

ഉൽപ്പാദിപ്പിക്കാനും സാധിച്ചു. 2015-16-ഉം ആയി താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ 6252 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 97000 മെട്രിക് ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 2017-18 നടപ്പുസാമ്പത്തിക വർഷം ഒന്നാം വിളയുടേയും രണ്ടാംവിളയുടേയും മൂന്നാംവിളയുടെ ഭാഗികമായും വിളവെടുപ്പ് കഴിഞ്ഞിട്ടുണ്ട്. ആയതുപ്രകാരം 54680.735 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽനിന്നും 7.131 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പത്ത് ലക്ഷം മെട്രിക് ടൺ ഉൽപ്പാദനമാണ് ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നത്. ഓരോ വർഷവും മേൽ ഉൽപ്പാദനത്തിന്റെ ബാക്കി അളവ് പച്ചക്കറി അന്യസംസ്ഥാനങ്ങളിൽ നിന്നാണ് ലഭ്യമാകുന്നത്. എന്നാൽ സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ പച്ചക്കറിക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതിന്റെ തോത് ഒരു പരിധിവരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്താകമാനം വീടുകളുടെ മുറ്റത്തും ടെറസിലുമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ടി പദ്ധതിയിലെ പ്രധാന ഘടകങ്ങളായ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം എന്നിവ വിജയകരമായി നടപ്പിലാക്കിയതിലൂടെ വീടുകളുടെ മുറ്റത്തും ടെറസിലുമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഒന്നാം വിളയുടെയും രണ്ടാം വിളയുടെയും മൂന്നാം വിള ഭാഗികമായും വിളവെടുപ്പ് കഴിഞ്ഞിട്ടുണ്ട്. ആയതുപ്രകാരം 54680.735 ഹെക്ടർ സ്ഥലത്തുനിന്നും നാളിതുവരെ പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും 7.131 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കുന്നതിനായി ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകിയിട്ടുണ്ട്. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്തു. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോബാഗുകൾ അടങ്ങുന്ന 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി 555 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ, മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവയും

നൽകുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടുണ്ട്. യൂണിറ്റ് ഒന്നിന് 2,500 രൂപ വീതം 2600 യൂണിറ്റിന് 65 ലക്ഷം രൂപ വകയിരുത്തി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. 2250 ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിക്കുവാനും ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ റെസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് 50 ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ (ഒന്നിന് 50,000 രൂപ നിരക്കിൽ) ധനസഹായം നൽകുന്നു. പച്ചക്കറി വികസന പദ്ധതി നടപ്പാക്കുന്നതിലൂടെ പച്ചക്കറികൾക്കുവേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതിന്റെ തോത് പരിമിതപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 2017-18-ൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം താഴെ പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു :

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവത്കരണം, പ്രചരണം തുടങ്ങിയവ
5. ജില്ലാ ക്ലസ്റ്റർ വികസനം
6. സാങ്കേതിക സഹായവും കരാർ നിയമനവും
7. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
8. നഴ്സറികൾ സ്ഥാപിക്കൽ
9. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും
10. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം
11. പച്ചക്കറി കൃഷിക്കുവേണ്ടി 'മിനി പോളിഹൗസുകളുടെ' പ്രോത്സാഹനം
12. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
13. കൃഷിയിടങ്ങളിൽ ബയോ കൺട്രോൾ ഏജന്റ് നിർമ്മാണം

14. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം

15. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം

16. 'സേഫ് ടു ഈറ്റ് ബ്രാൻഡിംഗ്' പദ്ധതി വഴി ധനസഹായം

17. അവാർഡ് വിതരണം

18. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം

19. മഴമറ നിർമ്മാണം

20. പദ്ധതിയുടെ ബാഹ്യനിരീക്ഷണം

21. ഡിജിറ്റൽ ഡോക്യുമെന്റേഷൻ

22. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

23. വി.എഫ്.പി.സി.കെ.-വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം നല്കുന്നു.

**പച്ചക്കറികളുടെ സംഭരണവും വിപണന സാധ്യതയും**

28 (4062) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപ്രദേശങ്ങളിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾക്ക് വിപണന സാധ്യതയില്ലെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) വിവിധ തരം പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്ന ക്ലബുകൾ വഴിയും നഴ്സറികൾ വഴിയും സംസ്ഥാനത്തിന് അകത്ത് ടൺ കണക്കിന് പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും അവ വിൽക്കാനാകാതെ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടാവുകയും ചെയ്ത കാര്യം പരിശോധിക്കുമോ ;

(സി) കർഷകരും വിവിധ സംഘടനകളും ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഹോർട്ടി കോർപ്പ് എടുക്കുന്നില്ലെന്ന പരാതി പരിശോധിക്കുമോ ;

(ഡി) ഹോർട്ടികോർപ്പിൽനിന്നും കർഷകർക്ക് അനുകൂല നടപടി ഉണ്ടാകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിക്കുന്നതാണ്. ഗ്രാമ പ്രദേശങ്ങളിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തി വരുന്നുണ്ട്. മാത്രമല്ല ഗ്രാമപ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ കൃഷിവകുപ്പും കുടുംബശ്രീ മിഷനും ചേർന്ന് 400 ഗ്രാമീണ ചന്തകളും നടത്തിവരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിൽ 217 ഇക്കോഷോപ്പുകളും നടത്തിവരുന്നു.

(ബി) കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടി കോർപ്പിന്റെ 15 കേന്ദ്രങ്ങളിൽ ന്യായവില നൽകി സംഭരിക്കുന്നുണ്ട്. ഇതിനുപുറമെ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന 9671 സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും 283 സ്വാശ്രയ കർഷക വിപണി വഴി ലേലം ചെയ്ത് വിറ്റുവരുന്നുണ്ട്.

(സി) കേരളത്തിലെ കർഷകരുടെ പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ എല്ലാ സംഭരണ കേന്ദ്രങ്ങളിലും എടുക്കുന്നുണ്ട്.

(ഡി) കർഷകർക്ക് അനുകൂലമായ നടപടികളാണ് ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നത്. കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ കമ്പോള വിലയേക്കാൾ 10% അധിക വില നൽകി കർഷകരിൽനിന്നും സംഭരിക്കുന്നു. കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറിയുടെ വില താമസം കൂടാതെ നൽകിവരുന്നുണ്ട്.

## നെല്ല് ന്യായവിലയ്ക്ക് സംഭരിക്കാൻ നടപടി

29 (4063) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കർഷകരുടെ നെല്ല് ന്യായവിലയ്ക്ക് മുഴുവനായും സംഭരിക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) യഥാസമയം നെല്ല് സംഭരിച്ച് കർഷകർക്ക് ന്യായവില ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ കർഷകരുടെ നെല്ല് ന്യായവിലയ്ക്ക് മുഴുവനായും സംഭരിക്കുന്നതിന് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സപ്ലൈകോ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വികേന്ദ്രീകൃത ധാന്യ സംഭരണ-സംസ്കരണ-വിതരണ പദ്ധതി പ്രകാരം സപ്ലൈകോ യഥാസമയം നെല്ല് സംഭരിക്കുകയും ആയതിന്റെ വില സമയബന്ധിതമായി കർഷകർക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന് നൽകുന്ന പി.ആർ.എസ്.(പാഡി രസീത്)-ന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി എഗ്രിമെന്റ് വച്ചിട്ടുള്ള ബാങ്കുകൾ വഴി സംഭരണവില അപ്പപ്പോൾ നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

## നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ

30 (4064) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിന്റെ താങ്ങുവില എത്ര തവണ വർദ്ധിപ്പിച്ചു; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 70 കോടി രൂപയുടെ സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പാക്കി. സുസ്ഥിര നെൽകൃഷി വികസനം, സവിശേഷ നെല്ലിനങ്ങളുടെ വ്യാപനം, തരിശുനില കൃഷി, കരനെൽകൃഷി, ഒരുപ്പൂകൃഷി ഇരുപ്പൂവാക്കൽ എന്നിവയ്ക്ക് നൽകുന്ന ധന സഹായത്തിന് പുറമെ പദ്ധതിയധിഷ്ഠിതമായും അടിസ്ഥാനസൗകര്യ വികസനത്തിനും മില്ലുകൾ സ്ഥാപിക്കുന്നതിനും മറ്റാവശ്യങ്ങൾക്കും ധനസഹായം നൽകാൻ ഈ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. നെല്ലിന്റെ ഉൽപ്പാദനക്ഷമത ഉപയോഗിക്കുന്ന വിത്തിന്റെ ഒരു ഗുണമാണ്. അത് മണ്ണിനേയും കാലാവസ്ഥയേയും ആശ്രയിച്ച് പ്രകടിപ്പിക്കുന്നതാണ്. ഉൽപ്പാദനോപാധികൾ കൃത്യമായും സമയബന്ധിതമായും ഉപയോഗിക്കുകയും കീടരോഗ ബാധ ഉണ്ടാകാതിരിക്കുകയും കാലാവസ്ഥ അനുകൂലമായിരിക്കുകയും ജലലഭ്യത ഉറപ്പാക്കുകയും ചെയ്താൽ വിത്ത് അതിന്റെ പൂർണ്ണായ ഉൽപാദനക്ഷമത നൽകും. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രീയമായ പരിചരണത്തിനായുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ കാര്യമായി പ്രയോഗിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടെ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ടുതവണ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചിട്ടുണ്ട്. നെല്ലിന്റെ സംഭരണവില 2016-17 സീസണിൽ ഒരു രൂപ വർദ്ധിപ്പിച്ച് കിലോഗ്രാമിന് 22.50 രൂപ(ഇരുപത്തിരണ്ട് രൂപ അമ്പത് പൈസ മാത്രം)-യ്ക്കാണ് സംഭരണം നടത്തിയത്. 2017-18 സീസണിൽ മിനിമം സപ്പോർട്ട് പ്രൈസിലെ 80 പൈസ വർദ്ധനവ് ഉൾപ്പെടെ കിലോഗ്രാമിന് 23.30 രൂപ (ഇരുപത്തിമൂന്ന് രൂപ മുപ്പത് പൈസ മാത്രം)-യ്ക്കാണ് സംഭരണം നടത്തിവരുന്നത്.

## സംസ്ഥാനത്ത് പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്ന നെല്ല്

31 (4065) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശുകിടന്ന എത്ര ഹെക്ടർ ഭൂമിയിൽ പുതുതായി നെൽകൃഷി ആരംഭിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ഭക്ഷ്യാവശ്യം നിറവേറ്റപ്പെടുന്നതിന് പ്രതിവർഷം എത്ര ടൺ അരി/നെല്ല് ആവശ്യമാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്;

(സി) സംസ്ഥാനത്ത് ഇപ്പോൾ പ്രതിവർഷം എത്ര ടൺ അരി/നെല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി 1,96,870 ഹെക്ടർ ആയിരുന്നത് രണ്ട് വർഷംകൊണ്ട് 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 2016-17-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ അരി ഉൽപ്പാദനം 4,36,483 ടൺ ആയിരുന്നു. ഒരാൾക്ക് 485.4 ഗ്രാം ഭക്ഷ്യധാന്യം ആവശ്യമായിരിക്കെ സംസ്ഥാനത്തെ 3,43,34,885 പൗരന്മാർക്ക് ഒരു വർഷത്തേക്ക് 60,83,145 ടൺ അരി ആവശ്യമായി വരും. 7.18 ശതമാനം മാത്രമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്.

(സി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പഠനങ്ങൾ പ്രകാരം കഴിഞ്ഞ അഞ്ചുവർഷത്തെ നെൽകൃഷി വിസ്തൃതിയും ഉല്പാദനവും ചുവടെ പറയുംപ്രകാരമാണ് :

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉൽപ്പാദനം (ടൺ അരി) |
|---|---|---|
| 2012-13 | 197277 | 508299 |
| 2013-14 | 199611 | 564325 |
| 2014-15 | 198159 | 562092 |
| 2015-16 | 196870 | 549275 |
| 2016-17 | 171398 | 436483 |

2016-17 വർഷത്തിൽ ഉണ്ടായ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയെത്തുടർന്ന് 50917.62 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാൻ കഴിയാതെ വന്നതിനാലാണ് 2016-17 വർഷം ഉൽപ്പാദനത്തിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നത്.

**കരനെൽകൃഷി പ്രോത്സാഹനത്തിന് നൽകുന്ന ആനുകൂല്യങ്ങൾ**

32 (4066) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരനെൽകൃഷി വികസന പദ്ധതി വിജയകരമാണോ; അതിലൂടെ നെൽകൃഷി വ്യാപനത്തിൽ എന്ത് പുരോഗതി കൈവരിച്ചു; വ്യക്തമാക്കുമോ;

(ബി) കരനെൽകൃഷി നടപ്പിലാക്കുന്നതിന് കർഷകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(സി) കീടനാശിനി, കളനാശിനി തുടങ്ങിയവയുടെ ഉപയോഗം കുറച്ച് ജൈവ മാർഗ്ഗത്തിലൂടെ കരനെൽകൃഷി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; 2018-19-ൽ ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്;

(ഡി) കരനെൽകൃഷി പ്രോത്സാഹനത്തിന് നൽകുന്ന ആനുകൂല്യം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കരനെൽകൃഷി വികസന പദ്ധതി വിജയകരമാണ്. 2016-17 സാമ്പത്തിക വർഷം 2750.092 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി ചെയ്തിരുന്നു. നടപ്പ് വർഷം 2500 ഹെക്ടറായിരുന്നു ലക്ഷ്യമിട്ടത്. എന്നാൽ 2625 ഹെക്ടർ കൈവരിക്കാൻ കഴിഞ്ഞു. ഇതിനുപുറമെ പദ്ധതിയധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നഗരപ്രദേശത്തെ റസിഡന്റ്സ് അസോസിയേഷനുകളിലും മറ്റും ചെറിയ തോതിൽ പരീക്ഷണാടിസ്ഥാനത്തിൽ കരനെൽകൃഷി നടപ്പാക്കിയിരുന്നു

(ബി) പദ്ധതിയുടെ ഭാഗമായി പരിശീലനത്തിന് വ്യവസ്ഥയില്ല. എന്നാൽ ആത്മ, ലീഡ്സ്, വിള ആരോഗ്യപരിപാല പദ്ധതി, മറ്റ് പരിശീലന പരിപാടികൾ എന്നിവയിലുൾപ്പെടുത്തി കൃഷി ഭവൻ തലത്തിൽ ആവശ്യമായ പരിശീലനം നൽകുന്നുണ്ട്.

(സി) കീടനാശിനി, കളനാശിനി തുടങ്ങിയവയുടെ ഉപയോഗം കുറച്ച് ജൈവ മാർഗ്ഗത്തിലൂടെ കരനെൽകൃഷി ചെയ്യിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിള ആരോഗ്യപരിപാലന പദ്ധതി പ്രകാരം ബ്ലോക്ക് തലത്തിൽ 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഈ പദ്ധതിപ്രകാരം നെല്ല് ഒരു പ്രധാന വിളയാണ്. കീടരോഗനിർണ്ണയം, പ്രതിരോധ മാർഗ്ഗങ്ങൾ, മിത്രകീടങ്ങളെക്കുറിച്ചുള്ള അറിവ്, മണ്ണിന്റെ അമ്ലത്വ പരിശോധന, സന്തുലിത വളപ്രയോഗം, വിവിധതരം കെണികൾ, ഇക്കോളജിക്കൽ എഞ്ചിനീയറിംഗ് എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കും. മിത്രകീടങ്ങളെ തിരിച്ചറിയാനും കീടരോഗബാധയെപ്പറ്റി മുന്നറിയിപ്പ് നൽകാനും അതനുസരിച്ച് രാസമാർഗ്ഗങ്ങൾ പരമാവധി കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കഴിയും. ജൈവിക നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡെർമ തുടങ്ങിയവ കർഷകരുടെ പുരയിടത്തിൽത്തന്നെ ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കാൻ ആവശ്യമായ സാങ്കേതിക സഹായവും നൽകുന്നു. 2018-19-ൽ കരനെൽകൃഷിക്കായി 375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 13,600 രൂപ സബ്സിഡി നൽകുന്നു.

## നെൽവയലുകൾക്ക് റോയൽറ്റി

33 (4067) ശ്രീ. പി. ടി. തോമസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ലാഭകരമല്ലാത്ത സാമ്പത്തിക പ്രവൃത്തിയായതിനാൽ നെൽവയലുകൾക്ക് റോയൽറ്റി ഏർപ്പെടുത്തുമെന്ന് ഇടതുമുന്നണിയുടെ പ്രകടന പത്രികയിൽ പ്രഖ്യാപിച്ചിരുന്നതായി സർക്കാരിനറിവുണ്ടോ;

(ബി) കേന്ദ്രസർക്കാർ നെൽകൃഷി സബ്സിഡിയിൽനിന്നും പിൻവാങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പിൻവാങ്ങൽ സംസ്ഥാനത്തെ നെൽകർഷകരെ എപ്രകാരം ബാധിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്രസർക്കാർ നെൽകൃഷി സബ്സിഡിയിൽനിന്ന് പിൻവാങ്ങിയ സാഹചര്യത്തിൽ നെൽവയലുകൾക്ക് റോയൽറ്റി നൽകുവാനുള്ള തീരുമാനത്തിൽ നിന്ന് സർക്കാർ പുറകോട്ട് പോയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) നെൽവയലുകൾക്ക് റോയൽറ്റി ഏർപ്പെടുത്തുമെന്ന് ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പ്രഖ്യാപിച്ചിരുന്നു. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും വിവിധ ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും ഭൂഗർഭജലത്തിന്റെ തോത് കുറയാതെ നിലനിർത്തുന്നതിനുമുള്ള നെൽ വയലുകളുടെ അതീവ പ്രാധാന്യം കണക്കിലെടുത്താണ് പ്രകൃതിദത്തമായ ജല സംഭരണിയായ നെൽവയൽ സംരക്ഷിക്കുന്നത്. പ്രകൃതിയുടെ ആവാസവ്യവസ്ഥ സംരണക്ഷണമായി കണ്ട് നിലം ഉടമസ്ഥന് ഹെക്ടർ ഒന്നിന് 2,500 രൂപ നിരക്കിൽ റോയൽറ്റി നൽകുക എന്നതാണ് ഈ സർക്കാരിന്റെ നയപരമായ തീരുമാനം. ഇതനുസരിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന് വകുപ്പ് പ്രൊപ്പോസൽ നൽകിയിരുന്നു. എന്നാൽ റോയൽറ്റി നൽകേണ്ട ആവശ്യകതയെ സംബന്ധിച്ച് ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി യിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം റോയൽറ്റി എന്ന ആശയം ഈ വർഷം തൽക്കാലം മാറ്റിവച്ചിരിക്കുകയാണ്. റോയൽറ്റി നൽകുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ നൽകിയിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ നെൽകൃഷിക്ക് നേരിട്ട് സബ്സിഡി നൽകുന്ന പദ്ധതിയൊന്നും നിലവിലില്ല. എന്നാൽ പ്രോജക്ട് അധിഷ്ഠിതമായി നടപ്പാക്കുന്ന രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ 2017-18 വർഷത്തിൽ

180000 ഹെക്ടർ നെൽകൃഷിക്ക് ധനസഹായം നൽകുന്നതിനായി 8100 ലക്ഷം രൂപയുടെ പ്രോജക്ട് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിക്കുകയുണ്ടായില്ല. നിലവിൽ നെൽകർഷകർക്ക് നൽകി വന്നിരുന്ന ഹെക്ടർ ഒന്നിന് 6,000 രൂപ വീതം നൽകുന്നതിൽ 4500 രൂപ ആർ.കെ.വി.വൈ.-യിൽ നിന്നാണ് നൽകി വന്നിരുന്നത്. എന്നാൽ ഈ തുക ആർ.കെ.വി.വൈ. ഫണ്ടിൽനിന്നും നൽകരുതെന്നാണ് കേന്ദ്രസർക്കാർ ഇപ്പോൾ നിഷ്കർഷിച്ചിരിക്കുന്നത്. ഇത് കേരളത്തിലെ നെൽകർഷകർക്ക് ലഭിച്ചുവരുന്ന ആനുകൂല്യത്തിൽ കുറവുവരാനിടവരുത്തും. നിലവിലുള്ള ആനുകൂല്യം നിലനിർത്തുന്നതിനായി സംസ്ഥാന ബജറ്റിൽനിന്നും അധികതുക കണ്ടെത്തേണ്ട സ്ഥിതി വന്നിരിക്കുകയുമാണ്. വീണ്ടും 2017-18-ൽ എൻ.എഫ്.എസ്.എം. പദ്ധതി നടപ്പിലാക്കുന്ന പാലക്കാട് ജില്ലയെ ഒഴിവാക്കിയും സംസ്ഥാനാവിഷ്കൃത പദ്ധതിയുമായി കോർത്തിണക്കിയും ഒരു ലക്ഷം ഹെക്ടർ നെൽകൃഷിക്കായി തയ്യാറാക്കിയ 4800 ലക്ഷം രൂപയുടെ പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് പാഡി എന്ന പ്രോജക്ട് എസ്.എൽ.എസ്.സി.-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. 2018-19-ൽ ആർ.കെ.വി.വൈ. പദ്ധതിയിൽ സഹായം ലഭിക്കാതെ വരുന്ന സാഹചര്യം സംജാതമായാൽ ആയത് സംസ്ഥാനത്തെ നെൽകർഷകരെ ബാധിക്കാതിരിക്കാൻ സംസ്ഥാന പദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഹെക്ടറിന് 5,500 രൂപ നിരക്കിൽ അറുപത് കോടി രൂപയും തരിശ് നെൽകൃഷിക്ക് പന്ത്രണ്ട് കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2018-19 സംസ്ഥാന ബജറ്റിൽ സുസ്ഥിര നെൽകൃഷിക്ക് പറഞ്ഞിരിക്കുന്ന ഹെക്ടറിന് ആറായിരം രൂപ നിരക്കിൽ നൽകുന്നതിന് അധികമായി 58.8 കോടി രൂപ സബ്ജക്ട് കമ്മിറ്റി മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 2018-19 വർഷത്തിൽ നെൽകൃഷിക്കാർക്ക് ആർ.കെ.വി.വൈ പദ്ധതിയിൽ സബ്സിഡി അനുവദിക്കപ്പെടുമോ എന്ന ആശങ്ക നിലനിൽക്കുന്നതിനാൽ നെൽ കർഷകർക്കുള്ള സബ്സിഡി തുക പൂർണ്ണമായും സംസ്ഥാന പദ്ധതിയിൽ നിന്നും വകയിരുത്തേണ്ടിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം റോയൽറ്റി എന്ന ആശയം തൽക്കാലം മാറ്റിവച്ചിരിക്കുകയാണ്.

## നെല്ല് ഉൽപ്പാദനത്തിൽ കൈവരിച്ച വളർച്ചാ നിരക്ക്

34 (4068) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷം നെല്ലുല്പാദനത്തിൽ എത്ര ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്; ഈ കാലയളവിൽ നെൽവയൽ വിസ്തീർണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

<u>ഉത്തരം</u>

2015-16 സാമ്പത്തിക വർഷത്തെയും 2016-17 സാമ്പത്തിക വർഷത്തെയും നെൽകൃഷി വിസ്തീർണ്ണവും ഉൽപ്പാദനവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് ഈ നൂറ്റാണ്ടിലെ ഏറ്റവും കഠിനമായ വരൾച്ചമൂലം 2016-17 സാമ്പത്തിക വർഷം രണ്ടാംവിള കാലത്തും തുടർന്നും നെൽകൃഷി വിസ്തൃതിയിൽ ഗണ്യമായ കുറവ് ഉണ്ടായിരുന്നു. വിവിധ ജില്ലകളിലായി 36891.22 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെങ്കിലും ഉണക്ക് ബാധിച്ച് കൃഷി നഷ്ടപ്പെട്ടിരുന്നു. 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടി തന്നെ ഉണങ്ങിപ്പോയിരുന്നു. ഇതിനുപുറമെ പാലക്കാട് ജില്ലയിൽ 13990 ഹെക്ടർ സ്ഥലത്ത് വിതയ്ക്കാൻ സാധിക്കാതെ പോകുകയും ചെയ്തു. ഇതിന്റെ ഫലമായാണ് കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല് ഉൽപ്പാദനത്തിൽ ഗണ്യമായ കുറവുണ്ടായത്. എന്നാൽ കൃഷി വകുപ്പിന്റെ ഇടപെടലിന്റെ ഫലമായി ഈ സാമ്പത്തിക വർഷത്തിൽ സ്ഥിതിയിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 220447 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർമ്മ പദ്ധതി**

35 (4069) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നാളികേരകൃഷിയുടെ ഉത്പ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സംയോജിത വിള പരിശീലന മുറകൾ സ്വീകരിച്ച് നാളികേരകൃഷിയുടെ സംരക്ഷണത്തിനും അഭിവൃദ്ധിയ്ക്കും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിജയപ്രദമാണോ;

(സി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന, വിപണന സാധ്യത പ്രയോജന പ്പെടുത്തുന്നതിന് നടത്തിയ ശില്പശാല വൈഗ 2016-ന്റെ അടിസ്ഥാനത്തിൽ ഇവയുടെ വിപണന സാധ്യത മെച്ചപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്രനാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഈ വർഷം കൂടുതൽ മേഖലകളിലേയ്ക്ക് കേരഗ്രാമം പദ്ധതി വ്യാപിപ്പിക്കും. 'വൈഗ 2017'-ൽ നടന്ന ശിൽപ്പശാലയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സമഗ്ര നാളികേര വികസന പദ്ധതികൾക്ക് രൂപം നൽകുവാൻ കൃഷി വകുപ്പുമന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത്യുൽപ്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കാനുള്ള പദ്ധതിയും 2017-18 വർഷം നടപ്പിലാക്കിവരുന്നു. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി 269.2426 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി നടപ്പിലാക്കിവരുന്നു.

കൂടാതെ SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും പ്രായാധിക്യവും രോഗംമൂലവും ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടുന്നതിനും ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് വേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ നാളികേര വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. 2018-19 വർഷം പുതുതായി കൂടുതൽ കേരഗ്രാമങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൊല്ലവർഷം 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെ "കേരവർഷ"മായി ആചരിക്കുവാൻ പ്രഖ്യാപിക്കുകയും ഊർജ്ജിത കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവനായി നാളികേര കൃഷി വികസനത്തിനായുള്ള പദ്ധതികൾക്കായി 5000 ലക്ഷം രൂപ എന്ന വർദ്ധിപ്പിച്ച ബജറ്റ് വിഹിതമാണ് 2018-19 വർഷത്തേയ്ക്ക് അനുവദിച്ചിരിക്കുന്നത്.

(ബി) സംയോജിത വിള പരിശീലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ അഭിവൃദ്ധിക്ക് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയത് വഴി ഉൽപ്പാദനം വർദ്ധിച്ചതായി കണക്കുകൾ വെളിപ്പെടുത്തുന്നു.

(സി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന, വിപണന സാധ്യത പ്രയോജനപ്പെടുത്തുന്നതിന് നടത്തിയ ശിൽപ്പശാല 'വൈഗ 2016'-ന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ ഈ സാമ്പത്തിക വർഷം 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് കൂത്താളി ഫാമിലും മലപ്പുറം ജില്ലയിൽ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും ബനാന-ഹണി അഗ്രോ പാർക്ക്, തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും മാംഗോ അഗ്രോപാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും വെജിറ്റബിൾ അഗ്രോപാർക്ക് ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള പഴത്തോട്ടത്തിലുമാണ് സ്ഥാപിക്കുന്നത്. ഇതിന്റെ നടപടികൾ Kerala Agro Industries Corporation-ന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. ഇതിലേയ്ക്കായി KAICO 100 കോടി രൂപയുടെ പ്രൊപ്പോസൽ KIIFB-ൽ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് 100.1 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 14.28 കോടി രൂപ കിഫ്ബി മുഖേന അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ E-buy Portal വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെയെല്ലാം പരിണിതഫലമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വിപണന സാധ്യതകൾ മെച്ചപ്പെടുന്നതാണ്.

**കേര വർഷാചരണത്തിന്റെ ഭാഗമായുള്ള പദ്ധതികൾ**

36 (4070) ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേരവർഷാചരണത്തിന്റെ ഭാഗമായി നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള നൂതന പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ യൂണിറ്റുകൾ ആരംഭിച്ച് കേര കർഷകരെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) തെങ്ങ് കൃഷി അടിസ്ഥാനമാക്കിയുള്ള ഫാം സ്കൂളുകൾ തുടങ്ങാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ട് വിവിധങ്ങളായ 55 ഇന കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മലയാള വർഷം 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെ "കേരവർഷമായി" ആചരിക്കാൻ തീരുമാനിക്കുകയും ഊർജ്ജിത കർമ്മ പരിപാടികൾ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 'കേര കേരളം സമൃദ്ധ കേരളം' എന്നതാണ് മുദ്രാവാക്യം. കേര വർഷാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന കർമ്മ പദ്ധതികൾ അടങ്ങുന്ന സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഉണ്ട്.

(സി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കേരോൽപ്പന്ന സംസ്കരണത്തിനുമായി കോക്കനട്ട് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് ഈ സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ അഗ്രോപാർക്ക് ആരംഭിക്കുന്നതിന് കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തരം നടപടി ആരംഭിച്ചിട്ടുണ്ട്. വ്യക്തികൾക്കും സംഘങ്ങൾക്കും ഇവിടെ ലഭ്യമാകുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നാളികേര മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. നാളികേര വികസന ബോർഡ് (CDB) മുഖേന ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് (TMOC) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പായ്ക്ക് ചെയ്ത ബ്രാൻഡ് നാമത്തോടുകൂടിയുള്ള വെളിച്ചെണ്ണ, വിറ്റാമിൻ-ഇ സമ്പുഷ്ടമായ വെർജിൻ കോക്കനട്ട് ഓയിൽ, സംസ്കരിച്ച കരിക്കിൻ വെള്ളം, നിർജ്ജലീകരിച്ച തേങ്ങാപ്പൊടി, പുളിപ്പിച്ച തേങ്ങാവെള്ളം ഉപയോഗിച്ച് നിർമ്മിക്കുന്ന നാളികേര വിനാഗിരി, കോക്കനട്ട് ഐസ്ക്രീം, കോക്കനട്ട് ചിപ്പ്സ്, സ്നോബോൾ ടെണ്ടർ കോക്കനട്ട്, കോക്കനട്ട് പുഡ്ഡിംഗ്, തെങ്ങിൻ ശർക്കര, ചിരട്ടക്കരി തുടങ്ങിയ വൈവിദ്ധ്യങ്ങളായ നാളികേര ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള സംരംഭങ്ങളുടെ പ്രോജക്ട് തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ back ended credit capital ആയി ധനസഹായം നൽകുന്നുണ്ട്. കൂടാതെ SFAC (സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം) എന്ന പൊതുമേഖലാ സ്ഥാപനം നാളികേര മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് ധനസഹായം നൽകുന്നുണ്ട്. നീര ടെക്നീഷ്യൻ പരിശീലനം നൽകുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മുഖേന നടപ്പിലാക്കിവരുന്നു. ഉയർന്ന വില ഉറപ്പാക്കുന്നതിനും മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള മുണ്ടേരി അഗ്രിക്കൾച്ചറൽ ഫാമിലും കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും ഓരോ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് 2016 മുതൽ "വൈഗ" എന്ന ദേശീയതല സംരംഭകരുടെ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്.

(ഡി) 'ആത്മ' പദ്ധതിയിൽ വിവിധ വിളകൾക്കുള്ള ഫാം സ്കൂളുകൾ കേരവർഷാചരണം പ്രമാണിച്ച് തെങ്ങ് കൃഷിക്കുകൂടി പ്രാമുഖ്യം നൽകിക്കൊണ്ട് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**നാളികേര ക്ഷാമം പരിഹരിക്കാൻ നടപടി**

37 (4071) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര ക്ഷാമം കാരണം മലബാർ മേഖലയിലെ വെളിച്ചെണ്ണ കമ്പനികൾ ഉത്പാദനം നിർത്തിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നാളികേര ക്ഷാമം പരിഹരിച്ച് ഈ കമ്പനികളെ തകർച്ചയിൽ നിന്നും കരകയറ്റുന്നതിനായി എന്തൊക്കെ നടപടികളാണ് കൃഷിവകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേരഗ്രാമം പദ്ധതി**

38 (4072) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള

44 കേരഗ്രാമങ്ങൾ തെരഞ്ഞെടുത്ത 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായി നടപ്പിലാക്കിവരുന്നു. നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് 'കേരഗ്രാമം' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ശാസ്ത്രീയമായി കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുതകുന്ന ഘടകങ്ങൾ എല്ലാംതന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18 വർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ പേരുകൾ ജില്ല/ ബ്ലോക്ക്/ നിയമസഭാ മണ്ഡലം അടിസ്ഥാനത്തിൽ തയ്യാറാക്കിയിരിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## നാളികേരത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

39 (4073) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

നാളികേരം ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ തേങ്ങ ചിരകിയതും (desicated coconut), തേങ്ങാപ്പൊടിയും (coconut milk powder) കരുനാഗപ്പള്ളി ഫാക്ടറിയിലും വെളിച്ചെണ്ണയും ആയുർവ്വേദ മൂലികകളും അടങ്ങിയ കേരഫെഡിന്റെ ബ്രാൻഡായ "കേരജം കേശാമൃത്" ഹെർബൽ ഹെയർ ഓയിൽ നടുവണ്ണൂർ ഫാക്ടറിയിലും ഉൽപ്പാദിപ്പിച്ച് വിപണിയിൽ വിറ്റുവരുന്നു. വെർജിൻ കോക്കനട്ട് ഓയിൽ കൂടാതെ തേങ്ങാവെള്ളത്തിൽനിന്നും ലഘുപാനീയങ്ങൾ, വിനാഗിരി മുതലായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള പഠനങ്ങൾ നടന്നുവരുന്നു. വെളിച്ചെണ്ണ ഉൽപ്പാദനത്തിനായി 1991 മുതൽ കരുനാഗപ്പള്ളി ഫാക്ടറിയിൽ ദിവസന്തോറും 250 മെട്രിക് ടൺ കൊപ്ര സംസ്കരണത്തിനും, 2002 മുതൽ നടുവണ്ണൂർ ഫാക്ടറിയിൽ ദിവസന്തോറും 45 മെട്രിക് ടൺ കൊപ്ര സംസ്കരണത്തിനും ശേഷിയുള്ള രണ്ട് വെളിച്ചെണ്ണ ആട്ട് മില്ലുകൾ കേരഫെഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഗൾഫ് മേഖലയിൽ ലുലു ഹൈപ്പർ /സൂപ്പർ മാർക്കറ്റുകൾവഴി ഇപ്പോൾ കേര വെളിച്ചെണ്ണയും മറ്റ് ഉൽപ്പന്നങ്ങളും വിറ്റുവരുന്നു. കൂടാതെ ഒരു മാസത്തിനകം ദുബായ്, ബഹറിൻ, സൗദി അറേബ്യ മുതലായ രാജ്യങ്ങളിലേയ്ക്കുള്ള വിതരണത്തിനുള്ള MoU നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ കേരഫെഡ് സ്വീകരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**റബ്ബർ കർഷകരെ രക്ഷിക്കാൻ പദ്ധതികൾ**

40 (4074) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ തരത്തിലുള്ള കാർഷിക വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്ക് ഗവൺമെന്റിൽനിന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നത് വിശദമാക്കാമോ;

(ബി) റബ്ബറിന്റെ വിലക്കുറവ് മൂലം സാധാരണക്കാരായ ചെറുകിട കർഷകർ റബ്ബർ ടാപ്പിംഗ് ചെയ്യാൻ സാധിക്കാതെ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റബ്ബർ കർഷകരെ രക്ഷിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടിയുണ്ടോ;

(ഡി) സംസ്ഥാനത്ത് റബ്ബർ ഇറക്കുമതി ചെയ്യുന്നുണ്ടോ; ഇറക്കുമതിയാണോ റബ്ബറിന്റെ വിലകുറയാൻ കാരണമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കർഷകർക്ക് വിവിധ വിളകൾ കൃഷി ചെയ്യുന്നതിന് പ്രസ്തുത വിള വികസന പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ കാർഷിക വൈദ്യുതി സൗജന്യം, പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന വിള നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി വിള ഇൻഷ്വറൻസ് പരിരക്ഷ, 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 1,100 രൂപ നിരക്കിൽ കർഷക പെൻഷൻ എന്നിവയും നൽകുന്നു. ഇതിനു പുറമേ സംസ്ഥാന ഹോർട്ടികൾച്ചർ മുഖേന പഴവർഗ്ഗങ്ങൾ, സുഗന്ധവിളകൾ, പൂക്കൾ, കശുമാവ്, കൊക്കോ എന്നിവയുടെ കൃഷിക്കും നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനും സൂക്ഷ്മ ജലസേചന സംവിധാനം ഏർപ്പെടുത്തുന്നതിനും വിളവെടുപ്പിന് ശേഷമുള്ള പരിചരണ സംവിധാനങ്ങൾക്കും (പായ്ക്ക് ഹൗസുകൾ, പ്രീകൂളിംഗ് യൂണിറ്റുകൾ) വിപണന സംവിധാനത്തിനും (ഗ്രാമീണ വിപണികൾ, ചില്ലറ വിപണികൾ) സാമ്പത്തിക സഹായം നൽകുന്നുണ്ട്. വിവിധ പദ്ധതികൾ മുഖേന കർഷകർക്ക് നൽകുന്ന ആനുകൂല്യം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി&സി) ഉണ്ട്. റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് റബ്ബറിന് ന്യായവില ലഭ്യമാക്കുന്നതിനുവേണ്ടി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി (RPIS) നടപ്പിലാക്കിവരുന്നു. സർക്കാർ ധനകാര്യ വകുപ്പും റബ്ബർ ബോർഡും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150 രൂപയാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയതിൽ കർഷകർക്ക് വിതരണം പുരോഗമിച്ചുവരുന്നു. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സിയാൽ (CIAL) മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും കേന്ദ്രസർക്കാരിന്റെ ലൈവ്ലിഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ-വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും ആസിയാൻ രാജ്യങ്ങളിൽനിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പുമന്ത്രിയെ 22-2-2018-ൽ നേരിൽ കണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഉല്പാദന ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും റബ്ബറിന് സംസ്ഥാന സർക്കാർ നൽകിവരുന്ന ഉല്പാദക ബോണസ് 150 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്. കേന്ദ്ര വാണിജ്യ വകുപ്പിന്റെ കീഴിലുള്ള വിദേശ വ്യാപാര ഡയറക്ടർ ജനറൽ ഓഫീസിന്റെ (DGFT) നോട്ടിഫിക്കേഷൻ നമ്പർ 32/2015-2020 തീയതിയിലെ 20-1-2016 ഉത്തരവ് പ്രകാരം സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചെന്നൈ പോർട്ട്, മുംബൈയിലെ ജവഹർലാൽ നെഹ്റു പോർട്ട് എന്നീ തുറമുഖങ്ങളിലൂടെ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2016-17-ൽ 426188 മെട്രിക് ടണ്ണും 2017-18-ൽ (2018 ജനുവരി വരെ) 374190 മെട്രിക് ടണ്ണും സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്തിട്ടുണ്ട്.

**റബ്ബർ തോട്ടങ്ങളിലെ ഇടവിളയ്ക്ക് ബോർഡിൽനിന്നും സഹായം**

41 (4075) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ ബോർഡുമായി സഹകരിച്ച് പുതുകൃഷി ചെയ്ത റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി വാഴ, പച്ചക്കറി തുടങ്ങിയവ കൃഷിചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കൃഷി കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ അതിന് റബ്ബർ ബോർഡിൽ നിന്നും എന്ത് സഹായം ലഭിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുകൃഷി ചെയ്യുന്ന റബ്ബർ തോട്ടങ്ങളുടെ വിസ്തൃതി, പച്ചക്കറി കൃഷിചെയ്യാൻ താല്പര്യമുള്ള കർഷകരുടെ വിവരങ്ങൾ എന്നിവ റബ്ബർ ബോർഡ് കൃഷി വകുപ്പിനെ അറിയിക്കുന്ന മുറയ്ക്ക് കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതാണ്.

(സി) റബ്ബർ ബോർഡ് സഹായം ലഭ്യമാക്കുന്നില്ല. 2017-18 വർഷം പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽനിന്നും ഹെക്ടർ ഒന്നിന് 15,000 രൂപ നിരക്കിൽ 373.4 ഹെക്ടറിലേയ്ക്ക് കൃഷിവകുപ്പ് സഹായം അനുവദിച്ചിട്ടുണ്ട്.

## കാർഷിക വായ്പകൾക്ക് പലിശ ഒഴിവാക്കൽ

42 (4076) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് മൂന്ന് ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകളുടെ പലിശ പൂർണ്ണമായും ഒഴിവാക്കി കാർഷികമേഖലയ്ക്ക് പുതുജീവൻ നൽകിയിരുന്നോ;

(ബി) പ്രസ്തുത രീതിയിലുള്ള ഇളവ് കാർഷിക ലോണുകൾക്കു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന് ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ പലിശയിളവ് പദ്ധതിയാണ് നിലവിലുള്ളത്. ഇതിൻപ്രകാരം ബാങ്കുകൾ 9% പലിശയ്ക്ക് വായ്പ നൽകുന്നു. കേന്ദ്ര സർക്കാർ 2% പലിശ സബ്‌വെൻഷൻ നൽകി ഇത് 7 ശതമാനത്തിന് കർഷകർക്ക് ലഭ്യമാക്കുന്നു. ഇതിന് പുറമെ വായ്പ കൃത്യമായി അടയ്ക്കുന്ന കർഷകന് 3% അഡീഷണൽ സബ്സിഡി കൊടുക്കുന്നതുകൊണ്ട് കൃത്യമായി അടയ്ക്കുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 4% പലിശ നൽകിയാൽ മതിയാകുമെന്ന് എസ്.എൽ.ബി.സി. കൺവീനർ അറിയിച്ചിട്ടുണ്ട്. കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന ചെറുകിട നാമമാത്ര

കർഷകരുടെ മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കുന്നതിന് പലിശ സബ്സിഡി നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി 2011-12 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നതായും നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സഹകരണ ബാങ്കുകൾ/സംഘങ്ങൾവഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽ നിന്നുള്ള പലിശ സബ്സിഡിയായ 3% കിഴിച്ച് ബാക്കിയുള്ള 4% പലിശ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകിവരുന്നതിലൂടെ കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കി കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകാൻ കഴിയുന്നുവെന്ന് സഹകരണസംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കാർഷിക വായ്പകൾ നൽകുന്നത് 7% പലിശ നിരക്കിലാണ്. കൃത്യമായി തിരിച്ചടയ്ക്കുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് നബാർഡിൽ നിന്നുള്ള പലിശ സബ്സിഡിയായ 3% കിഴിച്ച് 4% പലിശ സബ്സിഡി നൽകുന്നതിനായി സംസ്ഥാന സർക്കാർ പദ്ധതിയേതര വിഭാഗത്തിൽ 2016-17 സാമ്പത്തിക വർഷംവരെ ഏഴ് കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും ഇതൊരു തുടർ പദ്ധതിയായതിനാൽ 2017-18-ലെ ബജറ്റിലും ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും നിലവിലുള്ള വായ്പാ ചട്ടങ്ങൾ അനുസരിച്ച് നെൽകൃഷിക്ക് വായ്പയെടുത്തശേഷം വായ്പാ കാലാവധിക്കുള്ളിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക്ടി വായ്പകളും പലിശരഹിതമായി നൽകിവരുന്നുണ്ടെന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

## പഴയന്നൂരിൽ കർഷകർക്ക് സൗജന്യ വൈദ്യുതി

43 (4077) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചേലക്കര നിയോജകമണ്ഡലത്തിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലുള്ള തിരുവില്വാമല, പഴയന്നൂർ, കൊണ്ടാഴി, ചേലക്കര, പാഞ്ഞാൾ, വള്ളത്തോൾ നഗർ എന്നീ കൃഷി ഭവൻ പരിധിയിലും വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലുള്ള വരവൂർ മുള്ളൂർക്കര, ദേശമംഗലം എന്നീ കൃഷി ഭവൻ പരിധിയിലുമായി എത്ര കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുന്നുണ്ടെന്ന്, ഓരോ കൃഷി ഭവന്റെയും കീഴിലുള്ള കർഷകരുടെ എണ്ണം പ്രത്യേകമായി, വ്യക്തമാക്കാമോ?

### ഉത്തരം

ചേലക്കര നിയോജക മണ്ഡലത്തിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലുള്ള തിരുവില്വാമല, പഴയന്നൂർ, കൊണ്ടാഴി, ചേലക്കര, പാഞ്ഞാൾ, വള്ളത്തോൾ നഗർ എന്നീ കൃഷി ഭവൻ പരിധിയിലും വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ്

ഡയറക്ടറുടെ കീഴിലുള്ള വരവൂർ, മുള്ളൂർക്കര, ദേശമംഗലം എന്നീ കൃഷിഭവൻ പരിധിയിലുമായി ആകെ 4,398 കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്നുണ്ട്. ഓരോ കൃഷിഭവന്റെയും കീഴിലുള്ള കർഷകരുടെ എണ്ണം ചുവടെ ചേർക്കുന്നു :

ചേലക്കര കൃഷി അസിസ്റ്റന്റ് ഡയറക്ടർ

| ക്രമ നമ്പർ | കൃഷിഭവൻ | കർഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവില്വാമല | 512 |
| 2 | പഴയന്നൂർ | 864 |
| 3 | കൊണ്ടാഴി | 208 |
| 4 | ചേലക്കര | 885 |
| 5 | പാഞ്ഞാൾ | 481 |
| 6 | വള്ളത്തോൾ നഗർ | 211 |

വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ

| ക്രമ നമ്പർ | കൃഷിഭവൻ | കർഷകരുടെ എണ്ണം |
|---|---|---|
| 1 | വരവൂർ | 566 |
| 2 | മുള്ളൂർക്കര | 309 |
| 3 | ദേശമംഗലം | 362 |

## കർഷകർക്കായി കമ്മ്യൂണിറ്റി റേഡിയോ

44 (4078) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകർക്ക് തങ്ങളുടെ ആശങ്കകളും പ്രശ്നങ്ങളും അഭിപ്രായങ്ങളും വകുപ്പുമന്ത്രിയെ നേരിട്ട് അറിയിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൃഷി സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും മറ്റെന്ത് സംവിധാനമാണ് നിലവിലുള്ളതെന്നറിയിക്കുമോ;

(സി) കൃഷി സംബന്ധമായ നൂതന ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനും വിജ്ഞാന വ്യാപനത്തിനുമായി കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ എവിടെയാണ് ആരംഭിക്കുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) "കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ" എന്ന സംവിധാനത്തിന്റെ വിപുലീകൃതമായ ഉപയോഗത്തിനും മെച്ചപ്പെട്ട സേവന വിനിമയത്തിനുമായി ഈ സംവിധാനത്തിലൂടെതന്നെ കർഷകർ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരോട് ബഹുമാനപ്പെട്ട കൃഷിവകുപ്പ് മന്ത്രി നേരിട്ട് സംവദിക്കുന്ന തരത്തിൽ നടപ്പിലാക്കുന്ന പരിപാടിയാണ് "കൃഷി മന്ത്രി വിളിപ്പുറത്ത്". 2017-ൽ കേരളപ്പിറവി ദിനമായ നവംബർ 1-ന് ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ട ഈ പരിപാടി തുടർന്ന് എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ച ദിവസം നടത്തിവരുന്നു. ഈ കർഷക പൊതുജന സമ്പർക്ക പരിപാടിയുടെ ഫേസ്ബുക്ക് ലൈവ് സ്ട്രീമിംഗ് കാർഷിക വിവര സങ്കേതം ഫേസ്ബുക്ക് പേജിൽ ലഭ്യമാകുന്നതാണ്. പരിപാടി നടക്കുന്ന സമയം കൃഷി ഡയറക്ടർ, കൃഷി അഡീഷണൽ ഡയറക്ടർമാർ, എസ്.എഫ്.എ.സി. മാനേജിംഗ് ഡയറക്ടർ, കാർഷിക സർവ്വകലാശാലാ പ്രതിനിധികൾ തുടങ്ങിയവരുടെ സേവനവും കാൾസെന്ററിൽ ലഭ്യമായിരിക്കും. കൂടാതെ ബ്ലോക്കുതല അസിസ്റ്റന്റ് ഡയറക്ടർമാരും തൽസമയം തങ്ങളുടെ മൊബൈൽ ഫോണുകൾവഴി സേവന സജ്ജരായിരിക്കുന്നതാണ്. കർഷകർക്ക് 1800-425-1661 എന്ന ടോൾഫ്രീ

നമ്പരിലും 9447051661 എന്ന വാട്സ്ആപ് നമ്പരിലും കാർഷിക വിവര സങ്കേതം ഫേസ്ബുക്ക് പേജ് മുഖേനയും ബഹു. കൃഷി വകുപ്പുമന്ത്രിയുമായി സംവദിക്കാൻ സാധിക്കുന്നതാണ്. ഈ കാർഷിക പൊതുജന സമ്പർക്ക പരിപാടിയുടെ ഭാഗമായി ഉന്നയിക്കുന്ന ചോദ്യങ്ങളിൽ തുടർ നടപടികൾ ആവശ്യമായി വരുന്ന സംഗതികളിൽ കൈക്കൊണ്ട നടപടികൾ അതാത് ഉദ്യോഗസ്ഥർ കർഷകരെ അറിയിക്കേണ്ടതും കാർഷിക വിവര സങ്കേതത്തിന്റെ ഫേസ്ബുക്ക് പേജിലും പോർട്ടലിലും രേഖപ്പെടുത്തുന്നതിനായി കാർഷിക വിവര സങ്കേതത്തിലേയ്ക്ക് ഏഴ് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ info@krishi.info എന്ന ഇ-മെയിൽ വിലാസത്തിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്. ഏഴ് ദിവസങ്ങൾക്കുള്ളിൽ നടപടി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആ വിവരം കർഷകരേയും കാർഷിക വിവര സങ്കേതത്തിലും അറിയിക്കേണ്ടതാണ്. ബഹു. കൃഷി വകുപ്പ് മന്ത്രിക്ക് ലഭിക്കുന്ന വിഷയങ്ങളിൽ നയപരമായ നടപടി സ്വീകരിക്കേണ്ട സംഗതികൾ കാർഷികോൽപ്പാദന കമ്മീഷണർക്കും കാർഷിക ഗവേഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കാർഷിക സർവ്വകലാശാലാ വൈസ് ചാൻസലർക്കും എസ്.എഫ്.എ.സി. മാനേജിംഗ് ഡയറക്ടർ യഥാസമയം കൈമാറേണ്ടതാണ്. കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും സേവനങ്ങൾ കർഷകരിലേയ്ക്ക് പരമാവധി എത്തിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങളും സംശയങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനും സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും സഹായിക്കുന്ന "കൃഷി മന്ത്രി വിളിപ്പുറത്ത്" ഇതിനോടകം വമ്പിച്ച പ്രചാരം നേടിക്കഴിഞ്ഞു.

(ബി) കൃഷി സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഇപ്പോൾ ഒരു കാൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്. 1800-425-1661 എന്ന ടോൾഫ്രീ നമ്പരിൽ വിളിച്ച് കർഷകർക്ക് ഈ കാൾ സെന്ററിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. എസ്.എഫ്.എ.സി. വികസിപ്പിച്ചെടുത്ത കാർഷിക വിവര സങ്കേതം പോർട്ടൽ മുഖേനയാണ് ഈ സേവനങ്ങൾ നൽകുന്നത്. എസ്.എഫ്.എ.സി. നടപ്പിലാക്കുന്ന കാർഷിക വിവര സങ്കേതം പ്രോജക്ടിൽ ടെലിഫോണിലൂടെയും/നവമാധ്യമങ്ങളിലൂടെയും ഉന്നയിക്കപ്പെടുന്ന കാർഷികാനുബന്ധമായ ഏതു ചോദ്യങ്ങൾക്കും ആധികാരികമായ മറുപടി ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കാർഷിക വിവര സങ്കേതം പ്രോജക്ടിൽ കാൾ സെന്റർ, വെബ് പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ എന്നീ സംവിധാനങ്ങളാണ് നിലവിലുള്ളത്. ഇതിൽ എടുത്തുപറയേണ്ട പ്രത്യേകത ഫേസ്ബുക്ക്, ട്വിറ്റർ, ഗൂഗിൾ പ്ലസ്, പ്രിന്റ്റെസ്റ്റ്, വാട്സ്ആപ്പ് എന്നീ നവസമൂഹ മാധ്യമങ്ങളെ ഈ സംവിധാനങ്ങളോട് സംയോജിപ്പിച്ചുകൊണ്ടുള്ള വിജ്ഞാനവ്യാപന ശൃംഖലയാണ്. കാർഷികാനുബന്ധമായ

സംശയങ്ങൾ ഫോണിൽ നേരിട്ട് വിളിച്ചും ഇ-മെയിൽ, സമൂഹമാധ്യമങ്ങൾ, വെബ്പോർട്ടൽ എന്നിവയിലൂടെയും ഉന്നയിക്കാൻ സാധിക്കും. രോഗ കീടബാധ സംബന്ധിച്ച ചിത്രങ്ങൾ മൊബൈൽ ആപ്ലിക്കേഷനിലൂടെയും ഇതിലേയ്ക്ക് അയയ്ക്കാവുന്നതാണ്. 1800-425-1661 എന്ന ടോൾഫ്രീ നമ്പരിലൂടെ കാർഷിക വിവര സങ്കേതത്തിലേയ്ക്ക് നേരിട്ട് ബന്ധപ്പെടാനാകും. ഇതിനുപുറമെ കേന്ദ്ര സർക്കാരിന്റെ ബാംഗ്ലൂർ ആസ്ഥാനമായ കിസാൻ കാൾ സെന്ററിലും (ടോൾഫ്രീ നമ്പർ 1800-180-1551) കർഷകർക്ക് സംശയനിവാരണം നടത്താവുന്നതാണ്.

(സി) കൃഷി സംബന്ധമായ നൂതന ആശയങ്ങൾ പരിചയപ്പെടുത്തുന്നതിനും വിജ്ഞാന വ്യാപനത്തിനുമായി കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. കൃഷി വകുപ്പിലെ ഫാം ഇൻഫർമേഷൻ ബ്യൂറോ ആലപ്പുഴ ജില്ലയിലെ കുട്ടനാട് കമ്മ്യൂണിറ്റി റേഡിയോ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിൽ വരുത്തുന്നതാണ്.

(ഡി) കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന ആലപ്പുഴ ജില്ലയിലെ കമ്മ്യൂണിറ്റി റേഡിയോ ആയിരിക്കും ആദ്യം ആരംഭിക്കുക.

**ഓഖി ചുഴലിക്കാറ്റ് - കാർഷിക മേഖലയിലെ നാശനഷ്ടങ്ങൾ**

45 (4079) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റിന്റെ ദുരിതം കർഷക മേഖലയെ എത്തരത്തിൽ ബാധിച്ചു; എത്ര തുകയുടെ നഷ്ടം കാർഷിക മേഖലയും കർഷകർക്കും ഉണ്ടായി; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാർഷിക മേഖല പുനരുദ്ധരിക്കാനും കർഷകരെ സഹായിക്കാനുമായി കൃഷി വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഓഖി ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടാൻ കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങൾ പ്രഖ്യാപിച്ചു; എന്തു ലഭിച്ചു; കൃഷി വകുപ്പ് എത്ര തുകയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഓഖി ചുഴലിക്കാറ്റുമൂലം കാർഷിക മേഖലയിൽ 14,07,13,740 രൂപയുടെ നഷ്ടമുണ്ടായതായാണ് പ്രഥമവിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്.

(ബി) കര്‍ഷകന്റെ പക്കല്‍ നിന്നും നഷ്ടപരിഹാരത്തിന് അപേക്ഷകള്‍ സ്വീകരിക്കുകയും ആയത് പരിശോധിച്ച് ക്ലെയിം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇന്‍ഷ്വര്‍ ചെയ്ത വിളകളെ സംബന്ധിച്ചിടത്തോളം സംസ്ഥാന വിള ഇന്‍ഷ്വറന്‍സ് ഫണ്ടില്‍നിന്നും ഉടനടി കര്‍ഷകര്‍ക്ക് നഷ്ടപരിഹാരം നല്‍കിയിട്ടുണ്ട്. ഇന്‍ഷ്വര്‍ ചെയ്യാത്ത വിളകളെ സംബന്ധിച്ചിടത്തോളം നഷ്ടപരിഹാരത്തുക പ്രകൃതി ദുരിതാശ്വാസ ഫണ്ടില്‍നിന്നും ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് കേന്ദ്ര ദുരന്ത പ്രതികരണ നിധിയില്‍നിന്നും കാര്‍ഷിക മേഖലയിലുണ്ടായ നഷ്ടം 14,07,13,740 രൂപ ഉള്‍പ്പെടെ അധിക സഹായമായി 431 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം സമര്‍പ്പിച്ചിരുന്നു. ഇതില്‍ 133 കോടി രൂപ കേന്ദ്ര സര്‍ക്കാര്‍ അനുവദിച്ചിട്ടുണ്ട്.

## തരിശ് പാടശേഖരങ്ങളില്‍ നെല്‍കൃഷി

46 (4080) ശ്രീ. കെ. ദാസന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) ഈ സര്‍ക്കാര്‍ തരിശ് പാടശേഖരങ്ങളില്‍ നെല്‍കൃഷി ആരംഭിച്ചതിന്റെ വിസ്തൃതി ഹെക്ടറില്‍ ജില്ല തിരിച്ച് വ്യക്തമാക്കാമോ; വിസ്തൃതിയുടെ അടിസ്ഥാനത്തില്‍ നെല്‍കൃഷിയിറക്കിയ ആദ്യത്തെ പത്ത് സ്ഥാനങ്ങളില്‍ വരുന്ന പാടശേഖരങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) നിരവധി കര്‍ഷകരുടെ ഉടമസ്ഥതയിലുള്ളതും വര്‍ഷങ്ങളായി കൃഷി ചെയ്യാതെ തരിശായി കിടക്കുന്നതുമായ പാടശേഖരങ്ങള്‍ നെല്‍കൃഷിയ്ക്ക് യോഗ്യമാക്കി എടുക്കുന്നതിന് വലിയ ചെലവ് വരുന്നുണ്ട് എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇതിലേയ്ക്കായി സര്‍ക്കാരില്‍ നിന്ന് ലഭ്യമാകുന്ന സാമ്പത്തിക സഹായങ്ങള്‍ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഏതെങ്കിലും പ്രത്യേക ഫണ്ട് ഇതിനായി നീക്കിവച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) തരിശ് പാടശേഖരങ്ങളില്‍ നെല്‍കൃഷി ചെയ്തതിന്റെ ജില്ലതിരിച്ചുള്ള വിസ്തൃതിയും വിസ്തൃതിയുടെ അടിസ്ഥാനത്തില്‍ നെല്‍കൃഷിയിറക്കിയ ആദ്യത്തെ പത്ത് സ്ഥാനങ്ങളില്‍ വരുന്ന പാടശേഖരങ്ങളുടെ പട്ടികയും സംബന്ധിച്ച വിവരങ്ങള്‍ അനുബന്ധമായി ചേര്‍ക്കുന്നു*.

(ബി) ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്.

*ലൈബ്രറിയില്‍ വച്ചിട്ടുണ്ട്

(സി) സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ്. തരിശായി കിടക്കുന്ന പാടങ്ങളിൽ നെൽകൃഷിയിറക്കുന്ന കർഷകർക്കും സംഘങ്ങൾക്കും മൂന്ന് വർഷങ്ങളിലായി നൽകുന്ന ആനുകൂല്യങ്ങൾക്ക് പുറമെ അടിസ്ഥാന സൗകര്യ വികസനം ആവശ്യമുള്ളയിടങ്ങളിൽ നടപടി സ്വീകരിക്കുന്നതിനും യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലത്തും (സ്വന്തമോ/ പാട്ടത്തിനോ) കൃഷി നടത്തുന്നതിനും പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്ന ഭൂമി**

47 (4081) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന സ്ഥലത്ത് എത്ര ഏക്കർ കൃഷി ഭൂമി നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്നുണ്ട് എന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; എത്രകാലമായിട്ടാണ് തരിശിട്ടിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ആരുടേയെല്ലാം ഉടമസ്ഥതയിലുള്ള ഭൂമിയാണ് തരിശിട്ടിരിക്കുന്നതെന്ന് അറിവുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത തരിശുഭൂമിയിൽ അടുത്ത വിളയെങ്കിലും കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന സ്ഥലത്ത് 130 ഏക്കർ കൃഷിഭൂമി നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്നുണ്ട്. ശരാശരി 10 വർഷമായി ഈ സ്ഥലം തരിശായിക്കിടക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വ്യക്തികളുടെ പേരിലുള്ള സ്വകാര്യ ഭൂമിയാണ് തരിശിട്ടിരിക്കുന്നത്. വിശദാംശങ്ങൾ കൃഷിവകുപ്പിൽ ലഭ്യമല്ല.

(സി) കൃഷി വകുപ്പിന്റെ പദ്ധതികളും ജനകീയാസൂത്രണ പദ്ധതികളും ചേർത്ത് ലഭ്യമാകുന്ന ഫണ്ട് ഉപയോഗപ്പെടുത്തി 50 ഏക്കർ സ്ഥലം അടുത്ത വർഷം കൃഷി ചെയ്യിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ കാർഷിക പ്രവർത്തനങ്ങൾ**

48 (4082) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ സഹായത്തോടെ ഏതെല്ലാം കൃഷികൾ ആണ് പാടശേഖരസമിതികൾ ചെയ്യുന്നതെന്നും അവയ്ക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്നും കൃഷി ഓഫീസുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) നിലവിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെയും തരിശു കിടക്കുന്ന പ്രദേശങ്ങളുടെയും പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) ഈ വർഷം കൃഷി ചെയ്യുന്നതിനായി ഏറ്റെടുത്ത തരിശുനിലങ്ങളുടെ വിസ്തീർണ്ണം ലഭ്യമാക്കാമോ ;

(ഡി) തരിശു കിടക്കുന്ന പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ ആകെ 3.58 ഹെക്ടർ വിരിപ്പുകൃഷിയും 469.7 ഹെക്ടർ പുഞ്ചകൃഷിയും ചെയ്തിട്ടുണ്ട്. 13,32,830 രൂപ സബ്സിഡിയും നൽകിയിട്ടുണ്ട്. കൃഷിഭവൻ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. തെക്കേക്കര പഞ്ചായത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതിയിലെ സുസ്ഥിര കൃഷി വികസനം, തരിശുനില കൃഷി എന്നീ ഘടകങ്ങൾ പ്രകാരം 3.58 ഹെക്ടർ സ്ഥലത്ത് വിരിപ്പു കൃഷിയും 101.7 ഹെക്ടർ സ്ഥലത്ത് പുഞ്ചകൃഷിയും ചെയ്തു. ആയതിനു 4,42,830 രൂപ സബ്സിഡിയും നൽകി. തഴക്കര പഞ്ചായത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം 350 ഹെക്ടർ സ്ഥലത്ത് പുഞ്ചകൃഷി ചെയ്തു. ആയതിനു 3,70,000 രൂപ സബ്സിഡി നൽകി. മാവേലിക്കര പഞ്ചായത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം 18 ഹെക്ടർ സ്ഥലത്ത് പുഞ്ചകൃഷി ചെയ്തു. ആയതിനു 5,20,000 രൂപ സബ്സിഡിയും നൽകി.

(ബി)

| പഞ്ചായത്ത് | നിലവിൽ കൃഷി ചെയ്യുന്ന സ്ഥലം (ഹെക്ടർ) | തരിശു കിടക്കുന്ന സ്ഥലം (ഹെക്ടർ) |
|---|---|---|
| തെക്കേക്കര | 105.28 | 30 |
| തഴക്കര | 370 | 35 |
| മാവേലിക്കര | 18 | 82 |
| ആകെ | 493.28 | 147 |

(സി)

| കൃഷിഭവൻ | സ്ഥലത്തിന്റെ പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| തഴക്കര | പെരുവേലിൽ ചാൽ പുഞ്ച | 13.6 |
| | തഴക്കര ബി ബ്ലോക്ക് | 8 |
| തെക്കേക്കര | മുണ്ടകത്തിൽ | 2.4 |
| | പൊന്നേഴ | 2 |
| | നെടുണ്ടയിൽ | 4.8 |
| | ഉതിർനാട് | 1.06 |
| മാവേലിക്കര | കണ്ടിയൂർ പുഞ്ച | 10 |
| | ആകെ | 41.86 |

(ഡി) തരിശുകിടക്കുന്ന മുഴുവൻ സ്ഥലങ്ങളും സർവ്വേയിലൂടെ കണക്കെടുത്തു കൊണ്ടിരിക്കുന്നു. ഉടമസ്ഥരുടെ വിവരങ്ങളും മറ്റ് റവന്യൂ വിവരങ്ങളും ലഭ്യമായ സ്ഥലങ്ങൾ കൃഷിചെയ്യിക്കുകയും 2017-18 വർഷവും കൂടുതൽ സ്ഥലം കൃഷി ചെയ്യിക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്യുന്നു. തെക്കേക്കര പഞ്ചായത്തിൽ

തെക്കേക്കര പൊന്നേഴ സർവ്വീസ് സഹകരണ സംഘം ഓണാട്ടുകര വികസന ഏജൻസി, കൃഷി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പലതവണ കർഷകരുടെ യോഗം ചേർന്ന് യന്ത്രസഹായത്തോടെ 'പായ് ഞാറ്റടി' തയ്യാറാക്കി 10.26 ഹെക്ടർ തരിശുകൃഷി ചെയ്തു. തഴക്കര പഞ്ചായത്തിൽ 13.6 ഹെക്ടറും മാവേലിക്കര മുനിസിപ്പാലിറ്റിയിൽ 18 ഹെക്ടറും കുട്ടനാടൻ കർഷകർ സ്ഥലം പാട്ടത്തിനെടുത്ത് തരിശുനിലം കൃഷി ചെയ്തു.

**ബാലുശ്ശേരി മണ്ഡലത്തിലെ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് നടപടി**

49 (4083) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിലെ തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾക്ക് എത്ര രൂപയാണ് ചെലവഴിച്ചത് എന്ന് പദ്ധതികളുടെ പേരുകൾ സഹിതം അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര ഏക്കർ ഭൂമി തരിശായി കിടക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ വർഷം അവ കൃഷിയോഗ്യമാക്കാനും കൃഷിയിറക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തരിശുഭൂമി സർവ്വേ നടത്തി സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചു. കൃഷി യോഗ്യമായ തരിശുഭൂമി കണ്ടെത്തുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. 25.05 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും 12.84 ഹെക്ടർ തരിശുനിലത്ത് പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ബി) പച്ചക്കറി വികസന പദ്ധതിയിൽ തരിശുനില കൃഷിക്കായി 1.57 ലക്ഷം രൂപ (12.84 ഹെക്ടർ)യും സമഗ്ര നെൽകൃഷി വികസന പദ്ധതിയിലൂടെ തരിശുനില കൃഷിക്കായി 4.82736 ലക്ഷം രൂപയും (25.05 ഹെക്ടർ), ജനകീയാസൂത്രണ നെൽകൃഷി വികസന പദ്ധതിക്കായി 33,500 രൂപയും ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) 157.5 ഏക്കർ തരിശുഭൂമി ഉണ്ടെന്ന് കണക്കാക്കുന്നു.

(ഡി) കൃഷി വകുപ്പിന്റെ സമഗ്ര നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, ജനകീയാസൂത്രണ പദ്ധതികൾ എന്നിവ നടപ്പിലാക്കി ഈ തരിശുനിലം ഘട്ടംഘട്ടമായി കൃഷി ചെയ്യുന്നതിന് ഉപയുക്തമാക്കും. ബാലുശ്ശേരി മണ്ഡലത്തിലെ തരിശുനിലകൃഷിയടക്കം മണ്ഡലംതല സമഗ്ര കാർഷിക പദ്ധതി പ്രത്യേകം തയ്യാറാക്കുന്നതിന് കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായമുണ്ടാകും. ഇത്തരം പദ്ധതികളുടെ നടത്തിപ്പിനായി പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതായിരിക്കും.

**വാമനപുരം നിയോജക മണ്ഡലത്തിൽ വിള**
**ഇൻഷ്വർ ചെയ്ത കർഷകർ**

50 (4084) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിലെ കൃഷിഭവനുകളിൽ 2013 മുതൽ 2017 വരെയുള്ള കാലയളവിൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തവർക്ക് വിളനാശം സംഭവിച്ച ഇനത്തിൽ ഇനിയും എത്ര പേർക്ക് എത്ര രൂപ നൽകാനുണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ കർഷകരുടെ പേരും വിലാസവും നൽകാമോ;

(സി) ഇനിയും ഇൻഷ്വറൻസ് തുക നൽകാനുണ്ടെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) 47 കർഷകർക്ക് 4,24,950 രൂപ ആനുകൂല്യം നൽകാനുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) കർഷകരുടെ ധനസഹായത്തിനുള്ള അപേക്ഷകളിലെ അപാകതകൾ പരിഹരിച്ച് നൽകുന്നതിന് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് തിരികെ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

51 (4085) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) നാളികേര വികസന ബോർഡിന്റെ കീഴിൽ എത്ര നീര ഉല്പാദന കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയ്ക്ക് സർക്കാരും, ബോർഡും ധനസഹായങ്ങൾ നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നീര ഉല്പാദനം നടത്തിയിരുന്ന നിരവധി കമ്പനികൾ നഷ്ടംമൂലം പ്രവർത്തനം അവസാനിപ്പിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും തദ്വാര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നീര ഉല്പാദനത്തിനായി നാളികേര ഉൽപ്പാദക കമ്പനികൾക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് ചെലവായ തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 200 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നാളികേര വികസന ബോർഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പാലക്കാട് നാളികേര പ്രൊഡ്യൂസർ കമ്പനിക്ക് 47.1125 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷ സമർപ്പിച്ച കമ്പനികളുടെ അപേക്ഷ നിയമനുസൃതം പരിശോധിച്ചുവരികയാണ്.

(ബി) നാളികേര വികസന ബോർഡിന്റെ കീഴിൽ ആകെ 29 നാളികേര പ്രൊഡ്യൂസർ കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ആകെ 11 യൂണിറ്റുകൾക്ക് നാളികേര വികസന ബോർഡ് ധനസഹായം നൽകിയിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്നും ഇതുവരെ 5 യൂണിറ്റുകൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. നാളികേര ഉൽപ്പാദക സംഘങ്ങൾക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്കുള്ള ധനസഹായം നൽകുന്നതിനായി 2017-18 വർഷത്തിൽ 2 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17-ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ച്

നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പരിശീലന പരിപാടികൾ സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ നടത്തിവരുന്നു. " ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്" എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചെലവിന്റെ 25 ശതമാനം പരമാവധി 150 ലക്ഷം രൂപ സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉല്പാദക കമ്പനികൾക്ക് നൽകിവരുന്നുണ്ട്. നാളികേര വികസന ബോർഡ് നീര ഉൽപ്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉൽപ്പാദക കമ്പനികൾക്ക് നൽകിവരുന്നു. വെന്റിംഗ് മെഷീനുകൾ/വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്കും നാളികേര ഉല്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇതിനുപുറമെ നീര ഉൽപ്പാദക കമ്പനികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻവേണ്ട ഇടപെടലുകളും നടത്തുന്നതാണ്.

**കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

52 (4086) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC) 2017-18 സാമ്പത്തിക വർഷത്തിൽ എന്തൊക്കെ കാര്യങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കെ.എൽ.ഡി.സി. ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; എന്തൊക്കെ കാര്യങ്ങൾക്കാണ് ഫണ്ട് അനുവദിക്കുന്നത്;

(സി) തലശ്ശേരി നിയോജകമണ്ഡലത്തിന് 2017-18 സാമ്പത്തിക വർഷത്തിൽ എന്തെങ്കിലും പ്രവൃത്തിക്ക് കെ.എൽ.ഡി.സി. ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പ്രവൃത്തിക്കാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) 2017-18 സാമ്പത്തിക വർഷത്തിൽ ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ., എസ്.സി. ഡെവലപ്മെന്റ്, അഗ്രി കോംപ്ലക്സ്, പഴശ്ശി, പെരിഞ്ചേരി, മണിയൂർ പാടശേഖരം (നോൺ പ്ലാൻ) എന്നീ പ്രവൃത്തികൾക്ക് പിറവം, പൊന്നാനി, മഞ്ചേശ്വരം, പത്തനാപുരം, മാവേലിക്കര, ചടയമംഗലം, നെയ്യാറ്റിൻകര, കുന്നത്തൂർ, ഇരിഞ്ഞാലക്കുട, കുത്തുപറമ്പ്, പാറശ്ശാല, ചാലക്കുടി, നാട്ടിക, മണലൂർ, എടപ്പാൾ,

തലശ്ശേരി, മഞ്ചേരി, കൊടുങ്ങല്ലൂർ, കാഞ്ഞിരപ്പള്ളി, ഒല്ലൂർ, അടൂർ, കായംകുളം, ചെങ്ങന്നൂർ, അങ്കമാലി, പുനലൂർ, പെരിന്തൽമണ്ണ, വൈപ്പിൻ, ഒറ്റപ്പാലം, ചങ്ങനാശ്ശേരി, പറവൂർ, ഹരിപ്പാട്, അമ്പലപ്പുഴ, വൈക്കം, തൃപ്പൂണിത്തുറ, കൊച്ചി, കോതമംഗലം, പാലക്കാട്, കുന്നത്തുനാട്, ധർമ്മടം, പേരാവൂർ, കുറ്റ്യാടി, നാദാപുരം, മലപ്പുറം, മട്ടന്നൂർ എന്നീ മണ്ഡലങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. കെ.എൽ.ഡി.സി. 2017-18 സാമ്പത്തിക വർഷത്തിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒല്ലൂർ, തൃശ്ശൂർ, തലശ്ശേരി, പുനലൂർ, അടൂർ, ചാത്തന്നൂർ, ഏറ്റുമാനൂർ, വൈക്കം, അമ്പലപ്പുഴ, പറവൂർ എന്നീ നിയോജക മണ്ഡലങ്ങളിലും ജി.ഒ. (എംഎസ്.) നമ്പർ 87/2017/എഡി. തീയതി 18-7-2017 പ്രകാരം 1562.77 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഗവൺമെന്റ് തീരുമാനങ്ങൾക്ക് അനുസൃതമായി ഓരോ പദ്ധതികൾക്കായി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബഹു. ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരാറുകാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരവും ഡയറക്ടർ ബോർഡ് തീരുമാനപ്രകാരവും സർക്കാർ ഉത്തരവുകൾക്ക് ബാധകമായും കോടതി വിധികളെ മാനിച്ചുമാണ് ഫണ്ട് വിതരണം ചെയ്യുന്നത്. കെ.എൽ.ഡി.സി. ഏറ്റെടുത്ത് നടപ്പാക്കിവരുന്ന പദ്ധതികൾക്കാണ് ഫണ്ട് ചെലവഴിക്കുന്നത്.

(സി) കണ്ണൂർ ജില്ലയിലെ തലശ്ശേരി നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ. 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി പെരളശ്ശേരി പഞ്ചായത്തിലെ മാവിലായി വലിയ തോടിന്റെ പാർശ്വഭിത്തി പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. RIDF പദ്ധതികൾക്കായി 2017-18 വർഷത്തിൽ സഹസ്രസരോവർ സ്കീമിൽ ഉൾപ്പെടുത്തി 10.81 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്**

53 (4087) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് RIDF 23-ൽ ഉൾപ്പെടുത്തുന്നതിനായി കെ.എൽ.ഡി.സി. മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിക്കും തുക അനുവദിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) RIDF 23 (NABARD)-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ കരിങ്ങാലിച്ചാൽ പുഞ്ചയുടെ അടിസ്ഥാന വികസന പ്രവൃത്തികൾ, തഴക്കര പഞ്ചായത്തിലെ കോതറകുളം, പുത്തൻകുളം, കോരടികുളം എന്നീ പ്രവൃത്തികൾ RIDF 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി അനുമതിക്കായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) RIDF 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 163 പദ്ധതികൾ നബാർഡിൽ സമർപ്പിച്ചെങ്കിലും അംഗീകാരം ലഭ്യമാകാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

## പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനം

54 (4088) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ ആകെ എത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്; അവ എവിടെയെല്ലാമാണ്;

(സി) നാളികേര, നെൽകൃഷി പ്രധാനമായ മണലൂർ മണ്ഡലത്തിൽ എത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ നിലവിലുണ്ട്;

(ഡി) പുതിയതായി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മണലൂർ മണ്ഡലത്തിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയുമാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന ചെയ്യുന്നത്. പെസ്റ്റ് ബുള്ളറ്റിനുകൾ മുഖേനയും കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളും കർഷകർക്ക് നൽകുന്നു. കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, അമ്ലത്വ പരിശോധനയ്ക്കുള്ള പി.എച്ച്. മീറ്റർ, ശത്രുകീടങ്ങളെയും മിത്ര കീടങ്ങളെയും തിരിച്ചറിയാനുള്ള സ്പെസിമനുകൾ, ഫോട്ടോഗ്രാഫുകൾ, ചാർട്ടുകൾ എന്നിവ കൂടാതെ കൃഷിസംബന്ധമായ

വിവരങ്ങൾ നൽകുന്ന ലഘുലേഖകൾ, പുസ്തകങ്ങൾ, മാഗസിനുകൾ, സി.ഡി.-കൾ എന്നിവയും റഫറൻസിനായി കർഷകർക്ക് ലഭ്യമാക്കുന്നു. 2013-14 മുതൽ 2016-17 വരെയുള്ള കാലയളവിലായി 14 ജില്ലകളിലായി 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. 2017-18 വർഷത്തിൽ 14 ജില്ലകളിലായി 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ കൊല്ലം, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ ജില്ലാ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

(ബി) തൃശ്ശൂർ ജില്ലയിൽ 2016-17 വരെയുള്ള കാലയളവിൽ 16 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 2017-18 വർഷത്തിൽ 9 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ആകെ 25 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ തൃശ്ശൂർ ജില്ലയിൽ അനുവദിച്ചിട്ടുണ്ട്. 2016-17 വരെയുള്ള കാലയളവിലെ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾ താഴെ ചേർക്കുന്നു. അന്തിക്കാട്, വെങ്കിടങ്ങ്, അയ്യന്തോൾ, പൊറത്തിശ്ശേരി, കടവല്ലൂർ, വടക്കാഞ്ചേരി, ഒല്ലൂക്കര, ചേർപ്പ്, ആളൂർ, കാട്ടുകുറ്റി, പഴയന്നൂർ, കൊടകര, വെള്ളാങ്ങല്ലൂർ, പുന്നയൂർക്കുളം, ഏറിയാട്, തളിക്കുളം. 2017-18-ൽ ആരംഭിക്കുന്ന ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾ താഴെ ചേർക്കുന്നു. താന്ന്യം, എടവിലങ്ങ്, പുത്തൻചിറ, പുതുക്കാട്, വിൽവട്ടം, കുർക്കഞ്ചേരി, പുന്നയൂർ, പരിയാരം, അവിണിശ്ശേരി.

(സി&ഡി) മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി ബ്ലോക്കിൽ ഉൾപ്പെടുന്ന വെങ്കിടങ്ങ് കൃഷിഭവനിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. 2017-18 വിള ആരോഗ്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം 50 പഞ്ചായത്തുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മണലൂർ മണ്ഡലത്തിൽ പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**വി.എഫ്.പി.സി.കെ.-യുടെ ആലത്തൂരിലെ വിത്തുൽപ്പാദന കേന്ദ്രം**

55 (4089) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എഫ്.പി.സി.കെ.-യുടെ ആലത്തൂരിലെ വിത്തുല്പാദന കേന്ദ്രം എത്ര വർഷമായി പ്രവർത്തിച്ചു വരുന്നു; ഇതിന്റെ കീഴിൽ ഏതെല്ലാം വിത്തിനങ്ങളാണ് ഉല്പാദിപ്പിക്കുന്നത്;

(ബി) കഴിഞ്ഞ പത്തു വർഷത്തിനിടയിൽ വി.എഫ്.പി.സി.കെ. എത്ര വിത്തുല്പാദക സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു എന്ന് വ്യക്തമാക്കാമോ; വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന വിത്തുല്പാദക സൊസൈറ്റി എന്നാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. ഇതിൽ എത്ര അംഗങ്ങൾ ഉണ്ട്;

(സി) വടകരപ്പതിയിലെ വിത്തുല്പാദക അസോസ്സിയേഷന് സീഡ് ആക്ടിൽ നിർദ്ദേശിച്ചപ്രകാരം വിത്തുൽപ്പാദക ലൈസൻസുണ്ടോ ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ; ലൈസൻസ് ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വി.എഫ്.പി.സി.കെ. വിത്തുല്പാദക കേന്ദ്രം, വിത്തുല്പാദക അസോസിയേഷൻ എന്നിവയുടെ കഴിഞ്ഞ 10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) വിത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ ഇന്ത്യൻ സീഡ് ആക്ടിലുള്ള വ്യവസ്ഥകൾ എങ്ങനെയാണ് പാലിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വി.എഫ്.പി.സി.കെ.-യുടെ ആലത്തൂരിലെ വിത്തുൽപ്പാദന കേന്ദ്രം 21 വർഷമായി പ്രവർത്തിച്ചുവരുന്നു. ഇവിടെ ഉല്പാദിപ്പിക്കുന്ന വിത്തിനങ്ങൾ ചുവടെ ചേർക്കുന്നു. ചീര, കുമ്പളം, വെണ്ട, പാവൽ, ചുരയ്ക്ക, മുളക്, പയർ, വെള്ളരി, അമര, മത്തൻ, പീച്ചിൽ, പടവലം, ചതുരപ്പയർ, വഴുതന.

(ബി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വി.എഫ്.പി.സി.കെ. 19 വിത്തുല്പാദക സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന വിത്തുല്പാദക സൊസൈറ്റി (SGA) 2001-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. ഇതിൽ 104 കർഷകർ അംഗങ്ങളായിട്ടുണ്ട്.

(സി) ഇല്ല. എന്നാൽ VFPCK-യുടെ വിത്ത് സംസ്കരണ ശാലയ്ക്ക് സീഡ് ആക്ടിൻ നിർദ്ദേശപ്രകാരം ലൈസൻസുണ്ട്. വിത്ത് ഉൽപ്പാദിപ്പിക്കുന്ന കർഷകർ രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്ത കർഷകരിൽനിന്ന് സംഭരിക്കുന്ന വിത്ത് VFPCK സംസ്കരിച്ച് വിപണനം ചെയ്യുകയുമാണ് ചെയ്യുന്നത്.

(ഡി) വി.എഫ്.പി.സി.കെ. വിത്തുല്പാദക കേന്ദ്രത്തിന്റെ കണക്കുകൾ വി.എഫ്.പി.സി.കെ.-യുടെ വാർഷിക ഓഡിറ്റിലാണ് ഉൾപ്പെടുന്നത്. കഴിഞ്ഞ 10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ഇ) വിത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ ഇന്ത്യൻ സീഡ് ആക്ടിലുള്ള വ്യവസ്ഥകൾ പാലിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. ഗുണമേന്മയുള്ള ബ്രീഡർ സീഡുകൾ കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽനിന്നുമാണ് വാങ്ങുന്നത്. ഇവയാണ് വിത്തുല്പാദനത്തിന് ഉപയോഗിക്കുന്നത്.

2. ഈ വിത്തുകൾ വിത്തുല്പാദനത്തിന് പരിശീലനം സിദ്ധിച്ച കർഷകർക്ക് ഉൽപ്പാദന പ്ലാൻ അനുസരിച്ച് വിതരണം ചെയ്യുന്നു.

3. വിത്തുല്പാദനത്തിന്റെ ഓരോ ഘട്ടത്തിലും വി.എഫ്.പി.സി.കെ.-യുടെ ഉദ്യോഗസ്ഥർ കൃഷിയിടങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു.

4. ഓരോ വിളകൾക്കും വേണ്ട സുരക്ഷിത അകലം പാലിക്കാനും ഗുണമേന്മയില്ലാത്ത തൈകൾ പിഴുതുകളയാനും ശ്രദ്ധ ചെലുത്തുന്നുണ്ട്.

5. വിത്തുല്പാദനത്തിൽ വിത്തിന്റെ മുളയും മറ്റ് ഗുണനിലവാര പരിശോധനകളും ഉറപ്പുവരുത്താറുണ്ട്. ഈ പരിശോധനയ്ക്കുശേഷം മാത്രമാണ് കർഷകരിൽനിന്നും ശേഖരിക്കുന്ന വിത്ത്, സംസ്കരണ പ്രക്രിയകൾക്കുശേഷം വിതരണത്തിനു നൽകുന്നത്.

6. സംസ്ഥാന കൃഷി വകുപ്പിന്റെ സീഡ് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ സാമ്പിൾ നൽകുന്നതിനും ആലപ്പുഴയിലുള്ള വിത്തുപരിശോധന ലാബിൽ പരിശോധിക്കുന്നതിനും ശ്രദ്ധിക്കാറുണ്ട്.

## കൃഷിഭവനുകളുടെ പ്രവർത്തനം

56 (4090) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉയർന്ന ജനസാന്ദ്രത കൊണ്ട് കൃഷിഭൂമി ചെറുഖണ്ഡങ്ങൾ ആക്കേണ്ടി വന്നതു ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതിനും ഉല്പാദനക്ഷമത കുറയുന്നതിനും കാരണമായതു കണക്കിലെടുത്ത് ചെറു യന്ത്രസഹായത്തോടെയുള്ള കൃഷിരീതികളും നവീന ശാസ്ത്രീയ കൃഷി രീതികളും പ്രോത്സാഹിപ്പിക്കാൻ കൃഷി ഭവനുകൾക്ക് സാധ്യമായിട്ടുണ്ടോ;

(ബി) കാർഷിക സർവകലാശാലയുൾപ്പെടെയുള്ള കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ സാധാരണക്കാർക്ക് പ്രായോഗികമാക്കുന്നതിന് അനുയോജ്യമായ രീതിയിൽ കൃഷിഭവനുകളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുമോ;

(സി) ജലദൗർലഭ്യവും ജൈവ പുനചംക്രമണത്തിന്റെ സാധ്യതയും കണക്കിലെടുത്ത് സംയോജിത കൃഷി രീതി വ്യാപകമാക്കാൻ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ചെറുയന്ത്രങ്ങളുടെ സഹായത്തോടെയുള്ള കൃഷിരീതികളും നവീന ശാസ്ത്രീയ കൃഷിരീതികളും പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ കൃഷിഭവൻ മുഖേന നടപ്പിലാക്കിവരുന്നു. നവീന കൃഷിരീതികളായ ടെറസിലുള്ള കൃഷി, ഗ്രോബാഗ് കൃഷി, മിനി പോളിഹൗസ് കൃഷി എന്നിവ കൃഷിഭവൻ മുഖേന പ്രോത്സാഹിപ്പിക്കുന്നുണ്ട്. ബ്രഷ് കട്ടർ, ഗാർഡൻ ടില്ലർ, റിഷ്ജ് ഫോർമർ, Coconut Climber മുതലായ ചെറുയന്ത്രങ്ങളുടെ ഉപയോഗവും കൃഷിഭവനുകൾ മുഖേന പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(ബി) കാർഷിക സർവ്വകലാശാല ഉൾപ്പെടെയുള്ള ഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണ ഫലങ്ങൾ കൃഷിഭവനിലൂടെ വിവിധ പദ്ധതികൾ മുഖേന കർഷകരിൽ എത്തിക്കുന്നതിന് നിലവിൽ സംവിധാനമുണ്ട്. കൂടാതെ കൃഷിവകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ, സെമിനാറുകൾ, ടെക്നോളജി മീറ്റ് എന്നിവ മുഖേനയും ഗവേഷണ ഫലങ്ങൾ കർഷകരിൽ എത്തിക്കുന്നു.

(സി) സംയോജിത കൃഷിരീതി നടപ്പിലാക്കിവരുന്നുണ്ട്. ഇവ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2017-18 വർഷത്തിൽ 10 സെന്റ് മുതൽ 1 ഏക്കർ വരെയുള്ള 2300 കർഷകർക്ക് സംയോജിത കൃഷി ചെയ്യുന്നതിന് കൃഷിഭവൻ മുഖേന താഴെ കാണിച്ചിരിക്കുന്ന പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | യൂണിറ്റ് | ധനസഹായം |
|---|---|---|
| 1 | 10 സെന്റ് | 10,000 രൂപ |
| 2 | 20 സെന്റ് | 20,000 രൂപ |
| 3 | 30 സെന്റ് | 30,000 രൂപ |
| 4 | 40 സെന്റ് | 40,000 രൂപ |
| 5 | 50 സെന്റിന് മുകളിൽ | 50,000 രൂപ |

വരും വർഷങ്ങളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷിഭവനകളിൽ നിലവിലുള്ള തസ്തികകൾ

57 (4091) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭവനകളിൽ നിലവിൽ അനുവദിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയെന്നും എത്ര വീതമെന്നും വ്യക്തമാക്കാമോ ;

(ബി) 2015 മുതൽ നാളിതുവരെ അപ്രകാരം അനുവദിക്കപ്പെട്ട എണ്ണത്തിൽ കൂടുതൽ ജീവനക്കാർ ജോലിചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) എങ്കിൽ ഏതു സാഹചര്യത്തിലെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കാലയളവിൽ അപ്രകാരം അധികം ജീവനക്കാർ ഏതൊക്കെ കൃഷിഭവനകളിൽ ഉണ്ടായിരുന്നുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഇ) അത്തരമൊരു സാഹചര്യത്തിൽ, പ്രസ്തുത ജീവനക്കാർക്ക് അനുവദനീയമായതിൽ കൂടുതൽ തുക ശമ്പളയിനത്തിൽ നൽകേണ്ടിവന്നിട്ടുണ്ടോ ; വിശദ വിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ) കൃഷിഭവനകളിൽ നിലവിൽ അനുവദിക്കപ്പെട്ട തസ്തികകളും ജില്ലതിരിച്ചുള്ള എണ്ണവും ചുവടെ ചേർക്കുന്നു :

| ജില്ല | തസ്തിക | | | | | |
|---|---|---|---|---|---|---|
| | കൃഷി ആഫീസർ | കൃഷി ഫീൽഡ് ആഫീസർ | കൃഷി അസിസ്റ്റന്റ് | ക്ലർക്ക് | ആഫീസ് അറ്റൻഡന്റ് | പാർട്ട് ടൈം സ്വീപ്പർ |
| (1) | (2) | (3) | (4) | (5) | (6) | (7) |
| തിരുവനന്തപുരം | 84 | 5 | 252 | - | - | 79 |
| കൊല്ലം | 76 | 2 | 221 | 16 | 20 | 59 |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| പത്തനംതിട്ട | 56 | 2 | 147 | 10 | 11 | 39 |
| ആലപ്പുഴ | 73 | 5 | 207 | 4 | 3 | 56 |
| കോട്ടയം | 79 | 4 | 198 | - | - | 50 |
| എറണാകുളം | 89 | 8 | 240 | - | - | 95 |
| ഇടുക്കി | 52 | 1 | 145 | - | - | 45 |
| തൃശ്ശൂർ | 98 | 7 | 285 | - | - | 28 |
| മലപ്പുറം | 104 | 4 | 295 | - | - | 46 |
| പാലക്കാട് | 92 | 3 | 261 | - | - | 65 |
| കോഴിക്കോട് | 79 | 2 | 228 | - | - | 46 |
| കണ്ണൂർ | 87 | 2 | 235 | - | - | 39 |
| വയനാട് | 26 | - | 70 | - | - | 25 |
| കാസർഗോഡ് | 39 | 2 | 108 | - | - | 26 |
| ആകെ | 1034 | 47 | 2892 | 30 | 34 | 698 |

(ബി) കൃഷി അസിസ്റ്റന്റ് തസ്തികയിൽ തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ അനുവദിക്കപ്പെട്ട എണ്ണത്തിൽ കൂടുതൽ ജീവനക്കാർ ജോലിചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

(സി) തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ 2016-17-ലെ പൊതു സ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ കൃഷി അസിസ്റ്റന്റുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോടതി ഉത്തരവുപ്രകാരം കൃഷി അസിസ്റ്റന്റുമാരെ തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ തന്നെ നിലനിർത്തേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്.

(ഡി) പ്രസ്തുത കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ്, വെള്ളനാട്, നന്ദിയോട്, നെല്ലനാട്, പഴയകുന്നുമ്മേൽ, വട്ടിയൂർക്കാവ്, അതിയന്നൂർ, കുറ്റിച്ചൽ, കല്ലിയൂർ എന്നീ കൃഷിഭവനകളിൽ കൃഷി അസിസ്റ്റന്റ് തസ്തികളിൽ അധികം ജീവനക്കാരുണ്ടായിരുന്നു. നിലവിൽ തിരുവനന്തപുരം ജില്ലയിൽ 12 കൃഷി അസിസ്റ്റന്റുമാർ അനുവദിക്കപ്പെട്ട എണ്ണത്തേക്കാൾ കൂടുതലായി പാറശ്ശാല, കാരോട്, അതിയന്നൂർ, കോട്ടുകാൽ, മാറനല്ലൂർ, മലയിൻകീഴ്, നെല്ലനാട്, മുദാക്കൽ, കടയ്ക്കാവൂർ, കല്ലറ, കുറ്റിച്ചൽ എന്നീ കൃഷിഭവനകളിലും പ്രിൻസിപ്പൽ കൃഷി ആഫീസ്, തിരുവനന്തപുരത്തും ജോലിചെയ്തുവരുന്നു. പാലക്കാട് ജില്ലയിൽ പിരായിരി, കണ്ണാടി, നെന്മാറ എന്നീ കൃഷിഭവനകളിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ അധികം ജീവനക്കാർ ടി കാലയളവിൽ ഉണ്ടായിരുന്നു.

(ഇ) പ്രസ്തുത ജീവനക്കാർക്ക് അനുവദനീയമായതിൽ കൂടുതൽ തുക ശമ്പളയിനത്തിൽ നൽകേണ്ടി വന്നിട്ടില്ല. തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ അനുവദിക്കപ്പെട്ട എണ്ണത്തിൽ കൂടുതൽ കൃഷി അസിസ്റ്റന്റുമാർ ജോലി ചെയ്തിരുന്നുവെങ്കിലും കൃഷി അസിസ്റ്റന്റുമാരുടെ മൊത്തം അംഗീകൃത തസ്തികകളിൽനിന്നും ഇവ അധികരിച്ചിട്ടില്ലാത്തതിനാൽ കൂടുതൽ തുക ശമ്പളമായി നൽകേണ്ടി വന്നിട്ടില്ല.

**കൃഷി ഓഫീസർമാരുടെ തസ്തിക**

58 (4092) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഓഫീസർമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഈ തസ്തികയിലുള്ള ആരെങ്കിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) പള്ളിപ്പുറം കൃഷി ഓഫീസിൽ ആറുമാസത്തിലധികമായി ഒഴിഞ്ഞ് കിടക്കുന്ന കൃഷി ഓഫീസർ തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൃഷി ആഫീസർമാരുടെ 40 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) ഉണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | 1 |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | 1 |
| കോട്ടയം | ഇല്ല |
| എറണാകുളം | 1 |
| ഇടുക്കി | 2 |
| തൃശ്ശൂർ | ഇല്ല |
| മലപ്പുറം | ഇല്ല |
| പാലക്കാട് | 1 |
| കോഴിക്കോട് | 1 |
| കണ്ണൂർ | 2 |
| വയനാട് | ഇല്ല |
| കാസർഗോഡ് | ഇല്ല. |

(സി) ഉണ്ട്. 2017 ജൂലൈ 24-ാം തീയതി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ഡി) പള്ളിപ്പുറം കൃഷി ഭവനിൽ കൃഷി ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മൂന്ന് വർഷത്തിലേറെയായി ഒരേ കൃഷി ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന കൃഷി ഓഫീസർമാർ

59 (4093) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലപ്പുറം ജില്ലയിൽ മൂന്ന് വർഷത്തിലേറെയായി ഒരേ കൃഷി ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന കൃഷി ഓഫീസർമാർ എത്ര പേരുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

14 പേർ. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റ് നിയമനം

60 (4094) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിലെ അസിസ്റ്റന്റ് നിയമനത്തിനായുള്ള നടപടികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി നിയമനത്തിനായി അപേക്ഷ ക്ഷണിച്ചതിൽ കാണിച്ചിരിക്കുന്ന നിയമന യോഗ്യതയിൽ നിന്നും എന്തെങ്കിലും മാറ്റങ്ങൾ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിൽ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നും എന്ത് കൊണ്ടാണെന്നും വിശദമായി വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷി വകുപ്പിലെ അസിസ്റ്റന്റ് ഗ്രേഡ് II (കാറ്റഗറി നമ്പർ 446/2016) തസ്തികയുടെ പരീക്ഷ 9-8-2017-ന് നടന്നു. ഈ തസ്തികയുടെ യോഗ്യത സംബന്ധിച്ച് കോടതി വ്യവഹാരം നിലനിൽക്കുന്നുണ്ട്. ആയത് സംബന്ധിച്ച തുടർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിക്കുന്നതാണ്.

(ബി) നിലവിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. എന്നാൽ കൃഷി അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യതയിൽ ഭേദഗതി വരുത്തണമെന്ന ആവശ്യമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ആയത് ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്. സർക്കാർ ഇതുസംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തീരുമാനം അറിയിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നെന്മാറ മണ്ഡലത്തിലെ പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതികൾ

61 (4095) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2010 മുതൽ പ്രതിവർഷം എത്ര ടൺ പച്ചക്കറി ഉത്പാദിപ്പിക്കുന്നുണ്ടെന്നും ഇതിനുള്ള മാർക്കറ്റിംഗ് സംവിധാനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ ;

(സി) നിലവിൽ എന്തെല്ലാം സഹായങ്ങളാണ് പച്ചക്കറി കൃഷിക്കാർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കാർഷിക മേഖലയിൽ നെന്മാറ നിയോജക മണ്ഡലത്തിൽ ഒരു ക്രോപ് ഹെൽത്ത് ക്ലിനിക്കും ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയും അനുവദിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 71.24 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) നെന്മാറ മണ്ഡലത്തിൽ 2010-11 സാമ്പത്തിക വർഷം മുതൽ 2017-18 <u>സാമ്പത്തിക വർഷം വരെ ഉൽപ്പാദിപ്പിച്ച പച്ചക്കറിയുടെ അളവ് ചുവടെ ചേർക്കുന്നു :</u>

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പച്ചക്കറി ഉല്പാദനം (ടൺ) |
|---|---|---|
| (1) | (2) | (3) |
| 1 | 2010-11 | 2925 |
| 2 | 2011-12 | 2995 |
| 3 | 2012-13 | 3098 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (4) |
|---|---|---|
| 4 | 2013-14 | 3132 |
| 5 | 2014-15 | 3166 |
| 6 | 2015-16 | 3200 |
| 7 | 2016-17 | 3269 |
| 8 | 2017-18 | 3442 |
| | ആകെ | 25227 |

കർഷകർ പ്രധാനമായും തങ്ങളുടെ പച്ചക്കറി ഉൽപ്പന്നങ്ങൾ വി.എഫ്.പി.സി.കെ. സംഭരണ കേന്ദ്രത്തിലൂടെയാണ് വിറ്റഴിക്കുന്നത്.

(സി) പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ 30.884 ലക്ഷം രൂപ സഹായം നൽകിയിട്ടുണ്ട്. കൂടാതെ ജനകീയാസൂത്രണ പദ്ധതി പ്രകാരം എല്ലാ പഞ്ചായത്തുകളിലും ആനുകൂല്യം നൽകുന്നുണ്ട്.

**വാമനപുരം മണ്ഡലത്തിലെ അഗ്രോ സർവ്വീസ് സെന്ററുകൾ**

62 (4096) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡല പരിധിയിൽ കൃഷി വകുപ്പ് സജ്ജീകരിച്ചിട്ടുള്ള അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നെൽകൃഷി കൂടുതലുള്ള പഞ്ചായത്ത് കേന്ദ്രമാക്കി ഒരു അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ആനാട്, പനവൂർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന നെടുമങ്ങാട് ബ്ലോക്ക് പ്രദേശത്ത് 2017-18-ൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വാമനപുരം നിയോജക മണ്ഡലത്തിൽ നെൽകൃഷി കൂടുതലുള്ള പഞ്ചായത്ത് കേന്ദ്രമാക്കി അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിൽ ഹരിത കേരള മിഷൻ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ

63 (4097) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പിൻ കീഴിൽ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിലയിരുത്തുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) ഹരിത കേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 'ജൈവകൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം-സുജലം സുഫലം' എന്ന ഉപദൗത്യമാണ് കൃഷിവകുപ്പ് നടപ്പിലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നെൽകൃഷി വികസനം, പച്ചക്കറി, പയറുവർഗ്ഗങ്ങൾ, തരിശുഭൂമിയിലെ കൃഷി, കിണർ റീചാർജ്ജിംഗ്, മാലിന്യ സംസ്കരണം, തരിശുരഹിതഗ്രാമം എന്നിവ നടപ്പിലാക്കിവരുന്നു. കുട്ടികളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി വിത്തുകളും തൈകളും വിദ്യാർത്ഥികൾക്ക് നൽകുകയും ഇവ സ്കൂൾ വളപ്പിലും വീടുകളിലും കൃഷി ചെയ്യുന്നതിന് പരിശീലിപ്പിക്കുകയും ചെയ്യുന്നു. വിത്ത് വിതരണം, പരിശീലനം എന്നിവ നൽകി വനിതാ കൂട്ടായ്മകൾ വഴിയും കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു.

(ബി) പാറശ്ശാല മണ്ഡലത്തിലുൾപ്പെടുന്ന പ്രദേശത്ത് നടക്കുന്ന പ്രവൃത്തികളുടെ ഏകോപനവും അവലോകനവും തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പൊതുവിൽ സർക്കാർ ഉത്തരവ് (പി) നമ്പർ 10/2017/ആ.സാ.വ. തീയതി 19-4-2017 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി സംസ്ഥാന, ജില്ലാ, മുനിസിപ്പാലിറ്റി/

കോർപ്പറേഷൻ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ ജനപ്രതിനിധികളുടെ അദ്ധ്യക്ഷതയിൽ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വിവിധ തലങ്ങളിലെ മിഷനുകളെ സഹായിക്കുന്നതിനായി സംസ്ഥാന ജില്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നീ തലങ്ങളിൽ കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്.

(സി) തരിശ് രഹിത മണ്ഡലമായി പാറശ്ശാലയെ മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് മുഖേന നടന്നുവരുന്നു. കൃഷിഭവനുകൾവഴി തരിശുഭൂമി കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. 'ഹരിതഭവനം' പദ്ധതി, ജൈവപച്ചക്കറി കൃഷി എന്നീ പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

### വർക്കല മണ്ഡലത്തിൽ കൃഷി വകുപ്പ് അനുവദിച്ച ഫണ്ടുകൾ

64 (4098) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ കൃഷി വകുപ്പ് എന്തൊക്കെ കാര്യങ്ങൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിയും തുകയും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ വിവിധ കാര്യങ്ങൾക്കായി കൃഷി വകുപ്പ് 139.36513 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

### നേന്ത്രവാഴ തൈകൾക്ക് പകരം റോബസ്റ്റ തൈകൾ വിതരണം ചെയ്തവർക്കെതിരെ നടപടി

65 (4099) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേന്ത്രവാഴ കൃഷി വ്യാപനത്തിന്റെ ഭാഗമായി ഹോർട്ടികൾച്ചർ മിഷൻ മുഖേന കാസർഗോട്ടെ കർഷകർക്ക് നൽകിയ വാഴത്തൈകളിൽ നേന്ത്രവാഴ തൈകൾക്ക് പകരം റോബസ്റ്റ ഇനം തൈകളാണ് വിതരണം ചെയ്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തുക ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽനിന്നും പിടിച്ച് നൽകണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻവഴി വിതരണം ചെയ്ത നേന്ത്രവാഴ തൈകൾക്ക് പകരം റോബസ്റ്റ തൈകൾ വിതരണം ചെയ്ത സംഭവത്തെ തുടർന്ന് നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരത്തുക ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽനിന്നും പിടിച്ച് നൽകണമെന്ന ബഹു. കാസർഗോഡ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ ഉത്തരവു ണ്ടായിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് കൃഷിവകുപ്പിന്റെ വിജിലൻസ് സെൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയത് പോലീസ് വിജിലൻസിന്റെ അന്വേഷണത്തിന് നൽകിയിരുന്നു. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പദ്ധതികൾ**

66 (4100) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അതിനായി ചെലവഴിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി നൽകിയിട്ടും നാളിതുവരെ ആരംഭിക്കാത്ത ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അതിനായി ചെലവഴിച്ച തുകയുടെ വിശദാംശവും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഭരണാനുമതി നൽകിയിട്ടും നാളിതുവരെ ആരംഭിക്കാത്ത പദ്ധതികളൊന്നും തന്നെയില്ല.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ കൃഷി വകുപ്പിന്റെ പദ്ധതികൾ**

67 (4101) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻകാലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളിൽ എന്ത് മാറ്റമുണ്ടായെന്ന് പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതികൾ വർഷംതിരിച്ച് ചുവടെ ചേർക്കുന്നു :

2016-17

1. നെൽകൃഷി വികസന പദ്ധതി - 35,51,400 (സുസ്ഥിര നെൽകൃഷി 150 ഹെക്ടർ, കര നെൽകൃഷി 240.88 ഹെക്ടർ)
2. പച്ചക്കറി വികസന പദ്ധതി - 37,78,000
3. കാർഷിക വിജ്ഞാന വ്യാപന പദ്ധതി - 29,82,000
4. വിള പരിപാലനം - 8033500
5. ജൈവകൃഷി പ്രോത്സാഹന പദ്ധതി -4,07,500
6. സുഗന്ധവിള വികസന പദ്ധതി (കുരുമുളക്)- 10 ഹെക്ടർ -75,000
7. അഗ്രോ സർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി- 1,38,962
8. കേരസമൃദ്ധി (വിത്തുതേങ്ങ സംഭരണം) - 1,18,675
9. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.)- 5,76,390
10. കർഷക പെൻഷൻ - 1,35,14,400
11. സൗജന്യ വൈദ്യുതി കണക്ഷൻ - 2,42,102
12. നെൽകർഷകർക്കുള്ള ഉല്പാദന ബോണസ് 1,16,000

13. വിപണി ഇടപെടൽ

    ഓണം മാർക്കറ്റ് - 1,20,000

    വിഷു മാർക്കറ്റ് -1,00,000

14. ബയോഗ്യാസ് വികസന പദ്ധതി - 1,53,000
15. ഓണാട്ടുകര വികസന ഏജൻസി - കിഴങ്ങ് വിള വികസനം- 7,50,000
16. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ -10,62,367.

2017 -18

1. നെൽകൃഷി വികസന പദ്ധതി - 49,77,829
2. നാളികേര വികസന പദ്ധതി - 40,30,671
3. ജൈവകൃഷി വികസനം - 3,80,000
4. വിള പരിപാലന പദ്ധതി - 10,37,200
5. സുഗന്ധവിള - 2,75,000
6. കാർഷിക മേഖലയിലെ യന്ത്രവൽക്കരണം (SMAM)-53,93,924
7. വിജ്ഞാന വ്യാപന ശാക്തീകരണ പദ്ധതി - 17,68,000
8. അഗ്രോസർവ്വീസ് സെന്റർ -13,86,620
9. കർഷക പെൻഷൻ - 4,53,28,600
10. സൗജന്യ വൈദ്യുതി -3,23,954
11. പച്ചക്കറി വികസന പദ്ധതി - 38,74,500
12. മണ്ണ് ആരോഗ്യപദ്ധതി - 6,07,000
13. ഓണം മാർക്കറ്റ് - 3,60,000
14. വിപണി ശാക്തീകരണം - 8,00,000.

2017-18 സാമ്പത്തിക വർഷം തഴവ-തൊടിയൂർ വട്ടക്കായൽ തരിശുനില കൃഷി പദ്ധതി പ്രകാരം 66,00,000 രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു. വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം തൊടിയൂർ പഞ്ചായത്തിൽ പുതുതായി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിച്ചു.

വിപണി ശക്തിപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ക്ലാപ്പന, ഓച്ചിറ പഞ്ചായത്തുകളിൽ ആഴ്ച ചന്തകൾ സ്ഥാപിച്ചു. ഇതേ പദ്ധതിയിൽതന്നെ തൊടിയൂർ, തഴവ, കരുനാഗപ്പള്ളി കൃഷി ഭവനുകളുടെ പരിധിയിൽ 3 ഇക്കോ ഷോപ്പുകളും സ്ഥാപിച്ചു.

(ബി) 2014-15, 2015-16 വർഷങ്ങളിൽ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലും 2017-18-ൽ ആലപ്പാട് ഗ്രാമപഞ്ചായത്തിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കി.

(സി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതി 2 ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കിയത്.

കേരഗ്രാമം പദ്ധതി ഒന്നാം ഘട്ടം (2014-15)

884.5 ഹെക്ടർ സ്ഥലം

93294 തെങ്ങുകൾ

9243 കർഷകർ

കാർഷിക കർമ്മസേന, തൊഴിലുറപ്പുപദ്ധതിയിൽക്കൂടി 93294 തെങ്ങുകൾക്ക് തടം തെളിച്ച് കുമ്മായം, ജൈവവളം, ജിവാണുവളം എന്നിവ നൽകി. ഇതേ തെങ്ങുകൾക്ക് ജലസംരക്ഷണം ഉറപ്പുവരുത്താൻ തൊണ്ടുകൊണ്ടും ഓലകൾകൊണ്ടും പുതയിടീൽ നടത്തി. 6000 തെങ്ങിൻതൈകൾ നഴ്സറി മുഖേന ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകി. 87500 G-9 വാഴതൈകൾ ഇടവിളയ്ക്കായി നൽകി. ജലസേചനത്തിനായി 234 ജലസേചന കിണറുകൾ സ്ഥാപിച്ചു. 2 വലിയ ജൈവവള യൂണിറ്റ് (1.5 ടൺ കപ്പാസിറ്റി) സ്ഥാപിച്ചു. 100 കർഷകർക്ക് തെങ്ങുകയറ്റ യന്ത്രം നൽകി. പഞ്ചായത്തുതല നാളികേര ഫെഡറേഷൻ കേരസമിതി രൂപീകരിച്ച് ഇവരുടെ മേൽനോട്ടത്തിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചു. അങ്ങനെ 2014-15 വർഷം 1,52,00,000 (ഒരു കോടി അൻപത്തിരണ്ട് ലക്ഷം രൂപ) രൂപ ചെലവാക്കുകയുണ്ടായി.

കേരഗ്രാമം പദ്ധതി രണ്ടാം ഘട്ടം (2015-16)

884.5 ഹെക്ടർ സ്ഥലം

93294 തെങ്ങുകൾ

9243 കർഷകർ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

രണ്ടാം ഘട്ടത്തിൽ 93294 തെങ്ങുകൾക്ക് CPCRI കായംകുളത്തിന്റെ നേതൃത്വത്തിൽ നാളികേര ഉൽപ്പാദന വർദ്ധന പ്രവർത്തനം നടപ്പിലാക്കി. 100 കർഷകർക്ക് തെങ്ങുകയറ്റ യന്ത്രം നൽകി. 10 ജൈവവള യൂണിറ്റുകൾ സ്ഥാപിച്ചു. തെരഞ്ഞെടുത്ത 20 കർഷകർക്ക് പമ്പ്സെറ്റ് നൽകി. 23 വാർഡുകളിലും കൊമ്പൻചെല്ലി, ചെമ്പൻചെല്ലി നിവാരണ പ്രവൃത്തി നടപ്പിലാക്കി. 6000 കുറിയയിനം തെങ്ങിൻതൈകൾ ഉല്പാദിപ്പിച്ചത് പഞ്ചായത്തുതല കേര ഫേഡറേഷൻ മുഖേന സർക്കാർ നിശ്ചയിച്ച വിലയിൽ കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. കർഷകരിൽനിന്നും നേരിട്ട് പച്ചതേങ്ങ സംഭരിച്ച് കാർഷിക കർമ്മസേന സഹായത്തോടെ കൊപ്രയാക്കി. കുലശേഖരപുരം ഗ്രാമപഞ്ചായത്ത്, ആത്മ സഹായത്തോടെ അത്യാധുനിക രീതിയിലുള്ള (ഏകദേശം 25 ലക്ഷം രൂപ) മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റ് സ്ഥാപിച്ചു. "OCTTAK" എന്ന വ്യാപാര നാമത്തിൽ ആദിനാട് വെളിച്ചെണ്ണ 1000 ml, 500ml Pet Bottle-ൽ ആക്കി വിപണനം നടത്തിവരുന്നു. 2015-16 വർഷം കേരഗ്രാമം 2-ാം ഘട്ടത്തിൽ 1,43,60,000 രൂപ (ഒരു കോടി നാല്പത്തിമൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ) ചെലവാക്കു കയുണ്ടായി. പ്രസ്തുത പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിന്റെ ഫലമായി പഞ്ചായത്തിലെ നാളികേര കർഷകരിൽ ഒരു പുത്തനുണർവ് കൈവരിക്കുകയും ഉൽപ്പാദന വർദ്ധനവ് സാധ്യമാവുകയും ചെയ്തിട്ടുള്ളതാണ്.

## കൃഷി വകുപ്പ് ആരംഭിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ

68 (4102) ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വിജ്ഞാന വ്യാപനം ലക്ഷ്യമിട്ട് കൃഷി വകുപ്പ് കമ്മ്യൂണിറ്റി റേഡിയോ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനാവശ്യമായ കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കാർഷിക മേഖലകളിലാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ, ആലപ്പുഴ ജില്ലയിലെ കുട്ടനാട് കമ്മ്യൂണിറ്റി റേഡിയോ തുടങ്ങുന്നതിനായി ഉദ്ദേശിക്കുന്നുണ്ട്. ഇതിന് കേന്ദ്ര അനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുട്ടനാട് പ്രദേശത്തെ 10-15 കിലോമീറ്റർ റേഞ്ചിൽ ഇതിന്റെ പ്രയോജനം ലഭ്യമാകും.

## ഹരിത കേരളം - പാലക്കാട് ജില്ലയിലെ പദ്ധതികൾ

69 (4103) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ കൃഷി വകുപ്പ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ജൈവ കൃഷിരീതിക്ക് പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള കൃഷി വികസനം - " സുജലം സുഫലം" എന്ന ഉപദൗത്യത്തിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങളാണ് കൃഷി വകുപ്പിലൂടെ നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

നെൽകൃഷി വികസന പദ്ധതി :

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 90580 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിലും 1167.10 ഹെക്ടറിൽ തരിശ് നിലകൃഷിയും 113 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷിയും 349 ഹെക്ടർ സ്ഥലത്ത് ഒരുപ്പൂ കൃഷി - ഇരുപ്പൂകൃഷി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽപ്പെടുത്തി നെൽവിത്ത്, ഉഴവുകൂലി എന്നിവ നൽകുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നാണ് കൃഷിപ്പണികൾ ചെയ്യിക്കുന്നത്.

പച്ചക്കറി വികസന പദ്ധതി:

പ്രസ്തുത പദ്ധതി പ്രകാരം ആകെ 81 ക്ലസ്റ്ററുകളിലായി 405 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ "ഓണത്തിന് ഒരു മുറം പച്ചക്കറി " പദ്ധതിയുടെ ഭാഗമായി 3 ലക്ഷം വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. തരിശ് നിലകൃഷി 66.33 ഹെക്ടർ സ്ഥലത്തും 210 വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടവും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ട് അടിസ്ഥാനത്തിൽ സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളുടെ ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന പദ്ധതി പ്രകാരം 9 പ്രോജക്ടുകൾ ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

ജൈവകൃഷി വികസനം:

പദ്ധതിയുടെ ഭാഗമായി ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി രീതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ജൈവോത്പന്നങ്ങളുടെ വിപണനത്തിനായി 22 ഇക്കോഷോപ്പുകളും ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

## കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരണം

70 (4104) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിലെ വികസനത്തിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്;

(ബി) മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ടോ; വിശദമാക്കുമോ;

(സി) കേരള അഗ്രോബിസിനസ്സ് കമ്പനി രൂപീകരണം ഏത് ഘട്ടത്തിലാണ്; ഇതിലൂടെ കർഷകർക്ക് എന്തൊക്കെ സൗകര്യങ്ങൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കുന്ന പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. വിളവിസ്തൃതിക്കും ഉല്പാദന വർദ്ധനവിനുമായി നെൽകൃഷി വികസനം, പച്ചക്കറി കൃഷി വികസനം, കിഴങ്ങ്-പയറുവർഗ്ഗ വിളകളുടെ വികസനം, നാളികേര വികസനം, സുഗന്ധവ്യഞ്ജന വിള വികസനം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മണ്ണിന്റേയും വിളയുടേയും ആരോഗ്യ പരിപാലനത്തിനും ഉൽപ്പാദനക്ഷമത ഉയർത്തുന്നതിനും വിള ആരോഗ്യ പരിപാലന രംഗത്തും കാര്യമായ ഇടപെടലുകൾ നടത്തുന്നു. പ്രാദേശിക പ്രാധാന്യമുള്ള വിളകൾക്കുള്ള പ്രോത്സാഹനം, ഹൈടെക് ജൈവകൃഷിരീതികളുടെ പ്രചരണം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി കർഷകർക്ക് ആവശ്യമായ കാർഷിക സേവനങ്ങൾക്കും ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ വിതരണത്തിനും ഊന്നൽ നൽകുന്ന പദ്ധതികൾ നടപ്പിലാക്കി. കാർഷിക ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിന് ഓണത്തിനും വിഷുവിനും കാർഷിക വിപണി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കി. ഓണത്തിനായി വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി " ഓണത്തിന് ഒരു മുറം പച്ചക്കറി" എന്ന പദ്ധതി നടപ്പിലാക്കി. പരമ്പരാഗത നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണത്തിന് പ്രോത്സാഹനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കി. അട്ടപ്പാടിയിൽ ചെറുധാന്യങ്ങളുടെ അഭിവൃദ്ധിക്കായി " മില്ലറ്റ് വില്ലേജ്" പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി. വ്യക്തിഗതമായും ഗ്രൂപ്പ് അടിസ്ഥാനത്തിലും സംരംഭകർക്ക് സംസ്കരണ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം SFAC മുഖേന നൽകിവരുന്നു.

(ബി) മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിന് പ്രത്യേക ഊന്നൽ നൽകി ആദ്യഘട്ടമെന്ന നിലയിൽ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നാളികേരത്തിന് രണ്ട് അഗ്രോ പാർക്കുകൾ കോഴിക്കോട് കൂത്താളി ഫാമിലും, മലപ്പുറം മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലും, വാഴപ്പഴം-തേൻ എന്നിവയ്ക്കുള്ള അഗ്രോപാർക്ക് തൃശ്ശൂർ ജില്ലയിൽ കണ്ണാറ ഫാമിലും, മാമ്പഴത്തിന് അഗ്രോ പാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും പച്ചക്കറികൾക്ക് അഗ്രോപാർക്ക് ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള പഴത്തോട്ടത്തിലുമാണ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനുള്ള നടപടികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ (KAICO) നേതൃത്വത്തിൽ നടന്നുവരുന്നു.

(സി) കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിക്കുന്നതിനുള്ള Memorandum of Association-ന്റെയും Article of Association-ന്റെയും നക്കൽ സർക്കാർ പരിഗണിച്ചുവരുന്നു. കേരളത്തിലെ അഗ്രോ ബിസിനസ് വികസിപ്പിക്കുക, പ്രത്യേകിച്ച് കേരളത്തിലെ സ്വന്തം ഉല്പന്നങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ദേശീയമായി വിപണന സംവിധാനമൊരുക്കുക, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അഗ്രോ പാർക്കുകൾ സ്ഥാപിക്കുക, കർഷകർക്ക് അവരുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക, കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും പ്രോത്സാഹനം നൽകുക എന്നിവയാണ് KABCO-യുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

## വിത്ത് വിതരണവുമായി ബന്ധപ്പെട്ട അഴിമതി

71 (4105) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൃഷിഭവനുകൾ വഴി ഗുണമേന്മയുള്ള വിത്തും തൈകളും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻകാലങ്ങളിൽ വിത്ത് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് നടത്തിയ അഴിമതികൾ ഇപ്പോൾ അന്വേഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ കൃഷിഭവൻ മുഖേന മേൽത്തരം നടീൽ വസ്തുക്കൾ നൽകുന്നതിനുവേണ്ടി സർക്കാർ കൃഷി ഫാമുകളിൽ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുകയും കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തുവരുന്നു. സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ 8 തെങ്ങിൻ തൈ നഴ്സറികൾ, 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിങ്ങനെ 64 ഫാമുകൾ മുഖേന ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം

ചെയ്തുവരുന്നു. തെങ്ങിൻതൈ നഴ്സറികൾ മുഖേന ഗുണമേന്മയുള്ള വിവിധയിനം തെങ്ങിൻ തൈകളും, പച്ചക്കറി വിത്തുകളും, പച്ചക്കറി തൈകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. സ്പെഷ്യൽ ഫാമുകൾ വഴിയും ജില്ലാ ഫാമുകൾ വഴിയും ഗുണമേന്മയുള്ള ഫലവർഗ്ഗ വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും ലെയറുകളും തൈകളും മേൽത്തരം വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, അലങ്കാര തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ കഴക്കൂട്ടം ബി.എം.എഫ്.സി., ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പ്, ജില്ലാ കൃഷിത്തോട്ടം, അഞ്ചൽ എന്നിവിടങ്ങളിൽ മേൽത്തരം ടിഷ്യുകൾച്ചർ വാഴത്തൈകൾ ഉൽപ്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നു. 13 സംസ്ഥാന വിത്തുല്പാദന ഫാമുകൾ വഴി ഗുണമേന്മയുള്ള നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ വിതരണം ചെയ്തുവരുന്നു. കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ നടുക്കരയിലുള്ള പ്ലഗ് നഴ്സറിയിൽ വർഷം 2 കോടി ഗുണനിലവാരമുള്ള പച്ചക്കറി തൈ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന പൂർണ്ണമായി യന്ത്രവൽകൃതമായ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നെൽ കർഷകർക്ക് ആവശ്യമായ സർട്ടിഫൈഡ് വിത്തുകൾ രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പദ്ധതിയിലൂടെ (RSGP) ഉൽപ്പാദിപ്പിക്കുന്നുണ്ട്. സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കിയ ഗുണമേന്മയുള്ള വിത്തുകൾ രജിസ്റ്റേഡ് സീഡ് ഗ്രോവേഴ്സ് പദ്ധതിയിലെ കർഷകരിൽ നിന്നും കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി ശേഖരിച്ച് കൃഷി ഭവനുകളിലൂടെ യഥാസമയം കർഷകർക്ക് ലഭ്യമാക്കിവരുന്നു. കൂടാതെ കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങളിലൂടെ ഗുണമേന്മയുള്ള നെൽവിത്തുകൾ കർഷകർക്ക് കൃഷി ഭവന്റെ സഹായത്താൽ ലഭ്യമാക്കിവരുന്നുണ്ട്.

(ബി) കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിലെ നെല്ല്/പച്ചക്കറി വിത്തു സംഭരണം, രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം എന്നിവയിലെ നിർവ്വഹണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെൽ പ്രാഥമിക അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി രണ്ട് ജീവനക്കാരെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുകയും റിപ്പോർട്ടിൽ പരാമർശിച്ച കുറ്റാരോപിതരായ ജീവനക്കാർക്ക് കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സീഡ് അതോറിറ്റിയിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് പോലീസ് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

## കവുങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

72 (4106) ശ്രീ. എം. വിന്‍സെന്റ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) 2015-16 വര്‍ഷത്തെ അപേക്ഷിച്ച് 2016-17 വര്‍ഷം കവുങ്ങ് കൃഷി ഉല്പാദനത്തില്‍ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) കവുങ്ങ് കൃഷി പ്രോത്സാഹിപ്പിക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 2016-17-ല്‍ പ്രസിദ്ധീകരിച്ച കണക്കുകള്‍ പ്രകാരം 2015-16-ല്‍ 99126 ഹെക്ടര്‍ സ്ഥലത്തും 2016-17-ല്‍ 97696 ഹെക്ടര്‍ സ്ഥലത്തുമാണ് കവുങ്ങ് കൃഷി കേരളത്തില്‍ ചെയ്തിട്ടുള്ളത്. 2015-16-ലെ ഉല്‍പ്പാദനം 1,32,453 ടണ്ണും 2016-17-ലെ ഉല്‍പ്പാദനം 1,16,839 ടണ്ണുമാണ്. ഉല്‍പ്പാദനക്ഷമത 1336 kg/ha-ല്‍ നിന്നും 1196 kg/ha ടണ്ണായി കുറഞ്ഞതായും കണക്കുകള്‍ കാണിക്കുന്നുണ്ട്. വിസ്തീര്‍ണ്ണത്തില്‍ വന്ന കുറവും, കൂടാതെ 2016-17-ലെ രൂക്ഷമായ വരള്‍ച്ചയും ഈ കുറവിന് കാരണമായിട്ടുണ്ട്.

(ബി) കവുങ്ങ് കൃഷി പ്രോത്സാഹിപ്പിക്കാന്‍ നിലവില്‍ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## കാര്‍ഷിക ക്ഷേമ ബോര്‍ഡ് രൂപീകരിക്കുന്നതിന് നടപടി

73 (4107) ശ്രീ. സി. ദിവാകരന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) കാര്‍ഷിക ക്ഷേമ ബോര്‍ഡ് രൂപീകരിക്കുന്നതിനുള്ള നടപടികള്‍ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കാര്‍ഷിക ക്ഷേമ ബോര്‍ഡ് സ്ഥാപിക്കുന്നതിലൂടെ കര്‍ഷകര്‍ക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കര്‍ഷക ക്ഷേമ ബോര്‍ഡിന്റെ കരട് ബില്‍ സര്‍ക്കാരിന്റെ പരിഗണനയിലാണ്. ആയത് നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം നിയമസഭയില്‍ അവതരിപ്പിക്കുന്നതാണ്. ആയതിനുള്ള നടപടികള്‍ അന്തിമഘട്ടത്തിലാണ്.

(ബി) 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ നല്കുക, പിന്നോക്കം നിൽക്കുന്ന അംഗങ്ങൾക്ക്/അംഗങ്ങളുടെ മക്കൾക്ക് വിവാഹ ധനസഹായം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യം, കുടുംബപെൻഷനും മരണാനന്തര ആനുകൂല്യങ്ങളും, അവശതാ പെൻഷൻ, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ ആനുകൂല്യങ്ങളാണ് കർഷക ക്ഷേമ ബോർഡ് രൂപീകരണത്തിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്.

**കൃഷിക്ക് മിനിമം വേതനം ഉറപ്പാക്കുവാനുള്ള പദ്ധതികൾ**

74 (4108) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിയിൽ ഉല്പാദനച്ചെലവിനനുസൃതമായി മിനിമം വരുമാനം ഉറപ്പാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ ചട്ടം 300 പ്രകാരം ബഹുമാനപ്പെട്ട കൃഷി മന്ത്രി നടത്തിയ പ്രസ്താവനകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) കർഷക ക്ഷേമ ബോർഡ് ബിൽ ഈ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കർഷകർക്ക് ഉൽപ്പാദന ചെലവിനനുസൃതമായി വരുമാനം ഉറപ്പു വരുത്തുന്നതിനായി, കൃഷിവകുപ്പ് വിപണി സംവിധാനം ശക്തിപ്പെടുത്തുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനും ആവശ്യമായ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകാതെ ന്യായവില ഉറപ്പുവരുത്തുന്നതിന് കർഷകർക്ക് നേരിട്ട് വില്പന നടത്തുന്ന വിവിധ കർഷക വിപണികൾ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നു. കർഷകർ ജൈവകൃഷിയിലൂടെയും സദ്കാർഷിക രീതിയിലൂടെയും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് കൃഷിവകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച "ഇക്കോഷോപ്പുകൾ" മികച്ചവില ലഭ്യമാക്കിവരുന്നു. പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ രൂപീകരിച്ച ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകളും ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളുടെ സംഭരണവും വിപണനവും നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് (പഴം, പച്ചക്കറികൾ, നാളികേരം എന്നിവ) വിപണിയിൽ വിലത്തകർച്ച നേരിടുമ്പോൾ സർക്കാർ വിപണിയിൽ ഇടപെട്ട് ന്യായവില നൽകി ഉൽപ്പന്നങ്ങളുടെ സംഭരണം നടത്തുന്നുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കർഷകരിൽ നിന്നും നിശ്ചിത വിലയ്ക്ക് നെല്ല് സംഭരണവും നടത്തിവരുന്നു.

സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും 5 ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ നടക്കുന്ന ആഴ്ച ചന്തകളിലും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് നല്ല വില ലഭ്യമാക്കുന്നു. ഓണം, വിഷു മുതലായ ഉത്സവകാലങ്ങളിൽ എല്ലാ പഞ്ചായത്തുകളിലും കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, VFPCK സംയുക്തമായി ഓണ സമൃദ്ധി, വിഷുക്കണി എന്നീ ഉത്സവകാല വിപണികൾക്കായി പഴം, പച്ചക്കറികൾ പൊതുവിപണിയിലെ വിലയെക്കാൾ അധികം വില നൽകി കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് അവർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നു. സപ്ലൈകോ മുഖേന നെല്ല് സംഭരണം നടപ്പിലാക്കിവരുന്നു. റബ്ബറിന് വിപണിയിൽ വിലസ്ഥിരത ഉറപ്പാക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നു. വ്യക്തിഗതമായും ഗ്രൂപ്പ് അടിസ്ഥാനത്തിലും സംരംഭകർക്ക് സംസ്കരണ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം SFAC മുഖേന നൽകിവരുന്നു.

(ബി) 2017 ആഗസ്റ്റ് 17-ന് കേരള നിയമസഭയിൽ ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവനകളിൽ സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു :

1. 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷം നാളികേര വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന 55 ഇന പ്രവർത്തനങ്ങൾ ഉൾപ്പെട്ട കർമ്മ പദ്ധതിക്ക് അനുമതി നൽകുകയും ഇതുപ്രകാരമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. 2018-19 വർഷത്തെ ബജറ്റിൽ കേരവർഷവുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ കാർഷിക വികസന കർഷകക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി കൃഷി വകുപ്പ് സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

3. എല്ലാ കൃഷി ഭവനുകളിലും അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. നാളിതുവരെ 200 കൃഷിഭവനുകളിൽ കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ബജറ്റിൽ കാർഷിക കർമ്മസേനകൾക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

5. കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ മാതൃക കൃഷി തോട്ടങ്ങളാക്കി കർഷകരുടെ പഠന സ്കൂൾ ആക്കി മാറ്റുന്നതിനുള്ള പദ്ധതിയ്ക്കായി 2018-19 വർഷത്തെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

6. ചെറുധാന്യങ്ങളുടെ കൃഷി വ്യാപനത്തിനും ഇത്തരം വിത്തിന ങ്ങളുടെ സംരക്ഷണത്തിനുമായി അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും 2017-18-ൽ 2 കോടി രൂപ വകയിരുത്തി നടപ്പിലാക്കിവരുന്നു. 2018-19-ലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെ മില്ലറ്റ് വില്ലേജ് പദ്ധതി തുടരുന്നതാണ്.

7. കർഷകർക്ക് അവകാശ ലാഭം നൽകുകയെന്ന സർക്കാരിന്റെ ഉദ്ദേശ്യത്തിന് ജി.എസ്.ടി. നിലവിൽ വന്നത് വിഘാതമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ എന്ത് ചെയ്യാനാകുമെന്ന് സർക്കാർ പരിശോധിക്കുന്നതാണ്.

8. കേരളത്തിൽ കൃഷി ചെയ്യുവരുന്ന നെല്ല് പോലുള്ള പ്രധാന വിളകളുടെ പരമ്പരാഗത നാടൻ ഇനങ്ങളുടെ സംരക്ഷണത്തിനായി കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ സീഡ് ബാങ്ക് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതിനായി നടപ്പുസാമ്പത്തിക വർഷം 2 കോടി രൂപ കൃഷി വകുപ്പ് കേരള കാർഷിക സർവ്വകലാ ശാലയ്ക്ക് നൽകിയിട്ടുണ്ട്.

9. സംസ്ഥാന വെജിറ്റബിൾ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

10. ആധുനിക വിവര സാങ്കേതികവിദ്യാ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി ശാസ്ത്രീയ കൃഷി മുറകൾ, ഉൽപ്പാദനോപാധികൾ, വിപണനം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുന്ന പോർട്ടൽ SFAC മുഖേന "കാർഷിക വിവര സങ്കേതം ഒരു വിരൽത്തുമ്പിൽ" എന്ന പേരിൽ ആരംഭിച്ചു കഴിഞ്ഞു.

11. സംസ്ഥാന വില നിർണ്ണയ ബോർഡ്, WTO സെല്ല് എന്നിവയുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനുമായി പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന വില നിർണ്ണയ ബോർഡ് ശക്തിപ്പെടുത്തുന്നതിനായി ഡോ. രാജശേഖരനെ നിയമിച്ചിട്ടുണ്ട്.

12. കൃഷി വകുപ്പ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുനഃസംഘടനയ്ക്കുമുള്ള ചർച്ച നടന്നുവരുന്നു.

(സി) കർഷകക്ഷേമ ബോർഡിന്റെ കരട് ബില്ല് നിയമവകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്.

## കാർഷിക യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ

75 (4109) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക രംഗത്തെ യന്ത്രവത്കരണത്തിന്റെ ഭാഗമായി കൃഷിവകുപ്പ് വാങ്ങിയ കാർഷിക യന്ത്രങ്ങൾ കേടുപാടുകൾ സംഭവിച്ച് കർഷകർക്ക് ഉപയുക്തമാകുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ;

(സി) കാർഷിക മേഖലയിലെ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനത്തിന് കേന്ദ്ര സർക്കാരിന്റെ തൊഴിൽ നൈപുണ്യവകുപ്പ് മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവശ്യകത, ഉപയോഗക്ഷമത, അനുയോജ്യമാണോ എന്നത് എന്നിവ പരിഗണിക്കാതെ വാങ്ങിയ യന്ത്രങ്ങൾ ഉപയോഗിക്കാതെയും ശരിയായി പരിപാലിക്കാതെയും കിടക്കുന്നത് ശ്രദ്ധയിൽ പെട്ടതിനെത്തുടർന്ന് ആയത് സംരക്ഷിക്കുന്നതിനും കർഷകർക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ പുനർവിന്യസിക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ഇത്തരം യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ASHA എന്ന പേരിൽ ഒരു Software തയ്യാറാക്കി കർഷകർക്ക് യന്ത്രോപകരണങ്ങൾ ആവശ്യാനുസരണവും ലഭ്യത അനുസരിച്ചും ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിലെ Custom hiring centre-കൾ, കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവിടങ്ങളിൽ ലഭ്യമായ യന്ത്രോപകരണങ്ങൾ ഇതുവഴി കർഷകർക്ക് ഉപയോഗിക്കാനാകും. കൂടാതെ കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയെ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി സംവിധാനമൊരുക്കുകയും ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുമുണ്ട്.

(ബി) കോട്ടയം ജില്ലയിലെ കോഴ, തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി, കണ്ണൂർ ജില്ലയിലെ പാലയാട് എന്നിവിടങ്ങളിൽ ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി 215 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ നിന്നും കോട്ടയം ജില്ലയ്ക്ക് 100 ലക്ഷം രൂപയും, തൃശ്ശൂർ ജില്ലയ്ക്ക് 65 ലക്ഷം രൂപയും കണ്ണൂർ ജില്ലയ്ക്ക് 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് കെട്ടിട നിർമ്മാണത്തിനും യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കൃഷി രീതിയിലും കാർഷിക യന്ത്രങ്ങളിൽ വിദഗ്ധ പരിശീലനം ലഭിച്ചവരുടെ ലഭ്യത സംസ്ഥാനത്ത് ഉറപ്പാക്കേണ്ടതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന "പ്രധാനമന്ത്രി കൗശൽ വിജ്ഞാൻ യോജന" (PMKVY) എന്ന നൈപുണ്യ വികസന പദ്ധതിയിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി ഏകദേശം 42,000 യുവതീയുവാക്കൾക്ക് ആധുനിക കൃഷി രീതിയിലും, കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിലും റിപ്പയർ ചെയ്യുന്നതിലും മറ്റുമായി Friends of Coconut, Solanaceous Crop Grover, Gardner, Tractor Operator, Tractor Mechanic എന്നീ അഞ്ച് വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് KAICO-യ്ക്ക് National Skill Development Corporation (NSDC)-ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**കൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ**

76 (4110) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധാന്യങ്ങൾ, പച്ചക്കറികൾ, ഫലങ്ങൾ ഉൾപ്പെടെയുള്ള കൃഷിയുടെ എല്ലാ മേഖലകളിലും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദമാക്കാമോ;

(ബി) ഇവയുടെ സംഭരണത്തിനും വിപണനത്തിനും വിതരണത്തിനും എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്;

(സി) പച്ചക്കറി കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി അമ്പതിനായിരം ഏക്കറായി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ധാന്യങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി നെൽകൃഷി വികസന പദ്ധതി, പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു. നെൽകൃഷി വികസന പദ്ധതി

പ്രകാരം നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ മേൽത്തരം വിത്ത് ഉൾപ്പെടെയുള്ള ഉൽപ്പാദനോപാധികൾ ഉപയോഗിക്കുന്നതിന് ആനുകൂല്യം നൽകുന്നു. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി പ്രകാരം അട്ടപ്പാടി മേഖലയിൽ ചെറുധാന്യങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ മേൽത്തരം വിത്ത് ഉൾപ്പെടെയുള്ള ഉൽപ്പാദനോപാധികൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് ആനുകൂല്യം നൽകുന്നു. പച്ചക്കറി വികസന പദ്ധതിപ്രകാരം പച്ചക്കറി വിള വിസ്തൃതിയോടൊപ്പം ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിലും വീട്ടുവളപ്പിലും പച്ചക്കറി ഉൽപ്പാദനത്തിനാവശ്യമായ ആനുകൂല്യം നൽകുന്നു. ഫെർട്ടിഗേഷനോടുകൂടിയ സൂക്ഷ്മ ജലസേചനം, മിനി പോളീഹൗസ് കൃഷിക്ക് പ്രോത്സാഹനം, ജൈവ നിയന്ത്രണകാരികളുടെ ഉൽപ്പാദനവും ഉപയോഗവും, സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ സോയിൽ അമിലിയോറൻസിന്റെ വിതരണം എന്നിവയ്ക്ക് ആനുകൂല്യം നൽകുന്നു.

വാഴപ്പഴം ഉൾപ്പെടെയുള്ള പഴവർഗ്ഗങ്ങളുടെ വികസനത്തിനായി കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതോടൊപ്പം ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ വിതരണവും ഉൾപ്പെടുന്ന സമഗ്ര പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ എല്ലാ വിളകൾക്കും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷമ മൂലകങ്ങൾ ഉൾപ്പെടെ വിതരണംചെയ്ത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. നെല്ല്, പച്ചക്കറി, വാഴ എന്നീ വിളകളുടെ പ്രത്യേക കാർഷിക മേഖലകളിൽ വിത്ത് മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ശാസ്ത്രീയമായി സംയോജിപ്പിച്ചുകൊണ്ട് പരമാവധി ഉൽപ്പാദനവും ഉൽപ്പാദനക്ഷമത വർദ്ധനവും കൈവരിക്കുവാൻ ലക്ഷ്യമിടുന്നു.

(ബി) നെല്ല് സംഭരണം സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. കർഷകർക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ന്യായവില നൽകി സപ്ലൈകോ കൃഷിയിടങ്ങളിൽനിന്നും നെല്ല് സംഭരിക്കുന്നു. ചെറുധാന്യങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും വിപണനത്തിനുമുള്ള വിവിധ ഘടകങ്ങൾ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സംയുക്ത പദ്ധതിയായ മില്ലറ്റ് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. പച്ചക്കറി കൃഷിവികസന പദ്ധതി പ്രകാരം കർഷക വിപണികൾ ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷൻ, എ-ഗ്രേഡ് ക്ലസ്റ്ററുകൾ മുഖേന സ്ഥാപിച്ച് അതുവഴി പച്ചക്കറിയുടെയും പഴത്തിന്റെയും സംഭരണവും വിപണനവും സാധ്യമാക്കുന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കർഷക വിപണികൾ സ്ഥാപിച്ചും വിപണനം സാധ്യമാക്കുന്നു. ഇവ കൂടാതെ സർക്കാർ സ്ഥാപനങ്ങളായ വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയ സമിതികൾ മുഖേനയും ഹോർട്ടികോർപ്പ് മുഖേനയും പച്ചക്കറിയും പഴവർഗ്ഗങ്ങളും സംഭരിച്ച് വിപണനം ചെയ്യുന്നു.

(സി) ഉണ്ട്. പച്ചക്കറി കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി അമ്പതിനായിരം ഏക്കറിൽ കൂടുതലായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## വിളകളുടെ ആരോഗ്യപരിപാലനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

77 (4111) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിളകളുടെ ആരോഗ്യപരിപാലനത്തിന് ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് കൃഷിവകുപ്പ് നടത്തുന്നത്;

(ബി) ഗുണമേന്മയുള്ള വിത്തും, നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ; വിശദ വിവരം ലഭ്യമാക്കുമോ;

(സി) ആത്മ മാതൃകയിലുള്ള കൃഷിക്കാരുടെ ഫീൽഡ് സന്ദർശനവും ലീഡ് ഫാർമേഷനെ കേന്ദ്രീകരിച്ചുള്ള പരിശീലന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിളകളുടെ ആരോഗ്യപരിപാലനത്തിനായും കീടരോഗ നിയന്ത്രണം സാദ്ധ്യമാക്കുന്നതിനും അതിനാവശ്യമായ ജൈവരാസ കീടനാശിനികളുടെയും രോഗനാശിനികളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിളകളെ ബാധിക്കുന്ന കീടരോഗബാധ, സസ്യപോഷക മൂലകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ എന്നിവ ഫീൽഡുതല നിരീക്ഷണങ്ങളിലൂടെ കണ്ടെത്തി വിളകളുടെ സംരക്ഷണത്തിനാവശ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 2013-14 മുതൽ വിള ആരോഗ്യപരിപാലന പദ്ധതി നടപ്പിലാക്കിവരുന്നു. കീടരോഗ നിയന്ത്രണത്തിന് ഇന്റർനെറ്റ് ആസ്പദമാക്കിയുള്ള Crop pest Surveillance system എന്ന സേവനം കർഷകർക്ക് നൽകുന്നു. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക് എന്നീ വിളകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കീടരോഗബാധ മുൻകൂട്ടി അറിയിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകാനും കഴിയുന്നു. ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ ജില്ലാതല പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

തെങ്ങിന്റെ ആരോഗ്യ പരിപാലനത്തിനായി തെങ്ങുകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കീടരോഗബാധ കൂടുതലുള്ള പ്രദേശങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കാർഷിക ഗ്രൂപ്പുകൾ, കാർഷിക സർവ്വകലാശാല, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെയും സഹായത്തോടെ ക്യാമ്പയിൻ അടിസ്ഥാനത്തിൽ കീടരോഗ നിയന്ത്രണം നടത്തിവരുന്നു. ഇതിനാവശ്യമായ പരിശീലനം നടത്തുന്നതിനും മരുന്നുകൾ വാങ്ങുന്നതിനും മരുന്നുതളിക്കുലി നൽകുന്നതിനും ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. കീടരോഗ ആക്രമണം തടയുന്നതിനുള്ള കണ്ടിജൻസി പദ്ധതി അനുസരിച്ച് പെട്ടെന്ന് വ്യാപിക്കുന്ന കീടരോഗ ആക്രമണങ്ങൾ നിയന്ത്രിക്കുന്നതിന് MDDT ടീമിന്റെ പരിശോധനയുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കീടരോഗ നിയന്ത്രണത്തിനാവശ്യമായ മരുന്നുകൾ, തളിക്കുലി എന്നിവയ്ക്ക് സഹായം നൽകുന്നു. ആലപ്പുഴ ജില്ലയിലെ മങ്കൊമ്പിൽ പ്രവർത്തിക്കുന്ന കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ്, മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന ബയോ കൺട്രോൾ ലാബ്, 9 ജില്ലകളിൽ പ്രവർത്തിക്കുന്ന പാരാസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ തുടങ്ങിയവയിൽനിന്ന് കർഷകർക്ക് കീടരോഗബാധ സംബന്ധിച്ച മുന്നറിയിപ്പ്, നിയന്ത്രണ മാർഗ്ഗങ്ങൾ സംബന്ധിച്ച ശിപാർശകൾ എന്നിവ കൂടാതെ കീടങ്ങളെ പിടിക്കുന്നതിനുള്ള ഫിറമോൺ കെണികൾ, മറ്റു കെണികൾ, കീട നിയന്ത്രണത്തിനുള്ള ട്രൈക്കോ കാർഡുകൾ, വിവിധയിനം ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ എന്നിവയെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

(ബി) ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിൻപ്രകാരം കൃഷി വകുപ്പിന്റെ 8 കോക്കനട്ട് നഴ്സറികളിൽ കൂടി ഗുണമേന്മയുള്ള നെടിയ ഇനം തെങ്ങിൻ തൈകൾ, റ്റിx ഡി, ഡിx റ്റി ഉൾപ്പെടെ സങ്കരയിനം തെങ്ങിൻ തൈകൾ CGD, COD, MYD ഉൾപ്പെടെ കുറിയ ഇനം തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ, 33 സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങൾ വഴിയും, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ മുഖേന വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ, വിവിധയിനം ഫലവൃക്ഷങ്ങളുടെ തൈകൾ, ഗ്രാഫ്റ്റുകളും ലെയറുകളും, അലങ്കാരച്ചെടികൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം മോഡൽ ഫ്ലോറിക്കൾച്ചർ & ബയോ ടെക്നോളജി ലാബ് മുഖേന ടിഷ്യൂകൾച്ചർ വാഴത്തൈകൾ, പച്ചക്കറി തൈകൾ, ഓർക്കിഡ്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് :

1. നടീൽ വസ്തുക്കളുടെ ഉൽപ്പാദനം (വേരുപിടിപ്പിച്ച കുരുമുളക് വള്ളികളുടെ ഉൽപ്പാദനം ഉൾപ്പെടെ)
2. കേര സമൃദ്ധി
3. ഹൈടെക് ഫാമിംഗ് യൂണിറ്റിലുള്ള ഓപ്പറേഷണൽ സപ്പോർട്ടും ടെക്നോളജി സപ്പോർട്ടും
4. ടിഷ്യു കൾച്ചർ ലാബുകളിൽ മാൻ പവർ സപ്പോർട്ട്
5. മാതൃ ഫലവൃക്ഷങ്ങളുടെ പരിപാലനവും പുതിയവ വച്ചുപിടിപ്പിക്കലും
6. വിദേശീയ ഫലവൃക്ഷങ്ങളുടെ പ്രദർശനത്തോട്ടം നിർമ്മിക്കൽ
7. സമ്മിശ്ര കൃഷി വികസന പദ്ധതി
8. ഔഷധസസ്യ കൃഷി - ക്രോപ്പ് മ്യൂസിയം നിർമ്മിക്കൽ
9. പുഷ്പകൃഷിയ്ക്കുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം
10. ഫാമുകളിൽ അടിസ്ഥാന സൗകര്യ വികസനം
11. ഫാമുകളിൽ യന്ത്രവൽക്കരണം
12. VFPCK മുഖേന നടീൽ വസ്തുക്കളുടെ ഉൽപ്പാദനം.

(സി) ലീഡ് ഫാർമേഴ്സിനെ കേന്ദ്രീകരിച്ചുള്ള വിജ്ഞാന വ്യാപന പദ്ധതിയായ LEADS – 2011-12 മുതൽ കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ ജില്ലകളിൽ ഓരോ പഞ്ചായത്തിലും 3 വീതം ലീഡ് ഫാർമർമാരെ (തെരഞ്ഞെടുക്കപ്പെട്ട കർഷകരെ) കണ്ടെത്തി അവരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതിന് 10 വീതം കർഷകർ അടങ്ങുന്ന സാറ്റലൈറ്റ് ഫാർമർ ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. ഓരോ ലീഡ് ഫാർമർക്കും പുതിയ ടെക്നോളജികൾ (സാങ്കേതിക വിദ്യകൾ) നടപ്പിലാക്കുന്നതിന് 4000 രൂപ വീതം Innovation Fund ആയിട്ടും, ഓരോ സാറ്റലൈറ്റ് ഗ്രൂപ്പിനും 4000 രൂപ വീതം Technology Dissemination Fund (സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുന്നതിനുവേണ്ടിയും) നൽകുന്നു. ഈ തുക ലീഡ് ഫാർമേഴ്സിന്റെ നേതൃത്വത്തിൽ പുതിയ വിളകളുടെ കൃഷി രീതികൾ, ജൈവ കീടരോഗ നിയന്ത്രണോപാധികളുടെ ഉപയോഗം പ്രചരിപ്പിക്കൽ, കുമ്മായം, ബോറോൺ തുടങ്ങിയവയുടെ ഉപയോഗം പരീക്ഷിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം പരീക്ഷിക്കൽ തുടങ്ങിയവയ്ക്കായി ഉപയോഗിക്കുന്നു. ഇതുകൂടാതെ

രണ്ടു കൃഷിഭവനുവേണ്ടി VHSE യോഗ്യതയുള്ള ഓരോ ഫീൽഡ് അസിസ്റ്റന്റുമാരേയും നിയോഗിച്ചിട്ടുണ്ട്. കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകരിൽനിന്നും ലഭിക്കുന്ന പ്രശ്നങ്ങൾ കൃഷി ശാസ്ത്രജ്ഞന്മാരും, ഉദ്യോഗസ്ഥരും അടങ്ങുന്ന മീറ്റിംഗിൽ (Monthly Technology Advisory Meeting) ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ സ്വരൂപിച്ച് കർഷകരിൽ എത്തിക്കുന്നു. അവ MTA (Monthly Technology Advisories) എന്ന പേരിൽ പ്രിന്റ് ചെയ്ത് നൽകുന്നു. കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നുണ്ട്.

**ഓണാട്ടുകര പാടങ്ങളിൽ ഞവരകൃഷി**

78 (4112) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ സഹായത്തോടെ ഓണാട്ടുകര പാടങ്ങളിൽ ഞവരകൃഷി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) കർഷകർ ഉദ്പാദിപ്പിക്കുന്ന ഞവര ശേഖരിക്കുന്നതിന് കൃഷിവകുപ്പ് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) നെൽപാടങ്ങളിൽ ഞവരകൃഷി ചെയ്യുന്ന കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിന്റെ സഹായത്തോടെ ഹരിപ്പാട്, ചാരുമ്മൂട്, ചെങ്ങന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ കീഴിലുള്ള പാടശേഖരങ്ങളിൽ ഞവരകൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഹരിപ്പാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ പള്ളിപ്പാട് വീയപുരം പഞ്ചായത്തുകളിലായി ഒരു ഹെക്ടർ ഞവര കൃഷി ചെയ്തിട്ടുണ്ട്. ചാരുമ്മൂട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ ചുനക്കര, നൂറനാട്, ഭരണിക്കാവ് പഞ്ചായത്തുകളിലായി 1.6 ഹെക്ടർ ഞവര കൃഷി ചെയ്തിട്ടുണ്ട്. ചെങ്ങന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വെണ്മണി പഞ്ചായത്തിൽ 0.8 ഹെക്ടർ ഞവര കൃഷി ചെയ്തിട്ടുണ്ട്.

(ബി) വിസ്തൃതിയും ഉൽപ്പാദനവും കുറവായതിനാൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഞവര നെല്ലിന് ഡിമാന്റ് കൂടുതലായതിനാലും അവർ തന്നെ വിപണനം നടത്തുകയാണ് നിലവിലെ രീതി.

(സി) സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായ സവിശേഷ നെല്ലിനങ്ങളുടെ വ്യാപനം എന്ന പദ്ധതി പ്രകാരം നെൽ പാടങ്ങളിൽ ഞവര കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 10,000 രൂപ സബ്സിഡി നൽകുന്നു.

## സ്കൂൾ കുട്ടികളിൽ കൃഷിയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിന് നടപടി

79 (4113) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) സ്കൂളുകൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പച്ചക്കറി കൃഷി വിജയകരമായി നടപ്പാക്കുന്നുണ്ടെന്നും പ്രസ്തുത പച്ചക്കറി കൃഷി ആരുടെ മേൽനോട്ടത്തിലാണ് നടത്തപ്പെടുന്നതെന്നും ആയതിലേയ്ക്കായി സ്കൂളുകൾക്ക് ചെയ്തുകൊടുക്കുന്ന സഹായങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) കുട്ടികളിൽ കൃഷിയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനായി അടുക്കളത്തോട്ടങ്ങളിൽ കൃഷി ആരംഭിക്കുവാനുള്ള വിത്തും വളവും സ്കൂളുകൾവഴി വിതരണം ചെയ്യുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) കേരളത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. 2017-18-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ.
5. ജില്ലാ ക്ലസ്റ്റർ വികസനം
6. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
7. നഴ്സറികൾ സ്ഥാപിക്കൽ
8. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും

9. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം

10. പച്ചക്കറി കൃഷിയ്ക്കുവേണ്ടി 'മിനിപോളീഹൗസുകളുടെ പ്രോത്സാഹനം

11. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ

12. കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം.

13. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം

14. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം

15. 'സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ് പദ്ധതി വഴി സഹായം

16. അവാർഡ് വിതരണം

17. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം

18. മഴമറ നിർമ്മാണം

19. ബാഹ്യ നിരീക്ഷണം

20. ഡിജിറ്റൽ ഡോക്യുമെന്റേഷൻ

21. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

22. വി.എഫ്.പി.സി.കെ. വഴിയുള്ള വിവിധ പച്ചക്കറി വികസന പദ്ധതികൾ.

(ബി) സംസ്ഥാനത്ത് തെരഞ്ഞെടുത്ത 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി വിജയകരമായി നടപ്പാക്കുന്നുണ്ട്. വിദ്യാലയങ്ങൾ തെരഞ്ഞെടുക്കുന്നത് അതാത് പഞ്ചായത്തുകളിലെ കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരാണ്. തെരഞ്ഞെടുക്കുന്ന വിദ്യാലയങ്ങൾക്ക് കുറഞ്ഞത് 10 സെന്റ് സ്ഥലത്തെങ്കിലും കൃഷി ഉണ്ടായിരിക്കണം. വിത്തിന്റെ വിലയും, കൃഷിക്കുള്ള മറ്റ് ചെലവുകൾക്കുമായി 4,000 രൂപ ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ കൃഷിയുടെ മേൽനോട്ടം അതാതു പഞ്ചായത്ത് കൃഷി ഓഫീസർമാരിൽ നിക്ഷിപ്തമാണ്. സ്കൂളുകളിൽ തെരഞ്ഞെടുത്ത ഒരു അദ്ധ്യാപകനും ഇതിന്റെ ചുമതല വഹിക്കും. വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന

വിവിധതരം ക്ലബ്ബുകളുടെ പ്രവർത്തനത്തിനായും (നേച്ചർ ക്ലാസ്, ഇക്കോ ക്ലാസ്, ഗ്രീൻ കേഡറ്റ് കോർപ്പ്സ് മുതലായവ) പരിശീലന പരിപാടികൾ, ഫീൽഡ് സന്ദർശനം മുതലായവ സംഘടിപ്പിക്കുന്നതിനുമായി 1,000 രൂപ ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ ജലസേചന സൗകര്യം (കിണർ/പമ്പ്സെറ്റ് അല്ലെങ്കിൽ രണ്ടും) ഏർപ്പെടുത്തുന്നതിനായി ഒരു യൂണിറ്റിന് 10,000 രൂപ വീതം ധനസഹായം നൽകുന്നു. അങ്ങനെയുള്ള 50 ജലസേചന യൂണിറ്റുകൾക്കായി ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും വേണ്ട ധനസഹായം നൽകിയിട്ടുണ്ട്.

(സി) വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി പച്ചക്കറി വികസന പദ്ധതി പ്രകാരം സ്കൂൾ വിദ്യാർത്ഥികൾ മുഖേന വിവിധ ഇനങ്ങൾ അടങ്ങിയ 20 ലക്ഷം പച്ചക്കറി വിത്തുകൾ 2017-18-ൽ വിതരണം ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലും ടി പദ്ധതി തുടരുന്നതാണ്.

**സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകൾ**

80 (4114) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ പാർക്കുകൾക്ക് ധനസഹായം നല്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം നല്കുന്ന പരമാവധി ധനസഹായം എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. എന്നാൽ കൃഷി വകുപ്പിലൂടെ ജൈവ വൈവിദ്ധ്യ പാർക്കുകൾക്ക് ധനസഹായം നല്കുന്നില്ല. സ്കൂളുകളിലെ ജൈവ വൈവിദ്ധ്യ പാർക്കുകൾക്കുള്ള ധനസഹായം വിദ്യാഭ്യാസ വകുപ്പാണ് നൽകുന്നത്.

**സയന്റിഫിക് അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ**

81 (4115) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിലെ സയന്റിഫിക് അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ സംബന്ധിച്ച് നിലവിലുള്ള എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം പരിഗണിക്കപ്പെടുന്ന യോഗ്യത, നിയമനരീതി എന്നിവ വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) കൃഷി വകുപ്പിലെ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നയാൾ സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ്-II ആയാണ് സേവനത്തിൽ പ്രവേശിക്കുന്നത്. ടി തസ്തികയിൽ സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് I, സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് എന്നീ സ്ഥാനക്കയറ്റ തസ്തികകളാണ് നിലവിലുള്ളത്. ടി തസ്തികകളിലെല്ലാം സീനിയോരിറ്റി ക്രമത്തിലാണ് സ്ഥാനക്കയറ്റം നൽകിവരുന്നത്.

(ബി) ഇല്ല. സ്പെഷ്യൽ റൂൾസ് ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പാലക്കാട് ജില്ലയിലെ മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ**

82 (4116) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എത്ര ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നുമുള്ള വിശദാംശം നൽകാമോ;

(ബി) പാലക്കാട് ജില്ലയിലുണ്ടായിരുന്ന മണ്ണ്സംരക്ഷണ ജോയിന്റ് ഡയറക്ടർ ഓഫീസും അതിനു കീഴിലുള്ള അഞ്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും എന്നാണ് വയനാട് ജില്ലയിലേക്ക് മാറ്റി സ്ഥാപിച്ചതെന്നും ഏത് പ്രോജക്ടിന്റെ ഭാഗമാക്കാനാണ് മാറ്റിയതെന്നും വിശദാമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ടിന്റെ കാലാവധി തീർന്നുവോ; എങ്കിൽ എന്ന് ;

(ഡി) മാറ്റപ്പെട്ട മണ്ണ് സംരക്ഷണ ജോയിന്റ് ഡയറക്ടർ ഓഫീസ് എന്നാണ് പാലക്കാട് ജില്ലയിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിൽ താഴെ വിവരിക്കുന്ന 4 ഓഫീസുകൾ നിലവിലുണ്ട് :

(i) ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, പാലക്കാട്

(ii) സോയിൽ കൺസർവേഷൻ ഓഫീസ്, ഒറ്റപ്പാലം

(iii) സോയിൽ കൺസർവേഷൻ ഓഫീസ്, ആലത്തൂർ

(iv) അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് (സോയിൽ സർവ്വേ), പാലക്കാട്.

(ബി) പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ പ്രവത്തിച്ചു വന്നിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ കുന്ദാനദീതട പദ്ധതി(RVP, Kundah)യുമായി ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർ ഓഫീസും അഞ്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായതിനാൽ വയനാട് ജില്ലയിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ കബനി നദീതട പദ്ധതി(RVP, Kabani)യുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായാണ് 1998-99 വർഷം വയനാട് ജില്ലയിലേയ്ക്ക് മാറ്റിയത്.

(സി) കേന്ദ്ര സർക്കാരിന്റെ 'RVP കബനി പദ്ധതി'ക്കുള്ള ഫണ്ട് 2013 മാർച്ച് മാസത്തോടെ നിർത്തലാക്കിയതിനാൽ കബനി പദ്ധതി പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുന്നു.

(ഡി) ജോയിന്റ് ഡയറക്ടർ ഓഫീസും അനുബന്ധ ഓഫീസുകളും വിവിധ ജില്ലകളിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

## കാർഷിക സർവ്വകലാശാല ഉല്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങൾ, വിത്തുകൾ

83 (4117) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയിൽ നിലവിൽ സ്ഥിരം/ താൽക്കാലികം ഉൾപ്പെടെ ഒട്ടാകെ എത്ര ജീവനക്കാരുണ്ട് ;വിശദാംശം നല്കുമോ; ഇവർക്കായി ഒരു സാമ്പത്തിക വർഷം വേണ്ടിവരുന്ന ചെലവ് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത യൂണിവേഴ്സിറ്റിയിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ, വിത്തുകൾ തുടങ്ങി എന്തെല്ലാം എന്നും അതിനായി ഓരോ വർഷവും ചെലവാക്കപ്പെടുന്ന തുക/വില്പനയിലൂടെ ലഭ്യമാകുന്ന തുക എത്ര എന്നതും പ്രസ്തുത പ്രവർത്തനം നിലവിൽ ലാഭകരമാണോ അല്ലയോ എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി യൂണിവേഴ്സിറ്റിക്ക് ലഭിക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാർ സഹായം എത്ര എന്നതിന്റെ കഴിഞ്ഞ 5 വർഷ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കാർഷിക ഉല്പന്നങ്ങൾക്കായുള്ള വിത്തുകൾ തുടങ്ങി കിഴങ്ങുവർഗ്ഗവിത്തുകൾ വരെ കർഷകർക്ക് ചുരുങ്ങിയ വിലയിലോ/ സൗജന്യമായോ നല്കുവാനായി സർവ്വകലാ ശാലാധികൃതർ നിലവിൽ എന്തു നടപടി സ്വീകരിച്ചുവരുന്നു;

(ഇ) ആയത് പരിഷ്കരിച്ച് കർഷകർക്ക് ചുരുങ്ങിയ ചിലവിൽ സൗജന്യമായി വിത്തു വിതരണം നടത്തുന്നത് സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 3631. ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ജീവനക്കാരുടെ ശമ്പള ഇനത്തിൽ ആകെ 212.8 കോടി രൂപ 2018-19 സാമ്പത്തിക വർഷത്തിൽ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ അദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് 83.47 കോടി രൂപയും അനദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് 91.66 കോടി രൂപയും സ്ഥിരം തൊഴിലാളികൾക്ക് 25.94 കോടി രൂപയും കാഷ്വൽ തൊഴിലാളികൾക്ക് 11.73 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) നെല്ല്, പച്ചക്കറികൾ, തെങ്ങിൻ തൈകൾ, കവുങ്ങിൻ തൈകൾ, കുരുമുളക് തൈകൾ, കുറ്റിക്കുരുമുളക്, ജാതി (തൈകളും ഒട്ടുതൈകളും), ഗ്രാമ്പു, ഏലം, സർവ്വസുഗന്ധി, കറുവപ്പട്ട, കുടമ്പുളി, കാപ്പി, ഒട്ടുമാവ്, സപ്പോട്ട, പ്ലാവ്, വാഴക്കന്ന്, പൈനാപ്പിൾ, പേര, മാങ്കോസ്റ്റിൻ, മറ്റ് ഫലവൃക്ഷങ്ങൾ, കടപ്ലാവ്, കശുമാവ് ഒട്ടുതൈകൾ, കൊക്കോ തൈകൾ, ഒട്ടുതൈകൾ, കായ്കൾ, കരിമ്പ് സെറ്റുകൾ, ഇഞ്ചി വിത്ത്, മഞ്ഞൾ വിത്ത്, മരച്ചീനി വിത്ത്, ചേന, കൂർക്ക കിഴങ്ങ്, എള്ള്, അലങ്കാര ചെടികൾ, ഇലച്ചെടികൾ, പൂച്ചെടിവിത്ത്, ഓർക്കിഡ്, ആന്തൂറിയം, ഒട്ടുവച്ച റോസ്, ലോൺ ഗ്രാസ്, ഔഷധസസ്യങ്ങൾ, ഇഞ്ചിപ്പുല്ല് എന്നിവയുടെ വിത്തുകൾ/നടീൽ വസ്തുക്കൾ തുടങ്ങിയവയും വിവിധതരം ജൈവ കീടനാശിനി/കുമിൾ നാശിനികളും, മറ്റ് കീടനിയന്ത്രണോപാധികളും സർവ്വകലാശാല ഉൽപ്പാദിപ്പിക്കുന്നുണ്ട്. സർവ്വകലാശാലയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ, വിത്തുകൾ തുടങ്ങിയവയ്ക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 40,67,91,955 രൂപ ചെലവഴിച്ചിട്ടുണ്ട്. വിൽപനയിലൂടെ ഈ ഇനത്തിൽ 3,47,21,120 രൂപ ലഭ്യമായിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി)

| നമ്പർ | വർഷം | ലഭിച്ച ധനസഹായം (ലക്ഷം രൂപ) | |
|---|---|---|---|
| | | പ്ലാൻ ഫണ്ട് | ഐ.സി.എ.ആർ. |
| 1 | 2012-13 | 50.00 | 28.57 |
| 2 | 2013-14 | 150.00 | 57.81 |
| 3 | 2014-15 | 175.00 | 32.36 |
| 4 | 2015-16 | 90.00 | 35.87 |
| 5 | 2016-17 | 90.00 | 41.91 |

(ഡി&ഇ) കേരള കാർഷിക സർവ്വകലാശാല ഉൽപ്പാദിപ്പിക്കുന്ന വിത്തുകളും നടീൽ വസ്തുക്കളും സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന സെയിൽസ് കൗണ്ടറുകളിലൂടെ വിൽപ്പന നടത്തുന്നുണ്ട്. ഇതിനുപുറമെ കൃഷി വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ മുതലായവയും നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് നൽകുന്നുണ്ട്. സർവ്വകലാശാലയുടെ വിത്തുകളും നടീൽ വസ്തുക്കളും മിതമായ നിരക്കിൽ കർഷകർക്ക് നൽകിവരുന്നതോടൊപ്പം കൃഷിഭവൻ വഴി വിവിധ പദ്ധതികളിലൂടെ സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം നടത്തുന്നുമുണ്ട്.

## കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ

84 (4118) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക സർവകലാശാലയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ നിയമന യോഗ്യതയോ ജോലിയുടെ സ്വഭാവമോ ശരിയായ രീതിയിൽ പരിഗണിക്കപ്പെട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനായി മിനിസ്റ്റീരിയൽ ജീവനക്കാർക്കും സാങ്കേതിക ജീവനക്കാർക്കും ഒരു പോലെ പ്രാതിനിധ്യമുള്ള ഒരു സമിതിയെ നിയോഗിച്ച് വിഷയങ്ങൾ പഠിച്ച് പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സർവ്വകലാശാലകളിലെ ജീവനക്കാരുൾപ്പെടെയുള്ളവരുടെ ശമ്പളം പരിഷ്കരിക്കുന്നത് കാലാകാലങ്ങളിൽ നിയമിക്കപ്പെടുന്ന ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലാണ്. വിവിധ വിഭാഗം ജീവനക്കാരുടെ യോഗ്യതകളും ജോലിയുടെ സ്വഭാവവും അടക്കമുള്ള വിവിധ വിഷയങ്ങൾ പരിശോധിച്ച ശേഷമാണ് ശമ്പളപരിഷ്കരണ കമ്മീഷൻ സർക്കാരിന് ശിപാർശകൾ സമർപ്പിക്കുന്നത്. ഇത്തരത്തിൽ സർക്കാർ ജീവനക്കാരുടേതുൾപ്പെടെയുള്ള സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിലേയ്ക്കായി നിയമിച്ച ഒമ്പതും, പത്തും ശമ്പളപരിഷ്കരണ കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ ഇതുമായി ബന്ധപ്പെട്ട മന്ത്രിസഭാ ഉപസമിതി പരിശോധിച്ചശേഷം മന്ത്രിസഭാ യോഗത്തിന്റെ തീരുമാന പ്രകാരമാണ് ശമ്പളപരിഷ്കരണ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട അനോമലികൾ പരിഹരിച്ച് നൽകുന്നതിനായി സർക്കാർ തലത്തിൽ സംവിധാനങ്ങൾ നിലവിലുണ്ട്.

**കാർഷിക സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾ**

85 (4119) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക സർവ്വകലാശാലയിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായുള്ള പ്രധാന നേട്ടങ്ങൾ വിശദമാക്കുമോ;

(സി) കാർഷിക സർവ്വകലാശാല മുഖേന നടപ്പിലാക്കുന്ന സാങ്കേതിക വിദ്യകളുടെ കൈമാറ്റം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) തനത് നെൽവിത്ത് ഇനങ്ങളുടെ വിത്ത് ബാങ്ക് സൃഷ്ടിക്കുന്നതിനായി ശ്രമങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഖര-മാലിന്യ സംസ്കരണത്തിലൂടെ ജൈവവളം ഉല്പാദിപ്പിക്കുന്ന പദ്ധതി കാർഷിക സർവ്വകലാശാല നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ) വ്യത്യസ്തങ്ങളായ കാർഷിക മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ട് താഴെ പറയുന്ന ഗവേഷണ പ്രവർത്തനങ്ങളാണ് സർവ്വകലാശാല ഏറ്റെടുത്ത് നടപ്പാക്കുന്നത് :

1. മികച്ച വിത്തിനങ്ങൾ ഉരുത്തിരിച്ചെടുക്കുക.
2. ശാസ്ത്രീയ പരിപാലന മുറകൾ ചിട്ടപ്പെടുത്തുക.
3. വിള സമ്പ്രദായ രീതികൾ ആവിഷ്കരിക്കുക.
4. കീടരോഗ നിയന്ത്രണ/നിവാരണ മാർഗ്ഗങ്ങൾ രൂപീകരിക്കുക.
5. നൂതന കൃഷി രീതികൾ (കൃത്യതാ കൃഷി പോലുള്ള ഹൈടെക് കൃഷി രീതികൾ തുടങ്ങിയവ) പ്രോത്സാഹിപ്പിക്കുക.
6. കാലാവസ്ഥാ വ്യതിയാനം/വരൾച്ച നേരിടുവാനുള്ള മാർഗ്ഗങ്ങൾ
7. യന്ത്രവൽക്കരണം.
8. കാർഷിക രംഗത്തെ ജൈവ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കൽ
9. മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ
10. നൂതന ജലസേചന മാർഗ്ഗങ്ങൾ
11. ടിഷ്യുകൾച്ചർ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സസ്യ പ്രജനനം
12. ജൈവ കൃഷിക്കുതകുന്ന ജീവാണു, മിത്രകീട ഉൽപ്പാദന മാർഗ്ഗങ്ങൾ
13. പ്രാഥമിക സംസ്കരണവും ഉൽപ്പാദന വൈവിദ്ധ്യവത്ക്കരണവും
14. പുത്തൻ വിളകളുടെ സാദ്ധ്യതാ പഠനം
15. വിജ്ഞാന വ്യാപന, സാമൂഹ്യ സാമ്പത്തിക രംഗത്തെ പഠനങ്ങൾ.

സർവ്വകലാശാലയുടെ കീഴിലുള്ള 6 കോളേജുകൾ, 5 പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, 18 ഗവേഷണ കേന്ദ്രങ്ങൾ ഇവ വഴിയാണ് ഗവേഷണം നടത്തുന്നത്. സർവ്വകലാശാലയുടെ തനതു സാമ്പത്തിക സ്രോതസിനു പുറമേ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം, ICAR, കേന്ദ്ര സർക്കാരിലെ ബയോടെക്നോളജി വിഭാഗം, ശാസ്ത്ര സാങ്കേതിക വകുപ്പ്, നബാർഡ്, യു.ജി.സി., കൃഷി വകുപ്പ്, രാഷ്ട്രീയ കൃഷി വികാസ് യോജന, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, നാഷണൽ ഹോർട്ടികൾച്ചർ മിഷൻ, നാളികേര വികസന ബോർഡ്, സംസ്ഥാന കൃഷി വകുപ്പ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിൽ തുടങ്ങിയ

ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ സ്വകാര്യ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം കരാർ അടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികളും, സർവ്വകലാശാലയുടെയും സ്വകാര്യ ഏജൻസികളുടെയും പങ്കാളിത്തത്തോടെയുള്ള (PPP mode) പദ്ധതികളും ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലൂടെ ദേശീയ ഏകോപിത ഗവേഷണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതികൾ ദേശീയാടിസ്ഥാനത്തിൽ, വിവിധ സംസ്ഥാനങ്ങളിൽ സമാന്തരമായി നടപ്പിലാക്കിവരുന്നവയും, കേന്ദ്ര സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്നവയുമാണ്. സർവ്വകലാശാലയിലെ ബിരുദാനന്തര വിദ്യാർത്ഥികളുടെ ഗവേഷണങ്ങളും ഇതോടൊപ്പമുണ്ട്.

(ബി) കേരളത്തിലെ പ്രധാന വിളകളിൽ അത്യുൽപ്പാദന ശേഷിയും രോഗ പ്രതിരോധ ശക്തിയുമുള്ള ഇനങ്ങൾ വികസിപ്പിച്ചെടുക്കുകയും കാർഷിക മുറകൾ രൂപപ്പെടുത്തുകയും മറ്റ് കാർഷിക സാങ്കേതിക വിദ്യകൾ ഉരുത്തിരിച്ചെടുക്കുകയും, അവ വിജ്ഞാന വ്യാപന പ്രവർത്തനം വഴി കർഷകരിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് കാർഷിക സർവ്വകലാശാലയുടെ പരമോന്നതമായ ലക്ഷ്യം. വിവിധ വിളകളിലായി ഇതുവരെ കാർഷിക സർവ്വകലാശാലയിൽ നിന്നും 308 മേൽത്തരം ഇനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. അത്യുൽപ്പാദന ശേഷിയും രോഗ പ്രതിരോധ ശേഷിയുമുള്ള മേൽപ്പറഞ്ഞ ഇനങ്ങൾ കർഷകർക്ക് ലഭിച്ചതുവഴി കാർഷിക രംഗത്ത് നിർണ്ണായക നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 151-ഓളം വിളകളുടെ ശിപാർശകളും അവലംബിക്കേണ്ട മറ്റ് കാർഷിക മുറകളും ഉൾപ്പെടുത്തിക്കൊണ്ട് 'സമഗ്ര വിള പരിപാലന ശിപാർശകൾ' എന്ന പുസ്തകം കാർഷിക സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്. ഗവേഷണ പദ്ധതികളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് എല്ലാ വർഷവും സർവ്വകലാശാല വിശദമായ ഗവേഷണ റിപ്പോർട്ടുകൾ പുറത്തിറക്കുന്നുണ്ട്.

(സി) കേരള കാർഷിക സർവ്വകലാശാലയുടെ എല്ലാ വിളകളിലും സാങ്കേതിക വിദ്യകൾ രൂപപ്പെടുത്തിയെടുക്കുന്നുണ്ട്. ഇവ പരിശീലന പരിപാടികളിലൂടെയും മാധ്യമങ്ങളിലൂടെയും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്ത 65-ഓളം വാണിജ്യ സാധ്യതകളുള്ള സാങ്കേതിക വിദ്യകൾ, നൂതന സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക്/ സ്ഥാപനങ്ങൾക്ക് കൈമാറാനായി തയ്യാറാക്കിയിട്ടുണ്ട്. ജൈവ കമിൾ നാശിനികൾ, ആരോഗ്യ പാനീയങ്ങൾ, ജൈവകൂട്ടുകൾ, പോഷകമൂലക കൂട്ടുകൾ, പഴം പച്ചക്കറികളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ജൈവ വളങ്ങൾ നൽകാനുതകുന്ന ഫെർട്ടിഗേഷൻ സമ്പ്രദായം, വിവിധ കാർഷികവൃത്തിക്ക് അനുയോജ്യമായ യന്ത്രങ്ങൾ, ഉപകരണങ്ങൾ, കാലിത്തീറ്റകൾ എന്നിങ്ങനെ കാർഷിക രംഗവുമായി

ബന്ധപ്പെട്ട വിവിധ മേഖലകളിലാണ് ഈ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുള്ളത്. കൈമാറ്റം ചെയ്യുന്ന സാങ്കേതിക വിദ്യയുടെ കാലയളവ് 3 വർഷമാണ്. സാങ്കേതിക വിദ്യകൾ കൈമാറാനായി ഓരോ സാങ്കേതിക വിദ്യയ്ക്കും മിതമായ ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

(ഡി) കാർഷിക ജൈവ ജനിതക വൈവിധ്യം ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരളത്തിൽ ലഭ്യമായിട്ടുള്ള നെൽവിത്തുകൾ ഉൾപ്പെടെയുള്ള പ്രധാന വിളകളുടെ ഒരു ജനിതക ശേഖരം ഉണ്ടാക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആധുനിക സീഡ് ബാങ്ക് സ്ഥാപിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 200 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) ഖരമാലിന്യ സംസ്കരണത്തിനുള്ള സാങ്കേതിക വിദ്യകളും മാതൃകകളും സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ സാങ്കേതിക വിദ്യകളുടെ പരിശീലന ക്ലാസ്സുകൾ പൊതുസമൂഹത്തിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും നൽകിക്കൊണ്ടിരിക്കുന്നു. പരിമിതമായ തോതിൽ ജൈവവളങ്ങൾ കമ്പോസ്റ്റിംഗ് മുഖേന ഉൽപ്പാദിപ്പിക്കുന്നുമുണ്ട്. വെള്ളായണി കാർഷിക കോളേജിൽ വികസിപ്പിച്ചെടുത്ത ജൈവ ഖര മാലിന്യ സംസ്കരണ സാങ്കേതിക വിദ്യയുടെ പ്രദർശന പ്രവർത്തനത്തിനായി സ്ഥാപിച്ച പൈലറ്റ് പ്ലാന്റിൽ അതുമായി ബന്ധപ്പെട്ട ഗവേഷണ പരീക്ഷണങ്ങളും പ്രദർശന പ്രവർത്തനവും നടത്തിവരുന്നുണ്ട്. 'ശുചിത' എന്ന് പേരിട്ടിരിക്കുന്ന ചെറിയ മെഷീനുകളും പ്രവർത്തിച്ചുവരുന്നു. ഇതുവരെ 6 'ശുചിത' യൂണിറ്റുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ദിവസം 25 കിലോഗ്രാം മുതൽ 100 കിലോഗ്രാം വരെ സംസ്കരണശേഷിയുള്ള മെഷീനുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഹോർട്ടിക്കൾച്ചർ കോളേജിൽ തുമ്പൂർമുഴി കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ജൈവ മാലിന്യം സംസ്കരിച്ചുവരുന്നു. കൂടാതെ വീടുകളിൽ അടുക്കള മാലിന്യം സംസ്കരിച്ച് ജൈവവളമാക്കുന്നതിന് രൂപകല്പന ചെയ്തിട്ടുള്ള ബയോബിന്നുകൾ തൃശ്ശൂർ കോർപ്പറേഷന്റെയും കൃഷി ഭവനുകളുടെയും ആഭിമുഖ്യത്തിൽ വിതരണം ചെയ്തുവരുന്നു.

**വയനാട്ടിൽ കാർഷിക കോളേജ് ആരംഭിക്കാൻ നടപടി**

86 (4120) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കാർഷിക സർവ്വകലാശാലയുടെ കീഴിൽ കാർഷിക കോളേജ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ അമ്പലവയലിൽ ഒരു കാർഷിക കോളേജ് ആരംഭിക്കാൻ 22-2-2018-ന് നടന്ന 131-ാമത് യോഗത്തിൽ സർവ്വകലാശാല അക്കാദമിക് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ കാർഷിക സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## അനിമൽ ബ്രീഡിംഗ് ആന്റ് ജനറ്റിക്സ് അസിസ്റ്റന്റ് പ്രൊഫസർ തസ്തിക

87 (4121) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ അനിമൽ ബ്രീഡിംഗ് ആന്റ് ജനറ്റിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര തസ്തികകളാണ് ആകെയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൂക്കോട് വെറ്ററിനറി കോളേജ്, മണ്ണുത്തി വെറ്ററിനറി കോളേജ്, പൂക്കോട് ഇൻസ്ട്രക്ഷണൽ ഫാം കോംപ്ലക്സ്, മണ്ണുത്തി ഇൻസ്ട്രക്ഷണൽ ഫാം കോംപ്ലക്സ്, സ്കൂൾ ഓഫ് അപ്ലൈഡ് അനിമൽ പ്രൊഡക്ഷൻ ആന്റ് ബയോടെക്നോളജി എന്നീ ഓരോ സ്ഥാപനങ്ങളിലും അനിമൽ ബ്രീഡിംഗ് ആന്റ് ജനറ്റിക്സ് വിഭാഗത്തിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും ഈ തസ്തികയിൽ ഓരോ സ്ഥാപനങ്ങളിലും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും അറിയിക്കുമോ;

(സി) ഈ ഒഴിവുകൾ നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നും നിയമനം നടത്തുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ; 2017 നവംബർ 24-ാം തീയതിയിലെ അൻപത്തിനാലാമത് ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാനപ്രകാരം നിലവിലുള്ള എല്ലാ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകളും റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ അനിമൽ ബ്രീഡിംഗ് ആന്റ് ജനറ്റിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലുള്ള ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ഇ) ഈ തസ്തികയിൽ ഒഴിവുകളുണ്ടായിട്ടും റിപ്പോർട്ട് ചെയ്യാതിരിക്കുന്നതിനാൽ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നീതി നിഷേധിക്കപ്പെടുന്നുവെന്ന ആക്ഷേപമുള്ളതിനാൽ ഇതു സംബന്ധിച്ച് അന്വേഷിക്കുവാനും നിലവിലുള്ള ഒഴിവുകളിലേക്ക് റാങ്ക് ലിസ്റ്റിൽ നിന്നു തന്നെ നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 15 തസ്തികകളാണുള്ളത്.

(ബി&സി) പൂക്കോട് വെറ്ററിനറി കോളേജിൽ 6 അസിസ്റ്റന്റ് പ്രൊഫസർമാരും മണ്ണുത്തി വെറ്ററിനറി കോളേജിൽ 7 അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും നിലവിലുണ്ട്. സർവ്വകലാശാല പൂക്കോട്/മണ്ണുത്തി കോളേജുകളോടനുബന്ധിച്ചുള്ള മറ്റ് ഫാമുകളിലെ അദ്ധ്യാപക തസ്തികകൾ കോളേജുകളിലെ തസ്തികകളിൽ ഉൾപ്പെടുത്തിയാണ് കണക്കാക്കിയിട്ടുള്ളത്. പൂക്കോട്/മണ്ണുത്തിയിലെ കോളേജിതര സ്ഥാപനങ്ങളിൽ അന്തിമമായി അംഗീകരിച്ച അദ്ധ്യാപക തസ്തികകൾ പ്രത്യേകം നിലവിലില്ലാത്തതിനാൽ ഈ സ്ഥാപനങ്ങളിൽ ഒഴിവുകളൊന്നുംതന്നെ ഇല്ല.

(ഡി) അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് 2014-ൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ആനിമൽ ബ്രീഡിംഗ് & ജനറ്റിക്സ് വിഭാഗത്തിലെ 7 ഒഴിവുകളിലും റാങ്ക് ലിസ്റ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ഇതിനുപുറമേ സർവ്വകലാശാലയുടെ ഭരണസമിതി തീരുമാനപ്രകാരം സർവ്വകലാശാലയുടെ തിരുവിഴാംകുന്ന്, തുമ്പൂർമുഴി എന്നീ സ്ഥലങ്ങളിലെ ഫാമുകളിലേയ്ക്ക് ആനിമൽ ബ്രീഡിംഗ് & ജനറ്റിക്സ് വിഭാഗത്തിൽപ്പെടുന്ന രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാരെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനോടകം നിയമിച്ചിട്ടുണ്ട്.

(ഇ) നിലവിൽ ഒഴിവില്ല.

**ഏഴിക്കര ഗ്രാമപഞ്ചായത്തിലെ അപേക്ഷകൾ**

88 (4122) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിൽ 2015 ജനുവരി 1 മുതൽ 2018 ഫെബ്രുവരി 28 വരെ പുതിയ വീട്ടു നമ്പർ അനുവദിച്ച് കിട്ടുന്നതിനായി ലഭിച്ച അപേക്ഷകൾ എത്രയെന്നും ആയതിൽ എത്ര വീടുകൾക്ക് നമ്പർ അനുവദിച്ച് കിട്ടിയെന്നും അറിയിക്കുമോ;

(ബി) ഈ ഗ്രാമപഞ്ചായത്തിൽ നിന്നും CRZ ക്ലിയറൻസിനായി പ്രസ്തുത കാലയളവിൽ അയച്ച അപേക്ഷകൾ എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തുവക ശ്മശാനം നിർമ്മിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിൽ 2015 ജനവരി 1 മുതൽ 2018 ഫെബ്രുവരി 28 വരെ വീട്ടുനമ്പർ അനുവദിച്ച് കിട്ടുന്നതിനായി 459 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 355 വീടുകൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്.

(ബി) ഏഴിക്കര ഗ്രാമപഞ്ചായത്തിൽ നിന്നും പ്രസ്തുത കാലയളവിൽ 131 അപേക്ഷകൾ സി.ആർ.ഇസഡ് ക്ലിയറൻസിനായി അയച്ചിട്ടുണ്ട്. ഇതിൽ 75 അപേക്ഷകൾക്ക് ക്ലിയറൻസ് ലഭിച്ചു. 10 അപേക്ഷകൾ നിരസിച്ചു. 46 അപേക്ഷകൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പരിഗണനയിലാണ്.

(സി) ഏഴിക്കര ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡ് പുളിങ്ങനാട്-ൽ, പഞ്ചായത്ത് വക സ്ഥലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി ശ്മശാനം സ്ഥാപിക്കുന്നതിന് (ഗ്യാസ് ക്രിമറ്റോറിയം) പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതും നിർമ്മാണ ചുമതല കോസ്റ്റ് ഫോർഡിനെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി 18-9-2017-ലെ എ 3-5679/17 നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുള്ളതും ടി സ്ഥലത്ത് ശ്മശാനം നിർമ്മിക്കുന്നതിന് ആക്ഷേപങ്ങളോ തർക്കങ്ങളോ ഉള്ളവർ ആയത് രേഖാമൂലം സമർപ്പിക്കുന്നതിന് 1-3-2018-ൽ പത്രപരസ്യം നൽകിയിട്ടുള്ളതുമാണ്. ടി സ്ഥലത്ത് ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള എൻ.ഒ.സി. ലഭ്യമാക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോട് അപേക്ഷിച്ചിട്ടുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ആവശ്യപ്പെട്ടപ്രകാരം ടെക്നിക്കൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കോസ്റ്റ് ഫോർഡിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭിക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മനേജ്മെന്റ് അതോറിറ്റിയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

**പഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കുന്നതിന് പദ്ധതി**

89 (4123) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി വരുമാനം ഇല്ലാത്ത, ശമ്പളവും മറ്റ് ചെലവുകളും സ്വന്തമായി നിർവ്വഹിക്കുവാൻ കഴിയാത്ത എത്ര പഞ്ചായത്തുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത പഞ്ചായത്തുകൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(സി) ഈ പഞ്ചായത്തുകളെ സ്വയം പര്യാപ്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശമ്പളവും മറ്റ് ചെലവുകളും സ്വന്തമായി നിർവ്വഹിക്കുവാൻ കഴിയാത്ത 139 ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ട്.

(ബി) ജനറൽ പർപ്പസ് ഫണ്ട്, ഗ്യാപ്പ് ഫണ്ട് എന്നിവ നൽകിവരുന്നു.

(സി) ഗ്രാമപഞ്ചായത്തുകളെ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിന് ചട്ടപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കേണ്ട നികുതികളും ഫീസുകളും സമയബന്ധിതമായി പരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളിൽ നിന്ന് ലഭിക്കേണ്ട വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട്. ഗ്യാപ് ഫണ്ട് നൽകി സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഹാജർബത്തയും അലവൻസുകളും

90 (4124) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഹാജർബത്തയും അലവൻസുകളും വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽക്കാണ് ഇത് ലഭ്യമാക്കി തുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 10-8-2016-ലെ സ.ഉ.(അച്ചടി)നമ്പർ 30/2016/തസ്വഭവ ഉത്തരവ് പ്രകാരം 1-7-2016 മുതൽ മുൻകാല പ്രാബല്യത്തോടെയും ഹാജർബത്ത 30-1-2018-ലെ സ.ഉ.(അച്ചടി) നമ്പർ 9/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 1-1-2018 തീയതി പ്രാബല്യത്തിലും വർദ്ധിപ്പിച്ച നൽകിയിട്ടുണ്ട്.

## ആധുനിക അറവുശാലകൾ

91 (4125) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക അറവുശാലകൾ സ്ഥാപിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ;എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആധുനിക അറവുശാലകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സർക്കാർ സ്ഥാപിക്കുന്ന ആധുനിക അറവുശാലകളുടെ ഉടമസ്ഥാവകാശവും നടത്തിപ്പ് ചുമതലയും ആർക്കാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ചുവടെ കൊടുക്കുന്നു :

1. തിരുവനന്തപുരം നഗരസഭ
2. കോഴിക്കോട് നഗരസഭ
3. കാഞ്ഞങ്ങാട് നഗരസഭ
4. കൊണ്ടോട്ടി നഗരസഭ
5. പാലക്കാട് നഗരസഭ
6. കുന്നംകുളം നഗരസഭ
7. തിരുവല്ല നഗരസഭ
8. പുനലൂർ നഗരസഭ
9. പെരിന്തൽമണ്ണ നഗരസഭ
10. ആലുവ നഗരസഭ
11. ചാലക്കുടി നഗരസഭ
12. കണ്ണൂർ (ജില്ലാ പഞ്ചായത്ത്)

13. ആറ്റിങ്ങൽ നഗരസഭ

14. നെടുമങ്ങാട് നഗരസഭ.

(ബി) ആധുനിക അറവുശാലകളിൽ ചുവടെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തുന്നതാണ്.

1. Cattle lairage
2. റെൻഡറിംഗ് പ്ലാന്റ്/മെഷീൻ
3. വെർമി കമ്പോസ്റ്റ്
4. Effluvent Treatment Plant
5. ബൊവൈൽ പ്ലാന്റ്
6. റെഫ്രിജറേഷൻ സൗകര്യങ്ങൾ.

മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ ഉറപ്പുവരുത്തിയാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഇതിനായി എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, വെർമി കമ്പോസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതാണ്.

(സി) ആധുനിക അറവുശാലകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശത്തിലും നടത്തിപ്പ് ചുമതലയിലും പ്രവർത്തിക്കുന്നതാണ്. കിഫ്ബി ധനസഹായത്തോടെ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ 'IMPACT KERALA LTD' ആണ് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നത്. ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് 4-11-2017-ലെ സ.ഉ.(സാധാ) നമ്പർ 3564/2017/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

## ലൈബ്രറി സെസ്

92 (4126) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്ഥാപനങ്ങൾ കെട്ടിടനികുതിക്കൊപ്പം ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് വകമാറ്റി ചെലവഴിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ത്രിതല തദ്ദേശസ്ഥാപനങ്ങൾ സംസ്ഥാന ലൈബ്രറി കൗൺസിലിന് ലൈബ്രറി സെസ് ഇനത്തിൽ നിലവിൽ നൽകാനുള്ള കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) ലൈബ്രറി സെസ് തുക തദ്ദേശസ്ഥാപനങ്ങൾ സമയബന്ധിതമായി ലൈബ്രറി കൗൺസിലിന് നൽകുന്നു എന്ന് ഉറപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക കൃത്യമായി ലൈബ്രറി കൗൺസിലിന് നൽകുന്നതിൽ നഗരസഭകൾ കുടിശ്ശിക വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകൾ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്തതിൽ 8,70,18,111 (എട്ട് കോടി എഴുപത് ലക്ഷത്തി പതിനെണ്ണായിരത്തി ഒരുന്നൂറ്റി പതിനൊന്ന് രൂപ) രൂപയും, കോർപ്പറേഷൻ, നഗരസഭകൾ 37,60,28,768 (മുപ്പത്തിയേഴ് കോടി അറുപത് ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി എഴുന്നൂറ്റി അറുപത്തിയെട്ട് രൂപ) രൂപയും ലൈബ്രറി കൗൺസിലിന് കൈമാറാനുണ്ട്.

(സി) ലൈബ്രറി സെസ്സ് കൃത്യമായി ലൈബ്രറി കൗൺസിലിന് നൽകുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സങ്കേതം സോഫ്റ്റ്‍വെയർ നിയമവിരുദ്ധ നിർമ്മാണങ്ങളുടെ ക്രമവൽക്കരണം**

93 (4127) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിലെ നടപടിക്രമം ലഘൂകരിക്കുന്നതിനായി നഗരസഭകൾ ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്ന 'സങ്കേതം' എന്ന സോഫ്റ്റ് വെയർ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ നഗരസഭകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്; ആയത് പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് വ്യാപകമായി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിയമവിരുദ്ധമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ പിഴ ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കുന്ന സർക്കാർ നടപടി ഇത്തരം നിയമലംഘനങ്ങൾക്ക് പ്രോത്സാഹനമാകില്ലേ; വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കൊച്ചി ഒഴികെയുള്ള 5 കോർപ്പറേഷനുകളിലും കൊട്ടാരക്കര, ഈരാറ്റുപേട്ട എന്നീ നഗരസഭകൾ ഒഴികെയുള്ള 85 നഗരസഭകളിലും 'സങ്കേതം' ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ നിലവിലുണ്ട്. നിലവിൽ ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റ് എല്ലാ ഗ്രാമപഞ്ചായത്തുകളിലും സങ്കേതം സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ചില ഗ്രാമപഞ്ചായത്തുകളിൽ അപേക്ഷ ലഭ്യമാകാത്തതിനെത്തുടർന്ന് നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട അപേക്ഷകളിൽ സങ്കേതം സോഫ്റ്റ്‌വെയർ വഴി മാത്രം നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ചൂണ്ടിക്കാണിച്ചിട്ടുള്ള സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വ്യാപകമായി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം നടക്കുന്നതായി കണ്ടെത്തിയിട്ടില്ല. ചട്ടലംഘനങ്ങൾ കണ്ടെത്തിയാൽ അതിനെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സുരക്ഷ, ഉറപ്പ് എന്നിവയിൽ വിട്ടുവീഴ്ചയില്ലാതെ നിബന്ധനകൾക്ക് വിധേയമായാണ് കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നത്. ക്രമവത്ക്കരണ ചട്ടങ്ങളിലെ Appendix II-ൽ പ്രതിപാദിക്കുന്ന Safety and Security വ്യവസ്ഥകൾ പാലിക്കാത്ത കെട്ടിടങ്ങൾ ചട്ടങ്ങൾ പ്രകാരം ക്രമവത്ക്കരിക്കാനാവില്ല. ക്രമവത്ക്കരണ ചട്ടങ്ങളിലെ 6(4)-ൽ പ്രതിപാദിക്കുന്ന (i) മുതൽ (ix) വ്യവസ്ഥകളിൽ ലംഘനമുള്ള കെട്ടിടങ്ങളും ടി ചട്ടങ്ങൾ പ്രകാരം ക്രമവത്ക്കരിക്കാനാവില്ല. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ക്രമവത്ക്കരണ ഉത്തരവുകൾ അർഹതപ്പെട്ടവർക്ക് വളരെയധികം പ്രയോജനപ്പെടുന്നതാണെന്ന് കാണുന്നു.

**സേവനാവകാശ നിയമം**

94 (4128) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കി യിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൗരന്മാർക്ക് ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ച ചാർട്ടുകൾ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സേവനാവകാശ നിയമം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 26-4-2013-ലെ ജി2-31289/13 നമ്പർ പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ 3 സേവനങ്ങളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ 7 സേവനങ്ങളും ഗ്രാമപഞ്ചായത്തുകളിൽ 16 സേവനങ്ങളും സമയപരിധി, അപ്പലേറ്റ് അതോറിറ്റി എന്നിവ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരകാര്യ വകുപ്പിലും, നഗരകാര്യ വകുപ്പിന് കീഴിൽ വരുന്ന നഗരസഭകളിലും സേവനാവകാശ നിയമം നടപ്പിലാക്കി നഗരകാര്യ ഡയറക്ടറുടെ 27-4-2013-ലെ ജി.3-11252/2012 നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ, അവ ലഭ്യമാകുന്നതിന് അനുവദിച്ചിട്ടുള്ള സമയക്രമം എന്നിവ അടങ്ങുന്ന ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്.

(സി) സേവനാവകാശ നിയമം അനുശാസിക്കുന്ന സേവനങ്ങൾ സമയബന്ധിതമായി പൗരന്മാർക്ക് ലഭ്യമാക്കുന്നതിനും ആയത് വിലയിരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി പൈതൃക മേഖലയുടെ വികസനവും പരിപാലനവും**

95 (T*4129) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി പൈതൃക മേഖലയുടെ വികസനവും പരിപാലനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ഉത്തരം

(എ&ബി) മട്ടാഞ്ചേരി ഫോർട്ടുകൊച്ചി മേഖലയിലെ പൈതൃക സ്ഥാപനങ്ങളുടെ സംരക്ഷണം ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും സംസ്ഥാന പുരാവസ്തു വകുപ്പിന്റെയും കീഴിലാണ് വരുന്നത്. ഫോർട്ടുകൊച്ചി മട്ടാഞ്ചേരി പൈതൃക മേഖലയിൽ നിലവിലുള്ള കെട്ടിടങ്ങളെ സംരക്ഷിക്കുന്നതിനോടൊപ്പം പുതിയതായി പണിയുന്ന കെട്ടിടങ്ങൾ പൈതൃക പാരമ്പര്യം ഉൾക്കൊള്ളുന്നതാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ടി കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾക്ക് ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രം അനുമതി നൽകിവരുന്നു. മട്ടാഞ്ചേരിയിലെ 1, 5 വാർഡുകളുടെ വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ കൊച്ചി സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുമ്പോൾ പൈതൃക മേഖല സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

## കാസർഗോഡ് നഗരസഭയിൽ അനുമതിയില്ലാതെ നടപ്പാക്കിയ പ്രവൃത്തികൾ

96 (4130) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരസഭയിൽ ജില്ലാ ആസൂത്രണ സമിതിയുടേയോ സർക്കാരിന്റെ സ്പെഷ്യൽ റൂൾ പ്രകാരമോ അനുമതിയില്ലാതെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) 2011 മുതൽ 2018 വരെയായി ഇത്തരത്തിൽ എത്ര പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ പ്രവൃത്തികൾ ടെൻഡർ ചെയ്താണോ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയുക്കുമോ;

(ഡി) 2018 ഫെബ്രുവരി 22-ന് ഇത്തരത്തിൽ ക്രമവിരുദ്ധമായി ചെയ്ത പ്രവൃത്തികൾക്ക് തുക അനുവദിക്കാൻ നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത കൗൺസിൽ യോഗത്തിൽ ടി വിഷയത്തിൽ എതിർ അഭിപ്രായം ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) ഈ വിഷയം വകുപ്പ് ഉന്നത തലത്തിൽ അന്വേഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് നഗരസഭയിൽ ഡി.പി.സി.-യുടെ അംഗീകാരമില്ലാതെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2011 മുതൽ 2018 വരെ 44 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) അതെ. മേൽ പ്രവൃത്തികൾ എല്ലാം തന്നെ ടെണ്ടർ നടപടികളിലൂടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. 1994-ലെ കേരള മുനിസിപ്പൽ നിയമം സെക്ഷൻ 217-നും 218-നും വിധേയമായും 1997-ലെ കേരള മുനിസിപ്പാലിറ്റീസ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) എന്ന ചട്ടത്തിന് വിധേയമായും വാർഷിക പദ്ധതിയുടെ ഭാഗമല്ലാത്ത അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ തനത് ഫണ്ട് ഉപയോഗിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ഇല്ലാതെ വിവിധ സാമ്പത്തിക വർഷങ്ങളിൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണത്തിന് 7-4-2017-ലെ 2-ാം നമ്പർ മുനിസിപ്പൽ കൗൺസിൽ തീരുമാനപ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

(ഡി) തീരുമാനിച്ചിട്ടുണ്ട്. എതിരഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല.

(ഇ) 2010-11 മുതൽ 2015-16 വരെ നടത്തിയ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകളുടെ വാല്യുവേഷൻ ബന്ധപ്പെട്ട എഞ്ചിനീയർ എടുത്ത് പരിശോധിച്ചശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വരൾച്ചയെ പ്രതിരോധിക്കുന്ന പദ്ധതികൾ**

97 (4131) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയെ പ്രതിരോധിക്കുന്നതിനും എല്ലാ പ്രദേശങ്ങളിലും കുടിവെള്ള മെത്തിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികളെന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇത് സ്ഥാപിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) വരൾച്ചാ കാലത്ത് കുടിവെള്ള സ്രോതസ്സുകളിൽ മാലിന്യം കലരുന്നതിനുള്ള സാദ്ധ്യതകൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തടയണകൾ, ഫാം പോണ്ടുകൾ, ജലസ്രോതസ്സുകൾ, തോടുകൾ എന്നിവ നവീകരിച്ച് ജലസമൃദ്ധി ഉറപ്പാക്കുന്നതിനും ഭൂഗർഭ ജലനിരപ്പ് താഴാതെ സൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിച്ചുവരുന്നു. ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ചും, ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയും, പൈപ്പ് ലൈൻ നീട്ടൽ, മഴവെള്ള സംഭരണികൾ എന്നിവ സ്ഥാപിച്ചും റവന്യൂ വകുപ്പുമായി ചേർന്ന് ജല കിയോസ്കുകൾ, ടാങ്കറുകളിലും വള്ളങ്ങളിലും കുടിവെള്ളം എത്തിക്കുന്ന പദ്ധതികളും വിവിധ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തിവരുന്നു. ഇത്തവണത്തെ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നഗരസഭാതലത്തിൽ നടപടിൾ സ്വീകരിച്ചുവരുന്നുണ്ട്. കുടിവെള്ള വിതരണത്തിനായി കിയോസ്കുകൾ സ്ഥാപിക്കുക, പൊതു ജലാശയങ്ങൾ ശുചീകരിക്കുക, ടാങ്കറിൽ കുടിവെള്ളം വിതരണം ചെയ്യുക, തടയണകൾ വൃത്തിയാക്കുക/നിർമ്മിക്കുക, പൊതു കുഴൽ കിണറുകളും തുറന്ന കിണറുകളും ഉപയോഗപ്രദമാക്കൽ തുടങ്ങിയ പദ്ധതികൾ നഗരസഭാ തലത്തിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കാൻ നിലവിൽ പഞ്ചായത്തുകളിൽ പദ്ധതിയില്ല. റവന്യൂ വകുപ്പിന്റെ നിർദ്ദേശാനുസരണം കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്ത ഗ്രാമപഞ്ചായത്തുകളിൽ ജലക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങൾക്കും കോളനികൾക്കും മുൻഗണന നൽകുന്നു. നഗരസഭകളിൽ കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പ്രത്യേകമായി അംഗീകൃത പൊതു മാനദണ്ഡങ്ങൾ നിലവിലില്ല. നഗരസഭകൾ കൗൺസിൽ തീരുമാനപ്രകാരം കിയോസ്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു.

(സി) കുടിവെള്ള സ്രോതസ്സുകൾ ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി ശുചീകരിക്കുകയും മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും വാർഡുതല ശുചിത്വ കമ്മിറ്റികൾ, ഗ്രാമസഭകൾ, കുടുംബശ്രീ സംവിധാനം എന്നിവകളിൽകൂടി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം കർശനമായ പരിശോധനകൾ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെയും

നടത്തിവരുന്നു. ജലനിധി പദ്ധതിയുടെ കുടിവെള്ള സ്രോതസ്സുകൾ എല്ലാം ആവശ്യമായ മുൻകരുതലെടുത്ത് മാലിന്യം കലരുന്നതിനുള്ള സാദ്ധ്യത ഒഴിവാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്. തുറന്ന കിണറുകളെ സംരക്ഷിച്ചുകൊണ്ട് ഡ്രെയിനേജ് സംവിധാനം നിർമ്മിച്ചിട്ടുണ്ട്. നഗരസഭകളിൽ താൽക്കാലിക തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പൊതുയിടങ്ങളിൽ നിന്നും ജലാശയങ്ങളിലേയ്ക്ക് ഔട്ട്ലെറ്റുകൾ ഉണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള നടപടികളും നഗരസഭാതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

**പൗൾട്രിഫാം ലൈസൻസ് ലഭിക്കുന്നതിനുള്ള നിബന്ധനകൾ**

98 (4132) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൗൾട്രി ഫാം ലൈസൻസ്അനുവദിക്കുന്നതിനുള്ള നിബന്ധനകൾ സുതാര്യമാക്കി ഇറച്ചിക്കോഴി വളർത്തലിന് കർഷകർക്ക് പ്രോത്സാഹനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട്, ചട്ടം 447, 492 എന്നിവയിൽ പരാമർശിക്കുന്ന വ്യവസ്ഥകൾ പ്രകാരമാണ് തദ്ദേശ സ്ഥാപനങ്ങൾ പൗൾട്രി ഫാമുകൾക്ക് ലൈസൻസ് അനുവദിക്കുന്നത്. ആയതിലെ നിബന്ധനകൾ നിലവിൽ സുതാര്യമാണ്.

**മരണ സർട്ടിഫിക്കറ്റ് നൽകുന്നതിന് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ**

99 (4133) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) മരണ സർട്ടിഫിക്കറ്റ് ലഭിക്കാൻ മരിച്ചയാളുടെ ആധാർ നമ്പർ നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) ആധാർ നമ്പർ ലഭ്യമല്ലാത്തവർ മരണപ്പെട്ടാൽ അവരുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. മരണ രജിസ്ട്രേഷനിൽ മരിച്ചയാളുടെയും അപേക്ഷകന്റെയും ആധാർ നമ്പർ/EID രേഖപ്പെടുത്തുന്നതിന് രജിസ്ട്രാർ ജനറൽ ഇന്ത്യയുടെ 4-8-2017-ലെ 1-12-2014-VS(CRS) നമ്പർ വിജ്ഞാപന പ്രകാരം 18-9-2017-ൽ ചീഫ് രജിസ്ട്രാറുടെ കാര്യാലയത്തിൽനിന്നും ബി1.30277/17-ാം നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം മരണ സർട്ടിഫിക്കറ്റിനായി നൽകുന്ന അപേക്ഷ മരണം രജിസ്റ്റർ ചെയ്യുന്നതിനായി നൽകുന്ന റിപ്പോർട്ട് എന്നിവയോടൊപ്പം മരിച്ചയാളുടെയും അപേക്ഷകന്റെയും ആധാർ നമ്പർ/EID നമ്പറോ അത് ലഭ്യമല്ലെങ്കിൽ അതുസംബന്ധിച്ച സത്യവാങ്മൂലമോകൂടി നൽകണം

(ബി) ഇല്ല.

(സി) മരണപ്പെട്ട വ്യക്തിയുടെ ആധാർ നമ്പർ അപേക്ഷകന് അറിയില്ലെങ്കിൽ അദ്ദേഹത്തിന്റെ അറിവിലും വിശ്വാസത്തിലുംപെട്ടിടത്തോളം മരിച്ചയാൾക്ക് ആധാർ നമ്പർ ഇല്ലെന്ന് വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം ടിയാനിൽ നിന്നും ലഭ്യമാക്കി രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതും സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതുമാണ്.

**ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം സ്വീപ്പർമാരുടെ പ്രൊമോഷൻ**

100 (4134) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ ഫുൾ ടൈം സ്വീപ്പർമാരുടെ പ്രൊമോഷൻ കാര്യത്തിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) മേൽ പറഞ്ഞവരുടെ പ്രൊമോഷൻ പുനഃസ്ഥാപിച്ച് നൽകുന്നതിന് നടപടിയുണ്ടാകുമോ?

<u>ഉത്തരം</u>

(എ&ബി) പഞ്ചായത്ത് വകുപ്പിലെ ഫുൾടൈം സ്വീപ്പർമാർക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേനയുള്ള സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് നില നിന്നിരുന്നതിനാൽ ഫുൾടൈം സ്വീപ്പർമാർക്ക് സ്ഥാനക്കയറ്റം തടസ്സപ്പെട്ടിട്ടുണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 2-6-2017-ലെ OA(EKM) 164, 232, 287, 345, 371, 390, 744, 874/2017 നമ്പർ പൊതു ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും സർക്കാർ നേരിൽ കേട്ടു. ഇക്കാര്യം നിലവിൽ സർക്കാർ പരിശോധനയിലാണ്.

**ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം**
**കാര്യക്ഷമമാക്കുന്നതിന് നടപടി**

101 (4135) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതലപഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ജീവനക്കാരുടെ കുറവ് മൂലം ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം താളം തെറ്റുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സേവനങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വിവിധ സോഫ്റ്റ്‌വെയറുകൾ നടപ്പിലാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടറിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

## കുറഞ്ഞ ചെലവിൽ പ്ലാൻ വരച്ചുനൽകുന്നതിനായി പദ്ധതി

102 (4136) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾവഴി നടപ്പിലാക്കുന്ന ഭവനപദ്ധതികളുടെ കെട്ടിട നിർമ്മാണ അനുമതിയ്ക്ക് പ്ലാൻ തയ്യാറാക്കുന്നതിനും മറ്റുമായി സാധാരണക്കാർക്ക് വൻതുക ചെലവഴിക്കേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള ഗുണഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ പ്ലാൻ വരച്ചുനൽകുന്നതിനായി നഗരസഭകൾ വഴി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെങ്കിലും നഗരസഭയിൽ ഇപ്രകാരമുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെട്ടിട നിർമ്മാണ അനുമതിക്ക് പ്ലാൻ തയ്യാറാക്കുന്നതിന് സാധാരണക്കാർക്ക് വൻ തുക ചെലവഴിക്കേണ്ടിവരുന്നതായി പരാതികൾ ലഭിച്ചിട്ടില്ല.

(ബി) നഗരസഭകൾവഴി ഗുണഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ പ്ലാൻ വരച്ചു നൽകുന്നതിന് പ്രത്യേക പദ്ധതികളൊന്നും പരിഗണനയിലില്ല.

## റോ-റോ ജങ്കാർ സർവ്വീസ്

103 (4137) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭ നടപ്പാക്കുന്ന റോ-റോ ജങ്കാർ സർവീസ് ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇതിന്റെ നടത്തിപ്പിനായി എസ്.പി.വി. രൂപീകരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) എസ്.പി.വി. രൂപീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) വൈപ്പിൻ-ഫോർട്ടുകൊച്ചി റോ-റോ ജെട്ടി നിർമ്മാണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഫോർട്ട് കൊച്ചി ജെട്ടിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിലെ കാലതാമസവും മറ്റ് സാങ്കേതിക തടസ്സങ്ങളുംമൂലമാണ് റോ-റോ ജങ്കാർ സർവ്വീസ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത്.

(ബി&സി) കൊച്ചി കോർപ്പറേഷൻ കൗൺസിൽ അംഗീകാരത്തോടെ എസ്.പി.വി. രൂപീകരണത്തിനായി സർക്കാർ അനുമതിക്കായി അപേക്ഷിച്ചിരുന്നു. എസ്.പി.വി. രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതിനായി സർക്കാർ ആവശ്യപ്പെട്ട വിശദാംശങ്ങൾ കൊച്ചി കോർപ്പറേഷൻ ലഭ്യമാക്കിയിട്ടില്ല.

(ഡി) വൈപ്പിൻ ഭാഗത്തെ ജെട്ടി നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഫോർട്ടു കൊച്ചി ജെട്ടിയുടെ നിർമ്മാണം 31-3-2018-നകം പൂർത്തിയാക്കുമെന്നും കൊച്ചിൻ പോർട്ട് ട്രസ്റ്റ് അധികൃതർ ഉറപ്പുനൽകിയിട്ടുണ്ട്.

**കക്കാട് പി.എച്ച്.സി.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

104 (4138) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സി.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ. എസ്.ഡി.എഫ്-ൽ നിന്നും നടപടി സ്വീകരിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തിയാക്കാത്തത് മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം സംബന്ധിച്ചുണ്ടായിട്ടുള്ള പരാതിയിൻമേൽ വർഷങ്ങളായിട്ടും തീർപ്പ് കൽപ്പിക്കാത്തതുമൂലം നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിനും ഇനിയും കാലതാമസം കൂടാതെ നിർമ്മാണം പൂർത്തീകരിച്ച് പൊതു ജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി കെട്ടിട നിർമ്മാണത്തിലെ അപാകത സംബന്ധിച്ച് നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കരാറുകാരൻ എന്നിവർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം പൂർത്തീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഇതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ബാലസൗഹൃദ പഞ്ചായത്തുകൾ

105 (4139) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ബാലസൗഹൃദ പഞ്ചായത്തുകൾ' പദ്ധതി വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളെ ബാലസൗഹൃദ പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്;ജില്ല തിരിച്ചുള്ള കണക്കുകൾ വിശദീകരിക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത് ഏതൊക്കെ സ്ഥാപനങ്ങളെയാണ്;

(ഡി) നോഡൽ ഏജൻസി വഴി നടപ്പാക്കുന്ന പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; അവ കൈവരിക്കുന്നതിൽ പദ്ധതി വിജയകരമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

### ഉത്തരം

(എ) 1989-ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച കുട്ടികൾക്കായുള്ള അവകാശ പത്രികയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കുട്ടികളുടെ അവകാശ ശ്രേണികളിൽപ്പെട്ട അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ നാല് അവകാശങ്ങൾ പ്രദേശത്തെ എല്ലാ കുട്ടികൾക്കും ഉറപ്പാക്കപ്പെടുന്ന പ്രാദേശിക ഭരണ സമീപനമാണ് ബാലസൗഹൃദ പഞ്ചായത്ത് പദ്ധതി. തദ്ദേശസ്ഥാപനങ്ങൾക്കുള്ള ബാലസൗഹൃദ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശീലന സഹായി (പ്രവർത്തന സഹായി, മാർഗ്ഗനിർദ്ദേശം) കില പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഒരു പഞ്ചായത്തിനെയും ഇതുവരെ അത്തരത്തിൽ ബാലസൗഹൃദ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടില്ല.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിശീലന ചുമതലയുള്ള കിലയെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) ബാലസൗഹൃദ തദ്ദേശഭരണ പ്രവർത്തന സഹായിയിൽ നാല് അദ്ധ്യായങ്ങളിലായി 22 കുട്ടികളുടെ വികസന മേഖലകളിൽ 55 ലക്ഷ്യങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇത് സംസ്ഥാനത്തിനാകെ ബാധകമായിട്ടുള്ള ലക്ഷ്യങ്ങളാണ്. ഇവയിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും അവരുടെ പ്രദേശത്ത് ഏറ്റവും

കൂടുതൽ മുൻഗണന നൽകേണ്ടത് എന്ന് ബോധ്യപ്പെടുന്ന 20 ലക്ഷ്യങ്ങളാണ് ഓരോ പഞ്ചായത്തും തങ്ങളുടെ ബാലസൗഹൃദ ലക്ഷ്യങ്ങളായി തെരഞ്ഞെടുക്കുന്നത്. കില തയ്യാറാക്കിയിട്ടുള്ള പ്രവർത്തന സഹായിയിൽ ബാലസൗഹൃദ തദ്ദേശ ഭരണ നിലവാര നിർണ്ണയ ഭൂമിക (ASSESSMENT MATRIX) നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ഓരോ പഞ്ചായത്തിലെയും പദ്ധതിയുടെ പുരോഗതിയും വിജയവും സ്വയം നിർണ്ണയിക്കാൻ കഴിയും.

## പട്ടാമ്പി മണ്ഡലത്തിൽ എം.എൽ.എ. പ്രാദേശിക ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

106 (4140) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ എം.എൽ.എ പ്രാദേശിക ഫണ്ടിൽ ഉൾപ്പെടുത്തിയും ഫ്ലഡ് സ്കീമിൽ ഉൾപ്പെടുത്തിയും ചെയ്യാനായി നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമായ രൂപത്തിൽ വ്യക്തമാക്കാമോ;

(ബി) ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു വളരെയധികം കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ; ഈ പ്രവർത്തികൾ എത്രയും പെട്ടന്ന് തന്നെ നടപ്പിലാകുന്നതിനായി എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട് എന്നുള്ളത് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ അഭാവംമൂലം പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുമായി എല്ലാ മാസവും പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച അവലോകന യോഗം ജില്ലാ കളക്ടർ നടത്തുന്നുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആലത്തൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

107 (4141) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിലെ എം എൽ എ-യുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് (എസ് ഡി എഫ്) എന്നിവ ഉപയോഗിച്ച് തദ്ദേശഭരണ വകുപ്പിന് കീഴിൽ വരുന്ന 2016-17-ലേയും, 2017-18-ലേയും പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് വിശദീകരിക്കാമോ?

ഉത്തരം

ആലത്തൂർ മണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

108 (4142) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിക്കപ്പെടുന്ന തുക പൂർണ്ണമായും ചെലവഴിക്കപ്പെടുന്നുണ്ടോ എന്ന് അവലോകനം നടത്തിയിട്ടുണ്ടോ ; അതിന്റെ വിശദാംശം നൽകുമോ;

(സി) ഇങ്ങനെ ചെലവഴിക്കാതെ പോകുന്ന തുക പ്രത്യേക അനുമതിയോടു കൂടി മറ്റ് പദ്ധതികൾക്കായി വകമാറ്റി ചെലവഴിക്കുവാൻ കഴിയുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
2. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ)
3. പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം)
4. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)
5. സ്വച്ഛ് ഭാരത് മിഷൻ (അർബൻ)
6. നാഷണൽ റർബൻ മിഷൻ
7. അമൃത്
8. സ്മാർട്ട് സിറ്റി മിഷൻ
9. പി.എം.ജി.എസ്.വൈ.
10. എൻ.യു.എൽ.എം.
11. പി.എം.എ.വൈ. (അർബൻ).

(ബി) ഉണ്ട്. തൻവർഷം ചെലവഴിക്കാത്ത തുക അടുത്ത വർഷത്തെ നീക്കിയിരുപ്പായി വകയിരുത്താറുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക വകമാറ്റി ചെലവഴിക്കുവാൻ കഴിയുകയില്ല.

**വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതി വിഹിതം**

109 (4143) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ എത്രശതമാനം തുകയാണ് നിലവിൽ നീക്കിവയ്ക്കുന്നത്;

(ബി) പ്രസ്തുത തുക ഏതൊക്കെ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതവും എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നിവയുടെ വിഹിതവും കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) വിശദാംശം ചുവടെ ചേർക്കുന്നു :

- വയോജന നയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുയോജ്യമായ പ്രോജക്ടുകളാണ് വൃദ്ധരുടെ ക്ഷേമത്തിന് വേണ്ടി ഏറ്റെടുക്കേണ്ടത്.
- വയോജനങ്ങൾക്ക് യോഗ പരിശീലനം നൽകുന്ന പ്രോജക്ടുകൾ ആയുഷുമായി സഹകരിച്ച് സംഘടിപ്പിക്കാവുന്നതാണ്.
- വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.
- വയോജനങ്ങൾ നിരന്തരം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും റാമ്പ്, കുടിവെള്ളം, ടോയ്‌ലെറ്റ്, ഇരിപ്പിടം മുതലായ സൗകര്യങ്ങളും ആശുപത്രികളിൽ വയോജനങ്ങൾക്ക് പ്രത്യേകം "ക്യൂ" -വിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുന്ന പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്.
- വയോജനങ്ങളുടെ അറിവും അനുഭവവും ശേഷിയും പദ്ധതി ആസൂത്രണം, മോണിറ്ററിംഗ്, വിലയിരുത്തൽ ഉൾപ്പെടെയുള്ള സാമൂഹിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.
- പകൽവീടുകൾ ഒരുക്കാവുന്നതാണ്.
- പകൽവീട് ആരംഭിക്കുന്നതിന് വേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കിയിട്ട്, ആവശ്യമെങ്കിൽ മാത്രമേ, പകൽ വീടിനുവേണ്ടി പുതിയ കെട്ടിടനിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.
- വൃദ്ധസദനം ആരംഭിക്കാവുന്നതാണ്.
- കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന് വിതരണം, പോഷകാഹാര വിതരണം എന്നിവ ഏർപ്പെടുത്തുന്ന പ്രോജക്ടുകൾ ഏർപ്പെടുത്താവുന്നതാണ്.

- ശാരീരിക പ്രയാസങ്ങൾ നേരിടുന്നവർക്കും വയോജനങ്ങൾക്കും അനുയോജ്യമായ ഉപകരണങ്ങൾ, പരിഹാര സംവിധാനങ്ങൾ മുതലായവ ഏർപ്പെടുത്തുന്നതിന് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.
- വയോജനങ്ങൾക്കും സാന്ത്വന പരിചരണം ആവശ്യമുള്ളവർക്കും ശാരീരിക-മാനസിക, സാംസ്കാരിക, പിന്തുണാ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം.
- ആശാവർക്കർമാർ, ആരോഗ്യവകുപ്പ് ഫീൽഡ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന ഗ്രൂപ്പ് രണ്ടാഴ്ചയിലൊരിക്കലും കിടപ്പുരോഗികളും അവശരുമായ അഗതികളുടെ വീട് സന്ദർശിച്ച് അവർക്ക് പരിചരണ പ്രവർത്തനങ്ങൾ നടത്തുന്ന പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പദ്ധതി

110 (4144) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ ;

(ബി) സംസ്ഥാനത്ത് ഇതിനകം പ്രസ്തുത പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ച പുരോഗതി വിശദീകരിക്കാമോ ; ഇതിലൂടെ പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് വേഗത്തിലും എളുപ്പത്തിലും ലഭ്യമാക്കാൻ സാധിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച ഫണ്ട് എത്രയാണ് ; പദ്ധതി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനുള്ള പ്രക്രിയ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നടന്നുവരുന്നു. ഗ്രാമപഞ്ചായത്തുകൾ അവരുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഗ്രാമപഞ്ചായത്തുകൾ സ്വന്തമായി

ഇതിനുവേണ്ടിയുള്ള കൺസൾട്ടന്റുമാരെയും സർട്ടിഫിക്കേഷൻ ബോഡിയെയും തെരഞ്ഞെടുത്ത് ഈ പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നതിനാൽ വളരെ കുറച്ച് പഞ്ചായത്തുകൾക്ക് മാത്രമേ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കാൻ സാധിച്ചിട്ടുള്ളൂ. ഇതിന്റെ വെളിച്ചത്തിൽ കേന്ദ്ര സർക്കാർ പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി എല്ലാ പഞ്ചായത്തുകൾക്കും വേണ്ടി കേന്ദ്രീകൃതമായി കൺസൾട്ടന്റിനെയും സർട്ടിഫിക്കേഷൻ ബോഡിയെയും നിയമിക്കുന്നതിനും അതുവഴി സമയബന്ധിതമായി എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുമുള്ള പദ്ധതി ഇപ്പോൾ പഞ്ചായത്ത് വകുപ്പ് നടപ്പാക്കിവരുന്നു.

(ബി) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുകയും അതുവഴി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുകയും ചെയ്ത ഗ്രാമ പഞ്ചായത്തുകളിൽ സേവന പ്രദാനത്തിൽ മെച്ചപ്പെട്ട പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ശാസ്ത്രീയമായ രീതിയിൽ റെക്കോർഡ് റൂം സജ്ജീകരിക്കുകയും ക്വാളിറ്റി സർക്കിൾ രൂപീകരിക്കുകയും പഞ്ചായത്തുകളിൽ വരുന്ന പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുകയും നടപ്പാക്കിയ ക്വാളിറ്റി സിസ്റ്റത്തിന്റെ നിരന്തര മൂല്യനിർണ്ണയവും മെച്ചപ്പെടുത്തലും നടപ്പാക്കുകയും വഴി പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലും ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്.

(സി) ഈ പദ്ധതിക്കായി നാലു കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## പഞ്ചായത്തുകൾ പദ്ധതി വിഹിതം പരമാവധി വിനിയോഗിക്കുവാൻ നടപടി

111 (4145) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ, മാർച്ച് 15 വരെ എന്ത് തുക വിനിയോഗിച്ചു;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതം പരമാവധി വിനിയോഗിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തെ പദ്ധതി ചെലവ് (15-3-2018 തീയതിയിൽ)

| തദ്ദേശ സ്ഥാപനം | വിഹിതം | ചെലവ് തുക | % |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 3044.98 | 2102.52 കോടി | 69.05% |
| ജില്ലാ പഞ്ചായത്ത് | 792.50 | 376.11 കോടി | 47.46% |

2017-18 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ നിന്നും 2018 മാർച്ച് 15 വരെ 52777.57 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതി വിഹിതത്തിന്റെ 66.60 ശതമാനമാണ്.

(ബി) പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും 12 മാസങ്ങൾ ലഭിക്കുന്നതിനായി 2018 മാർച്ച് 31-നുള്ളിൽ 2018-19 വാർഷിക പദ്ധതിക്ക് അംഗീകാരം നേടുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചില തദ്ദേശ സ്ഥാപനങ്ങൾ ഇതിനകം പദ്ധതി അംഗീകാരം നേടിയിട്ടുമുണ്ട്. പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് ഇത് സഹായിക്കും.

**സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ**

112 (4146) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് മിഷൻ നിലവിൽ വന്നശേഷം ഭവന നിർമ്മാണ ധനസഹായം എത്രപേർക്ക് ലഭ്യമാക്കിയെന്നും, എത്ര അപേക്ഷകൾ മിഷന്റെ കൈവശമുണ്ടെന്നും, ആയത് എപ്പോൾ പരിഗണിക്കുമെന്നും വിശദമാക്കാമോ; ഈ സർക്കാർ കാലയളവിൽ പ്രസ്തുത പദ്ധതി പ്രകാരം ചെലവായ തുക എത്ര;

(ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന വിവിധ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലെ എത്ര ഭൂരഹിത - ഭവന രഹിത കുടുംബങ്ങളെയാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം നടത്തുന്നതിനാണ് ലൈഫ് മിഷൻ 2017-18 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ വകുപ്പുകൾ പ്രകാരം ആനുകൂല്യം ലഭ്യമാക്കിയിട്ടും വീടുകൾ പൂർത്തീകരിക്കാൻ

കഴിയാത്ത 66750 ഗുണഭോക്താക്കൾക്ക് (ജനറൽ/പട്ടികജാതി വിഭാഗം) 4 ലക്ഷം രൂപയുടെ ആനുപാതിക വർദ്ധനവ് നൽകിയും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് യഥാർത്ഥ നിർമ്മാണ ചെലവ് നൽകിയും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി ഗുണഭോക്താക്കളിൽ ആദ്യ ഗഡുവായി 51589 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ഇതിൽ 12352 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. പുതുതായി ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിലേക്കായി കുടുംബശ്രീ മുഖാന്തരം വിപുലമായ സർവ്വേ നടത്തുകയും പ്രസ്തുത പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി അർഹതയുടെ അടിസ്ഥാനത്തിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വരുത്തുന്നതിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ലൈഫ് മിഷൻ നേരിട്ട് അപേക്ഷ ക്ഷണിച്ചിരുന്നില്ല. ലൈഫ് മിഷന്റെ ആദ്യഘട്ടമായ "പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം" മാർച്ച് 31-ന് മുമ്പ് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൻ പ്രകാരം MIS കണക്കനുസരിച്ച് 115,52,20,959 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 1131 ഭൂരഹിത ഭവനരഹിത കുടുംബങ്ങളാണ് ലൈഫ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**നെന്മാറ നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി**

113 (4147) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെന്മാറ നിയോജക മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകളാണ് നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

നെന്മാറ നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതർക്ക് 2317 വീടുകളും ഭൂരഹിതർക്ക് 4074 വീടുകളും നിർമ്മിച്ചുനൽകാൻ ഉദ്ദേശിക്കുന്നു. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ഗ്രാമപഞ്ചായത്തിന്റെ പേര് | ഭവനരഹിതർ | ഭൂരഹിതർ |
|---|---|---|
| എലവഞ്ചേരി | 211 | 244 |
| കൊടുവായൂർ | 239 | 661 |
| കൊല്ലങ്കോട് | 247 | 334 |
| മുതലമട | 382 | 548 |
| നെല്ലിയാമ്പതി | 114 | 682 |
| നെന്മാറ | 195 | 189 |
| പല്ലശന | 172 | 280 |
| അയിലൂർ | 361 | 236 |
| പുതുനഗരം | 231 | 528 |
| വടവന്നൂർ | 165 | 372 |

**ലൈഫ് ഭവന പദ്ധതി**

114 (4148) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഭൂമിയുള്ള എത്ര ഭവനരഹിതരാണ് പെരുമ്പാവൂർ മണ്ഡലത്തിൽ ഉള്ളത് എന്നറിയിക്കുമോ; ഇവർക്ക് 2018-19-ൽ വീട് നൽകുന്നതിന് സാധിക്കുമോ;

(ബി) ഒരു വീടിന് എത്ര രൂപയാണ് ഗുണഭോക്താവിന് നൽകുന്നത്; ഇതിൽ സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും വിഹിതം എത്രയെന്നറിയിക്കുമോ; വിശദാംശം നൽകുമോ;

(സി) ഭൂരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതിനുശേഷം സ്വന്തമായി സ്ഥലം വാങ്ങിയ ഗുണഭോക്താക്കൾക്ക് 2018-19-ൽ വീട് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂരഹിതരായിട്ടുള്ളവർക്ക് സ്ഥലം വാങ്ങുന്നതിന് ഈ പദ്ധതിയിൽ ധനസഹായം നൽകുമോ; എങ്കിൽ എത്ര രൂപയാണ് അനുവദിക്കുന്നതെന്നറിയിക്കുമോ;

(ഇ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പണിയുന്ന ഭവനങ്ങൾ Geo tag (ജിയോ ടാഗ്) ചെയ്യേണ്ടതുണ്ടോ; എങ്കിൽ അതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(എഫ്) ലൈഫ് പദ്ധതി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഭൂമിയുള്ള 844 ഭവനരഹിതരാണ് പെരുമ്പാവൂർ മണ്ഡലത്തിലുള്ളത്. ഇവർക്ക് 2018-19-ൽ വീട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പൊതുവിഭാഗത്തിനും പട്ടികജാതിക്കാർക്കും ഭവനം നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്. പട്ടികവർഗ്ഗക്കാർക്ക് 6 ലക്ഷം രൂപയാണ് നൽകുന്നത്. സർക്കാർ വിഹിതത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും അനുപാതം തീരുമാനിച്ചിട്ടില്ല. പദ്ധതിക്ക് ആവശ്യമായ തുക പ്ലാൻ ഫണ്ടിൽനിന്നും ബാക്കി വായ്പയായും കണ്ടെത്തും. മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഈടാക്കുന്നതും പലിശ സർക്കാർ വഹിക്കുന്നതുമാണ്.

(സി) ഭൂരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതിനുശേഷം സ്വന്തമായി സ്ഥലം വാങ്ങിയ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ ധനസഹായം നൽകുന്ന വിഷയത്തിൽ തീരുമാനമായിട്ടില്ല.

(ഡി) നിലവിൽ ഭൂരഹിതരായവർക്ക് സ്ഥലം വാങ്ങുന്നതിന് പദ്ധതിയില്ല. ഇത്തരക്കാർക്ക് ഭവന സമുച്ചയം നിർമ്മിച്ച് അതിൽ ഭവനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പണിയുന്ന ഭവനങ്ങൾ ജിയോ ടാഗ് ചെയ്യുന്നതാണ്. ആയതിന് പ്രത്യേക MIS-ഉം മൊബൈൽ ആപ്പ്സും വികസിപ്പിച്ചു വരുന്നു.

(എഫ്) ഉണ്ട്. വീടുകൾ നിർമ്മിക്കുന്ന അവസരത്തിൽ 90 ദിവസത്തെ തൊഴിൽ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലൈഫ് ഭവന നിർമ്മാണ പദ്ധതി അപേക്ഷകർ**

115 (4149) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ലഭിച്ചിട്ടുള്ള ആകെ അപേക്ഷകൾ എത്രയാണെന്നും, ഓരോ വിഭാഗത്തിലും ഉൾപ്പെട്ട മുഴുവൻ അപേക്ഷകർക്കും അനുയോജ്യമായ പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കുടുംബശ്രീ മുഖേന നടത്തിയ വിശദമായ സർവ്വേയുടെ അടിസ്ഥാനത്തിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ 1.75 ലക്ഷം ഭൂമിയുള്ള ഭവനരഹിതരും 3.37 ലക്ഷം ഭൂരഹിത/ഭവനരഹിതരെയും കണ്ടെത്തിയിട്ടുണ്ട്. ഭൂമിയുള്ള എല്ലാവർക്കും ഭവനം നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്. ഭൂമിയില്ലാത്ത ഭവനരഹിതർക്കായി ആദ്യഘട്ടത്തിൽ 14 ജില്ലകളിൽ ഭവന സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം, കാസർഗോഡ് ജില്ലകളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പ്രവൃത്തി ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ലൈഫ് സർവ്വേ വഴി കണ്ടെത്തിയ മുഴുവൻ ഭൂമിയുള്ള ഭവനരഹിതർക്കും വ്യക്തിഗത ഭവന നിർമ്മാണ ത്തിനുള്ള ധനസഹായം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018 ഏപ്രിൽ 1 മുതൽ ടി പ്രവൃത്തി നിർവ്വഹണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ലൈഫ് പദ്ധതി**

116 (4150) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയും വീടുമില്ലാത്തവർക്ക് ലൈഫ് പദ്ധതിയിൽ അപേക്ഷ നല്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അപേക്ഷയോടൊപ്പം നല്കേണ്ട റേഷൻ കാർഡ് അടക്കമുള്ള രേഖകളുടെ അഭാവംമൂലം അപേക്ഷ നല്കാൻ കഴിയാത്തവരുടെ അപേക്ഷ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നിലവിലുള്ള മാനദണ്ഡപ്രകാരം റേഷൻ കാർഡ് കൈവശമുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുകയുള്ളൂ. അഗതികളായ ഗുണഭോക്താക്കളുടെ കാര്യത്തിൽ റേഷൻ കാർഡ് നിർബന്ധമല്ല.

**ലൈഫ് മിഷൻ പദ്ധതി**

117 (4151) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ 2018-19 വർഷത്തിൽ എത്ര വീടുകളുടെ പണിയാണ് പൂർത്തീകരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ അർഹതപ്പെട്ട മുഴുവൻ ആളുകളെയും ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റംവരുത്താൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നഗരമേഖലയിൽ 77414 വീടുകളും ഗ്രാമീണ മേഖലയിൽ 1.75 ലക്ഷം വീടുകളും പണിയാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഇപ്പോൾ ആലോചനയിലില്ല.

**ലൈഫ് പദ്ധതി പ്രകാരമുള്ള വീടുകൾ**

118 (4152) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷം പുതിയ വീടുകൾ നൽകേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) മറ്റ് പദ്ധതികളിൽ വീട് നിർമ്മിച്ച് പണി പൂർത്തിയാക്കാത്ത ആളുകളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അവരുടെ വീടുകൾ പൂർത്തീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ലക്ഷം വീട് പദ്ധതിയിൽ മുൻകാലത്ത് നിർമ്മിച്ച ഇരട്ട വീടുകൾ ഒറ്റ വീടുകളായി നിർമ്മിക്കുന്നതിന് ലൈഫ് പദ്ധതി പ്രകാരം സഹായം നൽകുമോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ലൈഫ് പദ്ധതിയിൽ ലഭിച്ച വീട് മക്കളുടെ പേരിൽ നൽകിയതിനുശേഷം വീണ്ടും വീടിനുവേണ്ടി അപേക്ഷിച്ച് പദ്ധതിയിൽ ഉൾപ്പെടുന്നു എന്ന ആക്ഷേപവും റേഷൻ കാർഡ് ഇല്ല എന്ന കാരണത്താൽ അർഹരായവർ പുറത്തുനിൽക്കുന്നു എന്ന ആക്ഷേപവും സർക്കാർ പരിശോധിക്കുമോ?

ഉത്തരം

(എ) ഇല്ല. ലൈഫ് മിഷൻ പദ്ധതി രണ്ടാംഘട്ടത്തിൽ (2018-19) ഭൂമിയുള്ള 1.75 ലക്ഷം ഭവനരഹിതർക്ക് ഭവനം നൽകുന്നതിനും 3.37 ലക്ഷം ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(ബി) 2016 മാർച്ച് 31-ന് മുമ്പ് കരാറിൽ ഏർപ്പെടുകയോ ഒരു ഗഡു തുക കൈപ്പറ്റുകയോ ചെയ്യുകയും എന്നാൽ 2017 നവംബർ 1-ന് മുമ്പ് പൂർത്തീകരണം നടത്താൻ സാധിക്കാത്തതുമായ ഗുണഭോക്താക്കളുടെ വീടുകൾ 2018 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ പുനർ നിർമ്മാണവും ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതും അറ്റകുറ്റപ്പണികൾ നടത്തുന്നതും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന വിഷയം പിന്നീട് തീരുമാനിക്കുന്നതാണ്.

(ഡി) പരിശോധിക്കുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിലെ ഭൂരഹിത-ഭവനരഹിതരായ കുടുംബങ്ങൾ**

119 (4153) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല മണ്ഡലത്തിൽ ഭൂരഹിത-ഭവനരഹിതരായ എത്ര കുടുംബങ്ങൾ ഉണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) മണ്ഡലത്തിലെ ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കിയിട്ടുണ്ടോ ഉണ്ടെങ്കിൽ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം ഭൂരഹിതർക്ക് അനുവദിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല മണ്ഡലത്തിൽ ഭൂരഹിത ഭവനരഹിതരായ 3338 കുടുംബങ്ങളും ഭവനരഹിതരായ 4208 കുടുംബങ്ങളും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) പാറശ്ശാല മണ്ഡലത്തിൽ ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) ഭൂ രഹിത ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി ലൈഫ് പദ്ധതിയിലുൾപ്പെടുത്തി കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്തുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസം, വ്യവസായം ഒഴികെയുള്ള വകുപ്പുകളുടെയും ഉടമസ്ഥതയിലുള്ള ഭൂമികളുടെ വിവരം ശേഖരിച്ചുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പാറശ്ശാല മണ്ഡലത്തിൽ അമ്പൂരിയിൽ 100 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

## വർക്കല നിയോജകമണ്ഡലത്തിൽ വീട് ലഭിക്കുന്നതിനായുള്ള അപേക്ഷ

120 (4154) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി വീട് ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകരിൽ അർഹതയുള്ളവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) വർക്കല നിയോജകമണ്ഡലത്തിലെ ഒരോ ഗ്രാമപഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റിയിലേയും അപേക്ഷകരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) കുടുംബശ്രീ മുഖേന നടത്തിയ വിപുലമായ സർവ്വേ പ്രകാരം വർക്കല നിയോജകമണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി ഭൂരഹിത ഭവനരഹിതരായ 3626 പേരും ഭവനരഹിതരായ 1387 പേരും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) വർക്കല നിയോജകമണ്ഡലത്തിലെ ഓരോ ഗ്രാമപഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റിയിലേയും ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

**ആലത്തൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

121 (4155) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ അസംബ്ലി മണ്ഡലത്തിൽ വണ്ടാഴി, കിഴക്കഞ്ചേരി, മേലാർകോട്, ആലത്തൂർ, എരിമയൂർ, കുഴൽമന്ദം, തേങ്കുറുശ്ശി എന്നീ പഞ്ചായത്തുകളിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇതിൽ അർഹരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ;

(ബി) മേൽ സൂചിപ്പിച്ച പഞ്ചായത്തുകളിൽനിന്നും അർഹതയുണ്ടായിട്ടും പട്ടികയിൽ ഇടം ലഭിച്ചില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച പരിഹാര നടപടി വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീ മുഖേന വിപുലമായ സർവ്വേ നടത്തിയാണ് ഭൂരഹിതരെയും ഭവനരഹിതരെയും കണ്ടെത്തിയിട്ടുള്ളത്. ടി പഞ്ചായത്തുകളിൽ പഞ്ചായത്ത് കമ്മിറ്റികൾ അംഗീകരിച്ച അർഹരായ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| ഗ്രാമപഞ്ചായത്തിന്റെ പേര് | ഭൂരഹിതർ | ഭവനരഹിതർ |
|---|---|---|
| (1) | (2) | (3) |
| വണ്ടാഴി | 313 | 254 |
| കിഴക്കഞ്ചേരി | 277 | 191 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) |
|---|---|---|
| മേലാർക്കോട് | 54 | 143 |
| ആലത്തൂർ | 240 | 176 |
| എരിമയൂർ | 172 | 276 |
| കുഴൽമന്ദം | 318 | 270 |
| തേങ്കുറിശ്ശി | 133 | 178 |

(ബി) പരാതി ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ച് അർഹതയുണ്ടെങ്കിൽ ഗ്രാമസഭയിൽവച്ച് സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രധാനമന്ത്രി ആവാസ് യോജന**

122 (4156) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ആവാസ് യോജന എന്ന പദ്ധതിവഴി നിലവിലെ കേന്ദ്ര സർക്കാർ കാലയളവിൽ സംസ്ഥാനത്ത് എത്ര പേർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം നാളിതുവരെ നല്കി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴിയുള്ള സഹായത്തിന് അപേക്ഷിച്ചവരിൽ വീടു വയ്ക്കുവാനുള്ള സഹായം ലഭിക്കാത്ത സംസ്ഥാനത്തെ അപേക്ഷകർ എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതി വഴി 15993 പേർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം നാളിതുവരെ നൽകിയിട്ടുണ്ട്. പി.എം.എ.വൈ. (നഗരം) പദ്ധതി പ്രകാരം 20915 കുടുംബങ്ങൾക്ക് ഒന്നാം ഗഡു സാമ്പത്തിക സഹായം നല്കി. ഇവരിൽ 13984 പേർക്ക് രണ്ടാംഗഡുവും 8636 പേർക്ക് മൂന്നാം ഗഡുവും 1635 പേർക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്.

(ബി) പി.എം.എ.വൈ. (ജി) പദ്ധതിക്ക് നേരിട്ട് അപേക്ഷ സ്വീകരിക്കുന്നില്ല. ടി പദ്ധതിക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ഭവനരഹിതരുടെ ലിസ്റ്റിൽ നിന്നാണ്.

| | | |
|---|---|---|
| പി.എം.എ.വൈ.(നഗരം) പദ്ധതി പ്രകാരം നഗരസഭ കണ്ടെത്തിയത് | - | 1,96,800 |
| കോമൺ സർവ്വീസ് സെന്റർ വഴി ലഭ്യമായത് | - | 46,687 |
| ആകെ അപേക്ഷകൾ | - | 2,43,567 |
| കോമൺ സർവ്വീസ് സെന്റർ വഴി ലഭ്യമായതും എന്നാൽ പരിശോധിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതുമായ അപേക്ഷകൾ | - | 18,763 |
| നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ അപേക്ഷകൾ/കുടുംബങ്ങൾ | - | 77,714 |
| ഉൾപ്പെടാത്തവർ | - | 1,66,153 |

**പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി**

123 (4157) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാനമന്ത്രി ആവാസ് യോജന (നഗരം) ഭവന നിർമ്മാണ പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷം എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ, പരമാവധി സഹായം എത്ര തുകയാണെന്നും ഇതിലെ കേന്ദ്ര- സംസ്ഥാന വിഹിതങ്ങൾ എത്ര വീതമാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രധാനമന്ത്രി ആവാസ് യോജന (നഗരം) ഭവന നിർമ്മാണ പദ്ധതി പ്രകാരം അംഗീകാരം ലഭിച്ച 77414 വീടുകളിൽ 20915 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5000 വീടുകളുടെ നിർമ്മാണം നടപ്പുവർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പരമാവധി ധനസഹായം 4 ലക്ഷം രൂപയാണ്.

| | | |
|---|---|---|
| കേന്ദ്ര വിഹിതം | - | 1.5 ലക്ഷം രൂപ |
| സംസ്ഥാന വിഹിതം | - | 50,000 രൂപ |
| തദ്ദേശസ്ഥാപന വിഹിതം | - | 2 ലക്ഷം രൂപ |

## പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയും ലൈഫ് പാർപ്പിട പദ്ധതിയും

124 (4158) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം നാളിതുവരെ സംസ്ഥാനത്തിന് ലഭ്യമായ കേന്ദ്ര ഫണ്ട് എത്രയാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത ഫണ്ടിൽനിന്നും ലൈഫ് പാർപ്പിട പദ്ധതിക്കായി തുക നീക്കിവയ്ക്കുകയും ചെലവഴിക്കുകയും ചെയ്യാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കാലയളവിൽ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്; വിശദീകരിക്കാമോ?

ഉത്തരം

(എ) പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം 121,90,22,000 രൂപയും പി.എം.എ.വൈ. (നഗരം) പദ്ധതി പ്രകാരം 15707.79 ലക്ഷം രൂപയും സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്.

(ബി) ഇല്ല.

(സി) പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് 7023 വീടുകളും പി.എം.എ.വൈ. (നഗരം) പദ്ധതി പ്രകാരം 1611 വീടുകളും പൂർത്തിയാക്കിയിട്ടുണ്ട്. ലൈഫ് മിഷന്റെ ഒന്നാംഘട്ട പ്രവർത്തനത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിടുന്നത്. സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിൽ ധനസഹായം ലഭ്യമാക്കുകയും എന്നാൽ ഭവനം പൂർത്തിയാക്കാത്തതുമായ 66750 ഭവനങ്ങളുടെ പൂർത്തീകരണമാണ് മിഷൻ ഒന്നാംഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിൽ 15443 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു.

## നഗരകാര്യ വകുപ്പിലെ ക്രമക്കേടുകൾ

125 (4159) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരകാര്യ ജോയിന്റ് ഡയറക്ടർ ഓഫീസിലും, നഗരകാര്യ ഡയറക്ടറേറ്റിലും ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; 2016 ജനുവരി മുതൽ നിലവിലുള്ള എത്ര ഫയലുകൾ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) ഫയലുകൾ പ്രോസസ്സ് ചെയ്യുവാൻ സർക്കാർ സമയക്രമം നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ; ഈ പറഞ്ഞ സമയത്ത് പ്രോസസ്സ് ചെയ്യാത്ത ഫയലുകൾ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ സമയക്രമം പാലിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നഗരസഭ, കോർപ്പറേഷൻ എന്നിവയിലെ ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി തെറ്റിച്ച കേസുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നറിയിക്കാമോ; ഇതിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; നടപടിയ്ക്ക് വിധേയരായവരുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഇ) സീനിയോറിറ്റി തെറ്റിച്ച കേസുകൾ പരിശോധിച്ച് ശരിയായ ക്രമീകരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; 2016 ജനുവരി മുതൽ ശിക്ഷണ നടപടിയ്ക്ക് വിധേയരായ ഉദ്യോഗസ്ഥരുടെ വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നഗരകാര്യ ജോയിന്റ് ഡയറക്ടർ ഓഫീസിലും നഗരകാര്യ ഡയറക്ടറേറ്റിലും ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. നഗരകാര്യ ഡയറക്ടറേറ്റിൽ നിലവിൽ 12153 ഫയലുകൾ ഉണ്ട്. നഗരകാര്യ ജോയിന്റ് ഡയറക്ടർ ഓഫീസിലെ ഫയലുകളുടെ എണ്ണം ശേഖരിച്ചു വരുന്നു.

(ബി&സി) ഇല്ല.

(ഡി) സീനിയോറിറ്റി തർക്കങ്ങൾ സംബന്ധിച്ച കേസ്സുകൾ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേഷൻ ട്രിബ്യൂണൽ മുമ്പാകെ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. ഇത്തരം നിരവധി കേസ്സുകളിൽ

സീനിയോറിറ്റി പുനഃക്രമീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. മറ്റ് കേസ്സുകളിൽ നടപടി സ്വീകരിച്ചുവരുന്നു. സീനിയോറിറ്റി തർക്കം സംബന്ധിച്ച കേസ്സുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാർ ആരും ശിക്ഷണ നടപടിക്ക് വിധേയരായിട്ടില്ല.

(ഇ) സീനിയോറിറ്റി തർക്കങ്ങൾ സംബന്ധിച്ച ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഉള്ള കേസ്സുകളുടെ അടിസ്ഥാനത്തിലും ജീവനക്കാർ നേരിട്ട് സമർപ്പിച്ച പരാതികളുടെ അടിസ്ഥാനത്തിലും നിരവധി ജീവനക്കാരുടെ സീനിയോറിറ്റി ക്രമം പുനഃക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സീനിയോറിറ്റി തർക്കം സംബന്ധിച്ച കേസ്സുകളുടെ അടിസ്ഥാനത്തിൽ 2016 ജനുവരി മുതൽ ജീവനക്കാർ ആരും ശിക്ഷണനടപടിക്ക് വിധേയരായിട്ടില്ല.

## വട്ടവട പഞ്ചായത്തിൽ കയ്യേറ്റക്കാർ ക്രമവിരുദ്ധമായി നേടുന്ന കെട്ടിട നമ്പരുകൾ

126 (4160) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിൽ വൻകിട കയ്യേറ്റക്കാർ സാധാരണക്കാരെ ഉപയോഗിച്ച് കെട്ടിട നമ്പരുകൾ നേടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടി തടയുന്നതിനായി വട്ടവട പഞ്ചായത്തിലെ കെട്ടിട നമ്പർ രജിസ്റ്റർ ദേവികുളം സബ് കളക്ടറുടെ ഓഫീസ് പിടിച്ചെടുത്തിട്ടുണ്ടോ;

(സി) വൻകിട കയ്യേറ്റക്കാർ നടത്തുന്ന ഇപ്രകാരമുള്ള ക്രമവിരുദ്ധ നടപടികൾ പരിശോധനയിൽ വെളിപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചു?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നിർദ്ദിഷ്ട കുറിഞ്ഞിമല സങ്കേതത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിലേയ്ക്കായി വസ്തുനികുതി നിർണ്ണയ രജിസ്റ്റർ ദേവികുളം സബ് കളക്ടർ ആവശ്യപ്പെട്ട പ്രകാരം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

## ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി

127 (4161) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേക്കുയർത്താൻ പരിപാടിയുണ്ടോ; ഇതിനായി എന്തെല്ലാം ഓഫീസ് നവീകരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടേതുൾപ്പെടെയുള്ള ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) ഗ്രാമസഭ പ്രവർത്തനങ്ങൾ സുതാര്യവും ജനകീയവും കാര്യക്ഷമവുമാക്കുന്നതിനായി രൂപീകരിച്ച ഗ്രാമസഭാ പോർട്ടൽ വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കെട്ടിട നികുതി ഓൺലൈനായി അടയ്ക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; നികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുക?

### ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതിലേയ്ക്കായി ഗ്രാമപഞ്ചായത്തുകളിൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാകത്തക്ക രീതിയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നവീകരിക്കുകയും ശാസ്ത്രീയമായ രീതിയിൽ റിക്കോർഡ് റൂം സജ്ജീകരിക്കുകയും ചെയ്യുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടേതുൾപ്പെടെയുള്ള വിവിധ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികയിൽ 2018 ഡിസംബർ 31 വരെ ഉണ്ടാകാവുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 15-3-2018-ൽ കൂടിയിട്ടുണ്ട്.

(സി) അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ ജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പഞ്ചായത്ത് വകുപ്പ് ഐ.കെ.എം.-ന്റെ സഹായത്തോടെ ഗ്രാമസഭാ പോർട്ടൽ പ്രവർത്തനസജ്ജമാക്കിയിരിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് സ്വന്തം വാർഡിലെ സമ്പൂർണ്ണ വികസന ക്ഷേമപ്രവർത്തനങ്ങളും അടിസ്ഥാന വിവരങ്ങളും അറിയിപ്പുകളും പ്രസിദ്ധീകരിക്കുവാനും ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ടതും ഉചിതമായ തലങ്ങളിൽ നടപടികൾ സ്വീകരിക്കേണ്ടതുമായ വിവിധ വിഷയ സംബന്ധിയായ നിർദ്ദേശങ്ങളും വസ്തുതകളും ഓൺലൈനായി പൊതുജനങ്ങൾക്ക് എവിടെനിന്നും സമർപ്പിക്കുന്നതിനും വേണ്ടിയാണ് ഗ്രാമസഭാ പോർട്ടൽ തയ്യാറാക്കിയിട്ടുള്ളത്.

(ഡി) ഉണ്ട്. കെട്ടിട നികുതി സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓൺലൈൻ ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നികുതി നിർണ്ണയം നിലവിൽ നടത്തുന്നത് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ്.

## സ്നേഹിത പദ്ധതി

128 (T*4162) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്കൂളുകളിലെ കുട്ടികളുടെ മാനസിക സമ്മർദ്ദങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ സ്നേഹിത എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കുടുംബശ്രീ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ 'സ്നേഹിത അറ്റ് സ്കൂൾ' എന്ന പേരിൽ ഒരു പദ്ധതി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നടപ്പിലാക്കിവരുന്നുണ്ട്. സ്കൂളുകളിൽ കുട്ടികൾക്ക് ഹെൽപ് ഡസ്ക് ആരംഭിക്കുക, ആവശ്യമായ നിയമ പരിരക്ഷയും കൗൺസിലിംഗും നൽകുക, കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിക്കുക, സ്കൂളുകളിൽ കുട്ടികൾക്ക് പരാതികൾ സമർപ്പിക്കുന്നതിനായി 'സ്നേഹിത ബോക്സ്' സ്ഥാപിക്കുകയും ആഴ്ചയിലൊരിക്കൽ ജെൻഡർ റിസോഴ്സ് പേഴ്സൺമാരുടെ സാന്നിദ്ധ്യത്തിൽ ചാർജ്ജുള്ള അദ്ധ്യാപിക ഈ ബോക്സ് തുറന്ന് പരാതികൾ സ്നേഹിത ഉദ്യോഗസ്ഥർക്ക് കൈമാറുകയും പരിഹാരം കാണുകയും ചെയ്യുക എന്നിവയാണ് ചെയ്തുവരുന്ന പ്രവർത്തനങ്ങൾ. ഈ പദ്ധതി തിരുവനന്തപുരം ജില്ലയിൽമാത്രമാണ് നടപ്പിലാക്കുന്നത്.

(ബി) 'സ്നേഹിത അറ്റ് സ്കൂൾ' പദ്ധതിക്കായി പ്രത്യേക പരിശീലനം സംഘടിപ്പിച്ചിട്ടില്ല.

---

*T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ജെൻഡർ റിസോഴ്സ് സെന്റർ

129 (4163) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ ബ്ലോക്ക് തലത്തിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ജെൻഡർ റിസോഴ്സ് സെന്ററുകളിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജെൻഡർ റിസോഴ്സ് സെന്ററുകൾ (ജി.ആർ.സി.) പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രാദേശിക തലത്തിൽ വിവിധങ്ങളായ സ്ത്രീശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും അറിവിന്റെ കേന്ദ്രമായും പ്രാദേശികമായ ഒരു പ്രശ്ന പരിഹാര ഇടമായും പ്രവർത്തിക്കുകയെന്നതാണ് ജെൻഡർ റിസോഴ്സ് സെന്ററിലൂടെ ലക്ഷ്യമിടുന്നത്. ആഴ്ചയിൽ രണ്ടുദിവസം കൗൺസിലർമാരുടെ സേവനം ജെൻഡർ റിസോഴ്സ് സെന്ററുകളിൽ ലഭ്യമാണ്. ജെൻഡർ റിസോഴ്സ് പേഴ്സൺമാരും കമ്മ്യൂണിറ്റി കൗൺസിലർമാരുമാണ് ജെൻഡർ റിസോഴ്സ് സെന്ററുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ലൈബ്രറി സംവിധാനം, കൗൺസിലിംഗ്, ബോധവത്കരണ ക്ലാസ്സുകൾ, പരിശീലന പരിപാടികൾ, കുട്ടികൾക്കുള്ള പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന പരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ലിംഗനീതി ഉറപ്പുവരുത്തുന്നതിനുമുള്ള പരിപാടികൾ സംഘടിപ്പിക്കുക എന്നിവയും ജെൻഡർ റിസോഴ്സ് സെന്ററുകൾ ചെയ്തുവരുന്നു. ഇത്തരത്തിൽ വിദ്യാഭ്യാസം, വിനോദം, ഗവേഷണം, ലിംഗസമത്വം എന്നിവയിലൂന്നിയ പ്രവർത്തനങ്ങളാണ് ജെൻഡർ റിസോഴ്സ് സെന്ററുകളിൽ പ്രധാനമായും നടപ്പിലാക്കിവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കുടുംബശ്രീ വഴി ഫാം ഫ്രഷ് മിൽക്ക് പദ്ധതി**

130 (4164) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ കീഴിൽ ഫാം ഫ്രഷ് മിൽക്ക് എന്ന പേരിൽ പാൽ ഉൽപ്പാദന പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കുടുംബശ്രീ വഴി പ്രസ്തുത പദ്ധതി എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പാൽ ഉൽപാദനം, വിതരണം എന്നിവ എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഗുണമേൻമ ഉറപ്പുവരുത്തുന്നതിനും മാർക്കറ്റിംഗ് ശൃംഖല കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) നിലവിൽ കുടുംബശ്രീ പശുവളർത്തൽ ഉപഭോക്താക്കൾക്കായി ക്ഷീരസാഗരം സി.ഐ.ജി. (കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പ്) പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും ഈ മേഖലയിൽ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ഡി) പദ്ധതിയുടെ ഭാഗമായി ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും മാർക്കറ്റിംഗ് ശൃംഖല കാര്യക്ഷമമാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**കുടുംബശ്രീ പദ്ധതികൾ**

131 (4165) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് കുടുംബശ്രീയുടെ സംസ്ഥാന പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ടായിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ഡി) കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുടുംബശ്രീയിൽ 43,06,976 വനിതകൾ അംഗങ്ങളായിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ സംസ്ഥാന പദ്ധതിക്കായി 161 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ സംസ്ഥാന പദ്ധതിക്കായി 161 കോടി രൂപ വകയിരുത്തിയതിൽ ആദ്യഗഡുവായി 80 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ ബജറ്റ് പ്രസംഗത്തിൽ അധികമായി പ്രഖ്യാപിച്ച 70 കോടി രൂപയും ചേർത്ത് 150 കോടി രൂപ ലഭ്യമായിട്ടുണ്ട്. ആയത് മുഴുവൻ ചെലവഴിച്ചുകഴിഞ്ഞു.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം.), നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ (എൻ.യു.എൽ.എം.), മഹിളാ കിസാൻ സശാക്തീകരൺ, പരിയോജന (എം.കെ.എസ്.പി.), ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ), Attappady Comprehensive Integrated Tribal & PVTG Development Project, നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻ.ആർ.ഒ.), പ്രധാനമന്ത്രി ആവാസ് യോജന (പി.എ.വൈ.) എന്നീ പദ്ധതികൾ കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

1. നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം.)

ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിൽ ദേശീയ ഉപജീവന മിഷന്റെ പദ്ധതികൾ നടപ്പിലാക്കാനായി 2012-13-ലാണ് സംസ്ഥാന സർക്കാർ കുടുംബശ്രീയെ നിർവ്വഹണ ഏജൻസിയായി നിയമിച്ചത്. 2013-14-ൽ കുടുംബശ്രീ മുഖേന നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി നടപ്പിലാക്കുവാൻ തുടങ്ങി. പാവപ്പെട്ട സ്ത്രീകളെ കണ്ടെത്തി അവരുടെ സാമൂഹിക സംഘടനകൾ സ്ഥാപിച്ച് സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുകയാണ് കുടുംബശ്രീ എൻ.ആർ.എൽ.എം. പദ്ധതിയിലൂടെ ചെയ്യുന്നത്.

പ്രധാനമായും നാല് തരം പ്രവർത്തനങ്ങളാണ് എൻ.ആർ.എൽ.എം. പദ്ധതിയിൽ നടപ്പിലാക്കുന്നത്. സാമൂഹ്യ സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ, സാമ്പത്തിക ഉൾപ്പെടുത്തൽ, ഉപജീവന വികസനം, സാമൂഹ്യ ഉൾപ്പെടുത്തൽ.

2. ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം.)

നഗര ദാരിദ്ര്യം ലഘൂകരിക്കുന്നതിനും നഗരത്തിലെ പാവപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപെടുത്തുന്നതിനുമായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച ദേശീയ നഗര ഉപജീവന ദൗത്യം എന്ന പദ്ധതി കേരളത്തിലെ എല്ലാ നഗരസഭയിലും നടപ്പിലാക്കി വരുന്നു. പുതിയ അയൽക്കൂട്ടം രൂപീകരിക്കുക, തെരുവ് കച്ചവടക്കാരുടെ സംരക്ഷണം, തെരുവിൽ ഉറങ്ങുന്നവരുടെ സംരക്ഷണവും അഭയകന്ദ്രവും, സംരംഭകർക്കുള്ള ധനസഹായം, തൊഴിൽ പരിശീലനവും നിയമനവും തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ. നിലവിലുണ്ടായിരുന്ന എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയുടെ തുടർ പദ്ധതിയാണ് എൻ.യു.എൽ.എം. പദ്ധതി.

3. മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.)

കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.ആർ.എൽ.എം.-ന്റെ ഉപ പദ്ധതിയാണ് മഹിളാ കിസാൻ സശാക്തീകരൺ പരിയോജന. ഭക്ഷ്യവിള ഉൽപ്പാദനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളുടെ സാങ്കേതികവും സംഘാടനപരവുമായ വൈദഗ്ധ്യ വികസനത്തിനായി കുടുംബശ്രീ മിഷൻ നോഡൽ ഏജൻസിയായി നടപ്പിലാക്കുന്നതാണ് പ്രസ്തുത പദ്ധതി.

4. ഡി.ഡി.യു.ജി.കെ.വൈ.(ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന)

ഗ്രാമീണ മേഖലയിലെ യുവതീ യുവാക്കൾക്ക് പരിശീലനത്തോടൊപ്പം തൊഴിൽ നൽകുന്ന പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.)-യുടെ സംസ്ഥാനതല ഉദ്ഘാടനം 2015 ഫെബ്രുവരി 26-ന് നിർവ്വഹിക്കുകയുണ്ടായി. കേന്ദ്ര ഗ്രാമവികസന വകുപ്പും കേരള സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത് കുടുംബശ്രീ മുഖേനയാണ്.

5. Attappady Comprehensive Integrated Tribal & PVTG Development Project

2014-ൽ അട്ടപ്പാടിയിലുണ്ടായ ശിശുമരണത്തെ തുടർന്ന് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായ എൻ.ആർ.എൽ.പി.-യിൽ ഉൾപ്പെടുത്തി 2014-15 മുതൽ 7 വർഷകാലയളവിലേയ്ക്കായി 50 കോടി രൂപയുടെ Attappady Comprehensive Integrated Tribal & PVTG Development Project എന്ന സാമൂഹ്യ വികസന പദ്ധതി കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്നു. ഇതിൽ അയൽക്കൂട്ട രൂപീകരണത്തിലൂടെയുള്ള സാമ്പത്തിക സാമൂഹിക ശാക്തീകരണം, കാർഷിക അനുബന്ധ പ്രവർത്തനം, മൃഗസംരക്ഷണം എന്നിവ പ്രധാന ഘടകങ്ങളാണ്.

6. നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻ.ആർ.ഒ.)

കുടുംബശ്രീയെ ഒരു നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി ഗ്രാമീണ മന്ത്രാലയം ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ അംഗീകരിച്ചിട്ടുണ്ട്. വർഷങ്ങളായുള്ള അനുഭവ സമ്പത്തിൽ നിന്നും കുടുംബശ്രീയിൽനിന്ന് ഉരുത്തിരിഞ്ഞു വന്ന മാതൃകാ പ്രവർത്തനങ്ങളെ മറ്റ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുക എന്നുള്ളതുമാണ് കുടുംബശ്രീ എൻ.ആർ.ഒ.-യുടെ പ്രധാന ലക്ഷ്യം.

7. പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.)

'ചേരി രഹിത ഭാരതം' എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ നടപ്പിലാക്കി വന്ന 'രാജീവ് ആവാസ് യോജന' എന്ന പദ്ധതിക്ക് പകരമായി എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ 'പ്രധാനമന്ത്രി ആവാസ് യോജന' പദ്ധതിക്ക് 2015 ജൂണിൽ തുടക്കം കുറിച്ചു. 2022-ഓടെ നഗരപ്രദേശത്തെ എല്ലാവർക്കും പാർപ്പിടങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഭവന നഗരദാരിദ്ര്യ ലഘൂകരണ മന്ത്രാലയത്തിനുകീഴിൽ സംസ്ഥാന സർക്കാരുമായി സംയോജിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. നാളിതുവരെ 77414 ഭവനങ്ങൾക്ക് അംഗീകാരം ലഭിച്ചു.

## കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനം

132 (4166) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണനം ശക്തിപ്പെടുത്തുന്നതിനുമായി എന്തെല്ലാം നവീന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിനായി എല്ലാ ജില്ലകളിലും കുടുംബശ്രീ ബസാറുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻവഴി വിപണിയിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കുടുംബശ്രീയുടെ ഏതെല്ലാം ഉല്പന്നങ്ങളാണ് ഓൺലൈൻവഴി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. കുടുംബശ്രീ സൂക്ഷ്മ സംരംഭ ഉത്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 152 പഞ്ചായത്തുകളിൽ മാസചന്തകൾ സ്ഥിരമായി സംഘടിപ്പിക്കുന്നതിനായി സി.ഡി.എസ്.-കൾക്ക് 75000 രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തിക ധനസഹായം നൽകി. ഈ പഞ്ചായത്തുകൾക്ക് പുറമെ മറ്റ് 304 പഞ്ചായത്തുകളിൽ ആഴ്ച ചന്തകളും നടത്തിവരുന്നു.

2. ഓണം, ക്രിസ്തുമസ് തുടങ്ങിയ അവസരങ്ങളിൽ കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജില്ലാതലത്തിലും ചന്തകൾ സംഘടിപ്പിച്ചുവരുന്നു.

3. ദേശീയ സരസ് മേള കേരളത്തിൽ വർഷത്തിൽ രണ്ടെണ്ണം സംഘടിപ്പിക്കുന്നതിലൂടെ സംരംഭകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ വൻതോതിൽ വിപണനം നടത്തുവാനും പ്രദർശിപ്പിക്കുവാനുമുള്ള

അവസരം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നടക്കുന്ന സരസ്സ് മേളകളിൽ കുടുംബശ്രീ ഉത്പന്നങ്ങൾ വിപണനം നടത്താനുള്ള ക്രമീകരണം ഈ വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

4. കുടുംബശ്രീ ഉത്പന്നങ്ങൾ ഓൺലൈൻ വഴി വിപണിയിൽ എത്തിക്കുന്നതിന് 'കുടുംബശ്രീബസാർ.കോം' എന്ന പേരിൽ ഒരു ഇ-കോമേഴ്സ് പോർട്ടൽ കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ ബസാറുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനായി ജില്ലകളിൽ സംരംഭകരുടെ കൺസോർഷ്യം രൂപീകരിച്ചുവരുന്നു. അനുയോജ്യമായ ഇടം ബസാറിനായി കണ്ടെത്താനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(സി) കുടുംബശ്രീ ഉത്പന്നങ്ങൾ ഓൺലൈൻവഴി വിപണിയിൽ എത്തിക്കുന്നതിന് 'കുടുംബശ്രീബസാർ.കോം' എന്ന പേരിൽ ഒരു ഇ-കോമേഴ്സ് പോർട്ടൽ കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം ഇന്ത്യയിൽ എവിടെനിന്നും കുടുംബശ്രീ ഉത്പന്നങ്ങൾ ഓൺലൈനായി വാങ്ങാൻ സാധിക്കും.

(ഡി) പ്രാരംഭഘട്ടത്തിൽ 333-ഓളം ഉത്പന്നങ്ങളാണ് ഓൺലൈൻ വിപണനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. ഭക്ഷ്യോത്പന്നങ്ങൾ, കരകൗശല വസ്തുക്കൾ, ബാഗുകൾ, കുട, ചെരുപ്പ്, ആഭരണങ്ങൾ, സോപ്പ്, ടോയ്‌ലറ്ററീസ്, അലങ്കാര വസ്തുക്കൾ മുതലായവയാണ് വിപണനം ചെയ്യുന്ന പ്രധാന വസ്തുക്കൾ.

## കുടുംബശ്രീയുടെ ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനരീതി

133 (4167) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വിലയിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുന്നതിന് കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തന രീതി വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ കുടുംബശ്രീ അംഗങ്ങൾ നടത്തുന്ന മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനങ്ങളിൽ കുടുംബശ്രീ മിഷന്റെ പങ്ക് വ്യക്തമാക്കാമോ?

## ഉത്തരം

(എ) കുടുംബശ്രീ ജൻ ഔഷധി സ്റ്റോറുകളുടെ നടത്തിപ്പിനായി കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിൽ നിന്നുള്ള രണ്ടുപേരെയാണ് കണ്ടെത്തുന്നത്. ഫാർമസി യോഗ്യതയുള്ള ഒരു വ്യക്തിയെയും കമ്പ്യൂട്ടർ പരിജ്ഞാനമുള്ള മറ്റൊരു വ്യക്തിയെയുമാണ് ടി സ്റ്റോറിന്റെ പ്രവർത്തനത്തിനായി തെരഞ്ഞെടുക്കുന്നത്. ഇവർക്കുള്ള പ്രതിഫലം മരുന്നുകളുടെ വിപണനത്തിനുള്ള 20 ശതമാനം മാർജിനിൽ നിന്നുമായിരിക്കും കണ്ടെത്തുന്നത്. ജൻ ഔഷധി സ്റ്റോറുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയായിരിക്കും.

(ബി) കുടുംബശ്രീ ജില്ലാ മിഷനാണ് ജൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ജൻ ഔഷധി സ്റ്റോറുകൾ തുടങ്ങുവാൻ താല്പര്യം പ്രകടിപ്പിക്കുന്ന പഞ്ചായത്തുകളിൽനിന്ന് അപേക്ഷ ലഭിക്കുന്നപക്ഷം ജില്ലാ മിഷൻ ടി സ്റ്റോറുകൾക്കായുള്ള ഫാർമസിസ്റ്റിനേയും കമ്പ്യൂട്ടർ ഓപ്പറേറ്ററേയും കണ്ടെത്തുകയും ആയതിനുള്ള അപേക്ഷാഫാം BPPI (ബ്യൂറോ ഓഫ് ഫാർമാ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് ഓഫ് ഇന്ത്യ)-യ്ക്ക് അയയ്ക്കുകയും ചെയ്യും. തുടർന്ന് ടി സ്റ്റോറുകൾക്ക് ആവശ്യമായ കച്ചവട ലൈസൻസ്, ഡ്രഗ് ലൈസൻസുകൾ ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് ജില്ലാ മിഷൻ ലഭ്യമാക്കുന്നതാണ്. കൂടാതെ ടി സ്റ്റോറുകളുടെ മേൽനോട്ടം വഹിക്കുന്നതിനായി രൂപീകരിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അംഗമായിരിക്കുന്നതും മൂന്നു മാസത്തിലൊരിക്കൽ പ്രവർത്തനം വിലയിരുത്തുന്നതുമാണ്. കുടുംബശ്രീ ജൻ ഔഷധി സ്റ്റോറുകളുടെ വളർച്ചയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങളും പിന്തുണാ സേവനങ്ങളും കുടുംബശ്രീ ജില്ലാ മിഷൻ മുഖേന ലഭ്യമാക്കാൻ കഴിയുന്നതാണ്.

### ആദിവാസി ജനവിഭാഗങ്ങളുടെ ഗുണഭോക്തൃ വിഹിതം

134 (4168) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനവിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആനുകൂല്യം ലഭിക്കുന്ന പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ടത് ഒഴിവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ സാധിക്കാത്തതുമൂലം യഥാർത്ഥത്തിൽ പദ്ധതികൊണ്ട് ഗുണം ലഭിക്കേണ്ട നിരവധി ആദിവാസി കുടുംബങ്ങൾക്ക് ഇത്തരത്തിലുള്ള പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയാത്ത പ്രശ്നം ഒഴിവാക്കുന്നതിനായി 100% തുകയും സർക്കാർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസി ജനവിഭാഗങ്ങൾക്ക് ഭൂരിഭാഗം പദ്ധതികൾക്കും നിലവിൽ ഗുണഭോക്തൃ വിഹിതമില്ല.

(ബി) ആദിവാസി വിഭാഗങ്ങൾക്ക് 100 ശതമാനം സബ്സിഡി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്**

135 (4169) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് സംബന്ധിച്ച് വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല സമിതി വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പദ്ധതി നിർവ്വഹണത്തിനുള്ള സമയം ദീർഘിപ്പിക്കുന്നതിന് ആലോചനയുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ആദ്യ അജണ്ടയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് അവലോകനം ചെയ്യുന്നുണ്ട്. ഏറ്റവും അവസാനമായി നടന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിന്റെ (5-3-2018) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| <u>ഇതുവരെയുള്ള</u> പദ്ധതിച്ചെലവ് | 58.06% |
| ഗ്രാമപഞ്ചായത്തുകൾ | 64.37% |
| ബ്ലോക്ക് പഞ്ചായത്തുകൾ | 60.80% |
| മുനിസിപ്പാലിറ്റികൾ | 54.29% |
| കോർപ്പറേഷനുകൾ | 49.66% |
| ജില്ലാ പഞ്ചായത്തുകൾ | 42.43% |

(ബി) ഇല്ല. എന്നാൽ സ്പിൽ ഓവർ പ്രോജക്ടുകൾ അനുവദിക്കുന്ന വിഷയം സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

**ജനകീയാസൂത്രണത്തിന്റെ ഗുണദോഷങ്ങൾ**

136 (T*4170) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനകീയാസൂത്രണത്തിന്റെ നേട്ടം, കോട്ടം എന്നിവയെപ്പറ്റി ഏതെങ്കിലും ഏജൻസി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ജനകീയാസൂത്രണത്തിന്റെ ഗുണദോഷങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. ജനകീയാസൂത്രണം ആരംഭിച്ച ശേഷം നിരവധി ഘട്ടങ്ങളിലായി നേട്ട-കോട്ടങ്ങൾ വിശകലനം ചെയ്തുകൊണ്ടുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാർ നിയോഗിച്ചിട്ടുള്ള കമ്മീഷൻ റിപ്പോർട്ടുകളും ഉണ്ട്. നേട്ട-കോട്ടങ്ങൾ സംബന്ധിച്ച് സമ്മിശ്ര സ്വഭാവമുള്ള കണ്ടെത്തലുകളാണ് പഠനങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ ഏതാണ്ട് എല്ലാ പഠനങ്ങളും ജനകീയാസൂത്രണ ഭരണത്തിന്റെ ജനാധിപത്യവത്കരണത്തെ സഹായിച്ചുവെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പ്രാദേശിക ഗവൺമെന്റുകൾ പശ്ചാത്തല മേഖലയിലും സേവന മേഖലയിലും വലിയ നേട്ടങ്ങൾ ഉണ്ടാക്കിയെന്നും പൊതുവേ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

**തെരുവ് നായ ശല്യം**

137 (4171) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവു നായ ശല്യം നിയന്ത്രിക്കുന്നതിന് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ എ.ബി.സി. പ്രോഗ്രാമിന്റെ ഭാഗമായി എത്ര തെരുവ് നായ്ക്കളെയാണ് വന്ധ്യംകരിച്ചത് എന്ന് വിശദമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ വിജയകരമായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി മറ്റ് ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) തെരുവ് നായ്ക്കളുടെ ആക്രമണങ്ങൾ കൂടി വരുന്ന ഈ കാലഘട്ടത്തിൽ എ.ബി.സി. പദ്ധതി സംസ്ഥാനത്ത് ഒരു സ്ഥിരം സംവിധാനം ആക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ആകെ 18,365 തെരുവ് നായ്ക്കളെ എ.ബി.സി. പ്രോഗ്രാമിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ വന്ധ്യംകരിച്ചിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും എ.ബി.സി. പ്രോഗ്രാം വിജയകരമായി നടപ്പിലാക്കിവരുന്നു.

(സി) തെരുവ് നായ ശല്യം പൂർണ്ണമായും നിയന്ത്രണ വിധേയമാകുന്നതുവരെ എ.ബി.സി. പ്രോഗ്രാം തുടർച്ചയായി നടപ്പിലാക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

**അജൈവ മാലിന്യ സംസ്കരണം**

138 (4172) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അജൈവ മാലിന്യ സംസ്കരണത്തിനായി മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിച്ച് രണ്ടാം തരംതിരിവ് നടത്തി പുനഃചംക്രമണ വ്യവസായത്തിനോ റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കോ കൈമാറുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എം.സി.എഫ്., ആർ.ആർ.എഫ്.-കൾ സ്ഥാപിച്ചു വരുന്നു. ഇത്തരത്തിൽ മാലിന്യങ്ങൾ വീടുകളിൽനിന്നും ശേഖരിച്ച് എം.സി.എഫ്., ആർ.ആർ.എഫ്. എന്നിവകളിൽ എത്തിക്കേണ്ട ചുമതല ഹരിത കർമ്മ സേനയ്ക്കാണ്. ഈ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ 62 നഗരസഭകളിൽ ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 77 നഗരസഭകളിൽ എം.സി.എഫ്.-കളും 36 എണ്ണം ആർ.ആർ.എഫ്.-കളും സ്ഥാപിച്ചുകഴിഞ്ഞു. എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും എം.സി.എഫ്.-ഉം നഗരസഭ/ക്ലസ്റ്റർ അടിസ്ഥാനത്തിൽ ആർ.ആർ.എഫ്.-ഉം സ്ഥാപിച്ച് അജൈവ മാലിന്യ പരിപാലനം ചിട്ടപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. പുനഃചംക്രമണ വിധേയമല്ലാത്ത പ്ലാസ്റ്റിക്കുകൾ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിനുപയോഗിക്കുന്നതിലേയ്ക്ക് ഇതിനകം 70 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചുകഴിഞ്ഞു.

## സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതി

139 (4173) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ ചുറ്റുപാടുകൾ സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് ആക്കാനുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പ്രാബല്യത്തിലാകുമെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി കേരളത്തിലെ എല്ലാ വാർഡുകളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യ മുക്തമാകണം എന്നതാണ് ഹരിതകേരളം മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷനിലൂടെ ലക്ഷ്യമിടുന്നത്. നഗര പ്രദേശങ്ങളിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന വാർഡുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ "സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്" എന്ന നാമകരണം നൽകി ചിട്ടയായി സംഘടിപ്പിക്കാൻ ലക്ഷ്യമിടുന്നു.

(ബി) ഇത് ഒരു പദ്ധതിയല്ല. ഹരിതകേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കപ്പെടും.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഹോട്ടൽ/ആശുപത്രി മാലിന്യങ്ങൾ

140 (4174) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ റോഡുകളുടെ ഇരുഭാഗങ്ങളിലുമുള്ള ഓടകളിലേക്ക് ഹോട്ടൽ/ആശുപത്രി മാലിന്യങ്ങൾ വ്യാപകമായി ഒഴുക്കിവിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരത്തിൽ മാലിന്യങ്ങൾ ഓടകളിലേക്ക് ഒഴുക്കി വിടുന്നവർക്കെതിരെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന ശക്തമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ചിലയിടങ്ങളിൽ മാലിന്യങ്ങൾ ഓടകളിലേക്ക് ഒഴുക്കിവിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും കേരള മുനിസിപ്പാലിറ്റി ആക്ടിലെയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ഹരിതകേരളം മിഷൻ-ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ മലിനജലം പുറത്തുവിടുന്ന സ്ഥാപനങ്ങൾ അവർ ഉത്പാദിപ്പിക്കുന്ന ദ്രവമാലിന്യത്തിന്റെ ശുദ്ധീകരണം ഉറപ്പാക്കുന്നതിനുള്ള സംസ്കരണ സംവിധാനം സ്വന്തം ചെലവിൽ സ്ഥാപിച്ചിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിലെ ദ്രാവകമാലിന്യ സംസ്കരണ സംവിധാനം ശരിയായി പ്രവർത്തിക്കുന്നുവെന്ന മാസത്തിൽ രണ്ടുതവണ പരിശോധിക്കുകയും ശുദ്ധീകരിക്കാത്ത മലിനജലം പൊതുസ്ഥലത്തേക്കോ ജലശേഖരങ്ങളിലേക്കോ ഒഴുക്കുന്നില്ലെന്നും എവിടെയും തളംകെട്ടി നിർത്തുന്നില്ലെന്ന് ഉറപ്പാക്കണം എന്നതും മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കുന്ന ഹരിത കർമ്മസേനയുടെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ്. ഇത്തരത്തിൽ മാലിന്യം ഒഴുക്കുന്നവർക്ക് പിഴ ചുമത്തുന്നതിനും പ്രവർത്തനാനുമതി നിഷേധിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുവാനും ഹരിത കർമ്മ സേനയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന**
**അജൈവ മാലിന്യ ശേഖരണം**

141 (4175) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന e-waste, വൈദ്യുത ബൾബുകൾ, ട്യൂബ് ലൈറ്റുകൾ, കണ്ണാടി കുപ്പികൾ തുടങ്ങിയവ സ്ഥിരമായി ശേഖരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ സ.ഉ.(സാധാ)1117/16/തസ്വഭവ. തീയതി 4-3-2016, സ.ഉ.(സാധാ)3326/2017 തസ്വഭവ. തീയതി 17-10-2014 അനുസരിച്ച് ഇ-മാലിന്യങ്ങളും അതിൽ അടങ്ങിയിട്ടുള്ള ആപൽക്കരങ്ങളായ മാലിന്യങ്ങളും (ട്യൂബ്ലൈറ്റ്, ബൾബ്) പുനഃചംക്രമണം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും ക്ലീൻ കേരള കമ്പനി മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഹരിത കേരളം മിഷൻ-ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ പറയുംപ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ രൂപീകരിക്കുന്ന ഹരിത കർമ്മസേന എല്ലാ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും നിശ്ചിത ഇടവേള കളിലുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിയുടെ ചുമതലയിൽ സുരക്ഷിത സംസ്കരണം ഉറപ്പാക്കുന്നതിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നതിനുള്ള നടപടികളും പരിഗണിച്ചുവരുന്നു. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം കടലാസും പ്ലാസ്റ്റിക് മാലിന്യവും മാസത്തിലൊരിക്കൽ, പലവിധ നിത്യോപയോഗ വസ്തുക്കളും ട്യൂബുകളും കവറുകളും രണ്ട് മാസത്തിലൊരിക്കലും പൊട്ടുന്ന ഗ്ലാസ്സുകൾ മൂന്ന് മാസത്തിലൊരിക്കലും ഇ-വേസ്റ്റ് ആറുമാസത്തിലൊരിക്കലും എന്ന നിലയിൽ ശേഖരിക്കപ്പെടേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഹരിതകേരളം മിഷൻ**

142 (4176) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരളം മിഷന്റെ ഭാഗമായി കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഇത്തരം പദ്ധതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) കുടുംബശ്രീ മിഷന്റെ പങ്കാളിത്തം ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളിൽ ഏതെല്ലാം രീതിയിലാണ് ഉപയോഗിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഹരിത കേരളം മിഷന്റെ ഭാഗമായി കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പി ലാക്കിവരുന്ന പ്രോജക്ടുകളുടെ വിശദവിവരം അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ മാർഗ്ഗ നിർദ്ദേശങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് തലങ്ങളിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ചും പ്രോജക്ട് രൂപീകരണം സംബന്ധിച്ചും ശില്പശാലയും പരിശീലനവും നൽകിയിട്ടുണ്ട്.

(സി) ഹരിത കേരളം മിഷന്റെ ഹരിത കർമ്മസേന രൂപീകരണത്തിൽ പ്രഥമ പരിഗണന കുടുംബശ്രീ മിഷനാണ്. യൂസർഫീയുടെ അടിസ്ഥാനത്തിൽ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനം സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്.-ൽ എത്തിക്കുന്നു. അവിടെനിന്നും രണ്ടാംതരംതിരിവിന് ശേഷം ഷ്രെഡ്ഡിംഗിനും, പുനഃചംക്രമണത്തിനുമായി ക്ലീൻ കേരള കമ്പനി മുഖേന സുരക്ഷിത തലങ്ങളിലേയ്ക്ക് കൈമാറുന്നു. വീടുകളിലും സ്ഥാപനങ്ങളിലും അജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുകയും പ്രസ്തുത ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ പരിപാലനം, അറ്റകുറ്റപ്പണികൾ എന്നിവ ഹരിത കർമ്മസേന നിർവ്വഹിക്കുകയും ചെയ്യുന്നു. പൊതുമാലിന്യ സംസ്കരണ ഉപാധികളുടെ നടത്തിപ്പ്, ജൈവപരിപാലനം, എക്കോ കിയോസ്കുകൾ നടത്തിപ്പ് തുടങ്ങിയ മേഖലയിലും കുടുംബശ്രീ മിഷൻ പങ്കാളികളായി വരുന്നു.

## പാലക്കാട് മണ്ഡലത്തിലെ ഹരിത കേരളം മിഷൻ പദ്ധതികൾ

143 (4177) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ പാലക്കാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

പാലക്കാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ചുവടെ പറയും പ്രകാരമാണ് :

- പ്രത്യേക ശുചീകരണ പ്രോജക്ടുകൾ
- ടോയ്ലെറ്റ് നിർമ്മാണ പ്രോജക്ടുകൾ
- ഡ്രെയിനേജ് നിർമ്മാണ പ്രോജക്ടുകൾ
- ഉറവിട മാലിന്യ സംസ്കരണ പ്രോജക്ടുകൾ

- തുമ്പൂർമൂഴി മാതൃക പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രോജക്ടുകൾ
- ആശുപത്രികളിലും സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ പ്രോജക്ടുകൾ
- നഗരസഭയിൽ കോഴിമാലിന്യ സംസ്കരണ പ്ലാന്റ് പ്രോജക്ടുകൾ
- നഗരസഭയിൽ ഖര-ദ്രവ മാലിന്യ പ്രാന്റിന്റെ നവീകരണ പ്രോജക്ടുകൾ
- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും ക്ലസ്റ്റർ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ സ്ഥാപനവും സംബന്ധിച്ച പ്രോജക്ടുകൾ.

**ശുചിത്വ മിഷൻ**

144 (4178) ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള ശുചിത്വ മിഷന്റെ വിശദാംശം അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി സംസ്ഥാനം വെളിയിട വിസർജ്ജന വിമുക്തമാക്കി മാറ്റുന്നതിന് സാധ്യമായിട്ടുണ്ടോ; ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി നഗര ഗ്രാമ പ്രദേശങ്ങളിൽ പൊതു ശൗചാലയം നിർമ്മിക്കാൻ പദ്ധതിയുണ്ടോ;

(ഡി) എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; നിലവിൽ എത്രയിടങ്ങളിൽ ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട്; സേനയുടെ പ്രവർത്തനോദ്ദേശ്യം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ കുടുംബങ്ങൾക്കും ശുചിത്വ സൗകര്യം ഉറപ്പാക്കി വെളിയിടവിമുക്തമാക്കുക, പൊതു ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുക, ഗാർഹിക യിടങ്ങളിലും പൊതു-സ്വകാര്യ സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റിംഗ് ബയോമെതനേഷൻ രീതികളിൽ

സംസ്കരിക്കുക, അജൈവമാലിന്യം ശേഖരിച്ച്, തരംതിരിച്ച് പുനഃചംക്രമണം ഉറപ്പാക്കുക, റീ സൈക്ലിംഗിന് വിധേയമാക്കുവാൻ സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് ടാറിംഗിനായി ഉപയോഗിക്കുക, പുനഃചംക്രമണം നടത്തുന്നതിനനുസൃതമായ ശുചിത്വ സംസ്കാരം പൗരന്മാരിൽ സൃഷ്ടിക്കുക, ദ്രവമാലിന്യം സുരക്ഷിതമായി സംസ്കരിക്കുക, സെപ്റ്റേജ് സംസ്കരിക്കുന്നതിന് പശ്ചാത്തല സൗകര്യം സൃഷ്ടിക്കുക മുതലായവയാണ് സംസ്ഥാനം സമ്പൂർണ്ണ ശുചിത്വ പ്രദേശമായി മാറ്റുകയെന്ന ലക്ഷ്യത്തോടെ ശുചിത്വ മിഷൻ ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ. ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾക്കനുസൃതമായി മാലിന്യ സംസ്കരണ പരിപാലന പ്രവൃത്തികളിൽ ജനപങ്കാളിത്തമുറപ്പാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പിന്തുണയും സർക്കാർ സഹായധനവുമാണ് ശുചിത്വ മിഷൻ മുഖേന നൽകിവരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സംസ്ഥാനാവിഷ്കൃത പദ്ധതിയായ ശുചിത്വ കേരളം (ഗ്രാമം), ശുചിത്വ കേരളം (അർബൻ) സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും ശുചിത്വ മിഷൻ സ്വീകരിച്ചുവരുന്നു.

(ബി) 941 ഗ്രാമപഞ്ചായത്തുകളിൽ പുതിയതായി 1,74,720 കുടുംബങ്ങളിൽ വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ നിർമ്മിച്ച് നൽകിയാണ് സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളെ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി 2016 നവംബർ 1-ന് പ്രഖ്യാപിച്ചത്. നഗരപ്രദേശങ്ങളെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമാക്കി പ്രഖ്യാപിക്കുന്നതിനാവശ്യമായ 29578 ഗാർഹിക ശൗചാലയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഔദ്യോഗിക പ്രഖ്യാപനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. നഗര-ഗ്രാമപ്രദേശങ്ങളിൽ നാളിതുവരെ 1286 പൊതു ശൗചാലയങ്ങൾ പണി കഴിപ്പിച്ചിട്ടുണ്ട്. ശൗചാലയങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരുടെ സേവനം ഉപയോഗിച്ചിരുന്നു. വോളണ്ടിയർമാർ മുഖേന ഗൃഹസന്ദർശനം നടത്തി മാലിന്യ പരിപാലന മാർഗ്ഗങ്ങൾ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിവിധ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ചിരുന്നു.

(സി) ഉണ്ട്.

(ഡി) ഉണ്ട്. നിലവിൽ ആകെ 775 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങൾ നിശ്ചയിക്കുന്ന യൂസർ ഫീസിന്റെ അടിസ്ഥാനത്തിൽ അജൈവ മാലിന്യങ്ങൾ വീടുകളിൽനിന്നും

സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് തദ്ദേശസ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുക, ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് മേൽനോട്ടം വഹിക്കുക, സ്ഥാപിക്കപ്പെടുന്ന സംവിധാനങ്ങൾ ക്രമപ്രകാരമാണോയെന്ന് പരിശോധിക്കുക, മാലിന്യ സംസ്കരണ ഉപാധികളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന യോഗ്യമാക്കുക, കമ്പോസ്റ്റിംഗ് രീതി സ്വീകരിക്കുക, വീടുകളിലും സ്ഥാപനങ്ങളിലും മാസത്തിലൊരിക്കൽ അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിക്കുക, പൊതു മാലിന്യ സംസ്കരണ സംവിധാനത്തിൽ പറഞ്ഞിരിക്കുന്ന സേവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നുവെങ്കിൽ ഏറ്റെടുത്ത് നടപ്പിലാക്കുക, ഗ്രീൻ പ്രോട്ടോകോളുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകൽ, ഹരിതകേരള മിഷൻ തീരുമാനിക്കുന്ന ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, പരിശീലനം നൽകിയ അംഗങ്ങളെ വീടുകളിൽ ജൈവ പച്ചക്കറി കൃഷിയുടെ പരിപാലനത്തിന് അയയ്ക്കുക, സ്വാപ്പ് ഷോപ്പ്, റിപ്പയർ ഷോപ്പ്, പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ ഉല്പാദനങ്ങൾ നടത്തുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

145 (4179) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മഴക്കാലപൂർവ്വ ശുചീകരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ;

(ബി) സമയബന്ധിതമായും കൃത്യമായും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. ആരോഗ്യ ജാഗ്രത; പകർച്ചവ്യാധി പ്രതിരോധ യജ്ഞം 2018 മാർഗ്ഗനിർദ്ദേശങ്ങൾ 22-1-2018-ലെ 17/ഡി.സി.1/18/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി

നടപ്പിലാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നു. കൊതുകുകളുടെ ഉറവിടം കണ്ടെത്തി നശീകരണം നടത്തുക, ഭവനസന്ദർശനം നടത്തി ബോധവൽക്കരണം നടത്തുക, Dry day ആചരണം, പൊതുസ്ഥലങ്ങളുടെ ശുചീകരണം, മൈക്രോ പ്ലാൻ തയ്യാറാക്കൽ, ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകൽ, വാർഡ് സാനിട്ടേഷൻ കമ്മിറ്റിയുടെ പുനഃസംഘടന എന്നിവയാണ് 'ആരോഗ്യ ജാഗ്രത'യുമായി ബന്ധപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ.

(ബി) വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ ജാഗ്രതാ പരിപാടിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ളത്. ടി പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നഗരസഭകളിൽ ഗ്രീൻ പ്രോട്ടോക്കോൾ**

146 (4180) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എവിടെയൊക്കെയാണ് ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 5-10-2017-ലെ സ.ഉ.(സാധാ) നമ്പർ 3214/17/തസ്വഭവ ഉത്തരവ് പ്രകാരം ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, എല്ലാ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ്, ജില്ലാ കളക്ടറേറ്റുകൾ

എന്നിവിടങ്ങളിൽ നടത്തപ്പെടുന്ന എല്ലാത്തരം ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിലേയ്ക്ക് സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ എന്നിവർക്കായി പരിശീലനം നൽകിയിട്ടുണ്ട്. തുടർന്ന് ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും തദ്ദേശസ്വയംഭരണ തലത്തിലും പരിശീലനം നൽകി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമമാണ് ആരംഭിച്ചിട്ടുള്ളത്.

## പ്ലാസ്റ്റിക് മാലിന്യങ്ങൾ

147 (4181) ശ്രീ. പി. കെ. ബഷീർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. എം. ഉമ്മർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സമയബന്ധിതമായി ശേഖരിക്കുവാൻ വേണ്ടത്ര ഏജൻസികൾ ഇല്ലാത്തത് മാലിന്യമുക്ത കേരളമെന്ന പദ്ധതിയ്ക്ക് തടസ്സമാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ലാസ്റ്റിക് മാലിന്യങ്ങൾ നിലവിലുള്ള ഏജൻസികൾക്ക് കൈമാറുന്ന രീതിയിലേക്ക് ജനങ്ങളെ ബോധവൽക്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ സഹായത്തോടെ ഇത്തരം ഏജൻസികൾ കൂടുതലായി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) മാലിന്യ ഉൽപ്പാദനത്തിൽ കുറവ് വരുത്തുന്നതിലേയ്ക്കായി പ്ലാസ്റ്റിക് പോലുള്ള അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക (Reduce), പുനരുപയോഗം (Reuse) വർദ്ധിപ്പിക്കുക, പുനഃചംക്രമണം (Recycle) പ്രോത്സാഹിപ്പിക്കുക എന്നിവ ജനജീവിതത്തിന്റെ ഭാഗമായും സംസ്കാരമായും മാറുന്നതിനായുള്ള ബോധവത്കരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ നടത്തിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന രൂപീകരിച്ച് അവർ മുഖേന അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ വീടുകളിൽനിന്നും

സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് ക്ലീൻ കേരള കമ്പനിയുടെ ചുമതലയിൽ സുരക്ഷിത സംസ്കരണം ഉറപ്പാക്കുന്നതിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിലവാരം

148 (4182) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് കവറുകൾ (ക്യാരിബാഗുകൾ), പാനീയങ്ങൾ നിറച്ചുവരുന്ന പ്ലാസ്റ്റിക് കുപ്പികൾ, ഭക്ഷ്യസാധനങ്ങൾ പായ്ക്ക് ചെയ്തു വരുന്ന പ്ലാസ്റ്റിക് കവറുകൾ തുടങ്ങി സംസ്ഥാനത്തെത്തുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിലവാരം കുറഞ്ഞവയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകളിൽ കുടുംബശ്രീ അംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പലയിടത്തും മാലിന്യ പ്ലാന്റുകളില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അമ്പത് മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക്കുകൾക്ക് പകരം തുണി, പേപ്പർ സഞ്ചി തുടങ്ങിയവ ഉപയോഗിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇതു ഉറപ്പുവരുത്തുമോ; കൂടാതെ കനം കുറഞ്ഞ പ്ലാസ്റ്റിക് ഉത്പാദിപ്പിക്കുന്നവർക്കും വിൽപ്പനക്കാർക്കും ശിക്ഷയും പിഴയും ഉറപ്പാക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പഞ്ചായത്തുകളിൽ കുടുംബശ്രീ അംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിന് മാലിന്യ പ്ലാന്റുകൾ എല്ലാ പഞ്ചായത്തുതലത്തിലും വേണമെന്നില്ല. പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യം യൂസർഫീയുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേന വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് തദ്ദേശസ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ

കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) സെന്ററുകളിൽ എത്തിച്ചതിനുശേഷം ബ്ലോക്കടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) സെന്ററുകളിൽ രണ്ടാം തരം തിരിവിനും പുനഃചംക്രമണത്തിനും വിധേയമാക്കുകയും ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കുകൾ ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്ന ഷ്രെഡ്ഡിംഗ് യൂണിറ്റുകളിൽ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിനും ലഭ്യമാക്കുകയും ചെയ്യുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു.

(സി&ഡി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് 24-9-2016-ലെ 576/ഡി.സി.1/16/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിൽപ്പന നടത്താൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും സംഭരിച്ച് വിതരണം ചെയ്യുകയും ചെയ്യുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തി അവ പിടിച്ചെടുക്കു ന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ട്.

## മാവേലിക്കര നിയോജകമണ്ഡലത്തിലെ കിണർ റീചാർജിംഗ് പ്രവൃത്തികൾ

149 (4183) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിൽ കിണർ റീചാർജിംഗിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും എത്ര പ്രവൃത്തികളാണ് ഏറ്റെടുത്തതെന്നും പൂർത്തിയാക്കിയവ എത്രയെന്നും വിശദമാക്കുമോ;

(സി) കിണർ റീചാർജിംഗിന് ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുന്ന തിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ; അവ പൂർത്തിയാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിലെ ചുനക്കര, മാവേലിക്കര താമരക്കുളം, നൂറനാട്, പാലമേൽ, വള്ളികുന്നം, തഴക്കര, മാവേലിക്കര, തെക്കേക്കര എന്നീ 7 ഗ്രാമപഞ്ചായത്തുകളിൽ കിണർ റീചാർജ്ജിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ഓരോ ഗ്രാമപഞ്ചായത്തിലും ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | കിണർ റീചാർജിംഗ് യൂണിറ്റുകളുടെ എണ്ണം | |
|---|---|---|---|
| | | എറ്റെടുത്ത പ്രവൃത്തികൾ | പൂർത്തിയാക്കിയ പ്രവൃത്തികൾ |
| 1 | ചുനക്കര | 750 | 300 |
| 2 | മാവേലിക്കര താമരക്കുളം | 1700 | 86 |
| 3 | നൂറനാട് | 135 | 135 |
| 4 | പാലമേൽ | 950 | 550 |
| 5 | വള്ളികുന്നം | 900 | 206 |
| 6 | തഴക്കര | 1556 | 60 |
| 7 | മാവേലിക്കര തെക്കേക്കര | 190 | 10 |

(സി) കേന്ദ്ര സർക്കാരിൽനിന്നും വിദഗ്ദ്ധ-അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾക്കുള്ള വേതനം, സാധന സാമഗ്രികൾക്കാവശ്യമായ തുക എന്നിവയ്ക്കുള്ള ഫണ്ട് ലഭിക്കുന്നതിൽ വന്ന കാലതാമസമാണ് ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ പ്രധാന തടസ്സമായി ഉണ്ടായിരുന്നത്. ഇപ്പോൾ മെറ്റീരിയൽ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച സാഹചര്യത്തിൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിച്ച് വരുന്നു.

## കൊടുവള്ളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

150 (4184) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ മുൻ എം.എൽ.എ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ 2015-16 വർഷത്തെ അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ കൊടുവള്ളി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ചിരുന്നതിന്റെ (ഭരണാനുമതി സർക്കാർ ഉത്തരവ് (സാധാ നമ്പർ 1130/17/തസ്വഭവ തീയതി 11-4-2017) നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമായോ? ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ ആവും എന്നാണ് സർക്കാർ കരുതുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടി സ്വീകരിച്ച് എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.

(സി) ടി പ്രവൃത്തി ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പ്രധാൻമന്ത്രി സഡക് യോജന പ്രകാരം റോഡുകൾ

151 (4185) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തിൽ പി.എം.ജി.എസ്.വൈ. പ്രകാരം എത്ര റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്; എത്ര കിലോമീറ്റർ റോഡ് എന്ന് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിലെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ പേര് ലഭ്യമാക്കുമോ; കോട്ടക്കൽ നിയോജക മണ്ഡലത്തിലെ റോഡുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 വർഷത്തിൽ പി.എം.ജി.എസ്.വൈ. പ്രകാരം 2017-18 വർഷത്തേയ്ക്ക് 99 റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. 381.816 കിലോമീറ്റർ റോഡാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ പേര് അനുബന്ധമായി ചേർത്തിരിക്കുന്നു.* കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ റോഡുകളൊന്നും ഉൾപ്പെട്ടിട്ടില്ല.

**ഗ്രാമീണ റോഡുകളുടെ തകരാറുകൾ പരിഹരിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ**

152 (4186) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പുരോഗതിയുടെ അനിവാര്യഘടകമായ ഗ്രാമീണറോഡുകളിൽ വലിയൊരു ഭാഗം തകരാറിലായിരിക്കുന്നത് പരിഹരിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) പുതുതായി എത്ര ദൈർഘ്യത്തിൽ ഗ്രാമവീഥികൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ ഗ്രാമവീഥി നിർമ്മാണവും പുനരുദ്ധാരണവും നടത്താറുണ്ടോ;

(സി) പ്രധാനമന്ത്രിയുടെ ഗ്രാമവീഥി പദ്ധതി പ്രകാരം (PMGSY) നിലവിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും പുതിയ റോഡുകളുടെ നിർമ്മാണത്തിനും ലഭിച്ച സഹായം അറിയിക്കാമോ?

ഉത്തരം

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ വ്യത്യസ്ത പദ്ധതികൾക്ക് കീഴിൽ ഏറ്റെടുത്ത് വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഫണ്ട് (റോഡ്) ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പുറമേ മാനദണ്ഡങ്ങൾക്ക് വിധേയമായി നിയോജകമണ്ഡല ആസ്തിവികസന ഫണ്ട്, പ്രാദേശിക വികസനത്തിനുള്ള പ്രത്യേക ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തിയും അത്യാവശ്യ ഘട്ടങ്ങളിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവയും ഉപയോഗപ്പെടുത്തി ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നുണ്ട്. പ്രധാനമന്ത്രി ഗ്രാമസഡക് യോജന പ്രകാരം നിർമ്മിച്ച റോഡുകളുടെ തകരാറുകൾ പൂർത്തീകരണ തീയതി മുതൽ 5 വർഷം വരെ കരാറുകാരൻ മുഖാന്തരം തന്നെ പരിഹരിക്കുന്നു.

(ബി) പ്രധാൻമന്ത്രി ഗ്രാമസഡക് യോജന പ്രകാരം 687.525 കി.മീ. ദൈർഘ്യം വരുന്ന ഗ്രാമ വീഥികൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമപ്രദേശങ്ങളിൽ 3040 കിലോമീറ്റർ ദൈർഘ്യം വരുന്ന പുതിയ ടാർ റോഡുകൾ നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 പട്ടിക I വിഭാഗം ഡി പ്രകാരം ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉൽപ്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള ഗ്രാമീണ റോഡുകളുടെയും, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ കഴിയുന്ന ഗ്രാമത്തിലെ ഈട്ടറ്റ ഉൾറോഡുകളുടെയും നിർമ്മാണം ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ സംസ്ഥാനമൊട്ടാകെ 770.534 കിലോമീറ്റർ ദൈർഘ്യം വരുന്ന ഗ്രാമവീഥികളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്.

(സി) പ്രധാൻമന്ത്രി ഗ്രാമവീഥി പദ്ധതി പ്രകാരം സംസ്ഥാനത്ത് പദ്ധതികൾക്കായി ആകെ 171695.43 ലക്ഷം രൂപയുടെ അംഗീകാരം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുണ്ട്.

## പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന (PMGSY)

153 (4187) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (PMGSY) പദ്ധതിയിൽ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കിലോമീറ്റർ റോഡിന് അനുമതി ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ.-III ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല. എന്നാൽ ഈ സാമ്പത്തിക വർഷം സാഗി പ്രോജക്ടിൽ ഉൾപ്പെടുത്തി 118.451 കി.മീ. ദൈർഘ്യം വരുന്ന 33 റോഡ് നിർമ്മിക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പ്രകാരം 583.313 കി.മീ. ദൈർഘ്യവും 471.04 കോടി രൂപ അടങ്കൽ തുകയും വരുന്ന 150 റോഡുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്.

## വീട്ടുകരം

154 (4188) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ വീടുകൾക്കുള്ള വീട്ടുകരം എത്രയാണെന്ന് ഇനംതിരിച്ച് വിശദമാക്കാമോ; ഈ നിരക്ക് എന്നുമുതൽ പ്രാബല്യത്തിലുള്ളതാണ്;

(ബി) അശാസ്ത്രീയമായ ഈ നിരക്കുമൂലം കൂടുതൽ തുക അടയ്ക്കേണ്ടി വരുന്നതായി എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; പരാതികളുടെ അടിസ്ഥാനത്തിൽ നികുതി നിരക്ക് പുനഃപരിശോധിച്ച് തവണകളായി കുടിശ്ശിക അടയ്ക്കുന്നതിന് ഉത്തരവ് നൽകാൻ തയ്യാറാകുമോ?

### ഉത്തരം

(എ) 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ച.മീ. തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പട്ടികയിൽ ക്രമനമ്പർ (1) ആയി പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് 3 രൂപയും ഏറ്റവും കൂടിയ നിരക്ക് 8 രൂപയുമായി നിർണ്ണയിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് 6 രൂപയും കൂടിയ നിരക്ക് 15 രൂപയുമാണ്. മുനിസിപ്പൽ കോർപ്പറേഷനുകളിൽ ആയത് യഥാക്രമം 8 രൂപയും 20 രൂപയുമാണ്. പുതിയ നികുതി നിരക്ക് 1-4-2013 മുതൽ പ്രാബല്യത്തിലുള്ളതാണ്.

(ബി) പരാതികളൊന്നും ലഭിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി ചട്ടങ്ങളിൽ നികുതി, കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല.

## അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണം

155 (4189) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയമം ലംഘിച്ചു കൊണ്ടുള്ള അനധികൃത കെട്ടിടങ്ങൾ നിയമപരമായി ക്രമപ്പെടുത്തുന്ന ഉത്തരവ് പ്രകാരം പിഴ അടച്ച് അനധികൃത കെട്ടിടങ്ങൾ നിയമപരമായി ക്രമപ്പെടുത്തുന്നതിൽനിന്നും ഏതെങ്കിലും വിഭാഗം കെട്ടിടങ്ങളെ ഫീസിൽനിന്ന് ഒഴിവാക്കുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

ക്രമവൽക്കരണ ചട്ടങ്ങൾ പ്രകാരം കുടിലുകളേയും 60 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളേയും അപേക്ഷാഫീസിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ക്രവൽക്കരിക്കുന്നപക്ഷം 60 ചതുരശ്രമീറ്റർ വരെയുള്ള എല്ലാ വാസ ഗൃഹങ്ങളേയും കോമ്പൗണ്ടിംഗ് ഫീസിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ കാലതാമസം**

156 (4190) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ MLA-നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ ഫണ്ട് എന്നിവ മുഖേന നടപ്പാക്കേണ്ട എത്ര പദ്ധതികളാണ് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ സെക്രട്ടറി, എഞ്ചിനീയറിംഗ് വിഭാഗം എന്നിവരെ ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതിൽ 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച എല്ലാ പദ്ധതികളുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, എഞ്ചിനീയറിംഗ് വിഭാഗം എന്നിവർ കൈമാറി യിട്ടുണ്ടോ;

(സി) ഇനിയും കൈമാറിയിട്ടില്ല എങ്കിൽ കാലതാമസം വന്നതിനുള്ള സാഹചര്യം പരിശോധിക്കുമോ;

(ഡി) സർക്കാർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥ സംവിധാനത്തിൽ മാറ്റംവരുത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) 2016-17, 2017-18 എന്നീ വർഷങ്ങളിൽ എം.എൽ.എ.-യുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട പ്രവൃത്തികളൊന്നും തന്നെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടില്ല. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 4 പ്രവൃത്തികൾ വീതം കൽപ്പറ്റ ബ്ലോക്കിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കേണ്ട 10 പ്രവൃത്തികളാണ് 2016-17 വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2017-18 വർഷത്തിൽ ദുരന്ത നിവാരണ ഫണ്ട് പ്രവൃത്തികളൊന്നും തന്നെ നടപ്പാക്കാൻ ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) 2016-17 വർഷത്തിലെ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് കൈമാറിയിട്ടുണ്ട്.

(സി&ഡി) പരിശോധിക്കുന്നതാണ്.

## ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രവൃത്തികൾ

157 (4191) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 14-ൽ ഡ്രെയിനേജ് സൗകര്യം ഒരുക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും അനുവദിച്ച 25 ലക്ഷം രൂപയുടെയും, കൊടന്താർ-മേല്പാടം റോഡിന്റെ നിർമ്മാണത്തിനായി അനുവദിച്ച 50 ലക്ഷം രൂപയുടെയും പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 14-ൽ ഡ്രെയിനേജ് സൗകര്യം ഒരുക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും അനുവദിച്ച 25 ലക്ഷം രൂപയുടെ ഭരണാനുമതി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന അല്ലായിരുന്നു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്ന് ലഭിച്ച റിപ്പോർട്ട്

പ്രകാരം പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം വഴി പൊതുമരാമരത്ത് ചീഫ് എഞ്ചിനീയർക്കാണ് ഭരണാനുമതി നൽകിയിരുന്നത്. ടി പ്രവൃത്തി 20 ലക്ഷം രൂപയ്ക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. കൊടുന്താർ മേൽപ്പാടം റോഡ് നിർമ്മാണത്തിന് ഈ വകുപ്പ് ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് മുഖാന്തരം പ്രവൃത്തി ചെയ്യുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. അപ്രകാരം 50 ലക്ഷം രൂപയുടെ അലോട്ട്മെന്റ് 15-7-2016-ൽ ട്രഷറിയിൽ പാസ്സാക്കി പൊതുമരാമത്ത് നിരത്ത് വിഭാഗം അലപ്പുഴയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി രണ്ട് തവണ ടെൻഡർ ചെയ്തിട്ടും ആരും ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ആലപ്പുഴ കളക്ടറേറ്റിൽവച്ച് കൂടിയ യോഗത്തിൽ ഈ എസ്റ്റിമേറ്റ് പരിഷ്കരിച്ച് വീണ്ടും ചെയ്യാൻ നിർദ്ദേശിക്കുകയുണ്ടായി. പരിഷ്കരിച്ച എസ്റ്റിമേറ്റ് വീണ്ടും ടെൻഡർ ചെയ്തിട്ടും ആരും പങ്കെടുത്തിട്ടില്ല. ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗം നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പല പ്രാവശ്യം പൊതുമരാമത്ത് നിരത്ത് വിഭാഗം ടെൻഡർ ചെയ്തിട്ടും കൊടന്താർ മേൽപ്പാടം റോഡിന്റെ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ജനപ്രതിനിധികളുമായി ആലോചിച്ച് പുതുക്കിയ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി ആലോചിച്ചുവരുന്നു. പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത പ്രവൃത്തി, ഈ റോഡിന്റെ അനുബന്ധ റോഡിൽ നിർമ്മാണം നടന്നതിന് ശേഷം 50 ലക്ഷം രൂപയുടെ ആസ്തി വികസന പദ്ധതി പരിഷ്കരിക്കുമെന്നും തന്മൂലമാണ് കാലതാമസം നേരിടുന്നതെന്നും ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മുനിസിപ്പാലിറ്റികളായി ഉയർത്തിയ പഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാർ

158 (4192) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളായി ഉയർത്തിയ പഞ്ചായത്തുകളിൽ ജോലി ചെയ്തിരുന്ന പാർട്ട് ടൈം സ്വീപ്പർമാരെ പുനർവിന്യസിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം പുനർവിന്യസിക്കപ്പെട്ട എത്രപേർ നിലവിൽ നഗരസഭകളിൽ ജോലി ചെയ്തുവരുന്നു;

(സി) പഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം സ്വീപ്പർമാരുടെ പെൻഷൻ പ്രായം എത്രയാണ്;

(ഡി) പഞ്ചായത്തുകളിൽ നിയമനം ലഭിക്കുകയും നഗരസഭകളായി ഉയർത്തിയപ്പോൾ അവിടെ നിയമിക്കപ്പെട്ടതുമായ പാർട്ട് ടൈം സ്വീപ്പർമാരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൂത്താട്ടുകുളം നഗരസഭയിൽ അപ്രകാരം ഒരാൾ ജോലി ചെയ്തുവരുന്നു.

(സി&ഡി) 70 വയസ്സ്

**തൃശ്ശൂർ കോർപ്പറേഷനിലെ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക**

159 (4193) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷനിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ അംഗീകൃത എണ്ണമെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ ഒഴിവുണ്ടോ; എങ്കിൽ ഒഴിവ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഈ തസ്തികയിൽ കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) 31-3-2018-ന് വിരമിക്കൽമൂലം ഈ തസ്തികയിൽ പ്രതീക്ഷിക്കപ്പെടുന്ന ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 17 എണ്ണം

(ബി) ഉണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ നിലവിലില്ല. നിലവിലുള്ള 6 ഒഴിവുകൾ ഓവർസീയർമാരിൽനിന്നും ഉദ്യോഗക്കയറ്റം മുഖേന നികത്തപ്പെടേണ്ടതിനായി നീക്കിവച്ചിട്ടുള്ളതാണ്.

(സി) ഇല്ല.

(ഡി) 31-3-2018-ന് ആരുംതന്നെ ടി തസ്തികയിൽനിന്ന് വിരമിക്കുന്നില്ല.

## ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർ

160 (4194) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫോർമേഷൻ കേരള മിഷനിൽ ഇപ്പോൾ എത്ര ജീവനക്കാരാണ് ഉള്ളത്; ഇവരിൽ കരാർ ജോലിക്കാരെത്ര; താല്ക്കാലിക ജീവനക്കാരെത്ര; വിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) പത്ത് വർഷത്തിലധികമായി ജോലി ചെയ്ത് വരുന്ന കരാർ ജോലിക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളാമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇൻഫർമേഷൻ കേരള മിഷനിൽ നിലവിൽ 379 ജീവനക്കാരാണുള്ളത്.

കരാർ ജോലിക്കാർ -366 (കൺസോളിഡേറ്റഡ് വ്യവസ്ഥ - 354, കരാർ വ്യവസ്ഥ - 12) താല്ക്കാലിക ജീവനക്കാർ - 5 ( സെക്യൂരിറ്റി ജീവനക്കാർ - 2, ക്ലീനിംഗ് സ്റ്റാഫ് - 3)

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അധിക ചുമതല

161 (4195) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അധിക ചുമതല നൽകിയിട്ടുണ്ടെന്നറിയിക്കാമോ?

ഉത്തരം

നിലവിൽ 102 ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയമാർ ഇല്ലാത്തതിനാൽ മറ്റ് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്.

## കോതമംഗലം പല്ലാരിമംഗലം പഞ്ചായത്തിലെ നഴ്സറി ടീച്ചർ നിയമനം

162 (4196) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം പല്ലാരിമംഗലം പഞ്ചായത്തിലെ നഴ്സറി ടീച്ചർ നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി അലീമ ബഷീർ നല്കിയ അപേക്ഷ, ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ 162/EPA2/16 നമ്പരായും പഞ്ചായത്ത് ഡയറക്ടറേറ്റിൽ 31725/E9/16 നമ്പരായും രജിസ്റ്റർ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സെക്രട്ടേറിയറ്റിൽ നിന്നും പ്രസ്തുത പരാതി റിപ്പോർട്ടിനായി പഞ്ചായത്ത് ഡയറക്ടറേറ്റിലേയ്ക്കയച്ചെങ്കിലും രണ്ട് വർഷത്തോളമായി ഡയരക്ടറേറ്റിൽ പെൻഡിങ്ങ് ആണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത ഫയലിൽ ഡയറക്ടറേറ്റിൽ നിന്നുള്ള റിപ്പോർട്ട് അയക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഫയൽ എത്രയും വേഗത്തിൽ തീർപ്പാക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽനിന്നും ലഭിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള മുൻ ഫയലുകൾ കണ്ടെത്താൻ കഴിയാത്തതാണ് സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളത്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ഒഴിവുകൾ

163 (4197) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് ഓവർസിയർ എന്നിവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുകൾ നികത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | - 1 ഒഴിവ് |
| ഒന്നാം ഗ്രേഡ് ഓവർസീയർ | - 2 ഒഴിവുകൾ |
| രണ്ടാം ഗ്രേഡ് ഓവർസീയർ | - 2 ഒഴിവുകൾ |

പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സത്വരനടപടി സ്വീകരിച്ചുവരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികയിലെ നിലവിലുള്ള 2 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമന ശിപാർശ അയച്ചെങ്കിലും ഉദ്യോഗാർത്ഥികൾ ലഭ്യമാകാത്തതിനാൽ ഒഴിവുകൾ പ്രൊമോഷൻവഴി നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മൂന്നാം ഗ്രേഡ് ഓവർസീയർമാരുടെ ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ട്.

**മുനിസിപ്പൽ കോമൺ സർവ്വീസിൽ ചെയിൻമാൻ തസ്തികയിൽനിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റം**

164 (4198) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസ്സിപ്പൽ കോമൺ സർവ്വീസിൽ ചെയിൻമാൻ തസ്തികയിൽനിന്നും ഓഫീസ് അറ്റന്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതിന് ബാധകമായ ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകൾ നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇപ്രകാരം തസ്തികമാറ്റം അനുവദിക്കപ്പെട്ടവരുടെ ലിസ്റ്റും അതിന്റെ നിയമന ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുനിസിപ്പൽ കോമൺ സർവ്വീസിൽ ചെയിൻമാൻ തസ്തികയിൽനിന്നും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവുകളൊന്നും നൽകിയിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ

165 (4199) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ നിരവധി ഒഴിവുകൾ ഉണ്ടായിട്ടും ആയത് നികത്താത്തതിനാലുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇവരുടെ ഒഴിവ് താമസംവിനാ നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ചുവടെ പറയുന്ന ഒഴിവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് :

അസിസ്റ്റന്റ് എഞ്ചിനീയർ - 1

ഒന്നാം ഗ്രേഡ് ഓവർസീയർ - 4

മൂന്നാം ഗ്രേഡ് ഓവർസീയർ - 1

(ബി) ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

## എടച്ചേരി ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ്

166 (4200) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് ബിൽഡിംഗ് പൊളിച്ച് മാറ്റുന്നത് സംബന്ധിച്ചുള്ള DB 2/151 അപേക്ഷ എന്നാണ് ലഭിച്ചത്;

(ബി) പ്രസ്തുത അപേക്ഷയിൽ തീരുമാനം എടുക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) എത്ര ദിവസത്തിനുള്ളിൽ ഫയലിന്മേൽ തീർപ്പാക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017 ഏപ്രിൽ മാസം 28-ാം തീയതി.

(ബി&സി) പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ വിലവരുന്ന ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ പൊളിച്ചുമാറ്റാവുന്നതാണ്. ഇതുസംബന്ധിച്ച പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ട് ലഭിക്കാൻ വൈകുന്നതാണ് കാലതാമസത്തിന് കാരണം. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തീർപ്പാക്കുന്നതാണ്.

**തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ നടപടി**

167 (4201) <u>ശ്രീ.രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് കെ.എസ്.ഇ.ബി. ബിൽ ഈടാക്കുന്നത് എന്ത് സംവിധാനം ഉപയോഗിച്ചാണ്; പഴയകാലത്ത് സ്ഥാപിച്ചിട്ടുള്ള ഇൻകാൻഡസെന്റ്/ഫ്ലൂറസെന്റ് ലാമ്പുകൾക്ക് ചെലവാകുന്ന അത്രയും വാട്ടിന് അനുസരിച്ചുള്ള തുക ഇപ്പോഴും കെ.എസ്.ഇ.ബി.-യ്ക്ക് പഞ്ചായത്തുകൾ അടയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപയോഗിക്കുന്ന വൈദ്യുതിക്ക് അനുസരിച്ച് തുക ഈടാക്കുവാൻ തെരുവുവിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചാൽ ഭീമമായ പാഴ് ചെലവ് ഒഴിവാക്കാനാവില്ലേ;

(സി) ഇതുവരെ സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ ഇത്തരത്തിൽ വഴിവിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ഡി) ഈ പഞ്ചായത്തുകളിൽ മീറ്ററുകൾ സ്ഥാപിക്കുന്നതിന് മുമ്പുള്ള തുകയും ഇപ്പോഴുള്ള തുകയും തമ്മിലുള്ള അന്തരം എത്രയാണെന്ന് പറയാമോ?

<u>ഉത്തരം</u>

(എ) തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുള്ള പഞ്ചായത്തുകൾ, മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിലും മറ്റുള്ളവ തെരുവ് വിളക്കിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുമാണ് കെ.എസ്.ഇ.ബി. ബിൽ ഒടുക്കുന്നത്. മീറ്റർ സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ ചെലവാകുന്ന അത്രയും വാട്ടിന് അനുസരിച്ചുള്ള തുക ഇപ്പോഴും കെ.എസ്.ഇ.ബി.-ക്ക് അടയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒഴിവാക്കാനാവുന്നതാണ്.

(സി) സംസ്ഥാനത്തെ 212 ഗ്രാമപഞ്ചായത്തുകളിൽ വഴി വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) പഞ്ചായത്തുകളിൽ മീറ്ററുകൾ സ്ഥാപിക്കുന്നതിനു മുമ്പുള്ള തുകയും ഇപ്പോഴുള്ള തുകയും തമ്മിൽ 35,87,705 രൂപയുടെ അന്തരം ഉള്ളതായി കാണുന്നു.

## കൊച്ചി കരിത്തോടിന്റെ പുനരുദ്ധാരണം

168 (4202) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കോർപ്പറേഷനിലെ 46, 47 എന്നീ ഡിവിഷനുകളിലൂടെ കടന്നു പോകുന്ന കരിത്തോടിന്റെ പുനരുദ്ധാരണത്തിനായി 2015-16 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കൊച്ചി നഗരസഭ 46, 47 ഡിവിഷനുകളിൽക്കൂടി കടന്നുപോകുന്ന കരിത്തോടുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുള്ള വികസന ഫണ്ട് കൊച്ചി നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല.

## തലശ്ശേരി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അനുവദിച്ച പ്രവൃത്തികൾ

169 (4203) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ എന്തൊക്കെ കാര്യങ്ങൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ 2017-18 വർഷം തദ്ദേശസ്വയം ഭരണ വകുപ്പ് അനുവദിച്ച മുഴുവൻ പ്രവൃത്തികളും ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന ഫണ്ടുകളുടെ വിവരം അനുബന്ധമായിചേർക്കുന്നു.*

(ബി) അംഗീകാരം നേടിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

## ജനന രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ

170 (4204) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനന രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തുന്നതിന് ഇപ്പോഴത്തെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മാതാപിതാക്കളുടെ പേരിലും വിലാസത്തിലും വന്ന പിശകുകൾ തിരുത്തുവാൻ നോട്ടറി, ഗസറ്റഡ് ഉദ്യോഗസ്ഥർ ,വില്ലേജ് ഓഫീസർ എന്നിവരുടെ സാക്ഷ്യപത്രം വേണമെന്ന നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1969-ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ വകുപ്പ് 15 പ്രകാരം രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ മതിയാകുമെന്ന നിയമം വേണ്ടെന്ന് വെച്ചത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കുട്ടിയുടെ പേരിലെ ഇനീഷ്യൽ വികസിപ്പിക്കാൻ ഇപ്പോൾ അനുവദിക്കാറില്ലെന്നതും ഇനീഷ്യൽ വികസിപ്പിക്കുക എന്നത് പേരിലുള്ള മാറ്റമല്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ സെക്ഷൻ 15 പ്രകാരം ഇനീഷ്യൽ വികസിപ്പിക്കാൻ അനുവദിച്ച നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 15-ാം വകുപ്പിലേയും 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11-ാം ചട്ടത്തിലേയും വ്യവസ്ഥകൾ പാലിച്ച് തിരുത്തലുകൾ വരുത്താവുന്നതാണ്. ടി ആക്ട് പ്രകാരം രജിസ്ട്രാർ സൂക്ഷിച്ചിട്ടുള്ള ജനന മരണ രജിസ്റ്ററിൽ രജിസ്ട്രാർക്ക് ശരിയെന്ന് ഉത്തമ വിശ്വാസമുള്ള തിരുത്തലും റദ്ദാക്കലും നടത്താവുന്നതാണ്. രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ, തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോദ്ധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ (Credible Persons) സത്യപ്രസ്താവന ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്. ഇത്തരത്തിലുള്ള തിരുത്തലുകൾക്കായി ബന്ധപ്പെട്ട രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവയ്ക്കുപുറമേ രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷനും ഹാജരാക്കേണ്ടതാണ്. ഇവയുടെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ചും അന്വേഷണം നടത്തിയും ബോധ്യപ്പെട്ട് രജിസ്ട്രാർ തിരുത്തലിനുള്ള അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതാണ്.

(ബി) 30-5-2013-ലെ ഗവൺമെന്റ് സർക്കുലർ നമ്പർ 50817/ആർ.ഡി. 3/12/തസ്വഭവ പ്രകാരം ജനന രജിസ്ട്രേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള മാതാപിതാക്കളുടെ പേര് (ഇനിഷ്യൽ വികസിപ്പിക്കൽ, വിവാഹശേഷം ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർത്തിട്ടുള്ള വിവരം, മേൽവിലാസത്തിലുണ്ടാകുന്ന അക്ഷരത്തെറ്റുകൾ എന്നിവ) തിരുത്തുന്നതിന് നോട്ടറി, രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥർ, വില്ലേജ് ആഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ തിരുത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) 1969-ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ വകുപ്പ് 15 പ്രകാരം രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ മതിയാകുമെന്ന വ്യവസ്ഥയില്ല. രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് രൂപത്തിലോ സാരാംശത്തിലോ തെറ്റാണെന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെടുന്ന സംഗതികളിൽ തിരുത്തേണ്ട വിവരം സംബന്ധിച്ച് അറിവുള്ള രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ ഹാജരാക്കിയാൽ തിരുത്തൽ അനുവദിക്കുന്നതിനാണ് ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥ. രജിസ്ട്രാർക്ക് തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോധ്യപ്പെടുന്നതിന് ആവശ്യമായ രേഖകളും ഹാജരാക്കേണ്ടതുണ്ട്.

(ഡി&ഇ) നിലവിൽ പേരിലെ ഇനിഷ്യൽ വികസിപ്പിച്ച് തിരുത്തൽ അനുവദിക്കുന്നുണ്ട്.

## രോഗം ബാധിച്ച മൃഗങ്ങളെ കശാപ്പ് ചെയ്ത് വിതരണം ചെയ്യുന്ന നടപടി

171 (4205) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗം ബാധിച്ച മൃഗങ്ങളെ ഇതരസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന് കശാപ്പ് ചെയ്ത് സംസ്ഥാനത്ത് വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സുരക്ഷിത മാംസമാണോ ജനങ്ങൾക്ക് ലഭ്യമാകുന്നത് എന്നുറപ്പാക്കാൻ അറവുശാലകളുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിന് മുൻപ് പരിശോധിക്കുന്നതിനായി മൃഗഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരുന്ന കന്നുകാലികളെ പരിശോധിക്കാൻ വിവിധ ജില്ലകളിലായി സംസ്ഥാന അതിർത്തികളിൽ 18 മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകൾ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ചെക്ക് പോസ്റ്റ് വഴി കടന്നുവരുന്ന ഉരുക്കളെ ഭൗതിക പരിശോധന നടത്തിയാണ് സംസ്ഥാനത്തിനകത്തേയ്ക്ക് കടത്തിവിടുന്നത്. രോഗമുണ്ടെന്ന് പ്രഥമദൃഷ്ട്യാ സംശയിക്കുന്ന ഉരുക്കളെയും ആരോഗ്യ സർട്ടിഫിക്കറ്റ് ഇല്ലാതെ വരുന്ന ഉരുക്കളെയും തിരിച്ച് വിടാറുണ്ട്. പക്ഷിപ്പനി, കുളമ്പ് രോഗം തുടങ്ങിയവ അന്യസംസ്ഥാനങ്ങളിൽ ഉണ്ടെന്ന് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് രക്ത പരിശോധനയും ചെക്ക് പോസ്റ്റുകളിൽ നടത്തിവരുന്നു.

(സി) 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരം, അധികാരപ്പെടുത്തിയിട്ടുള്ള വെറ്ററിനറി സർജൻ പരിശോധിച്ച് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് സാക്ഷ്യപ്പെടുത്തി മുദ്രവച്ച മൃഗങ്ങളെ മാത്രമേ കശാപ്പ് ചെയ്യാവൂ എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. കശാപ്പ് ചെയ്യപ്പെട്ട എല്ലാ മൃഗങ്ങളുടെയും മാംസം പരിശോധന അധികാരിയായ പബ്ലിക് ഹെൽത്ത്

ഓഫീസർ അല്ലെങ്കിൽ സാനിറ്ററി ഇൻസ്പെക്ടർ സൂക്ഷ്മമായി പരിശോധിച്ച് മുദ്രവയ്ക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ എല്ലാ പൊതു കശാപ്പുശാലകളും ലൈസൻസുള്ള സ്വകാര്യ കശാപ്പുശാലകളും പാലിക്കേണ്ടതാണ്. കൂടാതെ ഭക്ഷ്യസുരക്ഷാ വിഭാഗവും മാംസത്തിന്റെ സുരക്ഷിതത്വം പരിശോധിക്കേണ്ടതാണ്.

(ഡി) 20-2-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാന വികസന സമിതി യോഗത്തിൽ അറവുശാലകളിൽ മൃഗങ്ങളുടെ ആന്റിമോർട്ടം/പോസ്റ്റ്മോർട്ടം പരിശോധനകൾക്കായി കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു.

**മികച്ച ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്ന സ്വരാജ് ട്രോഫി**

172 (4206) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വരാജ് ട്രോഫിക്ക് അർഹരായ ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത് ഏതെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 2016-17 വർഷത്തിൽ സ്വരാജ് ട്രോഫി ലഭിക്കുന്നതിന് പെർഫോർമ സമർപ്പിച്ച ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) മാനദണ്ഡത്തിന്റെ പരിധിയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പേര് വിവരം ലഭ്യമാക്കുമോ;

(ഡി) മാനദണ്ഡത്തിന്റെ പരിധിയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾ കുറവായതിനാൽ മാനദണ്ഡത്തിൽ മാറ്റംവരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 25-1-2018-ലെ സ.ഉ.(സാധാ)232/2018/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം 2016-17-ലെ സ്വരാജ് ട്രോഫിക്ക് അർഹരായ മികച്ച ത്രിതല പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2016-17-ലെ മികച്ച പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് ചുവടെപ്പറയുന്ന 53 ഗ്രാമപഞ്ചായത്തുകൾ അപേക്ഷ സമർപ്പിച്ചിരുന്നു :

1. വക്കം ഗ്രാമപഞ്ചായത്ത്
2. പെരുങ്കടവിള ഗ്രാമപഞ്ചായത്ത്
3. കരകുളം ഗ്രാമപഞ്ചായത്ത്
4. കാട്ടാക്കട ഗ്രാമപഞ്ചായത്ത്
5. ഒറ്റൂർ ഗ്രാമപഞ്ചായത്ത്
6. കുലശേഖരപുരം ഗ്രാമപഞ്ചായത്ത്
7. തഴവ ഗ്രാമപഞ്ചായത്ത്
8. കുന്നത്തൂർ ഗ്രാമപഞ്ചായത്ത്
9. മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്
10. ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്
11. തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്
12. തുമ്പമൺ ഗ്രാമപഞ്ചായത്ത്
13. പള്ളിക്കൽ ഗ്രാമപഞ്ചായത്ത്
14. കോയിപ്രം ഗ്രാമപഞ്ചായത്ത്
15. കുമാരപുരം ഗ്രാമപഞ്ചായത്ത്
16. വീയപുരം ഗ്രാമപഞ്ചായത്ത്
17. മാരാരിക്കുളം നോർത്ത് ഗ്രാമപഞ്ചായത്ത്
18. കരുവാറ്റ ഗ്രാമപഞ്ചായത്ത്
19. തീക്കോയി ഗ്രാമപഞ്ചായത്ത്
20. അയ്മനം ഗ്രാമപഞ്ചായത്ത്
21. വെളിയന്നൂർ ഗ്രാമപഞ്ചായത്ത്
22. പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

23. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്
24. മണീട് ഗ്രാമപഞ്ചായത്ത്
25. ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്
26. കാലടി ഗ്രാമപഞ്ചായത്ത്
27. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്
28. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്
29. നാട്ടിക ഗ്രാമപഞ്ചായത്ത്
30. വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്
31. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്
32. വെള്ളിനേഴി ഗ്രാമപഞ്ചായത്ത്
33. പെരുമാട്ടി ഗ്രാമപഞ്ചായത്ത്
34. പുതുക്കോട് ഗ്രാമപഞ്ചായത്ത്
35. എടക്കര ഗ്രാമപഞ്ചായത്ത്
36. പുലാമന്തോൾ ഗ്രാമപഞ്ചായത്ത്
37. കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്
38. കോഡൂർ ഗ്രാമപഞ്ചായത്ത്
39. നാദാപുരം ഗ്രാമപഞ്ചായത്ത്
40. മടവൂർ ഗ്രാമപഞ്ചായത്ത്
41. മുട്ടിൽ ഗ്രാമപഞ്ചായത്ത്
42. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്
43. അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്
44. പെരുങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്
45. ചെറുകുന്ന് ഗ്രാമപഞ്ചായത്ത്
46. ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

47. കരിവെള്ളൂർ ഗ്രാമപഞ്ചായത്ത്
48. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്
49. മയ്യിൽ ഗ്രാമപഞ്ചായത്ത്
50. പെരളശ്ശേരി ഗ്രാമപഞ്ചായത്ത്
51. തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
52. ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്
53. വലിയപറമ്പ ഗ്രാമപഞ്ചായത്ത്

(സി)

1. വക്കം ഗ്രാമപഞ്ചായത്ത്
2. കുന്നത്തൂർ ഗ്രാമപഞ്ചായത്ത്
3. തുമ്പമൺ ഗ്രാമപഞ്ചായത്ത്
4. കുമാരപുരം ഗ്രാമപഞ്ചായത്ത്
5. വീയപുരം ഗ്രാമപഞ്ചായത്ത്
6. കരുവാറ്റ ഗ്രാമപഞ്ചായത്ത്
7. തീക്കോയി ഗ്രാമപഞ്ചായത്ത്
8. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്
9. മണീട് ഗ്രാമപഞ്ചായത്ത്
10. വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്
11. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്
12. പുതുക്കോട് ഗ്രാമപഞ്ചായത്ത്
13. പുലാമന്തോൾ ഗ്രാമപഞ്ചായത്ത്
14. കോഡൂർ ഗ്രാമപഞ്ചായത്ത്
15. നാദാപുരം ഗ്രാമപഞ്ചായത്ത്
16. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്
17. അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്

18. പെരുങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്
19. ചെറുകുന്ന് ഗ്രാമപഞ്ചായത്ത്
20. ചെമ്പിലോട് ഗ്രാമപഞ്ചായത്ത്
21. കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്ത്
22. പാപ്പിനിശ്ശേരി-പെരളം ഗ്രാമപഞ്ചായത്ത്
23. മയ്യിൽ ഗ്രാമപഞ്ചായത്ത്
24. പെരളശ്ശേരി ഗ്രാമപഞ്ചായത്ത്
25. തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
26. ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്

(ഡി) മാനദണ്ഡത്തിന്റെ പരിധിയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ എണ്ണം കുറവായതിനാൽ മാനദണ്ഡം മാറ്റം വരുത്തുന്നത് പരിഗണനയിലില്ല.

## കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റി (കാഡ)

173 (4207) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ഡെവലപ്മെന്റ് അതോറിറ്റി (കാഡ) ഏത് കാലയളവിലാണ് പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കാഡ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കാഡ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെല്ലാം ആവശ്യങ്ങൾക്ക് വായ്പ നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) കാഡയിൽനിന്ന് വായ്പ എടുത്തവരുടെ പേരുവിവരവും, വായ്പ തുകയും വ്യക്തമാക്കാമോ;

(ഇ) വായ്പ എടുത്തവരിൽ തിരിച്ചടയ്ക്കാത്തവർ എത്രയാണെന്നും അടയ്ക്കാൻ ബാക്കിയുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(എഫ്) കാഡ നിലവിലില്ലാത്തതുകൊണ്ട് വായ്പ തിരിച്ചടയ്ക്കാത്തവരിൽനിന്ന് പ്രസ്തുത തുക ഈടാക്കാൻ എന്തു മാർഗ്ഗമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) വായ്പ എടുക്കാൻ ഈടുനല്കിയ പ്രമാണങ്ങൾ തിരികെ നൽകിയിട്ടുണ്ടോ; തിരികെ നൽകാൻ ബാക്കിയുണ്ടെങ്കിൽ പ്രസ്തുത പ്രമാണങ്ങൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നും എത്ര പ്രമാണങ്ങൾ തിരികെ നല്കാനുണ്ടെന്നും കാഡ പിരിച്ചുവിട്ട സ്ഥിതിക്ക് അത്തരം പ്രമാണങ്ങൾ തിരികെ നല്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റി (കാഡ) 1992-ൽ നിലവിൽ വന്നു. 1998-ൽ പിരിച്ചുവിട്ടു.

(ബി) കാസർഗോഡ് നഗരസഭാ പ്രദേശത്തും സമീപ പഞ്ചായത്തുകളിലും സമൂഹത്തിന്റെ താഴെക്കിടയിലുള്ള സാധാരണ ജനങ്ങളുടെ സാമൂഹ്യ പുരോഗതി ലക്ഷ്യം വച്ച് ഈ വിഭാഗത്തെക്കൂടി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന്റെ ആദ്യപടിയായി ടി വിഭാഗത്തിന് ഭവന നിർമ്മാണ ഇനത്തിൽ (ആകെ 36 പേർക്ക്) കുറഞ്ഞ പലിശയിൽ വായ്പ അനുവദിക്കുകയും ആയത് വഴി കുറഞ്ഞ വരുമാനക്കാർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ഒരു കൈത്താങ്ങ് ചെയ്തിട്ടുള്ളതുമാണ്.

(സി) ഹയർ ഇൻകം ഗ്രൂപ്പ് (HIG) മിഡിൽ ഇൻകം ഗ്രൂപ്പ് (MIG), ലോവർ ഇൻകം ഗ്രൂപ്പ് (LIG), ഇക്കണോമിക്കലി വീക്കർ സെക്ഷൻ (EWS) എന്നീ വിഭാഗങ്ങൾക്കാണ് ഭവന നിർമ്മാണ വായ്പ നൽകിയിട്ടുള്ളത്.

(ഡി) കാസർഗോഡ് നഗരസഭാ പ്രദേശത്ത് 36 പേർ വായ്പയെടുത്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) വായ്പ എടുത്തവരിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് 11 പേരാണ്. അവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIG

| ക്രമ നമ്പർ | പേര് | അടയ്ക്കാനുള്ള തുക (രൂപ) |
|---|---|---|
| 1 | Daidan Disilva, Pulikkunnu | 1,00,000 |
| 2 | K. Dayananda, Vidyanagar | 1,00,000 |
| 3 | Shivakaran, Kasargod | 1,00,000 |
| 4 | T. A. Muhammed Haji | 40,000 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

EWS

| ക്രമ നമ്പർ | പേര് | അടയ്ക്കാനുള്ള തുക (രൂപ) |
|---|---|---|
| 1 | C. Chandran, Kasaba Beach | 16,500 |
| 2 | Madhavi, Adukathbail | 16,500 |
| 3 | K. Radha, Nellikkunnu | 16,500 |
| 4 | R. Lakshmi, Adukathbail | 16,500 |
| 5 | Ayisha, Kasargod | 16,500 |

MIG

| ക്രമ നമ്പർ | പേര് | അടയ്ക്കാനുള്ള തുക (രൂപ) |
|---|---|---|
| 1 | Khairunnisa, Thalangara | 50,000 |
| 2 | B.A. Abdul Hameed, Kollambady | 50,000 |

(എഫ്&ജി) EWS, LIG എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് കാസർഗോഡ്, കണ്ണൂർ, പാലക്കാട്, ആലപ്പുഴ, കോട്ടയം എന്നീ ഡെവലപ്മെന്റ് അതോറിറ്റികൾ മുഖാന്തരം അനുവദിച്ച വായ്പ ഇനത്തിൽ ഹഡ്കോയ്ക്ക് നൽകാനുള്ള ആകെ തുകയായ 49.46 ലക്ഷം രൂപ (ഒറ്റത്തവണ തീർപ്പാക്കൽ മുഖാന്തരം) KURDFC നൽകിയതിനാൽ പണയാധാരങ്ങൾ തിരികെ നൽകാൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശം നൽകാൻ പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ക്ഷേമനിധി

174 (4208) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവിടങ്ങളിലെ മുൻ അംഗങ്ങൾക്ക് ക്ഷേമനിധി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തീരുമാനമെടുത്തിട്ടില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നത് അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് കൺവീനറായി ഒരു ഉപസമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി

175 (4209) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിന്എപ്പോൾ ചേർന്ന ഏത് യോഗത്തിലാണ് തീരുമാനമെടുത്തതെന്നും യോഗത്തിൽ ആരൊക്കെ സംബന്ധിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 6-2-2017-ൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചുവടെ ചേർക്കുന്നവർ പങ്കെടുത്തു :

1. ശ്രീമതി റ്റി. വി. അനുപമ, സാമൂഹ്യവീതി വകുപ്പ് ഡയറക്ടർ
2. ശ്രീ. എം. പി. അജിത് കുമാർ, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്

3. ശ്രീമതി ഉഷ കാന്തി, ലോ ഓഫീസർ, നഗരകാര്യ ഡയറക്ടറേറ്റ്

4. ഡോ. മുഹമ്മദ് അഷീൽ, എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ

5. ശ്രീ. പി. വിശ്വംഭര പണിക്കർ, ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

6. ശ്രീ. കെ. വി. അബ്ദുറഹിമാൻ, പ്രസിഡന്റ്, ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ, സ്റ്റേറ്റ് കമ്മിറ്റി

7. ശ്രീ. ബി. സുഭാഷ്, ഓർഗനൈസിംഗ് സെക്രട്ടറി, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് ആന്റ് കൗൺസിലേഴ്സ് അസോസിയേഷൻ ഓഫ് കേരള, സ്റ്റേറ്റ് കമ്മിറ്റി

8. ശ്രീ. ഡി. ജയകുമാർ, ട്രഷറർ, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് ആന്റ് കൗൺസിലേഴ്സ് അസോസിയേഷൻ ഓഫ് കേരള, സ്റ്റേറ്റ് കമ്മിറ്റി

9. ശ്രീ. ബി. ജയകുമാർ, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് ആന്റ് കൗൺസിലേഴ്സ് അസോസിയേഷൻ

10. ശ്രീ. എൻ. എ. അസീസ്, പ്രസിഡന്റ്, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് ആന്റ് കൗൺസിലേഴ്സ് അസോസിയേഷൻ ഓഫ് കേരള, സ്റ്റേറ്റ് കമ്മിറ്റി

11. ശ്രീ. ബി. എസ്. ഇന്ദ്രൻ, സെക്രട്ടറി, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് ആന്റ് കൗൺസിലേഴ്സ് അസോസിയേഷൻ ഓഫ് കേരള

12. ശ്രീ. ബി. സെയ്തലവി, ഓർഗനൈസിംഗ് സെക്രട്ടറി, ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ, സ്റ്റേറ്റ് കമ്മിറ്റി

13. ശ്രീ. ആനക്കോട്ടൂർ വാസുദേവൻ പിള്ള, ജനറൽ സെക്രട്ടറി, ആൾ കേരള എക്സ് ലോക്കൽ ബോഡി മെമ്പേഴ്സ് വെൽഫെയർ ഫോറം, സ്റ്റേറ്റ് കമ്മിറ്റി

14. ശ്രീ. തോട്ടക്കാട് ശശി, വർക്കിംഗ് പ്രസിഡന്റ്, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് ആന്റ് കൗൺസിലേഴ്സ് അസോസിയേഷൻ ഓഫ് കേരള, സ്റ്റേറ്റ് കമ്മിറ്റി

15. ശ്രീ. എം. അഷറഫ്, പരവൂർ, സംഘടനാ പ്രതിനിധി
16. ശ്രീ. പി. അപ്പുക്കുട്ടൻ, സംഘടനാ പ്രതിനിധി
17. ശ്രീ. സൂപ്പി നരിക്കാട്ടേരി, സംഘടനാ പ്രതിനിധി
18. ശ്രീ. സി. മോഹനൻ പിള്ള, സംഘടനാ പ്രതിനിധി
19. ശ്രീ. കരീം പന്നത്തടം, സംഘടനാ പ്രതിനിധി
20. ശ്രീ. സി. കെ. എ. റസാക്ക്, സംഘടനാ പ്രതിനിധി
21. ശ്രീ. പനവൂർ രാജശേഖരൻ, സംഘടനാ പ്രതിനിധി
22. ശ്രീ. ഇടക്കുന്നിൽ മുരളി, സംഘടനാ പ്രതിനിധി
23. ശ്രീ. എ. ടി. ശ്രീധരൻ, സംഘടനാ പ്രതിനിധി
24. ശ്രീ. വി. ഗോപകുമാർ, ആനക്കോട്ടൂർ, സംഘടനാ പ്രതിനിധി
25. ശ്രീ. ആർ. സത്യപാലൻ ആനക്കോട്ടൂർ, സംഘടനാ പ്രതിനിധി
26. ശ്രീ. വി. ശ്രീകുമാർ, സംഘടനാ പ്രതിനിധി
27. ശ്രീ. സി. എ. മുഹമ്മദ്, കോഴിക്കോട്, സംഘടനാ പ്രതിനിധി
28. ശ്രീ. വിളപ്പിൽ ജയകുമാർ, തിരുവനന്തപുരം, സംഘടനാ പ്രതിനിധി
29. ശ്രീ. സി. എൻ. ഗോവിന്ദൻകുട്ടി, സംഘടനാ പ്രതിനിധി
30. ശ്രീ. കെ. വിളവൂർക്കൽ രാജേന്ദ്രൻ, സംഘടനാ പ്രതിനിധി.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അപേക്ഷകർക്ക് ഫീസ് വർദ്ധിപ്പിക്കൽ**

176 (4210) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏതെല്ലാം അപേക്ഷകൾക്കാണ് ഫീസ് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വർദ്ധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) വർദ്ധനവിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനത്തിൽ ഏകദേശം എത്ര ശതമാനം വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(സി) അപേക്ഷാ ഫീസിനത്തിലും നികുതിയിനത്തിലും വരുത്തുന്ന വർദ്ധനവ് പൊതുജനങ്ങളെ ഏതെല്ലാം തരത്തിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തുന്നതിന് എന്തെങ്കിലും പഠനങ്ങളോ പരിശോധനകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകുന്ന അപേക്ഷകൾക്കും സേവനങ്ങൾക്കും ഫീസ് ഈടാക്കുന്നത് ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമാണ്. ആയതിൽ ഭേദഗതികൾ സമീപകാലയളവിൽ വരുത്തിയിട്ടില്ല. 2012-ലെ സേവനാവകാശ ചട്ടങ്ങൾ പ്രകാരം അപേക്ഷകൾക്ക് 10 രൂപയും അതിനു താഴെയുള്ള ഫീസുകളുമാണ് ഈടാക്കി വരുന്നത്.

(ബി) ബാധകമല്ല.

(സി) നിലവിൽ ഈടാക്കി വരുന്ന ഫീസുകളും നികുതികളും കുറഞ്ഞ നിരക്കിലുള്ളതാണ്. ആയതിനാൽ ഇത് പൊതുജനങ്ങളെ ദോഷകരമായി ബാധിക്കുന്നതോ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതോ അല്ല.

**ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ഓൺലൈൻ സേവനങ്ങൾ**

177 (4211) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽനിന്നും ഓൺലൈനിൽ ലഭ്യമാകുന്ന സേവനങ്ങൾ ഏതൊക്കയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സൗകര്യങ്ങൾ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ലഭ്യമാണോ; ഇല്ലെങ്കിൽ എത്ര ഗ്രാമപഞ്ചായത്തുകളിൽ കൂടി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ബാക്കിയുണ്ട്; വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ ഏതെങ്കിലും ഗ്രാമപഞ്ചായത്തുകളിൽ ഓൺലൈൻ സേവനങ്ങൾ ഏർപ്പെടുത്താൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പേര് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അല്ല; അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്. ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി ഇ-പേമെന്റ് (പ്രോപ്പർട്ടി ടാക്സ്) ഓൺലൈൻ ആക്കിയിട്ടില്ല. ഇതുവരെ ഫയൽ ട്രാക്കിംഗ് സംവിധാനം ഓൺലൈൻവഴി ആകാത്ത 43 പഞ്ചായത്തുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കൂവപ്പടി ബ്ലോക്കിലെ വി.ഇ.ഒ. സർക്കിളുകൾ**

178 (4212) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഓരോ പഞ്ചായത്തിലെയും ജനസംഖ്യയും വാർഡുകളുടെ എണ്ണവും വി.ഇ.ഒ. സർക്കിളുകളുടെ പേരും ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് നൽകുമോ;

(ബി) 2010-ൽ കൂവപ്പടി ബ്ലോക്കിലുണ്ടായിരുന്ന വി.ഇ.ഒ. സർക്കിളുകളുടെ പേരുകൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; ഇപ്പോൾ വി.ഇ.ഒ. സർക്കിളിന്റെ എണ്ണത്തിൽ വ്യത്യാസമുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ;

(സി) വർദ്ധിച്ച ജനസംഖ്യയും കൂടുതൽ വാർഡുകളും പദ്ധതികളുടെ ബാഹുല്യവുമുള്ള പഞ്ചായത്തുകളിൽ ഉണ്ടായിരുന്ന വി.ഇ.ഒ. തസ്തികകൾ കൂവപ്പടി ബ്ലോക്കിൽ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റികൾ ആയപ്പോൾ എത്ര വി.ഇ.ഒ. തസ്തികകളാണ് ഇല്ലാതായിട്ടുള്ളത്; ഈ തസ്തികകൾ പുനഃക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ കൂവപ്പടി ബ്ലോക്കിൽ കൂടുതൽ വി.ഇ.ഒ. തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായിചേർത്തിട്ടുണ്ട്.*

(ബി) കൂവപ്പടി ബ്ലോക്ക്-

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | വി.ഇ.ഒ. സർക്കിൾ |
|---|---|---|
| 1 | രായമംഗലം | 1. രായമംഗലം |
| | | 2. പുല്ലുവഴി |
| | | 3. കീഴില്ലം |
| 2 | അശമന്നൂർ | 1. അശമന്നൂർ |
| | | 2. മേതല |
| 3 | വേങ്ങൂർ | 1. വേങ്ങൂർ |
| | | 2. കൊമ്പനാട് |
| | | 3. നെടുങ്ങപ്ര |
| 4 | മുടക്കുഴ | 1. തുരുത്തി |
| | | 2. അകനാട് |
| 5 | കൂവപ്പടി | 1. കൂവപ്പടി |
| | | 2. കോടനാട് |
| 6 | ഒക്കൽ | 1. ഒക്കൽ |
| | | 2. പെരുമ്പാവൂർ |

വി.ഇ.ഒ. സർക്കിളുകളുടെ എണ്ണത്തിൽ വ്യത്യാസമുണ്ട്. പഞ്ചായത്തുകൾ, വിവിധ കോർപ്പറേഷനുകൾ/മുനിസിപ്പാലിറ്റികൾ എന്നിവയിൽ ലയിച്ചതിനാൽ സർക്കിളുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്.

(സി) പഞ്ചായത്തുകൾ, വിവിധ കോർപ്പറേഷനുകൾ/മുനിസിപ്പാലിറ്റികൾ എന്നിവയിൽ ലയിച്ചതിനാൽ ടി പഞ്ചായത്തുകളിലെ വി.ഇ.ഒ. തസ്തികകൾ, പുനഃക്രമീകരണം നടത്തി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(ഡി) പാമ്പാക്കുട ബ്ലോക്കിൽ പിറവം, കൂത്താട്ടുകുളം എന്നീ മുനിസിപ്പാലിറ്റികൾ വന്നപ്പോൾ അഞ്ച് വി.ഇ.ഒ. തസ്തികകൾ ഇല്ലാതായിട്ടുണ്ട്. എന്നാൽ ജില്ലയിലെ വി.ഇ.ഒ. തസ്തികകൾ കുറവ് ചെയ്തിട്ടില്ല. ആയത് പുനഃക്രമീകരണം നടത്തിയിട്ടില്ല. വി.ഇ.ഒ. സർക്കിളുകൾ പുനഃക്രമീകരണം നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന നടപടികളിൽ ടൗൺ പ്ലാനിംഗ് വകുപ്പിനെ ഉൾപ്പെടുത്തൽ

179 (4213) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാത്ത നഗരസഭകൾ/കോർപ്പറേഷനുകൾ ഏതൊക്കെയാണെന്നും; ആയത് തയ്യാറാക്കുവാൻ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ ;

(ബി) മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയ നഗരസഭകൾ ഏതെല്ലാമെന്നും പ്രസ്തുത മാസ്റ്റർ പ്ലാനുകൾ നഗരസഭാ കൗൺസിലുകളിൽ അവതരിപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ നഗര/ഗ്രാമ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന നടപടികളിൽ ടൗൺ പ്ലാനിംഗ് വകുപ്പിനെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് ആരംഭിക്കുന്ന ഐ.ടി. പാർക്കുകൾ, ടെക്നോപാർക്കുകൾ, തുറമുഖങ്ങൾ, വ്യവസായ കേന്ദ്രങ്ങൾ, സേഫ്റ്റി സോണുകൾ എന്നിവയുടെ പദ്ധതികൾ അംഗീകരിക്കുന്ന സമയത്ത് ടൗൺ പ്ലാനിംഗ് വകുപ്പിനെ ഉൾപ്പെടുത്തി വേണ്ട മുൻകരുതലുകൾ എടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) വൻകിട പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ട സമിതിയിൽ ചീഫ് ടൗൺ പ്ലാനറെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) നിലവിൽ എത്ര ചീഫ് ടൗൺ പ്ലാനർമാരാണുള്ളതെന്നും ചുമതലകൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) നിലവിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാത്ത നഗരസഭകൾ/ കോർപ്പറേഷനുകൾ ഇല്ല. ഇപ്പോൾ അംഗീകൃത മാസ്റ്റർപ്ലാനുകൾ ഇല്ലാത്ത എല്ലാ നഗരസഭകളുടെയും മാസ്റ്റർപ്ലാനുകൾ തയ്യാറാക്കൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ബി) മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ/നഗരസഭ പ്രദേശങ്ങൾക്കും നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ,

മൂന്നു ഘട്ടമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരുന്നു. നഗര-ഗ്രാമാസൂത്രണ ആക്ട് പ്രകാരം കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും കരട് മാസ്റ്റർ പ്ലാൻ ആവശ്യമായ ഭേദഗതികളോടെ അന്തിമ അംഗീകാരം ലഭിക്കുന്നതിന് സമർപ്പിക്കുന്നതിന് മുമ്പ് പാസാക്കുന്നതിനും കൗൺസിൽ തീരുമാനങ്ങൾ ആവശ്യമാണ്. അതിനാൽ കൗൺസിലിൽ അവതരിപ്പിച്ച ശേഷമാണ് കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരണ അനുമതി നൽകുന്നത്.

(സി) കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016-ന്റെ സെക്ഷൻ 33 പ്രകാരം ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ഗ്രാമപഞ്ചായത്തിനോ അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിക്കോ ആക്ട് പ്രകാരം രൂപീകരിച്ച സ്പെഷ്യൽ കമ്മിറ്റിക്കോ വർക്കിംഗ് ഗ്രൂപ്പിനോ ഈ ആക്ട് പ്രകാരമുള്ള അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് നഗര-ഗ്രാമാസൂത്രണ വകുപ്പ് മാർഗ്ഗ നിർദ്ദേശവും ഉപദേശവും നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) വൻകിട പദ്ധതികൾക്കുള്ള വ്യവസ്ഥകൾ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മാസ്റ്റർ പ്ലാനുകളിൽ ഇത്തരം പദ്ധതികൾക്ക് അംഗീകാരം നൽകുന്ന കമ്മിറ്റിയിൽ ചീഫ് ടൗൺ പ്ലാനറെ അംഗമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(എഫ്) നിലവിൽ മൂന്ന് ചീഫ് ടൗൺ പ്ലാനർമാരാണുള്ളത്. ചീഫ് ടൗൺ പ്ലാനർ (ഭരണവിഭാഗം)-ന്റെ ചുമതലകളും ചീഫ് ടൗൺ പ്ലാനർ(പ്ലാനിംഗ്)-ന്റെ ചുമതലകളും അനുബന്ധമായി ചേർത്തിരിക്കുന്നു.* ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ ചുമതലകൾ സംബന്ധിച്ച് പുറപ്പെടുവിച്ച 3-10-2013-ലെ സ.ഉ.(എം.എസ്.) നമ്പർ 2459/13/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## നഗരങ്ങളിലെ ഗതാഗത സംവിധാനം പരിഷ്കരിക്കൽ

180 (4214) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ഗതാഗത സംവിധാനം ശാസ്ത്രീയമായി പരിഷ്കരിക്കുവാനും പൊതുജനങ്ങൾക്കും യാത്രക്കാർക്കുമുള്ള പ്രയാസങ്ങൾ ദൂരീകരിക്കുവാനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) ഇതിനായി നഗരാസൂത്രണ വകുപ്പിന് കീഴിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും ആവശ്യമെങ്കിൽ പഠനത്തിനായി പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങളിലും നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി വരികയാണ്. ഈ മാസ്റ്റർ പ്ലാനുകളിൽ നഗരങ്ങളിലെ ഗതാഗത സംവിധാനം ശാസ്ത്രീയമായി പരിഷ്കരിക്കുവാനും പൊതുജനങ്ങൾക്കും യാത്രക്കാർക്കുമുള്ള പ്രയാസങ്ങൾ ദൂരീകരിക്കുവാനുമുള്ള പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അമൃത് പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലും പാലക്കാട്, ആലപ്പുഴ, ഗുരുവായൂർ എന്നീ മൂന്ന് മുനിസിപ്പാലിറ്റികളിലുമായി അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഗതാഗത സംവിധാനം ശാസ്ത്രീയമായി പരിഷ്കരിക്കുവാനും പൊതുജനങ്ങൾക്കും യാത്രക്കാർക്കുമുള്ള പ്രയാസങ്ങൾ ദൂരീകരിക്കുവാനും ഉതകുന്ന നടപ്പാത നിർമ്മാണം, പ്രധാന ജംഗ്ഷനുകളിൽ സബ് വേ, ഫുട്ട് ഓവർ ബ്രിഡ്ജ്, സ്കൈ വാക്ക് എന്നിങ്ങനെ 53 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ നഗരസഭ പ്രദേശങ്ങൾക്കുമായി മാസ്റ്റർ പ്ലാനുകൾ, നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ പ്ലാൻ പദ്ധതിയായ "മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതിയുടെയും തയ്യാറാക്കലിൽ" ഉൾപ്പെടുത്തി തയ്യാറാക്കിവരികയാണ്. മാസ്റ്റർ പ്ലാനുകളിൽ ഗതാഗത മേഖലയെ സംബന്ധിക്കുന്ന പഠനങ്ങളും നിർദ്ദേശങ്ങളും പദ്ധതികളും ഉൾക്കൊള്ളിക്കാറുണ്ട്. ഇതിനായി പ്രത്യേക പഠനങ്ങൾ (ഗതാഗത ശൃംഖല, ഗതാഗത സൗകര്യങ്ങൾ, ട്രാഫിക്, കാൽനട യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, പാർക്കിംഗ് ജംഗ്ഷനുകൾ എന്നിവ സംബന്ധിക്കുന്ന പഠനങ്ങൾ) നഗര-ഗ്രാമാസൂത്രണ വകുപ്പ് നേരിട്ടും NATPAC, Engineering College മുതലായ ഗതാഗത മേഖലയിൽ വൈദഗ്ദ്ധ്യമുള്ള ഏജൻസികൾ മുഖേനയും നടത്തുന്നുണ്ട്. അമൃത് പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളിലും പാലക്കാട്, ആലപ്പുഴ, ഗുരുവായൂർ എന്നീ മൂന്ന് മുനിസിപ്പാലിറ്റികളിലുമായി നടപ്പിലാക്കേണ്ട പരിഷ്കാരങ്ങളിൽ ഒന്നായ 'GIS Based Master Plan for AMRUT Cities' എന്ന സബ് സ്കീമിന്റെ നോഡൽ ഓഫീസറായി മുഖ്യ നഗരസൂത്രകനെ നിയമിച്ചിട്ടുണ്ട്. അതിൻപ്രകാരം അമൃത് നഗരങ്ങളിലെ GIS Based Master Plan തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

181 (4215) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സ്ത്രീശാക്തീകരണം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം, ദുർബല വിഭാഗങ്ങളുടെ ക്ഷേമം എന്നിവയ്ക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളും പരിശീലനവും കില നൽകുന്നുണ്ടോ;

(സി) കിലയെ യൂണിവേഴ്സിറ്റിയാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ) ഉണ്ട്; 'കില'-യുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ സാർത്ഥകമാകുന്നതരത്തിലാണ് പ്രവർത്തനം മുന്നോട്ട് പോകുന്നത്. 'കില' നൽകുന്ന പരിശീലനവും സഹായവുമാണ് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കാരണമായിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം നൽകുക, സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിന് നയപരമായ കാര്യങ്ങളിൽ ഉപദേശം നൽകുക, തദ്ദേശസ്വയംഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുക എന്നിവയാണ് 'കില'-യുടെ നിയമപരമായ ചുമതലകൾ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതി ആസൂത്രണം, നിർവ്വഹണം, സേവനങ്ങൾ ലഭ്യമാക്കൽ-ഗുണനിലവാരം മെച്ചപ്പെടുത്തൽ, ധന മാനേജ്മെന്റ്, സുതാര്യവും സദ്ഭരണത്തിലധിഷ്ഠിതവുമായ പ്രവർത്തനം, ശിശു-വയോജന-വനിത സൗഹൃദ പ്രാദേശിക ഭരണം, കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ സംരക്ഷണം, ശുചിത്വ പരിപാലനം, ജന്റർ ബജറ്റ് എന്നിങ്ങനെ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവർക്ക് പരിശീലനങ്ങൾ നൽകുന്നത് കൂടാതെ പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിനായുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും മറ്റ് നയപരമായ കാര്യങ്ങളിലും സംസ്ഥാന സർക്കാരിനുവേണ്ട നയപരമായ ഉപദേശങ്ങളും സഹായങ്ങളും 'കില' ചെയ്തുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 'കില'-യെ കല്പിത സർവ്വകലാശാലയാക്കുന്നതിന് കേന്ദ്ര മാനവശേഷി വികസന വകുപ്പിനോടും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോടും അപേക്ഷിച്ചുവെങ്കിലും പുതിയതായി കല്പിത സർവ്വകലാശാലകൾക്ക് അനുവാദം നൽകുന്നില്ലെന്ന തീരുമാനമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

## നൃൂനപക്ഷ വിഭാഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ

182 (4216) ശ്രീ. പി. ടി. എ. റഹീം :

ശ്രീ. കെ. ബാബു :

ശ്രീ. ആർ. രാജേഷ് :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും നൃൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൃൂനപക്ഷ വിഭാഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നൃൂനപക്ഷ വിഭാഗത്തിൽപെട്ട യുവജനങ്ങൾക്ക് ജോലി ലഭ്യത ഉറപ്പു വരുത്തുന്നതിനായി സൗജന്യ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന നൃൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർല്ലഭ്യം പരിഹരിക്കുന്നതിന് കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) 1. സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.

2. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ/പുനരുദ്ധാരണ പദ്ധതി.

3. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.

4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന നൃൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ-റീ ഇംബേഴ്സ്മെന്റ് സ്കീം.

5. എസ്.എസ്.എൽ.സി./പ്ലസ് ടു/വി.എച്ച്.എസ്.ഇ./ബിരുദ ബിരുദാനന്തര തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.

7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.

8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

9. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി.

10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.

11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും ധനസഹായ പദ്ധതി.

12. എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

13. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസ പദ്ധതി (MSDP)

14. മദ്രസ്സാക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്കുള്ള ചികിത്സാ ധനസഹായ പദ്ധതി.

15. മദ്രസ്സാക്ഷേമനിധി അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന ഭവന വായ്പാ പദ്ധതി.

(ബി) ഉണ്ട്.

(സി) ഉണ്ട്. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കാണ് ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതിയിൽ വീട് നിർമ്മിച്ച് നൽകുന്നത്. അതത് ജില്ലാ കളക്ടറേറ്റ് വഴി ലഭ്യമാകുന്ന അപേക്ഷകളിൽ പ്രാഥമിക പരിശോധകൾക്ക് ശേഷം അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വകുപ്പ് ഡയറക്ടറേറ്റിലെ പ്രോജക്ട് ആഫീസർ ചെയർമാനായുള്ള ജില്ലാതല സെലക്ഷൻ കമ്മിറ്റി അതത് ജില്ലകളിൽ കൂടുകയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അപേക്ഷകളിന്മേൽ ഫീൽഡ് വെരിഫിക്കേഷനടക്കമുള്ള നടപടിക്രമങ്ങൾക്ക് ശേഷം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുമായി കരാർ ഉടമ്പടി ഒപ്പ് വെയ്ക്കുന്നു. തുടർന്ന് ആകെ തുകയുടെ ഒന്നാം ഗഡുവായ 50,000 രൂപ (20%) വീടിന്റെ ബേയ്സ്മെന്റ് പൂർത്തീകരിക്കുന്നതിലേക്കായി മുൻകൂറായി അനുവദിക്കുകയും ആയത് പൂർത്തീകരിച്ച് വില്ലേജ് ആഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതനുസരിച്ച് രണ്ടാം ഗഡുവായ 1,25,000 രൂപ (50%) വീടിന്റെ മേൽക്കൂര വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലേക്കായി അനുവദിക്കുന്നു. ആയത് പൂർത്തീകരിച്ച് വില്ലേജ് ആഫീസറുടെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതോടെ അവസാന ഗഡുവായ 75,000 രൂപ (30%) കക്കൂസ് നിർമ്മാണം, വൈദ്യുതീകരണം, ജനലുകൾ/വാതിലുകൾ ഉറപ്പിക്കുന്നതടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുവദിക്കുന്നു.

(ഡി) ഉണ്ട്. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർല്ലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് അതത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റുകൾ അടങ്ങിയ പ്രൊപ്പോസലുകൾ വകുപ്പിന് നേരിട്ട് ലഭ്യമാക്കുകയും ആയത് പരിശോധിച്ച് അംഗീകരിക്കുന്ന തുക പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികളുടെ പ്രദേശങ്ങളിലെ മോണിറ്ററിംഗും പരിപാലനവും അതത് തദ്ദേശസ്ഥാപനങ്ങളാണ് നടത്തുന്നത്.

**യുവജനങ്ങൾക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

183 (4217) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിൽ യുവജനങ്ങൾക്കായി പുതിയ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിലെ പള്ളിക്കരയിൽ ഇത്തരത്തിലുള്ള ഒരു സ്ഥാപനം അനുവദിക്കുന്നത് പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ&ബി) ന്യൂനപക്ഷ ക്ഷേമവകുപ്പിന് കീഴിൽ പുതിയ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലില്ല. എന്നാൽ ന്യൂനപക്ഷ വിഭാഗത്തിലെ യുവജനങ്ങൾക്കായി 14 ജില്ലകളിലും ഓരോ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## പി.എസ്.സി. പരിശീലന കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽ നിയമനങ്ങളുടെ മാനദണ്ഡം

184 (4218) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിലെ പി.എസ്.സി. പരിശീലന കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽ നിയമനങ്ങളുടെ മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രിൻസിപ്പൽ തസ്തികയിലേക്ക് ഒന്നിൽ കൂടുതൽ അപേക്ഷകർ വന്നാൽ അതിൽ നിന്നും നിയമനം നടത്തുന്ന രീതി എപ്രകാരമാണെന്ന് വിശദമാക്കുമോ ;

(സി) വകുപ്പിന് കീഴിലുള്ള ഏതെങ്കിലും പരിശീലന കേന്ദ്രങ്ങളിലേക്ക് പ്രിൻസിപ്പൽ നിയമനത്തിന് ഒന്നിൽ കൂടുതൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പരിശീലന കേന്ദ്രങ്ങളിലേക്കാണെന്നും, അപേക്ഷകരുടെ വിദ്യാഭ്യാസ യോഗ്യതയുൾപ്പെടെയുള്ള വിശദവിവരങ്ങളും നൽകുമോ;

(ഡി) 16 പരിശീലന കേന്ദ്രങ്ങളിലും ജോലിചെയ്യുന്ന പ്രിൻസിപ്പൽമാരുടെ നിയമനരീതിയും, കാലാവധി തീയതിയും ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത പരിശീലന കേന്ദ്രങ്ങളിലെ ഗസ്റ്റ് ഫാക്കൽറ്റികളെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്നു വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ സർവ്വീസിൽനിന്നും റിട്ടയർ ചെയ്ത പ്രിൻസിപ്പൽ സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ് ലക്ചറർ അല്ലെങ്കിൽ ബിരുദാനന്തര ബിരുദവും യു.ജി.സി. (നെറ്റ്/സി.എസ്.ഐ.ആർ.) പരീക്ഷയിൽ വിജയിച്ചിട്ടുള്ളവരുമായ തൊഴിൽരഹിതരെയാണ് പരിശീലന കേന്ദ്രങ്ങളിൽ പ്രിൻസിപ്പൽമാരായി നിയമിക്കുന്നത്.

(ബി) പ്രിൻസിപ്പൽമാരായി നിയമിക്കപ്പെടുന്നതിന് യോഗ്യത നിശ്ചയിച്ചുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്.

(സി&ഡി)പരിശീലന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന പ്രിൻസിപ്പൽമാരെ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്.

നിലവിലെ പ്രിൻസിപ്പൽമാരുടെ നിയമന കാലാവധി ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | അബ്ദുൾ അയൂബ് എ. | 7-9-2017-6-9-2018 |
| 2 | കരുനാഗപ്പള്ളി | ഡോ. ഷാജിവാസ് എം. എം. | 15-11-2017-14-11-2018 |
| 3 | പത്തനംതിട്ട | പ്രൊഫ. തോമസ് ഡാനിയേൽ | 11-9-2017 - 10-9-2018 |
| 4 | ആലപ്പുഴ | നസീറ കെ. | 27-5-2017 - 26-5-2018 |
| 5 | കാഞ്ഞിരപ്പള്ളി | ഷെരീഫാബീവി പി.എം. | 16-10-2017 - 15-10-2018 |
| 6 | തൊടുപുഴ | കെ. എം. ശശിധരൻ | 23-9-2017 - 22-9-2018 |
| 7 | ആലുവ | ഡോ. ടി. പി. ജമീല | 10-4-2017 - 9-4-2018 |
| 8 | തൃശ്ശൂർ | ഡോ. കെ. കെ. സുലൈഖ | 3-7-2017 - 2-7-2018 |
| 9 | പാലക്കാട് | വാസുദേവൻപിള്ള കെ. | 2-2-2018 - 1-2-2019 |
| 10 | കോഴിക്കോട് | അബ്ദുറഹ്മാൻ | 7-9-2017 - 6-9-2018 |
| 11 | പെരിന്തൽമണ്ണ | റജീന പി. | 21-12-2017 - 20-12-2018 |
| 12 | വേങ്ങര | മമ്മദ് പി. | 22-1-2018 - 21-1-2019 |
| 13 | പൊന്നാനി | മുഹമ്മദ് ഇഖ്ബാൽ | 19-10-2017 - 18-10-2018 |

| | | | |
|---|---|---|---|
| 14 | വയനാട് | യൂസഫ് സി. | 2-11-2017 - 1-11-2018 |
| 15 | പയ്യന്നൂർ | എ. കെ. ബഷീർ | 16-11-2017 - 15-11-2018 |
| 16 | കാസർഗോഡ് | മണികണ്ഠ പ്രസാദ് എ. | 28-6-2017 - 27-6-2018 |

പരിശീലന കേന്ദ്രങ്ങളിൽ മേൽ പരാമർശിച്ച കാലയളവിലെ പ്രിൻസിപ്പൽ നിയമനങ്ങളിൽ ഒന്നിൽക്കൂടുതൽ ലഭിച്ച അപേക്ഷയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. ആലപ്പുഴ

| പേര് | യോഗ്യത |
|---|---|
| (എ) നസീറ കെ.,<br>അഞ്ചു വിഹാർ,<br>താമരക്കുളം, ആലപ്പുഴ | എം.എ. (മലയാളം),ബി.എഡ്.,<br>സെറ്റ്, നെറ്റ്-യു.ജി.സി. |
| (ബി) പ്രൊഫ. കെ. ബഷീർഖാൻ,<br>ഷൈനി മഹൽ,<br>ആശാൻ പുരയിടം,<br>നൂറനാട് പി.ഒ. ആലപ്പുഴ. | വകുപ്പ് മേധാവി (റിട്ടയേർഡ്)<br>ഹിന്ദി ഡിപ്പാർട്ടുമെന്റ്,<br>ബി.എ.എം. കോളേജ്,<br>തുരുത്തിക്കാട്, പത്തനംതിട്ട |

2. കാസർഗോഡ്

| പേര് | യോഗ്യത |
|---|---|
| (എ) നസ്രത്ത് എൻ. പി.,<br>മുണ്ടപ്പാലം ഹൗസ്,<br>മല്ലം പി.ഒ., മൂളിയാർ,<br>കാസർഗോഡ് | എം.എസ്.സി.<br>(കമ്പ്യൂട്ടർ സയൻസ്) |
| (ബി) മണികണ്ഠപ്രസാദ് എ.,<br>കോടോത്ത് കയ്യങ്ങാട് ഹൗസ്,<br>കോടോത്ത് പി.ഒ.,<br>ആനന്ദാശ്രമം,<br>കാസർഗോഡ്-671 531 | എം.കോം, ബി.എഡ്., സെറ്റ്, നെറ്റ്-യു.ജി.സി. |

(ഇ) നിലവിൽ അതാത് പരിശീലന കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാരാണ് ഗസ്റ്റ് ഫാക്കൽറ്റികളെ തെരഞ്ഞെടുക്കുന്നത്.

**ഹജ്ജ് തീർത്ഥാടനം**

185 (4219) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹജ്ജ് തീർത്ഥാടനം നടത്തുന്ന തീർത്ഥാടകർക്കു അപകടങ്ങളിലും ആരോഗ്യ കാരണങ്ങളാലും മരണം സംഭവിക്കുകയാണെങ്കിൽ സർക്കാർ എന്തൊക്കെ സൗകര്യങ്ങളാണ് നിലവിൽ ഒരുക്കി വരുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

കേന്ദ്ര ഹജ്ജ് കമ്മിറ്റി ഹജ്ജ് തീർത്ഥാടകർക്ക് ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് മുഖേന ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. സൗദിയിൽ ഹജ്ജിന് എത്തുന്നത് മുതൽ  തിരിച്ച് പോകുന്നതിനിടയിൽ അപകട മരണമോ/ അംഗവൈകല്യമോ സംഭവിച്ചാൽ കോൺസുലേറ്റ് മുഖേന ഇൻഷ്വറൻസ് നൽകാറുണ്ട്. അംഗവൈകല്യം സംഭവിച്ചവർക്ക് ഉപയോഗത്തിന് വീൽചെയർ/ സ്ട്രെച്ചർ മുതലായവ നൽകാറുമുണ്ട്.

**ഹജ്ജ് തീർത്ഥാടകരെ സഹായിക്കുന്നതിന് വനിത വോളണ്ടിയർമാർ**

186 (4220) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടകരെ സഹായിക്കുന്നതിന് വേണ്ടി ഈ വർഷം വനിതകളെയും വോളണ്ടിയർമാരായി നിയമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരളത്തിൽ നിന്നുള്ള തീർത്ഥാടകരെ സഹായിക്കുന്നതിനുള്ള വനിതാ വോളണ്ടിയർമാരെ തെരഞ്ഞെടുക്കുന്നത് സംസ്ഥാന സർക്കാർ/ഹജ്ജ് കമ്മിറ്റി വഴിയാണോയെന്നറിയിക്കാമോ;. ഇതിന്റെ നിയമന രീതി വിശദമാക്കാമോ;

(സി) വനിതാ ഹജ്ജ് വോളണ്ടിയർമാരായി നിയമനം ലഭിക്കാനുള്ള യോഗ്യത എന്തെന്നും, ഏതെല്ലാം വകുപ്പുകളിൽനിന്ന് ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടാം തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ)  ഉണ്ട്. ഈ വർഷത്തെ (2018) കേരളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകർക്ക് യാത്രാവേളയിലും തുടർന്ന് മക്ക, മദീന, മറ്റ് പുണ്യസ്ഥലങ്ങൾ എന്നിവിടങ്ങളിലും സേവനം ചെയ്യുവാൻ താല്പര്യവും പ്രാപ്തിയുമുള്ള സർക്കാർ മുസ്ലീം

ജീവനക്കാരിൽ നിന്നും ഹജ്ജ് വോളണ്ടിയർമാരായി തെരഞ്ഞെടുക്കപ്പെടുന്നതിന് ഓൺലൈനായി ഉചിതമാർഗ്ഗേന അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഈ വർഷം വനിതകൾക്ക് കൂടി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആകെ അനുവദിക്കുന്ന വോളണ്ടിയർമാരുടെ എണ്ണത്തിൽ 2% വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

(ബി) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഉചിതമാർഗ്ഗേന ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കഴിവും പ്രാപ്തിയും ഭാഷാ നൈപുണ്യവും ഉള്ളവരെയാണ് തെരഞ്ഞെടുക്കുന്നത്.

(സി) വോളണ്ടിയർമാരായി (പുരുഷ/വനിത) നിയമനം ലഭിക്കാനുള്ള യോഗ്യതകൾ താഴെ പറയുന്നവയാണ് :

1. അപേക്ഷകർ 1-7-18-ന് 25-നും 58 വയസ്സിനും ഇടയിൽ പ്രായമുള്ളവരാ യിരിക്കണം.
2. ഹജ്ജ്/ഉംറ നിർവ്വഹിച്ചവരായിരിക്കണം. ഹജ്ജ് സംബന്ധമായ കാര്യങ്ങളിൽ നല്ല അറിവ് ഉണ്ടായിരിക്കേണ്ടതാണ്.
3. അറബിഭാഷാ പരിജ്ഞാനമുള്ളവർക്ക് മുൻഗണന.
4. പൂർണ്ണമായ മാനസിക ശാരീരിക ആരോഗ്യമുള്ളവരായിരിക്കണം.
5. സർക്കാർ, പൊതുമേഖല, സ്റ്റാറ്റ്യൂട്ടറി ബോഡി എന്നിവയിൽ ജോലി ചെയ്യുന്നവർ മാത്രമെ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ. താൽക്കാലിക/ പാർട്ട് ടൈം/ സീസണൽ/ കരാർ/ അഡ്ഹോക് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ അപേക്ഷിക്കാൻ അർഹരല്ല.

**ഹജ്ജ് തീർത്ഥാടകർക്കുള്ള സഹായം**

187 (4221) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം സഹായങ്ങളാണ് കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചുവന്നിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സഹായങ്ങൾ ഇപ്പോൾ തുടരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് കേരളത്തിൽ നിന്നുള്ള തീർത്ഥാടകർക്കായി നൽകിവരുന്നത്; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടലുകൾ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഓരോ വർഷവും ഹജ്ജ് അപേക്ഷ സ്വീകരിക്കുന്നത് മുതൽ തീർത്ഥാടകർ ഹജ്ജ് ചെയ്ത് തിരിച്ചുവരുന്നതുവരെയുള്ള കാര്യങ്ങളിൽ സാങ്കേതിക സഹായം നൽകിവരുന്നത് കേന്ദ്ര ഗവൺമെന്റും കേന്ദ്ര ഹജ്ജ് കമ്മിറ്റിയും കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമാണ്. സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയ്തുവരുന്നു. ഹജ്ജ് അപേക്ഷാ പ്രോസസിംഗ്, ഹജ്ജ് ക്യാമ്പ്, പരിശീലന ക്യാമ്പുകൾ എന്നിവയ്ക്ക് നിശ്ചിത സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. സൗദി അറേബ്യയിൽ തീർത്ഥാടകരെ സഹായിക്കുന്നതിന് നിയമിതരാകുന്ന ഹജ്ജ് വോളണ്ടിയർമാരുടെ സാമ്പത്തിക ചെലവിന്റെ 50% വിഹിതവും കേന്ദ്ര ഹജ്ജ് കമ്മിറ്റിയാണ് വഹിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെ എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കുന്നുണ്ട്. ഹജ്ജ് അപേക്ഷകൾ ഓൺലൈൻവഴി സമർപ്പിക്കുന്നതിന് സർക്കാരിന്റെ കീഴിലുള്ള അക്ഷയ കേന്ദ്രങ്ങൾ വഴി സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഹജ്ജ് യാത്ര പുറപ്പെടുന്നതിന് മുമ്പായി ഹാജിമാർക്ക് മൂന്ന് ഘട്ടങ്ങളിലായി പരിശീലനങ്ങൾ നൽകുന്നതിന് സർക്കാർ സംവിധാനങ്ങളിലുള്ള ഓഡിറ്റോറിയങ്ങളും കോൺഫറൻസ് ഹാളുകളും സൗജന്യമായും കുറഞ്ഞ നിരക്കിലും ലഭ്യമാക്കാറുണ്ട്. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ സർക്കാർ ആശുപത്രികളിലുംനിന്നും സർക്കാർ ആശുപത്രികളിലുംനിന്നും ഹജ്ജ് തീർത്ഥാടകർക്ക് ഓറൽ പോളിയോ വാക്സിനേഷനും പ്രതിരോധ കുത്തിവയ്പ്പും ആരോഗ്യപരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വിദഗ്ദ്ധ ഡോക്ടർമാരുടെയും നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഹജ്ജ് തീർത്ഥാടകർ യാത്ര പുറപ്പെടുന്ന വേളയിൽ ഹജ്ജ് ക്യാമ്പിലെ മുഴുവൻ സേവനങ്ങളും സംസ്ഥാന ഹജ്ജ് കമ്മിറ്റി ഒരുക്കി നൽകുന്നത് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ സഹായത്തോടെയാണ്. ക്യാമ്പിന്റെ സുഗമമായ പ്രവർത്തനത്തിനും വിവിധ വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനും ക്യാമ്പിലെ ഹജ്ജ് സെല്ലിലേക്ക് ആവശ്യമായ സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്യുന്നു. കൂടാതെ ഹജ്ജ് യാത്രാ വേളയിൽ ഹാജിമാരെ സൗദി അറേബ്യയിൽ സഹായക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ മുസ്ലീം സമുദായത്തിലെ ജീവനക്കാരിൽ നിന്ന് ഹജ്ജ് വോളണ്ടിയർമാരായി അയക്കാറുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ദൈനദിന പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡും അനുവദിച്ചുവരുന്നു.

**ഹജ്ജ് തീർത്ഥാടകർക്കുള്ള പദ്ധതികൾ**

188 (4222) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടകർക്കായി സംസ്ഥാന സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹജ്ജ് തീർത്ഥാടകർക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഹജ്ജ് തീർത്ഥാടകർക്കായി പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെ എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാർ ഭാഗത്തുനിന്നും ലഭ്യമാക്കുന്നുണ്ട്. ഹജ്ജ് അപേക്ഷകൾ ഓൺലൈൻവഴി ചെയ്യുന്നതിന് സർക്കാരിന്റെ കീഴിലുള്ള അക്ഷയ കേന്ദ്രങ്ങൾ വഴി സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഹജ്ജ് യാത്ര പുറപ്പെടുന്നതിന് മുമ്പായി ഹാജിമാർക്ക് മൂന്ന് ഘട്ടങ്ങളിലായി പരിശീലനങ്ങൾ നൽകുന്നതിന് സർക്കാർ സംവിധാനങ്ങളിലുള്ള ഓഡിറ്റോറിയങ്ങളും കോൺഫറൻസ് ഹാളുകളും സൗജന്യമായും കുറഞ്ഞ നിരക്കിലും ലഭ്യമാക്കാറുണ്ട്. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും ഹജ്ജ് തീർത്ഥാടകർക്ക് ഓറൽ പോളിയോ വാക്സിനേഷനും പ്രതിരോധ കുത്തിവയ്പ്പും ആരോഗ്യപരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വിദഗ്ദ്ധ ഡോക്ടർമാരുടെയും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നുണ്ട്. ഹജ്ജ് തീർത്ഥാടകർ യാത്ര പുറപ്പെടുന്ന വേളയിൽ ഹജ്ജ് ക്യാമ്പിലെ മുഴുവൻ സേവനങ്ങളും സംസ്ഥാന ഹജ്ജ് കമ്മിറ്റി ഒരുക്കി നൽകുന്നത് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ സഹായത്തോടെയാണ്. ക്യാമ്പിന്റെ സുഗമമായ പ്രവർത്തനത്തിനും വിവിധ വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനും ക്യാമ്പിലെ ഹജ്ജ് സെല്ലിലേക്ക് ആവശ്യമായ സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാറുണ്ട്. കൂടാതെ ഹജ്ജ് യാത്രാ വേളയിൽ ഹാജിമാരെ സൗദി അറേബ്യയിൽ സഹായക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ മുസ്ലീം സമുദായത്തിലെ ജീവനക്കാരെ ഹജ്ജ് വോളണ്ടിയർമാരായി അയക്കാറുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡും അനുവദിച്ചുവരുന്നു.

(ബി) ഹജ്ജ് ക്യാമ്പിലെ ഹജ്ജ് സെല്ലിലേയ്ക്കും സൗദി അറേബ്യയിൽ ഹാജിമാരെ സഹായിക്കുന്നതിനും സർക്കാർ ജീവനക്കാരെ ആവശ്യാനുസരണം താൽക്കാലികമായി നിയമിക്കുന്നുണ്ട്. ഹജ്ജ് കമ്മിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ഗ്രാന്റ്-ഇൻ-എയ്ഡ് അനുവദിക്കുന്നുണ്ട്.

(സി) ഹാജിമാർക്ക് വിപുലമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നിലവിലുള്ള കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതോടൊപ്പം പുതിയ സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**തുറമുഖങ്ങളുടെ വികസനത്തിനായി പദ്ധതികൾ**

189 (4223) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം, കൊടുങ്ങല്ലൂർ എന്നീ ഇടത്തരം തുറമുഖങ്ങളുടെ യാത്രാ ചരക്ക് ഗതാഗതം ഉൾപ്പെടെയുള്ള സമഗ്ര പശ്ചാത്തല വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഐ.എസ്.പി.എസ്. കോഡ് എന്താണെന്ന് വ്യക്തമാക്കുമോ; ഐ.എസ്.പി.എസ്. കോഡ് തലത്തിൽ തുറമുഖസുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഇലക്ട്രോണിക് ഡേറ്റ ഇന്റർചേഞ്ച് സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളായ കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്. 46 കോടി രൂപ മുതൽ മുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. പൊന്നാനി തുറമുഖം പി.പി.പി. മാതൃകയിലാണ് വികസിപ്പിക്കുന്നത്. ഇതിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി യനുസരിച്ച് 763 കോടി രൂപ ചെലവിൽ തുറമുഖ നിർമ്മാണം തുടങ്ങിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. അഴീക്കൽ പോർട്ട് ലിമിറ്റഡ് എന്ന പേരിൽ എസ്.പി.വി. രൂപീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കൺസൾട്ടന്റിനെ തെരഞ്ഞെടുത്തു. തുറമുഖങ്ങളുടെ വികസനത്തിനായി കണ്ടെയ്നർ ഹാന്റ്ലിംഗ് ക്രയിൻ റീച്ച് സ്റ്റാക്കർ, വേ ബ്രിഡ്ജ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ടഗ്ഗ് വാങ്ങിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് വി.ടി.എം.എസ്. സ്ഥാപിച്ചു. വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ മൊബൈൽ ക്രയിൻ വാങ്ങി. കൊല്ലം തുറമുഖത്ത് വി.ടി.എം.എസ്. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പുതുതായി 450 HP ടഗ്ഗ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ഇടത്തരം തുറമുഖങ്ങൾ ചരക്കു ഗതാഗതത്തിനും യാത്രക്കാരുടെ സഞ്ചാരത്തിനും സജ്ജമാക്കുന്നതിനായി ചെറുകിട തുറമുഖങ്ങളിലേക്ക് റെയിൽ/റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേയ്ക്ക് റെയിൽ കണക്ടിവിറ്റി ഏർപ്പെടു ത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി IPRCL-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാലയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിൽ കൊല്ലം തുറമുഖം ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന 1.12 കി.മീറ്റർ നീളമുള്ള കൊല്ലം-കൊച്ചുപിലാമൂട് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി. ടി റോഡ് യാഥാർത്ഥ്യമായതോടെ തുറമുഖത്തുനിന്നുള്ള ചരക്കുനീക്കം സുഗമമാക്കാനും പ്രദേശ വാസികൾക്ക് ഗതാഗത സൗകര്യത്തിനും ഉപയോഗപ്പെടുന്നതാണ്. കണ്ടെയ്നർ ഹാന്റ്ലിംഗ്, ക്രയിൻ, റിച്ച്സ്റ്റാക്കർ, വേബ്രിഡ്ജ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ടഗ്ഗ് വാങ്ങിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് വി.ടി.എം.എസ്. സ്ഥാപിച്ചു. വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ മൊബൈൽ ക്രയിൻ വാങ്ങി. കൊല്ലം തുറമുഖത്ത് വി.ടി.എം.എസ്. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പുതുതായി 450 HP ടഗ്ഗ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കപ്പലുകളിലും തുറമുഖങ്ങളിലും പാലിച്ചിരിക്കേണ്ട രാജ്യാന്തര തലത്തിൽ അംഗീകരിക്കപ്പെട്ടതും അനുവർത്തിക്കുന്നതുമായ സുരക്ഷാ മാനദണ്ഡങ്ങളാണ് ഇന്റർനാഷണൽ ഷിപ്പ് & പോർട്ട് സെക്യൂരിറ്റി ഫെസിലിറ്റി കോഡ്

(ഐ.എസ്.പി.എസ്. കോഡ്). വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കൊല്ലം തുറമുഖത്ത് ഇ.ഡി.ഐ. സംവിധാനം നിലവിലുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചെറുകിട തുറമുഖങ്ങളുടെ ശേഷി**

190 (4224) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷം വകയിരുത്തിയ 608 കോടി രൂപയിൽ നാളിതുവരെ എത്ര ചെലവായിട്ടുണ്ട്; തുറമുഖങ്ങൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) ആനുപാതികമായ നിരക്കിൽ പ്രസ്തുത തുക വിനിയോഗിക്കാൻ കഴിയാത്തതിന്റെ കാരണങ്ങളെ സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ?

ഉത്തരം

(എ) തുറമുഖങ്ങളുടെ വികസനത്തിനായി കണ്ടെയ്നർ ഹാന്റ്ലിംഗ് ക്രയിൻ, റീച്ച് സ്റ്റാക്കർ, വേബ്രിഡ്ജ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ ടഗ്ഗ് വാങ്ങിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പുതുതായി 450 HP ടഗ്ഗ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് വി.ടി.എം.എസ്. സ്ഥാപിച്ചു. വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ മൊബൈൽ ക്രയിൻ വാങ്ങി. കൊല്ലം തുറമുഖത്ത് വി.ടി.എം.എസ്. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളായ നീണ്ടകര, കായംകുളം, പൊന്നാനി, വടകര, തലശ്ശേരി, കണ്ണൂർ, ചെറുവത്തൂർ, നീലേശ്വരം, മഞ്ചേശ്വരം, കാസർഗോഡ്, അഴീക്കൽ, തങ്കശ്ശേരി, വിഴിഞ്ഞം, ബേപ്പൂർ, വലിയതുറ എന്നീ തുറമുഖങ്ങളുടെ കരയിലേയും കടലിലേയും അടിസ്ഥാന സൗകര്യ വികസനവും അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കൽ, ആലപ്പുഴയിൽ ബീച്ച് മറീന, ആലപ്പുഴ ഹെറിറ്റേജ് മ്യൂസിയം, വലിയതുറ പോർട്ട് ശക്തിപ്പെടുത്തൽ, മറ്റ് തുറമുഖങ്ങളുടെ പശ്ചാത്തല വികസനത്തിനും ക്യാപ്പിറ്റൽ

മെയിന്റനൻസിനും ആവശ്യമായ പ്രവൃത്തികൾ നടപ്പിലാക്കൽ എന്നിവയ്ക്കും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചരക്കുകൾ റോഡ് മാർഗ്ഗത്തിൽ നിന്നും കടൽമാർഗ്ഗം ആക്കുന്നതിനായി ചരക്ക് ഗതാഗതത്തിനായി ആകർഷകമായ പ്രോൽസാഹനം, സബ്സിഡി പദ്ധതികൾ, ജലവാഹനങ്ങൾ നിർമ്മിക്കുന്നതിനായി സാമ്പത്തികസഹായം, തീരദേശ കപ്പൽ ഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിനായി കരുതൽ ധനം സമാഹരിക്കുക, തീരദേശ ഗതാഗതത്തിനുള്ള കപ്പൽ വാടകക്കെടുക്കുക, വേഗത കൂടിയ കറ്റാമറൈൻ സംഭരിക്കുക, പരിശോധനാ ബോട്ടുകൾ വാങ്ങുക എന്നീ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇവയിൽ ആലപ്പുഴ തീരദേശ യാത്രാ കപ്പൽ സർവ്വീസിനുവേണ്ടി പാസഞ്ചർ ടെർമിനലായിട്ടാണ് വികസിപ്പിക്കുന്നത്. പൊന്നാനി തുറമുഖം പി.പി.പി. മാതൃകയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് വികസിപ്പിക്കുന്നത്.

(ബി) 2017-18 സാമ്പത്തിക വർഷം തുറമുഖ വകുപ്പിന്റെ പദ്ധതി വിഹിതമായി 117.86 കോടി രൂപയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിന് 200 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. തുറമുഖ വകുപ്പിൽ ഇതുവരെ 187.31 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചെറുകിട തുറമുഖങ്ങൾക്കായി 23 ലക്ഷം രൂപയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനായി 175 കോടി രൂപയും അഴീക്കൽ തുറമുഖത്തിനായി 5 കോടി രൂപയും തങ്കശ്ശേരി തുറമുഖത്തിനായി 6.36 കോടി രൂപയും കോഴിക്കോട് ബേപ്പൂർ തുറമുഖങ്ങൾക്കായി 14 ലക്ഷം രൂപയും ചെലവായിട്ടുണ്ട്.

(സി) തുറമുഖ വകുപ്പിലെ പല പ്രോജക്ടുകളും സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഏറ്റെടുക്കുന്നത്. പഠന റിപ്പോർട്ടുകൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എന്നിവ ലഭിക്കുന്നതിനുള്ള കാലതാമസവും ടെണ്ടർ നടപടിക്രമങ്ങളും പദ്ധതികൾ നടപ്പാക്കുമ്പോഴുണ്ടാകുന്ന കാലാവസ്ഥ പ്രശ്നങ്ങളും പ്രോജക്ടുകളുടെ നടത്തിപ്പിനെ സാരമായി ബാധിക്കുന്നുണ്ട്.

**തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് അറവുശാല**

191 (4225) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നഗരസഭ പരിധിയിൽ വരുന്ന തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം നഗരസഭയ്ക്ക് അറവുശാല സ്ഥാപിക്കാൻ സൗജന്യമായി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളതെന്നും അതിന്റെ ഫയൽ നമ്പർ എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തലശ്ശേരി നഗരസഭ പരിധിയിൽ വരുന്ന തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം നഗരസഭയ്ക്ക് അറവുശാല സ്ഥാപിക്കാൻ സൗജന്യമായി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ തുറമുഖ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് തുറമുഖ വകുപ്പിന്റെ 2391/E2/13/F&PD എന്ന ഫയലിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**അഴീക്കൽ തുറമുഖ നിർമ്മാണം**

192 (4226) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖ നിർമ്മാണത്തിന് കൺസൾട്ടന്റിനെ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തുറമുഖ നിർമ്മാണം ആരംഭിക്കുവാനാവശ്യമായ മണ്ണ് പരിശോധന, ജലപരിശോധന എന്നിവ പൂർത്തിയായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയുടെ ആകെ അടങ്കൽതുക എത്രയെന്നും കിഫ്ബിയിൽ ഉൾപ്പെടുത്തിയാണോ പദ്ധതി നടപ്പിലാക്കുന്നതെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത തുറമുഖത്തിന്റെ രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) തുറമുഖ കമ്പനി രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആഗോള ടെണ്ടർ ക്ഷണിച്ചതനുസരിച്ച് സാങ്കേതിക പരിശോധയിൽ ഉയർന്ന സ്കോർ ലഭിച്ച HOWE Engineering India Projects Ltd.-ന്റെ ടെണ്ടർ 6-3-2018-ൽ ടെണ്ടർ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. മറ്റ് നിയമപരമായ പരിശോധനകൾക്കുശേഷം HOWE Engineering India Projects Ltd-മായി കരാറിൽ ഏർപ്പെടുന്നതാണ്.

(ബി) ഇല്ല.

(സി) 496 കോടി രൂപ മുതൽമുടക്കിൽ കിഫ്ബി മുഖാന്തരം അഴീക്കൽ തുറമുഖത്തിന്റെ ആദ്യഘട്ട വികസനത്തിനാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) അഴീക്കൽ തുറമുഖ വികസനത്തിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രത്യേകോദ്ദേശ്യ കമ്പനി (SPV) രൂപീകരിക്കുന്നതിന് അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക കമ്പനി രൂപീകരണത്തിന് അപേക്ഷ കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിന് സമർപ്പിക്കുകയും 6-3-2018-ൽ 'അഴീക്കൽ പോർട്ട് ലിമിറ്റഡ്' എന്ന കമ്പനിക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ കടവുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ

193 (4227) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോട് ജില്ലയിലെ കടവുകളിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്റർവ്യൂ നടത്തിയിട്ടാണോ ഇവരെ നിയമിച്ചതെന്നും എത്ര പേർ ഇന്റർവ്യൂവിൽ പങ്കെടുത്തുവെന്നും ഇന്റർവ്യൂ നടത്തിയതാരാണെന്നും വ്യക്തമാക്കാമോ;

(സി) ഇന്റർവ്യൂവിൽ എത്ര പേരെ തെരഞ്ഞെടുത്തുവെന്നും ഇവരെ ഏതെല്ലാം കടവുകളിൽ നിയമിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) ഇന്റർവ്യൂവിൽ പങ്കെടുത്തവരെ തെരഞ്ഞെടുക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെയും തെരഞ്ഞെടുക്കപ്പെട്ടവരുടെയും യോഗ്യതകളും പരിചയസമ്പത്തും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 14 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് പോർട്ട് ഓഫീസർ, കാസർഗോഡ് പോർട്ട് കൺസർവ്വേറ്റർ എന്നിവർ 150 അപേക്ഷകരിൽനിന്നും ഇന്റർവ്യൂ നടത്തിയാണ് 14 പേരെ നിയോഗിച്ചിരിക്കുന്നത്.

(സി) 14 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. കൈതക്കാട്, മടക്കര, അച്ചാംതുരുത്തി, തളങ്കര, ചളിയംകോട്, മൊഗ്രാൽ പുത്തൂർ, മഞ്ചേശ്വരം, ഓരിക്കടവ് എന്നീ കടവുകളിലായി 12 ആളുകളേയും രണ്ട് പേരെ ഓഫീസ് വർക്കിനും നിയോഗിച്ചിട്ടുണ്ട്.

(ഡി) എസ്.എസ്.എൽ.സി.-യും കമ്പ്യൂട്ടർ പരിജ്ഞാനവും.

(ഇ) ഇന്റർവ്യൂവിൽ പങ്കെടുത്തവരിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് എസ്.എസ്.എൽ.സി.-യും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യതയായി നിശ്ചയിച്ചത്. ഈ യോഗ്യതയുള്ളവരെയാണ് തെരഞ്ഞെടുത്തത്.

**തീരദേശ കപ്പൽ ഗതാഗത പദ്ധതി**

194 (4228) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് ഗതാഗതത്തിന്റെ 20 ശതമാനം തീരക്കടലിലൂടെയും കനാലുകളിലൂടെയുമായി മാറ്റുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള ഡ്രഡ്ജിംഗ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്ന തുറമുഖങ്ങളുടെ വികസനപ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിലെ ചരക്ക് ഗതാഗതത്തിന്റെ 20% തീരക്കടലിലൂടെ ആക്കിമാറ്റുന്നതിനുള്ള തീരദേശ കപ്പൽ ഗതാഗത പദ്ധതി 2013 നവംബർ മുതൽ ഘട്ടം ഘട്ടമായി നടപ്പാക്കിവരുന്നു.

(ബി) തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിന് മാനുവൽ ഡ്രഡ്ജിംഗും മെക്കാനിക്കൽ ഡ്രഡ്ജിംഗും സർക്കാർ അവലംബിക്കുന്നുണ്ട്. 2011-12 സാമ്പത്തിക വർഷം മുതൽ ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ, കൊല്ലം തുടങ്ങിയ തുറമുഖങ്ങളിൽ കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം മെക്കാനിക്കൽ ഡ്രഡ്ജിംഗ് നടത്തിവരുന്നുണ്ട്. ഇപ്പോൾ അഴീക്കൽ, കൊടുങ്ങല്ലൂർ തുറമുഖങ്ങളിൽ ടി പ്രവൃത്തി നടന്നുവരികയാണ്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായി കൊല്ലം തുറമുഖത്തിന്റെ ആഴം 10 മീറ്ററായും ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ ആഴം 5-6 മീറ്ററായി വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 19 കോടി രൂപ മുതൽ മുടക്കിൽ ഒരു കട്ടർ സക്ഷൻ ഡ്രെഡ്ജർ വാങ്ങിയിട്ടുണ്ട്. കാസർഗോഡ്, മഞ്ചേശ്വരം, നീലേശ്വരം, അഴീക്കൽ, വടകര, പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിലാണ് മാനുവൽ ഡ്രഡ്ജിംഗ് നടത്തി വരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തരം പരിചയ സമ്പന്നരായ മാനുവൽ

ഡ്രഡ്ജിംഗ് തൊഴിലാളികളെ ഉപയോഗിച്ച് മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള നയം 9-2-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 2/2017 /മ.ഇ.വ. പ്രകാരം നടപ്പിൽ വരികയും ആയതിൻ പ്രകാരം മാന്വൽ ഡ്രഡ്ജിംഗ് കുറ്റമറ്റ രീതിയിൽ നടന്നുവരികയും ചെയ്യുന്നു.

(സി) കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെയാണ് നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തന സജ്ജമാക്കിയിരിക്കുന്നത്. അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി 2018-19 സാമ്പത്തിക വർഷം പൂർണ്ണ തോതിൽ ആരംഭിക്കുന്നതാണ്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖത്ത് 40 ഫീറ്റ് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വി.ടി.എം.എസ്. മുതലായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിനായി ശേഷിയുള്ള ടഗ്ഗുകൾ വളരെ അത്യാവശ്യമാണ്. ഇതിനായി എം.ടി. കേരളം, എം.ടി. മലബാർ തുടങ്ങിയ ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ക്ലിയറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലും കസ്റ്റംസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ immigration /Plant Quarantine Clearance-ന് ആവശ്യമായ സ്ഥിരം സൗകര്യം ഏർപ്പാടാക്കുന്നതിനു വേണ്ട അനുമതി കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കാൻ ശ്രമിച്ചുവരുന്നു.

## തുറമുഖങ്ങളിൽ യന്ത്രവൽകൃതമല്ലാത്ത മണ്ണുനീക്കലിന് ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ

195 (4229) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോൺ മേജർ പോർട്ടുകളിൽ ചാനലിലെയും ബേസിനിലെയും ആഴം നിലനിർത്തുന്നതിനായി നടത്തുന്ന യന്ത്രവൽകൃതമല്ലാത്ത മണ്ണുനീക്കലിന് നേരത്തെ ഉണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്തമായി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ അറിയിക്കാമോ;

(ബി) ഇപ്രകാരം ലഭിക്കുന്ന മണലിന്റെ വില്പനയിലുള്ള അഴിമതി അവസാനിപ്പിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(സി) തുറമുഖ വകുപ്പിന് സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ, തുറമുഖങ്ങളുടെ ആഴം നിലനിർത്തുന്നതിനും പാരിസ്ഥിതികാഘാതമില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ട മണൽ ലഭ്യമാക്കുന്നതിനും സഹായകരമായ സംവിധാനം അഴിമതിരഹിതമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താനായി വകുപ്പുതല മേൽനോട്ട നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 31-3-2017 വരെ സഹകരണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘങ്ങളാണ് തുറമുഖ പരിധിയിലെ മാനുവൽ ഡ്രഡ്ജിംഗ് നടത്തിയിരുന്നത്. എന്നാൽ 9-2-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 2/2017/മ.തു.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളെ മാനുവൽ ഡ്രഡ്ജിംഗിൽ നിന്ന് ഒഴിവാക്കി. അതിനുപകരം അതത് തുറമുഖ മേഖലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ തദ്ദേശീയരായ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് അവർ മുഖാന്തരം മാനുവൽ ഡ്രഡ്ജിംഗ് നടത്തുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്.

(ബി) സഹകരണ സംഘങ്ങൾ വഴിയുള്ള മണൽ വിൽപ്പനയിലുണ്ടായിരുന്ന അഴിമതി തടയുന്നതിനാണ് പുതിയ നയം രൂപീകരിച്ചത്. ഇതുപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് മാനുവൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള അവകാശം ലഭിച്ചിരിക്കുന്നത്. തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിൽ നിശ്ചിതമായ രേഖകൾ സഹിതം മണൽ ബുക്ക് ചെയ്യുന്നവർക്ക് മാത്രമേ ഇപ്പോൾ മണൽ അനുവദിച്ചു നൽകുന്നുള്ളൂ. കൂടാതെ വരുമാനം തുറമുഖ വകുപ്പിന്റെ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ഇതിനുപുറമേ തുറമുഖം, റവന്യൂ, തദ്ദേശസ്വയംഭരണം പോലീസ്, എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ കർശനമായ നിരീക്ഷണവും നടത്തുന്നുണ്ട്.

(സി) ഉണ്ട്. സർക്കാരിന്റെ 8-9-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 29/2016/മ.തു.വ. ഉത്തരവ് പ്രകാരം മാനുവൽ ഡ്രഡ്ജിംഗ് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പോർട്ട് ഓഫീസർ, സ്ഥലം എം.എൽ.എ., സി.ഡബ്ല്യൂ.ആർ.ഡി.എം. പ്രതിനിധി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മുൻസിപ്പൽ ചെയർമാൻ/ചെയർ പേഴ്സൺ എന്നിവരെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പി.പി.പി. മോഡലിൽ ഒരു മണൽ ശുദ്ധീകരണ പ്ലാന്റ് പൊന്നാനിയിൽ ആരംഭിച്ചിട്ടുണ്ട്. മറ്റ് കടവുകളിലും സമാന രീതിയിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## കുട്ടിക്കാനത്തെ വേനൽക്കാല കൊട്ടാരം

196 (4230) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ രാജവംശത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതും വേനൽക്കാലങ്ങളിൽ രാജവംശം താമസിച്ചിരുന്നതുമായ കുട്ടിക്കാനത്തെ വേനൽക്കാല കൊട്ടാരം സർക്കാരിന്റെ ഉടമസ്ഥതയിലല്ലെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉടമസ്ഥത ആർക്കാണെന്നറിയിക്കുമോ;

(ബി) രാജഭരണകാലത്തെ കൊട്ടാരങ്ങളും മറ്റ് സ്ഥാപനങ്ങളും വസ്തുവകകളും ജനായത്തഭരണത്തിൽ സംസ്ഥാന സർക്കാരിലേക്ക് എത്തിച്ചേർന്നപ്പോൾ എന്തു കൊണ്ടാണ് ഈ കൊട്ടാരത്തിന്റെ മാത്രം ഉടമസ്ഥാവകാശം സർക്കാരിന് ലഭിക്കാതെ പോയതെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ കൊട്ടാരം ഉൾപ്പെടെ എത്ര സ്ഥലമായിരുന്നു രാജാവിന് ഉണ്ടായിരുന്നതെന്നും എങ്ങനെയാണ് ഇത് സ്വകാര്യവ്യക്തിക്ക് ലഭ്യമായതെന്നും വ്യക്തമാക്കുമോ;

(ഡി) ചരിത്ര പ്രാധാന്യമുള്ള ഒട്ടേറെ രാജകീയ ശാസനങ്ങൾ പുറപ്പെടുവിക്കപ്പെട്ട സ്ഥലം എന്ന നിലയിൽ, ഏറെ ചരിത്ര പ്രാധാന്യമുള്ള പ്രസ്തുത സ്ഥലം പുരാവസ്തു വകുപ്പ് ഏറ്റെടുക്കാനും തകർന്നുവീഴാറായ കൊട്ടാരം അറ്റകുറ്റപ്പണി നടത്തി സംരക്ഷിത സ്മാരകമായി നിലനിർത്താനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില്ലേജ് ബി.ടി.ആർ. പ്രകാരം സർക്കാർ തരിശ്ശായി 38.6078 ഹെക്ടർ സ്ഥലവും സർക്കാർ പുറമ്പോക്കായി 34.5002 ഹെക്ടർ സ്ഥലവും ചേർത്ത് 73.1080 ഹെക്ടർ സ്ഥലം കൊട്ടാരം വക എന്ന് രേഖപ്പെടുത്തി സർക്കാർ ഭൂമിയിനത്തിൽ ചേർത്തിട്ടുള്ളതാണ്. നിലവിൽ വിവിധ തണ്ടപ്പേരുകളിലായി 9.7165 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളുടെ പേരിൽ വില്ലേജ് റിക്കോർഡിൽ ഉൾപ്പെട്ടിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ പറയുന്നു. 2.7327 ഹെക്ടർ സ്ഥലം ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ ആതുരാശ്രമത്തിൽ താമസം വിദ്യാധിരാജ ബ്രഹ്മാശ്രമം മാനേജിംഗ് ട്രസ്റ്റിയും മഠാധിപതിയുമായ സ്വാമി ആതുരദാസ് (പീരുമേട് വില്ലേജ്, തണ്ടപ്പേർ 2826) 6.8825 ഹെക്ടർ സ്ഥലം റീഗൽ റിസോർട്ട് ലിമിറ്റഡ് (പീരുമേട് വില്ലേജ്, തണ്ടപ്പേർ നമ്പർ 5054) 4.05 ആർ.- തൊടുപുഴ വില്ലേജ് നടയ്ക്കൽ വീട്ടിൽ സക്കീർ

മുഹമ്മദ് മകൻ പി. കാസിം (പീരുമേട് വില്ലേജ്, തണ്ടപ്പേർ നമ്പർ - 8448) 3.3 ആർ. സ്ഥലം- തൊട്ടുപുഴ വില്ലേജ് കുറുന്തോട്ടത്തിൽ പരമേശ്വരൻ മകൻ ബാബു പരമേശ്വരൻ (പീരുമേട് വില്ലേജ്, തണ്ടപ്പേർ നമ്പർ- 8449) 3.3 ആർ. സ്ഥലം- തൊട്ടുപുഴ വില്ലേജ് പുളിമൂട്ടിൽ ജോസഫ് സ്റ്റീഫൻ മകൻ ലൂക്കാ സ്റ്റീഫൻ (പീരുമേട് വില്ലേജ്, തണ്ടപ്പേർ നമ്പർ - 8450) ടി സ്ഥലങ്ങൾ സ്വകാര്യ വ്യക്തികളുടെ കൈവശത്തിൽ വന്നുചേർന്നതിന്റെ ആധികാരിക രേഖ പരിശോധനയിൽ ലഭ്യമായിട്ടില്ലായെന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പരിശോധിക്കാവുന്നതാണ്.

## കേന്ദ്ര പുരാവസ്തു വകുപ്പ്

197 (4231) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പുരാവസ്തു വകുപ്പ് വിവിധ പ്രവൃത്തികൾക്കായി കേരളത്തിന് 2015-16, 2016-17 വർഷങ്ങളിൽ അനുവദിച്ച ഗ്രാന്റ് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഗ്രാന്റുപയോഗിച്ച് വകുപ്പ് നടത്തിവരുന്നതും പൂർത്തീകരിച്ചതുമായ പ്രവൃത്തികൾ വിശദമാക്കുമോ;

(സി) ഈ ഗ്രാന്റിന്റെ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന പുരാവസ്തു വകുപ്പിന് കേന്ദ്ര പുരാവസ്തു വകുപ്പിൽ നിന്നും ഗ്രാന്റ് അനുവദിച്ചിട്ടില്ല.

## മാവേലിക്കര മണ്ഡലത്തിൽ മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പിന്റെ സ്ഥാപനങ്ങൾ

198 (4232) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ, മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പിന്റെ അധീനതയിലുള്ള വസ്തുവകകളുടെയും സ്ഥാപനങ്ങളുടെയും വിശദവിവരം ലഭ്യമാക്കാമോ;

(ബി) അവയുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര ബുദ്ധ വിഗ്രഹം, ഭരണിക്കാവ് ബുദ്ധ വിഗ്രഹം എന്നിവയാണ് മാവേലിക്കര മണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ. ഇവയുടെ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ യഥാസമയം വകുപ്പ് നടത്തിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം പ്രസ്തുത സ്മാരകങ്ങളുടെ സംരക്ഷണത്തിനായി തുക വിനിയോഗിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ പദ്ധതി**

199 (4233) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഷ്ടത്തിൽ പ്രവർത്തിയ്ക്കുന്ന കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിയ്ക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി-യ്ക്ക് നിരത്തിൽ ഓടുന്നതിനായി ബസ്സുകളുടെ കുറവുണ്ടോ; വിശദമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി-യിൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ഒഴിവുകൾ ഉണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ. ടി.സി.-യുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നങ്ങൾ പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽഖന്നയെ നിയമിക്കുകയും അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ

ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ചും ബൈപ്പാസ് റോഡുകൾ ഉപയോഗപ്പെടുത്തിയും കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്നപേരിൽ പുതിയതരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുനഃരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിനുശേഷം ശരാശരി 78% ആയിരുന്ന fleet utilization ഇപ്പോൾ 87% ആയി ഉയർന്നിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം idling ആയിരുന്ന ബസ്സുകളുടെ എണ്ണം ആനുപാതികമായി കുറഞ്ഞതുകാരണവും കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കഴിഞ്ഞതുമൂലവും 50 ലക്ഷം രൂപയുടെ വർദ്ധനവ് പ്രതിദിനം ലഭ്യമായിട്ടുണ്ട്. കൂടാതെ മെക്കാനിക്കൽ വിഭാഗത്തിലെ ജോബ് നോംസ് ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെട്ട

ത്തിയിട്ടുണ്ട്. ഓഫ് റോഡ് നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിലേയ്ക്കായി ഫ്ലോട്ട് സംവിധാനത്തിൽ വാഹന ഘടകങ്ങൾ സ്പെയർ ആയി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. ഗ്യാരേജ് നവീകരണത്തിനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ആധുനിക ഉപകരണങ്ങളായ Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ക്ലാസ് വിഭാഗത്തിൽപ്പെടുന്നവയിൽ കാലാവധി കഴിയുന്ന മുറയ്ക്ക് മാറ്റുന്നതിലേയ്ക്ക് കുറവുണ്ട്. ഇതിനായി പുതുതായി 100 പൂർണ്ണ നിർമ്മിത ബസുകൾ വാങ്ങുന്നതിനായി ഓർഡർ നൽകുകയും ഇതിൽ 20 എണ്ണം നിരത്തിലിറക്കുകയും ചെയ്തു. കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിന് 500 ബസുകളടക്കം 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും 324 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) കണ്ടക്ടർ തസ്തികയിൽ നിലവിൽ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം അവശേഷിക്കുന്ന 522 എണ്ണവും 2017-ലെ പ്രതീക്ഷിത ഒഴിവുകളായ 219 എണ്ണവും ഉൾപ്പെടെ ആകെ 741 ഒഴിവുകളുണ്ട്. ഡ്രൈവർ തസ്തികയിൽ 01/2017 മുതൽ 12/2017 വരെയുള്ള 765 പ്രതീക്ഷിത ഒഴിവുകളുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി.-യെ പുനഃരുദ്ധരിക്കുന്നതിനുവേണ്ടി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട പ്രൊഫ. സുശീൽഖന്നയുടെ അന്തിമ റിപ്പോർട്ടിനു വിധേയമായി ജീവനക്കാരുടെ അനുപാതം ക്രമപ്പെടുത്തിയതിനു ശേഷം മാത്രമേ മേൽ പ്രസ്താവിച്ച ജീവനക്കാരുടെ ഒഴിവ് സംബന്ധിച്ച് അന്തിമ നടപടി കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

**സംസ്ഥാനത്തെ ബസ് റൂട്ടുകൾ**

200 (4234) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യും പ്രൈവറ്റ് മേഖലയുമുൾപ്പെടെ എത്ര ബസ്സ് റൂട്ടുകളാണ് ഉള്ളത്; വിശദവിവരം നൽകുമോ;

(ബി) ഇതിൽ കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകൾ എത്ര; പ്രൈവറ്റ് ബസ്സ് റൂട്ടുകൾ എത്ര ;

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ കണക്കുകൾ പരിശോധിച്ചാൽ ബസ്സുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) 12705 റൂട്ടുകൾ.

(ബി) പ്രൈവറ്റ്-9615.

കെ.എസ്.ആർ.ടി.സി. -3090 കെ.എസ്.ആർ.ടി.സി.-ക്ക് ഒരു റൂട്ടിൽത്തന്നെ ഒന്നിലധികം പെർമിറ്റുകളുണ്ട്. മാത്രമല്ല ഏരിയ പെർമ്മിറ്റുകൾ എന്ന തരത്തിലും കെ.എസ്.ആർ.ടി.സി.-ക്ക് റൂട്ടുകളിൽ പെർമിറ്റ് ലഭിച്ചിട്ടുണ്ട്. ആയതിനാൽ പെർമിറ്റ് റൂട്ടുകളും നിലവിൽ സർവ്വീസ് നടത്തുന്ന റൂട്ടുകളും തമ്മിൽ വ്യത്യാസമുണ്ടാകാൻ സാധ്യതയുണ്ട്.

(സി) ബസുകളുടെ എണ്ണത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കുറവുണ്ടായിട്ടുണ്ട്.

**ഇലക്ട്രിക്കൽ ബസ് സർവ്വീസിന് നടപടി**

201 (4235) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളിലെ ടൗൺ സർവ്വീസ് ബസ്സുകൾ മുഴുവൻ ഇലക്ട്രിക്കൽ ബസ്സുകൾ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഓരോ ബസ്സിനും കേന്ദ്രസർക്കാർ വൻതോതിൽ സബ്സിഡി നൽകുമെന്നിരിക്കെ ആന്ധ്രപ്രദേശിലെപ്പോലെ ടൗൺ സർവ്വീസുകൾ പൂർണ്ണമായും ഇലക്ട്രിക്കൽ ബസ്സുകൾ ആക്കുന്നതിന് തടസ്സമെന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(സി) ഇന്ധനലാഭവും പാരിസ്ഥിതിക സൗഹൃദവുമായതിനാൽ ഇലക്ട്രിക്കൽ ബസ്സുകൾ നിരത്തിലിറക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കേരളത്തിലെ നിരത്തുകളിൽ ഇലക്ട്രിക്കൽ ബസ്സുകൾക്ക് എത്രത്തോളം പ്രായോഗികക്ഷമതയുണ്ടാകും എന്നുള്ള കാര്യത്തിൽ ഇതുവരെ യാതൊരു പഠനവും നടത്തിയിട്ടില്ല. ഈ വിഷയത്തിൽ കൃത്യമായ പഠനം നടത്തിയതിനുശേഷം മാത്രമേ ടൗൺ സർവ്വീസുകൾ പൂർണ്ണമായും ഇലക്ട്രിക്കൽ ബസ്സുകൾ ആക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ, കേരള മോട്ടോർ വാഹന ചട്ടത്തിലും ഭേദഗതി വരുത്തേണ്ടതുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ മേഖലകളായി തിരിക്കൽ**

202 (4236) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി - സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.-യെ മേഖലകളായി തിരിച്ച് ആഭ്യന്തരമത്സരം വർദ്ധിപ്പിച്ച് വരുമാന വർദ്ധനവിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടി പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

പരിഗണനയിലുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള പ്രൊഫ. സുശീൽഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശകളിലെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി, 1-4-2017-ൽ മുഖ്യമന്ത്രി തൊഴിലാളി സംഘടനാ പ്രതിനിധികളുമായി കൂടിയ യോഗത്തിൽ, കെ.എസ്.ആർ.ടി.സി.-യെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് ഓരോ മേഖലയുടെയും ചുമതല എം.ബി.എ. ഡിഗ്രി, പത്തുവർഷ പ്രവൃത്തി പരിചയം എന്നീ യോഗ്യതകൾ ഉള്ള ഓരോ എക്സിക്യൂട്ടീവ് ഡയറക്ടറെ ഏൽപ്പിക്കാൻ തീരുമാനിച്ചിരുന്നു. കെ.എസ്.ആർ.ടി.സി.-യെ മൂന്ന് സോണുകളാക്കി വിഭജിക്കുവാനും നിലവിലെ എക്സിക്യൂട്ടീവ് ഡയറക്ടർമാരെ സോണുകളിൽ വിന്യസിക്കാനും കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേന്ദ്ര വാഹനനിയമവും കെ.എസ്.ആർ.ടി.സി.-യും**

203 (4237) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി - സദയം മറുപടി നൽകുമോ :

(എ) പുതിയതായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കേന്ദ്ര വാഹന നിയമത്തിലെ തേർഡ് പാർട്ടി ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കെ.എസ്.ആർ.ടി.സി.-യെയും അനുബന്ധ വ്യവസായങ്ങളേയും എപ്രകാരമാണ് ബാധിക്കുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ഈ പ്രശ്നം മറികടന്ന് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു സ്റ്റേറ്റ് ട്രാൻസ്പോർട്ട് പോളിസിക്ക് രൂപം നൽകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 10-4-2017-ൽ ലോക്സഭ പാസ്സാക്കിയ Motor Vehicles (Amendment) Bill No. 214-C of 2016-ൽ തേർഡ് പാർട്ടി ഇൻഷ്വറൻസ് സംബന്ധിച്ച് ചാപ്റ്റർ XI-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ 90% ബസ്സുകൾക്കും ഇൻഷ്വറൻസ് പരിരക്ഷയുണ്ട്. തേർഡ് പാർട്ടി ഇൻഷ്വറൻസ് സംബന്ധിച്ച ഭേദഗതി കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഇൻഷ്വറൻസ് പരിരക്ഷയെ, നിലവിലുള്ള ഇൻഷ്വറൻസ് പോളിസി അനുസരിച്ച് ബാധിക്കുന്നില്ല.

(സി) പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി**

204 (4238) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി - സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എതെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) മാനേജ്മെന്റ് സ്വീകരിക്കുന്ന നടപടികൾക്കെതിരെ ട്രേഡ് യൂണിയനുകൾ എതിർപ്പുകളുമായി രംഗത്ത് വരുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രതിസന്ധികൾ പരിഹരിക്കുവാനും, പ്രശ്നപരിഹാരത്തിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുവാനും മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽഖന്നയെ നിയമിക്കുകയും അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. 9% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും

3350 കോടി രൂപ അനുവദിക്കാമെന്ന് ബാങ്കുകളുടെ കൺസോർഷ്യം തത്വത്തിൽ സമ്മതിച്ചുകഴിഞ്ഞു. ഇത് യാഥാർത്ഥ്യമായാൽ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുനരുദ്ധാരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി.-യുടെ മാനേജ്മെന്റ് തലത്തിൽ കരാർ അടിസ്ഥാനത്തിൽ പ്രൊഫഷണലുകളെ സർക്കാർ നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേണിൽ പുനഃക്രമീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ പുനഃരുദ്ധാരണം സംബന്ധിച്ച് പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നോഡൽ ഓഫീസറായി കോർപ്പറേഷനിലെ ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ)-നെ ചുമതല പെടുത്തിയിട്ടുണ്ട്. കൂടാതെ, കാലാവധി പൂർത്തിയാക്കിയ പഴയ ബസ്സുകൾ മാറ്റുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസ്സുകൾ വാങ്ങുന്നതിന് KIIFB-യിൽ നിന്നും 324 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) കോർപ്പറേഷന്റെ പുനഃരുദ്ധാരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഡ്യൂട്ടി പാറ്റേൺ പരിഷ്കരണങ്ങളോട് തൊഴിലാളി സംഘടനകൾ തങ്ങളുടെ വിയോജിപ്പ് അറിയിക്കുകയുണ്ടായിട്ടുണ്ട്. കൂടാതെ ചില തൊഴിലാളി സംഘടനകൾ ഇതുമായി ബന്ധപ്പെട്ട് പ്രക്ഷോഭത്തിലുമാണ്. ഇത് രമ്യമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും കോർപ്പറേഷനെ പുനഃരുദ്ധരിക്കുന്നതിനുമായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽഖന്ന സമർപ്പിച്ച കരട് പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ മുൻഗണനാ ക്രമത്തിൽ കോർപ്പറേഷനിൽ നടപ്പിലാക്കുന്നതിന് തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചാ യോഗങ്ങൾ നടത്തുകയും റിപ്പോർട്ടിലെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നോഡൽ ഓഫീസറായി കോർപ്പറേഷനിലെ ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ)-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് സഹായ വിതരണം**

205 (4239) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. പെൻഷൻ മുടങ്ങിയത് കാരണം ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പെൻഷൻ യഥാസമയം വിതരണം ചെയ്യാത്തതു കാരണം ആത്മഹത്യ ചെയ്യേണ്ടിവരുന്ന ഗുരുതര സാഹചര്യം വിലയിരുത്തുന്നതിന് ഏതെങ്കിലും ഉന്നതതല യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി പെൻഷൻകാർ മരണപ്പെട്ടിട്ടുണ്ട്. എന്നാൽ ടി മരണങ്ങൾ പെൻഷൻ കിട്ടാത്തതുമൂലമുള്ള ആത്മഹത്യയാണോയെന്ന് വ്യക്തമല്ല.

(ബി) ഉത്തരം എ-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക വിതരണം

206 (4240) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയാണ് വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കാമോ; പെൻഷൻ കുടിശ്ശിക സുഗമമായി എന്ന് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുടിശ്ശിക പെൻഷൻ വിതരണം നടത്തിക്കഴിഞ്ഞു.

## കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം

207 (4241) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിലെ വിരമിച്ച ജീവനക്കാർക്ക് മുടങ്ങിയ പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എത്ര മാസത്തെ പെൻഷൻ കുടിശികയാണ് ഉണ്ടായിരുന്നത്; ഇതിൽ എത്ര തുക കൊടുത്തു; വിശദാംശം ലഭ്യമാക്കുമോ;

(സി) പെൻഷൻ തുക സഹകരണ ബാങ്കിൽ നിന്നും കണ്ടെത്തുമ്പോൾ സഹകരണ ബാങ്കുകൾക്ക് ഈ തുക തിരികെ നൽകുന്നതിന് എന്ത് സംവിധാനമാണ് എർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പെൻഷൻ തുക വിതരണം ചെയ്യുന്നതിന് ബജറ്റ് അലോക്കേഷൻ ഉണ്ടോ; ഇല്ലെങ്കിൽ എന്താണ് പകരം സംവിധാനമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ വിരമിച്ച ജീവനക്കാർക്ക് മുടങ്ങിയ പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2017 ഡിസംബർ, 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ മുഴുവൻ പെൻഷനും 2017 ജൂൺ, സെപ്തംബർ മാസങ്ങളിലെ ഭാഗിക പെൻഷനും കുടിശ്ശികയുണ്ടായിരുന്നു. 2018 ഫെബ്രുവരി വരെയുള്ള കുടിശ്ശിക മുഴുവനും കൊടുത്തു തീർത്തിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യ്ക്ക് ഈ വർഷം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയിരം കോടി രൂപയുടെ ധനസഹായത്തിൽ നിന്നും കെ.എസ്.ആർ.ടി.സി. സഹകരണ ബാങ്കുകൾക്ക് ഈ തുക പലിശ സഹിതം തിരികെ നൽകുന്നതാണ്.

(ഡി) സഹകരണ ബാങ്കുകൾ നിലവിലെ കുടിശ്ശിക പെൻഷനും ജൂലൈ 2018 വരെയുള്ള പ്രതിമാസ പെൻഷനും വിതരണം ചെയ്യുമെന്നാണ് അറിയിച്ചിട്ടുള്ളത്. 2018 ജൂലൈ വരെ സഹകരണ ബാങ്കുകൾ വിതരണം ചെയ്യുന്ന പെൻഷൻ തുക സർക്കാർ കെ.എസ്.ആർ.ടി.സി.-യ്ക്ക് ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 1000 കോടി രൂപയിൽ നിന്നും കെ.എസ്.ആർ.ടി.സി. പലിശ സഹിതം സഹകരണ ബാങ്കുകൾക്ക് തിരികെ നൽകുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ നടപടി**

208 (4242) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി-യെ ലാഭത്തിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത നടപടികൾകൊണ്ട് എന്ത് ഫലമാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സി.-യുടെ പ്രശ്നങ്ങൾ പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽഖന്നയെ നിയമിക്കുകയും അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയുമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനഃരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹി പ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേയ്ക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ചും ബൈപ്പാസ് റോഡുകൾ ഉപയോഗപ്പെടുത്തിയും കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകൾ എന്നപേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ

സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുനഃരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിനുശേഷം ശരാശരി 78% ആയിരുന്ന fleet utilization ഇപ്പോൾ 87% ആയി ഉയർന്നിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം idling ആയിരുന്ന ബസ്സുകളുടെ എണ്ണം ആനുപാതികമായി കുറഞ്ഞതുകാരണവും കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കഴിഞ്ഞതുമൂലവും 50 ലക്ഷം രൂപയുടെ വർദ്ധനവ് പ്രതിദിനം ലഭ്യമായിട്ടുണ്ട്. കൂടാതെ മെക്കാനിക്കൽ വിഭാഗത്തിലെ ജോബ് നോംസ് ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓഫ്റോഡ് നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിലേയ്ക്കായി ഫ്ലോട്ട് സംവിധാനത്തിൽ വാഹന ഘടകങ്ങൾ സ്പെയർ ആയി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. ഗ്യാരേജ് നവീകരണത്തിനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ആധുനിക ഉപകരണങ്ങളായ Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 688 ബസുകൾ കോർപ്പറേഷൻ പുതുതായി നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ 100 പൂർണ്ണ നിർമ്മിത ബസുകൾക്ക് ഓർഡർ നൽകിയതിൽ 20 എണ്ണം നിരത്തിലിറക്കി കഴിഞ്ഞു. ഇതു കൂടാതെ പുതിയ 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഡ്യൂട്ടി പുനഃക്രമീകരണം ഉൾപ്പെടെയുള്ള പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ടി നടപടികൾ കാരണം കെ.എസ്.ആർ.ടി.സി. നഷ്ടത്തിലോടിച്ചു വന്നിരുന്ന സർവ്വീസുകൾ പുനഃക്രമീകരിച്ചപ്പോൾ വരുമാന വർദ്ധനവ് ലഭിച്ചിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ കാര്യക്ഷമത കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനും മാനവ വിഭവശേഷി ക്രിയാത്മകമായി ഉപയോഗിക്കുന്നതിനും പുനഃരുദ്ധാരണ പ്രവർത്തന ങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. രൂപീകരണ സമയത്തുണ്ടാക്കിയ കരാർ**

209 (4243) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. രൂപീകരണ സമയത്തുണ്ടാക്കിയ കരാർ അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ കോർപ്പറേഷനിൽ എടുക്കേണ്ടിയിരുന്നതിനായി നിശ്ചയിച്ച ഷെയറിന്റെ അനുപാതവും ഷെയർ വിഹിതം എത്ര തുക വീതമായിരുന്നു എന്നും വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഷെയർ വിഹിതം ഇപ്പോൾ പാലിക്കപ്പെടുന്നുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണ്;

(സി) കെ.എസ്.ആർ.ടി.സി വാങ്ങുന്ന ഡീസലിന് എത്ര ശതമാനം പർച്ചേസ് ടാക്സ് ആണ് നിലവിൽ നൽകേണ്ടിവരുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. രൂപീകരണ സമയത്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കെ.എസ്.ആർ.ടി.സി.-യിൽ എടുക്കേണ്ടിയിരുന്നതിനായി നിശ്ചയിച്ച ഷെയറിന്റെ അനുപാതം 2:1 എന്ന ക്രമത്തിലായിരുന്നു. 1-4-1992 വരെ കേന്ദ്ര സർക്കാർ ഷെയർ വിഹിതമായി 23.21 കോടി രൂപയും സംസ്ഥാന സർക്കാർ ഷെയർ വിഹിതമായി 129.73 കോടി രൂപയും അനുവദിച്ചിരുന്നു. അതിനുശേഷം നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഇല്ല. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻസ് ആക്ട് 1950 പ്രകാരം രൂപീകൃതമായതിനുശേഷം കോർപ്പറേഷൻ സ്വന്തം വരുമാനത്തിൽ പ്രവർത്തിക്കേണ്ടതാണ്.

(സി) കെ.എസ്.ആർ.ടി.സി.-ക്ക് വിതരണം ചെയ്യുന്ന ഡീസലിന് പ്രാദേശിക വിൽപ്പന നികുതി (24.52%) അധിക നികുതി (രൂപ 1/ലിറ്റർ) സാമൂഹ്യ സുരക്ഷ സെസ്സ് (1%) ചേർത്തുള്ള നികുതി തുകയാണ് ഈടാക്കിവരുന്നത്.

## കെ.എസ്.ആർ.ടി.സി. വാഹനങ്ങളിൽ നിന്നുള്ള പുക മലിനീകരണം

210 (4244) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വാഹനങ്ങളിൽനിന്നും നിയന്ത്രണാതീതമായ തോതിൽ പുക മലിനീകരണം ഉണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ബസ്സുകളുടെ പുക മലിനീകരണം പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ; ഇവ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പഴക്കം ചെന്ന ബസ്സുകളുടെ പുക മലിനീകരണം പരിശോധിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിയമാനുസൃതമായ പരിശോധനകളും മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റുകളും ഇല്ലാതെ കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തുന്നില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ എല്ലാ വാഹനങ്ങളുടെയും പുക പരിശോധന ആറ് മാസത്തിലൊരിക്കൽ നിയമപ്രകാരം നടത്തിവരുന്നു. പുക മലിനീകരണം കുറയ്ക്കുന്നതിനും ഇന്ധനക്ഷമത ഉയർത്തുന്നതിനുമായുള്ള ഫ്യൂവൽ മെയിന്റനൻസ് ജോലികൾ യഥാസമയം ചെയ്തുവരുന്നുമുണ്ട്.

(സി) കേന്ദ്ര മോട്ടോർ വാഹന നിയമം 115 (7) പ്രകാരം എല്ലാ വാഹനങ്ങളും രജിസ്റ്റർ ചെയ്ത തീയതി മുതൽ ഒരു വർഷത്തിനുമുമ്പായും തുടർന്ന് ആറ് മാസത്തിലൊരിക്കലും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസിയിൽ പുക പരിശോധന നടത്തി pollution under Control Certificate-മായി മാത്രമേ സർവ്വീസ് നടത്താൻ കഴിയൂ.

**കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസ് നടത്താതെ കിടക്കുന്ന ബസ്സുകൾ**

211 (4245) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിലെ വർക്ക് ഷോപ്പുകളിൽ നിലവിൽ സർവ്വീസ് നടത്താതെ കിടക്കുന്ന ബസ്സുകളുടെ എണ്ണവും ഇനം തിരിച്ചുള്ള വിശദാംശങ്ങളും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ടയർ, സ്പെയർപാർട്സ് മുതലായവ ലഭിക്കാത്തതുമൂലം സർവ്വീസ് നടത്താനാവാത്ത വണ്ടികൾ എത്ര; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 13-3-2018-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ 422 ബസുകൾ വിവിധ ഡിപ്പോകളിലെ വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾക്കായി പിടിച്ചതിനാലും 228 എണ്ണം സ്പെയറായും സർവ്വീസ് നടത്താതെ കിടന്നിരുന്നു. 13-3-2018-ലെ കണക്കനുസരിച്ച് കെ.യു.ആർ.ടി.സി.-യുടെ 209 ബസ്സുകൾ വിവിധ ഡിപ്പോകളിലെ വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾക്കായി പിടിച്ചതിനാലും 79 എണ്ണം സ്പെയറായും സർവ്വീസ് നടത്താതെ കിടന്നിരുന്നു. ബസ്സുകളുടെ എണ്ണവും ഇനം തിരിച്ചുള്ള വിശദാംശങ്ങളും ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 13-3-2018-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽ അറ്റകുറ്റപ്പണികൾക്കായി പിടിച്ച 422 ബസ്സുകളിൽ 237 എണ്ണം ടയർ, സ്പെയർപാർട്സ് മുതലായവ ലഭിക്കാത്തതുമൂലം സർവ്വീസ് നടത്താതെ കിടന്നിരുന്നു. 13-3-2018-ലെ കണക്കനുസരിച്ച് കെ.യു.ആർ.ടി.സി.-യുടെ വിവിധ ഡിപ്പോകളിൽ അറ്റകുറ്റപ്പണികൾക്കായി പിടിച്ച 209 ബസുകളിൽ 171 എണ്ണം ടയർ, സ്പെയർപാർട്സ് മുതലായവ ലഭിക്കാത്തതുമൂലം സർവ്വീസ് നടത്താതെ കിടന്നിരുന്നു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ബസ് ചാർജ്ജ് വർദ്ധനവിന്റെ പുതുക്കിയ നിരക്ക്**

212 (4246) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.-യുടെയും സ്വകാര്യ ബസ്സിന്റെയും ബസ് ചാർജ്ജ് വർധനവിന്റെ പുതുക്കിയ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കെ.എസ്.ആർ.ടി.സി. സ്വകാര്യ ബസ് ഉൾപ്പെടെ പരിഷ്കരിച്ച നിരക്കുകൾ താഴെക്കൊടുക്കുന്നു :

| | | കി.മീ. നിരക്ക് | മിനിമം നിരക്ക് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഓർഡിനറി/സിറ്റി | 70 പൈസ | 8 രൂപ |
| 2 | സിറ്റി ഫാസ്റ്റ് | 75 പൈസ | 8 രൂപ |
| 3 | ഫാസ്റ്റ് പാസഞ്ചർ/ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് | 75 പൈസ | 11 രൂപ |
| 4 | സൂപ്പർ ഫാസ്റ്റ് | 78 പൈസ | 15 രൂപ |
| 5 | എക്സ്പ്രസ്/സൂപ്പർ എക്സ്പ്രസ് | 85 പൈസ | 22 രൂപ |
| 6 | സൂപ്പർ എയർ എക്സ്പ്രസ് | 93 പൈസ | 28 രൂപ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | സൂപ്പർ ഡീലക്സ് | 100 പൈസ | 30 രൂപ |
| 8 | ലക്ഷ്വറി | 120 പൈസ | 44 രൂപ |
| 9 | വോൾവോ | 145 പൈസ | 45 രൂപ |
| 10 | മൾട്ടി ആക്സിൽ | 200 പൈസ | 80 രൂപ |
| 11 | ലോ ഫ്ലോർ എ.സി. | 150 പൈസ | 20 രൂപ |
| 12 | നോൺ എ.സി. ലോ-ഫ്ലോർ | 80 പൈസ | 10 രൂപ |

**കൊച്ചിയിലെ പൊതുഗതാഗത വാഹനങ്ങൾ**

213 (4247) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിൽ മെട്രോ റെയിൽ പ്രവർത്തനക്ഷമമാകുന്നതിന് മുൻപും ശേഷവും പൊതുസർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ എണ്ണത്തിൽ വ്യത്യാസം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) നഗരത്തിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ബസ്സുകളിൽ എത്രയെണ്ണം നഗരത്തിന്റെ പ്രാന്ത പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തുന്നുവെന്നും ഏതൊക്കെ പ്രദേശങ്ങളിലേക്കെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊച്ചി നഗരത്തിൽ മെട്രോ റെയിൽ പ്രവർത്തനക്ഷമമാകുന്നതിന് മുൻപും ശേഷവും പൊതുസർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ എണ്ണത്തിൽ വ്യത്യാസം സംഭവിച്ചിട്ടില്ല.

(ബി) തിരുകൊച്ചി, ജൻറം എ.സി., ജൻറം നോൺ എ.സി. ഉൾപ്പെടെ 126 ബസ്സുകൾ നഗരത്തിൽ സർവ്വീസ് നടത്തിവരുന്നു. അതിൽ 28 എണ്ണം ബസ്സുകൾ പനമ്പ്കാട്, കാക്കനാട്, കുമ്പളങ്ങി, ചെല്ലാനം, പൂത്തോട്ട, ചേരാനല്ലൂർ, ഞാറയ്ക്കൽ, ചെറായി, ചിറ്റൂർ, ഫോർട്ട് കൊച്ചി, വടുതല, പിറവം, തൃപ്പൂണിത്തുറ, അരൂർ, ആലുവ, ചോറ്റാനിക്കര, ബ്രഹ്മമംഗലം, അങ്കമാലി, പറവൂർ, ഗോശ്രീ, കണ്ടയിനർ, ഇടപ്പള്ളി, എയർപോർട്ട്, കോതമംഗലം, പെരുമ്പാവൂർ, മട്ടാഞ്ചേരി, തൊടുപുഴ, കൊടുങ്ങല്ലൂർ എന്നീ പ്രാന്തപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ ജോലി രാജിവച്ച ഉദ്യോഗസ്ഥർ

214 (4248) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടെ എഴുനൂറോളം പേർ വിവിധ തസ്തികകളിൽ നിന്ന് ജോലി രാജിവയ്ക്കുകയുണ്ടായോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ തസ്തികകളിൽനിന്ന് എത്ര പേർ വീതമാണ് ജോലി രാജിവച്ചതെന്ന് അറിയിക്കുമോ;

(സി) ശമ്പളവും ആനുകൂല്യങ്ങളും യഥാസമയം നൽകാൻ കഴിയാത്തതാണ് രാജിക്ക് കാരണമെന്ന് കരുതുന്നുണ്ടോ;

(ഡി) ജീവനക്കാരുടെ രാജി ദൈനംദിന സർവ്വീസുകളെ ബാധിക്കുമോ; ഇതുകാരണം ഷെഡ്യൂളുകൾ മുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വിവിധ കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് രാജിവച്ച 606 ജീവനക്കാർക്ക് 16-12-2017-ൽ രാജി അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(ബി) കണ്ടക്ടർ തസ്തികയിൽ 464 പേർക്കും ഡ്രൈവർ തസ്തികയിൽ 84 പേർക്കും ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 19 പേർക്കും സ്റ്റോർ ഇഷ്യൂവർ തസ്തികയിൽ ഒരാൾക്കും മെക്കാനിക് തസ്തികയിൽ 27 പേർക്കും ടിക്കറ്റ് ഇഷ്യൂവർ തസ്തികയിൽ ഒരാൾക്കും അസിസ്റ്റൻറ് സ്റ്റോർ കീപ്പർ തസ്തികയിൽ 2 പേർക്കും പ്യൂൺ തസ്തികയിൽ 2 പേർക്കും എ.ഡി.ഇ. തസ്തികയിൽ 3 പേർക്കും ഗാർഡ് തസ്തികയിൽ 3 പേർക്കും രാജി അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(സി) കരുതുന്നില്ല. രാജി സമർപ്പിച്ചതിൽ ഭൂരിപക്ഷം പേരും മറ്റ് വകുപ്പുകളിലും സ്ഥാപനങ്ങളിലും ജോലി ലഭിച്ചതാണ് രാജിക്ക് കാരണമായി അറിയിച്ചിട്ടുള്ളത്.

(ഡി) രാജിവച്ച ജീവനക്കാർ വിവിധ കാലയളവുകളിൽ രാജി അപേക്ഷ സമർപ്പിച്ചവരാണ്. ആയതിനാൽ ദൈനംദിന സർവ്വീസുകളെ ബാധിച്ചിട്ടില്ല. ഇത്രയും ജീവനക്കാർ ഒരുമിച്ചല്ല രാജി സമർപ്പിച്ചത്. ആയതിനാൽ ഷെഡ്യൂളുകൾ മുടങ്ങിയിട്ടില്ല. വിവിധ കാലയളവുകളിൽ രാജി അപേക്ഷ സമർപ്പിച്ച 606 ജീവനക്കാർക്കാണ് 16-12-2017-ൽ രാജി അംഗീകരിച്ചുകൊണ്ട് ഉത്തരവ് നൽകിയത്.

**കെ.എസ്.ആർ.ടി.സി.-ജീവനക്കാരുടെ ശമ്പളം**

215 (4249) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ എത്ര ജീവനക്കാരാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ബസ്സുകൾ ദിവസേന സർവ്വീസ് നടത്തുന്നുണ്ടെന്നറിയിക്കുമോ;

(സി) ഒരു മാസത്തെ ശരാശരി വരുമാനം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ഒരു മാസം എത്രപേർക്ക് എത്ര രൂപ വീതം പെൻഷൻ നൽകുന്നുണ്ട് എന്നറിയിക്കാമോ;

(ഇ) നിലവിലുള്ള ജീവനക്കാർക്ക് ശമ്പളം നൽകാൻ ഒരു മാസം എത്ര രൂപ വേണമെന്നറിയിക്കാമോ;

(എഫ്) ഈ സർക്കാർ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.-ക്ക് ഇതുവരെയായി എത്രകോടി രൂപയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ 2018 ഫെബ്രുവരിയിലെ കണക്കനുസരിച്ച് 33,018 ജീവനക്കാരാണുള്ളത്.

(ബി) 2018 ഫെബ്രുവരിയിലെ കണക്കനുസരിച്ച് പ്രതിദിനം ശരാശരി 5,208 സർവ്വീസുകൾ നടത്തിവരുന്നു.

(സി) 2018 ഫെബ്രുവരി മാസം പ്രതിദിനം ശരാശരി 5,78,86,029 രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

(ഡി) 39,050 പെൻഷൻകാരുണ്ട്. ഇവർക്ക് 58,47,51,802 രൂപ പെൻഷൻ നൽകുന്നുണ്ട്.

(ഇ) 86 കോടി രൂപ.

(എഫ്) ഈ സർക്കാർ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-ക്ക് ഇതുവരെയായി 1,140 കോടി രൂപ വായ്പയിനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

## ചാലക്കുടി കെ.എസ്.ആർ.ടി.സി.-യിൽ ഡിപ്പോയിലെ ഒഴിവുകൾ

216 (4250) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർ, മെക്കാനിക് തസ്തികകളിൽ (യഥാക്രമം 16, 10) ജീവനക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) നേരത്തെ സർവ്വീസ് നടത്തിയിരുന്നതും എന്നാൽ പെർമിറ്റ് അവസാനിച്ചതിനാൽ നിർത്തലാക്കുകയും ചെയ്ത നാല് ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾക്ക് പകരമായി കൂടുതൽ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ അനുവദിക്കുന്നതിനും ഒരു സൂപ്പർ ഫാസ്റ്റ് ബസ്സ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ നിലനിൽക്കുന്ന ബസ്-ജീവനക്കാരുടെ അനുപാതമനുസരിച്ചുള്ള കണക്കനുസരിച്ചാണ് ഡ്രൈവർ, മെക്കാനിക്ക് തസ്തികകളിൽ (യഥാക്രമം 16,10) ജീവനക്കാരുടെ കുറവ് കണക്കാക്കി ഒഴിഞ്ഞ് കിടക്കുന്നതായി പറയുന്നത്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫ. സുശീൽ ഖന്നയുടെ പുനരുദ്ധാരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ജീവനക്കാരുടെ അനുപാതം തിട്ടപ്പെടുത്തിയതിനുശേഷം മാത്രമേ ടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സൂപ്പർ ഫാസ്റ്റ് ബസ്സുകളുടെ കുറവ് നിലവിലില്ല.

## കെ.എസ്.ആർ.ടി.സി.-യിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന കണ്ടക്ടർമാർ

217 (4251) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി - സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി നിയമന ഉത്തരവ് നൽകിയവരെ നിയമിക്കാതിരിക്കുമ്പോഴും താൽക്കാലികാടിസ്ഥാനത്തിൽ ഒട്ടേറെ പേർ ഇപ്പോഴും കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർമാരായി ജോലി ചെയ്യുന്നുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇവരെ നിലനിർത്തുന്നതിനാണ് പി.എസ്.സി. വഴി നിയമന ശിപാർശ ലഭിച്ചവർക്ക് നിയമനം നൽകാതെ നീട്ടിക്കൊണ്ടുപോകുന്നതെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ എത്ര പേർ ഈവിധം താൽക്കാലികാടിസ്ഥാനത്തിൽ കണ്ടക്ടർമാരായി ജോലി ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-ൽ നിലവിൽ താൽക്കാലിക കണ്ടക്ടർമാർ ജോലി ചെയ്യുന്നുണ്ട്. കോർപ്പറേഷനിലെ എംപാനൽ കണ്ടക്ടർമാരുടെ നിയമനം സ്ഥിരപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി ഹർജികൾ ബഹു. ഹൈക്കോടതി മുൻപാകെ നിലനിൽക്കുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട് ഒരു അന്തിമ വിധിക്ക് വിധേയമായി മാത്രമേ കെ.എസ്.ആർ.ടി.സി.-ക്ക് എംപാനൽ ജീവനക്കാരെ ഒഴിവാക്കി പി.എസ്.സി.- റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

(ബി) പരിശോധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കോർപ്പറേഷൻ അങ്ങേയറ്റം സാമ്പത്തിക ബുദ്ധിമുട്ടിലായിരുന്നു. വരവും ചെലവും തമ്മിൽ ശരാശരി 183 കോടിയുടെ അന്തരം ഉണ്ട്. ജീവനക്കാർക്ക് ശമ്പളവും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ പറ്റാത്ത സാമ്പത്തിക ബുദ്ധിമുട്ടിലാണ് കോർപ്പറേഷൻ. ആയതിനാൽ കേരള സർക്കാർ കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കോർപ്പറേഷനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചിട്ടുണ്ട്. ടി ഇടക്കാല റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ള പ്രധാനപ്പെട്ട ഒരു സംഗതി, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ RTC ജീവനക്കാരുടെ അനുപാതവുമായി താരതമ്യം ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാർ വളരെ കൂടുതലാണ് എന്നുള്ളതാണ്. ഇത് ദേശീയ ശരാശരിയിലേയ്ക്ക് എത്തിച്ചാൽ മാത്രമേ കെ.എസ്.ആർ.ടി.സി.-യുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പ് വരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ അനുപാതം വിലയിരുത്തുമ്പോൾ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും എണ്ണം കെ.എസ്.ആർ.ടി.സി.-യിൽ അധികമാണ്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി മാത്രമെ നിലവിൽ പുതിയ ജീവനക്കാരെ നിയോഗിക്കാൻ കോർപ്പറേഷന് നിർവ്വാഹമുള്ളൂ. എന്നിരുന്നാലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖാന്തരം 301 പേർക്കും ആശ്രിത നിയമനമായി 30 പേർക്കും കണ്ടക്ടർ ആയി നിയമനം നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ 3973 കണ്ടക്ടർമാർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. സി.എൻ.ജി. ബസ്സുകൾ

218 (4252) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് എത്ര സി.എൻ.ജി. ബസ്സുകൾ ഉണ്ട് ; ഇവ സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം എന്നറിയിക്കാമോ;

(ബി) സി.എൻ.ജി. ഇന്ധനം ഉപയോഗിച്ച് പ്രവർത്തിക്കുന്ന എത്ര ബസ്സുകൾ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്; ഇതിനായി എത്ര തുക മാറ്റി വച്ചിട്ടുണ്ടെന്നറിയിക്കാമോ;

(സി) സി.എൻ.ജി. ഇന്ധന ലഭ്യത ഉറപ്പുവരുത്തുന്നതിന് കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) നിലവിലുള്ള ഇത്തരം ബസുകൾ സർവ്വീസ് നടത്താത്തതുമൂലം പ്രതിദിനം ഏകദേശം എത്ര രൂപയാണ് നഷ്ടമാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഈ നഷ്ടം നികത്തുന്നതിന് എന്ത് നടപടിയാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരീക്ഷണാടിസ്ഥാനത്തിൽ ഓടിക്കുന്നതിനായി ഒരു സി.എൻ.ജി. ബസ് വാങ്ങിയിട്ടുണ്ട്. സി.എൻ.ജി. ഇന്ധനത്തിന്റെ ദൗർലഭ്യംമൂലം സർവ്വീസ് നടത്താൻ സാധിച്ചിട്ടില്ല.

(ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് 1000 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനായി പ്രത്യേക നിക്ഷേപ നിധിയിൽപ്പെടുത്തി കിഫ്ബിയിൽനിന്നും 300 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് ഇതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. സി.എൻ.ജി. ലഭ്യതയുടെ പരിമിതി കണക്കിലെടുത്തുകൊണ്ടും, ബസ് ക്രൂ റേഷ്യോ പുനഃക്രമീകരിച്ചുകൊണ്ടല്ലാതെ കെ.എസ്.ആർ.ടി.സി.-യുടെ പുനഃസംഘടന ഫലപ്രദമായി പൂർത്തിയാക്കാനാകില്ലായെന്നതുകൊണ്ടും കെ.എസ്.ആർ.ടി.സി.-യ്ക്ക് 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽനിന്നും പണം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) സി.എൻ.ജി. ഇന്ധന ലഭ്യത ഉറപ്പുവരുത്തേണ്ടത് ഓയിൽ മാർക്കറ്റിംഗ് കമ്പനികളാണ്.

(ഡി & ഇ) കണക്കാക്കിയിട്ടില്ല.

## കെ.എസ്.ആർ.ടി.സി. ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾ

219 (4253) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) KSRTC എത്ര ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്;

(ബി) ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾക്ക് ശീതീകരിച്ച ബസുകൾ മാത്രം പരമാവധി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) അന്തർസംസ്ഥാന സർവ്വീസുകൾക്ക് സമയക്ലിപ്തത ഉറപ്പുവരുത്തുന്നതിനും യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. 207 ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ 39 ശീതീകരിച്ച ബസ്സുകളാണ് ഉള്ളത്. ഇതിൽ 35 ബസ്സുകളും ദീർഘദൂര അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നതിനായി ഉപയോഗിച്ച് വരുന്നു.

(സി) അന്തർസംസ്ഥാന സർവ്വീസുകൾ യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന രീതിയിൽ സമയക്ലിപ്തത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേയ്ക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർസംസ്ഥാന റൂട്ടുകളിലേയ്ക്ക് പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വാണിജ്യ സമുച്ചയങ്ങൾ

220 (4255) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വാണിജ്യ സമുച്ചയങ്ങളും ഷോപ്പിംഗ് കോംപ്ലക്സുകളും ഏതൊക്കെയാണെന്നും ഇവ നിർമ്മിക്കുന്നതിനായി വന്ന ചെലവുകൾ എത്രയെന്നും അറിയിക്കാമോ;

(ബി) ഈ വാണിജ്യ സമുച്ചയങ്ങളിൽനിന്ന് ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന വരുമാനം വ്യക്തമാക്കാമോ;

(സി) ഇവ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വാടകനിരക്ക്എത്രയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ കൊട്ടാരക്കര, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട, പയ്യന്നൂർ, കാസർഗോഡ് എന്നീ ബസ് സ്റ്റേഷനുകളിൽ പലിശരഹിത നിക്ഷേപം സമാഹരിച്ച് വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, ഹരിപ്പാട്, നിലമ്പൂർ, മലപ്പുറം എന്നീ ബസ് സ്റ്റേഷനുകളിൽ വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു. കൊട്ടാരക്കരയിലെ വാണിജ്യ സമുച്ചയത്തിന് 2.73 കോടി രൂപയും, നെടുമങ്ങാട് 10.18 കോടി രൂപയും, നെയ്യാറ്റിൻകരയിൽ 4.09 കോടി രൂപയും, കാട്ടാക്കടയിൽ 3.58 കോടി രൂപയും, പയ്യന്നൂരിൽ 5.13 കോടി രൂപയും, കാസർഗോഡ് 6.08 കോടി രൂപയും ചെലവഴിച്ച് വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തൊടുപുഴ ബസ് സ്റ്റേഷനിൽ 11.48 കോടിയോളം രൂപ ചെലവിലും മൂവാറ്റുപുഴയിൽ 2.94 കോടി രൂപയും പത്തനംതിട്ടയിൽ 2.77 കോടി രൂപയും ഹരിപ്പാട് 3.88 കോടി രൂപയും നിലമ്പൂർ 3.37 കോടി രൂപയും മലപ്പുറം 2.52 കോടി രൂപയും ചെലവഴിച്ച് സിവിൽ വർക്കുകൾ നടന്നുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ച കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട്, പയ്യന്നൂർ, കണ്ണൂർ, കൊട്ടാരക്കര, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ നിന്നും പ്രതിമാസം 18,20,374 രൂപ ലൈസൻസ് ഫീസായി ലഭിച്ചുവരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കാസർഗോഡ് | - | 5,74000 രൂപ |
| കണ്ണൂർ | - | 1,57,715 രൂപ |
| പയ്യന്നൂർ | - | 3,50,701 രൂപ |
| കൊട്ടാരക്കര | - | 3,11,846 രൂപ |
| കാട്ടാക്കട | - | 2 ,84,857 രൂപ |
| നെടുമങ്ങാട് | - | 90,914 രൂപ |
| നെയ്യാറ്റിൻകര | - | 50,341 രൂപ |

(സി) വാടക നിരക്ക് ഗ്രൗണ്ട് ഫ്ലോർ ചതുരശ്ര അടിക്ക് 35 രൂപയും ഒന്നാം നില മുതൽ ചതുരശ്ര അടിക്ക് 25 രൂപയും നിരക്കിൽ ഈടാക്കിവരുന്നു. വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.*

**പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം**

221 (4256) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയിട്ടുള്ള നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കോർപ്പറേഷന്റെ തനതുഫണ്ട് ഉപയോഗിച്ച് ഗ്യാരേജിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സ്പോൺസർഷിപ്പ് മുഖേന താൽക്കാലികമായി ഒരു വെയിറ്റിംഗ് ഷെഡ്ഡും നിർമ്മിച്ചിട്ടുണ്ട്.

**കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള അന്തർസംസ്ഥാന സർവ്വീസുകൾ**

222 (4257) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഏതെല്ലാം സംസ്ഥാനങ്ങളിലേക്ക് സർവ്വീസുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എത്ര കാലമായി ഈ സർവ്വീസ് ആരംഭിച്ചിട്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര സീറ്റുകളുള്ള ബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സീറ്റ് മുഴുവനായാൽ കിട്ടുന്ന തുക എത്രയാണെന്നും ഈ തുക ഇപ്പോൾ കിട്ടാറുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ നഷ്ടം സഹിച്ചാണോ സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ എത്ര കാലം ഈ നഷ്ടം സഹിക്കാനാകുമെന്നും പരിണിതഫലം എന്തായിരിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കർണ്ണാടക സംസ്ഥാനം.

| | | | |
|---|---|---|---|
| (ബി) | മംഗലാപുരം | - | 34 വർഷം |
| | പുത്തൂർ | - | 18 വർഷം |
| | സുള്ള്യ | - | 18 വർഷം |
| | സുബ്രഹ്മണ്യ | - | 21 വർഷം |
| (സി) | ഓർഡിനറി | - | 51 സീറ്റ് |
| | എക്സ്പ്രസ് | - | 39 സീറ്റ് |
| (ഡി) | മംഗലാപുരം | - | 22,848 രൂപ ഓർഡിനറി |
| | പുത്തൂർ | - | 18,666 രൂപ ഓർഡിനറി |
| | സുള്ള്യ | - | 17,136 രൂപ ഓർഡിനറി |
| | സുബ്രഹ്മണ്യ | - | 16,524 രൂപ ഓർഡിനറി |
| | ബാംഗ്ലൂർ | - | 34,710 രൂപ എക്സ്പ്രസ് |

(ഇ&എഫ്) അന്തർസംസ്ഥാന കരാർ വ്യവസ്ഥക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. അന്തർസംസ്ഥാന സർവ്വീസുകൾ പൊതുവെ ലാഭകരമായാണ് സർവ്വീസ് നടത്തിവരുന്നത്. കൂടാതെ അയൽ സംസ്ഥാനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും, ഇരുസംസ്ഥാനങ്ങൾക്കും യാത്രാസൗകര്യം ഒരുക്കുന്നതിനും കൂടിയാണ് ഈ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നത്.

## കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വർക്ക്ഷോപ്പ് ഷെഡ്ഡിന്റെ ശോച്യാവസ്ഥ

223 (4258) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വർക്ക്ഷോപ്പ് പ്രവർത്തിക്കുന്ന ഷെഡ്ഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഡിപ്പോയിലെ വർക്ക്ഷോപ്പിൽനിന്ന് പുറന്തള്ളുന്ന മലിനജലവും മാലിന്യങ്ങളും സംസ്കരിക്കുന്നതിന് സംവിധാനമുണ്ടാക്കുമോ ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരുനാഗപ്പള്ളി ഗ്യാരേജിന്റെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തി യൂണിറ്റ് തലത്തിൽ പൂർത്തീകരിക്കുവാനുള്ള നിർദ്ദേശം നൽകി പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2018-2019-ലെ പ്ലാൻ ഫണ്ടിൽ Effluent Treatment Plant ചെയ്യുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പ്രവൃത്തി ആരംഭിക്കാനായിട്ടില്ല.

## കരുനാഗപ്പള്ളി ഡിപ്പോയ്ക്ക് ബസ്സുകൾ അനുവദിക്കാൻ നടപടി

224 (4259) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് എത്ര സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്ന് വിശദീകരിക്കുമോ: ഇവയുടെ ഓരോന്നിന്റെയും കാലപ്പഴക്കം എത്രയെന്ന് വ്യക്തമാക്കുമോ:

(ബി) ദീർഘദൂര സർവ്വീസുകൾ നടത്താൻ യോഗ്യമല്ലാത്ത എത്ര ബസ്സുകൾ പ്രസ്തുത ഡിപ്പോയിൽനിന്ന് സർവ്വീസ് നടത്തുന്നുവെന്ന് വ്യക്തമാക്കുമോ:

(സി) ഈ ഡിപ്പോയിൽനിന്ന് ദീർഘദൂര സർവ്വീസ് നടത്തുന്നതിനാവശ്യമായ സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകളും ബസ്സുകളും

| ഇനം | ഷെഡ്യൂൾ | നിലവിലുള്ള ബസുകളുടെ എണ്ണം |
|---|---|---|
| സൂപ്പർ ഫാസ്റ്റ് | 3 | 3 |
| ഫാസ്റ്റ് | 13 | 10 |
| ഓർഡിനറി | 69 | 59 |
| ജൻറം | 6 | 9 |
| ആകെ | 91 | 81 |

സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും കാലപ്പഴക്കവും

| ബസ് നമ്പർ | ഇനം | കാലപ്പഴക്കം (വർഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| RPK 46 | SF | 2.83 |
| RPE 52 | SF | 2.82 |
| RPC 426 | SF | 2.19 |
| RSM 565 | FP | 4.72 |
| RSM 726 | FP | 4.47 |
| RSA 972 | FP | 2.96 |
| RPA 9 | FP | 2.93 |

| (1) | (2) | (3) |
|---|---|---|
| RPA 458 | FP | 2.23 |
| RPC 626 | FP | 1.94 |
| RPC 796 | FP | 1.70 |
| ATA 66 | FP | 1.31 |
| ATA 266 | FP | 0.98 |
| ATA 267 | FP | 0.98 |

(ബി) ദീർഘദൂര സർവ്വീസുകൾ നടത്താൻ യോഗ്യമല്ലാത്ത ബസുകൾ ഉപയോഗിച്ച് ദീർഘദൂര സർവ്വീസുകൾ നടത്തുന്നില്ല.

(സി) നിലവിലെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ നടത്തുന്നതിന് സ്പെയർ ബസ് ഉൾപ്പെടെ 4 ബസ്സുകളുടെ കുറവ് ഉണ്ട്. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നിലവിൽ സൂപ്പർ ഫാസ്റ്റ് ബസുകളുടെ കുറവ് ഇല്ല.

**ചാലക്കുടിയിൽനിന്നും പഴനിയിലേയ്ക്കുള്ള ഇന്റർസ്റ്റേറ്റ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി**

225 (4260) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽനിന്നും അതിരപ്പള്ളി, വാൽപ്പാറ, പൊള്ളാച്ചി വഴി പഴനിയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ഇന്റർസ്റ്റേറ്റ് സർവ്വീസ് പുനഃരാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലുള്ള അന്തർസംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ചാലക്കുടിയിൽനിന്നും അതിരപ്പള്ളി, വാൽപ്പാറ, പൊള്ളാച്ചി വഴി പഴനിയിലേയ്ക്ക് സർവ്വീസ് ആരംഭിക്കുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല.

## സ്കാനിയ ആഡംബര ബസ്സുകൾ

226 (4261) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി. സ്കാനിയ ആഡംബര ബസ്സുകൾ വാടകയ്ക്കെടുക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര ബസ്സുകൾ ഇപ്രകാരം വാടകയ്ക്ക് എടുത്തിട്ടുണ്ട്; ഇതിന്റെ വാടക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് ലാഭമാണോ നഷ്ടമാണോ ഉണ്ടാക്കിയിട്ടുള്ളതെന്ന് ഓരോ മാസത്തെയും കണക്ക് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിനായി M/s. SCANIA Commercial Vehicles India Pvt. Ltd., M/s MAHAVOYAGE LLP എന്നിവരുമായുള്ള ഉടമ്പടി പ്രകാരം 10 സ്കാനിയ ബസുകൾ വെറ്റ് ലീസ് (wet lease) വ്യവസ്ഥയിൽ വാടകയ്ക്കെടുത്തിട്ടുണ്ട്. ഇപ്രകാരം ലഭ്യമായ ബസുകൾക്ക് കിലോമീറ്ററൊന്നിന് ചുവടെ ചേർത്തിട്ടുള്ള നിരക്കിലാണ് ഡ്രൈവർ സഹിതം കമ്പനി വാഹനം ലഭ്യമാക്കുന്നത്.

| Vehicle Utilization/ Schedule Km | Hiring rates per KM (Excluding taxes) |
|---|---|
| 800 & above | Rs. 23.00 |
| 750-799 | Rs. 24.00 |
| 700-749 | Rs. 25.50 |
| 650-699 | Rs. 26.40 |
| 600-649 | Rs. 27.72 |

ഡീസൽ, ഡീസൽ അഡിറ്റീവ് എന്നിവ വാഹനത്തിന് ലഭ്യമാക്കുന്നത് കെ.എസ്.ആർ.ടി.സി.-ആണ്. വാഹനത്തിന്റെ മെയിന്റനൻസ്, ടാക്സ്, ഇൻഷ്വറൻസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഡ്രൈവറുടെ ശമ്പളം തുടങ്ങിയ മറ്റ് എല്ലാ ചെലവുകളും വാഹന ഉടമയാണ് വഹിക്കേണ്ടത്.

(സി) സ്ഥാനിയ ബസ്സുകളുടെ വരവ്-ചെലവ് വിവരം ചുവടെ ചേർക്കുന്നു :

| മാസം | വരവ് | ചെലവ് | നഷ്ടം |
|---|---|---|---|
| 2017 നവംബർ | 1,07,74,761 | 1,29,25,517 | 21,50,756 |
| 2017 ഡിസംബർ | 1,21,14,056 | 1,26,38,057 | 5,24,001 |
| 2018 ജനവരി | 1,13,40,576 | 1,21,56,157 | 8,15,581 |

**ഫെയർസ്റ്റേജും കിലോമീറ്റർ നിരക്കും തമ്മിലുള്ള അന്തരം**

227 (4262) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സ്റ്റേജ് കാര്യേജുകൾക്ക് കിലോമീറ്ററിന് എത്ര രൂപ നിരക്ക് ജനങ്ങളിൽനിന്നും ഈടാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്; ഇതുകൂടാതെ ഫെയർസ്റ്റേജ് സംവിധാനം കൂടി, ചാർജ്ജ് ഈടാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഫെയർ സ്റ്റേജ് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്നും കിലോമീറ്റർ നിരക്ക് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) കിലോമീറ്റർ നിരക്ക് കണക്കാക്കിയാൽ നൽകേണ്ടിവരുന്ന തുകയേക്കാൾ വളരെ കൂടുതൽ തുക യാത്രക്കാരിൽനിന്നും ഇപ്പോൾ ബസുകൾ ഈടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കിലോമീറ്റർ ഫെയർ ആണോ ഫെയർസ്റ്റേജ് നിരക്കാണോ സർക്കാർ ഇപ്പോൾ യാത്രക്കാരിൽനിന്നും ഈടാക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) കിലോമീറ്റർ നിരക്കിനേക്കാൾ അധികനിരക്ക് യാത്രക്കാർ നൽകേണ്ടി വരുന്ന സാഹചര്യം സംബന്ധിച്ച് പരിശോധന നടത്താനും ഫെയർസ്റ്റേജും കിലോമീറ്റർ നിരക്കും തമ്മിലുള്ള അന്തരം പരിഹരിക്കാനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇനി മുതൽ ചാർജ്ജ് വർദ്ധനവ് നടപ്പാക്കുമ്പോൾ ഈ അപാകതകൂടി പരിഹരിക്കും വിധത്തിലുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ?

## ഉത്തരം

(എ) സ്റ്റേജ് ക്യാരേജുകളിൽ 1-3-2018 മുതൽ വിവിധതരം സർവ്വീസുകൾക്ക് താഴെപ്പറയും പ്രകാരം കിലോമീറ്റർ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട് :

| | തരം | കി.മീ.നിരക്ക് |
|---|---|---|
| 1 | ഓർഡിനറി/സിറ്റി | 70 ps |
| 2 | സിറ്റി ഫാസ്റ്റ് | 75 ps |
| 3 | ഫാസ്റ്റ് പാസഞ്ചർ/ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് | 75 ps |
| 4 | സൂപ്പർ ഫാസ്റ്റ് | 78 ps |
| 5 | എക്സ്പ്രസ് | 85 ps |
| 6 | സൂപ്പർ എയർ എക്സ്പ്രസ് | 93 ps |
| 7 | സൂപ്പർ ഡീലക്സ് | 100 ps |
| 8 | ലക്ഷ്വറി | 120 ps |
| 9 | വോൾവോ | 145 ps |
| 10 | മൾട്ടി ആക്സിൽ | 200 ps |
| 11 | ലോഫ്ലോർ എ.സി. | 150 ps |
| 12 | നോൺ എ.സി. ലോഫ്ലോർ | 80 ps |

നിരക്ക് വർദ്ധനയ്ക്ക് ആനുപാതികമായി നിലവിലുള്ള ഫെയർസ്റ്റേജുകളിൽ വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഏകീകൃത ടിക്കറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനുവേണ്ടി സ്ഥലത്തിന്റെ പ്രാധാന്യവും, യാത്രക്കാരുടെ ആവശ്യകതയും പരിഗണിച്ച് നിശ്ചയിക്കുന്നതാണ് ഫെയർ സ്റ്റേജ് മിനിമം നിരക്കിൽ യാത്ര ചെയ്യാവുന്ന ദൂരത്തിന് ശേഷം യാത്ര ചെയ്യുന്ന ഓരോ കിലോമീറ്ററിനും അധികമായി ഈടാക്കുന്ന തുകയാണ് കിലോമീറ്റർ നിരക്ക്.

(സി&ഡി) മിനിമം നിരക്കിൽ യാത്ര ചെയ്യാവുന്ന ദൂരത്തിനുശേഷം യാത്ര ചെയ്യുന്ന ഓരോ അധിക കിലോമീറ്ററിനും മിനിമം നിരക്കിന് പുറമേ കിലോമീറ്റർ നിരക്കും ഉൾപ്പെടെയാണ് അടുത്ത ഫെയർസ്റ്റേജ് നിരക്ക് നിശ്ചയിക്കുന്നത്.

(ഇ) ഫെയർ സ്റ്റേജുമായി ആക്ഷേപമുള്ളപക്ഷം അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളെ സമീപിച്ചാൽ അക്കാര്യം പഠിച്ചതിനുശേഷം ഉചിതമായ നടപടിയെടുക്കുവാൻ അവർക്ക് അധികാരമുണ്ട്.

**ലോഫ്ലോർ സർവ്വീസ് പുനരാരംഭിക്കാനുള്ള നടപടികൾ**

228 (4263) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ പയ്യോളിയിൽനിന്നും കൊളാവിപ്പാലം വഴി പറശ്ശിനിക്കടവിലേക്ക് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസ് ഇപ്പോൾ സർവ്വീസ് നടത്തുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർവ്വീസ് നിർത്തിവെക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസ് പുനഃരാരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡ്രൈവർമാരുടെ അഭാവംമൂലമാണ് ടി സർവ്വീസ് കൃത്യമായി സർവ്വീസ് നടത്തുവാൻ കഴിയാത്തത്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫ. സുശീൽ ഖന്നയുടെ പുനരുദ്ധാരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ അനുപാതം ക്രമപ്പെടുത്തിയതിനു ശേഷം ഷെഡ്യൂളുകൾ വരുമാനം ലഭിക്കത്തക്കവിധത്തിൽ പുനഃരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## വെട്ടിക്കുറച്ച ട്രിപ്പ് പുനരാരംഭിക്കാൻ നടപടി

229 (4264) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിൽനിന്നും കൊളാവിപ്പാലം വഴി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് ദിവസേന രണ്ട് ട്രിപ്പ് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് ഇപ്പോൾ ഒരു ട്രിപ്പ് മാത്രമാണോ സർവ്വീസ് നടത്തുന്നത്; സർവ്വീസ് വെട്ടിക്കുറക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) വെട്ടിക്കുറച്ച ട്രിപ്പ് പുനഃരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വടകര ഡിപ്പോയിൽ നിന്നും കൊളാവിപ്പാലം വഴി മെഡിക്കൽ കോളേജിലേയ്ക്ക് നിലവിൽ കെ.എസ്.ആർ.ടി.സി. ഒരു ട്രിപ്പ് നടത്തിവരുന്നു. നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിച്ചതിന്റെ ഭാഗമായാണ് 14.10-ന് കൊളവിപ്പാലം വഴിയുള്ള മെഡിക്കൽ കോളേജ് ട്രിപ്പ് താൽക്കാലികമായി നിർത്തി വച്ചിരിക്കുന്നത്.

(ബി) സമഗ്രപുനഃരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പുനഃക്രമീകരിച്ച് ഷെഡ്യൂളുകൾ/ട്രിപ്പുകൾ പുനരാരംഭിക്കുവാൻ നിർവ്വാഹമില്ല.

## നിർത്തലാക്കിയ ബസ് ഷെഡ്യൂളുകൾ

230 (4265) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല, നെയ്യാറ്റിൻകര, കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ 2016 മേയ് 31 മുതൽ നാളിതുവരെ വിവിധ കാരണങ്ങളാൽ നിർത്തലാക്കിയ ബസ് ഷെഡ്യൂളുകൾ ഏതൊക്കെയാണെന്നും നിർത്താനിടയാക്കിയ സാഹചര്യം എന്താണെന്നും റൂട്ട്തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പുതുതായി ഏതെങ്കിലും ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും മോഡിഫിക്കേഷൻ വരുത്തിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിച്ച് പ്രസ്തുത പ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിശദാംശം അനുബന്ധമായി ചേര്‍ക്കുന്നു.*

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കെ.എസ്.ആര്‍.ടി.സി.-യുടെ ഉന്നമനത്തിനും സമഗ്ര പുനരുദ്ധാരണത്തിന്റെയും ഭാഗമായി സര്‍വ്വീസുകള്‍ പുനഃക്രമീകരിക്കുകയും, നഷ്ടത്തില്‍ ഓടിച്ച് വന്നിരുന്ന നിരവധി സര്‍വ്വീസുകളുടെ ട്രിപ്പുകള്‍ പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പുനഃരുദ്ധാരണ നടപടികള്‍ പൂര്‍ത്തീകരിച്ചിട്ടില്ലാത്തതിനാല്‍ നിര്‍ത്തലാക്കിയ സര്‍വ്വീസുകള്‍ പുനഃരാരംഭിക്കുവാന്‍ ഇപ്പോള്‍ നിര്‍വ്വാഹമില്ല.

## കെ.എസ്.ആര്‍.ടി.സി. ബസുകളുടെ രാത്രികാല സ്റ്റോപ്പുകള്‍ സംബന്ധിച്ച നിബന്ധന

231 (4266) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) വനിത യാത്രക്കാര്‍ക്ക് വൈകുന്നേരം 6 മണിക്ക് ശേഷം, അവര്‍ ആവശ്യപ്പെടുന്ന സ്ഥലത്ത് കെ.എസ്.ആര്‍.ടി.സി. ബസ്സുകള്‍ നിര്‍ത്തിക്കൊടുക്കണമെന്ന നിബന്ധന പാലിക്കുന്നതില്‍ ബസ് ജീവനക്കാര്‍ വീഴ്ചവരുത്തുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് കര്‍ശനമായി നടപ്പിലാക്കുന്നതിന് തയ്യാറാകുമോ;

(ബി) കെ.എസ്.ആര്‍.ടി.സി. ബസ്സുകള്‍ രാത്രി 8 മണി മുതല്‍ പുലര്‍ച്ചെ 6 മണി വരെ ആരാവശ്യപ്പെട്ടാലും എവിടെ വേണമെങ്കിലും നിര്‍ത്തിക്കൊടുക്കണമെന്ന നിബന്ധന പാലിക്കപ്പെടാതിരിക്കുന്നത് തടയുന്നതിന് തയ്യാറാകുമോ;

(സി) ഈ നിബന്ധനകളില്‍ നിന്ന് ഏതെങ്കിലും കെ.എസ്.ആര്‍.ടി.സി. ബസ് സര്‍വ്വീസുകളെ ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. വനിതായാത്രക്കാര്‍ വൈകുന്നേരം 6.00 മണി മുതല്‍ ആവശ്യപ്പെടുന്ന സ്ഥലങ്ങളില്‍ നിര്‍ത്തണം എന്ന് നിര്‍ദ്ദേശിച്ചിരിക്കുന്ന ശ്രേണിയില്‍പ്പെട്ട സര്‍വ്വീസുകളില്‍ പ്രസ്തുത നിര്‍ദ്ദേശം പാലിക്കുന്നതിനുള്ള കര്‍ശന നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്. ഇതിന് വിപരീതമായി ശ്രദ്ധയില്‍പ്പെട്ട സംഭവങ്ങളില്‍ ആവശ്യമായ തിരുത്തല്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയില്‍ വച്ചിട്ടുണ്ട്

(ബി) രാത്രി 8.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിൽ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുള്ള ശ്രേണിയിലെ സർവ്വീസുകളിൽ ടി നിർദ്ദേശം പാലിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്.

(സി) ദേശസാൽക്കരിക്കപ്പെട്ട സൂപ്പർക്ലാസ് സർവ്വീസുകളിൽ സൂപ്പർ എക്സ്പ്രസ് മുതൽ മുകളിലേയ്ക്കുള്ള ശ്രേണിയിലെ സർവ്വീസുകളെ മോട്ടോർ വാഹന നിയമം 1988, വകുപ്പ് 98, 103 എന്നിവ നൽകുന്ന സവിശേഷ അധികാര അവകാശങ്ങൾ അനുസരിച്ച് ഒഴിവാക്കിയിട്ടുണ്ട്.

**കോതമംഗലം മൂന്നാർ റൂട്ടിൽ കവളങ്ങാട് ജംഗ്ഷനിൽ ബസ് സ്റ്റോപ്പ്**

232 (4267) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം-മൂന്നാർ റൂട്ടിൽ കവളങ്ങാട് ജംഗ്ഷനിൽ ബസ് സ്റ്റോപ്പ് അനുവദിക്കണമെന്നുള്ള പ്രദേശ വാസികളുടെ ആവശ്യവും, ജനപ്രതിനിധികളുടെ നിവേദനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിൽ എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ;

(സി) കവളങ്ങാട് ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പരിശോധിച്ചുവരുന്നു.

**ബസ് നിരക്ക് വർദ്ധനയിലെ അപാകത**

233 (4268) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം നിരക്കിൽ കിലോമീറ്റർ നിരക്കു കൂടി ചേർത്തുകൊണ്ടുള്ള ബസ് നിരക്ക് വർദ്ധന സാധാരണ യാത്രക്കാർക്ക് കടുത്ത സാമ്പത്തിക ബാധ്യത വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1960 മുതൽ 2011 വരെ നിലനിന്നിരുന്ന രീതിയിൽനിന്ന് വ്യത്യസ്ഥമായാണ് ഈ വർഷത്തെ നിരക്ക് വർദ്ധനയെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിരക്ക് വർദ്ധന ബസ് ഉടമകൾ ആവശ്യപ്പെട്ടതിലധികം നേട്ടം അവർക്കുണ്ടാക്കിയെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ഡി) എങ്കിൽ ഈ രീതിയിൽ നിരക്ക് വർദ്ധിപ്പിക്കേണ്ടതായ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മിനിമം ചാർജ്ജിൽ യാത്ര ചെയ്യാവുന്ന ദൂരത്തിന് മേലുള്ള ദൂരത്തിനാണ് കിലോമീറ്റർ നിരക്ക് ബാധകമാകുന്നത്. നിലവിലെ ഇന്ധന വിലവർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ നാമമാത്രമായ വർദ്ധനവ് മാത്രമാണ് മിനിമം നിരക്കിലും കിലോമീറ്റർ നിരക്കിലും ഉണ്ടായിട്ടുള്ളത്. ആയതിനാൽ പ്രസ്തുത നിരക്ക് വർദ്ധന യാത്രക്കാർക്ക് കടുത്ത സാമ്പത്തിക ബാധ്യതയ്ക്ക് ഇടയാക്കും എന്ന് കരുതുന്നില്ല.

(ബി) മുൻവർഷങ്ങളിൽ ചെയ്തതുപോലെ നിരക്ക് വർദ്ധനയുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്താൻ നിയോഗിച്ച ബഹു. റിട്ട. ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിരക്ക് വർദ്ധനവ് നടപ്പിൽ വരുത്തിയിട്ടുള്ളത്.

(സി&ഡി) റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്രൈവറ്റ് ബസ്സുകൾക്ക് പുതിയ കളർ കോഡ്

234 (4269) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രൈവറ്റ് ബസ്സുകൾക്ക് പുതിയ കളർ കോഡ് നിഷ്കർഷിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ നടത്തുന്ന ബസ്സ് സർവ്വീസുകൾക്കും ഇത് ബാധകമാക്കിയിട്ടുണ്ടോ;

(സി) മറ്റ് പ്രൈവറ്റ് ബസ്സുകളിൽനിന്നും വ്യത്യസ്തമായി സഹകരണ സംഘങ്ങൾ നടത്തുന്ന ബസ്സ് സർവ്വീസുകൾക്ക് പ്രത്യേക കളർ കോഡ് അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 14-6-2017-ൽ ചേർന്ന സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റിയുടെ സി1/424/2017-റ്റി.സി. നമ്പർ (ഐറ്റം നമ്പർ2) തീരുമാനപ്രകാരം സംസ്ഥാനത്ത് സ്വകാര്യബസ്സുകൾക്ക് അവയുടെ തരമനുസരിച്ച് പൊതുജനങ്ങൾക്ക് എളുപ്പത്തിൽ തിരിച്ചറിയുന്നതിനായി ഓർഡിനറി സർവ്വീസുകൾക്ക് Deep sky Blue, സിറ്റി സർവ്വീസുകൾക്ക് Lime Green, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾക്ക് Maroon എന്നീ നിറങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തുടനീളം എല്ലാ സ്വകാര്യബസ്സുകൾക്കും ഏകീകൃത കളർ കോഡ് നൽകുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ S.T.A. തീരുമാനം സഹകരണ സംഘങ്ങൾ നടത്തുന്ന ബസ്സുകൾക്കും ബാധകമായതിനാൽ ഇത്തരം ബസ്സുകൾക്ക് പ്രത്യേക കളർ കോഡ് അനുവദിക്കുന്ന വിഷയം പരിഗണനയിലില്ല.

## ടൂ വീലർ ടാക്സി

235 (4270) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂ വീലർ ടാക്സിക്ക് പെർമിറ്റ് നൽകിയിട്ടുണ്ടോ;

(ബി) ടൂ വീലർ ടാക്സി പെർമിറ്റിന് എന്തൊക്കെ നിബന്ധനയാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ;

(സി) ഇതിന് അനുവദിച്ചിട്ടുള്ള വാടക നിരക്ക് എത്രയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ഇല്ല. എന്നാൽ റെന്റ് എ മോട്ടോർ സൈക്കിൾ സ്കീം. 1997 പ്രകാരം ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ മോട്ടോർ സൈക്കിളുകൾക്ക് മോട്ടോർ വാഹന നിയമം വകുപ്പ് 74 ഉപവകുപ്പ് (1) പ്രകാരമുള്ള പെർമിറ്റുകൾ ആർ.ടി.എ.-കളിൽ നിന്നു നൽകിയിട്ടുണ്ട്.

## പരിസര മലിനീകരണം കുറയ്ക്കുന്ന തരത്തിലുള്ള ഗതാഗത മാർഗ്ഗങ്ങൾ

236 (4271) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസര മലിനീകരണം കുറയ്ക്കുന്ന തരത്തിലുള്ള ഏതെല്ലാം ഗതാഗത മാർഗ്ഗങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) സംസ്ഥാനത്ത് വൈദ്യുത ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ വ്യാപകമാക്കുന്നതിന് തയ്യാറാകുമോ;

(സി) വൈദ്യുത ബാറ്ററികൾ പെട്ടെന്ന് റീചാർജ്ജ് ചെയ്യുന്ന തരത്തിലുള്ള റീചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സി.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബസ്സുകൾ കൂടുതലായി നിരത്തിലിറക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ചിട്ടുള്ള ഇ-വാഹനങ്ങൾ (ഇ- റിക്ഷ, ഇ-കാർ, ഇ-ബൈക്ക്) സംസ്ഥാനത്തുടനീളം വിപണനം നടത്തുന്നതിനും വില്പനാനന്തര സേവനം നൽകുന്നതിനും ഇരുപത്തിയഞ്ച് വാഹന നിർമ്മാണ കമ്പനികൾക്ക് മോട്ടോർ വാഹന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇ-റിക്ഷ ഓടിക്കുന്ന ഡ്രൈവർമാർക്ക് ലൈസൻസിന് പുറമെ ബാഡ്ജ് വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് ആവശ്യമില്ല എന്നും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അന്തരീക്ഷ മലിനീകരണം കുറയ്ക്കുമെന്നതിനാൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി, ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി./ സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും നിലവിലെ വാർഷിക നികുതി 500 രൂപയിൽ നിന്ന് 450 രൂപയായി കുറയ്ക്കുവാനും, പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങൾക്ക് 5 വർഷത്തേയ്ക്ക് 2,000 രൂപ എന്ന നിരക്കിൽ നികുതി ഈടാക്കുവാനും 2018-19-ലേയ്ക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശമുണ്ട്. ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഓട്ടോറിക്ഷകളുടെ നികുതി നിരക്ക് ഇത്തരം വാഹനങ്ങൾക്ക് ഏർപ്പെടുത്തുവാനും തീരുമാനമുണ്ട്.

(ബി) വൈദ്യുത ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ രജിസ്റ്ററിംഗ് അതോറിറ്റികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വകുപ്പിന്റെ പരിഗണനയിലില്ല.

(ഡി) ആവശ്യമായ ഫില്ലിംഗ് സ്റ്റേഷനുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അത്തരത്തിലുള്ള ബസുകൾ നിരത്തിലിറക്കാൻ സാധിക്കുകയുള്ളൂ.

## ട്രാഫിക് നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനുള്ള ആധുനിക സംവിധാനം

237 (4272) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രാഫിക് നിയമ ലംഘനങ്ങൾ പകർത്തുന്നതിന് അത്യാധുനിക ക്യാമറകൾ സ്ഥാപിച്ച എത്ര വാഹനങ്ങൾ വാങ്ങിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രയെണ്ണം ഇപ്പോൾ ഉപയോഗത്തിലുണ്ടെന്നും ഈ വാഹനങ്ങൾ ആരുടെ മേൽനോട്ടത്തിലാണ് റോഡുകളിൽ നിർത്തി വിവരങ്ങൾ റിക്കോർഡ് ചെയ്യുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഈ വാഹനങ്ങൾ സഞ്ചരിക്കേണ്ട റൂട്ട് നിശ്ചയിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരള റോഡ് സുരക്ഷാ അതോറിറ്റി റോഡ്സുരക്ഷാ ഉപകരണങ്ങൾ ഇന്റർസെപ്റ്ററുകളിൽ ഘടിപ്പിയ്ക്കണമെന്ന നിബന്ധനയോടുകൂടി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങുവാൻ 425 ലക്ഷം രൂപ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചു. 122.86 ലക്ഷം രൂപയ്ക്ക് ഇന്റർസെപ്റ്റർ ആക്കി മാറ്റുവാനുള്ള 17 വാഹനങ്ങൾ വകുപ്പ് വാങ്ങിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങളിൽ ഘടിപ്പിയ്ക്കേണ്ടുന്ന റഡാറും മറ്റ് റോഡ് സുരക്ഷാ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി ഉപകരണങ്ങൾ വാങ്ങി ഘടിപ്പിച്ചതിന് ശേഷം മാത്രമേ വാഹനങ്ങൾ വിതരണം ചെയ്യുന്നതിന് സാധിക്കുകയുള്ളൂ.

(സി) റൂട്ട് നിശ്ചയിക്കുന്നത് അതാത് സോണൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും കൂടാതെ അതാത് ജില്ലകളിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുമാണ്.

**മോട്ടോർ വാഹന വകുപ്പിനെ പരിഷ്കരിക്കുന്നതിന് നടപടി**

238 (4273) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിനെ കാലികമായി പരിഷ്കരിക്കുന്നതിനും നവീകരിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്ത പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനമോടിച്ച് അപകടങ്ങൾ വർദ്ധിപ്പിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം സംഭവങ്ങൾ ആവർത്തിക്കുന്നില്ല എന്നുറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി വകുപ്പ് കമ്പ്യൂട്ടർവൽക്കരിച്ചു. ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കൽ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രങ്ങളും ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങൽ, ആർക്കോ മീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ ആധുനികവൽക്കരണ പരിപാടികൾ നടപ്പിലാക്കി. അമിത വേഗതമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൂടുതൽ

സ്പീഡ് ക്യാമറകൾ സ്ഥാപിക്കുക. ഡ്രൈവിംഗ് സ്കൂൾ അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി പുതിയ ഡ്രൈവിംഗ് ടെസ്റ്റ് എടുക്കുന്നവരുടെ ഡ്രൈവിംഗ് നിലവാരം വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതി നടപ്പിലാക്കുക, എല്ലാ ജില്ലകളിലും കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനാ കേന്ദ്രങ്ങളും, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കുക, ചെക്ക് പോസ്റ്റുകളിലെ പെർമിറ്റിനും മറ്റ് ഇതര സേവനങ്ങൾക്കുമായുള്ള പൊതുജനങ്ങളുടെ നീണ്ട നിര കുറയ്ക്കുന്നതിനുവേണ്ടി കൂടുതൽ ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കുക എന്നീ പദ്ധതികൾ പുരോഗമിക്കുന്നു. കൂടാതെ പൊതുജന സുരക്ഷ ഉറപ്പ് വരുത്തുന്നതിന് അപകട സാധ്യതയുള്ള ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ ആർ.എഫ്.ഐ.ഡി. സിസ്റ്റം എന്ന സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുക, നിലവിലുള്ള സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ സമയപട്ടിക ഡിജിറ്റലൈസ് ചെയ്ത് അതുവഴി പൊതുഗതാഗത സംവിധാനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനും പൊതു ജനങ്ങൾക്ക് കൂടുതൽ പൊതുഗതാഗതത്തിലേയ്ക്ക് ആകർഷിക്കുന്നതിനും തൻമൂലം ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിനും വേണ്ടിയുള്ള " ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം " എന്ന പദ്ധതി നടപ്പാക്കുന്നതിനും മോട്ടോർ വാഹന ഓഫീസുകളിലും വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡിലും " പോയിന്റ് ഓഫ് സെയിൽ " മുതലായ ആധുനിക മൊബൈൽ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിലും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രായപൂർത്തിയാകാത്ത കുട്ടികൾ സ്കൂളിൽ പോകുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി ഇരുചക്രവാഹനങ്ങൾ സംസ്ഥാനവ്യാപകമായി ഉപയോഗിക്കുന്നതായും ഇതുമൂലം ഗുരുതരമായ അപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടതിനാൽ ഇക്കാര്യത്തിൽ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനങ്ങൾ ഓടിക്കാതിരിക്കാനും ഉപയോഗിക്കുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് പരിശോധിക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിലേയ്ക്കായി രക്ഷകർത്താക്കൾ, സ്കൂൾ അധികൃതർ, അദ്ധ്യാപക രക്ഷകർതൃസമിതി എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലാസ്സുകൾ മുഖേന ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. ലൈസൻസില്ലാതെ വാഹനമോടിക്കുന്നത് തടയുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകളിൽ ഇത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകാറുണ്ട്. മോട്ടോർ വാഹന വകുപ്പിൽ 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ പ്രവർത്തിക്കുന്ന മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും ഓഫീസ് തലത്തിലുള്ള എൻഫോഴ്സ്മെന്റ് വിംഗും നിത്യേനയുള്ള വാഹന പരിശോധനാ സമയത്ത് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാറുണ്ട്. ഹെൽമറ്റ് പരിശോധനയും കർശനമാക്കിയിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾ**

239 (4274) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ബസ്സുകളുടെ അമിതവേഗം നിരീക്ഷിക്കുന്നതിന് ജി.പി.എസ്. അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡ്രൈവിംഗ് ലൈസൻസുകളും സ്മാർട്ട് കാർഡായി നൽകുന്നതിനുള്ള തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; ഏത് കമ്പനിയെയാണ് പ്രസ്തുത ചുമതല ഏല്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) ജി.പി.എസ്. അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. C-DAC മുഖേന കേന്ദ്രീകൃത സോഫ്റ്റ് വെയറും അനുബന്ധ ഉപകരണങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിനെ ഏൽപ്പിച്ചിട്ടുണ്ട്. നടപടികൾ പുരോഗമിക്കുന്നു.

(സി&ഡി) ഡ്രൈവിംഗ് ലൈസൻസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സ്മാർട്ട് കാർഡ് രൂപത്തിൽ നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ടുള്ള 8-2-2017-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(എംഎസ്.)8/2017/ഗതാ പ്രകാരം മോട്ടോർ വാഹന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ റോസ്മെർട്ട സൊല്യൂഷൻസ് പ്രൈ. ലിമിറ്റഡ് കമ്പനി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP (c) 7881/2017 എന്ന നമ്പരിലുള്ള കേസിൽ ഈ വിഷയത്തിൽ സ്റ്റേ നിലവിലുണ്ട്.

**അന്തരീക്ഷ മലിനീകരണം കുറവുള്ള വാഹനങ്ങൾ**

240 (4275) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി മലിനീകരണം കുറയ്ക്കുവാൻ പഴയ വാഹനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കണമെന്ന ഉദ്ദേശ്യത്തോടെയാണോ 2017-ൽ ഹരിത നികുതി ഏർപ്പെടുത്തിയത്; വിശദമാക്കുമോ;

(ബി) മലിനീകരണം കുറയ്ക്കുന്നതിന് ഈ നടപടി എത്രമാത്രം സഹായകമായി എന്ന് വെളിപ്പെടുത്തുമോ;

(സി) അന്തരീക്ഷ മലിനീകരണം കുറവുള്ള സി.എൻ.ജി./എൽ.എൻ.ജി. വാഹനങ്ങൾ നിരത്തിലിറക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വൈദ്യുതി, സൗരോർജ്ജം എന്നിവ ഇന്ധനമായുള്ള വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരുന്നതിന് നികുതി ഇളവ് അടക്കമുള്ള ആനുകൂല്യങ്ങൾ പരിഗണിക്കുമോ;

(ഇ) സ്വകാര്യ വാഹനങ്ങളിൽ സി.എൻ.ജി./എൽ.എൻ.ജി. ഇന്ധനം ബാധകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പഴയ വാഹനങ്ങളുടെ ഉപയോഗം മൂലമുള്ള വായു മലിനീകരണം തടയുക എന്ന ഉദ്ദേശ്യത്തോടെയാണ് സംസ്ഥാനത്ത് 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ളതുമായ സ്വകാര്യവാഹനങ്ങൾക്കും 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ളതുമായ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഹരിത നികുതി ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടില്ല.

(സി) സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി നിരവധി വാഹന കമ്പനികൾക്ക് അംഗീകാരം നൽകി. എൽ.പി.ജി./സി.എൻ.ജി. കിറ്റുകൾ കേരളത്തിലുടനീളം വിപണനം നടത്തുന്നതിനും വിൽപ്പനാനന്തര സേവനം നടത്തുന്നതിനും ARAI, ICAT, VRDE തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികൾ അംഗീകാരം നൽകിയ കമ്പനികൾക്കും വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ഡി) അന്തരീക്ഷ മലിനീകരണം കുറയ്ക്കുമെന്നതിനാൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിയ്ക്കുന്നതിനായി, ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി/ സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും നിലവിലെ വാർഷിക നികുതി 500 രൂപയിൽനിന്ന് 450 രൂപയായി കുറയ്ക്കുവാനും, പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങൾക്ക് 5 വർഷത്തേയ്ക്ക് 2,000 രൂപ എന്ന നിരക്കിൽ നികുതി ഈടാക്കുവാനും 2018-19-ലേയ്ക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശമുണ്ട്. ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഓട്ടോറിക്ഷകളുടെ നികുതി നിരക്ക് ഇത്തരം വാഹനങ്ങൾക്ക് ഏർപ്പെടുത്തുവാനും തീരുമാനമുണ്ട്.

(ഇ) സ്വകാര്യ വാഹനങ്ങളിൽ സി.എൻ.ജി./എൻ.എൽ.ജി. ഇന്ധനം ബാധകമാക്കുവാൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം സി.എൻ.ജി. കിറ്റുകൾ വിപണനം നടത്തുവാനും വിൽപ്പനാനന്തര സേവനം നടത്തുവാനും അംഗീകൃത ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പിന്റെ പരിഷ്കരണം**

241 (4276) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. കെ. ശശി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ സ്വതന്ത്രമായ സെർവറുകളിൽ വിവരങ്ങൾ ശേഖരിക്കുന്ന നിലവിലുള്ള സമ്പ്രദായം മാറ്റി പകരം കേന്ദ്രീകൃത സെർവർ സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പൊതു ജനങ്ങളുടെ പരാതിയും അപേക്ഷകളും ഓൺലൈൻ വഴി സമർപ്പിക്കുന്നതിന് നിലവിൽ സൗകര്യമൊരു ക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത നിയമലംഘനങ്ങൾ കണ്ടുപിടിക്കുവാനുള്ള സംവിധാനത്തിനും നൂതന സാങ്കേതികത പരിശോധിച്ച് നടപ്പിലാക്കുവാനുമുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകി. പേപ്പർ രഹിത ഓഫീസ് സംവിധാനമായ ഇ-ഓഫീസ് വകുപ്പിന്റെ മേഖലാ ഓഫീസുകളിലേക്ക് വ്യാപിപ്പിച്ചു. മറ്റ് ഓഫീസുകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്നതാണ്. ഓഫീസുകളിൽ ക്യാമറാനിരീക്ഷണസംവിധാനം ഏർപ്പെടുത്തുവാൻ പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തെ ഏൽപ്പിച്ചിട്ടുണ്ട്. ഓഫീസുകൾ ആധുനികവത്കരിക്കുവാനും ഉപകരണങ്ങൾ വാങ്ങുവാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

(ബി) വകുപ്പിൽ കേന്ദ്രീകൃത സംവിധാനത്തിലുള്ള വാഹൻസാരഥി സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ഘട്ടംഘട്ടമായി പുരോഗമിക്കുന്നു. ഇതിന്റെ ആദ്യപടിയായി ലൈസൻസ് അധിഷ്ഠിത സേവനങ്ങൾ സാരഥിവഴി പരീക്ഷണരീതിയിൽ (ലേണേഴ്സ് ലൈസൻസ്, പുതിയ ഡ്രൈവിംഗ് ലൈസൻസ്) മൂന്ന് ഓഫീസുകളിൽ ആർ.ടി.ഒ., നാഷണൽ സെക്ടർ, തിരുവനന്തപുരം, ആർ.ടി.ഒ., ആലപ്പുഴ, സബ് ആർ.ടി.ഒ., കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആർ.ടി.ഒ., നാഷണൽ സെക്ടറിൽ ബാക്കി ലൈസൻസ് സേവനങ്ങളും ഉടൻ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ സാരഥിയിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും നടപ്പിലാക്കാൻ കഴിയുകയുള്ളൂ. വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ നൽകുന്ന വെബ് അധിഷ്ഠിത വാഹൻ സോഫ്റ്റ് വെയർ പരീക്ഷണഘട്ടത്തിലാണ്. ഇതിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച ശേഷം പരീക്ഷണ രീതിയിൽ സബ് ആർ.ടി.ഒ. നെയ്യാറ്റിൻകരയിൽ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

(സി) ഉണ്ട്.

## സാങ്കേതികവിദ്യയുടെ സഹായത്തോടെ ഗതാഗത സംവിധാനത്തിന്റെ ഏകോപനം

242 (4277) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത സംവിധാനം സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏകോപിപ്പിക്കുന്നതിന് ശ്രമിക്കുന്നുണ്ടോ;

(ബി) ഗതാഗത നിയന്ത്രണം, പാർക്കിംഗ്, നിയമലംഘനങ്ങൾ എന്നീ വിഭാഗങ്ങൾ ഒരു കുടക്കീഴിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) അപകടങ്ങൾ കുറയ്ക്കുക എന്നതിലുപരി പദ്ധതിയുടെ മറ്റ് ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) ഗതാഗത സംവിധാനം സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏകോപിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഗതാഗത നിയന്ത്രണം, പാർക്കിംഗ്, നിയമലംഘനങ്ങൾ തുടങ്ങി മറ്റ് വകുപ്പുകൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുൾപ്പെടെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ഇത്തരത്തിൽ ഒരു ഏകീകൃത സംവിധാനം ഏർപ്പെടുത്തുക വഴി ആശയക്കുഴപ്പം ഇല്ലാതാക്കുക, ജനങ്ങൾക്ക് ഏകജാലകത്തിലൂടെ സേവനം നൽകുക തുടങ്ങിയ ലക്ഷ്യങ്ങളും കൈവരിക്കാൻ കഴിയുന്നതാണ്.

## റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾ

243 (4278) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിൽ എന്തെല്ലാം പുതിയ കർമ്മപദ്ധതികളാണ് റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മോട്ടോർ വാഹന നിയമം നടപ്പിലാക്കുകയും ആയതുവഴി അപകടങ്ങൾ കുറയ്ക്കുകയും റോഡ് സുരക്ഷ ഉറപ്പുവരുത്തുകയുമാണ് റോഡ് സുരക്ഷാ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾ. ബഹു. സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് കെ. എസ്. രാധാകൃഷ്ണൻ ചെയർമാനായുള്ള റോഡ് സുരക്ഷാ കമ്മിറ്റിയുടെ ഉത്തരവനുസരിച്ച് അമിതവേഗത, വാഹനമോടിയ്ക്കവെയുള്ള മൊബൈൽ ഉപയോഗം, ലഹരി ഉപയോഗിച്ചുള്ള വാഹനമോടിയ്ക്കൽ, ചരക്കു വാഹനങ്ങളിലെ അമിത ഭാരം കയറ്റൽ തുടങ്ങിയ കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കാൻ പോലീസ്-മോട്ടോർ വാഹന വകുപ്പുകളോടാവശ്യപ്പെട്ടിട്ടുണ്ട്. ടി വകുപ്പുകൾ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ഇതു സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് റോഡ് സുരക്ഷാ കമ്മിറ്റിയ്ക്കയച്ചുവരുന്നു. ഇതിനുപുറമെ വാഹനാപകട നിരക്ക് 10% എങ്കിലും കുറയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ പോലീസ് മോട്ടോർ വാഹന വകുപ്പുകളോടാവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് നിരവധി പരിപാടികൾ ആസൂത്രണം ചെയ്തുനടപ്പാക്കുന്നുണ്ട്. റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി മോട്ടോർ വാഹന വകുപ്പ് പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിങ്ങിലും ട്രാഫിക് അവബോധം വളർത്തുന്നതിനുമുദ്ദേശിച്ചുള്ള പരിശീലനം, ടിപ്പർ ലോറി, സ്കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കുള്ള അവബോധന/പരിശീലന ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾ കേരളാ റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ് സംഘടിപ്പിച്ചുവരുന്നത്. ഇവ കൂടാതെ പ്രത്യേക വാഹന പരിശോധനകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാപരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ GPS അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനവും വാഹന ക്ഷമതാപരിശോധനാ കേന്ദ്രങ്ങളും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കിയിട്ടുണ്ട്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംങ്ങിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കർശനമായി നടപ്പിലാക്കിവരുന്നു.

## റോഡ് സുരക്ഷയ്ക്കായി സ്ഥാപിച്ചിട്ടുള്ള സൂചനാഫലകങ്ങൾ

244 (4279) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് സുരക്ഷക്കായി സ്ഥാപിച്ചിട്ടുള്ള സൂചനാഫലകങ്ങൾ ഇതര സംസ്ഥാന ഡ്രൈവർമാർക്കുകൂടി മനസ്സിലാകുന്ന തരത്തിൽ പ്രദർശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ച് റോഡ് സൂചനാഫലകങ്ങൾ ഡിസൈൻ ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും അതുവഴി ട്രാഫിക് കുരുക്ക്, വാഹന അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റോഡ് സുരക്ഷയ്ക്കായി സ്ഥാപിക്കുന്ന സൂചനാഫലകങ്ങൾ ഇതര സംസ്ഥാനങ്ങളിലെ ഡ്രൈവർമാർക്കുകൂടി പ്രയോജനകരമാകുന്ന രീതിയിൽ അവർ കൂടുതലായി എത്തുന്ന ശബരിമല പോലുള്ള തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളിൽ മലയാളം, തമിഴ്, കന്നട, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള സൈൻ ബോർഡുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ കേരളമുൾപ്പെടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും റോഡുകളിൽ സ്ഥാപിക്കുന്ന റോഡ് സൂചനാഫലകങ്ങൾ ഡിസൈൻ ചെയ്യുന്നതും സ്ഥാപിക്കുന്നതും ഇന്ത്യൻറോഡ് കോൺഗ്രസ് മാനദണ്ഡം (IRC)67/2012 പ്രകാരമാണ്. ട്രാഫിക് കുരുക്ക്, വാഹന അപകടങ്ങൾ, സൂചനാ ഫലകങ്ങളുടെ ആവശ്യകത എന്നിവയ്ക്ക് അനുസരിച്ച് കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ റോഡുസുരക്ഷാ പദ്ധതി, പദ്ധതിയേതര ഫണ്ട് എന്നിവ ഉപയോഗിച്ച് പ്രസ്തുത സൂചനാഫലകങ്ങൾ സ്ഥാപിക്കാനുള്ള അനുമതി നൽകി ആയവ സ്ഥാപിച്ചുവരുന്നു.

## ഔട്ട് ഡോർ അഡ്വർടൈസിംഗ് പോളിസി

245 (4280) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഔട്ട് ഡോർ അഡ്വർടൈസിംഗ് പോളിസി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പോളിസി രൂപീകരിക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ സമിതി രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സമിതി ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) കരട് പരസ്യനയം സർക്കാരിന്റെ പരിഗണനയിലാണ്.

**എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ആരംഭിക്കുന്നതിന് നടപടി**

246 (4281) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ എല്ലാ താലൂക്കുകളിലും സബ് ആർ.ടി. ഓഫീസുകളും എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ എല്ലാ താലൂക്കുകളിലും സബ് ആർ.ടി. ഓഫീസുകളും എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് ശബരിമല പാതയിൽ ആരംഭിച്ച സേഫ് സോൺ പദ്ധതി സേവ് കേരള പദ്ധതി എന്ന പേരിൽ കേരളം മുഴുവൻ വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മോട്ടോർ വാഹന വകുപ്പിൽ 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലാണ് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നത്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് 6 താലൂക്കുകളിൽ സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സേഫ് കേരള പദ്ധതിയുടെ കീഴിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം

247 (4282) ശ്രീ. ഐ. സി.ബാലകൃഷ്ണൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനാപകടങ്ങളുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(ബി) ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് ;

(സി) ഇതിനായുള്ള ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഇതിനുള്ള ഫണ്ട് എപ്രകാരമാണ് ലഭ്യമാക്കുന്നത്;വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് അനുയോജ്യമായ നിർവ്വഹണ ഏജൻസിയെ നിശ്ചയിക്കുന്നതിന് ആഗോള ടെണ്ടർ വിളിച്ച് കൺസൾട്ടന്റിനെ നിയമിക്കുവാൻ KSIDC-യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം കൺസൾട്ടന്റിനെ നിയമിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. 2018-2019 വർഷം ടോക്കൺ പ്രൊവിഷനായി 10 കോടി രൂപ റോഡ് സേഫ്റ്റി ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

## അംഗപരിമിതരായവരുടെ വാഹനങ്ങൾക്ക് നികുതി ഇളവ്

248 (4283) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരായവരുടെ വാഹനങ്ങൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള നികുതി ഇളവ് വ്യക്തമാക്കാമോ;

(ബി) അംഗ പരിമിതരായവരുടെ വാഹനങ്ങൾ രൂപഭേദം വരുത്തി തയ്യാറാക്കാൻ വലിയ തുക ചെലവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വാഹനങ്ങളുടെ വില നോക്കി നികുതി നിശ്ചയിക്കുന്നതിനാൽ അംഗ പരിമിതരായവരുടെ വാഹനങ്ങൾക്ക് നികുതി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സെഡാൻ വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങളാണ് കൂടുതലായി അംഗ പരിമിതർ ഉപയോഗിക്കുന്നത് എന്നാകയാലും അത്തരം വാഹനങ്ങൾ രൂപഭേദം വരുത്തുന്നതിനായി ശരാശരി 10 ലക്ഷം രൂപയോളം ചെലവാകുന്നതിനാലും 7 ലക്ഷം വരെ ഇപ്പോൾ അനുവദിച്ചിട്ടുള്ള നികുതി ഇളവിൽ മാറ്റം വരുത്താനുള്ള തീരുമാനം കൈക്കൊള്ളുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കുറഞ്ഞത് 40% എങ്കിലും അംഗപരിമിതരായ ഭിന്നശേഷിക്കാരുടെ ഉടമസ്ഥതയിലുള്ള ഏഴ് ലക്ഷം രൂപ വരെ വിലയുള്ള ത്രീ വീലർ, ഇൻ വാലീഡ് കാര്യേജ്, മോട്ടോർ സൈക്കിൾ, മോട്ടോർ കാർ വിഭാഗങ്ങളിൽ രണ്ട് വ്യത്യസ്ത വിഭാഗത്തിലുള്ള ഓരോ വാഹനങ്ങൾക്ക് സർക്കാർ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(സി) വാഹനങ്ങളുടെ വില നോക്കി നികുതി നിശ്ചയിക്കുന്നതുകൊണ്ട് അംഗപരിമിതരായവരുടെ വാഹനങ്ങൾക്ക് നികുതി വർദ്ധിക്കുന്നില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി**

249 (4284) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം പരിഷ്കരിക്കുന്നകാര്യം പരിഗണ നയിലുണ്ടോ;

(ബി) എങ്കിൽ പരിശീലനത്തിന് പാഠ്യപദ്ധതി തയ്യാറാക്കുമോ; പരിശീലകരെ വിദേശങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പരിശീലന ഫീസ് എത്ര രൂപയായിരിക്കുമെന്നും പരിശീലനകേന്ദ്രം എവിടെ ആയിരിക്കുമെന്നും വിശദമാക്കുമോ;

(ഡി) ഡ്രൈവിംഗ് സ്കൂളുകളെ ഏകീകൃതസംവിധാനത്തിന്റെ കീഴിൽ കൊണ്ടു വരുന്നതിന്റെ ഭാഗമായി യൂണിഫോമും തിരിച്ചറിയൽ കാർഡും ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പരിശീലകരെ വിദേശങ്ങളിൽ നിന്നും കൊണ്ടുവരുന്നകാര്യം പരിഗണനയിലില്ല.

(സി) പരിശീലന ഫീസ് 6,000 രൂപയാണ്. മലപ്പുറത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് (ഐ. ഡി. റ്റി. ആർ.)-ൽ വച്ചാണ് പരിശീലനം നൽകുന്നത്.

(ഡി) മോട്ടോർ വാഹന വകുപ്പിന്റെ സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്ത് കഴിഞ്ഞാലുടൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നിന്നും ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങളിലെ പരിശീലകർക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ സാധിക്കും. യൂണിഫോം നൽകുന്ന കാര്യം പരിഗണനയിലില്ല.

**പേരാമ്പ്രയിൽ പുതുതായി ആരംഭിക്കുന്ന ആർ.ടി. ഓഫീസ്**

250 (4285) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ പുതുതായി ആരംഭിക്കുന്ന ആർ.ടി. ഓഫീസിനു കീഴിൽ ഉൾപ്പെടുത്താനായി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളെ ആണ് പരിഗണിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ പുതുതായി ആരംഭിക്കുന്ന സബ് ആർ.ടി. ഓഫീസിന്റെ പരിധിയിൽ കാവിലുംപാറ, കുറ്റ്യാടി, മരുതോങ്കര, ചക്കിട്ടപാറ, കൂത്താളി, കുരാച്ചുണ്ട്, ചങ്ങരോത്ത്, കായണ്ണ, നൊച്ചാട്, പേരാമ്പ്ര, ചെറുവണ്ണൂർ, മേപ്പയ്യൂർ, വേളം, കോട്ടൂർ, നടുവണ്ണൂർ എന്നീ പഞ്ചായത്തുകളെയാണ് പരിഗണിക്കുന്നത്.

**ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി**

251 (4286) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് കഴിയാതെ വരുന്ന സാഹചര്യം പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പ്രവൃത്തികൾ എന്തെല്ലാ മാണെന്ന് അറിയിക്കുമോ;

(സി) ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ നിർമ്മാണം പൂർത്തീകരിച്ച ഡ്രൈഡോക്കിന്റെ ആധുനികവത്കരണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; ഇതിനായി എത്ര തുകയാണ് അനുവദിച്ചതെന്നും പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ പുരോഗതി കൈവരിച്ചിട്ടുള്ളതായി കാണുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട മറ്റ് യാത്രാമാർഗ്ഗങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിലെ ജനങ്ങൾക്ക് യാത്രാ സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് 1968-ൽ വകുപ്പ് സ്ഥാപിതമായത്. നാളിതുവരെ ടി നിലയിൽ കാര്യക്ഷമമായ സേവനമാണ് വകുപ്പ് ജനങ്ങൾക്ക് നല്കിവരുന്നത്. കേരളത്തിൽ ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലായി 51 ഷെഡ്യൂളുകളാണ് വകുപ്പ് നിലവിൽ നടത്തിവരുന്നത്. കാലാനുസൃതമായ മാറ്റങ്ങൾ വകുപ്പിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾ പുനർവിന്യസിച്ച് ആധുനിക സ്റ്റീൽ ബോട്ടുകളാക്കുന്നതിന്റെ ഭാഗമായി 45 സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ബോട്ടുകൾ വാടകയ്ക്ക് എടുത്ത് സർവ്വീസ് നടത്തിയിരുന്ന സാഹചര്യത്തിൽനിന്നും സ്വന്തം നിലയിൽ ബോട്ടുകൾ വാങ്ങി സർവ്വീസ് നടത്തുന്ന തലത്തിലേയ്ക്ക് വകുപ്പിന് ഉയർച്ച കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. വിനോദസഞ്ചാര രംഗത്തെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തുന്ന തരത്തിൽ ടൂറിസ്റ്റ്-കം-പാസഞ്ചർ ബോട്ട് സർവ്വീസുകൾ വകുപ്പ് ആരംഭിക്കുകയും വിജയകരമായി നടത്തിവരികയുമാണ്. ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ എന്നിങ്ങനെ രണ്ട് ടൂറിസ്റ്റ് സർവ്വീസുകൾ ലാഭകരമായി വകുപ്പ് നടത്തിവരുന്നു. കുട്ടനാടൻ മേഖലയിലെ വിനോദസഞ്ചാര സാധ്യതകൾ മുൻനിർത്തി സാധാരണക്കാരായ യാത്രക്കാർക്കുകൂടി പ്രയോജനകരമായ വിധത്തിൽ സീ കുട്ടനാട് എന്ന പേരിൽ ടൂറിസ്റ്റ്-കം-പാസഞ്ചർ ബോട്ട് സർവ്വീസ് നിലവിൽ വിജയകരമായി നടത്തിപ്പോരുന്നു. വകുപ്പ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കായി വകുപ്പിനുവേണ്ടി സ്വന്തമായി 4 ബോട്ടുകൾ ഒരേ സമയം അറ്റകുറ്റപ്പണികൾ നടത്താവുന്ന ഡ്രൈഡോക്കും, 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ്പ് വേയും ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ നിർമ്മാണം പൂർത്തിയാക്കി ബോട്ടുകൾ കയറ്റി അറ്റകുറ്റപ്പണികൾ ഊർജ്ജിതമായി നടത്തിവരികയുമാണ്. കേരളാ ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ സംവിധാനങ്ങൾ ഉള്ളതും കേരള തുറമുഖ വകുപ്പിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളും ലഭിച്ചതുമായ ബോട്ടുകൾ മാത്രമാണ് വകുപ്പ് സർവ്വീസുകളിൽ ഉപയോഗിച്ചു വരുന്നത്. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി മുഴുവൻ യാത്രക്കാർക്കും ലൈഫ് ജാക്കറ്റുകൾ എല്ലാ ബോട്ടുകളിലും സജ്ജമാക്കിയിട്ടുണ്ട്.

ലൈഫ് ബോയ്, ബോയന്റ് അപ്പാരറ്റസ് മുതലായ സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ വകുപ്പ് സുരക്ഷയ്ക്കായി സജ്ജമാക്കിയിട്ടുള്ളതാണ്. ജലഗതാഗതരംഗത്ത് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ട് ഇന്ത്യയിൽ തന്നെ ആദ്യമായി വകുപ്പിനുവേണ്ടി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം-തവണക്കടവ് റൂട്ടിൽ സർവീസ് നടത്തി

വരുന്നു. അത്യാധുനിക ഹൈസ്പീഡ് എ.സി. ബോട്ടുകൾ ഉപയോഗിച്ച് പുതുതായി ആലപ്പുഴ-കുമരകം-കോട്ടയം, വൈക്കം-എറണാകുളം അതിവേഗ ടൂറിസ്റ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിനായി സർക്കാർ അനുമതി ലഭിക്കുകയും ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. വകുപ്പിന്റെ അഞ്ച് പ്രധാന സ്റ്റേഷനുകളിൽ റെസ്ക്യൂ ബോട്ടുകൾ ഉൾപ്പെടുത്തി സുരക്ഷ മെച്ചപ്പെടുത്തുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളതിനാൽ ആയതിനുള്ള ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയുമാണ്. പുതിയ റൂട്ടുകളിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും വിനോദസഞ്ചാര മേഖലയിലെ സാധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്തി സേവനമേഖല വികസിപ്പിക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നല്കുന്നതിനും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചുവരുന്നു. ജലഗതാഗത രംഗത്ത് പൊതുജനങ്ങൾക്ക് നിലവിൽ കാര്യക്ഷമമായ സേവനം നല്കിവരുന്ന വകുപ്പിന് ഈ മേഖലയിൽ വേണ്ടത്ര പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) പരിസ്ഥിതി സൗഹൃദപരവും മലിനീകരണ വിമുക്തവുമായ രീതിയിലേക്ക് ഉൾനാടൻ ജലഗതാഗതത്തെ മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ഇന്ത്യയിലെ തന്നെ ആദ്യ സംരംഭമായ 75 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള സോളാർ എനർജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു സോളാർ ബോട്ട് സർക്കാർ അനുമതിയോടെ പണി കഴിപ്പിക്കുകയും ആയതിന്റെ ഉദ്ഘാടന കർമ്മം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ അവർകളുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയും ബോട്ടിന്റെ സ്വിച്ച് ഓൺ കർമ്മം ബഹു. കേന്ദ്ര മന്ത്രി ശ്രീ. പിയൂഷ് ഗോയൽ അവർകളും 12-1-2017-ൽ നിർവഹിക്കുകയും പ്രസ്തുത ബോട്ട് വൈക്കം-തവണക്കടവ് റൂട്ടിൽ വളരെ വിജയകരമായി സർവ്വീസ് നടത്തി വരികയും ചെയ്യുന്നു. വകുപ്പ് വക ബോട്ടുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശങ്ങളിലെ നിവാസികൾക്ക് അടിയന്തര വൈദ്യ സഹായം ലഭ്യമാക്കുന്നതും ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിന് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 310 ലക്ഷം രൂപാ ചെലവഴിച്ചുകൊണ്ട് ടി ബോട്ടുകൾ നിർമ്മിക്കുന്നതിനായി വകുപ്പിൽനിന്നും വർക്ക് ഓർഡർ നല്കിയിട്ടുണ്ട്. ആയവയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. 2017-18 സാമ്പത്തിക വർഷാവസാനത്തോടെ പൂർത്തീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു. വൈക്കം-എറണാകുളം റൂട്ടിലും ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിലും സാധാരണ യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും സൗകര്യപ്രദമായ രീതിയിൽ യാത്ര ചെയ്യുന്നതിലേയ്ക്കായി ഒരു ' അതിവേഗ ബോട്ട് സർവ്വീസ് ' ആരംഭിക്കുന്നതിന് സർക്കാരിൽനിന്നും അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ബോട്ടുകൾ നിർമ്മിക്കുന്നതിനായി വകുപ്പിൽ നിന്നും വർക്ക് ഓർഡർ നല്കുകയും നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. ജലഗതാഗതം കൂടുതൽ സുരക്ഷിതവും മെച്ചപ്പെട്ടതും ആക്കുന്നതിലേക്കായി കൂടുതൽ പഴക്കമുള്ള ബോട്ടുകൾക്കുപകരം ആധുനിക രീതിയിലുള്ള 9 കറ്റാമറാൻ ബോട്ടുകളും 5 സിംഗിൾ ഹൾ സ്റ്റീൽ ബോട്ടുകളും വാങ്ങുന്നതിനായി സർക്കാരിൽ നിന്നും 23.38 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ

പർച്ചേസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടി ബോട്ടുകൾ പണി കഴിപ്പിക്കുന്ന തിനുള്ള വർക്ക് ഓർഡർ വകുപ്പിൽ നിന്നും നല്കിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 2018 ഓാഗസ്റ്റിനകം നിർമ്മാണം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ടൂറിസം മേഖലയിൽക്കൂടി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ചെലവ് കുറഞ്ഞ രീതിയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലേയ്ക്കായി 154 ലക്ഷം രൂപാ ചെലവിൽ 2 വാട്ടർ ടാക്സി ബോട്ടുകളും 300 ലക്ഷം രൂപാ ചെലവിൽ 2 പാസഞ്ചർ കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടുകളും 315 ലക്ഷം രൂപാ ചെലവിൽ ഒരു സോളാർ ക്രൂയിസ് വെസലും വാങ്ങുന്നതിനായി സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പർച്ചേസ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ബോട്ടുകൾ പണി കഴിപ്പിക്കുന്നതിനുള്ള വർക്ക് ഓർഡർ വകുപ്പിൽ നിന്നും നല്കിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണവും പുരോഗമിച്ചുവരുന്നു.

(സി) G.O.(Rt.) No.284/2016/Tran തീയതി 13-7-2016 പ്രകാരം 2,87,59,822 (രണ്ടു കോടി എൺപത്തി ഏഴ് ലക്ഷത്തി അൻപത്തി ഒമ്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിരണ്ട് രൂപ) രൂപയ്ക്ക് ഭരണാനുമതി ലഭ്യമായ പ്രസ്തുത ജോലിയുടെ വകുപ്പ് തല വർക്ക് ഓർഡർ 2-11-2016-ൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ SILK-ന് നല്കിയിട്ടുണ്ട്. ഇതു വരെ 2 സ്റ്റേജുകളിലായി 70.14 ലക്ഷം രൂപ നല്കി ക്കഴിഞ്ഞു. പണികൾ നല്ല രീതിയിൽ പുരോഗമിച്ചുവരുന്നു. 2018-19 സാമ്പത്തിക വർഷം ആദ്യ പകുതിയോടെ പണികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം

252 (4287) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 'ആദിത്യ' സൗരോർജ്ജ ബോട്ടിന്റെ പ്രവർത്തനം വിജയകരമാണോ ; എങ്കിൽ ഈ സംരംഭം കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ജല ഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ വകുപ്പ് പുരോഗതി കൈവരിച്ചിട്ടുള്ളതായി കാണുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട മറ്റ് യാത്രാ മാർഗ്ഗങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിലെ ജനങ്ങൾക്ക് യാത്രാസൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് 1968-ൽ വകുപ്പ് സ്ഥാപിതമായത്. നാളിതുവരെ ടി നിലയിൽ കാര്യക്ഷമമായ സേവനമാണ് വകുപ്പ് ജനങ്ങൾക്ക് നൽകി വരുന്നത്. കേരളത്തിൽ ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലായി 51 ഷെഡ്യൂളുകളാണ് വകുപ്പ് നിലവിൽ നടത്തി വരുന്നത്. കാലാനുസൃതമായ മാറ്റങ്ങൾ വകുപ്പിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി

തടി ബോട്ടുകൾ പുനർവിന്യസിച്ച് ആധുനിക സ്റ്റീൽ ബോട്ടുകളാക്കുന്നതിന്റെ ഭാഗമായി 45 സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ബോട്ടുകൾ വാടകയ്ക്ക് എടുത്ത് സർവ്വീസ് നടത്തിയിരുന്ന സാഹചര്യത്തിൽ നിന്നും സ്വന്തം നിലയിൽ ബോട്ടുകൾ വാങ്ങി സർവ്വീസ് നടത്തുന്ന തലത്തിലേയ്ക്ക് വകുപ്പിന് പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. വിനോദസഞ്ചാര രംഗത്തെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തുന്ന തരത്തിൽ ടൂറിസ്റ്റ് കം പാസഞ്ചർ ബോട്ട് സർവ്വീസുകൾ വകുപ്പ് ആരംഭിക്കുകയും വിജയകരമായി നടത്തി വരികയുമാണ്. ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ എന്നിങ്ങനെ രണ്ട് ടൂറിസ്റ്റ് സർവ്വീസുകൾ വിജയകരമായി വകുപ്പ് നടത്തിവരുന്നു. കുട്ടനാടൻ മേഖലയിലെ വിനോദസഞ്ചാര സാധ്യതകൾ മുൻനിർത്തി സാധാരണക്കാരായ യാത്രക്കാർക്ക് കൂടി പ്രയോജനകരമായ വിധത്തിൽ സീ-കുട്ടനാട് എന്ന പേരിൽ ടൂറിസ്റ്റ് കം പാസഞ്ചർ ബോട്ട് സർവ്വീസ് നിലവിൽ വിജയകരമായി നടത്തിപ്പോരുന്നു. വകുപ്പ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കായി വകുപ്പിനു വേണ്ടി സ്വന്തമായി 4 ബോട്ടുകൾ ഒരേ സമയം അറ്റകുറ്റപ്പണികൾ നടത്താവുന്ന ഡ്രൈഡോക്കും, 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ്പ് വേയും ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ നിർമ്മാണം പൂർത്തിയാക്കി ബോട്ടുകൾ കയറ്റി അറ്റകുറ്റപ്പണികൾ ഊർജ്ജിതമായി നടത്തി വരികയുമാണ്. കേരളാ ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ സംവിധാനങ്ങൾ ഉള്ളതും കേരള തുറമുഖ വകുപ്പിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭിച്ചതുമായ ബോട്ടുകൾ മാത്രമാണ് വകുപ്പ് സർവ്വീസുകളിൽ ഉപയോഗിച്ചുവരുന്നത്. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി മുഴുവൻ യാത്രക്കാർക്കും ലൈഫ് ജാക്കറ്റുകൾ എല്ലാ ബോട്ടുകളിലും സജ്ജമാക്കിയിട്ടുണ്ട്. ലൈഫ് ബോയ്, ബോയന്റ് അപ്പാരറ്റസ്, മുതലായ സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ വകുപ്പ് സുരക്ഷയ്ക്കായി സജ്ജമാക്കിയിട്ടുള്ളതാണ്. ജലഗതാഗത രംഗത്ത് നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ട് ഇന്ത്യയിൽ തന്നെ ആദ്യമായി വകുപ്പിനു വേണ്ടി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം-തവണക്കടവ് റൂട്ടിൽ സർവീസ് നടത്തി വരുന്നു. അത്യാധുനിക ഹൈസ്പീഡ് എ.സി. ബോട്ടുകൾ ഉപയോഗിച്ച് പുതുതായി ആലപ്പുഴ-കുമരകം-കോട്ടയം, വൈക്കം-എറണാകുളം അതിവേഗ ടൂറിസ്റ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിനായി സർക്കാർ അനുമതി ലഭിക്കുകയും ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയുമാണ്. വകുപ്പിന്റെ അഞ്ച് പ്രധാന സ്റ്റേഷനുകളിൽ റെസ്ക്യൂ ബോട്ടുകൾ ഉൾപ്പെടുത്തി സുരക്ഷ മെച്ചപ്പെടുത്തുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളതിനാൽ ആയതിനുള്ള ബോട്ടുകളുടെ നിർമ്മാണവും പുരോഗമിച്ചു വരികയാണ്. പുതിയ റൂട്ടുകളിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും വിനോദസഞ്ചാര മേഖലയിലെ സാധ്യതകൾ കൂടുതലായി പ്രയോജന പെടുത്തി സേവനമേഖല വികസിപ്പിക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നല്കുന്നതിനും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചുവരുന്നു. ജലഗതാഗത രംഗത്ത് പൊതു ജനങ്ങൾക്ക് നിലവിൽ കാര്യക്ഷമമായ സേവനം നല്കിവരുന്ന വകുപ്പിന് ഈ മേഖലയിൽ വേണ്ടത്ര പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) സോളാർ ബോട്ട് സർവ്വീസ് നടത്തി ഒരു വർഷം പിന്നിടുന്ന അവസരത്തിൽ ടി ബോട്ടിന്റെ പ്രവർത്തനം തൃപ്തികരമാണ്. സർക്കാർ അനുമതിയോടെ 2017-18 വർഷം 100 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ക്രൂയിസ് വെസൽ പണി കഴിപ്പിക്കുന്നതിന് വർക്ക് ഓർഡർ നല്കിയിട്ടുണ്ട്.

**ജലഗതാഗതം**

253 (4288) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. സ്വരാജ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ജലഗതാഗതം പ്രോത്സാഹിപ്പിക്കാനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കാലഹരണപ്പെട്ട ബോട്ടുകൾ മാറ്റി പകരം കറ്റാമറാൻ ബോട്ടുകളോ ആധുനിക സ്റ്റീൽ ബോട്ടുകളോ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജലമലിനീകരണം കുറയ്ക്കുന്നതിനും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ഇൻഡ്യയിലെ ആദ്യത്തെ സംരംഭമായ സോളാർ ബോട്ടിന്റെ പ്രവർത്തനം തൃപ്തികരമാണോ; എങ്കിൽ ഇത്തരം ബോട്ടുകൾ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാന ജലഗതാഗത വകുപ്പ്, കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് സർവ്വീസുകൾ നടത്തിവരുന്നു. പൊതുഗതാഗത രംഗത്ത് കൂടുതൽ കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകവഴി മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് വകുപ്പ് നല്കിവരുന്നു. ഇതിനായി സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി അത്യാധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്ക് പരിശീലനം എന്നിവ വകുപ്പ് നടത്തിവരുന്നു. കാലപ്പഴക്കം ചെന്ന തടി ബോട്ടുകൾ ഘട്ടംഘട്ടമായി പിൻവലിച്ച്

പകരം ആധുനിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ചുവരുന്നു. നിലവിലുള്ള 14 ബോട്ടുകൾ കൂടി പിൻവലിച്ച് ആധുനിക രീതിയിലുള്ള ബോട്ടുകൾ ആക്കിമാറ്റുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സീ-കുട്ടനാട്, ആലപ്പുഴ-കൊല്ലം, കൊല്ലം- ആലപ്പുഴ എന്നിങ്ങനെ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇതിനുപുറമേ വൈക്കം-എറണാകുളം, കുമരകം-കോട്ടയം എന്നീ റൂട്ടുകളിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നല്കിവരുന്നു.കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ കം ടൂറിസം ബോട്ടുകൾ അനുവദിക്കുന്നതിനും ആലപ്പുഴ, എറണാകുളം മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയിസ് ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ആദ്യമായി സോളാർ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വകുപ്പിന്റെ വൈക്കം റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു.

വകുപ്പ് ബോട്ടുകൾ കൂടുതൽ കാര്യക്ഷമമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ തന്നെ ആദ്യമായി 4 ബോട്ടുകൾ ഒരേ സമയം റിപ്പയർ ചെയ്യാവുന്ന ഡ്രൈഡോക്കും സ്ലിപ് വേയും നിർമ്മിച്ച് ആയത് ഉപയോഗിച്ചുവരുന്നു. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ്, ബോയന്റ് അപ്പാരറ്റസ്, ഫയർ എസ്റ്റിങ്ക്യൂഷർ എന്നിവയും സി.യു.ജി. ഫോൺ സംവിധാനവും വകുപ്പ് ബോട്ടുകളിൽ ഉപയോഗിച്ചുവരുന്നു. ബോട്ടുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും ജീവനക്കാർക്കും യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷയും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് വഴി വകുപ്പ് ഉറപ്പാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് കൃത്യമായ പരിശീലനം നല്കുകവഴി കൂടുതൽ കാര്യക്ഷമമായ സേവനം ജലഗതാഗത രംഗത്ത് പൊതുജനങ്ങൾക്കായി വകുപ്പ് നല്കിവരുന്നു. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജല മലിനീകരണം എന്നിവ സംബന്ധിച്ച ബോധവത്ക്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകളും സജ്ജീകരിച്ചിട്ടുണ്ട്. റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗം വഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് വകുപ്പ് ഫെറി, സർക്കുലർ സർവ്വീസുകൾ നടത്തിവരുന്നു. വകുപ്പിന്റെ വൈക്കം-തവണക്കടവ്, ഫോർട്ടുകൊച്ചി- മട്ടാഞ്ചേരി, വൈറ്റില-കാക്കനാട്

എന്നീ സർവ്വീസുകൾ ഇതിനുദാഹരണങ്ങളാണ്. കരമാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം-തവണക്കടവ് റൂട്ടിൽ നിലവിലുള്ള ബോട്ടുകൾക്ക് പുറമേ അത്യാധുനിക സംവിധാനങ്ങളടങ്ങിയ സോളാർ ബോട്ടുകൂടി ഉപയോഗിച്ച് ജലമാർഗ്ഗം 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസ് വകുപ്പ് നടത്തിവരുന്നു. ഫോർട്ടുകൊച്ചി-വൈപ്പിൻ-മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി ബന്ധപ്പെടുന്നതിന് വകുപ്പിന്റെ സർക്കുലർ സർവ്വീസുകൾ സഹായിക്കുന്നു. വൈറ്റില-കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിറ്റ് മാത്രം സമയംകൊണ്ട് ഇൻഫോപാർക്ക് മുതലായ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിലേയ്ക്ക് കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് വേഗത്തിൽ എത്തിച്ചേരുന്നതിന് വകുപ്പ് സർവ്വീസുകൾ സഹായിക്കുന്നു. ഒരേ സമയം എട്ട് ബൈക്കുകൾ കയറ്റാവുന്ന 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ ഉപയോഗിച്ചുള്ള വകുപ്പിന്റെ സർവ്വീസുകൾ, നിരത്തുകളിലെ തിരക്കുകൾ കുറയ്ക്കുന്നതിനും സഹായകരമാണ്.

(ബി) ജലഗതാഗതം കൂടുതൽ സുരക്ഷിതവും മെച്ചപ്പെട്ടതും ആക്കുന്നതിലേയ്ക്കായി കൂടുതൽ പഴക്കമുള്ള ബോട്ടുകൾക്ക് പകരം ആധുനിക രീതിയിലുള്ള 9 കറ്റാമറാൻ ബോട്ടുകളും 5 സിംഗിൾ ഹൾ സ്റ്റീൽ ബോട്ടുകളും വാങ്ങുന്നതിനായി സർക്കാരിൽ നിന്നും 23.38 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പർച്ചേസ് നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ടി ബോട്ടുകൾ പണി കഴിപ്പിക്കുന്നതിനുള്ള വർക്ക് ഓർഡർ വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.2018 ഓഗസ്റ്റിനകം നിർമ്മാണം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ജലമലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ ബോട്ടുകളിലെല്ലാം ആധുനിക രീതിയിലുള്ള ബയോടോയിലറ്റുകളാണ് ഉപയോഗിച്ചുവരുന്നത്. ജല മലിനീകരണത്തിന് കാരണമാകുന്ന ഡീസൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുകൾ ഘട്ടംഘട്ടമായി ഒഴിവാക്കുന്നതിന്റെ ഭാഗമായി വകുപ്പ് ഒരു സോളാർ ബോട്ട് പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസിലുൾപ്പെടുത്തുകയും ആയതിന്റെ പ്രവർത്തനം വിജയകരമായി നടന്ന് വരികയും ചെയ്യുന്നു. ഇന്ധനച്ചെലവും മലിനീകരണതോതും കുറയ്ക്കുന്നതിനായി വകുപ്പിലെ ഡീസൽ എഞ്ചിൻ ബോട്ടുകൾ ഘട്ടം ഘട്ടംമായി ഇലക്ട്രിക് മോഡിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതി 2018-19 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബോട്ടപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി കേരളാ ഇൻലാന്റ്

വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും വകുപ്പ് ബോട്ടുകൾ പാലിച്ചുവരുന്നു. യാത്രക്കാർക്കും ജീവനക്കാർക്കുമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ്, ബോയന്റ് അപ്പാരറ്റസ്, ഫയർ എസ്റ്റിങ്ക്യൂഷർ എന്നിവ എല്ലാ ബോട്ടുകളിലും സജ്ജീകരിച്ചിട്ടുണ്ട്. കേരള തുറമുഖവകുപ്പിന്റെ ഫിറ്റ്നസ് പരിശോധനയ്ക്കും അതുവഴി ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾക്കും വിധേയമായി മാത്രമാണ് വകുപ്പ് ബോട്ടുകൾ സർവ്വീസ് നടത്തിവരുന്നത്. സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി ബോട്ടുകൾ യഥാസമയം പരിശോധനകൾ നടത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി വകുപ്പിന്റെ മെക്കാനിക്കൽ വിഭാഗത്തിന്റെയും യാർഡുകളുടെയും സേവനം വകുപ്പ് പ്രയോജനപ്പെടുത്തിവരുന്നു. ബോട്ടുകളും സ്റ്റേഷനുകളും തമ്മിൽ ആശയവിനിമയത്തിനും സുരക്ഷയ്ക്കുമായി വകുപ്പ് ബോട്ടുകളിൽ സി.യു.ജി. ഫോൺ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർക്കും യാത്രക്കാർക്കും കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുവഴി ഇൻഷ്വറൻസ് പോളിസി പരിരക്ഷയും വകുപ്പുബോട്ടുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും വകുപ്പ് ഉറപ്പാക്കിയിട്ടുള്ളതാണ്. ബോട്ടുകളുടെ സുരക്ഷ വിലയിരുത്തുന്നതിനായി സ്റ്റേഷൻമാസ്റ്റർമാരുടെ മേൽനോട്ടത്തിൽ സ്റ്റേഷനുകളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും ഇവ വിലയിരുത്തുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ട്രാഫിക് സൂപ്രണ്ട്, മെക്കാനിക്കൽ വിഭാഗം എന്നിവർ അടങ്ങുന്ന ഉന്നത കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. വകുപ്പ് ബോട്ടുകളുടെ സുരക്ഷ സംബന്ധിച്ച് ടി കമ്മിറ്റികളുടെ റിപ്പോർട്ടുകൾ പഠിച്ച് ആവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനും സുരക്ഷ മെച്ചപ്പെടുത്തുന്നതിനും വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജല മലിനീകരണം എന്നിവ സംബന്ധിച്ച ബോധവത്ക്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകളും സജ്ജീകരിച്ചിട്ടുണ്ട്.

(ഡി) സോളാർ ബോട്ട് സർവ്വീസ് നടത്തി ഒരു വർഷം പിന്നിടുന്ന അവസരത്തിൽ ടി ബോട്ടിന്റെ പ്രവർത്തനം തൃപ്തികരമാണ്. സർക്കാർ അനുമതിയോടെ 2017-18 വർഷം 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 'സോളാർ ക്രൂയിസ് വെസൽ' പണി കഴിപ്പിക്കുന്നതിന് വർക്ക് ഓർഡർ നല്കിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 4254-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[9.30 AM]

## II അടിയന്തരപ്രമേയം

### കർഷകസമരം അടിച്ചമർത്താനുള്ള നീക്കം

മി.സ്പീക്കർ: തളിപ്പറമ്പിനടുത്ത് കീഴാറ്റൂർ ദേശത്ത് കൃഷിഭൂമി നികത്തി കുപ്പം-കുറ്റിക്കോൽ ബൈപ്പാസ് നിർമ്മിക്കുന്നതിനെതിരെ 'വയൽക്കിളികൾ' എന്ന പേരിലുള്ള ജനകീയ കൂട്ടായ്മ നടത്തുന്ന സമരത്തെ അടിച്ചമർത്താനുള്ള സർക്കാർ നീക്കത്തെ തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പ്രസ്തുത വിഷയം കേന്ദ്രീകരിച്ച് തളിപ്പറമ്പ് എം.എൽ.എ. ശ്രീ. ജെയിംസ് മാത്യുവിന്റെ ഒരു സബ്മിഷനും ഇന്ന് ലിസ്റ്റ് ചെയ്തിട്ടുണ്ട്. അടിയന്തരപ്രമേയം അനുമതിതേടി സംസാരിച്ചതിനുശേഷം അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിക്കാൻ പോകുന്ന ഈ അടിയന്തരപ്രമേയം വികസനപരമായോ, കാർഷികപരമായോ, ധാർമ്മികമായോ യാതൊരു അടിയന്തര സ്വഭാവവും ഇല്ലാത്തതിനാൽ ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് ആമുഖമായിത്തന്നെ ഞാൻ അറിയിക്കുകയാണ്. അദ്ദേഹം തന്നിരിക്കുന്ന നോട്ടീസിന്റെ വിശദീകരണക്കുറിപ്പിൽ പറയുന്നത്, മാർച്ച് 14-ന് സർവ്വേ നടത്താനെത്തിയ ഉദ്യോഗസ്ഥ സംഘത്തെ ജനങ്ങൾ തടയുകയും മണ്ണെണ്ണയും പെട്രോളുമൊഴിച്ച് ആത്മഹത്യചെയ്യുമെന്ന് അവർ ഭീഷണിമുഴക്കുകയും ചെയ്ത സാഹചര്യമുണ്ടായി എന്നാണ്. സ്വഭാവികമായും പോലീസ് അവരെ അറസ്റ്റ് ചെയ്തു. ലാത്തിച്ചാർജോ, മർദ്ദനമോ ഉണ്ടായിട്ടില്ല. അങ്ങ് പ്രതിപക്ഷാംഗമെന്ന നിലയിൽ ഈ പ്രശ്നം ഉന്നയിക്കുന്നെങ്കിലും അങ്ങ് ചില വസ്തുതകൾ ഇതിൽ പറയുന്നുണ്ട്; തീർച്ചയായും വികസനം മുന്നോട്ട് കൊണ്ടുപോകണം, നാഷണൽ ഹൈവേയും മുന്നോട്ട് കൊണ്ടു പോകണം. യു.പി.എ. സർക്കാരിന്റെ കാലത്താണ് നാഷണൽ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യം വന്നത്. അന്ന് സംസ്ഥാനം ഭരിച്ചിരുന്ന യു.ഡി.എഫ്. സർക്കാരാണ് ഇതിന്റെ അലൈൻമെന്റ് തയ്യാറാക്കിയത്. ചെറിയ വ്യത്യാസങ്ങളേ വന്നിട്ടുള്ളൂ, ആ ഉത്തരവാദിത്വം നിങ്ങൾക്ക് ഇപ്പോഴും ഓർമ്മയിലുണ്ടാകും. ഞങ്ങൾ അതിനോട് സഹകരിക്കുകയാണ് ചെയ്തത്. ഇന്ന് ഈ നിർമ്മാണം നടപ്പിലാക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്, അത് ജനകീയമായിട്ടാണ് നടപ്പിലാക്കുന്നത്. ആ അവസരത്തിൽ ഇത്തരത്തിൽ നിയമവിരുദ്ധമായി ഏതാനും പേർ സംഘം

ചേർന്ന്, ആ പ്രദേശത്തിന് വെളിയിലുള്ളവർ, ഒരു കാലത്തും നെൽവയലിന്റെ പാടത്തുപോലും പോകാത്ത ആളുകൾ സമരം ചെയ്യുകയാണ്; അട്ടൂരിൽ നിന്നവരെ സമരം ചെയ്യാൻ ആളുകൾ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗം കേട്ടശേഷം അക്കാര്യങ്ങൾ ഞാൻ വിശദമായി പറയാം. നമ്മളൊക്കെ പാടത്തിന്റെ വരമ്പത്ത് ജനിച്ചവരാണ്. എങ്ങനെയാണ് കൃഷി ചെയ്യേണ്ടത്, എങ്ങനെയാണ് കട്ട ഉടയ്ക്കേണ്ടത്, എങ്ങനെയാണ് ഞാറ് നടേണ്ടത് എന്നതെല്ലാം നമുക്കറിയാം. നമ്മൾ എം.എൽ.എ.-മാരായോ മന്ത്രിമാരായോ ഇപ്പോൾ ഇരിക്കുന്നുവെന്ന് മാത്രമേയുള്ളൂ. ഇതൊന്നുമറിയാതെ ജീവിതകാലം മുഴുവൻ ഒരുതുള്ളി വിയർപ്പൊഴുക്കാതെ നടക്കുന്ന ചില ആളുകൾ നാടിന്റെ നാനാഭാഗത്തുനിന്നും അവിടെയെത്തിയിട്ട്, അവിടെയുള്ള കുറച്ച് പാവപ്പെട്ട ആളുകളെ തെറ്റിദ്ധരിപ്പിച്ചുണ്ടാക്കുന്ന പ്രശ്നങ്ങളാണിതെല്ലാം. തികച്ചും ക്രിമിനലായി, നിയമവിരുദ്ധമായി ആത്മഹത്യാ ഭീഷണി മുഴക്കുന്ന ഇവർക്കുവേണ്ടി ചെറിയ ശബ്ദംപോലും നമ്മളുയർത്തിയാൽ നമ്മുടെ സങ്കൽപ്പങ്ങൾ തകരും. നമ്മളാർക്കും എതിരല്ല. പിന്നെ സി.പി.ഐ. (എം.)-നെപ്പറ്റി പറയുന്നുണ്ട്, അതിന് ഞാൻ ഈ അവസരത്തിലൊന്നും പറയുന്നില്ല. അങ്ങ് വളരെ അറിവുള്ള ഒരാളാണ്, ധാരാളം വായിക്കുകയും ചെയ്യും; അതൊക്കെ അങ്ങയുടെ സംസാരത്തിൽ നിന്നുതന്നെ അറിയാം. സീതയാകുന്ന ഈ വികസനത്തെ കാത്തുസൂക്ഷിക്കേണ്ട അങ്ങും ഞാനും ഈ സഭയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുഴുവൻ ജനങ്ങളും വികസനവിരുദ്ധമായ ഒരു മാരീചവേഷം പൂണ്ടുവന്ന ഒരു മാരീചനെക്കണ്ട് മോഹിക്കരുത്, സീതയെ വല്ലവരും തട്ടിക്കൊണ്ടുപോകും, വികസനം നടക്കുകയുമില്ല; അതിന്റെ ഏറ്റവും വലിയ ദുഷ്പ്പേര് യു.ഡി.എഫ്.-നായിരിക്കും. അതുകൊണ്ട് വേറൊരു തലത്തിൽ ഈ ചർച്ച അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബൈബിളിൽ ഒരു വാചകമുണ്ട്- 'Devils enter where Angels fear to Tread' എന്ന്. അതായത്, മാലാഖമാർ കടക്കാൻ മടിക്കുന്നിടത്ത് ചെകുത്താൻമാർ കയറും, ആ ചെകുത്താൻമാരാണ് അവിടെയിപ്പോൾ ബഹളമുണ്ടാക്കുന്നത്. അവർ വയൽ ക്കിളികളാണോ, അതോ വയൽ കഴുകൻമാരാണോ? 'Vultures hovering over the paddy land', അതെല്ലാം തെളിയിക്കപ്പെടാൻ ഇരിക്കുന്നതേയുള്ളൂ. അത് കേരളത്തിലുള്ള ചിലരുടെ മാത്രം ദുഷ്ടതാൽപ്പര്യമാണോ, അതോ നാഷണൽ ലെവലിലാണോ, അതിനു വെളിയിലാണോ എന്നൊക്കെയുള്ളത് വെളിപ്പെടാനിരി ക്കുന്നതേയുള്ളൂ. ഇതിൽ ധാരാളം ദുരൂഹതകളുണ്ടെന്നാണ് സർക്കാർ കരുതുന്നത്. ദയവായി അങ്ങ്, അടിയന്തരപ്രമേയം പ്രസ് ചെയ്യാതെ പിൻവലിച്ച് ചെറിയൊരു പ്രസംഗം മാത്രം നടത്തി പിൻവാങ്ങണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ആമുഖമായി ഞാൻ പറയട്ടെ, ഈ നോട്ടീസ് വികസനത്തിനെതിരായ ഒരു നോട്ടീസല്ല, പക്ഷെ ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ സീതയെ കവർന്നെടുക്കാൻ വന്ന മാരീചനെയല്ല ഞാൻ കണ്ടത്, അധികാരത്തിന്റെ പുഷ്പക വിമാനത്തിലേറി

സീതാപഹരണം നടത്താൻ വന്ന പത്തുതലയുള്ള രാവണനെയാണ് എനിക്ക് കാണാൻ കഴിഞ്ഞത്. തളിപ്പറമ്പിനടുത്ത് കീഴാറ്റൂർ ദേശത്ത് കുപ്പം-കുറ്റിക്കോൽ ബൈപ്പാസ് നിർമ്മാണത്തിനായി 4.5 കിലോമീറ്റർ ദൂരം നെൽവയൽ ഏറ്റെടുക്കുന്നതിനെതിരായി 'വയൽക്കിളികൾ' സമരം ആരംഭിച്ചിട്ട് നിരവധി മാസങ്ങളായി. അവിടെ നൂറ് ശതമാനവും നെൽകൃഷിയുള്ള പ്രദേശമാണ്. ചിലർ രണ്ട് വിളയും ചിലർ ഒരു വിളയുമെടുക്കുന്നു. ഒരു തോടിലൂടെ തളിപ്പറമ്പ് പട്ടണത്തിലെ മാലിന്യങ്ങൾ പോകുന്നതുകൊണ്ടാണ് മൂന്ന് വിള അവിടെയെടുക്കാതിരുന്നത്. ഇതുവരെ മൂന്ന് വിളയും അവിടെ പൂർണ്ണമായും കൃഷി ചെയ്തിരുന്നു. 23-7-2016-ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും സ്ഥലം എം.എൽ.എ.-മാരും പങ്കെടുത്ത അലൈൻമെന്റ് സംബന്ധിച്ച ഒരു യോഗം നടന്നിരുന്നു. അന്ന് സംസാരിച്ചത് ഈ വയലിലൂടെയുള്ള അലൈൻമെന്റല്ല. എട്ടാം മാസത്തിൽ ആ അലൈൻമെന്റ് മാറ്റി. പിന്നീടുള്ള മൂന്ന് മാസക്കാലം എട്ട് പ്രാവശ്യം സർവ്വേ നടത്താൻ ഉദ്യോഗസ്ഥർ അവിടെയെത്തിയപ്പോൾ ജനങ്ങൾ അവരെ തടഞ്ഞു. അതൊരു സി.പി.ഐ.(എം.) പാർട്ടി ഗ്രാമമാണ്. എട്ട് പ്രാവശ്യവും സർവ്വേ സംഘത്തെ തടയാൻ നേതൃത്വം കൊടുത്തത് സി.പി.ഐ. (എം.)-ന്റെ ലോക്കൽ നേതാക്കളും പാർട്ടിക്കാരും ഉൾപ്പെടെയുള്ളവരാണ്. അതിനുശേഷം അവർ ഹൈക്കോടതിയിൽ പോകുകയും നോട്ടിഫിക്കേഷനില്ലാതെ സർവ്വേ നടത്താൻ പാടില്ലെന്ന് ഹൈക്കോടതി നിർദ്ദേശം നൽകുകയും ചെയ്തു. എൻ.എച്ച്.എ.ഐ. ഇതിനെ സംബന്ധിച്ച് യാതൊന്നും അറിയില്ലെന്നാണ് ഹൈക്കോടതിയിൽ പറഞ്ഞത്. എൻ.എച്ച്.എ.ഐ അറിയാതെ ആരാണ് സർവ്വേ നടത്താൻ അവിടെപ്പോയത്? അതിനുശേഷം നോട്ടിഫിക്കേഷനിറക്കി. 'The Right to Fair Compensation Act- 2013' -ലെ 4, 5, 6, 7, 8 വകുപ്പുകൾ തിരസ്കരിച്ചുകൊണ്ടാണ് 3 (എ) നോട്ടിഫിക്കേഷൻ ഇറക്കിയിരിക്കുന്നത്. ആ വകുപ്പുകളനുസരിച്ച് സോഷ്യൽ ഇംപാക്ട് സ്റ്റഡിയും പബ്ലിക് ഹിയറിംഗും വേണം, ഗ്രാമസഭകൾതോറും ചർച്ച ചെയ്യണം, Mitigation plan തയ്യാറാക്കണം, എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി വേണം; ഇത്തരം നടപടി ക്രമങ്ങളൊന്നും നടത്താതെ (ഇത് ഷെഡ്യൂളിലുള്ള ആക്ടാണ്), എൻ. എച്ച്. നിയമത്തിന്റെ ഷെഡ്യൂളിലുള്ള കാര്യമാണെന്നുള്ളതൊന്നും പരിഗണിക്കാതെ, നടപടിക്രമങ്ങളൊന്നും പാലിക്കാതെ 3 (എ) നോട്ടിഫിക്കേഷൻ ഇറക്കി മുന്നോട്ടുപോയിരിക്കുകയാണ്. അങ്ങനെ വന്നപ്പോൾ സമരം വീണ്ടും ആരംഭിച്ചു, ഇതിനിടയിൽ സി.പി.ഐ.(എം.) നേതാക്കൻമാർ ആ സമരത്തിൽ നിന്ന് പിൻമാറി. ആ വയലേലകൾക്ക് മീതെ പറന്നു നടക്കുന്ന കഴുകൻമാരല്ല സമരം നടത്തിയത്; സമരം നടത്തിയ 11 പാർട്ടി പ്രവർത്തകർ 3 ബ്രാഞ്ച് കമ്മിറ്റികളിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ കാർഡ് ഹോൾഡേഴ്സായ അംഗങ്ങളായിരുന്നു. അവരെ പാർട്ടിയിൽ നിന്നും പുറത്താക്കി. അവിടെ 19 ദിവസത്തെ നിരാഹാര സമരം നടന്നു. 11 ദിവസം അവിടെ സമരം നടത്തിയത് സമര നേതാവായ സുരേഷാണ്. 4 ദിവസം അവിടെ സമരം നടത്തിയത് 73 വയസ്സുകാരിയായ, കമ്മ്യൂണിസ്റ്റുകാരിയായ നമ്പ്രാടത്ത് ജാനകിയാണ്. പഴയ

കമ്മ്യൂണിസ്റ്റുകാരിയായ നമ്പ്രാടത്ത് ജാനകിയാണ് ആ കീഴാറ്റൂർ സമരത്തിന്റെ നായികയായി ഇന്ന് മാറിയിരിക്കുന്നത്. സെപ്റ്റംബർ 29-ാം തീയതി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അവിടെ യോഗം വിളിച്ചു. അവർ സമരം നിർത്തി, അങ്ങ് കുറേ നല്ല വാക്കുകൾ അവരോട് പറഞ്ഞു. മണ്ണിന്റെ വിലയെക്കുറിച്ചും കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചുമെല്ലാം അവരെ ബോധ്യപ്പെടുത്തി. ഈ അലൈൻമെന്റ് മാറ്റുന്ന കാര്യം ആലോചിക്കാമെന്ന് പറയുകയും ഒരു വിദഗ്ദ്ധ സംഘത്തെ അങ്ങോട്ട് അയക്കുകയും ചെയ്തു. വിദഗ്ദ്ധസംഘമെത്തിയെങ്കിലും കളക്ടറേറ്റിൽ നടന്ന യോഗം വെറും പ്രഹസനമായി മാറിയപ്പോൾ സമരസമിതി നേതാക്കൻമാർ അവിടെനിന്നും ഇറങ്ങിപ്പോകുകയാണുണ്ടായത്. അതിനുശേഷം മാർച്ച് 14-ാം തീയതി, യാതൊരു മുന്നറിയിപ്പുമില്ലാതെ വൻ പോലീസ് സേനയുടെ അകമ്പടിയോടുകൂടി സർവ്വേ നടത്താൻ വന്ന സംഘത്തെ ജനങ്ങൾ തടഞ്ഞു. മൂന്നൂറോളം വരുന്ന പോലീസ് സേന, ഫയർ ഫോഴ്സ്, ആംബുലൻസ് എന്നിവ സഹിതം സമീപപ്രദേശങ്ങളിൽ നിന്നും നൂറുകണക്കിന് സി.പി.ഐ.(എം.) പ്രവർത്തകർ വന്നപ്പോൾ നിരായുധരായി ഗാന്ധിയൻ രീതിയിൽ സമരം നടത്തുന്ന കർഷകരിൽ കുറേപ്പേർ മണ്ണെണ്ണയും പെട്രോളും ദേഹത്തൊഴിച്ച് കയ്യിൽ സിഗരറ്റ് ലാമ്പുമായി രാവിലെ എട്ടര മണിമുതൽ ഉച്ചയ്ക്ക് രണ്ടര വരെ ആ കൊടും ചൂടിൽ അവരുടെ വയലിന് കാവൽ നിന്നു. പോലീസ് അവരെ അറസ്റ്റു ചെയ്തു മാറ്റി. ഒന്നര മാസമായി നടക്കുന്ന വയൽക്കാവൽ സമരക്കാരുടെ സമരപ്പന്തൽ പോലീസ് നോക്കി നിൽക്കെ സി.പി.ഐ.(എം.) നേതാക്കന്മാരുടെ നേതൃത്വത്തിൽ അത് കത്തിച്ചു. സമരപ്പന്തൽ കത്തിച്ച സി.പി.ഐ.(എം.) നേതാക്കന്മാരുടെ ദൃശ്യങ്ങൾ കേരളം മുഴുവൻ കണ്ടതാണ്. മാധ്യമ പ്രവർത്തകരെയും ചാനലുകാരെയും സി.പി.ഐ.(എം.) പ്രവർത്തകർ ഭീഷണിപ്പെടുത്തി. ഇവിടത്തെ പോലീസിന്റെ ജോലിയെന്താണ്; കത്തിക്കുന്നതിന് കൂട്ടുനിൽക്കുന്നതാണോ പോലീസിന്റെ ജോലി? ആരുവേണമെങ്കിലും സമരം ചെയ്യട്ടെ, എല്ലാവർക്കും സമരം ചെയ്യാൻ സ്വാതന്ത്ര്യമുള്ള നാടാണ് കേരളം. സമരപ്പന്തൽ കത്തിക്കാൻ സി.പി.ഐ.(എം.)-കാർക്ക് ആരാണ് ലൈസൻസ് കൊടുത്തത്? രണ്ടുവിള കൃഷി ചെയ്യുന്ന ആ നെൽവയൽ ചതുപ്പാണ്, വലിയ നീരുറവയാണ്, എല്ലാ ഭാഗത്തുനിന്നും വെള്ളമിറങ്ങുന്ന നീർച്ചാലാണ്. 4.5 കിലോമീറ്റർ ദൂരത്തിൽ ചെളിയെടുത്ത് മാറ്റി, അത് നികത്തണമെങ്കിൽ ലക്ഷക്കണക്കിന് ലോഡ് മണ്ണുവേണം. ഇപ്പോൾത്തന്നെ പരിയാരത്തേക്കുള്ള വഴിയിലെ കുന്നുകൾ റിയൽ എസ്റ്റേറ്റുകാർ വാങ്ങിച്ചുകൂട്ടിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം അന്വേഷിക്കണം. കാരണം, ഈ വയൽ നികത്തണമെങ്കിൽ ലക്ഷക്കണക്കിന് ലോഡ് മണ്ണ് ആവശ്യമാണ്. സ്ഥലവും ഫ്രീയാകും, കോടിക്കണക്കിന് രൂപയുടെ മണ്ണും ലഭിക്കും..... (ബഹളം).....

<u>മി. സ്പീക്കർ</u>: പ്ലീസ്...ഇരിക്കൂ... ഇരിക്കൂ..ശ്രീ. എ. എൻ. ഷംസീർ ഇതൊന്നും ശരിയല്ല. മന്ത്രി മറുപടി പറയും. (ബഹളം)... മറുപടി പറയാനുള്ള കഴിവ് മന്ത്രിക്കുണ്ട്. നിങ്ങൾ സഹായിക്കേണ്ട. ഇരിക്കൂ...

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇങ്ങനെയാണ് അവർ സമരം നടത്തുന്നത്. ...... (ബഹളം)......

<u>മി. സ്പീക്കർ</u>: ശ്രീ. ആർ. രാജേഷ് ഇരിക്കൂ... പ്ലീസ് ..

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട ജെയിംസ് മാത്യു അവിടത്തെ എം.എൽ.എ. ആണ്, എനിക്കുശേഷം അദ്ദേഹത്തിന് സംസാരിക്കാൻ അങ്ങ് അവസരം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും സംസാരിക്കും. ഞാനിവരെ ക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. വയൽക്കിളികളുടെ സമരത്തെപ്പറ്റി ഒന്നും പറയാൻ പാടില്ലേ, അതിനെക്കുറിച്ച് സംസാരിക്കുന്നത് ഗുരുതരമായ തെറ്റാണെന്നാണോ ഇവർ പറയുന്നത്. കഴിഞ്ഞ ദിവസം കാസർഗോഡെത്തിയ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ പ്രസ്താവന അങ്ങ് വായിക്കണം. അദ്ദേഹം അങ്ങയുടെ തൊട്ടടുത്തിരിക്കുകയാണ്. " വയൽക്കിളികളോടൊപ്പമാണ് താനെന്ന് മന്ത്രി വി. എസ്. സുനിൽ കുമാർ, കീഴാറ്റൂരിലെ നെൽവയൽ സംരക്ഷിക്കുമെന്നും സംസ്ഥാനത്തിന് അഭിമാനമായ വയൽക്കിളികളെ എന്തുകൊണ്ടാണ് വയലിൽ നിന്നും അടിച്ചോടിച്ചതെന്നും അറിയില്ല, കൃഷിവകുപ്പിൽ ഇതുമായി ബന്ധപ്പെട്ട ഫയൽ എത്തിയിട്ടില്ല, എത്തിയാൽ അവരെ സംരക്ഷിക്കുന്ന നടപടിയായിരിക്കും കൃഷി വകുപ്പ് സ്വീകരിക്കുക." സി.പി.ഐ.(എം.) പല കാര്യങ്ങളിലും ആശ്രയിക്കുന്ന, നിങ്ങളുടെ പാർട്ടിയിലെ പല ചെറുപ്പക്കാരും പാടി നടന്നിട്ടുള്ള മുദ്രാവാക്യങ്ങൾ കേരളത്തിലുയർത്തിയിട്ടുള്ള, പാരിസ്ഥിതിക പ്രശ്നങ്ങൾ എപ്പോഴും ഉയർത്തിക്കാണിക്കുന്ന, നിങ്ങളുടെ പാർട്ടി പ്രവർത്തകരും നേതാക്കന്മാരും ഉൾപ്പെടുന്ന ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കണ്ണൂർ ജില്ലാ കമ്മിറ്റി തളിപ്പറമ്പ് ബൈപ്പാസിന് ബദലുകൾ പരിഗണിക്കണം, ഈ വികസന പ്രവർത്തനം അവിടെ നടത്തരുതെന്നാവശ്യ പ്പെട്ടിരിക്കുകയാണ്. ഞങ്ങൾ മാത്രമാണോ ഇതെല്ലാം പറഞ്ഞിരിക്കുന്നത്?

ഞാൻ വീണ്ടും ആവർത്തിക്കുകയാണ്, ഞങ്ങൾ വികസനത്തിനെതിരല്ല. ഒരു പാർട്ടി ഗ്രാമത്തിൽ പാർട്ടിക്കുവേണ്ടി ജീവത്യാഗം ചെയ്യാൻ നടക്കുന്ന കമ്മ്യൂണിസ്റ്റു കളെപ്പോലും ബോധ്യപ്പെടുത്താൻ കഴിയാത്ത എന്തു വികസനത്തെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്? നിങ്ങളുടെ പാർട്ടിക്കാരല്ലാതെ മറ്റൊരു പാർട്ടിക്കാരും അവിടെയില്ല. വേറെ സ്ഥലത്തുനിന്നും പാർട്ടിക്കാർ വരണമെങ്കിൽ അവിടെയുള്ളവരെ ബോധ്യപ്പെടുത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? കയ്യൂരിലും കരിവെള്ളൂരിലും കാവുമ്പായിയിലും നടന്ന കർഷക സമരങ്ങളെക്കുറിച്ച് വായിച്ച്, ചരിത്ര വിദ്യാർത്ഥികളായ ഞങ്ങൾ കമ്മ്യൂണിസ്റ്റുകാരെക്കുറിച്ച് ആവേശം കൊണ്ടിട്ടുണ്ട്. പക്ഷേ ഇന്ന് നിങ്ങൾ മറുഭാഗത്താണ് നിൽക്കുന്നത്. അന്ന് കർഷകർ സമരം നടത്തിയപ്പോൾ

മറുഭാഗത്തുണ്ടായിരുന്ന മർദ്ദക വീരന്മാരായ പോലീസിന്റെയും പട്ടാളത്തിന്റെയും കൂടെയാണ് ഇന്ന് നിങ്ങൾ നിൽക്കുന്നതെന്നുള്ള സാമൂഹ്യമാറ്റം കേരളത്തിൽ ഉണ്ടായിരിക്കുകയാണ്. 73 വയസ്സുകാരിയും വയോധികയുമായ ഈ സമരത്തിലെ നായികയായ നമ്പ്രാടത്ത് ജാനകിയെന്ന കമ്മ്യൂണിസ്റ്റുകാരിയെ കൊല്ലുമെന്നും വീട് കത്തിക്കുമെന്നും ഭീഷണിപ്പെടുത്തിയ നിങ്ങളുടെ പതനം എത്ര ഭയാനകമാണെന്ന് ഞാൻ ആലോചിക്കുകയാണ്. നന്ദിഗ്രാമിൽ സമരം ചെയ്ത കർഷകരെ ടാറ്റയ്ക്ക് വേണ്ടി വെടിവച്ച് കൊന്നും കുഴിച്ചുമൂടിയും സ്ത്രീകളെ അപമാനിച്ചും നിങ്ങൾ നടത്തിയ അധികാരത്തിന്റെ അഴിഞ്ഞാട്ടം കേരളത്തിൽ നടക്കില്ലെന്ന് ഓർമ്മിപ്പിക്കാൻ ഞങ്ങളാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇരു കൈകളും കൂപ്പി ഞാനപേക്ഷിക്കുന്നു, ദയവുചെയ്ത് അവിടെ സമരം ചെയ്യുന്ന, നിങ്ങളുടെ പാർട്ടിയിൽ നിന്നും പുറത്താക്കിയ ആ പാവം കമ്മ്യൂണിസ്റ്റുകളെ നിങ്ങൾ കൊല്ലരുത്, അവരുടെ കയ്യും കാലും വെട്ടിയെടുക്കരുത്, അവരുടെ വീടിന് നിങ്ങൾ തീ വയ്ക്കരുത്. ഗൗരവതരമായ ഈ വിഷയം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, എന്റെ സുഹൃത്ത് ബഹുമാന്യനായ വി. ഡി. സതീശൻ ഇവിടെ പറഞ്ഞ കാര്യം സംബന്ധിച്ച് വളരെ വിഷമത്തോടെ ഞാൻ പറയുകയാണ്, ആ നാട്ടിൽ ഒരു തവണയെങ്കിലും അങ്ങ് വരണമായിരുന്നു. ആ ജില്ലയിൽ നിന്നുള്ള രണ്ട് എം.എൽ.എ.-മാരുണ്ട്, അവർ ഇക്കാര്യം പറഞ്ഞിരുന്നെങ്കിൽ കുറേക്കൂടി വ്യക്തമാകുമായിരുന്നു. എനിക്ക് ഒരു കാര്യമേ പറയാനുള്ളൂ, ഒരു ദിവസം പതിനഞ്ച് പേർ, പ്രതിവർഷം നാലായിരത്തിലധികം ആളുകൾ റോഡപകടങ്ങളിൽ മരണപ്പെടുന്നു. അതിനൊരു പരിഹാരം നിങ്ങളുടെ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു, അത് തുടർന്നു കൊണ്ടുപോകാൻ ഈ സർക്കാർ തീരുമാനിച്ചു. ഞാൻ പ്രതിനിധീകരിക്കുന്ന തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ ബൈപ്പാസ് പ്രശ്നത്തിൽ അങ്ങ് ഒരിക്കലെങ്കിലും ഇടപെട്ടിരുന്നുവെങ്കിൽ കാര്യങ്ങൾ മനസ്സിലാകുമായിരുന്നു. 900 മീറ്റർ സ്ഥലത്താണ് ഈ ആക്ഷേപവും പ്രതിഷേധവും ഉയർന്നുവരുന്നത്. 900 മീറ്ററിൽ നഷ്ടപ്പെടുന്നത് 11.5 ഏക്കർ വയൽഭൂമിയാണ്. ആ 11.5 ഏക്കർ വയൽ ഭൂമിയുടെ ഉടമസ്ഥർ 60 പേരാണ്. ആ 60 പേരിൽ 56 പേരും കളക്ടർക്ക് സമ്മതപത്രം കൊടുത്തു. 24-ാം തീയതി ഞാൻ അങ്ങയെ അവിടേയ്ക്ക് സ്നേഹപൂർവ്വം ക്ഷണിക്കുകയാണ്. ആ വയലിൽ എത്ര ഭൂമി വിട്ടുകൊടുക്കാൻ തയ്യാറുണ്ടെന്നും ബാക്കി വിട്ടുകൊടുക്കാത്ത ഭൂമി എത്രയുണ്ടെന്നും അന്ന് നിങ്ങൾക്ക് മനസ്സിലാകും. ഷെഡ്ഡ് കത്തിച്ചതിനെക്കുറിച്ച് അങ്ങ് വളരെ പ്രയാസത്തോടെ സംസാരിച്ചു.

<u>മി. സ്പീക്കർ</u>: ദയവായി അങ്ങ് ആ കാര്യത്തിലേയ്ക്ക് പോകേണ്ടതില്ല.

ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാനപ്പെട്ട തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ തളിപ്പറമ്പ് കീഴാറ്റൂർ വേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിന്റെ പ്രസിഡന്റ് ചന്തുക്കുട്ടി നമ്പ്യാർ സമർപ്പിക്കുന്ന ഹർജിയിൽ പറയുന്നത്, " സർ, കീഴാറ്റൂർ ശ്രീ വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് കീഴാറ്റൂർ ബൈപ്പാസ് സമരക്കാരായ വയൽക്കിളികൾ എന്ന സംഘടന അനധികൃതമയി കെട്ടിയ സമരപ്പന്തൽ പൊളിച്ചുമാറ്റണമെന്ന് ക്ഷേത്രകമ്മിറ്റി തീരുമാനിച്ചിരുന്നു. ഇന്ന് കീഴാറ്റൂരിൽ നടന്ന സമരത്തെത്തുടർന്ന് പ്രസ്തുത ഷെഡ്ഡ് സമര പ്രവർത്തകർ കത്തിച്ചതായി മനസ്സിലാക്കുന്നു. ഇതുസംബന്ധിച്ച് ക്ഷേത്രകമ്മിറ്റി പ്രസിഡന്റെന്ന നിലയിൽ യാതൊരു പരാതിയുമില്ലെന്നും ഇതുമായി ബന്ധപ്പെട്ട് യാതൊരു നിയമനടപടിയും ആവശ്യമില്ലെന്നും മേലിൽ ഈ ക്ഷേത്രം വക സ്ഥലത്ത് യാതൊരു വിധത്തിലുമുള്ള സമരപ്പന്തൽ കെട്ടാൻ അനുമതി നൽകരുതെന്നും അഭ്യർത്ഥിക്കുന്നു. ആവശ്യമായ നിയമ നടപടി സ്വീകരിക്കണം" എന്നാണ്. ഇത്തരമൊരു പരാതി തളിപ്പറമ്പ് പോലീസ് സ്റ്റേഷനിലുണ്ടോയെന്ന് നിങ്ങൾ അന്വേഷിക്കു, ക്ഷേത്ര പറമ്പിൽ കെട്ടിയ സമരപ്പന്തൽ നഷ്ടപ്പെട്ടതിന് നിങ്ങൾക്കെന്തിനാണ് വേവലാതി; ഈ നാട്ടിൽ മനുഷ്യന് ജീവിക്കാൻ കഴിയണ്ടേ? തളിപ്പറമ്പും കണ്ണൂരും പയ്യന്നൂരും തലശ്ശേരിയുമുൾപ്പെടെയുള്ള സ്ഥലത്ത് ഒരു ബൈപ്പാസിനുവേണ്ടി എത്രകാലമായി ആളുകൾ ആഗ്രഹിക്കുന്നു. അത്തരമൊരു ബൈപ്പാസ് വരുന്നതിൽ ഭൂവുടമകളായ കേവലം മൂന്നുപേരുടെ പ്രതിഷേധത്തിനൊപ്പം നിൽക്കുന്ന നിങ്ങളെ കാലവും ചരിത്രവും തിരിച്ചറിയും. അങ്ങ് 'കൈ കൊത്തരുത്, കാല് കൊത്തരുത് എന്നൊക്കെ പറഞ്ഞു, ഒരു ദിവസമെങ്കിലും പ്രിയപ്പെട്ട വി.ഡി. സതീശൻ എന്റെ നാട്ടിലേയ്ക്ക് വന്ന് ആ നാട് കാണു, അവിടത്തെ ജനങ്ങൾ പറയുന്നത് മനസ്സിലാക്കു എന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: സബ്മിഷനിൽ പറഞ്ഞ കാര്യമല്ല അങ്ങിവിടെ ഉന്നയിച്ചത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ ചില കേസ്സുകളെക്കുറിച്ച് പറഞ്ഞു. ശ്രീ. ജെയിംസ് മാത്യുവും അതേ കാര്യത്തെക്കുറിച്ച് സംസാരിച്ചു. അങ്ങ് പറഞ്ഞ വിഷയം നോട്ടീസിലുള്ളതുകൊണ്ട് ആവർത്തിക്കുന്നില്ല. ഭീഷണി മുഴക്കി, തടഞ്ഞുവച്ചു എന്നിങ്ങനെയുള്ള കുറെ കാര്യങ്ങളാണ് അങ്ങ് പറഞ്ഞിട്ടുള്ളത്. സ്വാഭാവികമായും സർവ്വേ തടസ്സപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഒരു കേസ് വന്നിട്ടുണ്ട്. കീഴാറ്റൂർ വേട്ടയ്ക്കൊരു മകൻ ക്ഷേത്രം വക സ്ഥലത്ത് അനുവാദമില്ലാതെയാണ് സമരപ്പന്തൽ കെട്ടിയതെന്ന് ശ്രീ. ജെയിംസ് മാത്യു പറഞ്ഞു. അതും എതിർക്കാൻ അവർ ബാധ്യസ്ഥരാണ്. ക്ഷേത്ര കമ്മിറ്റി പ്രസിഡന്റ് ചന്തുക്കുട്ടി നമ്പ്യാർ അതിനെതിരെ പരാതി കൊടുത്തു. അതിന് കേസ്സുണ്ട്; ഇവരുടെ പന്തൽ കത്തിച്ചതിനും കേസ്സുണ്ട്. 2018 മാർച്ച്

13-ന് ആ നാട്ടുകാരിയായ ശ്രീമതി എം. പത്മിനി അതുവഴി പോകുമ്പോൾ സമരത്തിൽ പങ്കെടുത്തുകൊണ്ടിരുന്ന സ്ത്രീകളിൽ ഒരാളായ ശ്രീമതി നമ്പ്രാടത്ത് ജാനകി ശ്രീമതി പത്മിനിയെ അസഭ്യം പറഞ്ഞതിന് അവരും പരാതി കൊടുത്തിട്ടുണ്ട്. അതിന്റെ പേരിലും ക്രൈം നമ്പർ 282/18 ആയി കേസുണ്ട്. തൃച്ചമ്പരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ 2018 മാർച്ച് 11-ന് ഉത്സവം കാണാൻ പോയ ഒരു വിദ്യാർത്ഥിയെ ബി.ജെ.പി./ആർ.എസ്.എസ്.-കാർ ഉപദ്രവിച്ചു. ഉത്സവപ്പറമ്പ് ആർ.എസ്.എസ്.-കാരുടെ കുടുംബസ്വത്തായിട്ടാണ് അവർ കരുതുന്നത്. അതിനും ക്രൈം നമ്പർ 276/2018 ആയി കേസുണ്ട്. അങ്ങനെ അഞ്ച് കേസ്സുകളെടുത്തിട്ടുണ്ട്. അതെല്ലാം നിയമപാലനത്തിന്റെ ഭാഗമായി സർക്കാർ ചെയ്തിട്ടുള്ളതാണ്. അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ ദേശീയതലത്തിൽ സി.പിഐ.(എം).-നെതിരെ നടത്തുന്ന ഒരു ക്യാമ്പയിനാണ് നന്ദിഗ്രാമിലും സിങ്കൂരിലുമൊക്കെയുള്ള പ്രശ്നങ്ങളെന്ന് സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ പറഞ്ഞില്ലെങ്കിലും ആവർത്തിക്കരുതെന്ന് അങ്ങ് പറഞ്ഞു. ആവർത്തിക്കേണ്ട സാഹചര്യമെന്താണ്? ഇത് തമ്മിൽ എന്താണ് സാമ്യം? ബംഗാളിൽ മഴ പെയ്യുമ്പോൾ ഞങ്ങളിവിടെ കുട പിടിക്കാൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങൾക്ക് ഞങ്ങളുടേതായ രീതിയുണ്ട്. അവർക്ക് അവരുടേതായ രീതിയുണ്ട്. രണ്ടിനും പൊതുവായുള്ള രീതികളുമുണ്ട്. അതു മാത്രമേ പറയുന്നുള്ളൂ. ഒരു കുഞ്ഞിനെ പോലും വെടിവയ്ക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നില്ല, വെടിവച്ചവർ ആരെല്ലാമാണെന്നും അതിനുള്ള സാഹചര്യമെന്താണെന്നും ചരിത്രത്തിലുണ്ട്. ഇവിടത്തെ പോലീസ് സേനയെക്കൊണ്ടോ, ഈ ബൈപ്പാസ് അവിടെ നിർമ്മിക്കണമെന്ന് ആഗ്രഹിക്കുന്ന തൊണ്ണൂറ്റിഒമ്പതേമുക്കാൽ ശതമാനത്തിലേറെയുള്ള കേരളത്തിലെ ജനങ്ങളെക്കൊണ്ടോ, മറ്റ് സമ്മർദ്ദങ്ങളാൽ വെളിയിൽനിന്നും വരുന്ന ആളുകളുടെ ശരീരത്തിൽ ഒരു തുള്ളി രക്തംപോലും വീഴ്ത്താൻ ഈ സർക്കാർ ഒരു നടപടിയും സ്വീകരിക്കില്ല. അതിനെപ്പറ്റി വിഷമിക്കേണ്ട. ധാർമ്മികമായി ഈ സമരം ശരിയല്ല.

ശ്രീ. വി. മുരളീധരൻ ഇപ്പോൾ എം. പി. ആണ്, വേറൊരു സംസ്ഥാനത്ത് നിന്നാണ് എം.പി. സീറ്റിൽ വന്നത്. ഏത് സംസ്ഥാനത്ത് നിന്നായാലും അദ്ദേഹം എം. പി. തന്നെയാണ്. അദ്ദേഹം എം. പി. ആയ ഉടൻ കേരളത്തിൽ ഭരണം തുടങ്ങിയിരിക്കുകയാണ്. അദ്ദേഹമാണ് ഇപ്പോൾ സംസ്ഥാന സർക്കാർ. മലയാള മനോരമയിൽ ഇന്നലെ വന്ന വാർത്തയാണ് ഞാൻ വായിക്കുന്നത്. 'കീഴാറ്റൂർ സമരം-ബൈപ്പാസ് മാറ്റാൻ എൻ.എച്ച്.എ.ഐ-ക്ക് എതിർപ്പുണ്ട്- ശ്രീ. വി. മുരളീധരൻ'. നിങ്ങൾ മാറ്റിക്കോ, മാറ്റേണ്ട എന്ന് ആരാണ് പറഞ്ഞത്? The National Highways Authority of India (NHAI) അല്ലേ അത് പറഞ്ഞത്? യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് ഡി.പി.ആർ. തയ്യാറാക്കാൻ ആരംഭിച്ചത്. ആർക്കെതിരായിട്ടാണ് നിങ്ങൾ വാദിക്കുന്നത്? വാദിക്കുന്നത് നിങ്ങൾക്കെതിരാ

യിട്ടാണ്. മലർന്ന് കിടന്ന് തുപ്പിയാൽ സ്വന്തം മുഖത്തോ ശരീരത്തിലോ അല്ലേ വീഴുക? ഞങ്ങൾക്കെന്താണ് കാര്യം? മാർക്സിസ്റ്റ് പാർട്ടിക്ക് അതിനകത്തെന്താണ് കാര്യം? ബൈപ്പാസ് ഉണ്ടാകണം, നാഷണൽ ഹൈവേ ഉണ്ടാകണം. നാട്ടുമുഴുവൻ ഗതാഗതയോഗ്യമാക്കണം. നിങ്ങളെല്ലാവരും ഇതിനോട് യോജിക്കുന്നവരും സഹകരിക്കുന്നവരുമാണ്. ശ്രീ. വി. മുരളീധരൻ എം. പി. ആയപ്പോൾ ഇവിടെ മുഖ്യമന്ത്രിയില്ല, മന്ത്രിമാരില്ല, എം.എൽ.എ.-മാരില്ല, ലെജിസ്ലേച്ചറില്ല, ഒന്നുമില്ല. അദ്ദേഹമാണ് ഭരിക്കുന്നത്. ഇതാണ് 'അല്പന് ഐശ്വര്യം വന്നാൽ അർദ്ധരാത്രി കുട പിടിക്കും' എന്ന് പറയുന്നത്. എന്റെ അടുത്ത സുഹൃത്താണ് അദ്ദേഹം, ഇതുവരെ ഒരു കുഴപ്പവുമില്ലായിരുന്നു, എം. പി. ആയപ്പോൾ ആള് മാറി, ഭാവപ്പകർച്ചയാണ്. ഇതാണ് ബി.ജെ.പി.-ക്ക് സംഭവിച്ചത്. തോറ്റ് തൊപ്പിയിട്ടുകൊണ്ടിരിക്കുകയല്ലേ അവർ? 31 ശതമാനം വോട്ടുള്ളവർ ഇവിടെ അഹങ്കരിക്കേണ്ട കാര്യമുണ്ടോ? പലതവണ ഇവിടെ പറഞ്ഞിട്ടുള്ളതല്ലേ? അഹങ്കാരത്തിന്റെ പത്തി ഓരോന്നായി തകരാൻ പോകുകയാണ്. അതുകൊണ്ട് പത്തി തകരുമ്പോൾ കൈപ്പത്തിപോലും പൊക്കാൻ പറ്റാത്ത, കോൺഗ്രസിന്റെ കൈപ്പത്തിയെക്കുറിച്ചല്ല പറയുന്നത്, സ്വന്തം കൈപ്പത്തിയെക്കുറിച്ചാണ് പറയുന്നത്, ശ്രീ. വി. മുരളീധരൻ, എം.പി. ഇങ്ങനെയൊന്നും പറയരുത്. ഈ പത്ര കട്ടിംഗ്സ് മുഴുവൻ അപ്പോൾത്തന്നെ ബന്ധപ്പെട്ട അതോറിറ്റിക്ക് കൊടുത്തു, അതിനൊരു വിശദീകരണം വേണം. പത്രക്കാർക്ക് അതറിയില്ലല്ലോ? വിശദീകരണം വാങ്ങുന്നുണ്ട്; അതിന് പ്രത്യേക ഏർപ്പാടുണ്ട്. എൻ.എച്ച്.എ.ഐ.-യുടെ കേരള സംസ്ഥാന ഭാരവാഹിക്ക് അയച്ചു കൊടുത്തു. ഇന്നലെ രാത്രി അദ്ദേഹം എനിക്കയച്ച ഇ-മെയിൽ സന്ദേശമാണ് ഞാൻ വായിക്കുന്നത്. 'NHAI Road over bridge in Kerala 19th March in 2018 at 10.48 pm. Alignment of Thaliparampa bypass,

Dear sir,

There is no change in the alignment as finalised for construction of Thaliparamba bypass....., കേന്ദ്ര സർക്കാർ ഇങ്ങനെ പറയുകയാണ്. ശ്രീ. വി. മുരളീധരൻ പറയുന്നത് മാറ്റാൻ തീരുമാനിച്ചു എന്നാണ്. അദ്ദേഹം ഡൽഹിയിലെ പാർലമെന്റിന്റെ വരാന്തയിൽപോലും ഇതുവരെ പോയിട്ടില്ല. ഒരു മന്ത്രി മന്ദിരത്തിലും പോയിട്ടില്ല, 'Consequent to the meeting held in the chamber of Honourable PWD Minister in the presence of various stakeholders, a site visit was conducted to confirm the alignment proposed by DPR consultant based on technical parameters and the alignment has been adopted, duly consented to by DC Kannur and accorded sanction by the Government of Kerala and Central Government. 3A stage of LA has been completed and

3D is being published shortly. NHAI is taking all actions in accordance with the alignment approved by the Government of Kerala.' ഞങ്ങൾ ചെയ്തത് പുതിയ കാര്യമല്ല. എല്ലാം നിങ്ങൾ തുടങ്ങിവച്ച കാര്യങ്ങളാണ്. ഒരു പദ്ധതിയും ഞങ്ങൾ ഉപേക്ഷിച്ചിട്ടില്ല. അഞ്ച് കോളത്തിലായി മലയാള മനോരമയിൽ കൊടുത്തിരിക്കുന്ന ശ്രീ. വി. മുരളീധരന്റെ സ്റ്റേറ്റ്മെന്റ് സത്യവുമായി ഒരു ബന്ധമില്ല. ഇത് അസത്യമാണ്, കളവാണ്. ഇത്തരം പ്രസ്താവനകൾ അവിടെ കലാപമുണ്ടാക്കുന്നതാണ്. അതിന് യു.ഡി.എഫ്. കൂട്ടുനിൽക്കുകയാണ്. അത് നിങ്ങൾക്ക് ദോഷമാണ്. ഇതുകഴിഞ്ഞ് പ്രതിപക്ഷ നേതാവ് ഇതിനെക്കുറിച്ച് സംസാരിക്കുമല്ലോ. അതുമാത്രമല്ല ഡിസ്ട്രിക്ട് കളക്ടറുടെ റിപ്പോർട്ടുണ്ട്. ഡിസ്ട്രിക്ട് കളക്ടറാണ് കേന്ദ്ര സർക്കാരിന്റെ ലാൻഡ് അക്വിസിഷൻ അതോറിറ്റിയുടെ പരമാധികാരി. സ്ഥലമെടുക്കുന്നതും വില കൊടുക്കുന്നതുമെല്ലാം അദ്ദേഹമാണ്, അതുകൊണ്ട് ഞങ്ങൾ ഇടപെടാറില്ല. ജനകീയമായ ആവശ്യം വരുമ്പോൾമാത്രം NHAI-ക്കും കളക്ടർക്കും മുഖ്യമന്ത്രി വഴി അപേക്ഷ കൊടുക്കാറുണ്ട്. ആ ആവശ്യം ന്യായമാണെന്ന് പരിഗണിക്കാൻ മാത്രമാണ്. ഞങ്ങളൊന്നും തടസ്സപ്പെടുത്തുന്നില്ല. കളക്ടർ ഇന്നലെ രാത്രിയിൽ അയച്ച കത്തിൽ പറയുന്നത്, 'Regarding alignment for Thaliparamba bypass, 3 alignments were considered,.....മൂന്നെണ്ണം പരിശോധിച്ചിട്ടാണ് ഇത് അംഗീകരിച്ചത്. Out of the alignments, the one that would cause least disruption and displacement of the general public was chosen.'

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ സൂചിപ്പിച്ചത് Right to Fair Compensation Act-ലെ 4, 5, 6, 7, 8 വകുപ്പുകളാണ്. ഈ 3(എ) നോട്ടിഫിക്കേഷൻ ഇറക്കുന്നതിനു മുമ്പ് Social Impact study പോലുള്ള കാര്യങ്ങൾ ചെയ്യുന്നതിന് നടപടിക്രമങ്ങളുണ്ട്. അത് ചെയ്യണമെന്നുള്ളത് പാർലമെന്റ് പാസ്സാക്കിയ നിയമമാണ്. 2003-ൽ യു.പി.എ. സർക്കാർ കൊണ്ടുവന്ന പ്രധാനപ്പെട്ട വിപ്ലവകരമായ നിയമമാണ്. ആ നിയമമനുസരിച്ചാണ് ഈ അലൈൻമെന്റ് ഏതു സ്ഥലത്തുകൂടി വേണമെന്ന് ഫൈനലൈസ് ചെയ്യേണ്ടത്. ജനങ്ങളുടെ അഭിപ്രായം കേട്ടു. അതിനകത്ത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം, Mitigation Plan ഡി.പി.ആർ.-ന് മുമ്പ് തയ്യാറാക്കണം. Mitigation plan എന്നു പറഞ്ഞാൽ, പരമാവധി ആളുകളുടെ അസൗകര്യം ലഘൂകരിച്ച് പ്ലാൻ തയ്യാറാക്കി ഓപ്ഷൻസ് നോക്കണം. അതൊരു ഏജൻസിയെക്കൊണ്ട് പഠിപ്പിക്കണം. അത് ആളുകളുമായി ചർച്ച ചെയ്യണം, ഹിയറിംഗ് നടത്തണം. ഇതൊന്നും അവിടെ ഉണ്ടായിട്ടില്ല. ഈ നടപടി ക്രമങ്ങളൊന്നും പാലിക്കാതെ 3 (എ) നോട്ടിഫിക്കേഷനിലേയ്ക്ക് പോയിരിക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത്. അങ്ങ് സൂചിപ്പിച്ചതുപോലെ ഞങ്ങൾ വികസനത്തി

നെതിരല്ല. ഞങ്ങൾ പറയുന്നത് ഒരു പ്രദേശത്ത് വികസന പ്രവർത്തനം നടത്തുമ്പോൾ അവിടെയുള്ള ആളുകളെ ബോദ്ധ്യപ്പെടുത്തുകയും നടപടിക്രമങ്ങൾ പാലിക്കുകയും വേണം. അത് ചെയ്തിട്ടില്ലെന്നാണ് ഇവിടെ പറഞ്ഞത്.

ശ്രീ. ജി. സുധാകരൻ: സർ, ഈ ആശങ്കകളൊക്കെ വളരെ ശരിയാണ്. പക്ഷേ യു.ഡി.എഫ്. സർക്കാർ ഇതെല്ലാം നടത്തിയശേഷം അവിടെ AECOM-എന്ന കൺസൾട്ടൻസിയെ വച്ചു. അത് കളക്ടറുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. എല്ലാം ചെയ്തിട്ടുണ്ട്, അങ്ങ് പറഞ്ഞ, നാട്ടുകാർക്കുണ്ടാകാവുന്ന ഏറ്റവും കുറഞ്ഞ ബുദ്ധിമുട്ട്, അതാണ് സ്വീകരിച്ചതെന്ന കളക്ടറുടെ റിപ്പോർട്ടാണ് ഞാൻ വായിക്കുന്നത്. The one that would cause least disruption and displacement of the general public was chosen. That is, Keezhattoor.

Alignment No.1.

Expansion of existing highway

Total No. of buildings - 298

Alignment No. 2.

Through Keezhattoor (Residential Area)

Total No. of buildings - 78

Alignment No. 3. (Approved alignment)

Through Keezhattoor Vayal

Total No. of buildings - 28

ഇതാണ് കളക്ടറുടെ റിപ്പോർട്ട്.

Based on the above three options, Government selected, ഗവൺമെന്റ് എന്നു പറയുമ്പോൾ സംസ്ഥാന ഗവൺമെന്റ് മാത്രമല്ല, സെൻട്രൽ ഗവൺമെന്റിന്റെ ക്യാബിനറ്റ് അപ്രൂവ് ചെയ്താലേ ഇത് വരികയുള്ളൂ. എല്ലാം അപ്രൂവ് ചെയ്ത് വരികയാണ്. Alignment 3 as it caused least amount of loss to the people whose land is being acquired. അതിനെക്കുറിച്ചാണ് ഇപ്പോൾ ചർച്ച നടക്കുന്നത്. As the land is being acquired through the National Highway Act, technically consent of the landholders is not compulsory എന്ന ഭാഗവും കൂടി അങ്ങ് നോക്കണം.

[10.00 എ.എം.]

സാങ്കേതികമായി, കേന്ദ്രഗവൺമെന്റിന് ദേശീയപാത വികസനത്തിന് ആരോടും ചോദിക്കേണ്ട കാര്യമില്ല, അതാണ് ആക്ട്. എന്നുകരുതി ചോദിക്കാൻ പാടില്ല എന്നല്ല. നമ്മൾ ചോദിക്കാറുണ്ട്, ഒരു പട്ടാള രൂപത്തിലല്ല നമ്മൾ കാര്യങ്ങൾ ചെയ്തിട്ടുള്ളത്. കേന്ദ്രഗവൺമെന്റിന് ആരോടും ചോദിക്കാതെ വേണമെങ്കിൽ ചെയ്യാം. കാരണം, വലിയ എതിർപ്പുണ്ടായാൽ കാര്യങ്ങൾ ചെയ്യാൻ വേണ്ടിയായിരിക്കും അങ്ങനെയൊരു പ്രൊവിഷൻ വച്ചിട്ടുള്ളത്. In Keezhattoor, the opposition has come from non-owners of the land citing environmental concerns. അതുരിലും മറ്റും ഒരു കൃഷിയിലുമേർപ്പെടാത്ത, സ്വന്തമായി വിദേശ ഫണ്ടിംഗും മറ്റുകാര്യങ്ങളുമായുള്ള കൃഷികളിലേർപ്പെട്ട് ബുദ്ധിജീവികളായി നടക്കുന്നവരൊക്കെ അവിടെയെത്തിയിരിക്കുകയാണ്. അവർക്ക് കുറച്ച് ദിവസമായി മറ്റ് പരിപാടികളൊന്നുമില്ല. അവർക്കൊന്നും വേറെ ജോലിയില്ല. നമുക്കെല്ലാം രാവിലെ മുതൽ ജോലിയുണ്ട്. ജോലി ചെയ്യാതിരിക്കാൻ പറ്റാത്തതുകൊണ്ട് അവരെല്ലാം ഈ ജോലിക്ക് പോയിരിക്കുന്നു എന്നേയുള്ളു. അവരുടെ ജോലി അവർ നിർവ്വഹിക്കട്ടെ, നമ്മളതിൽ കൂട്ടുചേരണമോ എന്നതാണ് പ്രശ്നം. So, non-owners of the land citing environmental concerns they have come from various parts of the State or outside. A vast majority of the land owners have not expressed any objection to the land acquisition. ഇതുസംബന്ധിച്ച് പഠനം നടത്തിയപ്പോൾ സ്ഥലമുടമകളിൽ ഭൂരിഭാഗംപേരും ഒന്നും പറഞ്ഞില്ല. 60 പേരിൽ 56 പേരും സ്ഥലം വിട്ടുനൽകിക്കൊണ്ട് സമ്മതപത്രം നൽകിക്കഴിഞ്ഞു. 4 പേർ മാത്രമാണ് ബാക്കിയുള്ളത്. 3A notification for this stretch was issued dated 4-1-2018. Total extent of paddy field is approx 4.5 hectors, ie., 10 acres. പക്ഷെ 500-600 മീറ്റർ മാത്രമേ ഇതിൽനിന്നും പോകുന്നുള്ളു. അതിന്റെ span എല്ലാംകൂടി വന്നാലും 780 മീറ്റർ മാത്രമേ വരുന്നുള്ളു. We haven't reached the stage of individual survey yet. Only alignment has been fixed as of now. So we can only state based on local enquiry, there are approximately 60 estimated land owners. 56 of whom have given consent to the MLA, who handed over the consent forms to me. The figure of 60 is only an estimation and is subject to smaller changes during the individual survey, which will begin after the 3D notification. കളക്ടറുടെയും എൻ.എച്ച്.എ.ഐ.-യുടെയും കേന്ദ്ര സർക്കാരിന്റെയും അഭിപ്രായം ഞാനിവിടെ പറഞ്ഞുകഴിഞ്ഞു.

ഈ വിഷയത്തിലെ ഒന്നാമത്തെ പോയിന്റ്, ഇതുസംബന്ധിച്ച അലൈൻമെന്റ് ഫിക്സ് ചെയ്തതും ഡി.പി.ആർ തീരുമാനിച്ചതും യു.ഡി.എഫ് സർക്കാരിന്റെ കാലത്താണ്. അതിൽ കാതലായ മാറ്റമൊന്നും ഈ സർക്കാർ വരുത്തിയിട്ടില്ല,

ചെറിയ വ്യത്യാസങ്ങൾ മാത്രമേ വന്നിട്ടുള്ളൂ. രണ്ടാമത്തെ കാര്യം, കേന്ദ്ര സർക്കാരും എൻ.എച്ച്.എ.ഐ.-യും ഇത് അംഗീകരിച്ചതാണ്. അവർ ഒരു വർഷം വെറുതെ കളഞ്ഞു. ഇത് കഴിഞ്ഞ വർഷം ആരംഭിക്കേണ്ട പദ്ധതിയാണ്. ഞാൻ കഴിഞ്ഞ ജനവരി 17-ന് ഡൽഹിയിൽ പോയി ശ്രീ. നിതിൻ ഗഡ്കരിയെയും എൻ.എച്ച്.എ.ഐ.-യുടെ ചെയർമാനെയും കേന്ദ്ര ഗവൺമെന്റ് സെക്രട്ടറിയെയും കണ്ടു. ശ്രീ. നിതിൻ ഗഡ്കരിയും മറ്റും വളരെ സഹായകരമായ നിലപാടാണ് സ്വീകരിച്ചത്. ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള 3A നോട്ടിഫിക്കേഷൻ അടക്കമുള്ളവ 3D -യിലേയ്ക്ക് പോകുകയാണ്. 2018 നവംബറിൽ കേരളത്തിൽ അവസാനത്തെ സ്ട്രെച്ചിടുമെന്നും ദേശീയപാതയുടെ നിർമ്മാണം ആരംഭിക്കുമെന്നും ഉറപ്പ് നൽകിയിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ഈ സഭയുടെ കാലത്തുതന്നെ അത് പൂർത്തീകരിക്കാൻ കഴിയും. വളരെ അപൂർവ്വം സ്ഥലത്തുമാത്രമേ പ്രശ്നങ്ങളുണ്ടായിട്ടുള്ളൂ. കീഴാറ്റൂരിലെ സമരം ജനാധിപത്യവിരുദ്ധമാണ്. കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും എതിർക്കാത്ത ദേശീയപാത നിർമ്മാണത്തെ എന്തുകൊണ്ട് നിങ്ങൾ എതിർക്കുന്നു? അക്കരെനിന്ന് വന്ന ഒരാൾ പറയുന്നത് 30 മീറ്ററല്ലാതെ 31 മീറ്റർ സമ്മതിക്കില്ല എന്നാണ്, കീഴാറ്റൂരിൽ അല്ല പ്രശ്നം. കീഴാറ്റൂരിന് വെളിയിൽനിന്ന് വന്ന ഒരാളാണ് ആ സമരം നയിക്കുന്നത്. അവിടെ ഭൂമിയില്ലെങ്കിലും സമരം നയിക്കാമല്ലോ. ഞാൻ വിളിച്ച യോഗത്തിൽ, ഒരു ബദൽ റൂട്ട് പറയാമോയെന്ന് ചോദിച്ചപ്പോൾ അത് പറയാൻ കഴിയില്ലെന്നാണ് അവർ പറഞ്ഞത്. അക്കരെക്കാരനാണ് നേതാവ്. അയാൾ ആ നാട്ടുകാരനാണോയെന്ന് സംശയമാണ്, അവിടെ ജോലി ചെയ്യുകയാണ്. ശ്രീ. എ. എം. ആരിഫിന് ആളിനെ അറിയാം. അദ്ദേഹം ടെലിവിഷനിൽക്കൂടി പറഞ്ഞത്, 30 മീറ്ററല്ലാതെ ഒരു സെന്റ് പോലും എടുക്കാൻ സമ്മതിക്കില്ലെന്നാണ്. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ ഭരണകാലത്ത് ഞാനും ശ്രീ. എ. കെ. ബാലനും ഡോ. ടി. എം. തോമസ് ഐസക്കും മന്ത്രിസഭയിലുണ്ടായിരുന്നു. ഞങ്ങൾ ഇക്കാര്യം വിശദമായി ചർച്ച ചെയ്ത് 30 മീറ്റർ മതിയെന്ന് തീരുമാനിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ അത് ഡൽഹിയിൽ കൊണ്ടുകൊടുത്തു,ആറുമാസം പ്രശ്നമില്ലായിരുന്നു. ഡൽഹിയിൽ ഒരു മന്ത്രി ഇത് മാറ്റിപ്പറഞ്ഞപ്പോൾ ഇവിടെയും ചർച്ച വന്നു. സി.പി.ഐ.(എം.) സി.പി.ഐ, കോൺഗ്രസ് (ഐ), മുസ്ലീം ലീഗ്, ബി.ജെ.പി. തുടങ്ങി എല്ലാ പാർട്ടികളും ഡൽഹിയിൽ പോയി ചർച്ച ചെയ്തപ്പോൾ 60 മീറ്റർ വേണമെന്ന് പറഞ്ഞു. നമ്മൾ 30 മീറ്ററാണ് പറഞ്ഞത്. അങ്ങനെയൊരു മധ്യസ്ഥതയിലാണ് കേരളത്തിന് മാത്രം 45 മീറ്റർ എന്നുപറഞ്ഞത്. എല്ലാവരും അതിൽ പങ്കാളികളാണ്. ശ്രീ. വി. മുരളീധരൻ എം.പി.-ക്ക് ഈ വിഷയത്തിൽ എങ്ങനെ സംസാരിക്കാൻ കഴിയും, ദേശീയപാത ഏതുവഴി വേണമെന്നും എങ്ങനെ വേണമെന്നും ഞാനോ നിങ്ങളോ ആണോ തീരുമാനിക്കുന്നത്? ശ്രീ. വി. ഡി. സതീശൻ പറഞ്ഞതിൽ തെറ്റില്ല, അദ്ദേഹം അവിടത്തെ അഭിപ്രായം പറഞ്ഞുവെന്നേയുള്ളൂ. ഇതിന്റെ ഉത്തരവാദിത്വം എല്ലാവർക്കുംകൂടിയുള്ളതാണ്. ഇതിന്റെ പണി തീർത്താൽ ഞങ്ങൾക്ക്

മാത്രമല്ല, എല്ലാവർക്കുമുള്ളതാണ്. അതുപോലെതന്നെ ശാസ്ത്രീയമായ ഘടന മാറ്റാൻ പറയാൻ കഴിയില്ല. അവിടെ ഏറ്റവും കുറച്ച് വീടുകൾ പോകുന്ന സ്ഥലമാണ്, ഇപ്പോൾ നെൽകൃഷിയില്ല. രണ്ട് ഭാഗത്ത് മലയായതുകൊണ്ട് താഴ്ന്നുകിടക്കുന്ന സ്ഥലത്ത് ജലനിർഗ്ഗമനമുണ്ട്. ജലനിർഗ്ഗമനത്തിന് കേടുപറ്റാതെ അവിടെ പാലം പണിതാലും നെൽകൃഷി നടത്താൻ സാധിക്കുമോ എന്നതുസംബന്ധിച്ചൊക്കെ നമുക്ക് ആലോചിക്കാവുന്നതാണ്. ഇത് പണിയണമെന്ന അഭിപ്രായംതന്നെയാണ് സർക്കാരിനുള്ളത്. നിങ്ങളുടെ അഭിപ്രായവും അതായിരുന്നു. ഇപ്പോഴും അതു തന്നെയാണ്. സി.പി.ഐ.(എം.) എന്തിനാണ് മാറ്റിപ്പറയുന്നത്? കാര്യങ്ങൾ മാറ്റിപ്പറയാൻ സി.പി.ഐ.(എം.), ബി.ജെ.പി. അല്ലല്ലോ. വേറെ വല്ല പാർട്ടിയിലുമാണെങ്കിൽ ഇത്തരത്തിൽ പറഞ്ഞാൽ എം.പി. അല്ല ആരായാലും പുറത്താക്കും. നിങ്ങളുടെ പാർട്ടി അങ്ങനെയാകരുത്, ഒരിക്കലും അങ്ങനെയാകാൻ പാടില്ല. നാളെ കേന്ദ്രം ഭരിക്കാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ ദേശീയ പ്രമേയം ഞങ്ങൾ വായിച്ചു. അത് വായിച്ചിട്ട് ഞങ്ങൾക്ക് ദേഷ്യമൊന്നുമില്ല. കേരളത്തിൽ അതൊന്നും നടക്കില്ല, അത് വേറെ കാര്യം. നിങ്ങൾ പ്രതിപക്ഷമായിരിക്കുമ്പോൾ അത് ഞങ്ങൾ കൈകാര്യം ചെയ്തുകൊള്ളാം, വേറെ ആരും ഇവിടെ പ്രതിപക്ഷമായി വരാൻ പാടില്ല, നിങ്ങൾ തന്നെ വരണം. ഞങ്ങൾ ഭരണപക്ഷം നിങ്ങൾ പ്രതിപക്ഷം, വേറെ ആരും വരാൻ പാടില്ല. ദേശീയതലത്തിൽ ഞങ്ങൾക്ക് വ്യാമോഹങ്ങളൊന്നുമില്ല, സി.പി.ഐ.(എം.) ഭരിക്കാനൊന്നും വരുന്നില്ല. നല്ല കാലത്തും ഞങ്ങൾ ഭരിക്കാൻ വന്നിട്ടില്ല. നിങ്ങൾ വിളിച്ചപ്പോഴും വന്നിട്ടില്ല, ഗൗഡയും വി. പി. സിംഗും വിളിച്ചപ്പോഴും വന്നിട്ടില്ല. ഒന്നാം യു.പി.എ. സർക്കാരിൽ നിങ്ങളും വിളിച്ചിരുന്നു, ഞങ്ങളാരും വന്നില്ല. അതല്ല ഞങ്ങളുടെ മോഹം. നിങ്ങൾ കേന്ദ്രത്തിൽ വരാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ ഇതിനെ എതിർക്കരുതെന്നുമാത്രമല്ല, മനസ്സി ലാക്കേണ്ടവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി അവിടെത്തന്നെ കൂടുതൽ പ്രശ്നങ്ങളില്ലാത്ത രീതിയിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ചർച്ച ചെയ്യുകയാണ് വേണ്ടത്. ഞാനിപ്പോൾ കൂടുതൽ കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നില്ല. ഇത് അടിയന്തരപ്രമേയമായി കൊണ്ടുവരേണ്ട കാര്യമില്ല. നല്ല ചർച്ച ഇവിടെ നടന്നു. ശ്രീ. വി. ഡി. സതീശൻ, കുറച്ച് മാർക്സിസ്റ്റ് വിരോധം പറഞ്ഞതൊഴിച്ചാൽ വേറെ പ്രശ്നമൊന്നുമുണ്ടായില്ല. വെടിവയ്പിന്റെ പ്രശ്നമേ ഉദിക്കുന്നില്ല. വെടി പോയിട്ട് ഒരടിപോലും അവിടെ ഉണ്ടാകില്ല. ഒരുപക്ഷേ അവിടെ ജനങ്ങൾ മുന്നോട്ടുവരും. റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ഒപ്പിട്ടുകൊടുത്ത 56 പേർ അവിടെയുണ്ട്. അവരെയൊന്നും ഞങ്ങൾ അണിനിരത്തുന്നില്ല. നമുക്കവിടെ ലക്ഷക്കണക്കിനാളുകളുണ്ട്. നമ്മൾ ആരെയും അണിനിരത്തുന്നുമില്ല. ജനങ്ങളെല്ലാം ഇതംഗീകരിച്ചിരിക്കുകയാണ്. പണം വാങ്ങി ബുദ്ധിജീവികളായി നടക്കുന്ന ചില ആളുകൾ അവിടെ വന്നിട്ടുണ്ട്, അവരെ സൂക്ഷിക്കണമെന്നും ജാഗ്രത വേണമെന്നും സൂചിപ്പിച്ചുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് വിനീതമായി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ വിഷയത്തിൽ അടിയന്തര പ്രമേയം കൊണ്ടുവന്നത് അതീവ നിർഭാഗ്യകരമാണ്. അടിയന്തരപ്രമേയത്തിന്റെ സാധാരണ നടപടിക്രമമനുസരിച്ച് മറുപടിക്കുശേഷം അങ്ങയുടെ നിലപാട് പറയുമ്പോൾ പ്രതിപക്ഷനേതാവിന്റെ ഇറങ്ങിപ്പോകൽ പ്രസംഗമാണ് നടക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഈ ഘട്ടത്തിൽ ഇടപെട്ട് സംസാരിക്കുന്നത്.

സംസ്ഥാനത്തിന്റെ സ്വാഭാവികമായ വികസനത്തിന് വലിയ തടസ്സമാണ് പല കാരണങ്ങളാൽ സംഭവിച്ചിട്ടുള്ളത്. വികസനകാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് നാഷണൽ ഹൈവേ തന്നെയാണ്. നാഷണൽ ഹൈവേ വികസനത്തിന് കേരളത്തിലെ പ്രധാന രാഷ്ട്രീയ പ്രസ്ഥാനങ്ങളൊന്നും എതിരല്ല. എന്നാൽ നാഷണൽ ഹൈവേ വികസനം പാടില്ലെന്ന് ചിന്തിക്കുന്ന അപൂർവം ചിലർ നമ്മുടെ നാട്ടിലുണ്ട്. ഇവിടെ 60 മീറ്റർ എന്നത് രാജ്യത്തിന്റെ ഭാവി കണ്ടുകൊണ്ട് നിശ്ചയിച്ചിട്ടുള്ള വിസ്തൃതിയാണ്. പക്ഷേ, കേരളത്തിൽ സ്ഥലം വളരെ കുറവായതുകൊണ്ട് 60 മീറ്റർ വിസ്തൃതിയിലേയ്ക്ക് പോകാൻ കഴിഞ്ഞില്ല എന്നതാണ് യഥാർത്ഥ വസ്തുത. നമ്മുടെ ചെറുപ്പകാലത്തുണ്ടായിരുന്ന റോഡുകളും വാഹനങ്ങളുമല്ല ഇപ്പോഴുള്ളത്. ഓരോ ദിവസവും വാഹനങ്ങൾ കൂടിവരികയാണ്. വാഹനപ്പെരുപ്പം റോഡുകൾക്ക് താങ്ങാനാകാത്ത അവസ്ഥയാണുണ്ടാക്കുന്നത്. അതിന് പര്യാപ്തമായ റോഡുകൾ നമുക്ക് വേണം. ഒരു നാടിന്റെ ഭാഗമായി നല്ല റോഡുകളില്ലെങ്കിൽ അവിടെ സഞ്ചരിക്കുന്ന ആളുകൾക്ക് മണിക്കൂറുകളോളം സമയമാണ് നഷ്ടപ്പെടുന്നത്. മുഖ്യമന്ത്രിയെന്ന നിലയിൽ മുന്നിലും പിന്നിലും പോലീസുള്ളതുകൊണ്ട് എനിക്ക് യാത്രക്ക് വലിയ തടസ്സം വരുന്നില്ല. പക്ഷേ സാധാരണക്കാർ യാത്ര ചെയ്യുമ്പോൾ എത്രമാത്രം തടസ്സങ്ങളാണുണ്ടാകുന്നത്. ഈ പ്രശ്നം നമ്മുടെ നാടും ജനങ്ങളും ദിനംപ്രതി അനുഭവിക്കുന്നതാണ്. സ്വാഭാവികമായി ഉണ്ടാകേണ്ട ഒരു കാര്യമാണിത്, അത് നേരത്തെ തടസ്സപ്പെട്ടിരുന്നു. ചില എതിർപ്പുകൾ നമുക്ക് വേണ്ടപ്പെട്ടവരിൽനിന്ന് വരുമ്പോൾ അതുമായി ബന്ധപ്പെട്ട നടപടികളിലേയ്ക്ക് നീങ്ങിയാൽ അത് ദോഷമല്ലേ ചെയ്യുന്നതെന്നൊരു ചിന്ത നമ്മളിലുണ്ടായതിന്റെ ഭാഗമായാണ് ഓരോ ഘട്ടത്തിലും ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. അല്ലെങ്കിൽ ഇത് നേരത്തെ തന്നെ പൂർത്തിയാകേണ്ട തായിരുന്നു. അത്തരത്തിലുള്ള അനാവശ്യ എതിർപ്പുകളുടെ മുന്നിൽ വഴങ്ങിക്കൊടുത്ത് വികസനം തടസ്സപ്പെടുത്തില്ലെന്ന് നേരത്തെ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച കീഴാറ്റൂരിന്റെ വിഷയത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അത് ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. കീഴാറ്റൂരിന്റെ പ്രശ്നത്തിൽ സംഭവിച്ചിട്ടുള്ളത് ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുതന്നെയാണ്. കാരണം, അവിടം സി.പി.ഐ.(എം.)-ന്റെ ശക്തികേന്ദ്രമാണ്. അവരിൽ ചിലർക്കിത് ബോദ്ധ്യപ്പെട്ടിട്ടില്ലെന്നുള്ളത് വസ്തുതയാണ്. അവർ ഇതിനെതിരെ സമരം ചെയ്യാൻ

തയ്യാറായാൽ എന്താണ് ചെയ്യേണ്ടത്, ഞാൻ നേരത്തെ പറഞ്ഞ വികാരത്തോടെ ഈ സർക്കാർ നോക്കിനിൽക്കണോ? സി.പി.ഐ.(എം.)-കാരനായ മുഖ്യമന്ത്രിയും മന്ത്രിയും അത്തരത്തിലുള്ള സർക്കാരും ആയതുകൊണ്ട് സി.പി.ഐ.(എം.)-കാരായ ചിലർ എതിർക്കുന്നുവെന്ന കാരണത്താൽ ഇവിടെ വേണ്ട എന്നുപറഞ്ഞ് എല്ലാം അവസാനിപ്പിക്കാൻ പറ്റുമോ? അവിടെയാണ് നാം ശ്രദ്ധിക്കേണ്ടത്. 60-ൽ 56 ഭൂവുടമകൾ സ്ഥലമെടുക്കാൻ പറഞ്ഞു. ഇക്കാര്യത്തിൽ നാം സ്വീകരിക്കേണ്ട നിലപാടെന്താണ്? ആരെയും അനാവശ്യമായി ബുദ്ധിമുട്ടിക്കാൻ പാടില്ല. റോഡിനാണെങ്കിൽപ്പോലും അവരവരുടെ കയ്യിലുള്ള ഭൂമി എടുക്കുന്നുവെന്ന് പറയുമ്പോൾ വിഷമമുണ്ടാകുന്നത് സ്വാഭാവികമാണ്. ആ വിഷമം സർക്കാർ മനസ്സിലാക്കണം. അങ്ങനെ മനസ്സിലാക്കിയാൽ ചെയ്യാൻ കഴിയുന്നത് ആവശ്യമായ പുനരധിവാസ പ്രക്രിയ നടത്തലാണ്. അക്കാര്യത്തിൽ ഒരു കുറവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. അതിന്റെ ഭാഗമായാണ് 60-ൽ 56 പേരും യോജിച്ചത്. അതല്ലേ നാം കാണേണ്ടത്; അതിന്റെ ഭാഗമായ നടപടികളല്ലേ സ്വീകരിക്കാൻ കഴിയുന്നത്? അക്കാര്യത്തിൽ എന്തിനാണ് രണ്ടുതരം നിലപാടെടുക്കുന്നത്? 56 പേരിൽ 4 പേർ വിട്ടുനിൽക്കുന്നു, അതിൽ 3 പേർ സമരത്തിലുണ്ട്, ആ 3 പേരിൽ എത്ര പേരെയാണ് കിട്ടുന്നതെന്ന് നോക്കണോ; അങ്ങനെയൊക്കെയാണോ ഇത് കൈകാര്യം ചെയ്യേണ്ടത്? എനിക്കൊരു കാര്യം മാത്രമാണ് പറയാനുള്ളത്. ഇതുപോലുള്ള പ്രശ്നങ്ങളുണ്ടാകുമ്പോൾ സർക്കാർപക്ഷവും പ്രതിപക്ഷവുമെന്ന വ്യത്യാസമില്ലാതെ ഒരുമിച്ചുനിന്ന് നേരിടുകയാണ് വേണ്ടത്. ഏതായാലും ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്; ഈ ബൈപ്പാസ് നാഷണൽ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. തളിപ്പറമ്പിന്റെ അവസ്ഥ നമുക്കറിയാം. ശ്രീ. കെ. സി. ജോസഫിനൊക്കെ നല്ലതുപോലെ അറിയാവുന്ന പ്രദേശമാണ് തളിപ്പറമ്പ്. ആ റോഡ് വികസിപ്പിക്കാൻ കഴിയുമെങ്കിൽ അതാണ് ഏറ്റവും നല്ലത്. അത് സാധിക്കാത്തതുകൊണ്ടാണ് ഇങ്ങനെയൊരു വഴി ആലോചിക്കേണ്ടി വന്നത്. അപ്പോൾ അതിന്റെകൂടെ നിൽക്കാൻ ആളുകളെ പ്രേരിപ്പിക്കുന്ന നിലപാടാണ് മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെല്ലാം സ്വീകരിക്കേണ്ടത്. ചിലർക്ക് വ്യത്യസ്തമായ നിലപാടുകളുണ്ടെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് ഒരു കാര്യം മാത്രമേ എനിക്ക് പറയാനുള്ളൂ. ഞങ്ങൾ കൃഷിയുടെ പ്രാധാന്യം ഒരുതരത്തിലും കുറച്ചുകാണാൻ ആഗ്രഹിക്കുന്നില്ല. കാർഷികവൃത്തി വർദ്ധിച്ചുവരണമെന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ടാണ് 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നത് 2 വർഷംകൊണ്ട് 220448 ഹെക്ടറായി വർദ്ധിച്ചത്. 34000 ഹെക്ടർ തരിശുനിലങ്ങളാണ് പാടങ്ങളായി വീണ്ടെടുക്കാൻ കഴിഞ്ഞത്. റാണി, ചിത്തിര കായൽ, ആവളപ്പാണ്ടി, നാലുമണിക്കാവ് എന്നിവിടങ്ങളിലെല്ലാം കൃഷി ആരംഭിച്ച് മുന്നോട്ടു പോകുകയാണ്. ആറന്മുള പദ്ധതി പ്രദേശത്ത് 355 ഹെക്ടർ സ്ഥലത്താണ് കൃഷിയിറക്കിയത്. വെറും പ്രഖ്യാപനങ്ങളല്ല; അതെല്ലാം പ്രാവർത്തികമാക്കി മുന്നോട്ടു

പോകുന്നതായാണ് കാണാൻ സാധിക്കുന്നത്. പക്ഷേ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുകയെന്നുള്ളത് വളരെ പ്രധാനമാണ്. അതുകൊണ്ട് കൃഷിക്കാരോടൊപ്പം നിൽക്കുന്നതിൽ ഒരു വ്യത്യാസവുമില്ല. കയ്യൂരും കരിവള്ളൂരുമൊക്കെ ശ്രീ. വി. ഡി. സതീശൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതേ വികാരത്തിൽത്തന്നെയാണ് നിൽക്കുന്നത്. കൃഷിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് അവരോടൊപ്പം നിൽക്കും. അതിനാവശ്യമായ നടപടി ഇനിയും സ്വീകരിക്കേണ്ടതുണ്ടെന്നാണ് സർക്കാർ കാണുന്നത്. അത്തരം നടപടികൾ ഇനിയും സ്വീകരിക്കും. അതുകൊണ്ട് ഒരുതരത്തിലുള്ള പ്രശ്നങ്ങളും ഇക്കാര്യത്തിൽ ഉദിക്കുന്നില്ല. ഈ റോഡ് നമുക്കാവശ്യമാണ്. അതിൽ നിന്ന് മാറിപ്പോകാൻ സാധിക്കില്ല. വേറൊരു റോഡോ സ്ഥലമോ അവർക്ക് ചൂണ്ടിക്കാണിക്കാനില്ല. ഈ സാഹചര്യത്തിൽ കീഴാറ്റൂരിൽക്കൂടി മാത്രമേ പോകാൻ സാധിക്കുകയുള്ളൂ എന്നുള്ളതുകൊണ്ടാണ് ആ റോഡ് എടുക്കുന്നത്. അത് മനസ്സിലാക്കാനും കൂടെ നിൽക്കാനും പ്രതിപക്ഷം തയ്യാറാകണമെന്നാണ് എനിക്ക് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വികസനത്തെ സംബന്ധിച്ച് പറഞ്ഞു. നാഷണൽ ഹൈവേയുടെ വികസനം 45 മീറ്റർ ആക്കണമെന്നുള്ളത് സർവ്വകക്ഷി യോഗത്തിൽ വന്ന അഭിപ്രായമാണ്. അന്നതിന് ഞാനും മുൻകയ്യെടുത്തിരുന്നു. ഞാനും മുഖ്യമന്ത്രിയും (അദ്ദേഹം അന്ന് പാർട്ടി സെക്രട്ടറിയായിരുന്നു) ആ യോഗത്തിൽ പങ്കെടുത്തപ്പോൾ 30 മീറ്ററെന്ന് തീരുമാനിച്ച് ശ്രീ. വി. എസ്. അച്ചുതനാന്ദന്റെ നേതൃത്വത്തിലുള്ള സർക്കാർ മുന്നോട്ടുപോയപ്പോഴാണ് നമ്മൾ തമ്മിൽ തർക്കിക്കുന്നത്. 45 മീറ്റർ വേണമെന്ന് പൊതുവായ ധാരണയുണ്ടാക്കിയശേഷം സർവ്വകക്ഷി യോഗം വിളിക്കുകയായിരുന്നു. ആ സർവ്വകക്ഷി യോഗത്തിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. കക്ഷികൾ ഒരേ നിലപാട് സ്വീകരിക്കാൻ ഞങ്ങൾ മുൻകയ്യെടുത്തതാണ്. ഞങ്ങളാരും വികസനത്തിനെതിരല്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എത്രയോ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിന്നവരാണ് ഇപ്പോൾ ഈ ഗിരിപ്രസംഗം നടത്തുന്നതെന്ന കാര്യം നമ്മൾ മറക്കരുത്. മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുമൊക്കെ വികസനത്തിന്റെ പേരിൽ ഇത്രയും വാചാലമായി സംസാരിക്കുമ്പോൾ ഞാൻ പഴയ കാര്യങ്ങൾ ഓർത്തുപോകുകയായിരുന്നു.

കേരളത്തിൽ നാഷണൽ ഹൈവേ 45 മീറ്റർ വേണമെന്നുള്ള അഭിപ്രായത്തിൽ ഞങ്ങളുടെ പാർട്ടി ഉറച്ച് നിൽക്കുകയാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. 60 മീറ്റർ എന്നുപറഞ്ഞപ്പോൾ കേരളത്തിൽ ജനസാന്ദ്രത കൂടുതലായതുകൊണ്ട് 60 മീറ്റർ പ്രായോഗികമല്ല; കേരളവും ഗോവയുമാണ് ഇക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായം പറഞ്ഞത്. അന്ന് നമ്മളെടുത്ത തീരുമാനത്തിൽ തന്നെയാണ് ഇപ്പോഴും നിൽക്കുന്നത്. ഈ സർക്കാരിന്റെ സമരങ്ങളോടുള്ള സമീപനം വളരെ വ്യക്തമാണ്. സമരങ്ങളോട് ഇത്രയും അസഹിഷ്ണുത ഈ സർക്കാർ എന്തിനാണ് കാണിക്കുന്നത്? ഇവിടെ ഗെയിൽ-ഉമായി ബന്ധപ്പെട്ട പ്രശ്നമുണ്ടായത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം. വ്യവസായ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. അവിടെയുണ്ടായ പ്രശ്നം പരിഹരിക്കാൻ പ്രതിപക്ഷ നേതാവെന്ന നിലയിൽ ഞാനും ഇടപെട്ടതാണ്. ശ്രീ. എ. സി. മൊയ്തീൻ മലപ്പുറത്ത് വിളിച്ചുകൂട്ടിയ യോഗത്തിൽ കാര്യങ്ങൾ രമ്യമായി പരിഹരിക്കാനുള്ള നടപടിയാണ് ഞങ്ങൾ സ്വീകരിച്ചത്. അല്ലാതെ 'എരിതീയിൽ എണ്ണയൊഴിക്കാനല്ല' ശ്രമിച്ചത്. പ്രതിപക്ഷമെന്ന നിലയിൽ യാഥാർത്ഥ്യബോധത്തോടെയും പക്വതയോടെയുമുള്ള സമീപനമാണ്, കോൺഗ്രസ് മാത്രമല്ല, മുസ്ലീം ലീഗുൾപ്പെടെ യു.ഡി.എഫ്. ഒറ്റക്കെട്ടായി സ്വീകരിച്ചത്. നാട്ടിൽ വികസനം വേണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷെ, ആ വികസനത്തിനുവേണ്ടി ഞങ്ങളും നിങ്ങളും സ്വീകരിക്കുന്ന സമീപനങ്ങൾ വ്യത്യസ്തമാണ്. പോലീസിന്റെ സഹായത്തോടെ ലാത്തിയും തോക്കുമുപയോഗിച്ച് ഇത്തരം സമരങ്ങളെ നേരിടുന്ന നിങ്ങളുടെ ശൈലിയാണ് അപകടകരം. അതാണ് ഇവിടെ ബഹുമാന്യനായ അംഗം ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചത്. സിംഗൂരിലുണ്ടായ കാര്യം പറഞ്ഞു. ഞാനും ബഹുമാന്യനായ ഉമ്മൻ ചാണ്ടിയുംകൂടി സിംഗൂരിൽ പോയി അവിടെയുള്ള ജനങ്ങളെ കണ്ടതാണ്. അവിടത്തെ ജനങ്ങളനുഭവിച്ച ബുദ്ധിമുട്ടുകൾ ഞങ്ങൾ നേരിൽക്കണ്ടതാണ്. അവിടെ നടന്ന വെടിവയ്പ്പുമൂലം പാവപ്പെട്ട ജനങ്ങളുടെയും ടാറ്റയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കപ്പെട്ട ആളുകളുടെയും പ്രശ്നങ്ങൾ നേരിട്ട് കണ്ടതാണ്. അവിടത്തെ സർക്കാർ സ്വീകരിച്ച സമീപനത്തെയാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇവിടെയാരും വികസനത്തിനെതിരായ നിലപാട് സ്വീകരിച്ചില്ല. പക്ഷെ, വ്യത്യസ്ത അഭിപ്രായങ്ങളുണ്ടായാൽ ആ അഭിപ്രായങ്ങളെ ചവിട്ടിമെതിക്കുന്ന നിലപാട് സ്വീകരിക്കുന്ന സമീപനം ശരിയല്ല. അതാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്. പൊതുസമീപനത്തെക്കുറിച്ച് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ആ പൊതുസമീപനത്തോട് ഇവിടെ ആർക്കാണ് എതിർപ്പുള്ളത്; നാടിന്റെ വികസനത്തിന് ആർക്കാണ് എതിർപ്പുള്ളത്? പക്ഷെ ആരെങ്കിലുമൊരു വ്യത്യസ്ത അഭിപ്രായം പറഞ്ഞാൽ, സമരം ചെയ്താൽ അവരുമായി ചർച്ച ചെയ്ത് ആ പ്രശ്നം പരിഹരിക്കുന്നതിനുപകരം പോലീസിനെ ഉപയോഗിച്ച് അവരെ നേരിടാനാണ് നിങ്ങളുടെ ശ്രമമെങ്കിൽ അതിനെ എന്ത് വില കൊടുത്തും എതിർക്കുമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. 'നിങ്ങൾ

എന്നും പ്രതിപക്ഷത്തിരുന്നോളൂ, ഞങ്ങൾ ഭരിക്കും' എന്ന് ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞു; 'ശ്രീ. സുധാകരൻ, ഭരണത്തിന് ഇത്രമാത്രം ആസ്വാദ്യതയുണ്ടെന്ന് എനിക്കിപ്പോഴാണ് മനസ്സിലായത്. അങ്ങ് ഇത് ആസ്വദിക്കുന്നുണ്ടെന്ന് എനിക്കിപ്പോൾ മനസ്സിലായി'. ജനാധിപത്യത്തിൽ പ്രതിപക്ഷത്തും ഭരണപക്ഷത്തും വരുന്നത് സ്വഭാവികമാണ്. അതെല്ലാം ജനങ്ങൾ തീരുമാനിക്കട്ടെ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഭരിക്കണമെന്ന് പറയുന്നത് ആസ്വാദനം കൊണ്ടാണോ; രാഷ്ട്രീയ ഉദ്ദേശ്യമല്ലേ? അധികാരത്തിൽ വരേണ്ടത് ഓരോരുത്തരുടെയും കടമയല്ലേ? എന്തിനാണ് ആസ്വദിക്കുന്നുവെന്ന് പറയുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് കേരളത്തിന്റെ ചരിത്രം പഠിക്കണം. ഒരു പാർട്ടിയും സ്ഥിരമായി കേരളത്തിൽ ഭരിക്കില്ലെന്ന് അങ്ങേയ്ക്കറിയാമല്ലോ. അതുകൊണ്ട് നിങ്ങളെന്നും പ്രതിപക്ഷത്തിരുന്നോളൂ ഞങ്ങൾ ഭരിച്ചോളാം എന്നു പറയുന്നത് കേരള ജനതയോടുള്ള വെല്ലുവിളിയാണ്. അങ്ങനെ പറയരുതായിരുന്നു. ശ്രീ. ജി. സുധാകരനിൽനിന്ന് ഞാനത് പ്രതീക്ഷിച്ചില്ല. ഏതായാലും അന്യന്റെ ശബ്ദം സംഗീതംപോലെ ആസ്വദിക്കണം' എന്നാണ് കമ്മ്യൂണിസ്റ്റുകാർ പറയാറുള്ളത്. പക്ഷെ ഇവിടെ 'സ്വന്തക്കാരുടെ നിലവിളി സംഗീതംപോലെ ആസ്വദിക്കുന്ന' നിലപാടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിക്കുന്നത്. പാവങ്ങളെയും സാധാരണക്കാരെയും എന്തിനാണ് നിങ്ങൾ ഇങ്ങനെ ചവിട്ടിമെതിക്കാൻ നോക്കുന്നത്? കീഴാറ്റൂരിലെ ജനങ്ങൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നു. ഇവിടെ ശ്രീ. ജെയിംസ് മാത്യു പറയുന്നത് കേട്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. ഒരു പാർലമെന്ററി ഡെലിഗേഷനുമായി ബന്ധപ്പെട്ട് ഒരിക്കൽ അമേരിക്കയിലേയ്ക്ക് പോകാൻ എനിക്ക് അവസരമുണ്ടായി. അവിടെ വൈറ്റ് ഹൗസിനു മുന്നിൽ ചെറിയൊരു കൂര കെട്ടി ഒരു പാവം സ്ത്രീ സമരം ചെയ്യുകയാണ്. ഞാനത് കണ്ട് അത്ഭുതപ്പെട്ടു പോയി, സാമ്രാജ്യത്വ രാജ്യമായ അമേരിക്കയിൽ വൈറ്റ് ഹൗസിന്റെ മുന്നിൽ കൂര കെട്ടാൻ ആരും അനുമതി നൽകിയിട്ടല്ല ആ പാവപ്പെട്ട സ്ത്രീ വൈറ്റ് ഹൗസിന് മുന്നിൽ സമരം നടത്തിയത്. എ. കെ. ഗോപാലൻ സമരം നടത്തിയത് ആരുടെയും അനുവാദം ചോദിച്ചിട്ടായിരുന്നില്ല. ഈ നാട്ടിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സമരം നടത്തുന്നതും സമരത്തിന് ഷെഡ്ഡ് കെട്ടുന്നതും ആരുടെയെങ്കിലും അനുവാദം ചോദിച്ചിട്ടായിരുന്നോ എന്ന് ചരിത്രം നോക്കണം.

ശ്രീ. ജെയിംസ് മാത്യു: സർ, സി.പി.ഐ.(എം.)-ന്റെ സ്ഥലത്ത് അവരുടെ അനുവാദം വാങ്ങാത്തതുകൊണ്ടാണെന്ന് ആരും പറഞ്ഞില്ല. ഞാൻ പറഞ്ഞത്, വേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിന്റെ പരിസരത്താണ് ഈ സമരപ്പന്തലുണ്ടായത്.

അതിൽ സി.പി.ഐ.(എം.)-ഉം ആയി ഒരു തർക്കവുമില്ല. ക്ഷേത്രത്തിന്റെ ഭൂമിയിലാണ് പന്തൽ കെട്ടിയത്. ആ അമ്പല കമ്മിറ്റിയുടെ പ്രസിഡന്റ് അത് പൊളിച്ചുകളയണമെന്ന് പോലീസിൽ പരാതി കൊടുത്തു. അതാണ് ഞാൻ വായിച്ചത്. സി.പി.ഐ.(എം.)-ന്റെ പ്രശ്നമല്ല അത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. ജെയിംസ് മാത്യു പറഞ്ഞത് തെറ്റാണ്. വേട്ടയ്ക്കൊരു മകൻ ക്ഷേത്രത്തിന് ഈ വയലിൽനിന്നുള്ള വരുമാനമെടുക്കാം. പക്ഷെ, ഭൂമി ബാവുക്കാട് രാമൻ നമ്പ്യാർ, നാരായണൻ, ഗോവിന്ദൻ, പത്മിനി, ജാനകി എന്നിവരുടെ പേരിലാണ്. ഭൂവുടമകളായ നാരായണൻ, ഗോവിന്ദൻ എന്നിവർ ഈ സമരക്കാരോടൊപ്പമാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, അങ്ങ് പറയുന്നത് ശരിയല്ല. അത് ഊരാളന്മാരാണ്. അവർക്ക് സ്വന്തമായി ഈ പറമ്പ് എടുത്തുകൊണ്ടുപോകാൻ പറ്റില്ല. അത് ക്ഷേത്രത്തിന്റെ വകയാണ്. ഊരാളന്മാരിൽ ബാവുക്കാട് കുടുംബം മാത്രമല്ല, മറ്റ് കുടുംബങ്ങളുമുണ്ട്. അങ്ങ് കൃത്യമായി അക്കാര്യം അന്വേഷിക്കു. എനിക്കറിയാവുന്നതുകൊണ്ട് പറയുന്നതാണ്. ഒരു കുടുംബത്തിന്റെ സ്വകാര്യ സ്വത്തായി വച്ച് അനുഭവിക്കാൻ പറ്റില്ല. അങ്ങ് പറഞ്ഞതുപോലെ അവിടത്തെ ഉഭയങ്ങൾ എടുക്കാനുള്ള അവകാശം അവർക്കുണ്ട്. കാരണം, അവർ ഊരാളന്മാരാണ്. എന്നാൽ ക്ഷേത്ര ഭരണം നടത്തുന്നത് ക്ഷേത്ര കമ്മിറ്റിയാണ്. ആ ക്ഷേത്ര കമ്മിറ്റി പ്രസിഡന്റാണ് മേലിൽ ഇവിടെ പന്തൽ കെട്ടരുതെന്ന് പറഞ്ഞ് പോലീസിൽ പരാതിപ്പെട്ടത്. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ക്ഷേത്ര കമ്മിറ്റിക്ക് പരാതിയുണ്ടെങ്കിൽ അത് പോലീസ് സ്റ്റേഷനിലാണ് കൊടുക്കേണ്ടത്. പോലീസാണ് നടപടി സ്വീകരിക്കേണ്ടത്. അതിനുപകരം സി.പി.ഐ.(എം.) പ്രവർത്തകരാണ് ആ ഓഫീസ് കത്തിച്ചത്. സി.പി.ഐ.(എം.) എന്നുമുതലാണ് പോലീസായത്?

ശ്രീ. ജെയിംസ് മാത്യു: സർ, അവർ പോലീസിൽ കൊടുത്ത പരാതിയാണ് ഞാനിവിടെ വായിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. ജെയിംസ് മാത്യു പറഞ്ഞതുകൊണ്ടാണ് ഞാനത് വിശദീകരിച്ചത്. ഈ സമരത്തിൽ പങ്കെടുക്കുന്ന നാരായണൻ, ഗോവിന്ദൻ എന്നിവർ ഭൂവുടമകൾ തന്നെയാണ്. ഭൂവുടമകളോട് ചോദിച്ച് അവരുടെ അനുവാദത്തോടുകൂടി മാത്രമേ സമരപ്പന്തൽ കെട്ടുകയുള്ളൂ എന്ന പുതിയ നിലപാട് നിങ്ങൾക്കുണ്ടെന്ന് ഇപ്പോഴാണ് എനിക്ക് മനസ്സിലായത്. ഏതെങ്കിലും കാലത്ത് ഭൂവുടമകളുടെ അനുവാദം വാങ്ങിയിട്ട് തൊഴിലാളികൾക്കോ കർഷകർക്കോ സമരം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; അത് ശരിയായ നടപടിയല്ല. ഇവിടെ സംഭവിച്ചതെന്താണ്? കീഴാറ്റൂരിൽ സ്വന്തം മണ്ണിനുവേണ്ടി ചെറുത്തുനിൽപ്പ് നടത്തുന്ന ആളുകളെ ചവിട്ടി അരയ്ക്കുകയാണ്. അവരെല്ലാം കമ്മ്യൂണിസ്റ്റുകാരാണ്. നിങ്ങൾ വസ്തുതകൾ മനസ്സിലാക്കണം. നിങ്ങൾ സ്വന്തക്കാരെ ചവിട്ടി മെതിക്കുന്നത് ഇപ്പോൾ മാത്രമല്ലല്ലോ; ടി. പി.

ചന്ദ്രശേഖരന്റെ കാര്യവും ജിഷ്ണു പ്രണോയിയുടെ അമ്മയുടെ കാര്യവും നിങ്ങൾക്കറിയില്ലേ? മുക്കത്ത് ഗെയിൽ പൈപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിങ്ങളെടുത്ത സമീപനം അറിയില്ലേ? അധികാരത്തിൽ വരുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി ഫാസിസ്റ്റ് ശൈലി സ്വീകരിക്കുന്നുവെന്നുള്ളതിന്റെ തെളിവാണ് ഇവിടെയുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട ആ നടപടി ഏതാണ്ട് അന്തിമഘട്ടമായപ്പോൾ അവിടെ നെൽ വയൽ നഷ്ടപ്പെടുമെന്ന് പറഞ്ഞ് സമരം ചെയ്ത പാർട്ടിയാണ് ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ പാർട്ടിയും മാർക്സിസ്റ്റ് പാർട്ടിയും. ആ നിലപാട് വികസനത്തിന് അനുകൂലമായിരുന്നോ; അക്കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വാക്കൗട്ട് പ്രസംഗത്തിനിടയിൽ എല്ലാവർക്കും വഴങ്ങിക്കൊടുത്ത് ഡിബേറ്റാക്കി മാറ്റരുത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, വികസനത്തിന്റെ കാര്യം വരുമ്പോൾ മുൻ കാലങ്ങളിൽ സ്വീകരിച്ച നിലപാടുകൾ സി.പി.ഐ.(എം.) മറക്കരുത്. കീഴാറ്റൂരിലെ വയൽക്കിളികളെ അറസ്റ്റ് ചെയ്യുകയും അവരുടെ സമരപ്പന്തൽ കത്തിക്കുകയും ചെയ്ത ദിവസമായ മാർച്ച് 14-ന്റെ പ്രത്യേകത, അന്ന് കാറൽ മാർക്സിന്റെ ജന്മദിനമായിരുന്നു എന്നതാണ്. അതോടൊപ്പംതന്നെ മറ്റൊരു പ്രത്യേകതയുമുണ്ട്. നന്ദിഗ്രാമിൽ ടാറ്റയുടെ കാർ നിർമ്മാണ ഫാക്ടറിക്കുവേണ്ടി ഫലഭൂയിഷ്ഠമായ കൃഷിഭൂമി ഏറ്റെടുക്കുന്നത് ചെറുത്ത കർഷകരെ വെടിവച്ചുകൊന്നതിന്റെ പതിനൊന്നാമത് വാർഷികമായിരുന്നു അന്ന്. അന്നാണ് കീഴാറ്റൂരിൽ പ്രശ്നങ്ങളുണ്ടായത്. നന്ദിഗ്രാമിൽ നക്സലൈറ്റുകളും തീവ്രവാദി കളുമാണ് ആ സമരത്തിന്റെ പിന്നിലെന്ന് ശ്രീ. പി. ജയരാജൻ പറഞ്ഞു. നക്സലൈറ്റുകളും തീവ്രവാദികളുമാണോ? പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞത് സാമ്രാജ്യത്വ ശക്തികളാണെന്നാണ്. അമേരിക്കൻ സാമ്രാജ്യത്വമാണോ കീഴാറ്റൂരിൽ വന്നത്? അതെനിക്ക് മനസ്സിലാകുന്നില്ല. അമേരിക്കൻ സാമ്രാജ്യത്വം കീഴാറ്റൂരിൽ വന്ന് കർഷകരെ പ്രലോഭിപ്പിച്ച് നടത്തുന്ന സമരമാണോ ഇത്? യാഥാർത്ഥ്യങ്ങൾ കാണാതെ കാര്യങ്ങൾ പറയരുത്. അവരുമായി എന്തുകൊണ്ട് വീണ്ടുമൊരു ചർച്ച നടത്തിക്കൂടാ; ഇവിടെ ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി ഒരു ചർച്ച നടത്തിയെന്ന് പറഞ്ഞു. ചിലപ്പോൾ ഒന്നും രണ്ടും മൂന്നും തവണ ചർച്ച ചെയ്യേണ്ടി വരും. ചിലപ്പോൾ അവർക്ക് തെറ്റിദ്ധാരണകളും ആശങ്കകളുമുണ്ടാകും. അവിടെയുള്ള പാവപ്പെട്ട ആളുകളെ കാര്യങ്ങൾ ബോധ്യപ്പെടുത്തണ്ടേ? നിങ്ങൾ പറയുന്നതുപോലെ സാമ്രാജ്യത്വശക്തികളാണ് ഇതിന്റെ പിന്നിലെങ്കിൽ അവരുടെ സ്വാധീനത്തിൽ ഇവർ പെടാതിരിക്കാൻ നിങ്ങൾക്ക് അവരെ വിളിച്ച് ഒരു ചർച്ച നടത്തിക്കൂടേ? ശരീരമാകമാനം മണ്ണെണ്ണയൊഴിച്ച് തീവയ്ക്കാൻ ലൈറ്ററുമായി നിൽക്കുന്ന ആളുകളെ

നമ്മൾ ചാനലിലൂടെ കണ്ടതാണ്. ആ പാവപ്പെട്ട ആളുകളെ ഒന്നുകൂടി വിളിച്ചുകൂട്ടി അവരുമായി ചർച്ച ചെയ്യുന്നതിന് എന്തിനാണ് ദുരഭിമാനം? സി.പി.ഐ.(എം.)-ന് നിയന്ത്രണമുള്ള ശാസ്ത്ര സാഹിത്യ പരിഷത്ത് കാര്യങ്ങൾ പറയുന്നില്ലേ; ശാസ്ത്ര സാഹിത്യ പരിഷത്തിനെ നിങ്ങൾ അംഗീകരിക്കുന്നില്ല, ഡോ. ടി. എം. തോമസ് ഐസക് മാത്രമാണ് അവരെ അംഗീകരിക്കുന്നതെന്ന് ഇപ്പോൾ എല്ലാവർക്കുമറിയാം. ശാസ്ത്ര സാഹിത്യ പരിഷത്ത് പറയുന്ന ബദൽ പ്രൊപ്പോസൽസ് എന്തുകൊണ്ട് നിങ്ങൾക്ക് പരിശോധിച്ചുകൂടാ; കേന്ദ്ര സർക്കാരുമായി എന്തുകൊണ്ട് നിങ്ങൾ ബന്ധപ്പെടുന്നില്ല? മുമ്പ് എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ കണ്ണൂരിൽ കണ്ടൽക്കാടുകൾ വെട്ടി അമ്യൂസ്മെന്റ് പാർക്കുണ്ടാക്കാൻ മുന്നോട്ടുവന്നവരാണ് നിങ്ങൾ. അതുകൊണ്ട് വലിയ പരിസ്ഥിതി പ്രേമമൊന്നും പറയണ്ട. നിങ്ങളുടെ പരിസ്ഥിതി പ്രേമത്തെപ്പറ്റി എല്ലാവർക്കുമറിയാം. മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീം 'തെങ്ങിന്റെ മണ്ടയിലാണോ വികസനം നടത്തുന്നതെന്ന്' ചോദിച്ചത് ഞാനിവിടെ ആവർത്തിക്കുന്നില്ല.

ഇവിടെയുള്ള രസകരമായൊരു വസ്തുത, കീഴാറ്റൂരുകാർ മാത്രം സമരം നടത്തിയാൽ മതി, സി.പി.ഐ.(എം.) അവിടെ ചെക്ക്പോസ്റ്റിട്ടിരിക്കുന്നുവെന്നാണ് പത്രത്തിൽ വന്ന വാർത്ത. അതാണോ നമ്മുടെ പൊതു സമീപനം; ഏതെങ്കിലും സ്ഥലത്തൊരു പ്രശ്നമുണ്ടായാൽ അവിടെയുള്ളവർ മാത്രം ഇടപെട്ടാൽ മതി, പുറത്തുനിന്ന് ആരും പോകരുതെന്നത് എവിടത്തെ നയമാണ്; അതെന്ത് ജനാധിപത്യമാണ്? തോട്ടം തൊഴിലാളികളുടെ ലയത്തിലും പാടവരമ്പത്തും പുറത്തുള്ള കമ്മ്യൂണിസ്റ്റുകാരാണ് സമരം ചെയ്തത്. പുറത്തുനിന്ന് ആരും അങ്ങോട്ട് വരരുത്, അവിടെ ചെക്ക്പോസ്റ്റിട്ടിരിക്കുന്നു, ആരെയും അങ്ങോട്ട് കടത്തില്ല, ഇവർ തീവ്രവാദികളാണ് എന്ന നിലയിലുള്ള ഇത്തരം പ്രവർത്തനങ്ങൾ ശരിയാണോ; മഹാരാഷ്ട്രയിൽ നടന്ന ലോംഗ് മാർച്ചിൽ പങ്കെടുത്ത ശ്രീ. കെ. കെ. രാകേഷും ഡോ. വിജൂ കൃഷ്ണനും മഹാരാഷ്ട്രയിൽ കൃഷി ചെയ്യുന്നവരാണോ; ശ്രീ. കെ. കെ. രാകേഷിന് പൂനയിൽ കൃഷിയുണ്ടോ; ഡോ. വിജൂ കൃഷ്ണന് അവിടെ ഏതെങ്കിലും തരത്തിലുള്ള കാർഷിക പ്രവർത്തനമുണ്ടോ; ഇതെല്ലാം നമ്മുടെ നാട്ടിലെ ആദ്യത്തെ സംഭവങ്ങളാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അവരൊക്കെ അഖിലേന്ത്യാ കിസാൻ സഭയുടെ നേതാക്കൻമാരാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതെ. അങ്ങിത് ശ്രീ. ഇ. പി. ജയരാജനോട് പറഞ്ഞാൽ മതി. പുറമെനിന്നുള്ളവർ വിപ്ലവത്തിൽ പങ്കെടുക്കരുതെന്ന് ക്യൂബൻ ജനത, സഖാവ് ചെഗ്വേരയോട് പറഞ്ഞിരുന്നോ? 'നിങ്ങൾ ഏത് ദേശക്കാരനായിരുന്നാലും ഏത് ഭാഷക്കാരനായിരുന്നാലും ചൂഷണങ്ങൾക്കെതിരായ പോരാട്ടത്തിൽ നമ്മൾ സഖാക്കളായിരിക്കും' എന്ന ചെഗ്വേരയുടെ വചനം ഓർമ്മയില്ലേ എന്നാണ് എനിക്ക്

ചോദിക്കാനുള്ളത്. കീഴാറ്റൂരിലെ ജനത സമരം ചെയ്യുമ്പോൾ അത് തെറ്റാകട്ടെ, ശരിയാകട്ടെ, സാമ്രാജ്യത്വ ശക്തികളുടെ പ്രേരണമൂലമാകട്ടെ, മുഖ്യമന്ത്രി അവരെ വിളിച്ച് ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാനുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്. സമരങ്ങളോടുള്ള നിങ്ങളുടെ ഈ സമീപനം തെറ്റാണ്. ഇത് ഫാസിസമാണ്, സമരങ്ങളോടുള്ള നിങ്ങളുടെ അസഹിഷ്ണുതയാണ്, ഇത് കേരളീയ സമൂഹത്തെ ചോദ്യം ചെയ്യുന്നതാണ്. സമൂഹം ഇത് ആഗ്രഹിക്കുന്നതല്ല. സമരം ചെയ്യുന്നതാരായാലും അവരെ വിളിച്ച് ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുപകരം തോക്കും ലാത്തിയുമുപയോഗിച്ച് അവരെ നേരിടാനാണ് ഭാവമെങ്കിൽ അത് നിങ്ങൾക്കുതന്നെ വിനാശമായിരിക്കുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഈ വിഷയം ചർച്ച ചെയ്യാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ റിപ്പോർട്ടിൽ '29 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതിൽ 21 ഹെക്ടർ ഭൂമിയും വയലുകളും തണ്ണീർത്തടവുമാണ്. പൂവോട് കീഴാറ്റൂർ പ്രദേശങ്ങളിൽ വയൽ പൂർണ്ണമായും ഇല്ലാതാകും. വയലിന് ചുറ്റുമുള്ള മൂന്ന് കുന്നുകളിൽനിന്ന് വെള്ളം വയലിലേയ്ക്കാണ് ഒഴുകുന്നത്. ബൈപ്പാസ് പൂർത്തിയാകുമ്പോൾ സമീപത്തെ കരപ്രദേശങ്ങൾ വെള്ളക്കെട്ടിലാകാൻ സാധ്യതയുണ്ട്. താഴ്ന്നുകിടക്കുന്ന വയലിലൂടെ റോഡ് പണിയാൻ മൂന്നര മീറ്ററെങ്കിലും മണ്ണിട്ട് ഉയർത്തേണ്ടിവരും. ആറ് കിലോമീറ്റർ ബൈപ്പാസിൽ നാലര കിലോമീറ്റർ മണ്ണിടേണ്ടി വരും. 45 മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കുന്നത്. അപ്പോൾ പാടം നികത്താൻ 130000 ലോഡ് മണ്ണ് വേണ്ടിവരും. അതിനുവേണ്ടി സമീപത്തെ കുന്നുകൾ മുഴുവൻ ഇടിച്ചിടേണ്ടിവരും' എന്നാണ് പറഞ്ഞിട്ടുള്ളത്. ഈ റിപ്പോർട്ട് കൊടുത്തത് കേരള ശാസ്ത്ര സാഹിത്യ പരിഷത്താണ്. അവർ ഇതിനൊരു ബദൽ അലൈൻമെന്റും പറയുന്നുണ്ട്. കാർഷിക മേഖലയെ തകർക്കാതെ ബദലായി വേറെ വഴിയുണ്ടെന്ന് പറയുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കാൻ എന്തുകൊണ്ട് സർക്കാർ തയ്യാറാകുന്നില്ല? അങ്ങനെയൊരു ആഗ്രഹം കേരളത്തിനുണ്ടെങ്കിൽ കേന്ദ്രം ആ അലൈൻമെന്റിനെതിരായി നിൽക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അവിടെ നാല് കുടുംബങ്ങൾ മാത്രമാണ് എതിർക്കുന്നതെന്നാണ് അങ്ങ് പറയുന്നത്. നാല് കുടുംബങ്ങളുടെ കാര്യം പറയാനാണോ നൂറുപേർ അവിടെവന്ന് സമരം ചെയ്യുന്നത്. ആ സമരത്തെ അടിച്ചൊതുക്കാൻ പോലീസിനെ ഉപയോഗിക്കുന്നുവെന്ന് മാത്രമല്ല, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകരാണ് അവിടെ അലൈൻമെന്റ് സർവ്വേ എടുക്കുന്നതിന് ഉദ്യോഗസ്ഥരുടെകൂടെ നിൽക്കുന്നത്. ഇവർ എപ്പോഴാണ് ഉദ്യോഗസ്ഥരായത്? ധാർഷ്ട്യം ഉപയോഗിച്ച്, ഇത്തരത്തിലുള്ള സമരങ്ങളെ

അടിച്ചമർത്തിയിട്ടാണെങ്കിലും ഞങ്ങളിതെല്ലാം നടപ്പാക്കുമെന്ന നിലപാടെടുത്ത നന്ദിഗ്രാമിൽ അതിന്റെ അനുഭവം മാർക്സിസ്റ്റ് പാർട്ടിക്കുണ്ടായി. അതിനുശേഷം ഇതുവരെ മാർക്സിസ്റ്റ് പാർട്ടിക്ക് പശ്ചിമ ബംഗാളിൽ തിരിച്ചുവരാൻ സാധിച്ചിട്ടില്ല. പ്രാദേശിക തെരഞ്ഞെടുപ്പിൽപ്പോലും ഇപ്പോഴും അവർക്ക് സീറ്റ് കിട്ടാത്തതിന്റെ കാരണം എന്താണെന്ന് പരിശോധിക്കണം. അതുകൊണ്ട് ഭാവിയിൽ നിങ്ങൾക്കുണ്ടാകാൻ പോകുന്ന ഗതികേടിനെക്കുറിച്ച് നിങ്ങളോർക്കണം. ഞങ്ങളന്ന് നന്ദിഗ്രാമിൽ പോയതാണ്. അന്നവിടെ ഒരു ചുവന്ന കൊടി കുത്തിയിട്ട് അതിന്റെ താഴെ ആ പ്രദേശത്തെ ഗ്രാമീണർ ഇരുന്നു പറയുന്നത്, 'ഞങ്ങളാണ് യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ, ഞങ്ങളെ തകർത്തുകൊണ്ട് ആരെങ്കിലും ഇവിടത്തെ ഭൂമിയെടുക്കുന്നുണ്ടെങ്കിൽ അവർ അനുഭവിക്കും' എന്നാണ്. അതുപോലെ ഒരു കൊടികുത്തി അതിന്റെ താഴെയിരുന്ന് കമലാക്ഷി എന്നൊരു കമ്മ്യൂണിസ്റ്റുകാരി പറയുന്നു, 'ഞാനാണ് യഥാർത്ഥ കമ്മ്യൂണിസ്റ്റ്, നിങ്ങളൊക്കെ വോട്ടിനുവേണ്ടി കമ്മ്യൂണിസ്റ്റാകുന്നവരാണ്' എന്ന്. അങ്ങനെ പറയുന്ന രീതിയിലേയ്ക്ക് സഖാക്കൾ മാറിയിരിക്കുകയാണ്. മഹാരാഷ്ട്രയിൽ കർഷകർക്കുവേണ്ടി സമരം ചെയ്തപ്പോൾ, ഇവിടെ കർഷകരെ അടിച്ചമർത്തുന്നതിന് ശ്രമിക്കുന്നു. പോലീസ് മർദ്ദനോപാധിയാണെന്നാണ് എപ്പോഴും കമ്മ്യൂണിസ്റ്റുകാർ പറയാറുള്ളത്. പക്ഷെ നിങ്ങൾ അധികാരത്തിൽ വരുമ്പോൾ പോലീസിനെ മർദ്ദനോപാധിയായി ഉപയോഗിക്കുന്നു എന്നതിനേറ്റവും വലിയ തെളിവാണ് കീഴാറ്റൂരിൽ സംഭവിച്ചിരിക്കുന്നത്. ഞാൻ മന്ത്രിയായിരുന്നപ്പോൾ ഒരു എക്സ്പ്രസ് ഹൈവേ നിർമ്മിക്കാൻ ശ്രമിച്ച അവസരത്തിൽ അന്ന് സർവ്വേ എടുക്കാൻ പോയ ആളുകളെ നിങ്ങൾ വളഞ്ഞുവച്ച് ബന്ദികളാക്കി. ഇന്ന് അതേ നിങ്ങൾതന്നെ പറയുന്നു സർവ്വേയെടുക്കാൻ വരുന്നവരുടെകൂടെ കമ്മ്യൂണിസ്റ്റുകാരുണ്ടാകും, അവിടെയുള്ള ജനങ്ങളെയാണ് ഞങ്ങൾ ബന്ദികളാക്കാൻ പോകുന്നതെന്ന്. ഈ ഇരട്ട നിലപാട് സ്വീകരിക്കുന്ന നിങ്ങൾക്കുണ്ടാകാൻ പോകുന്ന ഭവിഷ്യത്ത് വളരെ വലുതാണ്. കാർഷികമേഖലയിൽ തകർച്ചയുണ്ടാകരുതെന്ന ഉദ്ദേശ്യത്തോടെ അന്ന് നിങ്ങൾ പറഞ്ഞ വാക്കുകൾ സ്വീകരിച്ച് അതിൽനിന്ന് പിന്നോട്ടുപോകാൻ ഞാൻ തയ്യാറായിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് ആ പ്രദേശത്തെ ജനങ്ങളുടെ വികാരത്തെ മാനിച്ചുകൊണ്ട് നിങ്ങൾക്ക് ബദലായി ചിന്തിച്ചുകൂടാ? അവിടത്തെ ജനങ്ങൾ എങ്ങനെ എതിർത്താലും യാതൊരു പ്രശ്നവുമില്ല, അതിന്റെ മുകളിലൂടെ ബുൾഡോസർ കൊണ്ടുവന്ന് എല്ലാം നിരപ്പാക്കി ഞങ്ങൾ ഈ പദ്ധതി കൊണ്ടുവന്നിരിക്കുമെന്ന് പറയുന്ന ധാർഷ്ട്യത്തിന് ഒരിക്കലും ജനങ്ങൾ മാപ്പ് നൽകില്ല. ഈ വിഷയം ചർച്ച ചെയ്യാത്ത നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ബോംബെയിലെ കർഷക സമരത്തിൽ നിങ്ങൾ നൽകിയ പങ്കാളിത്തം ഈ വേദിയിൽ ഞാൻ പരസ്യമായി പ്രശംസിച്ചതാണ്. പക്ഷെ, കീഴാറ്റൂരിൽ നിങ്ങളെടുത്ത നടപടി ഒട്ടും പ്രശംസനീയമല്ല. അത് മനസ്സാക്ഷിയനുസരിച്ച് നിങ്ങൾ പരിശോധിക്കണം. അവിടെ നടന്നത് തികച്ചും തെറ്റായ നടപടിയാണ്. സമരപ്പന്തൽ തീവച്ച് കത്തിക്കുന്നത് എത്ര കിരാതമായ നയമാണ്? തീവച്ച് നശിപ്പിച്ചും പോലീസിനെ ഉപയോഗിച്ചും കർഷകസമരത്തെ അടിച്ചമർത്തി മുന്നോട്ടുപോകാമെന്നാണോ നിങ്ങൾ കരുതുന്നത്? അതൊരിക്കലും ശരിയല്ല. ഞങ്ങൾക്കതിന് കൂട്ടുനിൽക്കാനാകില്ല. അതുകൊണ്ട് നിങ്ങൾ കീഴാറ്റൂരിൽ ചെയ്ത നടപടി തിരുത്തണം. അത് സർക്കാരിന്റെ നയമല്ലെന്ന് പരസ്യമായി പറഞ്ഞ് ഒരിക്കൽക്കൂടി അവിടത്തെ കൃഷിക്കാരെ വിളിച്ചുകൂട്ടി സമാധാനപരമായി ഈ പ്രശ്നം തീർക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ശ്രീ. ഇ. പി. ജയരാജൻ: സർ, നിരവധി പ്രാവശ്യം കൃഷിക്കാരെ വിളിച്ചുചേർത്ത് സംസാരിച്ചു. അവർക്കൊക്കെ ഈ കാര്യങ്ങൾ ബോധ്യമുണ്ട്. പുറത്തുനിന്ന് വന്നിട്ടുള്ള ചില മാവോയിസ്റ്റുകൾ ഈ കൃഷിക്കാരെ മിസ്ഗൈഡ് ചെയ്തതാണ്. അക്കാര്യത്തിൽ ആർക്കും ഇപ്പോൾ തർക്കമില്ല. മേൽപ്പറഞ്ഞ അഞ്ച് കൃഷിക്കാരും ഇപ്പോൾ ഏതാണ്ട് മാറിയിട്ടുണ്ട്. യഥാർത്ഥത്തിൽ അവിടെയൊരു പ്രശ്നവുമില്ല. വിഷയദാരിദ്ര്യം കൊണ്ടാണ് ഇങ്ങനെയൊരു അടിയന്തരപ്രമേയം അവതരിപ്പിച്ചത്.

ശ്രീ. കെ. എം. മാണി: സർ, ശ്രീ. ഇ. പി. ജയരാജനെപ്പോലുള്ള ഒരാൾ ഇങ്ങനെ പറയരുത്. അങ്ങ് എത്രയോ സമരം നയിച്ചിട്ടുള്ള ആളാണ്. അങ്ങ് ഈ നിലപാടെടുത്തത് ഒരിക്കലും ശരിയല്ല. കൃഷിക്കാരെ സർക്കാർ മൂന്നോ നാലോ പ്രാവശ്യം വിളിച്ചെങ്കിലും ഒരിക്കൽക്കൂടി വിളിക്കാൻ പാടില്ലെന്നുണ്ടോ; അതിനൊരു ലിമിറ്റേഷനുണ്ടോ? നാലുപ്രാവശ്യം വിളിച്ചിട്ടും പരിഹാരം കാണാൻ കഴിഞ്ഞില്ലെങ്കിൽ അഞ്ചാമതൊരു പ്രാവശ്യംകൂടി വിളിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങ് കൃഷിക്കാർക്കുവേണ്ടിയാണ് ഏറ്റവും കൂടുതൽ വാദിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. അവിടത്തെ 56 കൃഷിക്കാരും ഇതിനോട് അനുകൂലമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അതിനാൽ വീണ്ടും അവരുടെ യോഗം വിളിച്ചുചേർക്കേണ്ട ആവശ്യമില്ല. മറ്റൊന്ന്, ഈ ദേശീയപാത വേണമോ വേണ്ടയോ എന്നുള്ളതാണ് പ്രശ്നം. 30 മീറ്റർ വീതിയേ പറ്റൂവെന്ന് സമരസമിതി നേതാവ് പ്രഖ്യാപിച്ചിരിക്കുകയാണ്. 30 മീറ്റർ പോരാ; 45 മീറ്റർ വീതി വേണം. ഇതിനുപകരം വേറൊരു

സ്ഥലം അവർ കാണിച്ചുതരുന്നുമില്ല. മുന്നന്വേഷണം നടത്തി, ഏറ്റവും കുറവ് ഡാമേജ് വരത്തക്ക രീതിയിലാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളതെന്ന് ഞാനിവിടെ പറഞ്ഞു. യഥാർത്ഥത്തിൽ കൃഷിക്കാരുടെ പ്രശ്നം അവിടെയില്ല. അതാണെങ്കിൽ ഞങ്ങൾ അതിനെതിരായി നിൽക്കില്ലല്ലോ.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട മന്ത്രി, ഞാൻ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചില്ലല്ലോ. ഒന്നുകൂടി സംസാരിച്ച് അവിടെ സമാധാനപരമായ അന്തരീക്ഷമുണ്ടാക്കണമെന്നേ ഞാൻ പറഞ്ഞുള്ളു. രമ്യമായി ഇത് പരിഹരിക്കാനാകുമെങ്കിൽ പരിഹരിക്കുക, അത് വേണ്ടെങ്കിൽ ഇഷ്ടംപോലെ ചെയ്തോളു. ഈ വിഷയം രമ്യമായി പരിഹരിക്കണമെന്നതാണ് എന്റെ അഭിപ്രായം. സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടിനോട് യോജിക്കാൻ സാധിക്കാത്തതിനാൽ ഞങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, നാട്ടിലെ വാഹനപ്പെരുപ്പത്തിനനുസൃതമായി റോഡും ബൈപ്പാസുമെല്ലാം വേണം. വികസനത്തിന്റെ പ്രധാനപ്പെട്ട ഘടകമാണ് അടിസ്ഥാനസൗകര്യങ്ങൾ. അതിനൊന്നും ഞങ്ങളെതിരല്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ച സമീപനത്തെയാണ് ഞങ്ങളെതിർക്കുന്നത്. സമവായത്തിലൂടെ പ്രശ്നം പരിഹരിക്കുന്നതിനുപകരം ധാർഷ്ട്യം കാണിച്ച് ജനങ്ങളെ അടിച്ചമർത്തുന്നത് ശരിയായ നിലപാടല്ല. ഇവിടെ ശ്രീ. ജെയിംസ് മാത്യു പന്തൽ കത്തിച്ചതിനെ ന്യായീകരിക്കുന്നത് കേട്ടു. അതൊന്നും ന്യായീകരിക്കാൻ പാടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രതിപക്ഷ നേതാവും മാണിസാറും പറഞ്ഞ കാര്യങ്ങൾ ഒന്നുതന്നെയാണ്. ഈ വിഷയത്തിൽ ഒരിക്കൽ ചർച്ച നടത്തിയതിനാൽ വീണ്ടും ചർച്ച നടത്താൻ പാടില്ലെന്നുണ്ടോ? അവരുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം; സമവായത്തിലൂടെ ഈ വിഷയത്തിന് പരിഹാരം കാണാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ഇത്തരമൊരു ഗൗരവതരമായ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, എന്റെ നിയോജകമണ്ഡലമായ നേമത്ത് ദേശീയപാത നിർമ്മാണത്തിനുള്ള ചർച്ച നടക്കുന്ന അവസരത്തിൽ കുറേ വിവാദങ്ങളുണ്ടായ കാര്യം ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്. തദവസരത്തിൽ എല്ലാ പാർട്ടിക്കാരുമായി ചർച്ച ചെയ്ത് 35 മീറ്റർ വീതി എന്നുള്ള തീരുമാനം അംഗീകരിക്കുകയും അതനുസരിച്ച് സ്ഥലം അളന്ന് നിശ്ചയിക്കാൻ ഉദ്യോഗസ്ഥരെ അയയ്ക്കുകയും ചെയ്തു. പിറ്റേ ദിവസം ഉദ്യോഗസ്ഥരും മറ്റും സ്ഥലം അളന്ന് നിശ്ചയിക്കാൻ വന്നപ്പോൾ അന്ന് അവിടത്തെ സി.പി.ഐ.(എം.)-ന്റെ എം.എൽ.എ. ഇടപെട്ട് ആ ഉദ്യോഗസ്ഥരെ മുഴുവനും മടക്കി അയച്ച് സ്ഥലമെടുപ്പ് തടസ്സപ്പെടുത്തുകയുണ്ടായി. ഇത്തരം മനോഭാവമാണ് വാസ്തവത്തിൽ പ്രശ്നങ്ങളുണ്ടാക്കുന്നത്. വികസനത്തിന് തീർച്ചയായും ഭൂമി വേണം. അതിൽ പ്രതിഷേധിക്കുന്നവർക്ക് പ്രതിഷേധിക്കാനുള്ള അവകാശമുണ്ടാകണം. അത്തരക്കാരെ നിയമപ്രകാരം കൈകാര്യം ചെയ്യുന്നതിൽ ആർക്കും എതിർപ്പുണ്ടാകില്ല. പക്ഷെ, ഇവിടെ നമ്മൾ കാണുന്നത്, വ്യത്യസ്ത അഭിപ്രായമുള്ളവർ വളരെ കുറച്ച് മാത്രമേ കാണുവെന്നതിനാൽ അവരെ പ്രവർത്തിക്കാൻ അനുവദിക്കാതെ സമരപ്പന്തൽപോലും തീവച്ച് നശിപ്പിക്കുന്ന ഫാസിസ്റ്റ് നടപടിക്കെതിരെയാണ് ജനങ്ങൾ ശബ്ദമുയർത്തിയിട്ടുള്ളത്. അത് എത്രപേരാണെന്നുള്ളത് പ്രശ്നമല്ല. ഈ രീതിയോടുള്ള സമരമാണ് വാസ്തവത്തിൽ അവിടെയുള്ളത്. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന് സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി. പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

<u>മി. സ്പീക്കർ</u>: ഇന്ന് ധനാഭ്യർത്ഥന ചർച്ച മൂന്ന് മണിക്കൂറുണ്ട്. അപരാഹ്ന സമ്മേളനത്തിൽ രണ്ട് ധനകാര്യ ബില്ലുകളുൾപ്പെടെ നാല് ബില്ലുകൾ പരിഗണിക്കേണ്ടതുണ്ട്. എത്ര ശ്രമിച്ചാലും 6.30-ഓടുകൂടി മാത്രമേ ഇന്നത്തെ സഭാനടപടികൾ അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനോട് സഹകരിക്കാത്ത സമീപനം സ്വീകരിച്ചാൽ സമ്മേളനം രാത്രിവരെ നീണ്ടുപോകും. 4.00 മണി കഴിയുമ്പോൾ എല്ലാവരും അസ്വസ്ഥരായിട്ട് കാര്യമില്ല. ശ്രദ്ധ ക്ഷണിക്കലും സബ്മിഷനും വളരെ ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കണം. മറുപടിയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം പറയുകയും വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുകയും ചെയ്താൽ മതിയാകും.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) ഉപാധിരഹിത പട്ടയം

ശ്രീ. രാജു എബ്രഹാം: സർ, പട്ടയവുമായി ബന്ധപ്പെട്ട് ശ്രദ്ധക്ഷണിക്കലും അടിയന്തര പ്രമേയവും സബ്മിഷനുമെല്ലാം പല സന്ദർഭങ്ങളിലും അംഗങ്ങൾ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷെ ഈ പ്രശ്നത്തെ പൂർണ്ണമായും അഡ്രസ് ചെയ്യാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. കേരളത്തിൽ 10 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ട്. അതിൽ ഏറ്റവും കൂടുതൽ മലയോര പട്ടയം തന്നെയാണ്. രണ്ട് നീതിയാണ് കേരളത്തിലെ ജനങ്ങൾക്ക് നമ്മൾ നൽകുന്നത്. പട്ടയമില്ലാത്തവർക്ക് യാതൊരവകാശങ്ങളുമില്ല. അത് നീതി നിഷേധമാണ്. കേന്ദ്ര സർക്കാരിനെ സമീപിച്ച് ഭൂമി ഡിസ്-റിസർവ് ചെയ്യണമെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുകയും കേന്ദ്രാനുമതിയോടെ പട്ടയം കൊടുക്കുകയും വേണം. തെരഞ്ഞെടുപ്പ് വന്നപ്പോൾ വോട്ട് കിട്ടാനായി കഴിഞ്ഞ സർക്കാർ വ്യാജപട്ടയം നൽകി; അങ്ങനെയല്ല പട്ടയം കൊടുക്കേണ്ടത്. വയനാട് ജില്ലയിൽ 20000-ത്തോളം കുടുംബങ്ങൾക്കും ഇടുക്കി ജില്ലയിൽ 50000-ത്തോളം കുടുംബങ്ങൾക്കും പട്ടയം കൊടുക്കാനുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറേ പട്ടയം കൊടുത്തു. അതിന് മുഖ്യമന്ത്രിയെയും റവന്യൂ വകുപ്പുമന്ത്രിയെയും മന്ത്രിസഭയെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. നല്ല കാര്യം ചെയ്താൽ നമ്മൾ അഭിനന്ദിക്കണം. പത്തനംതിട്ട, തൃശ്ശൂർ, മലയോര ജില്ലകൾ എന്നിവിടങ്ങളിൽ ഇനിയും പട്ടയം ലഭിക്കാനുള്ള 10 ലക്ഷം കുടുംബങ്ങളുണ്ട്. 60000-ത്തോളം ആളുകളെ ബാധിക്കുന്ന വലിയൊരു പ്രശ്നമാണിത്. ഈ പ്രശ്നത്തിന് സമയബന്ധിതമായി പരിഹാരം കാണാൻ സർക്കാർ സന്നദ്ധമാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോഴും കേരളത്തിൽ ധാരാളം ആളുകൾക്ക് കൈവശഭൂമിക്ക് പട്ടയം ലഭിക്കേണ്ടതുണ്ടെന്നുള്ളത് വസ്തുതയാണ്. ബഹുമാനപ്പെട്ട അംഗം പ്രധാനമായും ചൂണ്ടിക്കാണിച്ചത് 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ച് അനുഭവിച്ചുപോരുന്നവർക്ക് പട്ടയം അനുവദിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ്. അതിനുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആ മേഖലയിൽ മാത്രം പതിനായിര കണക്കിന് ആളുകൾക്ക് പട്ടയം നൽകാൻ സാധിച്ചിട്ടുണ്ട്. അക്കാര്യം അദ്ദേഹം സൂചിപ്പിക്കുകയും ചെയ്തു. അങ്ങനെ ഏറ്റവും കൂടുതൽ പട്ടയം നൽകിയിട്ടുള്ളത് ഇടുക്കി ജില്ലയിലാണ്. പത്തനംതിട്ട ജില്ലയിൽ 1-1-1977-ന് മുമ്പ് മുതൽ വനഭൂമി കൈവശംവച്ച് അനുഭവിച്ചുപോരുന്നവർക്ക്, ജോയിന്റ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട

നടപടിക്രമങ്ങൾ പൂർത്തീകരിച്ച മേഖലകളിൽ പട്ടയം വിതരണം ചെയ്തു കൊണ്ടിരിക്കുകയാണ്. തീർച്ചയായും പത്തനംതിട്ട ജില്ലയിലും വിതരണം ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്. 16311.77 ഹെക്ടർ ഭൂമി ഇപ്പോൾ പതിച്ചുനൽകുകയുണ്ടായി. അതിൽ 14687 ഹെക്ടർ ഇടുക്കിയിലാണ് പതിച്ചുനൽകിയത്. മൊത്തം നൽകേണ്ടത് 28588 ഹെക്ടറാണ്. അവശേഷിക്കുന്ന ഭൂമികൂടി പതിച്ചുനൽകാനുണ്ട്; അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. പത്തനംതിട്ട ജില്ലയിൽ 1-1-1977-ന് മുമ്പ് കൈവശമിരിക്കുന്ന വനഭൂമിയുടെ പട്ടയമുൾപ്പെടെ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം: സർ, പല സ്ഥലങ്ങളിലും ഉപാധികളോടുകൂടിയാണ് പട്ടയം കൊടുത്തിരിക്കുന്നത്. ഉപാധിരഹിത പട്ടയം നൽകുന്ന കാര്യത്തിൽ അങ്ങയുടെ നിലപാടെന്താണ്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നൽകിക്കൊണ്ടിരിക്കുന്ന പട്ടയം ഉപാധിരഹിത പട്ടയംതന്നെയാണ്. ഇടുക്കി ജില്ലയിൽ നൽകിയ പട്ടയവും ഉപാധിരഹിത പട്ടയമാണ്. അതിൽ നേരത്തേയുണ്ടായിരുന്ന വരുമാനപരിധി ഉൾപ്പെടെ എടുത്തുകളഞ്ഞിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഉപാധിരഹിതമായ പട്ടയമാണ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്.

## (2) സ്കൂൾ കുട്ടികളുടെ യാത്രാ സൗകര്യങ്ങൾ

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയം പല സന്ദർഭങ്ങളിലും നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്. പക്ഷെ നിർഭാഗ്യവശാൽ ഇക്കാര്യത്തിൽ കൃത്യമായ നടപടി സ്വീകരിക്കാൻ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന് കഴിയാതെ പോകുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. സ്കൂൾ കുട്ടികളെ വിവിധ വാഹനങ്ങളിൽ ഇപ്പോൾ സ്കൂളുകളിൽ എത്തിക്കുന്നുണ്ട്. ഓട്ടോറിക്ഷ, പ്രൈവറ്റ് വാൻ, ജീപ്പ് തുടങ്ങിയ വാഹനങ്ങളിലെല്ലാം കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നത് സാധാരണമാണ്. ഇതുസംബന്ധിച്ചുള്ള ആശങ്കകളുയരുമ്പോൾ എല്ലാ സർക്കാരുകളുടെയും കാലത്തെ മന്ത്രിമാർ നൽകിയിട്ടുള്ള മറുപടി, ഇത്തരത്തിലുള്ള വാഹനങ്ങൾ നിയന്ത്രിക്കുമെന്നുള്ളതാണ്; പക്ഷെ ഒരു നിയന്ത്രണവും ഇക്കാര്യത്തിലുണ്ടാകുന്നില്ല. കുട്ടികളെ അമിതമായി കുത്തിനിറച്ചുകൊണ്ടു പോകുന്നതും അലക്ഷ്യമായി വാഹനങ്ങൾ ഓടിക്കുന്നതും പലപ്പോഴും കാണാറുണ്ട്. പല വാഹനങ്ങൾക്കും ഫിറ്റ്നസ് ഉണ്ടോയെന്ന കാര്യംപോലും സംശയമാണ്. ഇത് പ്രൈവറ്റ് കോൺട്രാക്ട് വാഹനങ്ങളുടെ കാര്യമാണ്. മതിയായ ഫിറ്റ്നസ് ഇല്ലാത്ത വാഹനങ്ങൾ പല സ്കൂളുകൾക്കും കോളേജുകൾക്കുമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. പലപ്പോഴും അവയുടെ പരിശോധന പ്രഹസനമാകുകയാണ്. ഇതുമായി ബന്ധപ്പെട്ട് ധാരാളം ചട്ടങ്ങളും നടപടിക്രമങ്ങളുമുണ്ട്.

ചെറിയൊരുദാഹരണം പറഞ്ഞാൽ, സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളിൽ കുട്ടികളുടെ ബാഗ് വയ്ക്കാൻ ആവശ്യത്തിന് സ്ഥലം വേണമെന്ന നിബന്ധനയുണ്ട്. അതുപോലും ഉണ്ടാകുന്നില്ലെന്നതാണ് വസ്തുത. ഇതെല്ലാം പലപ്പോഴും അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്ന നിലയിലേയ്ക്ക് മാറാറുണ്ട്. വലിയ അപകടങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായും നമ്മൾ ചർച്ച ചെയ്യുകയും പത്രങ്ങളിലെല്ലാം വലിയ വാർത്തകൾ വരികയും ചെയ്യും. എന്നാൽ ചെറിയ അപകടങ്ങൾ നമ്മൾ ശ്രദ്ധിക്കാതെ പോകുകയാണ്. ഇക്കാര്യത്തിൽ ഇനിയെങ്കിലും ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. ഇല്ലെങ്കിൽ വലിയ രീതിയിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാനിടയാകും. അനധികൃത വാഹനങ്ങളിലാണ് പലപ്പോഴും കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നത്. ഇത് കുട്ടികളുടെ പഠനത്തെപ്പോലും പ്രതികൂലമായി ബാധിക്കുന്നു എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്താൻ സർക്കാർ തയ്യാറാകണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ തകരാറുമൂലം ധാരാളം അത്യാഹിതങ്ങൾ സംഭവിക്കുന്നുണ്ടെന്ന വേദനാജനകമായ ചിത്രം നമ്മുടെ നാട്ടിലുണ്ടെന്നത് സത്യമാണ്. ഇത് നിയന്ത്രിക്കാൻ കർശന നടപടികൾ സ്വീകരിക്കുകയെന്നതാണ് സർക്കാരിനു മുന്നിലുള്ള ഏക പോംവഴി. സ്കൂൾ ബസ്സുകളല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകുന്നുണ്ട്. അത്തരം വാഹനങ്ങൾ പരിശോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യണമെന്നതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയം. ഇക്കാര്യത്തിൽ പൊതുസമൂഹംതന്നെ ഒരു നിലപാട് സ്വീകരിക്കേണ്ടതുണ്ട്. തങ്ങളുടെ കുട്ടികളുടെ സുരക്ഷ മറ്റുള്ളവരിലാണെന്ന് ധരിക്കുന്നത് ശരിയല്ല. അനധികൃത വാഹനങ്ങളിൽ കുട്ടികളെ അയയ്ക്കുന്ന രക്ഷിതാക്കൾ തന്റെ മക്കളെ എങ്ങോട്ടാണ് അയയ്ക്കുന്നതെന്ന കാര്യത്തിൽ ജാഗ്രത പാലിക്കണം. ഇവ രണ്ടുംകൂടി ചേരുമ്പോഴാണ് നാം ആഗ്രഹിക്കുന്നതുപോലെയുള്ള നല്ല അന്തരീക്ഷമുണ്ടാക്കാൻ കഴിയുന്നത്.

ഇത്തരം കാര്യങ്ങൾ ലക്ഷ്യമാക്കി നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജോയിന്റ് (റീജിയണൽ) ആർ. റ്റി. ഓഫീസർമാർക്ക് തങ്ങളുടെ പരിധിയിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി ആ വിദ്യാലയങ്ങളിൽ ഒരദ്ധ്യാപകനെ നോഡൽ ഓഫീസറായി നിയമിക്കുകയും വാഹനത്തിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ പേര്, വിലാസം, രക്ഷകർത്താക്കളുടെ വിവരം, സമ്പർക്ക നമ്പർ എന്നിവ ലാമിനേറ്റ് ചെയ്ത് വാഹനങ്ങളിൽ സൂക്ഷിക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതുപോലെ നിർദ്ദിഷ്ട യോഗ്യതയില്ലാത്തവർ വാഹനം ഓടിക്കുന്നുവെന്ന പരാതി കർശനമായി പരിശോധിക്കണമെന്നും ഡോർ അറ്റൻഡർമാരെ നിയമിക്കണമെന്നും

പറഞ്ഞിട്ടുണ്ട്. ഇതൊന്നും പാലിക്കപ്പെടുന്നില്ല. അവർക്ക് ശമ്പളം നൽകണമെന്നുള്ളതുകൊണ്ട് സ്കൂൾ അധികൃതർ പലപ്പോഴും ആ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുകയാണ്. പരിശോധനയ്ക്ക് വരുമ്പോൾ അവർ തത്കാലം ബോധ്യപ്പെടുത്തുന്നതിനുവേണ്ടിമാത്രം ആളുകളെ നിയമിക്കുന്ന അവസ്ഥയാണുള്ളത്. പി.ടി.എ. ആണ് ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കേണ്ടത്. സർക്കാരിന് ഇടയ്ക്കിടെ പരിശോധന നടത്താനും കുറ്റവാളികളെ ശിക്ഷിക്കാനുമാണ് കഴിയുന്നത്. ഇപ്രാവശ്യം അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുൻപ് എല്ലാ വിദ്യാലയങ്ങളെയും കേന്ദ്രീകരിച്ച്, കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളെ സംബന്ധിച്ച റാന്റം ചെക്കപ്പ് നടത്തുന്നതിന് പ്രത്യേകമായ ശ്രദ്ധ ചെലുത്തുന്നതാണ്. കഴിഞ്ഞ കാലഘട്ടത്തിൽ നടത്തിയ പരിശോധനയിൽ 480 സ്കൂൾ വാഹനങ്ങൾ നിയമലംഘനം നടത്തുന്നുണ്ടെന്ന് കണ്ടെത്തുകയും പിഴ അടക്കമുള്ള വിവിധ ശിക്ഷാ നടപടികൾ സ്വീകരിച്ച് അവ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്; മറ്റൊരു നടപടിയെന്ന നിലയിൽ എല്ലാ സ്കൂൾ ബസ്സുകൾക്കും അടുത്ത വിദ്യാഭ്യാസ വർഷം മുതൽ ജി.പി.എസ്. നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരും രക്ഷിതാക്കളും ജാഗ്രതയോടുകൂടി പ്രവർത്തിക്കുമ്പോൾ മാത്രമേ സ്കൂൾ വാഹനങ്ങളിൽ നിന്നുള്ള അപകടങ്ങൾ കുറച്ച്, സ്വന്തം മക്കളുടെ ജീവൻ സംരക്ഷിക്കാൻ കഴിയൂ. ഇക്കാര്യത്തിൽ പൊതുസമൂഹത്തിന്റെ ജാഗ്രതയാണ് സർക്കാർ ആഗ്രഹിക്കുന്നത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കുട്ടികളെ വാഹനങ്ങളിൽ കുത്തിനിറച്ച് കൊണ്ടുപോകുന്നത് നമ്മൾ സ്ഥിരം കാണുന്നതാണ്. ഡ്യൂട്ടിയിലുള്ള പോലീസുകാരുടെ മുന്നിൽക്കൂടി ഇത്തരം വാഹനങ്ങൾ പോകുമ്പോൾ അവരത് കണ്ടില്ലെന്ന് നടിക്കുകയാണ് പതിവ്. ഇത്തരം കാര്യങ്ങൾ കാണുമ്പോൾത്തന്നെ നടപടിയെടുക്കാനുള്ള നിർദ്ദേശം പോലീസ് വകുപ്പിനും ഗതാഗത വകുപ്പിനും നൽകാൻ കഴിയുമോ; സ്കൂൾ ബസ്സുകൾക്ക് മഞ്ഞ നിറം കൊടുത്തിട്ടുള്ളതുപോലെ പ്രൈവറ്റ് കോൺട്രാക്ട് വാഹനങ്ങൾക്കും പ്രത്യേക നിറം നൽകാനുള്ള നടപടിയുണ്ടാകണം. സ്കൂളുകളിലേയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്ന പ്രൈവറ്റ് വാഹനങ്ങൾക്ക് പ്രത്യേക നിറം നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, സ്കൂൾ വാഹനങ്ങൾക്ക് ഇപ്പോൾ മഞ്ഞനിറം നിർബന്ധമാക്കിയിട്ടുണ്ട്. ട്രാഫിക് പോലീസും ആർ.റ്റി.ഒ. ഉദ്യോഗസ്ഥരും ഇത്തരം വാഹനങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടുമ്പോൾപ്പോലും അലസത കാണിക്കുന്നുവെന്ന ആക്ഷേപമാണ് അങ്ങ് ഉന്നയിച്ചത്. പോലീസ് വകുപ്പുമായും മോട്ടോർ വെഹിക്കിൾ വകുപ്പുമായും ഇതുസംബന്ധിച്ച ആശയവിനിമയം നടത്തുന്നതിനും നല്ല രീതിയിലുള്ള ഇടപെടൽ നടത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്.

# IV സബ്മിഷൻ

## (1) ആലപ്പുഴ മെഡിക്കൽ കോളേജ്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിലെ ഏറ്റവും ശോചനീയമായ മെഡിക്കൽ കോളേജാണ് ആലപ്പുഴ മെഡിക്കൽ കോളേജ്. അവിടെ ഒരു വിഭാഗത്തിലും മതിയായ ഡോക്ടർമാരില്ലാത്ത അവസ്ഥയാണുള്ളത്. അത്യാസന്നനിലയിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികളെ പരിശോധിക്കുന്നതിനും ഡോക്ടർമാരില്ല. തീവ്രപരിചരണ വിഭാഗത്തിലുണ്ടാകേണ്ട വിദഗ്ദ്ധ ഡോക്ടർമാരും അനസ്തേഷ്യ നൽകുന്ന ഡോക്ടർമാരുമില്ലാത്തതിനാൽ അത്യാസന്നനിലയിൽ പ്രവേശിപ്പിക്കുന്ന രോഗികളെ മറ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതോടൊപ്പംതന്നെ വിവിധ വിഭാഗങ്ങളിലായി 76 ഡോക്ടർമാർ, 150 അറ്റൻഡർ ഗ്രേഡ് -I, 100 അറ്റൻഡർ ഗ്രേഡ് -II, ക്ലീനിംഗ് സ്റ്റാഫ് -125 എന്നീ ഒഴിവുകളും നിലവിലുണ്ട്. അതുപോലെ ന്യൂറോ സർജറി, ന്യൂറോ മെഡിസിൻ എന്നീ വിഭാഗങ്ങളിലെ ഐ.സി.യു.-വിൽ ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കാത്തതും ഈ മെഡിക്കൽ കോളേജിനെ ആശ്രയിക്കുന്ന രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഒ.പി., ലാബ് വിഭാഗങ്ങൾ എന്നിവ ഒരേ നിലയിൽത്തന്നെ പ്രവർത്തിക്കുകയാണെങ്കിൽ രോഗികൾക്കും അവരുടെകൂടെ എത്തുന്നവർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കഴിയും. ആയതിനാൽ അത്യാഹിത വിഭാഗത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. അവിടെ പേവാർഡ് നിർമ്മിക്കുകയെന്നത് വളരെ നാളുകളായുള്ള ആവശ്യമാണ്. ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ അനുവദിച്ചെങ്കിലും ഇതുവരെ നിർമ്മാണം നടന്നിട്ടില്ല. സി.ടി. സ്കാൻ മെഷീൻ പലപ്പോഴും പ്രവർത്തനരഹിതമാണ്. പുതിയ സി.ടി. സ്കാൻ മെഷീൻ വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകിയെങ്കിലും സാങ്കേതിക കാരണങ്ങളാൽ വാങ്ങാൻ സാധിച്ചിട്ടില്ല. എച്ച്.എൽ.എൽ.-ന്റെ എം.ആർ.ഐ. സ്കാനിംഗ് മെഷീൻ മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. 16 ലിഫ്റ്റുകളുണ്ടെങ്കിലും ഓപ്പറേറ്റർമാരില്ലാത്തതിനാൽ അവ പ്രവർത്തിക്കുന്നില്ല. ഗൈനക് വാർഡിൽ 25 രോഗികൾ ഇപ്പോഴും നിലത്താണ് കിടക്കുന്നത്. അവിടെ കൂടുതൽ ബെഡ്ഡുകൾ വേണം. സെക്യൂരിറ്റി ജീവനക്കാരുടെ ദിവസ ശമ്പളം 368 രൂപയാണ്. മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇത്തരം ജീവനക്കാർക്ക് പ്രതിവർഷം 1500 രൂപ യൂണിഫോം അലവൻസ് നൽകാറുണ്ട്. നിരവധി ബാലാരിഷ്ടതകളാണ് ഈ മെഡിക്കൽ കോളേജിനുള്ളത്. ആശുപത്രി വികസന സമിതിയുടെ ജനറൽബോഡി യോഗം അവസാനമായി ചേർന്നത് 2016 ഫെബ്രുവരിയിലാണ്. അതിനുശേഷം ജനറൽബോഡി യോഗം

ചേരാത്തത് മെഡിക്കൽ കോളേജാശുപത്രിയുടെ വികസന പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലാണ് ആശുപത്രി സംവിധാനങ്ങളുടെ അപര്യാപ്തത ഏറ്റവും കൂടുതലായുള്ളത്. ഹരിപ്പാട്, മാവേലിക്കര തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള രോഗികളെ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കാണ് കൊണ്ടുപോകുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജിലെത്തുന്ന രോഗി ജീവനോടെ തിരിച്ചുവരില്ലെന്ന ആശങ്ക സാധാരണ ജനങ്ങളിൽ നിലനിൽക്കുകയാണ്. ഈ മെഡിക്കൽ കോളേജിന്റെ അവസ്ഥ ഏറ്റവും പരിതാപകരമാണ്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തണം. വികസന സമിതി ചേരുന്നില്ലെന്നത് ഗൗരവതരമായ കാര്യമാണ്. അവിടത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഒരു രോഗിയെ കാണുന്നതിന് മെഡിക്കൽ കോളേജിലെത്തിയാൽ പരാതിയുടെ പ്രളയം കാരണം നമുക്ക് സമയത്തിന് തിരിച്ചുവരാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. വിവിധ മെഡിക്കൽ കോളേജുകളിൽ ധാരാളം സൗകര്യങ്ങളേർപ്പെടുത്തുന്നതിനെ കുറിച്ച് ഇവിടെ പറഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജിലാണ് യാതൊരു സൗകര്യവുമില്ലാത്തത്. അവിടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. പ്രൈവറ്റ് മെഡിക്കൽ കോളേജോ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളോ ആലപ്പുഴയിലില്ല. ജനങ്ങളുടെ ഏക ആശ്രയം ഈ മെഡിക്കൽ കോളേജാണ്. അവിടെ അടിസ്ഥാന സൗകര്യങ്ങൾപ്പെടെ ഏർപ്പെടുത്തി വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

{11.00 എ.എം.}

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആലപ്പുഴ മെഡിക്കൽ കോളേജിന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ പരിമിതികളൊക്കെയുണ്ടായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മെഡിക്കൽ കോളേജിന് മുന്തിയ പരിഗണന കൊടുത്തിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളോടൊപ്പം തന്നെ ഇതിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള നടപടികൾ ആരംഭിക്കുകയും അടിസ്ഥാനസൗകര്യ വികസനത്തിനും കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ വർഷവും 150 എം.ബി.ബി.എസ്. സീറ്റുകളിൽ പ്രവേശനം നടത്തുന്ന ഈ കോളേജിന്റെ അംഗീകാരം നിലനിർത്തുന്നതിനായി ഫാക്കൽറ്റിയുടെ കുറവ് പരിഹരിച്ചിട്ടുള്ളതിനാൽ എം.സി.ഐ.-യുടെ സ്ഥിരം അംഗീകാരം ഇപ്പോൾ ലഭ്യമായിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സായ ഡി.എം. നെഫ്രോളജി ആരംഭിക്കുന്നതിന് അംഗീകാരം നേടിയെടുത്തിട്ടുണ്ടെന്നുള്ളത് ആലപ്പുഴ മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമാണ്. ക്യാൻസറിന് ആർ.സി.സി. മോഡൽ ചികിത്സ നൽകുന്നതിന്റെ

ഭാഗമായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പതോളജി എന്നീ വിഭാഗങ്ങൾ അനുവദിക്കുകയും ആദ്യഘട്ടമെന്ന നിലയിൽ ഡോക്ടർമാരുടേതടക്കം 21 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അവിടത്തെ ഫാർമസി കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും സുഗമമായ നടത്തിപ്പിനുമായി 4 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സ് പാറ്റേൺ പുതുക്കുന്നതിന്റെ ഭാഗമായി 51 സ്റ്റാഫ് നഴ്സിന്റെ പുതിയ തസ്തികകൾ സൃഷ്ടിച്ചുകഴിഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ആന്റ് ഇമ്മ്യൂണോളജി (ബ്ലഡ് ബാങ്ക്) വിഭാഗങ്ങളുടെ പ്രവർത്തനം ശക്തമാക്കുന്നതിനുവേണ്ടി ഒരു അസ്സോസിയേറ്റ് പ്രൊഫസറുൾപ്പെടെ 6 തസ്തികകൾ സൃഷ്ടിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ഡി.എം. കാർഡിയോളജി ഉൾപ്പെടെ 13 പുതിയ പി.ജി. സീറ്റും ഈ വർഷം ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗത്തിൽ 7 സീറ്റുകളും പുതുതായി ലഭിച്ചു. തസ്തിക സൃഷ്ടിച്ചതുകൊണ്ടാണ് പുതുതായി ഇത്രയും സീറ്റ് ലഭ്യമായത്. നിലവിലുണ്ടായിരുന്നതിനേക്കാൾ കൂടുതലായി ആലപ്പുഴ മെഡിക്കൽ കോളേജിൽ 20 പുതിയ പി.ജി. സീറ്റുകൾ നേടിയെടുക്കാൻ കഴിഞ്ഞു. 11 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച 45 ബെഡ്സ് മൾട്ടി ഡിസിപ്ലിനറി ഇന്റൻസീവ് കെയർ യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഫണ്ടാണ്; പക്ഷെ അതിന്റെ പ്രവർത്തനം മുടങ്ങിക്കിടക്കുകയായിരുന്നു. അതിപ്പോൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 12 കോടി രൂപ മുടക്കി എം.ആർ.ഐ. സ്കാനിംഗ് മെഷീൻ അനുവദിച്ചിട്ടുണ്ട്. അതും പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആൻജിയോപ്ലാസ്റ്റി കഴിഞ്ഞ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് കാത്ത് ലാബിനോട് ചേർന്ന് 8 കിടക്കകളുള്ള 1 കോടി രൂപ ചെലവ് വരുന്ന ഹൈ ഡെഫിഷ്യൻസി ഐ.സി.യു.-വും 3 കോടി രൂപ മുടക്കി പുതിയ സി.ടി. സ്കാനിംഗ് മെഷീനും ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്. റേഡിയേഷനു വേണ്ടി അവിടെ നിന്ന് മറ്റ് സ്ഥലങ്ങളിലേയ്ക്ക് രോഗികളെ അയയ്ക്കുന്നുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്. അതുകൊണ്ട് 3.5 കോടി രൂപയുടെ പുതിയ കൊബാൾട്ട് മെഷീൻ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. അതോടുകൂടി റേഡിയേഷനുമായി ബന്ധപ്പെട്ട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിയും. ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: മറുപടി ഇനിയുമുണ്ടെങ്കിൽ മേശപ്പുറത്ത് വച്ചാൽ മതിയാകും.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അവിടെ ചെയ്ത കാര്യങ്ങൾ മുഴുവൻ പറയണ്ടേ. അതിന് തടസ്സപ്പെടുത്തരുത്.

റേഡിയോതെറാപ്പി വിഭാഗത്തിൽ 4 കോടി രൂപയുടെ പ്ലാനിംഗ് സി.ടി. എന്നുപറയുന്ന സിമുലേറ്ററടക്കമുള്ള സി.ടി. മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഇനി അറ്റോമിക് എനർജി റെഗുലേറ്ററി ബോർഡിന്റെ അനുവാദം ലഭിച്ചാൽ അത് പ്രവർത്തനക്ഷമമാക്കാം; അനുവാദത്തിനുവേണ്ടി കത്തെഴുതിയിട്ടുണ്ട്. കാർഡിയോളജി വിഭാഗത്തിന്റെ വികസനം ലക്ഷ്യംവച്ചുകൊണ്ട് 44 ലക്ഷം രൂപയുടെ ഇലക്ട്രോ ഫിസിയോളജി യൂണിറ്റും 24 ലക്ഷം രൂപയുടെ ടി.എം.ടി. മെഷീനും 28 ലക്ഷം രൂപയുടെ രണ്ട് എക്കോ മെഷീനും സ്ഥാപിച്ചിട്ടുണ്ട്. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 50 ലക്ഷം രൂപയുടെ ഹൈഡെഫിനിഷൻ അൾട്രാസൗണ്ട് മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി. നവീകരണത്തിന് 3.5 കോടി രൂപ അനുവദിക്കുകയും അതിന്റെ പണി നടന്നുകൊണ്ടിരിക്കുകയുമാണ്. ഒ.പി. വളരെ പെട്ടെന്ന് തന്നെ പ്രവർത്തനക്ഷമമാക്കാൻ സാധിക്കും. പി.എം.എസ്.എസ്.വൈ. പദ്ധതിപ്രകാരം 183.15 കോടി രൂപ ചെലവ് വരുന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം നടക്കുകയാണ്. കേന്ദ്ര സർക്കാരിൽ ഞാൻ നേരിട്ടുതന്നെ ഇടപെട്ടാണ് അനുവാദം വാങ്ങിയത്. ഇത് കേന്ദ്ര-സംസ്ഥാന വിഹിതമാണ്. 120 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നത്. കൂടുതലായി 63 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കണമെന്നതാണ് നിബന്ധന. അതിനുള്ള തുക നീക്കിവച്ചിട്ടുണ്ട്. അതിൽ ചില നിർമ്മാണപ്രശ്നങ്ങളും തടസ്സങ്ങളുമൊക്കെയുണ്ടായിരുന്നു. ഇത് ബഹുമാനപ്പെട്ട ജി. സുധാകരന്റെ നിയോജകമണ്ഡലത്തിലായതിനാൽ അദ്ദേഹം ഇടപെട്ട് തർക്കങ്ങളും തടസ്സങ്ങളുമെല്ലാം നീക്കി അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതോടുകൂടി ബെഡ് സ്ട്രെംഗ്ത് കൂട്ടാൻ സാധിക്കും. ട്രോമാകെയറിന് 1.67 കോടി രൂപയുടെ ഫണ്ട് നേരത്തെയുണ്ടായിരുന്നു. ആ തുക ഉപയോഗിച്ച് കാഷ്വാലിറ്റി നവീകരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ട്രോമാകെയറിന് 16 കോടി രൂപ അനുവദിച്ചു. ടോട്ടൽ ട്രോമാകെയർ സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യമെടുത്ത അഞ്ച് സ്ഥാപനങ്ങളിലൊന്ന് ആലപ്പുഴയാണ്. തിരുവനന്തപുരത്ത് ലെവൽ 1 ട്രോമാകെയർ യൂണിറ്റിന്റെയും ആലപ്പുഴയിൽ ലെവൽ 2 ട്രോമാകെയർ യൂണിറ്റിന്റെയും പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. നിലവിലുള്ള ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. അസോസിയേറ്റ് പ്രൊഫസറുടെ 8 ഒഴിവുകളുണ്ട്. ഡി.പി.സി. ചേർന്ന് ആ ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. അസിസ്റ്റന്റ് പ്രൊഫസർമാരുടെ 71 ഒഴിവുകളിൽ, പി.എസ്.സി. വഴി നിയമിക്കാൻ കാലതാമസമുള്ളതുകൊണ്ട് താൽക്കാലിക നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. രണ്ടുമാസംകൊണ്ട് എല്ലാ ഒഴിവുകളിലും നിയമനം നടത്താൻ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

*അനുബന്ധമായി ചേർത്തിട്ടുണ്ട്

## (2) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

ശ്രീ. വി. ഡി. സതീശൻ: സർ, ഏഷ്യാനെറ്റ് ചാനൽ പുറത്തുകൊണ്ടുവന്ന വളരെ ഗൗരവതരമായ ഒരു തട്ടിപ്പാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ന്യൂനപക്ഷ മന്ത്രാലയത്തിന്റെ വെബ്സൈറ്റിലൂടെയാണ് ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിലെയും പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസുകളിലേയ്ക്കുള്ള ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകളുടെ അപേക്ഷകൾ സ്വീകരിച്ചുവരുന്നത്. എന്നാൽ സമീപകാലത്ത് വിദ്യാർത്ഥികളുടെ അപേക്ഷകൾ ഓൺലൈൻ വെരിഫിക്കേഷൻ ചെയ്തപ്പോൾ ചില വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രൊഫൈലിൽ പ്രസ്തുത സ്ഥാപനത്തിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികളുടെ അപേക്ഷകൾ കണ്ടെത്തുകയും ഓൺലൈൻ വെരിഫിക്കേഷൻ നടത്താതെതന്നെ ചില അപേക്ഷകൾ സ്ഥാപനമേധാവികളുടെ അറിവോ സമ്മതമോ കൂടാതെ മറ്റേതോ വ്യക്തികൾ കൃത്രിമം കാട്ടി വെരിഫിക്കേഷൻ നടത്തിയിരിക്കുന്നുവെന്നും തെളിഞ്ഞു. ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കാത്ത സ്ഥാപനങ്ങളിൽപ്പോലും ഈ തട്ടിപ്പ് നടന്നിരിക്കുകയാണ്. കേരളത്തിലെ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ഇതുസംബന്ധിച്ച പരാതികൾ വ്യാപകമായി വരുന്നുണ്ട്. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകൾ സൈറ്റിലൂടെ തട്ടിയെടുക്കുന്ന സംഭവം പുറത്തു വന്നിരിക്കുകയാണ്. ഇതുസംബന്ധിച്ച് സംസ്ഥാനത്തെ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ ഡിസംബർ മാസം 11-ാം തീയതി സിറ്റി പോലീസ് കമ്മീഷണർക്ക് ഒരു പരാതി കൊടുത്തുവെങ്കിലും ദൗർഭാഗ്യവശാൽ യാതൊരു നടപടിയും ഇക്കാര്യത്തിൽ പോലീസ് സ്വീകരിച്ചിട്ടില്ല. ജനുവരിയിൽ റെയ്ഞ്ച് ഐ.ജി.-ക്ക് കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ വീണ്ടും പരാതി കൊടുത്തിട്ടും നടപടി എടുത്തിട്ടില്ല. ഇത്രയും ഗൗരവമുള്ള ഒരു തട്ടിപ്പിനെക്കുറിച്ച് സംസ്ഥാനത്തെ ഒരു വകുപ്പിന്റെ മേധാവി പോലീസിന് പരാതി കൊടുത്തിട്ട് നാലുമാസക്കാലമായിട്ടും പോലീസ് അന്വേഷി ക്കുന്നില്ലെന്നത് വളരെ ദൗർഭാഗ്യകരമായ കാര്യമാണെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. മാർച്ച് 15-ാം തീയതി ഏഷ്യാനെറ്റിൽ വാർത്ത വന്നപ്പോഴാണ് ഡി.ജി.പി. അറിയുന്നത്. ഡി.ജി.പി. ഉദ്യോഗസ്ഥരെ വിളിക്കുകയും ഗൗരവതരമായി ഇടപെടുകയും ഒരു പത്തംഗ ടീമിനെ അന്വേഷിക്കാൻ ഏർപ്പെടുത്തുകയും ചെയ്തു. പക്ഷെ അഞ്ചുദിവസം കഴിഞ്ഞിട്ടും ഈ പ്രശ്നം അന്വേഷിക്കാൻവേണ്ടി ഒരുത്തരവുപോലും ആ ഓഫീസിൽ നിന്നും ഇറങ്ങിയിട്ടില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പരാതി പറഞ്ഞവരോട്, എനിക്ക് ഈ വിഷയത്തെക്കുറിച്ചറിയില്ല, എന്നോട് ആരും പരാതി പറഞ്ഞിട്ടില്ല, എനിക്കിത് അന്വേഷിക്കേണ്ട കാര്യമില്ല എന്ന രീതിയിൽ നിസ്സംഗതയോടുകൂടിയുള്ള മറുപടിയാണ് അദ്ദേഹം പറഞ്ഞത്. ഇങ്ങനെയാണോ ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയേണ്ടത്? കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ കൊടുത്ത

പരാതിയെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കറിയില്ലെന്നാണ് പറയുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ മൈനോറിറ്റി വകുപ്പിൽ കേരള സർക്കാരിന്റെ പ്രതിനിധിയുണ്ട്. കേരള സർക്കാരിന്റെ പ്രതിനിധി പരാതി കൊടുത്തിട്ടും വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതൊന്നുമറിഞ്ഞിട്ടില്ല. പരാതി വന്നതിനെത്തുടർന്ന് ഈ സൈറ്റുപോലും ബ്ലോക്കായി. സംസ്ഥാനത്തെ 132000 കുട്ടികളാണ് ന്യൂനപക്ഷ സ്കോളർഷിപ്പിനുവേണ്ടി കാത്തിരിക്കുന്നത്. അവർക്ക് സ്കോളർഷിപ്പ് കിട്ടുമോ ഇല്ലയോ എന്നുള്ള അനിശ്ചിതത്വം നിലനിൽക്കുകയാണ്. ഇതൊരു Inter-state ramification ഉണ്ടാകാൻ സാധ്യതയുള്ള തട്ടിപ്പുകൂടിയായതുകൊണ്ട് വളരെ ഗൗരവത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇടപെട്ട് അന്വേഷണം നടത്തണം. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ. മാനേജരായ ഇരിട്ടി കോളേജിൽ നിന്നും സ്കോളർഷിപ്പ് ഓഫീസർ പരാതി അയച്ച് മാസങ്ങളായിട്ടും ഒരന്വേഷണവും നടക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം മുഖാന്തരമുള്ള ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികളുടെ പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകൾ വരെയുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാണ് അപേക്ഷിക്കുന്നത്. വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനത്തിലെ മേധാവികൾക്ക് അപേക്ഷ പരിശോധിക്കുന്നതിനും സ്കോളർഷിപ്പ് പ്രൊഫൈലിൽ ലോഗിൻ ചെയ്യുന്നതിനുള്ള യൂസർ ഐ.ഡി.-യും പാസ്സ് വേഡും നൽകിയിട്ടുണ്ട്. ഇപ്രകാരം സ്ഥാപനമേധാവികൾ നടത്തിയ പരിശോധനയിൽ പത്തനാപുരം മൗണ്ട് ടാഗോർ ട്രെയിനിംഗ് കോളേജ്, ഇരിട്ടി എം.ജി. കോളേജ്, പുതുപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസ് എന്നീ സ്ഥാപനങ്ങളുടെ പ്രൊഫൈലിൽ പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കാത്ത വിദ്യാർത്ഥികളുടെ അപേക്ഷകളുണ്ടെന്നും ചില അപേക്ഷകൾ സ്ഥാപനമേധാവിയുടെ അറിവോ സമ്മതമോ കൂടാതെ മറ്റേതോ വ്യക്തികൾ കൃത്രിമം കാണിച്ച് വെരിഫിക്കേഷൻ നടത്തിയിരിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. അവർ നൽകിയ പരാതിയെത്തുടർന്ന് സ്റ്റേറ്റ് ലെവൽ വെരിഫിക്കേഷൻ നടത്തുകയും കൂടുതൽ സ്ഥാപനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 11-12-2017-ന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് കൊളീജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടർ നൽകിയ പരാതിയിൽ സംസ്ഥാന പോലീസ് സൈബർ ക്രൈംസ് വിഭാഗം അന്വേഷണം നടത്തിവരികയാണ്. അപേക്ഷയോടൊപ്പം സമർപ്പിച്ച മൊബൈൽ നമ്പരുകൾ പശ്ചിമബംഗാൾ സ്വദേശികളുടെതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരാരും മേൽപ്പറഞ്ഞ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരല്ലെന്നും അറിവായിട്ടുണ്ട്. കൂടുതൽ അന്വേഷണം നടത്തി നിജസ്ഥിതി കണ്ടെത്താൻ ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രൈംബ്രാഞ്ച് ഐ.ജി.-യുടെ

നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ത്വരിതഗതിയിൽ അന്വേഷണം നടത്തിവരികയാണ്. കൃത്രിമം കണ്ടെത്തിയ സ്കോളർഷിപ്പുകൾ വിതരണം ചെയ്യരുതെന്ന് ന്യൂനപക്ഷ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ തന്നെ ഇക്കാര്യം കണ്ടെത്താൻ കഴിഞ്ഞതിനാൽ അനർഹർക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല.

## (3) കുടിവെള്ളക്ഷാമം

ശ്രീ. പി. ടി. എ. റഹീം: സർ, കുന്ദമംഗലത്ത് ശുദ്ധജലക്ഷാമം രൂക്ഷമായിരിക്കുകയാണ്. ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി മുന്നോട്ടു പോകുന്നില്ല. ഇപ്പോൾ ചെറിയൊരു എംഎസ്. പൈപ്പിന്റെ പ്രശ്നം പറഞ്ഞ് കരാറുകാർ പണി ഏറ്റെടുക്കാൻ വിസമ്മതിച്ച സാഹചര്യമുണ്ട്. അതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭാ സമ്മേളന കാലഘട്ടത്തിൽ തന്നെ ഒരു യോഗം വിളിച്ചുകൂട്ടണമെന്നുള്ളതാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കോഴിക്കോട് കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഒളവണ്ണ പഞ്ചായത്തിൽ പ്രധാന ജലവിതരണക്കുഴലായ 600 എം.എം. വ്യാസമുള്ള ഡി.ഐ. പൈപ്പ് കൈമ്പാലം പാലത്തിനുമുകളിൽക്കൂടി സ്ഥാപിക്കുന്നതിനാണ് വിഭാവന ചെയ്തിരുന്നത്. എന്നാൽ പി.ഡബ്ല്യു.ഡി.-യുടെ അനുമതി ലഭിക്കാത്തതിനാൽ തോടിന് കുറുകെ എം.എസ്. പൈപ്പ് സ്ഥാപിച്ച് വേരിയേഷൻ ഐറ്റമായി പാലം നിർമ്മിക്കുന്നതിന് നിലവിലെ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു; പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. താൽക്കാലികമായി നിലവിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ള പ്രദേശങ്ങളിലേയ്ക്ക്, ഏകദേശം 6 കിലോമീറ്റർ പഴയ പാലത്തിന് മുകളിലൂടെ 110 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിച്ച് കുടിവെള്ളം നൽകാനുള്ള പ്രവൃത്തി നടന്നുവരുന്നുണ്ട്. ഈ പ്രവൃത്തിയും ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്. കുന്ദമംഗലം പഞ്ചായത്തിലെ വിവിധ പി.ഡബ്ല്യു.ഡി. റോഡുകൾ കുഴിക്കുന്നതിന് പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നെങ്കിലും ഇതേ റോഡുകൾക്കുവേണ്ടി നേരത്തെ ഒടുക്കിയിരുന്ന തുക കുറവ് ചെയ്തിരുന്നില്ല. ഈ വിഷയം 24-2-2018-ലെ ജില്ലാ വികസന സമിതി ചർച്ച ചെയ്യുകയും നേരത്തെ ഒടുക്കിയ തുക കുറച്ച് നൽകാമെന്ന് പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ഈ വിഷയത്തിൽ പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ മാത്ര-പാലാഴി റോഡ് ഉടനെ ടാർ ചെയ്യേണ്ടതുകൊണ്ട് ഈ റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കാൻ അനുമതി ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തികൾക്ക് പുതുക്കിയ പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പണമടച്ച് അനുമതി വാങ്ങി പ്രവൃത്തി ആരംഭിക്കുന്നതാണ്.

## (4) എലിവേറ്റഡ് ഹൈവേ

ശ്രീ. ജെയിംസ് മാത്യു: സർ, കീഴാറ്റൂർ പ്രദേശത്തുകൂടി പുതിയ അലൈൻമെന്റ് തളിപ്പറമ്പ് ബൈപ്പാസിന് നിർദ്ദേശിക്കപ്പെട്ടിരിക്കുകയാണ്. പ്രസ്തുത അലൈൻമെന്റ് കടന്നുപോകാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ വയലുകളും തണ്ണീർത്തടങ്ങളും വരുന്ന ഭാഗത്ത് എലിവേറ്റഡ് ഹൈവേ നടപ്പാക്കാൻ തയ്യാറായാൽ മണ്ണിട്ട് നികത്തുകയും തണ്ണീർത്തടങ്ങൾ നഷ്ടപ്പെടുകയും ചെയ്യുന്നത് പരമാവധി കുറയ്ക്കാൻ സാധിക്കുമെന്നാണ് വിദഗ്ദ്ധ അഭിപ്രായം. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെയും ഉപരിതല ഗതാഗതവകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തി നടപ്പാക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയപാത അതോറിറ്റിയിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ മറുപടി നൽകുന്നത്. ദേശീയപാത അതോറിറ്റിയാണ് ഈ ബൈപ്പാസ് നിർമ്മിക്കുന്നത്. എൻ.എച്ച്.-17 നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി തളിപ്പറമ്പ് ബൈപ്പാസ് കുപ്പം പാലത്തിന് സമീപത്തുനിന്ന് ആരംഭിച്ച് കുറ്റിക്കോൽ പാലത്തിന് സമീപം അവസാനിക്കുകയാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ നിയോഗിച്ച കൺസൽട്ടൻസി തയ്യാറാക്കി, അതോറിറ്റി അംഗീകരിച്ച പുതിയ അലൈൻമെന്റിന് 5.66 കിലോമീറ്റർ ദൈർഘ്യമുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ ഘടന മൂന്ന് സ്ഥലങ്ങളിലൊഴികെ മിക്കവാറും embankment ആയാണ് നിർമ്മിക്കുന്നത്. റോഡ് embankment-ന്റെ ഉയരം 10 മീറ്ററിൽ കൂടുതൽ വരുന്ന സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് മറുഭാഗത്ത് പോകുന്നതിനും കന്നുകാലികളെയും മറ്റും മറുവശത്ത് കൊണ്ടുപോകുന്നതിനും കഴിയുന്ന രീതിയിൽ മൂന്ന് സ്ഥലങ്ങളിൽ വയാഡക്റ്റ് (കരയിൽ നിർമ്മിക്കുന്ന പാലം, രണ്ട് വയലുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം)- ന്റെ നിർമ്മാണവും നെൽവയൽ പ്രദേശങ്ങളിലും മറ്റും വെള്ളക്കെട്ടായി നിൽക്കുന്ന സ്ഥലങ്ങളിൽ ഓരോ കിലോമീറ്ററിനുള്ളിലും 3 കലുങ്കുകൾ വീതവും നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുറ്റിക്കോൽ വില്ലേജ് 90 മീറ്റർ, കുറ്റിക്കോൽ വില്ലേജിൽ മറ്റൊരു ഭാഗത്ത് 150 മീറ്റർ, കിഴാറ്റൂർ വില്ലേജിൽ 540 മീറ്റർ എന്നിങ്ങനെയുള്ള 3 വയാഡക്റ്റുകൾ ആകെ 780 മീറ്ററിലാണ് നിർമ്മിക്കുന്നത്. കൂടാതെ ബൈപ്പാസിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടിവരുന്ന റോഡിൽ സ്ഥിതി ചെയ്യുന്ന തോടുകൾ, ഓടകൾ എന്നിവ ഒഴുക്കിന് തടസ്സം വരാത്ത രീതിയിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച രീതിയിലുള്ള എലിവേറ്റഡ് റോഡ് നിർമ്മാണത്തിന്റെ കാര്യം എൻ.എച്ച്.എ.ഐ.-യുടെ ശ്രദ്ധയിൽപ്പെടുത്താമെന്ന് മാത്രമാണ് പറയാനുള്ളത്.

## (5) പട്ടാമ്പി പാലം പുനരുദ്ധാരണം

ശ്രീ. മുഹമ്മദ് മുഹസിൻ. പി.: സർ, പട്ടാമ്പി മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പാലമാണ് പട്ടാമ്പി പാലം. കോസ്റ്റ് വേ ആയി ആരംഭിച്ച് അരനൂറ്റാണ്ടിലധികം പഴക്കമുള്ള ഈ പാലത്തിന്റെ പല ഭാഗങ്ങളും തകർച്ചയിലാണ്. പാലത്തിന്റെ അടിയിൽ കോൺക്രീറ്റിന്റെ ഭാഗത്ത് ചിലയിടത്ത് കമ്പികൾ പുറത്തുകാണുന്നുണ്ട്. അതുപോലെ ടൗൺ വികസനത്തിന് ആനുപാതികമായി പാലത്തിന് വീതിയില്ലാത്തതുകൊണ്ട് വലിയ ഗതാഗതക്കുരുക്ക് അവിടെയുണ്ടാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ 30 കോടി രൂപ കിഫ്ബി വഴി ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് മുതൽ ഷൊർണ്ണൂർ വരെയുള്ള പാതയിൽ ഉൾപ്പെടുത്തിയിട്ടാണ് നിലവിൽ ഈ പാലത്തിന്റെ വർക്ക് നടക്കുന്നത്. എന്നാൽ പട്ടാമ്പി മുതൽ ഷൊർണ്ണൂർ വരെയുള്ള ഭാഗത്ത് സ്ഥലം ഏറ്റെടുക്കൽ അടക്കമുള്ള കാര്യങ്ങളുള്ളതുകൊണ്ട് ഈ പാലം ആ പ്രോജക്ടിൽ ഉൾപ്പെടുത്തിയാൽ സമയം കൂടുതലെടുക്കാനുള്ള സാധ്യതയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആയതിനാൽ പാലത്തിന് പ്രയോറിറ്റി കൊടുത്തുകൊണ്ട് പാലം ആദ്യം പണിയുകയും റോഡ് വേറെ പ്രോജക്ടാക്കി മാറ്റിവയ്ക്കുകയും ചെയ്തുകൊണ്ട് അടിയന്തരമായി ഈ പാലത്തിന്റെ പണി പൂർത്തിയാക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതോടൊപ്പം പട്ടാമ്പി മുതൽ ഷൊർണ്ണൂർ വരെയുള്ള സ്ഥലമേറ്റെടുപ്പും അടിയന്തരമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് പട്ടാമ്പി മണ്ഡലത്തിലാണ്. എഞ്ചിനീയർമാർ നടത്തിയ പരിശോധനയിൽ പുനർനിർമ്മാണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ പാലത്തിന് അറ്റകുറ്റപ്പണികൾ വേണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച കൈവരികൾ, മണ്ണൊലിപ്പ് തടയാനുള്ള നടപടികൾ, ഡെക്ക് സ്ലാബ് ഇതെല്ലാം മാറ്റി സ്ഥാപിക്കേണ്ടതും റോഡ് സേഫ്റ്റിയുടെ പ്രവൃത്തികൾ നടത്തേണ്ടതുമുണ്ട്. അതിന് 95,20,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2017 നവംബർ 29-ന് ഭരണാനുമതി കിട്ടിയിട്ടുണ്ട്. അറ്റകുറ്റ പണികൾക്കുള്ള 283-ഓളം എസ്റ്റിമേറ്റുകൾക്കൊപ്പമാണ് ഭരണാനുമതി ലഭ്യമാക്കിയിരുന്നത്. അതിനാൽ ആ എസ്റ്റിമേറ്റ് ഒരുമിച്ച് ഇ-ഓഫീസ് ഫയലായി ധനകാര്യവകുപ്പിന്റെ പരിശോധനയ്ക്ക് അയയ്ക്കാൻ പ്രയാസമുള്ളതുകൊണ്ട് 10-20 എസ്റ്റിമേറ്റുകളുടെ കൂട്ടമായി അബ്സ്ട്രാക്ടുകൾ സഹിതം ക്ലസ്റ്റർ അടിസ്ഥാനത്തിൽ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടാമ്പി പാലം കോസ്റ്റ് വേ ആയതിനാലും പാലത്തിൽക്കൂടി വെള്ളം കവിഞ്ഞൊഴുകുന്നതിനാലും പാലത്തിന് വീതി കുറവായതിനാലും കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി കുറ്റിപ്പുറം, തൃത്താല, പട്ടാമ്പി, ഷൊർണ്ണൂർ റോഡിന്റെ

നവീകരണവും നിലവിലുള്ള പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കാനുമായി സർക്കാർ ഉത്തരവുപ്രകാരം 30 കോടി രൂപ തത്വത്തിൽ ഭരണാനുമതിക്കായി നൽകിയിട്ടുണ്ട്. പട്ടാമ്പി മുതൽ ഷൊർണ്ണൂർ വരെയുള്ള ഭാഗം കൃഷിഭൂമിയിൽക്കൂടിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വീതികുറഞ്ഞ റോഡിൽക്കൂടിയുമാണ് കടന്നു പോകുന്നത്. അതിനാൽ ഈ ഭാഗത്ത് പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പിന് കാലതാമസം നേരിടുകയും തടസ്സങ്ങളുണ്ടാകുകയും ചെയ്യുമെന്നുള്ളതുകൊണ്ട് കുറ്റിപ്പുറം തങ്ങൾപ്പടി മുതൽ നിർദ്ദിഷ്ട പട്ടാമ്പി പാലമടക്കമുള്ള 22 കിലോമീറ്റർ റോഡുകൂടി നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം നിലവിൽ ലഭ്യമായതിനാൽ ഒന്നാംഘട്ടമായി കിഫ്ബിയിൽ പ്രസ്തുത ഭാഗം ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഒന്നാംഘട്ട പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പുരോഗമിച്ചുവരികയാണ്; റിപ്പോർട്ട് ലഭ്യമായാലുടൻ സമാന്തരപാലങ്ങളുടെയും പട്ടാമ്പി പാലം മുതൽ ഷൊർണ്ണൂർ വരെയുള്ള രണ്ടാംഘട്ടത്തിനും കൂടി ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടുത്തി സാമ്പത്തികാനുമതിക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത പദ്ധതി ഏത് എസ്.പി.വി.-യെ ഏൽപ്പിക്കണമെന്നുള്ളത് കിഫ്ബി അംഗീകരിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്. ഓവർ ബ്രിഡ്ജ് അല്ലാത്തതിനാൽ റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിക്കുന്നതായിരിക്കും ഉചിതമെന്നാണ് കരുതുന്നത്.

## (6) ഭൂമി പതിച്ചു കൊടുക്കുന്നത് സംബന്ധിച്ച്

<u>ശ്രീ. വി. ജോയി:</u> സർ, വർക്കല താലൂക്കിൽ അയിരൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 3-ൽ റീ-സർവ്വേ 227-ൽപ്പെട്ട 27 സെന്റ് സർക്കാർ പുറമ്പോക്ക് ഭൂമി ഒരു സ്വകാര്യവ്യക്തി കമ്പിവേലി കെട്ടി കയ്യേറിയിരുന്നു. ഇലകമൺ ഗ്രാമപഞ്ചായത്ത് കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ റവന്യൂ അധികാരികൾ 5-4-2017-ന് റൂൾ 4 പ്രകാരം 'ബി' ഫോമിൽ കയ്യേറ്റക്കാരന് നോട്ടീസ് നൽകി. എന്നാൽ റീ-സർവ്വേ 227-ൽപ്പെട്ട 27 സെന്റ് ഭൂമി തന്റേതാണെന്ന് തെളിയിക്കുന്ന ഒരു രേഖയും കയ്യേറ്റക്കാരൻ ഹാജരാക്കാതിരുന്ന സാഹചര്യത്തിൽ 84 ദിവസത്തിനുശേഷം വർക്കല തഹസീൽദാർ സർക്കാർ പുറമ്പോക്ക് ഭൂമി ഏറ്റെടുത്തു. ഇതിനെത്തുടർന്ന് കയ്യേറ്റക്കാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി ഇവരെ ഹിയർ ചെയ്യണമെന്ന് പറയുകയും ചെയ്തു. ഇതിൻമേൽ തിരുവനന്തപുരം സബ്കളക്ടർ ശ്രീമതി ദിവ്യ എസ്. അയ്യർ പുറപ്പെടുവിച്ച ഉത്തരവാണ് ഈ സബ്മിഷന് ആധാരം. ഈ കേസിലെ പരാതിക്കാരന്റെ പിതാവിന് നേരത്തെ 39 സെന്റ് സർക്കാർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. ഇതിൽ 227 സർവ്വേ നമ്പർ ഉൾപ്പെട്ടിട്ടില്ല. സബ്കളക്ടറുടെ ഉത്തരവനുസരിച്ച് 225, 226 എന്നീ സർവ്വേ നമ്പറിൽപ്പെട്ട 3.60 ആർ ഭൂമി താലൂക്ക് സർവ്വേയറുടെ സഹായത്തോടെ അളന്നുതിരിച്ച് നൽകേണ്ടതാണെന്ന്

ഉത്തരവിൽ പറയുന്നു. അതുവരെയുള്ള കാര്യങ്ങൾ ശരിയാണ്. അതിനുശേഷം ഭൂമി ഏറ്റെടുത്ത നടപടി ഏകപക്ഷീയമായി സബ്കളക്ടർ റദ്ദ് ചെയ്ത സാഹചര്യമുണ്ടായി. ഇവിടെയാണ് പ്രശ്നം ആരംഭിക്കുന്നത്. സർക്കാർ ഏറ്റെടുത്ത ഭൂമി എന്തിന് റദ്ദ് ചെയ്തുവെന്നുള്ളത് പരിശോധനയ്ക്ക് വിധേയമാക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇത് റദ്ദ് ചെയ്യണമെന്ന് വാദിപോലും ആവശ്യപ്പെട്ടില്ല. കോടതി സ്പെസിഫൈ ചെയ്ത് റദ്ദ് ചെയ്യാൻ പറഞ്ഞിട്ടുമില്ല. ഒരു കോടിയിലധികം രൂപ വില വരുന്ന ഭൂമിയാണ്. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് നഗ്നമായ അധികാര ലംഘനം നടന്നിട്ടുണ്ട്. ഇതിൽ എന്തെങ്കിലും രാഷ്ട്രീയ ഇടപെടലോ സാമ്പത്തിക ഇടപെടലോ ഉണ്ടായിട്ടുണ്ടോയെന്ന് സംശയിക്കുകയാണ്. തിരുവനന്തപുരം സബ്കളക്ടർ വന്നതിനു ശേഷം ഇത്തരം ഭൂമിയുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ ന്യൂ മീഡിയയിൽ വന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇക്കാര്യം അടിയന്തരമായി പരിശോധിച്ച് സർക്കാർ ഭൂമി സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, വർക്കല താലൂക്കിൽ, അയിരൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 3-ൽ റീസർവ്വേ 227-ൽപ്പെട്ട ഏതാണ്ട് 27 സെന്റ് ഭൂമി ശ്രീമതി ലിജി, D/o ജയദേവൻ, പുന്നവിള അനധികൃതമായി കൈവശപ്പെടുത്തിയത് കേരള ഭൂസംരക്ഷണ നിയമപ്രകാരം വർക്കല തഹസീൽദാർ കയ്യേറ്റം ഒഴിപ്പിച്ച് ഏറ്റെടുക്കുകയും സർക്കാർ ബോർഡ് സ്ഥാപിക്കുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് ശ്രീമതി ലിജി അപ്പീൽ എന്ന രീതിയിൽ സബ്കളക്ടർ മുമ്പാകെ ഒരു പെറ്റീഷനും ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനും ഫയൽ ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചതനുസരിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ ഈ കേസ് കേട്ട് തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച തിന്റെയടിസ്ഥാനത്തിൽ സബ്കളക്ടർ ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം അപ്പീൽ അപേക്ഷ തീർപ്പാക്കിയിട്ടുള്ളതായിട്ടാണ് കാണുന്നത്. സബ്കളക്ടറുടെ ഉത്തരവിൻപ്രകാരം തഹസീൽദാർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കുകയും അപ്പീൽ വാദിക്ക് റീസർവ്വേ 225/2-1-ൽ 2.20 ആർ വസ്തുവും 226/2-ൽ 01.41 ആർ വസ്തുവും ലഭിച്ചതായി കാണുന്നുവെന്നും ആകയാൽ ടിയാൾക്ക് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ ഭൂമി അളന്നുതിരിച്ച് നൽകുന്നതിനും ഉത്തരവായിരുന്നു. റവന്യൂ അധികാരികൾ സർക്കാർ ഭൂമിയാണെന്ന് കണ്ടെത്തിയതിനുശേഷം ഒരു കോടിയോളം രൂപ വില വരുന്ന 27 സെന്റ് സ്ഥലം ഏറ്റെടുത്തുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് അപ്പീൽ വാദികളെ മാത്രം കേട്ടതിനുശേഷം റദ്ദ് ചെയ്തത് സംബന്ധിച്ച് പത്ര വാർത്തകൾ വരികയും എം.എൽ.എ. ശ്രീ. വി. ജോയി വിഷയത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത

ഉത്തരവിന് ആധാരമായ ഫയൽ വിളിച്ചുവരുത്തി പരിശോധിച്ച് സർക്കാർ ഭൂമി, സർക്കാർ ഭൂമിയായിത്തന്നെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചുവരികയാണ്.

## (7) കുമ്മൻതോട് പാലം പുനരുദ്ധാരണം

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, എന്റെ നിയോജകമണ്ഡലത്തിലെ മൂന്നിയൂർ, പെരുവള്ളൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ടൊരു പാലമാണ് കുമ്മൻതോട് പാലം. ആ പാലത്തിന്റെ വീതി കൂട്ടി പുനർനിർമ്മിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഈ പാലം വളരെയധികം കാലപ്പഴക്ക മുള്ളതാണ്. കഷ്ടിച്ച് ഒരു വാഹനത്തിന് കടന്നുപോകാവുന്ന വീതി മാത്രമേയുള്ളൂ. ഇടതടവില്ലാതെ വാഹനങ്ങൾ കടന്നു പോകുന്നൊരു റോഡാണിത്. പാലത്തിന് വീതി കുറവാണ്. എന്നാൽ റോഡ് വീതിയുള്ളതും റബ്ബറൈസ് ചെയ്ത് മനോഹരമായിട്ടുള്ളതുമാണ്. കോഴിക്കോട്-പാലക്കാട് റോഡിനെ ബന്ധിപ്പിക്കുന്നതും കോഴിക്കോട് വിമാനത്താ വളത്തിലേയ്ക്ക് പോകുന്ന റോഡുമാണിത്. അവിടെ ഗതാഗതക്കുരുക്ക് കൂടാതെ നിരന്തരമായി അപകടങ്ങളുമുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വീതി ക്കുറവുമൂലമുണ്ടാകുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി ഇരുവശ ത്തുമുള്ള റോഡുകൾക്കനുസരിച്ച് ടി പാലത്തിന്റെ വീതി കൂട്ടി പുനർനിർമ്മാണം നടത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിൽ മൂന്നിയൂർ, പെരുവള്ളൂർ എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചേളാരി ഒളകര റോഡിലെ കുമ്മൻതോട് പാലത്തിന്റെ പുനരുദ്ധാരണം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷൻ ഉന്നയിച്ചത്. 50 വർഷത്തിലധികം കാലപ്പഴക്കമുള്ളതാണ് കുമ്മൻതോട് പാലം. 23 മീറ്റർ നീളവും 3 മീറ്റർ വീതിയുമാണുള്ളത്. വീതി തീരെക്കുറവാണെന്ന് ഇതിൽനിന്നും വ്യക്തമാണ്. എന്നാൽ റോഡ് വീതികൂട്ടി നിർമ്മിച്ചതിനുശേഷം കുപ്പിക്കഴുത്തുപോലുള്ള ഈ പാലത്തിൽക്കൂടി കടന്നുപോകുന്നത് അത്യന്തം അപകടകരമാണ്. പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നടപടി സ്വീകരിച്ചുവരികയാണ്. പാലം പുനർനിർമ്മിക്കാൻ ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് പ്രശ്നങ്ങളൊന്നുമില്ലാതെ പാലം മനോഹരമായി നിർമ്മിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (8) ശമ്പള പരിഷ്കരണം

ശ്രീ. കെ. മുരളീധരൻ: സർ, 2014-ൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയപ്പോൾ ആയുർവ്വേദ മെഡിക്കൽ ഓഫീസർ, ഹോമിയോ മെഡിക്കൽ ഓഫീസർ, വെറ്ററിനറി സർജൻ എന്നീ വിഭാഗങ്ങൾക്ക് 15-ാം വർഷ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിൽ അപാകതയുണ്ടായിരുന്നു. പ്രസ്തുത അപാകത കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് 3-8-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 357/2017/ധനകാര്യം പ്രകാരം 1-2-2016 മുതൽ പരിഹരിച്ചിരുന്നു. എന്നാൽ 4-8-2017-ൽ (ഒരു ദിവസത്തിനുശേഷം) സർക്കാർ ഉത്തരവ് നമ്പർ 363/2017/ധനകാര്യം പ്രകാരം അപാകത പരിഹരിച്ചുനൽകിയ സർക്കാർ ഉത്തരവ് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന കാരണത്താൽ റദ്ദാക്കി. എന്നാൽ അനുവദിച്ചുനൽകിയ തുകയിൽ 1-2-2016 മുതൽ 31-7-2017 വരെയുള്ള കുടിശ്ശിക നോഷണലായിരിക്കുമെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ആയുർവ്വേദ/ഹോമിയോ മെഡിക്കൽ ഓഫീസർമാർക്കും വെറ്ററിനറി സർജൻമാർക്കും അനുവദിച്ചുനൽകിയ ശമ്പള പരിഷ്കരണ ആനുകൂല്യം റദ്ദാക്കിയത് പുനഃസ്ഥാപിച്ച് നൽകണമെന്ന് അപേക്ഷിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകൾ പ്രകാരമാണ് അഞ്ച് വർഷം കൂടുമ്പോൾ സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നത്. ഓരോ വിഭാഗത്തിനും അവരവരുടെ ജോലിയുടെ സ്വഭാവം, പ്രാധാന്യം, യോഗ്യത മുതലായവ കണക്കാക്കിയാണ് ശമ്പളം പരിഷ്കരിച്ചുനൽകുന്നത്. എന്നാൽ ഇങ്ങനെ പരിഷ്കരിക്കുമ്പോൾ ശമ്പളം കുറയുകയോ സമാന തസ്തികകളിൽ കണക്കാക്കിയതിനേക്കാൾ ശമ്പളം കുറവായിരിക്കുന്നതിനെയോ ആണ് അപാകതയായി കണക്കാക്കുന്നത്. ആയതിനാൽ കരിയർ അഡ്വാൻസ് സ്കീമിനെ പുതിയൊരാനുകൂല്യമായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. അല്ലാതെ ശമ്പള പരിഷ്കരണം വഴി നിർബന്ധമായും നൽകേണ്ട ഒരു ആനുകൂല്യമല്ല. എന്നാൽ കെ.എ.ടി. പരിഗണിച്ച ഒരു കേസിൽ ബന്ധപ്പെട്ട കക്ഷികളെ നേരിട്ട് വിളിച്ച് തീർപ്പാക്കാനാവശ്യപ്പെട്ട ഉത്തരവിൽ ശമ്പള സ്കെയിൽ വർദ്ധിപ്പിച്ചുനൽകാനോ ആയുർവ്വേദ/ഹോമിയോ വെറ്ററിനറി ഡോക്ടർക്ക് കരിയർ അഡ്വാൻസ് സ്കീം നടപ്പിലാക്കാനോ വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. ഇത് പരിഹരിക്കാതെയാണ് 3-8-2017-ലെ ഉത്തരവ് പുറപ്പെടുവിച്ചതായി കണ്ടത്. കൂടാതെ ശമ്പള പരിഷ്കരണ ഉത്തരവിനുശേഷം ടി ഉത്തരവിൽ ഉൾക്കൊള്ളാത്തതും ശമ്പള നിർണ്ണയം, പെൻഷൻ, കമ്മ്യൂട്ടേഷൻ എന്നിവയിൽ ഗണ്യമായ വർദ്ധനവുണ്ടാക്കി വളരെയധികം സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഒരു ആനുകൂല്യം അനുവദിച്ച് നൽകുന്നത് ഇതര വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമാനമായ ആവശ്യം ഉയർന്നുവരുന്നതിന് ഇടയാക്കുകയും

സാമ്പത്തിക ബാദ്ധ്യത അധികരിക്കുകയും ചെയ്യുമെന്ന് കണ്ടാണ് 3-8-2017-ലെ ഉത്തരവ് പിൻവലിച്ചത്. ഇത്തരം ആവശ്യങ്ങൾ അടുത്ത ശമ്പള പരിഷ്കരണ കമ്മീഷൻ പരിഗണിക്കുന്നതായിരിക്കും ഉചിതമെന്നാണ് സർക്കാർ കരുതുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

## (9) ടൂറിസം വികസനം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘം നം.ആർ.332, വനവിഭവങ്ങൾ ശേഖരിച്ചും കാപ്പി, ഏലം, മഞ്ഞൾ മുതലായവ കൃഷിചെയ്തും വിഭവങ്ങൾ സംഘം വഴി വിപണനം നടത്തിയുമാണ് പ്രവർത്തിച്ചുവന്നിരുന്നത്. യഥാസമയം പണം നൽകി ആദിവാസികളിൽ നിന്ന് വനവിഭവങ്ങൾ ശേഖരിക്കുന്നതിനോ സൊസൈറ്റി വക സ്ഥലത്ത് കൃഷി ചെയ്യുന്ന കാപ്പി യഥാസമയം സംരക്ഷിച്ച് വിളവെടുക്കുന്നതിനോ സാധിക്കാത്തത് സംഘത്തിന്റെ തകർച്ചയ്ക്ക് കാരണമായി. ഭരണസമിതിയില്ലാതെ പ്രവർത്തനരഹിതമായ അവസ്ഥയാണ് സംഘത്തിന്റെ നിലവിലെ സ്ഥിതി. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനോ ആദിവാസി വിഭാഗത്തിൽപ്പെട്ട സെക്രട്ടറിക്ക് നാമമാത്രമായ ഓണറേറിയമോ നൽകാൻ കഴിയാതെ കുടിശ്ശികയായിരിക്കുകയാണ്. സ്വകാര്യ ഏജൻസികൾ കുറഞ്ഞ വിലയ്ക്കാണെങ്കിലും റൊക്കം പണം നൽകി വനവിഭവങ്ങൾ ശേഖരിക്കുന്നതിനാൽ ആദിവാസികൾ തങ്ങൾ ശേഖരിക്കുന്ന വിഭവങ്ങൾ അവർക്ക് നൽകുകയാണ്. സംഘത്തിന് സ്വന്തമായി 203 ഏക്കറോളം ഭൂമി വനമേഖലയിലുണ്ട്. മൂന്നാറിന് തുല്യമായ കാലാവസ്ഥയുള്ള, ടൂറിസ്റ്റുകൾക്ക് ഏറെ പ്രിയപ്പെട്ട കേന്ദ്രങ്ങളിലൊന്നായ മലക്കപ്പാറയിൽ അവർക്കായി യാതൊരു സൗകര്യങ്ങളും നിലവിലില്ല. ഈ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി ഫാം ടൂറിസം, ടൂറിസം കോട്ടേജുകൾ, വനവിഭവങ്ങൾ, ആദിവാസി കരകൗശല വസ്തുക്കൾ, വാദ്യോപകരണങ്ങൾ എന്നിവയുടെ വിപണന കേന്ദ്രങ്ങൾ ഉൾപ്പെടുന്ന വിപുലമായ പ്രോജക്ട് വനം, പട്ടികവർഗ്ഗ വികസനം, കൃഷി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളെക്കൂടി സംയോജിപ്പിച്ച് നടപ്പാക്കിയാൽ അത് തദ്ദേശീയരായ ആദിവാസി ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളുമൊരുക്കുന്നതിന് വഴി തെളിക്കും. ഇതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കണം. കൂടാതെ സംഘത്തിന്റെ ഭരണസമിതിയുടെ ഘടന പുനഃക്രമീകരിച്ച് കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘത്തിന്റെ മലക്കപ്പാറയിലെ സ്ഥലം പ്രയോജനപ്പെടുത്തി കൃഷി, ടൂറിസം മേഖലയിലടക്കമുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ടൂറിസത്തിന്റെ ഗുണഫലങ്ങൾ തദ്ദേശീയർക്ക് ലഭ്യമാക്കുന്നതിനും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള ഉത്തരവാദിത്വ ടൂറിസം പദ്ധതി ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷിച്ച് നാട്ടുകാർക്ക് ടൂറിസം മേഖലയിൽ തൊഴിലവസരം വർദ്ധിപ്പിക്കുക എന്നത് പദ്ധതിയുടെ ഒരു പ്രധാനപ്പെട്ട ലക്ഷ്യമാണ്. തദ്ദേശീയമായി ഉത്പാദിപ്പിക്കുന്ന ഗ്രാമീണ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളും പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നുണ്ട്. കോട്ടയം ജില്ലയിലെ കുമരകത്ത് വളരെ വിജയകരമായ നിലയിൽ ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ഉത്തരവാദിത്വ ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. വിവിധ വകുപ്പുകളുടെ സഹായത്തോടെയാണ് ഉത്തരവാദിത്വ ടൂറിസം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി ഉത്തരവാദിത്വ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘവുമായി സഹകരിച്ച് മലക്കപ്പാറയിൽ വനവിഭവങ്ങളുടെയും കരകൗശലവസ്തുക്കളുടെയും വാദ്യോപകരണങ്ങളുടെയും വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യത ടൂറിസം വകുപ്പ് പരിശോധിക്കുന്നതാണ്. ഫാം ടൂറിസം, ഹോംസ്റ്റേ, ടെന്റഡ് അക്കോമഡേഷൻ എന്നിവ പ്രോത്സാഹിപ്പിക്കാൻ ഉത്തരവാദിത്വ ടൂറിസം മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം മലക്കപ്പാറയിലെ ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി പരിഗണിക്കുന്നതാണ്. പട്ടികവർഗ്ഗ സംഘത്തിന്റെ കൈവശമുള്ള സ്ഥലം പ്രയോജനപ്പെടുത്തി ആ നാടിനനുയോജ്യമായ ഒരു ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യതയെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ ഘടന പുനഃക്രമീകരിച്ച് സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## (10) മരങ്ങൾ മുറിക്കാനുള്ള അനുമതി

ശ്രീ. പി. സി. ജോർജ് : സർ, കേരളത്തിലെ മലയോര മേഖലയിൽ അധിവസിക്കുന്ന കർഷകന്റെ മനസ് ഇന്ന് പ്രക്ഷുബ്ധമാണ്. അതിന് കാരണം വനം വകുപ്പാണ്. വനം സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇരുപത്തിയൊന്ന് ശതമാനം വനമുണ്ട്. കൃഷിക്കാർ നട്ടുവളർത്തുന്ന മരങ്ങൾപോലും അവർക്ക് വെട്ടാൻ സാധിക്കില്ലെങ്കിൽ എങ്ങനെ മുന്നോട്ട് പോകാൻ സാധിക്കും? വെള്ളത്തൂവൽ പഞ്ചായത്തിന്റെ സമരപ്രഖ്യാപന കൺവെൻഷൻ മീറ്റിംഗിന്റെ നോട്ടീസും രാജാക്കാട്, ബൈസൺവാലി പഞ്ചായത്തുകളുടെ മീറ്റിംഗ് നോട്ടീസും എന്റെ കൈവശമുണ്ട്. ഇതിന്റെ പേരിൽ വലിയ സമരമുണ്ടാകാൻ പോകുകയാണ്.

ഇടുക്കി ജില്ലയിലെ മൂന്ന് പഞ്ചായത്തുകളുടെ കാര്യമാണ് ഞാൻ പറഞ്ഞത്. ഇതിൽ പ്രധാനപ്പെട്ട കാര്യം, എല്ലാ കൃഷിക്കാർക്കും നൽകുന്ന പട്ടയം ഉപാധിരഹിതമാണെന്ന് ഇന്ന് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി പറഞ്ഞു; അത് സത്യമാണോ എന്നറിയണം. റൂൾ 64 അനുസരിച്ചാണ് ഇടുക്കി ജില്ലയിൽ പട്ടയം നൽകുന്നത്. അതിൽ മരം വെട്ടാൻ പാടില്ലെന്ന ഉപാധിയുണ്ട്. കല്യാണപ്രായമായി നിൽക്കുന്ന മകളെ നോക്കിയതിനുശേഷം അവർ നട്ടുവളർത്തിയ ആഞ്ഞിലിയുടെയും പ്ലാവിന്റെയും നേരെയാണ് കർഷകനായ അപ്പൻ നോക്കുന്നത്. മകൾ വളരുന്നതനുസരിച്ച് അവർ നട്ട മരവും വളരുന്നല്ലോയെന്നാണ് നോക്കുന്നത്. കാരണം, ആ മരം വെട്ടി വിറ്റ് കിട്ടുന്ന കാശുകൊണ്ട് മകളെ കെട്ടിച്ചയയ്ക്കാമെന്ന് വിചാരിച്ചാൽ വനം വകുപ്പ് അതിനും സമ്മതിക്കുകയില്ല. പിന്നെ എങ്ങനെ മുന്നോട്ട് പോകും? വനം വകുപ്പുമന്ത്രി, ശ്രീ. കെ. രാജു നല്ല മനുഷ്യനാണ്. പക്ഷേ വനം വകുപ്പുദ്യോഗസ്ഥർക്ക് മന്ത്രിയെ ഒരു പേടിയുമില്ല. അവർ അവരുടെ തീരുമാനം നടപ്പാക്കുകയാണ്. വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഇത്തരം തീരുമാനങ്ങൾ അനുവദിച്ചുകൊടുക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ ശക്തമായി ഇടപെടണം. പ്ലാവ് ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടാനുള്ള അവകാശം, കൃഷിക്കാരൻ നട്ടുവളർത്തുന്ന മരങ്ങൾ എന്താണെങ്കിലും അവ പൂർണ്ണമായി വെട്ടിയെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്ക് കൊടുക്കണം. വെള്ളത്തുവൽ, രാജാക്കാട്, ബൈസൺവാലി എന്നീ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള ഇടുക്കി മേഖലയിലെ കർഷകരുൾപ്പെടെ മുഴുവൻ കൃഷിക്കാരുടെയും ഇത്തരം പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള സത്വര നടപടി ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, കേരളത്തിലെ കാർഷികമേഖല ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്, വനനിയമങ്ങൾ ഇത്തരം പ്രതിസന്ധി വർദ്ധിപ്പിക്കുന്നു, കർഷകർ നട്ടുവളർത്തുന്ന മരങ്ങൾ വെട്ടിയെടുക്കാനുള്ള അവകാശങ്ങൾപോലും അവനില്ല, ഇങ്ങനെയാണ് അദ്ദേഹത്തിന്റെ സബ്മിഷന്റെ ഉടക്കം. കേരളത്തിൽ മാത്രമല്ല, രാജ്യത്താകെ കാർഷികമേഖല പ്രതിസന്ധിയിലാണെന്നുള്ളത് വാസ്തവമാണ്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി കർഷകന് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും ലഘൂകരിക്കുന്നതിനുള്ള നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചുവരുന്നത്. 2005-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമവും 2011-ലെ അനുസംബന്ധമായ ചട്ടങ്ങളും ചന്ദനമരം മുറിക്കലുമായി ബന്ധപ്പെട്ട 2010-ലെ കേരള വനഭേദഗതി നിയമവും അനുസരിച്ച് പുറപ്പെടുവിച്ച 2012-ലെ ചട്ടങ്ങളും പട്ടയഭൂമിയിലെയും ഗിരിജൻ സെറ്റിൽമെന്റിലെയും പ്ലാവ്, ആഞ്ഞിലി തുടങ്ങിയ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 2015, 2017 വർഷങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും ഇതിന് ഉദാഹരണമാണ്.

നിലവിലുണ്ടായിരുന്ന നിയമങ്ങൾ വനംവകുപ്പ് ലഘൂകരിച്ചുകൊണ്ടിരിക്കുകയാണ്. പൊതുവെ, പട്ടയഭൂമികളിൽ കർഷകൻ നട്ടുവളർത്തിയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും നിരോധനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 1986-ലെ വൃക്ഷ പരിപാലന നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള CHR, പള്ളിവാസൽ അൺ-റിസർവ്, ചിന്നക്കനാൽ അൺ-റിസർവ് എന്നീ മേഖലകളിൽപ്പെടുന്ന ഏലപ്പട്ടയത്തിലും ഏലപ്പാട്ട ഭൂമികളിലും ഉൾപ്പെടുന്ന മരങ്ങൾ മുറിക്കുന്നതിന് ചില നിയന്ത്രണങ്ങളുണ്ട്. ഏലപ്പട്ടയം, ഏലപ്പാട്ട ഭൂമികളിൽ ടി നിയമത്തിലെ സെക്ഷൻ 5-ഉം കാർഡമം റൂൾസ് പ്രകാരമുള്ള നിബന്ധനകൾക്കും വിധേയമായ മരംമുറിയാണ് അനുവദിച്ചിട്ടുള്ളത്. ഉടമസ്ഥാവകാശമുള്ള ഭൂമിയിലെ ചന്ദനമരം 2010-ലെ കേരള വനഭേദഗതി നിയമമനുസരിച്ച് പുറപ്പെടുവിച്ച 2012-ലെ ചട്ടങ്ങൾ പ്രകാരം ഉണങ്ങിയതോ, കാറ്റത്ത് വീണതോ, ജീവനും സ്വത്തിനും ഭീഷണിയായതോ, സ്ഥലം ഉടമസ്ഥന് സ്വന്തം ആവശ്യത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയോ ആണെങ്കിൽ ആതറൈസ്ഡ് ഓഫീസറുടെ അനുമതിയോടുകൂടി വനം വകുപ്പ് ശേഖരിച്ച് അംഗീകൃത ചന്ദന ഡിപ്പോയിൽ എത്തിച്ച് വിറ്റതിനുശേഷം ശേഖരണത്തിനും വിൽപ്പനയ്ക്കും ചെലവാകുന്ന തുക കഴിച്ച് ബാക്കി ലേലത്തുക ഉടമസ്ഥന് ലഭ്യമാക്കുന്നതാണ്. ഗിരിജൻ സെറ്റിൽമെന്റിൽ താമസിക്കുന്ന ഗിരിജനങ്ങൾക്ക് സ്വന്തം ഭവനനിർമ്മാണത്തിന് മരം മുറിക്കാം. കൂടാതെ ചികിത്സ, മകളുടെ വിവാഹം തുടങ്ങിയ മറ്റാവശ്യങ്ങൾക്കായി കൈവശരേഖയുള്ള ഭൂമിയിൽ നിന്ന് പ്ലാവ്, ആഞ്ഞിലി തുടങ്ങിയ മരങ്ങൾ 27-5-2017-ലെ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി മുറിച്ച് ഉപയോഗിക്കാവുന്നതാണ്. സംസ്ഥാനത്തെ വനഭൂമിയിലെ 1-1-1977-ന് മുമ്പുള്ള കയ്യേറ്റങ്ങൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കിയിലെ സി.എച്ച്.ആർ. മേഖലയിൽ 20363.159 ഹെക്ടർ സ്ഥലത്തിന് പട്ടയം നൽകുന്നതിനുള്ള കേന്ദ്രാനുമതി വളരെ മുമ്പേ ലഭിച്ചിട്ടുള്ളതാണ്. സി.എച്ച്.ആർ. മേഖലയിലെ പട്ടയ വിതരണത്തിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്ന് തടസ്സങ്ങൾ ഉണ്ടാകില്ല.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 236(6) പ്രകാരമുള്ളത്

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XIII - ജയിലുകൾ | 2014-15 | ആഭ്യന്തര (ജയിൽ) വകുപ്പ് |
| XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2014-15<br>2016-17 | ആഭ്യന്തര വകുപ്പ് |
| XXXVII - വ്യവസായങ്ങൾ | 2015-16 | ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യാ വകുപ്പ് (സൈബർ പാർക്ക്, കോഴിക്കോട്) |
| | 2016-17 | ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യാ വകുപ്പ് (ഇൻഫോ പാർക്ക്, കൊച്ചി) |
| | 2016-17 | ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യാ വകുപ്പ് (IIITM-K building ടെക്നോപാർക്ക്, തിരുവനന്തപുരം) |

2. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX - കൃഷി | 2013-14 | കേരള ആഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് |

3. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV – തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2013-14 | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് |
| | | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | | കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | | തൊഴിൽ വകുപ്പ് |
| XXIV – തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2014-15 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | | തൊഴിൽ വകുപ്പ് |
| | 2015-16 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് |
| | 2016-17 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് |

4. വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII - വ്യവസായങ്ങൾ | 2010-11 | കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്<br>മലബാർ സിമന്റ്സ് ലിമിറ്റഡ്<br>കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| XXXVII - വ്യവസായങ്ങൾ | 2011-12 | കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്<br>മലബാർ സിമന്റ്സ് ലിമിറ്റഡ് |
| XXXVII - വ്യവസായങ്ങൾ | 2012-13 | കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്<br>മലബാർ സിമന്റ്സ് ലിമിറ്റഡ് |
| XXXVII - വ്യവസായങ്ങൾ | 2013-14 | കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് |

| | | |
|---|---|---|
| | | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| XXXVII - വ്യവസായങ്ങൾ | 2014-15 | കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് |
| | | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| XXXVII - വ്യവസായങ്ങൾ | 2015-16 | കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് |
| | | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| | | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| XXXVII – വ്യവസായങ്ങൾ | 2016-17 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| | | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| | | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |
| | | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡ്സ്ട്രീസ് ലിമിറ്റഡ് |
| | | ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| | | കേരള സിറാമിക് ലിമിറ്റഡ് |

മലബാർ സിമന്റ്സ് ലിമിറ്റഡ്

കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്

5. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVI - പെൻഷനും പലവകയും | 2015-16 | ആഭ്യന്തര (എഫ്) വകുപ്പ് |

## VI റിപ്പോർട്ട് സമർപ്പണം

### ഹർജികൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. രാജു എബ്രഹാം: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമിട്ട് അവർക്ക് പ്രത്യേക സംവരണം സർക്കാർ നിയമനത്തിൽ ഏർപ്പെടുത്താൻ ഭരണഘടന അനുശാസിക്കുന്നുണ്ട്.

അതനുസരിച്ച് നിയമനങ്ങൾക്ക് 2 ശതമാനം സംവരണം കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് വിഭാവന ചെയ്യുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക റിക്രൂട്ട്മെന്റുകൾ നടത്താനും കെ.എസ്. & എസ്.എസ്.ആർ.-ൽ വ്യവസ്ഥയുണ്ട്. എല്ലാ വർഷവും പട്ടികജാതി- പട്ടികവർഗ്ഗ പ്രാതിനിധ്യം സർക്കാർ വിലയിരുത്തി കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ നടത്താറുമുണ്ട്.

ഇതൊക്കെ ചെയ്തിട്ടും സ്വാതന്ത്ര്യം ലഭിച്ച് ഏഴ് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും മതിയായ പ്രാതിനിധ്യം ഈ വിഭാഗങ്ങൾക്ക് ലഭിച്ചിട്ടില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,34,06,061 ആണ്. പട്ടികവർഗ്ഗ ജനസംഖ്യ 4,84,839 ആണ്. സർക്കാർ ജീവനക്കാരുടെ എണ്ണം 4,98,603 ആണ്. 2 ശതമാനം എന്ന നിരക്കിൽ അർഹമായ പട്ടികവർഗ്ഗ പ്രാതിനിധ്യം 9,972 ആണ്. എന്നാൽ നിലവിൽ സർക്കാർ സർവ്വീസിലുള്ള പട്ടികവർഗ്ഗ പ്രാതിനിധ്യത്തിൽ വൻതോതിലുള്ള കുറവുണ്ടെന്നാണ് കാണുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കേണ്ടത് സർക്കാരിന്റെയും പരിഷ്കൃത സമൂഹത്തിന്റെയും ഉത്തരവാദിത്വമാണ്. അതിലൂടെ മാത്രമേ സമൂഹ്യനീതി ഉറപ്പുവരുത്താൻ കഴിയൂ.

മുൻകാലങ്ങളിൽ വനംവകുപ്പിൽ ട്രൈബൽ വാച്ചർമാരായി പട്ടിക വിഭാഗത്തിൽ പ്പെട്ടവർക്കായി പി.എസ്.സി. മുഖാന്തരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. പോലീസ് വകുപ്പിൽ 75 പേർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് പി.എസ്.സി.-യിൽ അന്തിമഘട്ടത്തിലാണ്. എക്സൈസ് വകുപ്പിൽ വയനാട്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവയിലെ പ്രത്യേക ദുർബല വിഭാഗത്തിൽപ്പെടുന്ന പണിയ, അടിയാൻ, കാട്ടുനായ്ക്കൻ എന്നീ വിഭാഗങ്ങൾക്കായി സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്താനുള്ള നടപടി പി.എസ്.സി.-യിൽ അന്തിമ ഘട്ടത്തിലാണ്.

വനത്തിലും വനാതിർത്തിയിലുമുള്ള ചില പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി സർക്കാർ സർവ്വീസിൽ ക്ലാസ്-3, ക്ലാസ്-4 തസ്തികകളിൽ നിയമനം നടത്തി സർക്കാർ സർവ്വീസിലെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിലുള്ള പ്രാതിനിധ്യക്കുറവ് എത്രയാണെന്നും പ്രത്യേക ദുർബല വിഭാഗങ്ങളെയും (Particularly Vulnerable Tribal Groups), നിയമനത്തിന് മുൻഗണന ലഭിക്കാൻ അർഹതയുള്ള മറ്റ്

വിഭാഗങ്ങളെയും നിർണ്ണയിക്കുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനെ ചുമതലപ്പെടുത്തുന്നു. പട്ടികവർഗ്ഗത്തിലെ മറ്റു വിഭാഗങ്ങളെയും സ്പെഷ്യൽ റിക്രൂട്ട്മെന്റിന് പരിഗണിക്കുന്നതാണ്.

ഇതിനായി വിശദമായ മാർഗ്ഗരേഖ പി.എസ്.സി.-യുടെ ഉപദേശം തേടിക്കൊണ്ട് തയ്യാറാക്കുന്നതാണ്. 2018 മേയ് മാസത്തിനു മുമ്പായി ഇതിനായുള്ള മാർഗ്ഗരേഖ തയ്യാറാക്കി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പി.എസ്.സി.-യോട് അഭ്യർത്ഥിക്കും.

അട്ടപ്പാടി പോലുള്ള പട്ടികവർഗ്ഗ മേഖലയിൽ പി.എസ്.സി. വഴി നിയമനം നടക്കുന്നതുവരെ നിലവിൽ ഒഴിവുള്ള തസ്തികകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ച് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകാൻ 2-3-2018-ൽ അട്ടപ്പാടിയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്ന വിവരവും സഭയെ അറിയിക്കുന്നു.

## VIII വിശദീകരണം

## ഇഫ്റ്റാസ് സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്ക് ഇന്നലെ സഭയിൽ കൊടുത്ത ഉറപ്പ് അനുസരിച്ച് സഭയെ അറിയിക്കാനുള്ള കാര്യം അറിയിക്കാം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഇന്നലെ സഹകരണ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് മറുപടി പറയുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കമുള്ള ചില അംഗങ്ങൾ IFTAS (Indian Financial Technology and Allied Services) -ഉം ആയി ഒരു കരാറുണ്ടാക്കിയെന്നും ഇഫ്റ്റാസ് ഒരു സ്വകാര്യ കമ്പനിയാണെന്നു മൊക്കെയുള്ള കനത്ത വിമർശനങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. എനിക്ക് കൃത്യമായൊരു മറുപടി പറയാൻ അപ്പോൾ സാധിച്ചില്ല; ഞാനതിന് തയ്യാറായിരുന്നുമില്ല. ഇത്തരമൊരു ആക്ഷേപം ബഹുമാന്യനായ പ്രതിപക്ഷ നേതാവിനെപ്പോലുള്ള ഒരാളിൽനിന്നും ഉണ്ടാകുമെന്നുള്ള പ്രതീക്ഷ എനിക്കുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അതിനെ സംബന്ധിച്ച് പഠിച്ച് പ്രതിപക്ഷനിരയിലെ നേതാക്കൾ തയ്യാറാക്കി കൊണ്ടുവന്നതുപോലെ ഫയലുമായിട്ടല്ല ഞാൻ വന്നത്. പെട്ടെന്ന് ഇത്തരത്തിലൊരു ആക്ഷേപം വന്നപ്പോൾ അതിനെ സംബന്ധിച്ച് കൃത്യമായൊരു മറുപടി പറയാൻ എനിക്ക് സാധിക്കാതെ പോയി എന്നുള്ളത് വാസ്തവമാണ്. അതുകൊണ്ടാണ് അതിനെ സംബന്ധിക്കുന്ന വിവരം ശേഖരിച്ച് സഭയുടെ മുമ്പാകെ അവതരിപ്പിക്കാമെന്ന് ഞാൻ പറഞ്ഞത്.

സംസ്ഥാനത്തെ കാർഷിക വായ്പാ സംഘങ്ങളിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഒരു ഏകീകൃതമായ സോഫ്റ്റ്‌വെയറിലൂടെ ഏർപ്പെടുത്തുകയെന്നുള്ളത് പുതിയൊരു തീരുമാനമല്ല. എന്റെ മുൻഗാമികളുടെ ഭരണകാലത്തുതന്നെ ആരംഭിച്ചിട്ടുള്ളതാണ്. ബഹുമാന്യനായ മുൻ സഹകരണ വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണന്റെ ഭരണകാലത്ത് തുടങ്ങിവച്ചതാണ് കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു പൊതുവായ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ. പിന്നീട് ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അത് തുടരുകയാണുണ്ടായത്. 30-11-2016-ന് ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസാണ് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഒരു പൊതു സോഫ്റ്റ്‌വെയറിലേയ്ക്ക് മാറുന്നത് ഗുണകരമാകുമെന്ന് എന്റെ നേതൃത്വത്തിൽ തീരുമാനിച്ചത്. ഇതേത്തുടർന്ന് സംസ്ഥാന ഇ-ഗവേർണൻസ് മിഷൻ (SeMT) വിവിധ മാർഗ്ഗങ്ങൾ അവതരിപ്പിച്ചു. അപ്രകാരം, ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിന് ഒരു റോഡ് മാപ്പ് തയ്യാറാക്കുന്ന വേളയിലാണ് ഇഫ്താസ് കമ്പനി പ്രതിനിധികൾ സർക്കാരിനെ സമീപിക്കുകയും തങ്ങൾ ഈ ദൗത്യം നിർവ്വഹിക്കുന്നതിന് സന്നദ്ധമാണെന്നും ഇതുസംബന്ധിച്ച ഒരു അവതരണത്തിന് അവസരം നൽകണമെന്നും അഭ്യർത്ഥിച്ചത്. സർക്കാർ IFTAS എന്ന കമ്പനിയെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ശേഖരിച്ചു. ഈ കമ്പനി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെവലപ്‌മെന്റ് ആൻഡ് റിസർച്ച് ഇൻ ബാങ്കിംഗ് ടെക്നോളജി (IDRBT) എന്ന സ്ഥാപനത്തിനുകീഴിൽ ഫെബ്രുവരി 2015-ന് രജിസ്റ്റർ ചെയ്യുതും RBI-യുടെ പങ്കാളിത്തത്തോടെ കമ്പനി നിയമം 8 അനുസരിച്ച് നോൺ-പ്രോഫിറ്റ് കമ്പനിയായി പ്രവർത്തിക്കുന്നതാണെന്നും ബോദ്ധ്യപ്പെട്ടു. The Institute for Development and Research in Banking Technology is a unique institution exclusively focused on banking technology established by RBI in 1996. The institution works at the intersection of banking technology. The IDRBT has promoted a section 8 company named IFTAS (Indian Financial Technology and Allied Services). The mandate of IFTAS is to provide IT related services to the RBI banks and other financial institutions എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇഫ്താസിനെ സംബന്ധിച്ച് പരിശോധിച്ചതിലൂടെ, ഈ സ്ഥാപനത്തിന്റെ മറ്റ് ഉടമസ്ഥർ നബാർഡ്, സി-ഡാക് (C-DAC), IDRBT, ക്ലൗഡ് കമ്പ്യൂട്ടിംഗ് ആൻഡ് ഇന്നവേഷൻ കൗൺസിൽ ഓഫ് ഇന്ത്യ എന്നിവയാണെന്ന് ബോദ്ധ്യപ്പെട്ടു. ഇവയെല്ലാം കേന്ദ്ര സർക്കാർ സ്ഥാപനങ്ങളാണ്. IDRBT-യുടെ ഗവേണിംഗ് കൗൺസിൽ എന്ന് പറയുന്നത്, ഡോ. ഊർജിത് ആർ. പട്ടേൽ,

ഗവർണർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (അദ്ദേഹം വിസിറ്ററാണ്), ചെയർമാൻ ശ്രീ. ബി. പി. കനുംഗോ (ഡെപ്യൂട്ടി ഗവർണർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ) അംഗങ്ങൾ, ശ്രീ. സുദർശൻ സെൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ; ശ്രീ. എസ്. ഗണേഷ് കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ; പ്രൊഫ. ജി. ശിവകുമാർ, പ്രൊഫസർ, ഐ.ഐ.ടി. ബോംബെ; പ്രൊഫ. രാഹുൽ ഡെ, പ്രൊഫസർ, ഐ.ഐ.എം. ബാംഗ്ലൂർ; പ്രൊഫ. രജത് മൂന, ഡയറക്ടർ ജനറൽ, സി-ഡാക്; പ്രൊഫ. മാധവൻ മുകുന്ദ്, പ്രൊഫസർ, ചെന്നൈ മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്; ഡോ. എ. എസ്. രാമശാസ്ത്രി, മെമ്പർ സെക്രട്ടറി, ഡയറക്ടർ, IDRBT. IDRBT-യുടെ ഈ ഗവേണിംഗ് കൗൺസിലാണ് ഇഫ്ടാസിന് രൂപം കൊടുത്തത്. IFTAS-ന്റെ ചെയർമാൻ ഡോ. എ. എസ്. രാമശാസ്ത്രിയാണ്. അദ്ദേഹം IDRBT-യുടെ മെമ്പർ സെക്രട്ടറിയും ഡയറക്ടറുമാണ്. അദ്ദേഹമാണ് ഇഫ്ടാസിനെ ചെയർ ചെയ്യുന്നത്. ശ്രീ. ദീപക് കുമാർ, സി.ജി.എം., റിസർവ് ബാങ്ക് ഓഫ് ഇന്ത്യ; ശ്രീ. നിളൈ കപൂർ, ജി. എം., നബാർഡ്; ശ്രീമതി പമീലാ കുമാർ, പ്രസിഡന്റ്, CCICI (Cloud Computing and Innovation Council of India), Mr. L. R. Prakash, Director, Centre for the Development of Advanced Computing (C-DAC); Mr. M. S. Raghavan, Ex-CMD, IDBI; Director and CEO Mr. Nandakumar Palani എന്നിവർ ഡയറക്ടർമാരായിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ, RBI-യുടെ പിന്തുണയുള്ള സ്ഥാപനമാണെന്നാണ് എനിക്ക് ബോദ്ധ്യപ്പെട്ടത്. ഞാൻ പറഞ്ഞതെല്ലാം സർക്കാർ സ്ഥാപനങ്ങളാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, അങ്ങ് പറഞ്ഞതിൽ ഒരു ക്ലാരിഫിക്കേഷനുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ പറഞ്ഞതിന് ശേഷമാകാം. എന്നെ പറയാൻ അനുവദിക്കൂ. ഞാനിപ്പോൾ ക്ലാരിഫൈ ചെയ്തുകൊണ്ടിരിക്കുകയല്ലേ.

ശ്രീ. സണ്ണി ജോസഫ്: സർ, അങ്ങ് പറയുന്നതിൽ തെറ്റുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പറയുന്നത് തെറ്റാണെങ്കിൽ അങ്ങേയ്ക്ക് പിന്നീട് പറയാം. ഞാനിപ്പോൾ ഇതിനെക്കുറിച്ച് പറയട്ടെ. പ്രതിപക്ഷം ഇന്നലെ ഒരു നമ്പ്യാരുടെയോ നായരുടെയോ പേര് പറയുകയുണ്ടായി. ഞാൻ ഇഫ്ടാസിന്റെ ഡയറക്ടർ ബോർഡ് ആകെ പരിശോധിച്ചുനോക്കി. അതിനകത്ത് അങ്ങനെയൊന്നും എനിക്ക് കാണാൻ സാധിച്ചില്ല. നിലവിൽ 50-ലധികം പൊതുമേഖലാ, സഹകരണ, സ്വകാര്യ ബാങ്കുകൾക്ക് ഇഫ്ടാസ് കോർ ബാങ്കിംഗും അനുബന്ധ സേവനങ്ങളും നൽകുന്നുണ്ട്. ആ സേവനങ്ങൾ നൽകുന്ന ബാങ്കുകളുടെ ലിസ്റ്റ് ഞാൻ വായിക്കുന്നില്ല. എന്നാലും പ്രധാനപ്പെട്ട കുറേ കാര്യങ്ങൾ പറയാം. കാനറാ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ആന്ധ്രാ ബാങ്ക്, അലഹബാദ് ബാങ്ക്, ബാങ്ക് ഓഫ് ബറോഡ,

ബാങ്ക് ഓഫ് ഇന്ത്യ, യൂക്കോ ബാങ്ക്, റീജിയണൽ റൂറൽ ബാങ്കുകൾ, ദേനാ ബാങ്ക്, ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ്, പഞ്ചാബ് നാഷണൽ ബാങ്ക്, കോർപ്പറേഷൻ ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, പഞ്ചാബ് ആൻഡ് സിന്ധ് ബാങ്ക്, യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, ജെ.&കെ. ബാങ്ക്, ഇന്ത്യൻ ബാങ്ക്, നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, പി.എൻ.ബി. ഗിൽറ്റ്സ് ലിമിറ്റഡ്, ദി ക്ലിയറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, എസ്.ബി.ഐ. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ലിമിറ്റഡ്, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, ദി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, ഇന്ത്യ ഫസ്റ്റ് ലൈഫ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, നാഷണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെന്റ്, ഐ.ഡി.ബി.ഐ. ബാങ്ക് ലിമിറ്റഡ്, എക്സ്പോർട്ട്-ഇംപോർട്ട് ബാങ്ക് ഓഫ് ഇന്ത്യ, നാഷണൽ ഹൗസിംഗ് ബാങ്ക്, സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ, റിസർവ് ബാങ്ക് ഇൻഫർമേഷൻ ടെക്നോളജി, നാഷണൽ ഇ ഗവേർണൻസ് സർവ്വീസസ് ലിമിറ്റഡ്, ആർ.ബി.ഐ.നെറ്റ് എന്നിങ്ങനെയുള്ള ബാങ്കുകൾക്കെല്ലാം സേവനം നൽകുന്ന ഒരു സ്ഥാപനമായിട്ടാണ് കണ്ടത്. ഈ സ്ഥാപനങ്ങളെല്ലാം നേരിട്ടാണ് ഇഫ്ത്താസിനെ ജോലി ഏൽപ്പിച്ചിട്ടുള്ളത്. Request For Proposal (RFP) അല്ലെങ്കിൽ ടെണ്ടർ നടപടികൾ ഒന്നും ഇല്ലാതെയാണ് പൊതുമേഖലാ ബാങ്കുകളടക്കം ഇഫ്ത്താസിനെ കോർ ബാങ്കിംഗ് ജോലികൾ ഏൽപ്പിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 2016 ഏപ്രിൽ 13-ന് പുറത്തിറക്കിയ 368-ാം നമ്പർ സർക്കുലറിൽ രാജ്യത്തെ അർബൻ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സൗകര്യം നടപ്പാക്കുന്നതിന് ഇഫ്ത്താസിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സർക്കുലർ ഇവിടെ വായിച്ചാൽ സമയം നഷ്ടപ്പെടുത്തുകയാണെന്ന് അങ്ങ് പറയും. ആയതിനാൽ ഞാൻ ആ സർക്കുലർ മേശപ്പുറത്ത് വയ്ക്കുന്നു. (സർക്കുലർ മേശപ്പുറത്തു വച്ചു.*) മാത്രമല്ല, ഓരോ അർബൻ സഹകരണ ബാങ്കുകൾക്കും ഇഫ്ത്താസിലൂടെ നടപ്പാക്കുന്ന കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറിന് 4 ലക്ഷം രൂപ പ്രാരംഭ ചെലവായി നൽകാമെന്നും ആ സർക്കുലറിൽ പറയുന്നുണ്ട്. ഈ സാഹചര്യത്തിൽ 14-2-2017-ന് സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനുവേണ്ടി രൂപീകരിച്ചിരുന്ന സ്റ്റിയറിംഗ് കമ്മിറ്റി മുമ്പാകെ എന്റെയും ഇൻഫർമേഷൻ ടെക്നോളജി സെക്രട്ടറിയുടെയും സാന്നിദ്ധ്യത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ ഒരു പൊതു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനെ സംബന്ധിച്ച് ഇഫ്കോസ് ഒരു അവതരണം നടത്തി. അതാണ് ഞാൻ കൂടി പങ്കെടുത്ത യോഗമെന്ന നിലയിൽ പ്രതിപക്ഷം പറഞ്ഞത്. ഞാൻ ആ ഒരു മീറ്റിംഗിലാണ് പങ്കെടുത്തത്. അവരുടെ പ്രസന്റേഷൻ കാണുകയായിരുന്നു.

ഇഫ്കോസിന്റെ സന്നദ്ധതയും ശേഷിയും വിലയിരുത്തി ഏകീകൃത സോഫ്റ്റ്‌വെയർ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 6-3-2017-ന് ഉത്തരവായി. ഇതേത്തുടർന്ന് ഇഫ്കോസ് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് സഹകരണ രജിസ്ട്രാർ സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കി. റിപ്പോർട്ട് പ്രകാരം 1625 PACS (Primary Agricultural Co-operative Societies) അവയുടെ 3000 ബ്രാഞ്ചുകൾ ഏകീകൃത സോഫ്റ്റ്‌വെയറിൽ കൊണ്ടുവരുന്നതിന് ഒറ്റത്തവണ ചെലവായ 64.29 കോടി രൂപയും ആവർത്തന ചെലവായി പ്രതിവർഷം 66 കോടി രൂപയും നൽകേണ്ടി വരുമെന്നും അറിയിച്ചു. ഇന്നലെ 300 കോടി രൂപ, 160 കോടി രൂപ എന്നൊക്കെയാണ് ഇവിടെ പറഞ്ഞത്. ഈ അവസരത്തിൽ 2017-18 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചതിനെത്തുടർന്ന് രാജ്യത്തെ 63,000-ത്തോളം വരുന്ന PACS-ന്റെ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിന് നബാർഡിന് 1900 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ബാക്കിയുള്ള മറുപടി മേശപ്പുറത്ത് വച്ചാൽ പോരെ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങനെ മേശപ്പുറത്ത് വച്ചാൽ പോര. ഇത് ഗൗരവമുള്ള വിഷയമാണ്. ഇന്നത്തെ മാധ്യമങ്ങളിൽ ഞാനും എന്റെ വകുപ്പും ഇഫ്കോസിനെ ഏൽപ്പിച്ച കാര്യത്തിൽ എന്തോ വലിയൊരു തെറ്റ് ചെയ്തു എന്ന രീതിയിലുള്ള വാർത്തകൾ വന്നിട്ടുണ്ട്. വാർത്തകൾ വരുത്താൻ എളുപ്പമാണ്. നാളെ ഞാനിവിടെ പറയുന്ന കാര്യങ്ങൾ അതേ താൽപ്പര്യത്തോടെ പ്രസിദ്ധീകരിക്കാൻ അവർ തയ്യാറാകുമോ എന്നെനിക്കറിയില്ല. എന്നാലും ഞാൻ പറയുകയാണ്.

അതേത്തുടർന്ന് ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനായി സംസ്ഥാന സർക്കാർ ശ്രമിക്കുകയും മുൻ തീരുമാനപ്രകാരം ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലാവുകയും ചെയ്തു. നബാർഡ് പദ്ധതി നീണ്ടുപോകുന്ന സാഹചര്യത്തിൽ 13-11-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, സഹകരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം ചേർന്നു. ഈ യോഗത്തിന്റെ തീരുമാനമായി ചീഫ് സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ

സെക്രട്ടറി, സെക്രട്ടറി-ഇൻഫർമേഷൻ ടെക്നോളജി, സ്പെഷ്യൽ സെക്രട്ടറി-സഹകരണ വകുപ്പ് എന്നിവരുൾപ്പെടുന്ന ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ച് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിന്റെ വിവിധ വശങ്ങളും സഹകരണ മേഖലയുടെ തനതാവശ്യങ്ങളും പരിഗണിച്ച് ഇഫ്റ്റാസ് സമർപ്പിച്ച പ്രൊപ്പോസലും കേന്ദ്ര സർക്കാർ നബാർഡ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സോഫ്റ്റ്‌വെയറിന്റെ നിർദ്ദേശങ്ങളും പരിശോധിച്ച് ഉചിതമായ ശിപാർശ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

ശ്രീ. കെ. സി. ജോസഫ്: സർ, വ്യക്തിപരമായ വിശദീകരണത്തിന് ഇപ്പോൾത്തന്നെ 12 മിനിട്ടെടുത്തു. എന്താണിത്?

മി. സ്പീക്കർ: ഇത് വ്യക്തിപരമായ വിശദീകരണമല്ല. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് എങ്ങനെയാണ് വ്യക്തിപരമായ വിശദീകരണമാകുന്നത്; നിങ്ങൾ ആവശ്യപ്പെട്ടിട്ടാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് പറയാനുള്ളത് മേശപ്പുറത്ത് വച്ചാൽ മതി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എന്റെ ജീവിതത്തെ സംബന്ധിക്കുന്ന കാര്യമാണ് പറഞ്ഞത്. അതിൽ ഇത്രയും അസ്വസ്ഥത കാണിക്കേണ്ട കാര്യമില്ല. ശ്രീ. കെ. സി. ജോസഫിനെപ്പോലുള്ള ആളുകൾ ഇങ്ങനെ പറയുന്നത് ശരിയാണോ; പ്രതിപക്ഷത്തുനിന്ന് വന്ന ഒരു ആക്ഷേപത്തെ സംബന്ധിച്ച് നിങ്ങൾക്കുംകൂടി ബോധ്യമാകുന്ന കാര്യമാണ് ഞാൻ പറയുന്നത്.

സെക്രട്ടറിതല കമ്മിറ്റി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 25-11-2017, 13-12-2017 തീയതികളിൽ യോഗം ചേർന്നു. PACS ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ നബാർഡ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിപ്രകാരമുള്ള സോഫ്റ്റ്‌വെയർ സംബന്ധിച്ച് അന്തിമ തീരുമാനമാകാത്ത സ്ഥിതിക്ക് സംസ്ഥാനത്തെ PACS-കളിൽ ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്ന കാര്യത്തിൽ സംസ്ഥാനത്തിന് സ്വന്തം സോഫ്റ്റ്‌വെയർ പദ്ധതിയുമായി മുന്നോട്ട് പോകാമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു. ഇതേത്തുടർന്ന് 15-2-2018-ലെ സർക്കാർ ഉത്തരവ് നം. 86/2018 പ്രകാരം ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി ചെയർമാനായും സഹകരണ സംഘം രജിസ്ട്രാർ കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റി ഇഫ്റ്റാസ് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതിനും ആയത് നടപ്പാക്കുന്നത് സംബന്ധിച്ച് ഇഫ്റ്റാസിന്റെ സോഫ്റ്റ്‌വെയറിന്റെ സാങ്കേതികത, സോഫ്റ്റ്‌വെയർ കോസ്റ്റ്, ആവർത്തന ചെലവ്, സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിന് ആവശ്യമായ സമയപരിധി, നിർബന്ധിതവും വാണിജ്യപരവുമായ നിബന്ധനകൾ എന്നിവ ഇഫ്താസുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതിനുമായിരുന്നു

ഉത്തരവ്. ഇഫ്റ്റാസുമായി മേൽ കാര്യങ്ങൾ ചർച്ച ചെയ്തതിനുശേഷം സംസ്ഥാന താൽപര്യം സംരക്ഷിച്ച് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. ഇതുസംബന്ധിച്ച് ഇഫ്റ്റാസിന് യാതൊരു ഉത്തരവുകളോ ഇഫ്റ്റാസുമായി ചേർന്ന് യാതൊരുവിധ കരാറുകളോ ഉണ്ടാക്കിയിട്ടില്ല. ഇന്നലെ പ്രതിപക്ഷം ഉന്നയിച്ച പ്രധാനപ്പെട്ട ചോദ്യങ്ങൾ ഇവയാണ്. ഒന്ന്, എങ്ങനെയാണ് ഇഫ്റ്റാസ് കമ്പനി ഈ പദ്ധതിയിൽ വന്നത്; രണ്ട്, എന്തുകൊണ്ട് ടെണ്ടർ വിളിക്കുകയോ Expression of Interest ക്ഷണിക്കുകയോ ചെയ്തില്ല; മൂന്ന്, എന്തുകൊണ്ട് മന്ത്രിക്ക് പ്രതിപക്ഷം ഉന്നയിച്ച ചോദ്യങ്ങളോട് വ്യക്തമായ ഉത്തരം പറയാൻ കഴിഞ്ഞില്ല. ഈ മൂന്ന് ചോദ്യങ്ങളും ഇവിടെ ഉന്നയിക്കുക മാത്രമല്ല, പത്ര സമ്മേളനത്തിലൂടെ ചോദിക്കുകയും ചെയ്തു. ഞാൻ മനസ്സിലാക്കുന്നത്, ഇഫ്റ്റാസ് കേരളത്തിലേയ്ക്ക് വരുന്നത് 2015 അവസാനമാണ്. ഇഫ്റ്റാസിന്റെ പാരന്റ് കമ്പനിയായ IDRBT-യോട് അന്നത്തെ ഇടുക്കി ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. ഇ. എം. അഗസ്തി, എക്സ് എം.എൽ.എ. നേരിട്ടുപോയി അഭ്യർത്ഥിച്ചതിനെത്തുടർന്നാണ് അവർ ഇടുക്കി ജില്ലയിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കാൻ കരാറെടുക്കുന്നത്. അന്നും ടെണ്ടർ നടപടികളോ Expression of Interest നടപടികളോ ഉണ്ടായിട്ടില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഞാൻ പ്രധാനപ്പെട്ട പോയിന്റിലേയ്ക്ക് വരികയാണ്. ചർച്ചകളിലൂടെ കരാറേറ്റെടുത്ത 'നെലീറ്റോ' എന്ന സ്വകാര്യ കമ്പനിയുടെ സോഫ്റ്റ്‌വെയറാണ് ഇടുക്കിയിൽ ഉപയോഗിച്ചിട്ടുള്ളത്. ഇടുക്കിയിലുള്ള മൊത്തം 71 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ 63 എണ്ണത്തിലും ഈ സോഫ്റ്റ്‌വെയർ നടപ്പാക്കിക്കഴിഞ്ഞു. 2015-ൽ IDRBT ഏറ്റെടുത്ത കരാർ 2016-ൽ IDRBT-ക്ക് കീഴിൽ ഇത്തരം ആവശ്യങ്ങൾക്കായി മാത്രം രൂപീകരിച്ച ഇഫ്റ്റാസിന് കൈമാറുകയും ഇഫ്റ്റാസ് ഈ ജോലികൾ ഇപ്പോഴും നടത്തിവരുന്നതുമാണ്. ഈ കമ്പനി പൈലറ്റ് പദ്ധതി നടപ്പിലാക്കിയത് കോൺഗ്രസിന്റെ സമുന്നത നേതാവും മുൻ ഡി.സി.സി. പ്രസിഡന്റും മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും കെ.പി.സി.സി. എക്സിക്യൂട്ടീവ് അംഗവുമൊക്കെയായ ശ്രീ. എം. ഡി. തോമസിന്റെ മലനാട് സർവ്വീസ് സഹകരണ ബാങ്കിലാണ്.

12.00 Noon]

ഇത്തരം നടപടികൾ ഇടുക്കി ജില്ലയിൽ നടന്നുവരുന്ന അതേ കാലയളവിലാണ് വയനാട് ജില്ലയിലെ പ്രാഥമിക ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് ഇഫ്റ്റാസിന് കരാർ നൽകുന്നത്. അന്ന് വയനാട് ജില്ലാ സഹകരണബാങ്ക് ഭരിച്ചിരുന്നത് യു.ഡി.എഫ്. നേതാക്കളാണ്. ....(ബഹളം)....

മി. സ്പീക്കർ: സഭയിൽ ഒരാരോപണമുന്നയിച്ചു. അതിന് മറുപടി പറയണമെന്ന് ചെയർ ആവശ്യപ്പെട്ടതല്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പെർഫെക്ട് എന്ന സ്വകാര്യ കമ്പനിയുടെ സോഫ്റ്റ്‌വെയറാണ് വയനാട് ജില്ലയിൽ ഇഫ്ക്കോസ് ഉപയോഗിച്ചത്. നിലവിൽ വയനാട് ജില്ലയിലെ 27 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ 23 എണ്ണത്തിലും ഈ സോഫ്റ്റ്‌വെയർ നടപ്പിലാക്കി. ഇടത് സർക്കാർ കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്ന വിവരം മനസ്സിലാക്കി ഇഫ്ക്കോസ് കമ്പനി 2017 ജനുവരിയിൽ പ്രൊപ്പോസലുമായി സർക്കാരിനെ സമീപിക്കുകയാണ് ചെയ്തത്. ഈ സർക്കാർ വിവിധ തലങ്ങളിൽ അവരുടെ പ്രതിനിധികളുമായി ചർച്ച ചെയ്യുകയും ഇഫ്ക്കോസിന് സ്വന്തം നിലയിൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ ഈ ദൗത്യം നിർവ്വഹിക്കാൻ കഴിയുമോ എന്ന് ആരായുകയും അങ്ങനെ കഴിയുന്നപക്ഷം കരാർ നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാമെന്ന നിലപാടുമായി മുന്നോട്ട് പോകുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിലുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇഫ്ക്കോസ് സ്വന്തം നിലയിൽ ഈ ദൗത്യമേറ്റെടുത്താൽ അവസരം നഷ്ടമാകുന്ന സ്വകാര്യ ചെറുകിട സോഫ്റ്റ്‌വെയർ കമ്പനികളുടെ ഇടപെടൽ ഇതിലുണ്ടെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഞങ്ങൾ വളരെ സത്യസന്ധമായാണ് നടപടികൾ സ്വീകരിച്ചുവന്നത്. ചില സ്വകാര്യ സോഫ്റ്റ്‌വെയർ ഏർപ്പെടുത്തിയ സ്ഥാപനങ്ങളിൽ പ്രശ്നങ്ങൾ നടന്നിട്ടുണ്ട്. മാവേലിക്കര ബാങ്കിൽ ഒരു മാനേജർ അവിടത്തെ സോഫ്റ്റ്‌വെയറിൽ തിരിമറിനടത്തി മോഷ്ടിച്ചത് 34 കോടി രൂപയാണ്. അവിടെയെല്ലാം ഉണ്ടായതുപോലെ സോഫ്റ്റ്‌വെയറിൽ ക്രമക്കേട് കാണിച്ച് തട്ടിപ്പ് നടത്താൻ ഇനി അവസരമുണ്ടാകാൻ പാടില്ല. അത്തരമൊരു സംവിധാനം രൂപപ്പെടുത്തുന്നതിന് പ്രതിപക്ഷം ഇത്രയേറെ ആശങ്കപ്പെടേണ്ടതില്ല. .........(ബഹളം)...

മി. സ്പീക്കർ: മന്ത്രിയോട് ഒരു വിശദീകരണം ചോദിച്ചാൽ അത് പറയാതിരിക്കാൻ സാധിക്കുമോ? ........(ബഹളം)........ ഇന്നലെ ചോദിച്ച ചോദ്യത്തിനുള്ള വിശദാംശങ്ങൾ നൽകിക്കഴിഞ്ഞു. 17 മിനിട്ടായി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, രണ്ടാമത്തെ ചോദ്യം, എന്തുകൊണ്ട് ടെണ്ടറോ, എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റോ വിളിച്ചില്ല എന്നതാണ്. അതിനുള്ള കാരണം, ഇഫ്ക്കോസ് സർക്കാരിനെ നേരിട്ട് സമീപിച്ചതിനാലും ഇഫ്ക്കോസ് എന്ന കമ്പനി, കമ്പനീസ് ആക്ട് സെക്ഷൻ-8 അനുസരിച്ച് നോൺ പ്രോഫിറ്റ് കമ്പനിയായതിനാലും മൽസരാധിഷ്ഠിത ടെണ്ടറുകളിൽ അവർ പങ്കെടുക്കാറില്ല എന്നതുകൊണ്ടുമാണ്. ഈ

കാര്യം അവർക്ക് കരാർ നൽകിയ 50-ഓളം വരുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് വിലയിരുത്താവുന്നതും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, നബാർഡ് തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ഇക്കാര്യം പരിശോധിക്കാവുന്നതുമാണ്. ഈ സ്ഥാപനങ്ങളുടെ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.ടി. എന്നീ സൗകര്യങ്ങൾ നടപ്പിലാക്കിയിട്ടുള്ളത് ഇഫ്ത്താസാണ്. മൂന്നാമത്തെ ചോദ്യം, എന്തുകൊണ്ട് മന്ത്രി വ്യക്തമായി ഉത്തരം പറഞ്ഞില്ല എന്നാണ്. സാധാരണഗതിയിൽ ന്യായമായി നടന്നുവരുന്ന ഒരു കാര്യത്തിൽ ഇത്തരമൊരു ആരോപണം വരുമെന്ന രീതിയിൽ ഒരു തയ്യാറെടുപ്പ് ഞാൻ നടത്തിയിരുന്നില്ല. അതുകൊണ്ട് അപ്പോൾ ഉത്തരം പറഞ്ഞില്ലെന്നുള്ളതു മാത്രമേയുള്ളൂ. ഇതാണ് വസ്തുത.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ഞങ്ങളുടെ കൈവശമുണ്ട്, ഞങ്ങളത് ഇവിടെ അവതരിപ്പിക്കും, സംശയമൊന്നും വേണ്ട. അങ്ങ് പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ കേട്ടല്ലോ. ഒറ്റ കാര്യമേ എനിക്ക് ചോദിക്കാനുള്ളൂ, ഇടുക്കി, വയനാട് എന്നീ രണ്ട് ജില്ലാ സഹകരണ ബാങ്കുകളിൽ ഇവരാണോ സോഫ്റ്റ്‌വെയർ നൽകിയത്, അതോ ഇവരുടെ പേരിൽ സ്വകാര്യ കമ്പനികളാണോ നൽകിയത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇവർ കരാർ ഏറ്റെടുത്തതിനുശേഷം രണ്ട് സ്വകാര്യ കമ്പനികളെയാണ് അവർ ഏൽപ്പിച്ചത്. സ്വകാര്യ കമ്പനികളെ ഇതേൽപ്പിക്കാൻ സാധിക്കില്ല. നിങ്ങൾ സ്വന്തമായി സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കണം, അതിന് 6 മാസത്തെ സമയം നിങ്ങൾക്ക് തരാൻ തയ്യാറാണെന്ന് പറയുകയാണുണ്ടായിട്ടുള്ളത്. അതാണ് ഇവിടത്തെ പ്രശ്നം. ഏത് രേഖ വേണമെങ്കിലും അങ്ങേയ്ക്ക് പരിശോധിക്കാം.

മി. സ്പീക്കർ: ഇതുമായി ബന്ധപ്പെട്ട രേഖകൾ അങ്ങ് മേശപ്പുറത്ത് വയ്ക്കുകയല്ലേ? അദ്ദേഹം മേശപ്പുറത്ത് വയ്ക്കും. മേശപ്പുറത്ത് വച്ചതിനുശേഷം ധനാഭ്യർത്ഥന ചർച്ച നടക്കുമ്പോൾ പറഞ്ഞാൽ പോരെ? മന്ത്രിയുടെ വിശദീകരണത്തിനുശേഷം വീണ്ടുമൊരു വിശദീകരണം പതിവുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഒന്നാമത്തെ കാര്യം, ഇഫ്ത്താസിന്റെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ ബഹുമാനപ്പെട്ട മന്ത്രി വായിച്ചിട്ടുണ്ടോ? ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ ക്ലോസ്സ് III -ൽ, The Company is a private Company within the meaning of section 2(68) of the Companies Act, 2013 and accordingly എന്നാണ് പറയുന്നത്. ഇതൊരു പ്രൈവറ്റ് കമ്പനിയാണെന്ന് ആർട്ടിക്കിൾ ഓഫ് അസോസിയേഷനിൽ തന്നെ പറയുന്നു. രണ്ട്, ഇത് നടപ്പിലാക്കിയതിന് ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് ഉണ്ടായിരുന്നു. അങ്ങ് തെറ്റിദ്ധരിപ്പി

ക്കുകയാണ് ചെയ്തത്. വയനാട് ജില്ലയിൽ ജോയിന്റ് രജിസ്ട്രാർ പങ്കെടുത്ത കോർ കമ്മിറ്റി യോഗത്തിൽ അവിടത്തെ സഹകരണ സംഘങ്ങൾ ഈ പദ്ധതിയിൽ ചേരുന്നതിനുവേണ്ടി പണമടച്ചിരുന്നുവെന്നും അവർ - again on the decision taking the core committee held on 6-2-2018, again send letter to IFTAS on 22-2-2018 pointing out the seriousness and our decision to exit from the project and refund the one time cost collected by ഇഫ്ടാസ് എന്നാണ് യോഗതീരുമാനം; ഇഫ്ടാസ് ഒറ്റയ്ക്ക് പൈസ വാങ്ങിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളിൽ നടപ്പിലാക്കുന്നതിനുവേണ്ടി മന്ത്രി പറഞ്ഞു, initial cost ആയി 66 കോടി രൂപയും പിന്നീട് ഓരോ വർഷവും 66 കോടി രൂപയുമാണ് ചെലവ്. അത്രയും ചെലവ് വരുന്ന കാര്യത്തിനാണ് ഒരു ടെണ്ടറും വിളിക്കാതെ ഇത്തരമൊരു സംവിധാനം ഏൽപ്പിച്ചിട്ടുള്ളത്. മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് ഉണ്ടായിരുന്നു, പ്രധാനപ്പെട്ട കാര്യമെന്താണെന്ന് മന്ത്രി തന്നെ നേരത്തെ പറഞ്ഞു.

മി. സ്പീക്കർ: പ്ലീസ്.....വിശദമായ ചർച്ചയിലേയ്ക്ക് പോകരുത്....

ശ്രീ. സണ്ണി ജോസഫ്: സർ, അർബൻ സംഘങ്ങൾക്കുള്ള സംവിധാനമേ ഇഫ്ടാസിന്റെ കൈവശമുള്ളൂ; ക്രെഡിറ്റ് സംഘങ്ങൾക്ക് പ്രാഥമിക വായ്പാസംഘങ്ങൾ നടത്തുന്ന ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾക്കുള്ള യാതൊരു സോഫ്റ്റ്‌വെയറും ഇവരുടെ കയ്യിലില്ല. അതുകൊണ്ടാണ് ഇതിൽ ചേർന്ന സംഘങ്ങൾ, പണമടച്ച സംഘങ്ങൾ പണം തിരികെ നൽകാൻ ആവശ്യപ്പെട്ടത്. ജോയിന്റ് രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോർ കമ്മിറ്റിയോഗം അംഗീകരിച്ച മിനിട്ട്സാണിത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പ്രൈവറ്റ് കമ്പനിയെന്നാൽ കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ ഭൂരിപക്ഷം ഷെയർ ഇല്ലാത്ത കമ്പനിയെന്ന് മാത്രമേ അർത്ഥമുള്ളൂ. പൊതുമേഖലാ ബാങ്കുകൾ/സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കമ്പനികളെ പ്രൈവറ്റ് എന്നാണ് വിളിക്കുക. കേരളത്തിൽ രൂപീകരിച്ചിട്ടുള്ള കാഷ്യൂ ബോർഡിന്റെ അല്ലെങ്കിൽ കയർ ബോർഡിന്റെ കമ്പനി, അത് സംസ്ഥാന പബ്ലിക് സെക്ടർ കമ്പനിയായിരിക്കില്ല. കാരണം, ഭൂരിപക്ഷം ഷെയറും സംസ്ഥാന സർക്കാരിനുണ്ടാകില്ലെന്നുമാത്രമേ അർത്ഥമുള്ളൂ. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അല്ലെങ്കിൽ അർബൻ ബാങ്കുകൾക്ക് സോഫ്റ്റ്‌വെയർ രൂപീകരിക്കുന്നതിനുവേണ്ടി റിസർവ് ബാങ്ക് തന്നെ മുൻകയ്യെടുത്ത് രൂപീകരിച്ചിട്ടുള്ള സ്ഥാപനമാണിത്.

ശ്രീ. വി. ഡി. സതീശൻ : .........(മൈക്ക് ഓഫ്)........

മി.സ്പീക്കർ: പ്ലീസ്....പ്ലീസ്... ഞങ്ങളുടെ കയ്യിൽ വിശദാംശങ്ങളുണ്ട്, ഞങ്ങൾ പിന്നീട് കാര്യങ്ങൾ ഉന്നയിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു; നിങ്ങൾ ഉന്നയിക്കു. ഇന്നലെ ഉന്നയിച്ച കാര്യത്തിൻമേൽ അദ്ദേഹം വിശദീകരണം തന്നിട്ടുണ്ട്. ഇന്നലെ ചോദിച്ച ചോദ്യങ്ങൾക്ക് അദ്ദേഹം ഇന്ന് മറുപടിയും പറഞ്ഞു. നിങ്ങൾ ഇക്കാര്യം പിന്നീട് ഉന്നയിക്കുന്നുണ്ടെന്ന് പ്രതിപക്ഷ നേതാവും പറഞ്ഞു. പ്ലീസ്.... പ്ലീസ്.... ഇതിൽ ചർച്ചയില്ല, നടപടിക്രമങ്ങളെക്കുറിച്ച് ശ്രീ. വി. ഡി. സതീശന് നന്നായിട്ടറിയാമല്ലോ.

## IX ധനകാര്യം

### 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി/ പട്ടികവർഗ്ഗ മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു :

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2018-2019 സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| VIII | എക്സൈസ് | 300,82,75,000 | .... | 300,82,75,000 |
| XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 1091,61,46,000 | 202,15,00,000 | 1293,76,46,000 |
| XXV | പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2933,83,69,000 | 300,38,02,000 | 3234,21,71,000 |

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും പട്ടികജാതി/

പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ഇനിപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യനയം തിരുത്തണമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ മദ്യനയം സഹായകരമല്ലെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മദ്യവർജ്ജനം നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിനു വിരുദ്ധമായി മദ്യലഭ്യത സുഗമമാക്കുന്നതിലൂടെ സർക്കാരിന്റെ നയവും പ്രവൃത്തിയും തമ്മിൽ വൈരുദ്ധ്യം ഉണ്ടെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം എടുത്തുകളഞ്ഞതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള ദൂരപരിധി എടുത്തു കളഞ്ഞതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കലാലയങ്ങൾ, സ്കൂളുകൾ എന്നിവയിൽ നിന്നുള്ള നിശ്ചിത ദൂരപരിധി ബാധകമാക്കാതെ പുതിയ ബാറുകൾ ആരംഭിക്കുന്നതായും തത്വദീക്ഷയില്ലാതെ ബാറുകൾ വീണ്ടും തുടങ്ങുന്നതിന് അനുമതി നൽകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനിൽ അക്കര</u> : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂളുകൾക്കും ആരാധനാലയങ്ങൾക്കും സമീപം 4 സ്റ്റാറിന് മുകളിലുള്ള ഹോട്ടലുകളുടെ ബാറുകൾ തുറക്കുന്നതിന് ടൂറിസത്തിന്റെ പേരിൽ ചട്ടങ്ങളിൽ ഇളവ് നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അനധികൃത മദ്യവിൽപ്പന ശാലകൾ അടച്ചുപൂട്ടാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജനവാസ കേന്ദ്രങ്ങളിൽനിന്നും ബിവറേജസ് ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം അവഗണിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വ്യാജമദ്യ വിതരണം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ലഹരിമരുന്നുപയോഗം വ്യാപകമാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മയക്കുമരുന്നുകളുടെയും കഞ്ചാവിന്റെയും ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപഭോഗ സംസ്കാരത്തിനെതിരെ ശക്തമായ ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് സോഷ്യൽ മീഡിയകളിലൂടെ പ്രചരിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ശക്തമായ ബോധവത്ക്കരണം നടത്താത്തതുമൂലം യുവതലമുറ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് നാശത്തിലേയ്ക്ക് നീങ്ങുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലഹരി - മദ്യവിരുദ്ധ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എക്സൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ലൈംഗികമായി പീഡിപ്പിക്കുന്നുവെന്ന് ഒരു വനിത രേഖാമൂലം പരാതി നൽകിയിട്ടും അതേക്കുറിച്ച് ഒരു വനിതാ ഓഫീസറെക്കൊണ്ട് അന്വേഷിപ്പിക്കാതെ, കുറ്റാരോപിതരിൽ നിന്നുതന്നെ റിപ്പോർട്ട് വാങ്ങി അവരെ വെള്ളപൂശാനുള്ള ശ്രമം നടക്കുന്നുവെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. റോഷി അഗസ്റ്റിൻ: എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 300,82,75,000 രൂപയിൽ നിന്ന് നൂറു രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിവിധ ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്.(അന്യായമായി നോക്കുകൂലി വാങ്ങുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്.(അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കുന്നതായി പറയപ്പെടുന്ന നയം തിരുത്തണമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കരാർ ദിവസവേതന നിയമനങ്ങൾ വ്യാപകമായതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് അവസരം ലഭിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കിക്കൊണ്ട് സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്.(ഐ.റ്റി.ഐ.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി.: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനായി കൂടുതൽ വനിതാ ഐ.റ്റി.ഐ.കൾ സ്ഥാപിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം.: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചില സ്വകാര്യ

ആശുപത്രികളിലെ നഴ്സുമാരുടെ സമരം ഒത്തുതീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്.(ഐ.ടി. മേഖലകളിലെ പല കമ്പനികളിലും ജീവനക്കാരെ വ്യാപകമായി പിരിച്ചുവിടുന്ന സാഹചര്യത്തിൽ തൊഴിൽ വകുപ്പ് ക്രിയാത്മകമായ ഇടപെടൽ നടത്താത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്.(ജോലി നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നിയമങ്ങൾ കർശനമാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്ന പ്രവാസികളുടെ ക്ഷേമത്തിനായി കാര്യമായി ഒന്നും ചെയ്യാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ശ്രീ. റോഷി അഗസ്റ്റിൻ: തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1293,76,46,000 രൂപയിൽ നിന്ന് നൂറു രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXV-

## പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. വി. ഇബ്രാഹിം: പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭൂരഹിതരായ എല്ലാ പട്ടികജാതിക്കാർക്കും സ്ഥലവും വീടും നൽകുന്നതിന് നടപടി സ്വികരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ എൻ. എ. നെല്ലിക്കുന്ന്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികവർഗ്ഗ കോളനികളിൽ നിലനിൽക്കുന്ന ദാരിദ്ര്യവും പട്ടിണിയും ഇല്ലാതാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ ഇബ്രാഹിം കുഞ്ഞ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ക്ഷേമപദ്ധതികളുടെ ഗുണം ലഭിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനായി നടപ്പിലാക്കിയ പദ്ധതി കാര്യക്ഷമമല്ലെന്നു പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവ്

ചെയ്യേണ്ടതാണ് (പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താനുള്ള കേന്ദ്ര സഹായ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആദിവാസി മേഖലയിൽ കണ്ടുവരുന്ന പോഷകാഹാരക്കുറവും ഉയർന്ന ശിശുമരണനിരക്കും പരിഹരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അട്ടപ്പാടിയിലെ ആദിവാസി കോളനികളിൽ പച്ചക്കറി സ്വയംപര്യാപ്ത പദ്ധതികൾ നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആദിവാസി കോളനികളിൽ പോഷകാഹാരക്കുറവുമൂലം ശിശുക്കൾ മരിക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആദിവാസി മേഖലകളിൽ പോഷകാഹാരക്കുറവ് ഉള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേന്ദ്ര സർക്കാർ മേൽത്തട്ട് പരിധി 8 ലക്ഷമാക്കി ഉയർത്തിയെങ്കിലും സംസ്ഥന സർക്കാർ പ്രസ്തുത പരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മുൻ സർക്കാർ വിജയകരമായി നടപ്പിലാക്കിയ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി അട്ടിമറിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് പ്രത്യേക കോച്ചിംഗ് നൽകാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകൾ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് നടത്തിപ്പിൽ വ്യാപക ക്രമക്കേട് ഉണ്ടായതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥ നയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപയിൽ നിന്ന് ഒരു രൂപ കുറവു ചെയ്യേണ്ടതാണ് (ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്

നൽകിവരുന്ന സ്കോളർഷിപ്പുകൾ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല : സർ,പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. റോഷി അഗസ്റ്റിൻ: പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 3234,21,71,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. ഇന്ന് മൂന്ന് മണിക്കൂർ ചർച്ചയ്ക്കുശേഷം അപരാഹ്ന സമ്മേളനവുമുണ്ട്. ഞാൻ രാവിലെ എല്ലാവരെയും ഇക്കാര്യം ഓർമ്മിപ്പിച്ചതാണ്. അപരാഹ്ന സമ്മേളനത്തിൽ ധനകാര്യ ബില്ലുകൾ ഉൾപ്പെടെ നാല് ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നുണ്ട്. ധനകാര്യ ബില്ലിന്മേലും മൂന്നുമണിക്കൂർ ചർച്ചയുണ്ട്. മന്ത്രിമാരുടെ മറുപടിക്ക് അരമണിക്കൂറാണ് നീക്കിവച്ചിട്ടുള്ളത്. ഓരോ മന്ത്രിക്കും അരമണിക്കൂർ വീതം കൊടുക്കണമെന്ന് പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് അഭിപ്രായമുണ്ട്. അത് എത്രത്തോളം പ്രായോഗികമാകുമെന്നറിയില്ല. അങ്ങനെ കൊടുത്താൽ രാത്രി ഒമ്പത് മണിവരെ സഭ നീണ്ടുപോകും. അതിനാൽ അംഗങ്ങൾ നിയന്ത്രണം പാലിക്കണമെന്നാണ് ചെയർ പറയുന്നത്. ഇത്രയും ദീർഘമായ ചർച്ചയുള്ളതുകൊണ്ട് സഹകരിക്കണം.

ശ്രീ. ആർ. രാജേഷ്: സർ, മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. എക്സൈസ്, തൊഴിൽ, പട്ടികജാതി/പട്ടികവർഗ്ഗം, ന്യൂനപക്ഷം എന്നീ മേഖലകളെ കഴിഞ്ഞ രണ്ടു വർഷക്കാലത്തിനുള്ളിൽ ഫലപ്രദമായി സംരക്ഷിക്കാനും ശക്തിപ്പെടുത്താനും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതിന് ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ് ഇന്ന് സഭയിൽ മുഖ്യമന്ത്രി അവതരിപ്പിച്ച ചട്ടം 300 അനുസരിച്ചുള്ള പ്രമേയം. പട്ടികവർഗ്ഗ വിഭാഗത്തോട് എത്രമാത്രം അനുഭാവപൂർവ്വമായ നിലപാടാണ് ഈ സർക്കാർ സ്വീകരിക്കുന്നതെന്നുള്ളതിന് തെളിവാണത്.

മി. സ്പീക്കർ: ഒരുകാര്യം കൂടി പറയാനുണ്ട്. അപരാഹ്ന സമ്മേളനമുള്ളതിനാൽ എല്ലാവർക്കും ഉച്ചഭക്ഷണം ഏർപ്പാടാക്കിയിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ് : സർ, കേരളത്തിന്റെ ജനസംഖ്യയിൽ 484839 പട്ടികവർഗ്ഗ വിഭാഗക്കാരുണ്ട്. സർക്കാർ ജീവനക്കാർ ഏതാണ്ട് അഞ്ച് ലക്ഷത്തിനടുത്ത്, അതായത് 4,98,603 ഉണ്ട്. അതിന്റെ രണ്ട് ശതമാനമെന്ന നിരക്കിൽ 9972 പട്ടികവർഗ്ഗക്കാർ സർക്കാർ സർവ്വീസിൽ വേണം. ഇതിൽ വലിയ അന്തരമുണ്ടെന്ന് മനസ്സിലാക്കി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സർക്കാർ ഏറ്റെടുത്ത ഏറ്റവും ശ്രദ്ധേയമായ നിലപാടാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി അവരെ സർക്കാർ സർവ്വീസിലേയ്ക്ക് നിയമിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചത്. വയനാട്ടിലും നിലമ്പൂരിലും അട്ടപ്പാടി ബ്ലോക്കിലും എക്സൈസ് ഓഫീസർ തസ്തികയിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമനം നടത്താനാവശ്യമായ നടപടികൾ സ്വീകരിച്ചത്. വളരെ ശ്രദ്ധേയമായ മാറ്റങ്ങൾ ഈ വകുപ്പിൽ കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മിനിമം വേതനം ഉറപ്പാക്കുക എന്നതാണ് തൊഴിൽ വകുപ്പിന് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം. ഈ സർക്കാർ അധികാരത്തിൽ വന്ന് 22 മാസം പിന്നിടുമ്പോൾ 22 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് മുന്നോട്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഞങ്ങൾക്ക് അഭിമാനത്തോടെ പറയാൻ കഴിയും. ഞങ്ങൾ താരതമ്യം ചെയ്യുന്നത് യു.ഡി.എഫ്. സർക്കാരുമായിട്ടാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽനിന്നും പോകുമ്പോൾ കേരളത്തിലെ 37 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കാനുണ്ടായിരുന്നു. അതിൽ ആശുപത്രി ജീവനക്കാരുൾപ്പെടെ 22 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നഴ്സുമാരുടെ വേതനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പ്രശ്നത്തിലും നടപടിയെടുത്തു; കേരളം അക്കാര്യത്തിലും മാതൃകയാണ്. നഴ്സുമാരെ സംരക്ഷിക്കാനാവശ്യമായ, അവർക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടി സ്വീകരിച്ച ഒരു സർക്കാരാണിത്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടുപോലും 15824 രൂപായി നഴ്സുമാരുടെ മിനിമം വേതനം നിശ്ചയിക്കുമ്പോൾ 20,000 രൂപയായി മിനിമം വേതനം നിശ്ചയിക്കാനുള്ള ചരിത്രപരമായ തീരുമാനം ഇന്ത്യയിൽ മാതൃകാപരമായെടുത്ത സംസ്ഥാനമായി കേരളം മാറുകയാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന മാനേജ്മെന്റിനെതിരെ പിഴ ചുമത്തുകയും മിനിമം വേതനം ഉറപ്പുവരുത്താനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. അതുപോലെ കുടിശ്ശിക ഈടാക്കാനാവശ്യമായ ക്ലെയിം പെറ്റീഷൻ ഫയലുകൾ വേഗത്തിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. തൊഴിൽ മേഖലയിൽ 34.84 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഏർപ്പെടുത്തുകയും 12 ലക്ഷത്തിലധികം ആളുകൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയും ചെയ്തു. ഇപ്പോൾ ഉയർന്ന വാർഷിക ചികിത്സാ ആനുകൂല്യവും സർക്കാർ കൊടുക്കുന്നുണ്ട്.

പുതിയ വിഭാഗങ്ങളെ CHIS പദ്ധതിയിൽ ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് മേഖലയിലേയ്ക്ക് കൊണ്ടുവരാനും മുതിർന്ന പൗരന്മാർക്ക് SCHIS പദ്ധതി പ്രകാരം 30,000 രൂപയുടെ അധിക ചികിത്സ കൊടുക്കാനും ഈ സർക്കാർ തയ്യാറാവുകയാണ്. അതിഥി തൊഴിലാളികളെ ആദരിക്കേണ്ട ഒരു സമൂഹമാണ് നമ്മുടേതെന്ന് ഈ സർക്കാർ ലോകത്തിന് മാതൃക കാട്ടിക്കൊടുത്തു. കേരളത്തിലുള്ള ആളുകൾ എത്രയോ സ്ഥലത്തുപോയി ജോലി ചെയ്യുന്നു. കേരളീയരല്ലാത്ത മലയാളികൾ ഇന്ത്യക്ക് പുറത്തേയ്ക്ക് പോകുകയും അവിടെ തൊഴിൽ ചെയ്ത് ലഭിക്കുന്ന വരുമാനംകൊണ്ട് ജീവിക്കുന്നവരുമാണ്. പ്രവാസി വരുമാനം വലിയ നിലയിൽ നിക്ഷേപിക്കപ്പെടുന്ന ഒരു സംസ്ഥാനമാണ് കേരളം. അതുപോലെ കേരളത്തിലേയ്ക്ക് വരുന്ന തൊഴിലാളികളെ സംരക്ഷിക്കാനും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കണം. ഇതര സംസ്ഥാന തൊഴിലാളികൾക്ക് സുരക്ഷ നൽകാൻ കഴിയുന്ന 'അപ്നാ ഘർ' പോലുള്ള മാതൃകാപരമായ പദ്ധതികൾ സർക്കാർ ആരംഭിച്ചു. കേരളത്തിൽ തൊഴിലാളി ദിനമായ മേയ് മാസം ഒന്നാം തീയതി മുതൽ നോക്കുകൂലി ഉണ്ടാകുകയില്ലെന്ന ചരിത്രപരമായ തീരുമാനമെടുത്തത് ഈ സർക്കാരാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് പ്രവാസിക്ഷേമത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ഈ സർക്കാർ 'ലോക കേരളസഭ' പോലുള്ള ഒരു പ്രത്യേക സംവിധാനമുണ്ടാക്കുകയും അതിലൂടെ പ്രവാസിക്ഷേമത്തിനുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. അതുപോലെ പിന്നോക്കക്ഷേമ കോർപ്പറേഷൻ ഇന്നലെ പ്രവാസികൾക്കുവേണ്ടി പ്രത്യേക സഹായപദ്ധതി ആരംഭിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, അങ്ങനെ ധാരാളം മാതൃകാപരമായ കാര്യങ്ങളുണ്ട്. 'ലോക കേരളസഭ' കേരളത്തിനുമാത്രമല്ല, ലോകത്തിനുതന്നെ മാതൃകയാണ്. ലോകത്തെമ്പാടുമുള്ള മലയാളികളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അവരുടെ പ്രശ്നങ്ങൾ പഠിക്കാനുള്ള ഒരു പദ്ധതിയായി അത് മാറുകയാണ്. ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങൾക്കുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. പ്രതിപക്ഷം എന്തിനാണ് വേവലാതിപ്പെടുന്നത്? നിങ്ങളുടെ ഭരണകാലത്ത് ഇതൊന്നും ആരംഭിക്കാൻ കഴിഞ്ഞില്ല. ഈ സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും അവ നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

പട്ടികജാതി മേഖലയിൽനിന്നും വിദേശത്ത് പോയി ഉന്നതബിരുദം നേടുന്നതിനായി പഠിക്കുന്നവർക്ക് 66 ലക്ഷം രൂപയാണ് പട്ടികജാതി വികസന വകുപ്പ് ധനസഹായം കൊടുക്കുന്നത്. അതുപോലെ ഈ മേഖലയിൽ രണ്ടു ലക്ഷം

രൂപ വിലയുള്ള 5000 പഠനമുറികൾ നിർമ്മിക്കാനും ശ്രമിക്കുന്നുണ്ട്. ചികിത്സാ സഹായമായി 35.74 കോടി രൂപ കൊടുത്തിട്ടുണ്ട്. 'അംബേദ്കർ ഗ്രാമ പദ്ധതി' യു.ഡി.എഫ്. ഭരണകാലത്ത് സ്വയം പര്യാപ്തഗ്രാമം പദ്ധതിയായിരുന്നു. അന്ന് 216 എണ്ണം പ്രഖ്യാപിച്ചു. എന്നാൽ മഹാഭൂരിപക്ഷവും ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 211 അംബേദ്കർ ഗ്രാമങ്ങൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിച്ചു. വിദേശത്ത് ജോലിക്ക് പോകുന്നവർക്കുള്ള സഹായം 50,000 രൂപയായിരുന്നത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് 650 പട്ടികജാതിക്കാരെ തൊഴിലിനുവേണ്ടി ഗൾഫിലേയ്ക്ക് അയയ്ക്കാൻ സാധിച്ചത് ഈ സർക്കാരിന്റെ കാലത്തുണ്ടായ ശ്രദ്ധേയമായ നേട്ടമാണ്. അട്ടപ്പാടിപോലുള്ള മേഖലയിൽ എന്തുകൊണ്ടാണ് പല പ്രശ്നങ്ങളുമുണ്ടാകുന്നതെന്ന് ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ ആധുനിക കാലത്തെ ചില ഗീഭത്സ്യന്മാർ ജീവിക്കുന്നുണ്ട്, വാട്സാപ്യൻ കാലത്തെ ഗീഭത്സ്യന്മാരും ഫെയ്സ്ബുക്ക് കാലത്തെ ഗീഭത്സ്യന്മാരുമുണ്ട്. ബി.ജെ.പി.-യുടെ ചില യുവനേതാക്കൾ ഇടതുപക്ഷത്തെയും കോൺഗ്രസിനെയും ആക്ഷേപിക്കുന്നു. നിങ്ങൾ കഴിഞ്ഞ 14 വർഷക്കാലം ഭരിച്ചിട്ടെന്തുചെയ്തു? ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വരുമ്പോൾ, untouchability-യുടെ ഇരയാണ് ഞാനെന്നും അടുത്ത പത്തുവർഷം ഈ രാജ്യം നിങ്ങളുടെതാണെന്നുമാണ് പ്രഖ്യാപിച്ചത്. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നപ്പോൾ എസ്.സി/എസ്.ടി. ഫണ്ട് 25 ശതമാനം വർദ്ധിപ്പിച്ചു. ബി.ജെ.പി.-യുടെ നേതാക്കന്മാർ, ഫണ്ട് വിനിയോഗിക്കുന്നില്ലെന്നുള്ള ആക്ഷേപം ഇടതുപക്ഷത്തിനെതിരെ ഉന്നയിക്കുമ്പോൾ, 2014-15-ൽ ഇന്ത്യയിൽ 82935 കോടി രൂപ മാത്രമാണ് പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടി മാറ്റിവച്ചതെന്ന കാര്യം ഓർക്കണം. അതിൽ എത്ര രൂപ ചെലവഴിച്ചു? 32979 കോടി രൂപ ചെലവഴിക്കപ്പെടാത്ത, ശ്രീ. നരേന്ദ്ര മോദി ഭരിക്കുന്ന ഈ രാജ്യത്താണ്, ബി.ജെ.പി.-യുടെ നേതാക്കൾ ഇടതുപക്ഷത്തെ നോക്കി ഞങ്ങൾ പണം ചെലവഴിക്കുന്നില്ലെന്ന ആക്ഷേപം ഉന്നയിക്കാൻ തയ്യാറാകുന്നത്. ധാരാളം പണം ഞങ്ങൾ ചെലവഴിക്കുന്നുണ്ട്. 1.45 ലക്ഷം ആദിവാസികൾക്കാണ് ഓണക്കിറ്റ് കൊടുത്തത്. എസ്.സി. വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് 25 ശതമാനം വർദ്ധിപ്പിച്ചു. സ്പെഷ്യൽ ജോബ് ഫെയറിലൂടെ അവർക്കിഷ്ടമുള്ള തൊഴിൽ പരിശീലനത്തിനായി 'ഇഷ്ടം പദ്ധതി' നടപ്പിലാക്കി. മിശ്രവിവാഹത്തിന് 50,000 രൂപ നൽകിയിരുന്നത് 70,000 രൂപയായി വർദ്ധിപ്പിച്ചു. ആദിവാസികൾക്ക് ട്യൂഷൻ ഫീസ് സൗജന്യമായി കൊടുക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അമേരിക്കയിലേയ്ക്ക് പോയപ്പോൾ വൈറ്റ്ഹൗസിന് മുന്നിൽ ഒരു കുടിൽ കണ്ടുവെന്നും സ്വതന്ത്രമായി കുടിൽ കെട്ടി സമരം നടത്താൻ അവിടെയുള്ളവർക്ക് സാധിക്കുന്നു എന്നും പറഞ്ഞു. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള സർക്കാർ കേരളം

ഭരിക്കുമ്പോഴാണ് വയനാടിന്റെ മണ്ണിൽ കുടിൽ കെട്ടിസമരം ചെയ്ത നിരപരാധികളായ, നിരാശ്രയരായ ആദിവാസികളുടെ ഇടനെഞ്ചിലേയ്ക്ക് വെടിയുണ്ടകൾ തറപ്പിച്ചത്. നിങ്ങൾ ആ കാര്യം മറന്നുപോകരുത്.

ശ്രീ. റ്റി. വി. രാജേഷ് : സർ, പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ അമേരിക്കയിലെ വൈറ്റ്ഹൗസിന് മുന്നിൽ ഒരു കുടിൽ കെട്ടി സമരം ചെയ്യുന്നതിനെക്കുറിച്ച് സംസാരിച്ചു. 2012-ൽ ശ്രീ. എ.കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം നിരോധിക്കുകയും സമരം ചെയ്യുന്നവരെ അവിടെനിന്ന് പന്തൽ പൊളിച്ച് അടിച്ചോടിക്കുകയും ആ കേസിലെ പ്രതികൾ ഇവിടെയുള്ള ചില എം.എൽ.എ.-മാരാണെന്നുമുള്ള കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ?

ശ്രീ. ആർ. രാജേഷ്: സർ, ഇരട്ടത്താപ്പാണ് കോൺഗ്രസിനുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബംഗാളിൽ മുപ്പതിലേറെ വർഷം നിങ്ങൾ ഭരിച്ചു. അവിടത്തെ Writers' building -ൽ 144 പ്രഖ്യാപിക്കുകയും ഒരു സമരം നടത്താൻ അനുവാദം കൊടുക്കാത്തതുമായ പാർട്ടിയാണ് സി.പി.ഐ. (എം.) എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ആർ. രാജേഷ്: സർ, ഞങ്ങൾക്കുനേരെ ഉയർന്നുവരുന്ന ഒരു സമരത്തെയും അടിച്ചമർത്തുന്ന സമീപനം ഞങ്ങൾക്കില്ല. ഇന്ത്യാരാജ്യത്തെ പത്രമാധ്യമങ്ങളും പ്രതിപക്ഷവും മിണ്ടാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് കോൺഗ്രസ് പാർട്ടിയല്ലേ? അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കോൺഗ്രസ് പാർട്ടിക്ക് ഒരു Writers' Building-ന്റെ പേരു പറയാൻ എന്തവകാശമാണുള്ളത്? ഇന്ത്യയിൽ മത ന്യൂനപക്ഷങ്ങൾ, ദളിതർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ എന്നിവർ ഏറ്റവുമധികം സംരക്ഷണത്തോടു കൂടി ജീവിക്കുന്ന ഒരു സംസ്ഥാനം കേരളമാണ്. 1947-ൽ സ്വതന്ത്രമായ നമ്മുടെ രാജ്യം, ഗാന്ധി പിറന്ന ഗുജറാത്തിൽ, ഹർദ്ദിക് പട്ടേലുമാരുടെ സമരം ആരംഭിക്കുന്നത് സ്വന്തം മുഖത്ത് മീശ വയ്ക്കാനാണ്. ഗാന്ധിയുണ്ടായിരുന്ന, കോൺഗ്രസുണ്ടായിരുന്ന ഗുജറാത്തിൽ സ്വന്തം മുഖത്ത് മീശ വയ്ക്കാൻ 2018-ൽ സമരം ചെയ്യേണ്ടിവന്ന പട്ടികജാതിക്കാർ ഇവിടെയുണ്ട്. നിങ്ങളുടെ കളിത്തൊട്ടിലായിരുന്ന യു.പി.-യിൽ തിമ്മയ്യനെന്ന 90 വയസ്സായ പട്ടികജാതിക്കാരനെ ക്ഷേത്രത്തിനകത്ത് പ്രവേശിപ്പിച്ചതിന്റെ പേരിലാണ് ക്ഷേത്രമതിൽക്കെട്ടിന് പുറത്തേയ്ക്ക് കൊണ്ടുപോയി തല്ലിക്കൊന്ന് ചുട്ടെരിച്ചത്. ആ ഇന്ത്യയാണോ കേരളം? ഇവിടെ മധുവിന്റെ കൊലപാതകമുണ്ടായതിൽ നമ്മൾ ശിരസ്സ് കുനിക്കുന്നു. അതിനെ ന്യായീകരിക്കാൻ നമുക്ക് കഴിയില്ല. മധുവിനെ തല്ലുന്ന രംഗം സെൽഫി എടുത്ത് പ്രചരിപ്പിച്ചവരെല്ലാവരും വെറുക്കപ്പെടേണ്ടവരാണ്. ഇത് ശരിയായ നടപടിയല്ല. പക്ഷേ, ആൾക്കൂട്ട കൊലപാതകത്തെ ന്യായീകരിക്കാൻ

കേരളത്തിന്റെ പൊതുസമൂഹത്തിനാകില്ല എന്നതുകൊണ്ടുതന്നെയാണ് കേരളം ഒന്നാമത്തെ സംസ്ഥാനമായി നിൽക്കുന്നത്. മതന്യൂനപക്ഷങ്ങൾ, ദളിതർ അവരെല്ലാം സുരക്ഷിതരായി ഇവിടെ നിൽക്കുകയാണ്. ഞാൻ താമസിക്കുന്നത് ചെങ്ങന്നൂരിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മണ്ഡലവും എന്റെ മണ്ഡലവും ചെങ്ങന്നൂരാണ്. അവിടെ അഞ്ച് രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായി. അതിൽ നാല് രാഷ്ട്രീയ കൊലപാതകങ്ങളിലും മരിച്ചത് പട്ടികജാതിക്കാരായ സി.പി.ഐ.(എം.) കാരാണ്. അവരെ ആരാണ് കൊലപ്പെടുത്തിയത്; സഖാവ് വെൺമണി ചാത്തനെ 1987-ൽ കൂലി കൂടുതൽ ചോദിച്ചതിന് വീട്ടിലേയ്ക്ക് അതിക്രമിച്ചുകയറി ചെങ്ങന്നൂരിലെ മണ്ണിൽ വെടിവച്ചു കൊന്നത് കോൺഗ്രസുകാരാണ്. പാണ്ടനാട് പഞ്ചായത്തിലെ രവിയെയും കുഞ്ഞുകുഞ്ഞിനെയും കൊലപ്പെടുത്തിയത് കോൺഗ്രസ് പാർട്ടിയുടെ ഭരണകൂടമാണ്. നിങ്ങൾ ആർക്കൊപ്പമാണ്? നിങ്ങൾ ഈ രാജ്യത്തെ പട്ടികജാതി സമൂഹത്തോടൊപ്പമാണോ? അല്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഈ രാജ്യത്തെ പട്ടികജാതിക്കാരെ, ദളിതരെ, മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നത് ഞങ്ങളാണ്. പട്ടികജാതിക്കാരെ മാത്രമല്ല, മതന്യൂനപക്ഷങ്ങളെ സർക്കാർ സർവ്വീസിലേയ്ക്ക് പ്രവേശിപ്പിക്കാൻ 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. സർക്കാർ 12 ശതമാനം സംവരണം ഏർപ്പെടുത്തി. 2014-ൽ കോൺഗ്രസ് പാർട്ടി ഇന്ത്യാ മഹാരാജ്യത്ത് പുറത്തിറക്കിയ പ്രകടന പത്രികയിൽ കേരളത്തെ മാതൃകയാക്കി മാറ്റണമെന്നാണ് ശ്രീമതി സോണിയ ഗാന്ധി ആവശ്യപ്പെട്ടത്. സർക്കാർ സർവ്വീസിലേയ്ക്ക് പട്ടികജാതിക്കാരെ കൊണ്ടുവരാൻ കേരള മോഡൽ മാതൃകയാക്കണമെന്ന് ആവശ്യപ്പെട്ടത് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശരിയായ നിലപാട് സ്വീകരിച്ചതു കൊണ്ടാണെന്ന് പറഞ്ഞുകൊണ്ട് എക്സൈസ്, തൊഴിൽ, പട്ടികജാതി/ പട്ടികവർഗ്ഗക്ഷേമം എന്നീ ധനാഭ്യർത്ഥനകളെ പരിപൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അടുത്തകാലത്ത് കേരളത്തിലുണ്ടായ രണ്ട് സംഭവങ്ങൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അതിനി ആവർത്തിക്കാതിരിക്കാനുള്ള നടപടികളുണ്ടാകണമെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, മധുവിന്റെ മരണമാണ്. അട്ടപ്പാടിയിലെ ആദിവാസിയായ മധു അതിദാരുണമായി മരണപ്പെട്ടു. മരണപ്പെട്ട ഉടൻതന്നെ അങ്ങ് മെഡിക്കൽ കോളേജിൽ ഓടിയെത്തുകയും പോസ്റ്റ്മോർട്ടമുൾപ്പെടെയുള്ള കാര്യങ്ങൾക്കാവശ്യമായ സാഹചര്യമൊരുക്കുകയും ചെയ്തു. അക്കാര്യത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. പക്ഷേ കേരളം പോലുള്ള ഒരു സംസ്ഥാനത്തുണ്ടായ ഈ മരണം, കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകമാനം ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. എങ്ങനെയാണ് മധു മരണപ്പെട്ടത്? എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ആർ. രാജേഷ് ഈ സർക്കാരിന്റെ കാലത്ത്

നടപ്പിലാക്കിയ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. ഇവിടെ ശ്രീ. എ. പി. അനിൽകുമാർ ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഒട്ടനവധി കാര്യങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിൽ ചെയ്തിരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സർക്കാർ ചെയ്യുന്ന സഹായങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടോയെന്ന് നമ്മൾ ആത്മപരിശോധന നടത്തണ്ടേ; ഉദ്യോഗസ്ഥർ കൃത്യമായി കാര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടോയെന്ന് പരിശോധിക്കണ്ടേ? മധുവിനെ നിരവധിയാളുകൾ ചേർന്ന് മർദ്ദിച്ചാണ് കൊലപ്പെടുത്തിയത്. മധു എങ്ങനെ കാട്ടിലെത്തി എന്നതു സംബന്ധിച്ച് പരിശോധിക്കുകയും അതിനുത്തരവാദികളായവരെ കണ്ടെത്തുകയും ചെയ്യണ്ടേ? മധു നിരവധി വർഷങ്ങളായി വനത്തിലാണ് താമസിച്ചിരുന്നത്. വനത്തിലെ ഗുഹയിൽ താമസിച്ചിരുന്ന മധുവിനെ വന്യമൃഗങ്ങൾപോലും ദ്രോഹിച്ചില്ല, പക്ഷേ മനുഷ്യത്വമില്ലാത്ത കുറെ മനുഷ്യർ ചേർന്ന് മർദ്ദിച്ച് കൊലപ്പെടുത്തുകയും അതിന്റെ സെൽഫിയെടുത്ത് നവമാധ്യമങ്ങളിൽക്കൂടി ആഘോഷിക്കുകയുമാണ് ചെയ്യുന്നത്. മധുവിനെ കൊലപ്പെടുത്തിയ ആളുകളെ അറസ്റ്റ് ചെയ്തു; പക്ഷേ മധുവിനെ കൊലപ്പെടുത്തിയ ആളുകളെ, അവിടെ എത്തിച്ച ആളുകൾ ആരാണെന്ന് കണ്ടെത്തിയില്ല; അവരെ കണ്ടെത്തണ്ടേ? ഉൾവനത്തിൽ മധുവിനെ കൊണ്ടെത്തിച്ചവർ ആരാണ്; അത് വനം വകുപ്പിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരല്ലേ? മധുവിനെ വന്യമൃഗങ്ങൾപോലും വെറുതെ വിട്ടിട്ടും ആരാണ് അവിടേയ്ക്ക് സാമൂഹ്യവിരുദ്ധരെ എത്തിച്ചത് എന്നതുസംബന്ധിച്ച് പരിശോധിക്കണം. അവരെ അവിടെയെത്തിച്ചത് വനം വകുപ്പിലെ ഉദ്യോഗസ്ഥരാണ്. വനം വകുപ്പിലെ ഉദ്യോഗസ്ഥരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. മധുവിനെ പോലീസ് അറസ്റ്റ് ചെയ്ത് ജീപ്പിലേയ്ക്ക് കൊണ്ടുപോയപ്പോൾ മധുവിന് പ്രശ്നമൊന്നുമില്ലായിരുന്നു. ഒരുപക്ഷേ അദ്ദേഹത്തെ തല്ലിയതാണെന്ന് മനസ്സിലാക്കാൻപോലും കഴിയാത്ത മാനസികാവസ്ഥയിലായിരിക്കാം മധു പോലീസ് ജീപ്പിലേയ്ക്ക് കയറിയത്. ഇപ്പോഴത്തെ പോലീസിന്റെ കയ്യിൽ കിട്ടിയാൽ എന്താണ് ചെയ്യുന്നതെന്ന് സ്വാഭാവികമായും നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. പോലീസ് അദ്ദേഹത്തെ വീണ്ടും ക്രൂരമായി മർദ്ദിച്ചിരിക്കാം. ഇനി നമ്മുടെ സമൂഹത്തിൽ ഇതുപോലൊരു 'മധു' ഉണ്ടാകാൻ പാടില്ല. നമ്മുടെ സമൂഹത്തിൽ ഇനിയും ഇതുപോലുള്ള ചർച്ചകളുണ്ടാകാൻ പാടില്ല. കേരളം പോലുള്ള സംസ്ഥാനത്ത് ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിച്ചാൽ നമ്മെപ്പോലുള്ള ആളുകൾ ഈ ജനപ്രതിനിധികളായി നടന്നിട്ട് കാര്യമില്ല. ഈ സംഭവത്തിനുശേഷം വീണ്ടുമൊരു ആദിവാസി യുവാവ് ചികിത്സ കിട്ടാതെ മരിച്ചു. ആദിവാസി വിഭാഗങ്ങൾക്ക് ഒരു മെഡിക്കൽ കോളേജിലും വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. നമ്മൾ ഇത്തരം കാര്യങ്ങളൊക്കെയല്ലേ പരിശോധിക്കേണ്ടത്? ആദിവാസികൾക്കുവേണ്ടി, പ്രത്യേകിച്ച്, അട്ടപ്പാടിയിലുള്ളവർക്കുവേണ്ടി ഒട്ടനവധി കാര്യങ്ങൾ മുൻ സർക്കാർ ചെയ്തു. പട്ടികവർഗ്ഗക്കാർക്ക് ഒരുമിച്ചിരുന്നു ഭക്ഷണം

കഴിക്കാൻവേണ്ടി 20 കോടി രൂപയോളം ചെലവഴിച്ചാണ് കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചത്. 20 കോടി രൂപയിൽ എത്ര കോടി രൂപയുടെ പ്രയോജനം പാവപ്പെട്ട ആദിവാസികൾക്ക് ലഭിച്ചു എന്നതു സംബന്ധിച്ച് ശ്രീ. എ. കെ. ബാലൻ അന്വേഷിക്കണം. കമ്മ്യൂണിറ്റി കിച്ചൺ ആരാണ് നടത്തുന്നതെന്നതല്ല വിഷയം. ഞാൻ മധു മരിച്ചപ്പോൾ അവിടെ ഓടിയെത്തിയ ആളാണ്. അവിടെനിന്ന് ലഭിച്ച വിവരമനുസരിച്ച്, യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും ആളുകൾ ഒരുപോലെ പറഞ്ഞത്, കമ്മ്യൂണിറ്റി കിച്ചൺ നടത്തുന്ന ആളുകൾ ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടിയല്ല അത് നടത്തുന്നതെന്നാണ്. യു.ഡി.എഫ്.-ന്റെ കാലത്താണ് കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചത്. യു.ഡി.എഫ്.-ന്റെ കാലത്ത് ആരംഭിച്ച പല പദ്ധതികളും അങ്ങ് വകുപ്പുമന്ത്രിയായി വന്നതിനുശേഷവും തുടരുന്നുണ്ട്; അതിനെ ഞങ്ങൾ പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു. പക്ഷേ കോടിക്കണക്കിന് രൂപ ഈ ജനവിഭാഗങ്ങൾക്കായി മാറ്റിവയ്ക്കുമ്പോഴും ആ തുക പാവപ്പെട്ട ആദിവാസി കുടിലുകളിലേയ്ക്ക് എത്താതെ പോകുമ്പോൾ അതുസംബന്ധിച്ച് പരിശോധിക്കാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം അങ്ങ് ഏറ്റെടുത്താൽ അതിനെ പിന്തുണയ്ക്കാൻ ഞങ്ങളെല്ലാവരും ഉണ്ടാകുമെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ വിഷയം സംബന്ധിച്ച് അങ്ങ് അന്വേഷിക്കണം.

ഇവിടെ എക്സൈസുമായി ബന്ധപ്പെട്ട് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണുണ്ടായത്. ടാക്സസ് സെക്രട്ടറിയുടെ 16-3-2018-ലെ ഉത്തരവുപ്രകാരം "മേൽപ്പറഞ്ഞ ഉത്തരവനുസരിച്ചുള്ള ആനുകൂല്യം തങ്ങളുടെ സംസ്ഥാനങ്ങളിലെ സവിശേഷ സാഹചര്യം പരിഗണിച്ച് ഗ്രാമപ്രദേശങ്ങൾക്കുകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ആസാം, മേഘാലയ, പശ്ചിമബംഗാൾ തുടങ്ങി കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ എം. എ. നം. 690-692/17 നമ്പർ കേസിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. വികസിത ഭൂപ്രദേശത്തിന്റെ സ്വഭാവ വിശേഷങ്ങളും വൈപുല്യവും പരിഗണിച്ചും 11-7-2017-ലെ ഉത്തരവിലെ മുനിസിപ്പൽ ഏരിയയെന്ന പദപ്രയോഗം ഉപയോഗിച്ച സാഹചര്യങ്ങൾ മുൻനിർത്തിയും ഇക്കാര്യത്തിൽ യുക്തമായ തീരുമാനം സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് എടുക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്.........." എന്നാണ്. സമയക്കുറവുമൂലം മുഴുവനും വായിക്കുന്നില്ല, മേശപ്പുറത്ത് വയ്ക്കുകയാണ്.* ഗ്രാമപ്രദേശങ്ങളിൽക്കൂടി മദ്യശാലകൾ അനുവദിക്കുവാൻ കേരളം കോടതിയിൽ ആവശ്യപ്പെടുകയായിരുന്നു. കേരളം ചോദിച്ചുവാങ്ങിയ വിധിയാണ്. മദ്യമുതലാളിമാർക്കുവേണ്ടി എന്തിനാണ് സർക്കാർ ഇത്രയും മുന്നോട്ടുപോകുന്നത്? മദ്യനയമെന്നുപറയുന്നത് ഇടതുപക്ഷ സർക്കാരിന്റെ നയമായിരിക്കാം. പക്ഷേ ദൂരപരിധി ആർക്കുവേണ്ടിയാണ് കുറച്ചത്? ദേശീയ

---

* അനുബന്ധമായി ചേർക്കുന്നു

പാതയിൽനിന്ന് 500 മീറ്റർ, അമ്പലങ്ങൾ, പള്ളികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ നിന്നും മദ്യശാലകളിലേയ്ക്കുള്ള അകലം 50 മീറ്റർ എന്നിങ്ങനെയാക്കി ചുരുക്കി. ഇതൊക്കെ ചെയ്യുന്നത് ആർക്കുവേണ്ടിയാണ്? അങ്ങൊരു മാന്യനായ മന്ത്രിയാണെന്നാണ് ഞങ്ങൾ വിശ്വസിച്ചിരിക്കുന്നത്. അങ്ങ് ഇതിന് കൂട്ടുനിൽക്കരുത്. പഴയതുപോലെ ദൂരപരിധി പാലിക്കുമെന്നെങ്കിലും പറഞ്ഞില്ലെങ്കിൽ അങ്ങുകൂടി ഈ പാപഭാരത്തിന്റെ ഉത്തരവാദിയാകുമെന്ന് മാത്രമേ ഈ അവസരത്തിൽ പറയുന്നുള്ളൂ.

മറ്റൊരു കാര്യം, സഭയിൽ ചോദ്യങ്ങൾക്കുള്ള ഉത്തരം പറയാൻ മന്ത്രിമാർ തയ്യാറാകുന്നില്ല എന്നുള്ളതാണ്. ഞാൻ മുഖ്യമന്ത്രിയോട് ചോദിച്ച ചോദ്യത്തിന് വിവരം ശേഖരിച്ചുവരുന്നുവെന്നും ശ്രീമതി കെ. കെ. ശൈലജ ടീച്ചറോട് ചോദിച്ച ചോദ്യത്തിന് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയോട് ചോദിച്ച ചോദ്യത്തിന് പരിശോധിച്ചുവരുന്നു എന്നുമുള്ള മറുപടികളാണ് ലഭിച്ചത്. പരിശോധനയല്ലാതെ ഈ സർക്കാരിലെ മന്ത്രിമാർക്ക് എന്തെങ്കിലും ഉത്തരവാദിത്വമുണ്ടോ? സി.പി.ഐ.-യുടെയും സി.പി.ഐ.(എം.)-ന്റെയും സമ്മേളനം നടന്നപ്പോൾ പരസ്പരം പഴിചാരിയ മന്ത്രിമാരല്ലേ മന്ത്രിക്കസേരകളിലിരിക്കുന്നത്? ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ചോദ്യമുന്നയിക്കുമ്പോൾ ആ ചോദ്യത്തിന് മറുപടിപോലും പറയാൻ തയ്യാറാകാത്ത മന്ത്രിമാർ എന്തിനാണ് ഈ സർക്കാരിന്റെ ഭാഗമായിരിക്കുന്നത്? സമയക്കുറവുമൂലം ഞാൻ കൂടുതൽ പറയുന്നില്ല. എനിക്ക് കുറച്ചുകൂടി കാര്യങ്ങൾ പറയാനുണ്ടായിരുന്നു. അതെല്ലാം ഞാൻ പിന്നീട് പറയാം. ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. എന്റെ സുഹൃത്ത് ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെ കൊല്ലപ്പെട്ട മധുവിന്റെ കാര്യം പറഞ്ഞു. മധുവിനെ കൊലപ്പെടുത്തിയതിനെ ആർക്കും ന്യായീകരിക്കാൻ കഴിയില്ല. അക്കാര്യത്തിൽ നമ്മളെല്ലാവരും ലജ്ജിക്കുകയാണ്. പക്ഷേ മധുവിനെ കൊലപ്പെടുത്തിയ എല്ലാ ആളുകളെയും പോലീസ് അറസ്റ്റ് ചെയ്തു. മധുവിനെ ആരാണ് വനത്തിലേയ്ക്ക് അയച്ചതെന്നാണ് ശ്രീ. വി. പി. സജീന്ദ്രൻ ചോദിക്കുന്നത്. നാല് വർഷം മുമ്പാണ് മധു വനത്തിലേയ്ക്ക് പോയത്. അന്ന് ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു കേരളത്തിലെ മുഖ്യമന്ത്രി. മധുവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്. സർക്കാർ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ വികസന മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വളരെ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം ശ്രീ. ചിറ്റയം ഗോപകുമാർ ഇവിടെയൊരു പരാമർശം നടത്തി. അദ്ദേഹം പറഞ്ഞത് മധു നാല് വർഷം മുമ്പാണ് വനത്തിലേയ്ക്ക് പോയതെന്നാണ്. ഞാൻ

സമരപ്പന്തലിൽവച്ച് മധുവിന്റെ അമ്മയോടും സഹോദരിയോടും സംസാരിച്ചിരുന്നു. പത്ത് വർഷം മുമ്പാണ് മധു വനത്തിലേയ്ക്ക് പോയത്. ഇവിടെ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതോടൊപ്പം മധുവിനെപ്പോലൊരാൾ മരിച്ചതിന്റെ ദുഃഖം പോലും രേഖപ്പെടുത്താതെ രാഷ്ട്രീയം പറയുന്നത് സഭാരേഖകളിലുണ്ടാകാൻ പാടില്ല.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അങ്ങ് പരിശോധിച്ച് നടപടി സ്വീകരിച്ചാൽ മതി. ആദിവാസി മേഖലയിലും പട്ടികജാതി വികസന മേഖലയിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഉണർവ്വുണ്ടായിട്ടുള്ളത്. പട്ടികജാതി വികസന മേഖലയിൽ ഈ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങളെക്കുറിച്ച് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ആർ. രാജേഷ് സൂചിപ്പിച്ചു. വിദേശത്ത് തൊഴിൽ നേടുന്നതിനായി സർക്കാർ മുൻകയ്യെടുത്തതിലൂടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 650 പേരാണ് ഗൾഫിൽ പോയത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിദേശ തൊഴിൽ സ്വപ്നം യാഥാർത്ഥ്യമാക്കിയത് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ്. അതുപോലെ ആയുർവ്വേദം, നഴ്സിംഗ്, സ്പോർട്സ്, ഫിസിയോതെറാപ്പി, പഞ്ചകർമ്മ, ഫാർമസി തുടങ്ങിയ മേഖലകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പരിശീലനം കൊടുക്കാനും പ്രത്യേക തൊഴിൽ കൊടുക്കാനുമുള്ള സംവിധാനം ഈ സർക്കാരിന്റെ ശ്രമഫലമായി ആരംഭിച്ചു. വീടില്ലാത്ത നിരവധിയാളുകൾ പട്ടികജാതി വിഭാഗത്തിലുണ്ടായിരുന്നു. ഏതാണ്ട് 59099 വീടുകൾ പൂർത്തീകരിച്ച് നൽകി. നിരവധി വീടുകൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് വീട് വച്ച് കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യപ്രശ്നങ്ങൾ, വിദ്യാഭ്യാസ സാമൂഹിക പിന്നോക്കാവസ്ഥ, സംരംഭകത്വമില്ലായ്മ എന്നിവ പരിഹരിക്കുന്നതിനുള്ള പരിശീലനം, സ്ത്രീ ശാക്തീകരണം, പരിസ്ഥിതി സൗഹൃദ-ലഹരിരഹിത ഗോത്രം സൃഷ്ടിക്കൽ തുടങ്ങിയ കാര്യങ്ങൾക്കായി 'ഊരുകളെ ഉണർത്തൽ ഗോത്ര രശ്മി' എന്ന പദ്ധതി ആരംഭിച്ചു. ആദിവാസികളെ പുനരധിവസിപ്പിക്കാൻ ആറളം ഫാം വികസനത്തിനുവേണ്ടി 60 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന് എസ്.ടി. മേഖലയിൽ 6 കോടി രൂപയും എസ്.സി. മേഖലയിൽ 82 കോടി രൂപയും ചെലവഴിച്ചു. ഇത്തരത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസനമേഖലയിൽ ഈ സർക്കാർ നല്ല നിലയിലുള്ള പ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോകുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജെയിംസ് മാത്യു)

എക്സൈസുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള സർക്കാരാണ് ചാരായം നിരോധിച്ചത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ ബാറുകളും കള്ളുഷാപ്പുകളും

നിരോധിച്ചു. ഈ രണ്ട് സർക്കാരുകളും കേരളത്തിൽ ദുരന്തങ്ങളുടെ സ്മാരകങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. അതിന്റെ ഫലമായി കേരളത്തിലെ ചെറുപ്പക്കാർ വഴിതെറ്റി. എന്നാൽ ഇപ്പോൾ കരുത്തരും ഊർജ്ജസ്വലരുമായി എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുകയാണ്. 167304 കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിരവധി റെയ്ഡുകൾ നടന്നു. സ്പിരിറ്റ്, ചാരായം, വ്യാജമദ്യം, ഇന്ത്യൻ നിർമ്മിത വിദേശമദ്യം, ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന മദ്യം, കള്ള്, ബിയർ, അരിഷ്ടം, മദ്യമുണ്ടാക്കാനുള്ള കോട എന്നിവയെല്ലാം എക്സൈസ് വകുപ്പ് പിടിച്ചെടുത്തു. അതുപോലെ മദ്യ നിരോധനത്തിന്റെ ഫലമായി കഞ്ചാവ്, കഞ്ചാവ് ചെടികൾ, ഹാഷിഷ് ഓയിൽ, ഹെറോയിൻ, ബ്രൗൺ ഷുഗർ, എം.ഡി.എം.എ., എൽ.എസ്.ഡി. (നാക്കിൽ ഒട്ടിക്കുന്ന സ്റ്റാമ്പ്), കൊക്കയിൻ, ചരസ്, ഓപിയം, മാജിക് മഷ്റൂം, ആമ്പ്യൂൾ ടാബ്ലെറ്റ് എന്നിവ എക്സൈസ് വകുപ്പ് റെയ്ഡ് നടത്തി പിടിച്ചെടുത്തു. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വളരെ ജാഗ്രതയോടെ പ്രവർത്തിച്ചതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ റെയ്ഡിലൂടെ പിടിച്ചെടുക്കാൻ സാധിച്ചത്. മയക്കുമരുന്ന് മാഫിയയെ ഇല്ലാതാക്കാൻ വേണ്ടിയുള്ള പരിശ്രമമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തമിഴ്നാട് ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കോടികളുടെ വിലയുള്ള മയക്കുമരുന്നാണ് ഇവിടെ എത്തിക്കൊണ്ടിരുന്നത്. കഞ്ചാവിന് പുറമെ നിരവധി മറ്റ് മയക്ക് ഗുളികകളും കൊക്കയിൻ അടക്കമുള്ള മയക്കുമരുന്നുകളും Ephedrine ഉൾപ്പെടെയുള്ള നിരവധി മരുന്നുകളും ഏറ്റവും കൂടുതൽ വ്യാപകമായത് ശ്രീ. ഉമ്മൻ ചാണ്ടി നടപ്പിലാക്കിയ മദ്യനിരോധനത്തിന്റെയും ചാരായ ഷാപ്പ് നിരോധനത്തിന്റെയും ബാറുകൾ നിരോധിച്ചതിന്റെയും ഫലമായാണ്. കേരളത്തിൽ ലഹരിസാധനങ്ങളുടെ പ്രതിമാസ വ്യാപാരം 300 കോടി രൂപയാണ്. കഴിഞ്ഞ വർഷം കേരളത്തിൽ പിടിച്ച കൊക്കയിൻ 220 കോടി രൂപയുടേതാണ്. അതുപോലെ മൂന്ന് വിമാനത്താവളങ്ങളിലായി 1105 കോടി രൂപയുടെ ലഹരി വസ്തുക്കൾ പിടിച്ചെടുത്തു. ഇങ്ങനെ മയക്കുമരുന്ന് വ്യാപകമാകാൻ കാരണമായത് യു.ഡി.എഫ്.-ന്റെ മദ്യ നിരോധനനയമാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ നയം മദ്യനിരോധനമല്ല; മദ്യവർജ്ജനമാണ്. മദ്യവർജ്ജനത്തിനുതകുന്ന രീതിയിലുള്ള വ്യാപകമായ ബോധവൽക്കരണം നടത്തുക എന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. അത്തരം സമീപനം സർക്കാർ സ്വീകരിച്ചിട്ടുമുണ്ട്. എക്സൈസ് വകുപ്പിന്റെ 'വിമുക്തി' ലഹരി വർജ്ജന മിഷന്റെ പ്രവർത്തനം ശ്രദ്ധേയമായി മുന്നോട്ടുപോകുന്നു. എക്സൈസ് വകുപ്പ് വളരെ കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത്. കേരളത്തിലെ ജനങ്ങളെ വളരെ മോശമായി ചിത്രീകരിക്കുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ആളുകൾ ക്യൂ നിൽക്കുകയാണ്. നല്ല മദ്യം കൊടുത്താൽ മദ്യദുരന്തമുണ്ടാകില്ല. ഏറ്റവും കൂടുതൽ മദ്യദുരന്തമുണ്ടായത് മദ്യനിരോധനത്തിന്റെ അടിസ്ഥാനത്തിലാണ്. സുപ്രീംകോടതി വിധിയനുസരിച്ച് സർക്കാർ നടപടി സ്വീകരിച്ചതിനെ ഞങ്ങൾ

അംഗീകരിക്കുന്നു. മദ്യം കൂടുതലായി കൊടുത്ത് പ്രളയം ഉണ്ടാക്കണമെന്നല്ല ഞാൻ പറഞ്ഞത്. മാന്യമായി മദ്യം കൊടുക്കാനും മദ്യവർജ്ജന ബോധവൽക്കരണത്തിലൂടെ അതില്ലാതാക്കാനുമുള്ള പരിശ്രമമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. കള്ള് മദ്യമല്ല; ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് കള്ള് പാനീയമാണെന്നാണ്. അതുകൊണ്ട് കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടിയുണ്ടാകണം.

തൊഴിൽ വകുപ്പിനെക്കുറിച്ച് കൂടി പറയാം. മാർക്സിസം പ്രകൃതിയുടെയും സമുദായത്തിന്റെയും വികാസനിയമങ്ങളുടെ ശാസ്ത്രമാണ്. മർദ്ദിതരും ചൂഷിതരുമായവരുടെ വിപ്ലവം എല്ലാ രാജ്യങ്ങളിലും സോഷ്യലിസം വിജയിക്കുന്നതിന്റെ, കമ്മ്യൂണിസം പടുത്തുയർത്തുന്നതിന്റെ ശാസ്ത്രമാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ജീവിക്കാൻ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വെളിച്ചം, പത്രം, പുസ്തകം, കല എന്നിവ ആവശ്യമാണ്. ഈ ജീവിതാവശ്യങ്ങൾ നേടണമെങ്കിൽ തൊഴിൽ ആവശ്യമാണ്. തൊഴിൽ നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ തൊഴിലിനെയും തൊഴിലാളികളെയും സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഹിംസയെ പൂജിക്കുകയും മനുഷ്യത്വത്തെ ചവിട്ടി അരയ്ക്കുകയും ചെയ്യുന്നവരാണ് കേന്ദ്രം ഭരിക്കുന്നത്. മനുഷ്യസ്നേഹത്തിന്റെ അർത്ഥംപോലും അവർ മാറ്റിയെഴുതി. തൊഴിലാളി വർഗ്ഗത്തിന്റെ മനുഷ്യസ്നേഹം വ്യത്യസ്തമാണ്. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ വേണ്ടിയാണ് തൊഴിലാളി വർഗ്ഗം പോരാടുന്നത്. യഥാർത്ഥ മനുഷ്യസ്നേഹമാണ് എൽ.ഡി.എഫ്. സർക്കാരിന്റേത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ മേഖലയിൽ വലിയ പ്രശ്നങ്ങളുണ്ടായിട്ടില്ല. അക്കാര്യം ശ്രീ. ആർ. രാജേഷും ഇവിടെ സൂചിപ്പിച്ചിരുന്നു. തൊഴിൽ മേഖല വളരെ നല്ല രീതിയിലാണ് മുന്നോട്ടുപോകുന്നത്. എന്നാൽ ചില കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി പ്രവർത്തനം കാര്യക്ഷമമാക്കണം. കഴിഞ്ഞ 5 വർഷം യു.ഡി.എഫ്. സർക്കാർ ഒരു പൈസയും കൊടുക്കാത്ത മേഖലയാണ് കർഷകത്തൊഴിലാളി മേഖല. കർഷകത്തൊഴിലാളി മേഖലയെ സംരക്ഷിക്കാനുള്ള പരിശ്രമമുണ്ടാകണം. തൊഴിലാളിയുടെ അംശദായം വർദ്ധിപ്പിച്ച് അതിനനുസരിച്ച് സർക്കാർ വിഹിതവും വർദ്ധിപ്പിച്ച് കുടിശ്ശിക കൊടുക്കാനുള്ള തീരുമാനമുണ്ടാകണം. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാനും വിതരണം ചെയ്യാനുമുള്ള നടപടി സ്വീകരിക്കണം. റബ്ബർ അധിഷ്ഠിത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ചുമട്ടുതൊഴിലാളി കൂലിയും തൊഴിലും സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള തീരുമാനമുണ്ടാകണം. സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ

പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കേരളത്തിലെ ചുമട്ടുതൊഴിലാളികളെ ബാധിക്കുന്ന, നിക്ഷേപം സുഗമമാക്കാനുള്ള പുതിയ ഓർഡിനൻസിലെ 9 (a) ഭേദഗതിയിൽ ട്രേഡ് യൂണിയൻ നേതാക്കളുമായി കൂടിയാലോചിച്ച് ആവശ്യമായ തീരുമാനമുണ്ടാക്കണം.

കശുവണ്ടി മേഖലയിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള നയം തൊഴിലാളികൾക്കെതിരാണ്. ഇ.എസ്.ഐ., പ്രോവിഡന്റ് ഫണ്ട് സ്കീമിൽ വരുത്തിയ ഭേദഗതികൾ കശുവണ്ടി തൊഴിലാളികളെ കൂടുതൽ ദുരിതത്തിലാക്കിയിരിക്കുകയാണ്. ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് പുതിയ നിബന്ധന ഏർപ്പെടുത്തുന്നതിലൂടെ നിലവിലുള്ള തൊഴിലാളികൾക്ക് ചികിത്സ നിഷേധിക്കപ്പെടുകയാണ്. പ്രോവിഡന്റ് ഫണ്ട് പെൻഷൻ ലഭിക്കുന്നതിന് നിലവിൽ 50 വയസ്സും 10 വർഷം സർവ്വീസും എന്നതിനുപകരം ഭേദഗതി അനുസരിച്ച് 3650 ഹാജർ എന്ന വ്യവസ്ഥ വന്നതോടുകൂടി ഭൂരിഭാഗം തൊഴിലാളികൾക്കും ആനുകൂല്യം ലഭിക്കാതെ വരുന്നു. കാരണം, കൂടുതൽ ദിവസവും ഫാക്ടറി അടഞ്ഞുകിടക്കുകയാണ്. അതുകൊണ്ട് ഈ വ്യവസായമേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ആനുകല്യങ്ങൾ നിഷേധിക്കുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് സംസ്ഥാന സർക്കാർ തീരുമാനമെടുക്കണമെന്നുകൂടി ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്.

ബ്രഹ്മവിദ്യ നേടാനായി വ്യാസ മഹർഷിയുടെ മകൻ ശുക മഹർഷി ജനക മഹാരാജാവിനെ സമീപിച്ചു. രാജാവ് ശുകന്റെ കയ്യിൽ നിറഞ്ഞ പാൽ ഗ്ലാസ് കൊടുത്തിട്ട് മൂന്ന് തവണ കൊട്ടാരം ചുറ്റിവരാൻ ആവശ്യപ്പെട്ടു. ശുകൻ അപ്രകാരം ചെയ്തു. ഒരു തുള്ളി പാൽപോലും പുറത്ത് പോയില്ല. അപ്പോൾ ജനക മഹാരാജാവ് ശുകനോട് പറഞ്ഞു, ഇനി നീ ബ്രഹ്മവിദ്യ അഭ്യസിക്കണമെന്നില്ല, നീ പൂർണ്ണ പ്രജ്ഞനാണ്, അനുനിമിഷം ഉണർവ്വിൽ നിൽക്കുന്നവനാണ് ബ്രഹ്മവിദ്യ നേടിയവനാണെന്ന് പറഞ്ഞു. അതുപോലെ അനുനിമിഷം പൂർണ്ണ പ്രജ്ഞനായി നിൽക്കുന്ന സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാരിന്റെ രണ്ടാം വാർഷികാഘോഷം വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയാണ്. ഉത്ഘാടന മഹാമഹങ്ങൾ നടത്തുന്നതിനോടൊപ്പം കഴിഞ്ഞ രണ്ടുവർഷത്തെ ഭരണത്തിന്റെ പ്രോഗ്രസ് റിപ്പോർട്ടുകൂടി അവതരിപ്പിക്കുമെന്നാണറിയുന്നത്. ഇതുകേൾക്കുമ്പോൾ എന്റെ സ്നേഹിതൻ ഹംസാക്കയുടെ കഥയാണ് ഓർമ്മ വരുന്നത്. സ്കൂളിലെ ഹെഡ്മാസ്റ്റർ മകന്റെ പ്രോഗ്രസ് കാർഡ് ഒപ്പിടാൻ അദ്ദേഹത്തെ വിളിക്കുന്ന ഒരു സംഭവമാണ് എനിക്കോർമ്മ വരുന്നത്. പ്രോഗ്രസ്

കാർഡ് ഒപ്പിടാനായി പോയപ്പോൾ മകന് എല്ലാ വിഷയത്തിനും വട്ടപൂജ്യം. മാത്രമല്ല, അടിയിൽ വളരെ കനത്തിൽ ചുവന്ന മഷികൊണ്ട് വരച്ചിട്ടുമുണ്ട്. ഇതുകണ്ട് ഹംസാക്ക വളരെ സങ്കടത്തോടുകൂടി മാഷോട് ചോദിച്ചു, 'അല്ല മാഷേ, നിങ്ങൾ ഈ പ്രോഗ്രസ് കാർഡ് ഒപ്പിടാനെന്ന് പറഞ്ഞ് വിളിപ്പിച്ചിട്ട് ഇതിലെവിടെയാണ് കുട്ടിയുടെ ഒരു പ്രോഗ്രസ്? പൂജ്യം മാർക്ക് കിട്ടിയാലും ഇത് പ്രോഗ്രസ് കാർഡാണെന്ന് പറഞ്ഞപ്പോൾ, ഹംസാക്ക പ്രോഗ്രസ് കാർഡ് ചുരുട്ടി മാഷിന് കൊടുത്തിട്ട് പറഞ്ഞു, "തൽക്കാലം ഇത് നിങ്ങൾ തന്നെ വച്ചോളിൻ, പ്രോഗ്രസ് ഉണ്ടാകുമ്പോൾ എന്നെ വിളിക്കുക. അപ്പോൾ ഞാൻ വന്ന് ഒപ്പിട്ടോളാം." അതുപോലെയാണ് ഈ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് കാണിക്കാൻ പോകുന്നത്. എല്ലാത്തിനും പൂജ്യം, ന്യൂനപക്ഷ വകുപ്പിന് ഇമ്മിണി വല്ല്യ പൂജ്യവും. ജനങ്ങൾ ഈ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് തള്ളുമെന്നതിൽ യാതൊരു സംശയവുമില്ല. ന്യൂനപക്ഷങ്ങൾ ഏറ്റവും കൂടുതൽ അരക്ഷിതാവസ്ഥ നേരിടുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കപ്പെടുന്നില്ലെങ്കിൽ അത് അവരോട് ചെയ്യുന്ന ഏറ്റവും വലിയ ചതിയായിരിക്കും. ഈ വകുപ്പിനെ ന്യൂനപക്ഷത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസന ത്തിനുംവേണ്ടി പ്രവർത്തിക്കാൻ പ്രാപ്തിയുള്ള മികച്ച ഒരു വകുപ്പാക്കി മാറ്റിയത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരാണ്. കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികളുടെ മേൽനോട്ടത്തിനും ഏകോപനത്തിനും കഴിയുന്ന രീതിയിൽ ഈ വകുപ്പ് ശക്തി പ്രാപിച്ചതും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ പദ്ധതികൾക്ക് ഒരു രൂപപോലും നീക്കിവയ്ക്കാതിരുന്ന സ്ഥിതിയിൽനിന്നും ആദ്യമായി സംസ്ഥാന ബഡ്ജറ്റിൽ ഒരു പ്ലാൻ ഹെഡ് അനുവദിച്ചും ക്ഷേമ പദ്ധതികൾക്ക് വിഹിതം നീക്കിവച്ചും സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമമെന്ന ചിന്തയ്ക്ക് ശരിയായ ദിശ നൽകാൻ കഴിഞ്ഞത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായിരുന്നു. അത് കേന്ദ്ര സർക്കാർപോലും അംഗീകരിച്ചതാണ്. 2012-13 മുതൽ 2015-16 വരെ 410 കോടി രൂപയും യു.ഡി.എഫ്. സർക്കാരിന്റെ അവസാനത്തെ ബഡ്ജറ്റായ 2016-17-ൽ മാത്രം 107 കോടി രൂപയും ബഡ്ജറ്റിൽ നീക്കിവച്ചത് ന്യൂനപക്ഷങ്ങളോട് കഴിഞ്ഞ സർക്കാരിന് എത്രമാത്രം കരുതലുണ്ടായിരുന്നുവെന്നുള്ളതിന് തെളിവാണ്. ഈ സർക്കാർ 2017-18-ൽ വെറും 99 കോടി രൂപയും 2018-19-ൽ 91 കോടി രൂപയുമാണ് പ്ലാൻ ഫണ്ടിൽ നീക്കിവച്ചിട്ടുള്ളത്. ഇത് കഴിഞ്ഞ സർക്കാരിന്റെ ബഡ്ജറ്റ് വിഹിതങ്ങളേക്കാൾ വളരെ കുറവാണ്. നമ്മുടെ അയൽ സംസ്ഥാനമായ കർണ്ണാടകയിൽ 2750 കോടി രൂപയുടെ ബഡ്ജറ്റിന്റെ 14 ശതമാനം വരുന്ന തുക ന്യൂനപക്ഷത്തിനുവേണ്ടി നീക്കിവയ്ക്കുമ്പോൾ 45 ശതമാനം ന്യൂനപക്ഷങ്ങളുള്ള സംസ്ഥാനത്ത് ഉള്ള തുകപോലും വെട്ടിക്കുറയ്ക്കുകയാണ് ചെയ്യുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, വകുപ്പുമന്ത്രി ഇവിടെയില്ല. വകുപ്പുമന്ത്രി ചർച്ച കേൾക്കാൻ സഭയിൽ ഉണ്ടാകേണ്ടതല്ലേ?

മി. ചെയർമാൻ: ബന്ധപ്പെട്ട ആളുകളെ ചർച്ച രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് പരിശോധിച്ചതിനുശേഷം മാത്രമേ മന്ത്രി മറുപടി പറയുകയുള്ളൂ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടന്ന പദ്ധതികളുടെ പേരുകൾ മാറ്റി പുതിയ പേരിൽ അവതരിപ്പിക്കുന്നുവെന്നല്ലാതെ എന്തെങ്കിലും എടുത്തുപറയത്തക്ക ഒരു പദ്ധതി ഇവിടെ ആരംഭിച്ചിട്ടുണ്ടോ? മുൻ യു.ഡി.എഫ്. സർക്കാർ രണ്ട് ഡസനോളം പുതിയ പദ്ധതികൾ നടപ്പിലാക്കി. രണ്ടുവർഷമായിട്ടും സർക്കാരിന് എന്തെങ്കിലുമൊരു പുതിയ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞോ? കഴിഞ്ഞ സർക്കാരിന്റെ കാലത്തെ, വിധവകൾക്കും വിവാഹബന്ധം വേർപെടുത്തിയവർക്കും ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുമുള്ള ഭവനനിർമ്മാണ പദ്ധതിക്ക് ഇമ്പിച്ചിബാവ ഭവനനിർമ്മാണ പദ്ധതിയെന്ന് പേര് മാറ്റിക്കൊടുത്തു. അതാണ് വ്യത്യാസം. ഈ ഭവന പദ്ധതി ആരംഭിച്ചപ്പോൾ വിധവകൾക്കിടയിലും ന്യൂനപക്ഷങ്ങളെ വേർതിരിക്കുന്നുവെന്ന് പറഞ്ഞ്, അങ്ങയുടെ നേതാവ് ശ്രീ. കാനം രാജേന്ദ്രനെ ഭയന്നിട്ടാകണം ഭവന നിർമ്മാണ പദ്ധതിപ്രകാരമുള്ള വീടുകൾ യഥാസമയം പൂർത്തീകരിച്ചുനൽകുകയോ സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും 90 ശതമാനം ഗുണഭോക്താക്കൾക്കും ആദ്യഗഡു നൽകുകയോ ചെയ്യാത്തത്. കഴിഞ്ഞ സർക്കാരിന്റെ അവസാനകാലത്ത് ആരംഭിച്ചിട്ടുപോലും 54 കോടി രൂപ ചെലവിട്ട് 2700 വീടുകൾ നിർമ്മിച്ചു. ഈ രണ്ടുവർഷം എത്ര വീടുകൾ പുതുതായി പൂർത്തീകരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. മാത്രമല്ല, കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായ സ്ത്രീകൾക്കുമാത്രം ലഭിച്ചിരുന്ന ഈ പദ്ധതി നിർവ്വഹണം ആകെ അവതാളത്തിലാക്കി. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ ഇന്റർവ്യൂവിനുമാത്രം 20 മാർക്ക് ഏർപ്പെടുത്തിയത് മുൻകാലങ്ങളിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഇപ്പോൾ ഇന്റർവ്യൂ ചെയ്യുന്നവർക്ക് അവരുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാം. മുൻകാലങ്ങളിൽ ഓരോ ഗുണഭോക്താക്കളെപ്പറ്റിയും അന്വേഷിച്ചും ഉദ്യോഗസ്ഥർ നേരിൽ സന്ദർശിച്ചുമാണ് തെരഞ്ഞെടുത്തിരുന്നത്. എസ്.എസ്.എൽ.സി./പ്ലസ്ടു, വി.എച്ച്.എസ്.ഇ./ ബിരുദ-ബിരുദാനന്തരതലങ്ങളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി യു.ഡി.എഫ്. സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ വകയിരുത്തിയതാണ്. അതിന് മുണ്ടശ്ശേരി സ്കോളർഷിപ്പ് എന്ന് പേരിട്ടു. അല്ലാതെ നൂതന പദ്ധതികളൊന്നുംതന്നെ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയിട്ടില്ല. അഭ്യസ്തവിദ്യരായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനതയ്ക്ക് യു.പി.എസ്.സി./പി.എസ്.സി. മുതലായ പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 16 ന്യൂനപക്ഷ പരിശീലന

കേന്ദ്രങ്ങളും 20 ഉപകേന്ദ്രങ്ങളും സ്ഥാപിച്ചുവെങ്കിൽ ഈ രണ്ടുവർഷത്തിനിടയിൽ ആകെ ആരംഭിച്ചത് ഓരോ കേന്ദ്രങ്ങൾ മാത്രമാണ്. മുൻ സർക്കാരിന്റെ കാലത്ത് വളരെ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്ന ഈ സെന്ററുകളുടെ പ്രവർത്തന മികവ് ഇപ്പോൾ ശോചനീയമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹയർ സെക്കണ്ടറി/ കോളേജ് തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ദ്വിദിന വ്യക്തിത്വ വികസന ക്യാമ്പും കരിയർ ഗൈഡൻസിനുള്ള ഏകദിന ക്യാമ്പുകളും പതിനായിരത്തിലധികം വിദ്യാർത്ഥികൾക്കാണ് പ്രയോജനപ്പെട്ടത്. നിർദ്ധനരായ 7599 വിദ്യാർത്ഥികൾക്കാണ് സൗജന്യ പഠനമേശയും കസേരയും വിതരണം ചെയ്തത്. ഇതിനായി 2.81 കോടി രൂപയും ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഗവേഷണത്തിന് 44 ലക്ഷം രൂപയുമാണ് ചെലവഴിക്കപ്പെട്ടത്. ഇത്തവണ ഈ ഇനത്തിൽ ഒരു പൈസപോലും വിനിയോഗിച്ചിട്ടില്ല എന്നുള്ളതാണ് സത്യം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ഒന്നാം സ്ഥാനത്തെത്തിച്ച ഒരു പദ്ധതിയാണ് The Multi-sectoral Development Programme (*MsDP*). മുമ്പ് കേന്ദ്രത്തിൽനിന്ന് കിട്ടിയ ഏകദേശം 100 കോടി രൂപയും വിനിയോഗിക്കാൻ കഴിഞ്ഞുവെങ്കിൽ 2017-18-ൽ ഒരു നയാപൈസപോലും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ Scheme to Provide Quality Education in Madrasas (SPQEM) പദ്ധതിക്ക് 73 കോടി രൂപ നേടിയെടുത്തിരുന്നു. ഇപ്രാവശ്യം അത്തരത്തിലും തുക സർക്കാരിന് ലഭിച്ചില്ല. Infrastructure Development in Minority Institutes (IDMI) പദ്ധതിയിൽ 123 സ്ഥാപനങ്ങൾക്ക് 25 ലക്ഷം രൂപ വീതം നൽകുകയും അതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്തു. തുടർന്ന് ഈ പദ്ധതി ശരിയായി മോണിറ്റർ ചെയ്യാൻ കഴിയാത്തതിനാൽ ഈ ഇനത്തിലും നയാപൈസപോലും ലഭിച്ചിട്ടില്ലെന്നുള്ളതാണ് സത്യം.

ഏറ്റവും പ്രധാനപ്പെട്ട മറ്റൊരുകാര്യം, സംവരണ വിഷയത്തിൽ ഈ സർക്കാർ കാണിക്കുന്ന ബോധപൂർവ്വമായ അലംഭാവമാണ്. 2017 ഡിസംബർ 1 മുതൽ പ്രാബല്യത്തോടെ മേൽത്തട്ട് പരിധി 6 ലക്ഷം രൂപയിൽനിന്ന് 8 ലക്ഷം രൂപയാക്കാൻ ആവശ്യപ്പെട്ടപ്പോൾ മറ്റുള്ള സംസ്ഥാനങ്ങൾ അത് നടപ്പാക്കി. പക്ഷെ ആറുമാസമായിട്ടും ഇത് നടപ്പിലാക്കാതെ നിഷേധാത്മക സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ന്യൂനപക്ഷങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുമുള്ള സംവരണം സർക്കാർ അട്ടിമറിക്കുന്നതിന് ഇനിയും ഉദാഹരണങ്ങളുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ സ്പെഷ്യൽ റൂളിൽ സ്കീം 2-ലും 3-ലും സംവരണം ഏർപ്പെടുത്താതെ ഭരണഘടന ഉറപ്പുവരുത്തിയ സംവരണാവകാശം അട്ടിമറിക്കുകയാണെന്ന ആശങ്ക തുടക്കം മുതൽ പ്രകടിപ്പിച്ചിട്ടും യഥാസമയം അത് പരിഹരിക്കുന്നതിനോ കരട് ചട്ടങ്ങളിൽ

അതുമായി ബന്ധപ്പെട്ട ഭേദഗതി ഉൾക്കൊള്ളിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. അവസാനം എതിർപ്പുകൾ കാരണം ഗത്യന്തരമില്ലാതെ എ.ജി.-യുടെ അഭിപ്രായം തേടാൻ തീരുമാനിച്ചത് ന്യൂനപക്ഷങ്ങളോടുള്ള താൽപ്പര്യംകൊണ്ടല്ല, മറിച്ച് ഭരണഘടനാ ലംഘനത്തിന് കോടതിയിൽനിന്നുള്ള വിമർശനം കേൾക്കേണ്ടിവരുമെന്നുള്ളതു കൊണ്ടാണ്. ഈ സർക്കാരിന്റെ മദ്യനയത്തെപ്പറ്റി ഒരു വാക്കെങ്കിലും പറയാതിരിക്കാൻ നിവൃത്തിയില്ല. മലയാള സിനിമയിലെ മികച്ച കലാകാരന്മാരായ ഇന്നസെന്റ്, കെ.പി.എ.സി. ലളിത എന്നിവരോട് സി.പി.ഐ.(എം). കാണിച്ചത് കൊലച്ചതിയാണ്. മദ്യവിരുദ്ധ പരസ്യത്തിൽ അഭിനയിച്ചതുകൊണ്ട് അവർക്കിപ്പോൾ തലയിൽ മുണ്ടിട്ട് പുറത്തിറങ്ങേണ്ട സ്ഥിതിയാണ്. തിയേറ്ററിലെ സ്ക്രീനിൽ അവരുടെ മുഖം തെളിയുമ്പോൾ കാണികൾ കൂകുകയാണ്. ട്രോളർമാർ അവരെ വെറുതെ വിടുന്നില്ല; ധാരാളം കഥകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവർ പറഞ്ഞതുപോലെ നുണ പറയുന്നവരെയും നുണ പറഞ്ഞുകൊണ്ടിരിക്കുന്നവരെയും തിരിച്ചറിയണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

[1.00 പി.എം.]

ശ്രീ. ഒ. ആർ. കേളു: സർ, എക്സൈസ്, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ ഈ സർക്കാർ വളരെ ക്രിയാത്മകമായി ഇടപെടുകയാണ്. ആദിവാസി, ന്യൂനപക്ഷ വിഭാഗങ്ങളെ ജീവിക്കാൻ അനുവദിക്കാത്ത സ്ഥിതിവിശേഷമാണ് കേരളമൊഴികെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ ഇന്ന് കാണാൻ കഴിയുന്നത്. അതിൽ നിന്നൊക്കെ വ്യത്യസ്തമായി കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വലിയ പരിരക്ഷയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നൽകുന്നത്. അത് സ്വാഗതാർഹമാണ്. പട്ടികവർഗ്ഗമേഖലയിൽ നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവന പ്രകാരമുള്ള ഒട്ടനവധി പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. സർക്കാർ സർവ്വീസിൽ പരമാവധി പട്ടികവർഗ്ഗക്കാരെ ഉദ്യോഗസ്ഥതലത്തിൽ കൊണ്ടുവരുന്നതിനും അവരുടെ ഭവന നിർമ്മാണ പദ്ധതികൾ ഉൾപ്പെടെയുള്ളവ നടപ്പിലാക്കുന്നതിനും അംബേദ്കർ ഗ്രാമംപോലെയുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും നടപടിയെടുത്തുവരുന്നു. കൂടാതെ, ഈ വിഭാഗത്തിലുള്ളവരെ അമ്പലങ്ങളിൽ ശാന്തിക്കാരായി നിയമിക്കുകയും ചെയ്തു. 241-ഓളം ടീച്ചർമാരെയും പ്രൊമോട്ടർമാരെയും നിയമിക്കുകയും ഹോസ്റ്റലുകളും എം.ആർ.എസ്. ഹോസ്റ്റലുകളും പരമാവധി ശക്തിപ്പെടുത്തുകയും എസ്.ടി. കുടുംബശ്രീ യൂണിറ്റുകൾ വിപുലപ്പെടുത്തുകയും സ്ത്രീശാക്തീകരണം ലക്ഷ്യംവച്ച് അട്ടപ്പാടിപോലെയുള്ള പ്രദേശങ്ങളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പരമാവധി ലഭ്യമാക്കി കൊഴിഞ്ഞു

പോക്ക് തടയുന്നതിനുവേണ്ടി ഗോത്ര സാരഥി പോലുള്ള ഒട്ടനവധി പദ്ധതികൾ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ നടപ്പാക്കിവരുന്നു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നല്ലൊരു കാഴ്ചപ്പാടാണ് ആദിവാസി സമൂഹത്തോട് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ട് വർഷം പിന്നിടുന്ന സാഹചര്യത്തിൽ എക്സൈസ് വകുപ്പിന്റെ ക്രിയാത്മക ഇടപെടൽ നമുക്ക് കാണാൻ കഴിയും. മയക്കുമരുന്ന്, കഞ്ചാവ് തുടങ്ങിയവ തടഞ്ഞും എക്സൈസ് ഓഫീസ് പരമാവധി ശക്തിപ്പെടുത്തിയും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചും വളരെ കാര്യക്ഷമമായി ഈ വകുപ്പ് പ്രവർത്തിക്കുന്നുവെന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. ചെക്ക്പോസ്റ്റുകൾ പരമാവധി ശക്തിപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടപ്പാക്കുന്നുണ്ട്. കേരളത്തിലേയ്ക്കുള്ള മയക്കുമരുന്നിന്റെ കടന്നുവരവ് പരമാവധി കുറയ്ക്കുന്നതിന് ഈ സർക്കാരിനും വകുപ്പിനും സാധിക്കുന്നുവെന്നത് ആശ്വാസകരമാണ്.

കേരളത്തിലെ തൊഴിൽമേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി./ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ഒട്ടനവധി ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനുള്ള ശ്രമം നടത്തുകയും എംപ്ലോയ്മെന്റ് ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയുമാണ്. ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണമെങ്കിൽ ഓഫീസിൽ പോകേണ്ട ആവശ്യമില്ല; അതിനുവേണ്ടി പ്രത്യേക സംവിധാനം തന്നെ ക്രമീകരിച്ചിട്ടുണ്ട്. ശരണ്യ, KESRU (Kerala Self Employment Scheme for the Registered Unemployed) ജോബ് ക്ലബ്ബുകൾ, കൈവല്യ തുടങ്ങിയ പദ്ധതികളിലൂടെ കേരളത്തിലെ തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികൾക്ക് ആശ്വാസകരമായ നടപടിയാണ് തൊഴിൽ വകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നത്.

തോട്ടം മേഖലയിലെ പാവപ്പെട്ട അദ്ധ്വാനവർഗ്ഗത്തെ പരിരക്ഷിക്കുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചുവരികയാണ്. തേയില/കാപ്പി തോട്ടങ്ങളിൽ ജോലിചെയ്യുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുടെ ജീവിതം പ്രയാസകരമാണ്. അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി അവരെ പരിരക്ഷിക്കുന്നതിനുള്ള സമീപനം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിക്കുന്നുണ്ട്. അവർക്കുവേണ്ടിയാണ് ഇ.എസ്.ഐ. പദ്ധതി നടപ്പാക്കുന്നത്. പാവപ്പെട്ട തൊഴിലാളികൾക്ക് പലതരത്തിലുള്ള രോഗങ്ങൾ വരാനുള്ള സാദ്ധ്യതയുള്ളതിനാൽ രോഗങ്ങൾ നിർണ്ണയിക്കുന്നതിനായി ഇ.എസ്.ഐ. പദ്ധതി നടപ്പാക്കുന്നുണ്ട്. സ്കാനിംഗ്, എം.ആർ.ഐ., അൾട്രാസൗണ്ട് തുടങ്ങിയ ഒട്ടനവധി പരിശോധനകൾ പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ചെയ്തുവരുന്നു. തൊഴിലാളികൾക്ക് കുടിശ്ശികയുണ്ടായിരുന്ന 320 കോടിയോളം രൂപയുടെ ക്ഷേമ പെൻഷനുകൾ ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം കൊടുത്തുതീർത്തു. അവരുടെ ക്ഷേമനിധി പരിഷ്കരിക്കൽ, അംശദായം നൽകൽ തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പരമാവധി തൊഴിലാളികളെ ക്ഷേമനിധി ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടി തൊഴിൽ വകുപ്പ് നടത്തിവരികയാണ്. തൊഴിലാളികൾക്കെല്ലാം ന്യായമായ കൂലി ലഭിക്കണമെന്നാണ് നമ്മളെല്ലാവരും ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ തോട്ടംമേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം പദ്ധതി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ തൊഴിലാളി, തോട്ടം, മറ്റിതര മേഖലകൾ എന്നിവയിലൊക്കെ കാര്യക്ഷമമായി ഇടപെട്ടുകൊണ്ടുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതൊക്കെ ഈ സർക്കാരിന്റെ ഇച്ഛാശക്തിയും കാഴ്ചപ്പാടും ദീർഘവീക്ഷണവുമാണ് സൂചിപ്പിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ)

ഇവിടെ പലരും നേരത്തെ സൂചിപ്പിച്ചതുപോലെ കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിലൊക്കെ ന്യൂനപക്ഷ വിഭാഗത്തിന് ജീവിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് കാണാൻ കഴിയുന്നത്. അവിടെയൊക്കെ പട്ടികവർഗ്ഗ വിഭാഗക്കാർ നേരിടുന്ന അതേ സ്ഥിതിവിശേഷം തന്നെയാണ് ന്യൂനപക്ഷ വിഭാഗവും അനുഭവിക്കുന്നത്. ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും സ്നേഹത്തിന്റെയും പേരിൽ ന്യൂനപക്ഷ വിഭാഗങ്ങൾ മറ്റുള്ള സംസ്ഥാനങ്ങളിൽ വലിയ പീഡനമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ വളരെ വ്യത്യസ്തമായി മതന്യൂനപക്ഷങ്ങൾക്ക് എല്ലാതരത്തിലുമുള്ള പരിരക്ഷയും സംരക്ഷണവും നൽകുന്നൊരു സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. അവർക്ക് കേരളത്തിൽ സുരക്ഷിതമായി ജീവിക്കാനാവശ്യമായ സാഹചര്യം സർക്കാർ സൃഷ്ടിക്കുന്നുണ്ട്.

പ്രവാസികളുടെ കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്ന കാഴ്ചപ്പാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതിന്റെ ഭാഗമായിട്ടാണ് ലോക കേരളസഭ സംഘടിപ്പിച്ചത്. പ്രവാസികൾക്ക് പരമാവധി പരിരക്ഷ കൊടുത്തും പ്രവാസികളുടെ സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചും വളരെ ജനക്ഷേമപരമായ, മനുഷ്യത്വപരമായ സമീപനം സർക്കാർ സ്വീകരിച്ചുവരികയാണ്. തീർച്ചയായും വളരെ നല്ല രീതിയിലാണ് ഇത്തരം ആൾക്കാരെ ഈ സർക്കാർ നോക്കിക്കാണുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഇടതുപക്ഷ സർക്കാരിനെ എല്ലാതരത്തിലും താറടിച്ച് കാണിക്കുന്നതിനാണ് യു.ഡി.എഫ്. ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വരാൻപോകുന്ന പരാജയം മുന്നിൽ കണ്ടുകൊണ്ടാണ് യു.ഡി.എഫ്. അത്തരം കാര്യങ്ങൾക്കൊക്കെ നേതൃത്വം കൊടുക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കേരളത്തിൽ ബി.ജെ.പി. ഉയർത്തിക്കൊണ്ടുവരുന്ന

ജാതി-മത-വർഗ്ഗീയ ശക്തികൾക്ക് എല്ലാ തരത്തിലുമുള്ള ഒത്താശ ചെയ്തുകൊടുക്കുന്ന രീതിയിലുള്ളൊരു സമീപനം കേരളത്തിലെ യു.ഡി.എഫ്. എടുക്കുന്നുവെന്നത് വളരെ ഖേദകരമാണ്. അത്തരം കാര്യങ്ങളിൽ യു.ഡി.എഫ്. പുനർചിന്തനം നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പട്ടികവർഗ്ഗ ക്ഷേമത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, പ്രിയപ്പെട്ട മധുവിന്റെ മരണവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഞാനിവിടെ സൂചിപ്പിക്കുകയാണ്. മധുവിന്റെ മരണം മനസ്സാക്ഷിക്ക് നിരക്കാത്തൊരു സംഭവമാണ്. അത്തരം കാര്യങ്ങളൊക്കെ രാഷ്ട്രീയമായെടുക്കുന്നതിനാണ് കേരളത്തിലെ യു.ഡി.എഫ്. ശ്രമിക്കുന്നത്. യഥാർത്ഥത്തിൽ ഭക്ഷണമില്ലാത്തതുകൊണ്ടല്ല മധു മരണപ്പെട്ടത്; സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട പദ്ധതികളൊക്കെ യഥാസമയം അവരുടെ കൈകളിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഇല്ലാതെപോയതിനാലാണ് മധുവിന് അത്തരമൊരു രീതിയിലേയ്ക്ക് പോകാനുള്ള സാഹചര്യമുണ്ടായത്. അട്ടപ്പാടിയിൽ പോഷകാഹാരക്കുറവുണ്ടെന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്തൊക്കെ വലിയ രീതിയിലുള്ള ചർച്ചയും മറ്റും കേരളത്തിൽ അങ്ങോളമിങ്ങോളം നടന്നതായി നമുക്കറിയാം. അത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് കമ്മ്യൂണിറ്റി കിച്ചൺപോലുള്ള പദ്ധതികൾ അട്ടപ്പാടിയിൽ അന്നും ഇന്നും നടപ്പാക്കിവരുന്നത്. പക്ഷെ ആ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതികൾ അവിടെ നടപ്പാക്കിയിട്ടും മധുവിന് ഭക്ഷണം ലഭിച്ചില്ലായെന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. അവിടെയൊരു പദ്ധതിയില്ലാത്തതുകൊണ്ടോ സർക്കാരിന് ഫണ്ടില്ലാത്തതുകൊണ്ടോ അത്തരം പദ്ധതികൾ നടപ്പാക്കാൻ ഉദ്യോഗസ്ഥരില്ലാത്തതുകൊണ്ടോ അല്ല മധുവിന് ഭക്ഷണം ലഭിക്കാതെ പോയത്. കൃത്യമായി മധുവിനെ ശ്രദ്ധിക്കാൻ കഴിഞ്ഞില്ലായെന്നതാണ് എറ്റവും വലിയ തെറ്റായി എനിക്ക് കാണാൻ കഴിയുന്നത്. ഏതായാലും മധുവിനുണ്ടായതുപോലുള്ള സംഭവങ്ങൾ ഇനി കേരളത്തിൽ ഉണ്ടാകാതിരിക്കാനുള്ള ഉത്തരവാദിത്വവും കടമയും നമുക്കുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനു വേണ്ടി പൊതുവെ വളരെ അനുകൂലമായ നിലപാടും സമീപനവും സർക്കാർ ചെയ്തുവരുന്നുവെന്നത് സന്തോഷകരമാണ്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കാനുദ്ദേശിക്കുന്നില്ല. ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ചെറുപ്പക്കാർക്ക് ജോലി ലഭിക്കാനുള്ള സാദ്ധ്യതകൾ വളരെ കുറവാണ്. എന്റെ അനുഭവത്തിൽ മലബാർ ഭാഗത്ത് ജോലി ലഭിക്കുകയെന്നത് എളുപ്പമല്ല. ജോലി ലഭിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി നാലഞ്ച് വർഷം കോളേജിൽ പോയി പഠിക്കുന്നുവെങ്കിലും ജോലി ലഭിക്കാനുള്ള സാദ്ധ്യതകൾ കേരളത്തിലില്ല.

അതുകൊണ്ട് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പുതിയ തലമുറയ്ക്ക് കേരളത്തിൽത്തന്നെ ജോലി ലഭ്യമാക്കണം. ഒരു മലബാറുകാരനെന്ന നിലയ്ക്ക് മലബാർ ഭാഗങ്ങളിൽ ജോലി സാദ്ധ്യതയുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി, കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുകയുണ്ടായി. എന്റെ നിയോജക മണ്ഡലത്തിൽ നടന്ന ജോബ് ഫെയറിൽ 1200 പേർ പങ്കെടുക്കുകയും 860 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു. എഞ്ചിനീയർമാരുൾപ്പെടെ ധാരാളം ആളുകൾക്ക് ജോലി ലഭിക്കുകയുണ്ടായി. അതുപോലെ വളരെയധികം താല്പര്യത്തോടുകൂടി എംപ്ലോയബിലിറ്റി സെന്റർ എല്ലാ സ്ഥലത്തും ആരംഭിച്ചു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നത്തിന് മേൽപ്പറഞ്ഞവയെല്ലാം ഒരു പരിധിവരെ പരിഹാരമായിരിക്കും.

ശ്രീ. സി. കെ. നാണു: സർ, ചില സ്ഥാപനങ്ങളിൽ ജോലി ലഭിക്കാൻ കത്ത് കൊടുക്കണമെന്നാവശ്യപ്പെട്ട് എഞ്ചിനീയറിംഗ് പാസ്സായ കുട്ടികൾ വരുന്നതുകൊണ്ടാണ് ഞാനിത് പറയുന്നത്. അതുസംബന്ധിച്ച് അങ്ങ് ഗൗരവമായി ആലോചിക്കണം. പുതിയ വിദ്യാഭ്യാസ യോഗ്യത നേടി വരുന്നവർക്ക് ജോലി ലഭിക്കാനാവശ്യമായ സംവിധാനം കേരളത്തിൽ എവിടെയെല്ലാം ആരംഭിക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച് ഫലപ്രദമായ ആലോചനയുണ്ടാകണം.

എനിക്ക് അങ്ങേയറ്റം സന്തോഷമുണ്ടായ ഒരു വസ്തുത, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിയമപരമായി ലഭിക്കേണ്ട ജോലികൾ ലഭിക്കാത്തതിന്റെ വസ്തുത സംബന്ധിച്ച് വ്യക്തമാക്കുകയും വളരെവേഗം അവർക്ക് ജോലി നൽകാനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്ന് പറയുകയും ചെയ്തതാണ്. മൂന്നുനാല് പ്രാവശ്യം എം.എൽ.എ. ആയി നിയമസഭയിലുണ്ടായിരുന്ന എനിക്ക് ഇക്കാര്യത്തിൽ അങ്ങേയറ്റം ബഹുമാനം തോന്നി. പല സംസ്ഥാനങ്ങളിലും പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഇന്നും ലഹരി വസ്തുക്കൾ കൊടുത്ത് മനുഷ്യനായി ജീവിക്കാൻപോലും അവസരം നൽകാത്ത സാഹചര്യമാണുള്ളത്. അതിൽ നിന്നും വ്യത്യസ്തമായി ശ്രീ. എ. കെ. ബാലൻ ഈ കാര്യങ്ങളെല്ലാം കൈകാര്യം ചെയ്തെങ്കിലും ഇന്ത്യയിൽ വിദ്യാഭ്യാസപരമായി ഏറ്റവും ഉയർന്നുനിൽക്കുന്ന സംസ്ഥാനമായ കേരളത്തിൽപ്പോലും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അർഹമായവ പരിപൂർണ്ണമായി കൊടുക്കാൻ സാധിച്ചിട്ടില്ല. അതെല്ലാം വേണ്ടരൂപത്തിൽ കൈകാര്യം ചെയ്യാൻ വകുപ്പുമന്ത്രിക്ക് സാധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. രാജസ്ഥാനിൽ മനുഷ്യമലം ചുമക്കുന്ന ജോലി ചെയ്തിരുന്നവരെ ആ ജോലിയിൽ നിന്നൊഴിവാക്കിയപ്പോൾ അവർ സമരം നടത്തുകയാണ് ചെയ്തത്. അവർ പറഞ്ഞത് ഞങ്ങൾക്കൊരു വരുമാനമുണ്ടായിരുന്നു,

ആ വരുമാനം പോയി, ഞങ്ങൾക്കിനി വരുമാനം വേണം. എവിടെ നിന്ന് വരുമാനം കിട്ടും? നമ്മൾ വലിയ തത്വമെല്ലാം പറഞ്ഞ് അവരെ ഇത്തരം ജോലിയിൽ നിന്ന് മാറ്റിയെങ്കിലും അവർക്ക് മറ്റൊരു ജോലി കൊടുക്കുന്ന കാര്യം വിസ്മരിച്ചു.

നമുക്ക് ഏറ്റവും നല്ല വില ലഭിക്കുന്നതും കൂടുതൽ ഉല്പാദിപ്പിക്കാൻ സാധിക്കാത്തതും ആയുർവ്വേദ പച്ചമരുന്നുകളാണ്. പണ്ട് വനാതിർത്തിയിൽ ആയുർവ്വേദ പച്ചമരുന്നുകൾ വച്ചുപിടിപ്പിക്കാൻ വനം-ആയുർവ്വേദ-പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾ കേന്ദ്രീകരിച്ചുള്ള ഒരു പദ്ധതിയുണ്ടായിരുന്നു. കിലോയ്ക്ക് ആയിരം രൂപ വിലവരുന്ന ആയുർവ്വേദ പച്ചമരുന്നുകൾ വരെയുണ്ട്. വനാതിർത്തിയിൽ ആയുർവ്വേദ മരുന്നുകൾ വച്ചുപിടിപ്പിച്ചാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആണിനും പെണ്ണിനും അന്തസ്സായി ജീവിക്കാനാവശ്യമായ വരുമാനമുണ്ടാക്കാൻ സാധിക്കും. അതിനുള്ള പരിശ്രമം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായാൽ അവരുടെ പട്ടിണി മാറ്റാൻ സാധിക്കും. നേരത്തെ ശ്രീ. വി. പി. സജീന്ദ്രൻ അട്ടപ്പാടിയിലെ പ്രശ്നം സംബന്ധിച്ച് പറഞ്ഞു. അവിടെപ്പോയി ചർച്ചയിൽ പങ്കെടുക്കാൻ ശ്രമിച്ചപ്പോൾ നിങ്ങളാണ് ഇതിന്റെ ആളെന്നുപറഞ്ഞ് ആരെയെല്ലാം ആക്ഷേപിച്ചുവെന്ന് ചാനലിലൂടെ എല്ലാവരും കണ്ടതല്ലേ? അതിനൊന്നും ഈ ഗവൺമെന്റിനെ കുറ്റം പറയാൻ സാധിക്കില്ല. രണ്ട് ദിവസങ്ങൾക്കകം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെയെത്തി. ശ്രീ. എ. കെ. ബാലൻ അദ്ദേഹത്തിന്റെ പാർട്ടിയുടെ സംസ്ഥാന സമ്മേളനമായിട്ടുപോലും അവിടെപ്പോയി പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തി. കേരളത്തെ സംബന്ധിച്ചിടത്തോളം അതൊരു ആക്സിഡന്റ് മാത്രമാണ്. അപൂർവ്വമായി സംഭവിക്കുന്ന പ്രശ്നങ്ങളെ ഇംഗ്ലീഷ് പണ്ഡിതന്മാർ 'ആക്സിഡന്റ്' എന്നുപറയുന്നതുപോലെ ഞാൻ പറഞ്ഞതാണ്.

അതുപോലെ ഭരണഘടന തയ്യാറാക്കിയപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്ക് നിശ്ചിത ശതമാനം സംവരണം കൊടുത്തിരുന്നു. ആ സംവരണം കേന്ദ്ര സർക്കാർ ജോലികളിൽ ഇവിടെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. മുഖ്യമന്ത്രി വ്യക്തമാക്കിയതുപോലെ കേന്ദ്രസർക്കാർ ജോലികളിൽ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും അർഹമായ സംവരണം ലഭിക്കണം. ഭരണഘടന അംഗീകരിച്ച അവസരത്തിൽ അവർക്കിതെല്ലാം ലഭിച്ചിരുന്നു. പക്ഷെ ജനതാദൾ ഭരണകാലത്ത് മണ്ഡൽ കമ്മീഷൻ രൂപീകരിക്കുകയും കമ്മീഷൻ ഇന്ത്യ മുഴുവൻ സഞ്ചരിച്ച് പിന്നോക്കവിഭാഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും അവകാശങ്ങൾ മനസ്സിലാക്കി റിപ്പോർട്ട് തയ്യാറാക്കുകയും വി. പി. സിംഗിന്റെ ഭരണകാലത്ത് മണ്ഡൽ കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചില ഘടകങ്ങൾ ആരംഭിക്കുകയും ചെയ്തു. കേരളത്തിലെ പിന്നോക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഭരണഘടനാപരമായുള്ള അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, എക്സൈസ്, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നീ പ്രധാനപ്പെട്ട വകുപ്പുകളുടെ ചർച്ചയാണ് ഇവിടെ നടക്കുന്നത്. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെയും സംസ്ഥാനത്ത് പൊതുവായി നടക്കുന്ന ചർച്ചയിലും മദ്യനയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് വരുന്നത്. മദ്യനയം എന്തുതന്നെയായാലും അതുകൊണ്ടുണ്ടാകുന്ന ദോഷവശങ്ങളെക്കുറിച്ച് തീർച്ചയായും സർക്കാർ വിലയിരുത്തേണ്ടതാണ്. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടു വരുന്നതോടൊപ്പം ബോധവത്കരണവും ആവശ്യമാണ്. കൂടുതൽ മദ്യഷാപ്പുകൾ ആരംഭിക്കാനുള്ള തീരുമാനം കൈക്കൊള്ളുന്നുവെങ്കിൽ അക്കാര്യം പുനഃപരിശോധിക്കണം. മദ്യനിരോധനവും മദ്യവർജ്ജനവും തമ്മിലുള്ള ബലാബലത്തിനുവേണ്ടി സമയം കളയുന്നതിൽ യാതൊരു പ്രസക്തിയുമില്ല. ഇതിലുള്ള പ്രധാനപ്പെട്ട കാര്യം, ദൂരപരിധിയുമായി ബന്ധപ്പെട്ടതാണ്. ആരാധനാലയങ്ങളും വിദ്യാലയങ്ങളും മദ്യ വിൽപ്പനശാലകളുമായുള്ള ദൂരപരിധി സംബന്ധിച്ചുമൊക്കെ ഒട്ടേറെ ആശങ്കകളുണ്ട്. അതിനെല്ലാം ബോധവൽക്കരണത്തിന്റെ കൂടി ആവശ്യമുണ്ട്. സാമൂഹിക ബോധവത്കരണം ഏറെ പ്രധാനപ്പെട്ട ഒരു ഘടകമാണ്; അക്കാര്യം സംബന്ധിച്ച് പുനഃപരിശോധിക്കേണ്ടതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തിൽ നടക്കുന്ന ചർച്ചയിൽ മതമേലദ്ധ്യക്ഷൻമാരും സാമുദായിക നേതാക്കൻമാരും ഇടപെടുകയും അവർ മദ്യ ലഭ്യതയെക്കാളും മദ്യവർജ്ജനത്തിന്റെ ആവശ്യകതയെക്കുറിച്ച് കൂടുതൽ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നുണ്ട്. തീർച്ചയായും അക്കാര്യങ്ങളൊക്കെ മുഖവിലയ്ക്കെടുക്കണം. കെ.സി.ബി.സി.-യുടെയും മറ്റ് മതമേലദ്ധ്യക്ഷൻമാരുടെയും നേതൃത്വത്തിലുള്ള സമരങ്ങൾ മദ്യവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ചും കേരളസമൂഹം നേരിടുന്ന വിഷയങ്ങളെ കുറിച്ചും ഗൗരവമേറിയൊരു ചർച്ചയിലേയ്ക്ക് വരുമെന്ന് പ്രതീക്ഷിക്കുന്നു. എക്സൈസ് വകുപ്പ് ശാക്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട 'വിമുക്തി' ലഹരിവർജ്ജന മിഷൻ വളരെ ഫലപ്രദവും അഭിനന്ദനീയവുമായ പദ്ധതിയാണ്. സ്കൂൾ, കോളേജ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, കുടുംബശ്രീ, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തുടങ്ങിയവ മുതൽ എല്ലാ മാധ്യമങ്ങളുമായും യുവജനങ്ങളുമായും ബന്ധപ്പെട്ടുകൊണ്ട് സമസ്തമേഖലയിലും വലിയ ക്യാമ്പയിൻ നടത്താൻ സാധിക്കുന്നുണ്ട്. അതെല്ലാം വളരെ പോസിറ്റീവായ മാറ്റങ്ങൾ സമൂഹത്തിൽ വരുത്താൻ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഇന്ന് മദ്യവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉയർന്നുവരുമ്പോൾ സാമൂഹ്യവിരുദ്ധ ശക്തികൾ വിദ്യാർത്ഥികളെ കൂട്ടുപിടിച്ച് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിനും സമൂഹത്തിൽ പ്രചരിപ്പിക്കാനുമുള്ള പരിശീലനം കൊടുക്കുന്നുവെന്നതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. അത് വളരെ ഗൗരവമേറിയ വിഷയമാണ്. മദ്യലഭ്യത കുറഞ്ഞുവരുമ്പോൾ മയക്കുമരുന്ന് വ്യാപനം വർദ്ധിച്ചുവരുന്നുവെന്ന ശ്രീ. ഋഷിരാജ് സിംഗിന്റെ സ്റ്റേറ്റുമെന്റ്

പത്രത്തിൽ വായിക്കുകയുണ്ടായി. അത് അക്ഷരാർത്ഥത്തിൽ ശരിയാണ്. അത്തരം സാഹചര്യങ്ങൾ വർദ്ധിച്ചുവരുന്നതിനെക്കുറിച്ചും വിശദാംശങ്ങളെക്കുറിച്ചും ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്. അതുപോലെ ഓൺലൈൻ വഴി ലഹരി വ്യാപാരം നടക്കുന്നുണ്ട്. ക്യാൻസർ പോലുള്ള രോഗങ്ങൾക്കുള്ള വേദനസംഹാരി എന്ന രൂപത്തിൽ മരുന്നെന്ന വ്യാജേനയുള്ള ഓൺലൈൻ വ്യാപാരവും സമൂഹത്തിൽ നടക്കുന്നുണ്ട്. എക്സൈസ് വകുപ്പിനെ കൂടുതൽ ശാക്തീകരിക്കുന്നതോടൊപ്പം ഇടുക്കി പോലുള്ള അതിർത്തി ജില്ലകളിൽ ആവശ്യത്തിന് റേഞ്ച് ഓഫീസുകൾ അനുവദിക്കാനും കൂടുതൽ ജീവനക്കാരെ നിയമിച്ച് അവർക്കാവശ്യമായ പ്രതിരോധായുധങ്ങൾ നൽകാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ലഹരിമരുന്ന് വിൽപ്പന നടത്തുന്നയാളിനെ പിടികൂടിയാൽ അവരെ ശിക്ഷിക്കുന്നതിന് ഇന്ന് ദുർബ്ബലമായ നിയമമാണ് രാജ്യത്തൊട്ടാകെയുള്ളത്. കേന്ദ്രനിയമത്തിന്റെ പരിധിയിലായതുകൊണ്ട് ഇത്തരം വിൽപ്പനക്കാർക്ക് നിർബാധം തുടരാൻ കഴിയും. ജയിലിൽ പോയാൽ 24 മണിക്കൂറിനകം അവർ തിരിച്ചിറങ്ങും. ഇതിന്മേൽ കർശനമായ നിയമ ഭേദഗതിക്ക് കേരളം മുന്നോട്ട് വരേണ്ടതല്ലേ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തെക്കുറിച്ച് സമൂഹം ചർച്ച ചെയ്യുമ്പോൾത്തന്നെ മാറ്റം വരാനുള്ള സാദ്ധ്യതകളുണ്ട്.

തോട്ടം മേഖലയിലെ തൊഴിലാളികളടക്കമുള്ളവർ കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. ബഡ്ജറ്റിൽ അതിനാവശ്യമായ തുക മാറ്റിവച്ചിട്ടുള്ളതായി കാണുന്നില്ല. അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. രാജമാണിക്യം റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ അതിന്മേൽ തീരുമാനം കൈക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. സ്വാതന്ത്ര്യലബ്ധിക്കുമുൻപ് ബ്രിട്ടീഷുകാരുടെ കൈവശമുണ്ടായിരുന്ന തോട്ടങ്ങൾ അതിനുശേഷം ഭൂവുടമകളിലാണെന്ന് കണ്ടെത്തിക്കൊണ്ടാണ് അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ആ റിപ്പോർട്ട് സ്വീകരിക്കുകയോ തള്ളുകയോ ചെയ്യാത്തതുകൊണ്ട് തോട്ടം മേഖല ഇന്ന് പ്രതിസന്ധി നേരിടുന്നുണ്ട്. അവർക്ക് ലോൺപോലും എടുക്കാൻ കഴിയുന്നില്ല; അത് തൊഴിലാളികളെ ബാധിക്കുമെന്നതിനാൽ തോട്ടം ഉടമകൾക്ക് തോട്ടം പരിരക്ഷിക്കാൻ കഴിയുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടത് അനിവാര്യമാണ്. ചീഫ് സെക്രട്ടറി ചെയർമാനും മറ്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർ കമ്മിറ്റി അംഗങ്ങളുമായി പ്ലാന്റേഷൻ സ്റ്റഡി നടത്തുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം

ചേരുകയും ചില ശിപാർശകൾ മുന്നോട്ടു വയ്ക്കുകയും ചെയ്തു. അഗ്രി ടാക്സ് ഒഴിവാക്കിയതൊഴിച്ചാൽ അതുമായി ബന്ധപ്പെട്ട മറ്റൊരു കാര്യത്തിലും തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല. ടൂറിസത്തിനുവേണ്ടി 5% പ്ലാന്റേഷൻ മേഖല ഉപയോഗപ്പെടുത്താനുള്ള തീരുമാനം ഫ്രീസ് ചെയ്തിരിക്കുകയാണ്. ഇടുക്കിയിലെ പട്ടുമല എസ്റ്റേറ്റിൽ ടൂറിസ്റ്റുകൾക്ക് നേരിട്ട് കൊളുന്തെടുത്ത് ഗ്രീൻ ടീ ഉണ്ടാക്കാവുന്ന സ്ഥിതിയുണ്ട്. തേയിലത്തോട്ടം നഷ്ടമാണെങ്കിൽ അവിടെ മറ്റ് വിളകൾകൂടി കൃഷി ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണം. ഏലമോ പച്ചക്കറിയോ പഴവർഗ്ഗമോ കൃഷി ചെയ്യാൻ സാധിക്കണം. ഇത്തരത്തിൽ പച്ചക്കറി ഉത്പാദന രംഗത്ത് വലിയ മാറ്റങ്ങൾ വരുത്താൻ ഇടുക്കിയിലെ പീരുമേട്, മൂന്നാർ മേഖലയെ മാത്രം കേന്ദ്രീകരിച്ചാൽ കഴിയുന്നതാണ്.

മി. ചെയർമാൻ: പ്ലീസ്.... ഇന്ന് എല്ലാവരും സമയക്ലിപ്തത പാലിക്കണം. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഒരു മിനിട്ടുകൂടി അനുവദിക്കണം. അട്ടപ്പാടിയിൽ മരണപ്പെട്ട മധുവിന്റെ വിചാരങ്ങൾക്കും വികാരങ്ങൾക്കും മുന്നിലാണ് ഈ സഭയിലെ ഭരണ പ്രതിപക്ഷാംഗങ്ങളെല്ലാവരും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചത്. അതൊരു പൊതുവികാരമായി കാണാനും ഇത്തരം കാര്യങ്ങളിൽ രാഷ്ട്രീയ പ്രേരിതമായ ചർച്ചകൾക്കും ചോദ്യങ്ങൾക്കും ഇടനൽകാതെ വളരെ ശക്തമായ നടപടികളുമായി മുന്നോട്ടുപോകാനും സർക്കാർ തയ്യാറാകണം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, എക്സൈസ്, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. സൗമ്യനായ വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ സമർത്ഥമായി എക്സൈസ്-തൊഴിൽ വകുപ്പുകൾ കൈകാര്യം ചെയ്യുകയാണ്. കഴിഞ്ഞ 22 മാസമായി തൊഴിൽ മേഖലയിൽ യാതൊരു പ്രശ്നങ്ങളുമില്ല. സാധാരണ നിലയിൽ ഓണംപോലുള്ള അവസരങ്ങളിൽ തൊഴിൽ മേഖലയിൽ അരക്ഷിതാവസ്ഥയും പ്രക്ഷോഭങ്ങളും ഉയർന്നുവരാറുണ്ടെങ്കിലും അതിനെയെല്ലാം രമ്യമായി പരിഹരിച്ച് ശാന്തമായ തൊഴിൽ മേഖലയാണ് ഇപ്പോൾ കേരളം കാണുന്നത്. എക്സൈസ് വകുപ്പിന്റെ കാര്യത്തിലും അതാണ് സ്ഥിതി. ഇന്നലെ പ്രതിപക്ഷം അടിയന്തര പ്രമേയത്തിലൂടെ കേരളത്തിൽ മദ്യം ഒഴുക്കാൻ പോകുന്നു, കൂടുതൽ മദ്യഷാപ്പുകൾ തുറക്കാൻ പോകുന്നു എന്നു പറഞ്ഞ് പുകമറ സൃഷ്ടിക്കാൻ ശ്രമിച്ചു. പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ചിലരൊക്കെത്തന്നെ ഇന്ന് അത്തരത്തിലുള്ള ചില വാദങ്ങളുയർത്തുകയുണ്ടായി. ബഹുമാന്യനായ മന്ത്രി ഇന്നലെ അടിയന്തരപ്രമേയത്തിന് കൃത്യമായ മറുപടി

പറഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിൽ എത്ര മദ്യ ഷാപ്പാണുണ്ടായിരുന്നത്? അതിലൊന്നുപോലും കൂട്ടിയിട്ടില്ലെന്നുമാത്രമല്ല മദ്യഷാപ്പുകളുടെ എണ്ണം കുറയുകയാണ് ചെയ്തിട്ടുള്ളത്. കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് മദ്യഷാപ്പുകൾ പൂട്ടിയെന്ന തെറ്റായ പ്രചരണം ചില മാധ്യമങ്ങൾ നടത്തുന്നുണ്ട്. യഥാർത്ഥത്തിൽ അന്ന് പ്രവർത്തിച്ചിരുന്ന ബാറുകൾ പൂട്ടാനിടയായ സാഹചര്യം എല്ലാവർക്കുമറിയാം. കേരളത്തിൽ ഫൈവ് സ്റ്റാറുൾപ്പെടെ 830 ബാറുകളുണ്ടായിരുന്നതിൽ 318 എണ്ണത്തിനാണ് ലൈസൻസ് നൽകാൻ അർഹത യുണ്ടായിരുന്നത്. ബാക്കിയുള്ള 412 എണ്ണത്തിന് ലൈസൻസ് കൊടുക്കാൻ പണം വാങ്ങാനുള്ള തന്ത്രം ഭരണനേതൃത്വം സ്വീകരിച്ചപ്പോൾ പാർട്ടി നേതൃത്വത്തിൽ വന്ന ഒരു മാന്യൻ അതിനെ തടയുകയും അയാളറിയാതെ ചെയ്യാൻ പാടില്ലെന്ന നിലപാടെടുക്കുകയും ചെയ്തു. അങ്ങനെയൊരു തർക്കം കോൺഗ്രസിൽ രൂപം കൊണ്ടതിനെത്തുടർന്നാണ് ബാറുകൾക്ക് ലൈസൻസ് കൊടുക്കാൻ തയ്യാറാകാതെ വന്നത്. മദ്യനിരോധനത്തെക്കുറിച്ച് പറയുകയും മദ്യരാജാവിന്റെ വാഹനത്തിൽ ദീർഘകാലം സഞ്ചരിക്കുകയും ചെയ്ത ആ മാന്യവ്യക്തി കേരളത്തെ പിന്നീട് തള്ളിവിട്ടത് എങ്ങോട്ടാണ്? കേരളത്തിൽ 830-ഓളം വരുന്ന ബാറുകളുണ്ടായിരുന്നെങ്കിൽ അവയൊന്നും പൂട്ടാതെ അവിടെ ബിയർ പാർലറുകളും വൈൻ പാർലറുകളും തുടങ്ങി. രണ്ടുംകൂടി ചേർത്താലുള്ള ഗുണമെന്താണെന്ന് കുടിക്കുന്നവർക്കറിയാം. അത്തരത്തിൽ ബിയർ/വൈൻ പാർലറുകൾ അനുവദിച്ചുകൊണ്ട് അതിലൂടെ മദ്യവിൽപ്പനയ്ക്കുള്ള അവസരമൊരുക്കുകയാണ് അന്നത്തെ യു.ഡി.എഫ് സർക്കാർ ചെയ്തതെന്ന കാര്യം മറക്കരുത്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, കലാഭവൻ മണി 'കുന്നത്തങ്ങാടി ഷാപ്പ്' എന്ന പാട്ട് പാടുന്നതുപോലെ യു.ഡി.എഫ്.-ന്റെ ഈ നേതാവ് എം.എൽ.എ. ആയിരിക്കുന്ന സന്ദർഭത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ കുന്നത്തങ്ങാടിയിൽ ഒരു ഹിൽടോപ്പ് ബാർ ഉദ്ഘാടനം ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, അദ്ദേഹത്തിന്റെ രാഷ്ട്രീയം തന്നെ കാപട്യം നിറഞ്ഞതല്ലേ? മദ്യവർജ്ജനത്തെക്കുറിച്ച് പറയുകയും മദ്യഷാപ്പ് ഉദ്ഘാടനം ചെയ്യുകയും മദ്യരാജാവിന്റെ വണ്ടിയിൽ അനേകവർഷക്കാലം സഞ്ചരിക്കുകയും ചെയ്ത അദ്ദേഹം ഇപ്പോഴും ഈ സർക്കാരിനെതിരായി മദ്യവർജ്ജനം, മദ്യവർജ്ജനം എന്നു പറഞ്ഞ് നടക്കുന്നുണ്ട്. അതൊന്നും കേരളത്തിലെ ജനങ്ങൾ കേൾക്കാൻ പോകുന്നില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഇത്തരത്തിലുള്ള കാര്യങ്ങൾ സഭയിൽ പറയാമോ?

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഉള്ളതുപറഞ്ഞാൽ കള്ളിക്ക തുള്ളൽ വരും. കോഴിയെ കട്ടതാരാണെന്ന് ചോദിക്കുമ്പോൾ എന്റെ തലയിൽ പൂടയില്ല എന്ന് പറഞ്ഞിട്ട് കാര്യമില്ല.

മദ്യം മാത്രമല്ല, ലഹരിയെ സംബന്ധിച്ച് പറയുമ്പോൾ മനുഷ്യർക്കും മൃഗങ്ങൾക്കുമൊക്കെ ലഹരിയോട് ആസക്തിയുണ്ട്. 1980-കളുടെ മധ്യത്തിൽ 'The Beautiful People' എന്ന ഹോളിവുഡ് സിനിമ പലരും കണ്ടുകാണും. ആ സിനിമയിൽ ലഹരി കിട്ടുന്ന കായ പൂക്കുന്ന ഒരു വൃക്ഷമുണ്ടായിരുന്നു. ആ വൃക്ഷത്തിൽ നിന്നും ഈ കായ പറിച്ചെടുത്ത് ആനയും കുരങ്ങും മറ്റു മൃഗാദികളുമെല്ലാം ലഹരി നുണഞ്ഞ് പാടുന്നതും ആടുന്നതുമൊക്കെ കാണാം. അന്ന് വളരെ ചർച്ച ചെയ്യപ്പെട്ട ഒരു സിനിമയാണത്. പുരാണത്തിലേയ്ക്കും ഇതിഹാസങ്ങളിലേയ്ക്കും പോയാൽ ലഹരിയോട് മനുഷ്യന് ആസക്തിയുണ്ട്. ഋഗ്വേദത്തിൽ സോമരസമടക്കമുള്ള എട്ടുതരം മദ്യത്തെ കുറിച്ച് പറയുന്നുണ്ട്. മലയാള സാഹിത്യത്തിന്റെ പഴക്കം പരിശോധിച്ചാൽ അതിൽ 'അകനാന്നൂറ്' എന്നൊരു ഗ്രന്ഥമുണ്ട്. അകനാന്നൂറിനകത്ത് സ്ത്രീകൾ അന്ന് ഉപയോഗിച്ചിരുന്ന 'മുന്നീര്' എന്നൊരു മദ്യത്തെക്കുറിച്ച് പറയുന്നുണ്ട്. അപ്പോൾ ചരിത്രം പരിശോധിച്ചാൽ ഒരു കാലത്ത് മനുഷ്യൻ മദ്യം കഴിച്ചിരുന്നതായി കാണാൻ സാധിക്കും. അതുകൊണ്ടുതന്നെ അത് നിരോധനംകൊണ്ട് അവസാനിപ്പിക്കാൻ കഴിയുന്നതല്ല. മറിച്ച് അതിനെതിരായി ജനങ്ങളെയാകെ അണിനിരത്തുകയും മദ്യത്തിനെതിരായി അവബോധം കൊണ്ടുവരികയും വേണം. ആ ശ്രമമാണ് ഇന്ന് സർക്കാർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് മദ്യവർജ്ജന മിഷൻ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ശ്രീ. റോഷി അഗസ്റ്റിൻ അടക്കമുള്ളവർ പ്രകീർത്തിച്ചു. കേരളത്തിലെ വിദ്യാർത്ഥികൾ, ഗ്രന്ഥശാലാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, വനിതകൾ എന്നിവരിലൂടെ ലഹരിക്കെതിരായി കേരളത്തിൽ വലിയ ബോധവത്കരണം ഈ സർക്കാർ നടത്തിക്കൊണ്ടുവരികയാണ്. സംസ്ഥാനത്തേയ്ക്ക് വരുന്ന മയക്കുമരുന്ന് പോലുള്ള മാരകമായ വിപത്തിനെ തടയാനും ഈ സർക്കാർ വളരെയധികം ശ്രമിക്കുന്നുണ്ട്. 35 കോടി രൂപ വിലവരുന്ന ഹാഷിഷാണ് ഈയിടെ പിടിച്ചത്. കേരളത്തെ മയക്കുമരുന്നുകളുടെ ഹബ്ബാക്കി മാറ്റാനുള്ള ആസൂത്രിതമായ ശ്രമം ഇന്ന് നടക്കുന്നുണ്ട്. അതിന്റെ പിന്നിൽ മതതീവ്രവാദ സംഘടനകളും ഇടതുപക്ഷ തീവ്രവാദസംഘടനകളുമുണ്ട്.

കേരളത്തിൽ എഴുത്തുകാരനും പത്രപ്രവർത്തകനുമായ ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനുണ്ട്. അദ്ദേഹം ഇപ്പോൾ സർവ്വീസിലുണ്ട്. അദ്ദേഹം മനോരമയുടെ ലേഖകനായിരിക്കുമ്പോൾ തമിഴ്നാടിലെ വേദാരണ്യം എന്ന സ്ഥലത്ത് പോയതിനെ സംബന്ധിച്ച് എഴുതിയിട്ടുണ്ട്. തമിഴ്പുലികളുടെ പ്രശ്നം രൂക്ഷമായ സന്ദർഭത്തിൽ വേദാരണ്യത്തിന് അധിപനായിരുന്ന ഷൺമുഖന്റെ

മരണവുമായി ബന്ധപ്പെട്ട് പത്രപ്രവർത്തകനായ, ഇന്നത്തെ ഐ.എ.എസ്.-കാരൻ മനസ്സിലാക്കിയത്, തമിഴ്പുലികൾക്ക് വൻതോതിൽ പണവും ആയുധങ്ങളും കിട്ടാൻ മയക്കുമരുന്ന് ഇറക്കുമതി ചെയ്ത് ലോകത്തിലെ പല ഭാഗങ്ങളിലേയ്ക്കും വിൽക്കുകയാണെന്നാണ്. ഇന്ത്യയിലെ പല ഭാഗങ്ങളിലും തീവ്രവാദപ്രവർത്തനങ്ങൾ ശക്തിപ്പെടുന്നതിനു പിന്നിൽ മയക്കുമരുന്ന് ലോബിയുണ്ട്. ആ മയക്കുമരുന്ന് ലോബി കേരളത്തെ അതിന്റെ ഹബ്ബാക്കി മാറ്റി. ചില്ലറ വില്പനക്കാരിലൂടെ പൊതുസമൂഹത്തിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളിലേയ്ക്ക് മയക്കുമരുന്നെത്തിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. വളരെ ജാഗ്രതയോടുകൂടി അതിനെ നേരിടാൻ നമുക്ക് കഴിയണം.

കഴിഞ്ഞ 22 മാസമായി തൊഴിൽരംഗത്ത് വലിയ മാറ്റമാണ് കണ്ടുകൊണ്ടിരിക്കുന്നത്. അതിൽ പ്രധാനപ്പെട്ടതാണ് ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന തൊഴിലാളികൾ. അവരെ നമ്മൾ അതിഥി തൊഴിലാളികളെന്നാണ് വിളിക്കുന്നത്. കേരളത്തിന്റെ വളർച്ചയ്ക്കും നിർമ്മാണ മേഖലയ്ക്കും വലിയ സംഭാവന നൽകുന്ന അവരെ കേരളത്തിന്റെ തന്നെ തൊഴിലാളികളെപ്പോലെ കണക്കാക്കി മിനിമംകൂലിയും മലയാളികളായ തൊഴിലാളികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങളും ഉറപ്പുവരുത്തണം. ആരോഗ്യരംഗത്ത് ശ്രദ്ധയൂന്നാനും അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കാനുമുള്ള നിരവധി പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന തൊഴിലാളികളെ മാന്യമായി നമ്മൾ സ്വീകരിക്കുകയാണ്. പക്ഷെ അവർ നമ്മുടെ അമ്മമാരെയും സഹോദരിമാരെയും കൊല്ലുകയാണ്. ഇന്നത്തെ പത്രത്തിൽ അറുപതുകാരിക്കുണ്ടായ അനുഭവമുണ്ട്. അതിനെപ്പറ്റിയും പറയണം; വെറുതെ പ്രസംഗിച്ചാൽ മാത്രം പോരാ.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, അതെല്ലാം വളരെ ഒറ്റപ്പെട്ട സംഭവമാണ്. മലയാളികളായ എത്രയോ ആളുകൾ കേരളത്തിന് വെളിയിൽ ക്രിമിനൽ കുറ്റങ്ങൾ ചെയ്യുന്നുണ്ട്. ആ നിലയ്ക്ക് അതിനെ കണ്ടാൽ മതി. താരതമ്യേന നോക്കിയാൽ ഇതരസംസ്ഥാനങ്ങളിൽനിന്നും വരുന്ന ആളുകൾ ക്രിമിനലുകളല്ലെന്നാണ് കാണാൻ കഴിയുന്നത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഇതരസംസ്ഥാന തൊഴിലാളികൾ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതുപോലെ കേരളത്തിലുള്ള ആളുകളും ഇത്തരം കുറ്റകൃത്യങ്ങളിലുണ്ട്. ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളിൽ ഒന്നോ രണ്ടോ പേർ ചെയ്തുവെന്ന് പറഞ്ഞ് അവരെ അടച്ചാക്ഷേപിക്കുന്നത് ശരിയാണോ?

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, വളരെ ശരിയായ കാര്യമാണ് അങ്ങ് പറഞ്ഞത്. അതുകൊണ്ടുതന്നെ ഇതര സംസ്ഥാനതൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കുന്ന ഈ സർക്കാർ മാതൃകാപരമായ പ്രവർത്തനമാണ് ഈ രംഗത്ത് കാഴ്ചവയ്ക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ മലയാളികൾ അതിനെ നല്ല നിലയിൽ അംഗീകരിക്കുന്നുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്.

സംസ്ഥാനത്ത് പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടതാണ് ലോക കേരളസഭ. ലോകകേരള സഭയിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പ്രവാസിക്ഷേമത്തിനുവേണ്ടി പുതിയ നിയമനിർമ്മാണം, തൊഴിൽ നഷ്ടപ്പെട്ടവർക്ക് മറ്റൊരു ജോലി കിട്ടും വരെ അടിയന്തര സാമ്പത്തിക സഹായം, നാട്ടിൽ ജോലി ലഭ്യമാക്കൽ പ്രക്രിയ- ജോബ് പോർട്ടൽ, തിരിച്ചുവരുന്ന കുടുംബങ്ങളുടെ കുട്ടികൾക്ക് നാട്ടിൽ സ്കൂൾ പ്രവേശനം ഉറപ്പാക്കൽ തുടങ്ങിയിട്ടുള്ള നിരവധി കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ചോര നീരാക്കി അദ്ധ്വാനിച്ച് അതിന്റെ വിഹിതം കേരളത്തിലേയ്ക്ക് അയയ്ക്കുന്ന പ്രവാസികളെ എല്ലാ അർത്ഥത്തിലും സഹായിക്കാനുതകുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഈ സർക്കാർ ഒന്നും ചെയ്തിട്ടില്ലെന്ന് എനിക്ക് മുമ്പ് സംസാരിച്ച മുസ്ലീം ലീഗിലെ ഒരംഗം പറഞ്ഞു. നെഞ്ചിൽ കൈ വച്ച് അവർക്ക് പറയാൻ സാധിക്കുമോ? ഇന്ത്യയിൽ സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ വേണ്ടി കഴിഞ്ഞ ഇടതുമുന്നണിയുടെ കാലത്ത് ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ അന്വേഷിച്ച് കണ്ടെത്തിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ അന്ന് അതിനുള്ള തുടർപ്രവർത്തനങ്ങൾ നടത്താൻ വേണ്ടിയെടുത്ത തീരുമാനങ്ങളെ മറന്നുകൊണ്ട് ലീഗിന്റെ പ്രവർത്തകർക്കും അംഗങ്ങൾക്കും സംസാരിക്കാൻ കഴിയുമോ? കേരളത്തിൽ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കുവേണ്ടി ശരിയായ നിലപാട് സ്വീകരിക്കുകയും നടപടികളെടുക്കുകയും ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയുമൊക്കെ ചെയ്തത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരല്ലേ? അതിന് നേതൃത്വം കൊടുത്തയാളാണ് അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പാലോളി മുഹമ്മദ് കുട്ടി.

കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ ക്ഷേമവുമായി ബന്ധപ്പെട്ട് പിന്നോക്കവിഭാഗ കമ്മീഷന് ചുമതലകൾ നിശ്ചയിച്ചിട്ടുണ്ട്. പക്ഷെ അക്കാര്യത്തിൽ കമ്മീഷൻ വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല. മറ്റൊന്ന്, ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന്റെ കലയും സംസ്കാരവും അവരുടെ ജീവിതരീതികളുമെല്ലാം മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്നതിന് ആംഗ്ലോ ഇന്ത്യൻ സമൂഹത്തിന്റെ ഒരു മഹാസംഗമം നടത്താൻ ബഹുമാന്യനായ മന്ത്രി മുൻകയ്യെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, സംസ്ഥാനത്ത് മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ഉപയോഗം വ്യാപകമായിരിക്കുകയാണ്. രാജ്യം മുഴുവൻ മദ്യം വിൽക്കുന്നത് ഗുണകരമാണോയെന്ന് എക്സൈസ് വകുപ്പുമന്ത്രിയും സർക്കാരും ചിന്തിക്കുന്നത് ഗുണകരമാകുമെന്നാണ് എന്റെ അഭിപ്രായം. പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായി 17 വർഷം കൊണ്ട് 20,086 കോടി രൂപ ചെലവഴിച്ചു. അതെവിടെപ്പോയി; പാവപ്പെട്ടവർക്ക് കിട്ടിയിട്ടുണ്ടോ? എസ്.സി./എസ്.ടി. വിഭാഗത്തിന് കിട്ടിയിട്ടില്ല. അക്കാര്യം അന്വേഷണ വിധേയമാക്കണമെന്ന് ആവശ്യപ്പെട്ടിട്ട് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ അനുകൂലമായ നിലപാട് സ്വീകരിക്കുന്നില്ല. ഒരു ആദിവാസിക്ക് പത്ത് ലക്ഷം രൂപ വച്ച് കൊടുക്കാനുള്ള പണം 1956 മുതൽ ചെലവഴിച്ചിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. അവർക്കെന്തെങ്കിലും ഗുണം ലഭിച്ചിട്ടുണ്ടോ? ഇത് ചർച്ച ചെയ്യേണ്ട വിഷയമാണെന്നാണ് എന്റെ അഭിപ്രായം.

പ്രവാസികളുടെ കാര്യം വളരെ ഗൗരവമായി സർക്കാർ ആലോചിക്കണം. വിദേശ രാജ്യങ്ങളിൽ തൊഴിലെടുത്തുകൊണ്ടിരിക്കുന്ന പാവപ്പെട്ട മലയാളി സമൂഹം മുഴുവൻ തിരികെ വന്നുകൊണ്ടിരിക്കുകയാണ്. ഇറാൻ, ഇറാഖ്, അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, സിറിയ, ലബനൻ, ജോർദ്ദാൻ, സുഡാൻ ഉൾപ്പെടെയുള്ള രാഷ്ട്രങ്ങളെ അടിച്ചമർത്തിയിരിക്കുകയാണ്. അവിടെയൊക്കെ ജോലി ചെയ്തിരുന്ന പ്രവാസികൾ നാട്ടിലേക്ക് വണ്ടി കയറാൻ നിൽക്കുകയാണ്. നാട്ടിൽ വരാൻപോലും അവരുടെ കയ്യിൽ കാശില്ല. അവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്ത് ചെയ്യാൻ പോകുന്നുവെന്ന് അറിഞ്ഞാൽ നന്നായിരുന്നു. വിദേശ മലയാളികൾ ഇങ്ങോട്ട് കടന്നുകയറാൻ പോകുകയാണ്. അവരെ എങ്ങനെ സംരക്ഷിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കാനുള്ള ധാർമ്മികത ഈ സർക്കാരിനുണ്ട്. അക്കാര്യം സഭ വളരെ വിശദമായി ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. ടി. എ. റഹീം : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നത് സംബന്ധിച്ചാണ് എല്ലാവരും സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചിട്ടില്ല. പുതിയ ബാറുകൾ അനുവദിക്കില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും നിയമസഭയ്ക്കകത്തും സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ സഭയ്ക്ക് പുറത്തും പ്രഖ്യാപിച്ച സാഹചര്യത്തിൽ അക്കാര്യങ്ങളെ സംബന്ധിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണർ ശ്രീ. ഋഷിരാജ് സിംഗിന്റെ ഒരു ലേഖനം "അരുത് മക്കളെ ഇത് ക്യാൻസർ മസാല" എന്ന ക്വാട്ടിംഗോടുകൂടി ഇന്നലത്തെ കേരള കൗമുദിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മദ്യം മാത്രമല്ല നമ്മുടെ നാട്ടിൽ ഗുരുതരമായ വിഷയങ്ങളു ണ്ടാക്കുന്നത്. കേരളത്തിൽ കാണുന്ന കാൻസറിന്റെ 68 ശതമാനവും പുകയില ജന്യമാണ്. മദ്യത്തിന്റെ ഉപഭോഗം 20 വയസ്സിന് മുകളിലാണെങ്കിൽ 8 വയസ്സുള്ള

സ്കൂൾ കുട്ടികൾ മുതൽ പാൻമസാലയ്ക്ക് അടിമകളാകുന്നുവെന്നാണ് കേരള കൗമുദിയിലെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. ഗുട്ക, പാൻപരാഗ്, കൂൾലിപ്, ഖൈനി, പാസ് പാസ് എന്നീ പേരുകളിലാണ് ഇവ വിൽക്കുന്നത്. ലഹരി കൂട്ടാൻ വിഷാംശമുള്ള ലെഡ്, കാഡ്മിയം ലോഹങ്ങളും കാർബൺ മോണോക്സൈഡ്, ബെൻസോയിൽ എന്നിവയും ചേർക്കുന്നു. കുപ്പിച്ചില്ല് പൊടിച്ച് ചേർക്കുന്നതിനാൽ വായിൽ മുറിവുണ്ടാകുകയും അതിലൂടെ വീര്യം നേരിട്ട് രക്തത്തിൽ കലരുകയും ചെയ്യുന്നു. 2014-ൽ ഇത്തരത്തിലുള്ള 662 കേസ്സുകളാണ് പിടിക്കാൻ സാധിച്ചത്. പക്ഷേ 2018 ഫെബ്രുവരി ആയപ്പോൾ പിടിക്കപ്പെട്ട കേസ്സുകളുടെ എണ്ണം 12,887 ആയി വർദ്ധിച്ചു. സർക്കാരിനുള്ള വരുമാനവും വർദ്ധിച്ചിട്ടുണ്ട്. 2014-ൽ 1,92,400 രൂപയാണ് ഫൈനായി ലഭിച്ചതെങ്കിൽ 2018 ഫെബ്രുവരി ആയപ്പോൾ 25,77,400 രൂപയാണ് സർക്കാരിന് ലഭിച്ചത്. ഈ വർദ്ധനവ് ഗൗരവമായി കാണേണ്ടതാണ്. ഇക്കാര്യത്തിൽ എക്സൈസ് വകുപ്പ് നല്ല തീരുമാനങ്ങളെടുത്ത് മുന്നോട്ട് പോകുന്നുണ്ടെങ്കിലും ഈ വകുപ്പിനെ കൂടുതൽ ശക്തമാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഈ വിഷയമെത്തുന്നത്. വളരെ എളുപ്പത്തിൽ കിട്ടാനും കൊണ്ടുനടക്കാനുമൊക്കെ സൗകര്യമുള്ള പുതിയൊരു സ്റ്റാമ്പുപോലുള്ള മയക്കമരുന്നും ഇറങ്ങിയിട്ടുണ്ട്. ലഹരി ലഭിക്കാനായി ആ സ്റ്റാമ്പ് നക്കിയാൽ മതി. സ്കൂളുകളിലെല്ലാം ഇവ വ്യാപകമാണ്. കുട്ടികളുടെ സ്കൂൾ ബാഗുകളിൽനിന്ന് അദ്ധ്യാപകർ ഇത് കണ്ടുപിടിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ വിദ്യാഭ്യാസ അവകാശ സംരക്ഷണ യജ്ഞമൊക്കെ നടത്തുന്നുണ്ട്, പക്ഷേ ക്ലാസ്സെടുക്കാൻ സാധിക്കുന്നില്ലെന്നാണ് ഇപ്പോൾ പല അദ്ധ്യാപകരും പറയുന്നത്. കുട്ടികളെ ശാസിച്ചാലുടനെ പുതിയ നിയമമനുസരിച്ച് അദ്ധ്യാപകരുടെ പേരിൽ കേസ്സെടുക്കാനുള്ള സംവിധാനങ്ങളാണുള്ളത്. എന്റെ നാട്ടിലെ സ്കൂളിലുള്ള സി.സി.ടി.വി.-യിൽ ഒരു കുട്ടി മയക്കമരുന്നുപയോഗിക്കുന്നത് അദ്ധ്യാപകന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അദ്ദേഹം പ്രതികരിക്കുകയും തുടർന്ന് ആ അദ്ധ്യാപകന് 15 ദിവസം ജയിലിൽ കിടക്കേണ്ട സ്ഥിതിയുണ്ടാകുകയും ചെയ്തു. കഞ്ചാവും മദ്യവുമൊക്കെ സൂക്ഷിക്കാൻ സ്ഥലം ആവശ്യമാണ്. പക്ഷേ സ്റ്റാമ്പും നേരത്തെ പറഞ്ഞ തരത്തിലുള്ള മരുന്നുകളും കണ്ടുപിടിക്കാൻപോലും സാധിക്കില്ല. കേരളത്തിൽ 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 45 ലക്ഷത്തോളമാണെന്നാണ് എക്സൈസ് കമ്മീഷണറുടെ ലേഖനത്തിൽ പറയുന്നത്. ഇതിൽ 70 ശതമാനം കുട്ടികളും ഒരു പ്രാവശ്യമെങ്കിലും ലഹരി ഉപയോഗിച്ചവരാണെന്നാണ് കണക്ക്. കാരണം, സ്കൂൾ പ്രായത്തിലാണ് ലഹരി ഉപയോഗിക്കാൻ പഠിക്കുന്നത്. എക്സൈസ്, പോലീസ് എന്നീ വകുപ്പുകൾ വിചാരിച്ചാൽ മാത്രം ഈ മാരകമായ വിപത്തിനെ തടയാനാകില്ല. നല്ല രീതിയിലുള്ള ബോധവൽക്കരണം ഇക്കാര്യത്തിൽ അനിവാര്യമാണ്.

നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, സർക്കാരിന്റെ നല്ലൊരു പദ്ധതിയാണ് 'വിമുക്തി പദ്ധതി'. ഹരിതകേരളവും ആർദ്രവും വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും ലൈഫ് പദ്ധതിയുംപോലെ പ്രധാനപ്പെട്ടതാണ് വിമുക്തി പദ്ധതി. സ്കൂളുകളിൽ

കുടുംബശ്രീ യൂണിറ്റുകളും എക്സൈസ് വകുപ്പും ചേർന്ന് വിമുക്തി ക്ലബ്ബുകൾ രൂപീകരിച്ച് വളരെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ബാറുകളെ സംബന്ധിച്ച് വലിയൊരു ചർച്ചയാണ് ഇവിടെ നടന്നത്. ഈ സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചിട്ടില്ലെന്ന് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചു. കാരണം, ദേശീയ പാതയിൽനിന്നും 500 മീറ്റർ ദൂരപരിധിയിലുള്ള ഷാപ്പുകളൊക്കെ പൂട്ടാനുള്ള ഉത്തരവ് സുപ്രീംകോടതി നേരത്തെ കൊടുത്തിരുന്നു. വീണ്ടും സുപ്രീംകോടതി തന്നെ അത് മാറ്റിയെന്നുള്ളതാണ് പ്രശ്നം. സുപ്രീംകോടതി ഇത് നിരോധിച്ചപ്പോൾ അതിനെതിരായി സർക്കാർ അപ്പീൽ പോയിട്ടില്ലെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്.

മദ്യത്തെ സംബന്ധിച്ച് ചില ആളുകൾ ഇവിടെ സംസാരിക്കുകയുണ്ടായി. 1968-ലാണ് സംസ്ഥാനത്ത് അബ്കാരി നിയമം പൊളിച്ചെഴുതിയത്. 1968-ൽ ഞാനും ശ്രീ. വി. കെ. സി. മമ്മത് കോയയുമൊക്കെയുള്ള നാട്ടിൽ മദ്യം കുടിക്കാനോ സൂക്ഷിക്കാനോ വിൽക്കാനോ ഉണ്ടാക്കാനോ പാടില്ലായിരുന്നു. 1968-നു ശേഷമാണ് ഞങ്ങളുടെ നാട്ടിൽ ഇതൊക്കെ വന്നത്. 1982-ലാണ് മദ്യം വിൽക്കാനായി ഒരു കോർപ്പറേഷൻ രൂപീകരിക്കണമെന്ന് സർക്കാർ തീരുമാനിച്ചത്. അതൊക്കെ ആരുടെ കാലത്താണ് നടന്നതെന്ന് ആലോചിക്കണം. അന്ന് ഞാൻ മുസ്ലീം ലീഗിലായിരുന്നു. അന്ന് മന്ത്രിമാരായിരുന്ന പ്രമുഖരായ നേതാക്കളെ ഞങ്ങൾ വിമർശിച്ചപ്പോൾ അവർ ഞങ്ങളോട് പറഞ്ഞത്, ക്രിസ്ത്യാനികൾക്ക് അവരുടെ ആരാധനയുടെ ഭാഗമാണ്, ചില കാവുകളിൽ കള്ള് ഉപയോഗിക്കുന്നുണ്ട്, അവരുടെ മതത്തിന്റെ കാര്യത്തിൽ നമുക്ക് ഇടപെടേണ്ട, നമ്മൾ കുടിക്കാത്തത് ഖുർ ആൻ പറഞ്ഞിട്ടാണ്, അല്ലാതെ ഇവിടെ നിയമമുണ്ടായതുകൊണ്ടൊന്നുമല്ല എന്നാണ്. പക്ഷേ ആ ഖുർ ആനൊക്കെ തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇപ്പോൾ ഇവർക്കെന്താണ് ഇങ്ങനെയൊരു മാറ്റമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അന്നത്തെ ഖുറാൻ തന്നെയാണ് ഇപ്പോഴുമുള്ളത്. അതുകൊണ്ട് ഞാനും ശ്രീ. കെ. എൻ. എ. ഖാദറുമൊക്കെ മദ്യം കുടിക്കാത്തത് ഖുറാൻ പറഞ്ഞിട്ടാണെന്ന് മനസ്സിലാക്കിയാൽ മതി. മാത്രവുമല്ല മുസ്ലീങ്ങൾ നിർബന്ധിച്ച് കുടിക്കാൻ പറയാത്തിടത്തോളംകാലം ഞങ്ങൾക്ക് അതിൽ ഇടപെടേണ്ടതില്ലെന്ന് സംസ്ഥാന മുസ്ലീം ലീഗ് സെക്രട്ടറി ഇപ്പോൾത്തന്നെ ഫത്‌വ പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചില സൂപ്പർ മാർക്കറ്റുകളിൽ മദ്യം വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ചപ്പോൾ അദ്ദേഹം കൊടുത്ത ഫത്‌വ ഇപ്പോൾ മാധ്യമങ്ങളിലും നവമാധ്യമങ്ങളിലും നിറഞ്ഞിരിക്കുകയാണ്. മദ്യവ്യാപനത്തെ ഞാൻ അനുകൂലിക്കുന്നില്ല. ഇപ്പോൾ സുപ്രീംകോടതിയുടെ വിധിയാണല്ലോ പ്രധാനപ്പെട്ട വിഷയം. അത് നമുക്കെല്ലാവർക്കുമറിയാം. ഈ സർക്കാർ മദ്യനയം പ്രഖ്യാപിച്ചിട്ടുമില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. എം. വിൻസെന്റ്: സർ, 2017 ജൂൺ 8-ന് ഈ സർക്കാർ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, അക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയും. മദ്യനയം നടപ്പാക്കാൻ സാധിക്കാതെ വന്നതിന്റെ കാരണം സുപ്രീംകോടതിയുടെ ഇടപെടലാണെന്നാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് നടപ്പാക്കാൻ സാധിച്ചിട്ടില്ല. ദൂരത്തിന്റെ വിഷയമാണ് നിങ്ങൾ പറയുന്നതെങ്കിൽ കള്ളുഷാപ്പുകളിലും ബാറുകളിലും നിന്നുമുള്ള ദൂരം 200-ൽ നിന്നും 50 മീറ്ററാക്കി കുറച്ചിട്ടില്ല. അതൊന്നും വലിയ വിഷയമായി കാണേണ്ടതില്ല. അതൊക്കെ നേരത്തെയുണ്ടായിരുന്ന ചില കാര്യങ്ങൾ തന്നെയാണ്. കഴിഞ്ഞ ദിവസം ഇങ്ങനെ വന്നതുമായി ബന്ധപ്പെട്ട കുറ്റം ഡോ. കെ. ടി. ജലീൽ പകുതി ഏറ്റെടുക്കുമോയെന്ന് ചിലർ ചോദിച്ചു. ചിലപ്പോൾ ഏറ്റെടുക്കേണ്ടിവരും. തിരുവംപറമ്പിൽ നാദാപുരവുമായി ബന്ധപ്പെട്ട് ഒരു പ്രശ്നമുണ്ടായപ്പോൾ, അവിടെ നഫീസുവെന്ന സ്ത്രീയെ ബലാൽസംഗം ചെയ്തെന്ന് പറഞ്ഞ് ചില നേതാക്കന്മാർ അവിടെ പ്രസംഗിച്ചു. സംഭവം വിശ്വസിച്ച് പ്രസംഗിച്ചവരാണ് അവർ. അതിൽ മാപ്പ് ചോദിക്കുന്നതിൽ തെറ്റൊന്നുമില്ല. ഞാനും അന്ന് പ്രസംഗിച്ച ആളാണ്. അതിന്റെ കൂടെ ഒരു നിസ്കാര പായ കൂടിയുണ്ടാക്കി. ബലാൽസംഗം മാത്രമല്ല, അത് നിസ്കാരപായയിൽ നിന്നാണ് എന്നുള്ള ഒരു വെർഷൻ ഉണ്ടാക്കിയെന്നുമാത്രമല്ല, നഫീസുവിന് ഒരു കുട്ടി ഉണ്ടായിരുന്നു, ആ കുട്ടിക്ക് അന്ന് 4 വയസ്സാണ്, എന്നാൽ ആ കുട്ടിയുടെ വയസ്സ് 8 ആക്കി. എന്നിട്ട് എട്ടുംപൊട്ടും തിരിയാത്ത 8 വയസ്സുകാരിയെ ബലാൽസംഗം ചെയ്തുവെന്നുള്ള രൂപത്തിലുള്ള വിഷയങ്ങളൊക്കെയാണ് അന്ന് പറഞ്ഞത്.

ശ്രീ. സി. കെ. നാണു: സർ, ഞാൻ മന്ത്രിയായിരുന്ന അവസരത്തിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാർ, അന്നത്തെ മന്ത്രി കെ. ഇ. ഇസ്മയിലിനോടും എന്നോടും അവിടെ നേരിട്ടുപോയി ഈ കാര്യം സംസാരിക്കാൻ പറഞ്ഞു. ഞങ്ങൾ അവരോട് അതിനെപ്പറ്റി ചോദിച്ചപ്പോൾ അവർ പറയുകയാണ്, ഞാനെടുത്തുകൊണ്ടു നടന്ന ചെറുക്കനാണത്. അവൻ എന്നോട് അങ്ങനെ പെരുമാറുമോ എന്നാണ്. സത്യമാണ് ഞാൻ പറയുന്നത്. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഞങ്ങളോട് ആ പ്രശ്നം ഒത്തുതീർപ്പാക്കണമെന്ന് പറഞ്ഞു. എനിക്ക് തോന്നുന്നത്, പിന്നീട് പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് നിയമസഭയിൽ അത്തരമൊരു പരാമർശം വന്നപ്പോൾ സംസാരിക്കുകയും ചെയ്തു. ഞാൻ എവിടെയെങ്കിലും മീറ്റിംഗിന് ചെല്ലുമ്പോൾ 'ദാ വടകരക്കാരൻ വരുന്നു, ഇതിനെ സംബന്ധിച്ച് വിശദീകരിക്കുമെന്ന് പറഞ്ഞ് എന്നെയും ഭ്രാന്തനാക്കിയ ഒരു കാര്യമായിരുന്നു അത്.

ശ്രീ. പി. ടി. എ. റഹീം: സർ, അത് പറഞ്ഞ് ഫലിപ്പിച്ചതിന്റെ ഫലമായി ഒരാളെ ബസ് സ്റ്റാൻഡിലിട്ട് നിഷ്ഠുരണം വെട്ടിക്കൊന്നുവെന്നാണ് പറയുന്നത്. ആ വിഷയത്തിലേയ്ക്ക് ഞാൻ പോകുന്നില്ല.

ഈ രാജ്യത്ത് ഏറ്റവും കൂടുതൽ ഓർഫനേജുകൾ നടത്തുന്നത് ക്രിസ്ത്യാനികളും മുസ്ലീങ്ങളുമാണ്. ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടാണ് ഈ സ്ഥാപനങ്ങൾ നടത്തുന്നത്. എന്നാൽ കേന്ദ്രം ജുവനൈൽ ജസ്റ്റിസ് ആക്ട് കൊണ്ടു വന്നപ്പോൾ ഓർഫനേജുകൾ നടത്തിക്കൊണ്ടു പോകാൻ വലിയ പ്രയാസം നേരിട്ടുവെന്ന് എല്ലാവർക്കുമറിയാം. ബഹുമാന്യയായ ശ്രീമതി ടീച്ചർ ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന അവസരത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളൊന്നും ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ വരുന്നതല്ലെന്നുള്ള ഒരുത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഓർഫനേജുകൾ നടന്നുവന്നത്. കഴിഞ്ഞ പ്രാവശ്യം ഡോ. എം. കെ. മുനീർ ആ വകുപ്പിന്റെ മന്ത്രിയായിരുന്ന കാലത്തുണ്ടായിട്ടുള്ള വിഷയങ്ങൾ പ്രത്യേകിച്ച് പറയേണ്ടതില്ല, അദ്ദേഹം ആ ഉത്തരവ് ക്യാൻസൽ ചെയ്തതിനാൽ ഇപ്പോൾ ഓർഫനേജുകൾ നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. സുപ്രീംകോടതിയിലും ഹൈക്കോടതിയിലുംനിന്ന് മോശമായ വിധികളുണ്ടായപ്പോൾ അന്നത്തെ സർക്കാർ അതിനനുകൂലമായ നയം സ്വീകരിച്ചതുകൊണ്ടാണ് അത്തരമൊരു പ്രശ്നം ഓർഫനേജുകളിൽ ഉണ്ടായത്. ഇപ്പോൾ ഈ സർക്കാർ സുപ്രീംകോടതിയിലും ഹൈക്കോടതിയിലും വളരെ ശരിയായ രീതിയിലുള്ള നയസമീപനം സ്വീകരിച്ചതുകൊണ്ട് ഹൈക്കോടതിയിൽ നിന്നും ഓർഫനേജുകൾ നടത്തിക്കൊണ്ടുപോകുന്നതിനുള്ള ഉത്തരവ് കിട്ടിയിട്ടുണ്ട്. പഴയ സർക്കാരിന്റെ നിലപാടിന് എതിരായിട്ടുപോലും ഈ സർക്കാർ അക്കാര്യത്തിൽ അപ്പീലിന് പോയിട്ടില്ല. മാത്രമല്ല സുപ്രീംകോടതിയിൽ ഈ കേസ് സംബന്ധിച്ച വാദപ്രതിവാദം വന്നപ്പോൾ കേരള സർക്കാർ എടുത്ത നിലപാട് സമസ്ത കേരള ജമിയ്യത്തുൽ ഉലമ എന്ന സംഘടന കൊടുത്തിട്ടുള്ള കേസ്സിന് അനുകൂലമായ നിലപാടാണ്. സമസ്ത കേരള ജമിയ്യത്തുൽ ഉലമ ലീഗിന്റെ ഒരു ഭാഗമാണോ അല്ലയോ എന്നുള്ളത് ഇവിടെ ചർച്ച ചെയ്യേണ്ട. അങ്ങനെയൊരു നിലപാട് സുപ്രീംകോടതിയിൽ സ്വീകരിക്കാൻ ശ്രീ. പിണറായി വിജയന്റെ പരിശ്രമം എന്തായിരുന്നെന്ന് വളരെ വ്യക്തമായി പറയാൻ കഴിയും. ഞാനും ശ്രീ. കെ. എൻ. എ. ഖാദറുമൊക്കെ ആ കമ്മിറ്റിയിലുള്ള ആളുകളാണ്. അതുകൊണ്ട് ഈ സർക്കാർ ന്യൂനപക്ഷങ്ങളോട് ഏത് രീതിയിൽ പെരുമാറുന്നുണ്ടെന്നറിയാൻ ഈ കാര്യം മാത്രം മതിയെന്ന് സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അധികാരത്തിൽ വന്ന് രണ്ടുവർഷം കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ സംബന്ധിച്ച് ഭരണകക്ഷി അംഗങ്ങൾ ചില കാര്യങ്ങൾ സൂചിപ്പിച്ചു. പ്രധാനമായി പറഞ്ഞിരിക്കുന്നത് പൊതുവായ വികസനങ്ങളാണ്. ഞാൻ ഈ

പദ്ധതികളൊക്കെ പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞത്, ഹാംലെറ്റ് പദ്ധതി, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി കൊണ്ടുവന്ന പദ്ധതിയാണ്. അതിനെ പുതിയ പദ്ധതിയെന്ന് പറഞ്ഞ് അംബേദ്കറുടെ പേരിട്ട നടപടി സ്വാഗതാർഹമാണ്. അദ്ദേഹത്തിന്റെ പേരിൽ ഒരു പുതിയ പദ്ധതി നടപ്പാക്കാൻ കഴിയുന്നില്ലായെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത്തരം പദ്ധതികൾ കുറച്ചുകൂടി ദീർഘവീക്ഷണത്തോടുകൂടി നടപ്പാക്കാനുള്ള സാഹചര്യമാണുണ്ടാകേണ്ടത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. കൊഴിഞ്ഞുപോക്ക് തടയുന്നതിനും അവരെ സ്കൂളുകളിലേയ്ക്ക് എത്തിക്കുന്നതിനുമുള്ള ഗോത്രസാരഥി പദ്ധതി യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയ പദ്ധതിയാണ്. ആ പദ്ധതിയെക്കുറിച്ച് ഒരു വിലയിരുത്തൽ ആവശ്യമാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏറ്റെടുത്തിട്ടുള്ള പല വിദ്യാലയങ്ങളും ഇന്ന് ഒഴിവായി എന്നുള്ള പരാതി വ്യാപകമായി വന്നുകൊണ്ടിരിക്കുകയാണ്. ആ പദ്ധതി കുറച്ചുകൂടി കാര്യക്ഷമമായി നടപ്പാക്കണം.

കഴിഞ്ഞ ദിവസം വയനാട്ടിൽ കവിത എന്ന സഹോദരി കെ.എസ്.ആർ.ടി.സി. ബസ്സിൽ പ്രസവിക്കാനിടയായി. അവരെയൊക്കെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് 'ജനനി ജന്മരക്ഷ പദ്ധതി' സംസ്ഥാന സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതിയിൽ കാതലായ മാറ്റങ്ങളുണ്ടാക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തിറക്കിയ ഉത്തരവനുസരിച്ച് മാത്രമാണ് ഇപ്പോഴും കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ശ്രദ്ധ ചെലുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എ.ടി.എസ്. പദ്ധതിയനുസരിച്ച് നിരവധി വീടുകൾ അനുവദിച്ചുവെങ്കിലും ഈ വീടുകളുടെ പണി പൂർത്തീകരിക്കാൻ കഴിയുന്നില്ല. കാരണം, വയനാട് ജില്ലയിൽ ടി.എസ്.ബി. അക്കൗണ്ടിലുള്ള മുഴുവൻ തുകയും സർക്കാർ പിൻവലിച്ചെന്നാണ് കേൾക്കുന്നത്. ആ തുക തിരിച്ചുകൊടുത്താൽ മാത്രമേ അവർക്കാവശ്യമായ ഗഡു കൊടുത്തുകൊണ്ട് മാർച്ച് 31-ന് മുമ്പ് ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയൂ. കഴിഞ്ഞ കാലങ്ങളിലൊന്നും ഈ പ്രവണത ഉണ്ടായിട്ടില്ല.

ഇവിടെ പഠനമുറികളുടെ കാര്യം സൂചിപ്പിച്ചു. ശ്രീ. ആർ. രാജേഷ് പറഞ്ഞത് ഏതാണ്ട് 5000 പഠനമുറികൾ കേരളത്തിൽ നടപ്പാക്കാൻ പോകുന്നുവെന്നാണ്. ഇവിടെ 100 പഠനമുറികൾ പ്രഖ്യാപിച്ചു. അതിൽ 45 പഠനമുറികൾ നടപ്പാക്കി. നടപ്പാക്കിയ പഠനമുറികളുടെ സ്ഥിതിയെന്താണ്? കമ്പ്യൂട്ടറും ലാപ് ടോപ്പും ഉൾപ്പെടെയുള്ള എല്ലാ ഉപകരണങ്ങളും വാങ്ങി ഒരു മുറിയിലിട്ട് പൂട്ടിയിട്ടിരിക്കുകയാണ്. മാത്രമല്ല, എന്റെ മണ്ഡലമായ സുൽത്താൻ ബത്തേരിയിൽ 9 പഠനമുറികൾ

അനുവദിച്ചിട്ട് ഈ നിമിഷംവരെ അതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. അതോടൊപ്പംതന്നെ 'ഗോത്രബന്ധു' പദ്ധതി, മെന്റർ ടീച്ചർമാരുടെ നിയമനം എന്നിവയെ സ്വാഗതം ചെയ്യുന്നു. 241 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ കൊടുത്തു. എന്നാൽ അവർക്കാവശ്യമായ പരിശീലനമോ സംരക്ഷണമോയില്ല. ഇനി അവരുടെ ഭാവി എന്താണെന്ന് ചിന്തിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ബഡ്ജറ്റിൽ പോലും അത് പ്രതിപാദിച്ചിട്ടില്ല. പി. കെ. കാളൻ പട്ടികവർഗ്ഗ മേഖലയിലെ ഒരു യോദ്ധാവായിരുന്നു. അദ്ദേഹം വയനാട് ജില്ലയിലെ കറയറ്റ രാഷ്ട്രീയ നേതാവും കലാകാരനുമായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ കുടുംബക്ഷേമ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചതല്ലാതെ അവ നടപ്പിലാക്കിയിട്ടില്ല. പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്ന ഒരു സർക്കാരായി മാറിയിരിക്കുകയാണ്.

സംസ്ഥാനത്തൊരു ആദിവാസി നയം കൊണ്ടുവരണമെന്നാവശ്യപ്പെട്ടു കൊണ്ട് ശ്രീ. പി. ടി. തോമസ് ഉന്നയിച്ച സബ്മിഷൻ നടപ്പാക്കാൻ സർക്കാർ തയ്യാറാകണം. പട്ടികവർഗ്ഗക്കാർക്ക് നേരെയുള്ള അതിക്രമങ്ങളും അക്രമങ്ങളും കൂടിവരികയാണ്. ഇവിടെ സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ കാര്യങ്ങൾ പറഞ്ഞു. ലീഡർ കെ. കരുണാകരൻ കൊണ്ടുവന്ന ഒരു നിയമസംവിധാനമാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള കോളനികൾ സന്ദർശിച്ചു. അതിനുശേഷം പട്ടികവർഗ്ഗക്കാരായ, വനത്തിനുള്ളിൽ കഴിയുന്ന ഉദ്യോഗാർത്ഥികളെ പോലീസുദ്യോഗസ്ഥരായി നിയമിക്കുമെന്ന് അദ്ദേഹം ഈ സഭയിൽ പ്രസ്താവിച്ചു. അത് ഈ സർക്കാർ തുടർപദ്ധതിയായി നടപ്പാക്കുന്നുവെന്നത് സ്വാഗതാർഹമാണ്. എന്നാൽ ആ പദ്ധതി കുറച്ചുകൂടി കാര്യക്ഷമമാക്കി ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും തൊഴിൽ കൊടുക്കുന്ന സംവിധാനം സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

2.00 PM]

കഴിഞ്ഞ ദിവസം ശ്രീ. എം. വിൻസെന്റിന്റെ ചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2111 അതിക്രമങ്ങൾക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നും രണ്ടുപേരെ ശിക്ഷിച്ചിട്ടുണ്ടെന്നുമാണ്. അട്ടപ്പാടി കടുകമണ്ണ കോളനിയാണ് മധുവിന്റെ ജന്മസ്ഥലം. ജീവിത സുരക്ഷിതത്വം നോക്കി മധു വനത്തിലെ ഒരു ഗുഹയിൽ താമസിച്ചു. അങ്ങനെ ഗുഹയിൽ താമസിച്ചിരുന്ന മധുവിനെ ഒറ്റി കൊടുത്തതാരാണ്; അങ്ങനെ ഒറ്റി കൊടുത്തതിന്റെ പേരിലാണ് ഒരുപറ്റം ജനങ്ങൾ അവിടെ ചെന്ന് മധുവിനെ പിടികൂടുകയും മർദ്ദിക്കുകയും ചെയ്തത്. മധുവിനെ ഒറ്റികൊടുത്ത വനം വകുപ്പ് ഉദ്യോഗസ്ഥന്റെ പേരിൽ ഇന്നും നടപടി സ്വീകരിച്ചിട്ടില്ല. മധുവിനെ വാഹനത്തിൽ കയറ്റി പോലീസ് സ്റ്റേഷനിൽ

കൊണ്ടുപോയി. മധുവിനെ പോലീസ് എങ്ങനെയാണ് സ്വീകരിച്ചതെന്നതുപോലും സ്ഥിരീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. അത്തരത്തിലുള്ള നിരവധി അക്രമങ്ങൾക്ക് ഇന്ന് പട്ടികവർഗ്ഗക്കാർ ഇരയാകുകയാണ്. രണ്ടു ദിവസം മുമ്പ് ഇതുപോലൊരു അക്രമം നടന്നു. എന്റെ നിയോജകമണ്ഡലത്തിലെ മുള്ളംകൊല്ലി പഞ്ചായത്തിൽ നാരായണന്റെ മകൻ വിനോദ് കന്നാരംപുഴയിൽ കുളിക്കാൻ പോയപ്പോൾ വനം വകുപ്പ് ഉദ്യോഗസ്ഥർ അദ്ദേഹത്തെ ഭീഷണിപ്പെടുത്തി. തുടർന്ന് സംഘർഷമുണ്ടാകുകയും മനോവീര്യം തകർന്ന ആ യുവാവ് ആത്മഹത്യ ചെയ്യുകയും ചെയ്തു. ഇത്തരത്തിൽ നിരവധി സംഭവങ്ങൾ നടക്കുമ്പോൾ അതൊന്നും കാണാതെ ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. രാഷ്ട്രീയം നോക്കാതെ കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാരിന് കഴിയണം. പോലീസ് ഉദ്യോഗസ്ഥരെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം. പട്ടികവർഗ്ഗ മേഖലയിൽ ഇന്നും ചൂഷണം നടക്കുകയാണ്. രണ്ട് വർഷമായിട്ടും ഈ സർക്കാരിന് പട്ടികവർഗ്ഗ മേഖലയിൽ കാര്യക്ഷമമായ ഒരു പദ്ധതിയും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന പദ്ധതികൾ അങ്ങോട്ടുമിങ്ങോട്ടും മറിച്ച് വികസനങ്ങൾ നടത്തുന്നു. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. വയനാട് ജില്ലയിലെ ഗോത്രവർഗ്ഗത്തിൽപ്പെട്ട ടി.ടി.സി.-യും ബി.എഡ്.-ഉം പാസ്സായ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും ഈ സർക്കാർ തൊഴിൽ നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഗോത്രവർഗ്ഗത്തിൽപ്പെട്ട നവജാത പെൺകുഞ്ഞുങ്ങൾക്ക് 16 വയസ്സ് പൂർത്തിയാകുമ്പോൾ 3 ലക്ഷം രൂപ ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് തുക അനുവദിക്കുന്നുണ്ടെന്ന് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പട്ടികവർഗ്ഗ കോളനികളിലെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് കമ്മ്യൂണിറ്റി പഠനമുറികൾ നിർമ്മിക്കാൻ 5 ലക്ഷം രൂപ നൽകാനുള്ള നടപടി സ്വീകരിക്കുകയും പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതി/യുവാക്കൾക്ക് വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കാനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. വിദേശത്തുള്ള വ്യവസായികളെ മലയാളികളുമായി ബന്ധപ്പെടുത്തി അവിടെ തൊഴിലവസരം സൃഷ്ടിക്കുകയും ഇതിനകം 650 പേരെ ഗൾഫിലേയ്ക്ക് അയയ്ക്കാനും അവരുടെ യാത്രയ്ക്ക് ഒരു ലക്ഷം രൂപ നൽകാനും തീരുമാനിച്ചത് ശ്രദ്ധേയമാണ്.

ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഗോത്ര രശ്മി പദ്ധതി, ലഹരി രഹിത ഗോത്രം സൃഷ്ടിക്കുക എന്നിവയുൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി ഉയർന്നുവരുന്നത്. നമ്മുടെ പൊതുസമൂഹമാകെ

ആലോചിക്കേണ്ട ഒരു പ്രശ്നമാണിത്. ലഹരി ഉപയോഗത്തിലേയ്ക്ക് വഴി തെറ്റിക്കുന്ന ശ്രമം നടത്തുന്നവരെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രതിനിധികളോ വിവിധ മേഖലകളിലുള്ള പ്രതിനിധികളോ ആരായാലും അവരെ ഒറ്റപ്പെടുത്തുമെന്നൊരു തീരുമാനം കൈക്കൊള്ളാൻ പൊതു സമൂഹം തയ്യാറാകേണ്ടതുണ്ട്. എങ്കിൽ മാത്രമേ ലഹരി വിമുക്തിക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ സാധിക്കൂ.

പട്ടികജാതി വികസന വകുപ്പ് തൊഴിൽദാന പദ്ധതികളുമായി സജീവമായി മുന്നോട്ടുവരുന്നതായാണ് നമുക്ക് കാണാൻ കഴിയുന്നത്. ആയുർവ്വേദം, സ്പോർട്സ് ഫിസിയോതെറാപ്പി, അക്കൗണ്ടിംഗ് തുടങ്ങിയ മേഖലകളിൽ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് മുന്നോട്ടുപോകുകയാണ്. ആയുർവ്വേദ നഴ്സിംഗ്, ഫാർമസി, പഞ്ചകർമ്മ തുടങ്ങിയ വിഭാഗങ്ങളിൽ സൗജന്യ കോഴ്സുകൾ നൽകാനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. ആദിവാസികൾക്കുള്ള സമഗ്ര സാക്ഷരത പദ്ധതിയുടെ ഭാഗമായി വിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുകയാണ്. ആദിവാസി യുവതി-യുവാക്കൾക്ക് കായികശേഷിയിൽ ഇളവ് നൽകി പി.എസ്.സി. ഇന്റർവ്യൂ മാത്രം നടത്തി സിവിൽ പോലീസ് ഓഫീസർമാർ, എക്സൈസ് ഓഫീസർമാർ എന്നീ തസ്തികകളിൽ നിയമിക്കുന്നത് പുതിയൊരു സമീപനമാണ്. ഇത്തരം കാര്യങ്ങളെല്ലാം ആദിവാസി മേഖലകളിൽ ഈ സർക്കാർ സ്വീകരിക്കുന്ന സമീപനങ്ങളാണ് കാണിക്കുന്നത്. ഇന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവന ഏറെ ശ്രദ്ധേയമാണ്. സ്വാതന്ത്ര്യാനന്തരം പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിവിധ മേഖലകൾ പരിശോധിച്ചാൽ വിവിധ പദ്ധതികൾ ഇനിയും പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്ന കാഴ്ചപ്പാടിന്റെ ഭാഗമായി, പ്രത്യേക റിക്രൂട്ട്മെന്റ് സംവിധാനത്തിലൂടെ അതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കേരളം മുൻകയ്യെടുക്കുന്നുവെന്നാണ് മുഖ്യമന്ത്രി ഇന്ന് സൂചിപ്പിച്ചത്. അതിന് സഹായകരമായ രീതിയിലുള്ള നിലപാടുകൾ സ്വീകരിച്ചുകൊണ്ടാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. ഈ മാസം പോലീസ്, എക്സൈസ് മേഖലകളിൽ 200 പേർക്ക് നിയമനം നൽകാനുള്ള നടപടി ആരംഭിച്ചിരിക്കുകയാണ്. അതിനെത്തുടർന്ന് ആ മേഖലകളിലെ ആനുപാതിക പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. മാത്രമല്ല പുതിയ തലമുറയ്ക്ക് പഠിക്കണമെന്ന തോന്നലുണ്ടാക്കാനുള്ള സമീപനവും കൂടി ഇതിന്റെ ഭാഗമായി ഉയർന്നുവരികയാണ്. ഇത്തരം ആളുകൾ കുടുംബങ്ങളിലുണ്ടാകുന്ന മുറയ്ക്ക് അവരുടെ സഹോദരി/സഹോദരന്മാരിൽ പഠിക്കണമെന്ന ഉൾക്കാഴ്ച ഉയർത്തിക്കൊണ്ടുവന്ന് ആ മേഖലയെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടക്കുന്നത്.

വരാൻ പോകുന്ന മൂന്ന് വർഷം കൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിലെ വീടില്ലാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സമീപനങ്ങളുമായി മുന്നോട്ട് പോവുകയാണ്. ഗോത്ര വാൽസല്യ നിധി അംഗീകാരം എൽ.ഐ.സി.-യുമായി

ചേർന്ന് നടപ്പിലാക്കുന്നതിനെക്കുറിച്ച് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അത് ഏറെ സ്വാഗതാർഹമാണ്. 2017-18 വർഷത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ മികച്ച നേട്ടമാണ് നേടിയത്. സാംസ്കാരിക രംഗത്ത്, അവരുടെ തനത് കലകൾ പ്രോൽസാഹിപ്പിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് 'ഗദ്ദിക' പരിപാടി വളരെ വിജയകരമായി നടത്തിയത്. കഴിഞ്ഞ വർഷം ഇത് നടന്നത് നാദാപുരം മണ്ഡലത്തിലെ വളയം എന്ന സ്ഥലത്തായിരുന്നു. ഇതുവരെ നടന്നതിൽ വച്ച് ഏറ്റവും വലിയ ജനകീയ പങ്കാളിത്തമാണ് അവിടെ ഉണ്ടായതെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ സൂചിപ്പിക്കുകയുണ്ടായി. ഈ വർഷം അത് പൊന്നാനിയിൽ നടന്നു. ആദിവാസി കുടുംബങ്ങളോടൊപ്പം ബഹുമാനപ്പെട്ട മന്ത്രിയും ഞാനും കൂടി പങ്കെടുത്തുകൊണ്ടാണ് കഴിഞ്ഞ വർഷത്തെ ഓണാഘോഷം നടത്തിയത്. അവിടെയുള്ള എല്ലാവരും ഇത് സ്ഥിരമായി നടത്തണമെന്നും പുതിയ തലമുറയെ അത്തരം ആഘോഷങ്ങളിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമത്തിന് സഹായകരമാകണമെന്ന നിർദ്ദേശവും ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ വയ്ക്കുകയുണ്ടായി.

തൊഴിലില്ലായ്മ പരിഹരിക്കാനുള്ള പുതിയ സംരംഭങ്ങളാണ് തൊഴിൽ വകുപ്പ് സ്വീകരിക്കുന്നത്. മാനവവിഭവശേഷി പരിശീലന രംഗത്ത് പുതിയ സംരംഭങ്ങളുമായി തൊഴിൽ വകുപ്പ് മുന്നേറുകയാണ്. പതിനായിരക്കണക്കിനാളുകൾക്ക് തൊഴിലുറപ്പ് നൽകി തൊഴിൽ നൈപുണ്യ മേഖലയിൽ പുത്തൻ കാൽവയ്പ്പുകൾക്കൊരുങ്ങിയത് ഏറെ അഭിനന്ദനാർഹമാണ്. ഇതര സംസ്ഥാന തൊഴിലാളികളെ അതിഥികളായി കാണുന്നത് നമ്മുടെ പാരമ്പര്യമാണ്. ആ നിലയിലേയ്ക്ക് അവരെ കൊണ്ടുവരാനാണ് ബന്ധപ്പെട്ട വകുപ്പും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും നടപടികൾ സ്വീകരിച്ചിട്ടുള്ളത്. 5 ലക്ഷം അംഗങ്ങളുടെ ആദ്യവർഷത്തെ പ്രീമിയം സർക്കാർ നേരിട്ട് അടയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അവർ അതിഥികളല്ല, നമ്മുടെ സഹോദരന്മാരാണെന്ന് കണ്ടുകൊണ്ടുള്ള മാതൃകാപരമായ നടപടിയാണ് ഇതിലൂടെ വകുപ്പ് സ്വീകരിക്കുന്നത്.

ഇതരസംസ്ഥാന തൊഴിലാളികളെ മലയാളം പഠിപ്പിക്കാനുള്ള പദ്ധതിയാണ് 'ചങ്ങാതി'. അവരെ മലയാളം പഠിപ്പിക്കുന്ന മുറയ്ക്ക് നമുക്ക് ഹിന്ദിയും ബംഗാളിയും പഠിക്കാനുള്ള അവസരം കൂടിയുണ്ടാവുകയാണ്. അവരുമായി ഇടപഴകുന്നത് ഭാഷ പഠിക്കാൻ സഹായിക്കും. രാഷ്ട്രഭാഷയാണെങ്കിലും ഹിന്ദി പഠിക്കാത്തവരാണ് നമ്മളിൽ ഭൂരിഭാഗം ആളുകളും. അവരിൽ നിന്നും നാം ഹിന്ദിയും പഠിക്കുകയാണ്. ഇതര സംസ്ഥാനക്കാർക്കുള്ള അപ്നാ ഘർ പദ്ധതി മാതൃകാപരമാണ്. ഇതരസംസ്ഥാന തൊഴിലാളികൾ ഏകദേശം 25 ലക്ഷം പേരുണ്ടെന്നാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്ക്. യഥാർത്ഥത്തിൽ ഇവരുടെ എണ്ണം അതിനേക്കാൾ കൂടുതലായിരിക്കും. ആവാസ് പദ്ധതിയിലൂടെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

മദ്യവുമായി ബന്ധപ്പെട്ട പ്രശ്നം ഗൗരവമേറിയതാണ്. മദ്യപാനികളെ അതിൽ നിന്നും മോചിതരാക്കാനുള്ള 'വിമുക്തി' പദ്ധതി വളരെ വിജയകരമായാണ് നടക്കുന്നത്. വൻതോതിൽ മയക്കുമരുന്നും മറ്റ് ലഹരി വസ്തുക്കളും കടന്നുവരുന്ന ഒരു സംസ്ഥാനമാണ് കേരളമെന്ന് തിരിച്ചറിഞ്ഞത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. ലക്ഷക്കണക്കിന് കേസുകളിലൂടെ കോടികൾ വിലമതിക്കുന്ന ലഹരിവസ്തുക്കളാണ് പിടിക്കപ്പെടുന്നത്. എക്സൈസ് വകുപ്പ് നിതാന്തജാഗ്രതയോടെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നത്. അതിന് സഹായകരമായ നിലപാടാണ് 'വിമുക്തി' പദ്ധതിയിലൂടെ ആവിഷ്കരിച്ചത്. വാർഡുതലത്തിലും അത്തരം പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഈ സർക്കാരിന്റെ പ്രഖ്യാപിത നയമെന്ന നിലയ്ക്ക് മദ്യവർജ്ജനത്തിലേയ്ക്ക് ജനങ്ങളെ കൊണ്ടുവരിക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പരിശ്രമങ്ങളാണ് നടത്തുന്നത്. സ്കൂൾതലത്തിൽ വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഇന്ന് നടക്കുന്നുണ്ട്. വർഷങ്ങളായി സ്കൂൾ-കോളേജ് പരിസരങ്ങളിൽ പല രീതിയിലുള്ള ലഹരി വസ്തുക്കൾ മധുരപലഹാരങ്ങളിലൂടെ പെൺകുട്ടികൾക്കടക്കം എത്തിച്ചു കൊടുക്കുന്നുണ്ട്. അവ കണ്ടുപിടിക്കാനും അതിനെതിരെ പ്രവർത്തിക്കാനുമുള്ള ജാഗ്രതാ സമിതികൾ വിദ്യാലയ-വാർഡ്-ബ്ലോക്ക് തലങ്ങളിൽ രൂപീകരിച്ച് വലിയ തോതിലുള്ള പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ലഹരി വിമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ 'വിമുക്തി' പദ്ധതി വളരെ ശ്ലാഘനീയമായ രീതിയിൽ നടത്താൻ കഴിയണം. എക്സൈസ് വകുപ്പ് പോലീസുമായി ചേർന്ന് 'വിമുക്തി' പദ്ധതി വിജയിപ്പിക്കാനുള്ള ശ്രമം നടത്തുമ്പോൾ എല്ലാ മേഖലയിലും നിന്നുള്ള ജനകീയ പിന്തുണ ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ മുന്നോട്ടുപോകുന്ന ഈ രണ്ട് വകുപ്പുകളെ പ്രതിപക്ഷമെന്ന നിലയ്ക്ക് നിങ്ങൾ എതിർക്കുന്നതിനോട് ഞങ്ങൾക്ക് യാതൊരു വിരോധവുമില്ല. പക്ഷേ ഇത്തരം പ്രശ്നങ്ങൾ നാടിന് ഗുണകരമാണ്, അതിൽ ഞങ്ങളുടെ പിന്തുണയുണ്ടെന്ന് പറഞ്ഞുകൊണ്ടായിരിക്കണം ഈ ധനാഭ്യർത്ഥകളെ നിങ്ങൾ എതിർക്കേണ്ടത്. ഇവിടെ ഇന്ന് അവതരിപ്പിച്ച രണ്ട് ധനാഭ്യർത്ഥനകളെയും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ന്യൂനപക്ഷ വിരുദ്ധത മുഖമുദ്രയാക്കിയ ഒരു സർക്കാരാണിത്. ചുരുങ്ങിയ കാലംകൊണ്ട് ഇത്രയധികം ന്യൂനപക്ഷ അവകാശങ്ങളുടെ കടയ്ക്കൽ കത്തിവച്ച ഒരു സർക്കാർ ഇതിനുമുമ്പ് കേരളത്തിലുണ്ടായിട്ടില്ല. 2017 സെപ്റ്റംബർ 1 മുതൽ ക്രീമിലെയർ പരിധി 8 ലക്ഷം രൂപയായി കേന്ദ്രസർക്കാർ ഉയർത്തുകയുണ്ടായി. എല്ലാ സംസ്ഥാന ചീഫ് സെക്രട്ടറിമാർക്കും ഇതുസംബന്ധിച്ച് കത്തയച്ചു. കേരളമൊഴികെ മറ്റെല്ലാ സംസ്ഥാനങ്ങളും അത് അംഗീകരിച്ച് നടപ്പിൽ വരുത്തി കേന്ദ്ര സർക്കാരിന് തിരികെ റിപ്പോർട്ട് നൽകി. എന്നാൽ കേരളത്തിൽ ആറ് മാസം പിന്നിട്ടിട്ടും ഇന്നുവരെ 8 ലക്ഷം രൂപയായി ക്രീമിലെയർ പരിധി ഉയർത്താൻ ഒരു നടപടിയും സർക്കാർ

സ്വീകരിക്കുന്നില്ലെന്നുപറയുമ്പോൾ ന്യൂനപക്ഷ വിരുദ്ധതയുടെ ഏറ്റവും പ്രകടമായ ഉദാഹരണമാണിതെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. 1993-ൽ ഒരു ലക്ഷം രൂപയായിരുന്ന ക്രീമിലെയർ പരിധി ഘട്ടംഘട്ടമായി കേന്ദ്ര സർക്കാർ ഉയർത്തി ക്കൊണ്ടുവന്നു. പി.എസ്.സി., മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രസ് പരീക്ഷകൾ തുടങ്ങി ഒട്ടേറെ ജോലി സംബന്ധമായ കാര്യങ്ങളിലെല്ലാമുള്ള സർക്കാരിന്റെ നിലപാട് ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്ക് കനത്ത തിരിച്ചടിയായി. ആയതിനാൽ ക്രീമിലെയർ പരിധി 8 ലക്ഷം രൂപയാക്കി ഉയർത്താൻ നടപടി സ്വീകരിക്കണം. അനധികൃത അൺ-എയ്ഡഡ് മേഖലയെ സർക്കാർ ഒറ്റയടിക്ക് തഴയുമ്പോൾ വഴിയാധാരമാകുന്നത് ഒന്നര ലക്ഷത്തോളം അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരും ഏതാണ്ട് 15 ലക്ഷത്തോളം വിദ്യാർത്ഥികളുമാണ്. ഇതിൽ 80 ശതമാനത്തോളം അദ്ധ്യാപകരും പി.എസ്.സി. നിർദ്ദേശിച്ച എല്ലാ വിദ്യാഭ്യാസ യോഗ്യതകളുമുള്ള സ്ത്രീകളാണ്. പി.എസ്.സി. നിയമനത്തിനുള്ള പ്രായപരിധി പിന്നിട്ട ഇവർക്ക് ഇനി മറ്റൊരു ജോലിക്ക് പോകാൻ സാധിക്കില്ല. മാത്രമല്ല, പതിനഞ്ച് ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളെ ഒറ്റയടിക്ക് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി ചേർക്കുമ്പോൾ അവരെ ഉൾക്കൊള്ളാനുള്ള ഭൗതിക സൗകര്യങ്ങളെങ്കിലും അവിടെ ഉണ്ടോയെന്നുപോലും ഉറപ്പുവരുത്തിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളിൽ മഹാഭൂരിപക്ഷവും ന്യൂനപക്ഷ പിന്നോക്കവിഭാഗങ്ങൾ നടത്തുന്ന സ്ഥാപനങ്ങളാണ്. അതുകൊണ്ട് സ്കൂളുകൾ അടച്ചുപൂട്ടുന്ന ഉത്തരവ് സർക്കാർ പുനഃപരിശോധിക്കണം. അർഹരായവർക്ക് ഘട്ടംഘട്ടമായെങ്കിലും അംഗീകാരം നൽകുന്ന കാര്യം ശ്രദ്ധിച്ചില്ലെങ്കിൽ ഈ കുട്ടികളും ജീവനക്കാരും വഴിയാധാരമാകുന്ന സാഹചര്യമുണ്ടാകും. ഇതുസംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശാസ്ത്രീയമായ പഠനം നടത്തുന്നു എന്നല്ലാതെ പ്രായോഗികമായി ഒന്നുംതന്നെ നടപ്പിൽ വരുത്താത്ത സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്.

അതുപോലെ ന്യൂനപക്ഷ പിന്നാക്ക ജനവിഭാഗങ്ങളോടുള്ള അവഗണനയുടെ മറ്റൊരുദാഹരണമാണ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രണ്ടും മൂന്നും സ്കീമുകളിലേയ്ക്കുള്ള നിയമനങ്ങളിൽ പിന്നാക്ക പട്ടികജാതി വിഭാഗങ്ങൾക്ക് സംവരണമില്ല എന്നത്. ഇവർക്ക് ആദ്യ നിയമനത്തിൽ സംവരണാനുകൂല്യം ലഭിച്ചിട്ടുണ്ടെന്നാണ് ഇതിന് ന്യായമായി പറയുന്നത്. ഇത് പ്രൊമോഷനല്ല. ഒരു പുതിയ കേഡറാണ്. ഒരു പുതിയ കേഡറെന്ന നിലയിൽ, പുതിയ തസ്തികയിൽ പരീക്ഷ സംഘടിപ്പിച്ച് നടത്തുന്നത് തീർത്തും പുതിയ നിയമനമാണ്. ഇതോടെ സംസ്ഥാനത്തെ ഉന്നത ഉദ്യോഗരംഗത്തുനിന്നും വരും വർഷങ്ങളിൽ സംവരണവിഭാഗങ്ങൾ വലിയ അളവിൽ പിന്തള്ളപ്പെടും. അതുകൊണ്ട് കെ.എ.എസ്.-ൽ രണ്ടും മൂന്നും സ്കീമുകളിലെ നിയമനങ്ങളിൽ സംവരണം നിർബന്ധമായും ഉറപ്പുവരുത്താനുള്ള നടപടി സർക്കാർ സ്വീകരിക്കണം.

ഒരുപാട് കൊട്ടിഘോഷിച്ചാണ് മദ്രസ അദ്ധ്യാപക ഭവനപദ്ധതി നടപ്പാക്കിയത്. ആ പദ്ധതി ഇന്ന് തീർത്തും നിർജ്ജീവമാണ്. എത്ര മദ്രസ അദ്ധ്യാപകർക്കാണ് വീടെടുത്തുകൊടുത്തതെന്നും എത്ര അദ്ധ്യാപകർക്കാണ് വീട് കിട്ടിയതെന്നുമുള്ള കണക്ക് പറയാമോ? ബാലനീതി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആയിരത്തിൽപ്പരം ബാലഭവനങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യമാണുള്ളത്. മിക്കതും ഇതിനകം പൂട്ടിക്കഴിഞ്ഞു. അരലക്ഷത്തോളം കുട്ടികൾ ഈ സ്ഥാപനങ്ങളിൽനിന്നും പുറത്താകുന്ന സ്ഥിതിയുണ്ടാകും. അനാഥകളാണ് ഇവരിൽ അധികവും. ഇവരുടെ തുടർപഠനം, സംരക്ഷണം എന്നീ കാര്യങ്ങളിലൊന്നും സർക്കാരിന് നിർദ്ദേശങ്ങളോ ഇടപെടലുകളോയില്ല. കേരളത്തിലെ യത്തീംഖാനകൾക്ക് ഏതാണ്ട് പത്തുനൂറ് വർഷത്തെ ചരിത്രമുണ്ട്. തീർത്തും അനാഥരായ മക്കളാണ് അവിടെയുള്ളത്. ആരോരുമില്ലാതെ റോഡിലൂടെ അലഞ്ഞ ആയിരക്കണക്കിന് കുട്ടികളെ സംരക്ഷിച്ച് അവർക്ക് വിദ്യാഭ്യാസം കൊടുത്ത് ഉന്നതങ്ങളിലെത്തിച്ചിട്ടുണ്ട്. അത് തുടർന്നു വരുന്ന ഒരു സംവിധാനമാണ്. ആ സംവിധാനത്തിനാണ് പൂർണ്ണമായും താഴിടുന്നത്. ഇത്തരത്തിൽ ധാരാളം അവഗണന ഈ രംഗത്തുണ്ടാകുമ്പോൾ, ഇതെല്ലാം കേന്ദ്ര നിയമത്തിന്റെയും കോടതിവിധികളുടെയും അടിസ്ഥാനത്തിലാണെന്ന് പറഞ്ഞ് സർക്കാർ ഗാലറിയിലിരുന്ന് കളി കാണുകയാണ്. ഖുറാനിൽ ഒരു വചനമുണ്ട്.

"ഖത്തമല്ലാഹു അലാകുലൂബിഹിം വ അല സംഹിഹിം വ അല അബ് സംരിഹിം ഹിശാവത്തും വലഹും അദാബും അളിം." അവരുടെ ഹൃദയങ്ങളെ ഞാൻ സീൽ വച്ചിരിക്കുന്നു, അവരുടെ കണ്ണിന് അന്ധത ബാധിച്ചിരിക്കുന്നു, കേൾവിയും കൊട്ടിയടക്കപ്പെട്ടിരിക്കുന്നു എന്നാണത്. അതുപോലെയാണ് ഈ സർക്കാരും ചെയ്തിരിക്കുന്നത്. ഞങ്ങളല്ല ഇതൊക്കെ ചെയ്തത്, കേന്ദ്ര സർക്കാരാണ്, കോടതിയാണ് എന്നൊക്കെ പറഞ്ഞ് നിരപരാധികളോടും നിരാലംബരോടും നിരാശ്രയരോടും മുഖംതിരിഞ്ഞ് നിൽക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കോടതിവിധിയെ എങ്ങനെ അതിജീവിക്കാമെന്ന് പരിശോധിക്കാൻ വേണ്ടിയാണ് സർക്കാരുള്ളത്.

എക്സൈസ് വകുപ്പ് ഇതുവരെ പറഞ്ഞുകൊണ്ടിരുന്നത് 418 ബാറുകൾ അടച്ചു പൂട്ടിയതടക്കമുള്ള യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ മദ്യനിയന്ത്രണ നടപടികളാണ് മയക്കുമരുന്ന് ഉപയോഗം വ്യാപകമാകാൻ കാരണമായതെന്നാണ്. താരതമ്യേന ദ്രോഹം കുറഞ്ഞ മദ്യം ലഭ്യമായാൽ കൂടുതൽ നാശകരമായ ലഹരി പദാർത്ഥങ്ങളിലേയ്ക്ക് ഉപഭോക്താക്കൾ തിരിയുകയില്ല എന്നായിരുന്നു ന്യായം. ഇപ്പോൾ പൂട്ടിയ ബാറുകളൊക്കെ തുറക്കുകയും ആരാധനാലയങ്ങളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും മദ്യശാലകളിലേയ്ക്കുള്ള ദൂരം കുറയ്ക്കുകയും ലൈസൻസുകൾ അനുവദിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം പൂർണ്ണമായി എടുത്തുകളയുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്ന് ഉപയോഗം ഇരട്ടിയായി വർദ്ധിച്ചുവെന്നതാണ് കണക്കുകൾ

കാണിക്കുന്നത്. 2016-ൽ സംസ്ഥാനത്ത് 5924 ലഹരി മരുന്ന് കേസ്സുകളാണ് രജിസ്റ്റർ ചെയ്തതെങ്കിൽ 2017-ൽ അത് 9242 ആയി വർദ്ധിച്ചു. ലഹരി മരുന്നുകളുടെ ഉപയോഗത്തിൽ ദേശീയതലത്തിൽ പഞ്ചാബിലെ അമൃത്സറിനുശേഷം കൊച്ചിക്കാണ് രണ്ടാം സ്ഥാനം. ഓൺലൈൻ ലഹരി ഉപയോഗത്തിൽ രാജ്യത്ത് മുന്നിൽ നിൽക്കുന്ന രണ്ട് നഗരങ്ങളിൽ ഒന്ന് ബാംഗ്ലൂരും മറ്റൊന്ന് കൊച്ചിയുമാണ്. രാജ്യത്തെ ഏറ്റവും വലിയ ലഹരിമരുന്ന് വേട്ട നടക്കുന്ന സ്ഥലം എന്നൊരു പുതിയ മേൽവിലാസം കൂടി കൊച്ചിക്ക് ഇപ്പോഴുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളുടെ വരവ് വർദ്ധിച്ചതോടെ മയക്കുമരുന്ന് കടത്തും വിതരണവും ഉപയോഗവും അഭൂതപൂർവ്വമായി ഉയരുകയാണ്. എക്സൈസ് കമ്മീഷണർ ശ്രീ. ഋഷിരാജ് സിംഗ് പറയുന്നത്, സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികളും യുവജനങ്ങളും അടങ്ങുന്ന 70 ലക്ഷം പേരെയാണ് മയക്കുമരുന്ന് മാഫിയ ഉന്നം വച്ചിരിക്കുന്നതെന്നാണ്. ഹൈസ്കൂൾ തലം തൊട്ട് മയക്കുമരുന്നിന്റെ പിടിയിലാകുന്ന ഇളംപ്രായക്കാർ ആൺ-പെൺ വ്യത്യാസമില്ലാതെ നാനാതരം നാർക്കോട്ടിക് ഉൽപ്പന്നങ്ങളുടെ അടിമകളാകുകയാണ്. എക്സൈസ് വകുപ്പിന്റെ കണക്കുപ്രകാരം 21366 അബ്കാരി കേസ്സുകളും 2940 മയക്കുമരുന്ന് കേസ്സുകളും 71945 പുകയില കേസ്സുകളുമാണ് കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്. പോലീസിന്റെ കണക്ക് ഇതിനുപുറമെയാണ്. പെറു, മെക്സിക്കോ, ബ്രസീൽ പോലുള്ള രാജ്യങ്ങളെപ്പോലെ ലഹരിമരുന്ന് മാഫിയകൾക്ക് കേരളത്തെ വിട്ടുകൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെങ്കിൽ ഇക്കാര്യത്തിൽ സത്വര പ്രതിരോധ നടപടികൾ അടിയന്തരമായി സർക്കാർ സ്വീകരിച്ചേ മതിയാകൂ. ഒരു കടത്തുകാരനെ അല്ലെങ്കിൽ വിതരണക്കാരനെ പിടികൂടി വാർത്ത സൃഷ്ടിക്കുന്നതിനുപകരം മയക്കുമരുന്ന് ഉൽപ്പാദനവും കടത്തും ഇറക്കുമതിയും ഉപയോഗവും ശക്തമായി തടയാനും കുറ്റവാളികളെ പിടികൂടി മാതൃകാപരമായി ശിക്ഷിക്കാനുമുള്ള സംവിധാനമുണ്ടാക്കണം. പിടിക്കപ്പെടുന്നവർ നിഷ്പ്രയാസം ജാമ്യത്തിലിറങ്ങി വീണ്ടും ഈ മരണവ്യാപാരത്തിൽ തുടരുന്ന ഇപ്പോഴത്തെ ദുരവസ്ഥ അവസാനിപ്പിക്കണം. 'കേരളത്തെ മദ്യവിമുക്തമാക്കാൻ പ്രതിജ്ഞാബദ്ധമാണ് എൽ.ഡി.എഫ്. മദ്യപരെ ബോധവൽക്കരിക്കാൻ സമഗ്ര പദ്ധതികളുണ്ട്. അതുകൊണ്ട് നുണപറയുന്നവരെ തിരിച്ചറിയുക, വോട്ട് എൽ.ഡി. എഫ്.-ന് ചെയ്യൂ' എന്നത് കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പ് കാലത്ത് എൽ.ഡി.എഫ്. ക്യാമ്പുകളിൽ നിന്ന് കേട്ട പ്രചരണമാണ്. കുടിവെള്ളത്തിന് സംസ്ഥാനത്ത് ക്ഷാമം നേരിട്ടേയ്ക്കാമെങ്കിലും കേരളത്തിലെ ഒരു ഗ്രാമത്തിലും ഇനി വിവിധ തരം മദ്യത്തിന് ക്ഷാമം വരില്ല എന്നതാണ് കേരളത്തിലെ ഇന്നത്തെ അവസ്ഥ. 3791 കള്ളുഷാപ്പുകളും 282 ബാറുകളും 294 വിൽപ്പനശാലകളും 426 ബിയർ-വൈൻ പാർലറുകളും 37 ക്ലബ്ബുകളുമാണ് ഇപ്പോൾ മദ്യം ലഭിക്കുന്ന സ്ഥലങ്ങളായി സംസ്ഥാനത്തുള്ളത്. അതിലേയ്ക്ക് 400 കള്ളുഷാപ്പുകളും 10 ബാറുകളും 150 ബിയർ-വൈൻ പാർലറുകളും ഉടനെ വന്നുചേരുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ

രണ്ടുഘട്ടങ്ങളിലായി 712 ബാറുകൾ പൂട്ടിയിരുന്നു. പതിനായിരത്തിനുമേൽ ജനസംഖ്യയുള്ള പഞ്ചായത്തുകൾ നഗരസ്വഭാവമുള്ളതായി കണക്കാക്കി അവിടെ ബാർ തുറക്കാമെന്നും വിനോദസഞ്ചാര മേഖലയിൽ നിശ്ചിത ജനസംഖ്യ ഇല്ലെങ്കിലും ഇളവ് അനുവദിക്കാമെന്നുമാണ് സർക്കാരിന്റെ പുതിയ തീരുമാനം. ഇതുവഴി സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, 2018-19-ൽ നടപ്പാക്കുന്ന മദ്യനയത്തിന്റെ ഭാഗമായി സർക്കാർ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ത്രീസ്റ്റാർ ബാറുകളിലുൾപ്പെടെ മദ്യശാലകൾ തുറക്കാൻ വഴിയൊരുക്കുന്നത്. ഇതോടെ സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന മുഴുവൻ മദ്യശാലകളും തുറന്ന് പ്രവർത്തിക്കാൻ സർക്കാർ വഴിയൊരുക്കുകയാണ്.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, ആദരണീയനായ ശ്രീ. പി. ടി. എ. റഹീം ഇവിടെ സൂചിപ്പിച്ച കാര്യത്തെക്കുറിച്ചാണ്. പതിറ്റാണ്ടുകളായി അദ്ദേഹം വേലിപ്പുറത്ത് നിൽക്കുകയാണ്. ഇടതുപക്ഷം കണ്ടഭാവം നടിക്കുന്നില്ല. പാവം സാധു എം.എൽ.എ. എന്ന നിലയിൽ മാത്രമല്ല, ഈ രംഗത്ത് എല്ലാ നിലയിലും മിടുക്കനായ ഡോ. കെ.ടി. ജലീൽ എന്തുചെയ്തു; കഴിഞ്ഞയാഴ്ച പാർട്ടിയിൽ വന്നു, പിറ്റേയാഴ്ച അദ്ദേഹം മന്ത്രിയായി. ഡോ. കെ. ടി. ജലീലിനെ വെല്ലുവിളിക്കാൻ വേണ്ടി മുസ്ലീംലീഗിനെ പറഞ്ഞതുകൊണ്ട് കാര്യമില്ല. ഇടതുപക്ഷത്ത് എങ്ങനെ കയറാമെന്നതിനെക്കുറിച്ച് ആരോടെങ്കിലും ഉപദേശം ചോദിക്കുക എന്നതല്ലാതെ ലീഗിനുമേൽ കുതിര കയറേണ്ട കാര്യമില്ല. നാദാപുരത്തെ നഫീസുമായി ബന്ധപ്പെട്ട പ്രശ്നം പറഞ്ഞു, ഇവിടെ ശ്രീ. ഇ. കെ. വിജയനുണ്ട്, ബന്ധപ്പെട്ട മറ്റാളുകളുണ്ട്, ആദരണീയരായ മറ്റ് മന്ത്രിമാരുണ്ട്, എന്റെ നാട്ടുകാരനും ജില്ലക്കാരനുമായ മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനുണ്ട്. ഞാൻ രാഷ്ട്രീയം പറയുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പാറക്കൽ അബ്ദുല്ല, പ്ലീസ് കൺക്ലൂഡ്......

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, അവിടെ എന്തൊക്കെ നടന്നു, എന്തൊക്ക നടക്കുന്നുവെന്നുള്ളത് വളരെ കൃത്യമായി എനിക്കറിയാം. മിനിഞ്ഞാന്ന് ഞാൻ സഭയിൽ ഒരു ചെറിയ കാര്യം സംസാരിച്ചപ്പോൾ എനിക്കെതിരെ ബഹളമുണ്ടാക്കി. ജില്ലാക്കമ്മിറ്റി പോലും പ്രമേയം പാസ്സാക്കി എനിക്കെതിരെ പ്രതിഷേധിക്കാൻ പറയുകയാണ്. എന്റെ കോലം കത്തിച്ചു. അവിടെ അസഹിഷ്ണുതയുണ്ട്. ആരുടെ ഭാഗത്താണ് കുറ്റമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ശ്രീ. പി. ടി. എ. റഹീം സാഹിബ് നാദാപുരത്തെ കാര്യങ്ങൾ മനസ്സിലാക്കാതെയാണ് പറയുന്നത്. നാദാപുരത്ത് അങ്ങനെ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങൾക്കതിൽ പങ്കുണ്ട്. നിങ്ങളാണ് അതിന് നേതൃത്വം കൊടുത്തത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.......

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഇത്രയും പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ., നഫീസുവിന്റെ പ്രശ്നം ശ്രീ. പാറക്കൽ അബ്ദുല്ല ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ അവിടത്തെ ജനങ്ങൾക്ക് അത് പൂർണ്ണമായി ബോദ്ധ്യമാവുകയും അതുകഴിഞ്ഞ് നടന്ന തെരഞ്ഞെടുപ്പിൽ അതിന് മുമ്പ് ലഭിച്ച ഭൂരിപക്ഷത്തേക്കാൾ കൂടുതൽ ലഭിക്കുകയും മണ്ഡലം കിട്ടുകയും ചെയ്തതാണ്. എന്താണ് വസ്തുയെന്ന് ജനങ്ങൾക്ക് ബോദ്ധ്യമായി. അതാണ് നേരത്തേ ശ്രീ. പി. ടി. എ. റഹീം ഇവിടെ സൂചിപ്പിച്ചത്. ഞാനത് ആവർത്തിക്കുന്നില്ല. അവിടെ എന്തോ ഒരു സംഭവമുണ്ടായി എന്നുപറഞ്ഞ് തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം ഇവിടെ നടന്നു. അതാണ് ഞാൻ പോയിന്റ് ഓഫ് ഓർഡറായി ഉന്നയിക്കുന്നത്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഇവിടെ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ശ്രീ. പാറക്കൽ അബ്ദുല്ല വളരെ ഗൗരവമായി സംസാരിക്കുകയുണ്ടായി. അവരുടെ സാമൂഹ്യ പ്രതിബദ്ധതയും അന്തസ്സും വർദ്ധിപ്പിക്കാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും വഹിച്ച പങ്ക് വിസ്മരിക്കാൻ കഴിയുമോ? സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ മാപ്പിളലഹള എന്നുപറഞ്ഞ് ബ്രിട്ടീഷുകാർ കളിയാക്കുമായിരുന്നു. ആധുനിക കേരളത്തിന്റെ ശിൽപ്പിയായ സഖാവ് ഇ. എം. എസ്. അത് മാപ്പിളലഹള അല്ലെന്നും മഹത്തായ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായുള്ള മലബാർ കലാപമാണെന്നും ചരിത്രത്തിൽ തിരുത്തി പേര് നിശ്ചയിച്ചതുപോലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ന്യൂനപക്ഷ ജനവിഭാഗങ്ങളോടുള്ള ആദരവിന്റെയും ബഹുമാനത്തിന്റെയും ഭാഗമായിട്ടായിരുന്നു. കോൺഗ്രസ് ലീഗിനെ വിശേഷിപ്പിച്ചിരുന്നത് 'ചത്ത കുതിര' എന്നായിരുന്നു. സീതിസാഹിബ് അന്തരിച്ചപ്പോൾ സി. എച്ച്. മുഹമ്മദ് കോയ കേരളത്തിന്റെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട സന്ദർഭത്തിൽ തൊപ്പി ഊരണമെന്ന് പറഞ്ഞിരുന്നു. അതൊന്നും വേണ്ടെന്ന് പറഞ്ഞത് കമ്മ്യൂണിസ്റ്റുകാരായിരുന്നു. അതൊന്നും മറക്കാതിരിക്കുന്നതാണ് നല്ലത്. മലപ്പുറം ജില്ല രൂപീകരിച്ചതിലും ന്യൂനപക്ഷ ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ വികസനത്തിന് മുൻതൂക്കം കൊടുത്തതിലുമെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടി വഹിച്ച പങ്ക് ആർക്കാണ് നിഷേധിക്കാൻ കഴിയുക; ഇതെല്ലാം ചരിത്രത്തിന്റെ ഭാഗമാണെന്ന് ലീഗ് നേതാക്കൾ നല്ലതുപോലെ ആലോചിക്കണം.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ നേരത്തെ ഇവിടെ സൂചിപ്പിച്ചു. സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിനെപ്പോലും നിങ്ങൾ എതിർക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഞങ്ങൾ പറഞ്ഞിട്ടുണ്ട്, ഞങ്ങളുടെ നയം മദ്യനിരോധനമല്ല, ഞങ്ങളുടെ നയം മദ്യത്തിൽ നിന്ന് മോചനം നേടാൻ നല്ല ബോധവൽക്കരണം നടത്തി മദ്യപാനം നടത്തുന്ന ആളുകളുടെ എണ്ണം കുറച്ചുകൊണ്ടുവരിക എന്നതാണ്. അതാണ് പ്രായോഗികത. ആന്ധ്രയും ഇന്നത്തെ

തെലുങ്കാനയും ചേർന്ന സംയുക്ത ആന്ധ്രാപ്രദേശ് ഉണ്ടായിരുന്നപ്പോൾ അവിടത്തെ മഹിളകൾ വലിയ സമരം നടത്തിയതിനെത്തുടർന്ന് ആന്ധ്രാപ്രദേശിൽ കോൺഗ്രസ് സർക്കാർ മദ്യനിരോധനം നടത്തി. പിന്നീട് അവർ തന്നെ അത് പിൻവലിച്ചു. അത്തരം അനുഭവമല്ലേ നമ്മെ പഠിപ്പിക്കുന്നത്. ലോകത്തിന്റെ പല മേഖലകളിലും ആ അനുഭവമാണുള്ളത്. അതുകൊണ്ട് ഇടതുപക്ഷ സർക്കാർ തെരഞ്ഞെടുപ്പ് കാലത്ത് പറഞ്ഞതുപോലെ ഏറ്റവും ആരോഗ്യകരമായൊരു മദ്യനയം നടപ്പിലാക്കാനാണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. ആരംഭിച്ചതിൽ നിന്നും ഒറ്റ ഷാപ്പുപോലും കൂടുതൽ അനുവദിക്കാൻ ഈ സർക്കാർ തയ്യാറായിട്ടില്ല. മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല.

നല്ല രീതിയിലുള്ള തൊഴിൽ നയമാണ് തൊഴിൽ വകുപ്പുമന്ത്രി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. തൊഴിൽ രംഗത്ത് ഏറ്റവും സമാധാനപരമായ ഒരന്തരീക്ഷമാണ് നിലനിൽക്കുന്നത്. എല്ലാ മേഖലയിലെ തൊഴിലാളികൾക്കും നല്ലരീതിയിലുള്ള ആശ്വാസനടപടികൾ നടപ്പിലാക്കുന്നുണ്ട്. എന്നാൽ തോട്ടം തൊഴിലാളികളുമായി ബന്ധപ്പെട്ട ചില വിഷയമാണ് എനിക്ക് പറയാനുള്ളത്. റബ്ബർ, തേയില, കാപ്പി, ഏലം, കുരുമുളക് തുടങ്ങിയ തോട്ടവിളകളെ അടിസ്ഥാനപ്പെടുത്തി ഒരുലക്ഷത്തോളം തോട്ടം തൊഴിലാളികളാണ് കേരളത്തിൽ പണിയെടുക്കുന്നത്. തോട്ടം മേഖല വലിയ പ്രതിസന്ധിയിലാണ്. ഒരു പ്ലാന്റേഷൻ പോളിസി നയം നടപ്പിലാക്കാൻ നമുക്ക് കഴിയണം. പലവിധ കാരണങ്ങളാൽ മറ്റ് മേഖലകളിലുള്ളതുപോലെ തോട്ടം തൊഴിലാളികളുടെ കൂലി ഉയർത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. സ്വകാര്യ മുതലാളിമാർ നടത്തുന്ന പ്ലാന്റേഷൻകൂടി ആയതുകൊണ്ട് സർക്കാരിന് നേരിട്ട് ഇടപെടാൻ ഒട്ടേറെ പ്രയാസങ്ങളുണ്ട്. 325 രൂപ മുതൽ 400 രൂപ വരെയാണ് തോട്ടം തൊഴിലാളികളുടെ കൂലി. അത് നമ്മൾ പ്രഖ്യാപിച്ചതുപോലെ 630 രൂപയാക്കണം. 26-2-2018-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ഇതിനായി പി.എൽ.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്; അവ പൂർത്തീകരിക്കാൻ കഴിയണം. തോട്ടം മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ നല്ല രീതിയിൽ ചർച്ച ചെയ്യണം. ആസിയാൻ കരാർ നടപ്പിലാക്കിയപ്പോൾ അതിനെതിരെ വലിയ പ്രക്ഷോഭം ഞങ്ങൾ നടത്തിയപ്പോൾ അതിനെ അനുകൂലിച്ചവരായിരുന്നു യു.ഡി.എഫ്.-കാർ. ആസിയാൻ കരാറിന്റെ തിക്തഫലങ്ങളാണ് തോട്ടം മേഖല ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. തേയില ഇറക്കുമതിയിൽ നികുതി വെട്ടിക്കുറയ്ക്കൽ തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ ഈ മേഖലയെ തളർത്തിക്കളഞ്ഞുവെന്ന് കാണാൻ കഴിയും. അക്കാര്യങ്ങളൊക്കെ തിരിച്ചറിയാൻ കഴിയണം. ഫ്രീ സൗത്ത് ഏഷ്യൻ ട്രേഡിന്റെ

ഭാഗമായി കുരുമുളകിന്റെ നികുതി 8 ശതമാനമായി കുറച്ചതിന്റെ ഫലമായി കേന്ദ്ര സർക്കാർ താങ്ങുവില നിശ്ചയിച്ചിട്ടുപോലും അത് നടപ്പിലാക്കാൻ കഴിയുന്നില്ല. സിലോണുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് രാജ്യങ്ങളെല്ലാം സിലോണിൽ കുരുമുളക് കൊണ്ടുവന്ന് ഇന്ത്യയിലേയ്ക്ക് നേരിട്ട് ഇറക്കുമതി ചെയ്യുകയാണ്. ഈ ഇറക്കുമതി നയങ്ങളെല്ലാം വലിയ പ്രയാസങ്ങൾ നമുക്കുണ്ടാക്കുന്നുണ്ട്. മാർക്കറ്റിൽ നല്ലതുപോലെ ഇടപെടാനാവശ്യമായ സംവിധാനമുണ്ടാക്കാൻ കഴിയണം. മെക്കാനിക്കൽ ഹാർവെസ്റ്റിംഗ് എന്ന രീതിയിൽ ആവശ്യമായ യന്ത്രവൽക്കരണമുൾപ്പെടെയുള്ള കാര്യങ്ങൾ ഈ മേഖലയിൽ നമുക്ക് നടപ്പിലാക്കേണ്ടതുണ്ട്. പഴയതുപോലെ കൈകൊണ്ടുമാത്രം തേയില നുള്ളാൻ ഇന്ന് ആളുകളെ കിട്ടാത്ത അവസ്ഥയാണ്, പ്രത്യേകിച്ച് ചെറുപ്പക്കാരെ കിട്ടാനില്ല. ഭൂരഹിതരായ മുഴുവൻ തോട്ടം തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയും വീടും ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. EFL-ലും ESI-യിലുമൊക്കെ ഉൾപ്പെടാത്ത പ്രദേശങ്ങളിലുള്ള, പരിസ്ഥിതി ആഘാതമുണ്ടാക്കാത്ത പ്രദേശങ്ങളിൽ പാറ ഖനനം ഉൾപ്പെടെയുള്ള കാര്യങ്ങൾ എങ്ങനെ നടത്താൻ കഴിയുമെന്ന് ആലോചിക്കണം. നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇവയെല്ലാം ആവശ്യമാണ്. കഴിഞ്ഞ 20 വർഷമായി, തോട്ടം മേഖലയിൽ ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുടങ്ങിക്കിടക്കുകയായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഗ്രാറ്റുവിറ്റി അദാലത്ത് സംഘടിപ്പിച്ച് 20 വർഷമായി മുടങ്ങിക്കിടന്നിരുന്ന കാര്യങ്ങളിൽ രണ്ടുവർഷം കൊണ്ട് 15 കോടി രൂപയുടെ ഗ്രാറ്റുവിറ്റി കണക്കാക്കാൻ കഴിഞ്ഞു. ആ തുക കൊടുക്കാനുള്ള നടപടി നിയമപരമായി ചെയ്യേണ്ടതുണ്ട്.

തൊഴിലാളികൾക്ക് കൂലി നൽകുന്ന നടപടി ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയപ്പോൾ വലിയ പ്രയാസങ്ങളുണ്ടായി. ഈ സർക്കാർ കൂലി നേരിട്ട് കയ്യിൽ കൊടുക്കാനുള്ള നടപടി സ്വീകരിച്ചു. മുഴുവൻ തോട്ടം തൊഴിലാളികളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. അത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് വളരെയധികം കുടിശ്ശിക കൊടുക്കാനുണ്ട്. കഴിഞ്ഞ 5 വർഷക്കാലം ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ നയാപൈസപോലും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കൊടുത്തിരുന്നില്ല. അതെല്ലാം കൊടുത്ത് പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ കഴിയണം. അവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണം.

അതുപോലെ ആദിവാസി മേഖലയിൽ വലിയ ഉണർവ്വും ആവേശവും ഉണ്ടായിരിക്കുകയാണ്. മുമ്പെങ്ങുമില്ലാത്ത രീതിയിലാണ് ആദിവാസി, പട്ടികജാതി/ പട്ടികവർഗ്ഗ മേഖലയെ ഈ സർക്കാർ സമീപിക്കുന്നതെന്ന് അനുഭവത്തിൽനിന്നും

പറയാൻ കഴിയും. 241 പേരാണ് വയനാട്ടിലെ ആദിവാസി കോളനികളിൽനിന്ന് അദ്ധ്യാപകരായി ജോലി നോക്കുന്നത്. ആ കോളനികളിലെ സാമൂഹിക അന്തരീക്ഷത്തിൽ വലിയ മാറ്റമാണുണ്ടായിട്ടുള്ളത്. വലിയൊരു സാമൂഹിക പ്രതിബദ്ധതയാണ് അവിടെ കാണാൻ കഴിയുന്നത്. ഈ സർക്കാർ അധികാരത്തിലല്ലായിരുന്നെങ്കിൽ അവർ ഒരിക്കലും ടീച്ചർമാരാകില്ലെന്നത് ഉറപ്പാണ്. ഞങ്ങളുടെ ജില്ലയിലുള്ള ഒരു എയ്ഡഡ് സ്കൂളിലും ഒരു പട്ടികവർഗ്ഗക്കാരനും ആദിവാസിയും അദ്ധ്യാപകരായി ജോലി ചെയ്യുന്നില്ല. ഈ സർക്കാരിന്റെ പ്രത്യേക തീരുമാനപ്രകാരം എല്ലാ എയ്ഡഡ് സ്കൂളിലും ഒരു ആദിവാസി ടീച്ചറുണ്ട്. ആ ടീച്ചർമാരുടെ വേതനം വർദ്ധിപ്പിക്കാൻ അടിയന്തരമായി സർക്കാർ ഇടപെടണം. അവരെല്ലാം ടി.ടി.സി. പാസ്സായവരാണ്. ചില സ്കൂളുകളിൽ അവരെ മെന്റർ ടീച്ചറെന്ന രീതിയിൽ പരിഗണിക്കുന്നുവെന്നുള്ള ആക്ഷേപം അവർക്കുണ്ട്. മറ്റുള്ളവരെപ്പോലെ ടി.ടി.സി. പരീക്ഷ പാസ്സായി വന്നവരെന്ന നിലയ്ക്ക് മറ്റ് ടീച്ചർമാർക്ക് നൽകുന്ന എല്ലാ പരിഗണനയും അവർക്കും കൊടുക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. അവരെ നിയമിച്ചതിലൂടെ ആദിവാസി കുട്ടികൾ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോകുന്നത് നല്ലതുപോലെ കുറഞ്ഞിട്ടുണ്ട്.

ആദിവാസി യുവാവായ മധുവിന്റെ മരണം നമ്മളെയെല്ലാം വേദനിപ്പിച്ചതാണ്; അതുസംബന്ധിച്ച് കഴിഞ്ഞ ദിവസം പലരും പറഞ്ഞതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അത് വീണ്ടും രാഷ്ട്രീയമായി എന്തിനാണ് ഉപയോഗിക്കുന്നത്; ഭ്രാന്തമായ ഒരാൾക്കൂട്ടം നടത്തിയ പ്രവർത്തനത്തെ രാഷ്ട്രീയമായി ഉപയോഗിക്കേണ്ട കാര്യമുണ്ടോ; അങ്ങനെ പാടില്ല; ജോഗിയെ വെടിവച്ച് കൊന്നവരാണ് ഇക്കാര്യങ്ങൾ പറയുന്നത്. ഇത്തരത്തിൽ ആക്ഷേപമുണ്ടെങ്കിൽ ജോഗിയെ വെടിവച്ചുകൊന്നത് തെറ്റാണെന്നും അതിന് മാപ്പുപറയാനും ഈ സഭയിൽ യു.ഡി.എഫ്. തയ്യാറാകുമോ; കേരളത്തോട് നിങ്ങൾ മാപ്പുപറയുമോ; ഭ്രാന്തമായ ഒരാൾക്കൂട്ടം നടത്തിയ പ്രവർത്തനത്തെ രാഷ്ട്രീയമായി ദുർവ്യാഖ്യാനം ചെയ്യാൻ പാടില്ല. എൻ.ഡി.എ. കഴിഞ്ഞ ദിവസം രാപ്പകൽ സമരം നടത്തി. ഝാർഖണ്ഡിൽ 7 ആദിവാസി കർഷകരെയാണ് അവർ വെടിവച്ചുകൊന്നിരിക്കുന്നത്. അവർ 7 പേരും ആദിവാസികളും കർഷകരുമാണ്. ഇതെല്ലാം രാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് ഉപയോഗിക്കാനാണെന്ന് കേരളത്തിന് നല്ലതുപോലെ അറിയാം. കേരളം അക്കാര്യത്തിൽ നല്ലതുപോലെ ഇടപെട്ടിട്ടുണ്ട്. നേരത്തെ ഇവിടെ സുൽത്താൻ ബത്തേരി എം.എൽ.എ. സംസാരിക്കുമ്പോൾ രണ്ട് കാര്യങ്ങൾ സൂചിപ്പിച്ചു. കവിത എന്ന ആദിവാസി യുവതി കഴിഞ്ഞ ദിവസം ബസ്സിൽ പ്രസവിച്ചു എന്നത് വസ്തുത തന്നെയാണ്. പക്ഷെ അവരെ കഴിഞ്ഞ മാർച്ച് 1 മുതൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തിരുന്നതായിരുന്നു. ഓപ്പറേഷൻ വേണമെന്ന് ഡോക്ടർ പറഞ്ഞപ്പോൾ പേടിച്ച്

മാർച്ച് 17-ാം തീയതി രാവിലെ ബസ്സിൽ കയറി പോയി. കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും മിസ്സിംഗിന് കേസ്സെടുത്തിരിക്കുകയാണ്. കുറച്ച് കഴിഞ്ഞ് കൽപ്പറ്റ ടൗണിലെത്തിയപ്പോൾ യുവതിക്ക് പ്രസവവേദന വന്നു. കെ.എസ്.ആർ.ടി.സി. ബസ്സിലെ ഡ്രൈവർ നേരെ പ്രൈവറ്റ് ഹോസ്പിറ്റലിലേയ്ക്ക് ബസ് കൊണ്ടുപോയി. അവിടെ മറ്റ് പ്രശ്നങ്ങളൊന്നുമില്ലാതെ പ്രസവം കഴിഞ്ഞു. വിനോദ് എന്ന ആദിവാസി യുവാവിന്റെ തൂങ്ങിമരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞു. കർണ്ണാടക വനം വകുപ്പുദ്യോഗസ്ഥരാണ് വെടിവച്ചത്. നമ്മളാരുമല്ല. എന്തിനാണ് വസ്തുതകൾ മറച്ചുവയ്ക്കുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ചെടികളോടും മൃഗങ്ങളോടുമൊക്കെ എങ്ങനെ പെരുമാറണമെന്നുള്ളതിനെക്കുറിച്ച് കൃത്യമായ ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. അതുപോലെ ആദിവാസി മേഖലയിലുള്ള ഉദ്യോഗസ്ഥർക്ക് ആദിവാസികളോട് എങ്ങനെ പെരുമാറണമെന്നത് സംബന്ധിച്ച് പ്രത്യേക ട്രെയിനിംഗ് കൊടുക്കുന്നത് അങ്ങയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നന്നായിരിക്കില്ലേ?

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, തീർച്ചയായും. വളരെ പ്രസക്തമായ കാര്യമാണ് പറയുന്നത്. പ്രത്യേകിച്ച് ആദിവാസികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലെ ഉദ്യോഗസ്ഥർക്ക് കുറെക്കൂടി കാര്യക്ഷമമായി ഇടപെടാൻ കഴിയണം. അത് തർക്കമില്ലാത്ത കാര്യമാണ്. കർണ്ണാടക വനം വകുപ്പ് ഉദ്യോഗസ്ഥൻ വെടിവച്ചതിൽ ഭയന്നാണ് വിനോദ് എന്ന ആദിവാസി യുവാവ് തൂങ്ങി മരിച്ചത്. അതിന്റെ അന്വേഷണം നടക്കുകയാണ്. ഒരാളെ അറസ്റ്റ് ചെയ്യുകയും ജയിലിലാക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസി മേഖലയിൽ ഈ സർക്കാർ ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഗോത്രബന്ധു പദ്ധതിയോടൊപ്പം ഗോത്ര ജീവിക എന്ന പേരിൽ ആദിവാസികളെ കെട്ടിടനിർമ്മാണ ജോലി പഠിപ്പിക്കുന്നുണ്ട്. അവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻവേണ്ടി ഇടപെടുകയാണ്. സാമൂഹ്യ പഠനമുറി, പട്ടികജാതിക്കാരെ പൂജാരിമാരായി നിയമിച്ചത് എന്നിവയെല്ലാം ഈ സർക്കാർ ആ ജനവിഭാഗങ്ങളോട് എങ്ങനെ പെരുമാറുന്നുവെന്നുള്ളതാണ് കാണിക്കുന്നത്.

പോലീസ്/എക്സൈസ് വകുപ്പുകളിലേയ്ക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്, ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ചട്ടം 300 അനുസരിച്ച് അവതരിപ്പിച്ച പ്രമേയം എന്നിവ ഈ സർക്കാരിന്റെ ആത്മാർത്ഥമായ ഇടപെടലായാണ് കാണാൻ കഴിയുന്നത്. അവരുടെ മനസ്സ് പൂർവ്വകാല കാർഷിക കാലഘട്ടത്തിലും ശരീരം നാഗരികമായ കാലഘട്ടത്തിലുമാണ്. ഈ വ്യത്യാസം അവരെ വല്ലാതെ വേട്ടയാടുന്നുണ്ട്. അത് തിരിച്ചറിയാൻ നമുക്ക് കഴിയണം. വികസനം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ ഏത് തലത്തിലും ആദിവാസി വ്യത്യസ്തമായ ഒരു സംസ്കാരിക

ജീവിതത്തെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. പണം ഇല്ലാത്തതല്ല വിഷയം. 2012 മുതൽ ഇതുവരെയുള്ള കാലഘട്ടങ്ങളിൽ വയനാട് ജില്ലയിൽ 620,86,11,845 രൂപയാണ് പട്ടികവർഗ്ഗ മേഖലയ്ക്കുമാത്രമായി പ്ലാൻ ഫണ്ട് മാറ്റി നിർത്തി അനുവദിച്ചിരിക്കുന്നത്. അത് പൂർണ്ണമായി ചെലവഴിക്കാൻ നമുക്ക് കഴിയുന്നില്ല. 45 ശതമാനം മാത്രമാണ് ചെലവഴിക്കാൻ കഴിയുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് നമ്മളാലോചിക്കണം. 1999-ൽ സഖാവ് ഇ. കെ. നായനാർ ആദിവാസി ഭൂസംരക്ഷണ നിയമം കൊണ്ടുവന്നു. ആ നിയമത്തിൽ ആദ്യമായാണ് ഭൂമി നഷ്ടപ്പെട്ട ആദിവാസിക്ക് ഒരു സെന്റ് നഷ്ടപ്പെട്ടാലും ഒരേക്കർ കൊടുക്കണമെന്ന് നിയമംമൂലം ഉറപ്പാക്കിയിരിക്കുന്നത്. ആ നിയമമാണ് ആദ്യം പ്രഖ്യാപിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അത് ചോദ്യം ചെയ്തിരുന്നെങ്കിലും 2006-ൽ അത് നടപ്പിലാക്കാനുള്ള അനുവാദം കിട്ടി. മറ്റൊരു ദുഃഖസത്യം ഈ സഭയുടെ മുമ്പാകെ ഞാൻ കൊണ്ടുവരികയാണ്. കർഷകരും ആദിവാസികളും തമ്മിൽ വലിയ കലാപമുണ്ടായപ്പോഴാണ് ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ മാത്രം എതിർപ്പോടുകൂടി നിയമസഭ ആ നിയമം പാസ്സാക്കിയത്. ബാക്കി എല്ലാവരും അനുകൂലിച്ചതാണ്. കർഷകർ പൂർണ്ണമായും രക്ഷപ്പെട്ടു. അവർക്ക് യാതൊരു പ്രയാസവുമില്ല. ആദിവാസികൾക്ക് ഇപ്പോഴും ഭൂമിയില്ല. ഈ ജനതയോട് നമ്മൾ ഇങ്ങനെയല്ല പെരുമാറേണ്ടത്. ഒരു നിയമത്തിലൂടെ ഒരു ജനവിഭാഗം രക്ഷപ്പെട്ടതിൽ നമുക്കൊക്കെ സന്തോഷമാണ്; ആർക്കും അഭിപ്രായ വ്യത്യാസമില്ല. പക്ഷെ മറുഭാഗത്ത് ആദിവാസികളുടെ കാര്യത്തിൽ ഇപ്പോഴും ഒരു തീരുമാനമെടുക്കാൻ കഴിയുന്നില്ല. ആദിവാസി ഭൂസംരക്ഷണ നിയമമനുസരിച്ച് 15 ഏക്കറിൽ കൂടുതൽ ഭൂമി കൈവശപ്പെടുത്തിയിട്ടുള്ള മുഴുവനാളുകളിൽനിന്നും ഭൂമി പിടിച്ചെടുക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിക്കാൻ കഴിയണം. 15 ഏക്കറിൽ കൂടുതൽ ആരെങ്കിലും കൈവശം വച്ചിട്ടുണ്ടെങ്കിൽ അത് മുഴുവൻ പിടിച്ചെടുക്കണമെന്ന് ഇ. കെ. നായനാർ കൊണ്ടുവന്ന നിയമത്തിൽ പറയുന്നുണ്ട്. അത് നടപ്പിലാക്കാൻ നമുക്ക് കഴിയണം. അതുപോലെതന്നെ 5 ഏക്കർ വരെ ഭൂമി നഷ്ടപ്പെട്ട ആദിവാസികൾക്ക് തത്തുല്യമായ ഭൂമി കൊടുത്ത് ബാക്കിയുള്ളവ പിടിച്ചെടുക്കാനുള്ള നിലപാട് സ്വീകരിക്കാനും ഈ നിയമം അടിയന്തരമായി നടപ്പിലാക്കാനും കഴിയണം. വനാവകാശം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിൽ ആദിവാസി നിയമം നടപ്പിലാക്കാൻ നിങ്ങൾ തയ്യാറായോ; ഒരാൾക്കുപോലും ഭൂമി കൊടുത്തിട്ടില്ല. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ കാലഘട്ടത്തിൽ വനാവകാശ നിയമം നടപ്പിലാക്കിയപ്പോൾ ശ്രീമതി സി. കെ. ജാനുവിന്റെ അമ്മയ്ക്ക് കൈവശരേഖ കൊടുത്തു. കൈവശരേഖ പോര, അവർക്ക് പട്ടയം കൊടുക്കാൻ നമുക്ക് സാധിക്കണം. വനത്തിൽ താമസിക്കുന്ന ആദിവസികൾക്ക് പ്രത്യേക പരിഗണന കൊടുക്കാൻ കഴിയണം. കേന്ദ്ര

നിയമത്തിൽ മാറ്റംവരുത്താൻ ഈ സഭ ഒറ്റക്കെട്ടായി ഇടപെടണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. വനാവകാശ നിയമപ്രകാരം നമുക്ക് കൈവശരേഖ മാത്രമേ കൊടുക്കാൻ കഴിയൂ. അവർക്ക് പട്ടയം കൊടുക്കാൻ കഴിയണം. 2005 ഡിസംബർ 13 ആണ് കട്ട് ഓഫ് ഡേറ്റ്. അത് മാറ്റാനാവശ്യമായ ഇടപെടൽ നടത്തണം. ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വലിയ രീതിയിലുള്ള ഇടപെടലാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഞങ്ങൾക്ക് പൂജ്യം മാർക്കാണ് കിട്ടുകയെന്ന് ശ്രീ. മഞ്ഞളാംകുഴി അലി പറയുന്നത് കേട്ടു. പൂജ്യം മാർക്കല്ല, ആദിവാസികൾ കൂട്ടത്തോടെ വന്ന് വോട്ട് ചെയ്യുന്നതുതന്നെ നിങ്ങൾ കാണും. ഇതെല്ലാം ഓരോരുത്തരുടെ തെറ്റായ ചിന്തയാണ്. ആ ചിന്തയല്ല നയിക്കേണ്ടത്. പെൻഷൻ ലഭിക്കുന്നവർ, ആദിവാസികൾ, പട്ടികജാതി വിഭാഗങ്ങൾ തുടങ്ങിയവരെല്ലാം ഈ സർക്കാരിന് അനുകൂലമായ നിലപാടാണ് സ്വീകരിക്കുന്നത്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച് റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റ് നടത്തുകയുണ്ടായി. അത് നല്ല കാര്യമാണ്. പക്ഷേ അത് എടുത്തുപറയേണ്ട കാര്യമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അങ്ങയുടെ മറുപടി പ്രസംഗത്തിൽ പറയാവുന്നതേയുള്ളൂ. കാരണം, അതൊരു പുതിയ സംഭവമല്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ ഏതാണ്ട് 1283 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ കൊടുക്കാനുള്ള അവസരം സൃഷ്ടിച്ചത്. വനം വകുപ്പിൽ മാത്രം 609 പേർക്ക് തൊഴിൽ കൊടുക്കുകയും 108 ആയമാരുടെ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ഇതൊക്കെ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നടന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 615 പേർക്കാണ് കഴിഞ്ഞ 5 വർഷംകൊണ്ട് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പാക്കിയത്. ഏത് വർഷമാണ് കേരളത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പാക്കാൻ തുടങ്ങിയതെന്നൊരു ചോദ്യം 1980-ൽ പി. കെ. വേലായുധൻ ചോദിച്ചിരുന്നു. 1970-ലാണ് ഇതിന് തുടക്കം കുറിച്ചതെന്നാണ് ഉത്തരത്തിൽ പറയുന്നത്. കോൺഗ്രസ് സർക്കാരാണ് ഇതിന് തുടക്കം കുറിച്ചതെന്ന് ബോധ്യപ്പെടുത്താനാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്.

ദളിത്, ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഇന്ന് ദേശീയ തലത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന വിഷയമാണ്. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ പ്രയാസം അനുഭവിച്ചത്, ഏറ്റവും കൂടുതൽ ആശങ്കയോടെയും ഭയത്തോടെയും ജീവിക്കേണ്ടി വന്നത്, ഒരു ഭരണകൂടത്തെ

പേടിയോടുകൂടി കാണേണ്ടി വന്ന കാലഘട്ടമായിരുന്നു കഴിഞ്ഞ നാല് വർഷം. ഈ നാല് വർഷക്കാലവും ന്യൂനപക്ഷ, ദളിത് വിഭാഗങ്ങൾ അനുഭവിച്ച പീഡനങ്ങൾ സമാനതകളില്ലാത്തവയാണ്. എല്ലാവരും ഇപ്പോഴും അതിനെതിരെ ശബ്ദം ഉയർത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ അതൊക്കെ അവഗണിച്ചുകൊണ്ട് ആൾക്കൂട്ടങ്ങൾ, സംഘ്പരിവാർ, ഗോസേന എന്നിവരൊക്കെ മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയാതെ ജാതിയുടെയും മതത്തിന്റെയും പേരിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായ അക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. സമയപരിമിതികൊണ്ട് ഞാൻ അക്കാര്യത്തിലേയ്ക്കൊന്നും കടക്കുന്നില്ല. എങ്കിലും ഇന്ത്യ ചർച്ച ചെയ്ത മുഹമ്മദ് അഖ്‌ലാഖും ജുനൈദും നജീബും അതിലെ ചില പേരുകൾ മാത്രമാണ്. അനുബന്ധമായി ധാരാളം പ്രശ്നങ്ങളും പ്രയാസങ്ങളും ദേശീയ തലത്തിലുണ്ട്. ദളിത് പീഡനങ്ങളുടെ ചിത്രം രാജ്യത്തിന് പുറത്തും ചർച്ച ചെയ്യുകയാണ്. പശുവിന്റെ തോലെടുക്കുന്ന തൊഴിൽ ചെയ്തു എന്നതിന്റെ പേരിൽ ആൾക്കൂട്ടം നടുറോഡിൽവച്ച് ദളിത് വിഭാഗത്തിൽപ്പെട്ടവരെ തല്ലിച്ചതച്ചത് നമ്മൾ ചർച്ച ചെയ്തതാണ്. രോഹിത് വെമുല ലോകത്തിന് മുന്നിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുന്ന സാഹചര്യമാണ്. ദളിത് പീഡനങ്ങൾ ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെടുമ്പോൾ കേരളം എന്നും അതിൽനിന്ന് മാറി സഞ്ചരിക്കുന്ന സംസ്ഥാനമായിരുന്നു. ഈ സർക്കാരിന്റെ ഒരു വർഷക്കാലത്തെ ക്ഷേമപ്രവർത്തനങ്ങളെയും വികസന പ്രവർത്തനങ്ങളെയുംകുറിച്ച് സംസാരിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നില്ല. പക്ഷേ പിന്നിട്ട 21 മാസം, ഇന്ത്യയിലെ ഇന്നത്തെ വർത്തമാനകാല സാഹചര്യങ്ങളോട് ചേർത്തുവയ്ക്കുന്ന സമീപനമാണ് കേരളത്തിലിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നത് വേദനാജനകമാണ്. ദേശീയ തലത്തിൽ ആർ.എസ്.എസ്.-ന്റെ അക്രമണത്തെ ഭയന്നാണ് ന്യൂനപക്ഷ, ദളിത് വിഭാഗങ്ങൾ ഇന്ന് ജീവിക്കുന്നതെങ്കിൽ കേരളത്തിലെ ദളിത്, ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ആർ.എസ്.എസ്.-നെ മാത്രമല്ല, സി.പി.ഐ.(എം.)-നെക്കൂടി ഭയപ്പെട്ടുകൊണ്ട് ജീവിക്കേണ്ട സാഹചര്യമാണുള്ളതെന്നത് ഒരു ഇടതുപക്ഷ സർക്കാരിന് അഭിമാനിക്കാൻ കഴിയുന്നതല്ല. കഴിഞ്ഞ 5 വർഷം എത്രമാത്രം കേസുകളും പ്രശ്നങ്ങളുമുണ്ടായി എന്ന കണക്ക് വച്ചല്ല ഞാനിത് പറയുന്നത്. പക്ഷേ ചില സംഭവങ്ങളിൽ സർക്കാർ സ്വീകരിച്ച സമീപനങ്ങൾ ഒരു ഇടതുപക്ഷ സർക്കാരിന് ചേർന്നതായിരുന്നോ എന്ന് ആലോചിക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ട് മാസം കഴിയുന്നതിന് മുമ്പാണ് തലശ്ശേരിയിൽ രണ്ട് യുവതികളെ ജയിലിലടച്ചത്. ഒന്നര വയസ്സായ ഒരു കൈക്കുഞ്ഞുമുണ്ടായിരുന്നു. ജയിലിലടക്കാനുള്ള കാരണം രാഷ്ട്രീയമായിരുന്നു. അതൊരു ഒറ്റപ്പെട്ട സംഭവമാകുമെന്ന് കരുതി. ഒന്നര വയസ്സുള്ള കുഞ്ഞുമായി മുമ്പും

പലരും ജയിലിൽ പോയിട്ടുണ്ടെന്ന് മുഖ്യമന്ത്രി സഭയിൽ പരിഹസിക്കുകയാണ് ചെയ്തത്. അത് രാഷ്ട്രീയമായി ഒറ്റപ്പെട്ട സംഭവമായിരിക്കും, അതവിടെ അവസാനിക്കുമെന്നാണ് ഞാൻ കരുതിയത്. പക്ഷേ കഴിഞ്ഞ 21 മാസക്കാലം പരിശോധിച്ചാൽ ഈ സർക്കാരിന്റെ ദളിത് വിരുദ്ധ നിലപാടിന്റെ തുടക്കമായിരുന്നു തലശ്ശേരിയിലെ യുവതികൾക്കുണ്ടായ അനുഭവമെന്ന് പിന്നീട് ബോധ്യപ്പെടുന്ന സാഹചര്യമുണ്ടായി. പലയിടത്തും സർക്കാർ നോക്കുകുത്തിയായി നിൽക്കുന്ന സാഹചര്യമാണുള്ളത്. അശാന്തൻ എന്ന കലാകാരൻ എറണാകുളത്ത് മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മൃതദേഹം ദർബാർ ഹാളിൽ പൊതുദർശനത്തിന് വയ്ക്കേണ്ടിവന്ന സമയത്ത് ബഹളം കൂട്ടേണ്ട സാഹചര്യമുണ്ടായി. അതിനെതിരായ നിലപാട് സ്വീകരിച്ചവർക്ക് പോലീസോ ഭരണകൂടമോ യാതൊരു സൗകര്യവും ചെയ്തുകൊടുത്തില്ല. അതോടൊപ്പം വടയമ്പാടിയിൽ സ്വാഭിമാൻ കൺവെൻഷൻ നടത്താൻ വന്ന ദളിത് യുവതീയുവാക്കളെ പോലീസ് തല്ലിച്ചതച്ചപ്പോൾ അപ്പുറത്ത് മാറിനിന്ന് ആർ.എസ്.എസ്.-കാർ കൈകൊട്ടുകയായിരുന്നു. ആ ആർ.എസ്.എസ്.-കാരെ പിന്തുണയ്ക്കുന്ന സമീപനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചത്. പാവപ്പെട്ടവനെയും ദളിതനെയും മുദ്രാവാക്യം വിളിക്കാനും കൊടി പിടിക്കാനുമുള്ള ഉപകരണമായാണ് ഇടതുപക്ഷം കണ്ടുകൊണ്ടിരിക്കുന്നത്. ഇതെല്ലാം സഹിക്കാം. ഏറ്റവും ഒടുവിലായി ഇന്ന് നിങ്ങൾ കൊണ്ടുവന്ന സംവരണനയം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ശക്തമായ നിലപാടെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തും ഈ ചർച്ചകളൊക്കെ വന്നതാണ്. അപ്പോൾ ശക്തമായ നിലപാടുകളും അഭിപ്രായങ്ങളും അറിയിച്ചതിന്റെ പേരിലാണ് ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിങ്ങളെടുത്ത നിലപാട് സ്വീകരിക്കാത്തത്. ഞാൻ സംവരണവുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. അത് അതീവ ഗൗരവമായി സംസാരിക്കേണ്ട കാര്യമാണെന്ന് എനിക്കറിയാം. പക്ഷേ വളരെ ലാഘവത്തോടുകൂടിയാണ് നിങ്ങൾ ഈ വിഷയം കൈകാര്യം ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, വിശപ്പ് എല്ലാവർക്കും തുല്യമാണെന്നാണ്. വിശപ്പ് എല്ലാവർക്കും തുല്യമാണെന്നത് വിപ്ലവകരമായ മുദ്രാവാക്യമാണ്. ദളിതനാകട്ടെ, സവർണ്ണനാകട്ടെ, പാമരനാകട്ടെ, പണ്ഡിതനാകട്ടെ എല്ലാവർക്കും വിശപ്പ് ഒന്നല്ലേ എന്ന് ചോദിച്ചാൽ അംഗീകരിക്കാം. വിശപ്പ് എല്ലാവർക്കും ഒന്നാണ്. പക്ഷേ ഇന്ത്യയിലെ സംവരണത്തിന്റെ മാനദണ്ഡം വിശപ്പോ ദാരിദ്ര്യമോ ആണോ? അങ്ങനെയാണെങ്കിൽ 1947-ൽ സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ 36 കോടി ജനതയാണ് നമുക്കുണ്ടായിരുന്നത്. അതിൽ പകുതിയിലധികവും മൂന്നുനേരം ഭക്ഷണം കഴിക്കാൻ കഴിയാത്ത, ഉടുതുണിക്ക് മറുതുണിയില്ലാത്ത ജനവിഭാഗമായിരുന്നു. എന്തുകൊണ്ടാണ് ഇന്ത്യയിലെ ദേശീയ നേതാക്കളും ഭരണഘടനാ വിദഗ്ദ്ധരും ഇവിടെ പട്ടിണിയും ദാരിദ്ര്യവുമുള്ളതുകൊണ്ട് ഈ ഇരുപത് കോടി ജനങ്ങളെയും

അല്ലെങ്കിൽ ദാരിദ്ര്യമുള്ള മുഴുവനാളുകളെയും സംവരണത്തിന്റെ പരിധിയിൽ കൊണ്ടു വരാത്തത്; സംവരണത്തിന്റെ മാനദണ്ഡമെന്നത് ഏറ്റവും ചുരുങ്ങിയത് ദാരിദ്ര്യവും പട്ടിണിയുമല്ല, മറിച്ച് അവസര സമത്വവും സാമൂഹ്യനീതിയുമാണ്. മഹാനായ ഡോ. ബി. ആർ. അംബേദ്കർ ഏറ്റവും കൂടുതൽ വേദനിച്ചത് ഒരുനേരം ഭക്ഷണം കിട്ടാത്തതുകൊണ്ടല്ല, മറിച്ച് ഏറ്റവും മിടുക്കനായ വിദ്യാർത്ഥിയായിട്ടുപോലും ക്ലാസ്സ് മുറിയിലെ മൂലയിൽ ഒരു ചാക്കിലിരുന്ന് പഠിക്കേണ്ട സാഹചര്യമുണ്ടായതുകൊണ്ടായിരുന്നു. സഹപാഠികളോടൊപ്പം ബെഞ്ചിലിരുന്ന് പഠിക്കാൻ അവസരം നിഷേധിച്ചതിനെ കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ആ അവസരമുണ്ടാക്കുന്നതിനും സാമൂഹ്യനീതി നടപ്പാക്കുന്നതിനും വേണ്ടിയാണ് ഇവിടെ സംവരണം കൊണ്ടുവന്നത്. ഇന്ന് സംവരണം ഇല്ലെങ്കിലുള്ള സ്ഥിതി ഞാൻ പ്രത്യേകിച്ച് പറയേണ്ടതുണ്ടോ; ഈ വിഭാഗത്തിൽപ്പെട്ട 15 പേർ നിയമസഭയിലുണ്ട്. അത് സംവരണം ഭരണഘടന ഉറപ്പ് നൽകുന്നതുകൊണ്ടാണ്. സംവരണമില്ലാത്ത മേഖലയിലെ സ്ഥിതി ഞാൻ പറയുന്നില്ല. അപ്പുറവും ഇപ്പുറവും ഇരിക്കുന്ന മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളൊക്കെ അതിന് ഉത്തരം പറയേണ്ടിവരും. രാജ്യസഭ പരിശോധിച്ചാൽ നമുക്കത് ബോധ്യമാകും. മറ്റ് സംവരണമില്ലാത്ത സ്ഥലങ്ങൾ പരിശോധിച്ചാൽ അവിടെയൊന്നും പ്രൊട്ടക്ഷനില്ല. ആർക്കും കടന്നുവരാൻ കഴിയാത്ത സാഹചര്യം ഇപ്പോഴും നിലനിൽക്കുകയാണ്. ഞാൻ സൂചിപ്പിച്ചത്, ദാരിദ്ര്യത്തെയും വിശപ്പിനെയും സംവരണത്തിന്റെ അടിസ്ഥാനമാക്കി മാറ്റിയാൽ ഏറ്റവും കൂടുതൽ പട്ടിണി കിടക്കുന്ന ആളുകൾ കടലോര പ്രദേശങ്ങളിലുള്ളവരാണ്. കാറ്റ് കനത്താൽ, കടലൊന്ന് ഇരമ്പിയാൽ ദിവസങ്ങളോളം അടുപ്പ് പുകയാത്ത വീടുകൾ നമ്മുടെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലുണ്ട്. എന്തുകൊണ്ടാണ് നിങ്ങൾ അവർക്ക് പ്രത്യേക സംവരണം കൊടുക്കാതിരിക്കുന്നത്; ഞാൻ ഒരിക്കൽക്കൂടി പറയുകയാണ്, സംവരണമെന്നത് അവസരസമത്വവും സാമൂഹ്യനീതിയുമാണ്. അർഹതപ്പെട്ടവന് അർഹതപ്പെട്ട സ്ഥാനങ്ങൾ ലഭിക്കാനുള്ള അവസരമാണ്.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതെന്തുകൊണ്ടാണ്; മറ്റൊരു വിഭാഗത്തിനും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താത്ത സാഹചര്യമെന്താണ്; കാരണം, ഈ വിഭാഗങ്ങൾക്ക് ഇന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെയേ അവസരം കൊണ്ടുവരാൻ കഴിയുകയുള്ളൂ. അവർക്ക് അവസരം ലഭ്യമാകാതെ പോകുകയാണ്. എവിടെനിന്നാണ് സർക്കാരിന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ന ഉപദേശം കിട്ടുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മൂന്ന് സ്ട്രീമായിട്ടാണ് തിരിച്ചിരിക്കുന്നത്. ഈ മൂന്ന് സ്ട്രീമിൽ രണ്ട് സ്ട്രീമിലും റിസർവ്വേഷനില്ല. ഒന്നാമത്തെ സ്ട്രീമിൽ മാത്രമാണ് റിസർവ്വേഷനുള്ളത്. രണ്ടും മൂന്നും സ്ട്രീമിൽ റിസർവ്വേഷനില്ലാതെ വന്നാൽ ആകെയുള്ള റിസർവ്വേഷനിലൂടെ കടന്നുവരാൻ കഴിയുന്ന പാവപ്പെട്ട ജനവിഭാഗങ്ങൾ എത്ര പേരുണ്ടാകുമെന്ന്

അങ്ങേയ്ക്ക് അറിയാമല്ലോ. ഇന്ത്യയിൽ ഒരിടത്തും ഇല്ലാത്ത രീതിയിലുള്ള ഒരു സ്കീം നിങ്ങൾ സൃഷ്ടിച്ചില്ലേ; അത് ആരെ സംരക്ഷിക്കാൻ വേണ്ടിയായിരുന്നു എന്ന് പരസ്യമായി പറയേണ്ട ബാധ്യത നിങ്ങൾക്കുണ്ട്. പാവപ്പെട്ടവനെ കൂടുതൽ പ്രയാസങ്ങളിലേയ്ക്ക് നയിക്കുന്ന സാഹചര്യമാണ് സർക്കാരിന്റെ ഇത്തരം നിലപാടുകൾകൊണ്ടുണ്ടാകുന്നത്.

സംവരണത്തിനെതിരെയുള്ള നീക്കംപോലെതന്നെ സംവരണം ഇനി ആവശ്യമാണോ എന്ന തരത്തിൽ വലിയ പ്രചാരണം നടക്കുന്നുണ്ട്. പദ്ധതി വിഹിതം നമ്മൾ ചെലവഴിച്ചിട്ട് അതിന്റെ ഗുണം കിട്ടുന്നുണ്ടോ എന്ന് അപ്പുറത്തും ഇപ്പുറത്തുമുള്ളവർ പറയുന്നു. എന്താണതിന്റെ ഉള്ളിലുള്ള ലക്ഷ്യം. ഇത് അവസാനിപ്പിക്കേണ്ട സമയമായി എന്നുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമാണിത്. പത്ത് ശതമാനമാണ് നമുക്ക് പദ്ധതി വിഹിതം നീക്കിവയ്ക്കുന്നത്. അതുകൊണ്ട് എന്ത് ചെയ്യാൻ കഴിയും? അതിന്റെ പരിമിതികൾ എത്രയാണ്. അതിലെന്ത് ചെലവഴിച്ചു എന്നത് പരിശോധിക്കണമെന്നാണ് എല്ലാവരും പറയുന്നത്. ബാക്കി വരുന്ന 90 ശതമാനം ഇവിടെ ചെലവഴിക്കുന്നുണ്ട്. അതിന്റെ പുരോഗതി വിലയിരുത്തുന്നുണ്ടോ? ഉദ്ദേശിച്ച രീതിയിലുള്ള പുരോഗതി ആ സെക്ടറിലുണ്ടോ; കേരളത്തിൽ പൊതുവായി ചെലവഴിക്കുമ്പോഴുണ്ടാകുന്ന പാകപ്പിഴകൾ ഇവിടെയുമുണ്ടാകും; അത്രയേയുള്ളൂ. ഒരുപാട് പണം ഈ വിഭാഗക്കാർക്കുവേണ്ടി ചെലവഴിക്കുന്നു എന്നാണ് പറയുന്നത്. പ്ലാൻ ഫണ്ട് പരിമിതമാണെന്ന കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. നോൺ പ്ലാൻ ഫണ്ടിൽ നിന്ന് ആയിരക്കണക്കിന് കോടി രൂപ പ്രതിവർഷം ചെലവഴിക്കുന്നു. പ്ലാൻ ഫണ്ടിന്റെ 10 ശതമാനം ഈ വിഭാഗങ്ങൾക്ക് ലഭിക്കാൻ അർഹതയില്ലേ; അവർക്ക് 10 ശതമാനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കേരളത്തിലെ ഏതെങ്കിലും ഒരു സർക്കാരിന് ഇന്നുവരെ കഴിഞ്ഞിട്ടുണ്ടോ. ഇല്ലെന്നാണ് പറയാനുള്ളത്. നമ്മൾ ഇത്തരത്തിൽ ധാരാളം പണം വെറുതെ ചെലവഴിക്കുന്നു. എന്നിട്ടും മാറ്റമില്ല എന്നൊക്കെ പറഞ്ഞ് പ്രചരണം നടത്തുകയെന്നല്ലാതെ യഥാർത്ഥത്തിൽ ഇന്ന് നോൺ പ്ലാൻ ഫണ്ടിലൂടെ കിട്ടുന്ന ശമ്പളവും പെൻഷനും എസ്.സി. വിഭാഗങ്ങൾക്ക് ലഭിക്കുകയാണെങ്കിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയും.

സംവരണ നയത്തിലൂടെ, ദളിത് വിരുദ്ധ സമീപനത്തിലൂടെ കേന്ദ്ര സർക്കാരിന്റെ ദളിത് വിരുദ്ധ നിലപാടുകളോടൊപ്പം ചേർന്നാണ് കേരളത്തിലെ സർക്കാർ മുന്നോട്ട് പോകുന്നത്. ഇന്ത്യാ രാജ്യത്ത് സാമ്പത്തിക സംവരണമുൾപ്പെടെയുള്ള കാര്യങ്ങൾ ഏറ്റവും കൂടുതൽ പറഞ്ഞിട്ടുള്ളത് ആർ.എസ്.എസ്.-ഉം ആർ.എസ്.എസ്.-ന്റെ നേതാവ് ശ്രീ. മോഹൻ ഭഗവതുമാണ്. അദ്ദേഹത്തിന്റെ അജണ്ട നടപ്പാക്കുന്ന സർക്കാരായി കേരള സർക്കാർ മാറുന്നു എന്നതിൽ അങ്ങേയറ്റത്തെ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ധനാഭ്യർത്ഥന ചർച്ചയിൽ ബഹുമാനപ്പെട്ട 15 അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. ചർച്ചയിൽ അവർ ഉന്നയിച്ച നിർദ്ദേശങ്ങളും ശരിയായ വിമർശനങ്ങളും സർക്കാർ സ്വീകരിക്കുകയും ഭാവിപ്രവർത്തനങ്ങളിൽ അത് സഹായകരമായി ഉപയോഗപ്പെടുത്തുമെന്ന് വ്യക്തമാക്കാനും ഞാൻ ആഗ്രഹിക്കുന്നു. തൊഴിൽ വകുപ്പ് ശക്തിപ്പെടുത്തുന്നതിന് ദിശാബോധമുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിച്ച് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തി സർക്കാർ തൊഴിലാളികൾക്കൊപ്പമാണ് നിൽക്കുന്നത്. കേരളം തൊഴിൽ സൗഹൃദ സംരഭക സൗഹൃദ സംസ്ഥാനമായി മാറുകയാണ്. സംതൃപ്തവും പ്രവർത്തനനിരതവുമായ തൊഴിൽമേഖല സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക വളർച്ചയുടെയും സമഗ്ര വികസനത്തിന്റെയും നിർണ്ണായക ഘടകങ്ങളിലൊന്നാണ്. ഈ ലക്ഷ്യം കൈവരിക്കാനായി പുതിയ തൊഴിൽ നയം സർക്കാർ മുന്നോട്ട് വയ്ക്കുകയാണ്. തൊഴിലാളികളുടെയും തൊഴിലുടമകളുടെയും യോജിച്ച മുന്നേറ്റത്തിലൂടെയും തൊഴിൽ സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തിയും സംസ്ഥാനത്തിന്റെ സ്ഥായിയായ വികസനം ലക്ഷ്യമാക്കിയും സർക്കാർ തൊഴിൽ നയം രൂപപ്പെടുത്തിവരികയാണ്. പൊതു സമൂഹത്തിന്റെ ചർച്ചയ്ക്കായി അവതരിപ്പിച്ച കരട് തൊഴിൽ നയത്തിന്മേൽ വിവിധ മേഖലകളിൽ നിന്ന് ഉയർന്നുവന്ന വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷം തൊഴിൽ നയത്തിന് അവസാന രൂപം നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്. കരട് തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള നടപടികൾ തൊഴിലാളികളുടെയും തൊഴിലുടമകളുടെയും ഇതര ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്. വരുന്ന വർഷത്തെ പ്രവർത്തനങ്ങളിൽ ഈ നയം പ്രാവർത്തികമാക്കുന്നതിനാണ് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നത്. തൊഴിലിടങ്ങളിലുണ്ടാകാനിടയുള്ള പ്രശ്നങ്ങളിൽ ഇടപെടാനും തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കാനും ഉതകുന്ന നടപടികൾക്ക് പ്രാധാന്യം നൽകും. എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തി തൊഴിൽ നിയമങ്ങൾ നടപ്പിലാക്കാൻ ജാഗരൂകമായ ഇടപെടലുണ്ടാകും.

മിനിമം വേതനം പ്രഖ്യാപിച്ചിട്ടുള്ള മേഖലകളിൽ വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം പുതിയ മേഖലകളിലേയ്ക്കുകൂടി മിനിമം വേതനം വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിക്കും. കേരളത്തിൽ പുന:സംഘടിപ്പിക്കപ്പെട്ട മിനിമം വേജസ് അഡ്വൈസറി ബോർഡ്, മിനിമം വേജ് നിശ്ചയിക്കാൻ ബാക്കിയുള്ള മേഖലകളിലും നിശ്ചയിക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. കേരളത്തിൽ മിനിമം വേജ് ബാധകമായ 80 വിഭാഗം തൊഴിലാളികളുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തുതന്നെ

5 വർഷം കാലാവധി പൂർത്തിയാക്കിയ ഏകദേശം 39 മേഖലകളിൽ മിനിമം വേജ് പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടിയിരുന്നു. ആ മേഖലകളിലെല്ലാം മിനിമം വേജ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിനകം 22 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചു. സ്വകാര്യ ആശുപത്രി, ഖാദി, ഹാൻഡ് ലൂം, ഫിഷ് പീലിംഗ്, സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങിയ അഞ്ച് മേഖലകളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിൽ സ്വകാര്യ ആശുപത്രി, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മിനിമം വേജ് പ്രഖ്യാപിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. മിനിമം വേജ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. തൊഴിലാളികൾക്ക് മിനിമം വേതനം നിഷേധിക്കുന്ന തൊഴിലുടമകൾക്കെതിരെയുള്ള പിഴശിക്ഷ 500 രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി ഉയർത്തിയത് നിയമം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായാണ്. കഴിഞ്ഞ ബഡ്ജറ്റ് വർഷം വിവിധ ക്ഷേമനിധി ബോർഡുകളിൽ നടപ്പിലാക്കിയ വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ മറ്റ് ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്കുകൂടി ലഭ്യമാക്കാനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 600 രൂപയായിരുന്നു പെൻഷൻ. അത് 1,100 രൂപയായി ഉയർത്തുകയുണ്ടായി. മാത്രമല്ല, മുൻബാക്കി ഉൾപ്പെടെ 2017 നവംബർ മാസം വരെയുള്ള ക്ഷേമനിധി പെൻഷനുകൾ ഇതിനകം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മിനിമം കൂലി, ചുമട്ടുതൊഴിലാളി മേഖലയിലെ തർക്കങ്ങൾ തുടങ്ങിയ ചില പ്രശ്നങ്ങൾ ഉയർന്നുവരുന്നത് സ്വാഭാവികമാണ്. ചുമട്ടുതൊഴിലാളി മേഖലയിൽ 11 ജില്ലകളിൽ കൂലി ഏകീകരിച്ചിട്ടുണ്ട്. അത് പൊതുവേ തർക്കങ്ങൾ ഒഴിവാക്കുന്നതിന് സഹായകരമാണ്. മൂന്ന് ജില്ലകളിൽക്കൂടി കൂലി ഏകീകരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുകയാണ്.

കർഷകത്തൊഴിലാളി പെൻഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. അത് ന്യായമായ പ്രശ്നം തന്നെയാണ്. അതിനുള്ള പരിഹാരം കാണാൻ ശ്രമിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ഒരു രൂപപോലും സഹായം നൽകാൻ തയ്യാറായില്ല. ആ കാലഘട്ടങ്ങളിലെ കുടിശ്ശിക ഏകദേശം 300 കോടിയോളം രൂപ വരും. കഴിഞ്ഞ വർഷം കുടിശ്ശിക ഇനത്തിൽ 30 കോടി രൂപയാണ് ഈ സർക്കാർ കൊടുത്തത്. ബാക്കിയുള്ള എല്ലാ ആനുകൂല്യങ്ങളും കർഷകത്തൊഴിലാളികൾക്ക് നൽകുന്നതിനുവേണ്ടിയുള്ള ശ്രമമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി 11,000 രൂപയിൽ നിന്ന് ഒരു ലക്ഷം

രൂപയായി വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 445995 തൊഴിലാളികൾക്ക് 574,41,83,802 രൂപ ക്ഷേമനിധി പെൻഷനായി വിതരണം ചെയ്തു. പൂട്ടിക്കിടക്കുന്ന കയർ, തോട്ടം, പൊതുമേഖലാ സ്ഥാപനങ്ങൾ, ഫാക്ടറികൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യാ ധനസഹായം, പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കിറ്റുകൾ, പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യ, പത്തുകിലോഗ്രാം അരി എന്നിവ വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3.00 PM]

സംസ്ഥാനത്തെ ബീഡി ചുരുട്ടുതൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കേരള ബീഡി ചുരുട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന് 20 കോടി രൂപയുടെ ധനസഹായം 19-3-2018-ന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ധനസഹായം വിനിയോഗിച്ച് 15 പുതിയ ക്ഷേമപദ്ധതികൾ ഈ വർഷം ബീഡിത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഡിഗ്രി തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, മേശ, കസേര എന്നിവയും 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൈക്കിൾ, അംഗവൈകല്യമുള്ള 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് മുച്ചക്ര സൈക്കിൾ എന്നിവയും ബീഡിമേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു; പ്ലാന്റേഷൻ മേഖല ഗുരുതരമായ പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധിക്ക് പരിഹാരം കാണാനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർദ്ദേശിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് ഇപ്പോഴാണ് ലഭിച്ചത്. റിപ്പോർട്ടിലെ ഉള്ളടക്കം പരിശോധിച്ച് പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സർക്കാർ ഗൗരവമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ചുള്ള ഉന്നതതല കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇതെങ്ങനെ പ്രാവർത്തികമാക്കണം എന്നതിനെക്കുറിച്ച് തൊഴിലാളികളുടെയും ഉടമകളുടെയും സംഘടനകളുമായി സർക്കാർ ചർച്ച നടത്തിക്കഴിഞ്ഞു; എല്ലാ പ്രശ്നങ്ങളും പരിശോധിച്ച് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുന്നുണ്ട്. ആ ചർച്ചയുടെ ഭാഗമായി ഉയർന്നുവന്ന പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കെ. ശശീന്ദ്രൻ ഇവിടെ വിശദീകരിച്ചത്. ഫലപ്രദമായി കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതോടൊപ്പം തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീട് നിർമ്മിക്കുന്ന പദ്ധതിയെക്കുറിച്ചും സർക്കാർ ഗൗരവമായി ചിന്തിക്കുന്നുണ്ട്.

ഇപ്പോൾ ഒരു വീടിന് നാല് ലക്ഷം രൂപയെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിലും ആ തുക കൊണ്ട് വീടുപണിയാൻ കഴിയില്ലെന്നത് പരിഗണിച്ച് ബെനിഫിഷ്യറി കമ്മിറ്റി, നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ എന്നിവപോലുള്ള മറ്റ് ഏജൻസികളുടെ സഹകരണത്തോടെയും തോട്ടം ഉടമകളുടെ സഹായത്തോടെയും നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

തോട്ടം തൊഴിലാളികൾ പ്രത്യേകിച്ച് തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾ പ്രതിസന്ധിയിലാണ്, പല തോട്ടങ്ങളും അടഞ്ഞു കിടക്കുകയാണ്. ഈ വ്യവസായത്തിനും തൊഴിലാളികൾക്കും പ്രതീക്ഷ നൽകുന്നതാണ് ഇപ്പോൾ പീരുമേട്ടിൽ പോബ്സൺ കമ്പനിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പുതിയ ടീ ഫാക്ടറി. ആഗോള തലത്തിൽ തേയില കച്ചവടത്തിൽ മത്സരിക്കാൻ പ്രാപ്തമാകത്തക്ക നിലയിൽ ആ സ്ഥാപനത്തിന് പ്രവർത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരം പരിശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകാൻ സർക്കാർ സന്നദ്ധമായിട്ടുണ്ട്. അത്തരം നടപടികളിലൂടെ ഈ വ്യവസായ മേഖലയിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

കഴിഞ്ഞ വർഷം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വളരെ മികച്ച പ്രവർത്തനം നടത്തിയിട്ടുണ്ട്. പൊതുജന സേവനരംഗത്തെ നൂതന ആശയാവിഷ്കാരത്തിനുള്ള കഴിഞ്ഞ വർഷത്തെ മുഖ്യമന്ത്രിയുടെ അവാർഡ് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് കരസ്ഥമാക്കിയിരിക്കുകയാണ്. ഈ പ്രവർത്തന മികവ് വരുംവർഷങ്ങളിലും തുടരുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ തൊഴിൽ ലഭിക്കാത്തവരും മറ്റ് സ്വയം തൊഴിലിൽ ഏർപ്പെടാൻ കഴിയാത്തവരുമായ ആളുകളിൽ 50 വയസ്സ് മുതൽ 65 വയസ്സ് വരെ പ്രായപരിധിയുള്ളവരെ ഉദ്ദേശിച്ചുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതിയായ 'നവജീവൻ' വരുന്ന സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്; കൂടാതെ പുതിയ പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ എന്നിവ വഴി കൂടുതൽ തൊഴിലവസരങ്ങൾ പുതിയ തലമുറയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്. തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന KASE എന്ന സ്ഥാപനം തൊഴിൽ നൈപുണ്യ വികസനത്തിൽ ശ്രദ്ധേയമായ ഇടപെടൽ നടത്തിവരികയാണ്. ഈ സൗകര്യങ്ങളെല്ലാം ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. ഇപ്പോൾ ഐ.ടി.ഐ.-കൾ വഴി സംഘടിപ്പിച്ചുവരുന്ന ജോബ് ഫെയർ പോലുള്ള പരിപാടികൾ ഇതിനുദാഹരണമാണ്. ജോബ് ഫെയറിൽ ഇന്റർവ്യൂ നടത്തുന്ന കേന്ദ്രത്തിൽ വച്ചുതന്നെ തൊഴിൽ നൽകാനും തൊഴിലാളികളെ എൻലിസ്റ്റ്

ചെയ്യാനും കഴിയുന്നുവെന്നതാണ് വളരെ പ്രധാനപ്പെട്ട കാര്യം. ഇങ്ങനെ നാനാതരത്തിലുള്ള നടപടികൾ തൊഴിൽ മേഖലയിൽ ഇപ്പോൾ പ്രാവർത്തികമാക്കി വരുന്നുണ്ടെന്നുള്ളത് ഈ സന്ദർഭത്തിൽ ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഇൻകം സപ്പോർട്ട് സ്കീമിന്റെ പരിധിയിൽ പൂട്ടിക്കിടക്കുന്ന തോട്ടം, പൊതുമേഖലാ സ്ഥാപനങ്ങൾ, ഫാക്ടറികൾ, കയർ മേഖല എന്നിവിടങ്ങളിലെ തൊഴിലാളികൾക്കെല്ലാം എക്സ്ഗ്രേഷ്യയും പത്ത് കിലോഗ്രാം അരിയും ഈ കാലഘട്ടത്തിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. മരണപ്പെട്ട 120 തൊഴിലാളികളുടെ ആശ്രിതർക്ക് 25,000 രൂപ വീതം പ്ലാന്റേഷൻ തൊഴിലാളി ആശ്വാസ പദ്ധതിപ്രകാരം നൽകിയിട്ടുണ്ട്. 1150 ഗുണഭോക്താക്കൾക്ക് 2,000 രൂപ വീതം 23 ലക്ഷം രൂപ അസംഘടിത മേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ആശ്വാസപദ്ധതി പ്രകാരം നൽകാനും ആർ.എസ്.ബി.വൈ., ചിസ്സ് എന്നിവയും സംസ്ഥാന സർക്കാരിന്റെ പദ്ധതിയും കൂടിച്ചേർന്ന് 34.84 ലക്ഷം കുടുംബങ്ങളെ ആരോഗ്യ ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. ഇതിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 30,000 രൂപ ചികിത്സാ സഹായം ലഭിക്കും. കൂടാതെ 60 വയസ്സ് തികഞ്ഞ തൊഴിലാളികൾക്ക് 30,000 രൂപ കൂടി ചേർത്ത് മൊത്തം 60,000 രൂപ ലഭിക്കും. ഇതുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള ആനുകൂല്യങ്ങൾ ഇത്തരം പാവപ്പെട്ട വിഭാഗത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കോടിയിൽപ്പരം ആളുകൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഓരോ വർഷവും ഈ പദ്ധതിയിലേയ്ക്കുള്ള രജിസ്ട്രേഷൻ വർദ്ധിച്ചുവരികയാണ്.

ഇൻകം സപ്പോർട്ട് സ്കീമിൽ വിവിധ മേഖലകളിലായി 123,28,40,000 രൂപ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് നടപടികളുടെ ഭാഗമായി 86536 പരിശോധന ഈ രണ്ടു വർഷക്കാലത്തിനിടയിൽ നടന്നു. 13334 പ്രോസിക്യൂഷൻ, 16887 ക്ലെയിം പെറ്റീഷൻ എന്നിങ്ങനെ വിവിധ മേഖലകളിൽ പരിശോധന നടത്തി നിയമം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ബാലവേല തടയാൻ ടാസ്ക് ഫോഴ്സ്, തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ഓൺലൈൻ സേവനം തുടങ്ങിയവ നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പം അതിഥികളെന്ന് കണക്കാക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് പദ്ധതി നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചു. ഇപ്പോൾ 192325 തൊഴിലാളികൾ രജിസ്ട്രേഷന് വിധേയമായിട്ടുണ്ട്, അവർക്കെല്ലാം കാർഡും നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ എല്ലാ തൊഴിലാളികളെയും രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ തൊഴിലാളികൾക്കുവേണ്ടിയുള്ള പാർപ്പിട പദ്ധതി വിപുലപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം അവർക്ക് ചുരുങ്ങിയ വാടകയ്ക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള

നടപടിയും സ്വീകരിക്കും. ഒഡെപെക്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തുകയും 'കില' പുനഃസംഘടിപ്പിക്കുകയും ദേശീയ നിലവാരത്തിലേയ്ക്ക് ഒരു വലിയ സ്ഥാപനമായി ഇതിനെ ഉയർത്തുന്നതിനായി പരിശ്രമിച്ചു കൊണ്ടിരിക്കുകയുമാണ്. നഗരങ്ങളിലെത്തുന്ന വനിതാ തൊഴിലാളികൾക്കായി സ്റ്റുഡിയോ അപ്പാർട്ട്മെന്റ് സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുണ്ട്. മികച്ച തൊഴിലാളികൾക്കുള്ള അംഗീകാരമെന്ന നിലയിൽ ഈ വർഷം തൊഴിലാളി ശ്രേഷ്ഠ അവാർഡ് നടപ്പിലാക്കും. ഇതര സംസ്ഥാന തൊഴിലാളികളുടെ മറ്റ് പ്രശ്നങ്ങളെക്കുറിച്ചുള്ള വിശദമായ പഠനം നടത്തുന്നതിനായി ലേബർ ഡേറ്റാ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്.

12 ഐ.ടി.ഐ-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനു വേണ്ടിയുള്ള നടപടികൾക്ക് തുടക്കം കുറിക്കുകയും കൂടുതൽ പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനുള്ള ഏർപ്പാടുകൾ നടത്തിയിട്ടുമുണ്ട്. ഇപ്പോഴത്തെ ബഡ്ജറ്റിന്റെ ഭാഗമായി അത് ഉറപ്പ് നൽകുന്നുണ്ട്. 75,000 വിദ്യാർത്ഥികളാണ് ഐ.ടി.ഐ.-യിൽനിന്ന് പഠനം പൂർത്തിയാക്കി പുറത്തുവരുന്നത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇന്നത്തെ സിലബസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് തൊഴിലവസരം ഇല്ലാതാകുകയാണ്. അതുകൊണ്ട് പുതിയ സിലബസ്സും പുതിയ സാങ്കേതികവിദ്യയും കൂടി മനസ്സിൽ കണ്ടുകൊണ്ടുള്ള സിലബസ് തയ്യാറാക്കാൻ കേന്ദ്ര സർക്കാരുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, കേന്ദ്രത്തിന്റെ അംഗീകാരം ഇതിൽ വളരെ പ്രധാനമാണ്. തൊഴിൽ വകുപ്പ് ആവിഷ്കരിക്കുന്ന എല്ലാ പദ്ധതികളിലും കേന്ദ്ര സർക്കാരിന്റെ സഹായത്തിനുവേണ്ടിയുള്ള ശ്രമം നടത്തുന്നുണ്ട്. പക്ഷേ, എല്ലാ വിധത്തിലുള്ള ശ്രമങ്ങൾ നടത്തിയിട്ടും ആവശ്യമായ സഹായം ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. എന്നാലും അതിൽ നിന്നും പുറകോട്ട് പോകുകയില്ല. സംസ്ഥാന സർക്കാരിന് സ്വന്തമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മദ്യമേഖലയിലുള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഇവിടെ ചർച്ച നടന്നപ്പോൾ ചിലർക്കെങ്കിലും അവ്യക്തത നിലനിൽക്കുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾ വന്ന രണ്ട് പ്രശ്നങ്ങളാണ് ഈ മേഖലയിലുള്ളത്. കേരളത്തിൽ മദ്യശാലകൾ നടത്തണമെങ്കിൽ ഒബ്ജക്ഷണബിൾ സൈറ്റിൽ നിന്നുമുള്ള ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. അതിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഫോർസ്റ്റാറിനു മുകളിലുള്ള ഷാപ്പുകൾ 2012-ന് മുമ്പ് മദ്യശാലകളാണ്. ഫോർസ്റ്റാറിന് മുകളിലുള്ള ബാർ ഹോട്ടലുകൾക്ക് 2012 -ന് മുമ്പുള്ള ദൂരപരിധി 50 മീറ്ററാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അത് 200 മീറ്ററായി വർദ്ധിപ്പിച്ചു. യു.ഡി.എഫ്. സർക്കാർ

അത്തരമൊരു നിലപാടെടുക്കുമ്പോൾ അവരുടെ വീക്ഷണവും ലക്ഷ്യവും അതിലുണ്ട്. ആ ലക്ഷ്യമല്ല ഇടതുപക്ഷ ജനാധിപത്യ സർക്കാരിനുള്ളത്. 2012-ന് മുമ്പും അതിനുശേഷവും ബാർ ഹോട്ടലുകളുമായി ഏതെങ്കിലും തരത്തിലുള്ള പ്രശ്നമോ പ്രയാസങ്ങളോ അനുഭവപ്പെട്ടതായ വിവരമില്ല. ഈ സാഹചര്യങ്ങളും ടൂറിസ്റ്റുകളുടെ ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടാണ് ബാർ ഹോട്ടലുകളുടെ ദൂരപരിധി ഫോർ സ്റ്റാറിനു മുകളിൽ 50 മീറ്ററായി പുനഃസ്ഥാപിച്ചത്. കള്ള്ഷാപ്പുകൾക്ക് 400 മീറ്റർ ദൂരപരിധിയും വിദേശമദ്യ ഔട്ട്ലെറ്റുകൾക്ക് 200 മീറ്റർ ദൂരപരിധിയും നില നിൽക്കുന്നുണ്ട്. മറ്റ് ത്രീസ്റ്റാർ ഉൾപ്പെടെയുള്ള ബാർ ഹോട്ടലുകൾക്ക് 200 മീറ്റർ ദൂരപരിധി നിലനിൽക്കുകയാണ്. ആ ദൂരപരിധിയുടെ കാര്യത്തിൽ ഒരു വ്യത്യാസവും വരുത്താൻ സർക്കാർ സന്നദ്ധമായിട്ടില്ല. ആ ദൂരപരിധി അതുപോലെതന്നെ തുടരുകയാണ് ചെയ്യുന്നത്. ദേശീപാതയുമായി ബന്ധപ്പെട്ട പ്രശ്നത്തിലാണ് ചില നടപടികളുണ്ടായത്. അതാണ് ഇന്നലെ ഇവിടെ അടിയന്തരപ്രമേയത്തിനുള്ള മറുപടിയിൽ വിശദീകരിച്ചത്. ആ വസ്തുത അംഗീകരിക്കാൻ തയ്യാറാകണം. ശ്രീ. പാറക്കൽ അബ്ദുല്ല വസ്തുതകൾ മനസ്സിലാക്കാതെ ചില പരാമർശങ്ങൾ ഇന്ന് നടത്തി. ഇവിടെ നോട്ടിഫൈ ചെയ്തിട്ടുള്ള കള്ളുഷാപ്പുകൾ 5155 ആണ്. അതിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 4234 കള്ളുഷാപ്പുകൾമാത്രമേ പ്രവർത്തിച്ചിട്ടുള്ളൂ. അംഗീകാരം കൊടുക്കാവുന്ന ഷാപ്പുകൾ 5155 എണ്ണം നിലനിൽക്കുന്നുണ്ട്. 4234-ന്റെ സ്ഥാനത്ത് കേരളത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് 3701 കള്ളുഷാപ്പുകളാണ്. ഇതാണ് യാഥാർത്ഥ്യം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 5460 മദ്യഷാപ്പുകളുണ്ടായിരുന്നു. ഇപ്പോൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നത് 4874 മദ്യശാലകളാണ്. യഥാർത്ഥത്തിൽ ഇത് ആർക്കും ലഭിക്കാവുന്ന കണക്കാണ്. ഈ രേഖകളൊന്നും മാറ്റാൻ സാധിക്കില്ല എന്നതാണ് വസ്തുത. മദ്യനയത്തിൽ വലിയ മാറ്റങ്ങളൊന്നും ഇപ്പോൾ സർക്കാർ വരുത്തിയിട്ടില്ല. എന്തോ ഒരു പുതിയ നയം ഉണ്ടാക്കിയിരിക്കുന്നു എന്ന മട്ടിലുള്ള പ്രചാരം ഇപ്പോൾ നടക്കുകയാണ്. ആ പ്രചാരവേലയുടെ ഉദ്ദേശം മറ്റെന്തോ ആയിരിക്കും. പക്ഷേ, വസ്തുത ഇതാണ്. ഇപ്പോൾ കൊടുത്തിട്ടുള്ള ഉത്തരവ് സുപ്രീംകോടതി വിധിയുടെ ഭാഗമായി പഞ്ചായത്ത് പരിധിയിൽ അടച്ചുപൂട്ടിയിട്ടുള്ള ഷാപ്പുകൾ തുറക്കുന്നതിനാണ്. നഗരസഭകളിൽ നേരത്തെതന്നെ ഇത് നടപ്പിലായി കഴിഞ്ഞിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തമായ നടപടികളൊന്നും ഇക്കാര്യത്തിലില്ല എന്നുള്ളതാണ് ഇതിന്റെ ഭാഗമായി കണക്കാക്കേണ്ടത്.

മറ്റൊരു കാര്യം കൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ചു വർഷത്തിനിടയിൽ എടുത്ത അബ്കാരി കേസ്സുകൾ 68083 ആണ്. മറ്റ് ലഹരി പദാർത്ഥങ്ങൾ തടയുന്നതിനുള്ള കേന്ദ്ര നിയമമാണ് The Narcotic Drugs and Pshychotropic Substances (N D P S) Act. ആ

ആക്ട് പോരാ; അതിൽ ഭേദഗതി വരുത്തണം. കൂടുതൽ കടുത്ത ശിക്ഷ ഉൾപ്പെടുത്തുന്ന രീതിയിൽ ആ നിയമത്തിൽ മാറ്റം വരുത്താനുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ ആവശ്യം കേന്ദ്ര സർക്കാരിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. പുകയില ഉല്പന്നങ്ങൾ തടയുന്നതിനുവേണ്ടി എടുത്തിട്ടുള്ളത് 6042 കേസ്സുകളാണ്. കഴിഞ്ഞ നാലു വർഷക്കാലം ഒറ്റ കേസ്സുപോലും എടുത്തിരുന്നില്ല. ഈ സർക്കാർ രണ്ടുവർഷം കൊണ്ട് 47566 അബ്കാരി കേസ്സുകൾ എടുത്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷകാലം എൻ.ഡി.പി.എസ്. മുഖേന എടുത്ത കേസ്സുകൾ 4058 ആണെങ്കിൽ ഈ സർക്കാർ 10016 കേസ്സുകളെടുത്തിട്ടുണ്ട്. ഇപ്പോൾ പുകയില ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട് എടുത്ത കേസ്സുകൾ 130874 ആണ്. മുൻപ് 6042 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടിയുടെ ഭാഗമായാണ് ഇത്തരത്തിലുള്ള കേസ്സുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത്. മദ്യം വലിയ തോതിൽ ഒഴുകുന്നുവെന്നൊക്കെ പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ മദ്യ വില്പനയുടെ കണക്ക് പരിശോധിച്ചാൽ 2013-14-ൽ 240.67 ലക്ഷം കെയ്സ് വിദേശ മദ്യമാണ് കേരളത്തിൽ വില്പന നടത്തിയത്. 2016-17-ൽ 205.41 ആണ് മദ്യ ഉപഭോഗത്തിന്റെ കണക്ക്. ബിവറേജസ് കോർപ്പറേഷനിൽനിന്നാണ് മദ്യം എല്ലാ മേഖലകൾക്കും വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇതാണ് നിജസ്ഥിതി. തുടർന്ന് എന്ത് സംഭവിക്കുമെന്നുള്ളത് ഭാവിയിലുള്ള പരിശോധനയുടെ ഭാഗമായി കണക്കാക്കേണ്ടതാണെന്നുള്ളതാണ് സ്ഥിതി. അത്തരം കാര്യങ്ങളെല്ലാം പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നത്തെ ഫിനാൻസ് ബിൽ അങ്ങ് പരിശോധിച്ചിട്ടുണ്ടോ എന്നറിയില്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി സഹായനിധി രൂപീകരിച്ചിരുന്നു. ഏതാണ്ട് 900- ഓളം കോടി രൂപ അതിൽനിന്നും സർക്കാരിന് വരുമാനമുണ്ടായി. സുപ്രീംകോടതി വിധിയനുസരിച്ച് ആ നിധിയിൽനിന്ന് ഒരു പൈസപോലും മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കില്ല. അങ്ങ് തൊഴിൽ വകുപ്പുമന്ത്രി കൂടിയാണ്. ഇവിടെ അവതരിപ്പിക്കാൻ പോകുന്ന ധനകാര്യ ബില്ലിൽ തൊഴിലാളികളുടെ പുനരധിവാസ സെസ് എടുത്തു കളഞ്ഞിട്ടുള്ള കാര്യം അങ്ങേയ്ക്കറിയാമോ; അക്കാര്യത്തിൽ ആ വകുപ്പിന്റെ പ്രതികരണം എന്താണ്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, സെസ് വഴി പണം പിരിച്ചിട്ടും അതിൽനിന്ന് പുനരധിവാസത്തിന് യാതൊന്നും ചെലവാക്കിയിട്ടില്ലായിരുന്നു. മദ്യത്തിന്റെ നികുതിയുമായി ബന്ധപ്പെട്ട് ചില മാറ്റങ്ങൾ വരുത്താൻ സർക്കാർ ഉദ്ദേശിച്ചിട്ടുണ്ട്. അത് ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി വ്യക്തമാക്കിയിട്ടുള്ളതാണ്. അങ്ങ്

പറഞ്ഞതുപോലെ ധനകാര്യ ബില്ലിന്റെ ഭാഗമായി അതെല്ലാം വരാൻ പോവുകയാണ്. അത്തരത്തിലുള്ള സെസ്സും മറ്റ് നികുതികളും ഒരുമിച്ചാക്കുന്ന നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. ചാരായത്തൊഴിലാളികളുടെ പുനരധിവാസത്തിന്റെ പ്രശ്നമാണ് മറ്റൊരു കാര്യം. ചാരായം നിരോധിച്ചിട്ട് 20 വർഷം പിന്നിട്ടു. ബാർ ഹോട്ടലുകൾ തുറക്കുന്ന സമയത്ത് അവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് ജോലി ഉറപ്പുവരുത്തണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിലാണ് ഈ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുള്ളതെന്നുകൂടി നമ്മൾ മനസ്സിലാക്കണം. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി സംസാരിച്ചപ്പോൾ പ്രോഗ്രസ് റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. അങ്ങ് പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. അതിനെല്ലാമുള്ള പരിഹാരം കാണുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാം.

നോർക്ക വകുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. മുഖ്യമന്ത്രിയുടെ വകുപ്പുമായി ബന്ധപ്പെട്ട കാര്യമാണ്. പ്രവാസലോകത്ത് അനുദിനം വരുന്ന മാറ്റങ്ങൾ കണക്കിലെടുത്ത് പ്രവാസികളുടെ ക്ഷേമത്തിന് ക്രിയാത്മകമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. അതോടൊപ്പം സംസ്ഥാനത്തിന്റെ വികസനത്തിന് പ്രവാസികളുടെ പരിചയ സമ്പത്തും വൈദഗ്ദ്ധ്യവും വിജ്ഞാനവും പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ കാഴ്ചപ്പാടിന്റെ ഭാഗമായാണ് ലോക കേരളസഭ രൂപീകരിച്ചത്. വിദേശ ജോലി അവസാനിപ്പിച്ചോ ജോലി നഷ്ടപ്പെട്ടോ തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസം ലക്ഷ്യമാക്കി വിവിധ പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ്. തിരിച്ചുവരുന്ന പ്രവാസികൾക്ക് ഈ പദ്ധതിപ്രകാരം നാട്ടിൽ വ്യവസായ സംരംഭം തുടങ്ങുന്നതിന് 20 ലക്ഷം രൂപ വരെ ചെലവുവരുന്ന പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡിയോടെ ബാങ്ക് വായ്പ ലഭ്യമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ചുരുങ്ങിയത് രണ്ട് വർഷം വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കും. മടങ്ങിയെത്തിയ പ്രവാസികൾക്കും ആശ്രിതർക്കുമായി സാന്ത്വന എന്ന ധനസഹായ പദ്ധതിപ്രകാരം ചികിത്സ, മരണം, വിവാഹം, അംഗവൈകല്യം സംഭവിച്ചവർക്ക് ചലനോപാധികൾ എന്നിവയ്ക്കുമായി ഈ സാമ്പത്തിക വർഷം 12.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് കാരുണ്യ ധനസഹായ പദ്ധതിയും നോർക്ക റൂട്ട്സിലൂടെ നടപ്പിലാക്കുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടി പോകുന്നവരുടെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന് നോർക്ക റൂട്ട്സ് പ്രത്യേക പരിശീലനം

നൽകിവരുന്നു. തൊഴിൽ വിസ നിയമങ്ങൾ, എംബസിയുമായി ബന്ധപ്പെട്ട വിവരങ്ങൾ, വിദേശത്തെ തൊഴിൽ സംസ്കാരം എന്നിവ സംബന്ധിച്ച് അറിവ് നേടുന്നതിനും ഈ പരിശീലന പരിപാടി പ്രയോജനപ്പെടും. വിദേശത്ത് തൊഴിൽ തേടി പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് നോർക്കയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിനും ഇൻഡ്യക്ക് പുറത്തും ജോലി ചെയ്യുന്ന മലയാളികളെ സംബന്ധിച്ച് ഇപ്പോൾ വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഈ ന്യൂനത പരിഹരിക്കുന്നതിന് പ്രവാസി ഡാറ്റാബേസ് തയ്യാറാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവ പൂർത്തിയാകുന്നതോടെ വ്യക്തമായ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാകും. ലോക കേരള സഭയുടെ രൂപീകരണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇന്ത്യയ്ക്കകത്തും പുറത്തും ജോലി ചെയ്ത് ജീവിക്കുന്ന കേരളീയരുടെ പൊതുവേദിയാണ് ലോക കേരള സഭ വിഭാവന ചെയ്തിട്ടുള്ളത്. ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും നമ്മുടെ സംസ്കാരത്തിന്റെ പുരോഗമനപരമായ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം. ലോകകേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായി നോർക്ക റൂട്ട്സിനെ ശക്തിപ്പെടുത്താനും വിദേശമലയാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പ്രൊഫഷണലുകളെ നിയമിക്കാനും ഉദ്ദേശിക്കുന്നുണ്ട്. നോർക്ക വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്ന പ്രധാന ഏജൻസിയെന്ന നിലയിൽ നോർക്ക റൂട്ട്സിന് ഉന്നതനിലവാരത്തിലുള്ള വെബ്സൈറ്റ് ഏർപ്പെടുത്താനും സേവനങ്ങൾ ഓൺലൈൻ വഴി വേഗത്തിൽ ലഭ്യമാക്കുന്നതിന് വിവരസാങ്കേതിക സംവിധാനം ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കും. പ്രവാസികൾക്കുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ നോർക്ക റൂട്ട്സിൽ സ്ഥാപിക്കുന്നതാണ്. പ്രവാസികളുടെ പ്രശംസ പിടിച്ചുപറ്റിയ ലോക കേരളസഭയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്; ഇതിനുപുറമെ തുടർ പ്രവർത്തനങ്ങൾക്ക് ലോക കേരള സഭാംഗങ്ങളും ഓരോ മേഖലയിലെയും വിദഗ്ദ്ധരുമടങ്ങുന്ന ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇവിടെ വന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾക്കെല്ലാം ഞാൻ വിശദീകരണം നൽകിയിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വികസന വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയിൽ ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഫലപ്രദമായ നിർദ്ദേശങ്ങളാണ്

ഉയർന്നുവന്നിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുണ്ടായിരുന്നതിനാൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ, കടാശ്വാസ പദ്ധതികൾ തുടങ്ങിയ മേഖലകളിൽ കോടിക്കണക്കിന് രൂപയുടെ കുടിശ്ശികയുണ്ടായി. ആദിവാസി മേഖലയിൽ പോഷകാഹാരക്കുറവിന്റെ ഭാഗമായുള്ള ശിശുമരണങ്ങളും മറ്റും നമ്മുടെ ശ്രദ്ധയിൽപ്പെട്ടതാണ്. ഈ പ്രതിസന്ധിയിൽനിന്നെല്ലാം കരകയറാനുള്ള ശക്തമായ ഇടപെടലാണ് സർക്കാർ നടത്തിയത്. എന്നാൽ സാമ്പത്തിക സ്ഥിതി പിന്നെയും മോശമാകുന്ന അവസ്ഥയിലേയ്ക്കാണെത്തിയത്. നോട്ടുനിരോധനം, ജി.എസ്.ടി., ട്രഷറി നിയന്ത്രണം, പബ്ലിക് അക്കൗണ്ടിൽ പണം ഇടാൻ പാടില്ലെന്ന കേന്ദ്ര നിർദ്ദേശം, ഇതിന്റെ ഭാഗമായി ടി.എസ്.ബി. അക്കൗണ്ടിൽനിന്ന് പണം പിൻവലിച്ചത് എന്നിവയൊക്കെ ഈ വകുപ്പിനെയും ബാധിച്ച പ്രധാനപ്പെട്ട വെല്ലുവിളിയായിരുന്നു. അതിന്റെയെല്ലാം ഭാഗമായി സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കുറച്ച് കാലതാമസം നേരിട്ടു. എന്നാലും ശക്തമായ നിലപാടും വകുപ്പിന്റെ ഭരണപുരോഗതി വിലയിരുത്തുന്നതിന് സമയബന്ധിതമായി നടത്തിയിട്ടുള്ള റിവ്യൂവും ശ്രദ്ധേയമായ നേട്ടങ്ങൾക്ക് കാരണമായി. പ്ലാൻ എക്സ്പെൻഡിച്ചർ ഏകദേശം 75 ശതമാനത്തിലേയ്ക്കെത്തി. അത് ഈ സാമ്പത്തിക വർഷം 85-90 ശതമാനത്തിലേയ്ക്കെത്തും. എന്തായാലും ലാപ്സാകില്ലെന്ന ഉറപ്പ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ വിഭാഗത്തിനുവേണ്ടി നീക്കിവച്ച പണം പരിപൂർണ്ണമായി ചെലവഴിക്കാൻ സാധിക്കും. ഈ ഘട്ടത്തിലും കേന്ദ്രസർക്കാരിന്റെ സമീപനം തികച്ചും നിരാശാജനകമാണ്. 2016-17-ൽ 96.83 കോടി രൂപ ബഡ്ജറ്റ് വഴി കേന്ദ്രത്തിൽനിന്ന് കേരളത്തിന് ലഭിക്കേണ്ടതാണ്. എന്നാൽ 26.60 കോടി രൂപയാണ് ലഭിച്ചത്. ഇതെല്ലാം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുള്ള കേസ്സുകളാണ്. 2017-18-ൽ 101.72 കോടി രൂപ സഹായം പ്രതീക്ഷിച്ചുവെങ്കിലും ഇതുവരെ ലഭിച്ചത് 20.25 കോടി രൂപയാണ്. പട്ടികവർഗ്ഗ വിഭാഗത്തിന് 2016-17-ൽ പ്രതീക്ഷിച്ചത് 59.59 കോടി രൂപയാണ്. എന്നാൽ കേന്ദ്രത്തിൽനിന്ന് ലഭിച്ചത് 54.22 കോടി രൂപയാണ്. പിന്നോക്ക വിഭാഗത്തിന് 2016-17-ൽ 75 കോടി രൂപ ബജറ്റിൽ പ്രതീക്ഷിച്ചുവെങ്കിലും കിട്ടിയത് 29.86 കോടി രൂപയാണ്. 2017-18-ൽ 79.80 കോടി രൂപ പ്രതീക്ഷിച്ചു. എന്നാൽ ഇതുവരെ ലഭിച്ചത് 26.80 കോടി രൂപയാണ്. കേന്ദ്രം, യഥാർത്ഥത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതികമായി ബഡ്ജറ്റിൽ പണം നൽകുന്നില്ല. ഇന്ത്യയിൽ 16.6 ശതമാനം എസ്.സി. വിഭാഗവും 8.6 ശതമാനം എസ്.ടി. വിഭാഗവുമാണുള്ളത്. ജനസംഖ്യയുടെ 25.2 ശതമാനം വരുന്ന ഈ വിഭാഗത്തിന് 10 ശതമാനത്തിൽ താഴെയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. അതേസമയം കേരളം ജനസംഖ്യാ നിരക്കിനേക്കാൾ കൂടുതൽ തുക ബജറ്റിൽ

ഉൾപ്പെടുത്തുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി വിഹിതം 2859.62 കോടി രൂപയാണ്. അതിൽ 45 ശതമാനം തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുക്കുകയാണ്. 46.47 കോടി രൂപ ഗ്രാമവികസന വകുപ്പിനും 6.25 കോടി രൂപ പൊതുമരാമത്ത് വകുപ്പിനുമാണ്. അതായത് എസ്.സി. വകുപ്പ് പദ്ധതിയിനത്തിൽ 1517.64 കോടി രൂപയാണ് ചെലവഴിക്കുന്നത്. അതിൽ 655 കോടി രൂപ ഭവനനിർമ്മാണത്തിനും ഭൂരഹിതരുടെ പുനരധിവാസത്തിനും 442 കോടി രൂപ വിദ്യാഭ്യാസത്തിനും 146 കോടി രൂപ ക്ഷേമ പ്രവർത്തന ങ്ങൾക്കും 76 കോടി രൂപ തൊഴിൽ മേഖലയ്ക്കും 200 കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിനുമാണ് ചെലവഴിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന് നീക്കിവച്ച 772.91 കോടി രൂപയിൽ 139.60 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും 34.51 കോടി രൂപ ഗ്രാമവികസനത്തിനുമാണ്. ഇതിൽ എസ്.ടി. വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നത് 598 കോടി രൂപയുടെ പദ്ധതികളാണ്. ഇതിൽ 152.5 കോടി രൂപ സ്ഥലം, വീട് എന്നിവയ്ക്കും 166 കോടി രൂപ സങ്കേതങ്ങളുടെ വികസനത്തിനും 130 കോടി രൂപ വിദ്യാഭ്യാസത്തിനും 50 കോടി രൂപ ക്ഷേമപ്രവർത്തനങ്ങൾക്കും 41.5 കോടി രൂപ തൊഴിൽ മേഖലയ്ക്കുമാണ് നീക്കിവയ്ക്കുന്നത്. പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതി വിഹിതം 182.40 കോടി രൂപയാണ്. ഇതിൽ 163.70 കോടി രൂപ വിദ്യാഭ്യാസത്തിനാണ്. ഇതര വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വിഭാഗത്തിന്റെ പൊതുസ്ഥിതി താരതമ്യേന എല്ലാ മേഖലയിലും പിന്നോക്കമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനുള്ള പ്രധാന കാരണം ഭൂമി ലഭ്യമാകുന്നതിലുണ്ടാകുന്ന കുറവാണ്. കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂപരിഷ്കരണ നിയമത്തിന്റെ ഗുണം മറ്റ് വിഭാഗങ്ങളെപ്പോലെ ലഭിച്ചില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. പ്രധാനമായും ഈ വിഭാഗം കർഷകത്തൊഴിലാളികളും വീട്ടുജോലിക്കാരും ആയിരുന്നു. കാണക്കുടിയാനോ പാട്ടക്കുടിയാനോ ആയിരുന്നില്ല. അവരൊക്കെ ഭൂമിയുടെ ഉടമകളായി. പട്ടികജാതി വിഭാഗത്തിന് കുടിയിരുപ്പ് ഭൂമിയായി 10 സെന്റ് കിട്ടുകയും അവിടെ മൂന്നോ നാലോ കുടുംബങ്ങളാവുകയും ചെയ്തു. വനഭൂമിയിലെ ആദിവാസി കൾക്കൊന്നും ഈ ഗുണം ലഭിച്ചില്ല. വനം വകുപ്പിന്റെ കാരുണ്യത്തിൽ പാവപ്പെട്ട ഈ വിഭാഗം ഇന്നും അവിടെ കഴിയുകയാണ്. യഥാർത്ഥ കാടിന്റെ മക്കൾക്ക് സ്വന്തം ഭൂമിയില്ലാതെ വന്നു. ഇതാണ് സാമൂഹ്യ പശ്ചാത്തലം. യഥാർത്ഥത്തിൽ സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് കാരണം ഭൂമിയുടെ ലഭ്യതക്കുറവാണ്. 31245 ലക്ഷം പട്ടിക വിഭാഗങ്ങൾക്ക് ആകെയുള്ളത് 60061 ഏക്കർ ഭൂമിയാണ്. അതായത് ആളോഹരി 2 സെന്റാണ്. ഭൂമിയില്ലാത്ത 85000 പട്ടികജാതി കുടുംബങ്ങളും 12345 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. കേരളത്തിൽ മൊത്തം

4 ലക്ഷം ആളുകൾ ഭൂമിയില്ലാത്തവരും 1.45 ലക്ഷം ആളുകൾ സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരുമാണ്. ഈ പ്രശ്നമാണ് ലൈഫ് പദ്ധതിയുടെ ഭാഗമായി സർക്കാർ കൈകാര്യം ചെയ്യുന്നത്. അപ്പോൾ രണ്ടുമൂന്ന് വർഷം കൊണ്ട് ഭൂമിയില്ലാത്ത പ്രശ്നവും വീടില്ലാത്ത പ്രശ്നവും പരിഹരിക്കുന്നതിന് സാധിക്കും. ആദിവാസി വിഭാഗത്തിന്റെ ഭൂ പ്രശ്നം പരിഹരിക്കാനാണ് 2006-ൽ വനാവകാശ നിയമം കൊണ്ടുവന്നത്. ഈ നിയമം നടപ്പിലാക്കുന്നതിൽ ശ്രദ്ധേയമായ ഇടപെടലാണ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ കാലഘട്ടത്തിൽ നടത്തിയത്. അന്ന് സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനങ്ങളെ കേന്ദ്ര സർക്കാർ അഭിനന്ദിച്ചതാണ്. ഇതുമായി ബന്ധപ്പെട്ട് അന്ന് 33000 അപേക്ഷകൾ ലഭിച്ചതിൽ അർഹതപ്പെട്ട 30000 ആദിവാസികളിൽ 24000 ആദിവാസി കുടുംബങ്ങൾക്ക് ആർ.ഒ.ആർ. നൽകാൻ കഴിഞ്ഞു. അതിനുപുറമെ Tribal Resettlement and Development Mission (TRDM) മുഖേന 2600 കുടുംബങ്ങൾക്ക് ഭൂമി കൊടുത്തു. പിന്നീട് വന്ന സർക്കാർ ഫലപ്രദമായ തുടർനടപടി ഇക്കാര്യത്തിൽ സ്വീകരിച്ചിരുന്നില്ല. ആദിവാസി ഭൂ പ്രശ്നം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് ഈ പ്രശ്നം നടപ്പുവർഷംതന്നെ പരിഹരിക്കുന്നതിനുള്ള ശക്തമായ ചില നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര വനാവകാശ നിയമത്തിന്റെ ഭാഗമായി ശേഷിക്കുന്ന 4000 കുടുംബങ്ങൾക്ക് ഭൂമി നൽകാൻ കഴിയും. അത്തരത്തിൽ ഭൂമി നൽകുന്നതിന് ആർ.ഒ.ആർ. നടപടി സ്വീകരിക്കുകയാണ്. സുപ്രീംകോടതി വിധി പ്രകാരമുള്ള വനഭൂമി 5000 കുടുംബങ്ങൾക്കും ശേഷിക്കുന്ന 3000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ടി.ആർ.ഡി.എം. മുഖേന വില കൊടുത്ത് വാങ്ങാനും സാധിക്കും. ആ രൂപത്തിൽ ഭൂമിയില്ലാത്ത 12000-ത്തോളം ആദിവാസി കുടുംബങ്ങൾക്ക് ഭൂമി കൊടുത്തുകൊണ്ട് ഭൂപ്രശ്നം പരിഹരിക്കാൻ സാധിക്കും. അട്ടപ്പാടി മേഖലയിൽ 100-ൽ താഴെ കുടുംബങ്ങൾക്ക് മാത്രമാണ് ഭൂമിയില്ലാത്തത്. അവിടെ ഭൂമിയില്ലാത്ത പ്രശ്നമുണ്ടെന്ന ഒരു തെറ്റിദ്ധാരണയുണ്ട്. പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം ഭവനനിർമ്മാണമാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 16360 സ്പിൽ ഓവറായ വീടുകളായിരുന്നു. അതിൽ 6308 വീടുകൾ ഇപ്പോൾ പൂർത്തീകരിച്ചു. ഇതിനുപുറമെ 22000 വീടുകൾ പുതിയതായി അനുവദിച്ചു. അത് ലൈഫ് പദ്ധതിയിലേയ്ക്ക് എടുക്കാൻ പോവുകയാണ്. അതിൽ 6604 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സ്പിൽ ഓവർ വീടുകൾ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ 17554 ആയിരുന്നു. ഫെബ്രുവരി മാസം വരെ പൂർത്തീകരിച്ചത് 5335 വീടുകളാണ്. ബാക്കിയുള്ള വീടുകൾ ഇപ്പോൾ ലൈഫ് പദ്ധതിയിലേയ്ക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് നടപ്പിലാക്കിയിട്ടുള്ള

ഐ.എ.വൈ. പദ്ധതിയിൽ സ്പിൽ ഓവറുണ്ടായിരുന്നു. അതിൽ 23357 വീടുകൾ ഇപ്പോൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. ഭൂമി വാങ്ങിക്കൊടുക്കൽ പദ്ധതിയിൽ 5 സെന്റ് വീതമാണ് വാങ്ങിക്കൊടുക്കുന്നത്. പട്ടികജാതി വിഭാഗത്തിലെ 4465 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗത്തിലെ 1111 കുടുംബങ്ങൾക്കും ഇതുവരെ സ്ഥലം വാങ്ങിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇന്ത്യാരാജ്യത്ത് വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ്. മാറിമാറി വന്നിട്ടുള്ള സർക്കാരുകൾക്കെല്ലാം അതിൽ നല്ല പങ്കാളിത്തമുണ്ടായിരുന്നു. ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സൂചിപ്പിച്ചതുപോലെ, ബഡ്ജറ്റിന്റെ 10 ശതമാനം വരുന്ന ഫണ്ടുപയോഗിക്കുന്ന എസ്.സി.പി., ടി.എസ്.പി. ഫണ്ട് ഏതെങ്കിലും കാലഘട്ടത്തിൽ ഫലപ്രദമായി ഉപയോഗിച്ചില്ലായിരുന്നെങ്കിൽ സ്വാഭാവികമായും ലോക്കൽ ഓഡിറ്റിലും എ. ജി.- യുടെ ഓഡിറ്റിലും ആ സമയത്ത് തന്നെ പരിശോധിക്കേണ്ടതായിരുന്നു. ഇപ്പോൾ 17 വർഷം കൊണ്ട് 20000 കോടി രൂപ ചെലവഴിച്ചത് എവിടെപ്പോയി; അത് സംബന്ധിച്ച് ധവള പത്രം ഇറക്കണമെന്നും പരിശോധിക്കണമെന്നുമൊക്കെയാണ് പറയുന്നത്. ഏതെങ്കിലും ഒരു ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് ഒബ്ജക്ഷൻ വരുമ്പോൾ മാത്രമേ യഥാർത്ഥ വസ്തുത മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ആ രൂപത്തിലുള്ള അപാകത ഈ വകുപ്പുമായി ബന്ധപ്പെട്ട് കാണുന്നില്ല. എന്നാൽ പ്രായോഗികമായി പദ്ധതികൾ നടപ്പിലാക്കുമ്പോൾ താഴെത്തട്ടിൽ കുറച്ച് വീഴ്ചകളുണ്ടായിട്ടുണ്ട്. അത് പരിശോധിക്കേണ്ടതും തിരുത്തപ്പെടേണ്ടതുമാണ്. 17 വർഷം മുമ്പുള്ള കാര്യങ്ങൾ ഇപ്പോൾ പരിശോധിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല.

വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ ശ്രദ്ധേയമാണ്. എസ്.സി./എസ്.ടി. മേഖലയിൽ 466305 പ്രീ-മെട്രിക് വിദ്യാർത്ഥികളും 160730 പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികളും 1.5 ലക്ഷത്തോളം ഒ.ഇ.സി. വിദ്യാർത്ഥികളുമുണ്ട്. ഇവരുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, ഹോസ്റ്റൽ, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയെല്ലാം സർക്കാരാണ് വഹിക്കുന്നത്. ഇതുപോലെ വിദേശ പഠനത്തിനും സ്വാശ്രയ മേഖലയിൽ സർക്കാർ നിശ്ചയിച്ച ഫീസും ഈ വകുപ്പ് തന്നെയാണ് കൊടുക്കുന്നത്. ബഡ്ജറ്റിന്റെ ഏതാണ്ട് 45-50 ശതമാനത്തോളം തുക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതാണ്. ഏതാണ്ട് 247 ഹോസ്റ്റലുകളിലായി വിദ്യാർത്ഥികളെ താമസിപ്പിച്ച് പഠിപ്പിക്കുകയും അവിടെ നല്ല ഭക്ഷണവും സൗകര്യവും ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഏതാണ്ട് 30 എം.ആർ.എസ്.-കളാണുള്ളത്. എം.ആർ.എസ്.-കളിൽ 100 ശതമാനമാണ് വിജയം. ശക്തമായ രൂപത്തിൽ സർക്കാർ ഇടപെടുന്നതിന്റെ ഭാഗമായി അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താനും അവിടെ പഠിക്കുന്ന

കുട്ടികളെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നല്ല മാർക്കോടെ വിജയിപ്പിക്കാനും കഴിയുന്നുണ്ട്. വിദ്യാഭ്യാസ നിലവാരമുയർത്താൻ മതിയായ പഠന സൗകര്യമില്ലാത്ത വീടുകളോടനുബന്ധിച്ച് 25000 പഠനമുറികൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പേരിന് ഒരു വീടുണ്ടെങ്കിലും പഠന സൗകര്യമില്ലാത്ത കുടുംബങ്ങൾക്കാണ് ഈ പഠന മുറി നിർമ്മിക്കുന്നത്. 2 ലക്ഷം രൂപ ചെലവ് ചെയ്താണ് ഇവ നിർമ്മിക്കുന്നത്. ഇതേ ശൈലിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പഠനമുറി പണിയുന്നതിന് യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല. 120 ചതുരശ്ര അടിയാണ് ഈ മുറിയുടെ വിസ്തീർണ്ണം. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരത്തിലൊരു പദ്ധതി നടപ്പിലാക്കുന്നത്. എസ്.ടി. മേഖലയിൽ 'ഗോത്ര ബന്ധു' പദ്ധതി കേരളത്തിലാകെ നടപ്പിലാക്കാൻ പോവുകയാണ്. ഇപ്പോൾ വയനാട്ടിൽ 241 ടീച്ചർമാരെ നിയമിച്ചു. ഇത്തരം കാര്യങ്ങൾ കേരളത്തിൽ മൊത്തം നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. അതുപോലെ ഗോത്ര ഭാഷ അറിയാവുന്ന അദ്ധ്യാപകർ കുട്ടികളെ പഠിപ്പിക്കുമ്പോൾ ക്ലാസ് റൂമുകൾ സജീവമാകുകയും ഡ്രോപ് ഔട്ട് ഇല്ലാതാക്കാനും സാധിക്കും. വിദൂര സ്ഥലങ്ങളിൽ താമസിക്കുന്ന കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ഏറ്റവും നല്ല പദ്ധതിയാണ് മുൻ സർക്കാർ രൂപം കൊടുത്ത 'ഗോത്ര സാരഥി' പദ്ധതി. അതൊന്നും ഈ സർക്കാർ ഒഴിവാക്കിയിട്ടില്ല. അവയെല്ലാം കുറേക്കൂടി ശക്തമായും ഫലപ്രദമായും മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഇടപെടലാണ് നടത്തിയത്. ഇപ്പോൾ 298 സ്കൂളുകളിൽ 16004 വിദ്യാർത്ഥികൾക്ക് ഇത് പ്രയോജനപ്പെടുന്നുണ്ട്. അതുകൊണ്ട് റിമോട്ട് ഏരിയകളിലുള്ള കുട്ടികളെ സ്കൂളുകളിലേയ്ക്കെത്തിക്കുന്നതിന് യാതൊരു ബുദ്ധിമുട്ടും ഇപ്പോഴില്ല. ആവശ്യത്തിനനുസരിച്ച് വാഹനങ്ങളുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

തൊഴിൽ മേഖലയിൽ ഈ സർക്കാർ ശക്തമായ ചില ഇടപെടലുകൾ നടത്തുകയാണ്. ബിരുദം, എഞ്ചിനീയറിംഗ്, മെഡിക്കൽ, നഴ്സിംഗ് മറ്റ് സാങ്കേതിക കോഴ്സുകൾ എന്നിവ വിജയകരമായി പൂർത്തീകരിച്ചവർക്ക് തൊഴിൽ മേഖലയിൽ കടന്നുവരുന്നതിനുള്ള എല്ലാ സഹായവും ഇപ്പോൾ സർക്കാർ ചെയ്തുകൊടുക്കുകയാണ്. നീറ്റ്, ജെ.ഇ.ഇ., (ജോയിന്റ് എൻട്രൻസ് എക്സാമിനേഷൻ) കേരള എൻട്രൻസ് എന്നീ മത്സര പരീക്ഷകളിൽ ഉയർന്ന മാർക്കോടെ ഉന്നത യോഗ്യത ആർജ്ജിച്ചവർ ധാരാളമായി ഈ മേഖലയിലേയ്ക്ക് ഇപ്പോൾ കടന്നുവരുന്നുണ്ട്. നാം വിദ്യാഭ്യാസ രംഗത്ത് നടത്തുന്ന ശക്തമായ ഇടപെടലുകൾക്ക് ഗുണം ലഭിക്കുന്നുവെന്നുള്ളതിന്റെ തെളിവാണിത്. അതുപോലെതന്നെ തൊഴിൽരംഗത്ത് മത്സരിക്കാൻ ഈ വിഭാഗത്തെ പ്രാപ്തമാക്കുന്നതിന് വിപുലമായ പദ്ധതികളാണ് നടത്തിവരുന്നത്.

പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ (പി.ഇ.റ്റി.സി.), സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ (CREST), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ഐ.സി. എസ്.ഇ.റ്റി.എസ്.), നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയൊക്കെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ്. ഇതിന്റെ ഫലമായി വിദേശത്ത് തൊഴിൽ ലഭിക്കാനുള്ള സാധ്യതയും കൂടിവരികയാണ്. ഈ വർഷം മാത്രം 1365 ഉദ്യോഗാർത്ഥികളെ വിദേശ ജോലിക്ക് റിക്രൂട്ട് ചെയ്യാൻ സാധിച്ചു. 600 പേർക്കാണ് വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള സഹായം നൽകിയത്. ഇതിനുപുറമേ എത്തിയോസ്, ഇംഗ്ലീഷ് ലാംഗ്വേജ് അക്കാദമി, കുട്ടുകാരൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചി; ജെ.ഡി.റ്റി. ഇസ്ലാം കോഴിക്കോട് എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾവഴി സ്വകാര്യ വ്യവസായങ്ങളിൽ 1634 ഉദ്യോഗാർത്ഥികൾക്ക് ജോലിയും നൽകി. തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ നടത്തിയ ജോബ് ഫെയർവഴി 600 പേർക്ക് വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ ഈ വർഷം ജോലി ലഭ്യമാക്കി. എസ്.സി. വിഭാഗത്തിലെ ബി.എസ്.സി. നഴ്സിംഗ് പാസ്സായ 134 പേർക്ക് പ്രതിമാസം 15,000 രൂപ നൽകി ആശുപത്രികളിൽ രണ്ടു വർഷക്കാലത്തേയ്ക്ക് അധിക തൊഴിൽ പരിശീലനത്തിന് അവസരം നൽകുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിൽ പ്രത്യേക പരിശീലനം നൽകി ജോലി ലഭ്യമാക്കുന്നതിന് 'ഗോത്ര ദീപിക' പദ്ധതി നടപ്പിലാക്കി. 500 പട്ടികവർഗ്ഗ യുവതീയുവാക്കൾക്കാണ് സാമൂഹിക പഠനമുറിയിൽ ഇൻസ്ട്രക്ടർമാരായി തൊഴിൽ ലഭിക്കാൻ പോകുന്നത്. ഇതിനുപുറമേ 100 പേരെ പോലീസ്-എക്സൈസ് വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി നിയമിക്കാനും നടപടി സ്വീകരിച്ചു. നൈപുണ്യ വികസനത്തിനുള്ള വിവിധ പരിശീലന പരിപാടികൾ മുഖേന 1250 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ തുടങ്ങിയ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 216 പട്ടികജാതി സങ്കേതങ്ങളും 135 പട്ടികവർഗ്ഗ സങ്കേതങ്ങളും ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, അനാവശ്യ വിശദീകരണം ആവശ്യമുണ്ടോ; മന്ത്രിമാരുടെ സമയം 30 മിനിട്ടാണ്. സമയക്ലിപ്തത പാലിക്കണോയെന്ന് അങ്ങ് തീരുമാനിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഇവിടെ മറ്റ് മന്ത്രിമാർ 35-ഉം 45-ഉം മിനിട്ടെടുത്തു. ഞാൻ 20 മിനിട്ടേ എടുത്തിട്ടുള്ളൂ. ഞാനെന്റെ സമയത്തിനുള്ളിൽ അവസാനിപ്പിക്കും. അതിൽ ബേജാറാകേണ്ട കാര്യമില്ല. ഇവിടെ നിങ്ങൾ ഭരിക്കുന്ന സമയത്ത് 30 മിനിട്ടിനകം എല്ലാ മന്ത്രിമാരും മറുപടി പറഞ്ഞ് തീർത്തിട്ടുണ്ടോ? ഒരു മന്ത്രിയെ

സംബന്ധിച്ചിടത്തോളം ആ വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ വന്ന ചർച്ചയ്ക്ക് മറുപടി പറയേണ്ടതുണ്ട്. അതേ അവസരത്തിൽ മറ്റ് മന്ത്രിമാർ എടുത്ത സമയമെങ്കിലും എനിക്കും കിട്ടണം. എന്നാൽപ്പിന്നെ നിങ്ങൾ അപ്പോൾ എണീറ്റ് നിൽക്കാത്തതെന്താണ്?

സർ, ആദിവാസി മേഖലയിൽ പോഷക സമൃദ്ധമായ ഭക്ഷണം ഇപ്പോൾ ഉറപ്പുവരുത്തുന്നുണ്ട്. കേരളത്തിന്റെ ഏറ്റവും വലിയ ശാപവും നമുക്ക് നാണക്കേടുണ്ടാക്കിയിട്ടുള്ളതും ആദിവാസി മേഖലയിലെ ശിശുമരണമായിരുന്നു. അത് സംസ്ഥാന ശരാശരിയേക്കാൾ താഴെ എത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടം. പോഷകാഹാരത്തിന്റെ അഭാവം ഇന്ന് ആദിവാസി മേഖലയിലില്ല.

മറ്റ് കാര്യങ്ങളെ സംബന്ധിച്ചൊന്നും കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നടപ്പിലാക്കാൻ പോകുന്ന ചില പ്രധാനപ്പെട്ട പ്രവൃത്തികളെക്കുറിച്ച് പറയാം. സ്പിൽ ഓവറായി കിടക്കുന്ന മുഴുവൻ വീടുകളും പൂർത്തീകരിക്കുകയും എല്ലാ ജില്ലകളിലും പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പുനഃസംഘടിപ്പിക്കുകയും ചെയ്യും. എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെ വിതരണം ചെയ്യും. പട്ടികജാതി വികസന വകുപ്പിന്റെ എല്ലാ പദ്ധതികളെയും സംബന്ധിച്ച ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷൻസിന് രൂപം നൽകും. നായാടി, വേടൻ, കള്ളാടി, ചക്ലിയർ വിഭാഗങ്ങളിലുള്ള പാവപ്പെട്ടവർക്ക് 50 സങ്കേതങ്ങളിൽ സമഗ്രവികസന പദ്ധതി നടപ്പിലാക്കും. 100 പട്ടികജാതി സങ്കേതങ്ങളിൽ സാക്ഷരതാ പരിപാടിയും പത്താം ക്ലാസ് തുല്യതാ പഠനവും നടത്തുന്നതിന് 'നവചേതൻ' എന്ന പേരിൽ സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി ആരംഭിക്കും. എല്ലാ ജില്ലകളിലും ജോബ് ഫെയർ സംഘടിപ്പിക്കും. ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള നടപടി 'ലൈഫ്' പദ്ധതിയുടെ ഭാഗമായി സ്വീകരിക്കും. ജനിതക ശാസ്ത്ര വിഷയത്തിൽ പഠനം നടത്തുന്നതിനുവേണ്ടി ആന്ത്രപോളജി സർവ്വേ ഓഫ് ഇൻഡ്യയുടെ ഒരു മേഖലാ സ്ഥാപനം വയനാട്ടിലോ അട്ടപ്പാടിയിലോ സ്ഥാപിക്കും. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തൊഴിൽ വകുപ്പിന്റെ സഹായത്തോടുകൂടി ആധുനിക ട്രേഡുകൾ പഠിപ്പിക്കുന്ന ഐ.ടി.ഐ.-കൾ ആരംഭിക്കും. സുഗന്ധഗിരി ആറളം ഫാമുകൾ അടക്കമുള്ള പട്ടികവർഗ്ഗ ഗുണഭോക്താക്കൾ താമസിക്കുന്ന കൃഷിയിടങ്ങളിൽ അവർക്ക് വരുമാനദായകമായിട്ടുള്ള കൃഷിരീതികൾ ആരംഭിക്കും.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ പ്രവാസികൾക്കുവേണ്ടി ഇപ്പോൾ സ്വയംതൊഴിൽ വായ്പാ പദ്ധതി ആരംഭിക്കാൻ പോകുകയാണ്. 20 ലക്ഷം രൂപയാണ് നൽകുന്നത്. 3 ലക്ഷം രൂപ സബ്സിഡിയായി പ്രവാസി വകുപ്പിൽനിന്നും നൽകും; ശേഷിക്കുന്ന 17 ലക്ഷം രൂപ 4 ശതമാനം പലിശനിരക്കിൽ നൽകിയാൽ മതിയാകും. അതുപോലെ പ്രൊഫഷണലുകൾക്ക

വേണ്ടി ഒരു സ്റ്റാർട്ട് അപ് പദ്ധതി ആരംഭിക്കാൻ പോകുകയാണ്. 4 ശതമാനം പലിശയാണുള്ളത്. 20 ലക്ഷം രൂപ ചെലവുചെയ്തുകൊണ്ടായിരിക്കും ആ പദ്ധതി നടപ്പിലാക്കാൻ പോകുന്നത്. എല്ലാ കാര്യങ്ങളും ഇവിടെ പൊതുവിൽ പറയാൻ സാധിച്ചിട്ടില്ല. ക്രീമിലെയറുമായി ബന്ധപ്പെട്ടുകൊണ്ട് നിലവിലുള്ള വരുമാന പരിധി 6 ലക്ഷം രൂപയിൽനിന്ന് 8 ലക്ഷം രൂപയാക്കണമെന്ന് ബഹുമാനപ്പെട്ട പാറക്കൽ അബ്ദുല്ല ഇവിടെ സൂചിപ്പിച്ചു. അക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ആറുമാസം മുമ്പ് അതിന്റെ ഓർഡർ കേന്ദ്ര സർക്കാരിൽനിന്ന് വന്നിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, 6 ലക്ഷം രൂപയിൽ നിന്ന് 8 ലക്ഷം രൂപയാക്കണമെന്ന ശിപാർശയാണ് കേന്ദ്രസർക്കാരിലേയ്ക്ക് പോയിട്ടുള്ളത്. 6 ലക്ഷം രൂപയെന്ന് പറയുമ്പോൾ പ്രതിദിനം 1643 രൂപ വരുമാനമുള്ളവർക്കാണ് നിലവിൽ ആനുകൂല്യം ലഭിക്കുന്നത്. നിങ്ങൾ പറയുന്ന കണക്കുപ്രകാരം പ്രതിദിനം 2191 രൂപ വരുമാനമുള്ളവർക്കുകൂടി ഇതിന്റെ ആനുകൂല്യം ലഭിക്കും. യഥാർത്ഥത്തിൽ ആനുകൂല്യം ലഭിക്കേണ്ട വിഭാഗത്തിന്റെ എണ്ണം കുറയുകയാണ് ചെയ്യുന്നത്. ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. 6 ലക്ഷം രൂപയിൽനിന്ന് 8 ലക്ഷം രൂപയാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ക്രീമിലെയറുമായി ബന്ധപ്പെട്ട് ഞാനൊരു സബ്മിഷൻ കൊണ്ടുവന്നപ്പോൾ, രണ്ടു കൊല്ലം മുമ്പ് ക്രീമിലെയർ വരുമാന പരിധി കേന്ദ്രം 8 ലക്ഷം രൂപയാക്കിയെന്നും സംസ്ഥാനത്ത് 6 ലക്ഷം രൂപയേ ആക്കുന്നുള്ളൂവെന്നും 8 ലക്ഷം രൂപയാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നുമാണ് മന്ത്രി മറുപടി പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: സർ, ഇപ്പോൾ പരിഗണനയിലില്ലെന്നാണ് പറഞ്ഞത്. അതിനുശേഷം താങ്കൾ തന്നെ എന്നോട് പുനഃപരിശോധിക്കണമെന്ന് പറയുകയും അതിന്റെ ഭാഗമായി മുഖ്യമന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തു. 6 ലക്ഷം രൂപയിൽ നിന്ന് 8 ലക്ഷം രൂപയാക്കണമെന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. പക്ഷെ ഈ പരിധിയിൽ വരുന്ന പാവപ്പെട്ടവന്റെ എണ്ണം കുറയുകയാണെന്ന അപകടംകൂടി മനസ്സിലാക്കുന്നത് നന്നായിരിക്കും. ഇവിടെ ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ കുറേ നല്ല കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. അക്കാര്യങ്ങളെല്ലാം പരിശോധിക്കുന്നതായിരിക്കും. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നീക്കിവച്ചിട്ടുള്ള തുക അവർക്കായി വിനിയോഗിക്കുന്നില്ലെന്നുള്ള പ്രതീതി ഉണ്ടാക്കുന്നതിന് വലിയ ശ്രമം നടക്കുകയാണ്. എസ്.സി.പി./റ്റി.എസ്.പി. ഫണ്ട് 10 ശതമാനം മാത്രമേയുള്ളൂ. അത് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും

അപാകതയും ന്യൂനതയും പോരായ്മയുമുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം. അതേസമയം ബഡ്ജറ്റിന്റെ 90 ശതമാനവും ചെലവഴിക്കുന്ന മറ്റ് വകുപ്പുകളില്ലേ; അതാരെങ്കിലും ഇന്നുവരെ പരിശോധിച്ചിട്ടുണ്ടോ? അതിനർത്ഥം പാവങ്ങൾക്ക് കിട്ടുന്ന ആനുകൂല്യം ലഭ്യമാകാതിരിക്കുന്നതിനുള്ള ശ്രമമാണ് ഇതിന്റെ പിന്നിൽ നടക്കുന്നതെന്നാണ്. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ വിദ്യാഭ്യാസ രംഗത്ത് ഇന്ത്യയ്ക്ക് മാതൃകയാണ് കേരളം. ആവശ്യത്തിന് ഭൂമി കൈവശമില്ലാത്ത ഈ അടിസ്ഥാന വിഭാഗം കേരളത്തിന്റെ വിവിധ മേഖലകളിൽ ഏറ്റവും ശ്രദ്ധേയമായ നേട്ടം കൈവരിച്ചത് വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടാണ്. അതിന് കോടിക്കണക്കിന് രൂപയാണ് സർക്കാർ ചെലവഴിക്കുന്നത്. എവിടെയെങ്കിലും എന്തെങ്കിലും അപാകത വന്നിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതിന് യാതൊരു തടസ്സവുമില്ല. പക്ഷെ കാടടക്കി വെടിവയ്ക്കുക എന്ന സമീപനം സ്വീകരിക്കുന്നത് ശരിയല്ല.

ബഹുമാനപ്പെട്ട വി. പി. സജീന്ദ്രൻ, മരണപ്പെട്ട മധുവിന്റെ കാര്യം സൂചിപ്പിച്ചു. മധുവിന്റെ മരണവുമായി ബന്ധപ്പെട്ട പ്രതികളെ ഒരു ദിവസംകൊണ്ടുതന്നെ അറസ്റ്റു ചെയ്തു. അതാദ്യം നിങ്ങൾ മനസ്സിലാക്കണം. ഒരൊറ്റ പ്രതികൾക്കും രക്ഷപ്പെടാനുള്ള പഴുതുണ്ടാക്കികൊടുത്തില്ല. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നാണ് രണ്ടുമൂന്ന് മണിക്കൂറിനുള്ളിൽ പ്രതികളെ പിടിച്ചത്. പതിനെട്ടേകാൽ ലക്ഷം രൂപ ആ വീട്ടിലെത്തിക്കുകയും ചെയ്തു. ഇങ്ങനെയൊരു പ്രശ്നമുണ്ടാകുമ്പോൾ കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരിക, ആ കുടുംബത്തെ രക്ഷിക്കുക, മേലിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുക എന്നീ കാര്യങ്ങളല്ലേ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത്. അക്കാര്യത്തിൽ ഈ സർക്കാർ പരമാവധി ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നൽകാറുണ്ടായിരുന്നു. ലൈഫ് ഭവന പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തപ്പോൾ ആ പദ്ധതി ഇതിലേയ്ക്ക് മാറി. രണ്ട് വർഷമായി ആ പദ്ധതി നടന്നിട്ടില്ല. ഉടനെ തുടങ്ങുമെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കഴിഞ്ഞ കാലങ്ങളിലേതുപോലെ വകുപ്പ് നേരിട്ട് ഫണ്ട് കൊടുക്കുന്ന സംവിധാനത്തിലേയ്ക്ക് പോകുന്ന കാര്യം ആലോചിച്ചുകൂടേ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ലൈഫ് ഭവന പദ്ധതി തുടങ്ങുന്നതിന് മുമ്പുതന്നെ ഞങ്ങൾ പട്ടികജാതിയിൽ 22,000-ഉം പട്ടികവർഗ്ഗത്തിൽ 6700-ഉം ആളുകളുടെ ബെനിഫിഷ്യറി ലിസ്റ്റുണ്ടാക്കിയിരുന്നു. ആ ബെനിഫിഷ്യറി ലിസ്റ്റിൽപ്പെട്ട ആളുകൾക്ക് ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് തുക കൊടുക്കുന്നതിൽ ഡിലേ

വന്നിട്ടുണ്ടെന്നുള്ളത് ശരിയാണ്. എന്നിട്ടും 28,000-ത്തിൽ 11000 വീടുകൾ ഇപ്പോൾ നമ്മൾ കൊടുത്തു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്പിൽ ആയ വീടുകൾ കഴിച്ച് ബാക്കിയുള്ളവ പരിപൂർണ്ണമായും ലൈഫ് പദ്ധതിയിലേയ്ക്ക് എടുക്കുകയാണ്. ലൈഫ് പദ്ധതിയിലേയ്ക്ക് പോകുമ്പോൾ ഇനി വർദ്ധിപ്പിച്ച തുകയായിരിക്കും കൊടുക്കാൻ പോകുന്നത്. ഇതുമായി ബന്ധപ്പെട്ട് ഭരണതലത്തിൽ കുറേ തടസ്സങ്ങളുണ്ടായിട്ടുണ്ട്. അതെല്ലാം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതുപോലെ ഇവിടെ സൂചിപ്പിക്കാനുള്ള മറ്റൊരു കാര്യം ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 157.9 കോടി രൂപ എസ്.ടി. വകുപ്പിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഇക്കാര്യം ശ്രീ. ഐ. സി. ബാലകൃഷ്ണനാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചത്. കേന്ദ്ര സർക്കാരിന്റെ കർശന നിയന്ത്രണത്തെ തുടർന്നാണ് 5700 കോടി രൂപയോളം ടി.എസ്.ബി. അക്കൗണ്ടിൽനിന്ന് പിൻവലിക്കാൻ നിർബന്ധിക്കപ്പെട്ടത്. എസ്.ടി. വകുപ്പിന്റെ 157.9 കോടി രൂപയിൽ 21 കോടി രൂപ വനംവകുപ്പിന് നീക്കിവച്ചതാണ്. ബാക്കിയുള്ള 136.9 കോടി രൂപയിൽ കേവലം 10.38 കോടി രൂപ മാത്രമാണ് ഈ കാലഘട്ടത്തിൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് പോയിട്ടുള്ളത്. മുമ്പ് ചെലവഴിക്കാത്ത പണമാണ് ട്രഷറി അക്കൗണ്ടിലുള്ളത്. അങ്ങനെ പബ്ലിക് അക്കൗണ്ടിൽ exhorbitant ആയിട്ടുള്ള തുക ഉണ്ടാകുന്നതാണ് കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. കടമെടുക്കുന്നതിന് തടസ്സമെന്ന ശക്തമായ നിലപാട് കേന്ദ്രം എടുത്തതിന്റെ ഭാഗമായിട്ടാണ് ടി.എസ്.ബി. അക്കൗണ്ടിൽനിന്ന് ഈ പണം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് പോകാൻ നിർബന്ധിക്കപ്പെട്ടത്. അത് ഈ വകുപ്പിനെയും ബാധിച്ചു. ആ പ്രശ്നം ഇപ്പോൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്.

കൂടുതൽ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്ത്യയിൽ ഓരോ 18 മിനിട്ടിലും ഒരു ദളിതൻ വീതം ആക്രമിക്കപ്പെടുന്നുവെന്നതാണ് കണക്ക്. ഹരിയാന, ഗുജറാത്ത്, ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽനിന്നും നൂറ് കണക്കിന് ദളിത് പീഡന വാർത്തകളാണ് ദിനംപ്രതി വരുന്നത്. രാജ്യത്ത് ദളിത് പീഡനം ഭയാനകമായി വർദ്ധിക്കുകയാണ്. 2012-ൽ 33000 ദളിത് പീഡനങ്ങളാണ് രാജ്യത്തുണ്ടായിട്ടുള്ളതെങ്കിൽ 2015-ൽ അത് 45000 ആയി വർദ്ധിച്ചു. 2016-ലെ കണക്ക് ഇതിനെക്കാളും എത്രയോ കൂടുതലാണ്. ഇത്രയും കേസുകളിൽ 23 ശതമാനം കേസുകൾ മാത്രമാണ് ശിക്ഷിക്കപ്പെട്ടിട്ടുള്ളത്. ഇന്ന് ദളിതനെ മാത്രമല്ല, ദളിത് ചിന്തകരെയും എഴുത്തുകാരെയുംവരെ ആക്രമിക്കുന്ന സ്ഥിതിയാണ് രാജ്യത്തുള്ളത്. ബി.ജെ.പി. നേതാക്കളും ഭരണാധികാരികളും പരസ്യമായി ഈ ആക്രമണങ്ങളെ ന്യായീകരിക്കുകയാണ്. ഹരിയാനയിൽ ദളിത് കുട്ടികളെ ചുട്ടുകൊന്നപ്പോൾ പട്ടിക്കുട്ടികൾ കൊല്ലപ്പെട്ടതിനോടാണ് കേന്ദ്രമന്ത്രി ശ്രീ. വി. കെ. സിംഗ് ഉപമിച്ചത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് രാവിലെ മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തുകയുണ്ടായി. അത് നല്ല കാര്യമാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വനം വകുപ്പിൽ 1200 ആദിവാസികളെയും പോലീസ് വകുപ്പിൽ 75 പട്ടികജാതിക്കാരെയും നിയമിക്കുകയുണ്ടായി. പക്ഷെ ഇവിടെ പ്രശ്നം അതല്ല. വിവിധ വകുപ്പുകളിൽ പട്ടികജാതിക്കാരായ ആളുകൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആ ഒഴിവ് എത്രയുണ്ടെന്ന് കണക്കാക്കി നികത്താനുള്ള നടപടി സ്വീകരിക്കുമോ; അല്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന അവരുടെ അവകാശം നഷ്ടപ്പെടാതിരിക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഓരോ അഡ്മിനിസ്ട്രേറ്റീവ് വകുപ്പും കൃത്യമായ ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കേണ്ടതാണ്. പി.എസ്.സി.-യെ അറിയച്ച തിനുശേഷം പി.എസ്.സി. ടെസ്റ്റും ഇന്റർവ്യൂവും നടത്തി അഡ്വൈസ് മെമ്മോ കൊടുക്കുകയാണ് ചെയ്യുന്നത്. ഈ പ്രക്രിയയിൽ വരുന്ന കാലതാമസം യഥാർത്ഥത്തിൽ ഈ അടിസ്ഥാന വിഭാഗത്തിന്റെ തൊഴിലവസരങ്ങൾ യഥാസമയം ലഭ്യമാകുന്നതിൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. അത് മനസ്സിലാക്കിക്കൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന ഇവിടെ നടത്തിയത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച് ശക്തമായൊരു റിവ്യൂവിന് വിധേയമാക്കും. സമയബന്ധിതമായി ഈ സംവരണ സീറ്റുകൾ പരിപൂർണ്ണമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്ന തായിരിക്കും. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റി ഒരു യോഗംപോലും കൂടിയിട്ടില്ല. ശ്രീ. അടൂർ പ്രകാശ് ആ കമ്മിറ്റിയിലുണ്ടായിരുന്നു. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും പട്ടികജാതിക്കാർക്കും വിവിധ വകുപ്പുകളിലുള്ള പ്രാതിനിധ്യം ഉറപ്പുവരുത്താൻ ഇന്ന് കഴിയുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഓരോ വർഷവും ജനുവരി മാസമാണ് ഓരോ വകുപ്പിന്റെയും റിവ്യൂ നടത്തുന്നത്. അതിന്റെ ഭാഗമായി ഒഴിവ് വരുന്നത് മുഴുവൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ ഇങ്ങനെയൊക്കെ ചെയ്തിട്ടുപോലും നമ്മൾ കാണാത്ത രൂപത്തിലുള്ള ചില ഒഴിവുകൾ പല സ്ഥലത്തുമുണ്ട് എന്നുള്ളതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. കാലാകാലങ്ങളായി വന്ന ഒഴിവുകളാണവ.

അതിന്റെ ഭാഗമായിട്ടാണ് ആ ഒഴിവുകൾ നികത്തുന്നതിനുള്ള ശക്തമായ നിലപാട് സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർബന്ധിക്കപ്പെട്ടത്. ഒ.ബി.സി. സംവരണം അട്ടിമറിക്കുന്നതിനുള്ള യാതൊരു ശ്രമവും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഭരണഘടനാപരമായിട്ടുള്ള സംവരണം ഉറപ്പുവരുത്തുന്നതിനുള്ള ശക്തമായ നിലപാടും നടപടിയും സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകും.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ച ചോദ്യത്തിനല്ല അങ്ങ് മറുപടി പറഞ്ഞത്. ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റിയുടെ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അങ്ങ് അതിന്റെ വൈസ് ചെയർമാനാണെന്നാണ് ആ കമ്മിറ്റിയുടെ ഘടന വന്നപ്പോൾ കണ്ടത്. ഇതുവരെ ആ കമ്മിറ്റി വിളിച്ചുകൂട്ടിയിട്ടില്ല. അതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചത്. അങ്ങ് മറുപടി പറഞ്ഞത് മറ്റൊന്നാണ്. നിയമനങ്ങളെക്കുറിച്ച് പരിശോധന നടത്തുന്നതിനും പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനുംവേണ്ടിയാണ് ഈ കമ്മിറ്റി രൂപീകരിച്ചത്.

ശ്രീ. എ. കെ. ബാലൻ: സർ, അത് ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ കമ്മിറ്റിയാണ് ഓരോ വർഷവും ജനുവരിയിൽ ഇക്കാര്യങ്ങളെല്ലാം റിവ്യൂ ചെയ്യുന്നത്. കഴിഞ്ഞ ജനുവരിയിൽ റിവ്യൂ കമ്മിറ്റി യോഗം കൂടിയിട്ടില്ലെന്നാണ് പറയുന്നത്. കമ്മിറ്റി കൂടാനുള്ള നടപടിയെടുക്കാം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

4.00 PM]

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, മതന്യൂനപക്ഷങ്ങൾ ഏറ്റവും മെച്ചപ്പെട്ട അവസ്ഥയിൽ താമസിക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിലെ കോൺഗ്രസ് ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും വിശിഷ്യാ ഇടതുപക്ഷ പാർട്ടികൾക്ക് അക്കാര്യത്തിലുള്ള പങ്ക് അനിഷേധ്യവുമാണ്. ഒരു ജനവിഭാഗത്തോട് സർക്കാരിനുള്ള ബന്ധവും അടുപ്പവും പരിശോധിക്കണമെങ്കിൽ ബഡ്ജറ്റിൽ അവരുടെ ഉന്നതിക്കായി എത്ര രൂപയാണ് നീക്കിവയ്ക്കുന്നതെന്ന് നോക്കിയാൽ മതി. ബഹുമാന്യരായ മഞ്ഞളാംകുഴി അലിയും പാറക്കൽ അബ്ദുല്ലയുമാണ് പ്രധാനമായും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ചില കാര്യങ്ങൾ സൂചിപ്പിച്ചത്. ശ്രീ. മഞ്ഞളാംകുഴി അലി നേരത്തേ ഈ വകുപ്പിന്റെ മന്ത്രിയായിരുന്ന ആളാണ്. 2015-16-ൽ കേന്ദ്ര സഹായം കൂടാതെയുള്ള ബഡ്ജറ്റ് തുക 56 കോടി രൂപയായിരുന്നു. 2016-17-ൽ അത് 58.66 കോടി രൂപയായും 2017-18-ൽ 77 കോടി രൂപയായും 2018-19-ൽ 80.75 കോടി

രൂപയായും വർദ്ധിച്ചു. ചെലവും അതുപോലെ പരിശോധിക്കണം. അതും സർക്കാരിന് ഒരു സമൂഹത്തോടുള്ള ബന്ധത്തിന്റെ മാനദണ്ഡമാണ്. 2014-15-ൽ 71.43 ശതമാനവും 2015-16-ൽ 98 ശതമാനവുമായിരുന്നു ചെലവ്. 2016-17-ലും 2017-18-ലും ചെലവ് 100 ശതമാനമാണ്. 2014-15-ൽ വഖഫ് ബോർഡിന് നൽകിയ ഗ്രാന്റ് 1.89 കോടി രൂപയും 2016-17-ൽ 3.2 കോടി രൂപയുമായിരുന്നു. 2017-18-ൽ അഡീഷണൽ ആതറൈസേഷനൾപ്പെടെ 2.92 കോടി രൂപ വഖഫ് ബോർഡിന് ഗ്രാന്റായി നൽകാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലി മന്ത്രിയായിരുന്നപ്പോൾ വഖഫ് ബോർഡിലെ പെൻഷൻ തുക 350, 450, 600 രൂപ എന്നിങ്ങനെയായിരുന്നു. ഈ സർക്കാർ അത് ഏകീകരിച്ച് 1,000 രൂപയാക്കി വർദ്ധിപ്പിച്ചു. മറ്റ് ക്ഷേമ പെൻഷനുകൾക്ക് സമാനമായി പ്രസ്തുത തുക വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വഖഫ് സർവ്വേയ്ക്ക് സർവ്വേ കമ്മീഷണറായി വഖഫ് സെക്രട്ടറിയെയും അഡീഷണൽ കമ്മീഷണർമാരായി ജില്ലാ കളക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിനായി ഹെഡ് ഓഫ് അക്കൗണ്ടും സർവ്വേ കമ്മീഷണർക്ക് പ്രാരംഭ ചെലവുകൾക്കായി 15 ലക്ഷം രൂപയും ഇതിനകം അനുവദിച്ചിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, ഈ സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ച് വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് നൽകുകയുണ്ടായി. യഥാർത്ഥത്തിൽ വഖഫ് ആക്ട് കേന്ദ്ര നിയമമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് വഖഫ് ബോർഡിലെ നിയമനങ്ങൾ നടക്കുന്നത്. അത് ഭേദഗതി ചെയ്യാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. ദേവസ്വത്തിൽ മുന്നോക്ക വിഭാഗത്തിന്റെ നിയമനം നടത്തിയപ്പോൾ അതുമായി തുല്യതപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് അധികാരമില്ലാത്ത ഒരു സംഗതിയിന്മേൽ ഓർഡിനൻസ് ഇറക്കിയത് തെറ്റാണെന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ദേവസ്വം ബോർഡിലെ നിയമനവുമായി വഖഫ് ബോർഡിലെ നിയമനത്തെ ബന്ധപ്പെടുത്തേണ്ടതില്ല. വഖഫ് ബോർഡിലെ നിയമനത്തിന് അതുമായി യാതൊരു ബന്ധവുമില്ല. കാര്യക്ഷമമല്ലാതെയാണ് വഖഫ് ബോർഡ് കാലങ്ങളായി പ്രവർത്തിച്ചുവരുന്നത്. അതിന് കാരണം കാര്യക്ഷമതയുള്ള ജീവനക്കാർ വഖഫ് ബോർഡിലില്ല എന്നുള്ളതാണ്. കാലാകാലങ്ങളായി വരുന്ന സർക്കാരുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ അവിടെ ജീവനക്കാരെ നിയമിക്കുകയാണ് പതിവ്. അതിൽ നിന്ന് വിഭിന്നമായി പി.എസ്.സി. മുഖേന കാര്യക്ഷമതയുള്ളവരെ നിയമിച്ചാൽ നിലവിലുള്ള അവസ്ഥയിൽനിന്ന് കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ കൊണ്ടുപോകാൻ കഴിയുമെന്നുള്ള സദുദ്ദേശം മാത്രമേ സർക്കാരിന്റെ ഈ തീരുമാനത്തിന് പിന്നിലുള്ളൂ.

<u>ശ്രീ. എം. ഉമ്മർ</u>: സർ, സർക്കാരിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. ഇത് കേന്ദ്ര നിയമമാണ്. അതിൽ ഭേദഗതി വരുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ല എന്നുള്ളതാണ് പ്രശ്നം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കേന്ദ്ര നിയമമാണ്. പക്ഷെ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, നിയമപരമായി അതിലുള്ള കാര്യങ്ങൾ നമുക്ക് പരിശോധിക്കാവുന്നതാണ്. Let us wait and see.

<u>ശ്രീ. എം. ഉമ്മർ</u>: സർ, സംസ്ഥാന സർക്കാരിനോട് കൺസൾട്ട് ചെയ്ത് എക്സിക്യൂട്ടീവ് ഓഫീസറെ വഖഫ് ബോർഡിന് വയ്ക്കാം. അക്കാര്യം ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞത് ശരിയാണ്. അതല്ലാതെ ജീവനക്കാരെ നിയമിക്കാനുള്ള അധികാരം വഖഫ് ആക്ടിലാണ്, റൂളിലല്ല. അങ്ങിത് കൃത്യമായി മനസ്സിലാക്കണം. മാത്രമല്ല, നിയമ വകുപ്പുതന്നെ ഇതിനെതിരായിരുന്നുവെന്ന വാർത്ത പത്രങ്ങളിൽ വന്നിട്ടുണ്ട്. നിയമ വകുപ്പിനെ മറികടന്നാണ് സംസ്ഥാന സർക്കാർ ഇക്കാര്യം ചെയ്തതെന്നാണ് മനസ്സിലാക്കുന്നത്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, റെഗുലേഷനുകളിൽ സംസ്ഥാന സർക്കാരിന് ഭേദഗതി വരുത്താൻ അധികാരമുണ്ട്. അതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. അപ്പോൾ ആ പ്രശ്നങ്ങൾ എന്നന്നേയ്ക്കുമായി അവസാനിക്കും. മുസ്ലീം സമുദായത്തിലെ വിവിധ അവാന്തര വിഭാഗങ്ങൾ തമ്മിലുള്ള തർക്കം കാരണം വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കൊണ്ടുപോകാൻ കഴിഞ്ഞിരുന്നില്ല. ചരിത്രത്തിലാദ്യമായി അത്തരം തർക്കങ്ങൾ പരിഹരിക്കുന്നതിന് ഒരു അദാലത്ത്, എ.പി., ഇ.കെ. വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏപ്രിൽ 9-ന് ഒരു അദാലത്ത് കോഴിക്കോട് വച്ച് നടത്താനുദ്ദേശിക്കുകയാണ്. ഏതെങ്കിലുമൊരു പക്ഷത്ത് ചേർന്നുകൊണ്ട് പ്രശ്നങ്ങൾ രൂക്ഷമാക്കലല്ല ഇടതുപക്ഷ സർക്കാരിന്റെ നയം, മറിച്ച് കാര്യങ്ങൾ ലഘൂകരിച്ച് വിവിധ അവാന്തര വിഭാഗങ്ങൾക്കിടയിൽ സമാധാനവും സ്വസ്ഥതയുമുണ്ടാക്കുക എന്നുള്ളതാണ് ലക്ഷ്യം. മൂന്ന് അംഗങ്ങളെ ഉൾപ്പെടുത്തി വഖഫ് ട്രൈബ്യൂണൽ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. വഖഫ് കേസുകൾ വിവിധ കോടതികളിൽ വർഷങ്ങളോളമെടുത്ത് പരിഹരിക്കുന്നതിനുപകരം ഈ ട്രൈബ്യൂണൽ മുഖേന പെട്ടെന്നുതന്നെ കാര്യങ്ങൾ പരിഹരിക്കാൻ സാധിക്കും. മദ്രസാദ്ധ്യാപക മോണിറ്ററിംഗ് കമ്മിറ്റിക്ക് പകരം മദ്രസാദ്ധ്യാപക ക്ഷേമനിധി ബോർഡിന് രൂപം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. നിലവിൽ 16106 അംഗങ്ങളാണ്

മദ്രസാദ്ധ്യാപക ക്ഷേമനിധിയിലുള്ളത്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഇതിൽ 2000-ത്തിലധികം ആളുകളെ ചേർക്കാൻ സാധിച്ചിട്ടുണ്ട്. 2015-16-ൽ ഹജ്ജ് കമ്മിറ്റിക്ക് 89.12 ലക്ഷം രൂപയും 2016-17-ൽ 94.12 ലക്ഷം രൂപയും 2017-18-ൽ 1.02 കോടി രൂപയും ഗ്രാന്റായി നൽകി. 2018-19-ൽ 1.06 കോടി രൂപയാണ് ഗ്രാന്റായി നൽകാൻ പോകുന്നത്. കരിപ്പൂരിലെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് അവിടെത്തന്നെ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള തീവ്രമായ യത്നം സർക്കാർ നടത്തിവരികയാണ്. പ്രൊഫ. ജോസഫ്. എം. മുണ്ടശ്ശേരി സ്കോളർഷിപ്പ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുള്ള പദ്ധതിയാണ്. അതുപോലെ ഇമ്പിച്ചിബാവ ഹൗസിംഗ് റെനൊവേഷൻ പ്രോജക്ട് പ്രകാരം വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി 50,000 രൂപ വീതം ആയിരം ആളുകൾക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ സെലക്ഷൻ നടപടികൾ കഴിഞ്ഞു. വരുന്ന മാർച്ച് 31-ന് മുമ്പ് തുക ചെലവഴിക്കാൻ സാധിക്കും.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഹജ്ജിന്റെ കാര്യം അങ്ങിവിടെ പറയുകയുണ്ടായി. എന്റെ കൈവശമുള്ളത് സബ്ജക്ട് കമ്മിറ്റി VIII-ന്റെ നോട്ടാണ്. അതിൽ ഹജ്ജ് കമ്മിറ്റിക്ക് മുൻ വർഷവും ഈ വർഷവും നയാപൈസപോലും റിലീസ് ചെയ്തിട്ടില്ലെന്നാണ് പറയുന്നത്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, അങ്ങേയ്ക്കറിയാമല്ലോ, ഹജ്ജ് കമ്മിറ്റിയിലെ പണത്തിന് ആവശ്യം വരുന്നതല്ലേയുള്ളൂ. ഹജ്ജ് ക്യാമ്പ് ആരംഭിക്കാനിരിക്കുന്നതല്ലേയുള്ളൂ. എല്ലാ വർഷവും അങ്ങനെയാണ് ചെയ്യാറുള്ളത്. ഈ വർഷവും അങ്ങനെ തന്നെയാണ് ചെയ്യുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഹജ്ജിന്റെ സമയത്ത് വേറെ ബഡ്ജറ്റ് അവതരിപ്പിക്കുമോ? അങ്ങ് പറയുന്നത് തെറ്റാണ്. അല്ലെങ്കിൽ ധനകാര്യ വകുപ്പുമന്ത്രി പറയട്ടെ.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് പണം നൽകും. നഴ്സിംഗ് ഡിപ്ലോമ, പാരാമെഡിക്കൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന 500 കുട്ടികൾക്ക് 15,000 രൂപയുടെ ഒരു സ്കോളർഷിപ്പ് പുതുതായി ആരംഭിക്കുകയാണ്. സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിൽ പഠിക്കുന്ന ആയിരം കുട്ടികൾക്ക് ആറായിരം രൂപ വച്ച് ഓരോ വർഷവും സ്റ്റൈപ്പന്റ് നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിക്കഴിഞ്ഞു. വിവാഹാനന്തരമുള്ള പ്രശ്നങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് 33 പ്രീമാരിറ്റൽ കൗൺസിലിംഗ് സെന്ററുകൾ ഈ വർഷം ആരംഭിക്കുന്നതിനും മൈനോറിറ്റി ഡെവലപ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്ത് സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. മതാദ്ധ്യാപകർക്കും മത പ്രഭാഷകർക്കും സൈക്കോളജി, നാഷണൽ

ഇന്റഗ്രേഷൻ തുടങ്ങിയ വിഷയങ്ങളിൽ ബോധവത്കരണവും ട്രെയിനിംഗും നൽകുന്നതിനുവേണ്ടിയാണ് ഇത്തരമൊരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്. 17 പി.എസ്.സി. കോച്ചിംഗ് സെന്ററുകൾ ഇപ്പോൾ ന്യൂനപക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ സഖാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയും ശ്രീ. പാലൊളി മുഹമ്മദ്കുട്ടി മന്ത്രിയായിരുന്നപ്പോഴുമാണ് ആരംഭിച്ചത്. എൽ.ഡി.എഫ്. ആണ് അതിന് സമാരംഭം കുറിച്ചത്. അന്ന് ഏഴ് സെന്ററുകൾ തുടങ്ങി. യു.ഡി.എഫ്. സർക്കാർ വന്നതിനുശേഷം പത്ത് സെന്ററുകൾ തുടങ്ങി. ഈ സർക്കാർ വന്നതിനുശേഷം ഒരു സെന്റർ കൂടി ആരംഭിച്ചു. ഈ സാമ്പത്തിക വർഷം 14 ജില്ലകളിൽ ഓരോ സെന്റർ വീതം ആരംഭിക്കാൻ ബജറ്റിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തുക വകയിരുത്തിയിട്ടുണ്ട്. 23 സബ്സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററുകളിൽ പ്രവേശനം നേടിയ 20 ശതമാനത്തോളം കുട്ടികൾക്ക് സർക്കാർ ജോലി ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്.

ഭവന പദ്ധതിക്ക് ഇമ്പിച്ചിബാവയുടെ പേരിട്ടതല്ലാതെ മറ്റൊന്നും ചെയ്തില്ലെന്ന് ബഹുമാന്യനായ ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞു. സി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പേര് നേരത്തെ ഒരു സ്കോളർഷിപ്പിന് നൽകിയിരുന്നു. അത് ശ്രീ. പാലൊളി മുഹമ്മദ്കുട്ടി നടപ്പാക്കിയ ഒരു സ്കോളർഷിപ്പിനാണ് നൽകിയത്. ഞാൻ അതിനെ ഒരിക്കലും കുറ്റപ്പെടുത്തുകയോ ചോദ്യം ചെയ്യുകയോ ചെയ്യുന്നില്ല. കാരണം, അത്തരമൊരു സ്കോളർഷിപ്പിന് സി. എച്ച്.-നെപ്പോലൊരാളുടെ പേര് നൽകിയത് തെറ്റല്ല, അത് ഔചിത്യ പൂർണ്ണമായ നടപടി തന്നെയാണ്. ഇമ്പിച്ചിബാവയുടെ പേര് ഭവന പദ്ധതിക്ക് ഇട്ടതിനെയും സമാനമനസ്സോടെ അങ്ങ് കാണണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ സംസാരിച്ച സമയത്ത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെയുണ്ടായിരുന്നില്ല. അങ്ങ് അത് കേട്ടിട്ടുണ്ടെങ്കിൽ ശരിയായി കേട്ടിട്ടില്ല. ഞാനതിന് എതിര് പറഞ്ഞിട്ടില്ല. ഇമ്പിച്ചി ബാവയെപ്പോലെയുള്ള മഹാനായ വ്യക്തിയുടെ പേരിടുന്നതിന് ഒരു പ്രശ്നവുമില്ല. പക്ഷെ, അതൊരു പുതിയ പദ്ധതിക്കായിക്കൂടേ? വേറെ ഏതെങ്കിലും പുതിയ പദ്ധതി ആരംഭിച്ചോ എന്നാണ് ഞാൻ ചോദിച്ചത്. അല്ലാതെ ആ പേരിട്ടതിന് ഒരു തർക്കവുമില്ല.

ഡോ. കെ. ടി. ജലീൽ: സർ, അതാണ് ഞാൻ പറഞ്ഞത്, ഭവന പദ്ധതിക്കുപുറമെ കേടുപാടുകൾ പറ്റിയ വീടുകൾ പുനർ നിർമ്മിക്കുന്നതിന് പുതിയൊരു പദ്ധതി ആരംഭിച്ചു. 50,000 രൂപ വച്ച് ആയിരം ആളുകൾക്ക് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു, അപേക്ഷയുടെ സെലക്ഷൻ ലിസ്റ്റ് ആയിക്കഴിഞ്ഞു. ഈ മാസം 31-ാം തീയതിക്ക് മുമ്പ് പണം റിലീസ് ചെയ്യും.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മന്ത്രി 50,000 രൂപ വച്ച് റെനൊവേഷന് നൽകുമെന്ന് പറഞ്ഞത് ലൈഫ് പദ്ധതിയിലാണോ; അതോ ഇതിനായി പ്രത്യേക അപേക്ഷ ക്ഷണിച്ച് നൽകുമോ? പണി പൂർത്തിയാക്കുന്നതിനുള്ള പദ്ധതികളെല്ലാം ലൈഫ് പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഡോ. കെ. ടി. ജലീൽ: സർ, ലൈഫ് പദ്ധതിയിൽ പുതിയ വീടുകളാണ് നൽകുന്നത്. പഴയ വീടുകൾ റെനൊവേറ്റ് ചെയ്യുന്ന പദ്ധതി ലൈഫ് പദ്ധതിയിൽപ്പെടില്ല. റെനൊവേഷനുവേണ്ടി പുതിയ പദ്ധതി ആരംഭിച്ചതാണ്. പഴയ വീടുകൾ പുനർ നിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ വി. എസ്. സർക്കാരിന്റെ സമയത്ത് മഞ്ചേരിയിലെ ജനറൽ ഹോസ്പിറ്റലിനോടനുബന്ധിച്ച പുതിയ ബ്ലോക്കിന് ബഹുമാന്യനായ പാണക്കാട് സെയ്ദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ പേര് നൽകണമെന്ന് ബഹുമാനപ്പെട്ട എം. ഉമ്മർ നിർദ്ദേശിച്ചത് എനിക്കിപ്പോഴും ഓർമ്മയുണ്ട്. അന്നത്തെ സർക്കാരിലെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, " ഒരു ബ്ലോക്കിനല്ല, ആ ഹോസ്പിറ്റലിനുതന്നെ ഞങ്ങൾ ആ പേരിടുന്നുവെന്ന്" പറഞ്ഞപ്പോൾ "ഞാനൊരു പൂവ് ചോദിച്ചു, അപ്പോൾ സർക്കാർ ഒരു പൂന്തോട്ടം തന്നെ തന്നുവെന്ന്" അങ്ങ് പറയുകയുണ്ടായി. അതാണ് ഈ സർക്കാരിന്റെ സമീപനമെന്ന് അങ്ങയെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ്, കെ. എൻ. എ. ഖാദർ, കെ. എസ്. ശബരീനാഥൻ, മോൻസ് ജോസഫ്, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, പി. കെ. ബഷീർ, അനിൽ അക്കര, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, സി. മമ്മൂട്ടി, അനൂപ് ജേക്കബ്, പാറക്കൽ അബ്ദുല്ല, പി. ഉബൈദുള്ള, വി. ടി. ബൽറാം, എൻ. എ. നെല്ലിക്കുന്ന്, ഐ. സി. ബാലകൃഷ്ണൻ, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. മുഹമ്മദ് മുഹസിൻ. പി
32. ശ്രീ. എം. മുകേഷ്
33. ശ്രീ. ഡി. കെ. മുരളി
34. ശ്രീ. മുരളി പെരുനെല്ലി
35. ശ്രീ. എം. നൗഷാദ്
36. ശ്രീ. യു. ആർ. പ്രദീപ്
37. ശ്രീ. എ. പ്രദീപ് കുമാർ
38. ശ്രീ. കെ. ഡി. പ്രസേനൻ
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ
42. ശ്രീ. കെ. രാജൻ
43. ശ്രീ. എസ്. രാജേന്ദ്രൻ
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

49. ശ്രീ. മുല്ലക്കര രത്നാകരൻ

50. ശ്രീ. എസ്. ശർമ്മ

51. ശ്രീ. എ. കെ. ശശീന്ദ്രൻ

52. ശ്രീ. സി. കെ. ശശീന്ദ്രൻ

53. ശ്രീ. പി. കെ. ശശി

54. ശ്രീ. വി. ശശി

55. ശ്രീ. ഐ. ബി. സതീഷ്

56. ശ്രീ. ബി. സത്യൻ

57. ശ്രീ. എ. എൻ. ഷംസീർ

58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

59. ശ്രീ. വി. ആർ. സുനിൽ കുമാർ

60. ശ്രീ. വി. എസ്. സുനിൽ കുമാർ

61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

62. ശ്രീ. കെ. സുരേഷ് കുറുപ്പ്

63. ശ്രീ. എം. സ്വരാജ്

64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

65. ശ്രീ. പി. തിലോത്തമൻ

66. ശ്രീ. തോമസ് ചാണ്ടി

67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. പി. ഉണ്ണി

69. ശ്രീമതി വീണാ ജോർജ്ജ്

70. ശ്രീ. കെ. വി. വിജയദാസ്

71. ശ്രീ. ഇ. കെ. വിജയൻ

72. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ശ്രീ. കെ. സി. ജോസഫ്
19. ശ്രീ. കെ. എൻ. എ. ഖാദർ
20. ശ്രീ. സി. മമ്മൂട്ടി
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. ഉമ്മൻ ചാണ്ടി

25. ശ്രീ. രമേശ് ചെന്നിത്തല

26. ശ്രീ. റോജി എം. ജോൺ

27. ശ്രീ. കെ. എസ്. ശബരീനാഥൻ

28. ശ്രീ. വി. പി. സജീന്ദ്രൻ

29. ശ്രീ. എൻ. ഷംസുദ്ദീൻ

30. ശ്രീ. വി. ഡി. സതീശൻ

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

35. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

ശ്രീ. പി. സി. ജോർജ്

| | | | |
|---|---|---|---|
| <u>മി. സ്പീക്കർ:</u> | അനുകൂലിക്കുന്നവർ | - | 72 |
| | പ്രതികൂലിക്കുന്നവർ | - | 35 |
| | നിഷ്പക്ഷത പാലിക്കുന്നവർ - 1 | | |

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ മോൻസ് ജോസഫ്, എൻ. ഷംസുദ്ദീൻ, എം. ഉമ്മർ, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, പാറക്കൽ അബ്ദുല്ല, കെ. എൻ. എ. ഖാദർ, വി. ഡി. സതീശൻ, എൻ. എ. നെല്ലിക്കുന്ന്, സി. മമ്മൂട്ടി, ടി. വി. ഇബ്രാഹിം, വി. കെ. ഇബ്രാഹിം കുഞ്ഞ്, റോജി എം. ജോൺ, പി. ഉബൈദുള്ള, പി. കെ. ബഷീർ, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ

20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. മുഹമ്മദ് മുഹസിൻ. പി
32. ശ്രീ. എം. മുകേഷ്
33. ശ്രീ. ഡി. കെ. മുരളി
34. ശ്രീ. മുരളി പെരുനെല്ലി
35. ശ്രീ. എം. നൗഷാദ്
36. ശ്രീ. യു. ആർ. പ്രദീപ്
37. ശ്രീ. എ. പ്രദീപ് കുമാർ
38. ശ്രീ. കെ. ഡി. പ്രസേനൻ
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ
42. ശ്രീ. കെ. രാജൻ
43. ശ്രീ. എസ്. രാജേന്ദ്രൻ

44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
49. ശ്രീ. മുല്ലക്കര രത്നാകരൻ
50. ശ്രീ. എസ്. ശർമ്മ
51. ശ്രീ. എ. കെ. ശശീന്ദ്രൻ
52. ശ്രീ. സി. കെ. ശശീന്ദ്രൻ
53. ശ്രീ. പി. കെ. ശശി
54. ശ്രീ. വി. ശശി
55. ശ്രീ. ഐ. ബി. സതീഷ്
56. ശ്രീ. ബി. സത്യൻ
57. ശ്രീ. എ. എൻ. ഷംസീർ
58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. വി. ആർ. സുനിൽ കുമാർ
60. ശ്രീ. വി. എസ്. സുനിൽ കുമാർ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. എം. സ്വരാജ്
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്

68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ശ്രീ. കെ. സി. ജോസഫ്

19. ശ്രീ. കെ. എൻ. എ. ഖാദർ
20. ശ്രീ. സി. മമ്മൂട്ടി
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. ഉമ്മൻ ചാണ്ടി
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. കെ. എസ്. ശബരീനാഥൻ
28. ശ്രീ. വി. പി. സജീന്ദ്രൻ
29. ശ്രീ. എൻ. ഷംസുദ്ദീൻ
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. ഉമ്മർ
35. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

| | | | |
|---|---|---|---|
| മി. സ്പീക്കർ: | അനുകൂലിക്കുന്നവർ | - | 72 |
| | പ്രതികൂലിക്കുന്നവർ | - | 35 |
| | നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, വി. കെ. ഇബ്രാഹിം കുഞ്ഞ്, മോൻസ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, മഞ്ഞളാംകുഴി അലി, എം. ഉമ്മർ, എ. പി. അനിൽ കുമാർ, കെ. മുരളീധരൻ, എൻ. ഷംസുദ്ദീൻ, അനൂപ് ജേക്കബ്, പി. കെ. ബഷീർ, സണ്ണി ജോസഫ്, സി. മമ്മൂട്ടി, കെ. എൻ. എ. ഖാദർ, കെ. സി. ജോസഫ്, പി. ഉബൈദുള്ള, പാറക്കൽ അബ്ദുല്ല, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ

10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. മുഹമ്മദ് മുഹസിൻ. പി
32. ശ്രീ. എം. മുകേഷ്
33. ശ്രീ. ഡി. കെ. മുരളി

34. ശ്രീ. മുരളി പെരുനെല്ലി
35. ശ്രീ. എം. നൗഷാദ്
36. ശ്രീ. യു. ആർ. പ്രദീപ്
37. ശ്രീ. എ. പ്രദീപ് കുമാർ
38. ശ്രീ. കെ. ഡി. പ്രസേനൻ
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ
42. ശ്രീ. കെ. രാജൻ
43. ശ്രീ. എസ്. രാജേന്ദ്രൻ
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. ആർ. രാമചന്ദ്രൻ
48. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
49. ശ്രീ. മുല്ലക്കര രത്നാകരൻ
50. ശ്രീ. എസ്. ശർമ്മ
51. ശ്രീ. എ. കെ. ശശീന്ദ്രൻ
52. ശ്രീ. സി. കെ. ശശീന്ദ്രൻ
53. ശ്രീ. പി. കെ. ശശി
54. ശ്രീ. വി. ശശി
55. ശ്രീ. ഐ. ബി. സതീഷ്
56. ശ്രീ. ബി. സത്യൻ
57. ശ്രീ. എ. എൻ. ഷംസീർ

58. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
59. ശ്രീ. വി. ആർ. സുനിൽ കുമാർ
60. ശ്രീ. വി. എസ്. സുനിൽ കുമാർ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. എം. സ്വരാജ്
64. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
65. ശ്രീ. പി. തിലോത്തമൻ
66. ശ്രീ. തോമസ് ചാണ്ടി
67. ഡോ. ടി. എം. തോമസ് ഐസക്
68. ശ്രീ. പി. ഉണ്ണി
69. ശ്രീമതി വീണാ ജോർജ്ജ്
70. ശ്രീ. കെ. വി. വിജയദാസ്
71. ശ്രീ. ഇ. കെ. വിജയൻ
72. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ശ്രീ. കെ. സി. ജോസഫ്
19. ശ്രീ. കെ. എൻ. എ. ഖാദർ
20. ശ്രീ. സി. മമ്മൂട്ടി
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. ഉമ്മൻ ചാണ്ടി
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. കെ. എസ്. ശബരീനാഥൻ
28. ശ്രീ. വി. പി. സജീന്ദ്രൻ
29. ശ്രീ. എൻ. ഷംസുദ്ദീൻ
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

35. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

| | | | |
|---|---|---|---|
| മി. സ്പീക്കർ: | അനുകൂലിക്കുന്നവർ | - | 72 |
| | പ്രതികൂലിക്കുന്നവർ | - | 35 |
| | നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## X നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള ധനകാര്യ ബിൽ

(ii) 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനകാര്യ ബില്ലും 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

## XI ക്രമപ്രശ്നം

### ധനകാര്യ ബില്ലിന്റെ അവതരണം

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഇന്ന് കേരള ധനകാര്യ ബില്ലും കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പക്ഷെ രണ്ട് ദിവസത്തെ ധനാഭ്യർത്ഥനകളുടെ ചർച്ച ഇപ്പോഴും ബാക്കിയുണ്ട്. നാളെ (21-ാം തീയതി) കൃഷി, ജലസേചനം, ശുദ്ധ ജലവിതരണം എന്നിവ സംബന്ധിച്ചും 22-ാം തീയതി വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം, മത്സ്യബന്ധനം എന്നിവ സംബന്ധിച്ചുമുള്ള ധനാഭ്യർത്ഥനകൾ സഭയിൽ പരിഗണിക്കാനിരിക്കുന്നതേയുള്ളൂ. രണ്ടുദിവസത്തെ ധനാഭ്യർത്ഥനകൾ

ബാക്കിയുള്ളപ്പോൾ 2018-19-ലെ ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നത് ക്രമപ്രകാരമല്ല. ശക്ധർ ആന്റ് കൗൾ-ൽ വ്യക്തമായി പറയുന്നത് - ' A Finance Bill should, however, be preceded by the Demands for Grants and the connected Appropriation Bill and the sequence in regard to Budget, as provided in articles 112 to 115 of the Constitution, should be followed' എന്നാണ്. ഇവിടെ 'should' എന്ന പദം നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം ലോക്സഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള ഫിനാൻസ് ബില്ലിന്റെ ബഡ്ജറ്ററി പ്രോസസിലും ഇക്കാര്യം വളരെ വ്യക്തമായി പറയുന്നുണ്ട്. 1983-ൽ സഭയിൽത്തന്നെ ഇ. കെ. നായനാർ, കെ. വി. സുരേന്ദ്രനാഥ്, വർക്കല രാധാകൃഷ്ണൻ എന്നിവർ ഇതിനെക്കുറിച്ചുള്ള തടസ്സവാദങ്ങൾ ഉന്നയിച്ചിരുന്നു. അന്ന് വർക്കല രാധാകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾ ഞാൻ ക്വാട്ട് ചെയ്യുകയാണ് - 'സർ, നമ്മുടെ ഭരണഘടനയിൽ വ്യക്തമായി അക്കാര്യം നിർവ്വഹിച്ചിട്ടുണ്ട്. വളരെ വ്യക്തമായി കോടതിവിധി പ്രഖ്യാപിച്ചിട്ടുണ്ട്. അപ്രോപ്രിയേഷൻ ബില്ലും ഡിമാന്റ്സ് ഫോർ ഗ്രാന്റും സഭ അംഗീകരിച്ചതിനുശേഷം മാത്രമേ സാധാരണ ഫിനാൻസ് ബിൽ എടുക്കാൻ പാടുള്ളൂ. ഇവിടെ കോടതികളിലും മറ്റ് സംസ്ഥാന നിയമസഭകളിലും ഇതു സംബന്ധിച്ച തീരുമാനമെടുത്തിട്ടുണ്ട്. അങ്ങ് ദയവായി പരിശോധിക്കണം'.

എന്റെ അറിവിൽ ഒരു പ്രാവശ്യം, അതായത്, 2005-ലൊഴികെ ബാക്കിയെല്ലാം ധനാഭ്യർത്ഥനകളുടെ ചർച്ചകൾ പൂർത്തിയായതിനുശേഷമാണ് ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് ഒരു റൂളിംഗ് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. കെ. എസ്. ശബരീനാഥൻ ഉന്നയിച്ചതാണ് സാധാരണഗതിയിലുള്ള നടപടിക്രമം. പാർലമെന്റി ലാണെങ്കിലും അതുതന്നെയാണ്. ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് കഴിഞ്ഞതിനുശേഷമാണ് ധനകാര്യ ബിൽ അവതരിപ്പിക്കാറുള്ളത്. ഇതൊരു ശരിയായ കീഴ്വഴക്കമല്ല. പാർലമെന്റിലും നിയമസഭകളിലും ചർച്ച കഴിഞ്ഞാണ് ഇത്തരം നടപടിക്രമങ്ങൾ തുടരുന്നത്. കേരള നിയമസഭയിലും ഇതുവരെ തുടർന്നുവന്നതും ആ രീതി തന്നെയാണ്. അസാധാരണമായ സാഹചര്യമുണ്ടായത് എന്തുകൊണ്ടാണെന്ന് അങ്ങ് പരിശോധിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ ബഡ്ജറ്റിന്മേലുള്ള ചർച്ച പൂർത്തിയാകുന്നതിനുമുമ്പ് ധനകാര്യ ബിൽ ചർച്ച ചെയ്യുന്നത് ക്രമപ്രകാരമല്ലെന്ന തടസ്സവാദമാണ് ഉന്നയിച്ചിട്ടുള്ളത്. ഇതിനുമുമ്പ് 2005-ലാണ് ഇങ്ങനെയൊന്നുണ്ടായതെന്നും ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. ആ വർഷവും മാർച്ച് മാസം അവസാനിക്കുന്നതിനുമുമ്പ് ആദ്യമായി ഫുൾ ബജറ്റ്

പാസ്സാക്കിയ വർഷമാണെന്നാണ് എന്റെ ഓർമ്മ. ഏതായാലും ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചകൾ അവസാനിച്ചതിനുശേഷം 22-3-2018-ന് മാത്രമാണ് വിഷയനിർണ്ണയ സമിതി മുമ്പാകെ ധനകാര്യ ബിൽ പരിഗണിക്കുകയും ബിൽ സഭയിൽ ഖണ്ഡം ഖണ്ഡമായി ചർച്ചയ്ക്കെടുക്കുകയും ചെയ്യുന്നത്. ധനകാര്യ ബിൽ നിയമസഭ പാസ്സാക്കുന്നത് 27-3-2018-ന് മാത്രമാണ്. അതിനാൽ ഇപ്രകാരം ബിൽ അവതരിപ്പിക്കുന്നതിന് നിയമതടസ്സമില്ല.

## റൂളിംഗ്

മി. സ്പീക്കർ: 2018-19 ബഡ്ജറ്റിലേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ ചർച്ച പൂർത്തീകരിക്കുന്നതിന് മുമ്പായി ധനകാര്യബിൽ അവതരിപ്പിക്കുന്നതിനെതിരെ കീഴ്വഴക്കങ്ങളും നടപടിക്രമവും ഉദ്ധരിച്ചുകൊണ്ടാണ് ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ കാര്യങ്ങൾ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ഈ വർഷത്തെ ബഡ്ജറ്റ് നടപടികൾ വളരെ മാതൃകാപരമായ രീതിയിലും സമയക്രമത്തിലുമാണ് പൂർത്തീകരിക്കാൻ നമ്മൾ ശ്രമിക്കുന്നത്. മാർച്ച് 31-ന് മുമ്പുതന്നെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള ശ്രമമാണെടുക്കുന്നത്. ഈ മാസം 31-ന് മുമ്പ് ധനകാര്യബിൽ സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് അത് ആക്ടായി പ്രസിദ്ധീകരിക്കേണ്ട ഒരു സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഈ പശ്ചാത്തലംകൂടി പരിഗണിച്ചുകൊണ്ടാണ് ഇത്തരമൊരു സാഹചര്യം വന്നിട്ടുള്ളത്. മാത്രമല്ല, 27-ാം തീയതി മാത്രമേ ധനകാര്യബിൽ പരിഗണനയ്ക്കെടുക്കുന്നുള്ളൂ എന്നും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഇവിടെ പറയുകയുണ്ടായി.

ചെയർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പതിനൊന്നാം കേരള നിയമസഭയിൽ 2005 ഫെബ്രുവരി-മാർച്ച് മാസത്തിലാണ് ഇത്തരത്തിലൊരു സ്ഥിതിവിശേഷമുണ്ടായത്. പതിനൊന്നാം കേരള നിയമസഭയുടെ സമ്മേളനത്തിൽ ധനാഭ്യർത്ഥന സംബന്ധിച്ച സൂക്ഷ്മപരിശോധന സബ്ജക്ട് കമ്മിറ്റികൾ പൂർത്തീകരിക്കുന്നതിന് മുമ്പുതന്നെ ഫെബ്രുവരി 10-ാം തീയതി ധനകാര്യ ബിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും സഭയിൽ ധനാഭ്യർത്ഥനയുടെ ചർച്ച ആരംഭിക്കുന്നതിനുമുമ്പായി 2005-ലെ ധനകാര്യ ബിൽ മാർച്ച് മാസം 3-ാം തീയതി പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം മാത്രമാണ് ധനാഭ്യർത്ഥന ചർച്ച സഭയിൽ ആരംഭിച്ചത്. 2005-ലെ മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വരുന്നത് സംബന്ധിച്ച പ്രത്യേക സാഹചര്യം മുൻനിർത്തിയാണ് അന്ന് അപ്രകാരം ചെയ്യുന്നതെന്ന വിശദീകരണം ബന്ധപ്പെട്ട മന്ത്രി സഭയിൽ വിശദീകരിക്കുകയും അന്നത്തെ ചെയർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യേകമായൊരു സാഹചര്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അത്.

ആ ദിവസങ്ങളിൽ സഭയിൽ ഉയർന്നുവന്ന ക്രമപ്രശ്നവും നടന്ന ചർച്ചയും ചെയറിൽ നിന്നുണ്ടായ റൂളിംഗുമെല്ലാം ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിക്കുന്നതിനുമുമ്പ് ധനകാര്യ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിൽ ഭരണഘടനാപരമായതോ ചട്ടപ്രകാരമുള്ളതോ ആയ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനമുള്ളതായി അന്ന് ഒരു പരാമർശം സഭയിലുണ്ടായിട്ടില്ല. മാത്രമല്ല, ഇതുസംബന്ധിച്ച് ശക്ധർ ആന്റ് കൗളിന്റെ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീഡ്യുവർ എന്ന ഗ്രന്ഥത്തിലും ഈ നടപടിക്രമത്തിൽ അപാകതയുള്ളതായി പറഞ്ഞിട്ടില്ല.

ഈ വർഷത്തെ ബഡ്ജറ്റ് നടപടികൾ വളരെ മാതൃകാപരമായ രീതിയിലും സമയക്രമത്തിലുമാണ് നാം പൂർത്തീകരിച്ചുവരുന്നത്. വോട്ട് ഓൺ അക്കൗണ്ട് നടപടികൾ ഒഴിവാക്കിക്കൊണ്ട് മാർച്ച് 31-ന് മുമ്പുതന്നെ ബഡ്ജറ്റിനെ സംബന്ധിക്കുന്ന എല്ലാ നടപടികളും പൂർത്തീകരിക്കുകയെന്ന വളരെ അപൂർവ്വമായൊരു നേട്ടം നാം കൈവരിക്കാൻ പോകുകയാണ്.

അതിനാൽ ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം മുമ്പുണ്ടായ കീഴ്വഴക്കത്തിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന ഒന്നല്ല എന്ന് ചെയർ റൂൾ ചെയ്യുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. It should not be a precedent. In extra ordinary situations this kind of activity can be undertaken. It should not be considered as a precedent.

മി. സ്പീക്കർ: നേരത്തെയുണ്ടായിരുന്ന പ്രത്യേക സാഹചര്യത്തെ മുൻനിർത്തിയാണ് അന്ന് ചെയ്തത്.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയും സംയുക്തമായി പരിഗണിക്കുന്നതിനും 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പ്രത്യേകമായി പരിഗണിക്കുന്നതിനും സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, 2018-ലെ കേരള ധനകാര്യ ബിൽ പൊതു ജനാഭിപ്രായം ആരായുന്നതിനായി 22-10-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ശശി: സർ, 2018-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ: സർ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. വേണ്ടത്ര ചിന്തയില്ലാതെ നടപ്പാക്കിയ നോട്ടുനിരോധനവും തയ്യാറെടുപ്പുകളില്ലാതെ നടപ്പാക്കിയ ജി.എസ്.ടി.-യും നമ്മുടെ സമ്പദ്ഘടനയ്ക്ക് ഏല്പിച്ചത് കനത്ത ആഘാതമാണ്. ജി.എസ്.ടി. നികുതി ചുമത്തുന്നതിനുള്ള സംസ്ഥാനങ്ങളുടെ അധികാരം പരിമിതപ്പെട്ടിരിക്കുകയാണ്. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ജനങ്ങൾക്കുമേൽ ആഘാതം ഏല്പിക്കാതെ നികുതി ചുമത്താവുന്ന മേഖലകളിൽ നികുതി ചുമത്താനും പരിമിതമായ തോതിലെങ്കിലും വിഭവസമാഹരണം നടത്താനും ഈ സർക്കാർ തയ്യാറായത്. ഈ നികുതി നിർദ്ദേശങ്ങളിൽ പലതും സഭയിൽ ചർച്ച ചെയ്യപ്പെട്ടതാണ്. ഈ സർക്കാർ, ഇടതുമുന്നണി മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ സാമ്പത്തിക സമീപനങ്ങൾ നടപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണ്. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ പ്രതിരൂപമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. ഡോ. ടി. എം. തോമസ് ഐസക് കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞതുപോലെ ഈ ബഡ്ജറ്റിനൊരു രാഷ്ട്രീയമുണ്ട്. അത് വ്യത്യസ്തമായ രാഷ്ട്രീയമാണ്. ബി.ജെ.പി.-യുടേതിൽ നിന്നും കോൺഗ്രസ്സിൽ നിന്നും വ്യതിരിക്തമായ ഒരു രാഷ്ട്രീയമാണത്. അത് ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയമാണ്. അഖിലേന്ത്യാ തലത്തിൽ ഇന്ന് നടക്കുന്നതെന്താണ്? പൊതുസ്വത്ത് കോർപ്പറേറ്റുകൾക്ക് കൈമാറുന്ന ഒരു ദല്ലാളായിട്ടാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നത്. എന്നാൽ ഈ സർക്കാർ പൊതുസ്വത്ത് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ നടപ്പാക്കിയ സാമ്പത്തിക സമീപനങ്ങളുടെ

ഫലമായി കേരളത്തിലെ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവൻ നഷ്ടത്തിലായിരിക്കുകയാണ്. കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചപ്പോൾ കേരള സർക്കാർ ഇടപെട്ട് ആ സ്ഥാപനത്തെ ഏറ്റെടുത്ത് നടത്താൻ തയ്യാറായി. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇങ്ങനെ നടന്നിട്ടുണ്ടാകില്ല. എച്ച്.എൽ.എൽ.-ന്റെയും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെയും കാര്യത്തിലും നമ്മൾ ഇതേ നിലപാടാണെടുത്തത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന് 700 ഏക്കർ സ്ഥലം കേരള സർക്കാർ ഏറ്റെടുത്ത് കൊടുത്തതാണ്. കേരള സർക്കാരിനോട് ആലോചിക്കാതെയാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ 700 ഏക്കർ സ്ഥലം അടക്കം സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത്. കേരളത്തിന്റെ പ്രതിഷേധങ്ങൾ കേന്ദ്ര സർക്കാരിന്റെ ബധിരകർണ്ണങ്ങളിലാണ് പതിച്ചിരിക്കുന്നത്. ഈ കാര്യങ്ങളിലെല്ലാം ഇന്ത്യയ്ക്കാകെ മാതൃകയായ സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

അതുപോലെ കേന്ദ്ര സർക്കാരിന്റെ ധനസമാഹരണത്തിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുമ്പോൾ സംസ്ഥാന സർക്കാർ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുകയും കേന്ദ്ര സർക്കാർ വിറ്റ് തുലയ്ക്കാൻ പോകുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്ത് നടത്താനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് മുന്നോട്ട് പോകുകയുമാണ് ചെയ്യുന്നത്. കേന്ദ്രസർക്കാർ ദേശസാത്കൃത ബാങ്കുകളെ സ്വകാര്യവൽക്കരിക്കാൻ ശ്രമിക്കുകയാണ്. സ്വകാര്യവൽക്കരണമാണ് ഇന്ന് ബാങ്കിംഗ് മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനുള്ള ഏറ്റവും വലിയ മാർഗ്ഗമെന്ന് റിസർവ് ബാങ്കിന്റെ തലപ്പത്തിരിക്കുന്നവരടക്കം പറയുന്ന സ്ഥിതിവിശേഷമാണുള്ളത്. ഈ ബാങ്കുകൾ പ്രതിസന്ധിയിലായതിന്റെ കാരണമെന്താണ്? ഇന്ത്യാരാജ്യത്തെ വൻകിട കോർപ്പറേറ്റുകൾക്ക് കോടിക്കണക്കിന് രൂപ അവർ കടം കൊടുക്കുകയും അവർ നഷ്ടത്തിലാകുമ്പോൾ ആ ലോൺ റീ-ഷെഡ്യൂൾ ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. അതിന്റെ തിരിച്ചടവ് കാലാവധി വർദ്ധിപ്പിക്കുകയാണ്. ഇതെല്ലാം കൊടുത്തിട്ടും അവർ ഈ പണവുമായി ഇന്ത്യാരാജ്യത്തുനിന്നും മുങ്ങുകയാണ് ചെയ്യുന്നത്. അങ്ങനെയാണ് കേന്ദ്ര സർക്കാർ ഈ ബാങ്കുകളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്. എന്നിട്ട് അവർ വലിയ ബാങ്കുകളുണ്ടാക്കാൻ പോകുകയാണ്. ചെറിയ ബാങ്കുകളെയെല്ലാം കൂട്ടിയോജിപ്പിച്ച് പടുകൂറ്റൻ ബാങ്കുകളുണ്ടാക്കുകയാണ്. ഈ പടുകൂറ്റൻ ബാങ്കുകളിൽനിന്നും ഒരു സാധാരണക്കാരനും ലോൺ കിട്ടില്ല. അവരെല്ലാം പടുകൂറ്റൻ വായ്പകൾ നൽകുകയും വലിയ നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന ബാങ്കുകളായി മാറും. അപ്പോഴാണ് കേരള ബാങ്ക് രൂപീകരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നത്.

കേരള സർക്കാരിന്റെ കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനങ്ങളുടെ ഫലമായി ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ നിക്ഷേപം വർദ്ധിച്ചു. അതുപോലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ മറികടന്ന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയാണ്. കിഫ്ബിയെ വിമർശിക്കുന്നവരെല്ലാം ഒരു കാര്യം പറയണം; കിഫ്ബി അല്ലാതെ നമ്മുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പോംവഴി എന്താണ്; മറ്റേതെങ്കിലും ബദൽ നിർദ്ദേശങ്ങളുണ്ടോ? ഈ നാടിന്റെ പരിമിതികളെ മറികടക്കാനുള്ള ഏറ്റവും വലിയ ഇന്നവേറ്റീവായിട്ടുള്ള സമീപനമാണ് കിഫ്ബിയിലൂടെ മുന്നോട്ട് വയ്ക്കുന്നത്; അതാണ് കേരള സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

അഖിലേന്ത്യാ വളർച്ചാനിരക്ക് മുൻ വർഷങ്ങളേക്കാൾ കുറവാണ്. തൊഴിലില്ലായ്മ പെരുകിക്കൊണ്ടിരിക്കുകയും കാർഷികോല്പന്നങ്ങൾക്ക് വിലയില്ലാതെ കൃഷിക്കാർ വലയുകയും ചെയ്യുന്നു. മദ്ധ്യപ്രദേശിലെ കൃഷിക്കാരുടെ സമ്മർദ്ദം സഹിക്കാൻ കഴിയാതെ അവിടത്തെ ബി.ജെ.പി. സർക്കാർ കർഷകരുടെ കടം എഴുതിത്തള്ളാൻ തീരുമാനിച്ചപ്പോൾ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. അരുൺ ജെയ്റ്റ്ലി പറഞ്ഞ ധിക്കാരപരമായ മറുപടി, നിങ്ങൾ കടം എഴുതിത്തള്ളിക്കോ, ഒരു പൈസ പോലും കേന്ദ്ര സർക്കാരിന്റെ ധനസഹായം കിട്ടില്ല എന്നാണ്. ലോകത്തെല്ലായിടത്തും പെട്രോളിന്റെ വില പാതാളം വരെ താഴ്ന്നിട്ടും ഒരു പൈസയുടെ ആനുകൂല്യംപോലും ഇന്ത്യയിലെ ജനങ്ങൾക്ക് നൽകാത്ത കേന്ദ്ര സർക്കാരിന്റെ ധനകാര്യ വകുപ്പുമന്ത്രിയാണ് കാർഷിക കടം എഴുതിത്തള്ളുന്നതിനുവേണ്ടി നയാപൈസ തരില്ലെന്ന് മദ്ധ്യപ്രദേശ് ബി.ജെ.പി. സർക്കാരിനോടും മുഖ്യമന്ത്രിയോടും പറഞ്ഞത്. ഈ സമീപനങ്ങളെല്ലാം സ്വീകരിച്ച രാഷ്ട്രീയ പാർട്ടിയാണ് കോൺഗ്രസ്. കോൺഗ്രസ്സിന്റെ എ.ഐ.സി.സി. സമ്മേളനത്തിൽ ധനകാര്യ വിഷയം കൈകാര്യം ചെയ്തുകൊണ്ട് സംസാരിച്ചത് ശ്രീ. പി. ചിദംബരമാണ്. കേരളത്തിൽ റബ്ബറിന്റെ വിലയിടിഞ്ഞിട്ട് സർവ്വകക്ഷി നിവേദക സംഘം എത്ര തവണ ശ്രീ. ചിദംബരത്തെ പോയി കണ്ടു? റബ്ബറിന്റെ ഇറക്കുമതി കുറയ്ക്കണമെന്നും ഇറക്കുമതി ചെയ്യുന്ന റബ്ബറിന് ചുങ്കം ചുമത്തണമെന്നുമെല്ലാം പറഞ്ഞ നിവേദനങ്ങൾ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ചവറ്റുകുട്ടയിലേയ്ക്കെറിഞ്ഞു. എന്നിട്ടും ശ്രീ. പി. ചിദംബരത്തെയാണ് ഇപ്പോഴും നിങ്ങളുടെ ധനകാര്യ വക്താവായി മുന്നിൽ നിർത്തിയിരിക്കുന്നത്. പിന്നെ എങ്ങനെ കോൺഗ്രസ് രക്ഷപെടും? ബി.ജെ.പി. ഉയർത്തുന്ന സാമ്പത്തിക സമീപനങ്ങളും കോൺഗ്രസ്സിന്റെ സാമ്പത്തിക സമീപനങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്ന് അടിവരയിട്ട് പറയുന്നതാണ് ശ്രീ. പി. ചിദംബരം സാമ്പത്തിക പ്രമേയം അവതരിപ്പിച്ചുകൊണ്ട് എ.ഐ.സി.സി.-യിൽ നടത്തിയ പ്രസംഗം. സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കമുണ്ടെന്നുള്ളതൊരു വസ്തുതയാണ്. ജി.എസ്.ടി.-യിലും കേരളത്തിന്റെ വിഹിതം മുഴുവൻ കിട്ടിയിട്ടില്ല. ആ വിഹിതം കിട്ടുന്ന മുറയ്ക്ക് നമ്മുടെ

സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുമായിരിക്കാം. കേരളത്തിന് പുതിയ നികുതി ഏർപ്പെടുത്താൻ ഇപ്പോൾ പരിമിതിയുണ്ട്. അങ്ങനെയാണെങ്കിലും സാധാരണക്കാരനെ കൈവിടാൻ തയ്യാറായിട്ടില്ല. സാധാരണക്കാരന്റെ പരിരക്ഷ, കൃഷിക്കാർക്ക് സംരക്ഷണം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കർമ്മപരിപാടി എന്നിവയെല്ലാം ഈ സർക്കാരിന്റെ മുഖമുദ്രയാണ്.

ഈ സർക്കാർ ഉദാരവൽക്കരണത്തിനെതിരാണ്. അതുകൊണ്ടുതന്നെ ഉദാരവൽക്കരണം നടപ്പാക്കിയ കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും എതിരാണ്. ഞങ്ങൾ എല്ലാത്തരം വർഗ്ഗീയതയ്ക്കും എതിരാണ്. അതുകൊണ്ടുതന്നെ ഞങ്ങൾ ബി.ജെ.പി.-ക്കെതിരാണ്. ഞങ്ങൾ അഖിലേന്ത്യാ തലത്തിൽ വലിയ രാഷ്ട്രീയ ശക്തിയല്ലായിരിക്കും. പക്ഷെ എല്ലാ കാലത്തും ഞങ്ങളുടെ സ്വാധീനത്തിനപ്പുറമായി ഞങ്ങളുടെ രാഷ്ട്രീയ നിലപാടുകൾ ഇന്ത്യൻ രാഷ്ട്രീയത്തെ സ്വാധീനിച്ചിട്ടുണ്ടെന്നും ഇന്ത്യൻ രാഷ്ട്രീയത്തെ മുന്നോട്ട് നയിക്കാൻ പര്യാപ്തമാക്കിയിട്ടുണ്ടെന്നുമുള്ളത് ഞങ്ങളുടെ ശത്രുക്കൾ പോലും അംഗീകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അത്തരത്തിൽ അഖിലേന്ത്യാ രാഷ്ട്രീയത്തെ സ്വാധീനിച്ചവരാണ് ഞങ്ങൾ. ഇപ്പോൾ കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും സമീപനത്തിനെതിരായിട്ടാണ് മഹാരാഷ്ട്രയിൽ കർഷക പ്രക്ഷോഭം ഉയർന്നുവന്നത്. ഇന്ത്യാരാജ്യത്തെ ഏതെങ്കിലുമൊരു പ്രക്ഷോഭത്തിന് ഇത്രയേറെ ജനങ്ങളുടെയും വിവിധ വിഭാഗങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ ആർജ്ജിച്ചിട്ടുണ്ടോ? ജനങ്ങളുടെ സജീവമായ പ്രശ്നം ഏറ്റെടുത്ത് പൊരുതാനും അതിനുവേണ്ടി സമരം നയിക്കാനും മുന്നോട്ട് വന്നപ്പോൾ വിവിധ വിഭാഗം ജനങ്ങളുടെ പിന്തുണ ഈ സമരത്തിന് കിട്ടി എന്നുള്ളതാണ് ബോംബെയിലെ കർഷകരുടെ മാർച്ചും അതിന്റെ വിജയകരമായ പരിസമാപ്തിയും കാണിക്കുന്നത്. ഇത്തരം പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് സ്വതന്ത്രമായിത്തന്നെ ഞങ്ങൾ മുന്നോട്ടുപോകും.

ഞങ്ങൾ ചെറിയ രാഷ്ട്രീയ ശക്തിയായിരിക്കാം. പക്ഷേ ഉദാരവൽക്കരണ സാമ്പത്തിക സമീപനത്തിന്റെ ഫലമായും കൃഷി ഉല്പന്നങ്ങളുടെ വിലയിടിഞ്ഞതിന്റെ ഫലമായും കാർഷിക ഉല്പന്നങ്ങൾ നിർബാധം ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായും ആത്മഹത്യയിലേയ്ക്ക് നീങ്ങുന്ന കൃഷിക്കാരന്റെയും തൊഴിലാളികളുടെയും ദുരിതം നിറഞ്ഞ പ്രശ്നങ്ങൾ ഞങ്ങൾ ഏറ്റെടുക്കും. അങ്ങനെയാണ് അഖിലേന്ത്യാ തലത്തിൽ ഭരണ കക്ഷികളുടെയടക്കം വിവിധ ട്രേഡ് യൂണിയനുകളെ യോജിപ്പിച്ചുകൊണ്ടുള്ള വലിയ പ്രക്ഷോഭം ഇന്ത്യാ രാജ്യത്ത് നടന്നത്. അങ്ങനെ സ്വതന്ത്രമായൊരു രാഷ്ട്രീയ നിലപാടെടുത്തുകൊണ്ടാണ് ഞങ്ങൾ മുന്നോട്ട് പോകുന്നത്. ഞങ്ങൾ വർഗ്ഗീയതയ്ക്കും ഉദാരവൽക്കരണത്തിനും എതിരാണ്; ഇവ രണ്ടും നടപ്പാക്കുന്നതിന് മുന്നിൽ നിന്നിട്ടുള്ള കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും ഞങ്ങളെതിരാണ്. അതിനെതിരായി സ്വതന്ത്രമായും ജനകീയ പങ്കാളിത്തത്തോടെയും സമരമുന്നേറ്റവുമായി പോകുക

എന്നുള്ളതാണ് ഞങ്ങളുടെ രാഷ്ട്രീയ സമീപനം. ആ രാഷ്ട്രീയ സമീപനത്തിന്റെ പേരിൽ ഞങ്ങളെ ഉപദേശിക്കാൻ ആരും വരണ്ട. ഇന്ത്യൻ രാഷ്ട്രീയം ഉയർത്തിയ എല്ലാ വെല്ലുവിളികളുടെ സമയത്തും ശരിയായ രാഷ്ട്രീയ നിലപാടുകളെടുത്തുകൊണ്ട് ഞങ്ങൾ ഇന്ത്യാരാജ്യത്തെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഒന്നാം യു.പി.എ. സർക്കാരിനെ പിന്താങ്ങിയതിന്റെ കാരണമെന്താണ്? എല്ലാ കാര്യങ്ങളിലും അഭിപ്രായ വ്യത്യാസമുള്ള കോൺഗ്രസ് ഗവൺമെന്റിനെ ഞങ്ങൾ പിന്താങ്ങിയത് ഇന്ത്യാ രാജ്യത്ത് ബി.ജെ.പി. കൊണ്ടുവന്ന വർഗ്ഗീയതയുടെ രഥത്തെ തടുത്തുനിർത്താൻ വേണ്ടിയാണ്. ആ നിലപാടുകളെടുത്ത രാഷ്ട്രീയ പാർട്ടിയാണ് ഞങ്ങളുടേത്. ഇന്ത്യയുടെ അഖണ്ഡത കാത്തുസൂക്ഷിക്കാനും പാവപ്പെട്ടവന്റെയും തൊഴിലാളികളുടെയും കൃഷിക്കാരന്റെയും താല്പര്യങ്ങളും മതേതരത്വവും സംരക്ഷിക്കാൻ ആരുടെയും ഉപദേശമില്ലാതെ, സ്വതന്ത്ര ഇന്ത്യയ്ക്ക് ചേരുന്ന രാഷ്ട്രീയ നിലപാടുകളെടുത്തുകൊണ്ടാണ് ഞങ്ങൾ മുന്നോട്ട് പോയത്. ആ നിലപാടുകളുടെ രാഷ്ട്രീയമായ പ്രതിഫലനമാണ് കഴിഞ്ഞ രണ്ട് വർഷക്കാലമായി സഖാവ് ടി. എം. തോമസ് ഐസക് ഈ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റും അത് നടപ്പിലാക്കിയ രീതികളും. ഇതെല്ലാം ഉദാരവൽക്കരണ സാമ്പത്തിക സമീപനത്തിനെതിരായ പ്രതിരോധമാണ്. എല്ലാ തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധികളുണ്ടായിട്ടും സംസ്ഥാനത്തെ ദുർബ്ബല ജനവിഭാഗങ്ങളെ സംരക്ഷിക്കാനുള്ള നടപടികൾ, പൊതുവിദ്യാഭ്യാസയജ്ഞം, ആരോഗ്യ പരിപാലനം, സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തൽ എന്നിവ ഈ ബഡ്ജറ്റുകളിൽ പ്രതിഫലിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഫലമായി നമ്മുടെ കൈകൾ കെട്ടപ്പെട്ടു. ആ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുള്ള നികുതി നിർദ്ദേശങ്ങളാണ് ഈ ഫിനാൻസ് ബില്ലിലുള്ളത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഈ ധനകാര്യ ബില്ലുകളെ ഞാൻ എതിർക്കുന്നു. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. കെ. എസ്. ശബരീനാഥനും ഉന്നയിച്ചതുപോലെ, ചെയറിന്റെ റൂളിംഗിനെ മാനിച്ചുകൊണ്ട് ഇതൊരു ചീത്ത കീഴ്വഴക്കമാണെന്ന് ഞാനാദ്യമായി സൂചിപ്പിക്കുകയാണ്. ഞാൻ ഈ സഭയിൽ വന്നിട്ട് 7 വർഷമായി. അതിനുമുൻപ് പലതവണ സന്ദർശക ഗ്യാലറിയിലിരുന്ന് നിയമസഭാ നടപടികൾ കാണാനുള്ള ഭാഗ്യം സിദ്ധിച്ച ഒരാളാണ് ഞാൻ. 2005-ലെ ഒരു പ്രത്യേക സാഹചര്യത്തിലൊഴികെ മറ്റെല്ലാ വർഷങ്ങളിലും എല്ലാ ധനാഭ്യർത്ഥനകളും പൂർത്തീകരിച്ചതിനുശേഷമാണ് ധനകാര്യബില്ലും ധനവിനിയോഗബില്ലും പാസ്സാക്കുന്നത്. ഏതായാലും ഇത്തവണ ഒരു പ്രത്യേക സാഹചര്യത്തിലാണ് ബിൽ കൊണ്ടു വന്നതെന്ന് ഇവിടെ സൂചിപ്പിച്ചു. എന്നാൽ ഇതൊരു കീഴ്വഴക്കമാക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്. ഭരണത്തിനെ സംബന്ധിച്ച് ഒരു സ്പെല്ലിംഗ് മിസ്റ്റേക്കായാണ് ഞാനിതിനെ കാണുന്നത്.

ഇവിടെ ശ്രീ. കെ. സുരേഷ് കുറുപ്പ് സാമ്പത്തിക നയങ്ങളെക്കുറിച്ച് പറഞ്ഞു. കോൺഗ്രസ്സിന്റെ സാമ്പത്തികനയത്തിൽ തെറ്റൊന്നും സംഭവിച്ചിട്ടില്ല. കോൺഗ്രസ്സിന്റെ സാമ്പത്തികനയം കൊണ്ടുതന്നെയാണ് അമേരിക്കപോലും സാമ്പത്തികമായി തകർന്നപ്പോൾ നമുക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞത്. അത് നടപ്പാക്കിയതിൽ ചില പാളിച്ചകൾ സംഭവിച്ചു എന്നത് ഒരു സെൽഫ് ക്രിട്ടിസിസമായി അംഗീകരിക്കുന്നു. ഞങ്ങളുടെ പാർട്ടി പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധിയാണ് കഴിഞ്ഞ എ.ഐ.സി.സി. സമ്മേളനത്തിൽ അവസാനകാലത്തെ യു.പി.എ. സർക്കാരിന്റെ ചില നടപടികൾ തെരഞ്ഞെടുപ്പിൽ തിരിച്ചടിയായി എന്ന് സൂചിപ്പിച്ചത്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പുകാലത്ത് അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയും ആഭ്യന്തര മന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയും സാമ്പത്തികനയത്തിലെ പാളിച്ചകൾ ഏറ്റുപറഞ്ഞുകൊണ്ടുതന്നെയാണ് തെരഞ്ഞെടുപ്പിനെ നേരിട്ടത്. അതിനെ കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുകയും ചെയ്തു. ഇൻഡ്യയിൽ കോൺഗ്രസ്സിന് ക്ഷീണം സംഭവിച്ചപ്പോൾ 20-ൽ 12 സീറ്റിൽ കേരളത്തിൽ ഐക്യജനാധിപത്യമുന്നണി വിജയിക്കുകയും 80 നിയമസഭാ നിയോജകമണ്ഡലങ്ങളിൽ അന്ന് ഐക്യജനാധിപത്യമുന്നണിക്ക് ലീഡ് ലഭിക്കുകയും ചെയ്തു. ഇവിടെ ശ്രീ. കെ. സുരേഷ് കുറുപ്പ് ആദ്യത്തെ യു.പി.എ. സർക്കാരിനെ കുറിച്ചുപറഞ്ഞു. ആദ്യത്തെ യു.പി.എ. സർക്കാരിനോട് സി.പി.ഐ.(എം). എടുത്ത നിലപാട് വളരെ സ്വാഗതാർഹമായിരുന്നു. അങ്ങനെയാണ് നിങ്ങൾക്കും അതിന്റെ മെച്ചം കിട്ടിയത്. ലോക്സഭയിൽ കേരളത്തിലുൾപ്പെടെ ഏറ്റവും കൂടുതൽ സി.പി.ഐ.(എം).-ന് അംഗങ്ങളുണ്ടായത് ആ തെരഞ്ഞെടുപ്പിലാണ്. അന്ന് കേരളത്തിൽ യു.ഡി.എഫ്.-നോട് വിരോധമുണ്ടായിരുന്ന ഒരു കാലഘട്ടമായിരുന്നു. സാധാരണഗതിയിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് പലപ്പോഴും ഒരു പ്ലസ് പോയിന്റ് കേരളത്തിൽ ലഭിക്കാറുണ്ട്. അത് ലഭിക്കാതിരുന്ന ഒരേയൊരു തെരഞ്ഞെടുപ്പായിരുന്നു 2004-ലെ തെരഞ്ഞെടുപ്പ്. അന്ന് നിങ്ങളുടെ അഖിലേന്ത്യാ സെക്രട്ടറിയായിരുന്ന ഹർകിഷൻ സിംഗ് സുർജിത് പറഞ്ഞത്, കേരളത്തിൽ ഞങ്ങൾ കോൺഗ്രസ്സിനെതിരാണെന്നും എന്നാൽ അഖിലേന്ത്യാതലത്തിൽ കോൺഗ്രസ്സിന്റെ ഒരു സർക്കാരിനെ ഞങ്ങൾ പിന്തുണയ്ക്കുമെന്നുമാണ്. അപ്പോൾ കേരളത്തിലുൾപ്പെടെ നിങ്ങൾക്കതിന്റെ പ്രയോജനമുണ്ടായി.

നിങ്ങൾ ആണവകരാറിന്റെ പേരിൽ ആ സർക്കാരിനെ താഴെയിറക്കാൻ ബി.ജെ.പി.-യോടൊപ്പം കൂട്ടുകൂടി. ആ തെറ്റ് നിങ്ങളൊരിക്കലും തിരുത്തിയിട്ടില്ല. അങ്ങനെയൊരു പാളിച്ച പറ്റിയെന്ന് പിന്നീടുള്ള ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലുൾപ്പെടെ തെളിഞ്ഞില്ലേ? 2009-ലെ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് 20-ൽ 16 സീറ്റ് കിട്ടുകയും ഏതാണ്ട് വെറും 32 സീറ്റിൽ മാത്രം ഇടതുപക്ഷത്തിന്റെ

നിയമസഭാ സീറ്റിലെ ലീഡ് കുറയുകയും ചെയ്തിരുന്നു. ബി.ജെ.പി.-യെന്ന വർഗ്ഗീയ പ്രസ്ഥാനം വർഗ്ഗീയത മാത്രമല്ല, കഴിഞ്ഞ നാലുവർഷക്കാലം കൊണ്ട് എല്ലാ സോഴ്സുകളും ഉപയോഗിച്ചുകൊണ്ട് പ്രതിപക്ഷത്തിനെ തകർക്കാൻ നോക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ രണ്ടുമൂന്ന് സംസ്ഥാനങ്ങളിൽ കോൺഗ്രസ് ഒന്നാം സ്ഥാനത്ത് വന്നു. എന്നാൽ കേവലഭൂരിപക്ഷം കിട്ടാത്തതുകൊണ്ടാണ് സർക്കാർ രൂപീകരിക്കാൻ കഴിയാത്തത്. സർക്കാരിന്റെ വിവിധ ഏജൻസികളെ പരമാവധി ദുരുപയോഗപ്പെടുത്തിക്കൊണ്ട് കോൺഗ്രസ്സിലെ പല തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെയും ഭീഷണിപ്പെടുത്തിക്കൊണ്ട് വന്ന സർക്കാരുകളാണിത്. ഈ സർക്കാരുകൾക്കൊന്നും വലിയ ആയുസ്സുണ്ടാകില്ല. ഗോവയിലും മണിപ്പൂരിലും ഏതാണ്ട് സ്ഥിതി മാറിത്തുടങ്ങിയിട്ടുണ്ട്. എല്ലാ ജനാധിപത്യ മൂല്യങ്ങളെയും തളർത്തി ഒരു പ്രധാനമന്ത്രിയുടെ അന്തസ്സിന് ചേരാത്ത രീതിയിൽ ഒരു നാലാംകിട പ്രാസംഗികനെപ്പോലെ ശ്രീ. നരേന്ദ്ര മോദി പ്രവർത്തിക്കുമ്പോൾ അതിനെ എല്ലാ ജാധിപത്യ മതേതര ശക്തികളും ചേർന്ന് പരാജയപ്പെടുത്തണം. അതാണ് ജനാധിപത്യ മതേതര കൂട്ടുകെട്ട്. അതുകൊണ്ട് അഖിലേന്ത്യാതലത്തിൽ വർഗ്ഗീയതയാണ് നമ്മുടെ ശത്രു, ബി.ജെ.പി.-യാണ് നമ്മുടെ ശത്രു. കോൺഗ്രസ്സിനെ മാറ്റിനിർത്തിക്കൊണ്ടുള്ള സംവിധാനം ഒരു കാലത്തും ഇൻഡ്യയിൽ വരാൻ പോകുന്നില്ല. ബി.ജെ.പി.-യെ നേരിടാൻ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഒരു പ്രധാന ഘടകം തന്നെയാണ്. കോൺഗ്രസ്സിന്റെ കൂട്ടായ നേതൃത്വത്തിൽ ഒരുമിച്ച് മുന്നേറണം. അതാണ് നമ്മുടെ സാമ്പത്തിക നയത്തിൽ കോൺഗ്രസ്സിന്റെ നിലപാടെന്ന് ഒന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

വികസനത്തിൽ രാഷ്ട്രീയം പാടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് പറഞ്ഞു. ഞാനതിനെ നൂറുശതമാനം അംഗീകരിക്കുന്ന ആളാണ്. വികസനത്തിൽ രാഷ്ട്രീയം പാടില്ലെന്ന് പറയുമ്പോൾ, അതെപ്പോഴും ബാധകമായിരിക്കണം. ഞങ്ങൾ ആ ഭാഗത്തും (ഭരണപക്ഷത്ത്) എൽ.ഡി.എഫ്. ഈ ഭാഗത്തും (പ്രതിപക്ഷത്ത്) ഇരിക്കുമ്പോൾ ഈ നിലപാടെടുത്തിരുന്നോ?

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, ഞങ്ങൾ പ്രതിപക്ഷത്തായിരുന്നപ്പോൾ ഗ്യാസ് പൈപ്പ് ലൈൻ നിങ്ങൾ കൊണ്ടുവന്നപ്പോൾ അതിനെ അംഗീകരിക്കുകയും അതിന് പിന്തുണ നൽകുകയും ചെയ്തവരാണ്. ഡോ. എം. കെ. മുനീർ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ എക്സ്പ്രസ് ഹൈവേ കൊണ്ടുവന്നപ്പോഴും പുതിയ റോഡ് വേണ്ടെന്ന നിലപാട് ഇടതുപക്ഷം സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ശ്രീ. ജോർജ് എം. തോമസ് പറയട്ടെ, അന്ന് അദ്ദേഹം പ്രാദേശികമായി ആ സമരത്തിന്റെ കൂടെ നിന്നു. ആ സമരം അന്ന് പ്രതിപക്ഷമാണ് ഏറ്റെടുത്തത്. ഇപ്പോൾ ഭരണം മാറിയപ്പോൾ നിലപാട് മാറ്റി.

എനിക്കൊരു കാര്യം അഭ്യർത്ഥിക്കാനുണ്ട്. ഇവിടെ ധാരാളം വികസനം വന്നിട്ടുണ്ട്. പ്രാദേശികമായിട്ടുള്ള എതിർപ്പുകൾ ചില സന്ദർഭങ്ങളിലുണ്ടാകും. നമ്മളത് വെടിവച്ചും ലാത്തിച്ചാർജ് നടത്തിയിട്ടുമല്ല പരിഹരിക്കുന്നത്. ഉദാഹരണത്തിന്, നെടുമ്പാശ്ശേരി വിമാനത്താവളം വന്നു. ശ്രീ. എസ്. ശർമ്മയ്ക്ക് കാര്യങ്ങളറിയാം. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലായിരുന്നു അത്. വിമാനത്താവളം വന്നപ്പോഴും പ്രാദേശികമായ എതിർപ്പുകളുണ്ടായിരുന്നു. അത് സംസാരിച്ച് പരിഹരിച്ചില്ലേ? ധാരാളം ചർച്ചകൾ നടത്തി. അതുപോലെ കായംകുളം തെർമൽ പ്ലാന്റ് വന്നപ്പോഴും ധാരാളം പ്രശ്നങ്ങളുണ്ടായിരുന്നു. ഈ താപനിലയത്തിൽ നിന്നുവരുന്ന കാറ്റടിച്ചാൽ ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ വരുമെന്ന പരാതി നാട്ടുകാർക്കുണ്ടായിരുന്നു. അന്ന് മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ അവിടെപ്പോയി എല്ലാവരുമായി ചർച്ച നടത്തുകയും അന്ന് എം. പി.-മാരായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ടി. ജെ. ആഞ്ചലോസും കൂട്ടായ ചർച്ചയിലൂടെ ഈ പ്രശ്നം പരിഹരിക്കുകയും ചെയ്തു. ആ രീതിയിൽ പ്രശ്നം പരിഹരിക്കുന്നതിനുപകരം ലാത്തിച്ചാർജ്ജ് നടത്തിയും വെടിവയ്പ് നടത്തിയും വികസനം കൊണ്ടുവന്നാൽ അതിന് യാതൊരർത്ഥവുമുണ്ടാകില്ല. സത്യം പറഞ്ഞാൽ ഞാൻ വികസനത്തിനെതിരല്ല. ചില സന്ദർഭങ്ങളിലൊക്കെ ഭരണ കക്ഷിയെന്നോ പ്രതിപക്ഷമെന്നോ നോക്കാതെ എന്റെ അഭിപ്രായം ഞാൻ ശക്തമായി പറഞ്ഞിട്ടുമുണ്ട്. വികസനം വേണമെന്നുള്ള കാര്യത്തിൽ സംശയമൊന്നുമില്ല. ഒരു സംഘർഷത്തിലൂടെയല്ലാതെ കൂട്ടായ്മയിലൂടെയാണ് വികസനം നടത്തേണ്ടത്.

ലോക കേരളസഭ നടത്തിയത് ഏറ്റവും വലിയ നേട്ടമായിട്ടാണ് നിങ്ങൾ പറയുന്നത്. ലോക കേരളസഭയിൽ ചർച്ച ചെയ്തതെന്താണ്; വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്ന പ്രവാസികളുടെ സേവനം എങ്ങനെ പ്രയോജനപ്പെടുത്താമെന്നാണ് ചർച്ച ചെയ്തത്. ലോക കേരളസഭയെ സംബന്ധിച്ച് ധാരാളം ചർച്ചകളും സെമിനാറുകളും നടത്തി. അതിനെക്കുറിച്ചുള്ള വാർത്തകൾ പത്രങ്ങളിൽ വരികയും ചെയ്തു. ഇവിടെ മുതൽമുടക്കാനുള്ള സാഹചര്യമില്ലെന്നും ഞങ്ങൾക്ക് പലപ്പോഴും ഓഫീസുകൾ കയറി ഇറങ്ങേണ്ടി വരുന്നുവെന്നും പ്രാദേശികമായിട്ടുള്ള എതിർപ്പുകളുണ്ടാകുന്നുവെന്നുമാണ് എല്ലാരും പറഞ്ഞത്. ഏതാണ്ട് ലോക കേരളസഭ കഴിഞ്ഞയുടനെയാണ് പ്രവാസിയായ സുഗതൻ, അദ്ദേഹത്തിന്റെ എല്ലാ സമ്പാദ്യവും ഒരു വർക്ക്ഷോപ്പിനുവേണ്ടി ചെലവഴിച്ച്, അവസാനം ആത്മഹത്യ ചെയ്യേണ്ട സാഹചര്യമുണ്ടായി; ഇങ്ങനെയായാൽ എത്ര ലോക കേരളസഭ നടത്തിയാലും കേരളത്തിലേയ്ക്ക് ആളുകൾ വരുമോ? കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി നടത്തുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ കെ.എസ്.എഫ്.ഇ.-യുടെ യോഗം ഞാൻ തന്നെയാണ് വിളിച്ചുകൂട്ടുന്നത്. പ്രവാസി ചിട്ടിയുൾപ്പെടെയുള്ള കാര്യങ്ങളിൽ നിയോജമണ്ഡല തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഇന്ന് പ്രവാസി ചിട്ടിയെക്കുറിച്ച് വന്ന വാർത്തയെന്താണ്; മാർച്ച് 11-ാം തീയതി മാതൃഭൂമി

പത്രത്തിൽ വന്ന വാർത്ത-'പ്രവാസി ചിട്ടി ഗൾഫിൽ പൊടിച്ചത് 83 ലക്ഷം രൂപ. പ്രചാരണത്തിന് പോയത് 13 ഉദ്യോഗസ്ഥർ' എന്നാണ്. പ്രവാസി ചിട്ടിയെക്കുറിച്ചും കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ കിഫ്ബിയുടെ പങ്കിനെപ്പറ്റിയും പ്രചരിപ്പിക്കലായിരുന്നു യാത്രയുടെ ഉദ്ദേശ്യം. പ്രവാസി ചിട്ടിയിലെ പണം കിഫ്ബിയിൽ ബോണ്ടാക്കി മാറ്റി അടിസ്ഥാന സൗകര്യ വികസനത്തിന് വിനിയോഗിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഉദ്യോഗസ്ഥ സംഘത്തിന്റെ വിമാന യാത്രാചെലവ് 2.46 ലക്ഷം രൂപ. വിസ, താമസം അവിടത്തെ യാത്രകൾ, പരിപാടികൾ എന്നിവയുടെ ചെലവ് 39.31 ലക്ഷം രൂപ. ദുബായിലെയും അബുദാബിയിലെയും എഫ്.എം. ചാനലിലൂടെ മാർക്കറ്റിംഗിന് ചെലവായത് 40.90 ലക്ഷം രൂപ. 83 ലക്ഷം രൂപ ചെലവഴിച്ച് ഗൾഫിൽ പ്രചരണം നടത്തി ലോക കേരളസഭ കേരളത്തിൽ സംഘടിപ്പിച്ചതുകൊണ്ട് ഏതെങ്കിലും പ്രവാസിക്ക് ഗുണമുണ്ടായോ; പുറത്തുനിന്ന് വരുന്ന ആളുകളെ ദേഹോപദ്രവം ഏൽപ്പിക്കുകയും അവരുടെ സമ്പത്ത് പിടിച്ചുപറിക്കുകയുമാണ് ചെയ്യുന്നത്. മഹാരാഷ്ട്രയിൽ നടന്ന കിസാൻ മാർച്ചിൽ കാല് പൊള്ളി പലരുടെയും കാലിൽ നിന്നും രക്തം വന്നുവെന്നാണ് പറയുന്നത്. പ്രവാസികൾ ഒരു ബിസിനസ്സോ ഒരു ചെറിയ സ്ഥാപനമോ കേരളത്തിൽ തുടങ്ങാൻ വരുമ്പോൾ ഓഫീസുകൾ കയറിയിറങ്ങി അവരുടെ കാലിലെ തൊലി പൊട്ടി രക്തം ചീന്തുന്ന സ്ഥിതിയാണുള്ളത്. പിന്നെ ആരാണ് ഇവിടെ വരുന്നത്; ലോക കേരളസഭയും പ്രവാസി ചിട്ടിയുമെല്ലാം തുടങ്ങിയിട്ട് ഏതെങ്കിലുമൊരു പ്രവാസിയെ ഇങ്ങോട്ട് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അതുപോലെതന്നെ വികസനത്തെക്കുറിച്ച് വെറുതെ പ്രസംഗിച്ചാൽ പോര; വികസനമെന്നുപറയുന്നത് നാടിന്റെ വികസനമല്ലേ; അങ്ങനെയുള്ള വികസനങ്ങൾക്ക് എന്തെങ്കിലും പ്രത്യേക മായൊരു പദ്ധതി ഇക്കഴിഞ്ഞ 21 മാസം കൊണ്ട് തയ്യാറാക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; ത്രിപുരയിലെയും ബംഗാളിലെയും തെരഞ്ഞെടുപ്പും കാലുമാറിയതിന്റെ ലിസ്റ്റുമൊക്കെയാണ് ഇവിടെ നടന്ന ധനാഭ്യർത്ഥന ചർച്ചയിൽ ചർച്ച ചെയ്തതെന്ന് മനസ്സിലായി. ഇക്കഴിഞ്ഞ 21 മാസംകൊണ്ട് ഞങ്ങളുടെ സർക്കാരിന് ഇന്നയിന്ന നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞുവെന്ന് പറയാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ; കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനെ മാത്രം കുറ്റപ്പെടുത്തി എത്ര കാലം നിങ്ങൾക്ക് മുന്നോട്ടു പോകാൻ സാധിക്കും; യു.ഡി.എഫ്. സർക്കാരിന് പാളിച്ച പറ്റിയതുകൊണ്ടാണല്ലോ ഞങ്ങൾ പരാജയപ്പെട്ടത്. പക്ഷെ പകരം വന്ന സർക്കാരിന് വികസന കാര്യങ്ങളിൽ ഇതുവരെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടോ; മദ്യനയത്തിൽ ഒരു കുഴപ്പവുമുണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം കഴിഞ്ഞു. പ്ലീസ്...

ശ്രീ. കെ. മുരളീധരൻ: സർ, ഇത് ബില്ലാണ്. ബില്ലിന് സമയപരിധി പാടില്ല.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ വികസനത്തിന് രാഷ്ട്രീയം തടസ്സമാകാൻ പാടില്ലെന്ന് പറഞ്ഞി ട്ടില്ലെന്നാണ് മനസ്സിലായത്. വികസനത്തിന് എല്ലാവരും ഒന്നിക്കണമെന്ന് പറഞ്ഞു. നമ്മളെല്ലാവരും സംസാരിക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ വികസനത്തിന് രാഷ്ട്രീയം തടസ്സമാകരുതെന്ന് പറയുമ്പോൾ രാഷ്ട്രീയമെന്ന പറയുന്നത് വികസനത്തിന് തടസ്സമുണ്ടാക്കുന്ന എന്തോ ഒന്നാണെന്നൊരു പ്രതീതി വരുന്ന സാഹചര്യമുണ്ട്. എന്റെ അഭിപ്രായത്തിൽ രാഷ്ട്രീയമില്ലാതെ ഒരു വികസനവും സാധ്യമല്ല. അത് യു.ഡി.എഫ്. കൊണ്ടുവന്നാലും എൽ.ഡി.എഫ്. കൊണ്ടുവന്നാലും രാഷ്ട്രീയമില്ലാതെ ഒരു വികസനവും രാജ്യത്ത് സാധ്യമല്ല. ആ നിലപാടിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, എൽ.ഡി.എഫ്. സർക്കാർ ഭരിക്കുമ്പോൾ യു.ഡി.എഫ്. രാഷ്ട്രീയം കണ്ട് വികസനം മുടക്കുന്നതും യു.ഡി.എഫ്. സർക്കാർ ഭരിക്കുമ്പോൾ എൽ.ഡി.എഫ്. രാഷ്ട്രീയമായി വികസനം മുടക്കുന്നതും പാടില്ലെന്ന തായിരിക്കാം ഉദ്ദേശിച്ചത്. അല്ലാതെ രാഷ്ട്രീയത്തിന് കുഴപ്പമൊന്നുമില്ല. രാഷ്ട്രീയമില്ലെങ്കിൽ ജനാധിപത്യമുണ്ടോ; ഇപ്പോഴത്തെ ചില ബുദ്ധിജീവികൾക്ക് രാഷ്ട്രീയക്കാരോട് പുച്ഛമാണ്. അവരെക്കൊണ്ട് ഈ നാടിന് ഒരു പുരോഗതിയുമുണ്ടാകില്ല. അങ്ങനെ യുള്ളവർക്കൊന്നും ജനങ്ങളുമായി ഒരു ബന്ധവുമില്ല. അതിനെ ഈ കണക്കിൽ കൂട്ടുകയും വേണ്ട. വികസന കാര്യങ്ങളിൽ വെറുതെ വാചകക്കസർത്ത് നടത്തിയതുകൊണ്ട് കാര്യമില്ല. നാടിന്റെ വികസനകാര്യങ്ങളിൽ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം കഴിഞ്ഞു. പ്ലീസ്, കൺക്ലൂഡ്.

ശ്രീ. കെ. മുരളീധരൻ: സർ, മദ്യനയത്തെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞു കൊണ്ട് നിർത്തുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചതിനേക്കാൾ കൂടുതൽ മദ്യഷാപ്പുകളൊന്നും ഞങ്ങൾ അനുവദിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൂട്ടിയ പല ഷാപ്പുകളും നിങ്ങൾ തുറന്നു. മാത്രമല്ല, ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മഹാഭൂരിപക്ഷവും എൽ.ഡി.എഫ്. ആണ് ഭരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിന്റെ അനുവാദം കൊടുക്കാനുള്ള അവകാശം നിഷേധിച്ചതുൾപ്പെടെയുള്ള കാര്യങ്ങളാണ് ചർച്ച ചെയ്യേണ്ടത്. ഇന്ന് മദ്യം ഒഴുകുകയാണ്. മദ്യവർജ്ജനമെന്ന പറയുമ്പോൾ മദ്യവ്യാപനം നടത്തുകയാണ്. മദ്യനിരോധനം എന്ന വാക്കിനോട് യോജിക്കുന്ന ആളല്ല ഞാൻ. കാരണം അത് പ്രായോഗികമല്ല. പക്ഷെ മദ്യവർജ്ജനത്തിനോട് അനുകൂലിക്കുമ്പോൾ, ഇന്ന് മദ്യവർജ്ജനമല്ല ചെയ്യുന്നത്, മദ്യവ്യാപനമാണ് നടത്തുന്നത്. അതിനെയാണ് ഞങ്ങൾ ശക്തമായി എതിർക്കുന്നത്. സർക്കാരിന്റെ മദ്യനയം തിരുത്തിക്കൊണ്ട് നാടിന്റെ വികസനത്തിനുവേണ്ടി ഇനിയെങ്കിലും പ്രവർത്തിക്ക ണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനകാര്യ ബില്ലുകളെ ഞാൻ എതിർത്തുകൊണ്ട് നിർത്തുന്നു.

[5.00 PM]

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ധനകാര്യബില്ലുകളെ ഞാൻ അനുകൂലിക്കുന്നു. ബഹുമാന്യനായ കെ. മുരളീധരൻ എ.ഐ.സി.സി. സമ്മേളനം കഴിഞ്ഞപ്പോൾ കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങളെ ശരിവയ്ക്കുകയും അത് പ്രാവർത്തികമാക്കിയതിലുള്ള പിഴവുകൾ സ്വയം വിമർശനപരമായി അംഗീകരിക്കുകയും ചെയ്തു കൊണ്ടുള്ള സമീപനമാണ് ഇവിടെ സ്വീകരിച്ചത്. സാമ്പത്തിക നയങ്ങൾ പ്രാവർത്തികമാക്കിയതിൽ വീഴ്ചകളുണ്ടായി എന്നെങ്കിലും കണ്ടെത്താൻ കഴിഞ്ഞത് ആശ്വാസകരമാണ്. എന്നാൽ കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങളെ പിന്തുടർന്നാണ് ബി.ജെ.പി. സർക്കാർ അവരുടെ സാമ്പത്തിക സമീപനങ്ങൾ സ്വീകരിച്ചതെന്ന കാര്യം അദ്ദേഹം വ്യക്തമാക്കേണ്ടിയിരുന്നു. യഥാർത്ഥത്തിൽ ഇത് രണ്ടും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. ബി.ജെ.പി.-യുടെ സാമ്പത്തികനയങ്ങളെ നിങ്ങൾ ശരിവയ്ക്കുകയാണോ എതിർക്കുകയാണോ എന്നത് ഇനിയും സാമാന്യ ജനങ്ങൾക്ക് ബോധ്യമില്ലാത്തൊരു കാര്യമാണ്. സാമ്പത്തിക നയങ്ങളോടുള്ള കോൺഗ്രസ്സിന്റെ സമീപനമെന്താണെന്ന് ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ വ്യക്തമാക്കപ്പെടാത്തിടത്തോളം കാലം കോൺഗ്രസ്സിനെ വിശ്വസിക്കാൻ ജനങ്ങളെ ലഭിക്കുമെന്ന് നിങ്ങൾ കരുതരുത്. ആ ധാരണ അവർ തിരുത്തേണ്ടതാണെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ സർക്കാരിന്റെ 21 മാസക്കാലത്തെ പ്രവർത്തന നേട്ടങ്ങളൊന്നുംതന്നെ ഇവിടെ പ്രതിപാദിക്കാൻ കഴിയുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു; ആ പ്രവർത്തന നേട്ടങ്ങൾ എണ്ണിയെണ്ണി പറയാനുണ്ട്. യു.ഡി.എഫ്. സർക്കാർ കുടിശ്ശിക വരുത്തിയ ക്ഷേമപെൻഷനുകൾ മൊത്തം വിതരണം ചെയ്തത് ഈ സർക്കാരിന്റെ നേട്ടമല്ലേ? നിങ്ങൾ പ്രാവർത്തികമാക്കാതെ മൂന്ന് വർഷക്കാലം വച്ചിരുന്ന ഭക്ഷ്യ സുരക്ഷാനിയമം പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിച്ചത് ഈ സർക്കാരല്ലേ; അതൊരു നേട്ടമല്ലേ? നിങ്ങളുടെ കാലത്തേതുൾപ്പെടെ കുടിശ്ശികയായി കിടന്ന കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ തുക നൽകാനുള്ള നടപടി സ്വീകരിച്ചത് ഈ സർക്കാരിന്റെ ജനപക്ഷ സമീപനമല്ലേ വ്യക്തമാക്കുന്നത്. അതുപോലെ നിയമന നിരോധനമേർപ്പെടുത്തിയിരുന്ന യു.ഡി.എഫ്. ഭരണകാലത്തിൽനിന്ന് വ്യത്യസ്തമായി വിവിധ വകുപ്പുകളിലായി നിരവധി നിയമനങ്ങൾ നടത്താൻ ഈ സർക്കാർ സന്നദ്ധമായത് നേട്ടമല്ലേ? ഇതിനെല്ലാമുപരിയായി 23 മാസക്കാലത്തിനിടയിൽ ഏതെങ്കിലും ഒരു മന്ത്രിക്കെതിരെ നയാപൈസയുടെ അഴിമതിയാരോപണം ഉന്നയിക്കാനുള്ള അവസരമുണ്ടാകാതിരുന്നത് ഈ സർക്കാരിന്റെ നന്മയല്ലേ വിളിച്ചറിയിക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, ഇടതുപക്ഷം അഴിമതിയുമായി സന്ധിചെയ്യുന്നത് എന്നെ വല്ലാതെ വേദനിപ്പിക്കുന്നുവെന്ന് അങ്ങയുടെ നേതാവ് ശ്രീ. പന്ന്യൻ രവീന്ദ്രൻ കോട്ടയത്ത് പ്രസ്താവിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, അഴിമതിയുമായി ഈ ഗവൺമെന്റ് യാതൊരു തരത്തിലും സന്ധിചെയ്യുകയില്ല എന്നുള്ളത് സുവ്യക്തമായി ജനങ്ങൾക്കാകെ ബോധ്യപ്പെട്ടിട്ടുള്ള കാര്യമാണ്. നിങ്ങളിൽ ചിലർക്കാണ് അത് മനസ്സിലാകാത്തത്. ക്രമേണ നിങ്ങൾക്കും അത് ബോധ്യമാകും. എനിക്ക് അതേ പറയാനുള്ളൂ. ഈ സർക്കാരിന്റെ ജനോപകാരപ്രദമായ നടപടികളെക്കുറിച്ച് വിലയിരുത്താൻ ശ്രമിക്കുമ്പോൾ നിങ്ങൾ ഈ സർക്കാരിന് കൈമാറി തന്നത് എന്തായിരുന്നു? അത് നിങ്ങൾ ആലോചിക്കാത്തതെന്താണ്. ഒരു തറവാട് മുടിച്ചിട്ട് ഇറങ്ങിപ്പോയവരല്ലേ നിങ്ങൾ. നിങ്ങൾ ഇറങ്ങിപ്പോകുന്ന സമയത്ത് 173.46 കോടി രൂപയുടെ കടമാണ് ട്രഷറി യിലുണ്ടായിരുന്നത്. എന്തെങ്കിലും നിങ്ങൾ ബാക്കിവച്ചോ? ഈ കടം നിങ്ങൾ വരുത്തിവച്ചത് നാടിന്റെ വികസന പ്രക്രിയയുടെ ഭാഗമായിട്ടായിരുന്നോ? നിങ്ങളുടെ കെടുകാര്യസ്ഥത, അഴിമതി, ധൂർത്ത് എന്നിവകൊണ്ട് ഉണ്ടാക്കിവച്ച കടമായിരുന്നില്ലേ അത്; ആ കടത്തിന്റെ നടുവിൽ നിന്നുകൊണ്ടാണ് ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. അതാരും മറന്നുപോകരുത്. ഈ സർക്കാരിനെ സാമ്പത്തികമായി ഞെരുക്കാവുന്നതിന്റെ പരമാവധി ഞെരുക്കണമെന്ന ദുരുദ്ദേശത്തോടുകൂടി നിങ്ങൾ പോകുന്ന പോക്കിൽ ഒന്നും ബാക്കിവയ്ക്കാതെയാണ് പോയത്. യാതൊന്നും ബാക്കി വയ്ക്കാതെ കടുംവെട്ട് വെട്ടിയിട്ട് ഇറങ്ങിപ്പോയവരാണ് നിങ്ങൾ. നിങ്ങൾക്ക് ഈ ഇരുപത്തിയൊന്ന് മാസക്കാലത്തെ സർക്കാരിന്റെ പ്രവർത്തനങ്ങളെ വിമർശിക്കാൻ എന്ത് അവകാശമാണുള്ളത്; യാതൊരവകാശവുമില്ല. ഏതാണ്ട് ആറായിരം കോടി രൂപയുടെ ബാധ്യതയോടൊപ്പം 4300 കോടി രൂപയുടെ ബഡ്ജറ്റിന് പുറത്തുള്ള ഹ്രസ്വകാല ബാധ്യതയും സർക്കാരിനെ പ്രതിസന്ധിയിലാക്കുന്ന വിധത്തിൽ നിങ്ങൾ വരുത്തിവച്ചു. അത് നിങ്ങൾ മറന്നുപോകരുത്. വികലമായ നികുതിഘടന നമ്മുടെ ജനങ്ങളുടെ വരുമാനത്തിലും ക്രയവിക്രയശേഷിയിലും വൻ തകർച്ചയുണ്ടാ ക്കിയിട്ടുണ്ട്. 2010-11-ൽ 23.24 ശതമാനം ഉയർന്ന നികുതി വളർച്ച 2015-16-ൽ 10.68 ശതമാനമായി കുറയുകയായിരുന്നു. ഇതൊക്കെ യാഥാർത്ഥ്യങ്ങളാണ്. ഈ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ സർക്കാർ ഒരു മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. കശുവണ്ടി, കയർ, കൈത്തറി വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കാൻ ഈ സർക്കാർ പ്രത്യേക പരിഗണന നൽകിയത് വിസ്മരിക്കാൻ പാടില്ല.

നോട്ട് നിരോധനം ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിൽ കനത്ത തിരിച്ചടി യാണുണ്ടാക്കിയത്. അത് കേരളത്തിന്റെ സമ്പദ്ഘടനയിലും വലിയ മാറ്റങ്ങളുണ്ടാക്കി.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഴിമതി ആരോപണം ഉന്നയിച്ച ചിലരെയൊക്കെ നിങ്ങളിൽ ചിലർ സ്വാഗതം ചെയ്തതിനെ ക്കുറിച്ച് എന്താണ് അഭിപ്രായം?

ശ്രീ. ആർ. രാമചന്ദ്രൻ: സർ, തൽക്കാലം ഞാൻ അതിനോട് പ്രതികരിക്കുന്നില്ല. നോട്ട് നിരോധനത്തിന്റെ ഫലമായി കേരളത്തിലെ നിർമ്മാണമേഖല തകരുകയും വ്യാപാര സ്ഥാപനങ്ങളുടെ വിറ്റുവരവ് കുറയുകയും ചെറുകിട വ്യവസായങ്ങൾ നിശ്ചലമാവുകയും സമ്പദ്ഘടന പ്രതിസന്ധിയിലാവുകയും സഹകരണമേഖല ദുർബലമാവുകയും ചെയ്തു. ഇതിനുപിന്നാലെ കുനിന്മേൽ കുരു എന്നപോലെ ജി.എസ്.ടി.-യും നടപ്പിലാക്കി. നികുതി ചോർച്ച ഇല്ലാതാക്കിയാൽ വരുമാനം കുതിച്ചുയരുമെന്നായിരുന്നു ജി.എസ്.ടി. കൊണ്ടുവന്നപ്പോൾ ഉണ്ടായിരുന്ന പ്രചരണം. എന്നാൽ വരുമാനത്തിൽ കുറവുണ്ടായതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ജി.എസ്.ടി. നടപ്പിലാക്കിയ 2017 ജൂലൈയിൽ ദേശീയാടിസ്ഥാനത്തിൽ നികുതി വരുമാനം 94,063 കോടി രൂപയായിരുന്നെങ്കിൽ ആഗസ്റ്റിൽ അത് 90,669 കോടി രൂപയായി കുറയുകയായിരുന്നു. സെപ്റ്റംബറിൽ 92,150 കോടി രൂപയായിരുന്നെങ്കിൽ ഒക്ടോബറിൽ 83,346 കോടി രൂപയായി കുത്തനെ കുറഞ്ഞു. നവംബറിൽ വീണ്ടും കുറഞ്ഞ് 80,808 കോടി രൂപയായി മാറി. വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുകയും വിലവർദ്ധനവ് രൂക്ഷമാവുകയും ചെയ്തു. ജി.എസ്.ടി. കേരളത്തിന് കനത്ത തിരിച്ചടിയാണ് ഏൽപ്പിച്ചത്. വസ്തു ഇടപാടുകൾക്കും ജി.എസ്.ടി. നടപ്പിലാക്കുന്നതാണെന്ന പ്രഖ്യാപനം വന്നുകഴിഞ്ഞു. നോട്ട് നിരോധനത്തിനുശേഷം വസ്തു ഇടപാടുകൾ കുത്തനെ താഴ്ന്നതിന്റെ ഫലമായി സംസ്ഥാനത്തിനുണ്ടായ വരുമാനനഷ്ടം എത്രത്തോളം വലുതാണെന്ന് നാം കാണണം. ജി.എസ്.ടി. കൂടി വന്നുകഴിഞ്ഞാൽ ഇതിലും ഭയാനകമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ഒരു വിഷയം പ്രത്യേകമായി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. പൊതുമേഖലാ ബാങ്കുകൾ നടത്തുന്ന കൊള്ള ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങാൻ നിരവധിയായ പ്രലോഭനങ്ങളാണ് അവർ ജനങ്ങൾക്ക് നൽകുന്നത്. അങ്ങനെ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങിയ ജനങ്ങളെ ഇന്ന് പൊതുമേഖലാ ബാങ്കുകൾ കൊള്ളയടിച്ചു കൊണ്ടിരിക്കുകയാണ്. അവരുടെ അക്കൗണ്ടിലേയ്ക്കുവരുന്ന തുക മിനിമം ബാലൻസ് ഉണ്ടാകണമെന്ന കാരണം പറഞ്ഞ് കൊള്ളയടിക്കുന്ന ഈ നടപടിക്കെതിരെ ശക്തമായ ഇടപെടൽ നടത്താൻ ധനകാര്യവകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിലും കർഷകന് വായ്പ നൽകുന്ന കാര്യത്തിലും വളരെ നിരുത്തരവാദപരമായ സമീപനമാണ് ബാങ്കുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ യാതൊരുവിധ സഹായവും ലഭ്യമാക്കുന്നില്ല. ബാങ്കുകളുടെ ഇത്തരത്തിലുള്ള ജനവിരുദ്ധ സമീപനത്തിനെതിരെ ശക്തമായ ഇടപെടലുകൾ നടത്തണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ ഈ ധനകാര്യബില്ലുകളെ എതിർക്കുന്നു. അബ്കാരി ആക്ട്, സ്റ്റാമ്പ് ആക്ട്, ലാൻഡ് ടാക്സസ് ആക്ട്, മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട്, വാല്യൂ ആഡഡ് ടാക്സ് ആക്ട്, കേരള ഫിനാൻസ് ആക്ട് തുടങ്ങിയ പത്ത് ആക്ടുകളിൽ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഫിനാൻസ് ബില്ലെന്നുപറഞ്ഞാൽ, that is to levy new taxes and to modify the existing tax structure beyond the period approved എന്നാണ്. ഇന്ത്യൻ ഭരണഘടനയുടെ 110-ാം അനുച്ഛേദത്തിൽ പറഞ്ഞുപ്രകാരമാണ് ഇതൊക്കെ ചെയ്യുന്നത്. കേരളത്തിലെ ഇന്നത്തെ അവസ്ഥ വളരെ ദൗർഭാഗ്യകരമാണ്. ഈ ബില്ലുകൾകൊണ്ട് ഉദ്ദേശിക്കപ്പെടുന്ന തരത്തിലുള്ള എന്തെങ്കിലും സാമ്പത്തികമായ പുരോഗതിയോ മാറ്റമോ സംസ്ഥാനത്ത് ഈ ഭരണകാലത്ത് ഉണ്ടായിട്ടില്ലെന്നത് ഖേദകരമാണ്. സംസ്ഥാനത്ത് തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ തൊഴിലില്ലായ്മയുടെ ഇന്നത്തെ ശരാശരി 6.8 ശതമാനമാണ്. ഇന്ത്യ മൊത്തത്തിലുള്ള ശരാശരി 3.4 ശതമാനമേയുള്ളൂ. ഇപ്പോൾ സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രചരിപ്പിക്കുന്നതിനുവേണ്ടി കൂടുതൽ പണം ചെലവഴിച്ച് ഒരു Propaganda Squad Cyber Cell രൂപീകരിച്ചിട്ടുണ്ട്. 25 അംഗങ്ങൾ അടങ്ങുന്ന ഈ സംഘത്തിന് ഒരു മാസത്തിൽ 45 ലക്ഷം രൂപയെങ്കിലും ചെലവാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. വാസ്തവത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ പ്രാഥമിക മേഖലകളിൽപ്പോലും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. ഭരണപരിഷ്കാരങ്ങളൊന്നുംതന്നെ പുതിയ കാലഘട്ടത്തിനനുസരിച്ച് നടന്നിട്ടില്ല. പുതിയ കാലഘട്ടത്തിൽ ഒരു സർക്കാരിനെ കുറിച്ചുള്ള കൺസെപ്റ്റ്, the best government is the government which governs the least എന്നാണ്. ഇവിടെ ഒരു ഭരണപരിഷ്കാര കമ്മീഷനുണ്ട്. അതിൽ ഭരണവുമില്ല പരിഷ്കാരവുമില്ല. വലതുപക്ഷമോ ഇടതുപക്ഷമോ അല്ലാത്ത ഒരു നിലപാടാണ് ആ കമ്മീഷൻ സ്വീകരിക്കുന്നത്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. വലതുപക്ഷമോ ഇടതുപക്ഷമോ എന്ന് നിർണ്ണയിക്കാൻ സാധിക്കാത്ത വിധത്തിലുള്ള നിലപാടാണ് സാമ്പത്തികരംഗത്ത് സർക്കാർ സ്വീകരിക്കുന്നത്. ഒരു ദിശാബോധവുമില്ല. നവലിബറലിസത്തെയും ഉദാരവൽക്കരണത്തെയും നമ്മൾ എതിർക്കുമ്പോഴും ഈ സർക്കാർ തുടരുന്ന നയങ്ങളൊക്കെ നവലിബറലിസത്തിനും ഉദാരവൽക്കരണത്തിനും ആഗോളവൽക്കരണത്തിനും അനുയോജ്യമായിട്ടുള്ളത് തന്നെയാണ്. 1994 ഏപ്രിൽ 15-ന് മൊറോക്കോയിൽ വച്ച് 116 രാഷ്ട്രങ്ങൾ ചേർന്ന് ഒപ്പുവച്ച ജനറൽ എഗ്രിമെന്റ് ഓൺ താരിഫ് ആന്റ് ട്രേഡ് എന്ന ഇരുപത്തിമൂവായിരം പേജുള്ള കരാർപ്രകാരം ലോകത്തിന്റെ സമ്പദ്

വ്യവസ്ഥ എല്ലാ സ്ഥലത്തും മാറിക്കഴിഞ്ഞതാണ്. കുറച്ച് വ്യത്യാസങ്ങൾ മാത്രമേയുള്ളൂ. ഇന്ത്യയുടെയും അമേരിക്കയുടെയും ലോകത്തിലെ മറ്റ് പല രാഷ്ട്രങ്ങളുടെയും സാമ്പത്തികനയങ്ങൾ ഏതാണ്ട് ഒരുപോലെ ആയിത്തീർന്നിട്ടുള്ള ഒരു കാലഘട്ടമാണ്. കേരളത്തിലെ സർക്കാർ സ്വീകരിക്കുന്ന പല സമീപനങ്ങളും കാലഘട്ടത്തിനനു യോജ്യമായവയല്ല. ഒരു ദിശാബോധമില്ലാത്ത സമീപനമാണ് സർക്കാർ സ്വീകരിക്കുന്നതെന്നുപറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ കേരളത്തിലെ ജനങ്ങൾ ചിലപ്പോൾ ബാലചന്ദ്രൻ ചുള്ളിക്കാട് ചോദിച്ചതുപോലെ ചോദിച്ചുകൂടായ്കയില്ല;

'പാഠാലയങ്ങളിൽ അടികൂടിയും ഒച്ചവച്ചും
പാഠങ്ങൾ വിട്ട് സമരക്കൊടിയുമേന്തിയും നീ,
ബീഡിക്ക് തീ തരികയെന്ന് ഗുരുക്കളോടും
ചോദിച്ചുവാങ്ങി പെരുതായ ഗുരുത്വദോഷം'

എന്നുപറഞ്ഞതുപോലെ ഗുരുത്വദോഷമുള്ള ഒരു സർക്കാരായി ഇത് മാറും. ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് അടുത്തദിവസം പറഞ്ഞത് അദ്ദേഹത്തിന്റെ കവിതയൊന്നും ക്ലാസിൽ പഠിപ്പിക്കണ്ട എന്നാണ്. പക്ഷേ നമ്മൾ ചൊല്ലുന്നതിന് കുഴപ്പമില്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടാണ് ചൊല്ലിയത്.

നേരത്തെ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയോട് ഞാനൊരു ചോദ്യം ചോദിച്ചിട്ട് ഒരു മിനിട്ട് വഴങ്ങിത്തരാൻ കൂട്ടാക്കിയില്ല. അദ്ദേഹം നല്ലൊരു ട്രേഡ് യൂണിയനിസ്റ്റാണ്, എന്റെ അടുത്ത സുഹൃത്താണ്. അതൊക്കെ സത്യമാണല്ലോ എന്ന് ഓർത്തിട്ടാണ് എഴുന്നേറ്റത്. പക്ഷേ അദ്ദേഹം വഴങ്ങിത്തന്നില്ല. അദ്ദേഹത്തോട് എന്തെങ്കിലും ചോദിക്കുമെന്ന ഭയപ്പാട് കൊണ്ടായിരിക്കും. കേരളീയ യുവത്വം ലഹരിക്ക് അടിമപ്പെട്ടു കൊണ്ടിരിക്കുകയാണ്. ചെറുപ്പക്കാർ കുറ്റവാളികളായി തീരുകയും ക്വട്ടേഷൻ സംഘങ്ങളിൽ അംഗത്വം സ്വീകരിക്കുകയുമാണ്. മദ്യം സൃഷ്ടിക്കുന്ന മഹാദുരന്തം ഇനിയും വർദ്ധിക്കാനുള്ള സാധ്യതയാണുള്ളത്. മദ്യമാഫിയയുടെ സാമ്പത്തിക സഹായത്തോടുകൂടി രാഷ്ട്രീയമായ വളർച്ചയും നേട്ടവുമുണ്ടാക്കാൻ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരും വകുപ്പും ശ്രമിക്കുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടാണ് മദ്യം വ്യാപകമാക്കുന്നതിന് അവർ ദാഹം കാണിക്കുന്നത്. കുടിവെള്ളം കിട്ടാത്ത രാജ്യത്ത് മദ്യം യഥേഷ്ടം കൊടുക്കുകയാണ്. ഇത്തരം ദാഹത്തെയും ആർത്തിയെയുംക്കുറിച്ച് ഒ.എൻ.വി. കുറുപ്പ് പാടിയ ഒരു കവിതയുണ്ട്.

' ഹരിതമൃദുകഞ്ചുകം തെല്ലൊന്ന് നീക്കി നീ-
യരുളിയ മുലപ്പാൽ കുടിച്ച് തെഴുത്തവർ-
ക്കൊരു ദാഹമുണ്ടായ് (ഒടുക്കത്തെ ദാഹം!)-
തിരുഹൃദയ രക്തം കുടിക്കാൻ!

ആ ദാഹമാണ് ഇപ്പോൾ ഇവിടെ കാണുന്നത്.

'ഇഷ്ട വധുവാം നിന്നെ സൂര്യൻ അണിയിച്ചൊരാ-
ചിത്രപടകഞ്ചുകം ചീന്തി
നിൻ നഗ്നമേനിയിൽ നഖം താഴ്ത്തി മുറിവുകളിൽ-
നിന്നുതിരും ഉതിരമവർ മോന്തി
ആടിത്തിമിർക്കും തിമിർപ്പുകളിലെങ്ങെങ്ങു-
മാർത്തലയ്ക്കുന്നു മൃദുതാളം.'

ആ മൃദുതാളമാണ് മദ്യലഹരിയിൽ കേരളത്തിലാകെ കാണപ്പെടുന്നത്. ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ താതവാക്യം എന്ന കവിതയിൽ, കാലപുരവാസി കരാളരൂപം പൂണ്ട് അച്ഛൻ മരിച്ചതിനുശേഷം പാതാളത്തിൽനിന്നും തിരിച്ചുവന്ന് ചോദിക്കുന്ന ചോദ്യങ്ങളാണുള്ളത്. അത് ഞാൻ ചൊല്ലുകയാണ്.

'ആയുസ്സ് തീർന്ന സമയത്തൊരു തുള്ളിവെള്ളം
വായിൽപ്പകർന്നു തരുവാനുതകാതെ പോയ
നീയാണു മൂത്ത മകനെന്നതുകൊണ്ടു മാത്രം
തീയാണെനിക്കു ഭുവനസ്മരണാവശിഷ്ടം'

കേരളത്തെക്കുറിച്ചുള്ള എന്റെ ഓർമ്മപോലും തീ പടരുന്നതാണ്. നീയാണ് മൂത്ത മകൻ എന്നതുകൊണ്ട് ആയുസ്സ് തീർന്ന സമയത്ത് ഒരു തുള്ളിവെള്ളംപോലും പകർന്നുതരാൻ നിനക്ക് സാധിച്ചില്ല എന്നുപറഞ്ഞതുപോലെ, കേരളത്തിലെ ജനങ്ങൾക്ക് കഷ്ടപ്പാട് സഹിക്കുന്ന കാലത്ത് ഒന്നും ചെയ്തുകൊടുക്കാൻ സാധിക്കാത്തതുകൊണ്ട് ഇതിന് സമാനമായ ഒരു ചോദ്യം ചോദിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ആ ചോദ്യത്തിന് ഉത്തരം പറയാൻ മന്ത്രിസഭ ഒന്നടങ്കം ബാദ്ധ്യസ്ഥമാണ്. ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകിച്ചും ബാദ്ധ്യതയുള്ള ആളായിത്തീരുമെന്നാണ് എനിക്ക് തോന്നുന്നത്. ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം കെ. എം. മാണി

സാറിന്റെ പിന്നാലെ എല്ലാവരും ഓടിക്കൊണ്ടിരിക്കുകയാണ്. എത്ര ആളുകളാണ് മാണി സാറിനെ തെരഞ്ഞ് പോകുന്നത്. ഒരത്ഭുത പ്രതിഭാസമായി അദ്ദേഹം മാറിയിരിക്കുകയാണ്. നിങ്ങളുടെ ആരുടെയും ഉപദേശമില്ലാതെ ശരിയായ തീരുമാനമെടുക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ട്. ശ്രീ. കെ. എം. മാണി നല്ല വിശ്വാസിയായതുകൊണ്ട് മത്തായി 5-ാം അദ്ധ്യായം 44-ാം വാക്യത്തിൽ പറഞ്ഞിട്ടുണ്ട് 'ശത്രുക്കളെ സ്നേഹിപ്പിൻ, ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ' എന്തെന്നാൽ 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മാരായി തീരേണ്ടതിനു തന്നെ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും തന്റെ മഴ പെയ്യിക്കുകയും ചെയ്യുന്നവല്ലോ; അതുകൊണ്ട് സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനെപ്പോലെ നാമും ആയിത്തീരുവാൻ ശത്രുക്കളെ സ്നേഹിപ്പിൻ, ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ.' അതിലൊക്കെ വിശ്വസിക്കുന്ന കെ. എം. മാണി സാറിന് നിങ്ങളുടെ ആരുടെയും ഉപദേശം വേണമെന്ന് എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് വിശ്വാസിയാണോ അല്ലയോ എന്നെനിക്കറിയില്ല. എന്തായാലും അദ്ദേഹത്തെ പ്പോലുള്ളവരോട് യേശു പറഞ്ഞിട്ടുണ്ട് 'സകലതും നേടിയിട്ടും നിന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ നിനക്കെന്തുപ്രയോജനം' എന്ന്. ആ ചോദ്യം യേശു അദ്ദേഹത്തെ പ്പോലുള്ള ആളുകളോട് ചോദിച്ചതാണ്. അത് നമ്മൾ വിസ്മരിക്കാൻ പാടില്ല. 'ജെറുസലേമേ, ജെറുസലേമേ, നിന്റെ നേർക്ക് അയച്ചിരിക്കുന്നവരെ കല്ലെറിയുകയും പ്രവാചകന്മാരെ കൊല്ലുകയും ചെയ്യുന്നവളേ, നിനക്ക് ഹാ! കഷ്ടം. കോഴി തന്റെ ചിറകിൻകീഴിൽ കുഞ്ഞുങ്ങളെ ചേർക്കുന്നതുപോലെ നിന്റെ മക്കളെ ചേർത്തു കൊൾവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു. പക്ഷേ നിനക്കോ മനസ്സായില്ല. നിന്റെ ആത്മാവ് ശൂന്യമായിത്തീരും' എന്നാണ് യേശു പറഞ്ഞത്. മത്തായി എഴുതിയ സുവിശേഷം, ലൂക്കോസ് എഴുതിയ സുവിശേഷം അങ്ങനെ എല്ലാവരും എഴുതിയ സുവിശേഷമുണ്ട്. ഈ സുവിശേഷങ്ങളൊന്നുമല്ലാതെ Gospel according to Jesus (യേശുവിന്റെ സുവിശേഷം) എന്നുപറയുന്ന ഒരു പുസ്തകം Jose de Saramago എഴുതിയിട്ടുണ്ട്. നോബൽ പ്രൈസ് കിട്ടിയ പുസ്തകമാണ്. നോബൽ പ്രൈസ് കിട്ടിയ ആ പുസ്തകത്തിൽ മാത്രമാണ് ഒരു വഞ്ചിയിൽ ദൈവവും സാത്താനും ഒപ്പം സഞ്ചരിക്കുന്നത്. അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിയാൽ നടക്കില്ലെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ചെങ്ങന്നൂരിൽ ഞങ്ങൾ ജയിക്കുമെന്നതിൽ യാതൊരു സംശയവും നിങ്ങൾക്കുവേണ്ട. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഉപതെരഞ്ഞെടുപ്പിൽ, ആദ്യത്തെ ശക്തമായിട്ടുള്ള അടി അതായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് സംതൃപ്തനൊന്നുമല്ല. 50 കൊല്ലം നിയമസഭാംഗമായിരുന്ന് 13 തവണ ബഡ്ജറ്റ് അവതരിപ്പിച്ച ശ്രീ. കെ. എം. മാണിയും ഡോ. തോമസ് ഐസക്കും നല്ല

ധനകാര്യ വകുപ്പുമന്ത്രിമാർ ആയിരിക്കും. നിർഭാഗ്യവശാൽ കേരളത്തിൽ എന്തെങ്കിലും മൗലികമായ മാറ്റം വരുത്താൻ ഈ സർക്കാരിന് ഇതുവരെ സാധിച്ചിട്ടില്ല. ഇത്രയും inefficient ആയ ഒരു മന്ത്രി കേരളത്തിലുണ്ടായിട്ടില്ലെന്ന് ചരിത്രം രേഖപ്പെടുത്താൻ ഇടയാക്കരുതെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനകാര്യ ബില്ലുകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി മുതലാളിമാരുടെ സംഘടനയായ ഫിക്കിയുടെ ഒരു സമ്മേളനത്തിൽ പ്രസംഗിക്കുമ്പോൾ യു.പി.എ.-യെ നിശിതമായി വിമർശിച്ചു. കോർപ്പറേറ്റുകൾക്ക് യു.പി.എ. സർക്കാർ വൻ വായ്പകൾ നൽകിയതാണ് ഇന്നത്തെ ബാങ്കിംഗ് പ്രതിസന്ധിക്ക് കാരണമെന്നാണ് ശ്രീ. നരേന്ദ്ര മോദി പ്രസംഗിച്ചത്. അത് പൂർണ്ണമായും ശരിയാണ്. എന്നാൽ ഈ സ്ഥിതിയിൽനിന്നും പൊതുമേഖലാ ബാങ്കുകളെ സംരക്ഷിക്കുന്നതിനു പകരം കേന്ദ്ര സർക്കാർ പൊതുമേഖലാ ബാങ്കുകളെത്തന്നെ കോർപ്പറേറ്റുകൾക്ക് കൈമാറിക്കൊണ്ടിരിക്കുകയാണ്. രണ്ട് പാർട്ടികളുടെയും സാമ്പത്തിക നയമാണ് ഇത് വ്യക്തമാക്കുന്നത്. ഈ രണ്ട് പാർട്ടികളും സാമ്പത്തിക മേഖലയിൽ സ്വീകരിക്കുന്ന നയം ഒന്നു തന്നെയാണെന്നാണ് നമ്മുടെ അനുഭവം പഠിപ്പിക്കുന്നത്. കേരളത്തിന് മാത്രമായി ഒരു സമ്പദ്ഘടനയില്ലെന്ന വിവരം നമുക്കറിയാം. ലോക സമ്പദ്ഘടനയുമായി ചരിത്രപരമായി പല രീതികളിലും സംസ്ഥാന സമ്പദ്ഘടന ബന്ധപ്പെട്ടിരിക്കുന്നുവെന്നതും ഒരു യാഥാർത്ഥ്യമാണ്. ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലുണ്ടാകുന്ന സാമ്പത്തിക പ്രശ്നങ്ങൾ, പ്രതിസന്ധികൾ, വെല്ലുവിളികൾ എന്നിവയെല്ലാം കേരളം പോലൊരു സംസ്ഥാനത്തിനും ബാധകമാണ്. വിദേശ പണത്തിന്റെ വരവിലുണ്ടായ ഇടിവ് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ, വിശേഷിച്ച് വാണിജ്യമേഖല, റിയൽ എസ്റ്റേറ്റ് രംഗം, നിർമ്മാണ മേഖല എന്നിവയെ ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രതിപക്ഷത്തിനു മറിയാം. സമീപകാലത്തുണ്ടായിട്ടുള്ള സംഭവ വികാസങ്ങൾ എല്ലാവർക്കുമറിയാവുന്നതാണ്. കയറ്റുമതിയിൽ അധിഷ്ഠിതമായ വ്യവസായങ്ങളായ കശുവണ്ടി, കയർ, കൈത്തറി, മറ്റ് നാണ്യവിളകൾ എന്നിവ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലും പുതുതായി തൊഴിൽ സൃഷ്ടിക്കുന്നതിലും പ്രധാന പങ്ക് വഹിച്ചുവരുന്നുവെന്ന് നമുക്കറിയാം. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം എക്കാലവും അഭിമാനകരമായിരുന്നു. എന്നാൽ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ പുതിയ കണക്കുപ്രകാരം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ വളർച്ചാനിരക്ക് ആശാവഹമല്ല. ദേശീയ ശരാശരിയേക്കാൾ ഉയർന്നുനിന്ന സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ വളർച്ച 2012-13 മുതൽ ക്രമമായി കുറഞ്ഞുതുടങ്ങി. 2015-16-ൽ ദേശീയ ശരാശരി 9.94 ആയിരുന്നത് കുറഞ്ഞ് 8.59-ലെത്തി. ഇതാണ്

കേരളത്തിന്റെ സ്ഥിതി. 2016-ൽ അധികാരത്തിൽ വന്ന ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന് യു.ഡി.എഫ്. സർക്കാർ കൈമാറിയത് ഒരു സുരക്ഷിതമായ സാമ്പത്തിക ഘടനയായിരുന്നില്ല. അസ്ഥിരമായ, ശിഥിലീകരിക്കപ്പെട്ട ഒരു സാമ്പത്തിക ഘടനയാണ് യു.ഡി.എഫ്. എൽ.ഡി.എഫ്.-ന് കൈമാറിയത്. ട്രഷറിയിൽ അവശേഷിച്ചത് 173.46 കോടി രൂപയുടെ കടമായിരുന്നു. ഇതെല്ലാം രേഖയിലുള്ളതാണ്. മുൻ സർക്കാർ കുടിശ്ശിക വരുത്തിയ 6000 കോടി രൂപയുടെ വലിയ ബാദ്ധ്യതയോടൊപ്പം 4300 കോടി രൂപയുടെ ബഡ്ജറ്റിന് പുറത്തുള്ള ഹ്രസ്വകാല കടബാധ്യതയും സർക്കാരിന് പ്രതിസന്ധിയുണ്ടാക്കി. ഈ പ്രതിസന്ധിയുടെ ഉത്തരവാദി ഇടതുപക്ഷ സർക്കാരുകൾ മാത്രമാണോ? വികലമായ നികുതി നയങ്ങളായിരുന്നു കേരളത്തിലുണ്ടായിരുന്നത്. ജനങ്ങളുടെ വരുമാനത്തിലും അവരുടെ വാങ്ങൽ കഴിവിലും തകർച്ച നേരിട്ടു. അതിൽനിന്നും കരകയറാനുള്ള ബാധ്യത ഇടതുപക്ഷ സർക്കാരിന് ഏറ്റെടുക്കേണ്ടിവന്നു. 2010-11-ലെ നികുതി വളർച്ച 23.24 ശതമാനമായിരുന്നത് 2015-16-ൽ 10.68 ശതമാനമായി മാറി. അക്കാലത്തെ രൂക്ഷമായ സാമ്പത്തിക പ്രശ്നങ്ങൾ മറികടക്കാൻ ഒരു ബദൽ വികസന മാതൃക അവതരിപ്പിക്കുന്നതിനുള്ള ധീരമായ നടപടിയാണ് പുതിയ സർക്കാർ സ്വീകരിച്ചത്. കഴിഞ്ഞ 5 വർഷംകൊണ്ടുണ്ടാക്കിയ പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിന് ഒരു ബദൽ നടപടി സ്വീകരിക്കുകയായിരുന്നു. ധീരമായ നടപടിയാണ് അക്കാര്യത്തിൽ സ്വീകരിച്ചത്. സുസ്ഥിരമായ പശ്ചാത്തല വികസനം കൈവരിക്കുന്നതിനും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കായി സമഗ്ര സാമൂഹ്യസുരക്ഷാ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി 2016-ൽ സർക്കാർ ഒരു ബഹുമുഖ വികസന തന്ത്രം ആവിഷ്കരിച്ചു. സാമ്പത്തികമാന്ദ്യത്തെ നേരിടാൻ ഒരു പാക്കേജും തയ്യാറാക്കിയിരുന്നു. കശുവണ്ടി, കയർ, കൈത്തറി വ്യവസായമേഖലയെ പുനരുജ്ജീവിപ്പിക്കാൻ 600 കോടി രൂപ മാറ്റിവച്ചു. ഇതിനുമുമ്പൊരിക്കലും കേരളത്തിൽ ഇത്രമാത്രം തുക മാറ്റിവച്ചിരുന്നില്ല. ഈ മേഖലയിലെ ഉത്പന്നങ്ങളുടെ വിലയിടിവ് ആയിരക്കണക്കിന് തൊഴിലാളികളുടെ ജീവിതത്തെ ബാധിച്ചു. അതിനുപുറമെ അശനിപാതംപോലെ നോട്ട് റദ്ദാക്കൽ നടപടി സംസ്ഥാനത്തിന്റെ സാമ്പത്തികനില കൂടുതൽ സങ്കീർണ്ണമാക്കി. കയർ, കൈത്തറി, കൃഷി അനുബന്ധമേഖലകളിലെ സാമ്പത്തിക പ്രവർത്തനങ്ങൾ നോട്ട് ക്ഷാമംമൂലം ഏകദേശം നിശ്ചലമായി. കേരളത്തിന്റെ നഗര-സമ്പദ് വ്യവസ്ഥയെ ഉയർത്തിപ്പിടിക്കുന്നതിൽ ദീർഘകാല പാരമ്പര്യമുള്ള സഹകരണ മേഖല അടച്ചുപൂട്ടേണ്ട വക്കിലെത്തി. നോട്ട് നിരോധനത്തിന്റെ ഭാഗമായി സാമ്പത്തിക വളർച്ചാനിരക്ക് ഇടിയുകയും കേരളത്തിലേയ്ക്ക് വരേണ്ട നിക്ഷേപത്തെ സാരമായി ബാധിക്കുകയും ചെയ്തു. നോട്ട് നിരോധിക്കാനുള്ള അപ്രതീക്ഷിത തീരുമാനം വരുമാന വർദ്ധനവിലൂടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താനുള്ള പുതിയ നീക്കത്തെയും സാരമായി ബാധിച്ചു. ഉപഭോഗച്ചെലവിൽ കുറവുണ്ടായാൽ അത്

സംസ്ഥാന ഖജനാവിലേയ്ക്കുള്ള പണത്തിന്റെ ഒഴുക്കിനെ ബാധിക്കുമെന്ന് ആർക്കാണറിയാത്തത്? ഖജനാവിലേയ്ക്ക് വരേണ്ട പണം വരാതായി. സാമ്പത്തിക പ്രവർത്തനങ്ങളെ ശരിയായ ദിശയിലേയ്ക്ക് നയിക്കാനുള്ള ശ്രമങ്ങളെയും നോട്ട് നിരോധനം പ്രതികൂലമാക്കിയെന്നത് യാഥാർത്ഥ്യമാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ മെച്ചപ്പെടുത്താൻ ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന പല പദ്ധതികളെയും നോട്ട് നിരോധനം പ്രതികൂലമാക്കി. 2016-17-ൽ നികുതിവരുമാനം ഉയർത്താനുള്ള ശ്രമം പരാജയപ്പെട്ടുമൂലം സംസ്ഥാനത്തിന്റെ പ്രതീക്ഷിത വളർച്ചാനിരക്ക് 14.24 ശതമാനത്തിൽ നിന്നും 8.16 ശതമാനമായി കുറഞ്ഞു. സംസ്ഥാന ബഡ്ജറ്റിൽ വിഭാവന ചെയ്തിരുന്ന സാമ്പത്തിക ആവശ്യങ്ങൾ പാടേ തകിടംമറിഞ്ഞു. 2011 മുതൽ 2015 വരെയുള്ള യു.ഡി.എഫ്. ഭരണകാലയളവിൽ റവന്യൂ കമ്മിയും ധനകമ്മിയും യഥാക്രമം 2.2 മുതൽ 1.73 ശതമാനം വരെയും 3.52 മുതൽ 3.19 വരെയുമായിരുന്നു. ധനകമ്മി നികത്താൻ കേന്ദ്രസർക്കാർ ഗ്രാന്റായ 4,640 കോടി രൂപ 2015-16-ലാണ് ലഭിച്ചത്.

തകർച്ചയിലായിരുന്ന ധനകാര്യ സ്ഥിതി എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ 2016-17-ൽ ചെറിയ തോതിൽ മെച്ചപ്പെട്ടു. ധനക്കമ്മിയുടെ അനുപാതം കുറഞ്ഞു. നോട്ട് പ്രതിസന്ധി വന്നതോടെ റവന്യൂ വരുമാനത്തെ അത് ബാധിച്ചു. പത്താം ശമ്പള കമ്മീഷൻ നടപ്പിലാക്കിയതിലെ അധികബാദ്ധ്യതകൾ ഏറ്റെടുക്കേണ്ടി വന്നത് എൽ.ഡി.എഫ്.-നാണ്. യു.ഡി.എഫ്. സർക്കാർ കൊടുത്തുതീർക്കേണ്ട ഭീമമായ മറ്റ് ബാധ്യതകൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശികകൾ എന്നീ ഇനത്തിൽ കോടിക്കണക്കിന് രൂപയാണ് ഈ സർക്കാരിന് കൊടുക്കേണ്ടിവന്നത്. സാമൂഹ്യക്ഷേമ പെൻഷനുകളുടെ കുടിശ്ശികയുൾപ്പെടെ കോടിക്കണക്കിന് രൂപ കൊടുത്തുതീർത്തതിലൂടെ സാമ്പത്തിക പരാധീനതകൾക്ക് വഴിവച്ചു. 86,000 കോടി രൂപയുടെ വിവിധ മരാമത്ത് പണികൾക്കാണ് കിഫ്ബി വഴിയും സർക്കാർ നേരിട്ടും ചെലവഴിക്കുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. ധനകാര്യ/ പൊതുമരാമത്ത് വകുപ്പുകൾ ചേർന്നുകൊണ്ട് കേരളത്തിന്റെ അടിസ്ഥാന വികസനത്തെ ലക്ഷ്യം വച്ചുകൊണ്ട് ഇത്രമാത്രം തുക ചെലവഴിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ ഇതിന് മുൻപ് എപ്പോഴാണ് കൊണ്ടുവന്നിട്ടുള്ളത്? വിദ്യാഭ്യാസ മേഖലയ്ക്ക് 26 ശതമാനവും ആരോഗ്യ മേഖലയ്ക്ക് 19 ശതമാനവും തുക മാറ്റിവച്ചു. സാമ്പത്തിക തകർച്ച സംഭവിച്ച കാലയളവിലാണ് ഇക്കാര്യങ്ങൾ കൈകാര്യം ചെയ്തതെന്ന കാര്യം എല്ലാവരും ഓർക്കണം. കഴിഞ്ഞ 5 വർഷം നികുതി വരുമാനത്തിന്റെ വളർച്ചാനിരക്ക് കുറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. 2015-16-ൽ 38,995 കോടി രൂപ ആയിരുന്നത് 2016-17 ൽ 42,176 കോടി രൂപയായി ഉയർന്നു. സാമൂഹിക സാമ്പത്തിക മേഖലയിലെ ചെലവുകൾകൂടി ചേരുന്നതാണ് വികസനച്ചെലവുകളെന്നാണ് നാം വിലയിരുത്തുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വികസനത്തിനും ആസ്തി

പരിപാലനത്തിനും നൽകുന്ന തുകയും വികസന ചെലവുകളായി കണക്കാക്കുന്നുണ്ട്. കടബാധ്യതകൾ, പെൻഷൻ ചെലവുകൾ, ഭരണപരമായ സേവനങ്ങൾ എന്നിവയുൾപ്പെടുന്ന ഒഴിവാക്കാനാകാത്ത ചെലവുകൾ വികസനേതര ചെലവുകളിൽ ഉൾപ്പെടുന്നതാണ്. അടിസ്ഥാന സൗകര്യത്തിനാവശ്യമായ പണം കണ്ടെത്തുന്നതിനുള്ള പ്രധാന തടസ്സം വിഭവങ്ങളുടെ അഭാവമാണെന്ന് ആർക്കാണറിയാത്തത്? പ്രധാന അടിസ്ഥാന വികസന പ്രോജക്ടുകൾക്ക് പണം കണ്ടെത്തി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ സുസ്ഥിരമാക്കുന്നതിന് ഇതിനകംതന്നെ സർക്കാർ ബദൽ നയം സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ മുൻകൂട്ടി തുടങ്ങിയ ഈ ബദൽ വികസന മാതൃകയാണ് നമ്മുടെ രാജ്യത്ത് വരാനിരിക്കുന്നതെന്ന് മനസ്സിലാക്കിയതുകൊണ്ടും ആഗോളവൽക്കരണ കാലയളവിൽ സമൂഹത്തെ ഗ്രസിക്കുന്ന ഈ പ്രതിസന്ധികൾ സ്വാഭാവികമായും വരുമെന്നും മനസ്സിലാക്കി ആവശ്യമായ മുൻകയ്യെടുത്തതുകൊണ്ടാണ് ദീർഘകാല നിക്ഷേപം നടത്തുന്നതിനുള്ള ശുഭ സൂചനകൾ കണ്ടുതുടങ്ങിയിട്ടുള്ളത്. ഒരുപക്ഷേ പ്രതിപക്ഷം അത് കണ്ടിട്ടുണ്ടാകില്ല. സാമ്പത്തിക മേഖലയിൽ അത് കാണാൻ അൽപ്പംകൂടി കാത്തിരിക്കേണ്ടിവരും. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ചരിത്രപരമായ നേട്ടങ്ങളെ സംരക്ഷിക്കുകയും മതനിരപേക്ഷ ജനാധിപത്യ സാമ്പത്തിക സാമൂഹിക വികസനത്തിന്റെ ഇടതുപക്ഷ ബദൽ ആരംഭിക്കുന്നതിന് കേരളത്തിൽ ശ്രമിക്കുകയും ചെയ്യും.

ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ ഇടതുപക്ഷം ജയിക്കുമെന്നതിൽ നിങ്ങൾക്ക് സംശയം വേണ്ട. ശ്രീ. എം. വിൻസെന്റിന്റെ രാഷ്ട്രീയ കാഴ്ചപ്പാടല്ല ഞങ്ങൾക്കുള്ളത്. ചെങ്ങന്നൂരിൽ ഉജ്ജ്വല വിജയം കരസ്ഥമാക്കി ഇടതുപക്ഷമുന്നണിയുടെ എം.എൽ.എ. ഈ നിയമസഭയിലേയ്ക്ക് വരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഞങ്ങൾ ജനങ്ങൾക്കുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികൾ ജനങ്ങൾ ഏറ്റെടുക്കുമെന്ന കാര്യത്തിൽ തർക്കം വേണ്ട. ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ഏറ്റെടുക്കാൻ ലക്ഷക്കണക്കിനാളുകൾ കേരളത്തിലുണ്ടെന്ന യാഥാർത്ഥ്യം നിങ്ങൾ അംഗീകരിക്കണം. താൽക്കാലികമായി ഏതെങ്കിലും ചെറിയ സംഭവങ്ങളെ ഊതി വീർപ്പിച്ചുകൊണ്ട് പൊതുസമൂഹത്തിന്റെ ശ്രദ്ധ മാറ്റാമെന്ന ധാരണ വ്യർത്ഥമാണെന്ന കാര്യംകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനകാര്യ ബില്ലുകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ല് കാർഷിക മേഖലയാണ്. ഇന്നത്തെ കാർഷിക മേഖല നട്ടെല്ലൊടിഞ്ഞ് തകർന്നു കിടക്കുന്ന ഗുരുതരാവസ്ഥയിലാണ്. ഇതിൽനിന്ന് കരകയറാനുള്ള ഫലപ്രദമായ നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല എന്നുള്ളത് സങ്കടകരവും പ്രതിഷേധാർഹവുമാണ്.

ഇന്ന് World Happiness Day ആണ്. പക്ഷേ കർഷകർക്ക് Most unhappiness days ആണ്. സങ്കടങ്ങളുടെയും വേദനകളുടെയും മാത്രം ദിവസങ്ങളാണ് കർഷകന്റെ മുൻപിലൂടെ കടന്നുവരുന്നത്. ഈ കണ്ണുനീരൊപ്പാൻ സർക്കാരിന് കഴിയുന്നില്ലെന്നുള്ളത് സങ്കടത്തോടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. രാഷ്ട്രീയത്തിനതീതമാണ് ഈ പ്രശ്നം എന്നുള്ളതിൽ യാതൊരു സംശയവുമില്ല. അത് എൽ.ഡി.എഫ്. സർക്കാരിന്റെ കുഴപ്പംകൊണ്ട് സംഭവിക്കുന്നതാണെന്ന് ഞാൻ പറയുന്നില്ല. ഓരോ കാലഘട്ടങ്ങളിലെയും നയസമീപനങ്ങളുടെ പ്രശ്നങ്ങളാണ്. പക്ഷേ ഈ കാലഘട്ടത്തിൽ ഇവ പരിഹരിക്കാൻ ആത്മാർത്ഥമായി മുന്നോട്ടുവരേണ്ടത് എൽ.ഡി.എഫ്. സർക്കാരാണ്. ആ നിലയിലുള്ള ആത്മാർത്ഥത സർക്കാർ കാണിക്കുന്നില്ലെന്നുള്ളത് ഇവിടെ പ്രത്യേകം ചൂണ്ടി കാണിക്കാൻ ആഗ്രഹിക്കുകയാണ്. ധനകാര്യവകുപ്പിൽ നിന്നും അതിനുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്നത്തെ Business Line-ൽ പറയുന്നത്, കാലാവസ്ഥാ മാറ്റവുമായി ബന്ധപ്പെട്ട് കാർഷിക മേഖലയ്ക്ക് 10 ശതമാനം നഷ്ടമെന്നാണ്. ഇതിനെന്താണ് പരിഹാരം? കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് നിയമസഭയിൽ പല പ്രാവശ്യം ചർച്ചകൾ നടന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; നാണ്യവിളകളുടെ വിലത്തകർച്ച തുടങ്ങിയ ഗുരുതരമായ പ്രശ്നങ്ങളുടെ കൂടെയാണ് ഇപ്പോൾ കാലാവസ്ഥാ വ്യതിയാനംകൂടി വരുന്നത്. കർഷകന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനായി വിശദമായ പഠനം ആവശ്യമാണ്.

ശ്രീ. കെ. എം. മാണി അടിയന്തരപ്രമേയത്തിൽ ചൂണ്ടിക്കാണിച്ച പ്രസക്തമായൊരു വിഷയമുണ്ട്. കേരളത്തിന്റെ കാർഷികമേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ഒരു സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടി ചർച്ച നടത്തേണ്ടതായിട്ടുണ്ട്. എന്തുകൊണ്ട് സർക്കാർ അതിന് മുന്നോട്ട് വരുന്നില്ല? കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ശ്രീ. കെ. കൃഷ്ണൻകുട്ടി മുന്നോട്ടുവച്ച കുറേ നിർദ്ദേശങ്ങൾ ലൈവായി ചർച്ച ചെയ്യപ്പെട്ടതാണ്. നമുക്ക് അവയൊന്നും നടപ്പാക്കാൻ കഴിയുന്നില്ല. ആർ.സി.ഇ.പി. കരാറുൾപ്പെടെ കേന്ദ്ര സർക്കാർ ജൂലൈ മാസത്തിൽ ഒപ്പിടാൻ പോവുകയാണ്. ഇത്തരം കാര്യങ്ങളിൽ കേരളം എങ്ങനെ പിടിച്ചുനിൽക്കും? സമസ്തമേഖലയും തകരാൻ പോവുകയാണ്. പാലും പാലിന്റെ അനുബന്ധ വസ്തുക്കളും, കുരുമുളക്, ജാതിക്ക, റബ്ബർ തുടങ്ങി കൃഷിയുമായി ബന്ധപ്പെട്ട എല്ലാ കാർഷിക വിളകളും പരിപൂർണ്ണമായ തകർച്ചയിലേയ്ക്ക് വരുന്നു. നെല്ലിന്റെ പ്രതിസന്ധി പലപ്രാവശ്യം നമ്മൾ ചർച്ച ചെയ്തതാണ്. ഈ സ്ഥിതിവിശേഷത്തിൽ നിന്ന് കർഷകരെ സഹായിക്കാൻ കഴിയുന്ന വിധത്തിൽ ധനകാര്യ വകുപ്പിന് എങ്ങനെ ഫലപ്രദമായി ഇടപെടാൻ കഴിയുമെന്ന് കാര്യമായി ചിന്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇന്ന് കേരളം സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുകയാണ്. ഭൂ നികുതി, മദ്യം വ്യാപിപ്പിക്കൽ എന്നിവയാണ് ഇതിൽനിന്ന് കരകയറാൻ എൽ.ഡി.എഫ്. സർക്കാർ കണ്ടെത്തിയ രണ്ട് കാര്യങ്ങൾ. ഇത് രണ്ടും ജനദ്രോഹകരമായ നടപടികളാണ്. ഇവിടെ എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്തെന്ന് പറഞ്ഞാലും ഇത്തരത്തിലുള്ള നടപടികളിൽനിന്നും എങ്ങനെ രക്ഷപ്പെടാൻ കഴിയും. സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില 10 ശതമാനം കൂട്ടി. യു.ഡി.എഫ്. സർക്കാർ ഉപേക്ഷിച്ച ഭൂനികുതി പുനഃസ്ഥാപിച്ചു. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി ഇടപാടിനുപോലും ഇന്ന് ചെലവേറുകയാണ്. ഇത്തരം പ്രശ്നങ്ങൾ ഗൗരവമായി സർക്കാർ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തകർന്ന് തരിപ്പണമാകുന്ന കർഷകർക്കുമേൽ കൂടുതൽ നികുതിഭാരം അടിച്ചേൽപ്പിച്ചാൽ അവരെന്ത് ചെയ്യും?

മദ്യവ്യാപനവുമായി ബന്ധപ്പെട്ട് സർക്കാരിന് ലാഭമുണ്ടെന്നുള്ളത് ശരിയാണ്. സാമ്പത്തിക പ്രതിസന്ധി അതിജീവിക്കാനൊരു മാർഗ്ഗമാണത്. പക്ഷേ ഇതുപോലെ അന്യായമായ നിലയിൽ മദ്യം വ്യാപിപ്പിച്ചാൽ, ഇതൊരു വലിയ ചൂഷണമാക്കി മാറ്റിയാൽ ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. തെറ്റായ നിലപാടുകൾ തിരുത്താൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മൂന്ന് ബഡ്ജറ്റുകളിലൂടെ ഒരുപിടി നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. അതിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്ന കാര്യം പരിശോധിക്കണം. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ബഡ്ജറ്റുകൾ പരിശോധിക്കുമ്പോൾ, പ്രഖ്യാപിച്ച പദ്ധതികളിൽ എ.എസ്.-ഉം ടി.എസ്.-ഉം കൊടുക്കാൻ കഴിയാതെ പോയവയും കൊടുത്തതുതന്നെ ടെണ്ടർ ചെയ്യാൻ കഴിയാത്തവയുമുണ്ട്. പദ്ധതികൾ മുന്നോട്ട് നീങ്ങുന്നില്ല എന്നൊരു പ്രതിസന്ധി നിലനിൽക്കുകയാണ്. അത് പ്രത്യേകമായി അങ്ങ് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചന വകുപ്പിന് 417 കോടി രൂപ വകയിരുത്തിയതിൽ 130 കോടി രൂപപോലും ചെലവഴിച്ചതായി കാണുന്നില്ല. പുതിയ ഒരു പദ്ധതിയും ഇല്ലെന്നാണ് ജലസേചന വകുപ്പ് പറയുന്നത്. ഈ രീതിയിൽ എങ്ങനെ മുന്നോട്ടുപോകാൻ കഴിയും. ധനകാര്യവകുപ്പ് തലത്തിൽ പ്രത്യേക പരിശോധനകൾ ഓരോ വകുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടത് അനിവാര്യമാണ്. വാട്ടർ അതോറിറ്റി യാതൊരു പദ്ധതിയെക്കുറിച്ചും പറയുന്നില്ല. ഉള്ള വെള്ളംതന്നെ കൊടുക്കാൻ കഴിയാത്ത നിലയിൽ വലിയ പ്രതിസന്ധി നേരിടുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ മറ്റൊരു പതിപ്പായി വാട്ടർ അതോറിറ്റി മാറുകയാണ്. ഇത്തരത്തിൽ വകുപ്പ് തിരിച്ചുള്ള ഒരു പരിശോധനയ്ക്ക് ധനകാര്യ വകുപ്പ് തയ്യാറാകേണ്ടത് അത്യാവശ്യമാണ്.

ജി.എസ്.ടി. കേരളത്തെ ആകെ കുഴപ്പത്തിലാക്കി. ജി.എസ്.ടി. നിലവിൽ വരുമ്പോഴുള്ള പ്രതീക്ഷ അങ്ങ് ചൂണ്ടിക്കാണിക്കുകയും പന്നീടത് തിരുത്തുകയും ചെയ്തു. കേരളം രക്ഷപ്പെടുമെന്ന് പറഞ്ഞെങ്കിലും വലിയ കുഴപ്പത്തിലേയ്ക്കാണ് പോയത്. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ കേരളത്തിന്റെ നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ പരിഹരിക്കാൻ കരാറുകാർക്ക് കോമ്പൻസേഷൻ കൊടുക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ ചർച്ച ചെയ്ത് ധാരണയുണ്ടാക്കിയതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നതിനുവേണ്ടിയുള്ള ജി.എസ്.ടി. കോമ്പൻസേഷൻ ഇപ്പോൾ പൊതുമരാമത്ത് വകുപ്പിലും പഞ്ചായത്ത് വകുപ്പിലുമൊന്നും ഫലപ്രദമായി നടക്കുന്നില്ല. കരാറുകാർക്ക് കോമ്പൻസേഷൻ കൊടുക്കാൻ തയ്യാറാകാത്ത സാഹചര്യം നിലനിൽക്കുകയാണ്. അക്കാര്യം അങ്ങ് പരിശോധിക്കണം. അതുപോലെ കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ എല്ലാ വർഷവും ടാക്സ് അടയ്ക്കുന്നത് കോമ്പൗണ്ടിംഗ് സിസ്റ്റത്തിലായിരുന്നു. അത് ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടുള്ള കാര്യമാണ്. കോമ്പൗണ്ടിംഗ് സിസ്റ്റമുള്ളപ്പോഴാണ് 2011 മുതലുള്ള മുഴുവൻ ഡോക്യുമെന്റ്സും പരിശോധനയ്ക്ക് വിധേയമാക്കാൻ സബ്മിറ്റ് ചെയ്യണമെന്ന് നികുതി വകുപ്പ് ഇപ്പോൾ പറയുന്നത്. കോമ്പൗണ്ടിംഗ് സിസ്റ്റമുള്ളപ്പോൾ, ഓരോ വർഷവും അവർ റിട്ടേൺ കൊടുത്തുകൊണ്ടിരിക്കുമ്പോൾ ഇത്തരത്തിലുള്ള കാര്യങ്ങൾ വരുന്നത് അഴിമതിക്കുവേണ്ടിയാണോ എന്ന സംശയം ഉയരുന്നതു കൂടാതെ സ്തംഭനാവസ്ഥയുണ്ടാകാനും ഇടയാവുന്നു. ഇക്കാര്യങ്ങൾ പ്രത്യേകം പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന പ്രതിസന്ധികളെ അതിജീവിക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയോജക മണ്ഡലങ്ങളുടെ വികസനം അങ്ങ് ചൂണ്ടിക്കാണിച്ചു. ഈ വർഷത്തെ ബഡ്ജറ്റിൽ എം.എൽ.എ.-മാരുമായി ചർച്ച ചെയ്ത് ഇക്കാര്യങ്ങൾ തീരുമാനിക്കുമെന്നും 50 പ്രവൃത്തികൾ സജസ്റ്റ് ചെയ്യാമെന്നും പറഞ്ഞു. ഭരണപക്ഷ-പ്രതിപക്ഷ ഭേദമന്യേ എല്ലാവരും 50 പ്രവൃത്തികൾ വീതം വച്ചു. ഇതിൽ ഏത് നടപ്പാക്കും, ഇതുമായി ബന്ധപ്പെട്ടുള്ള നടപടികൾ എങ്ങനെയാണ് എന്നിവ സംബന്ധിച്ച് യാതൊരു വ്യക്തതയും ഇതുവരെയുണ്ടായിട്ടില്ല. ഇക്കാര്യം പ്രത്യേകമായി പരിശോധിക്കാൻ അങ്ങ് തയ്യാറാകണം.

കഴിഞ്ഞ മൂന്ന് വർഷത്തെ ബഡ്ജറ്റ് ചർച്ചയിലും ഞാൻ ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്. നിയമസഭാകവാടത്തിൽ ഇന്ത്യയുടെ മുൻ രാഷ്ട്രപതി ഡോ. കെ. ആർ. നാരായണന്റെ ചിത്രത്തെ വണങ്ങിയാണ് നമ്മളെല്ലാം ഇങ്ങോട്ട് പ്രവേശിക്കുന്നത്. ഇന്ത്യയുടെ മുൻ രാഷ്ട്രപതി എന്നുള്ള നിലയിൽ അദ്ദേഹം ചെയ്ത സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സ്മരണയ്ക്കായി ജന്മനാടായ ഉഴവൂരിൽ ഒരു

ആശുപത്രി സ്ഥാപിക്കുകയുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ ഭരണസമയത്ത് ശ്രീ. കെ. എം. മാണി, 15 കോടി രൂപ അനുവദിച്ച് 6 നില കെട്ടിടം പൂർത്തിയാക്കി. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ വച്ച് ഏറ്റവും നല്ല ആശുപത്രി സമുച്ചയമാണത്. സന്ദർഭവശാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു ദിവസം അവിടെ വരികയും അക്കാര്യങ്ങൾ നേരിട്ടുകണ്ട് ബോദ്ധ്യപ്പെടുകയും ചെയ്തതാണ്. ആശുപത്രി സ്ഥാപിച്ചെങ്കിലും സ്പെഷ്യാലിറ്റി ആശുപത്രി എന്ന നിലയിലുള്ള പ്രവർത്തനം അവിടെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അവിടെ അനുയോജ്യമായൊരു കെട്ടിടവുമുണ്ട്. ഇപ്പോൾ അവിടെ 110 തസ്തികകളാണുള്ളത്. അത് 50 ആക്കി ചുരുക്കുന്നതിനെ ക്കുറിച്ച് അങ്ങ് പറഞ്ഞു. 50 ആക്കി ചുരുക്കിക്കൊണ്ടുള്ള ഫയൽ സർക്കാരിലേയ്ക്ക് അയയ്ക്കുകയും അങ്ങയുടെ അനുമതിക്കുവേണ്ടി കാത്തിരിക്കുകയുമാണ്. ഇക്കാര്യത്തിൽ അനുവാദം തരേണ്ടത് കേരളത്തിന്റെ ഒരു പൊതു ആവശ്യമായി വരികയാണ്. സർക്കാർ ഒന്നാമത്തെ പരിഗണന കൊടുക്കേണ്ട ഒരു കാര്യമാണത്. മുൻ രാഷ്ട്രപതിയുടെ പേരിലുള്ള ആശുപത്രിയോട് അനാദരവ് കാണിക്കുന്ന സാഹചര്യം സമൂഹത്തിലു യരുകയാണ്. ഇക്കാര്യത്തിൽ അനുകൂലമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർ ത്ഥിക്കുകയാണ്. കേരളം നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ അതിനെ അതിജീവിക്കാൻ കഴിയുന്ന തരത്തിൽ ഈ രണ്ട് വർഷക്കാലത്തിനിടയ്ക്ക് മൂന്ന് ബഡ്ജറ്റുകളിലായി അങ്ങ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്ന വിധത്തിലുള്ള ഇടപെടലിന് ഈ ചർച്ച സഹായകരമായിത്തീരട്ടെ എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. എനിക്ക് ഏറ്റവും തമാശയായി തോന്നിയത്, മുൻപ് സംസാരിച്ച ശ്രീ. കെ. എൻ. എ. ഖാദർ നല്ലൊരു കവിത ചൊല്ലുകയും മത്തായിയുടെ സുവിശേഷമൊക്കെ വിശാലമായി പറഞ്ഞതുമാണ്. അദ്ദേഹം ഈ നാട്ടിലല്ലേ താമസിക്കുന്നതെന്ന് എനിക്ക് തോന്നിപ്പോയി. കാരണം, മൗലികമായ യാതൊരു മാറ്റവും ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഉണ്ടായിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം താമസിച്ച് വന്നതുകൊണ്ടായിരിക്കാം നടന്ന കാര്യങ്ങളൊന്നും മനസ്സിലാക്കാത്തത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദീർഘവീക്ഷണത്തോടുകൂടി, കൃത്യമായി പ്ലാൻ ചെയ്തുകൊണ്ട് സമസ്തമേഖലകളെയും സ്പർശിച്ചുകൊണ്ട് പുതിയൊരു കേരളത്തെ സൃഷ്ടിക്കാൻ വേണ്ടി നാല് മിഷനുകൾ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്. ലൈഫ് പദ്ധതി ജനങ്ങൾ ഏറ്റെടുത്തില്ലേ? അതുപോലെ സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽക്കൂടി ജനകീയമായി സർക്കാർ കൂടുതൽ പണം അനുവദിച്ചുകൊണ്ട് ധാരാളം സ്കൂൾ കെട്ടിടങ്ങളുടെ പണി നടത്തിക്കൊണ്ടി രിക്കുകയാണ്. ഇതൊക്കെ ഈ നാട്ടിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളാണ്.

കൃത്യമായ പ്ലാനിംഗിലൂടെ നല്ല ബഡ്ജറ്റ് പ്രൊവിഷൻ വച്ചുകൊണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തിയുള്ള നാനാതരത്തിലുള്ള പ്രവൃത്തികൾ നടത്തുന്നുണ്ട്. ഏനാത്ത് പാലം പൊളിഞ്ഞിട്ട് യുദ്ധകാലാടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച് കൊടുത്തു; കൃത്യ സമയത്തിനുള്ളിൽ പന്തളത്ത് പാലം പണിതില്ലേ? പത്തു കോടി രൂപയിലധികം ചെലവ് വരുന്ന അറക്കടവ് പാലവും അതിലുൾപ്പെടും. ഇങ്ങനെ എത്രയോ വർക്കുകളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ആരംഭിച്ചത്. നിങ്ങളുടെ നിയോജകമണ്ഡലങ്ങളിലുൾപ്പെടെ നടക്കുന്ന ഈ പ്രവർത്തനങ്ങളെ കാണാതെ, കവിതയും മത്തായിയുടെ സുവിശേഷവും പറഞ്ഞ് കളിയാക്കിയതുകൊണ്ട് യാതൊരു കാര്യവുമില്ല. കോൺഗ്രസ്സിന്റെ ധനകാര്യ കാഴ്ചപ്പാട് ശരിയായതുകൊണ്ടാണ് 2008-ൽ നടന്ന സാമ്പത്തിക മാന്ദ്യത്തിൽ ഇന്ത്യാരാജ്യം പിടിച്ചുനിന്നതെന്ന് ശ്രീ. കെ. മുരളീധരൻ ഇവിടെ സൂചിപ്പിച്ചു. അത് നിങ്ങളുടെ മിടുക്കുകൊണ്ടാണോ? കാര്യക്ഷമമായ എന്ത് നടപടിയാണ് അന്ന് നടന്നത്? ഞാൻ രണ്ട് കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കാം. നിങ്ങൾ തുടങ്ങിവച്ച സ്വകാര്യവൽക്കരണവും സാമ്പത്തിക ഉദാരവൽക്കരണ നയങ്ങളും പതിൻമടങ്ങ് ശക്തിയോടു കൂടി ബി.ജെ.പി. നടപ്പാക്കുന്ന കാഴ്ചയാണ് ഇപ്പോൾ കാണുന്നത്. 2010 ജൂണിൽ പെട്രോളിന്റെ വിലനിർണ്ണയാധികാരം എടുത്ത് കളഞ്ഞതാരാണ്; ആർക്കാണ് അതുകൊണ്ടുള്ള ഗുണം; അതിലൂടെ വമ്പന്മാരായി മാറിയത് ഇവിടത്തെ ഓയിൽ കമ്പനിക്കാരല്ലേ? പെട്രോളിന്റെ വില നിർണ്ണയിക്കാനുള്ള അവകാശം നിങ്ങൾ കമ്പനികൾക്ക് നൽകി. 2014 ഒക്ടോബർ 19-ന് ബി.ജെ.പി. അധികാരത്തിൽ വന്നു. അന്നുമുതൽ ഡീസലിന്റെ വില നിയന്ത്രണവും എടുത്തുകളഞ്ഞു. അപ്പോൾ ഒരു പടികൂടി കടന്ന് അസംസ്കൃത എണ്ണവിലയ്ക്കനുസരിച്ച് പെട്രോളിന്റേയും ഡീസലിന്റെയും വില ഓരോ ദിവസവും മാറ്റാൻ 2017 ജൂൺ മുതൽ മോദി സർക്കാരും തയ്യാറായി. അതുകൊണ്ട് ആർക്കെങ്കിലും ഗുണമുണ്ടായോ; ഇവിടെ അനുവദിക്കുന്ന പണം മുഴുവൻ വെട്ടിക്കുറയ്ക്കുകയല്ലേ? കേന്ദ്രം 50 ശതമാനവും 75 ശതമാനവും വീതം നൽകിക്കൊണ്ടിരുന്ന എസ്.എസ്.എ. ഫണ്ടും ഐ.സി.ഡി.എസ്.-ന് വേണ്ട ഫണ്ടും ഇപ്പോൾ 25 ശതമാനമാക്കി വെട്ടിക്കുറച്ചില്ലേ? എണ്ണ കമ്പനിക്കാർക്കും കുത്തക മുതലാളിമാർക്കും കട്ടുകൊണ്ടുപോകാനും കൂടുതൽ ലാഭമുണ്ടാക്കാനും വേണ്ടിയുള്ള അവസരം കൊടുത്തതാണോ നല്ല സാമ്പത്തിക നയം? കേരളത്തിൽ അതിനൊരു ബദൽ സർക്കാരല്ലേ ഉള്ളത്. 2008-ൽ ഒരു ബാരൽ ക്രൂഡ് ഓയിലിന് 147 ഡോളർ വിലയുണ്ടായിരുന്നപ്പോൾ പെട്രോളിന്റെ വില 50 രൂപയും ഡീസലിന്റേത് 35 രൂപയുമായിരുന്നു. 2018 ജനുവരി മാസത്തിൽ ക്രൂഡ് ഓയിലിന് 76.8 ഡോളർ മാത്രമേയുള്ളൂ, എന്നിട്ടും പെട്രോളിന്റേയും ഡീസലിന്റേയും വില കൂടുകയാണ്. നിങ്ങൾ തുടങ്ങിവച്ചതിന്റെ ഭാഗമായിട്ടാണ് ബി.ജെ.പി. സർക്കാർ ഇപ്പോൾ ഇത്തരം കാര്യങ്ങളെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. യു.പി.എ. സർക്കാർ തുടങ്ങിവച്ച വർഗ്ഗീയതയും സ്വജനപക്ഷപാതവും പലമടങ്ങ് വർദ്ധിപ്പിച്ചുകൊണ്ട് സാധാരണക്കാരന്റെ മുഖത്ത്

നോക്കാതെ, അവന്റെ പ്രയാസങ്ങൾ കാണാതെ, കർഷകരെ നോക്കാതെ വൻകിടക്കാരന്റെ പുറകേ പോകുന്ന കാഴ്ചയാണ് കാണുന്നത്. അതിനൊക്കെ നിങ്ങളെല്ലാം ഉത്തര വാദികളാണെന്നുള്ള കാര്യം സ്വയം മനസ്സിലാക്കണം.

ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് രണ്ടു വർഷമായി. എല്ലാ വിഭാഗക്കാരുടെയും പെൻഷൻ വർദ്ധിപ്പിച്ചു. ജനപ്രതിനിധികളുടെ ശമ്പളം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ബില്ലിനെക്കുറിച്ച് ചാനലിൽ ചർച്ച നടക്കുന്നത് കണ്ടു. ഞങ്ങളൊക്കെ നല്ല അന്തസ്സായി ജോലി ചെയ്ത് ജീവിച്ചു കൊണ്ടിരുന്നവരാണ്. ഞങ്ങളാരും നയാപൈസയുടെ അഴിമതിക്ക് കൂട്ടുനിൽക്കുന്നവരല്ല. ആ ബില്ലിനെ സംബന്ധിച്ച് എനിക്ക് പറയാനൊന്നുമില്ലെങ്കിലും എന്തുമാത്രം ആക്ഷേപിച്ചുകൊണ്ടാണ് എം.എൽ.എ.-മാരെപ്പറ്റിയും ജനപ്രതിനിധികളെപ്പറ്റിയും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ എല്ലാ വിഭാഗം ജനങ്ങളുടെയും പെൻഷനും ശമ്പളവും വർദ്ധിപ്പിച്ചു. അഞ്ചു വർഷം കൂടുമ്പോൾ ശമ്പളം കൃത്യമായി വർദ്ധിപ്പിച്ചു. ക്ഷേമ പെൻഷനുകളെല്ലാം കൊടുത്തു, അടച്ചുപൂട്ടിയ ഫാക്ടറികൾ തുറക്കാൻ എല്ലാ സൗകര്യങ്ങളും ചെയ്തു, അടച്ചുപൂട്ടാറായ സ്കൂളുകൾ ഏറ്റെടുത്തു. എത്ര ഏക്കർ സ്ഥലം പുതുതായി കൃഷി ചെയ്തുവെന്ന് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ആറന്മുള അടക്കമുള്ള സ്ഥലങ്ങളിൽ നെൽകൃഷി ചെയ്ത് ഉല്പാദന മേഖലയിൽ മെച്ചമുണ്ടാക്കി. നിങ്ങളും കൃഷി ചെയ്തതല്ലേ, ഇതൊന്നും നിഷേധിക്കാൻ ആർക്കും കഴിയില്ല. ഹരിതകേരളം പദ്ധതിയിലൂൾപ്പെടെ നല്ല മാറ്റമുണ്ടാക്കി. ജൈവ പച്ചക്കറികൃഷി ഉൾപ്പെടെയുള്ളവയെ പ്രോൽസാഹിപ്പിച്ചുകൊണ്ട് സ്വയം പര്യാപ്തതയിലേയ്ക്ക് പോകുന്ന നയസമീപനങ്ങളും സാമ്പത്തിക ഇടപെടലുകളുമാണ് സംസ്ഥാനത്ത് നടക്കുന്നത്. അതിനുവേണ്ട നിക്ഷേപമാണ് കൊടുക്കുന്നത്. ഞങ്ങളുടെ മണ്ഡലങ്ങളിൽ ധാരാളം പാടശേഖര സമിതികളുണ്ട്. കഴിഞ്ഞ കാലങ്ങളിൽ പാടശേഖര സമിതിക്ക് കിട്ടാനുള്ള തുകയ്ക്കുവേണ്ടി ഞാൻ മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഇന്ന് അങ്ങനെയല്ല, കാശ് കിട്ടിയാൽ അപ്പോൾത്തന്നെ കൊടുക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്.

ജി.എസ്.ടി. കൊണ്ടുവന്നത് നിങ്ങളാണ്. എല്ലാം നിങ്ങളുടെ മക്കളാണെന്ന് പറയുന്നത് അതുകൊണ്ടാണ്. ഉദാരവൽക്കരണവും നയസമീപനങ്ങളുമെല്ലാം പതിന്മടങ്ങ് വർദ്ധിപ്പിച്ച് ദേശദ്രോഹവും ജനദ്രോഹപരവുമായ കാര്യങ്ങൾക്ക് തുടക്കം കുറിച്ചത് നിങ്ങളാണ്. അന്ന് ചെയ്ത കാര്യങ്ങൾക്കുള്ള ശിക്ഷയാണ് നമ്മൾ ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ഡയമണ്ട് രാജാവെന്ന് അറിയപ്പെടുന്ന ശതകോടീശ്വരൻ നീരവ് മോദിയും കുടുംബവും പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് 11,500 കോടി രൂപ തട്ടിയെടുക്കുകയും ആ പണം വിദേശ ബാങ്കിൽ നിക്ഷേപിച്ച് വീണ്ടും 30,000 കോടി രൂപ കൂടി തട്ടിയെടുത്തിരിക്കുകയാണ്. അങ്ങനെയുള്ള ആളുകളാണ് ഇന്ത്യയുടെ പ്രധാനമന്ത്രിയോടൊപ്പം ഓരോ യോഗങ്ങളിൽ പങ്കെടുക്കുന്നത്. ജനുവരി 23 മുതൽ

26 വരെ ലോക സാമ്പത്തിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന്റെ ദൃശ്യങ്ങൾവരെ നമ്മൾ കണ്ടതാണ്. ഇതിൽ ആർക്കൊക്കെ ബന്ധമുണ്ടെന്ന് പരിശോധിക്കണം. എല്ലാവർക്കും സാമാന്യമായി ജീവിക്കാനുള്ള സാഹചര്യം ബഹുമാനപ്പെട്ട പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരും മന്ത്രിമാരും ചേർന്ന് ഒരുക്കുന്നുണ്ട്. നാട്ടിലുള്ള ഓരോ പ്രശ്നങ്ങളിലും ഇടപെട്ടുകൊണ്ട് സർക്കാരിനെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ തക്കവണ്ണം 24 മണിക്കൂറും ജനപ്രതിനിധികൾ ജോലി ചെയ്യുന്നുണ്ട്. അതിനെ അധിക്ഷേപിക്കുന്നവർ ഈ നാട്ടിൽ നടക്കുന്ന കാര്യങ്ങളൊന്നും കാണാതെ പോകുന്നവരാണെന്നും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ അത് രുചിയോടെ വാങ്ങിയെടുക്കുകയും ചെയ്യുന്ന സ്വഭാവം മാറ്റിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നീരവ് മോദിയെ സഹായിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയങ്ങളും അതുപോലെ വിമാനം വാങ്ങുന്നതുമായി ബന്ധപ്പെട്ട അഴിമതിയുമൊക്കെ ഇപ്പോൾ പുറത്തു വന്നിട്ടുണ്ട്. കേന്ദ്രത്തിൽ നിങ്ങളുടെ ഭരണമായാലും ബി.ജെ.പി.-യുടെ ഭരണമായാലും എപ്പോഴും ചിറ്റമ്മ നയമാണ് ഇടതുപക്ഷ സർക്കാരിനോട് സ്വീകരിക്കുന്നത്. ഓഖി ദുരന്തമുണ്ടായപ്പോൾ നിങ്ങളെല്ലാവരുംകൂടി സർക്കാരിനെ കുറ്റപ്പെടുത്തി. മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്തു. നിങ്ങൾ ആത്മാർത്ഥതയോടെ ആലോചിച്ചുനോക്കൂ. 'നിങ്ങൾ അങ്ങോട്ടുപോകേണ്ട, മുഖ്യമന്ത്രി ഇങ്ങോട്ടുവരട്ടെ' എന്നൊക്കെ പറഞ്ഞ് ഇത്തരം അവസരങ്ങളിൽ ജനങ്ങളെ പ്രകോപിപ്പിക്കുന്നത് ശരിയാണോ? ഒരു ദുരന്തം വരുമ്പോൾ നല്ല കാര്യങ്ങൾ ചെയ്യാൻ എല്ലാവരും ഒരുമിച്ച് നിൽക്കണ്ടേ; ഓഖി ദുരന്തമുണ്ടായപ്പോൾ എല്ലാ കാര്യങ്ങളും കൃത്യമായി പഠിച്ച് 1843 കോടി രൂപയുടെ ധനസഹായം അഭ്യർത്ഥിച്ച് കേന്ദ്രമന്ത്രി ശ്രീ. രാജ്നാഥ് സിംഗിനും ശ്രീമതി നിർമലാ സീതാരാമനും സർക്കാർ അപേക്ഷ കൊടുത്തപ്പോൾ, കേന്ദ്ര സർക്കാർ തന്നത് 169.6 കോടി രൂപ മാത്രമാണ്. കേരളത്തേക്കാൾ കുറച്ച് പ്രയാസം അനുഭവിച്ച സംസ്ഥാനങ്ങളായ ബീഹാറിന് 1711 കോടി രൂപയും ഗുജറാത്തിന് 1055 കോടി രൂപയും രാജസ്ഥാന് 425 കോടി രൂപയും ഉത്തർപ്രദേശിന് 421 കോടി രൂപയും പശ്ചിമബംഗാളിന് 839 കോടി രൂപയും പ്രളയ ദുരിതാശ്വാസമായി അനുവദിച്ചപ്പോൾ കുറച്ചുകൂടി തുക സംസ്ഥാനത്തിന് അനുവദിക്കണമെന്ന് നിങ്ങളാരെങ്കിലും പറഞ്ഞോ?

ത്രിപുരയിൽ ഇടതുപക്ഷം തോറ്റപ്പോൾ നല്ല കാര്യമാണെന്ന് പറഞ്ഞ നിങ്ങൾ ഇനി എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ഓർക്കണം. രണ്ട് സീറ്റിൽ ജയിച്ചാൽ നാഗാലാന്റിൽ ബി.ജെ.പി.-യുടെ നേതൃത്വത്തിൽ ഭരണം വരുന്ന സ്ഥിതിയിലേയ്ക്കെത്തിയത് നല്ല കാര്യമാണെന്ന് നിങ്ങൾ പറഞ്ഞത് ശരിയാണോയെന്ന് സ്വയം ആലോചിക്കുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

യു.ഡി.എഫ്. ഭരണകാലത്ത് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുണ്ടായിരുന്നു; അവിടെ എന്തായിരുന്നു ആൾക്കൂട്ടം. ആ പരിപാടിയിൽ എത്ര കാര്യങ്ങൾക്ക് പരിഹാരമുണ്ടായെന്ന് ആലോചിച്ചു നോക്കൂ. എന്നാൽ ഈ സർക്കാർ

അധികാരത്തിൽ വന്ന് രണ്ട് കൊല്ലത്തിനകം അതിനേക്കാൾ പത്തിരട്ടി പ്രശ്നങ്ങൾക്ക് താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ ചേർന്ന് പരിഹാരമുണ്ടാക്കി. മുഖ്യമന്ത്രിയും മന്ത്രിമാരുംകൂടി ആളുകളെ കൂട്ടി ആർക്കും ഒരാനുകൂല്യവും കൊടുക്കാതിരിക്കുന്നതിനേക്കാൾ നല്ലത്, ജനങ്ങളെ അതാത് സ്ഥലത്തെ താലൂക്കാഫീസുകളിൽ വിളിച്ചുചേർത്ത് അവിടെ കാര്യങ്ങൾ പരിഹരിക്കുന്നതാണ്. അത്തരത്തിൽ ജനങ്ങളോടൊപ്പംനിന്ന് പ്രവർത്തിക്കുന്ന ഈ സർക്കാർ എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നത് പറഞ്ഞാൽ തീരില്ല.

തിരുവനന്തപുരം-എറണാകുളം എൻ.എച്ച്.-ൽ കൂടി കഴിഞ്ഞ കാലങ്ങളിൽ യാത്ര ചെയ്യാൻ സാധിക്കുമായിരുന്നോ? അന്ന് ഇടയ്ക്കിടയ്ക്ക് അറ്റകുറ്റപ്പണികൾ ചെയ്യുമായിരുന്നു. മഴ പെയ്താൽ ചിതൽ തിന്നതുപോലെയുള്ള അവസ്ഥയായിരുന്നു. ഇപ്പോൾ അങ്ങനെയാണോ? നേരെ റോഡുപണി ചെയ്തില്ലെങ്കിൽ അപ്പോൾ വിവരമറിയും, അതാണ് ഭരണം. സുതാര്യതയോടുകൂടി അഴിമതിക്ക് ഇടകൊടുക്കാതെ ഓരോ മേഖലയിലും ഇടപെടുകയാണ്.

കുടുംബശ്രീയെക്കുറിച്ച് ചില കാര്യങ്ങൾ പറയാതിരിക്കാൻ കഴിയില്ല. എന്നും സ്ത്രീകളോട് ആഭിമുഖ്യം കാണിച്ചിട്ടുള്ളവരാണ് ഇടതുപക്ഷം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇന്ന് 50 ശതമാനത്തിലധികം സ്ത്രീകളുണ്ട്. സ്ത്രീകൾ അധികാരത്തിൽ വന്നാൽ ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിലൊരു ഭാഗമാണ് കുടുംബശ്രീ. അവർക്കാവശ്യമുള്ള ഫണ്ട് കൊടുത്ത് വികസനത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകളുടെ ഇടപെടൽ ആത്മാർത്ഥമായി ഏറ്റെടുത്ത്, അവർക്കാവശ്യമായ എല്ലാ സഹായവും ചെയ്തു കൊടുക്കുകയും അവരുടെ ഒരു സംഘടന രൂപീകരിച്ച് ട്രെയിനിംഗ് കൊടുത്ത് ടെൻഡർ കൊടുക്കാതെ തന്നെ ലൈഫ് പദ്ധതിയുൾപ്പെടെ അവർക്ക് ചെയ്യാൻ കഴിയുന്ന രീതിയിലുമാക്കി. വേണമെങ്കിൽ വ്യക്തികൾക്കോ പഞ്ചായത്തിനുതന്നെയോ വീടുവയ്ക്കാനുള്ള സഹായം ചെയ്തു കൊടുക്കാൻ കഴിയുന്ന രീതിയിൽ, അവരെ പ്രവൃത്തികൾ ഏൽപ്പിക്കാനാകുന്ന വിധത്തിൽ കാര്യങ്ങൾ സുതാര്യമായി മാറിയിരിക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു കാര്യം ഓർക്കണം. ആസ്തി വികസന ഫണ്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ കളക്ടർമാർക്ക് അധികാരം കൊടുത്തിട്ടുണ്ട്. എം.എൽ.എ.-യുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതുപോലെ ആസ്തി വികസന ഫണ്ടുകൂടി വിനിയോഗിക്കാൻ സാധിച്ചാൽ തീർച്ചയായും കുറച്ചുകൂടി വേഗത്തിൽ വർക്കുകൾ ചെയ്യാൻ സാധിക്കും. ഇപ്പോൾ വളരെ ഫലപ്രദമായ രീതിയിൽ അങ്ങനെയൊരു തീരുമാനം സർക്കാർ എടുത്തതുകൊണ്ട് പെട്ടെന്നുതന്നെ എ.എസ്. കിട്ടാനും ഇതിലുള്ള നൂലാമാലകൾ മാറ്റാനും കഴിയുന്നുണ്ട്. ഒരു കോടി രൂപ വരെയുള്ളവ മാത്രമേ അങ്ങനെ ചെയ്യാൻ കഴിയുകയുള്ളൂ എന്ന പ്രശ്നമുണ്ട്.

മറ്റൊരു പ്രശ്നം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, കേരള പ്രീ-പ്രൈമറി ടീച്ചേഴ്സിന്റെ കൂടെയുള്ള ആയമാരുടെ ശമ്പളം സർക്കാർ വർദ്ധിപ്പിച്ചിട്ടില്ല. 6,000 (ആറായിരം) രൂപ മാത്രമാണ് അവരുടെ ശമ്പളം. പ്രീ-പ്രൈമറി ടീച്ചേഴ്സിന്റെ ശമ്പളം 10,000 രൂപയാക്കി വർദ്ധിപ്പിച്ചപ്പോഴും ഇവരുടെ ശമ്പളം വർദ്ധിപ്പിച്ചിരുന്നില്ല. അത് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ സിവിൽ സ്റ്റേഷന്റെ പണി പൂർത്തീകരിക്കാറായിരിക്കുകയാണ്. കൊല്ലം ജില്ലയിൽ അനുവദിക്കാൻ പോകുന്ന പുതിയ റവന്യൂ ഡിവിഷണൽ ഓഫീസ് കൊട്ടാരക്കരയ്ക്ക് തന്നെ അനുവദിക്കാനുള്ള നടപടി കൂടിയുണ്ടാകണം. ജില്ലയുടെ മദ്ധ്യഭാഗമായ കൊട്ടാരക്കരയാണ് അതിന് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. കേരളത്തിന് മോഡലായുള്ള റവന്യൂ ഓഫീസാണ് ഇപ്പോൾ പണി പൂർത്തീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന് അക്കാര്യത്തിൽ എതിർപ്പുണ്ടാകില്ല. കാരണം, കൊട്ടാരക്കര താലൂക്ക് ആസ്ഥാനമായതിനാൽ ആ ഭാഗത്തു തന്നെ ആരംഭിക്കാനുള്ള നടപടിയുണ്ടാകണം. അതുപോലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടുള്ള കുറച്ച് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്; അവ അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബില്ലായതുകൊണ്ട് എനിക്ക് അനുകൂലിച്ച് സംസാരിച്ചാൽ കൊള്ളാമെന്നുണ്ട്. അദ്ദേഹത്തിന്റെ മനഃപ്രയാസം എനിക്ക് മനസ്സിലാകും. ബഹുമാനപ്പെട്ട എ. കെ. ബാലൻ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 ലക്ഷം വീട് നിർമ്മിച്ച് നൽകുമെന്ന് പറഞ്ഞു. അതിനെവിടെനിന്ന് പണമുണ്ടാകുമെന്നറിയില്ല. ഡോ. ടി. എം. തോമസ് ഐസക്കിന്റെ കിഫ്ബി പൊളിഞ്ഞിരിക്കുകയാണ്. ഇനി പണം എവിടെ നിന്ന് കിട്ടും. 5 ലക്ഷം പാവങ്ങൾക്ക് വീട് നിർമ്മിക്കണമെന്നാണ് തീരുമാനം. നടപ്പിലാക്കാൻ സാധിക്കാത്ത കാര്യങ്ങൾ പറയരുതെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. എല്ലാ കാര്യങ്ങളും നന്നായി നടക്കുന്നുവെന്ന് കൊട്ടാരക്കര അംഗം പ്രസംഗിച്ചത് എനിക്ക് ഇഷ്ടപ്പെട്ടു. ഇന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ എസ്കോർട്ട് വാഹനമിടിച്ച് പരിക്കേറ്റ രണ്ട് പേർ കൊട്ടാരക്കര ആശുപത്രിയിൽ കിടപ്പുണ്ട്. മന്ത്രിമാരുടെയൊക്കെ യാത്രയ്ക്ക് ഡോ. ടി. എം. തോമസ് ഐസക് പണം കൊടുക്കണ്ടേ? അവരോട് യാത്രയൊക്കെ കുറയ്ക്കാൻ പറയണം. പാവങ്ങൾക്കു വേണ്ടി അധികാരത്തിൽ വന്ന സർക്കാരല്ലേ ഇത്. ആദിവാസി യുവാവ് മധുവിന്റെ മരണത്തിന് പോയപ്പോൾ ഞാൻ മുഖ്യമന്ത്രിയെ കണ്ടു. ആയിരത്തിൽ കൂടുതൽ പോലീസുകാരും തണ്ടർ ബോൾട്ടും ബ്ലാക്ക് ക്യാറ്റുമൊക്കെയുണ്ട്. ഇതൊക്കെ കണ്ട് ആദിവാസികൾ

ജീവനുംകൊണ്ട് വനത്തിലേയ്ക്ക് ഓടി രക്ഷപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്ന ബഹളമാണ്. എന്തിനാണ് ഇത്രയും പണം മുടക്കുന്നതെന്ന് എനിക്ക് അത്ഭുതം തോന്നി. മുന്നിലും പിന്നിലും രണ്ട് വണ്ടി പോലീസുമായി മുഖ്യമന്ത്രി പോകുന്നതിൽ വിരോധമില്ല, എന്തിനാണ് നൂറ്റമ്പത് പോലീസ്, എന്തൊരു പോക്കാണ്, ഇതെന്ത് നിയമമാണ്? ഇതൊന്നും ശരിയല്ല. നമ്മൾ പാപ്പരാണ്, കാശില്ല എന്ന കാര്യം ഡോ. ടി. എം. തോമസ് ഐസക് നേരിട്ട് മുഖ്യമന്ത്രിയോട് പറയണം. അത് പറയാതിരിക്കുന്നതാണ് അദ്ദേഹത്തിന്റെ കഴപ്പം. ഡോ. ടി. എം. തോമസ് ഐസക്കിനോട് എനിക്ക് സ്നേഹമാണ്, അതുകൊണ്ടാണ് പിന്തുണയ്ക്കണോ എന്ന് ആലോചിച്ചത്. അതുകൊണ്ട് ചെലവ് ചുരുക്കാനും പാവങ്ങൾക്കുള്ള വീടുകളുടെ പണി പൂർത്തീകരിക്കാനുമുള്ള നടപടി സ്വീകരിക്കണം. പണം എവിടെ നിന്നുണ്ടാകുമെന്ന് എനിക്കറിയില്ല. ഡോ. ടി. എം. തോമസ് ഐസക് എങ്ങനെയെങ്കിലും പണം കണ്ടെത്തുമെന്നാണ് എന്റെ വിശ്വാസം. ആ കാര്യത്തിൽ അദ്ദേഹത്തിന്റെ ശ്രമം വിജയിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഈ ധനകാര്യ ബില്ലുകളെ ഞാൻ അനുകൂലിക്കുന്നു. പൊതുവെ എല്ലാവരും നിലവിലുള്ള രാഷ്ട്രീയ അവസ്ഥയെ സംബന്ധിച്ച് പ്രതിപാദിച്ചു. സത്യമെന്താണെന്ന് എല്ലാവർക്കുമറിയാം. കേരളത്തിലെ ജനങ്ങൾ ഇന്ന് വലിയൊരു പ്രതിസന്ധി നേരിടുകയാണ്. നോട്ടുനിരോധനം പ്രഖ്യാപിച്ചതും അവധാനതയില്ലാതെ അടിച്ചേൽപ്പിക്കപ്പെട്ട ജി.എസ്.ടി.-യും നമുക്ക് വലിയ ബധ്യതയാണ് വരുത്തിവച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടുവന്നതല്ല ജി.എസ്.ടി. അതിന്റെ അടിസ്ഥാന ഘടനയെല്ലാം ഈ സർക്കാർ കേരളത്തിൽ വരുന്നതിന് മുമ്പുതന്നെ കേന്ദ്രത്തിൽ പ്ലാൻ ചെയ്തതും നടപ്പാക്കപ്പെട്ടതുമാണ്. ഇക്കാര്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും മോശക്കാരല്ല. ഇന്ത്യൻ ഫെഡറൽ സംവിധാനത്തെ അതിവേഗതയിൽ തകർക്കാൻ വ്യാമോഹിക്കുന്നവരാണ് ജി.എസ്.ടി.-യുടെ വക്താക്കളായ കോൺഗ്രസും പ്രയോക്താക്കളായ ബി.ജെ.പി.-യുമെന്ന് നാമറിയണം. ഏതാണ്ട് ചേട്ടൻ ബാവയും അനിയൻ ബാവയും കൂടി നടപ്പിലാക്കി നശിപ്പിച്ചതാണ് ഫെഡറൽ സംവിധാനം തകർക്കുന്ന ജി.എസ്.ടി. നയം.

6.00 PM]

ജി.എസ്.ടി.-യുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ അധികാരം പരമാവധി സംരക്ഷിക്കുകയും ജനങ്ങളുടെ നികുതിഭാരം കുറയ്ക്കാനുള്ള വഴികൾ പരിശോധിക്കേണ്ടതുമാണ്. അതാണ് സർക്കാർ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന വലിയ ചുമതല. ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി സംസ്ഥാനങ്ങൾക്ക് വില്പനനികുതി ചുമത്താനുള്ള അധികാരം പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുകയാണ്. അതിനുശേഷമുള്ള ആദ്യ ബഡ്ജറ്റാണിത്. അതുകൊണ്ട് ചില ആശങ്കകളും പ്രയാസങ്ങളുമുണ്ടാകും. വരവും ചെലവും

പൊരുത്തപ്പെടുന്നില്ലെങ്കിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാകും. ജി.എസ്.ടി. നടപ്പിൽ വരുമ്പോൾ ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നമുക്ക് പ്രതീക്ഷിക്കാം. അല്ലെങ്കിൽ പൊതുവായി ഉണ്ടാകേണ്ട 25 ശതമാനം വർദ്ധനവ് അടുത്ത കാലത്തൊന്നും നടക്കുമെന്ന പ്രതീക്ഷ നമുക്കില്ല. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെ വ്യാപാരികൾ സാധനങ്ങൾ വാങ്ങുമ്പോൾ കൊടുക്കുന്ന ഐ.ജി.എസ്.ടി.-യുടെ വിഹിതം സംസ്ഥാനത്തിന് കിട്ടാനുള്ളതാണ്. പക്ഷേ അത് ലഭിക്കാൻ തുടങ്ങിയിട്ടില്ല. അതിന്റെ കാരണവും വ്യക്തമാണ്. സംസ്ഥാനത്തിനകത്ത് വ്യാപാരികൾ വില്പന നടത്തുമ്പോഴാണ് ക്രെഡിറ്റെടുത്ത് റിട്ടേൺ ഫയൽ ചെയ്യേണ്ടത്. അപ്പോഴാണ് ഇതിന്റെ വിഹിതം നമുക്ക് കിട്ടുന്നത്. എന്നാൽ ജി.എസ്.ടി.-യുടെ കമ്പ്യൂട്ടർ ശൃംഖല പ്രവർത്തനസജ്ജമല്ലാത്തതിനാൽ റിട്ടേൺ സമർപ്പിക്കുന്ന തീയതി അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുകയാണ്. ഡിജിറ്റൽ ഇന്ത്യ എന്നാണ് ബി.ജെ.പി.-യുടെ പ്രഖ്യാപനം. എത്രമാത്രം പരിഹാസ്യമാണ് ഇന്ത്യയുടെ ഡിജിറ്റലൈസേഷന്റെ സ്ഥിതിയെന്ന് ഇത്തരം നടപടികളിലൂടെ എല്ലാവർക്കും ബോദ്ധ്യപ്പെടും. കേരളത്തിലെ മുൻ യു.ഡി.എഫ്. സർക്കാർ പണ്ട് കൊച്ചി മെട്രോ ഉദ്ഘാടനം ചെയ്തതുപോലെയാണ് ജി.എസ്.ടി.-യും. അന്ന് പാളമൊന്നുമില്ലാതെ കൊച്ചി നഗരത്തിലൊരു ബോഗിയിറക്കി ഒരു നാട മുറിച്ച് കയറിയിരുന്നതാണ്. അതുപോലെയാണ് ബി.ജെ.പി. ഇന്ത്യയിൽ ജി.എസ്.ടി. നടപ്പാക്കിയത്. അതിന്റെ ഭാഗമായി നമുക്ക് കിട്ടേണ്ട 1,35,000 കോടി രൂപ കേന്ദ്ര സർക്കാരിന്റെ പക്കലുണ്ടെന്നാണ് ഇപ്പോൾ പറയുന്നത്. ഏതാണ്ട് പൊതിയാത്തേങ്ങ പോലെയാണ് ജി.എസ്.ടി. വിഹിതം കേരളത്തിനുണ്ടെന്നുപറയുന്നത്. മുമ്പ് സംസ്ഥാനത്ത് ലഭ്യമാകേണ്ട നികുതി വിഹിതം ഓരോ മാസവും തുടക്കത്തിൽ ഏതാണ്ട് കൃത്യമായി കേന്ദ്രം തന്നിരുന്നതാണ്. ഇപ്പോൾ മൂന്നാമത്തെ ആഴ്ചയിൽ മാത്രം ലഭ്യമാക്കുമെന്നാണ് പ്രഖ്യാപനം. ഇക്കണക്കാണെങ്കിൽ മൂന്നാണ്ട് കഴിഞ്ഞാലും ഇതിന്റെ വിഹിതം കിട്ടുമെന്ന് തോന്നുന്നില്ല.

അന്തർ സംസ്ഥാന വ്യാപാര രംഗത്തെ സംബന്ധിച്ച് വിവരശേഖരണം നടത്തപ്പെട്ടിരുന്നത് സംസ്ഥാന അതിർത്തിയിലെ ചെക്ക്പോസ്റ്റുകൾ വഴിയാണ്. ജി.എസ്.ടി. നിയമം വന്നതോടുകൂടി ഇതെല്ലാം നിർത്തി. ഇതിനു പകരമായി നിർദ്ദേശിച്ചിരുന്ന ഇ-വേ ബിൽ സമ്പ്രദായം ഇതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യം മുതലെടുത്ത് ഇതര സംസ്ഥാനങ്ങളിൽനിന്നും നികുതി വെട്ടിച്ച് ധാരാളം സാധനങ്ങൾ സംസ്ഥാനത്തെത്തുന്നുണ്ട്. പാലക്കാട് അതിർത്തിയിലെ ഏറ്റവും പ്രധാനപ്പെട്ട ചെക്ക്പോസ്റ്റ് വാളയാറാണ്. അതുപോലെ മറ്റ് അതിർത്തി കളിലുണ്ടായിരുന്ന വേലന്താവളം, ഗോപാലപുരം, ഗോവിന്ദപുരം, നടുപുണി ചെക്ക്പോസ്റ്റുകളെല്ലാം ഇപ്പോൾ പ്രവർത്തനരഹിതമാണ്. അനവരതം അവയിലൂടെ ചരക്കുനീക്കം നടക്കുകയാണ്.

സംസ്ഥാനത്ത് വരുന്ന നികുതി വെട്ടിച്ചുള്ള ചരക്കുനീക്കം തടയുന്നതിനായി നിലവിലുള്ള എൻഫോഴ്സ്മെന്റ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുകയും സംസ്ഥാനത്തിന്റെ വർത്തമാനകാല സാമ്പത്തിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് അധികവിഭവ സമാഹരണം നടത്തുകയും വേണം. അതാണ് ഈ ധനകാര്യ ബില്ലിലെ പല നികുതി നിർദ്ദേശങ്ങളും കൊണ്ടുദ്ദേശിക്കുന്നത്. ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം വിഭവ സമാഹരണത്തിന് സംസ്ഥാന സർക്കാരിൽ അവശേഷിക്കുന്ന അധികാരങ്ങൾ വളരെ പരിമിതമാണെന്ന് എല്ലാവർക്കുമറിയാം. പരിമിതമായ ഈ മേഖലകളിൽ നിന്ന് വിഭവസമാഹരണം നടത്തുമ്പോൾ ജനങ്ങൾക്കുമേൽ അധികഭാരം വരാതിരിക്കാനാണ് ഇപ്പോൾ സർക്കാർ ശ്രദ്ധിക്കുന്നത്. ഈ ധനകാര്യ ബില്ലിലൂടെ ഏതാണ്ട് 1000 കോടി രൂപയുടെ അധിക വിഭവസമാഹരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. അധികനികുതി സമാഹരിക്കാൻ തീരുമാനിക്കുമ്പോഴും സാധാരണക്കാരെ ദ്രോഹിക്കുന്നില്ല എന്നതാണ് ഈ നികുതി നിർദ്ദേശങ്ങളുടെ പ്രധാനപ്പെട്ട ഗുണമായി കാണേണ്ടത്. കഴിഞ്ഞ ബഡ്ജറ്റിൽ 2010-11 വരെയുള്ള വില്പന നികുതി അസസ്സ്മെന്റുകൾക്ക് പ്രഖ്യാപിച്ചിരുന്ന ആംനെസ്റ്റി 2018 ജൂൺ 30 വരെ നീട്ടിയത് ഒട്ടേറെ വ്യാപാരികൾക്ക് ആശ്വാസകരമാണ്. എന്നാൽ ജി.എസ്.ടി. നടപ്പാക്കിയ സാഹചര്യത്തിൽ 2010-11 വരെയുള്ളത് മാത്രമായി ചുരുക്കാതെ ഇതുവരെയുള്ള വർഷങ്ങളിലേക്കും ആംനെസ്റ്റി നടപ്പിലാക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റിട്ടേണുകളിൽ കടന്നുകൂടിയിരിക്കുന്ന സാങ്കേതിക തകരാറുകൾമൂലം വലിയ തുക പിഴയിനത്തിലും നികുതിയിനത്തിലുമായി ഒടുക്കുവാനുള്ള അസസ്സ്മെന്റുകളും നോട്ടീസുകളും വാണിജ്യ നികുതിവകുപ്പിൽനിന്ന് വ്യാപാരികൾക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനൊരു ശാശ്വത പരിഹാരമെന്ന നിലയിൽ പിഴവുകൾ തിരുത്തുന്നതിന് ഈ ധനകാര്യബില്ലിലൂടെ അവസരം നൽകുന്നു എന്നതാണ് ബില്ലിന്റെ മറ്റൊരു പ്രത്യേകത. അതൊടൊപ്പം മനഃപൂർവ്വമല്ലാത്ത മറ്റ് പിഴവുകളും തിരുത്തുന്നതിനുള്ള അവസരം ധനകാര്യ ആക്ട് പുറപ്പെടുവിക്കുമ്പോൾ നൽകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ചെറുകിട വ്യാപാരികളായ അനുമാന നികുതിദായകർക്ക് കഴിഞ്ഞ ബഡ്ജറ്റിൽ നൽകിയ ആംനെസ്റ്റി ഈ ബഡ്ജറ്റിലൂടെ 2018 ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്. എന്നാലിത് 2016-17 സാമ്പത്തിക വർഷം വരെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ജി.എസ്.ടി. നടപ്പിലാക്കിയ സാഹചര്യത്തിൽ 2017- 18 സാമ്പത്തിക വർഷത്തേയ്ക്കുകൂടി നീട്ടിനൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്ങനെ ചെയ്താൽ വാറ്റ് കാലഘട്ടത്തിൽ ചുമത്തപ്പെട്ട ബാധ്യതകളിൽനിന്ന് ചെറുകിട കച്ചവടക്കാരെ പൂർണ്ണമായും മുക്തരാക്കാൻ കഴിയും.

ധനകാര്യ ബില്ലിന്റെ ഭാഗമായി മദ്യത്തിന്റെ നികുതി നിരക്കിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നിലവിലുണ്ടായിരുന്ന വിവിധയിനം സെസ്സുകൾ, ചാർജ്ജുകൾ എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് യുക്തിസഹമായി പരിഷ്കരിച്ച നികുതിയാണിത്. അതു കൊണ്ടുതന്നെ മദ്യവിലയിൽ കാര്യമായ പുരോഗതി ഉണ്ടാകുന്നില്ല ; എന്നാൽ നമുക്ക് വരുമാന വർദ്ധനവുണ്ടാകുകയും ചെയ്യും. വിദേശ നിർമ്മിത വിദേശ മദ്യം സംസ്ഥാനത്ത് വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ വില്പന നടത്തിയിരുന്നത് പഞ്ചനക്ഷത്ര ഹോട്ടലുകളിൽ മാത്രമാണ്. ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വേറെയാണ്. ഒരു തരത്തിലുമുള്ള വ്യവസ്ഥകൾ പാലിച്ചല്ല ഈ വിദേശ നിർമ്മിത വിദേശ മദ്യം മറ്റുള്ള സ്ഥലങ്ങളിൽ വില്പന നടത്തുന്നത്. വ്യാജമദ്യ ഉല്പാദകരും വിതരണക്കാരും ഉണഭോക്താക്കളും യു.ഡി.എഫ്. ഭരണകാലത്ത് കുടിയേറി പാർത്തിരുന്നു. പ്രതിപക്ഷം ഈ സർക്കാരിനെ വിമർശിക്കുന്നതിൽ എനിക്ക് അത്ഭുതമില്ല. അത്തരത്തിൽ വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ വിദേശ മദ്യം വില്പന നടത്താത്തതിന്റെ ഫലമായി സർക്കാരിന് വലിയ നികുതി നഷ്ടമുണ്ടായി ക്കൊണ്ടിരിക്കുകയാണ്. ഇതു പരിഗണിച്ച് ബിവറേജസ് കോർപ്പറേഷനിലൂടെ വിദേശ നിർമ്മിത വിദേശമദ്യം ലഭ്യമാക്കാനുള്ള തീരുമാനം അനധികൃത മദ്യവില്പന തടയുന്നതിനും സംസ്ഥാന നികുതി വരുമാനത്തിൽ ചെറിയ തോതിലെങ്കിലും വർദ്ധനവുണ്ടാക്കുന്നതിനും സഹായിക്കും.

മറ്റൊന്ന്, പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി/സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും വാഹന നികുതിയിൽ വരുത്തിയ കുറവ് ശ്ലാഘനീയമാണ്. ഹരിതകേരളം പദ്ധതി പ്രഖ്യാപിക്കപ്പെട്ട ഈ സാഹചര്യത്തിൽ പരിസ്ഥിതിയോട് ഇടതുപക്ഷത്തിന്റെ താൽപ്പര്യം വ്യക്തമാക്കുന്നതാണ് ഈ നികുതി ഇളവ് നിർദ്ദേശമെന്നാണ് ഞാൻ കരുതുന്നത്. പോണ്ടിച്ചേരിയിൽ വ്യാജ മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്ത്, കേരളത്തിൽ സ്ഥിരമായി ഉപയോഗിച്ചിരുന്ന ആഡംബര കാറുകളെയും മറ്റ് വാഹനങ്ങളെയും സംബന്ധിച്ചുള്ള വാർത്തകളും അതിനെത്തുടർന്നുള്ള നിയമ നടപടികളും സമീപകാലത്ത് വലിയ വാർത്താ പ്രാധാന്യം നേടിയത് നമ്മളെല്ലാവരും കണ്ടതാണ്. രാജ്യ സഭാംഗമായ ശ്രീ. സുരേഷ് ഗോപി ഉൾപ്പെടെയുള്ള പല സിനിമാ പ്രവർത്തകരും ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ വാർത്തയും നമ്മൾ ചർച്ച ചെയ്തതാണ്. ഇവരിൽ ചിലരെങ്കിലും അറിവില്ലായ്മകൊണ്ട് കുടുങ്ങുന്നവരാണ്. പോലീസ് നടപടിയെയും നിയമ നടപടിയെയും ഭയന്ന് ഈ വാഹനങ്ങൾ പുറത്തുകാണിക്കാതെ ഒളിപ്പി ച്ചിരിക്കുകയാണ്. ഇവർക്ക് തെറ്റ് തിരുത്തുന്നതിനുള്ള ഒരവസരം ഈ ബില്ലിലൂടെ സാധ്യമാകുകയാണ്. സംസ്ഥാനത്തിന് നൽകാനുള്ള നികുതി അടയ്ക്കാനുള്ള വ്യവസ്ഥ ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ഇതൊക്കെ ആർക്കെങ്കിലും എതിർക്കാൻ കഴിയുമോ?

സംസ്ഥാനത്തെ ജനങ്ങളിൽ വലിയൊരു വിഭാഗം അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം വസ്തുസംബന്ധമായ ഇടപാടുകളിൽ ന്യായവില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ടാണ്. ഇത്തരക്കാരിൽ ഭൂരിപക്ഷം പേർക്കും ഇതിന്റെ വരുംവരായ്മകളെ ക്കുറിച്ച് ധാരണയുണ്ടായിരുന്നില്ല. ഏകദേശം 10 ലക്ഷത്തിലേറെ കേസ്സുകൾ ഇതുമായി ബന്ധപ്പെട്ട് നിലവിലുണ്ട്. അനിശ്ചിതമായി നീണ്ടുപോകുന്ന ഈ പ്രശ്നത്തെ സമഗ്രമായി പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും ബഡ്ജറ്റിൽ വിഭാവന ചെയ്ത സമാശ്വാസ പദ്ധതിയും ഈ ബില്ലിലൂടെ സാക്ഷാത്കരിക്കപ്പെടുകയാണ്. ബില്ലിലെ എല്ലാ വ്യവസ്ഥകളും ജനങ്ങൾക്ക് ആശ്വാസവും സർക്കാരിന് മെച്ചപ്പെട്ട വരുമാനവും ലഭ്യമാക്കുന്നതാണ്. അതുകൊണ്ടുതന്നെ ഇത്തരത്തിൽ സമൂഹനന്മ ലക്ഷ്യമാക്കി, സംസ്ഥാനത്തിന്റെ വികസന താൽപ്പര്യം മുൻനിർത്തി അവതരിപ്പിക്കപ്പെട്ട ഈ ബില്ലിലെ എല്ലാ വ്യവസ്ഥകളും ഐകകണ്ഠ്യേന അംഗീകരിക്കേണ്ടതാണ്. അത് നവകേരള രൂപീകരണത്തിനും കേരളത്തിന്റെ മുന്നോട്ടുള്ള പോക്കിനും അനിവാര്യമാണെന്ന് ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനി പ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് രണ്ട് വർഷം തികയാൻ പോകുകയാണ്. മുൻ സർക്കാരിന്റെ കാലത്തുണ്ടായ സാമ്പത്തിക ബാധ്യത കാരണം ഈ സർക്കാരിന് മുന്നോട്ട് പോകാൻ കഴിയുന്നില്ലെന്നാണ് ആദ്യം പറഞ്ഞത്. പിന്നീട് ജി.എസ്.ടി.-യും നോട്ട് നിരോധനവും കാരണം ബുദ്ധിമുട്ടുണ്ടായെന്ന് പറഞ്ഞു. രണ്ട് വർഷക്കാലത്തോളം ഇങ്ങനെയൊക്കെ പറഞ്ഞുപോയി. ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം അതിന്റെ മധുവിധുകാലം കഴിഞ്ഞുപോയി. അധികാരത്തിൽവന്ന് രണ്ടുവർഷം കഴിഞ്ഞിട്ടും ഈ സർക്കാരിന് ശരിയായ രീതിയിൽ പ്രശ്നങ്ങളിലിടപെടാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോഴും വളരെ നിരാശനാണ്. മാന്ദ്യ വിരുദ്ധകാലത്ത് ഇടതുപക്ഷ ബദലുണ്ടാകുമെന്നാണ് അന്ന് പറഞ്ഞിരുന്നത്. ഇടതുപക്ഷബദൽ എന്നുപറയുന്നത് ഏതാനും മദ്യഷാപ്പുകൾ തുറക്കലാണോ? മുൻസർക്കാരിന്റെ കാലത്ത് ആശുപത്രി ഇല്ലാത്ത സ്ഥലത്തൊക്കെ ആശുപത്രിയും സർക്കാർ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ സർക്കാർ കോളേജുകൾ അനുവദിക്കുകയും ചെയ്തു. എന്നാൽ ഈ സർക്കാരിന്റെ പ്രഖ്യാപിത നയം എവിടെയാണോ മദ്യഷാപ്പില്ലാത്തത് അവിടെയൊക്കെ ബാർ ഹോട്ടലുകൾ കൊടുക്കുക എന്നതാണ്. ഈ സർക്കാർതന്നെ ഒരു ബാർ അറ്റാച്ച്ഡ് സർക്കാരായി മാറിയിരിക്കുകയാണ്; സാർവ്വത്രികമായി മദ്യം വിളമ്പുകയാണ്. ഇടതുപക്ഷ ബദൽ എന്നുപറഞ്ഞപ്പോൾ പുതിയ നികുതി നിർദ്ദേശങ്ങളുണ്ടാകുമെന്നും സാധാരണക്കാരനെ സഹായിക്കുന്ന ധാരാളം സംവിധാനങ്ങളുണ്ടാകുമെന്നാണ് ഞാൻ വിചാരിച്ചത്. കള്ളുഷാപ്പുകൾ തുറന്ന് അതിൽ നിന്ന് വരുമാനമുണ്ടാക്കുക

എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. മുൻസർക്കാരിന്റെ കാലത്ത് 50000 കോടി രൂപ ട്രഷറിയിൽ ബാലൻസുണ്ടാക്കിവച്ച് അതിന്റെ താക്കോൽ ഇവരുടെ കയ്യിൽ കൊടുത്താൽ ഭരിക്കാൻ കഴിയുമെന്നാണോ ഇവർ കരുതിയത്. മുൻ സർക്കാർ ഭരിക്കുന്നതിനുവേണ്ടി പണം ചെലവഴിക്കുകയായിരുന്നു. നിങ്ങളുടെ കയ്യിൽ ചെലവഴിക്കാൻ പണമുണ്ടോ; ഉള്ളതുതന്നെ നിങ്ങൾ ചെലവഴിക്കുന്നുണ്ടോ? 2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 13,815 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്നതല്ലാതെ യാതൊന്നും ചെലവഴിച്ചിട്ടില്ല. വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവുമെന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിൽ സഭ വോട്ട് ചെയ്ത് പാസ്സാക്കി നൽകിയതിൽ 158.77 കോടി രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അതുപോലെ ഓട്ടിസം, ബുദ്ധിമാന്ദ്യം, അംഗവൈകല്യം, ശ്രവണ വൈകല്യം എന്നിവ ബാധിച്ച കുട്ടികൾക്കും മുതിർന്നവർക്കും ചികിത്സ നൽകുന്ന ഐകോൺസ് എന്ന സ്ഥാപനത്തിന് 2210-05-105-36 (പ്ലാൻ) എന്ന ശീർഷകത്തിൽ ഈ സർക്കാർ എത്ര തുകയാണ് നൽകിയിട്ടുള്ളത്? ഐകോൺസ് എന്ന സ്ഥാപനത്തിന്റെ ചെയർപേഴ്സൺ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയാണ്. അതിന് 700 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 70 ലക്ഷം രൂപയുടെ അനുമതി മാത്രമേ നൽകിയിട്ടുള്ളൂ. സാമ്പത്തിക വർഷം അവസാനിക്കുന്ന ഈ സമയത്തുപോലും 10 പൈസ അതിനുവേണ്ടി കൊടുത്തിട്ടില്ല. എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2012-13-ൽ 350 ലക്ഷം രൂപയും 2013-14-ൽ 350 ലക്ഷം രൂപയും 2014-15-ൽ 375 ലക്ഷം രൂപയും 2015-16-ൽ 450 ലക്ഷം രൂപയും അനുവദിക്കുകയും തുക ചെലവഴിക്കുകയും ചെയ്തു. 2016-17-ൽ സർക്കാർ നൽകിയ തുക 200 ലക്ഷം രൂപയായിരുന്നു. അതിൽ ഒരു പൈസപോലും ഇതുവരെ കൊടുത്തിട്ടില്ല. സമൂഹത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തെ ചികിത്സിക്കുന്ന, ആരോഗ്യ വകുപ്പുമന്ത്രി ചെയർപേഴ്സണായിട്ടുള്ള ഒരു സ്ഥാപന ത്തിനുപോലും തുക റിലീസ് ചെയ്യാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. അതുപോലെ IMHANS (Institute of Mental Health and Neurosciences)-നും ഫണ്ടിന്റെ ലഭ്യതക്കുറവുണ്ട്. 2210-05-200-95 ആണ് അതിന്റെ ശീർഷകം. ഫണ്ടിന്റെ കുറവുകാരണം 2017 മേയ് മാസം മുതൽ ഡയറക്ടറുടെ ശമ്പളം കൊടുത്തിട്ടില്ല. ഡയറക്ടർക്ക് ശമ്പളം നൽകുന്നതിനുപോലും പണം നൽകാത്ത സർക്കാരാണിത്.

ഹജ്ജ് കമ്മിറ്റിക്ക് പ്രഖ്യാപിച്ച തുകയെ സംബന്ധിച്ച്, "ഇനി കൊടുത്താൽ പോരേ" എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഹജ്ജ് കമ്മിറ്റിക്കു വേണ്ടി പ്രഖ്യാപിച്ച തുകയിൽ ഒരു പൈസപോലും ഇതുവരെ റിലീസ് ചെയ്തിട്ടില്ല. എന്നാൽ പ്രതിമ നിർമ്മാണത്തിനും രാഷ്ട്രീയ പാർട്ടി നേതാക്കൾക്ക് സ്മാരകങ്ങൾ നിർമ്മിക്കുന്നതിനും 10 കോടി രൂപ വരെ കൊടുക്കുന്നുണ്ട്. പഞ്ഞമാസത്തി ലെങ്കിലും ഇത്തരം കാര്യങ്ങൾക്ക് നൽകുന്ന തുകയിൽ കുറവ് വരുത്തേണ്ടതല്ലേ.

സർക്കാരിന്റെ മുൻഗണന ശുദ്ധജല വിതരണവും ശുചീകരണവുമാണ്. അതിനും 300 കോടി രൂപ ചെലവഴിച്ചിട്ടില്ല. നഗര വികസനം - 693.7 കോടി രൂപ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങൾക്ക് 344.89 കോടി രൂപ, പലവക സാമ്പത്തിക സർവ്വീസ് - 957.28 കോടി രൂപ, കൃഷി - 589.23 കോടി രൂപ, ഗ്രാമവികസനം-2271.68 കോടി രൂപ എന്നിങ്ങനെ അനുവദിച്ചിട്ടും ചെലവഴിച്ചിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സ്ഥിതിയെന്താണ്? സംസ്ഥാനത്ത് മുമ്പ് 66 കേന്ദ്ര പദ്ധതികളുണ്ടായിരുന്നത് 28 ആയി ചുരുങ്ങി. സംസ്ഥാനത്തിന്റെ മാച്ചിംഗ് ഗ്രാന്റ് കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് പദ്ധതികൾ ചുരുങ്ങിയത്. സംസ്ഥാനത്തിന്റെ മാച്ചിംഗ് ഗ്രാന്റ് കൊടുക്കാത്തതിനാൽ കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട ഫണ്ട് ലഭിക്കാത്ത സ്ഥിതിയാണ്. പിന്നെ എങ്ങനെയാണ് ഫണ്ടുണ്ടാകുന്നത്? അതുപോലെ നഗരങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ ആവിഷ്കരിച്ച 'അമൃത് ' പദ്ധതിക്ക് അനുവദിച്ച 2357 കോടി രൂപ ഇപ്പോൾ നഷ്ടമാകാൻ പോകുകയാണ്. അതുപോലെ ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതിയിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ട് അതും നഷ്ടപ്പെടാൻ പോകുകയാണ്. ന്യൂനപക്ഷ സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വി. ഡി. സതീശൻ സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. ഏകദേശം 5 ലക്ഷം കുട്ടികൾക്ക് കൊടുക്കേണ്ട 100 കോടിയോളം രൂപ സംസ്ഥാന സർക്കാർ വേണ്ട വിധത്തിൽ കൈകാര്യം ചെയ്യാത്തതുകൊണ്ട് ആരോ തട്ടിയെടുത്തിരിക്കുകയാണ്; അതിനൊരു കേസുപോലും എടുത്തിട്ടില്ല. സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികളുടെ കൈകളിലെത്തേണ്ട പണം സർക്കാരിന്റെ സൂക്ഷ്മതക്കുറവുമൂലം നഷ്ടപ്പെട്ടു എന്നുമാത്രമല്ല അവരുടെ പേരിൽ ഒരു കേസ്സെടുക്കാൻ പോലും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് 100 കോടി രൂപ നഷ്ടമായിരിക്കുകയാണ്.

സംസ്ഥാനത്ത് റവന്യൂ കമ്മി 15952 കോടി രൂപയായും പൊതുകടം 18.48 ശതമാനമായും വർദ്ധിച്ചു. 30-1-2018 വരെ പൊതുകടം 22832 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഇതിനുള്ള ഒറ്റമൂലിയായി പറയുന്നത് കിഫ്ബിയാണ്. എല്ലാ കാര്യങ്ങളും കിഫ്ബികൊണ്ട് പരിഹരിക്കാൻ കഴിയുമോ? 2016-17 സാമ്പത്തിക വർഷം നികുതിപിരിവ് 19 ശതമാനം ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് നമുക്കെത്താൻ കഴിഞ്ഞത് 9 ശതമാനമാണ്. 2017-18-ൽ 25 ശതമാനം ലക്ഷ്യമിട്ട സ്ഥാനത്ത് 31-1-2018 വരെ 10 ശതമാനം മാത്രമേ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളൂ. നികുതി പിരിക്കാനുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. മുൻസർക്കാരിന്റെ കാലത്ത്, 2011-12-ൽ 20 ശതമാനം ലക്ഷ്യമിട്ട നികുതിപിരിവ് 20 ശതമാനവും പൂർത്തീകരിക്കാൻ കഴിഞ്ഞു. 2012-13-ൽ 22 ശതമാനം ലക്ഷ്യമിട്ടു, 19 ശതമാനം പിരിക്കാൻ കഴിഞ്ഞു. അവിടെയാണ് ഭരിക്കുന്ന സർക്കാരും ചലിക്കുന്ന ഉദ്യോഗസ്ഥരുമുള്ള

ഒരു സർക്കാരിന്റെ നേട്ടങ്ങളും വ്യത്യാസങ്ങളും മനസ്സിലാക്കാൻ കഴിയുന്നത്. അതുപോലെ നികുതിവെട്ടിപ്പ് തടയാൻ നടപടിയില്ല. ഉപഭോക്താക്കളിൽനിന്ന് ജി.എസ്.ടി. ഈടാക്കിയതിനുശേഷം ആയത് സർക്കാരിലേയ്ക്ക് അടയ്ക്കാത്തതിന് യാതൊരു നടപടിയുമില്ല. നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലാക്കിയതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താക്കൾക്ക് നൽകിയിട്ടില്ല.

ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിയുടെ പ്രവർത്തനവും കാര്യക്ഷമമല്ല. ഇവിടെ യഥാർത്ഥത്തിൽ, നിയമാനുസൃതമായി ഒരു നിയമം ഉണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ, മുൻ പ്രധാനമന്ത്രി പറഞ്ഞതുപോലെ, ലീഗലൈസ്ഡ് ലൂട്ടിംഗാണ് നടന്നിട്ടുള്ളത്.

ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. മുമ്പ് ഒരു സുവിശേഷ പ്രസംഗം കഴിഞ്ഞ് എല്ലാവരും പിരിഞ്ഞുപോയപ്പോൾ ഒരാൾ മാത്രം നിൽക്കുന്നു. നിങ്ങളെന്താണ് പോകാത്തതെന്നും പ്രസംഗത്തിനിടയിൽ ഞാൻ നിങ്ങളെ ശ്രദ്ധിക്കുന്നുണ്ടായിരുന്നുവെന്നും പ്രാസംഗികൻ പറഞ്ഞു. നിങ്ങൾ കളവ് ചെയ്യരുതെന്ന് പറഞ്ഞപ്പോൾ നിങ്ങളുടെ മുഖത്ത് പരിഭ്രമം കണ്ടുവെന്നും എന്നാൽ മദ്യപിക്കരുതെന്ന് പറഞ്ഞപ്പോൾ നിങ്ങൾ പുഞ്ചിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചുവെന്നും എന്താണ് ഇതിന് കാരണമെന്നും പ്രാസംഗികൻ ചോദിച്ചു. അദ്ദേഹം പറഞ്ഞ മറുപടി, കളവ് ചെയ്യരുതെന്ന് പറഞ്ഞപ്പോൾ എന്റെ കയ്യിലുണ്ടായിരുന്ന കുട കളവ് പോയോ എന്ന് പേടിച്ച് പരിഭ്രമിച്ചതാണ്; രണ്ടാമത് മദ്യപിക്കരുതെന്ന് പറഞ്ഞപ്പോൾ എന്റെ കുട കള്ളുഷാപ്പിൽ വച്ച ഓർമ്മ വന്നതുകൊണ്ടാണ് എനിക്ക് സന്തോഷമുണ്ടായതെന്നും പറഞ്ഞു. അതുപോലെ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ജി.എസ്.ടി., കിഫ്ബി, നോട്ട് നിരോധനം എന്നീ കാര്യങ്ങൾ പറഞ്ഞാൽ മുഖത്ത് പരിഭ്രമമാണ്. അങ്ങയുടെ മുഖത്ത് സന്തോഷം വരണമെങ്കിൽ ബാർ ഹോട്ടൽ എന്നുപറയണം. എന്നുപറഞ്ഞാൽ ബാർഹോട്ടലിൽ കൂടിയല്ലാതെ ഈ സർക്കാരിനെ രക്ഷപ്പെടുത്താൻ കഴിയുകയില്ല എന്നാണ് അങ്ങ് ധരിച്ചിട്ടുള്ളത്. ഇതാണോ ഇടതുപക്ഷ ബദൽ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതുകൊണ്ട് ബാർ ഹോട്ടലുകളെ മാത്രം ശരണം പ്രാപിക്കാതെ രാജ്യത്ത് നന്മയുണ്ടാകുന്നതിനുള്ള നികുതി നിർദ്ദേശങ്ങളുമായി മുന്നോട്ടുവന്ന്, നികുതി പിരിച്ചെടുക്കാൻ കഴിയണം. അക്കാര്യത്തിൽ വമ്പിച്ച പരാജയമാണ് ഈ സർക്കാരിനുള്ളതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ എതിർക്കുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ, ഇന്നത്തെ ലോക-ഇന്ത്യൻ-കേരള സാഹചര്യത്തിൽ പ്രതിസന്ധിയുടെ വലിയ ഭാരം ചുമലിലേറ്റി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി നിൽക്കുകയാണ്. പണ്ട് തിരുവിതാംകൂറിൽ ഒരു മരണ വിൽപ്പത്രത്തിന്റെ കഥ പറയുന്നുണ്ട്. സാധാരണ ഒരാൾ മരിച്ചാൽ വിൽപ്പത്രം എഴുതിവയ്ക്കുന്നത്, എന്റെ സ്വത്തിന്റെ ഇത്ര ഭാഗം മൂത്തമകനും അടുത്ത ഒരു ഭാഗം നടുവിലത്തെ മകനും ബാക്കി ഭാഗം ഇളയ മകനുമെന്നാണ്. എന്നാൽ ഒരാൾ എഴുതിവച്ചത് എനിക്ക് കള്ളുഷാപ്പിൽ കൊടുക്കാനുള്ള കടം ഒരു ലക്ഷം രൂപ മൂത്ത മകനും കൈക്കടം അര ലക്ഷം രൂപ നടുവിലത്തെ മകനും പിന്നെ ബാക്കിയുള്ള കടം ഇളയ മകനും കൊടുത്ത് തീർക്കണമെന്നാണ്. യു.ഡി.എഫ്. അത്തരത്തിൽ ഒരു വിൽപ്പത്രമാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ കയ്യിൽ കൊടുത്തത്. ഇന്നത്തെ വർഗ്ഗീയത വിഴുങ്ങിയ വലതുപക്ഷ ഇന്ത്യയിൽ, സാമ്പത്തിക മേഖല തകർന്നുകൊണ്ടിരിക്കുന്ന ലോകത്ത്, നമ്മുടേതല്ലാത്ത കുറ്റംകൊണ്ട് റബ്ബറിന്റെ വിലയിടിഞ്ഞ് കമ്പോളത്തിന്റെ വാങ്ങൽ ശേഷി നഷ്ടപ്പെട്ട അവസ്ഥയിൽ, ജി.എസ്.ടി. എന്ന വലതുപക്ഷ സാമ്പത്തിക സമ്പ്രദായം രാജ്യത്ത് വന്നുപെട്ടപ്പോൾ രണ്ടുമൂന്ന് ഇനങ്ങളിൽ മാത്രമേ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിക്ക് ഇടപെടാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട എം. ഉമ്മർ സൂചിപ്പിച്ചതുപോലെ, ഒരു മനുഷ്യപക്ഷ ബദൽ കേരളം കെട്ടിപ്പടുക്കണമെങ്കിൽ ഇന്ന് എളുപ്പമല്ല. ഒരു വലതുപക്ഷ വയറ്റിൽക്കിടന്ന് ഇടതുപക്ഷ കുട്ടി ചലിക്കുന്നതുപോലെ മാത്രമേ കേരളത്തിന് ചലിക്കാൻ സാധിക്കുകയുള്ളൂ. എന്നാലും അമ്മയ്ക്ക് വേണമെങ്കിൽ, വലത്തോട്ടുള്ള യാത്ര ഇടത്തോട്ട് ആക്കിയില്ലെങ്കിലും വേദനിച്ച് നിൽക്കാം. ഇന്ത്യയിൽ സാമ്പത്തികമായും രാഷ്ട്രീയമായും വലിയ പ്രതിസന്ധിയുള്ള സമയത്ത് കേരളം അത്രയെങ്കിലും ചെയ്യണമെന്ന്, വർഗ്ഗീയ വലതുപക്ഷം മാറണമെന്ന് ആഗ്രഹിക്കുന്ന ഇന്ത്യയിലെ കോൺഗ്രസ്സുകാരും മതന്യൂനപക്ഷങ്ങളും സാധാരണ മനുഷ്യരും കേരളത്തിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട്. ആ പ്രതീക്ഷയ്ക്കൊപ്പം സഞ്ചരിക്കാനാണ് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനുവേണ്ടി മാത്രമല്ല, രാജ്യത്തുള്ള മൊത്തം ജനങ്ങൾക്കുവേണ്ടി കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിലും ശ്രദ്ധിച്ചത്. ഇപ്പോൾ കോൺഗ്രസ്സിന്റെ എ.ഐ.സി.സി.-യിൽ കുറച്ച് കാര്യങ്ങൾ ചർച്ച ചെയ്തു. ഇവിടെയുള്ള കുറച്ചുപേരെങ്കിലും അതിൽ പങ്കെടുത്തതാണ്. ശ്രീ. കെ. മുരളീധരൻ പറഞ്ഞതുപോലെ, വലതുപക്ഷ യാത്ര തുടങ്ങിയത് ആദ്യം കോൺഗ്രസ്സായിരുന്നു. അത് 1991-ൽ വന്ന നരംസിഹ റാവു ഗവൺമെന്റ്, അന്ന് മൻമോഹൻ സിംഗ് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് തുടങ്ങിയതാണ്. ഇതുസംബന്ധിച്ച് ശ്രീ. രാമചന്ദ്ര ഗുഹയുടെ നിരീക്ഷണം ശരിയാണെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹം പറഞ്ഞത്, കോൺഗ്രസ്സിലെ എല്ലാവരും അംഗീകരിക്കുന്ന മനുഷ്യപക്ഷ സ്വഭാവമുള്ള സത്യസന്ധനായ വിശ്വപൗരന്റെ മുഖമുള്ള പ്രധാനമന്ത്രിയായിരുന്ന

ജവഹർലാൽ നെഹ്റു എന്നാണ്. ജയിലിൽ കിടന്നതും കഷ്ടപ്പെട്ടതും സമരങ്ങൾ ചെയ്തതും അതിന്റെ അനുഭവങ്ങൾ ഉൾക്കൊണ്ടതും ഫാസിസത്തെ എതിർത്തതും മതേതരത്വത്തിന് ഒരു പ്രവർത്തന രൂപം ഇന്ത്യയിൽ നൽകിയതുമായ മനുഷ്യനാണ്. അദ്ദേഹം ഇന്ദിരാഗാന്ധിയെ പിൻഗാമിയായി കൊണ്ടുവന്ന ആളല്ല. ജവഹർലാൽ നെഹ്റു മരിച്ചതിനുശേഷം അദ്ദേഹത്തിന്റെ ആദർശങ്ങളും രീതികളും തുടരാൻവേണ്ടി കോൺഗ്രസ്സുകാർ തന്നെ കണ്ടെത്തിയ ആളാണ് ലാൽ ബഹദൂർ ശാസ്ത്രി എന്നാണ് രാമചന്ദ്ര ഗുഹയുടെ നിരീക്ഷണം. ലാൽ ബഹദൂർ ശാസ്ത്രി പെട്ടെന്ന് മരിച്ചില്ലായിരുന്നെങ്കിൽ, അദ്ദേഹം 10 വർഷം ഇന്ത്യൻ രാഷ്ട്രീയത്തിൽ വന്നിരുന്നെങ്കിൽ ഒരിക്കലും നെഹ്റു കുടുംബം ഇന്ത്യൻ രാഷ്ട്രീയത്തിൽ തുടർച്ചയായി വരില്ലായിരുന്നുവെന്നും അങ്ങനെയാണെങ്കിൽ നിങ്ങളും ഞാനുമുൾപ്പെടുന്ന കോൺഗ്രസ്സിലെ ധാരാളം സാധാരണക്കാർ രാഷ്ട്രീയത്തിന്റെ ഉയരങ്ങളിൽ വരുമ്പോഴാണ് ആ രാഷ്ട്രീയത്തിന് മണവും ശോഭയും ഗുണവുമുണ്ടാകുന്നതെന്നും അതിൽ കോൺഗ്രസ് ഒരു തടസ്സമായി എന്നുമാണ് രാമചന്ദ്ര ഗുഹയുടെ വീക്ഷണം. ഞാൻ ആ വീക്ഷണത്തോട് യോജിക്കുന്ന ആളാണ്. അവിടെയാണ് സത്യത്തിൽ അധികാരവും അധികാരത്തിന്റെ താല്പര്യങ്ങളും അനുസരണയും വരുന്നത്. അവസാനം തീരുമാനിക്കേണ്ടിവന്നത് കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റി അംഗങ്ങളെ ശ്രീ. രാഹുൽ ഗാന്ധി നിയമിക്കണമെന്നാണ്. ശ്രീ. രാഹുൽ ഗാന്ധി കോൺഗ്രസ്സിലെ, നെഹ്റു കുടുംബത്തിലെ ജൂനിയറായ അംഗമാണ്. പാവങ്ങൾക്കിടയിൽനിന്ന് കോൺഗ്രസ്സിൽ രാഷ്ട്രീയക്കാർ വന്നിരുന്നെങ്കിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു മുലായംസിംഗ് യാദവും മായാവതിയും ഉണ്ടാകില്ലായിരുന്നു; സാധാരണക്കാർ ജാതി പാർട്ടിയിലൂടെ വരേണ്ടി വരില്ലായിരുന്നു; മതേതരത്വം ഇതുപോലെ തകരേണ്ടിവരില്ലായിരുന്നു. അങ്ങനെയാണെങ്കിൽ ഒരു നരേന്ദ്ര മോദി 2014-ൽ ഇന്ത്യൻ പ്രധാനമന്ത്രിയായി വരില്ലായിരുന്നു. നമ്മുടെ രാജ്യത്ത് എങ്ങനെയാണ് വർഗ്ഗീയത വളർന്നുവന്നത്? വർഗ്ഗീയത വളർന്നുവരണമെങ്കിൽ എവിടെയും ഒരു വലതുപക്ഷ സാമ്പത്തിക നയമുണ്ടാകണം. ഒരു കാര്യം ഞാൻ ശക്തമായി പറയാൻ ആഗ്രഹിക്കുന്നു. കേരളത്തിൽ വർഗ്ഗീയത വലുതായി വളരുന്നില്ലെന്ന് പറഞ്ഞാൽ, അതിന്റെ അർത്ഥം കേരളത്തിൽ അത്തരത്തിലൊരു വലതുപക്ഷ നയം സാമ്പത്തികമായി ഈ സമൂഹത്തിൽ നടപ്പാക്കുന്നില്ല എന്നാണ്. രാജ്യത്തിന്റെ നയം എത്ര ദോഷമുള്ളതാണെങ്കിലും കേരളത്തിനും അത് നടപ്പാക്കേണ്ടിവരും. കാരണം, രാജ്യത്തിന്റെ ഭാഗമാണ് നമ്മളും. എന്തുകൊണ്ടാണ് ജാതീയതയും വർഗ്ഗീയതയും വരുന്നതെന്ന് കോൺഗ്രസ്സുകാർ ആഴത്തിൽ ആലോചിക്കണം.

ഇവിടെ ത്രിപുരയുടെ കാര്യം പറയരുതെന്നാണ് ശ്രീ. കെ. മുരളീധരൻ പറഞ്ഞത്. എന്നിട്ടും ത്രിപുരയെക്കുറിച്ച് പറയേണ്ടിവരികയാണ്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, വലതുപക്ഷ സാമ്പത്തിക നയം വരുമ്പോൾ വർഗ്ഗീയതയ്ക്ക് തന്നെ മാറ്റം വരും. ഗോൾവാൾക്കറും വാജ്പേയിയും കൊണ്ടുനടന്ന വർഗ്ഗീയത ഫ്യൂഡൽ

വർഗ്ഗീയതയാണ്. എന്നാൽ ശ്രീ. നരേന്ദ്ര മോദി കൊണ്ടുനടക്കുന്ന വർഗ്ഗീയത കോർപ്പറേറ്റ് വർഗ്ഗീയതയാണ്. ഫ്യൂഡൽ വർഗ്ഗീയത അയിത്തമുള്ളതാണ്. കോർപ്പറേറ്റ് വർഗ്ഗീയത കോൺഗ്രസ്സുകാരെയും മാധ്യമങ്ങളെയും എല്ലാവരെയും വിലയ്ക്ക് വാങ്ങുന്നതാണ്. അതുകൊണ്ട് പഴയ വർഗ്ഗീയതയല്ല, പഴയ ആർ.എസ്.എസ്. അല്ല ശ്രീ. നരേന്ദ്ര മോദിയുടെ ആർ.എസ്.എസ്.; അത് കോർപ്പറേറ്റ് വർഗ്ഗീയതാണ്. ത്രിപുരയിൽ ആ വർഗ്ഗീയതാണ് സർവ്വ കോൺഗ്രസ്സുകാരെയും വിലയ്ക്ക് വാങ്ങുകയും സർവ്വ കോൺഗ്രസ്സുകാരെയും സ്ഥാനാർത്ഥി ആക്കുകയും ചെയ്തത്. ഇത് ഇൻഡ്യയിൽ ഏറ്റവും ശക്തമാണ്. അതിന് കാരണം, ഇൻഡ്യയിൽ അതിന് നിലനിൽക്കാവുന്ന വെള്ളവും വളവും കിട്ടുന്ന അടിത്തറയുണ്ട് എന്നതാണ്. അത് ശ്രീ. പാറക്കൽ അബ്ദുല്ല മനസ്സിലാക്കണം. നമുക്ക് പണത്തോട് കൊതിയുണ്ടായാൽ പിന്നെ ഏത് വിധത്തിലും പണമുണ്ടാക്കുന്നത് ശരിയാണെന്ന് ധരിക്കും. ബി.ജെ.പി. അങ്ങനെയൊരു ബോധം സമൂഹത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. അതിൽനിന്ന് എതിർത്തുവരാൻ ഇൻഡ്യയ്ക്ക് സാധിക്കും; ശുഭ സൂചനയുണ്ട്. പക്ഷെ, ഇതെളുപ്പമാണെന്ന് ധരിക്കരുത്. അതിൽ കോൺഗ്രസ് വലിയ പങ്ക് വഹിക്കണം. കോൺഗ്രസ് അതിന് സജ്ജമാണോ, ശ്രീ. രാഹുൽ ഗാന്ധി അതിന് പറ്റിയ നേതാവാണോ എന്ന കാര്യത്തിലെല്ലാം തീർച്ചയായും തർക്കങ്ങളുണ്ട്. ഞാൻ പറയുന്നത്, പണവുമായിട്ടുള്ള ബന്ധം, പണത്തോടുള്ള ആർത്തി എന്നിവ കേരളത്തിൽ വലുതായി വളരാത്തതാണ് ഇവിടെ ഇപ്പോഴും രാഷ്ട്രീയം മുന്നിലും ജാതിയും മതവും പിന്നിലും നിൽക്കുന്നത്. വടക്കേ ഇൻഡ്യയിലും മറ്റ് പല സംസ്ഥാനങ്ങളിലും നേരെ തിരിച്ചാണ്. അവിടെയൊക്കെ രാഷ്ട്രീയം പിന്നിലും ജാതിയും മതവും മുന്നിലും നിൽക്കുകയാണ്. ഇതിനെക്കുറിച്ചൊക്കെ ഇപ്പോൾ ധാരാളം പഠനങ്ങൾ വരുന്നുണ്ട്. തീർച്ചയായും കോൺഗ്രസിലെയും മുസ്ലീം ലീഗിലെയും ചെറുപ്പക്കാരോടുള്ള എന്റെ അഭ്യർത്ഥന, അതിനെക്കുറിച്ച് നിങ്ങളും പഠിക്കണമെന്നാണ്. ഇതുമായി ബന്ധപ്പെട്ട ഒരു തമാശക്കഥ പറയാം. പണമുണ്ടെങ്കിൽ, പണത്തോടുള്ള ആർത്തിയുണ്ടെങ്കിൽ ഏത് മണ്ടനും ബുദ്ധിമാനെ തോൽപ്പിക്കാം. ഒരിക്കൽ തിരുവനന്തപുരത്തുനിന്ന് രാവിലെ ട്രെയിനിൽ ഏറ്റവും ഉയർന്ന ക്ലാസ്സിൽ ഒരു മുതലാളിയും ഒരു സാഹിത്യകാരനുംകൂടി നേർക്കുനേർ ഇരുന്ന് കണ്ണൂർവരെ യാത്ര ചെയ്യാൻ തീരുമാനിച്ചു. കൊല്ലത്തെത്തിയപ്പോൾ ഒരു ചായ വാങ്ങി കുടിച്ചിട്ട് സാഹിത്യകാരനോട് മുതലാളി പറഞ്ഞു 'നമ്മളെന്തായാലും കണ്ണൂർ വരെ യാത്രചെയ്യണം. മിണ്ടിയുംപറഞ്ഞുമൊക്കെ പോകാം'. വലിയ പരിചയമൊന്നുമില്ലാത്തതുകൊണ്ട് എന്ത് മിണ്ടാനാണ്, അപ്പോൾ സാഹിത്യകാരൻ വിചാരിച്ചു, ഇയാൾക്ക് ബുദ്ധിയില്ല, പണമുണ്ടാക്കാനുള്ള കൊതി മാത്രമേയുള്ളൂ. ഇയാളോട് എന്താണ് മിണ്ടുന്നത്? അങ്ങനെയിരിക്കുമ്പോൾ പണക്കാരൻ പറഞ്ഞു, രസമുണ്ടാകാൻ ഒരു വഴിയുണ്ട്. 'ഞാനൊരു ചോദ്യം ചോദിക്കാം, ഉത്തരം പറയണം; പിന്നീട് സാർ ഒരു ചോദ്യം ചോദിക്കണം, ഞാൻ ഉത്തരം പറയാം. അപ്പോൾ രസമുണ്ടാകും; രസംകൂടാൻ

വേണ്ടി ടി.വി.യിലൊക്കെ കാണിക്കുന്നതുപോലെ ഒരു മത്സരംകൂടി നടത്താം. എന്റെ ചോദ്യത്തിന് സാർ ഉത്തരം പറഞ്ഞില്ലെങ്കിൽ സാറിന് നല്ല വിവരമുള്ളതുകൊണ്ട് എനിക്ക് 100 രൂപ തരണം. സാറിന്റെ ചോദ്യത്തിന് ഞാൻ ഉത്തരം പറഞ്ഞില്ലെങ്കിൽ എനിക്ക് വലിയ വിവരമില്ലാത്തതുകൊണ്ട് ഞാൻ 50 രൂപയേ തരികയുള്ളൂ'. അപ്പോൾ സാഹിത്യകാരന് തോന്നി, ഇയാൾക്ക് വലിയ വിവരമില്ലല്ലോ, എന്തായിരുന്നാലും 50 രൂപയാണെങ്കിൽ 50. കണ്ണൂരെത്തുമ്പോൾ ഇയാളുടെ കാശിന്റെ ഒരു പങ്ക് എന്തായിരുന്നാലും എനിക്ക് കിട്ടും. അപ്പോൾ ഈ സാഹിത്യകാരനോട് പണക്കാരൻ പറഞ്ഞു, 'സാമ്പിളിന് ഞാൻ തന്നെ ആദ്യം ചോദ്യം ചോദിക്കാം. ഒരു ജീവിക്ക് 8 തല, 16 കാൽ, 20 വാൽ - ജീവിയേതാണ്?'. കുറച്ചുനേരം ആലോചിച്ചിട്ടും അങ്ങനെയൊരു ജീവിയെ സാഹിത്യകാരന് മനസ്സിലായില്ല. ബി.ജെ.പി. ചോദിക്കുന്നതും ഇതുപോലെയാണ്. സാഹിത്യകാരൻ ബുദ്ധിമുട്ടിയപ്പോൾ പണക്കാരൻ ചോദിച്ചു, 'സാറിന് ഉത്തരം അറിയില്ല അല്ലേ'. ഇല്ല എന്ന് മറുപടി പറഞ്ഞപ്പോൾ 'എങ്കിൽ ഒറ്റ മാർഗ്ഗമേയുള്ളൂ സാർ ഒരു 100 രൂപ എനിക്ക് തരൂ', അപ്പോൾ സാഹിത്യകാരൻ 100 രൂപ കൊടുത്തു. 'എന്നാൽ നീ ഉത്തരം പറയൂ, എനിക്കും അറിയില്ല, സാർ 50 രൂപ വച്ചോളൂ'. അപ്പോൾ സംഗതി ഇത്രയേയുള്ളൂ. മിടുക്കനും സത്യസന്ധനുമായ ബുദ്ധിമാൻ ആർത്തിയുള്ള മണ്ടനായ പണക്കാരന്റെ മുമ്പിൽ തോറ്റുപോകും. കേരളം ആ കാര്യത്തിൽ തോറ്റിട്ടുണ്ട്. ജി.എസ്.ടി.-യിലും നോട്ട് പിൻവലിക്കലിലും തോറ്റിട്ടുണ്ട്. ആ തോൽവി നമ്മുടെയെല്ലാം തോൽവിയാണ്. അങ്ങനെ ആർത്തിയുള്ള മിടുക്കന്മാർ നമ്മെ തോൽപ്പിച്ചുനിർത്തിയിരിക്കുമ്പോൾ, തോൽപ്പിച്ചാലും ജീവിതം കൊടുക്കരുത്. ഒരാളല്ല നമ്മളെല്ലാവരുമാണ് തോൽക്കുന്നത്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഏറ്റവും വലിയ പ്രത്യേകത, ഇതിനെയെല്ലാം മറികടക്കുമ്പോൾ ഒരമ്മയെ പോലെയായിരിക്കും ഡോ. ടി. എം. തോമസ് ഐസക് എന്നാണ് ഞാൻ കാണുന്നത്. ഒരു നയം നടപ്പാക്കുമ്പോൾ അമ്മയുടെ പ്രത്യേകത എന്താണ്, ഏറ്റവും ഇളയ കുഞ്ഞിനെ മറക്കരുതെന്നാണ്. ഒരമ്മയുടെ മുമ്പിൽ 2 വയസ്സുള്ള കുട്ടിയും 4 വയസ്സുള്ള കുട്ടിയും 6 വയസ്സുള്ള കുട്ടിയും 8 വയസ്സുള്ള കുട്ടിയുംകൂടി നിലവിളിച്ചാൽ മാതൃത്വമാണെങ്കിൽ 2 വയസ്സുള്ള കുട്ടിയെ എടുക്കും, 4 വയസ്സുള്ള കുട്ടിയുടെ കയ്യിൽ പിടിക്കും, 6 വയസ്സുള്ള കുട്ടിയുടെ കയ്യിൽ മുണ്ടിന്റെ തുമ്പ് കൊടുക്കും, 8 വയസ്സുള്ളവനോട് പിറകേ നടന്നുവരാൻ പറയും. ഇതാണ് ഡോ. ടി. എം. തോമസ് ഐസക് ചെയ്യുന്നത്. അതുകൊണ്ട് കർഷകത്തൊഴിലാളികളെയും കശുവണ്ടിത്തൊഴിലാളികളെയും രോഗികളെയും സാധാരണക്കാരനെയും മറക്കില്ല. അതിനൊരു മുൻഗണനയുണ്ട്. ഒരമ്മ മുൻഗണന കൊടുക്കുന്ന തരത്തിൽ പരിഗണിക്കുന്നതാണ് ഇൻഡ്യയുടെ നയമെന്ന് രാജ്യത്തോട് പറഞ്ഞത് മഹാത്മാഗാന്ധിയാണ്. ഒരു മാതൃത്വ ഹൃദയമായിരിക്കണം ഭരണത്തിന്റെ ഹൃദയമായി നിൽക്കേണ്ടത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിന്റെ ഹൃദയമായി സൂക്ഷിക്കുന്നത് തീർച്ചയായും മാതൃത്വ ഹൃദയമാണ്.

ലോകത്തിനു മുന്നിൽ ആദ്യത്തെ ഉത്തരമായി ലോകത്തിലെ പ്രതിസന്ധിയിൽപ്പെട്ടവരെല്ലാം കാണുന്നത് മാർക്സിനെയാണ്. മാർക്സ് അന്ന് പറഞ്ഞ തരത്തിൽ ലോകത്ത് ഇന്ന് നടക്കുമെന്ന് കരുതരുത്. അങ്ങനെയല്ല, ഇന്നത്തെ ലോകത്തിൽ മുതലാളിത്തം സൃഷ്ടിച്ച സാമൂഹിക-സാമ്പത്തിക-ജീവിത പ്രതിസന്ധി മാത്രമല്ല, ഒരു സാംസ്കാരിക സദാചാര പ്രതിസന്ധിയുണ്ട്. അവിടെയാണ് മാർക്സിനെ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നത്. മാർക്സിന്റെ ആശയങ്ങൾ പണ്ടത്തെപ്പോലെ ഉൾക്കൊള്ളുന്ന ഒരു യൗവ്വനം ഇന്നില്ല. പക്ഷെ ഉൾക്കൊള്ളാൻ ദാഹിക്കുന്ന മനസ്സുള്ളവർ ലോകത്തുണ്ട്. ചൈനയിൽ നടക്കുന്ന കാര്യങ്ങളും അതിന്റെ ശരി തെറ്റുകളും കുറച്ചുകൂടി ഗൗരവമായി പഠിക്കേണ്ടതാണ്. പക്ഷെ, നമ്മുടെ രാജ്യത്ത് മാർക്സിസം പ്രയോഗിക്കാൻതക്കവിധം, നമ്മൾ മാർക്സിസം മനസ്സിലാക്കുന്നതോടൊപ്പം ഇൻഡ്യൻ സംസ്കാരത്തെയും മതേതരത്വത്തെയും ജനാധിപത്യത്തെയും മനസ്സിലാക്കിക്കൊണ്ട് അതിനോട് ചേർത്തുവേണം മാർക്സിസത്തെ ബന്ധിപ്പിക്കേണ്ടത്. അതുകൊണ്ട് നിങ്ങളും കുറച്ചുകൂടി അതിനെക്കുറിച്ചൊക്കെ പഠിക്കാൻ ശ്രമിക്കണം. ഞാൻ പൂർണ്ണമായും ശരിയാണെന്ന് ആരും തെറ്റിദ്ധരിക്കരുത്. നമ്മളിൽ ധാരാളം കുറവുകളുണ്ട്. ചിലപ്പോൾ നമ്മൾ പരസ്പരം സഹകരിക്കുമ്പോൾ ആ കുറവ് കുറയും. അതിന് സഹകരിക്കാനുള്ള ഒരു മനസ്സ് വേണം. നമ്മുടെ മുമ്പിൽ ധാരാളം മോഹങ്ങളും സാമ്പത്തിക പരിമിതിയും ഉണ്ടാകുമ്പോൾ മുൻഗണന നിശ്ചയിക്കേണ്ടിവരും. അങ്ങനെ മുൻഗണന നിശ്ചയിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കുമ്പോൾ നമുക്ക് ചിലത് വേണ്ടെന്ന് വയ്ക്കാൻ സാധിക്കില്ല. പെൻഷൻ കൊടുത്തു തീർക്കുന്നതോടൊപ്പം വികസന പദ്ധതികൾ നടക്കണം. അതിനാണ് കേരളത്തിലെ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കിഫ്ബി കൊണ്ടുവന്നത്. ഇപ്പോഴും നിങ്ങൾ പലപ്രാവശ്യം കിഫ്ബിയെക്കുറിച്ച് പറഞ്ഞു. പക്ഷെ കിഫ്ബിയിൽ ധാരാളം പദ്ധതികൾ അനുവദിച്ചു. ടെണ്ടർ ചെയ്ത് വർക്ക് തുടങ്ങി മുന്നോട്ടു പോകുമ്പോൾ നിങ്ങളതിനെ എതിർത്തുകൊണ്ടുതന്നെ പറയുന്നത്, നിങ്ങളുടെ മണ്ഡലങ്ങളിൽക്കൂടി വേണമെന്നാണ്. തീർച്ചയായും അത് വേഗത്തിൽ നടപ്പാക്കി കൊണ്ടുമാത്രമേ കേരളത്തിന് ഐശ്വര്യപൂർണ്ണമായ വഴികളിൽ സഞ്ചരിച്ച് ലോകത്തിനൊപ്പമെത്താൻ കഴിയുകയുള്ളൂ.

കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ ലോകത്തോടൊപ്പം എത്തിച്ചില്ലെങ്കിൽ വരും കാലം നമ്മൾ ലോകത്തിന് പുറകിൽ ഇരുണ്ട മൂലയിലായിപ്പോകും. അതുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. അതിന് എവിടെനിന്നെങ്കിലും എങ്ങനെയെങ്കിലും പണം കണ്ടെത്തേണ്ടിവരും. കുറച്ചുകൂടി സ്വയംശക്തി സംഭരിക്കേണ്ടിവരും. അങ്ങനെ ശക്തി സംഭരിക്കേണ്ടിവരുന്ന വഴികൾ പുതിയതായി ഒരു പ്രതിസന്ധി ഘട്ടത്തിൽ തുറന്നുവയ്ക്കുകയാണ് ഡോ. ടി. എം. തോമസ് ഐസക് ചെയ്തത്. അതിനെ നമ്മൾ അംഗീകരിക്കണം. അത് അംഗീകരിച്ചുകൊണ്ട് കൂട്ടായി മുന്നേറണം. റബ്ബർ

വിലയുടെ കാര്യത്തിൽ കുറച്ചുകാലം മുന്നോട്ടുപോകാൻ കഴിയില്ല. നമ്മുടെ വരുമാനം അധികം വർദ്ധിക്കാൻ പോകുന്നില്ല. ഇവിടെ ശ്രീ. എം. ഉമ്മർ പറഞ്ഞതുപോലെ നികുതി വരവ് കുറഞ്ഞു, ഖജനാവിന്റെ ആഴം കുറഞ്ഞു എന്നത് സത്യമാണ്. ലോകത്ത് എല്ലായിടത്തും അങ്ങനെ കുറയുകയാണ്. ചിലപ്പോൾ അത് കുറച്ചുകൂടി പ്രതിസന്ധിയിലേയ്ക്ക് പോകും. അപ്പോൾ നമുക്ക് മുന്നിൽ ഒരുമിച്ച് ചില പുതിയ വഴികൾ തുറക്കും. ആ വഴികൾ തുറക്കേണ്ടത് നമ്മളാണ്. ചില വഴികൾ അടഞ്ഞു പോകും. അപ്പോൾ ചില വഴികൾ തുറന്നുവയ്ക്കണം. ആ പ്രതിസന്ധി മറികടക്കാനും നമ്മുടേതായ സാധ്യതകൾ കണ്ടെത്താനുമുള്ള പരിശ്രമം നടത്തുന്നതിന് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവരുന്നുണ്ട്.

നിങ്ങൾ മദ്യത്തിന്റെ കാര്യം പറയുന്നുണ്ട്. തീർച്ചയായും കേരളത്തിൽ മദ്യം ഒരു പ്രശ്നം തന്നെയാണ്. പക്ഷേ ബാറുകൾ തുറക്കുന്നോ പൂട്ടുന്നോ എന്നുള്ളതല്ല, ലഹരിയുടെ സ്വാധീനം കേരളത്തിലെ യൗവനത്തെ, കേരള ജനതയെ അടിപ്പെടുത്തുന്നുവെന്നുള്ളതാണ്. ഇതിൽനിന്ന് ശാസ്ത്രീയമായി എങ്ങനെ മാറാം എന്നുള്ളതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. ലഹരി മാഫിയ ഏറ്റവും കൂടുതൽ ടാർജെറ്റ് ചെയ്യുന്ന വിഭാഗത്തെ എങ്ങനെ മോചിപ്പിക്കാമെന്നാണ് നോക്കേണ്ടത്. അത് മതപരമോ രാഷ്ട്രീയപരമോ ആയ പ്രശ്നമല്ല. ഇത് കേരളത്തിന്റെ ഭാവിയെ സംബന്ധിക്കുന്ന പ്രശ്നമാണ്. ഇന്നുള്ള മദ്യവർജ്ജന പരിപാടിയായ 'വിമുക്തി' പദ്ധതി മാത്രം പോര; അതിന് സമഗ്രവും ശാസ്ത്രീയവുമായ ഒരു രൂപരേഖ ഉണ്ടാകണമെന്നുള്ളതാണ് എന്റെ അഭിപ്രായം. അത് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും അംഗീകാരം നേടുന്ന ഒന്നായിരിക്കണം. യുവജന സംഘടനകളെല്ലാം ഇതിൽ പങ്കാളിത്തം വഹിക്കണം. നമ്മുടെ സമുദായ സംഘടനകളും മറ്റ് സംഘടനകളുമെല്ലാം ഈ അജണ്ട മുന്നോട്ട് വയ്ക്കണം. അങ്ങനെ മുന്നോട്ടുപോകാൻ ശ്രമിക്കണം. മദ്യത്തിന് ചെലവഴിക്കുന്ന കാശിന്റെ 10 ശതമാനം വീതം ആണ്ടുതോറും കമ്പോളത്തിൽ വന്നാൽ ചെറുകിട കച്ചവടക്കാരുടെ വാങ്ങൽശേഷി വർദ്ധിക്കുകയും കുടുംബങ്ങളിൽ സമാധാനമുണ്ടാവുകയും പൊതുകമ്പോളം സജീവമാകുകയും ചെയ്യും. അതിനായി സ്വാഭാവികവും ശാസ്ത്രീയമായതുമായ ഒരു പദ്ധതിയുണ്ടാകണം. മദ്യം കുടിക്കാൻ ആഗ്രഹിക്കുന്നവർ എവിടെയും പോയി കുടിക്കും. എവിടെയും പോയി മദ്യം കുടിക്കാൻ പ്രേരിപ്പിക്കുന്നതല്ല, മദ്യ ഉപഭോഗത്തിൽ നിന്നും ഒരാളെ മാറ്റാൻ കഴിയുക എന്നതാണ് പ്രധാനം. പല സ്ഥലങ്ങളിലും അങ്ങനെ കഴിഞ്ഞിട്ടുണ്ട്. ആന്ധ്രാപ്രദേശിലെ ഒരു ഗ്രാമത്തിൽ ഇത്തരത്തിലൊരു വിജയഗാഥയുണ്ട്. 1980-81 കാലഘട്ടത്തിൽ നടന്നതാണ്. സ്ത്രീകൾ മുന്നിട്ടിറങ്ങി നേടിയ വിജയമാണത്. ഒരു പ്രദേശത്തെ ചെറുപ്പക്കാരെ അല്ലെങ്കിൽ ഒരു വിഭാഗത്തെ മദ്യത്തിന്റെ പിടിയിലേയ്ക്ക് വരുന്നതിൽനിന്നും തടയുന്നതിന് ശാസ്ത്രീയമായ ഇടപെടലുകൾ എങ്ങനെ നടത്താം എന്നുള്ളതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. അത് എക്സൈസ്

വകുപ്പിന്റെയോ മറ്റേതെങ്കിലും വകുപ്പിന്റെയോ ഭരണകൂടത്തിന്റെയോ ജോലിയല്ല, ഒരു സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. അത് നിർവ്വഹിക്കണമെന്ന് സമൂഹത്തോട് നിങ്ങളെല്ലാം അഭ്യർത്ഥിക്കണം. ആ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഞാനും തയ്യാറാണെന്ന് പറഞ്ഞുകൊണ്ട് ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ശക്തമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എസ്. ശർമ്മ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2018-ലെ കേരള ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ആ ബഡ്ജറ്റിനെക്കുറിച്ചും ധനബില്ലിനെ കുറിച്ചുമെല്ലാം വിശദമായ പരിശോധന നടക്കുമ്പോൾ, കേരളം പോലുള്ളൊരു സംസ്ഥാനത്ത് ജനവിരുദ്ധമായൊരു നിലപാട് സ്വീകരിക്കുകയാണെങ്കിൽ സാധാരണഗതിയിൽ വൻതോതിലുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടുവരുമെന്നുള്ളതാണ്. കഴിഞ്ഞ ഒന്നുരണ്ട് ബഡ്ജറ്റുകൾ സംസ്ഥാനത്ത് അവതരിപ്പിച്ചതിനുശേഷം ഏതെങ്കിലുമൊരു ജനവിഭാഗത്തെ ദോഷകരമായി ബാധിക്കുന്ന ഏതെങ്കിലും നികുതി നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു സമരവും കേരളത്തിൽ ഉണ്ടായിട്ടില്ലെന്നുള്ളത് ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. ജനങ്ങൾക്ക് ദോഷകരമായ നികുതി നിർദ്ദേശങ്ങളില്ലാതെയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. വിമർശനാത്മകമായ ഒന്നോ രണ്ടോ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞേയ്ക്കാം. സബ്ജക്ട് കമ്മിറ്റിയുടെ സ്ക്രൂട്ടിനിക്ക് വിധേയമാക്കുന്ന സന്ദർഭത്തിൽ അക്കാര്യങ്ങൾ ചർച്ച ചെയ്യാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ശക്തമായ എതിർപ്പില്ലാതെ, സാധാരണ മനുഷ്യനെ ദോഷകരമായി ബാധിക്കാത്തതും അധിക നികുതിഭാരം അടിച്ചേൽപ്പിക്കാത്തതും നാടിന്റെ വികസന ചരിത്രത്തിൽ 54,000 കോടി രൂപയുടെ വികസനക്കുതിപ്പിന് തുടക്കം കുറിച്ചതും സാമൂഹ്യക്ഷേമത്തിൽ ഊന്നിനിന്നുകൊണ്ട് ദരിദ്ര ജനവിഭാഗത്തിന് സുരക്ഷാകവചം തീർക്കുന്നതിനുമുതകുന്ന വിധത്തിലുമുള്ള ധനബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കിഫ്ബിയുടെ നടത്തിപ്പ് സംബന്ധിച്ചുള്ള ആശങ്കകൾക്ക് വിരാമമിട്ടുകൊണ്ട് കർമ്മമണ്ഡലത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ നേരിട്ട്, ബഡ്ജറ്ററി വർക്കല്ലാതെതന്നെ സമാന്തരമായി നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് അടിസ്ഥാനപരമായ പങ്ക് വഹിക്കുന്ന ഈ ധനബിൽ കേരളത്തിന്റെ വികസനക്കുതിപ്പിന് സഹായകരമാകുമെന്നതിൽ സംശയമില്ല. എന്റെ അഭിപ്രായത്തിൽ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റും ഈ ബില്ലും ഇന്ത്യക്കുതന്നെ ഒരു മാതൃകയാക്കുന്നതിൽ വിജയം കൈവരിച്ച ഒരു ധനകാര്യമന്ത്രിയാണ് ഡോ. ടി. എം. തോമസ് ഐസക്. ജി.എസ്.ടി.-യും നോട്ട് നിരോധനവും നമ്മുടെ സംസ്ഥാനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. വന്നതോടുകൂടി നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കുകയും നോട്ട് നിരോധനം

ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് വഴിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിൽ ജനങ്ങൾക്കുമേൽ അധികഭാരം അടിച്ചേൽപ്പിക്കാതെ സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന വിധത്തിൽ സമാന്തരമാർഗ്ഗങ്ങൾ ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന പശ്ചാത്തലത്തിലാണ് ഈ ധനബിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നത്. ജനങ്ങൾക്ക് ഭാരമാകുന്ന നികുതി നിർദ്ദേശങ്ങളില്ലാതെ, ക്ഷേമപദ്ധതികൾക്കും വികസന പദ്ധതികൾക്കും യാതൊരു ക്ഷാമവും വരുത്താതെ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ധനമാനേജ്മെന്റ് എന്നത് യഥാർത്ഥത്തിൽ വ്യത്യസ്ത വർഗ്ഗതാൽപ്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള നടപടിയാണ്. കേന്ദ്രത്തിന്റെ ധനമാനേജ്മെന്റ് എന്നത് കോർപ്പറേറ്റുകൾക്കും മൂലധനശക്തികൾക്കുമുള്ള ഒരു സംരക്ഷണ കവചമാണ്. അതേസമയം കേരളം പോലുള്ള സംസ്ഥാനത്ത് സാധാരണക്കാരും നിരാലംബരുമായ പാവപ്പെട്ടവരുടെ ജീവിതത്തിന്റെ ഒരു സംരക്ഷണ മതിലായിട്ടാണ് ഇവിടത്തെ ധനമാനേജ്മെന്റ് നിലകൊള്ളുന്നത്. കേന്ദ്ര സർക്കാർ അടുത്ത കാലത്ത് ലോക്സഭയിൽ അറിയിച്ചുപ്രകാരം 2016 മാർച്ച് അവസാനം ബാങ്കുകളുടെ കിട്ടാക്കടം 4,76,816 കോടി രൂപയും 2017 മാർച്ച് 31-ാം തീയതി നിഷ്ക്രിയ ആസ്തിയായി കണക്കാക്കിയിരുന്നത് 7 ലക്ഷം കോടി രൂപയുമായിരുന്നു. പ്രതിവർഷം 60,000 കോടി രൂപയോളം കിട്ടാക്കടമായി എഴുതിത്തള്ളുകയാണ്. അതിൽ ഇന്ത്യയിലെ കർഷകരെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ സംസ്ഥാനങ്ങൾ അത് വഹിക്കട്ടെ എന്നുപറഞ്ഞ് തള്ളുകയാണ് ചെയ്തത്. പ്രതിവർഷം ഏകദേശം 12000 കർഷകരാണ് ഇന്ത്യയിൽ ആത്മഹത്യ ചെയ്യുന്നത്. സംസ്ഥാനത്ത് അപ്രകാരം ചൂണ്ടിക്കാണിക്കാൻ കഴിയില്ല. കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നടപടി ഫെഡറൽ തത്വങ്ങളെ അട്ടിമറിക്കുന്നതും രാജ്യത്തിന്റെ ജനാധിപത്യത്തിനും ഫെഡറൽ സമ്പ്രദായത്തിനും കനത്ത വെല്ലുവിളി ഉയർത്തുന്നതുമായ നവലിബറൽ നയത്തിന്റെ ഭാഗമായുള്ളതാണ്. ജി.എസ്.ടി. വഴി സംസ്ഥാനങ്ങളുടെ നികുതി വരുമാനം സാരമായി കുറഞ്ഞിരിക്കുകയാണ്. അതേസമയം ഉപഭോക്താക്കൾക്ക് വലിയ തോതിൽ വിലക്കയറ്റം അനുഭവപ്പെടുകയും ചെയ്യുന്നു. ജനങ്ങളെ വഞ്ചിച്ചുണ്ടാക്കുന്ന തുകയിൽ നിന്നും ഒരു പങ്ക് ചങ്ങാത്ത മുതലാളിത്തത്തിന് നൽകിവരികയാണ്. ഈ പണമാണ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ അട്ടിമറി നടത്തുന്നതിനും വിലയ്ക്ക് വാങ്ങുന്നതിനും ഉപയോഗപ്പെടുത്തിയത്. ആർ.എസ്.എസ്.-ന്റെ ദേശീയ നേതാവ് കഴിഞ്ഞ മൂന്ന് വർഷമായി ത്രിപുരയിൽ അട്ടിമറിപ്പണി നടത്തുന്നതിന് ശ്രീ. രാംമാധവിനാണ് ചുമതല നൽകിയത്. ആ തെരഞ്ഞെടുപ്പ് വിജയത്തിനുശേഷം ഇപ്പോൾ കേരളത്തിന്റെ ചുമതല അദ്ദേഹത്തിന് കൊടുത്തിരിക്കുകയാണ്. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റുകാർ എവിടെയുണ്ടെങ്കിലും അവരെ തുടച്ചുനീക്കുമെന്ന് ശ്രീ. രാംമാധവ് പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ ശ്രീ. മുല്ലക്കര രത്നാകരൻ മഹാത്മാഗാന്ധിയെ ഉദ്ധരിച്ച് സംസാരിച്ച സന്ദർഭത്തിൽ പ്രതിപക്ഷ ബഞ്ചുകളിൽനിന്നും എന്തുകൊണ്ട് മാർക്സിനെ ഉദ്ധരിക്കുന്നില്ല എന്ന് ചോദിച്ചിരുന്നു. മനുഷ്യനും പ്രപഞ്ചവും നിലനിൽക്കുന്നിടത്തോളം കാലം ഏത്

സാഹചര്യത്തിലും ഉദാഹരണത്തിനും മാതൃകയ്ക്കും വെളിച്ചം പകരുന്നതിനും വഴികാട്ടിയായി ലോകത്തിന് മുന്നിൽ മാർക്സിനെ ചൂണ്ടിക്കാണിക്കുന്നതിൽ കമ്മ്യൂണിസ്റ്റുകാർക്ക് അഭിമാനമേയുള്ളൂ. 150 വർഷങ്ങൾക്ക് മുമ്പാണ് മഹാനായ മാർക്സ് മൂലധനം രചിച്ചത്. മുതലാളിത്ത വ്യവസ്ഥ, പ്രതിസന്ധിയുടെ വ്യവസ്ഥയാണെന്നും പ്രതിസന്ധി നേരിടുന്ന സന്ദർഭത്തിൽ പരിഹരിക്കാൻവേണ്ടി സ്വീകരിക്കുന്ന ഓരോ നടപടികളും കൂടുതൽ പ്രതിസന്ധികളിലേക്ക് പോകുമെന്നും അങ്ങനെ പ്രതിസന്ധിയിൽ നിന്നും കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് പോകുന്ന ഒരു വ്യവസ്ഥയാണ് മുതലാളിത്ത വ്യവസ്ഥയെന്നും ലോകത്തിന് മുന്നിൽ ചൂണ്ടിക്കാണിച്ചു. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ തയ്യാറാക്കുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന് കുടുംബസമേതം പാലായനം ചെയ്ത് മറ്റൊരു രാജ്യത്ത് പോയി ജീവിക്കേണ്ടിവന്നു. അവിടെ വച്ചാണ് മൂലധനം തയ്യാറാക്കിയത്. ആ സന്ദർഭത്തിലാണ് അദ്ദേഹത്തിന്റെ മക്കൾ മരിച്ചത്. ഏറ്റവും അവസാനത്തെ കുട്ടി മരിച്ചപ്പോൾ മാർക്സിന്റെ മടിയിൽ 28 മണിക്കൂർ ആ കുഞ്ഞിനെ സൂക്ഷിച്ചിരുന്നു. ജീവിതത്തിൽ ഒരിക്കൽപ്പോലും കരയാത്ത മാർക്സിന്റെ കണ്ണുകൾ അപ്പോൾ നനഞ്ഞിരുന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അദ്ദേഹത്തിന്റെ സുഹൃത്തായ ഏംഗൽസും മറ്റുള്ളവരും വന്നതിനുശേഷമാണ് മാർക്സിന്റെ കുഞ്ഞിന്റെ ശവസംസ്കാരം നടത്തിയത്. ശവപ്പെട്ടി വാങ്ങാൻപോലും പണമില്ലാത്ത സാഹചര്യമായിരുന്നു. മാർക്സിന്റെ ജീവിതം ലോകത്തിന്റെ ജീവിതമായി, മാർക്സിന്റെ അനുഭവങ്ങൾ ലോകത്തിന്റെ അനുഭവങ്ങളായി. മാർക്സ് നൽകിയ സംഭാവനകൾ ചരിത്രത്തോളം വലുപ്പമുള്ളതാണ്. ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ നടത്തിയ ഹിത പരിശോധനയിൽ, പോയ നൂറ്റാണ്ടിലും ഈ നൂറ്റാണ്ടിലും ലോകത്ത് ഏറ്റവും കൂടുതൽ വിലപ്പെട്ട പങ്കുവഹിച്ച രാഷ്ട്രമീമാംസകനും തത്വചിന്തകനും ആരെന്ന ചോദ്യത്തിന്, മറ്റെല്ലാവരെയും പിന്നിലാക്കിക്കൊണ്ട് മഹാനായ മാർക്സാണ് ഒന്നാമത്തെ വ്യക്തിയെന്ന് വന്നിട്ടുണ്ട്. ലോകത്തിന് മുന്നിൽ അതിരുകളില്ലാത്ത വിധം സാമ്പത്തിക-സാമൂഹ്യ ശാസ്ത്രങ്ങളിലും രാഷ്ട്രമീമാംസയിലും മനുഷ്യനും പ്രപഞ്ചവും നിലനിൽക്കുന്നിടത്തോളം കാലം മനുഷ്യരുടെ ജീവിത പുരോഗതിക്കുവേണ്ടി പങ്കുവഹിക്കുന്ന ദർശനമാണ് ലോകത്തിന് അദ്ദേഹം സംഭാവന ചെയ്തത്. ആ ദർശനത്തിന്റെ സ്പർശവും ചൂടും കാറ്റും ഉൾക്കൊള്ളുന്നതാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധന ബിൽ എന്നതിനാൽ അങ്ങേയറ്റത്തെ അഭിമാനത്തോടുകൂടി ഞാൻ ഇതിനെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, Mr. Finance Minister, the people of Kerala are sullen, dejected and apprehensive about their future. ഒരു സർക്കാരിന് ചില മുൻഗണനകളുണ്ടാകും. ഈ സർക്കാരിന്റെ മുൻഗണന എന്താണെന്ന് നിർവ്വചിക്കാൻ കഴിയുന്നില്ല. More investments in private and public, more jobs, more credit for small and medium business. Ease of doing business എന്നുള്ളതാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ഏറ്റവും

വലിയ പ്രത്യേകത. Whether this government has equipped with that? ഈ രണ്ട് വർഷത്തെ പ്രവർത്തനം പരിശോധിക്കുമ്പോൾ ഈ സർക്കാർ മുൻഗണനയുടെ കാര്യത്തിൽ എത്രമാത്രം മുന്നോട്ട് പോയിട്ടുണ്ട്? വികസനം ആഗ്രഹിക്കുന്ന ഏതൊരു സംസ്ഥാനവും മുൻഗണന കൊടുക്കേണ്ട കാര്യങ്ങളിൽ സർക്കാരിനുണ്ടായിരിക്കുന്ന പരാജയമാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ഞാൻ രാഷ്ട്രീയ വിഷയങ്ങളിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. സാധാരണ, ധനകാര്യ ബില്ലിൽ ആരും രാഷ്ട്രീയം പറയാറില്ല. ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ വൈറ്റ് പേപ്പർ അവതരിപ്പിച്ചുകൊണ്ട് അങ്ങ് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. യു.ഡി.എഫ്. സർക്കാരിന്റെ കെടുകാര്യസ്ഥതയും സാമ്പത്തിക അച്ചടക്കമില്ലായ്മയും കാരണം സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ കുളംതോണ്ടിയെന്നും അതിൽ നിന്നും സംസ്ഥാനത്തെ കരകയറ്റി സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുകയാണ് ഇടത് സർക്കാരിന്റെ ലക്ഷ്യമെന്നും അങ്ങ് പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചില ടാർജറ്റുകൾ പ്രഖ്യാപിക്കുകയുണ്ടായി. ധനക്കമ്മി മൂന്ന് ശതമാനമായി കുറയ്ക്കുമെന്നും റവന്യൂ കമ്മി പൂജ്യം ശതമാനത്തിലെത്തിക്കുമെന്നു മായിരുന്നു ആ ടാർജറ്റ്. ടാർജറ്റ് അച്ചീവ് ചെയ്തില്ലെന്ന് മാത്രമല്ല നേരെ മറിച്ചാണ് സംഭവിച്ചത്. ധനക്കമ്മിയും റവന്യൂക്കമ്മിയും കുത്തനെ കുതിച്ചുയർന്നു. 2015-16-ലെ യു.ഡി.എഫ്. ഭരണകാലത്ത് 3.81 ശതമാനമായിരുന്ന ധനക്കമ്മി 2016-17-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 4.28 ശതമാനമായി കുതിച്ചുയരുകയാണ്. ഡോ. തോമസ് ഐസക് പറഞ്ഞതുപോലെ റവന്യൂക്കമ്മി പൂജ്യം ശതമാനമായില്ല, പക്ഷെ 1.73 ശതമാനത്തിൽ നിന്ന് 2.5 ശതമാനമായി ഉയർന്നു. Whether this is a better economics; whether it is a better financial management? ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയിൽനിന്ന് ഞാനൊരു മറുപടി പ്രതീക്ഷിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ പൊതുകടം അസ്ത്രംവിട്ട വേഗതയിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ശ്രീ. പി. സി. ജോർജിന്റെ ചോദ്യത്തിന് മറുപടിയായി 15-3-2018-ൽ അങ്ങ് നൽകിയ മറുപടി ഞാൻ വായിക്കാം. അക്കൗണ്ടന്റ് ജനറലിന് ലഭ്യമായ താല്ക്കാലിക കണക്കുപ്രകാരം 31-1-2018 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 2,00,09,286 രൂപയും അക്കൗണ്ടന്റ് ജനറലിന്റെ 31-1-2018 വരെയുള്ള താല്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആളോഹരി കടബാധ്യത 60,950.59 രൂപയുമാണ്. ഈ സംസ്ഥാനത്ത് ജീവിക്കുന്ന ഓരോ മനുഷ്യന്റെയും കടബാധ്യതയെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 50,329 കോടി രൂപ കടമെടുത്തു. ഇക്കഴിഞ്ഞ മാസം 20,000 കോടി രൂപകൂടി കടമെടുത്തു. സംസ്ഥാനം കടത്തിൽ മുങ്ങിത്താഴുകയാണ്. ഓരോ പൗരന്റെയും ആളോഹരി കടം അനിയന്ത്രിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള ഭീകരമായ അവസ്ഥ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് ജി.ഡി.പി.-യുടെ 28 ശതമാനമായിരുന്ന കടം ഇപ്പോൾ 30 ശതമാനമായി വർദ്ധിച്ചു. ഇതാണോ നല്ല ഇക്കണോമിക് മാനേജ്മെന്റ്?

[7.00 PM]

ഞാനൊരു ഇക്കണോമിക്സ് വിദ്യാർത്ഥിയായിരുന്നു. കടമെടുത്ത് ചെലവാക്കുന്നതുകൊണ്ട് ഉല്പാദനം വർദ്ധിക്കുമെന്ന വാദഗതി ഇക്കണോമിക്സിലുണ്ട്. എന്നാൽ അതുണ്ടായിട്ടില്ലെന്നു മാത്രമല്ല, യു.ഡി.എഫ്. കാലഘട്ടത്തിൽ 2015-16-ൽ മൂലധനച്ചെലവ് സംസ്ഥാന വരുമാനത്തിന്റെ 1.50 ശതമാനമായിരുന്നത് 2018-19-ലെ ബഡ്ജറ്റിൽ 1.48 ശതമാനമായി കുറയുകയാണ് ചെയ്തതെന്ന കാര്യം അങ്ങ് ആലോചിക്കണം. പാപ്പരായ ഒരു സർക്കാരാണിത്. അതുകൊണ്ട് മൂലധനച്ചെലവ് പിടിച്ചുനിർത്താൻ കുതന്ത്രങ്ങൾ പ്രയോഗിക്കുന്ന ജാലവിദ്യക്കാരനെപ്പോലെയാണ് ഡോ. ടി. എം. തോമസ് ഐസക് പ്രവർത്തിക്കുന്നത്. ഇന്ന് അവതരിപ്പിച്ചിരിക്കുന്ന ധനകാര്യ ബില്ലിൽ വായ്പകൾക്ക് സർക്കാർ ഗ്യാരന്റി നിൽക്കുന്നതിന്റെ അടിസ്ഥാന തത്വത്തിൽ മാറ്റം വരുത്തുകയാണ്. വളരെ ഗൗരവമുള്ള ഒരു കാര്യമാണിത്. നേരത്തെ 14,000 കോടി രൂപയുടെ വായ്പകൾക്ക് മാത്രമേ സർക്കാരിന് ഗ്യാരന്റി നിൽക്കാൻ കഴിയുമായിരുന്നുള്ളൂ. അത് 21,000 കോടി രൂപയായി പിന്നീട് വർദ്ധിപ്പിച്ചു. ഇപ്പോൾ അതിന്റെ ഘടനതന്നെ മാറ്റി, മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ അഞ്ച് ശതമാനമാക്കി മാറ്റിയിരിക്കുകയാണ്. ഇപ്പോഴത്തെ നിലയനുസരിച്ച് ഇത് 34,000 കോടി രൂപയായി മാറും. അതായത് സർക്കാരിന് ഇനിയും 34,000 കോടി രൂപയുള്ള വായ്പകൾക്ക് ഗ്യാരന്റി നിൽക്കാൻ കഴിയുമെന്ന നിലയിലേയ്ക്ക് ഈ ധനകാര്യ ബില്ലിലൂടെ അങ്ങ് മാറ്റം വരുത്തിയിരിക്കുകയാണ്. 21,000 കോടി രൂപയിൽ നിന്നാണ് ഈ മാറ്റമുണ്ടായിരിക്കുന്നത്.

കിഫ്ബിയെപ്പറ്റി നമ്മൾ എപ്പോഴും പറയാറുണ്ട്. ഇതൊരു ആകാശകുസുമമാണെന്നുള്ളത് യാഥാർത്ഥ്യമാണ്. കിഫ്ബി ഒരു സ്വപ്നമാണ്. കിഫ്ബിക്കുവേണ്ടി പണം കടമെടുക്കുമ്പോൾ ഗ്യാരന്റി നിൽക്കുന്നതിനുവേണ്ടിയാണ് ഈ ഘടനാമാറ്റം ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വരുത്തിയിട്ടുള്ളത്. കിഫ്ബിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? ഇനിയും അതിന് ചിറക് വിരിച്ച് പറക്കാൻ കഴിഞ്ഞിട്ടുണ്ടോ? അഞ്ചു വർഷംകൊണ്ട് അമ്പതിനായിരം കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചത്. അത് നടപ്പാക്കിക്കഴിയുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യത 94,118 കോടി രൂപയായി മാറും. കിഫ്ബിയുടെ വായ്പയ്ക്ക് 9.5 ശതമാനമാണ് പലിശ. ഇന്നത്തെ നിരക്കിൽ കൊള്ളപ്പലിശയാണ്. ഷെഡ്യൂൾഡ് ബാങ്കിലും നാഷണലൈസ്ഡ് ബാങ്കിലും ഏഴ് ശതമാനത്തിനടുത്ത് മാത്രമാണ് പലിശ നിരക്ക് പ്രഖ്യാപിച്ചിട്ടുള്ളത്. കിഫ്ബിക്കുമാത്രം 9.5 ശതമാനം പലിശ കൊടുക്കേണ്ടിവരുന്നുവെന്നത് ഒരു പ്രത്യേകതയാണ്. പക്ഷെ ഈ സർക്കാരിന് കടബാധ്യതയിൽനിന്നും രക്ഷപ്പെടാൻ തക്കവിധത്തിലാണ് കിഫ്ബിയുടെ ഘടന വളരെ ബുദ്ധിപൂർവ്വം ഡോ. തോമസ് ഐസക് രൂപീകരിച്ചിട്ടുള്ളത്. അടുത്തുവരുന്ന

രണ്ട് സർക്കാരുകളുടെ തലയിലായിരിക്കും കിഫ്ബിയുടെ ഭാരം അദ്ദേഹം അടിച്ചേൽപ്പിക്കുന്നത്. അതായത് ഏഴ് വർഷംകൊണ്ട് അടച്ചുതീർക്കത്തക്ക നിലയിലാണ് ഇത് വിഭാവന ചെയ്തിട്ടുള്ളത്. ആദ്യത്തെ മൂന്നു വർഷത്തിൽ തിരിച്ചടവില്ല. പിന്നീട് ഏഴ് വർഷംകൊണ്ട് തിരിച്ചടയ്ക്കണം. അതായത്, വരാൻ പോകുന്ന രണ്ട് സർക്കാരുകളുടെ തലയിൽ വലിയ ഭാരം അടിച്ചേൽപ്പിക്കുന്ന മായാജാലമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ചെയ്തിട്ടുള്ളത്. 50,000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കയ്യിലുള്ളത് നാലായിരം കോടി രൂപ മാത്രമാണ്. ഇതുവരെ കിഫ്ബിയിലൂടെ ചെലവാക്കിയത് 355 കോടി രൂപയാണ്. കിഫ്ബിയിലെ ജീവനക്കാരുടെ ശമ്പളത്തെപ്പറ്റി ഞാൻ പറയുന്നില്ല, അങ്ങ് അക്കാര്യം പരിശോധിക്കണം. ഇത്രയും വലിയ ശമ്പളം നമുക്ക് കൊടുക്കാൻ കഴിയുമോ? ആരെയും വ്യക്തിപരമായി പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. I don't want to name anybody. പക്ഷെ ഇത്രയും ഭീമമായ ശമ്പളം കൊടുക്കാൻ നമുക്ക് കഴിയുമോയെന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കണം. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി നിൽക്കുന്നതുകൊണ്ട് കടം കയറുന്നതല്ലാതെ സാമ്പത്തിക വളർച്ചയുണ്ടാകുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. അത്തരമൊരു സാമ്പത്തിക വളർച്ച കേരളത്തിന് കൈവരിക്കാൻ കഴിയുന്നില്ല. സംസ്ഥാനത്ത് നൂറിലേറെ പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. 13 സ്ഥാപനങ്ങൾക്കുമാത്രമാണ് ഗ്യാരന്റി കമ്മീഷൻ കൊടുക്കാൻ കഴിയുന്നത്. നമ്മൾ പാസ്സാക്കിയ നിയമമനുസരിച്ചുതന്നെ സർക്കാരിന് കിട്ടേണ്ട ഗ്യാരന്റി കമ്മീഷൻ കടമെടുക്കുന്നയാൾ പൂർണ്ണമായി അടച്ചുതീർക്കാത്തപക്ഷം ഗ്യാരന്റി കാലാവധിക്കുശേഷം നീട്ടാൻ പാടില്ലാത്തതാണ്. കേരള നിയമസഭ പാസ്സാക്കിയ നിയമമാണിത്. ഇവിടെ എല്ലാവരും പൊതുവേ പറയുന്നത്, എൽ.ഡി.എഫ് അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായെന്നാണ്. Review of the Public Enterprises in Kerala, 2016-17 എന്ന പുസ്തകം പരിശോധിച്ചാൽ ഇതെല്ലാം വീമ്പ് പറച്ചിലാണെന്ന് മനസ്സിലാക്കാൻ കഴിയും. 2015-16-ൽ പൊതുമേഖലാ സ്ഥാപനങ്ങൾ 557.64 കോടി രൂപയുടെ ലാഭമുണ്ടാക്കിയപ്പോൾ 2016-17-ൽ അത് 604.47 കോടി രൂപയായി മാറി. അതിന്റെ അർത്ഥം എൽ.ഡി.എഫ്. അധികാരത്തിൽ വന്നശേഷം വെറും 46.83 കോടി രൂപയാണ് ലാഭമുണ്ടാക്കിയത്. അത് സ്വാഭാവികമായ പരിണാമം മാത്രമാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നഷ്ടത്തിന്റെ കണക്കുകൂടി പറയണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് പറയാം. 2015-16-ൽ 2568.1 കോടി രൂപയായിരുന്നു പൊതുമേഖല സ്ഥാപനങ്ങളുണ്ടാക്കിയ നഷ്ടം. 2016-17 ആയപ്പോൾ അത് 4459.64 കോടി രൂപയായി വർദ്ധിക്കുകയാണുണ്ടായത്. അങ്ങേയ്ക്ക് ഞാൻ

ആ ബുക്ക് തരാം, അങ്ങത് പരിശോധിക്കണം. 2016-17-ൽ പൊതുമേഖലാ സ്ഥാപനങ്ങൾ 46.83 കോടി രൂപ ലാഭമുണ്ടാക്കിയപ്പോൾ നഷ്ടം 2016-17-ൽ മാത്രം 1891.63 കോടി രൂപയായി. ലാഭം മാത്രം പെരുപ്പിച്ച് കാണിക്കുകയും നഷ്ടം മറച്ചുവയ്ക്കുകയും ചെയ്യുന്ന ജാലവിദ്യ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ചെലവാകില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയും ഈ സർക്കാരിനെയും ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഈ റിപ്പോർട്ടിൽ നിന്ന് പറഞ്ഞ കാര്യങ്ങളാണിത്.

ഈ ധനകാര്യബിൽ വഴി ഭൂനികുതി വർദ്ധിപ്പിക്കുകയാണ്. 2014-ൽ ശ്രീ. കെ. എം. മാണി ഭൂനികുതി വർദ്ധിപ്പിച്ചപ്പോൾ അന്ന് പ്രതിപക്ഷത്തിരുന്ന് പ്രക്ഷോഭം നടത്തുകയും സമരം ചെയ്യുകയും ചെയ്തവരാണ് ഇപ്പോൾ ഇതെല്ലാം നടപ്പാക്കാനായി മുന്നോട്ട് വരുന്നത്. ഇതൊരു ഇരട്ടത്താപ്പല്ലേ? മദ്യവിലയുടെ കാര്യത്തിൽ മറ്റൊരു സൂത്രപ്പണിയാണ് സർക്കാർ ചെയ്തത്. ബാറുകൾ പൂട്ടിയപ്പോൾ തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി സെസ് ഏർപ്പെടുത്തി. ഈ ധനകാര്യ ബില്ലിലൂടെ അതെടുത്തുകളയുകയാണ്. നിങ്ങൾ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന നികുതി വർദ്ധിപ്പിച്ചു. ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന നികുതി 400 രൂപ വരെയുള്ളതിന് 200 ശതമാനവും അതിന് മുകളിലുള്ളതിന് 210 ശതമാനവുമാക്കി. ബിയറിന്റെ നികുതി 100 ശതമാനമാക്കി. ഇവിടെയാണ് നിങ്ങളുടെ കള്ളക്കളി പുറത്തുവരാൻ പോകുന്നത്. എന്തിനാണ് മദ്യത്തിനുമേലുണ്ടായിരുന്ന തൊഴിലാളികളുടെ പുനരധിവാസ സെസ് ഇല്ലാതാക്കിയത്? ഇടതുമുന്നണിയുടെ ഗൂഢാലോചനയാണ് ഇതിലൂടെ പുറത്തുവരുന്നത്. സംസ്ഥാനത്തെ ബാറുകൾ തുറന്നു കൊടുക്കാൻ ബാറുടമകളും ഇടതുമുന്നണിയും തമ്മിൽ നേരത്തെ ധാരണയുണ്ടാക്കിയ തനുസരിച്ച് എല്ലാ ബാറുകളും തുറക്കാൻ നേരത്തെ തീരുമാനിച്ചു. അല്ലാതെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി വന്നതുകൊണ്ടല്ല ബാറുകൾ തുറന്നത്. എല്ലാ ബാറുകളും തുറക്കുമ്പോൾ തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ട കാര്യമെന്താണ്? സുപ്രീംകോടതി വിധിക്ക് മുമ്പ് അങ്ങ് സെസ് എടുത്തുകളയാൻ തീരുമാനിച്ചതിൽ നിന്നുതന്നെ മദ്യമുതലാളിമാരും സർക്കാരും തമ്മിലുള്ള ധാരണ വളരെ വ്യക്തമായി ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടതാണ്. തൊഴിലാളികളുടെ പുനരധിവാസ സെസ് 900 കോടി രൂപ പിരിച്ചു. ഇതിൽ ചെലവാക്കിയത് നാലോ അഞ്ചോ കോടി രൂപ മാത്രമാണ്. പുനരധിവാസ ഫണ്ട് മറ്റൊന്നിനും ഉപയോഗി ക്കരുതെന്ന ഹൈക്കോടതിയുടെ പ്രത്യേക നിർദ്ദേശമുള്ളത് അങ്ങേയ്ക്കും അറിയാമെന്ന് ഞാൻ കരുതുകയാണ്. തൊഴിലാളികൾക്ക് വിഹിതമായി കിട്ടുന്ന തുകകൂടി ചെലവഴിക്കാമെന്ന് കരുതുന്നുണ്ടെങ്കിൽ അക്കാര്യത്തിൽ കോടതിവിധിയുണ്ടെന്ന കാര്യം ഈ അവസരത്തിൽ ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. കേന്ദ്ര സർക്കാർ ചെയ്തതും ഇതേ കാര്യം തന്നെയാണ്. നികുതി കുറച്ചിട്ട് പെട്രോളിന്റെ

സെസ് വർദ്ധിപ്പിച്ചു. ഇതുതന്നെയാണ് ശ്രീ. അരുൺ ജെയ്റ്റ്ലിയും ചെയ്തത്. അങ്ങ് ചെയ്തതും അതുതന്നെയാണ്. സെസ് എടുത്തുകളഞ്ഞിട്ട് മദ്യത്തിന്റെ വില കൂട്ടിയിരിക്കുകയാണ്. മദ്യത്തിന് എത്ര വില കൂട്ടിയാലും ആളുകൾക്ക് പ്രശ്നമില്ല.

ഈ ബില്ലിൽ ഭൂമിയുടെ ന്യായവില 10 ശതമാനം വർദ്ധിപ്പിച്ചിരിക്കുന്നത് അന്യായമാണ്. മുദ്രപത്ര രജിസ്ട്രേഷൻ ഭാരം വർദ്ധിപ്പിക്കുകയാണ്. മുദ്രപത്രങ്ങൾ ഇന്ന് കിട്ടാനില്ലാത്ത സ്ഥിതിയാണ്. 10, 20, 50, 100 രൂപയുടെ മുദ്രപത്രങ്ങൾ ഇന്ന് കേരളത്തിൽ കിട്ടാനില്ല. ആളുകൾ ഇപ്പോൾ 500 രൂപയുടെ മുദ്രപത്രം വാങ്ങിയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.അഞ്ഞൂറിന്റെയും ആയിരത്തിന്റേതും മാത്രമാണുള്ളത്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഇടപാട് എന്നിവയുമായി ബന്ധപ്പെട്ട വിഷയത്തിൽ യു.ഡി.എഫ്. സർക്കാർ ഉദാരമായ നിലപാടാണ് സ്വീകരിച്ചത്. 1,000 രൂപ മാത്രമേ അതിന് ഫീസ് നിശ്ചയിച്ചുള്ളൂ. കഴിഞ്ഞ തവണ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി തുക വർദ്ധിപ്പിച്ചപ്പോൾ നിങ്ങൾ എന്തൊക്കെ പ്രക്ഷോഭങ്ങൾക്കാണ് നേതൃത്വം കൊടുത്തത്? ഞങ്ങളത് പിൻവലിച്ചു. പക്ഷെ ഭാഗപത്ര രജിസ്ട്രേഷന് ഇന്ന് രണ്ടു ഫീസ് ഈടാക്കാമെന്നാണ് പറയുന്നത്. ഇത് പിൻവലിക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർക്കാരിന്റെ സേവനങ്ങൾക്ക് 5 ശതമാനം നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. സർക്കാരിന്റെ സേവനം വേണ്ടത് ആർക്കാണ്? വൻകിടക്കാർക്കോ പണക്കാർക്കോ കോർപ്പറേറ്റുകൾക്കോ ആവശ്യമുണ്ടോ; പാവപ്പെട്ടവർക്കാണ് സർക്കാരിന്റെ സേവനം വേണ്ടത്. അവിടെയാണ് 5 ശതമാനം നികുതി വർദ്ധിപ്പിച്ചത്. അത് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ജി.എസ്.ടി.-യിൽ വമ്പൻ പ്രതീക്ഷ ഡോ. ടി. എം. തോമസ് ഐസക് വച്ചുപുലർത്തിയിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ പ്രതീക്ഷകളെല്ലാം അസ്ഥാനത്തായി. ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനത്ത് 25 ശതമാനം നികുതി വർദ്ധനവുണ്ടാകുമെന്ന് പറഞ്ഞെങ്കിലും 14 ശതമാനത്തിന്റെ വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. നമ്മുടെ സാമ്പത്തികനില തകിടം മറിഞ്ഞതിന്റെ ഒരു കാരണമിതാണ്. ലോകത്തിൽ ഏറ്റവും സങ്കീർണ്ണമായ ജി.എസ്.ടി. ഘടനയുള്ളത് ഇന്ത്യയിലാണെന്നാണ് ലോകബാങ്കിന്റെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. നാലുതരം സ്ലാബുകൾ ലോകത്തൊരിടത്തുമില്ല. ഏറ്റവും വലിയ നികുതിയായി 28 ശതമാനം നിശ്ചയിച്ചതിനെയും ലോകബാങ്ക് വിമർശിക്കുന്നുണ്ട്. ഏറ്റവും കൂടിയ നികുതി നിരക്കിന്റെ കാര്യത്തിൽ ലോകത്തുതന്നെ രണ്ടാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. ഇങ്ങനെയൊരു ജി.എസ്.ടി. സംവിധാനമായിരുന്നില്ല യു.പി.എ. വിഭാവന ചെയ്തത്. അതിനുപകരം നാട്ടിലെ

മുഴുവൻ ജനങ്ങളെയും ബുദ്ധിമുട്ടിക്കത്തക്ക നിലയിൽ ജി.എസ്.ടി. മാറിക്കൊണ്ടിരിക്കുകയാണ്. നോട്ടുനിരോധനത്തിന്റെ കെടുതികൾ മാറിയിട്ടില്ല. ഇന്ന് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നടപടികൾ രാജ്യത്തെ മൊത്തം ബാധിക്കുമ്പോൾ അത് കേരളത്തെയും ബാധിക്കുന്നുണ്ടെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. പക്ഷെ കേന്ദ്ര ധനകാര്യമന്ത്രിയെക്കാൾ കൂടുതൽ ആവേശത്തോടെ ജി.എസ്.ടി.-യെ പ്രോത്സാഹിപ്പിക്കാൻ മുന്നോട്ടുവന്നത് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയാണ്. ഈ സങ്കീർണ്ണമായ, വിരൂപമായ ജി.എസ്.ടി.-യെപ്പറ്റി അദ്ദേഹം വേണ്ട രീതിയിൽ ആലോചിച്ചില്ലെന്ന് ഞാൻ പറഞ്ഞാൽ അദ്ദേഹത്തിന് അത് നിഷേധിക്കാൻ കഴിയില്ല. സംസ്ഥാനത്ത് എന്തെങ്കിലും നേട്ടമുണ്ടായതായി പറയാൻ ഈ സർക്കാരിന് കഴിയുമോ? സാമ്പത്തിക രംഗത്തുണ്ടായിരിക്കുന്ന ഈ തകർച്ചയും മിസ്മാനേജ്മെന്റും നമ്മുടെ സംസ്ഥാനത്തെ എവിടെ കൊണ്ടുചെന്നെത്തിക്കുമെന്ന് നമ്മളാലോചിക്കണം. സംസ്ഥാനത്ത് ഒരു വൻകിട പദ്ധതികളും നടക്കുന്നില്ല. ലൈറ്റ് മെട്രോ വേണ്ടെന്ന് വച്ചു. അത് ആവശ്യമുണ്ടോ എന്നുപോലും അങ്ങേയ്ക്ക് സംശയമാണ്. മെട്രോ പദ്ധതിയിൽ നിന്ന് ശ്രീ. ഇ. ശ്രീധരൻ ഒഴിഞ്ഞു. ഇനി ആഗോള ടെണ്ടർ വിളിക്കുമെന്ന് പറയുന്നു. ഏതായാലും ആ പദ്ധതി അവതാളത്തിലായി. ഇന്നലെ ശ്രീ. അദാനിയുടെ പ്രസ്താവന വന്നിരിക്കുന്നു. വിഴിഞ്ഞം പദ്ധതിയെപ്പറ്റിയുള്ള ആശങ്കകൾ വർദ്ധിക്കുകയാണ്, നിശ്ചിത സമയത്തിനുള്ളിൽ അദാനിക്ക് ആ പദ്ധതി പൂർത്തിയാക്കാൻ കഴിയാതെ വരികയാണ്. കേരളത്തിലെ ജനങ്ങൾക്ക് ഇക്കാര്യങ്ങളിലെല്ലാം ആശങ്കയുണ്ട്. വിഴിഞ്ഞം പദ്ധതി അവതാളത്തിലാകുന്നതിന്റെ ലക്ഷണങ്ങളാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഒന്നും ചെയ്യാൻ കഴിയാതെ സർക്കാർ നോക്കിനിൽക്കുകയാണ്. കണ്ണൂർ എയർപോർട്ട് ഉൾപ്പെടെയുള്ള വൻകിട പ്രോജക്ടുകളെല്ലാം ഇഴഞ്ഞുനീങ്ങുന്നു. വികസനത്തിന് സമ്പൂർണ്ണ ഹോളിഡേ പ്രഖ്യാപിച്ച ഒരു സർക്കാരിനെയാണ് നമുക്ക് കാണാൻ കഴിയുന്നത്. കേരളത്തിലെ സാധാരണക്കാരുടെ ജീവിതഭാരവും പൊതുകടവും ആളോഹരികടവും വർദ്ധിക്കുന്നു. സംസ്ഥാനം വലിയ സാമ്പത്തിക കടക്കെണിയിലേയ്ക്ക് നീങ്ങുന്നുവെന്നുള്ളതാണ് ഇതിൽ നിന്നും കാണാൻ കഴിയുന്നത്.

എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ കൂടി പറയാനുണ്ട്. ഒന്ന്, അടയ്ക്ക കർഷകരിൽനിന്ന് പിരിച്ചെടുക്കാത്ത 5 വർഷത്തെ 3 ശതമാനം അധിക നികുതി ഒഴിവാക്കിക്കൊടുക്കണമെന്ന നിവേദനവുമായി കേരളത്തിലെ അടയ്ക്ക വ്യാപാരികൾ ജനപ്രതിനിധികളെയെല്ലാം വന്ന് കാണുന്നുണ്ട്. അക്കാര്യം പരിശോധിക്കാൻ അങ്ങ് തയ്യാറാകണം. അതുപോലെ ജി.എസ്.ടി. നിലവിൽ വന്നശേഷം വീണ്ടും വാറ്റ്-ന്റെ പേരിൽ ചെറുകിട സ്വർണ്ണവ്യാപാരികളെ ഉദ്യോഗസ്ഥർ ബുദ്ധിമുട്ടിക്കുകയാണ്. ഇന്ന് അവരുടെ ധർണ്ണയുണ്ടായിരുന്നു. ആ പരാതിയും അങ്ങ് പരിശോധിക്കണമെന്ന് ഞാൻ

അഭ്യർത്ഥിക്കുകയാണ്. ഈ ധനകാര്യ ബിൽ കേരളത്തിന്റെ സാമ്പത്തിക സാഹചര്യങ്ങളിൽ പുതിയ നികുതിഭാരം അടിച്ചേൽപ്പിക്കുന്നതും ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാത്തതുമാണ്. അങ്ങയുടെ ബഡ്ജറ്റിൽ നിന്ന് യാതൊരു പ്രതീക്ഷയും ജനങ്ങൾക്കുണ്ടായില്ല. അങ്ങ് ധാരാളം നല്ല കാര്യങ്ങളും കവിതകളും നോവലുകളും ഉന്നയിച്ചുവെങ്കിലും സാധാരണ ജനങ്ങളുടെ ജീവിതത്തിൽ ഒരു മാറ്റവും വരുത്താൻ കഴിഞ്ഞിട്ടില്ല. ഞാൻ തിരുക്കുറൾ അദ്ധ്യായം 56 ശ്ലോകം 551 വായിക്കുകയാണ് 'കൊലൈമേർ കൊണ്ടാരിർ കൊടിതേ, അലൈമേർകൊണ്ടു അല്ലവൈ സെയ്തൊഴുക്കും വേന്ത്'- സ്വൈരജീവിതം ആഗ്രഹിക്കുന്ന പ്രജകളെ ധനമോഹത്താൽ കഷ്ടപ്പെടുത്തുന്ന രാജാവ് അല്ലെങ്കിൽ ഭരണാധികാരി കൊലപാതകിയെക്കാൾ ദുഷ്ടനാണ്. കാരണം കൊലപാതകം ചെയ്യുന്നവനുണ്ടാക്കുന്ന വേദന കുറച്ചുനേരത്തേയ്ക്കു മാത്രമാണ്. ഇത്തരം ഭരണാധികാരികൾ ജനങ്ങൾക്കുണ്ടാക്കുന്ന വേദനകൾ അനവധി കാലം നീണ്ടുനിൽക്കുന്ന അപരിഹാര്യമാണ്. ഡോ. ടി. എം. തോമസ് ഐസക്, അങ്ങയെപ്പറ്റി ജനങ്ങൾ ഇങ്ങനെ പറയാതിരിക്കട്ടെ എന്നാണ് എനിക്ക് ആശംസിക്കാനുള്ളത്. ഞാൻ ഈ ധനബില്ലിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുന്നതുവരെ ഞാൻ വലിയ നിരാശയിലായിരുന്നു. ഒരു സഭ മുഴുവനും നമ്മളെ മൈൻഡ് ചെയ്യാതെ സംസാരിക്കുമ്പോൾ എങ്ങനെ തോന്നാതിരിക്കും? ശ്രീ. മുല്ലക്കര രത്നാകരനെപ്പോലെയുള്ളവർ പറഞ്ഞിട്ടുള്ള ആലങ്കാരികമായ പ്രശംസയൊക്കെ മറന്നുകൊണ്ടല്ല പറയുന്നത്. ധനകാര്യ ബില്ലിലേയ്ക്ക് കടന്ന് വിമർശനങ്ങളൊക്കെ ഉന്നയിക്കുന്നതിന് ഭരണകക്ഷി അംഗങ്ങൾക്ക് പരിമിതിയുണ്ടെന്നത് സ്വാഭാവികമാണ്. പ്രതിപക്ഷത്തുനിന്ന് ആഴത്തിലുള്ള വിമർശനമുണ്ടാകുമെന്നാണ് ഞാൻ കരുതിയത്. എന്നാൽ അങ്ങനെയല്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. ഇവിടെ ശ്രീ. എസ്. ശർമ്മ വിവരിച്ചതുപോലെ ഇത്തരത്തിലുള്ള ചില pinpricks ഉണ്ടെങ്കിലും ബഡ്ജറ്റിലുള്ള മൊത്തം കാര്യങ്ങൾ നോക്കുമ്പോൾ വലിയ ബഹളമുണ്ടാക്കേണ്ട കാര്യമില്ല എന്നുള്ള ചിന്തയിലായിരിക്കാം എന്ന് സമാശ്വസിച്ച് ഇരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വളരെ പ്രധാനപ്പെട്ട ചില അടിസ്ഥാന ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു. രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് അധികം കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ആദ്യമായി, ശ്രീ. കെ. മുരളീധരനോട് രണ്ടുമൂന്ന് ചോദ്യം ചോദിക്കാം. ഒന്ന്, കോൺഗ്രസ് ആവിഷ്കരിക്കാത്ത, നോട്ടുനിരോധനമൊഴികെയുള്ള ഏത് സാമ്പത്തിക നയമാണ് ബി.ജെ.പി. നടപ്പാക്കിയിട്ടുള്ളതെന്നുള്ളത് അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയിൽ സംസാരിക്കുമ്പോൾ പറഞ്ഞാൽ നന്നായിരുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങയുടെ നിർദ്ദേശം സ്വീകരിച്ചിരിക്കുന്നു. അപ്രോപ്രിയേഷൻ ബില്ലിന്റെ സമയത്ത് കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും സാമ്പത്തിക നയങ്ങൾ തമ്മിലുള്ള വ്യത്യാസം ഞങ്ങളിവിടെ എസ്റ്റാബ്ലിഷ് ചെയ്യാം. ഞങ്ങളത് സ്വീകരിച്ചിരിക്കുന്നു.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ചർച്ചയിൽ അതുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. വീണ്ടും ചോദ്യം ചോദിക്കുകയാണ്, നിങ്ങൾ തുടങ്ങിവയ്ക്കാത്ത ഏത് നയമാണ് ബി.ജെ.പി. നടപ്പാക്കിയിട്ടുള്ളത്? ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് കാര്യങ്ങൾ ചർച്ച ചെയ്യാം.

ഈ സർക്കാരിന്റെ മുൻഗണന എന്താണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചു. ഈ ബഡ്ജറ്റിന്റെ അവതരണവേളയിൽ ഞാൻ വളരെ കൃത്യമായി അക്കാര്യം വിശദീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ ആദ്യത്തെ മുൻഗണന, സാധാരണ ജനങ്ങൾക്ക് സമ്പൂർണ്ണമായ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തലാണ്. അതിന്റെ ഭാഗമായി എല്ലാവർക്കും വീട് നൽകുക എന്നതാണ്. ഈ വർഷം 2.5 ലക്ഷം പേർക്ക് വീട് നിർമ്മിച്ചുകൊടുക്കാനായി 2500 കോടി രൂപ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റാണിത്. രണ്ട്, വിശപ്പുരഹിത കേരളത്തിലേയ്ക്കുള്ള മാറ്റം. മൂന്ന്, പാവപ്പെട്ട, സാധാരണക്കാരുടെ കുട്ടികൾ പഠിക്കുന്ന പൊതുവിദ്യാലയങ്ങളുടെ സ്ഥിതി മാറ്റിയെടുക്കുക. അത് മാറിയെന്ന് ജനങ്ങളടക്കം അംഗീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഏതാണ്ട് മൂവായിരത്തി ചില്വാനം കോടി രൂപയാണ് മൂന്നുവർഷം കൊണ്ട് വിദ്യാഭ്യാസ മേഖലയിലും അയ്യായിരത്തിൽപ്പരം കോടി രൂപ ആരോഗ്യമേഖലയിലും മുടക്കാനാണ് പ്ലാനിട്ടിട്ടുള്ളത്. ഈ രണ്ട് മേഖലകളിലുമായി അയ്യായിരത്തിൽപ്പരം തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. ഈ വർഷവും അത് തുടരാൻ പോകുകയാണ്. 1,100 രൂപ ക്ഷേമ പെൻഷൻ കൊടുക്കുന്നുണ്ട്. അതിൽ കുടിശ്ശികയില്ല. പാവങ്ങൾ പണിയെടുക്കുന്ന മേഖലകളെ മുഴുവൻ രക്ഷിച്ചിട്ടില്ല. കയറിനുള്ള എൻ.സി.ഡി.സി. (National Co-Operative Development Corporation) വായ്പയുടെ രണ്ടാം ഗഡുവായി 200 കോടി രൂപ അനുവദിച്ചെന്നുകാണിച്ച് എനിക്ക് ഇന്ന് അറിയിപ്പ് വന്നിട്ടുണ്ട്. ബാങ്കിൽനിന്നും വായ്പയെടുത്ത് കശുവണ്ടി വ്യവസായത്തിനെ സംരക്ഷിക്കാനുള്ള തുക കൊടുക്കും. യൂണിഫോമിനുവേണ്ടി ഏതാണ്ട് 150 കോടിയോളം രൂപയാണ് കൈത്തറി മേഖലയിൽ കൊടുത്തത്. ഇനി ഞങ്ങളുടെ മുൻഗണനയെക്കുറിച്ച് നിങ്ങൾക്കെന്തെങ്കിലും സംശയമുണ്ടോ? ഒറ്റക്കാലിൽ നടക്കാനല്ല ഉദ്ദേശിക്കുന്നത്. പാവപ്പെട്ട, സാധാരണക്കാരുടെ മക്കളെല്ലാം പഠിച്ച് നല്ല വിദ്യാഭ്യാസം നേടി. അവരുടെ തൊഴിൽ പ്രതീക്ഷകൾ പരമ്പരാഗത മേഖലയിലല്ല. അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്വകാര്യ മൂലധനം വരണം. സ്വകാര്യ മൂലധനം വരണമെങ്കിൽ കൂലിയോ ട്രേഡ് യൂണിയൻ റൈറ്റ്സോ വേണ്ടെന്നുവയ്ക്കാൻ കഴിയില്ല, പരിസ്ഥിതി

നിയമങ്ങളിൽ ഇളവ് കൊടുക്കാൻ കഴിയില്ല. അതിനുവേണ്ടിയാണ് ആദ്യ വർഷംതന്നെ കടമെടുത്താണെങ്കിലും, ഇന്നുതന്നെ വായ്പയെടുത്തിട്ട് 20 വർഷം കൊണ്ട് തിരിച്ചടയ്ക്കേണ്ടിവന്നാലും ഈ സൗകര്യങ്ങൾ സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. മൂലധനത്തെ ആകർഷിക്കുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഞങ്ങളുടെ മുൻഗണന ഇതിൽക്കൂടുതൽ എന്താണ് കൃത്യമായി പറയേണ്ടത്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് ആദ്യത്തെ മുൻഗണന എല്ലാവർക്കും വീട് എന്നാണ്. രണ്ടര ലക്ഷം വീട് കൊടുക്കുമെന്ന് പറഞ്ഞു. കേരളത്തിൽ ഐ.എ.വൈ. പദ്ധതിയിൽ ഓരോ വർഷവും നാല്പതിനായിരം വീടുകൾ കൊടുത്തിരുന്നു. ലൈഫ് പദ്ധതി ആരംഭിച്ചിട്ട് ഒരു വർഷമായി. ഈ സർക്കാർ അധികാരമേറ്റതിനുശേഷം പഞ്ചായത്ത് മുഖേന ഒരൊറ്റ വീടുപോലും ഇന്നുവരെ കൊടുത്തിട്ടില്ല. ആ ഭവനപദ്ധതി ആരംഭിക്കാൻ പോകുന്നതേയുള്ളുവെന്നും നിലവിലുണ്ടായിരുന്ന വീടുകൾ പൂർത്തീകരിക്കുമെന്നും പറഞ്ഞു. നിലവിലുണ്ടായിരുന്ന വീടുകളുടെ 25 ശതമാനംപോലും പൂർത്തീകരിച്ചിട്ടില്ല. അങ്ങ് ഈ പരാജയം സമ്മതിക്കണം. ആരംഭിച്ച വീടുകളുടെ പണി പൂർത്തിയായിട്ടില്ല. എസ്.സി./എസ്.ടി. വീടുകൾ സ്തംഭിച്ചു. ഐ.എ.വൈ., പി.എം.എ.വൈ. പദ്ധതികൾ ഇല്ലാതാക്കി. മാത്രമല്ല, രണ്ട് കൊല്ലം പൂർത്തിയാക്കുമ്പോൾ ഒരു വീടുപോലും ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്ന് അങ്ങ് സമ്മതിക്കുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പണി തീരാതെ കിടക്കുന്ന എഴുപത്തി അയ്യായിരത്തോളം വീടുകളുടെ പണിയാണ് പൂർത്തീകരിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, എത്ര വീടുകൾ പൂർത്തിയാക്കി?

ഡോ. ടി. എം. തോമസ് ഐസക്: സർ, പണി പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. വേനൽക്കാലത്തല്ലാതെ മഴക്കാലത്ത് പണി നടത്താൻ കഴിയുമോ? ഈ വേനൽക്കാലം കഴിയുമ്പോൾ ഇത്രയും വീടുകളുടെ പണി തീരുമോ ഇല്ലയോ എന്ന് നോക്കു. രണ്ടാമത്തേത്, ഭൂമിയുള്ള മുഴുവൻ ആളുകൾക്കും വീട് പണിയുന്നതിന് ഈ വർഷം പണം നൽകും. അവരുടെ വീട് നിർമ്മാണം ഈ വർഷംതന്നെ തീർക്കും. മുൻ വർഷത്തിൽ വന്ന കുറവ് ഈ വർഷംകൊണ്ട് നികന്നുപോകും. അതിൽ യാതൊരു സംശയവും വേണ്ട. പരമ്പരാഗത മേഖലകൾ, കൃഷി എന്നിവയെല്ലാമാണ് സർക്കാരിന്റെ മുൻഗണനയിൽ വരുന്നത്. ഈ സർക്കാർ രണ്ട് കാലിൽ നടക്കുകയാണ്, അതുകൊണ്ട് വീഴുകയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കാർഷിക മേഖലയിൽ കൂടുതൽ കാര്യങ്ങൾ ചെയ്യുന്നുവെന്ന് അങ്ങ് പറഞ്ഞല്ലോ. അങ്ങനെ ചെയ്യാത്തതിന് ഒരുദാഹരണം പറയാം. ആർ.കെ.വി.വൈ. പദ്ധതിപ്രകാരം കേന്ദ്രത്തിൽനിന്ന്

200 കോടിയോളം രൂപ കഴിഞ്ഞ രണ്ട് വർഷമായി കിട്ടേണ്ടതായിരുന്നു. 50 കോടി രൂപയാണ് വാങ്ങിയത്. മാച്ചിംഗ് ഗ്രാന്റ് വയ്ക്കാത്തതുകൊണ്ടും യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിയാത്തതുകൊണ്ടും ബാക്കി തുക കിട്ടിയിട്ടില്ലെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ആർ.കെ.വി.വൈ. പദ്ധതിയുടെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റിന്റെ കാര്യം പുതിയതല്ല. രേഖ പരിശോധിച്ചാൽ അതറിയാൻ കഴിയും. 5 സംസ്ഥാനങ്ങളിലെ ആർ.കെ.വി.വൈ. പദ്ധതിയുടെ കാര്യങ്ങളെല്ലാം ഞാൻ പരിശോധിച്ചുകഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ പാറ്റേൺ മുഴുവൻ മാറിയിരിക്കുകയാണ്. നേരത്തെ നൂറ് ശതമാനം പൂർണ്ണമായി കിട്ടിയിരുന്നു. അന്ന് 90:10-ഉം 80:20-ഉം ആയിരുന്നു. പക്ഷേ ഇപ്പോൾ കേന്ദ്രസർക്കാർ അത് പൂർണ്ണമായും 60:40 ആക്കി മാറ്റിയിരിക്കുകയാണ്. മാത്രമല്ല, കേന്ദ്രം ഇപ്പോൾ അടിസ്ഥാന സൗകര്യം മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിൽ നേരത്തെ ഉൽപ്പാദന മേഖലയിൽ കൊടുത്തിരുന്നതിൽ നിന്നും അവർ പിന്മാറിയിരിക്കുകയാണ്. ഒരുദാഹരണം പറയാം, കൃഷിക്കാർക്കുവേണ്ടി 6,000 രൂപ കൊടുത്തുകൊണ്ടിരുന്നത് ഇപ്പോൾ 4,500 രൂപപോലും കൊടുക്കാൻ കഴിയാത്ത സാഹചര്യം വന്നിരിക്കുകയാണ്. നിലവിലുള്ള ആനുകൂല്യമായ 4,500 രൂപ നില നിർത്താൻവേണ്ടി സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ അധിക തുക വകയിരുത്തേണ്ടി വന്നിരിക്കുകയാണ്. ആർ.കെ.വി.വൈ. പദ്ധതിയിൽ തുക ക്രോണോളജിക്കലായി കുറഞ്ഞുവരുന്നത് കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ കൂടി ഭാഗമായിട്ടാണ്. യൂട്ടിലിറ്റി സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ മുൻ കാലത്തുള്ളതിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ ഉണ്ടായിട്ടില്ല. യൂട്ടിലിറ്റിയുടെ കാര്യത്തിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും കേന്ദ്ര സർക്കാരിന്റെ നോംസ് ഒന്നുതന്നെയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കഴിഞ്ഞ വർഷവും ഈ വർഷവുമായി ആർ.കെ.വി.വൈ. പദ്ധതിയിൽ എത്ര കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചു? ധനകാര്യ വകുപ്പുമന്ത്രി മാച്ചിംഗ് ഗ്രാന്റ് വയ്ക്കാത്തതുകൊണ്ടാണ് കേന്ദ്രത്തിൽനിന്ന് സഹായം ലഭിക്കാത്തത്. യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് കൊടുത്തിട്ടുമില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ആർ.കെ.വി.വൈ. പദ്ധതിയിൽ കൃഷി വകുപ്പ് മാത്രമല്ല, അതിൽ 23 ഏജൻസികളാണുള്ളത്. 23 ഏജൻസികളിൽ ഒരു ഏജൻസി മാത്രമാണ് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് വരുന്നത്. വ്യത്യസ്ത വകുപ്പുകൾ വരുന്ന 23 ഏജൻസികളാണ് കൈകാര്യം ചെയ്യുന്നത്. ഇതിന്റെ വിശദമായ വിവരം വേണമെങ്കിൽ നാളെ പറയാം. ധനകാര്യ വകുപ്പിന്റെ കുഴപ്പംകൊണ്ടാണ് ഇങ്ങനെ വരുന്നതെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട 200 കോടി രൂപ നഷ്ടപ്പെടുത്തിയതിന്റെ ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനാണെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, മാച്ചിംഗ് ഗ്രാന്റിനെക്കുറിച്ചാണ് അങ്ങ് പറയുന്നത്. കഴിഞ്ഞ ഏതാനും വർഷമായി കേരളത്തിന്റെ അനുഭവം എന്താണ്? പദ്ധതി അംഗീകരിക്കുന്നതിൽ മാച്ചിംഗ് ഗ്രാന്റും ഉൾപ്പെടും. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിക്കുന്നതിനേക്കാൾ വളരെ കുറച്ച് തുക മാത്രമേ സംസ്ഥാനങ്ങൾക്ക് കൈമാറുന്നുള്ളൂ. അതിന്റെ ഫലമായി പ്ലാനിന്റെ ഗണ്യമായ ഭാഗം വിനിയോഗിക്കപ്പെടാതെ മാച്ചിംഗ് ഗ്രാന്റിൽ ഉൾക്കൊള്ളിച്ച് പോകയാണ്. ഈ വിമർശനം പ്ലാനിംഗ് ബോർഡിനുള്ളതുകൊണ്ട് മാച്ചിംഗ് ഗ്രാന്റ് മിനിമത്തിൽ വയ്ക്കുകയും എപ്പോഴാണോ കേന്ദ്ര സർക്കാരിന്റെ ഫണ്ട് വരുന്നത്, അപ്പോൾ അഡീഷണൽ ആതറൈസേഷൻ കൊടുക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്. ബഡ്ജറ്റിൽ എത്ര തുക മാച്ചിംഗ് ഗ്രാന്റ് വച്ചിട്ടുണ്ടെന്ന് നോക്കിയിട്ടല്ല കേന്ദ്രം പണം നൽകുന്നത്. അലോക്കേഷനിൽ മാച്ചിംഗ് ഗ്രാന്റ് എത്ര വച്ചുവെന്ന് നോക്കുന്നില്ല. ക്രൈറ്റീരിയ വച്ച് നൽകണമെന്നുള്ളതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ക്രൈറ്റീരിയ വച്ചുതന്നെ നൽകണം. ആർ.കെ.വി.വൈ. പദ്ധതിപ്രകാരം പണം ലഭിക്കാത്തത്, ആദ്യം കിട്ടിയ 50 കോടി രൂപയുടെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് കൊടുക്കാത്തതിനാലാണ്. അത് കൊടുത്തിരുന്നെങ്കിൽ കൂടുതൽ പണം കിട്ടുമായിരുന്നു. അങ്ങയുടെ കുറ്റമല്ല ഞാൻ പറഞ്ഞത്. ഇക്കാര്യത്തിൽ ശ്രീ. വി. എസ്. സുനിൽ കുമാറിനെ മാത്രമല്ല, മറ്റ് വകുപ്പുകളുടെ കുറ്റമാണെന്ന് അങ്ങ് തന്നെ സമ്മതിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ആർ.കെ.വി.വൈ. പദ്ധതിയനുസരിച്ച് 2014-15-ൽ 300 കോടി രൂപയാണ് ലഭിച്ചത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, 2015-16-ൽ 90 കോടി രൂപയാണ് ലഭിച്ചത്. 2016-17-ൽ 92 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. ഈ സർക്കാരിന്റെ കുറ്റം കൊണ്ടാണെങ്കിൽ അങ്ങയുടെ സർക്കാരിന്റെ കാലത്ത് സംഭവിച്ചതെന്താണ്? ഇത് പ്രതിപക്ഷവും ഭരണകക്ഷിയും തമ്മിൽ തർക്കിക്കേണ്ട വിഷയമല്ല. ഇത് കേന്ദ്ര സർക്കാരിൽ വന്നിട്ടുള്ള മാറ്റമാണ്. സംസ്ഥാനങ്ങളെല്ലാം ഒന്നിച്ച് നിൽക്കേണ്ട വിഷയമാണിത്. മറ്റ് സംസ്ഥാനങ്ങൾ സെൻട്രൽ സ്കീമുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുന്ന രീതിയിലേയ്ക്ക് നമ്മൾ വന്നിട്ടില്ല. അതൊരു പുതിയ കാര്യമല്ല. ആർ.കെ.വി.വൈ. പദ്ധതിയുടേതാണെങ്കിലും സെൻട്രലി സ്പോൺസേർഡ് പ്ലാനുമായി ബന്ധപ്പെട്ട കാര്യങ്ങളാണെങ്കിലും അതിൽ വന്നുകൊണ്ടിരിക്കുന്ന കുറവുകൾ നമ്മളൊരുമിച്ച് പരിശോധിക്കേണ്ട വിഷയങ്ങളാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ബാക്കി കാര്യങ്ങൾ നാളെ ധനാഭ്യർത്ഥന ചർച്ചയിൽ വരും. മറ്റൊന്ന് ധവളപത്രത്തിന്റെ കാര്യത്തിലേയ്ക്കാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കടന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായ സാമ്പത്തിക തകർച്ചയെക്കുറിച്ച് ധവളപത്രത്തിൽ കാര്യകാരണസഹിതം വിശദീകരിച്ചിട്ടുണ്ട്. തകർച്ചയെന്ന് പറഞ്ഞാലെന്താണ്? ശ്രീ. എം. ഉമ്മർ ഇന്ന് കണക്കുകളുടെ കാര്യം വിശദീകരിച്ചപ്പോൾ രണ്ട് വർഷത്തെ കണക്കുകൾ പറഞ്ഞ് നിർത്തി. പിന്നെ 19-20 ശതമാനം വളർച്ചയിൽനിന്ന് 10-9-ലേയ്ക്ക് തുടർച്ചയായി മൂന്ന് വർഷം താഴ്ന്നു. എന്നാൽ ചെലവ് 15-16 ശതമാനം വച്ച് കൂടിക്കൊണ്ടിരുന്നു. അതിന്റെ ഫലമായി ശ്രീ. എ. കെ. ആന്റണിയുടെ ഭരണകാലം മുതൽ കേരളത്തിലുണ്ടായിക്കൊണ്ടിരുന്ന ഫിസ്കൽ കൺസോളിഡേഷൻ തകർന്നു. ഇതുപറഞ്ഞ് അങ്ങേയ്ക്ക് എന്നെ വിമർശിക്കാവുന്നതാണ്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയിൽ നിങ്ങൾ കരകയറിയിട്ടില്ല; രണ്ട് വർഷം വൈകിപ്പോയെന്ന് വേണമെങ്കിൽ പറയാം. അതിൽനിന്ന് കരകയറുന്നതിന് വച്ചിരുന്ന മാർഗ്ഗത്തിൽ ഈ രണ്ട് വർഷം പ്രതീക്ഷിച്ചതുപോലെ പോയിട്ടില്ല. അതെന്തുകൊണ്ട്? അതിന് വരവും ചെലവും എന്നുള്ള രണ്ട് വശമുണ്ട്. ചെലവിന്റെ കാര്യം ഞാൻ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. ഈ വർഷം നവംബർ വരെയുള്ള കണക്കെടുത്താൽ സർക്കാരിന്റെ ചെലവ് 25 ശതമാനവും വരവ് 9 ശതമാനവുമാണ് കൂടിയിട്ടുള്ളത്. സ്വാഭാവികമായും ഇത് വലിയ പ്രതിസന്ധിയുണ്ടാക്കും. അതിന്റെ അർത്ഥം, ഫിസ്കൽ കൺസോളിഡേഷൻ വേണ്ട എന്നുള്ളതാണോ? ഞാൻ കണക്ക് വായിക്കാം, 2016-17-ൽ അങ്ങ് പറഞ്ഞതുപോലെ ധനക്കമ്മി 0.1 ശതമാനം കൂടി കൂട്ടുകയാണ്. 0.42 ശതമാനമെന്നുള്ളത് 0.43 ശതമാനമാക്കി. 2017-18-ൽ ബഡ്ജറ്റ് മതിപ്പ് 3.4 ശതമാനമായി താഴ്ത്തി നിശ്ചയിച്ചു. പുതുക്കിയ ബഡ്ജറ്റ് കണക്കിൽ അത് 3.3 ശതമാനമായി താഴ്ന്നു. 2018-19-ൽ അത് 3.1 ശതമാനമായി താഴ്ത്തി നിശ്ചയിച്ചിരിക്കുകയാണ്. ഇവിടെ ധവളപത്രത്തിൽ പറഞ്ഞതുപോലെ അടുത്ത വർഷം ധനക്കമ്മി കുറച്ച് മൂന്നു ശതമാനത്തിലേയ്ക്ക് നിശ്ചയമായിട്ടും എത്തുമെന്നതിൽ സംശയമില്ല.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, അങ്ങ് ധവളപത്രത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനെക്കുറിച്ച് ഉന്നയിച്ച മുഖ്യമായ ആക്ഷേപം അതിന് മുൻപുണ്ടായിരുന്ന നിരക്കിലുള്ള നികുതി വരുമാനമുണ്ടായില്ല; നികുതി വരുമാനം താഴോട്ടുപോയി എന്നാണ്. അതേ അവസരത്തിൽ ചെലവ് വർദ്ധിച്ചു. അങ്ങ് യു.ഡി.എഫ്. സർക്കാരിനെക്കുറിച്ച് ആക്ഷേപിച്ച അതേ കാര്യം തന്നെയാണ് കഴിഞ്ഞ രണ്ടുവർഷം കേരളത്തിലുണ്ടായത്. നികുതി വരുമാനം ഗണ്യമായി താഴോട്ടുപോയി. നികുതി വരുമാനത്തെ സംബന്ധിച്ച് അങ്ങയുടെ ബജറ്റ് എസ്റ്റിമേറ്റ് എത്രയായിരുന്നു;

ആ ബജറ്റ് എസ്റ്റിമേറ്റ് എവിടെ നിൽക്കുന്നു; യഥാർത്ഥത്തിലുണ്ടായ വരുമാനം എവിടെ നിൽക്കുന്നു; ചെലവ് എത്ര കൂടി; അങ്ങ് ധവളപത്രത്തിൽ ആക്ഷേപിച്ച അതേ കാര്യങ്ങൾ അങ്ങയുടെ രണ്ടുവർഷത്തെ ഭരണകാലത്തുമുണ്ടായില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ പറഞ്ഞത് പുതിയ കാര്യമല്ല; അതുതന്നെയാണ് ഞാനും പറഞ്ഞത്. നികുതിവരുമാനം ഗണ്യമായി താഴോട്ടുപോയി, സംസ്ഥാന സമ്പദ്ഘടനയെ കരകയറ്റിയിട്ടില്ല എന്നുള്ളതാണ് നിങ്ങളുടെ വിമർശനം. 2016-17-ൽ റവന്യൂ കമ്മി 2.5 ശതമാനമാണ്. 2017-18-ലെ ബഡ്ജറ്റ് മതിപ്പിൽ 2.1 ശതമാനമാക്കി. 2017-18-ലെ പുതുക്കിയ കണക്കുപ്രകാരം 1.9 ശതമാനമായി. 2018 -19-ൽ 1.6 ശതമാനമാക്കി മാറ്റി. മൂന്നോനാലോ വർഷം അപ്പുറത്തേയ്ക്ക് പൂജ്യത്തിലേയ്ക്കാണ് പോകുന്നത്. ഒരുവർഷംകൊണ്ട് റവന്യൂ കമ്മി പൂജ്യമാക്കാൻ പറ്റുമോ; ഇതെങ്ങനെ വന്നു? അവിടെയാണ് ധനനയത്തിൽ വന്നിരിക്കുന്ന ചെറിയൊരു മാറ്റം കാണേണ്ടത്. ചെലവ് ചുരുക്കി ഫിസ്കൽ കൺസോളിഡേഷൻ വേണമെന്ന സമീപനം തികഞ്ഞ ഉത്തരവാദിത്വബോധത്തോടുകൂടി കൈക്കൊണ്ടിട്ടുണ്ട്. ഒരു ഫിസ്കൽ കൺസോളിഡേഷൻ ബഡ്ജറ്റിൽ വേണമെന്ന് കണ്ടുകൊണ്ട് അല്പം അപ്രീതിയൊക്കെ ഉണ്ടായാൽപ്പോലും റവന്യൂ കമ്മി തുടർച്ചയായി കുറച്ചുകൊണ്ടുവരുന്ന സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്.

കടം കയറിക്കൊണ്ടിരിക്കുന്നു എന്നാണ് അങ്ങയുടെ വിമർശനം. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷത്തോടും ചോദിക്കട്ടെ, ഏതെങ്കിലുമൊരു സംസ്ഥാനത്തിന് സംസ്ഥാന വരുമാനത്തിന്റെ മൂന്നുശതമാനത്തിനപ്പുറം വായ്പ എടുക്കാൻ സാധിക്കുമോ? കടം കയറിക്കൊണ്ടിരിക്കുന്നുവെന്ന് എങ്ങനെയാണ് നിങ്ങൾ പറയുന്നത്? അങ്ങനെ കടമൊന്നും ഉയർത്താൻ കഴിയില്ല. ഏത് സംസ്ഥാനത്തിനും 3 ശതമാനത്തിനപ്പുറമാക്കാൻ കഴിയില്ല. അതിനാണ് ഫിസ്കൽ ഡെഫിസിറ്റ് മൂന്നാക്കണമെന്ന് പറയുന്നത്. നേരത്തെ 4.2 ആയിരുന്നു. അത് 3 ആക്കി കുറച്ചുകൊണ്ട് വരുന്നു എന്നുപറയുമ്പോൾ അതിന്റെ അർത്ഥം, നിങ്ങൾ ആത്യന്തികമായി കുറച്ചുകഴിഞ്ഞാൽ ഡെബ്റ്റ് ജി.ഡി.പി. റേഷ്യോ കുറഞ്ഞുതന്നെ വരും. ഇപ്പോൾ വായ്പ എടുക്കാൻ പറ്റില്ല. ഇനി ഏതെങ്കിലും മാർഗ്ഗത്തിൽ വായ്പയെടുത്താൽ കേന്ദ്രം പിടിക്കുകയും ചെയ്യും. അതാണ് നമ്മൾ കഴിഞ്ഞ ഒക്ടോബർ, ഡിസംബർ മാസങ്ങളിൽ അനുഭവിച്ചത്. ഇപ്പോൾ പണമില്ല. പണമില്ലാതിരുന്നപ്പോൾ, നിങ്ങൾ ഭരിച്ചുകൊണ്ടിരുന്നപ്പോഴും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത് കടമെടുക്കാനുള്ളത് തീർന്നുകഴിഞ്ഞാൽ ബിവറേജസിൽ നിന്നോ കെ.എഫ്.സി.-യിൽ നിന്നോ അല്ലെങ്കിൽ ക്ഷേമനിധിയിൽ നിന്നോ കുറച്ച് പണം എടുക്കുകയെന്നുള്ളതാണ്. അങ്ങനെ വാങ്ങിയിട്ടുണ്ട്. മേലിൽ അതിനും പറ്റില്ലെന്നുള്ള വാണിംഗാണ് കേന്ദ്രം തന്നത്. അതുകൊണ്ട് വെറുതെ വെപ്രാളമുണ്ടാക്കരുത്, ബഡ്ജറ്റിൽ ആ വർദ്ധനവില്ല.

അങ്ങ് പറഞ്ഞ മറ്റൊരു കാര്യമുണ്ട്. 14,000 കോടി രൂപയുടെ ഗ്യാരന്റി ലിമിറ്റ് 21,000 ആക്കിയത് ഞാനല്ല, അതിപ്പോൾ 21,000 രൂപയിൽ നിന്ന് 30,000 രൂപയാക്കുന്നതിനുപകരം സംസ്ഥാന വരുമാനത്തിന്റെ 5 ശതമാനമാണ്. സംസ്ഥാനം കൂടുതൽ വേഗത്തിൽ വളർന്നാൽ കൂടുതൽ ഗ്യാരന്റി കൊടുക്കാൻ സാധിക്കും. യഥാർത്ഥത്തിൽ അങ്ങ് പറയുന്നതെന്താണെന്ന് അങ്ങ് തിരിച്ചറിയുന്നില്ല. ഞങ്ങളുടെ നയം ബി.ജെ.പി.-യുടെ നയത്തിൽനിന്ന് വ്യത്യസ്തമാണെന്നല്ലേ പറഞ്ഞത്? അങ്ങ് പൊതുമേഖലയ്ക്കുവേണ്ടി നിൽക്കുന്നുവെന്ന് പറയുന്നു. ഇവിടത്തെ സ്വകാര്യ മുതലാളിമാരായ വിജയ് മല്യ, നീരവ് മോദി എന്നിവർക്കൊക്കെ ഇഷ്ടംപോലെ വായ്പയെടുക്കാം; തിരിച്ചടക്കാതിരിക്കാം. അദാനിയും മറ്റും എത്ര കോടി രൂപയാണ് കടമെടുക്കുന്നത്? എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി കൊടുക്കാൻ പാടില്ല എന്നുപറയുന്ന മോദിയുടെ നയമല്ലേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര പേരാണ് ഗ്യാരന്റി കമ്മീഷൻ കൊടുത്തിട്ടുള്ളത്? പൊതുമേഖലാ സ്ഥാപനങ്ങളുടെ ഹെൽത്ത് എന്താണ്; നിങ്ങൾ പറഞ്ഞതെല്ലാം തെറ്റല്ലേ? കേരളത്തിൽ ഇടതുപക്ഷം അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായി എന്നൊരു പൊതുവായ ധാരണയുണ്ടാക്കുകയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, അങ്ങ് പറഞ്ഞ കണക്ക് കേരളത്തിലെ പബ്ലിക് എന്റർപ്രൈസസ് മുഴുവനും കൂടിയുള്ളതാണ്, കെ.എസ്.ആർ.ടി.സി., കെ.ഡബ്ള്യു.എ. അങ്ങനെ എല്ലാംകൂടി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇവിടെ ഞങ്ങൾ പറയാറുള്ള കണക്ക് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ കുറിച്ചുള്ളതാണ്. ഇത് രണ്ടും രണ്ടാണ്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളായ കെ.ഡബ്ള്യു.എ., കെ.എസ്.ആർ.ടി.സി. ഇതുപോലെയുള്ളവയ്ക്ക് ലാഭം പെട്ടെന്നുണ്ടാക്കണമെന്ന് പറയാൻ സാധിക്കില്ല. അത് യൂട്ടിലിറ്റി സർവ്വീസുകളാണ്. അവയെ വേറൊരു മാനദണ്ഡം വച്ചാണ് അളക്കേണ്ടത്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അങ്ങനെയല്ല. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ മുടക്കിയ മുതലിന് റിട്ടേൺ തരണം. ആ റിട്ടേൺ നോക്കുമ്പോൾ 14 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് കഴിഞ്ഞ വർഷം ലാഭത്തിലായത്. ഈ വർഷം അതിലും കൂടുതൽ വരും. ഈ വ്യവസായ സ്ഥാപനങ്ങൾ മൊത്തത്തിൽ, അതായത് 60-67 എണ്ണം നോക്കിയാൽ യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് 202 കോടി രൂപ നഷ്ടത്തിലായിരുന്നു. അതിൽ നഷ്ടമുള്ളതിന് നഷ്ടത്തോത് കുറഞ്ഞു; ലാഭമുള്ളതിന് ലാഭത്തിന്റെ തോത് കൂടി. അങ്ങനെ 40 കോടി രൂപ മൊത്തത്തിൽ ലാഭത്തിലായ വർഷമാണെന്നാണ് അഭിമാനത്തോടെ അവകാശപ്പെടുന്നത്. അല്ലാതെ കേരളത്തിലെ പബ്ലിക് എന്റർപ്രൈസസ് മുഴുവൻ ലാഭത്തിലായെന്ന് ഞങ്ങൾ അവകാശപ്പെട്ടിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞ 40 കോടി രൂപയുടെ വരുമാനം സാധാരണ വർദ്ധനവാണ്. അതിൽ പ്രധാനപ്പെട്ട ഒരു കാരണം, KMML-ന്റെ പിഗ്മെന്റിലുണ്ടായ മാർക്കറ്റാണ്. KMML-ന്റെ ഇന്റർനാഷണൽ മാർക്കറ്റിൽ പിഗ്മെന്റിന്റെ വില അതിഭയങ്കരമായി വർദ്ധിച്ചപ്പോൾ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ KMML-ന് സർവ്വകാല റെക്കോർഡ് ലാഭം ഈ വർഷമുണ്ടായി. അതാണ് 44 കോടി രൂപ കൂടിയത്. അത് മനസ്സിലാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതൊക്കെ മനസ്സിലായിട്ടുണ്ട്. മനസ്സിലായിട്ട് തന്നെയാണ് പറയുന്നത്. പക്ഷെ, നിങ്ങളുടെ ഭരണകാലം അവസാനിക്കുമ്പോൾ 9 സ്ഥാപനങ്ങൾ മാത്രം ലാഭത്തിലായിരുന്നു. ഇപ്പോൾ അത് 14 ആയി. ഈ വർഷം 20-നടുത്ത് വരുമെന്ന് തോന്നുന്നു. കെ.എസ്.ടി.പി. പോലും രണ്ടുകോടിരൂപ ലാഭത്തിലായി മാറുകയാണ്. അല്ലാതെ അതിരുകവിഞ്ഞ അവകാശവാദങ്ങളൊന്നുമല്ല.

മറ്റൊന്ന് അങ്ങ് പറഞ്ഞത്, കിഫ്ബിയാണ്. 9 ശതമാനം പലിശ വച്ച് 7 വർഷം കൊണ്ട് തിരിച്ചടയ്ക്കണം. 9 ശതമാനം പലിശയ്ക്കല്ല, ഞങ്ങളിപ്പോൾ നെഗോഷ്യേറ്റ് ചെയ്യുന്നത് 6 ശതമാനം പലിശയ്ക്കാണ്. 9 ശതമാനം പലിശ വയ്ക്കുകയും 7 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കണമെന്നുമാണെങ്കിൽ, ഷോർട്ട് ടേം ലോണാണെങ്കിൽ പോലും തിരിച്ചടവ് 94,000 കോടി രൂപയേ വരികയുള്ളൂ. അതേസമയം നമ്മൾ പാസ്സാക്കിയ നിയമപ്രകാരം കിഫ്ബിയിലേയ്ക്ക് കൊടുക്കുന്ന മോട്ടോർ വെഹിക്കിൾസ് ടാക്സ് 15 ശതമാനം വച്ച് വർദ്ധിക്കുന്നുണ്ടെങ്കിൽ അത് ഏതാണ്ട് ഒരു ലക്ഷം കോടി രൂപ വരും. ഈ 50,000 കോടി രൂപ വായ്പയെടുത്തത് അതിന്റെ സിങ്കിംഗ് ഫണ്ടുപോലെ ബഡ്ജറ്റിൽ നിന്ന് കൊടുക്കുന്നുണ്ട്, ഇത് ഭാവിയെ കടപ്പെടുത്തുകയല്ലേ; ഭാവിയിലും കൊടുക്കേണ്ടിവരില്ലേ എന്നൊക്കെയാണ് അങ്ങ് ചോദിക്കുന്നത്. ഇന്ന് റോഡുകളും പാലങ്ങളും വ്യവസായ പാർക്കുകളും വരുന്നതാണോ ശരി; 20 വർഷം കഴിഞ്ഞ് വരുന്നെങ്കിൽ വരട്ടെ, കേരളത്തിന് നല്ലകാലം വരുമ്പോൾ നമുക്ക് ചെയ്യാമെന്ന് പറയുന്നതാണോ ശരി? അങ്ങ് ആത്മാർത്ഥമായി കാര്യങ്ങൾ പറയണം. ഞാൻ വിശ്വസിക്കുന്നത് 'ഇന്ന് വരുത്തണം.' എന്നാണ്. ഇന്ന് വന്നുകഴിഞ്ഞാൽ ഞങ്ങളുടെ ഭരണകാലത്തായിരിക്കില്ല, അടുത്ത സർക്കാരിന്റെ കാലത്താവും ഈ പ്രൈവറ്റ് ക്യാപ്പിറ്റൽ നിക്ഷേപം വരുന്നത്. ആ രീതിയിൽ സംസ്ഥാനത്തിന്റെ മൊത്തം വികസന സ്ട്രാറ്റജിയായി അങ്ങ് കാണണമെന്നാണ് എനിക്ക് പറയാനുള്ളത്.

കിഫ്ബിയുടെ ചെലവിന്റെ കാര്യം സംബന്ധിച്ച് അങ്ങ് കണക്കുകൾ പറഞ്ഞു. ആറോ ഏഴോ ഉദ്യോഗസ്ഥർ പോയെന്നാണ് പറഞ്ഞത്; കിഫ്ബിയുടെയും കെ.എസ്.എഫ്.ഇ.-യുടെയും ഉദ്യോഗസ്ഥർ പോകണ്ടേ; നിക്ഷേപകരുടെ യോഗം

വിളിച്ചാൽ വാക്കാൽ ഓരോരുത്തരോടും വിശദീകരിക്കാൻ നിൽക്കണ്ടേ; അവിടത്തെ ഏജന്റുകളുമായും യു.എ.ഇ. എക്സ്ചേഞ്ചുകാരുമായും കാര്യങ്ങൾ ചർച്ച ചെയ്യാനും നാട്ടുകാരുടെ അഭിപ്രായം ആരായാനുമാണ് ഉദ്യോഗസ്ഥർ പോയത്. 50 ലക്ഷം രൂപ എഫ്.എം. റേഡിയോയ്ക്ക് കൊടുത്തു, നമ്മൾ ആദ്യം ലോഞ്ച് ചെയ്യാൻ പോകുന്ന ഒരു കാര്യത്തെക്കുറിച്ച് എഫ്.എം. റേഡിയോയിലൂടെയും ടെലിവിഷനിലൂടെയും പ്രചരണം നടത്തണ്ടേ; അടുത്ത ഒരു വർഷം കൊണ്ട് പതിനായിരം കോടി രൂപയെങ്കിലും നിക്ഷേപം വരുമ്പോൾ ട്രാൻസാക്ഷൻ കോസ്റ്റായി ഈ പറയുന്ന തുകയുടെ എത്ര ശതമാനം വരും? മറ്റൊന്നും നിങ്ങൾ കാണണ്ട. ക്രിസിൽ, ഇക്ര എന്നീ രണ്ട് റേറ്റിംഗ് ഏജൻസികളുണ്ട്; ഈ രണ്ട് റേറ്റിംഗ് ഏജൻസികളും A+ ഗ്രേഡ് കൊടുത്തു. ബോണ്ട് ഇറക്കുന്നതിനുവേണ്ടി B+ ഗ്രേഡ് കിട്ടിയാലും മതി. എന്നാൽ A+ ഗ്രേഡ് കിട്ടിയിട്ടുണ്ട്. ഈ സംവിധാനത്തിന്റെ പ്രവർത്തനം, ഇതിലെ ഉദ്യോഗസ്ഥരുടെ യോഗ്യത തുടങ്ങിയ കാര്യങ്ങളൊക്കെ റേറ്റിംഗിന് വിധേയമാണ്. ബ്യൂറോക്രാറ്റിക്കായ ആരെയെങ്കിലും ഒരാളെ വച്ച് ബോണ്ട് മാർക്കറ്റിംഗിൽ പ്രവർത്തിക്കാൻ സാധിക്കുകയില്ല. നല്ല പ്രാവീണ്യമുണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടുള്ള, ഇന്റഗ്രിറ്റിയുള്ള അങ്ങേയ്ക്കും എനിക്കും അറിയാവുന്ന ഉദ്യോഗസ്ഥർ തന്നെയാണ് പോയത്. അങ്ങനെയുള്ള ആളുകൾക്ക് മാത്രമേ ബോണ്ട് മാർക്കറ്റിൽ നെഗോഷ്യേറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതു സംബന്ധിച്ച് വേറെ എന്തെങ്കിലും സംശയമുണ്ടെങ്കിൽ നമുക്ക് പിന്നീട് ചർച്ച ചെയ്യാം, കാരണം, കാര്യങ്ങൾ അങ്ങേയ്ക്കെങ്കിലും ബോധ്യപ്പെടണം. ഏതെങ്കിലും കാര്യം അനധികൃതമാണ്, ഉപേക്ഷിക്കപ്പെടേണ്ടതാണ് എന്ന് അഭിപ്രായമുണ്ടെങ്കിൽ അതൊക്കെ സ്വീകരിക്കാൻ തയ്യാറാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി 2500 കോടി രൂപ നൽകുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന പദ്ധതികളൊന്നും നടക്കുന്നില്ലെന്നത് എല്ലാവർക്കുമറിയാം. ഒരു വീടിന് നാല് ലക്ഷം രൂപ കൊടുക്കുമെന്നാണ് പറയുന്നത്. ഈ സർക്കാർ വലിയ നേട്ടമെന്നു പറയുന്ന ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി മാർച്ച് 31-നാണ് തയ്യാറാക്കുന്നത്. ലൈഫ് ഭവന പദ്ധതിപ്രകാരം പഞ്ചായത്താണോ പണം നീക്കിവയ്ക്കുന്നത്; അതോ സംസ്ഥാന സർക്കാരാണോ കൊടുക്കുന്നത്; എങ്കിൽ സംസ്ഥാന സർക്കാർ കൊടുക്കുന്ന വിഹിതം എത്രയാണെന്ന് പറയാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഐ.എ.വൈ. പദ്ധതിയിൽ വരുന്ന വീടുകളാണെങ്കിൽ ഐ.എ.വൈ.-യുടെ വിഹിതവും സംസ്ഥാന വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടും. അവർ നീക്കിവയ്ക്കുന്ന തുക എത്രയെന്ന്

നിശ്ചയിച്ചിട്ടുണ്ട്. മൂന്ന് പേരാണ് അതിൽ സംഭാവന ചെയ്യേണ്ടത്. ആ തുകകൊണ്ട് തീരുന്നില്ലെങ്കിൽ എത്ര രൂപ വായ്പയെടുക്കണമെന്ന് തീരുമാനിക്കും. ഓരോ തദ്ദേശഭരണ സ്ഥാപനവും എത്ര വീട് ഈ വർഷം എടുക്കാൻ തീരുമാനിച്ചെന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. അതിൽ സംസ്ഥാന സർക്കാർ നൽകുന്ന വിഹിതം എത്രയാണെന്ന് കൃത്യമായി അവരെ അറിയിച്ചിട്ടുള്ളതാണ്. അഡീഷണലായി എത്ര തുക വേണമെന്നുള്ളത് വീടുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും. അതറിയിച്ച് കഴിഞ്ഞാൽ സംസ്ഥാന സർക്കാർ തന്നെ വായ്പയെടുത്ത് അവർക്ക് ട്രാൻസ്ഫർ ചെയ്യും. ഒരു നിശ്ചിത കാലയളവിൽ ഓരോ വാർഷിക ഇൻസ്റ്റാൾമെന്റും അവരുടെ പ്ലാൻ ഫണ്ടിൽനിന്നും കുറയ്ക്കുന്നതിന് അവർ അംഗീകരിക്കണമെന്ന നിബന്ധനയാണ് ആകെ വരുന്നത്. പലിശ സർക്കാർ കൊടുക്കും. ഇ.എം.എസ്. പാർപ്പിട പദ്ധതി പോലെയാണിത്.

ഭൂനികുതിയെക്കുറിച്ചുള്ള വിമർശനങ്ങളാണ് പിന്നീട് പറഞ്ഞത്. ഏറ്റവും കൂടുതൽ ക്യാപിറ്റൽ ഗെയിൻ ലഭിക്കുന്ന അസെറ്റ് ഇന്ന് ഭൂമിയാണ്; ഭൂനികുതിയുടെ ഫെയർ വാല്യു 10 ശതമാനം കൂട്ടിയതാണ് ആകെ ചെയ്തിട്ടുള്ളത്. മാർക്കറ്റ് വിലയും ഫെയർ വാല്യുവും തമ്മിലുള്ള അന്തരം എത്രയാണ്; ഇന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ സർക്കാർ എത്ര രൂപവച്ചാണ് കൊടുക്കുന്നത് അതെല്ലാം നമുക്കെല്ലാവർക്കുമറിയാം. മാർക്കറ്റ് ടേം എന്നുപറഞ്ഞ് 10 ശതമാനം ഫെയർ വാല്യു കൂടുന്നുവെന്ന പ്രശ്നം മാത്രമേയുള്ളൂ. ആധാരത്തിനും മറ്റുമുള്ള സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിച്ചിട്ടില്ല. കഴിഞ്ഞ പ്രാവശ്യം വർദ്ധിപ്പിച്ചത് മാറ്റിയിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ് 0.2 ശതമാനമാണ്. രജിസ്ട്രേഷൻ ഫീ അതു മാത്രമേയുള്ളൂ. നഗരത്തിലുള്ള സാധാരണക്കാർക്ക് ഭാഗാധാരം ചെയ്യുന്നതിൽ പ്രശ്നമില്ല. അതിൽ നമ്മൾ വേവലാതിപ്പെടേണ്ട കാര്യമെന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, കഴിഞ്ഞ തവണയും നമ്മളിതുതന്നെയാണ് ചെയ്തത്. ഞങ്ങളിറക്കിയ ഓർഡിനൻസ് അങ്ങയെ കാണിക്കാം. അത് അങ്ങയുടെ കൈവശമുണ്ടാകുമല്ലോ; എന്തൊക്കെ പ്രക്ഷോഭങ്ങളും വിമർശനങ്ങളുമായിരുന്നു. ഭൂനികുതി കൂട്ടുകയെന്നതല്ലാതെ വേറെ മാർഗ്ഗമില്ല; അതാണ് ഇപ്പോൾ ചെയ്യാൻ കഴിയുന്നൊരു കാര്യം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അതുമായി മുന്നോട്ട് വന്നപ്പോൾ എന്തൊക്കെ സമരമായിരുന്നു നിങ്ങൾ നടത്തിയതെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് ഉന്നയിച്ച വളരെ പ്രധാനപ്പെട്ടൊരു കാര്യമുണ്ട്. മദ്യത്തിന്റെ നികുതി കൂട്ടിയിട്ടില്ല. നിലവിലുണ്ടായിരുന്ന ചാർജ്ജുകളും സർചാർജ്ജുകളുമെല്ലാം ഒന്നിപ്പിച്ചു; ലാഭവിഹിതവും കുറച്ചു. കാരണം, വലിയൊരു ഡിമാന്റാണ് ഇൻകം ടാക്സിൽ നിന്നും വന്നിട്ടുള്ളത്. വിൽപ്പന നികുതി

മാത്രമേ ഇൻകം ടാക്സിൽ നിന്നും പുറത്തുപോകുകയുള്ളൂ. അതുകൊണ്ട് എന്തിനാണ് ഇൻകം ടാക്സിലേയ്ക്ക് പോകുന്നത്; സർക്കാരിന്റെ ഖജനാവിലേയ്ക്ക് പോകട്ടെ. ഇതുമാത്രമേ അതിന്റെ പിന്നിലുള്ളൂ. നിരക്ക് കൂട്ടിയിട്ടൊന്നുമില്ല. റൗണ്ടിംഗ് ഓഫിൽ എന്തെങ്കിലും വന്നാൽ മാത്രമേ പ്രശ്നമുള്ളൂ. എന്റെ പ്രസംഗത്തിൽ അത് പൂർണ്ണമായും വ്യക്തമല്ലായിരുന്നു.

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട കാര്യം ഞാൻ പറഞ്ഞതാണ്. ജി.എസ്.ടി. വന്നിട്ടും നിങ്ങളെന്തുകൊണ്ടാണ് വാറ്റ്-ന്റെ പുറകേ പോകുന്നുവെന്നൊരു പ്രശ്നം ഉന്നയിച്ചു. 2012-13 മുതൽ വാറ്റ് 9 ശതമാനം വച്ചാണ് വളർന്നിട്ടുള്ളത്. അതിന്റെ പൊട്ടൻഷ്യൽ നമ്മൾ ടാപ്പ് ചെയ്തിട്ടില്ല. വലിയ തോതിലുള്ള നികുതി ചോർച്ച വന്നിട്ടുള്ളതുമാണ്. 2011-12 വരെ മാത്രമേ ടൈം ബാർ ആയിട്ടുള്ളൂ. അതിനുശേഷമു ള്ളതൊന്നും ചെയ്തിട്ടില്ല. നല്ലൊരു ശതമാനം സ്ക്രൂട്ടിണിയും അസസ്സ്മെന്റും പൂർത്തീക രിക്കാനുണ്ട്. ഒച്ച് ഇഴയുന്ന വേഗത്തിലാണ് ഇപ്പോൾ പോകുന്നത്. ഇത് കണക്കാ ക്കുന്നതിന് വലിയ പ്രയത്നം വേണ്ടിവരുന്നുണ്ട്. അതുകൊണ്ട് ഓരോ ഇനം ഉൽപ്പന്നങ്ങളുമെടുത്ത് (വർക്സ് കോൺട്രാക്ട്, ഗോൾഡ്, വൈറ്റ് ഗുഡ്സ്) ഒരു സ്ക്രൂട്ടിണി മോഡ്യൂൾ, ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. ഓരോ വർഷത്തെയും കീയായിട്ടുള്ള ഡാറ്റകൾ മാത്രം എന്റർ ചെയ്താൽ അതിന്റെ കണക്ക് ശരിയാണോ, നികുതി എത്രയാണെന്നുള്ളത് ഈ സോഫ്റ്റ്‌വെയർ പറയും. അത് ഒരു കോടതിയിലും തർക്കമുണ്ടാക്കാൻ പറ്റുന്ന കാര്യങ്ങളല്ല. അതിനുവേണ്ടി വ്യാപാരികളുടെ അടുത്ത് പോകേണ്ട കാര്യവുമില്ല. അവർ സമർപ്പിച്ചിട്ടുള്ള വാർഷിക റിട്ടേണിൽനിന്നും എടുത്ത് വയ്ക്കാം. പക്ഷെ ഒരു കുഴപ്പം പറ്റിയത്, എളുപ്പത്തിനുവേണ്ടി 2011-12 മുതലുള്ള മുഴുവൻ കണക്കും പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ടും ടേൺ ഓവറും വേണമെന്നുപറഞ്ഞ് നോട്ടീസ് അയച്ചിരിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വളരെ കുറച്ച് ടേണോവർ ഉള്ള ചെറിയ കടക്കാർക്കുപോലും നോട്ടീസ് അയച്ചിരിക്കുകയാണ്. അതാണ് പ്രശ്നം. വൻകിടക്കാരെ പിടിച്ചാൽ ഇവിടെ ആർക്കും പ്രശ്നമില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഒരു കോടി രൂപയിൽ കൂടുതൽ ടേണോവറുള്ളവരെ മാത്രമേ ഇപ്പോൾ എടുക്കുകയുള്ളൂ. റിട്ടേണിലും സ്ക്രൂട്ടിണി മോഡ്യൂൾ ഫിൽ അപ് ചെയ്തതിലും എന്തെങ്കിലും മിസ്സിംഗുണ്ടെങ്കിൽ അത് മാത്രമേ ചോദിക്കുകയുള്ളൂ.

മറ്റൊന്ന്, ശ്രീ. മോൻസ് ജോസഫ് കോൺട്രാക്ടർമാരുടെ കാര്യം പറഞ്ഞു. സർക്കാർ കോൺട്രാക്ടർമാർക്ക് നോട്ടീസയയ്ക്കേണ്ട ഒരാവശ്യവുമില്ല. കാരണം, നികുതി പിടിച്ചിട്ടാണ് കൊടുക്കുന്നത്. പിന്നെ എന്താണ് അന്വേഷിക്കേണ്ടത്. That's out; ആ പ്രശ്നം തീർന്നു. അതിനി അന്വേഷിക്കുകയില്ല. രണ്ടാമത്തേത്,

സ്വർണ്ണത്തിന്റെ കാര്യമാണ്. മോഡ്യൂളിൽ വന്ന ഒരു പ്രശ്നം, കോമ്പൗണ്ടിംഗ് തുടങ്ങിയപ്പോൾ വളരെ ലളിതമായിരുന്നു. മുൻവർഷത്തേക്കാൾ നിശ്ചിത ശതമാനം നികുതി വരുമാനം കൂടുതൽ തരണമെന്ന് ഓരോ വർഷവും ആവർത്തിച്ചുകൊണ്ടിരുന്നു. അങ്ങനെ പോയിരുന്നെങ്കിൽ പ്രശ്നമില്ലായിരുന്നു. 2011-2012-ൽ നിങ്ങളുടെ കാലത്ത് ആദ്യത്തെ ബഡ്ജറ്റിൽ ഒരു ചെറിയ പ്രശ്നമുണ്ടായി. ഒന്നുകിൽ നികുതി വർദ്ധിക്കും, അല്ലെങ്കിൽ ടേണോവറിന്റെ 1.2 ശതമാനം, ഏതാണോ കൂടുതൽ അതാണ് നികുതി എന്ന് വ്യവസ്ഥ വന്നു. നേരത്തെ അതില്ലായിരുന്നു. അങ്ങനെ പറഞ്ഞാണ് എല്ലാവരെയും നമ്മൾ ഇതിലേയ്ക്ക് കൊണ്ടുവന്നത്. ടേണോവർ നോക്കില്ല. മുമ്പ് വന്നതിനേക്കാൾ ഫോർമുല വച്ച് കൂടുതൽ തന്നുകൊണ്ടിരുന്നാൽ അത് മതിയായിരുന്നു; പക്ഷെ യഥാർത്ഥത്തിൽ അതാരും പാലിച്ചിട്ടില്ല. മോഡ്യൂൾ വന്നപ്പോൾ ടേണോവറിന്റെ 1.2 ശതമാനം ഇല്ലേയെന്നുള്ളത് അവർ കൃത്യമായി നോക്കും. അതെങ്ങനെയാണെന്നുള്ള കാര്യം നമുക്ക് പരിശോധിക്കാം. ഒരു കോടി രൂപയിൽ കൂടുതൽ ടേണോവർ ഉള്ളവരെ മാത്രമേ പരിഗണിക്കുന്നുള്ളൂ. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് അക്കാര്യം പരിശോധിക്കാം. ഒരു പരിശോധന നടത്തിയാൽ ഈ വർഷംകൊണ്ടു തന്നെ ഇതൊക്കെ തീർക്കാൻ സാധിക്കും. അടുത്ത വർഷം നല്ലൊരു ആംനസ്റ്റി കൊണ്ടുവന്നാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും .

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സ്വർണ്ണത്തിന് ശരാശരി ഒരുവർഷം 25 ശതമാനം നികുതി വർദ്ധനവുണ്ടാകണം. അതാണ് ഉറപ്പുവരുത്തേണ്ടത്. അതിനുവേണ്ടിയാണ് മോഡ്യൂൾ ക്രമീകരിക്കേണ്ടത്. ജനങ്ങൾ ഈ സമ്പ്രദായത്തിൽ നിന്നും പുറത്തുപോകാൻ പാടില്ല, 25 ശതമാനം വർദ്ധനവ് എല്ലാ വർഷവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതാണ് കുറേ വർഷമായി നടന്നുകൊണ്ടിരിക്കുന്നത്. അതിലൊരു മാറ്റമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ കുറ്റപ്പെടുത്തിയതല്ല. കണക്കുകൂട്ടുന്നതിൽ ടേണോവർ അനിവാര്യമാണെന്ന് എനിക്കിപ്പോഴാണ് മനസ്സിലായത്, കാരണം, അങ്ങനെയൊരു ക്ലാസ് വന്നിട്ടുണ്ട്. അടയ്ക്കയുടെ കാര്യത്തിൽ അങ്ങനയേ ചെയ്യൂ. നമുക്ക് നികുതി മാത്രം നിർണ്ണയിച്ചാൽ മതി. ഇപ്പോൾ നികുതി 5 ശതമാനമാണ്; 2 ശതമാനം കുറയ്ക്കണമെന്ന് പറഞ്ഞപ്പോൾ അതിനുള്ള അധികാരമില്ലെന്നാണ് നിയമ വകുപ്പ് പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇതുവരെ അവർ കർഷകരിൽനിന്നും നികുതി പിരിക്കാതെ ഇപ്പോൾ കൊടുക്കണമെന്ന് പറയുന്നത് ചെറുകിട കർഷകർക്ക് ബുദ്ധിമുട്ടാകില്ലേ എന്നാണ് എന്റെ ചോദ്യം?

ഡോ. ടി. എം. തോമസ് ഐസക്: സർ, സബ്ജക്ട് കമ്മിറ്റി കൂടുമ്പോൾ നിയമവകുപ്പിന്റെ അഭിപ്രായംകൂടി കേൾക്കാം, എനിക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല. എന്നാൽ അത് നിയമവിരുദ്ധമാണ്. സംസ്ഥാനത്തിന് സി.എസ്.ടി.-യിൽ നികുതിയിളവ് കൊടുക്കാൻ നിയമം അനുവദിക്കുന്നില്ലെന്നുള്ളതാണ് അവരുടെ അഭിപ്രായം. സബ്ജക്ട് കമ്മിറ്റിയിൽ ഈ വിഷയം വീണ്ടും പരിശോധിക്കാം. ഇവിടെ പ്രസംഗങ്ങളിൽ ഓരോരുത്തരും പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെടുത്തി സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. നമ്മൾ തമ്മിൽ തർക്കിച്ച് തീർക്കേണ്ട ചില കാര്യങ്ങളുണ്ട്. യു.പി.എ. സർക്കാർ ആവിഷ്കരിച്ച നയത്തിന്റെ തുടർച്ചയല്ലാതെ ബി.ജെ.പി. സർക്കാർ ഏതെങ്കിലും സാമ്പത്തിക നയം ആവിഷ്കരിച്ചിട്ടുണ്ടോ? ശ്രീ. പി. ചിദംബരമല്ലേ ഇതൊക്കെ പറയുന്നത്? അതുതന്നെയാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്യം. കാരണം, ഇത്രയധികം കോർപ്പറേറ്റ് പൊസിഷൻ എടുത്തിട്ടുള്ള ധനകാര്യ വകുപ്പുമന്ത്രിമാർ അപൂർവ്വമാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. അടയ്ക്കയുടെ നികുതി സംബന്ധിച്ചും മറ്റ് കാര്യങ്ങളും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാം. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി., അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ശശി, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ശശി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. ശശി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു;

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(not in the seat)

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മുരളി പെരുനെല്ലി : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു;

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iii) 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

(iv) 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, യഥാർത്ഥത്തിൽ ഞാൻ സംസാരിക്കണമെന്ന് ഉദ്ദേശിച്ചതല്ല. തെറ്റായൊരു സന്ദേശം പൊതുസമൂഹത്തിൽ ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ കുറേ ദിവസങ്ങളായി വന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച്, നമ്മുടെ പത്രദൃശ്യ മാധ്യമ സുഹൃത്തുക്കൾ, കേരളത്തിന്റെ പൊതുസ്വത്ത് ഭരണ-പ്രതിപക്ഷഭേദമന്യേ വീതിച്ചെടുക്കുന്നു എന്ന സന്ദേശമാണ് കൊടുത്തിരിക്കുന്നത്. ഈ രൂപത്തിലുള്ള പ്രചരണങ്ങൾ തികച്ചും നിരാശാജനകമാണ്. 14-3-2018-നാണ് ക്യാബിനറ്റ് ഈ ബിൽ അംഗീകരിച്ചത്. Payment of Salaries and Allowance Act പ്രകാരം മന്ത്രിമാർക്കും സ്പീക്കർമാർക്കും ഡെപ്യൂട്ടി സ്പീക്കർമാർക്കും നിയമസഭാംഗങ്ങൾക്കുമുള്ള ആനുകൂല്യം ഭരണഘടനാപരമായിട്ടുള്ളതാണ്. അത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 164(5), 156, 195 read with article 238 എന്നിവപ്രകാരം ഇത് ഉറപ്പു നൽകുന്നതാണ്. കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിയിൽ നിയമസഭാ സാമാജികരുടെ ശമ്പളത്തെയും അലവൻസിനെയും സംബന്ധിച്ചുള്ള ചർച്ചയെത്തുടർന്നാണ് ഇത് ഭരണഘടനാബത്തമായത്. ഇന്ത്യൻ ഭരണഘടനയ്ക്ക് രൂപം കൊടുക്കുന്നത് ബ്രിട്ടീഷ് പാർലമെന്ററി സമ്പ്രദായത്തിന്റെ തുടർച്ചയായിട്ടാണ്. ഇന്ത്യൻ ഭരണഘടനയുടെ ഉറവിടത്തിന്റെ പ്രധാന സ്രോതസ് ബ്രിട്ടീഷ് പാർലമെന്ററി സമ്പ്രദായമാണ്. 1895-ൽ ഹൗസ് ഓഫ് കോമൺസിൽ ഒരു പ്രമേയം കൊണ്ടുവന്നു. റീസണബിൾ അലവൻസ് ഉറപ്പ് വരുത്തണമെന്ന് ആ പ്രമേയം വഴി ഒരു നിയമം കൊണ്ടുവരികയാണ്. അതിന്റെ തുടർച്ചയെന്ന നിലയിലാണ് ഇന്ത്യൻ പാർലമെന്റ് ഇത് ഭരണഘടനാബത്തമാക്കിയത്. അതിന്റെ ഭാഗമായി ഓരോ സംസ്ഥാനങ്ങളും അതിനനുസരിച്ചുള്ള നിയമമുണ്ടാക്കണമെന്നുള്ളത് മാൻഡേറ്ററിയാണ്.

8.00 പി.എം.]

The salaries and allowances of Ministers shall be such as the Legislature of the State may from time to time by law determined until the Legislature of the State so determined shall be as specified in the Second Schedule എന്നാണ്. ഭരണഘടനയുടെ രണ്ടാം ഷെഡ്യൂളിലാണ് ശമ്പളവും

മറ്റ് ബത്തകളും സംബന്ധിച്ചുള്ള വിശദാംശങ്ങളുള്ളത്. പിന്നീട് ഓരോ സംസ്ഥാന ങ്ങളിലെയും ബന്ധപ്പെട്ട നിയമസഭകൾ നിയമം പാസ്സാക്കുകയും ഈ ആനുകൂല്യങ്ങൾ നിയമസഭാ സാമാജികരും മന്ത്രിമാരും സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ചീഫ് വിപ്പും പ്രതിപക്ഷനേതാവും വാങ്ങുകയുമാണ്. അല്ലാതെ ഏതെങ്കിലുമൊരു എക്സിക്യൂട്ടീവ് ഓർഡറിന്റെ അടിസ്ഥാനത്തിലല്ല ഈ ആനുകൂല്യം വാങ്ങുന്നത്. Article 186 - Salaries and allowances of the Speaker and Deputy Speaker and Chairman and Deputy Chairman. - There shall be paid to the Speaker and the Deputy Speaker of the Legislative Assembly, and to the Chairman and the Deputy Chairman of the Legislative Council, such salaries and allowances as may be respectively fixed by the Legislature of the State. ഇതിന്റെ അടിസ്ഥാനത്തിലാണ് 1951-ൽ കേരള സംസ്ഥാനം നിയമം കൊണ്ടുവരുന്നത്. 34-ഓളം ഭേദഗതികൾ ഇതുവരെ കൊണ്ടുവന്നു. അതിന്റെ ഭാഗമായാണ് ഈ ആനുകൂല്യങ്ങൾ ഇന്ന് നിയമസഭാ സാമാജികർ അനുഭവിക്കുന്നത്. മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, നിയമസഭാ സാമാജികർ തുടങ്ങിയവരുടെ ശമ്പളവും ബത്തകളും നിയമസഭ പാസ്സാക്കുന്ന ഒരു നിയമനിർമ്മാണത്തിലൂടെ നിശ്ചയിക്കണമെന്ന് ഭരണഘടന വ്യവസ്ഥ ചെയ്തു. അതുപ്രകാരം ആദ്യമായി ഈ ഭരണഘടനാ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് Travancore-Cochin Payment of Salaries & Allowances Act 1951 എന്ന നിയമം തിരു-കൊച്ചി സംസ്ഥാനം പാസ്സാക്കിയത്. കേരള സംസ്ഥാന രൂപീകരണത്തോടെ തിരു-കൊച്ചി സംസ്ഥാനത്തിന് ബാധകമായിരുന്ന ഈ ആക്ട്, The Payment of Salaries and Allowances Act 1951 എന്ന പേരിൽ കേരള സംസ്ഥാനത്താകെ ബാധകമായി. 34 ഭേദഗതികൾ ഈ ആക്ടിന്റെ പരിധിയിൽ വരുന്നുണ്ട്. 2017-ലാണ് അവസാനമായി ഈ ആക്ടിൽ ഭേദഗതി വരുത്തിയത്. നേരത്തെ മന്ത്രിമാർക്കും സ്പീക്കർക്കും എണ്ണൂറ് രൂപയായിരുന്നു അടിസ്ഥാന ശമ്പളം. അത് ആയിരം രൂപയായി വർദ്ധിപ്പിച്ചത് 1974-ലാണ്. 2012-ലെ ഭേദഗതി വഴിയാണ് മന്ത്രിമാർക്കും സ്പീക്കർക്കും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന Constituency allowance 12,000 രൂപയായത്. നിയമസഭാ സാമാജികരുടെ നിലവിലുള്ള constituency allowance-ഉം conveyance allowance-ഉം യഥാക്രമം 12,000 രൂപയായും 10,500 രൂപയായും വർദ്ധിപ്പിച്ചത് 2012-ലെ ഭേദഗതിയുടെ ഭാഗമായാണ്. ഇത് നിലവിൽ വന്നിട്ട് ഇപ്പോൾ 5 വർഷത്തിലധികമായി. ഇക്കാലയളവിൽ സംസ്ഥാനത്ത് വിലനിലവാര സൂചികയിൽ ക്രമാതീതമായ വർദ്ധനവുണ്ടായി. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലയിലെ ജീവനക്കാർ, മറ്റ് സംഘടിതമേഖലയിലെ ജീവനക്കാർ തുടങ്ങിയവരുടെയും തൊഴിലാളികളുടെയും സേവന-വേതന വ്യവസ്ഥകൾ 5 വർഷത്തിലൊരിക്കൽ പരിഷ്കരിച്ചു. ആ കീഴ്വഴക്കമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. 2012-ലെ പരിഷ്കരണത്തിനുശേഷം വില നിലവാര ത്തിലുണ്ടായിട്ടുള്ള ക്രമാതീതമായ വർദ്ധനവ് കണക്കിലെടുത്തുകൊണ്ട് മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, നിയമസഭാ സാമാജികർ എന്നിവരുടെ ശമ്പളവും ബത്തകളും കൂടാതെ മുൻ നിയമസഭാ സാമാജികരുടെ പെൻഷനും മറ്റ് അലവൻസുകളും വർദ്ധിപ്പിക്കേണ്ടതുണ്ടോ എന്ന് പഠിച്ച് റിപ്പോർട്ട്

സമർപ്പിക്കാൻ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജെയിംസിനെ ബഹുമാനപ്പെട്ട സ്പീക്കർ നിശ്ചയിച്ചു. ഇത് സുതാര്യമാകണമെന്നുള്ളതുകൊണ്ടും ആനുകൂല്യം പറ്റുന്നത് ഒരു തരത്തിലും നിയമവിരുദ്ധമാകാനോ exorbitant ആകാനോ പാടില്ലെന്നുള്ളതുകൊണ്ടും ജുഡീഷ്യൽ സ്കൂട്ടിണി ആവശ്യമുള്ളതുകൊണ്ടുമാണ് ബഹുമാനപ്പെട്ട സ്പീക്കർ ജെയിംസ് കമ്മീഷനെ നിയമിച്ചത്. 2017 ആഗസ്റ്റ് 22-ാം തീയതിയാണ് റിപ്പോർട്ട് സമർപ്പിച്ചത്. ആ റിപ്പോർട്ട് ലഭിച്ചിട്ട് ഇപ്പോൾ 7 മാസം കഴിഞ്ഞു. ജെയിംസ് കമ്മീഷൻ റിപ്പോർട്ട് വിശദമായി പഠിച്ചശേഷം റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഏതാനും ചില ഭേദഗതികളോടെ അംഗീകരിച്ച് നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചത്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് ജെയിംസ് കമ്മീഷൻ ശിപാർശ ചെയ്തതനുസരിച്ച് കുറഞ്ഞ തുകയാണ് ശമ്പളമായി നൽകാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അടിസ്ഥാന ശമ്പളം 1,000 രൂപയും ക്ഷാമബത്ത 32,000 രൂപയും മണ്ഡലം അലവൻസ് 12,000 രൂപയും കൺവേയൻസ് അലവൻസ് 10,500 രൂപയും ചേർത്ത് 55,500 രൂപയാണ് മന്ത്രിമാർക്കും സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും പ്രതിപക്ഷനേതാവിനും ഇപ്പോൾ ലഭിച്ചുവരുന്നത്. ഇതിൽനിന്നും മനസ്സിലാക്കേണ്ടത്, 1974-ലെ 1,000 രൂപ അടിസ്ഥാന ശമ്പളം ലഭിക്കുമായിരുന്ന ഇൻഡക്സിനെ അടിസ്ഥാനപ്പെടുത്തിയാണ് 32,000 രൂപ ക്ഷാമബത്ത കണക്കാക്കിയിട്ടുള്ളത്. 1974-ൽ 1,000 രൂപ ശമ്പളം വാങ്ങുമ്പോൾ പിന്നീടുള്ള ഓരോ വർഷവും ഡി.എ. വർദ്ധിപ്പിച്ചാണ് 32,000 രൂപയിലേയ്ക്ക് വന്നിട്ടുള്ളത്. അന്ന് 2,000 രൂപയായിരുന്ന അടിസ്ഥാന ശമ്പളമെങ്കിൽ അതിന്റെ ഇരട്ടിയായിരിക്കും ഡി.എ. കിട്ടുന്നത്. 1,10,000 രൂപ ശമ്പളവും 15,000 രൂപ മണ്ഡലം അലവൻസും 10,500 രൂപ കൺവേയൻസ് അലവൻസുമുൾപ്പെടെ 1,43,000 രൂപയാണ് കമ്മീഷൻ ശിപാർശ ചെയ്തത്. അദ്ദേഹം ഇന്ത്യയിലെ പല നിയമസഭകളിലെയും ശമ്പളവും അലവൻസുമെല്ലാം സമഗ്രമായി പഠിച്ച് ശാസ്ത്രീയമായി രൂപം കൊടുത്തിട്ടുള്ളതാണ് ഈ റിപ്പോർട്ട്. അടിസ്ഥാന ശമ്പളമായ 2,000 രൂപയും 31,367 രൂപ ക്ഷാമബത്തയും ചേർത്ത് 33,367 രൂപ പ്രതിമാസ ശമ്പളവും അതിനുപുറമെ 40,000 രൂപ മണ്ഡലം അലവൻസും 17,000 രൂപ കൺവേയൻസ് അലവൻസും ചേർത്ത് പ്രതിമാസം ആകെ 90,367 രൂപയാണ് പരിഷ്കരണം വഴി ബില്ലിൽ നിർദ്ദേശിക്കുന്നത്. അതായത് 1,43,000 രൂപയിൽനിന്ന് 90,367 രൂപയാക്കി ചുരുക്കുകയാണ് ചെയ്തത്. ഈ പരിഷ്കരണത്തിന് 2018 ഏപ്രിൽ മാസം ഒന്നുമുതൽ പ്രാബല്യം നൽകാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. ഇത് ഡ്യൂ ആയിരിക്കുന്നതിനാൽ വേണമെങ്കിൽ ഇതിന് റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കുകയും കമ്മീഷൻ റിപ്പോർട്ട് അതേപടി അംഗീകരിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ സർക്കാർ അതിനും നിന്നിട്ടില്ല. ഇന്നത്തെ സാഹചര്യത്തിൽ അനധികൃതമായി ജനപ്രതിനിധികൾ ആനുകൂല്യങ്ങൾ നേടുന്നുവെന്നൊരു സന്ദേശം സമൂഹത്തിൽ പോകാതിരിക്കുന്നതിനുള്ള ശക്തമായ മുൻകരുതലാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനുപുറമെ എം.എൽ.എ.-മാർക്ക് നൽകുന്നതുപോലെ, 10 ലക്ഷം രൂപ പലിശരഹിത വാഹന വായ്പയും 4 ശതമാനം പലിശ നിരക്കിൽ 20 ലക്ഷം രൂപ ഭവനനിർമ്മാണ വായ്പയും മന്ത്രിമാർക്കും സ്പീക്കർക്കും മറ്റും നൽകുന്ന വ്യവസ്ഥയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മന്ത്രിമാരുടെ യാത്രാബത്ത സംസ്ഥാനത്തിനകത്ത് ഒരു കിലോമീറ്ററിന് 10 രൂപ യായിരുന്നത് 15 രൂപയായിട്ടാണ് വർദ്ധിപ്പിച്ചത്. റോഡ് മൈലേജിന് 50 പൈസ ഇൻസിഡന്റൽ എക്സ്പെൻസുള്ളത് രണ്ട് രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ദിനബത്ത 750 രൂപയായിരുന്നത് ആയിരം രൂപയാക്കി വർദ്ധിപ്പിച്ചു. റെയിൽ യാത്ര 50 പൈസയുള്ളത് ഒരു രൂപ ഇൻസിഡന്റൽ ചാർജായിട്ടാണ് കൊടുക്കുന്നത്. വിമാനയാത്രാക്കൂലിയുടെ അഞ്ചിലൊന്നാണിത്. 125 രൂപയാണ് ഇൻസിഡന്റൽ എക്സ്പെൻസായി വാങ്ങുന്നത്. അത് പരമാവധി 500 രൂപയാണ്.

സംസ്ഥാനത്തിന് പുറത്ത് റോഡ് മൈലേജ് കിലോമീറ്ററിന് 10 രൂപയും ഇൻസിഡന്റൽ എക്സ്പെൻസ് 50 പൈസയുമാണ് നിലവിലുണ്ടായിരുന്നത്. ആ ഇൻസിഡന്റൽ എക്സ്പെൻസ് ഒഴിവാക്കി കിലോമീറ്ററിന് 15 രൂപയായാണ് പരിഷ്കരിക്കുന്ന നിരക്ക്. ഗസ്റ്റ് ഹൗസിൽ നിന്നാണ് വാഹനം എടുക്കുന്നതെങ്കിൽ റോഡ് മൈലേജ്, 50 പൈസയാണ് നിലവിലുണ്ടായിരുന്നത്. അത് 2 രൂപയാക്കി യിട്ടുണ്ട്. ദിനബത്ത 900 രൂപയായിരുന്നത് 1,500 രൂപയാക്കിയിരിക്കുകയാണ്. നിയമസഭാ സാമാജികരുടെ അലവൻസുമായി ബന്ധപ്പെട്ട പരിഷ്കരണം ഈ രൂപത്തിലാണ് വന്നിരിക്കുന്നത്. റോഡ് മൈലേജ് 7 രൂപയിൽനിന്നും 10 രൂപയും ദിനബത്ത 750 രൂപയിൽനിന്നും 1,000 രൂപയും റെയിൽ യാത്രയ്ക്ക് ഇൻസിഡന്റൽ എക്സ്പെൻസ് കിലോമീറ്ററിന് 25 പൈസയായിരുന്നത് ഒരു രൂപയുമാക്കും. നിയമസഭാ സാമാജികർക്ക് നിലവിൽ 39,500 രൂപയാണ് വിവിധ അലവൻസുകളായി ലഭിക്കുന്നത്. ഇത് 87,000 രൂപയായി വർദ്ധിപ്പിക്കണമെന്നാണ് കമ്മീഷൻ ശിപാർശ ചെയ്തത്. നിയമസഭാ സാമാജികരുടെ പ്രതിമാസ അലവൻസ് 70,000 രൂപയായി വർദ്ധിപ്പിക്കാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. അതായത് 87,000 രൂപയിൽ നിന്നും 17,000 രൂപ അവിടെയും ചുരുക്കുകയാണ്. ഇതിനുപുറമെ എം.എൽ.എ.-മാർക്ക് വർഷത്തിൽ 50,000 രൂപയിൽ കവിയരുതെന്ന നിബന്ധനയോടെ വിമാനയാത്ര നടത്തുന്നതിനുള്ള ഒരു പുതിയ വ്യവസ്ഥകൂടി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് മാസത്തിൽ പരമാവധി 4,000 രൂപയുടെ വിമാനയാത്ര നടത്താൻ സാധിക്കും. മേൽപ്പറഞ്ഞ പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ടിൽ 3, 4, 5C, 5D പുതിയത്, 6(2), 8(1)(a), 8(1)(aa), 8(1)(b), 8A(5), 8A(5A), 8B എന്നീ വകുപ്പുകളിലും ഷെഡ്യൂളിലും ഭേദഗതി ആവശ്യമാണ്. ഈ ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് ഈ ബിൽ.

എൽ.ഡി.എഫ്. സർക്കാർ ചെലവ് ചുരുക്കലിന് വലിയ പ്രാധാന്യമാണ് നൽകിയിരുന്നത്. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ മുൻ സർക്കാരിൽ 21 മന്ത്രിമാരും മന്ത്രിമാരുടെതന്നെ സ്റ്റാറ്റസിൽ ഒരു ചീഫ് വിപ്പുമടക്കം 22 പേരുണ്ടായിരുന്നു. അത് 19 ആക്കി ചുരുക്കി. ധനകാര്യ വകുപ്പിൽ നിന്ന് ലഭിച്ച കണക്കനുസരിച്ച് 19 ആക്കി ചുരുക്കുമ്പോൾ ഒരു വർഷം 7,54,78,800 രൂപയാണ് സേവിംഗ്സ് ഉണ്ടാകുന്നത്. ഇപ്പോൾ ഞാൻ അവതരിപ്പിച്ച ഭേദഗതി ബില്ലിന്റെ ഭാഗമായി, ഈ ശമ്പള പരിഷ്കരണത്തിലൂടെ 5,25,75,576 രൂപയുടെ വർദ്ധനവാണ് വരുന്നത്.

ഇപ്പോൾ ലഭിക്കുന്ന ആനുകൂല്യവുമായി താരതമ്യം ചെയ്യുമ്പോൾ യഥാർത്ഥത്തിൽ സർക്കാർ വേണ്ടെന്ന് വച്ച ആനുകൂല്യമാണ് കൂടുതലായി വരുന്നത്. അപ്പോൾ ഒരു രൂപത്തിലും സർക്കാരിന് സാമ്പത്തിക ബാധ്യതയുണ്ടാകുന്നില്ല. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്തൊക്കെ പ്രചരണങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടക്കുന്നത്. സാധാരണ, 5 വർഷത്തിലൊരിക്കൽ നമ്മുടെ വീടുകളൊക്കെത്തന്നെ റിപ്പയർ ചെയ്യുകയും കർട്ടനുകൾ മാറ്റുകയുമൊക്കെ ചെയ്യും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീട്ടിൽ യു.എ.ഇ.-യിലെ ഭരണാധികാരി വന്നപ്പോൾ നിലവിലുള്ള കർട്ടൻ മാറ്റിയതും ആരോപണമായാണ് വരുന്നത്. നമ്മളൊക്കെ താമസിക്കുന്ന ഔദ്യോഗിക വസതിയിൽ പത്തും പന്ത്രണ്ടും ജനാലകളുണ്ട്. അതിലൊക്കെ വളരെ മോശപ്പെട്ട കർട്ടനുകളാണുള്ളത്; അടുക്കാൻ പറ്റില്ല. 5 കൊല്ലമായി കിടക്കുകയല്ലേ; അത് മാറ്റി 10,000 രൂപയുടെയും 20,000 രൂപയുടെയും കർട്ടൻ വാങ്ങിയാൽ ആർഭാടമാണെന്ന രൂപത്തിലുള്ള പ്രചരണമാണ് നടക്കുന്നത്. പിന്നീടൊരു ഘട്ടത്തിൽ, എന്തിനാണ് കാശില്ലാത്തവൻ മത്സരിക്കുന്നതെന്ന രൂപത്തിലുള്ള സന്ദേശത്തിലേയ്ക്ക് വരെയെത്തി. ഒരു കാലഘട്ടത്തിൽ നികുതി കൊടുക്കുന്നവനായിരുന്നു വോട്ടവകാശമുണ്ടായിരുന്നത്. അതായത്, പണക്കാരനാണ് വോട്ടവകാശം ഉണ്ടായിരുന്നത്. അവിടെ നിന്ന് മാറി പണമില്ലാത്തവനും വോട്ടവകാശമുണ്ടായത് ഒരു വലിയ പോരാട്ടത്തിന്റെ ഭാഗമായാണ്. ആ തെറ്റായ ചിന്താഗതിയാണ് ഇപ്പോഴും ചില ആളുകളെ നയിക്കുന്നത്. ഇതേ വാദം ഉന്നയിക്കുന്നവർ തന്നെ ചോദിക്കുന്നത്, എന്തിനാണ് റിസർവ്വേഷൻ, മെറിറ്റിൽ കൊടുത്താൽ പോരെ, എന്തിനാണ് പാവപ്പെട്ടവന് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുന്നത്; പണമില്ലാത്തവൻ എന്തിനാണ് പഠിക്കുന്നത് ഈ രീതിയിലുള്ള സന്ദേശങ്ങളും ഇതിന്റെ ഭാഗമായാണ് വരുന്നത്. ഇന്ത്യാ രാജ്യത്തിന്റെ ജനാധിപത്യത്തിന്റെ ആരോഗ്യകരമായ ഉള്ളടക്കം സാമൂഹ്യനീതിയിൽ അധിഷ്ഠിതമാണ്. പാവപ്പെട്ടവന് മത്സരിക്കാം, പിന്നോക്കക്കാരന് മത്സരിക്കാം, മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവനും മത്സരിക്കാം. കാശുള്ളവനേ മത്സരിക്കേണ്ടതുള്ളൂ എന്ന രൂപത്തിലുള്ള സന്ദേശം ഈ പ്രചരണത്തിന്റെ ഭാഗമായിട്ടാണ് ടി.വി.-യിൽ വരുന്നത്. അത് നിർഭാഗ്യകരമാണ്. അതിലൊക്കെ ഒരു ലക്ഷം രൂപ പെൻഷൻ ലഭിക്കുന്ന ആളുകളാണ് വീമ്പിളക്കുന്നത്. അപ്പുറത്തെയും ഇപ്പുറത്തെയും ജനപ്രതിനിധികൾ നാടിനുവേണ്ടിയാണല്ലോ പ്രവർത്തിക്കുന്നത്, അവരുടെ കുടുംബത്തെയല്ല നോക്കുന്നത്. അവർക്ക് കുടുംബം നോക്കാൻ സമയമുണ്ടോ; ഒരു നിയമസഭാ സാമാജികന് ഉറങ്ങാൻ പറ്റുമോ; മര്യാദയ്ക്ക് ഭക്ഷണം കഴിക്കാനുള്ള സമയമുണ്ടോ; എന്ത് പ്രശ്നമുണ്ടായാലും ഇടപെടണ്ടേ; എത്ര സാമ്പത്തിക ബാധ്യതയും ബുദ്ധിമുട്ടും ടെൻഷനും അവർക്കുണ്ടാകുന്നുണ്ട്. പ്രഷറും ഷുഗറും കൊളസ്ട്രോളുമില്ലാത്ത എത്ര ജനപ്രതിനിധികൾ ഇവിടെയുണ്ട്. ഇതിന്റെയൊക്കെ കാരണം ടെൻഷനാണ്. ഇതിന്റെയെല്ലാം ഭാഗമായി എന്തെങ്കിലും അനധികൃതമായി സമ്പാദിക്കുന്നുണ്ടോ; അതിന് സോഷ്യൽ ഓഡിറ്റിംഗ് നടത്തട്ടെ; ഞാൻ തയ്യാറാണ്. ഒരു ജനപ്രതിനിധിയുടെ അക്കൗണ്ടിൽ എത്ര കാശുണ്ട്; ആ ജനപ്രതിനിധിക്ക് ശമ്പളം അല്ലെങ്കിൽ അലവൻസ് വഴി കിട്ടുന്നതിനപ്പുറം ഏതെങ്കിലും ഫണ്ട് വന്നിട്ടുണ്ടോ; എന്തെങ്കിലും സ്വത്ത് സമ്പാദിച്ചിട്ടുണ്ടോ എന്നെല്ലാം പരിശോധിക്കട്ടെ. ഓരോ

ജനപ്രതിനിധിയും താമസിക്കുന്നത് ആ പ്രദേശത്തല്ലേ; അവിടെ ഭരണപക്ഷവും പ്രതിപക്ഷവും പത്രക്കാരുമുണ്ട്, അവർക്ക് കണ്ടുപിടിക്കാമല്ലോ; സമുദായത്തിൽ ഒന്നിനും കൊള്ളാത്തവരാണ് ജനപ്രതിനിധികളെന്ന സന്ദേശം ചില ദൃശ്യമാധ്യമങ്ങളിൽ വരുന്നുണ്ട്. ചില എം.എൽ.എ.-മാർ എന്നോട് പറയുന്നത്, ഈ തുക വർദ്ധിപ്പിച്ചില്ലായിരുന്നെങ്കിൽ എത്ര സുഖമായി നടക്കാമായിരുന്നു, ഇതിന്റെയൊന്നും ഒരാവശ്യവുമില്ല, മറ്റുള്ളവർ പറയുന്നത് കേൾക്കാൻ വയ്യ, മനസ്സ് മടുക്കുകയാണ് എന്നാണ്. യഥാർത്ഥത്തിൽ ഇതൊരു ഭരണഘടനാ വിരുദ്ധമായ കാര്യമല്ല. ഇത് ഭരണഘടനാദത്തമാണ്, മാൻഡേറ്ററിയാണ്. ഒരു ജുഡീഷ്യൽ ഓഫീസറുടെ സ്ക്രൂട്ടിണിയുടെ ഭാഗമായിട്ടുള്ളതാണ്. അദ്ദേഹം പറഞ്ഞതിനേക്കാളും ആനുകൂല്യങ്ങളിൽ 10-15 ശതമാനം കുറവാണ്. മാത്രവുമല്ല, ഒരു വർഷം മുമ്പേ ഇത് ഡ്യൂ ആയതാണ്. ഈ ബിൽ പാസ്സായതിനുശേഷം, അതായത് അടുത്ത മാസം ഒന്നാം തീയതി മുതൽക്കേ ഇത് പ്രാബല്യത്തിൽ വരൂ. ഇത്രയും കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ്: സർ, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-4-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പാർലമെന്ററികാര്യ വകുപ്പുമന്ത്രി വളരെ വിശദമായിത്തന്നെ ഈ ബിൽ അവതരിപ്പിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. ഞാൻ അതിനോട് യോജിക്കുകയാണ്. ഭരണഘടനാപരമായി ജനപ്രതിനിധികൾ ശമ്പളവും അലവൻസും വാങ്ങാൻ നിർബന്ധിതരാണ്. ഡോ. മൻമോഹൻ സിംഗ് ശമ്പളം വേണ്ടെന്ന് പറഞ്ഞതിന് കാരണം, റിസർവ് ബാങ്ക് ഗവർണറായും വേൾഡ് ബാങ്കിലുമൊക്കെ ജോലി ചെയ്തതിന്റെ ഫലമായി അദ്ദേഹത്തിന് ധാരാളം പെൻഷൻ ആനുകൂല്യങ്ങളുണ്ടായിരുന്നത് കൊണ്ടാണ്. പക്ഷെ ഭരണഘടനാപരമായി വാങ്ങിയേ പറ്റൂ എന്നുള്ളതുകൊണ്ട് അദ്ദേഹം പ്രധാനമന്ത്രിയായിരുന്ന 10 വർഷവും ഒരു രൂപയാണ് വാങ്ങിയത്. അത്

സൂചിപ്പിക്കുന്നത് ഇത് ഭരണഘടനാപരമായൊരു അവകാശമാണെന്നതാണ്. അത് വാങ്ങിയേ പറ്റുകയുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വളരെ വികാരപരമായി പറഞ്ഞതിന്റെ കാരണം, ജനപ്രതിനിധികൾ എന്തോ വലിയ ആനുകൂല്യം നേടുന്നു എന്നുള്ള പ്രചരണം നടക്കുന്നു എന്നതിന്റെ വെളിച്ചത്തിലാണ്. ചില മാധ്യമങ്ങൾ ബോധപൂർവ്വം അങ്ങനെയൊരു പ്രചരണം നടത്തുന്നുണ്ട്.

പണ്ട് നിയമസഭാ സാമാജികർ അവരുടെ ബത്ത, ശമ്പളം, ആനുകൂല്യങ്ങൾ എല്ലാം സ്വയം തീരുമാനിക്കുകയായിരുന്നു. ഞാൻ 1982-ൽ ഈ നിയമസഭയിൽ വന്ന ആളാണ്. അന്നൊക്കെ ഇത്തരം ആനുകൂല്യങ്ങൾ തീരുമാനിക്കുന്നത് അംഗങ്ങൾ തന്നെയായിരുന്നു. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് അതിന് മാറ്റം വരുത്തിയത്. എം.എൽ.എ.-മാർ തന്നെ അവരുടെ ശമ്പളവും ബത്തയും തീരുമാനിക്കേണ്ട, അതിനൊരു ജുഡീഷ്യൽ സംവിധാനം വേണമെന്ന് തീരുമാനിച്ചു. റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ കമ്മീഷനായി വച്ച് 5 വർഷം കൂടുമ്പോൾ അത് പരിശോധിച്ചശേഷം ഒരു ശിപാർശ ബഹുമാനപ്പെട്ട സ്പീക്കർക്ക് സമർപ്പിക്കുകയും സ്പീക്കർ പരിശോധിച്ചശേഷം സർക്കാരിന് കൊടുക്കുകയും ക്യാബിനറ്റ് അവ പരിശോധിച്ചശേഷം നടപ്പാക്കുകയും ചെയ്യുന്ന സംവിധാനം കഴിഞ്ഞ സർക്കാരാണ് കൊണ്ടുവന്നത്. ഓരോ 5 വർഷം കൂടുമ്പോൾ ഉണ്ടാകുന്ന വർദ്ധനവിനെക്കുറിച്ച് അംഗങ്ങൾ തീരുമാനിക്കേണ്ട, അതിനൊരു ജുഡീഷ്യൽ സ്ക്രൂട്ടിണി പോലെയുള്ള സംവിധാനമുണ്ടാകട്ടെ എന്ന് കരുതിയാണ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചത്. അത് വളരെ നന്നായി. ഇപ്പോൾ നമ്മൾ സ്വീകരിച്ച ഈ സമീപനം പാർലമെന്റും സ്വീകരിക്കുകയാണ്. കഴിഞ്ഞ തവണ ശ്രീ. അരുൺ ജെയ്റ്റ്ലി പാർലമെന്റിൽ പറഞ്ഞത് ഈ സമീപനം പാർലമെന്റിലും സ്വീകരിക്കുന്നു എന്നാണ്. ഇന്ത്യയിലെ പല നിയമസഭാ സാമാജികരുമായി ബന്ധമുള്ള ഒരാളാണ് ഞാൻ. അവരെല്ലാം കേരള നിയമസഭയിലെ അംഗങ്ങൾക്ക് ലഭിക്കുന്നതിന്റെ ഇരട്ടി ആനുകൂല്യങ്ങളോ അതിൽക്കൂടുതൽ സൗകര്യങ്ങളോ ലഭിക്കുന്നവരാണ്. അവർക്ക് ഇതിനേക്കാൾ കൂടുതൽ സൗകര്യങ്ങളും അതോടൊപ്പംതന്നെ സാഹചര്യങ്ങളും സർക്കാർ ഒരുക്കിക്കൊടുക്കുന്നുണ്ട്. മുൻ മുഖ്യമന്ത്രിമാർക്ക് വീടും മറ്റ് സൗകര്യങ്ങളുമുള്ള സംസ്ഥാനങ്ങളുണ്ട്. മുൻ എം.എൽ.എ.-മാർക്ക് വലിയ തോതിലുള്ള പെൻഷൻ കൊടുക്കുന്ന സംസ്ഥാനങ്ങളുണ്ട്. എം.എൽ.എ.-മാരുടെ ശമ്പളം ഒന്നര ലക്ഷം വരെ കൂട്ടിയിട്ടുള്ള സംസ്ഥാനങ്ങളുണ്ട്. എം.പി.മാർക്ക് നിയോജക മണ്ഡലങ്ങളിൽ പോകാൻ വാഹനം, കളക്ടറേറ്റിൽ ഓഫീസ്, കളക്ടറേറ്റിൽ പ്രത്യേക സംവിധാനങ്ങൾ എന്നിവയൊക്കെ കർണ്ണാടക, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലുണ്ട്. പക്ഷേ നമ്മൾ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളും സാമ്പത്തിക സ്ഥിതിയുമൊക്കെ വച്ച് അങ്ങനെയൊരു തീരുമാനത്തിലേയ്ക്ക് എത്താതിരിക്കുന്നത് പലപ്പോഴും പൊതുജന താൽപ്പര്യംകൂടി കണക്കിലെടുത്തുകൊണ്ടാണ്. ഇവിടെ സൂചിപ്പിച്ചത് 100 ശതമാനം ശരിയാണ്. ഇന്നൊരു എം.എൽ.എ. എന്നുപറഞ്ഞാൽ നിയോജക മണ്ഡലത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളും ആവലാതികളും അവിടെയുണ്ടാകുന്ന ചെറുതും വലുതുമായ പ്രശ്നങ്ങളിലുമൊക്കെ സജീവമായി ഇടപെടാൻ ബാധ്യസ്ഥനായ ഒരു വ്യക്തിയാണ്. പണ്ടൊക്കെ എം.എൽ.എ.-മാരുടെയും പാർലമെന്റ് അംഗങ്ങളുടെയും ഉത്തരവാദിത്വം നിയമനിർമ്മാണം മാത്രമായിരുന്നുവെങ്കിൽ ഇന്ന് അതല്ല സ്ഥിതി. എല്ലാ ഭാഗത്തുമുള്ള എം.എൽ.എ.-മാരും എം.പി.-മാരും ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. സ്വാഭാവികമായും ഒരു എം.എൽ.എ.-യ്ക്കോ എം.പി.-യ്ക്കോ വാഹനമില്ലാതെ സഞ്ചരിക്കാൻ കഴിയാത്ത സ്ഥിതിയാണ്. പണ്ട് ഞങ്ങളൊക്കെ തിരുവനന്തപുരത്ത് വന്നത് ബസ്സിലായിരുന്നു.

ഇന്ന് ആ സാഹചര്യമല്ല. കാരണം, അന്നുണ്ടായിരുന്നതിനേക്കാൾ ഇരട്ടി ജോലിഭാരം ഉണ്ടാകുകയാണ്. അതുകൊണ്ടാണ് ഇന്ന് പലർക്കും വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നത്. ഡീസലിനും പെട്രോളിനുമുണ്ടാകുന്ന വിലവർദ്ധനവെല്ലാം കാരണം എം.എൽ.എ.-മാർക്ക് പ്രവർത്തിക്കാൻ വളരെയേറെ ബുദ്ധിമുട്ടുള്ള സാഹചര്യം നിലവിലുണ്ട്.

ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കാര്യങ്ങൾ വ്യക്തമായി സൂചിപ്പിച്ചതാണ്. ഇത് ഭരണഘടനാപരമായ ഒരാനുകൂല്യമാണ്. അവർക്ക് നല്ല സൗകര്യങ്ങൾ കൊടുക്കുന്നത് അവരുടെ നല്ല പ്രവർത്തനങ്ങൾക്ക് ആവശ്യമാണെന്നുള്ളതാണ് എന്റെ പക്ഷം. അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. ഞാൻ നാല് തവണ പാർലമെന്റ് അംഗമായിരുന്ന ആളാണ്. പാർലമെന്റിലുള്ള സൗകര്യങ്ങൾ പരിശോധിച്ചാൽ ഒരു എം.പി.-ക്ക് പ്രവർത്തിക്കാനുള്ള എല്ലാ സൗകര്യങ്ങളും പാർലമെന്റ് തന്നെ ലഭ്യമാക്കുകയാണ്. അതിലൂടെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനും പാർലമെന്ററി പ്രവർത്തനങ്ങളിൽ ഇടപെടാനും കഴിയും. അതൊന്നും ഒരു തെറ്റായ കാര്യമല്ല. അത് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും അവർക്ക് നിയമനിർമ്മാണങ്ങളിലും ജനപ്രതിനിധികളുമായുള്ള പ്രവർത്തനത്തിനും സഹായിക്കും. ഇവിടെ മന്ത്രി മന്ദിരത്തിൽ കർട്ടൻ മാറ്റിയ കാര്യമൊക്കെ ചോദിക്കുന്നത് ആരാണ്; നമ്മൾ തന്നെയാണോ? പാർലമെന്റിൽ ഇത്തരം ചോദ്യങ്ങൾ സ്പീക്കർ disallow ചെയ്യും. ഒരു മന്ത്രിയുടെ വീട്ടിൽ എത്ര ചെലവുണ്ടായി; കാപ്പി കുടിച്ചതിന് ചെലവെത്ര എന്നീ ചോദ്യങ്ങളൊക്കെ പാർലമെന്റിൽ disallow ചെയ്യുകയാണ് പതിവ്. മന്ത്രിയുടെ വീട് നന്നാക്കുന്നത് മന്ത്രിക്ക് വേണ്ടിയാണോ; മന്ത്രി മന്ദിരങ്ങളെല്ലാം പഴയ കെട്ടിടങ്ങളാണ്. അവ നന്നാക്കിയെടുക്കേണ്ടത് ആവശ്യമാണ്.കാർ വാങ്ങുന്നത് മന്ത്രിക്ക് വേണ്ടിയാണോ; പാർലമെന്റിൽ ഈ ചോദ്യം വന്നാൽ ആ ചോദ്യം അപ്പോൾത്തന്നെ deny ചെയ്യും. ഇങ്ങനെയുള്ള ചോദ്യങ്ങളൊക്കെ disallow ചെയ്യേണ്ട കാലം കഴിഞ്ഞു. ജനപ്രതി നിധികളെ സമൂഹത്തിൽ അപമാനിക്കാൻ വേണ്ടിയുള്ള നിലപാടുകൾ ഇന്ന് വളരെ വ്യാപകമായി നടക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇക്കാര്യത്തിൽ നമ്മൾ രണ്ട് കൂട്ടരും ഒന്നിച്ചു എന്ന വാർത്തയായിരിക്കും നാളെ പത്രങ്ങളിൽ വരാൻ പോകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതൊക്കെ വരട്ടെ. അതിലൊന്നും കുഴപ്പമില്ല. അരാഷ്ട്രീയ വാദികളായ ആളുകളാണ് ഇത് കൂടുതൽ പ്രചരിപ്പിക്കുന്നത്. ആശയപരമായ പോരാട്ടമാണ് ഇവിടെ നടക്കുന്നത്. വിവിധ കാര്യങ്ങളെ സംബന്ധിച്ചുള്ള വ്യത്യസ്തമായ വിയോജിപ്പ് ഇവിടെ പ്രകടിപ്പിക്കാറുണ്ട്. രാജ്യത്തെയും സമൂഹത്തെയും ബാധിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാനാണ് പാർലമെന്റും നിയമസഭകളും. ചായ കുടിച്ച കാര്യമോ കർട്ടൻ മാറ്റിയ കാര്യമോ കണ്ണട വാങ്ങിയ കാര്യമോ അല്ല ഇവിടെ പ്രധാനം. ഇതൊക്കെ വളരെ തെറ്റായ നടപടികളാണ്.

നിയമസഭാ സാമാജികരിൽ പലരും ജസ്റ്റിസ് ജെയിംസ് കമ്മീഷൻ ശിപാർശ ചെയ്തതനുസരിച്ച് ആനുകൂല്യങ്ങൾ കിട്ടുമെന്ന് പ്രതീക്ഷിച്ചു. പക്ഷേ അങ്ങ് അനൗപ ചാരികമായും അല്ലാതെയും വിളിച്ചുകൂട്ടിയ യോഗത്തിൽ കൂട്ടായ ചർച്ചയിലൂടെ നമ്മൾ അത്രയും വേണ്ടെന്ന് തീരുമാനിക്കുകയാണ് ചെയ്തത്. അതുപോലെ മുൻകാല പ്രാബല്യം വേണമെന്ന അഭിപ്രായമുണ്ടായിരുന്നു. അതും വേണ്ടെന്ന് തീരുമാനിച്ചു. പരമാവധി തുക ചുരുക്കിക്കൊണ്ടാണ് നല്ല രീതിയിലുള്ള നിയമസഭാ പ്രവർത്തനം

നടത്താൻ ആവശ്യമായ നിലയിലുള്ള ഒരു വർദ്ധനവ് വന്നിരിക്കുന്നത്. അത് പൊതുസമൂഹത്തിന്റെ മുന്നിൽ ആളുകളെ അപമാനിക്കുന്ന തരത്തിലേയ്ക്ക് കൊണ്ടു പോകുന്നത് ശരിയല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: വളരെ പ്രസക്തമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പറഞ്ഞത്. ജസ്റ്റിസ് ജെയിംസ് കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ച ദിവസം ഒരു മാധ്യമ പ്രവർത്തകൻ എന്നോട് ഈ കമ്മീഷന്റെ വിശദാംശങ്ങൾ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തോട് എനിക്ക് അറിയാവുന്ന ഒരു നിയമസഭാ സാമാജികന്റെ അവസ്ഥ സൂചിപ്പിച്ചു. 24,500 രൂപയാണ് ശമ്പളമായി ലഭിക്കുന്നത്. അതിൽ നിന്ന് 4,500 രൂപ അദ്ദേഹത്തിന്റെ പാർട്ടിക്ക് ലെവിയായി സംഭാവനയായി കൊടുക്കേണ്ടതുണ്ട്. അതുവരെ അദ്ദേഹം കാർ ഉപയോഗിച്ചിരുന്നില്ല. 16,200 രൂപ കാറിന്റെ ലോൺ അടയ്ക്കണം. റ്റി.എ. ഇനത്തിൽ നാല് കമ്മിറ്റികൾക്ക് വന്നാൽ ലഭിക്കുന്ന തുക വച്ചാണ് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ പറ്റുന്നത്. ഭക്ഷണം കഴിക്കാനുള്ള പണംപോലും ഇല്ലാത്ത സാഹചര്യമാണ്. അതിനുപുറമെ ഓഫീസിന്റെ ചെലവും. ഇത്തരം കാര്യങ്ങൾകൂടി മനസ്സിലാക്കിക്കൊണ്ടുള്ള നിലപാട് സ്വീകരിക്കണമെന്ന് ഞാൻ ആ മാധ്യമ പ്രർത്തകനോട് അഭ്യർത്ഥിക്കുകയുണ്ടായി. യഥാർത്ഥത്തിൽ നിയമസഭാ സാമാജികരുടെയും മുൻ സാമാജികരുടെയും വേതനം കാലാനുസൃതമായി പരിഷ്കരിക്കുക എന്നുള്ളത് വളരെ ന്യായമായ കാര്യമാണ്. സത്യസന്ധവും സുതാര്യവുമായ ഒരു പൊതുജീവിതത്തിന്റെ മുൻഉപാധിയാണ് മാന്യമായ വേതനം ജനപ്രതിനിധികൾക്ക് ഉറപ്പുവരുത്തുക എന്നുള്ളത്. ജനപ്രതിനിധികളെ ദുഃസ്വാധീനത്തിലേയ്ക്കും വ്യതിയാനങ്ങളിലേയ്ക്കും നയിക്കാതിരിക്കാനുള്ള ഒരു ഉപാധി കൂടിയാണിത്. ആ നിലയിൽ കാര്യങ്ങളെ മനസ്സിലാക്കി പൊതുസമൂഹത്തിലെത്തിക്കാനുള്ള ബാധ്യത മാധ്യമങ്ങൾ ശ്രദ്ധിക്കണം; പൊതുസമൂഹവും ഇക്കാര്യം മനസ്സിലാക്കണമെന്നാണ് പൊതുവായി ചെയർ അഭിപ്രായപ്പെടുന്നത്.

ശ്രീ. കെ. വി. വിജയദാസ്, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 ബി നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ശ്രീ. കെ. സി. ജോസഫ്, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 8.30-ന് പിരിഞ്ഞു.)

## അനുബന്ധം

20-3-2018-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 391-ന്റെ (ബി) പിരിവിന്റെ വിശദമായ മറുപടി

(ബി) 4. തെരുവുവിളക്കുകൾ സ്ഥാപിക്കൽ;

5. ആധുനിക സൗകര്യങ്ങളോടുകൂടിയ മൊബൈൽ ഹെൽത്ത് യൂണിറ്റ്;

6. പാവപ്പെട്ടവർക്ക് എൽ.പി.ജി. പാചകവാതക കണക്ഷൻ;

7. കാർഷിക വിഭവങ്ങൾ ശേഖരിച്ച് സംസ്കരിച്ച് മൂല്യാധിഷ്ഠിത വിഭവങ്ങൾ ഉണ്ടാക്കുന്നതിനുള്ള കേന്ദ്രങ്ങൾ;

8. തൊഴിൽ രഹിതരുടെ നൈപുണ്യശേഷി വികസനം;

9. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ;

10. പൊതുജന സേവന കേന്ദ്രങ്ങളുടെ ആരംഭം;

11. സാധാരണക്കാർക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകൽ;

12. ഖരമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ;

13. ദ്രവ മാലിന്യങ്ങളുടെ സംസ്കരണം. ടി പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്.

ഒരു പ്രദേശത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ആ പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്ലാൻ ഫണ്ട്, MPLAD, MLA SDF, തനത് വിഹിതം എന്നിവ ഉൾപ്പെടുത്തി ഒരു ഇന്റഗ്രേറ്റഡ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നുണ്ട്. ഈ ആക്ഷൻ പ്ലാൻ പ്രകാരമുള്ള മതിപ്പ് ചെലവിന്റെ 30 ശതമാനം അല്ലെങ്കിൽ 30 കോടി രൂപ, ഇതിൽ ഏതാണോ കുറവ് അത് ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ടായി റർബൻ സ്കീമിൽ നിന്നും ലഭിക്കുന്നു. അനുവദിക്കുന്ന ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് 60:40 അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്നത്.

## അനുബന്ധം 2

20-3-2018-ന് ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കവെ
ശ്രീ. വി. പി. സജീന്ദ്രൻ എം. എൽ.എ. മേശപ്പുറത്തുവച്ച കടലാസ്

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ്- ബഹു. സുപ്രീം കോടതിയുടെ എം.എ.നമ്പർ 690-692/17 സി.എ. 12164-12166/2016– ലെ ഉത്തരവ്-മദ്യശാലകൾ പ്രവർത്തിക്കുന്നതിനുള്ള ദൂരപരിധി നിശ്ചയിക്കുന്നതിന്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

നികുതി (ജി) വകുപ്പ്

ജി.ഒ.(എംഎസ്.) നമ്പർ 23/2018/നി.വ തീയതി, തിരുവനന്തപുരം, 16-3-2018

---

പരാമർശം:-

1. 15-12-2016-ലെ ബഹു. സുപ്രീംകോടതി സി.എ. നമ്പർ 12164-12166 നമ്പർ കേസ്സിലെ ഉത്തരവ്
2. ബഹു. സുപ്രീംകോടതി എസ്.എൽ.പി. സിവിൽ നമ്പർ 10243/2017 കേസ്സിൽ പുറപ്പെടുവിച്ച 11-7-2017-ലെ ഉത്തരവ്
3. ബഹു. സുപ്രീം കോടതിയുടെ എം.എ. നമ്പർ 690-692/17 സി.എ. നമ്പർ 12164-12166-ൽ 2016-ൽ 23/02/2018- ലെ ഉത്തരവ്
4. എക്സൈസ് കമ്മീഷണറുടെ 28-2-2018 തീയതിയിലെ ഇ.എക്സ്.സി/5378/2016/എക്സ്.സി7 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന/ദേശീയ പാതയോരത്ത് നിന്നും 500 മീറ്റർ ദൂര പരിധിക്കകത്തുള്ള പ്രദേശങ്ങളിൽ മദ്യശാലകൾ പ്രവർത്തിക്കുന്നത് തടഞ്ഞുകൊണ്ടും അന്നേ ദിവസം നിലവിലുള്ള ലൈസൻസ് സ്ഥാപനങ്ങൾക്ക് 2017 മാർച്ച് 31 വരെ മാത്രം പ്രവർത്തനാനുമതി നൽകിക്കൊണ്ടും ഇക്കാര്യം നടപ്പിലാക്കുന്നതിന് സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങൾക്ക് നിർദ്ദേശം നൽകി പരാമർശം (1) പ്രകാരം ബഹു. സുപ്രീംകോടതി ഉത്തരവായിരുന്നു.

തുടർന്ന് മുനിസിപ്പൽ പ്രദേശങ്ങളിലെ മദ്യശാലകൾക്ക് മേൽപ്പറഞ്ഞ ഉത്തരവിൽ ഇളവ് നൽകി കേന്ദ്രഭരണ പ്രദേശമായ ചണ്ഡിഗഡുമായി ബന്ധപ്പെട്ട പരാമർശം (2)-ലെ ഉത്തരവ് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി സ്പഷ്ടീകരണം നൽകി.

മേൽപ്പറഞ്ഞ ഉത്തരവനുസരിച്ചുള്ള ആനുകൂല്യം തങ്ങളുടെ സംസ്ഥാനങ്ങളിലെ സവിശേഷ സാഹചര്യം പരിഗണിച്ച് ഗ്രാമപ്രദേശങ്ങളിൽക്കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് ആസാം, മേഘാലയ, പശ്ചിമ ബംഗാൾ തുടങ്ങി കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ എം.എ. നമ്പർ 690-692/17 നമ്പർ കേസിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. വികസിത ഭൂപ്രദേശത്തിന്റെ സ്വഭാവ വിശേഷങ്ങളും വൈപുല്യവും പരിഗണിച്ചും 11-7-2017-ലെ ഉത്തരവിലെ മുനിസിപ്പൽ ഏരിയയെന്ന പദപ്രയോഗം ഉപയോഗിച്ച സാഹചര്യങ്ങൾ മുൻനിർത്തിയും ഇക്കാര്യത്തിൽ യുക്തമായ തീരുമാനം സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് എടുക്കാവുന്നതാണെന്ന് പരാമർശം (3)പ്രകാരം ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്.

ബഹു. സുപ്രീംകോടതിയുടെ ഉത്തരവനുസരിച്ച് നഗരസ്വഭാവമുള്ള പഞ്ചായത്ത് പ്രദേശങ്ങളിൽ മദ്യശാലകൾ അനുവദിക്കുന്നത് പരിഗണിക്കണമെന്ന് എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ നാഷണൽ ഹൈവേ/ സംസ്ഥാന ഹൈവേകൾ കടന്നുപോകുന്ന പഞ്ചായത്തുകളിലെ ജനസാന്ദ്രതയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കണക്കിലെടുക്കുമ്പോൾ പഞ്ചായത്തുകൾ പൊതുവിൽ നഗരസ്വഭാവം ഉള്ളവയാണ്. പരാമർശത്തിലെ ബഹു. സുപ്രീംകോടതി ഉത്തരവനുസരിച്ച് വ്യക്തിഗതമായി മദ്യലൈസൻസിനുള്ള സ്ഥാപനങ്ങളുടെ അപേക്ഷകൾ, സുതാര്യതയോടെ പരിഗണിക്കുന്നതിന് സെൻസസ് വകുപ്പ്/പഞ്ചായത്ത് വകുപ്പ് രേഖകൾക്ക് അനുസൃതമായി 10000-ത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതായി കണക്കാക്കാവുന്നതാണെന്നും വിനോദ സഞ്ചാര മേഖലകളായി നികുതിവകുപ്പോ, വിനോദസഞ്ചാരവകുപ്പോ നിർണ്ണയിച്ച് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളും അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ നഗരങ്ങൾക്ക് സമാനമായ സ്വഭാവ വിശേഷങ്ങളുള്ള മേഖലയായി കണക്കാക്കാവുന്നതാണെന്നും സർക്കാർ കരുതുന്നു.

മേൽ സാഹചര്യത്തിൽ ബഹു. സുപ്രീംകോടതിയുടെ പരാമർശം (3)-ലെ ഉത്തരവനുസരിച്ച് ദേശീയ/സംസ്ഥാന പാതയോരത്തിനു സമീപം മദ്യശാലകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനങ്ങളുടെ അപേക്ഷ വ്യക്തിഗതമായി (Individual ആയി) പരിഗണിക്കുന്നതിന് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവാകുന്നു :

1. നിലവിലുള്ള ലൈസൻസ്/പഞ്ചായത്ത് വകുപ്പ് രേഖകൾക്ക് അനുസൃതമായി 10000-ത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളവയായി കണക്കാക്കുന്നതാണ്.

2. വിനോദ സഞ്ചാര മേഖലകളായി നികുതിവകുപ്പോ, വിനോദ സഞ്ചാര വകുപ്പോ നിർണ്ണയിച്ച് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ വികസനങ്ങളുടെ കാര്യത്തിൽ നഗരങ്ങൾക്ക് സമാനമായ സ്വഭാവവിശേഷങ്ങളുള്ള മേഖലയായി കണക്കാക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ടോം ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)

വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

## അനുബന്ധം 3

**ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നൽകിയ വിശദമായ മറുപടി**

ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ തന്നെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ആലപ്പുഴ മെഡിക്കൽ കോളേജിന്റെ അടിസ്ഥാനവികസനത്തിനും കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും ആവശ്യമായ പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഓരോ വർഷവും 150 എം.ബി.ബി.എസ്. സീറ്റിൽ പ്രവേശനം നടത്തുന്ന ഈ കോളേജിന്റെ അംഗീകാരം നിലനിർത്തുന്നതിന് ഫാക്കൽറ്റി ഡെഫിഷ്യൻസി കുറച്ചുകൊണ്ടുവരികയും സ്ഥിരമായ അംഗീകാരം നേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സായ ഡി.എം.നെഫ്രോളജി തുടങ്ങുന്നതിന് അംഗീകാരം നേടിയെടുത്ത് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. കാൻസർ രോഗ ചികിത്സാരംഗത്ത് ആർ.സി.സി. മോഡൽ ചികിത്സ നൽകുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി എന്നീ വിഭാഗങ്ങൾ അനുവദിക്കുകയും ആദ്യഘട്ടമെന്ന നിലയിൽ ഡോക്ടർമാരുടെ അടക്കം 21 തസ്തിക അനുവദിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫാർമസി കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനും സുഗമമായ നടത്തിപ്പിനുമായി 4 അദ്ധ്യാപക തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയിലെ നഴ്സുമാരുടെ കുറവ് പരിഹരിക്കുന്നതിനും സ്റ്റാഫ് നേഴ്സ് പാറ്റേൺ പുതുക്കുന്നതിന്റെയും ഭാഗമായി അവിടെ 51 സ്റ്റാഫ് നഴ്സിന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി.

ആലപ്പുഴ മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ഇമ്മ്യൂണോളജി (BLOOD BANK) വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു അസ്സോസിയേറ്റീവ് പ്രൊഫസർ ഉൾപ്പെടെ 6 തസ്തിക അനുവദിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിന്റെ ഭാഗമായി കഴിഞ്ഞ വർഷം ഡി.എം.കാർഡിയോളജി ഉൾപ്പെടെ 13 സീറ്റും ഈ വർഷം ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗങ്ങളിൽ 7 സീറ്റിലേക്കും നിലവിലുണ്ടായിരുന്നതിനേക്കാളും അധികമായി പ്രവേശനം നൽകുന്നതിന് M.C.I.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ 11 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച 45 ബെഡ് മൾട്ടി ഡിസിപ്ലിനറി ഇന്റെൻസീവ് കെയർ യൂണിറ്റ് (MDIUC) പ്രവർത്തനമാരംഭിച്ചു. പുതിയതായി 12 കോടി രൂപ മുതൽമുടക്കി M.R.I സ്കാൻ മെഷീൻ

അനുവദിച്ച് ഉടൻ പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആൻജിയോപ്ലാസ്റ്റി കഴിഞ്ഞ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് കാത്ത് ലാബിനോട് ചേർന്ന് 8 കിടക്കകളുള്ള 1 കോടി രൂപ ചെലവ് വരുന്ന ഹൈ ഡെഫിഷ്യൻസി യൂണിറ്റ് ആരംഭിക്കുകയും 3 കോടി രൂപ മുടക്കി സി.റ്റി.സ്കാൻ സ്ഥാപിക്കുകയും ചെയ്തു. 3.5 കോടി രൂപയുടെ പുതിയ കൊബാൾട്ട് യൂണിറ്റ് അനുവദിച്ചു; ഇതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. റേഡിയോ തെറാപ്പി വിഭാഗത്തിൽ നാല് കോടി രൂപയുടെ പ്ലാനിംഗ് സി.റ്റി.മെഷിൻ അനുവദിച്ചു. ഇതിന് A.E.R.B-യുടെ അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിന് വികസനം ലക്ഷ്യംവച്ച് 44 ലക്ഷം രൂപയുടെ ഇലക്ട്രോ ഫിസിയോളജി യൂണിറ്റും 24 ലക്ഷം വിലവരുന്ന 2 റ്റി.എം.റ്റി. മെഷിനും 28 ലക്ഷം രൂപ വിലവരുന്ന 2 എക്കോ മെഷിനും സ്ഥാപിച്ചു. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 50 ലക്ഷത്തിന്റെ ഹൈഡെഫിനിഷൻ യു.എസ്.ജി. സ്ഥാപിച്ചു. ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി. നവീകരണത്തിന് ആദ്യഘട്ടമെന്ന നിലയിൽ 3.5 കോടി രൂപ അനുവദിച്ചുകഴിഞ്ഞു.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ 183.15 കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു; ഇതിനായി 15 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. ട്രോമ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി 1.67 കോടി രൂപ കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2.68 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ചു. ഇതിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിന് പ്രത്യേകമായി 31 കോടി രൂപയുടെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന് തുടക്കമായിട്ടുണ്ട്. ഫാർമസി കോളേജ് നിർമ്മാണം, പി.ജി.വിദ്യാർത്ഥികളുടെ ക്വാർട്ടേഴ്സ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം, പാരാമെഡിക്കൽ വിഭാഗം ശക്തിപ്പെടുത്തൽ, മറ്റു നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 36 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായി 3 കോടി 42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനായി തീവ്രപരിശ്രമം നടത്തിയിട്ടുണ്ട്. പകരക്കാരെ നിയമിക്കാതെ ഇവിടെ നിന്നും ഡോക്ടർമാരെ മറ്റു സ്ഥാപനങ്ങളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നില്ല. പി.എസ്.സി.-യിൽ നിന്നും വരുന്ന നിയമന ലിസ്റ്റിൽ നിന്നും ആലപ്പുഴ മെഡിക്കൽ കോളേജിലെ ഒഴിവുകൾ നികത്തുന്നതിന് മുൻഗണന നൽകി വരുന്നു. പ്രൊഫസർമാരുടെ 2 ഒഴിവ് മാത്രമാണ് (ഡി.പി.സി നടത്തി ഉടൻ നികത്താവുന്നതാണ്)

അസോസിയേറ്റ് പ്രൊഫസർമാരുടെ 8 ഒഴിവുകളുണ്ട്. കോടതി കേസ് ഉണ്ടായിരുന്നു; എന്നിരുന്നാലും 14-3-2018-ൽ ഡി.പി.സി നടന്നിട്ടുണ്ട്. ഒഴിവുകൾ ഉടൻ നികത്താവുന്നതാണ്.

അസിസ്റ്റന്റ് പ്രൊഫസർ/ലക്ചർ 71 ഒഴിവുകളുണ്ട്, പി.എസ്.സി. വഴി ലഭിക്കാൻ താമസമുള്ളതുകൊണ്ട് ഇത് സീനിയർ റസിഡന്റ്, കരാർ നിയമനം മുതലായവവഴി നികത്തിവരുന്നു.

പാരാമെഡിക്കൽ സ്റ്റാഫിന്റെ 47 ഒഴിവുകളുണ്ട്. ഇത് എംപ്ലോയ്മെന്റ് വഴിയും ദിവസവേതന അടിസ്ഥാനത്തിലും നികത്തിവരുന്നു.

സ്റ്റാഫ് നഴ്സിന്റെ 28 ഒഴിവുകളുണ്ട്. ആയത് കരാർ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്.

കഴിഞ്ഞ വർഷം ഡോക്ടർമാരുടെ ഒഴിവുകളെല്ലാം നികത്തിക്കൊണ്ട് 150 എം.ബി.ബി.എസ്. സീറ്റുകൾക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പൂർണ്ണമായ അംഗീകാരം ലഭിച്ചു.

ഇവിടെ ഒഴിവുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പി.എസ്.സി. വഴി നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഒഴിവുകളെല്ലാം നികത്തുന്നതാണ്. ബോണ്ട് വ്യവസ്ഥയിൽ പി.ജി. വിദ്യാർത്ഥികളെ നിയമിച്ചും താൽക്കാലികാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയും കുറവുകൾ പരിഹരിക്കുന്നുണ്ട്.

പാരാമെഡിക്കൽ സ്റ്റാഫിന്റെ അഭാവംമൂലം ആശുപത്രിയിലെ സേവനങ്ങളൊന്നും തന്നെ തടസ്സപ്പെടുന്നില്ല. ആർ.എസ്.ബി.വൈ. ഫണ്ടിൽനിന്നും എച്ച്.ഡി.എസ്. നിയമനം വഴിയും കൂടുതലായി പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കുന്നുണ്ട്.

ഇത്തരത്തിൽ കോളേജിന്റെ അംഗീകാരം നിലനിർത്തുന്നതിനും ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനും ആവശ്യമായ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.